# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായിരുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


വാല്യം 1

**പാറശ്ശാല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

**നേമം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

**വെള്ളനാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

**വാമനപുരം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളികുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

### വാല്യം 85

**ഒല്ലൂക്കര ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

### വാല്യം 86

**പുഴക്കൽ ബ്ലോക്ക്**

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

### വാല്യം 87

**മുല്ലശ്ശേരി ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

### വാല്യം 88

**തളിക്കുളം ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

### വാല്യം 89

**അന്തിക്കാട് ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

### വാല്യം 90

**ചേർപ്പ് ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

### വാല്യം 91

**കൊടകര ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

### വാല്യം 92

**ഇരിങ്ങാലക്കുട ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

### വാല്യം 93

**വെള്ളാങ്ങല്ലൂർ ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

### വാല്യം 94

**മതിലകം ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

### വാല്യം 95

**കൊടുങ്ങല്ലൂർ ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

### വാല്യം 96

**മാള ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

### വാല്യം 97

**ചാലക്കുടി ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

### വാല്യം 98

**തൃത്താല ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

### വാല്യം 99

**പട്ടാമ്പി ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപ്പുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ ·
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

## വാല്യം 141

### തളിപ്പറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

## വാല്യം 142

### ഇരിക്കൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

## വാല്യം 143

### കണ്ണൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

## വാല്യം 144

### എടക്കാട് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

## വാല്യം 145

### തലശ്ശേരി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

## വാല്യം 146

### കൂത്തുപറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

## വാല്യം 147

### ഇരിട്ടി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

## വാല്യം 148

### പേരാവൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

## വാല്യം 149

### മഞ്ചേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

## വാല്യം 150

### കാസർഗോഡ് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

## വാല്യം 151

### കാഞ്ഞങ്ങാട് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

## വാല്യം 152

### നീലേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

1H

# നഗരസഭകൾ

## വാല്യം 153

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

## വാല്യം 154

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

## വാല്യം 155

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

## വാല്യം 156

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

## വാല്യം 157

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

## വാല്യം 158

### ഇടുക്കി ജില്ല

1. തൊടുപുഴ

## വാല്യം 159

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

## വാല്യം 160

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

## വാല്യം 161

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

## വാല്യം 162

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

## വാല്യം 163

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

## വാല്യം 164

### വയനാട് ജില്ല

1. കൽപ്പറ്റ

## വാല്യം 165

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

## വാല്യം 166

### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

## ചെക്യാട് ഗ്രാമപഞ്ചായത്ത്




# സമഗ്രവികസനരേഖ

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# ചെക്യാട് ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

OFFICE OF THE CHEKKIYAD GRAMA PANCHAYATH



1. വേവം
2. പാറക്കടവ്
3. ഉമ്മത്തൂർ
4. താനക്കോട്ടൂർ
5. വടക്കേ കുറുവന്തേരി
6. കുറുവന്തേരി
7. ചെക്യാട്
8. പുളിയാവ് ഈസ്റ്റ്
9. പുളിയാവ്
10. ജാതിയേരി

## താളുകളിൽ

1. ആമുഖം .................... 4
2. സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം ....................
3. ഭൂപ്രകൃതിയും വിഭവങ്ങളും ....................
4. വികസന മേഖലകൾ ....................
കൃഷിയും, ജലസേചനവും ....................
5. മൃഗസംരക്ഷണം ....................
6. വ്യവസായം ....................
7. വിദ്യാഭ്യാസം ....................
8. കുടിവെള്ളവും, പൊതുജനാരോഗ്യവും ....................
9. ഗതാഗതം, ഊർജ്ജം ....................
10. പാർപ്പിടവും, സാമൂഹ്യക്ഷേമവും ....................
11. വനിത ....................
12. സംസ്കാരം ....................
13. സഹകരണ മേഖല ....................
14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ....................
15. വിഭവസമാഹരണം ....................
16. ഉപസംഹാരം ....................

# ഭരണസമിതി

പ്രസിഡണ്ട്




എ.ആമിനടീച്ചർ

വൈസ് പ്രസിഡണ്ട്



ബി.കെ. ബാലകൃഷ്ണൻ നമ്പ്യാർ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



പൊയിൽ ഹരീന്ദ്രൻ

# മെമ്പർമാർ


അബ്ദുള്ള വയലോളി


ബി.പി. മൂസ


ഇ. പോക്കർ മാസ്റ്റർ


കുണ്ടുംകര അബ്ദുള്ള


കെ. ചന്ദ്രിക ടീച്ചർ


കെ. രമാദേവി


വിമല എരഞ്ഞാട്ട്


സെക്രട്ടറി.
കെ. ബാലൻ നായർ

# ആമുഖം

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഒരു പുതിയ യുഗം പിറക്കാൻ പോകുകയാണ്. താഴെത്തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം. ഒമ്പതാം പദ്ധതിക്കുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം ഇപ്രകാരം താഴെത്തട്ടുകളിൽ നിന്നും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണമെന്നാണ് പ്ലാനിങ്ങ് ബോർഡ് നിർദ്ദേശിച്ചിരിക്കുന്നത്. വളരെ വലിയ ഉത്തരവാദിത്വമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാൻ പോകുന്നത്. ചെയ്ത് ശീലമില്ലാത്ത കാര്യങ്ങളാണ് നമ്മൾ ചെയ്യാൻ പോകുന്നത്. മാമൂൽ വിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നാം തയ്യാറാവണം. അതിവിപുലമായ രീതിയിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടുവേണം ഈ കടമ നിർവ്വഹിക്കുവാൻ.

ഒമ്പതാം പദ്ധതിയുടെ ധനവിയോഗത്തെക്കുറിച്ച് മുകളിൽ സൂചിപ്പിച്ചുവല്ലോ? പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ജനകീയചർച്ചകളുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ വരുന്ന സാമൂഹ്യതീരുമാനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുമ്പോഴാണ് യഥാർത്ഥവികസനത്തിന്റെ ഗുണഫലം സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവർക്ക് കൂടി അവസരം ലഭിക്കുക. പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും പൊതുജനങ്ങൾക്ക് ഒരുപോലെ പങ്കാളിത്തം സിദ്ധിക്കുകയും ചെയ്യുന്നു. ആവശ്യമായ ഘട്ടങ്ങളിൽ ജനകീയ ഇടപെടലുകൾകൂടി നടക്കുമ്പോഴാണ് അധികാര വികേന്ദ്രീകരണത്തെ തുടർന്നുളവായ മാറ്റങ്ങൾ സമൂഹത്തിന് നേരിൽ അനുഭവിച്ചറിയാൻ കഴിയുക. ഇതൊക്കെ തന്നെയാണ് ജനകീയ ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ.

സംസ്ഥാനഗവണ്മെന്റും, പ്ലാനിങ്ങ്ബോർഡും ലക്ഷ്യമിട്ടിരിക്കുന്ന ഈ പുത്തൻ വികസനരാഷ്ട്രീയ സംസ്ക്കാരത്തിന് രൂപം നൽകുവാനും പ്രവൃത്തി പഥത്തിലേക്ക് കൊണ്ടുവരാനും വേണ്ടിയുള്ള ശ്രമങ്ങൾക്ക് നമ്മുടെ പഞ്ചായത്തിലും ഉജ്ജ്വലമായ തുടക്കം കുറിക്കപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായുള്ള വിശേഷാൽ ഗ്രാമസഭകൾ എല്ലാവാർഡിലും ഇതിനകം തന്നെ നടന്നുകഴിഞ്ഞു. വർദ്ധിച്ച ജനപങ്കാളിത്തവും സ്ത്രീപങ്കാളിത്തവും വിശേഷാൽ ഗ്രാമസഭകളെ കൂടുതൽ സമ്പുഷ്ടമാക്കിയിരിക്കയാണ്. പഞ്ചായത്തിലെ പത്താം വാർഡായ ജാതിയേരിയിൽ നടന്ന ഗ്രാമസഭയിലാണ് ഏറ്റവും കൂടുതൽ ജനപങ്കാളിത്തം ഉണ്ടാ

യത്. സ്ത്രീപങ്കാളിത്തം ഏറ്റവും കൂടുതൽ ഉണ്ടായത് അഞ്ചാം വാർഡായ വടക്കേ കുറുവന്തേരിയിലാണ്. അവിടെ അമ്പതു ശതമാനത്തിലേറെ സ്ത്രീകൾ പങ്കെടുത്തു. സംസ്ഥാനജില്ലാപഞ്ചായത്ത് തലങ്ങളിൽ പരിശീലനം ലഭിച്ചവരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരു ടീമായി തന്നെ പ്രവർത്തിച്ചതിനാൽ ഗ്രാമസഭകളിലെ ചർച്ചകളും റിപ്പോർട്ട് ക്രോഡീകരണവും വേണ്ടത്ര ഫലപ്രദമായ രൂപത്തിൽ കൈകാര്യം ചെയ്യാൻ കഴിഞ്ഞു എന്നതും എടുത്തുപറയത്തക്ക നേട്ടമാണ്. വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങളെ വിവിധഗ്രൂപ്പുകളിലായി വിന്യസിച്ചു നടത്തിയ ചർച്ച പുതിയ അനുഭവമായി മാറി. ഒമ്പതാം പദ്ധതിയെയും അതിന്റെ ഭാഗമായുള്ള ജനകീയ ആസൂത്രണത്തെയും ബഹുജനങ്ങൾ അതീവ താൽപര്യത്തോടുകൂടിയാണ് വീക്ഷിക്കുന്നതെന്ന് ഗ്രാമസഭകളിലെ ചലനങ്ങളിൽ നിന്നും മനസ്സിലാക്കുന്നു.

### പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേർ | : ചെക്യാട് |
| വില്ലേജ് | : ചെക്യാട് |
| ബ്ലോക്ക് | : തൂണേരി |
| താലൂക്ക് | : വടകര |
| ജില്ല | : കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : നാദാപുരം |
| വിസ്തീർണ്ണം | : 9.66 സ്ക്വയർ മൈൽ |
| ജനസംഖ്യ | : 20434 (1991 സെൻസസ്) |
| വാർഡുകളുടെ എണ്ണം | : 10 |
| പ്രസിഡന്റ് | : എ. ആമിനടീച്ചർ |
| വൈസ് പ്രസിഡണ്ട് | : ബി.കെ. ബാലകൃഷ്ണൻ നമ്പ്യാർ |
| സ്റ്റാൻറിങ്ങ് കമ്മറ്റിചെയർമാൻ | : പൊയിൽ ഹരീന്ദ്രൻ |

### നിലവിലുള്ള അതിർത്തികൾ

തെക്ക് – മാഹിപുഴ

വടക്ക് – കണ്ണവം ഫോറസ്റ്റ്, ചെറ്റക്കണ്ടിപുഴ

കിഴക്ക് – വളയം പഞ്ചായത്ത്

പടിഞ്ഞാറ് – മുണ്ടത്തോട് (തൃപ്പങ്ങോട്ടൂർ പഞ്ചായത്ത്)

### വിവിധവകുപ്പുകളുടെ കീഴിലുള്ള ഓഫീസുകൾ

(1) വില്ലേജ് ഓഫീസ് – ഒന്ന് (2) കൃഷി ഓഫീസ് – ഒന്ന്

(3)ഗ്രാമസേവ ഓഫീസ് – ഒന്ന് (4) മൃഗാശുപത്രി – ഒന്ന്

(5) പ്രൈമറി ഹെൽത്ത് സെന്റർ – ഒന്ന്

(6) സബ് പോസ്റ്റ് ഓഫീസ് – ഒന്ന്

(7) ബ്രാഞ്ച് പോസ്റ്റ് ഓഫീസ് – മൂന്ന്

(8) ടെലഫോൺ എക്സ്ചേഞ്ച് –1

### ഭരണചരിത്രം

ഈ പഞ്ചായത്ത് കോഴിക്കോട് ജില്ലയുടെ വടക്കേ അതിർത്തിയിൽ കിടക്കുന്നു. 104 അംഗങ്ങളുള്ള പഴയ കുറുമ്പ്രനാട് താലൂക്കിന്റെ ഭാഗമായിരുന്ന ഈ പ്രദേശം പാറക്കടവ്, ഉമ്മത്തൂർ, താനക്കോട്ടൂർ, വിളക്കോട്ടൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന പാറക്കടവ് പഞ്ചായത്തായിരുന്നു ആദ്യം നിലവിൽ വന്നത്. 1956-ൽ നിലവിൽ വന്ന പാറക്കടവ് പഞ്ചായത്ത് ഭരണസമിതിയിൽ താഴെപറയുന്നവർ അംഗങ്ങളായിരുന്നു.

1) പി.ആർ. മുമ്മുഹാജി (പ്രസിഡണ്ട്) 2) മീത്തൽ പാലക്കുൽ മമ്മുഹാജി (മെമ്പർ) 3) കിഴക്കയിൽ കുഞ്ഞമ്മദ് കുട്ടി ഹാജി (മെമ്പർ) 4) തെങ്ങുമുറിച്ചതിൽ മമ്മു ഹാജി (മെമ്പർ) 5) വല്ലംകണ്ടത്തിൽ ഒണക്കൻ (മെമ്പർ) തദ്ദേശീയരായ ആളുകൾ ഒരു കേന്ദ്രത്തിൽ ഒത്തുകൂടി കൈപൊക്കി വോട്ടുചെയ്തായിരുന്നു പ്രഥമഭരണസമിതിയെ തെരഞ്ഞെടുത്തത്.

ആയിരത്തി തൊള്ളായിരത്തി അറുപത്തിരണ്ടിലെ വില്ലേജ് പുനഃസംയോജനത്തെ തുടർന്ന് അതുവരെ രണ്ടുവില്ലേജുകളിലായി പ്രവർത്തിച്ചിരുന്ന പാറക്കടവ്, ചെക്യാട് വില്ലേജുകൾ ഏകീകരിക്കപ്പെട്ടു. പുളിയാവ്, ജാതിയേരി ദേശങ്ങൾ വളയം വില്ലേജിൽ നിന്നും വേർപ്പെടുത്തി ഇതിനോട് കൂട്ടിച്ചേർത്തു. ഇങ്ങനെ പുതിയ ചെക്യാട് വില്ലേജ് നിലവിൽ വന്നു. ഈ വില്ലേജിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥലങ്ങളും ചേർന്നതാണ് ഇന്നത്തെ ചെക്യാട് ഗ്രാമപഞ്ചായത്ത്. ഒരു പൊതു തെരഞ്ഞെടുപ്പിലൂടെ 1965-ൽ ആണ് പഞ്ചായത്തിൽ ഭരണസമിതി നിലവിൽ വന്നത്.

യു.കെ കുട്ട്യാലി ഹാജി – പ്രസിഡണ്ട്, എം. കുഞ്ഞിക്കണ്ണൻ നായർ – വൈസ് പ്രസിഡണ്ട്, തയ്യുള്ളതിൽ ഹസ്സൻ – മെമ്പർ, വയലോളി കുഞ്ഞാലി – മെമ്പർ, വണ്ണത്താങ്കണ്ടി കുഞ്ഞബ്ദുള്ള ഹാജി – മെമ്പർ, പി.കെ. ഹസ്സൻ – മെമ്പർ, ആർ.പി. കുഞ്ഞി തറുവയി ഹാജി – മെമ്പർ, വി.കെ. നാണിയമ്മ – നോമിനേറ്റഡ് മെമ്പർ 31-8-1965 മുതൽ മുകളിൽ പേരെഴുതിയവരായിരുന്നു ഭരണസമിതിയംഗങ്ങൾ.

### നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

എ. ആമിനടീച്ചർ – പ്രസിഡണ്ട്

ബി.കെ. ബാലകൃഷ്ണൻ നമ്പ്യാർ – വൈസ് പ്രസി.

പൊയിൽ ഹരീന്ദ്രൻ–സ്റ്റാൻഡിങ്ങ്കമ്മറ്റിചെയർമാൻ

| | |
|---|---|
| അബ്ദുള്ള വയലോളി – | മെമ്പർ |
| ബി.പി. മൂസ – | " |
| ഇ. പോക്കർ മാസ്റ്റർ – | " |
| കുണ്ടുംകര അബ്ദുള്ള – | " |
| കെ. ചന്ദ്രികടീച്ചർ – | " |
| കെ. രമാദേവി – | " |
| വിമല എരഞ്ഞാട്ട് – | " |

**ഓഫീസ് സ്റ്റാഫ് അംഗങ്ങൾ**

1. കെ. ബാലൻ നായർ – സെക്രട്ടറി
2. കെ. പ്രേമഭായ് – ഹെഡ് ക്ലാർക്ക്
3. പി.പി. കുഞ്ഞിശങ്കരൻ – L.D.C
4. കെ. രവീന്ദ്രൻ – L.D.C
5. പി. സുബാഷ് ചന്ദ്രൻ – ലൈബ്രേറിയൻ (F.T)
6. എ.കെ. കുഞ്ഞിക്കണ്ണൻ – J.B.C
7. എൻ. കുഞ്ഞിക്കണ്ണൻ – പ്യൂൺ.

# ചെക്യാട് ഗ്രാമപഞ്ചായത്ത്
# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

**കോ**ഴിക്കോട് ജില്ലയുടെ ഏറ്റവും വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ചെക്യാട് പഞ്ചായത്തിന് സമ്പുഷ്ടമായൊരു ഇന്നലെയുടെ ചരിത്രമുണ്ട്. ചെക്കി ചെടി ഇടതൂർന്നു വളർന്നിരുന്ന പ്രദേശമായിരുന്നതിനാൽ ഈ പഞ്ചായത്തിന് ചെക്കികാട് എന്നായിരുന്നുവത്രേ ആദ്യത്തെ സ്ഥലനാമം. പിന്നീട് അത് ലോപിച്ച് ചെക്യാട് എന്നായി മാറി. കുറ്റിപ്പുറം, ആയഞ്ചേരി എന്നീ കോവിലകങ്ങളുടെ വകയായിരുന്നു അധിക പ്രദേശങ്ങളും. രണ്ട് യോഗികൾ കുറ്റിപ്പുറം തമ്പുരാന്റെ അസുഖം ഭേദമാക്കിക്കൊടുത്തുവെന്നും അതിന് പ്രതിഫലമായി അവർക്ക് കുടിയിരിക്കുവാൻ ചെക്യാട് കുറേ ഭൂമി ചാർത്തിക്കൊടുത്തുവെന്നും പറയപ്പെടുന്നു. ആ യോഗികൾ കുളിച്ചിരുന്ന തോട് യോഗിത്തോട് എന്ന പേരിലും അറിയപ്പെട്ടുവന്നു. ആ യോഗിത്തോടാണ് പിൽക്കാലത്ത് ചോയിത്തോട് ആയിമാറിയത് എന്ന ഐതിഹ്യവും പ്രചാരത്തിലുണ്ട്.

പഞ്ചായത്തിൽ വളരെ നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ ജനവാസം ആരംഭിച്ചിരുന്നു. എന്നതിന് വിശ്വാസയോഗ്യമായ തെളിവുകൾ ഉണ്ട്. പുഴകളുടെ സാമീപ്യം, വിശാലമായ നെൽവയലുകൾ, ഫലഭൂയിഷ്ടമായ ഭൂമി, മറ്റ് പ്രകൃതിദത്തമായ സൗകര്യങ്ങൾ എന്നിവ പുരാതനകാലം മുതൽ ജനങ്ങളെ ഈ പ്രദേശത്തേക്ക് ആകർഷിക്കുവാൻ കാരണമായി. പഞ്ചായത്തിന്റെ ഇന്നത്തെ തലസ്ഥാനമായ പാറക്കടവിൽ സുമാർ 500 വർഷം മുമ്പ് വളരെ വിപുലമായ രൂപത്തിൽ ഒരു അങ്ങാടി പ്രവർത്തിച്ചിരുന്നു എന്ന് പഴമക്കാർ പറയുന്നു. അതുകൊണ്ടാണത്രെ പുഴയോരത്തെ ആ പുരാതന അങ്ങാടി നിലനിന്നിരുന്ന പ്രദേശത്തെ ഇന്നും പഴയങ്ങാടി എന്നപേരിൽ അറിയപ്പെടുവാൻ കാരണം. വഞ്ചിവഴിയും ഉരുവഴിയും ഈ അങ്ങാടിയിലേക്ക് ചരക്കുകൾ കൊണ്ടുവന്നിരുന്നുവെന്നും പറയപ്പെടുന്നു.

1921-ലെ സെൻസസ് മാനുവൽ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ജനവാസമുള്ളതായി രേഖപ്പെടുത്തിയിരുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളുമായിരുന്നു പ്രധാന മതവിഭാഗക്കാർ. ഇവർ സൗഹാർദ്ദത്തോടെയായിരുന്നു ജീവിച്ചിരുന്നത്.

അന്നത്തെ ജനതയിൽ അനേകം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു. പ്രസവിച്ച കുട്ടികളെ നാൽപത് നാൾ കഴിയുന്നത് വരെ പുറത്ത് കൊണ്ടു വരാൻ അന്നത്തെ മാതാക്കൾ ഭയന്നിരുന്നു. ചൊവ്വാഴ്ച ദിവസം അശുഭ ദിവസമായി അവർ കണ

1921-ലെ സെൻസസ് മാനുവൽപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ ചുവടെ ചേർക്കുന്നു.

| പേര് | ആൾ താമസ മുള്ള വീടുക ളുടെ എണ്ണം | പുരു ഷന്മാർ | സ്ത്രീ കൾ | ആകെ | ഹിന്ദു ക്കൾ | മുസ്ലിം കൾ | മറ്റുള്ള വർ |
|---|---|---|---|---|---|---|---|
| 261 പാറക്കടവ് | 106 | 314 | 289 | 603 | 95 | 508 | ഇല്ല |
| 262 താനക്കോട്ടൂർ | 144 | 399 | 377 | 776 | 315 | 461 | ഇല്ല |
| 263 ഉമ്മത്തൂർ | 189 | 482 | 574 | 1056 | 346 | 710 | ഇല്ല |
| 264 വിളക്കോട്ടൂർ | | | | ആൾതാമസമില്ല. | | | |
| 34 ചെക്യാട് | 285 | 701 | 759 | 1460 | 758 | 702 | ഇല്ല |
| 306 പുളിയാവ് | 70 | 169 | 178 | 347 | 97 | 250 | ഇല്ല |
| 35 കുറുവന്തേരി. | 174 | 434 | 448 | 882 | 527 | 359 | ഇല്ല |
| 305 ജാതിയേരി | 182 | 472 | 483 | 953 | 320 | 633 | ഇല്ല |

ക്കാക്കി. കാക്കയും പൂങ്കുറിഞ്ഞിയും പ്രത്യേക ശബ്ദം പുറപ്പെടുവിച്ചാൽ ആരെങ്കിലും വിരുന്നു വരുമെന്നു അവർ വിശ്വസിച്ചിരുന്നു. പ്രസവ വേദന കിട്ടിയ സ്ത്രീ പ്രസവിക്കാൻ മഴു അടുപ്പിൽ ഇട്ടു പഴുപ്പിക്കുക സാധാരണമായിരുന്നു. പ്രസവിച്ച സ്ത്രീകൾക്ക് വേണ്ടി തയ്യാറാക്കുന്ന മരുന്നു പൊടിയിൽ പ്രേതപിശാചുക്കൾ അടുക്കാതിരിക്കാൻ ഇരുമ്പ് കഷ്ണമോ, എഴുത്ത് ആണിയോ, പൊടി നിറച്ച ഭരണിയുടെ സമീപം വെക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നു.

പഴയ കാലത്ത് നാട്ട് പ്രമാണിമാരും അധികാരികളുമാണ് ഭരണം നടത്തിയിരുന്നത്. ചെറിയ ചെറിയ കേസുകൾ വിചാരണ ചെയ്യാനും ശിക്ഷ വിധിക്കാനുമുള്ള അധികാരം അന്നത്തെ അധികാരിയിൽ നിക്ഷിപ്തമായിരുന്നു. അതുകൊണ്ടാണ് അധികാരിയെ അക്കാലത്തെ ജനങ്ങൾ വില്ലേജ് "മുൻസീഫ്" എന്ന് വിളിച്ചിരുന്നത്. അധികാരിയിൽ നിന്നുള്ള യാദാസ്സ് ഉണ്ടെങ്കിൽ മാത്രമേ അക്കാലത്ത് പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ കഴിഞ്ഞിരുന്നുള്ളൂ. അധികാരിയുടെ കോപത്തിന് പാത്രീഭൂതരാകാതിരിക്കാൻ ജനങ്ങൾ അദ്ദേഹത്തിനു പല വസ്തുക്കളും കാഴ്ച വെച്ചിരുന്നു.

അധികാരിയുടെ തൻ പ്രമാണിത്വവും ജന്മിത്വവും നാടുവാഴിത്വവും കൊണ്ട് വീർപ്പ് മുട്ടിയിരുന്ന സാധാരണക്കാർ തീർത്തും അസംഘടിതരായിരുന്നു. ജന്മിമാരും, ഭൂസ്വാമിമാരും, പാട്ടത്തിനും, വാരത്തിനും, ചാർത്തായി നൽകിയ ഭൂമി മാത്രമെ സാധാരണക്കാരുടെ കൈവശം ഉണ്ടായിരുന്നുള്ളൂ. ഇവരെ കൈവശ കുടിയാന്മാർ ഏന്നായിരുന്നു വിളിച്ചിരുന്നത്. കുടിയാൻമാരുടെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ തന്നെ സകലമാന നിയന്ത്രണങ്ങളും ജന്മിയിൽ നിക്ഷിപ്തമായിരുന്നു. 12 വർഷത്തേക്ക് ജന്മിമാർ ചാർത്തികൊടുത്ത ഭൂമിയിൽ നിന്നും പ്രതിവർഷം പണമായും മറ്റ് സാധനങ്ങളായും ജന്മിക്ക് പുറപ്പാട് കെടുക്കാനും അന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥ ലംഘി

ക്കപ്പെട്ടാൽ കുടിയൊഴിപ്പിക്കലായിരുന്നു അനന്തര ഫലം. ഇങ്ങനെ വഴിയാധാരമായി തീർന്ന അനേകം കുടുംബങ്ങൾ വയനാട്ടിലേക്കും മറ്റും കുടിയേറി പാർത്തതായും പറയപ്പെടുന്നു.

ജന്മിമാരുടേയും നാടുവാഴിയുടേയും പ്രധാന യാത്ര മഞ്ചലിൽ ആയിരുന്നു. ഏതാനും ആളുകൾ ചുമന്ന് കൊണ്ടുപോകുന്ന തുണിമഞ്ചത്തിനായിരുന്നു മഞ്ചൽ എന്ന് പറയുന്നത്. സ്ഥലത്തെ പ്രധാന ദിവ്യൻ വന്നാൽ മാത്രമേ കല്യാണ വീടുകളിൽ ചടങ്ങുകൾ ആരംഭിക്കാനും ഭക്ഷണം വിളമ്പാൻ തുടങ്ങാനും അനുവദിച്ചിരുന്നുള്ളു. പ്രധാനിക്ക് എന്തെങ്കിലും കാരണവശാൽ എത്തിപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അദ്ദേഹത്തെ പ്രധിനിധീകരിച്ച് കൊടുത്തയക്കുന്ന വടി പന്തലിൽ തൂക്കിയതിന് ശേഷമേ സദ്യ ആരംഭിക്കുകയുള്ളു.

താഴ്ന്ന ജാതിക്കാർ, ഉയർന്ന ജാതിക്കാർ മേലാളർ, കീഴാളർ, തുടങ്ങിയ രൂപത്തിൽ ജനങ്ങൾ വിഭജിക്കപ്പെട്ടിരുന്നു. ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ അനാചാരങ്ങളും ഈ നൂറ്റാണ്ടിന്റെ പ്രാരംഭദശയിൽ ഇവിടെ നിലനിന്നിരുന്നു. ബ്രിട്ടീഷുകാരോടുള്ള വിരോധം ശക്തിപ്പെടുകയും അതിന്റെ ഭാഗമായി സ്വാതന്ത്ര്യ സമരം ശക്തമാകുകയും ചെയ്തപ്പോൾ മറ്റെല്ലാ പ്രദേശങ്ങളെയും പോലെ ഇവിടെയും ജനകീയ പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും വളർച്ച പ്രാപിക്കുകയും ചെയ്തു. ബഹുജനസംഘടനകളും പ്രസ്ഥാനങ്ങളും നടത്തിയ ബോധവൽക്കരണത്തിന്റെയും മൂല്യവൽക്കരണത്തിന്റേയും ജന്മിത്വത്തിന്റെ തകർച്ചയുടേയും ഫലമായാണ് ഉപരിസൂചിതങ്ങളായ ഉച്ചനീചത്വങ്ങൾ തദ്ദേശീയരിൽ നിന്നും ഒഴിവാക്കപ്പെട്ടത്.

ശ്രമദാനങ്ങൾ വഴിയും വിഭവ സമാഹരണം വഴിയും വികസന പ്രവർത്തനങ്ങൾ നടത്തിയ ചരിത്രവും ഈ പഞ്ചായത്തിനുണ്ട്. പാറക്കടവ്-വളയം റോഡ് ശ്രമദാനമായി നിർമ്മിക്കപ്പെട്ടതാണെന്നാണ് മനസിലാകുന്നത്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജീവിച്ചിരുന്ന ജനങ്ങളുടെ ജീവിത നിലവാരം ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. സ്ത്രീകളിൽ പലരും കുപ്പായം ധരിക്കുകയോ മാറു മറക്കുകയോ ചെയ്തിരുന്നില്ല. മുസ്ലിം സ്ത്രീകൾ കാച്ചി മുണ്ടും മാറ് വലിച്ച കുപ്പായവും കറുത്ത ഉറുമാലുമായിരുന്നു അന്ന് ഉപയോഗിച്ചിരുന്നത്. ചെരിപ്പിട്ട് നടക്കലും മീശ വളർത്തലുമൊക്കെ സവർണ്ണരുടെ കുത്തകയായിരുന്നു. ഭക്ഷ്യധാന്യം, മണ്ണെണ്ണ, പഞ്ചസാര, തുണി എന്നിവയ്ക്ക് കടുത്ത ക്ഷാമം അക്കാലത്ത് അനുഭവപ്പെട്ടിരുന്നു. മൃതദേഹം, പൊതിയാനുള്ള തുണിപോലും കിട്ടാൻ അന്ന് വളരെ പാടുപെട്ടിരുന്നു. കല്യാണവീടുകളിൽ പോലും പഞ്ചസാരയ്ക്ക് പകരം ശർക്കരയായിരുന്നു ഉപയോഗിച്ചിരുന്നത്. ഒരാൾക്ക് കൺട്രോൾ പീടികയിൽ നിന്നും ആഴക്ക് അരിയായിരുന്നു അന്നു ലഭിച്ചിരുന്നത്. തുണിക്കും കൺട്രോൾ ഏർപ്പെടുത്തിയിരുന്നു. മണ്ണെണ്ണയുടെ പഞ്ഞം നിമിത്തം ഈരോടൻ എണ്ണ ഉപയോഗിച്ച് കത്തിക്കുന്ന വിളക്കായിരുന്നു അന്ന് ഉപയോഗിച്ചിരുന്നത്. പുരുഷൻമാരിൽ പലരും മുണ്ടും മേൽമുണ്ടും മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. അധികവീടുകളിലും അക്കാലത്ത് മൺപാത്രമേ ഉണ്ടായിരുന്നുള്ളൂ. അപൂർവ്വം ചില വീടുകളിൽ ചീനഭരണിയും ഉണ്ടായിരുന്നു. കിണറ്റിൽ നിന്നും വെള്ളം കോരാൻ കുത്തുപാളയായിരുന്നു ഉപയോഗിച്ചിരുന്നത്. വീടുകൾ അധികവും ഓലമേഞ്ഞതായിരുന്നതിനാൽ മിക്കവാറും വീടുകളുടെ ഉമ്മറത്ത് നെരിപ്പോട് കാണാമായിരുന്നു. ഓലമേഞ്ഞ വീട് വേഗത്തിൽ ദ്രവിച്ചു പോകാതിരിക്കാൻ വേണ്ടി പുകയിടാനാണ് തീക്കളം ഉപയോഗിച്ചിരുന്നത്.

അക്കാലത്ത് ഇന്നത്തെപ്പോലെ സമ്പത്ത് വികേന്ദ്രീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. സ്വത്തും ധനവുമൊക്കെ ചുരുങ്ങിയ ചിലരിൽ കേന്ദ്രീകരിക്കപ്പെട്ടു. അതിനാൽ ഭൂരിപക്ഷം വരുന്ന സാധാരണക്കാർ അവരുടെ അടിയന്തിരാവശ്യങ്ങൾ നിർവ്വഹിക്കുവാൻ വേണ്ടി തങ്ങളുടെ നാണ്യവിളകൾ പാട്ടത്തിനുകൊടുക്കുക പതിവായിരുന്നു. തേങ്ങ, കുരുമുളക്, അടക്ക എന്നിവയെല്ലാം പാട്ടം കൊടുത്തിരുന്നു. ഒരു വർഷത്തെ വിള മുൻകൂറായി മതിച്ചു വിൽക്കുന്ന സമ്പ്രദായത്തിനാണ് പാട്ടം കൊടുക്കൽ എന്നു പറഞ്ഞിരുന്നത്. സാധാരണയായി തുലാം പത്തിനാണ് പാട്ടം പിരിയൽ. പറിച്ചെണ്ണത്തിന് വിൽക്കൽ എന്ന മറ്റൊരു സമ്പ്രദായവും നിലവിലുണ്ടായിരുന്നു. വിവാഹാഘോഷങ്ങളിലും കല്ല്യാണസമ്പ്രദായങ്ങളിലും പഴയകാലം ഇന്നത്തേതിലും വളരെ വിത്യസ്തമായിരുന്നു. നായർ സമുദായത്തിലെ വിവാഹാചാരത്തിന് പുടമുറി എന്നാണ് പറഞ്ഞിരുന്നത്. വരന്റെ വീട്ടുകാർ വിവാഹപുടവയുമായി വധുവിന്റെ വീട്ടിൽ പോകുകയും ചടങ്ങുകൾക്ക് ശേഷം പിറ്റേ ദിവസം അതിരാവിലെ വധുവിനേയും കൂട്ടി തിരിച്ചുവരികയും ചെയ്തിരുന്നു. മുസ്ലിംകളിൽ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഒരാഘോഷമായി

ട്ടായിരുന്നു വിവാഹം നിലനിന്നിരുന്നത്. ഒന്നാം ദിവസത്തെ പുതിയാപ്പിള പോക്ക്, തുടർന്നുള്ള രണ്ട് ദിവസങ്ങളിൽ പുതിയാപ്പിളയെ വിളിച്ച് സൽക്കരിക്കൽ ഇതൊന്നാം വിളി എന്ന പേരിലും രണ്ടാം വിളി എന്ന പേരിലുമാണ് അറിയപ്പെട്ടിരുന്നത്. തുടർന്ന് ആറ് മാസവും ഒരു വർഷവുമൊക്കെ കഴിഞ്ഞാണ് വധുവിനെ വരന്റെ വീട്ടിലേക്ക് കൂട്ടികൊണ്ടുവരൽ. ഇതും ഒരു വലിയ ചടങ്ങായി പല പ്രദേശങ്ങളിലും ആചരിച്ചു വന്നു. ഈഴവരുടെ വൈവാഹിക ആഘോഷങ്ങളെല്ലാം പകൽ സമയത്തായിരുന്നു നടത്തിയിരുന്നത്. വിവാഹത്തിനാവശ്യമായ പണം സ്വരൂപിക്കുന്നതിന് വേണ്ടി മുസ്ലീംങ്ങളിൽ പണം ഒപ്പിക്കൽ എന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവിടെയുള്ള പാർപ്പിടങ്ങളിൽ അധികവും ഓലമേഞ്ഞതായിരുന്നു. ചെറ്റപ്പുരകളായിരുന്നു കൂടുതലും.

കട്ടകൊണ്ടും കല്ലുകൊണ്ടുമുള്ള പുരകളും ഉണ്ടായിരുന്നു. വീടുകൾക്ക് വെളിച്ചവും വായുസഞ്ചാരവും വളരെ കുറവായിരുന്നു. ജാലകങ്ങൾ എണ്ണത്തിൽ വളരെ പരിമിതമായിരുന്നു. ഓടുമേഞ്ഞ വീടുകളും വളരെ കുറവായിരുന്നു. വാർപ്പ് വീടുകൾ ഉണ്ടായിരുന്നില്ല. വലിയൊരു വിഭാഗം ജനങ്ങൾ അന്യരുടെ പറമ്പിൽ വെറും പാർപ്പായിരുന്നു. 10 സെന്റിന്റെ അവകാശം അവർക്കില്ലായിരുന്നു. ഭൂരിഭാഗവും തൊഴിലെടുത്താണ് ജീവിച്ച് പോന്നിരുന്നത്. കാട് വെട്ടിത്തെളിയിച്ച് കൃഷി ചെയ്യൽ, കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇവയായിരുന്നു മുഖ്യതൊഴിൽ. മലമ്പ്രദേശങ്ങളിൽ കൃഷിചെയ്തിരുന്ന മരക്കിഴങ്ങ്, പുല്ല് എന്നിവ കൊണ്ടുവന്ന് വിറ്റ് ജീവിച്ചവരുമുണ്ടായിരുന്നു. ചിലരൊക്കെ മത്സ്യവിപണനവുമായി ബന്ധപ്പെട്ട തൊഴിലും എടുത്തിരുന്നു. വടകര കാരക്കാട്ടെ കടപ്പുറം വരെ നടന്നുപോയി അവിടെ നിന്നും മത്സ്യം വാങ്ങി കുട്ടയിലിട്ട് കാവാക്കി ചുമന്ന് കൊണ്ടുവന്നു ഗ്രാമപ്രദേശങ്ങളിൽ വിറ്റിരുന്നതായും അറിയുന്നു. ഏതാനും പേർ ജോലി തേടി ബർമ, റങ്കൂൺ, സിലോൺ, പെനാങ്, സിങ്കപൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിലും പോയിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ബർമയിൽ നിന്നും അഭയാർത്ഥികളായി തിരിച്ചു പോരേണ്ടി വന്ന നിരവധിപേർ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ബർമയിൽ നിന്നും മണിപ്പൂർ കാടുകളിലൂടെ മിസോറാം വഴി കാൽനടയായാണ് അവർ കൽക്കത്തയിൽ എത്തിയിരുന്നത്. പലരും യാത്രാമദ്ധ്യേ മരിച്ചുപോകുകയും ചെയ്തു. ബർമയിലും സിലോണിലും കല്യാണം കഴിച്ച് അവിടത്തെ പൗരത്വം സ്വീകരിച്ച ചിലരും ഉണ്ടായിരുന്നു. (ഈ പഞ്ചായത്തിലെ ജാതിയേരി സ്വദേശി ആവുക്കൽ അബ്ദുള്ള എന്നവർക്ക് സിലോണിലെ ഭാര്യയിൽ ജനിച്ച മക്കൾ ഈയിടെയായി ഇവിടം സന്ദർശിച്ചിരുന്നു.)

കാലത്ത് മുതൽവൈകീട്ട് വരെയായിരുന്നു മിക്ക ജോലികളുടേയും സമയം. സൂര്യോദയത്തിന് തൊട്ട്മുമ്പ് വയലിലിറങ്ങിയാൽ സൂര്യാസ്തമയം വരെയായിരുന്നു കർഷക തൊഴിലാളികളുടെ പ്രവൃത്തിസമയം. ഏകീകരിച്ച കൂലി സമ്പ്രദായവും നിലവിൽ ഉണ്ടായിരുന്നില്ല. നെല്ല് കുത്തുക, വെള്ളം കോരുക, അരക്കുകയും വെക്കുകയും ചെയ്യുക തുടങ്ങിയ ഗാർഹിക ജോലിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവർക്ക് അധികവും സാധനമായാണ് കൂലികൊടുത്തിരുന്നത്. ഓണം, വിഷു, റംസാൻ, പെരുന്നാൾ തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സ്ഥിരം തൊഴിലാളികളായവർക്ക് പാരിതോഷികം ലഭിച്ചിരുന്നതായും കാണാം.

ഗതാഗതരംഗത്ത് നമ്മുടെ പഞ്ചായത്ത് ഈ നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ വളരെ പിന്നിലായിരുന്നു. 1790ൽ ടിപ്പുസുൽത്താന്റെ പടയോട്ട കാലത്താണ് പേരോട്, പാറക്കടവ്, ചെറ്റക്കണ്ടിറോഡ് നിർമ്മിക്കപ്പെട്ടത്. ഇതായിരുന്നു ഈ പഞ്ചായത്തിലെ പൊതുനിരത്ത്. ആളുകൾ അധികവും നടക്കുകയായിരുന്നു പതിവ്. വടകര, തലശ്ശേരി തുടങ്ങിയ വിപണന കേന്ദ്രങ്ങളിൽ കാർഷികവിളകൾ കൊണ്ടുപോയിരുന്നത് അധികവും ചുമടായിട്ടായിരുന്നു. വയനാട്ടിലേക്ക് തേങ്ങയും അവിടെനിന്ന് ഇങ്ങോട്ട് നെല്ലും 'കാവാക്കി' കൊണ്ടുവന്നിരുന്നത് നിത്യകാഴ്ചയായിരുന്നു. ഈ നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഇവിടെ ആർക്കും മോട്ടോർ വാഹനമുണ്ടായിരുന്നില്ല. പലരും കാളവണ്ടിയെയായിരുന്നു ആശ്രയിച്ചിരുന്നത്. ഉയർന്ന ഉദ്യോഗസ്ഥൻമാരും രാജാക്കന്മാരുമൊക്കെ കുതിരപ്പുറത്തായിരുന്നു സഞ്ചരിച്ചിരുന്നത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പഞ്ചായത്തിലെ സാക്ഷരത നിരക്ക് ആറുശതമാനത്തിലും താഴെയായിരുന്നു. വിദ്യാഭ്യാസരംഗത്ത് ജനങ്ങൾ വളരെ പിന്നോക്കമായിരുന്നു. 1911നു മുമ്പ് സ്ഥാപിക്കപ്പെട്ടതാണ് ചെക്യാട് ബോർഡ് സ്കൂൾ (ഇപ്പോഴത്തെ ഗവ: എൽ.പി. സ്കൂൾ) 1928ൽ ചെക്യാട്ടെ ചാത്തോത്ത് രാമൻഗുരുക്കൾ എന്നയാളുടെ വീട്ടിൽ ഗുരുകുലസമ്പ്രദായത്തിലാരംഭിച്ച കുടിപ്പള്ളിക്കൂടം, താനക്കോട്ടൂരിലെ പാറപ്പൊയിൽ എം.എൽ.പി.സ്കൂൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാ

ലയങ്ങൾ. കുടിപ്പള്ളിക്കൂടങ്ങളും ഓത്തുപുരകളും രൂപാന്തരം പ്രാപിച്ചതാണ് പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളും. ഇവിടെനിന്നു വളരെ അകലെയുള്ള കടത്തനാട് രാജാസ് ഹൈസ്കൂളിൽ നടന്നു പോയി വിദ്യനേടിയ ചുരുക്കം ചിലരും അന്നുണ്ടായിരുന്നു. പനയോലയിൽ എഴുത്താണി ഉപയോഗിച്ചെഴുതിയ അക്ഷരക്കൂട്ടങ്ങളായിരുന്നു അന്നത്തെ പഠിതാവിന്റെ ബാലപാഠങ്ങൾ. ഇംഗ്ലീഷ് പഠനം ചില പ്രത്യേകവിഭാഗങ്ങൾ വെറുക്കുകയും ചെയ്തിരുന്നു. മുസ്ലിം സ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് അക്കാലത്ത് വളരെ പിന്നിലായിരുന്നു.

നമ്മുടെ പഞ്ചായത്തിന്റെ ഇന്നലെകളുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ രംഗത്തും അടിസ്ഥാനപരമായ പുരോഗതി കൈവരിക്കാൻ നമുക്കിന്നു കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. എന്നാൽ പഴയകാലത്ത് നമുക്കുണ്ടായിരുന്ന അദ്ധ്വാനശീലവും സ്വാശ്രയത്ത്വവും ഇന്നു കൈമോശം വന്നുകൊണ്ടിരിക്കുന്നു. ഉപഭോഗസംസ്കാരത്തിന്റെ വേലിയേറ്റത്തിൽ നമ്മുടെ പരമ്പരാഗതമായ പല സിദ്ധികളും സാധനകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ആപൽക്കരമായ വിപത്തിനെതിരെ ജനങ്ങൾ ഇനിയും ബോധവാന്മാരാകേണ്ടിയിരിക്കുന്നു. ഭൂതലകാലത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് ജനകീയപങ്കാളിത്തത്തോടെ സമ്പന്നവും സ്വാശ്രയവുമായ ഒരു പ്രദേശമാക്കി ചെക്യാട് പഞ്ചായത്തിനെ മാറ്റാൻ നമുക്ക് ഒറ്റക്കെട്ടായി നീങ്ങാം.

# ഭൂപ്രകൃതിയും വിഭവങ്ങളും

**ചെ**ക്യാട് പഞ്ചായത്തിന്റെ തെക്കുകിഴക്ക് ഭാഗം ഉയർന്ന മലകളാൽ മനോഹരമായതാണ്. ഭൂവിസ്തൃതിയുടെ ഏറിയഭാഗവും കുന്നുകളാണ്. വടക്കുകിഴക്ക് നിന്ന് തെക്കുപടിഞ്ഞാറ് ഭാഗത്തേക്കു നീങ്ങുമ്പോൾ കുന്നിന്റെ ഉയരം കുറഞ്ഞുവരുന്നുവെങ്കിലും പുളിയാവ് പുഴയോട് അടുക്കുമ്പോൾ ഉയരം കൂടിവരുന്നു. കണ്ടിവാതുക്കൽ ഭാഗം ഒഴിച്ചു നിർത്തിയാൽ ഏറ്റവും കൂടുതൽ കുന്നുകളുള്ള ഭാഗമാണ് പുളിയാവ്, വേവം, ജാതിയേരി പ്രദേശങ്ങൾ. പശ്ചിമഘട്ടത്തിന്റെ തുടർച്ചയായ വാഴമലയുടെ തുടർച്ചയാണ് കണ്ടിവാതുക്കൽ മല. ഈ പ്രദേശമാണ് പഞ്ചായത്തിന്റെ മലമ്പ്രദേശം. കണ്ടിവാതുക്കൽ മല വളരെ നീളമുള്ള ചെരിവോടുകൂടിയതാണ്. പീഠഭൂമിയോട് കൂടിയ കുന്നിൻ പ്രദേശമാണ് അരീക്കരക്കുന്ന്. പാലോറക്കുന്ന്, ഇരുന്നലാട്ട്കുന്ന്, ചെങ്ങോാട്ടേരികുന്ന്, കരിയാടൻകുന്ന്, കോട്ടക്കുന്ന് തുടങ്ങിയവ പ്രധാനകുന്നുകളാണ്. മൊത്തം ഭൂവിസ്തൃതിയുടെ ഏതാണ്ട് ഇരുപത് ശതമാനം സമതലമാണ്. പഞ്ചായത്തിലെ പുളിയാവ് പ്രദേശത്തിലെ ഏതാണ്ട് പത്ത് ഏക്കറയോളം സ്ഥലത്ത് പാറയാണ്. ഇതിനു പുറമെ ഉമ്മത്തൂരിലെ പാറോള്ളതിൽ പാറയും, പെരാണിയത്ത്പാറ, കോട്ടാളൻപാറ, ചിരിയണ്ടചാലിൽപാറ, കണിയാക്കണ്ടിപാറ, പാലോളിത്താഴപാറ, ഉള്ളിപ്പാറ, മൈലാടിപ്പാറ, ഇളമ്പയിൽപാറ, അന്തിയേരിപാറ എള്ളിൽപാറ എന്നിവയും പ്രധാനപ്പെട്ട പാറകളാണ്.

### ജൈവസമ്പത്ത്

<u>സസ്യങ്ങൾ:-</u>

സസ്യവൈവിധ്യം നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞുവരുന്നു. കുറെ വർഷങ്ങൾക്കുമുമ്പ് നമ്മുടെ പ്രദേശങ്ങളിൽ ധാരാളമായി ഉണ്ടായിരുന്ന പല സസ്യങ്ങളും ഇന്ന് ഇല്ലാതാവുകയോ അപൂർവമായിത്തീരുകയോ ചെയ്തിരിക്കുന്നു. ആടലോടകം, തുമ്പ, കഞ്ഞണ്ണി, തേൾക്കട, കരിനൊച്ചിൽ തുടങ്ങിയ ഔഷധ സസ്യങ്ങളും കുറഞ്ഞുവരികയാണ്. പുന്ന, മരുത്, ഇരൂൾ, നെല്ലി തുടങ്ങിയവ മലയോരപ്രദേശങ്ങളിൽ മാത്രം അവശേഷിക്കുന്നു. നമ്മുടെ നാട്ടിലുള്ള ഫലവൃക്ഷങ്ങളും അപ്രത്യക്ഷമായി വരുന്നു. പലതരം പനകൾ ഈ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഉണ്ടായിരുന്നെങ്കിലും ഇന്ന് അവ അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. കാട്ടുചെക്കി ചില പ്രദേശങ്ങളിൽ കാണപ്പെടുന്നു.

കൃഷിചെയ്യപ്പെടുന്ന സസ്യങ്ങളും കൃഷിചെയ്യാൻ പറ്റാത്ത ഭാഗങ്ങളിലുള്ള സസ്യങ്ങളും മാത്ര

മാണ് ഇന്ന് നിലനിൽക്കുന്നത്. മറ്റുള്ള സസ്യങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ്.

## ജന്തുസമ്പത്ത്

**മൃഗങ്ങളും മറ്റ് ജന്തുക്കളും:-**

പണ്ടുകാലത്ത് നമ്മുടെ പ്രദേശങ്ങളിൽ കണ്ടുവന്നിരുന്ന വന്യമൃഗങ്ങളാണ് നരി, കുരങ്ങ്, വെരുക് (മെരു) കള്ളൂണി, ഉടുമ്പ്, കാട്ടുമുയൽ, മുള്ളൻപന്നി, കാട്ടുപന്നി, മാൻ, കാട്ടുപോത്ത്, കുറുക്കൻ തുടങ്ങിയവ. ഇന്ന് ഇവയിൽ മിക്കതിന്റെയും വംശനാശം നമ്മുടെ പ്രദേശത്ത് സംഭവിച്ചിരിക്കുന്നു. കള്ളൂണി, ഉടുമ്പ്, മുള്ളൻപന്നി, കാട്ടുമുയൽ എന്നിവ വംശനാശത്തിന്റെ വക്കിലാണ്. സർവ്വസാധാരണമായി കാണപ്പെടുന്ന വന്യമൃഗം കുറുക്കൻ മാത്രമാണ്. പശു, ആട്, നായ, പൂച്ച എന്നിവയാണ് പ്രധാനവളർത്തുമൃഗങ്ങൾ.

**പക്ഷികൾ:-**

പഞ്ചായത്തിൽ സാധാരണയായി കണ്ടുവരുന്ന പക്ഷികളാണ്, കാക്ക, മൈന, ചാവാലാത്തിക്കിളി, ചെമ്പോത്ത്, മാടപ്രാവ്, കുയിൽ, പൊൻമാൻ, കുരുവി എന്നിവ ഇവിടെ മുമ്പ് ധാരാളം ഉണ്ടായിരുന്നതും ഇപ്പോൾ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ചില പക്ഷികളുണ്ട്. കൊക്ക്, കുളക്കോഴി, കാട്ടുകോഴി, മരംകൊത്തി, അരിപ്രാവ്, പ്രാപ്പിടിയൻ, തത്ത, കൂമൻ, എന്നിവ അവയിൽ ചിലതാണ്. ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിൽ ധാരാളമായി കണ്ടിരുന്ന കഴുകന് ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കോഴിയാണ് പ്രധാന വളർത്തുപക്ഷി.

**മത്സ്യങ്ങൾ:-**

പുഴ മത്സ്യങ്ങളിൽ ആരൾ, മലിഞ്ഞിൽ, കയിച്ചിൽ, കടോളി, ബാലത്താൻ, പൊട്ടൻ, മുഴു, കടു എന്നിവ അപ്രത്യക്ഷമാവുകയാണ്. മുൻകാലങ്ങളിൽ ജനങ്ങൾ ഇവയെ ചൂണ്ട, ഒറ്റൽ, നാടൻ വലകൾ, കൂട് എന്നിവ ഉപയോഗിച്ചുപിടിച്ചിരുന്നു. ഈ മത്സ്യം അതിവേഗം കുറഞ്ഞു വരികയാണ്.

**ഷഡ്പദങ്ങൾ:-**

പൂമ്പാറ്റ, തുമ്പി, വിഷുവാഘോഷത്തിന്റെ സമയത്ത് എത്തുന്ന 'വിഷുപൊക്കൻ' തുടങ്ങിയവ ഇപ്പോൾ അപൂർവ്വ കാഴ്ചയായി മാറിയിരിക്കുന്നു.

**പരിസ്ഥി പ്രശ്നങ്ങൾ:-**

പരിസ്ഥിതിയെ പരിഗണിക്കാതെയുള്ള കൃഷി രീതി, വനനശീകരണം, സസ്യനശീകരണം, വയൽ നികത്തൽ തോടുവക്കിലുള്ള കൈതകൾ വെട്ടിമാറ്റൽ, അശാസ്ത്രീയമായ കെട്ടിട നിർമ്മാണം തുടങ്ങിയവ ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

1. കൃഷി രീതിയിലുള്ള അശാസ്ത്രീയത നിമിത്തം സസ്യവൈവിധ്യം കുറഞ്ഞു കൊണ്ടിരിക്കുന്നു.

2. വന നശീകരണം, അപൂർവ്വവും വിലപ്പെട്ടതുമായ സസ്യങ്ങളുടെ നാശത്തിനും മണ്ണൊലിപ്പിനും കാരണമാകുന്നു.

3. ഫലവൃക്ഷങ്ങളുടേയും മറ്റു മരങ്ങളുടേയും നശീകരണം ഭക്ഷ്യയോഗ്യമായ പഴങ്ങളുടെയും ഫലങ്ങളുടെയും ദൗർലഭ്യത്തിന് കാരണമാകുന്നു; മണ്ണിന്റെ ഫലഭൂയിഷ്ഠത കുറക്കുന്നു.

4. വയൽ നികത്തൽ വഴി ഭൂഗർഭ ജലനിരപ്പ് താഴാൻ ഇടയാകുന്നു. വയലിൽ ആവാസമാക്കിയ മാങ്ങാറി, പൊട്ടി, തുടങ്ങിയ സസ്യങ്ങളുടെയും, തവള, നയിച്ചി, അട്ട, ശുദ്ധജല മത്സ്യങ്ങൾ കൊക്ക് തുടങ്ങിയ ജന്തുക്കളുടെയും നാശത്തിന് കാരണമാകുന്നു.

5. തോട്ടുവക്കിലുള്ള കൈതയുടെ നാശം മണ്ണിന്റെ വരൾച്ചക്കും കുളക്കോഴി തുടങ്ങിയവയുടെ നാശത്തിനും കാരണമാകുന്നു.

6. അശാസ്ത്രീയമായ കെട്ടിട നിർമ്മാണം കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറക്കുകയും മലിനീകരണം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

7. കീടങ്ങൾ പെരുകുന്നു.

8. ചില പ്രദേശങ്ങളിൽ കാട്ടെലികളുടെ ശല്യം കണ്ടുവരുന്നു.

9. ചില പ്രദേശങ്ങളിൽ ഉറുമ്പുകളുടെ ശല്യം വർദ്ധിച്ചുവരുന്നു.

**മലിനീകരണപ്രശ്നങ്ങൾ:-**

1. അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ കൂടിവരുന്നു.

2. വർദ്ധിച്ചു വരുന്ന പ്ളാസ്റ്റിക് ഉപയോഗം.

3. വാഹനങ്ങളിൽ നിന്നും ഉണ്ടാകുന്ന പുക.

4. ശബ്ദമലിനീകരണം.

5. പാറക്കടവ് ടൗണിലെ ഓടയിലുള്ള മാലിന്യം.

6. ചപ്പുചവറുകൾ, തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം.

7. മത്സ്യം പിടിക്കാൻ പുഴകളിൽ വിഷം കലർത്തുന്നതു വഴിയും, തോട്ടപൊട്ടിക്കുക്കുന്നതു വഴിയുമുണ്ടാകുന്ന മലിനീകരണം.

8. അറവ് ശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ.

9. പുഴകളിൽ മലവിസർജ്ജനം ചെയ്യുന്നതുകൊണ്ടും അറവ് ശാലകളിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ വഴിയും ഉണ്ടാകുന്ന മലിനീകരണം.

3C

# വികസന മേഖലകൾ

## 1.കൃഷിയും ജലസേചനവും

ചെക്യാട് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി "9.66 ചതുരശ്രമൈൽ" ആണ്. ഇതിൽ കൃഷിക്ക് ഉപയുക്തമായ ഭൂമി 1802 ഹെക്ടറും മൊത്തം കർഷക ജനസംഖ്യ 3798ഉം ആണ്. കാർഷികവൃത്തി മുഖ്യ തൊഴിലായി സ്വീകരിച്ച കർഷകരുടെ എണ്ണം 89 ആണ്. പഞ്ചായത്ത് പരിധിയിൽ കർഷിക വൃത്തി മുഖ്യതൊഴിലായി സ്വീകരിച്ച കർഷകതൊഴിലാളികളുടെ എണ്ണം കർഷക ജനസംഖ്യയിൽ 11%ത്തോളം വരും. പഞ്ചായത്ത് പരിധിയിൽ മുഖ്യവിളകളായി തെങ്ങ്, കുരുമുളക്, വാഴ, കശുമാവ് എന്നിവ കൃഷി ചെയ്തു വരുന്നു. തെങ്ങ് കൃഷിയുടേയും നെൽകൃഷിയുടേയും ഉല്പാദനം സംസ്ഥാന ശരാശരിയുടെ മുകളിലാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ സ്ഥിതി ചെയ്യുന്നത് പാറക്കടവ് ടൗണിലാണ്. ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസിസ്റ്റന്റ് മാരും പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്നു.

### കാർഷിക ചരിത്രം

**നെൽകൃഷി:-**

ചെക്യാട് പഞ്ചായത്തിൽ 25 വർഷങ്ങൾക്ക് മുമ്പ് വരെ 250 ഏക്കർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. ജാതിയേരി, ചെക്യാട്, ഉമ്മത്തൂർ, താനക്കോട്ടൂർ, കുറുവന്തേരി, എരഞ്ഞാട്ട്, കിഴക്കും മുറി, കാലിക്കുളമ്പ് എന്നിവിടങ്ങളിൽ നെൽവയലുകൾ സ്ഥിതി ചെയ്യുന്നു. പഴയകാലങ്ങളിൽ നാടൻവിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ജൈവവളങ്ങൾ അക്കാലത്ത് സുലഭമായിരുന്നു. കന്നികൊയ്ത്തിന് ശേഷം കന്നുകാലികളെ വയലിൽ ഇറക്കുന്നതിനാൽ കാലിവളം സുലഭമായിരുന്നു. രണ്ട് വിള ഇറക്കുന്ന നെൽവയലുകളായിരുന്നു കൂടുതലും. 1960 മുതൽ രാസവളം അപൂർവ്വമായി ഉപയോഗിക്കുവാൻ തുടങ്ങി. നെൽകൃഷിക്ക് രോഗങ്ങളുടേയും കീടങ്ങളുടേയും ആക്രമണം കുറവായിരുന്നു. അപൂർവ്വമായി ഉണ്ടാകുന്ന രോഗങ്ങളുടേയും, കീടങ്ങളുടെയും നിയന്ത്രണം ജൈവമാർഗ്ഗത്തിൽ സാധ്യമായിരുന്നു. മഴയെ ആശ്രയിച്ച് മാത്രമാണ് അന്ന് കൃഷി ചെയ്തിരുന്നത്. കർഷകതൊഴിലാളികൾ സുലഭമായിരുന്നു. 10 ഇടങ്ങാഴി നെല്ലിന് ഒരു ഇടങ്ങാഴി നെല്ല് എന്ന അനുപാതത്തിൽ നെല്ലായിട്ടായിരുന്നു കൂലി നൽകിയിരുന്നത്. നെൽവയലുകൾ ഉഴുത് മറിക്കാൻ വേണ്ടി കാളകളെ ഉപയോഗിച്ചു. അക്കാലങ്ങളിൽ "കരകൃഷി" പ്രചാരത്തിലുണ്ടായിരുന്നു. "പുനം കൃഷി" എന്ന പേരിൽ മലയോരങ്ങളിലും

"വയനോക്കിവാളൻ" എന്ന പേരിൽ മറ്റ് അനുയോജ്യമായ പ്രദേശങ്ങളിലും കൃഷിചെയ്തിരുന്നു. ഈ കൃഷിക്ക് അനുയോജ്യമായ സമയം വിഷുവിന് മുമ്പ് വിത്തിറക്കി ഓണത്തിന് കൊയ്യുക എന്നതായിരുന്നു. നെൽവിത്തിനങ്ങളിൽ "കൊയ്യാള" എന്ന കറുത്ത നിറമുള്ള വിത്താണ് ഉപയോഗിച്ചിരുന്നത്. പുനം കൃഷി ചെയ്യുമ്പോൾ തുവര, മുത്താറി എന്നിവകൂടി കൃഷി ചെയ്യാറുണ്ടായിരുന്നു. മിക്ക കർഷകർക്കും വിൽപന നടത്താൻ ആവശ്യമായ വിളവ് ലഭിക്കുമായിരുന്നു. വിളവ് ശരാശരി 20 മേനി ആയിരുന്നു.

**തെങ്ങ്:-**

നാടൻ തെങ്ങിനങ്ങൾ മാത്രമേ കൃഷി ചെയ്തിരുന്നുള്ളൂ. ഒരു തെങ്ങിൽ നിന്നും ശരാശരി അൻപത് തേങ്ങ ലഭിക്കുമായിരുന്നു. രോഗകീടങ്ങൾ കുറവായിരുന്നു. വെണ്ണീർ, ചാണകം, പച്ചിലവളം ഇവ സുലഭമായിരുന്നു. ജലസേചനമില്ലാതെയാണ് കൃഷി ചെയ്തിരുന്നത്. കുരുമുളക്, നാടൻവാഴ, ചേന, മഞ്ഞൾ ഇവ ഇടവിളകളായി ധാരാളം കൃഷി ചെയ്തിരുന്നു. തെങ്ങിൻതൈകൾ പ്രാദേശികമായി ലഭ്യമായിരുന്നു.

**വാഴകൃഷി:-**

നാടൻവാഴകൾ ഇടവിളയായും നേന്ത്രവാഴ ഒഴിവുസ്ഥലങ്ങളിലും കൃഷി ചെയ്തിരുന്നു. മൈസൂർ, പൂവൻ, കദളി, ചെങ്കദളി, മാമ്പിലാകുന്നൻ, തെഴുതാണി, മണ്ണൻ എന്നിവയായിരുന്നു കൃഷി ചെയ്തിരുന്നത്. ജൈവവളവും വെണ്ണീരും മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ജൈവവളങ്ങളിൽ പുന്നമരത്തിന്റെ ഇല കായവണ്ണം വെക്കുവാൻ ഉപയോഗിച്ചിരുന്നു.

**കുരുമുളക്:-**

എല്ലാ കർഷകരും വീട്ടുവളപ്പിൽ കുരുമുളക് കൃഷി ചെയ്തിരുന്നു. ചേട്ടൻ, ബാലൻകോട്ട, കരിങ്കോട്ട, കല്ലുവള്ളി എന്നിവയായിരുന്നു കൃഷി ചെയ്തിരുന്ന ഇനങ്ങൾ. വളങ്ങൾ ചേർക്കുന്ന പതിവില്ലായിരുന്നു.

**മരച്ചീനി:-**

ഇന്നു നിലവിലുള്ളതിന്റെ നൂറു മടങ്ങ് മരച്ചീനി പഴയ കാലങ്ങളിൽ കൃഷി ചെയ്തിരുന്നു. സാധാരണക്കാരുടെ "കർഷകബിരിയാണി" യായിരുന്നു മരച്ചീനിയും മത്തിയും. മണ്ണിൽ കൂടം കൂട്ടി (കൂന) കൃഷി ചെയ്യുന്ന സമ്പ്രദായമായിരുന്നു. പുനം കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ കപ്പ കൃഷി ചെയ്തിരുന്നു. മരച്ചീനികൃഷി കുരങ്ങൻ നശിപ്പിക്കാറുണ്ടായിരുന്നു.

**കവുങ്ങ്:-**

വിസ്തൃതിയിലും ഉല്പാദനത്തിലും ഇന്നത്തേക്കാൾ കൂടുതൽ കവുങ്ങ് കൃഷിയുണ്ടായിരുന്നു. കച്ചവടക്കാർ വീടുകളിൽ പോയി അടക്ക ശേഖരിച്ച് പുളിയാവ്പാറയിൽ വച്ച് ഉണക്കിവില്ക്കാൻ കൊണ്ടുപോകുന്നത് "മംഗലാപുരം" വിപണിയിലായിരുന്നു. കർഷകർക്ക് ആയിരം അടക്കക്ക് 1.75രൂപ ലഭിക്കുമായിരുന്നു. ആയിരം അടക്കക്ക് ഇരുപത് അടക്ക കീവ് (കിഴിവ്) കൊടുക്കണമായിരുന്നു.

**കശുമാവ്:-**

കശുമാവ് കൃഷി അപൂർവ്വമായിരുന്നു. വില്ക്കുവാൻ മാർക്കറ്റ് ലഭ്യമായിരുന്നില്ല. ചുട്ടുതിന്നാനായിരുന്നു സാധാരണ ഉപയോഗിച്ചിരുന്നത്. കൂടാതെ വൃശ്ചികമാസത്തിലെ ശൈത്യത്തോടനുബന്ധിച്ച് കാലിൽ ഉണ്ടാകുന്ന "വിണ്ടുകീറൽ" രോഗത്തിന് അണ്ടിത്തോട് ചൂടാക്കി കിട്ടുന്ന നെയ്യ് ഉപയോഗിച്ചിരുന്നു. ചേന, ചേമ്പ്, കാച്ചിൽ ഇവ ധാരാളമായി കൃഷി ചെയ്തിരുന്നു.

**പച്ചക്കറികൃഷി:-**

ഒറ്റവിള പാടങ്ങളിൽ കൈപ്പ, പയർ, പച്ചമുളക്, ചീര, കുമ്പളം, പൊട്ടിക്ക, പടവലം എന്നിവ കൃഷിചെയ്തിരുന്നു. രണ്ടു വിളയെടുക്കുന്ന പാടങ്ങളിൽ മൂന്നാം വിള സമയത്ത് വെള്ളരി കൃഷി വ്യാപകമായിരുന്നു. "ഉച്ചാർ ഉച്ചക്ക് നട്ട് വിഷു ഉച്ചക്ക് പറിക്കുക"എന്നത് ഒരു പഴമൊഴി ആയിരുന്നു. വെള്ളരി കൃഷിക്ക് കുറുക്കന്മാരിൽ നിന്നുള്ള ആക്രമണം ഒഴിവാക്കുന്നതിനുവേണ്ടി രാത്രികാലങ്ങളിൽ പന്തൽ കെട്ടി കാവൽ നിൽക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. വെള്ളരി കൃഷി ചെയ്യുന്ന പാടത്തിന്റെ ഉടമക്ക് പാരിതോഷികമായി എല്ലാ കൃഷിക്കാരും ഒരു വരിക്ക് രണ്ടു വലിയ വെള്ളരിക്ക എന്ന നിലയിൽ കൊടുത്തിരുന്നു. വെള്ളരിക്ക കേടുകൂടാതെ വർഷം മുഴുവൻ സൂക്ഷിക്കുന്നതിന് പച്ചതെങ്ങോല കണ്ണിയിൽ കെട്ടി വീട്ടിനകത്ത് തൂക്കി സൂക്ഷിക്കുമായിരുന്നു. വിഷുവിന് കണികാണുന്നതിന് വെള്ളരിക്ക അക്കാലത്ത് ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു. സ്വന്തം ആവശ്യം കഴിച്ച് ബാക്കിയുള്ളവ മറ്റുള്ളവർക്ക് സൗജന്യമായി കൊടുത്തിരുന്നു. ജൈവവളങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ.

അക്കാലങ്ങളിൽ ചക്ക, മാങ്ങ എന്നിവ സുലഭമായിരുന്നു. മുത്താറി, ചാമ, കുവ്വ, എന്നിവ പറമ്പിൽ കൃഷി ചെയ്തിരുന്നു.

### ഇന്നത്തെ വിള ചേരുവ

മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണം 1791 ഹെക്ടർ.

### മുഖ്യവിളകളുടെ സ്ഥിതിവിവരകണക്കുകൾ

| | | |
|---|---|---|
| 1. തെങ്ങ്- | 1402 ഹെക്ടർ | |
| 2. നെല്ല്- | 10 ഹെക്ടർ | (രണ്ടു വിള) |
| 3. കുരുമുളക്- | 90 " | |
| 4. കശുമാവ്- | 60 " | |
| 5. മാവ്- | 50 " | (ഇടവിള) |
| 6. പ്ലാവ്- | 50 " | (ഇടവിള) |
| 7. കവുങ്ങ്- | 40 " | |
| 8. വാഴ- | 30 " | |
| 9. മരച്ചീനി- | 15 " | |
| 10. പച്ചക്കറി- | 5 " | |
| 11. റബ്ബർ- | 6 " | |
| 12. മഞ്ഞൾ- | 15 " | |
| 13. ഇഞ്ചി- | 10 " | |
| 14. പഴവർഗ്ഗങ്ങൾ- | 5 " | |
| 15. പച്ചിലവളച്ചെടികൾ- | 2 " | |
| 16. കൈതച്ചക്ക- | 2 " | |

### മുഖ്യവിളകളുടെ ഉല്പാദനക്ഷമത

| | |
|---|---|
| 1. തെങ്ങ്- | 1ന് 32എണ്ണം. |
| 2 നെൽകൃഷി- | 1600 കി.ഗ്രാം. (ഹെക്ടറിൽ) |
| 3. കുരുമുളക്- | 300 കിലോഗ്രാം. (ഹെക്ടറിൽ) |
| 4. കശുമാവ്- | 1400 കിലോഗ്രാം (ഹെക്ടറിൽ) |
| 5. കവുങ്ങ്- | 19250 അടക്ക ഹെക്ടറിൽ |

NB: അവലംബം കൃഷിഭവൻ രേഖകൾ

### ജലസേചന സൗകര്യങ്ങൾ:-

പഞ്ചായത്ത് പരിധിയിൽ 3.65 കിലോമീറ്റർ നീളത്തിലും 8 മീറ്റർ വീതിയിലും ഒഴുകുന്ന ചോയിത്തോട്ടിൽ നിന്നുള്ള ജലം ജലസേചന ആവശ്യത്തിന് ചില കർഷകർ ഉപയോഗിക്കുന്നു. ജലസേചന ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്ന കിണറുകൾ 150 എണ്ണം.

കുളങ്ങൾ 32 പമ്പുസെറ്റ് 201 (അവലംബം കൃഷിഭവൻ രേഖകൾ)

പുതുശ്ശേരി തോടിന് നിലവിലുള്ള ബി.സി.ബി. ക്രോസ്ബാർ ഉപയോഗശൂന്യമായി കിടക്കുന്നു.

പ്രകൃതിദത്ത ജലസ്രോതസ്സുകൾ താഴെ കൊടുക്കുന്നു.

1. കണ്ടിവാതുക്കൽ മലയിൽ വിവിധ സ്ഥലങ്ങളിലായി ആറു ജലസ്രോതസ്സുകളുണ്ട്. ഇവ ജലസേചനത്തിനുപയോഗിക്കുന്നു.

2. പഞ്ചായത്ത് അതിർത്തിയിൽ കടവണ്ണൂർ വയലിലുള്ള നീരുറവ ജലസേചനത്തിനുപയോഗിക്കുന്നു.

3. ചെക്യാട് നാലു സെന്റ് കോളനിക്ക് സമീപമുള്ള പാലോറ ചാലിൽ മീത്തൽ നീരുറവ ഉണ്ട്.

4. അഞ്ചാം വാർഡിൽ ഇളമ്പയിൽ എന്ന സ്ഥലത്തും കുണ്ടിലപ്പുര എന്ന സ്ഥലത്തും നീരുറവ ഉണ്ട്.

5. പഞ്ചായത്തിലെ പൂങ്കുളത്തിനു സമീപമുള്ള കവുങ്ങിൻ കുനിയിൽ നീരുറവ ഉണ്ട്.

6. അരീക്കര കുന്നിന്റെ തെക്കേ താഴ്‌വരയിൽ പടിഞ്ഞാറ് ഭാഗത്തായി കൈതയിൽ അടിച്ച് തലക്കൽ എന്നീ സ്ഥലങ്ങളിൽ സമൃദ്ധമായ നീരുറവകളുണ്ട്.

7. കുറുവന്തേരി കുണ്ടംചാലിൽ നീരുറവ ഉണ്ട്.

8. പമ്പ്സെറ്റ് ഉപയോഗിച്ചും പൈപ്പുകൾ ഉപയോഗിച്ചും പാത്രം കൊണ്ട് നനച്ചും ജനസേചനം നടത്തുന്നു. നീരുറവകളിൽ നിന്നും മനുഷ്യാദ്ധ്വാനമില്ലാതെ പൈപ്പുകൾ ഉപയോഗിച്ച് നനക്കുന്ന സമ്പ്രദായം കണ്ടിവാതുക്കൽ പ്രദേശത്ത് നിലവിലുണ്ട്.

9. കണിക ജലസേചന പദ്ധതി ഒരു യൂണിറ്റ് നിലവിലുണ്ട്.

### ഉല്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്ത് പരിധിയിൽ പാറക്കടവ് ടൗൺ മാത്രമാണ് കാർഷിക വിളകളുടെ വിപണനം നടക്കുന്ന സ്ഥലം. സ്വകാര്യ കച്ചവടക്കാർ (ഇടത്തട്ടുകാർ) കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് വിപണനം നടത്തുന്നു. വിദൂര പ്രദേശങ്ങളിൽ (കണ്ടിവാതുക്കൽ) കർഷകന് ഉല്പന്നത്തിന് മാർക്കറ്റിൽ ലഭിക്കുന്നതിന്റെ പകുതി വിലയേ ലഭിക്കുന്നുള്ളൂ. ശരാശരി ഉല്പന്ന വിലയുടെ 30-35% ഇടത്തട്ടുകാർ മുഖേനയും വാഹനക്കൂലി ഇനത്തിലും കർഷകന് നഷ്ടമാകുന്നു.

### കാർഷിക ബന്ധങ്ങൾ

നാമമാത്ര കർഷകർ - 3262

ചെറുകിട കർഷകർ - 384

വൻകിട കർഷകർ - 152

സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം കുറഞ്ഞ്കൊണ്ടിരിക്കുന്നു.

മുഴുവൻ സമയ കർഷകർ - 89

സ്വന്തം ഭൂമിയിൽ പണിയെടുക്കുന്നവർ - 18

കാർഷിക ജനസംഖ്യയിൽ കർഷകത്തൊഴിലാളികലുടെ എണ്ണം പതിനൊന്ന് ശതമാനത്തോളം.

**കൂലി സേവന വ്യവസ്ഥകൾ**

ഉഴവ് - 150 രൂപ പുരുഷന്

കിളക്കൽ - 55 രൂപ (പുരുഷന് ഉച്ചപ്പണി)

ഞാറു നടൽ - 40 രൂപ സ്ത്രീകൾക്ക്

കള പറിക്കൽ - 40 രൂപ സ്ത്രീകൾക്ക്

തേങ്ങയിടൽ - 150 രൂപ (പുരുഷന്)

റബ്ബർ വെട്ട് - 25 പൈസ- മരമൊന്നിന്

കീടനാശിനി തളിക്കൽ - 175 രൂപ പുരുഷന്.

**വള ഉപഭോഗം:-**

രാസവളങ്ങളുടെ ഉപഭോഗം ശരാശരി ഒരു മാസത്തിൽ ഒന്നുരണ്ട് ടണ്ണാണ്. രാസവളത്തിനേക്കാൾ അഞ്ചുമടങ്ങ് ഉപഭോഗം ജൈവവളങ്ങളാണ്. ജൈവവളങ്ങൾ യഥേഷ്ടം ലഭ്യമല്ല. കമ്പോസ്റ്റ് നിർമ്മാണം കുറവാണ്.

**രോഗങ്ങൾ**

1. നെൽകൃഷി.-

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പാടശേഖരങ്ങളിൽ രോഗകീടബാധ ദൃശ്യമാണ്. ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കാറുണ്ട്. ഒന്നാം വിളക്കാലത്ത് ഇല ചുരുട്ടിപ്പുഴു, കുഴൽപ്പുഴു, തണ്ടുതുരപ്പൻ പുഴു എന്നിവയുടെ ആക്രമണവും കുലവാട്ട രോഗവും കാണാറുണ്ട്. അവ നിയന്ത്രണവിധേയമാണ്. കാര്യമായ സാമ്പത്തിക നഷ്ടം വരാറില്ല.

2. തെങ്ങ് കൃഷി:-

കൂമ്പു ചീയൽ രോഗം വ്യാപകമാണ്. കാര്യമായ സാമ്പത്തിക നഷ്ടം സംഭവിക്കുന്നു. കൊമ്പൻ ചെല്ലിയുടെ ആക്രമണവും ഉണ്ടാവാറുണ്ട്. ചിലയിടങ്ങളിൽ തെങ്ങിൻ കുല "പാറാടൻ" നശിപ്പിക്കുന്ന പ്രശ്നവുമുണ്ട്.

3. കുരുമുളക് കൃഷി:-

ദ്രുതവാട്ടരോഗം കുരുമുളക് കൃഷിയെ സാരമായി ബാധിക്കുന്നു. വളരെ വ്യാപകമായി കാണപ്പെടുന്ന പ്രസ്തുത രോഗം നിമിത്തം കുരുമുളക് ചെടികൾ കൂട്ടത്തോടെ നശിക്കുകയും കൃഷിയോടുള്ള കർഷകരുടെ താല്പര്യം കുറയുകയും ചെയ്യുന്നു.

4. വാഴകൃഷി:-

കുറുനാമ്പ് രോഗം സികാടോക്ക രോഗം എന്നിവ വാഴകൃഷിയെ ബാധിക്കുന്ന രോഗങ്ങളാണ്. പ്രസ്തുതരോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ വ്യാപകമാണ്.

**കാർഷിക വികസന പ്രവർത്തനങ്ങൾ**

പഞ്ചായത്ത് കൃഷിഭവൻ സ്ഥിതി ചെയ്യുന്നത് പഞ്ചായത്ത് ആസ്ഥാനമായ പാറക്കടവിലാണ്. കൃഷിഭവനിൽ എത്തിച്ചേരുന്നതിന് കണ്ടിവാതുക്കൽ, കാലിക്കൊളുമ്പ്, എരഞ്ഞാട്ട്, കിഴക്കും മുറി, പൂങ്കുളം, മുത്തങ്ങച്ചാലിൽ എന്നിവിടങ്ങളിൽ ഉള്ള കർഷകർ വളരെ പ്രയാസം അനുഭവപ്പെടുന്നു. നടീൽ വസ്തുക്കൾ മുതലായവ പ്രസ്തുത സ്ഥലങ്ങളിൽ എത്തിക്കുന്നത് വളരെ പ്രയാസം അനുഭവിച്ചുകൊണ്ടാണ്.

കൃഷിഭവനിൽ രണ്ട് കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറും ആണ് ഉള്ളത്. നമ്മുടെ പഞ്ചായത്തിന്റെ കാർഷിക ഭൂവിസ്തൃതി, കർഷകരുടെ എണ്ണം എന്നിവ കണക്കിലെടുക്കുമ്പോൾ ആവശ്യമായ കാർഷിക വികസന ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതുണ്ട്. കൃഷിഭൂമിയും കർഷകരും കൂടുതൽ സ്ഥിതി ചെയ്യുന്നത് അഞ്ചാം വാർഡിലാണ്. പ്രസ്തുത വാർഡിലെ കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനും കാർഷിക വികസന പ്രവർത്തനങ്ങളിൽ നേരിട്ട് ബന്ധപ്പെടുന്നതിനും അവർക്ക് പ്രയാസമനുഭവപ്പെടുന്നു.

**നിലവിലുള്ള പദ്ധതികളുടെ അവലോകനം.**

കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു

**1. നെൽകൃഷിഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി:-**

നെൽകൃഷി മേഖലയിൽ തുണ്ടം തുണ്ടമായി കിടക്കുന്ന നെൽവയലുകളെ കൂട്ടിയോജിപ്പിച്ചും ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ അവലംബിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ഇത്. പ്രസ്തുത പദ്ധതി നടപ്പിൽ വരുമ്പോൾ കർഷകന് താഴെ പറയുന്ന ഗുണങ്ങൾ ലഭിക്കുന്നു.

1. പാടശേഖരത്തിന് മുഴുവൻ ആവശ്യമായി വരുന്ന കീടനാശിനി വളം, വിത്ത്, എന്നിവ കൂട്ടമായി സംഭരിക്കുമ്പോൾ ഉണ്ടാവുന്ന സാമ്പത്തിക നേട്ടം.

2. പാടശേഖരം മുഴുവൻ പവർ ടില്ലർ ഉപയോ

ഗിച്ച് പണി ചെയ്യിക്കുമ്പോൾ ഉണ്ടാകുന്ന നേട്ടം.

3. ഒരേ സമയത്ത് വിത്തിറക്കി ഒരേ സമയം കൊയ്യുമ്പോൾ രോഗകീടങ്ങളുടെ ആക്രമണത്തിന്റെ ആധിക്യം കുറയുന്നു.

4. ആധുനിക രീതിയിലുള്ള ജസേചന സമ്പ്രദായം സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക നേട്ടവും സമയലാഭവും.

5. കാർഷിക വിജ്ഞാനവ്യാപനം കൂടുതൽ എളുപ്പമാവുന്നു.

6. ആവശ്യമായ കാർഷിക വായ്പകൾ ലഭ്യമാവുന്നു.

7. കാർഷിക ചെലവ് കുറക്കുന്നതിന് സാധിക്കുന്നു.

8. നെൽകൃഷി സബ്സിഡി തുകകൾ നെല്ല് ഉല്പാദകസമിതിക്ക് ലഭിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത ഒരു ഗ്രൂപ്പ് ഫാമിങ്ങ് നെൽകൃഷി സമിതിയാണ് ഉള്ളത് കിഴക്കും മുറിപാടശേഖരം. ഈ നെൽവയൽ സ്ഥിതി ചെയ്യുന്നത് ചെക്യാട് പഞ്ചായത്തിലും അതിലെ ഭൂരിഭാഗം കർഷകർ അധിവസിക്കുന്നത് പാടശേഖരത്തിൽ നിന്നും 5-6 കിലോമീറ്റർ അകലത്തിൽ കണ്ണൂർജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലുമാണ് അതുകൊണ്ട് തന്നെ കർഷക സമ്പർക്കത്തിന് പോരായ്മകൾ അനുഭവപ്പെടുന്നു. പൊതുവെ മെച്ചപ്പെട്ട ഉൽപാദനം ഈ കഴിഞ്ഞ ഒന്നാം വിളക്ക് പ്രസ്തുത പാടശേഖരത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്നത് ആശാവഹമാണ്.

### പോരായ്മകൾ

1. നെൽപാടങ്ങളിൽ നിന്നും വളരെ ദുരെ കർഷകർ താമസിക്കുന്നത് കൊണ്ട് ദൈനംദിന ബന്ധപ്പെടൽ അസാധ്യമായിതീരുന്നു.

2. കർഷകസമിതി യോഗങ്ങളിൽ മുഴുവൻ കർഷകരുടെ പ്രാധിനിധ്യം ലഭിക്കുന്നില്ല.

3. ഇന്ന് ഒരു ഹെക്ടർ സ്ഥലത്തേക്ക് സർക്കാർ അനുവദിച്ച ഉല്പാദന ബോണസ് 250 രൂപയിൽ നിന്നും 350 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ഈ തുക പര്യാപ്തമല്ല.

4. ഭാരിച്ച ചെലവുകൾ നെൽകൃഷി രംഗത്ത് കർഷകർ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്.

**2. സമഗ്രാനാളീകേര വികസനപദ്ധതി.**

1994-95 തെങ്ങ് കൃഷി വികസന വർഷമായി ആചരിക്കുകയുണ്ടായി ഇതിന്റെ ഭാഗമായി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ താഴെപറയുന്ന പരിപാടികൾ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 1994-95 മുതൽ 1996-97വരെ നടപ്പിലാക്കുന്നുണ്ട്.

1. രോഗബാധിതവും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളെ വെട്ടിമാറ്റുക.

2. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

3. ആവശ്യമായ വളങ്ങൾ ചേർത്തുകൊണ്ട് കൃഷി പരിപാലിക്കുക.

4. ആവശ്യമായ സസ്യസംരക്ഷണ പരിപാടികൾ സ്വീകരിക്കുക.

5. തെങ്ങ്കൃഷി തോട്ടത്തിൽ ഇടവിളകൃഷി ചെയ്യുക.

6.കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

7.കൊപ്രസംസ്കരണശാലകൾ കേരഫെഡ് മുഖേന സ്ഥാപിക്കുക. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുകയുണ്ടായി.

i) 30 സെന്റ് സ്ഥലത്ത് 25 തെങ്ങ് എങ്കിലും ഉള്ള കർഷകന് ജലസേചന ആവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനും വേണ്ടി 33.50% സബ്സിഡി (പരമാവധി 2500 രൂപ) നൽകുകയുണ്ടായി.

ii) സാമൂഹ്യ ജലസേചന പദ്ധതിക്ക് 85% സബ്സിഡിയും തെങ്ങ് കയറ്റയന്ത്രം പച്ചില വളങ്ങൾ ഇവ വാങ്ങാൻ ആവശ്യമായ സബ്സിഡിയും നൽകിയിട്ടുണ്ട്.

iii) പരാജയപ്പെട്ട കിണറുകൾക്ക് സഹായ ധനം. ഈ വർഷം (96-97) 30 കിണറും 30 പമ്പ് സെറ്റും സ്ഥാപിക്കുന്നതിന് പഞ്ചായത്ത് സബ്സിഡി നൽകുന്നുണ്ട്.

### പോരായ്മകൾ

1. നിശ്ചിത കാലയളവിൽ പണിപൂർത്തിയാക്കാൻ കർഷകർ വിമുഖത കാട്ടുന്നു.

2. സാമൂഹ്യജലസേചനം പോലെയുള്ള പ്രധാനപ്പെട്ട പദ്ധതികളിൽ കർഷകർ താല്പര്യം കാട്ടുന്നില്ല. ഇത് പണിപൂർത്തീകരിക്കുന്നതിന് കാലതാമസം വരുന്നു.

**3. കാർഷിക വികസനപദ്ധതികളിൽ പൊതുജന പങ്കാളിത്തം:-**

കാർഷിക വികസന പദ്ധതികളെകുറിച്ചും ആധുനിക കൃഷി സമ്പ്രദായങ്ങളെകുറിച്ചും കർഷകരെ

ബോധവാൻമാരാക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുന്നു. പഞ്ചായത്തിലെ ഏറ്റവും നല്ല കൃഷിക്കാരനെ തിരഞ്ഞെടുത്ത് ആദരിക്കുന്നു. വിള മത്സരപരിപാടികൾ നടത്തി കേഷ് അവാർഡുകൾ നൽകുന്നു. കർഷക ദിനാചരണപരിപാടികൾ സംഘടിപ്പിക്കുന്നു.

*പോരായ്മകൾ:-*

സെമിനാറുകളിലും, മറ്റ് കാർഷികവികസന പരിപാടികളിലും കർഷകരുടെ പങ്കാളിത്തം കുറവാണ്. അതിനാൽ ഈ പരിപാടികൾ ഫലപ്രദമാകുന്നില്ല.

**4. ഊർജ്ജിത സുഗന്ധവിളപദ്ധതി (കേന്ദ്ര ഗവ:പദ്ധതി)**

പ്രസ്തുത പദ്ധതിയിൽ കീഴിൽ താഴെ പറയുന്നവ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്നു.

1. നല്ലയിനം കുരുമുളക് തൈകളുടെ വിതരണം.
2. കുരുമുളക് ദ്രുതവാട്ടത്തിനെതിരായ മരുന്ന് തളി.
3. കുരുമുളക് കൃഷി വിസ്തീർണ്ണവ്യാപനം.
4. ഇഞ്ചികൃഷി വിസ്തീർണ്ണവ്യാപനം.
5. ഇഞ്ചികൃഷി പ്രദർശന തോട്ടം.
6. മഞ്ഞൾകൃഷി വിസ്തീർണ്ണവ്യാപനം.
7. മഞ്ഞൾകൃഷി പ്രദർശന തോട്ടം.

*പോരായ്മകൾ:-*

കുരുമുളക് കൃഷി വിസ്തീർണ്ണവ്യാപന പദ്ധതിയിൻ കീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് ചുരുങ്ങിയത് 50 സെന്റ് സ്ഥലം ആവശ്യമാണ്. ഇത് പുന:പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. (കൈവശഭൂമിയുടെ വിസ്തീർണ്ണം കുറവായതിനാൽ)

**5. പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായപദ്ധതി:-**

ഈ പദ്ധതി പ്രകാരം നാശനഷ്ടങ്ങൾ സംഭവിക്കുന്ന കർഷകർക്ക് സർക്കാർ നിശ്ചയിച്ച പ്രകാരം ഓരോ വിളകൾക്കും സഹായധനം നൽകുന്നു.

*പോരായ്മകൾ:-*

1. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ല.
2. സഹായധന നിരക്ക് തീരെ അപര്യാപ്തമാണ്.

**6. വിള ഇൻഷൂറൻസ് പദ്ധതി**

വിവിധ വിളകൾക്ക് നിശ്ചിത പ്രീമിയം തുക അടച്ച് റജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് നാശനഷ്ടങ്ങൾ സംഭവിക്കുമ്പോൾ സർക്കാർ നിശ്ചിത സഹായധനം ലഭ്യമാക്കുന്നു.

*പോരായ്മകൾ:-*

1. സഹായ ധനം അനുഭവിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം രോഗകീടബാധയേറ്റ് നശിക്കുന്ന വിളകളെ ഒഴിവാക്കിയിട്ടുണ്ട്. അത് കൂടെ ഉൾപ്പെടുത്തേണ്ടതാണ്.

2. ആകർഷകമായ പദ്ധതിയാണെങ്കിലും കർഷകരുടെ വിമുഖത നടത്തിപ്പിൽ പ്രയാസം അനുഭപ്പെടുന്നു.

**7. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിയന്ത്രണം**

രാസവളങ്ങളുടേയും കീടനാശിനികളുടേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കി ഗുണ നിലവാരം ഉറപ്പ് വരുത്തുന്നു.

1. കണിക ജലസേചനം
2. ഗ്രീൻ ഹൗസ്.

വിവിധവിളവുകൾക്ക് ജലസേചനം നടത്തുന്നതിന് ശാസ്ത്രീയ രീതിയിലുള്ള കണിക ജലസേചന പദ്ധതി ഉപയുക്തമാണ്. പദ്ധതിച്ചെലവിന്റെ 50% സബ്സിഡിയായി അനുവദിക്കുന്നു. നഴ്സറി നടത്തുന്ന കർഷകർക്ക് ഗ്രീൻഹൗസ് നിർമ്മിക്കുവാൻ 50% സബ്സിഡിയായി അനുവദിക്കുന്നു.

*പോരായ്മകൾ:-*

1. പ്രസ്തുത പദ്ധതിയോടുള്ള കർഷകരുടെ സമീപനം ആശാവഹമല്ല. നിരന്തരം സമ്പർക്കം പുലർത്തിയാൽ പോലും പദ്ധതി നടത്തിപ്പിന് പ്രയാസം അനുഭവപ്പെടുന്നു. അനുവദിക്കപ്പെട്ട കേന്ദ്ര സർക്കാർ പണം ചിലവാകാതെ കിടക്കുന്നു.

**9. പ്രത്യേക ഘടക പദ്ധതി:-**

1. പ്രത്യേക ഘടക പദ്ധതി പ്രകാരം സ്വന്തമായി സ്ഥലമില്ലാത്ത കർഷകർക്ക് 10 സെന്റ് സ്ഥലം വാങ്ങിക്കുന്നതിനും ഫാംഹൗസ്, കിണർ, പമ്പുസെറ്റ് ഇവ സ്ഥാപിക്കുന്നതിനും 75,000 രൂപ വരെ സഹായധനം അനുവദിക്കുന്നു.

2. പച്ചക്കറി വികസന പദ്ധതി പ്രകാരം രണ്ട് സെന്റ് സ്ഥലത്ത് കൃഷി നടത്തുന്നതിനുള്ള പച്ചക്കറി വിത്തും വളവും 50 കുടുംബങ്ങൾക്ക് സൗജന്യമായി നല്കിയിട്ടുണ്ട്.

*പോരായ്മകൾ:-*

കാർഷികവികസന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഇത്തരം പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിലുള്ള

അജ്ഞത, വിമുഖത, സംശയദൃഷ്ടി എന്നിവ കാർഷിക രംഗത്തെ വികസനത്തെ മൊത്തത്തിൽ ബാധിക്കുന്നു. ശാസ്ത്രീയ കൃഷിരീതിയിലുള്ള ആത്മ വിശ്വാസമില്ലായ്മ, മോണിട്ടറിങ്ങിന്റെ അഭാവം എന്നി വയും പല പദ്ധതികളും ലക്ഷ്യം കാണാതെ പോകു ന്നതും ഈ രംഗത്തെ പോരായ്മകളാണ്.

**10. കവുങ്ങ് കൃഷി വികസന പരിപാടി (കേന്ദ്രസർക്കാർ)**

മഹാളിരോഗത്തിനെതിരെ മരുന്ന് തളി നടത്തുന്നതിന് സബ്സിഡിയിനത്തിൽ തുരിശ് വിതരണം ചെയ്യുന്നു.

*പോരായ്മ:-*

തുരിശുവില വർദ്ധിപ്പിച്ച സാഹചര്യത്തിൽ മുഴു വൻ വിലയും സബ്സിഡിയായി അനുവദിക്കേണ്ട തുണ്ട്.

**11. ബയോഗ്യാ വികസനപദ്ധതി:-**

ബയോഗ്യാസ് പ്ളാന്റ് നിർമ്മിക്കുന്നതിന് സബ്സിഡി അനുവദിക്കണം.

**12. പച്ചക്കറികൃഷി വികസന പരിപാടി (കേന്ദ്രാവിഷ്കൃതം):-**

10 സെന്റ് സ്ഥലത്ത് കൃഷി നടത്തുന്നതിനാവ ശ്യമായ പച്ചക്കറി വിത്തുകൾ, കീടനാശിനി എന്നിവ സബ്സിഡിയായി അനുവദിക്കുന്നതാണ്.

*പോരായ്മ:-*

പച്ചക്കറി വിത്തുകളുടെ വിതരണം കൃത്യസമ യത്ത് നടത്താൻ പറ്റാത്തത് ഇതിന്റെ ദൂഷ്യവശമാ കുന്നു.

**13. കാർഷികരംഗത്തെ യന്ത്രവൽക്കരണം:-**

ആധുനിക രീതിയിലുള്ള കാർഷിക യന്ത്രങ്ങൾ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നു. കർഷ കർ ഇവ നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തു ന്നില്ല എന്നതാണ് ഇതിലെ ഒരു പോരായ്മ.

**14. ധാന്യവിള വികസന പദ്ധതി (കേന്ദ്രാവി ഷ്കൃതം):-**

പ്രസ്തുത പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ നെൽ വയലുകൾ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തു കൾക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്ന ഒരു പദ്ധതിയാണിത്. ഒരു ബ്ളോക്കിൽ ഒരു പഞ്ചാ യത്ത് എന്ന നിലയിലാണ് ഇത് തിരഞ്ഞെടുക്കപ്പെടു ന്നത്.

**15. മണ്ണ് സാമ്പിൾ പരിശോധന:-**

കർഷകരുടെ പറമ്പുകളിലും പാടങ്ങളിലുമുള്ള മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് ആവശ്യ മായ നിർദ്ദേശങ്ങൾ നൽകുന്ന പദ്ധതിയാണിത്.

*പോരായ്മ:-*

മണ്ണ് പരിശോധന പദ്ധതിയോട് കർഷകർ കാണി ക്കുന്ന അലംഭാവം പദ്ധതി നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു. ഇതിന്റെ ആവശ്യകതയെകുറിച്ച് കർഷകർ അജ്ഞരാണ്.

**16. കശുമാവ് വികസനപദ്ധതി:-**

1. കശുമാവ് കൃഷിക്ക് നാശം വരുത്തുന്ന തേയി ലകൊതുകിനെതിരെ മരുന്ന് തളിക്കുന്നതിന് സബ്സി ഡിയായി കീടനാശിനി അനുവദിക്കുന്നു.

2. കശുമാവ് പുതുകൃഷി വ്യാപിപ്പിക്കുന്നതിന് കശുമാവ് ഓട്ടുതൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതോടൊപ്പം നടീൽ ചാർജ്ജിനത്തിൽ ഒരു തൈക്ക് മൂന്നു രൂപ അനുവദിക്കുന്നതാണ്.

*പോരായ്മ:-*

1. കർഷകർ പദ്ധതിയെ കുറിച്ച് അറിയുന്നില്ല.

**17. ചെറുകിഴങ്ങ് വികസനപദ്ധതി:-**

പ്രസ്തുത കൃഷിവികസന പദ്ധതി പ്രകാരം ചേന, ചേമ്പ്, കാച്ചിൽ എന്നിവയുടെ കൃഷിവികസന ത്തിനാവശ്യമായ സബ്സിഡി അനുവദിച്ചു വരുന്നു.

*പ്രശ്നങ്ങൾ:-*

1. മണ്ണിന്റെ ഫലഭൂയിഷ്ഠതക്കുറവ് 'ലകൃഷിക ളുടെയും ആരോഗ്യകരമായ നിലനില്പ്പിന് വിഘാതം സൃഷ്ടിക്കുന്നു.

2. ധാരാളം ഭൂമിതരിശായികിടക്കുന്നു. കായലോട്ട് താഴ, കല്ലിക്കണ്ടിത്താഴ, പുളിഞ്ഞോളിതാഴ എരഞ്ഞാട്ട് താഴ പാടങ്ങൾ തരിശായികിടക്കുന്നു.

3. മണ്ണൊലിപ്പ് കണ്ടിവാതുക്കൽ, എളമ്പ, മുത്ത ങ്ങാച്ചാലിൽ എരങ്ങാട്ട്, വേവം, പുളിയാവ് എന്നിവിട ങ്ങളിൽ രൂക്ഷമാണ്.

4. വയൽ നികത്തപ്പെടുന്ന പ്രവണതകൾ നമ്മുടേ പഞ്ചായത്തിൽ ദൃഷ്യമാണ്.

5. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമല്ല (വാഴ ക്കന്ന്, കവുങ്ങിൻ തൈകൾ, പച്ചക്കറിവിത്തുകൾ)

6. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്.

7. ജൈവ കീടനാശിനിയുടെ പ്രചാരം കുറവാണ്.

8. ഇടവിളകൃഷികളുടെ അഭാവം.

9. മെത്തത്തിൽ കാർഷികവൃത്തിയോട് ജന ങ്ങൾക്ക് താല്പര്യക്കുറവ്.

10. മണ്ണ് പരിശോധന നടക്കുന്നില്ല.

11. രോഗങ്ങളുടെയും കീടങ്ങളുടെയും ആധിക്യം.

12. ജലസേചന പദ്ധതികളെ വേണ്ടും വിധം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

13. കർഷകത്തൊഴിലാളികളുടെയും, തെങ്ങുക യറ്റത്തൊഴിലാളികളുടെയും ദൗർലഭ്യം.

**സാധ്യതകൾ:-**

*ജലസേചനം:*

1. ഒന്നാം വാർഡിൽ ചോയിത്തോടിന് ചെക്ക് ഡാം പണിയുക.

2. ചേടിയാലപ്പുഴ, ചാമക്കാൽപ്പുഴ എന്നിവക്ക് ബണ്ട് നിർമ്മിക്കുക

3. പമ്പ്സെറ്റ് ഏത് കടയിൽനിന്നു വാങ്ങണ മെന്ന അവകാശം കർഷകന് നല്കുക.

4. അത്തോൾ വയലിൽ നിലവിലുള്ള കുളം നന്നാക്കുക.

5. കൂട്ടുകൃഷിക്ക് സൗജന്യനിരക്കിൽ പമ്പ്സെറ്റ് അനുവദിക്കുക.

6. കണ്ടിവാതുക്കൽ അംബേദ്ക്കർ കോളനിയിൽ വലിയ കുളം കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേ ചനയോഗ്യമാക്കുക.

7. കടവണ്ണൂരിൽ നിലവിലുള്ള ജലസ്രോതസ്സ് വീതികൂട്ടി സംരക്ഷിച്ച് മുത്തങ്ങച്ചാലിൽ സ്റ്റോറേജ് ടാങ്ക് കെട്ടി ജലസേചനം നടത്തുക.

8.അരൂണ്ട പുഴയുടെ സൈഡിൽ കുളം കുഴിച്ച് ടാങ്കും പമ്പുസെറ്റും സ്ഥാപിക്കുക.

9. കല്ലമ്മൽ ഭാഗം, കുണ്ടൻചാലിൽ, കൈതോട്ടിൽ കുളം കുഴിക്കുക

10. പുളിഞ്ഞോളിക്കുളം കുഴിച്ച് വെള്ളം നില നിർത്തുക.

11. പറമ്പോട്ട് താഴെ കല്ലിക്കണ്ടി പുതുശ്ശേരി തോട് എന്നിവിടങ്ങളിൽ ക്രോസ്സ്ബാർ നിർമ്മിക്കുക.

12. കിഴക്കും മുറിത്തോട്ടിൽ vcb ക്രോസ്സ്ബാർ നിർമ്മിക്കുക.

13. കോട്ടപ്പൊയിൽ കുളം നിർമ്മിക്കുക.

14. മൊട്ടേമ്മൽ ഭാഗത്ത് സ്റ്റോറേജ് ടാങ്കും പമ്പു സെറ്റും സ്ഥാപിക്കുക.

15. കയ്യേരിക്കൽ താഴെവയലിൽ നിലവിലുള്ള കുളം ആഴം കൂട്ടുക.

16. ചെക്യാട് ബാങ്കിനുസമീപമുള്ള കുളം ആഴം കൂട്ടി പമ്പ് സെറ്റ് സ്ഥാപിക്കുക.

17. പടിക്കലക്കണ്ടി താഴെകുളത്തിൽ ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിക്കുക.

18. കുന്നുമ്മൽ താഴെ കിണർ കുഴിച്ച് സ്റ്റോറേജ് ടാങ്കും പമ്പുസെറ്റും സ്ഥാപിക്കുക.

19. പുത്തലത്ത് (കേക്കജ്യേരി) ഭാഗത്ത് കുളം കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.

20. ചാത്തോത്ത് വയൽത്താഴെ vcb സ്ഥാപി ക്കുക.

21. പൂക്കോട്ടും താഴെ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.

22. ചെറുവാരെത്തോട് ആഴം കൂട്ടി സൈഡ് കെട്ടി ചെക്ക്ഡാം നിർമ്മിക്കുക.

23. മഠത്തിൽ നിലവിലുള്ള കുളം ആഴം കൂട്ടി ജലസേചനത്തിന് ഉറപ്പ് വരുത്തുക.

24 നെടുവാലത്തുണ്ടി കുളം ആഴം കൂട്ടി പമ്പ് സെറ്റ് സ്ഥാപിക്കുക.

25. പുളിയച്ചേരി പറമ്പിൽ കിണർ കുഴിക്കുക.

26. നഞ്ഞംപാറ, പാറച്ചാൽ ഭാഗങ്ങളിൽ കുളം കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.

27. കാർഷികാവശ്യത്തിന് വൈദ്യുതി എളുപ്പ ത്തിൽ ലഭ്യമാക്കുക.

28. പാറക്കടവ് പാലത്തിന് സമീപം പാലത്തിന്റെ (തൂണോട് ചേർന്ന്) ഒരു മീറ്റർ ഉയരത്തിൽ ഡാം നിർമ്മിക്കുക.

**മണ്ണു സംരക്ഷണം**

1. ജാതിയേരി മുതൽ ഉമ്മത്തൂർ വരെയുള്ള പുഴ യോരം കെട്ടി മണ്ണു സംരക്ഷിക്കുക.

2. കണ്ടിവാതുക്കൽ, മുത്തങ്ങച്ചാൽ, കാലിക്കൊളുമ്പ് ഭാഗങ്ങളിൽ പെട്ട അഞ്ഞൂറേക്കർ സ്ഥലത്ത് കയ്യാലകെട്ടി മണ്ണുസംരക്ഷണം നടത്തുക.

**ജൈവവളം:-**

കമ്പോസ്റ്റ് നിർമ്മാണവും പച്ചിലവളച്ചെടികളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുക.

**നെൽകൃഷി:-**

1. നെൽകൃഷിക്ക് ഉല്പാദനക്ഷമതാ ബോണസ്സ് എന്ന നിലയിൽ 2500 രൂപ (ഒരു ഹെക്ടറിന്) അനുവദിക്കുക.

2. രാസവളം 50% സബ്സിഡി നിരക്കിൽ അനുവദിക്കുക.

3. തരിശായി കിടക്കുന്ന ഭൂമികളിൽ നെൽകൃഷി ഇറക്കുക.

4. കരകൃഷി പ്രോത്സാഹിപ്പിക്കുക.

**തെങ്ങുകൃഷി.:-**

1. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക.

2. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

**വാഴകൃഷി:-**

1. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ വാഴ കൃഷി പ്രോത്സാഹിപ്പിക്കുക.

**കശുമാവ് കൃഷി:-**

1. അനുയോജ്യമായ സ്ഥലങ്ങളിൽ മേത്തരം തൈകൾ നല്കി കശുമാവ് കൃഷിയെ പ്രോത്സാഹിപ്പിക്കുക.

**കവുങ്ങു കൃഷി:-**

1. നല്ലയിനം കവുങ്ങിൻതൈകൾ പ്രാദേശികമായി ഉൽപാദിപ്പിച്ച് കൃഷിവികസിപ്പിക്കുക.

**പച്ചക്കറികൃഷി:-**

1. നല്ലയിനം പച്ചക്കറി വിത്തു കൃഷിക്കാർക്ക് യഥാസമയം ലഭ്യമാക്കി കൃഷിയെ പ്രോത്സാഹിപ്പിക്കുക.

2. കൂട്ടുകൃഷി സമ്പ്രദായം പരീക്ഷിക്കാവുന്നതാണ്.

3. മലയോര മേഖലയിൽ കാർഷിക ഉല്പന്നങ്ങളുടെ 'സംഭരണ-വിപണന'കേന്ദ്രം സ്ഥാപിക്കുകയോ, വിപണനാവശ്യത്തിന് ഗതാഗതസൗകര്യം സൃഷ്ടിക്കുകയോ ചെയ്യുക.

**കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന്നും ഉല്പാദനക്ഷമതവർദ്ധിപ്പിക്കുന്നിനുമുള്ള മാർഗ്ഗങ്ങൾ:-**

1. തരിശുഭുമി കൃഷി യോഗ്യമാക്കുക.

2. മണ്ണ് പരിശോധനകാര്യക്ഷമമാക്കുക.

3. ജൈവവളങ്ങളും കീടനാശിനികളും ഉപയോഗിക്കുക.

4. ജലസേചനം കാര്യക്ഷമമാക്കുക.

5. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

6. സാമൂഹ്യ വനവല്ക്കരണം പ്രോത്സാഹിപ്പിക്കുക.

7. കാർഷികസാമ്പത്തിക സഹായങ്ങൾ അനുവദിക്കുക.

8. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

9. വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും കർഷകസമിതികൾ രൂപീകരിക്കുക, കാർഷിക ബോധവൽകരണം നടത്തുക.

10. ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുക.

11. ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുക.

12. കൂൺകൃഷി, പുഷ്പകൃഷി, പഴവർഗ്ഗങ്ങളുടെയും ചെറുകിഴങ്ങ്കളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക.


13. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക.

# മുഖ്യ കാർഷിക വിളകളുടെ കലണ്ടർ

| വിളയുടെ പേര് | മാസം | ചെയ്യേണ്ട കാർഷിക പ്രവർത്തനങ്ങൾ |
|---|---|---|
| നെൽകൃഷി-ഒന്നാം വിള | ഏപ്രിൽ-മെയ് | നിലമൊരുക്കലും വിത്തിടലും-അടിവളപ്രയോഗവും പറിച്ചു നടലും |
| | ജൂൺ-ജൂലായ് | കളയെറുപ്പും-വളം ചേർക്കലും |
| | ആഗസ്റ്റ്-സെപ്റ്റംബർ | വിളവെടുപ്പ് രോഗ കീട നിയന്ത്രണ പ്രതിരോധ മാർഗ്ഗങ്ങൾ വിളയുടെ ഓരോ ഘട്ടത്തിലും സ്വീകരിക്കണം. |
| -രണ്ടാം വിള | സെപ്തംബർ-ഒക്ടോബർ | നിലമൊരുക്കലും വിത്തിടലും-അടിവള പ്രയോഗവും |
| | ഒക്ടോബർ-നവംബർ | പറിച്ചു നടലും കളയെടുപ്പും-വളം ചേർക്കലും |
| | നവംബർ-ഡിസംബർ | മേൽ വളം ചേർക്കൽ |
| | ഡിസംബർ-ജനുവരി | വിളവെടുപ്പ് രോഗകീടനിയന്ത്രണ പ്രതിരോധ മാർഗ്ഗങ്ങൾ വിളയുടെ ഓരോ ഘട്ടത്തിലും സ്വീകരിക്കണം. |
| മൂന്നാം വിള | ഇല്ല | ഇല്ല |
| തെങ്ങ് | മെയ്-ജൂൺ | തൈകൾ നടൽ, തടം തുറക്കൽ, പച്ചിലവളം ചേർക്കൽ, രാസവള ശുപാർശയുടെ 1/3 ഭാഗം ചേർക്കൽ, പറമ്പ് കിളക്കൽ. |
| | സെപ്തംബർ-ഒക്ടോബർ | രാസവളം 2/3 ഭാഗം ചേർക്കൽ-പറമ്പ് കിളക്കൽ |
| | ഡിസംബർ-ജനുവരി | ജലസേചനം<br>രോഗങ്ങളുടേയും കീടങ്ങളുടേയും ആക്രമണത്തിനെതിരായി ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കൽ |

| | | |
|---|---|---|
| വാഴ–നേന്ത്രൻ | ആഗസ്ത്–സെപ്തംബർ | ജലസേചന മുറകൾ സ്വീകരിക്കുന്ന സ്ഥലങ്ങളിൽ നിലം ഒരുക്കൽ അടിവളം, കുമ്മായം ചേർക്കൽ, കന്നുനടീൽ. |
| | ഒക്ടോബർ–നവംബർ | തടം തുറക്കൽ–ജൈവവളം ചേർക്കൽ, രാസവള പ്രയോഗം |
| | ഡിസംബർ–ജനുവരി | തടം തുറക്കൽ, രാസവളപ്രയോഗം |
| | മാർച്ച്–എപ്രിൽ | വാഴക്ക് താങ്ങുകൾ കൊടുക്കൽ<br><br>കന്നു നടുന്ന സന്ദർഭങ്ങളിൽ ഡെവീൻപൊടി ചാണക ലായനിയിൽ ചേർത്ത് കന്നുകൾ മുക്കി വെയിലിലും തണലിലും ഉണക്കി 10–15 ദിവസത്തിനു ശേഷം നടുക. കുറുനാമ്പ് രോഗത്തിനെതിരായി 30 ഗ്രാം ഫുറഡാൻ അല്ലെങ്കിൽ 25 ഗ്രാം. തിമറ്റ് കന്നു നടുന്ന കുഴിയിൽ ചേർക്കുക. 12 $^1/_2$ ഗ്രാം ഫോറേഫേറ്റ് 75 ദിവസത്തിനു ശേഷവും 165 ദിവസത്തിന് ശേഷവും വാഴകളുടെ ഇലകളിൽ ഇട്ടു കൊടുക്കുക. |
| കുരുമുളക് | ഏപ്രിൽ–മെയ് | തടങ്ങുകാലുകൾ നടുന്നു, വാട്ടത്തിനെതിരായി തോട്ടം വൃത്തിയാക്കൽ കുമിൾ നാശിനികൾ മണ്ണിൽ ഒഴിക്കൽ |
| | ജൂൺ–ജൂലൈ | കുരുമുളക് കൊടികൾ വച്ചു പിടിപ്പിക്കാം. 5 കി.ഗ്രാം ജൈവവളം ചേർക്കൽ, ദ്രുതവാട്ടത്തിനെതിരെ മരുന്ന് തളി. തണൽ നീക്കം ചെയ്യൽ |
| | ആഗസ്റ്റ്–സെപ്റ്റംബർ | പറമ്പ് കിളക്കലും കളയെടുപ്പും |
| | സെപ്റ്റംബർ–ഒക്ടോബർ | ദ്രുതവാട്ടത്തിനെതിരെ കുമിൾ നാശിനികൾ കടക്കൽ ഒഴിച്ചു കൊടുക്കലും മരുന്നു തളിയും |
| | ജനുവരി–ഫെബ്രുവരി | വിളവെടുപ്പ് |
| കവുങ്ങ് | മെയ്–ജൂൺ | കുഴിയെടുക്കൽ, വളം ചേർക്കൽ, നടൽ, മഹാളിക്കെതിരെ മരുന്നു തളിക്കൽ |
| | സെപ്തംബർ–ഒക്ടോബർ | വളം ചേർക്കൽ, മരുന്ന് തളി. |

A1



# മൃഗ സംരക്ഷണം

പശു, കാള, ആട് എന്നിവയാണ് ചെക്യാട് പഞ്ചായത്തിൽ വളർത്തി വരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ്.

കാളകളെ കയറൂരി വിട്ട് മേയ്ക്കുന്ന സമ്പ്രദായമാണ് മുമ്പ് ഈ പ്രദേശത്തുണ്ടായിരുന്നത്. വിശാലമായിക്കിടന്നിരുന്ന കുന്നിൻ ചെരുവുകളും വയലുകളുമായിരുന്നു മേച്ചിൻപുറങ്ങൾ. കാലിവളർത്തൽ മുഖ്യ തൊഴിലാക്കിയ നിരവധി കുടുംബങ്ങൾ അന്ന് ഈ പഞ്ചായത്തിലുണ്ടായിരുന്നു. കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കാലി വളർത്തൽ. പാലിനു പുറമെ കാലി വളത്തിനും നിലം ഉഴുതുമറിക്കാനും ഇവയെ ഉപയോഗിച്ചു. നമ്മുടെ പഞ്ചായത്തിലെ ജൈവവളത്തിന്റെ പ്രധാന ഉറവിടം കാലി വളമായിരുന്നു. കാലികളെ മേയ്ക്കാൻ കൊടുക്കുന്ന പതിവും അന്നുണ്ടായിരുന്നു. മേയ്ക്കുന്ന ആൾക്ക് പ്രതിമാസം ഒരു നിശ്ചിത തുക പ്രതിഫലമായി നല്കണം എന്നതായിരുന്നു വ്യവസ്ഥ. ഇതിനു പുറമെ പോറ്റാൻ കൊടുക്കുക എന്ന ഒരു ഏർപ്പാടും ഉണ്ടായിരുന്നു. കാലികളെ വിലക്ക് വാങ്ങാൻ കഴിയാത്ത നിർധന കുടുംബങ്ങൾക്ക് കടച്ചിയെ പോറ്റാൻ ഏല്പിക്കുന്നു. ആദ്യപ്രസവത്തിലെ കന്നും പാലും പോറ്റുന്ന ആൾ എടുക്കുകയും പശു രണ്ടാമത് പ്രസവിക്കുമ്പോൾ പശുവിനെയും കുട്ടിയേയും തിരിച്ചേല്പിക്കുകയും ചെയ്യുക

ഇന്ന് കാലി വളർത്തലിന്റെ സ്ഥിതിയിൽ മാറ്റം വന്നിരിക്കുന്നു. കയറൂരി വിട്ട് മേയ്ക്കുന്ന രീതിയും അത്കൊണ്ട് തന്നെ മേയ്ക്കാൻ ഏല്പിക്കുന്ന പതിവും അപ്രത്യക്ഷമായിരിക്കുന്നു. പോറ്റാൻ കൊടുക്കുക എന്ന ഏർപ്പാടും ഇന്നില്ല. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും തെങ്ങ് തുടങ്ങിയ കൃഷികളുടെ വ്യാപനവും വയൽ നികത്തപ്പെട്ടതും കാലികളെ ആലയിലും പുരയിടത്തിലും കെട്ടി വളർത്തുന്ന ഇന്നത്തെ രീതിയിലെത്തിച്ചു. പച്ചപുല്ല് മുമ്പത്തെപ്പോലെ കിട്ടുന്നില്ല. നെൽകൃഷിയുടെ തിരോധാനത്തോടെ പ്രാദേശികമായി ലഭിച്ചിരുന്ന വൈക്കോലും അപ്രത്യക്ഷമായി. മറ്റ് പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെടുന്ന വൈക്കോലിനാകട്ടെ തീ വിലയുമാണ്. കാലിത്തീറ്റയുടെ വിലയും ദുർവഹമാണ്.

കാലിവളർത്തുന്നതിന് ഇന്ന് അനുഭവപ്പെടുന്ന പ്രയാസങ്ങളോടൊപ്പം ഇന്ന് വളർത്തപ്പെടുന്ന പശുക്കളിൽ ഭൂരിപക്ഷവും പാൽ ഉല്പാദനക്ഷമത കുറഞ്ഞവയാണ് എന്നതും കാലി വളർത്തൽ അനാദായകരമാക്കുന്നു.

കാളകളുടെ എണ്ണം ഇന്ന് ഗണ്യമായി കുറഞ്ഞിരിക്കുന്നു. വയൽ നികത്തപ്പെട്ടതോടു കൂടി നെൽകൃഷിയുമായി ബന്ധപ്പെട്ട കാളകളുടെ ഉപയോഗം കുറഞ്ഞതാണ് ഇതിന് പ്രധാന കാരണം വിത്തുകാളകളുടെ എണ്ണവും നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായിരിക്കുന്നു.

കാലിവളർത്തലിൽ ഇന്ന് അനുഭവപ്പെടുന്ന മറ്റൊരു പ്രശ്നം പാലിന്റെ വിപണന സാധ്യതയില്ലായ്മയായണ്.

ചെക്യാട് പഞ്ചായത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും കോഴി, മുട്ട എന്നിവ ഇറക്കുമതി ചെയ്യപ്പെടുന്നു. വീടുകളിൽ കോഴികളെ വളർത്തുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ആവശ്യത്തിന് തികച്ചും അപര്യാപ്തമാണ്.

പഞ്ചായത്തിൽ മൃഗ സംരക്ഷണ രംഗത്ത് ഒരു മൃഗാശുപത്രി പാറക്കടവിൽ പ്രവർത്തിക്കുന്നു. വെള്ളമോ വൈദ്യുതിയോ ആവശ്യമായ ഫർണിച്ചറുകളോ ഇവിടെയില്ല. കെട്ടിടത്തിന്റെ അറ്റകുറ്റപണി യഥാസമയം നടക്കാറില്ല. ആശുപത്രി കോമ്പൗണ്ടിന്റെ ചുറ്റുമതിൽ പൊളിഞ്ഞു വീണുകൊണ്ടിരിക്കുന്നു. കൃത്രിമ ബീജാധാനം നടത്താറുണ്ടെങ്കിലും അതിന് ആവശ്യമായ സൗകര്യം ഇവിടെ ഏർപ്പെടുത്തിയിട്ടില്ല.

**പ്രശ്നങ്ങൾ:-**

1. കാലിത്തീറ്റയുടെ വില താങ്ങാവുന്നതിലപ്പുറമാണ്
2. ക്ഷീര വിപണനത്തിന് സംവിധാനങ്ങളില്ല.
3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.
4. രോഗം മൂലം കോഴികൾ ഇടക്കിടെ ചത്തൊടുങ്ങുന്നു.
5. കോഴി വളർത്തു കേന്ദ്രങ്ങൾ ചെക്യാട് പഞ്ചായത്തിൽ ഇല്ല.

**സാധ്യതകൾ:-**

1. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക.
2. ക്ഷീര വിപണന സഹകരണ സംഘം രൂപീകരിക്കുക.
3. മൃഗാശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
4. കൃത്രിമ ബീജാധാനം പ്രോത്സാഹിപ്പിക്കുക.
5. സങ്കര ഇനം പശുക്കളുടെ വ്യാപനം വഴിയും പശുക്കളെ വളർത്താനുള്ള സാമ്പത്തിക സഹായം ഉദാരവല്ക്കരിച്ചും കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക.
6. കാലികൾക്കുണ്ടാകുന്ന രോഗങ്ങളെപ്പറ്റി ബോധവൽക്കരണം നടത്താനും പ്രതിരോധകുത്തിവെപ്പും ചികിത്സയും നല്കാനും പ്രാദേശിക കേമ്പുകൾ സംഘടിപ്പിക്കുക.

■

A3

# വ്യവസായം

ചെക്യാട് പഞ്ചായത്തിൽ പരമ്പരാഗത വ്യവസായങ്ങളോ വൻകിട മേഖലകലിലുള്ള ആധുനിക വ്യവസായങ്ങളോ ഇല്ല. വ്യാവസായിക വളർച്ചയിൽ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. 28 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാമാക്കിയല്ല ഇവ പ്രവർത്തിക്കുന്നത്. (ഫർണിച്ചറ് നിർമ്മിക്കുന്ന 6 സ്ഥാപനങ്ങളും ഒരു ഈർച്ചമില്ലും പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യമായ മരത്തിന്റെ 75ശതമാനത്തിലേറെ മറ്റു സ്ഥലങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു) 6 ഫ്ളവർമിൽ, 6 മെറ്റൽ ഇൻഡസ്ട്രീസ്, 2 പ്രിന്റിംഗ് പ്രസ്സുകൾ 6 ബേക്കറി ഒരു ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് എന്നിവയാണ് മറ്റു സ്ഥാപനങ്ങൾ. ഇവയെല്ലാം സ്വകാര്യ സാരംഭങ്ങളാണ്. ഈ വ്യവസായ സ്ഥാപനങ്ങളിൽ നൂറോളം തൊഴിലാളികൾ ജോലിചെയ്യുന്നു.

ഈ വ്യവസായ സ്ഥാപനങ്ങൾ അനുഭവിക്കുന്ന മുഖ്യ പ്രശ്നം വോൾട്ടേജ് ക്ഷാമമമാണ്. മര വ്യവസായത്തിൽ അസംസ്കൃത വസ്തുവായ മരത്തിന്റെ ദൗർലഭ്യവും വിലക്കയറ്റവും ഇത് നേരിടുന്ന പ്രധാന പ്രശ്നമാണ്. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യവും ഈ മേഘലയെ നേരിടുന്നു.

പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ സാധ്യത നമുക്ക് പരിശോധിക്കാം.

1. തേങ്ങ - വെളിച്ചെണ്ണ ഉല്പാദനം, തേങ്ങാ പിണ്ണാക്ക്, ചകിരി ഉപയോഗിച്ച കയർ പിരിക്കൽ, ചിരട്ട ഉപയോഗിച്ചിട്ടുള്ള കൗതുകവസ്തുക്കൾ.
2. അടക്ക-അടക്ക സംസ്കരണം.

ഇതിനു പുറമെ ഗ്രാമ സഭയിൽ നിന്നും ഉയർന്ന് വന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
2. മെഴുകുതിരി നിർമാണം.
3. മെറ്റൽ നിർമാണം.
4. സിമെന്റ് കട്ട നിർമാണം.
5. തീപ്പെട്ടി നിർമ്മാണം.
6. സോപ്പ് നിർമ്മാണം.

**പ്രശ്നങ്ങൾ:-**

1. വോൾട്ടേജ് ക്ഷാമം
2. സാങ്കേതിക വൈദഗ്ധ്യത്തിന്റെ അഭാവം.
3. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
4. പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ അഭാവം.
5. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.

**സാധ്യതകൾ:-**

1. പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. മെറ്റൽ നിർമാണ യൂണിറ്റ്. റെഡിമെയ്ഡ് നിർമാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുക.
4. ആവശ്യമായ വായ്പാ സൗകര്യങ്ങൾ സബ്സിഡികൾ എന്നിവ ലഭ്യമാക്കുക.
5. ഉല്പാദന-വിതരണ-വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
6. ചിരട്ട പൗഡർ നിർമ്മാണം ആരംഭിക്കുക.
7. കോക്കനട്ട് ട്രയർ സ്ഥാപിക്കുക.



# വിദ്യാഭ്യാസം

ഏതൊരു സമൂഹത്തിന്റെയും വളർച്ചയെ ത്വരിതപ്പെടുത്താൻ പ്രതിബദ്ധമായ തലമുറ അത്യാവശ്യഘടകമാണ്. അത്തരത്തിലുള്ള ഒരു തലമുറയെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തെയും പ്രധാന ലക്ഷ്യം. വിദ്യാഭ്യാസം വികസനപ്രവർത്തനത്തിന്റെ നാഴികകല്ലാണ്. നാട്ടിന് അനുയോജ്യമായ വികസനസംസ്കാരം സൃഷ്ടിച്ചെടുക്കാൻ വിദ്യാഭ്യാസ പ്രക്രിയക്കു മാത്രമേ കഴിയൂ...

ചെക്യാട് പഞ്ചായത്തിന്റെ വിദ്യാഭ്യാസചരിത്രം പരിശോധിക്കുമ്പോൾ വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരുപ്രദേശമാണ് ഇതെന്നുകാണാം. ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ സാക്ഷരരുടെയും വിദ്യാസമ്പന്നരുടെയും ശതമാനം വളരെകുറവായിരുന്നു. ഇതിന് സാമൂഹികപരമായും മതപരമായും സാമ്പത്തികപരവുമായുള്ള പലകാരണങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. പണ്ടത്തെ ജന്മിത്ത വ്യവസ്ഥിതിയിൽ സാധാരണക്കാരായ ജനങ്ങൾ വിദ്യ അഭ്യസിക്കുന്നതിനെ ബോധപൂർവ്വം നിരുൽസാഹപ്പെടുത്തിയിരുന്നു. കുടിയാന്മാരെ തങ്ങളുടെ ജോലിസ്ഥലങ്ങളിൽ ജോലിചെയ്യിക്കാൻ മാത്രമുള്ള ഒരു ഉപകരണമായി മാറ്റി. മാത്രമല്ല, ചെറിയ കുട്ടികളെ കൊണ്ടു കൂടി ജോലിചെയ്യിപ്പിച്ചു സാധാരണക്കാരായ ജനങ്ങൾക്കറിവിന്റെ വെളിച്ചം കിട്ടിയാൽ തങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ ചൂഷണംചെയ്യാൻ സാധിക്കുകയില്ലാ എന്ന് ഭൂവുടമകൾക്ക് അറിയാമായിരുന്നു. സ്ത്രീ വിദ്യാഭ്യാസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും നിഷിദ്ധമാണ് എന്ന് വിശ്വസിക്കുന്ന ഒരുകാലഘട്ടം കൂടിയായിരുന്നു ഈ നൂറ്റാണ്ടിന്റെ പ്രാരംഭകാലം. സമൂഹത്തിന് വിദ്യാഭ്യാസത്തെക്കുറിച്ചും അതിന്റെ ലക്ഷ്യത്തെക്കുറിച്ചും ബോധമുണ്ടായിരുന്നില്ല. കഷായത്തിന്റെ ഓലവായിക്കുന്നതിനും ആധാരം വായിക്കുന്നതിനും മാത്രമായിരുന്നു എഴുത്തും വായനയും പഠിക്കുന്നത് എന്നബോധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതാകട്ടെ, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിന് ആവശ്യവുമായിരുന്നില്ല. വിദ്യാഭ്യാസം നേടിയവർ അന്ന് ഈ പ്രദേശത്ത് വളരെ ന്യൂനപക്ഷമായിരുന്നു. അവർ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുകയോ സാധാരണക്കാരിൽ ബോധവൽക്കരണം നടത്തുകയോ ചെയ്തതായി കാണുന്നില്ല. തുടർന്ന് മറുനാടുകളിൽ ഉപജീവനത്തിനുവേണ്ടി പോയ ആളുകൾ എഴുത്തയക്കാൻ അവരുടെ എഴുത്ത് വായിക്കാനും അക്ഷരജ്ഞാനം ആവശ്യമാണെന്ന ബോധം ഒരുവിഭാഗം ജനങ്ങളിൽ ഉണ്ടായി. ഇതുപോല്യുള്ള നിരവധി

സന്ദർഭങ്ങൾ ഉയർന്നുവന്നപ്പോൾ അക്ഷരജ്ഞാനവും അക്ക്ജ്ഞാനവും നേടേണ്ടതിന്റെ ആവശ്യകത വ്യാപകമായിരുന്ന തങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കാൻ വിദ്യാഭ്യാസത്തിന് കഴിയുമെന്ന ബോധവും ജന്മിത്വത്തിന്റെ തകർച്ചയെത്തുടർന്ന് ഉളവായ സാഹചര്യവും ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് വിദ്യ അഭ്യസിക്കാനുള്ള സാഹചര്യമൊരുക്കി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഈ പ്രദേശത്ത് ആദ്യമായി ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചത്. ഇന്നത്തെ ചെകൃട് ഗവ:എൽ.പി. സ്കൂളിന്റെ ആവിർഭാവം ഇങ്ങനെ ഉണ്ടായതാണ്. ഇത് കൂടാതെ 20ആം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ വിവിധപ്രദേശങ്ങളിൽ ഉണ്ടായിരുന്ന കുടിപള്ളികൂടങ്ങളും ഓത്തുപുരകളുമാണ് ഇന്നത്തെ പല സ്കൂളുകളുമായി രൂപാന്തരപ്പെട്ടത് എന്ന് മനസ്സിലാക്കാൻ കഴിയും. സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ ആറോളം പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നു ബാക്കിയുള്ള സ്ഥാപനങ്ങൾ സ്വാതന്ത്ര്യത്തിനു ശേഷം രൂപം കൊണ്ടതാണ്. അന്നത്തെ കാലത്ത് പ്രാഥമികഘട്ടത്തിനു ശേഷമുള്ള വിദ്യാഭ്യാസത്തിനു വേണ്ടി 10 കിലോമീറ്റർ അകലെയുള്ള കുറ്റിപ്പുറം സ്ക്കുളിനെയും 21 കിലോമീറ്റർ അകലെയുള്ള പുറമേരി കടത്തനാട് രാജാസ് ഹൈസ്കൂളിനെയുമായിരുന്നു പ്രധാനമായും ആശ്രയിച്ചിരുന്നത്.

വിദ്യാഭ്യാസ സമ്പ്രദായം ഇന്നത്തേതിൽ നിന്നും വ്യത്യസ്ഥമായിരുന്നു. നിലത്തെഴുത്തു സമ്പ്രദായമായിരുന്നു അന്നത്തെ രീതി. പൂഴിയിലാണ് എഴുതി പഠിച്ചിരുന്നത്. പനയോലകളും എഴുത്താണിളുമായിരുന്നു പ്രധാന പഠനോപകരണങ്ങൾ. ഗുരുവിന് സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. കണക്ക്, മലയാളം, സാമാന്യഅറിവ് എന്നീ വിഷയങ്ങളാണ് പ്രധാനമായും പഠിപ്പിച്ചിരുന്നത്. ഒന്നാം ക്ലാസിൽ മാർക്ക്മില്ല്യൻ മലയാള പുസ്തകമായിരുന്നു പഠിപ്പിച്ചിരുന്നത്. ഇന്നത്തെ പോലെ ഏകീകരിച്ച പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. സംസ്ഥാന രൂപീകരണത്തിനു ശേഷമാണ് പാഠപുസ്തകങ്ങൾക്ക് ഏകീകൃത രൂപം ഉണ്ടായത്.

**ഇന്നത്തെ സ്ഥിതി.**

ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ അടക്കം 13 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 3. യു.പി. സ്കൂളുകളും. 9 എൽ.പി. സ്കൂളുകളും 1995ൽ പ്രവർത്തനമാരംഭിച്ച ഒരു ഹൈസ്കൂളും ഇന്നു ഇവിടെ നിലവിലുണ്ട്. ഇത് കൂടാതെ ഒരു അൺഎയ്ഡഡ് ഹൈസ്കൂളും ഒരു അറബിക് കോളേജും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 3753 കുട്ടികൾ 135 അദ്ധ്യാപകർ, രക്ഷിതാക്കൾ ഇവരൊക്കെ ചേർന്ന ഒരു പ്രസ്ഥാനമാണ് പഞ്ചായത്ത് വിദ്യാഭ്യാസ മേഖല.

പഞ്ചായത്തിൽ വിവിധ വാർഡുകലിലായി വിരലിലെണ്ണാവുന്ന വായനശാലകളും ഗ്രന്ഥാലയങ്ങളും ഉണ്ടെങ്കിലും അവയൊന്നും വിദ്യാഭ്യാസ മേഖലകളിൽ കാര്യമായ സ്വാധീനം ചെലുത്തുന്നില്ല. 1991ലെ സെൻസസ്സ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 20434 ആകുന്നു. ഇതിൽ സാക്ഷരത നേടിയവർ 13900 ആകുന്നു (68.2%) സാക്ഷരത പരിപാടികൾ വഴി ഇവരിൽ കുറച്ചു പേർ സാക്ഷരർ ആയിട്ടുണ്ടെങ്കിലും തുടർ സാക്ഷരതാ പദ്ധതി ഫലപ്രദമായ നടക്കാത്തത് കാരണം സാക്ഷരതാ നിരക്ക് വീണ്ടും കുറഞ്ഞിരിക്കാനാണ് സാദ്ധ്യത എന്ന് അനുമാനിക്കുന്നു.

വിദ്യാസമ്പന്നരുടെ കാര്യത്തിലും ഈ പഞ്ചായത്ത് വളരെ പിറകിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത് ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നേടിയിട്ടുള്ളവരുടെ കണക്കുകൾ പരിശോധിച്ചാൽ ഈ പഞ്ചായത്തിന്റെ സ്ഥിതി വലരെ പരിതാപകരമാണ്.

ഡോക്ടർമാർ. എഞ്ചിനീയർമാർ തുടങ്ങിയവരെ ഈ പഞ്ചായത്തിൽനിന്നും വിരലിലെണ്ണാവുന്നവരെ മാത്രമേ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. വിദ്യാഭ്യാസം നേടിയവർ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിന് അപ്പുറം പോയവർ വളരെ കുറവാണ്. ഇന്നു ഈ പ്രവണതക്ക് അല്പം മാറ്റം വന്നിട്ടുണ്ടെങ്കിലും പത്താം ക്ലാസിനപ്പുറം പടിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് അനുഭവപ്പെടുന്നത്.

ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. ഈ പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരിൽ കൂടുതലും അദ്ധ്യാപകരാണ്. ജനസംഖ്യയിൽ ഈ പഞ്ചായത്തിൽ കുടുതൽ സ്ത്രീകളാണ്. സ്ത്രീ സാക്ഷരത മൊത്തം സാക്ഷരതാ നിരക്കിനെക്കാൾ താഴെയാണ്. സ്ത്രീ സാക്ഷരതാ നിരക്ക് 62.38 ആണ്.

വിദ്യാഭ്യാസപരമായ വികസനത്തിന് വിഘാതമായി നിൽക്കുന്ന ഒരു പ്രധാനഘടകമാണിത്.

## ഭൗതിക സാഹചര്യം

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ ആശാവഹമല്ല. ഭൂരിപക്ഷം വിദ്യാലയങ്ങളിലും ആവശ്യമായത്ര ഫർണിച്ചറുകൾ ഇല്ല. കുട്ടികൾക്ക് സ്കൂളുകളിൽ എത്തിപ്പെടാനുള്ള വിഷമം ഗവ:സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത വിഷമം കുടിവെള്ള പ്രശ്നം എന്നിങ്ങനെ ധാരാളം പരാധീനതകൾ നിലവിലുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റപണി യഥാസമയം നടക്കാത്ത അവസ്ഥ, ക്ലാസ്മുറികൾക്കിടയിലെ പാർട്ടീഷന്റെ അഭാവം ഉച്ച ഭക്ഷണം പാകം ചെയ്യാനും അതു വിതരണം ചെയ്യാനുമുള്ള സ്ഥലത്തിന്റെ അപര്യാപ്തത, വൈദ്യുതീകരിക്കപ്പെടാത്ത സ്കൂളുകൾ എന്നിവയും ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ വെളിപ്പെടുത്തുന്നു.

## കുടിവെള്ളം

കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനമാണ് കുടിവെള്ളം. ഗവ:യു.പി. സ്കൂൾ പാറക്കടവ്, വേവം എൽ.പി. സ്കൂൾ. ചെക്യാട് M.L.P. സ്കൂൾ എന്നിവിടങ്ങളിൽ സ്വന്തമായി കുടിവെള്ളം ലഭ്യമാക്കാനുള്ള സൗകര്യം ഇല്ല. മാത്രമല്ല പല വിദ്യാലയങ്ങളിലും ജനുവരി മുതൽ കിണറിലെ വെള്ളം വറ്റുകയും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ഭൂരിഭാഗവും പ്രൈമറി സ്കൂളുകളാണ് ഇവിടെങ്ങളിൽ വളരെ ആഴമുള്ള കിണറുകളാണ് ഉള്ളത്. ഇതിൽ നിന്നും പിഞ്ചു കുട്ടികൾക്ക് വെള്ളം കോരി എടുക്കാൻ സാധിക്കുന്നില്ല.

## കെട്ടിടങ്ങളുടെ സ്ഥിതി

പഴക്കമുള്ള കെട്ടിടങ്ങളിലാണ് ഭൂരിഭാഗം ക്ലാസുകളും പ്രവർത്തിക്കുന്നത് യഥാസമയം. അറ്റകുറ്റപ്പണികൾ നടത്താൻ ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിക്കാറില്ല. ലഭിക്കുന്നത് തന്നെ അപര്യാപ്തമാണ്. മേൽകൂര വളരെ അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമാണ് G.L.P.S ചെക്യാടിനുള്ളത്. അറ്റകുറ്റപ്പണി യഥാസമയം നടത്താത്തത്കൊണ്ട് ക്ലാസ് നടത്തുവാൻ സാധിക്കാത്ത ഒരു കെട്ടിടം താനക്കോട്ടൂർ യു.പി. സ്കൂളിനുമുണ്ട്. G.L.P.S ചെക്യാടിന്ന് പ്രീ. കെ.ഇ.ആർ ബിൽഡിങ്ങ് ആയതിനാൽ സ്ഥലസൗകര്യം വേണ്ടത്ര ഇല്ല. ഇവിടെ 63 അടിX15 അടി വീതിയുള്ള കെട്ടിടത്തിൽ ഒരു ഓഫീസ്റൂം അടക്കം നാല് ക്ലാസുകൾ പ്രവർത്തിക്കുന്നു. പ്രീ. കെ.ഇ.ആർ അനുസരിച്ചുള്ള കെട്ടിടങ്ങളുള്ള ചെക്യാട് S.M.L.P.S, ചെക്യാട് E.L.P.S, ഉമ്മത്തൂർ M.L.P.S, പാറപ്പൊയിൽ M.L.P.S എന്നിവിടങ്ങളിലും ക്ലാസുമുറികൾ പഠനത്തിന് വിഷമം സൃഷ്ടിക്കുന്നു. ഗവ:യു.പി. പാറക്കടവിനും കുട്ടികളുടെ അനുപാതമനുസരിച്ച് ക്ലാസ്സുകളില്ല. ഇവിടെ കെട്ടിടം പണിക്ക് അനുമതി കിട്ടിയിട്ടുണ്ടെങ്കിലും സാങ്കേതിക പ്രശ്നങ്ങളാൽ പണി നടക്കാതെ വന്നിരിക്കുന്നു. ഗവ:യു.പി.സ്കൂൾ പാറക്കടവിനും, ഗവ:എൽ.പി. പുളിയാവിനും ഒഴികെ കെട്ടിടങ്ങൾ തമ്മിൽ ഇടചുമരുകൾ ഇല്ല. ഇത് സുഖമമായ അദ്ധ്യായനത്തെ സാരമായി ബാധിക്കും. ഉച്ച ഭക്ഷണം പാകം ചെയ്യാൻ സ്വന്തമായി മുറികൾ ജി.എൽ.പി.എസ്. പുളിയാവിനും പാറപ്പൊയിൽ എം.എൽ.പി.എസ് നും G.W.L.P.Sനും കുറുവന്തേരി യു.പി.സ്കൂളും മാത്രമേ ഉള്ളൂ. ബാക്കിയുള്ള സ്കൂളുകൾ ക്ലാസ് മുറികൾ പാചകമുറികളായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

## ഫർണ്ണിച്ചർ.

മിക്ക സ്കൂളുകളിലും ബെഞ്ചും , ഡസ്ക്കും, മേശയും, കസേരയും അലമാരയും ആവശ്യത്തിനില്ല. ഉള്ള ഡസ്ക്കും ബഞ്ചും ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചതുമല്ല. ഇതു കുട്ടികളുടെ ആരോഗ്യത്തെ തന്നെ ബാധിക്കുന്നതാണ്. പക്ഷെ ജാതിയേരി M.L.P സ്കൂളിൽ ആവശ്യത്തിന് ഫർണ്ണിച്ചർ ഉണ്ടെന്ന് പഠനങ്ങൾ കാണിക്കുന്നു.

## മൂത്രപ്പുര-കക്കൂസ്

പ്രാഥമിക സൗകര്യങ്ങളിൽ ഏറ്റവും അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട മൂത്രപ്പുരകളും കക്കൂസുകളും പല വിദ്യാലയങ്ങളിലും ഇല്ല എന്നതാണ് സർവ്വെയിൽ കൂടി കാണിക്കുന്നത്. മൂത്രപ്പുരകളും. കക്കൂസുകളും ഇല്ലാത്തതിനാൽ പരിസരമലിനീകരണം നടക്കുന്നുണ്ട്. ഉമ്മത്തൂർ M.L.P., G.W.L.P.S. വളയം, പാറപ്പൊയിൽ M.L.P., വേവം L.P. എന്നിവിടങ്ങളിൽ സ്വന്തമായി മൂത്രപ്പുരകൾ ഇല്ല. ഉമ്മത്തൂർ S.I.H.S, G.U.P.S പാറക്കടവ്, G.L.P.S.ചെക്യാട്, G.L.P.S പുളിയാവ്, കുറുവന്തേരി U.P.സ്കൂൾ എന്നിവിടങ്ങളിൽ മാത്രമേ കക്കൂസ് ഉള്ളൂ.

## ചുറ്റുമതിലും കളിസ്ഥലവും.

കുട്ടികളുടെ കായിക വിദ്യാഭ്യാസത്തിന് ഒഴിച്ചുകൂടാൻ ആവാത്തതാണ് കളിസ്ഥലം. ഈ പഞ്ചായത്തിൽ കളിസ്ഥലം ഉമ്മത്തൂർ S.I.H.Sൽ മാത്രമേ ഉള്ളൂ ബാക്കിയുള്ള സ്കൂളുകളിൽ കുട്ടികൾക്ക് അസംബ്ളികൂടാൻ കൂടി മതിയായ സ്ഥലം ഇല്ല. സ്കൂളുകളുടെ സംരക്ഷ

ണത്തിനും സുരക്ഷിതത്വത്തിനും ചുറ്റുമതിലുകൾ അത്യാവശ്യമാണ്. ചുറ്റുമതിലുകൾ S.I.H.S ലും കുറുവന്തേരി യു.പി.യിലും ഭാഗികമായി ജി.എം.യു.പി.എസ്. പാറക്കടവിനും മാത്രമേ ഉള്ളൂ.

### ഉച്ചഭക്ഷണം.

കുട്ടികൾക്ക് ഉച്ചഭക്ഷണം ഏർപ്പെടുത്തിയ പരിപാടി അഭിനന്ദനീയമാണ് പക്ഷെ ചിട്ടയായ ഭക്ഷണ വിതരണം ഇന്നും നടക്കുന്നില്ല യഥാസമയം അരിയും പയറും ലഭിക്കുന്നില്ല.. പാചകചിലവിലേക്ക് ഗവൺമെന്റിൽ നിന്നും ഇന്നു ലഭിക്കുന്ന ധന സഹായം അപര്യാപ്തമാണ്. ഇതു തന്നെ വേണ്ട രീതിയിൽ കിട്ടുന്നില്ല. സ്കൂളിൽ നിന്നും പത്തും, പതിനഞ്ചും കിലോമീറ്റർഅകലെയുള്ള മാവേലി സ്റ്റോറിൽ നിന്ന് അരിയും പയറും കൊണ്ടു വരിക എന്നത് വിഷമം പിടിച്ച ജോലിയാണ്. ഓരോ മാസവും രണ്ടും മൂന്നും പ്രാവശ്യം പോയി സാധനങ്ങൾ ലഭിക്കാതെ മടങ്ങേണ്ടി വരുന്നു. അരിയും പയറും അടുത്തുള്ള സഹകരണ സ്റ്റോർ വഴി വിതരണം ചെയ്യുകയോ അല്ലെങ്കിൽ സ്കൂളുകളിൽ എത്തിക്കുവാനുള്ള സൗകര്യം ചെയ്യുകയോ ചെയ്യണം. മിക്ക സ്കൂളുകളിലും പാചകമുറിയും വിതരണം ചെയ്യാനുള്ള സ്ഥലസൗകര്യവും ഇന്നില്ല.

### ഹാജർനില

കഴിഞ്ഞ അദ്ധ്യയനവർഷം (1995-96) 200 ദിവസം പ്രവർത്തിക്കാൻ ഒരു വിദ്യാലയത്തിനും കഴിഞ്ഞിട്ടില്ല. 181നു 191നും ഇടയിലാണ് മിക്ക വിദ്യാലയങ്ങളും പ്രവർത്തിച്ചത്. സ്കൂളുകളിൽ കുട്ടികൾ പൊതുവെ ഹാജരാകുന്നുണ്ട്. പക്ഷെ ചില സ്കൂളുകളിൽ സമയ നിഷ്ഠത പാലിക്കുന്നില്ല. എന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില സ്കൂളുകളിൽ രാവിലെ താമസിച്ചെത്തുന്ന കുട്ടികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ആധിവാസി മേഖലകളിൽ കൊഴിഞ്ഞ് പോക്ക് വളരെ കൂടിയ നിരക്കിൽ കണ്ടുവരുന്നു. മറ്റ് പ്രദേശങ്ങളിൽ ഈ പ്രവണത ഇല്ല. പക്ഷെ ഏതാനും വർഷത്തെ കുട്ടികളുടെ ഒന്നാം ക്ളാസിലെ പ്രവേശനം കുറഞ്ഞ് വരുന്നതായി കാണാം. ജനനനിരക്ക് കുറയുന്നതാണ് പ്രധാനമായും ഇതിനുള്ള കാരണമായി ചൂണ്ടികാണിക്കാറുള്ളത് കൂടാതെ അൺ എയിഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകളിൽ ഒരു ശതമാനം കുട്ടികളെങ്കിലും പോകുന്നുണ്ട്. ഒന്നാം ക്ളാസിലെ പ്രവേശനത്തെയും ഇത് ബാധിക്കുന്നുണ്ട്.

### ലൈബ്രറി, ലാബറട്ടറി സൗകര്യം

മിക്ക സ്കൂളുകളിലും ലൈബ്രറി സംവിധാനമുണ്ട്. കുട്ടികളുടെ വായനാശീലം വളർത്തുവാൻ ലൈബ്രറിയെ വേണ്ട രീതിയിൽ ഉപയോഗിക്കണം. ഇന്ന് ഫലപ്രദമായി ഇത് നടക്കുന്നില്ല. സ്കൂളുളിൽ ലാബ് സൗകര്യം പരിമിതമാണ്. ശാസ്ത്രപഠനത്തെ ഇത് ബാധിക്കുന്നുണ്ട്.

### പഠനനിലവാരം

ഈ പ്രദേശത്തെ കുട്ടികളുടെ പഠനനിലവാരം പൊതുവിൽ തൃപ്തികരമാണെന്നു പറഞ്ഞുകൂടാ ഈ പഞ്ചായത്തിൽ പത്താം ക്ളാസ് ജയിച്ചു വരുന്ന കുട്ടികളുടെ എണ്ണം 20ൽ താഴെയാണ്. ഉന്നത മാർക്കു നേടുന്നവരുടെ എണ്ണത്തിലും വളരെ കുറവ് അനുഭവപ്പെടുന്നു. കഴിഞ്ഞ കാലങ്ങളിൽ പ്രാഥമിക ഘട്ടത്തിനു ശേഷം വളരെ കുറവുശതമാനം മാത്രമേ തുടർന്നു പഠിച്ചിരുന്നുള്ളൂ. പ്രത്യേകിച്ചും പെൺകുട്ടികളുടെ കാര്യത്തിൽ. പക്ഷേ ഈ അവസ്ഥക്ക് 1990 മുതൽ മാറ്റം വന്നു തുടങ്ങുന്നതായി കാണാൻ കഴിയും. എങ്കിലും അദ്ധ്യയന നിലവാരത്തിന്റെ കാര്യത്തിൽ ഗുണപരമായ മാറ്റം കാണപ്പെട്ടു തുടങ്ങിയിട്ടില്ല. സ്ഥിതി വിവര കണക്കുകൾ പരിശോധിച്ചപ്പോൾ 1996 ഓഗസ്റ്റ് മാസത്തിൽ നടന്ന പാദവാർഷിക പരീക്ഷയിൽ നാലാം ക്ളാസിൽ പഠിക്കുന്ന 522 കുട്ടികളിൽ 60%ത്തിനു മുകളിൽ മാർക്ക് കിട്ടിയ കുട്ടികൾ 59 പേരാണ്. അതായത് 11.3%. ഏഴാം ക്ളാസിൽ 464 കുട്ടികൾ പരീക്ഷ എഴുതിയപ്പോൾ 43 കുട്ടികളാണ് പ്രസ്തുത വിഭാഗത്തിൽ മുൻപന്തിയിലെത്തിയത് 9.2%.

| പരീക്ഷക്കിരുന്നവർ | 30%ൽ താഴെ | 60% മുകളിൽ |
|---|---|---|
| L.P. വിഭാഗം | 214 (40.9%) | 59 (11.3%) |
| U.P. വിഭാഗം | 208 (44%) | 43 (9.2%) |

പ്രസ്തുത വിഭാഗത്തിൽ 30%ത്തിനു താഴെ മാർക്കു കിട്ടിയ നാലാം ക്ളാസ്സിലെ കുട്ടികളുടെ എണ്ണം 214ഉം (45%) യു.പി. വിഭാഗത്തിൽ 208 പേരുമാണ് (41%) ഇതിൽ നിന്നും ഒരു കാര്യം മനസ്സിലാകുന്നത് കുട്ടികൾ ഉയർന്ന ക്ളാസുകളിൽ എത്തുമ്പോൾ പിറകോട്ട് പോകുന്നു എന്നതാണ്. ഇതിന്റെ കാര്യം പരിശോധനാ വിധേയമാണ്.

ഈ പഞ്ചായത്തിൽ ശിശുവിദ്യാലയങ്ങൾ, അങ്കന

വാടികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിൽ നിന്നും 25 ഉം 30ഉം കിലോമീറ്റർ അകലെയാണ്. പ്രസ്തുത സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്നും സാങ്കേതിക വിദ്യാഭ്യാസത്തിനും ഇത് വിഘാതമായി നില്ക്കുന്നു. V മുതൽ X വരെയുള്ള വാർഡുകളിലെ കുട്ടികൾക്ക് ഒരു ഹൈസ്കൂളിന്റെ പ്രയോജനം കിട്ടുന്നില്ല. അതേ പോലെ ഭൂമി ശാസ്ത്രപരമായ കിടപ്പുകൊണ്ട് Vആം വാർഡിലെ കുട്ടികൾക്ക് പ്രത്യേക പരിഗണന ആവശ്യമാണ് VIII, IX, X വാർഡുകളിൽ ഒരു അപ്പർ പ്രൈമറി സ്കൂളിന്റെ അഭാവവും ഇന്നനുഭവിക്കുന്നുണ്ട.

## അദ്ധ്യാപക രക്ഷാകർത്തൃ സമിതി

**അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ:**

പ്രവർത്തനം അവലോകനം ചെയ്യുന്നത് വഴി സാമൂഹ്യരംഗത്തെ സാമൂഹിക ഇടപ്പെടൽ ഏത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഇന്നു പി.ടി.എ.കമ്മിറ്റികൾ എല്ലാ വിദ്യാലയത്തിലും നിലവിലുണ്ട്. അതിന്റെ പ്രവർത്തനം ചില പ്രത്യേക കാര്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി കാണാൻ കഴിയും ചുരുക്കം ചില സ്കൂളുകളിലെ പി.ടി.എ. കമ്മറ്റികൾ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പല സഹായങ്ങളും ചെയ്തിട്ടുണ്ട്. പാറക്കടവ് G.U.P.S.ൽ അദ്ധ്യപക രക്ഷാകർത്തൃ സമിതി നല്ലൊരു കെട്ടിടം നിർമ്മിച്ചു മാതൃക കാണിച്ചിരിക്കുന്നു കൂടാതെ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തത് ശ്രദ്ധേയമാണ്, ഇതേ പോലെ കുടിവെള്ള പ്രശ്നത്തിൽ കുറുവന്തേരി യു.പി.യിലും താനക്കോട്ടൂർ. യു.പി.യിലും പി.ടി.എ. കമ്മറ്റികൾ സ്തുതർഹ്യമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട് പുളിയാവ് G.L.P.S-ൽ P.T.Aകമ്മിറ്റിയുടെ സജീവ സാന്നിദ്ധ്യം അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല ഉച്ചക്കഞ്ഞി വിതരണത്തിനും. പി.ടി.എ. കമ്മിറ്റികൾ ആത്മാർത്ഥമായ സേവനം ചെയ്യുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പി.ടി.എ. ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ടെങ്കിലും അക്കാഡമിക് കാര്യങ്ങളിലും പി.ടി.എ.യുടെ പ്രവർത്തനം വിലയിരുത്തിയതിൽ ആശയ്ക്കു വക നൽകുന്നില്ല. അതേ പോലെ മാതൃസംഗമങ്ങൾ എല്ലാ സ്കൂളുകളിലും വിളിച്ചു ചേർക്കുന്നില്ല. വിളിച്ചേർത്തവ സജീവമാണേന്നും പറഞ്ഞു കൂടാ. മാതൃസംഗമങ്ങൾ വർഷത്തിൽ ഒരു പ്രാവശ്യം വിളിച്ചു ചേർത്തു കുറച്ചു രക്ഷിതാക്കൾ മാത്രം പങ്കെടുത്തത് കൊണ്ട് സജീവമാണെന്നു പറഞ്ഞുകൂട. ക്ളാസ് മാതൃസംഗമങ്ങളും. പി.ടി.എ.കളും വിളിച്ചു ചേർക്കണം രക്ഷിതാക്കൾ വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ വേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല. വിദ്യാഭ്യാസത്തെ കുറിച്ച് രക്ഷാകർത്താക്കളുടെ ഇടയിലും സമൂഹത്തിൽ പൊതുവെയുമുള്ള തെറ്റായ ധാരണകൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിൽ തടസ്സമാകുന്നുണ്ട്. സ്കൂളുകളിലെ പാരാ അക്കാഡമിക് കാര്യങ്ങളിൽ പ്രത്യേകിച്ചും കലാകായികപ്രവർത്തനങ്ങളിലും സ്കൂളും പരിസരവും ആകർഷമാക്കുന്നതിലും വിനോദയാത്ര സംഘടിപ്പിക്കുന്നതിലും പി.ടി.എ. താല്പര്യം കാണിക്കാറില്ല. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടലുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

## സ്കൂൾ കോംപ്ളക്സ് പ്രവർത്തനം

ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതിയിലെ പ്രധാന ഇനമാണ് സ്കൂൾ കോംപ്ളക്സ്. സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പല പദ്ധതികളും അതിലുണ്ട്. സബ് ജില്ലാതലത്തിലുള്ള കോ-ഓ-ഡിനേഷൻ ഈ പ്രവർത്തനത്തിനില്ല. അതിനാൽ പ്രവർത്തനം ശരിയായി നടക്കുന്നില്ല. ഇതിന്റെ ഭാഗമായി വരേണ്ട വിദ്യാലയ സമിതി, വാർഡുതല സമിതി ഇവയുടെ രൂപീകരണം മിക്ക സ്ഥലങ്ങളിലും നടന്നിട്ടില്ല. രൂപീകരിച്ച സ്ഥലത്ത് വേണ്ടത്ര പ്രവർത്തനവും നടക്കുന്നില്ല.

## അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസരംഗവും ഔപചാരിക വിദ്യാഭ്യാസ മേഖലയെപ്പോലെത്തന്നെ പിന്നോക്കാവസ്ഥയിലാണ്. കിട്ടിയ രേഖകൾ പരിശോധിച്ചപ്പോൾ 1959-ൽ ഉമ്മത്തൂരിൽ ഒരു വായനശാല പ്രവർത്തിച്ചിരുന്നതായും അവിടെ പഞ്ചായത്തിൽ നിന്നും സബ്സിഡി നിരക്കിൽ ഒരു റേഡിയോ അനുവദിച്ചതായും കാണുന്നുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളും പഞ്ചായത്ത് അവിടെ വിതരണം ചെയ്തതായും മനസിലാക്കാൻ കഴിഞ്ഞു. ഇതേപോലെ 1968-ൽ കുറുവന്തേരിയിലും, 1969-ൽ കണ്ടിവാതുക്കൽ, ചെക്യാട്, പുളിയാവ് എന്നിവിടങ്ങളിലും. 1973ൽ താനക്കോട്ടൂരിലും ഇത്തരം സ്ഥാപനങ്ങൾ ഉണ്ടായി.

പാറക്കടവിൽ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ ഒരു പുസ്തകവിതരണ കേന്ദ്രം (Book Delivery Station) പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് ലൈബ്രറികളിലും പോരായ്മകൾ ധാരാളം ഉണ്ട്. ഇന്ന് പഞ്ചായത്ത് സഹായത്താൽ നടത്തുന്ന Reading room-കൾ പലവാർഡുകളിലും ഉണ്ട്. ഇത്തരം വായനാശാലകൾ വേണ്ടവണ്ണം പ്രയോജനപ്പെടുത്തുന്നതിൽ ബഹുജനങ്ങൾ ശുഷ്കാന്തി കാണിക്കുന്നില്ല. ആരോഗ്യകരമായ ഒരു വായനാശീലം വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ് വായനശീലം പൈങ്കിളിസാഹിത്യത്തിൽ ഒതുങ്ങിപ്പോയെന്നാണ് 'മ' പ്രസിദ്ധീകരണങ്ങളുടെ വില്പന കാണിക്കുന്നത്. ടി.വി. പോലുള്ള ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വായനാശീലങ്ങൾ വളർത്തികൊണ്ടുവരുന്നതിൽ ഒരു പരിധിവരെ തടസ്സം നില്ക്കുകയാണ്.

സാക്ഷരതാ രംഗത്ത് ഒരു പ്രവർത്തനവും ആദ്യകാലങ്ങളിൽ നടന്നതായി തെളിവുകളില്ല. എന്നാൽ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ സജീവപ്രവർത്തനം ഈ പഞ്ചായത്തിലും നടന്നിട്ടുണ്ട്. ബഹുജനങ്ങളുടെ സഹകരണം ഈ രംഗത്ത് ലഭിച്ചിരുന്നു. ഈ പദ്ധതിയിലൂടെ സാക്ഷരത നേടിയവർ ഈ പഞ്ചായത്തിൽ ഇന്നും ഉണ്ട്. പക്ഷെ തുടർവിദ്യാഭ്യാസ പരിപാടിഫലപ്രദമായി നടന്നില്ല.

### പ്രശ്നങ്ങൾ

1.മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയില്ല.

2. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

3. വിദ്യാലയങ്ങളിലെ പഠന നിലവാരം തൃപ്തികരമല്ല.

4. മിക്ക വിദ്യാലയങ്ങളിലും പി.ടി.എ. ഫലപ്രദമല്ല.

5 മാതൃസംഗമങ്ങൾ ഫലപ്രദമല്ല.

6. പാഠ്യേതര പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

7. ശിശുവിദ്യാലയങ്ങൾ. അങ്കനവാടികൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ പ്രവർത്തിക്കുന്നില്ല.

8. V മുതൽ X വരെ വാർഡുകളിലെ കുട്ടികൾക്ക് സെക്കണ്ടറി വിദ്യാഭ്യാസത്തിന് കൂടുതൽ ദൂരം നടക്കേണ്ടി വരുന്നു.

9. കണ്ടിവാതുക്കൽ പ്രദേശത്തുള്ള G.W.L.P.S ന്റെ പ്രവർത്തനം ശോചനീയമാണ്.

10. സ്കൂൾ കോംപ്ളക്സ് പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല.

### സാധ്യതകൾ

1. പഞ്ചായത്ത് സ്കൂൾ കോംപ്ളക്സ് പ്രവർത്തനം കാര്യക്ഷമമാക്കുക

2. പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന സ്ഥലങ്ങളിൽ രണ്ട് ഹൈസ്കൂളുകൾ കൂടി സ്ഥാപിക്കുക.

3. ഗവ:വെൽഫയർ സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക.

4. പുളിയാവ് ഗവ:എൽ.പി.സ്കൂൾ ജാതിയേരി എം.എൽ.പി.സ്കൂൾ ഇവ യു.പി. സ്കൂളുകളാ അപ്ഗ്രേഡ് ചെയ്യുക.

5. ജി.എൽ.പി. പുളിയാവ്, G.W.L.P.S വളയം സ്കൂളുകളിൽ അതായതു പ്രദേശത്തുകാരായ അധ്യാപകരെ നിയമിക്കാൻ സംവിധാനം ഏർപ്പെടുത്തി അവിടെങ്ങളിൽ സ്ഥിരമായുണ്ടാകുന്ന അധ്യാപകക്ഷാമം പരിഹരിക്കുക.

| സ്കൂളിന്റെ പേര് | സ്കൂളിന്റെ ഉടസ്ഥത | | കുട്ടികളുടെ എണ്ണം. | | എസ്.സി കുട്ടികളുടെ എണ്ണം | | എസ്.ടി. കുട്ടികളുടെ എണ്ണം. | | അദ്ധ്യാപകരുടെ എണ്ണം. |
|---|---|---|---|---|---|---|---|---|---|
| | | | B | G | B | G | B | G | |
| S.I.H.S ഉമ്മത്തൂർ | Aided | H.S. | 187 | 1 7 | – | – | – | – | 11 |
| G.U.P.Sപാറക്കടവ് | Govt. | U.P. | 281 | 258 | – | – | – | – | 17 |
| G.L.P.S ചെക്യാട് | " | L.P | | | | | | | |
| G.W.L.P.S. വളയം | " | L.P | 16 | 15 | – | – | 11 | 6 | 4 |
| G.L.P.S. പുളിയാവ് | " | L.P. | 43 | 49 | – | – | – | – | 5 |
| കുറുവന്തേരി യു.പി. | Aided | U.P | 474 | 425 | 21 | 9 | – | – | 31 |
| താനക്കോട്ടൂർ യു.പി. | " | U.P | 335 | 335 | 12 | 8 | – | – | 25 |
| ജാതിയേരി M.L.P.S | " | L.P. | 130 | 101 | – | 1 | – | – | 9 |
| ഉമ്മത്തൂർ M.L.P.S | " | L.P | 120 | 136 | – | – | – | – | 6 |
| പാറപ്പൊയിൽ M.L.P.S | " | L.P. | 80 | 71 | – | – | – | – | 6 |
| വേവം L.P.S | " | L.P. | 63 | 70 | – | – | – | – | 5 |
| ചെക്യാട് S.M.L.P.S | " | L.P. | 78 | 57 | – | 1 | – | – | 5 |
| ചെക്യാട് E.L.P.S | " | L.P. | | | | | | | |
| S.I.A. College H. S | UnAided | H.S. | | | | | | | |

ജനസംഖ്യയും - സാക്ഷരതാനിരക്കും

| പുരുഷന്മാർ | | | സ്ത്രീകൾ | |
|---|---|---|---|---|
| വാർഡ് | ജനസംഖ്യ | സാക്ഷരർ | ജനസംഖ്യ | സാക്ഷരർ |
| I | 1165 | 884 | 1458 | 941 |
| II | 1194 | 897 | 1353 | 824 |
| III | 1224 | 878 | 1340 | 804 |
| IV | 1440 | 1102 | 1389 | 950 |
| V | 913 | 671 | 971 | 610 |
| VI | 824 | 612 | 863 | 506 |
| VII | 907 | 670 | 987 | 630 |
| VIII | 895 | 650 | 1036 | 620 |
| IX | 1160 | 853 | 1315 | 798 |



# കുടിവെള്ളവും പൊതുജനാരോഗ്യവും

ചെക്യാട് പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. കുടിവെള്ളത്തിന് വേണ്ടി നീരുറവകളെ ആശ്രയിക്കുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. ചെക്യാട് പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമല്ലാത്തതിനാൽ പൈപ്പുവെള്ളത്തെ ആശ്രയിക്കുന്നവർ നമ്മാത്രമാണ്

ചെക്യാട് പഞ്ചാത്തിലെ കുന്നിൻ പ്രദേശങ്ങളിലും ഭൂമിക്ക് ഉപരിതലത്തിലും തോട്ടടിയിലും പാറകൾ കാണപ്പെടുന്ന പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ കൊടുക്കുന്നവയാണ്.

വാർഡ് -I വേവം കുന്നുമ്മൽ ഭാഗം, കുന്നമ്മാടത്തിൽ ഭാഗം, കോട്ടക്കുന്നുമ്മൽ ഭാഗം,

വാർഡ്-IIപഞ്ചായത്ത് ഓഫീസിന് പിറകിലുള്ള ഭാഗം. തീകുന്നുമ്മൽ മീത്തൽ

വാർഡ് -III ചാലിന്റവിട ഭാഗം, തങ്കയം കുറ്റി ഭാഗം. കരിയാടം കുന്ന് ഭാഗം, പോത്തറേമൽഭാഗം.

വാർഡ്-IV കുഞ്ഞിപ്പറമ്പത്ത് മീത്തൽ പാട്ടോം കുന്നുമ്മൽ മേയണ്ടോത്ത് കുന്നുമ്മൽ പാറപ്പൊയിൽ എൽ.പി. സ്കൂളിന്റെ മുകൾഭാഗത്തുള്ള പാറയിടുക്ക് നാലുകുറ്റി ഭാഗം.

വാർഡ്-V കണ്ടിവാതുക്കൽ ഭാഗം, കാലിക്കുളമ്പ്, മുത്തങ്ങച്ചാലിൽ, വാനക്കോട്ടൂർ കയ്യാല ഭാഗം. നെറ്റിക്കാപ്പറമ്പ്, വെള്ളിലാട്ട് ഭാഗം, പുത്തോളി, എളമ്പ പൂങ്കുളം കുന്ന്, അന്ത്യേരി ലക്ഷം വീട് കോളനി.

വാർഡ്-VI അമ്മം പാറ ഭാഗം, ഞാലിയോട്ടുമ്മൽ കല്ലുമ്മൽ ഭാഗം, വയലരികത്ത് ഭാഗം, പറങ്കോട് ഭാഗം.

വാർഡ്-VII ചെക്യാട്, തറവട്ടത്ത് ഭാഗം

വാർഡ്-VIII ഒറവുകണ്ടി ഭാഗം, തയ്യുള്ളതിൽ ഭാഗം മുല്ലേന്റവിടഭാഗം. അത്തോളിന്റെവിടഭാഗം, കുന്നേന്റവിടഭാഗം കണിയോത്ത് ഭാഗം. പാലോറ ഭാഗം, കോക്കണ്ടിയിൽ, തയ്യുള്ളതിൽ കുന്നുമ്മൽ ഭാഗം (പുളിയാവ്) പന്നിയന്റവിടഭാഗം.

വാർഡ്-IX വയലോളിഭാഗം, പാലോറ കുന്ന് ഭാഗം, പൊമ്പ്രഭാഗം, പാറേമ്മൽ ഭാഗം, മൂർത്തിയിൽ ഭാഗം (ജാതിയേരി).

വാർഡ് X നഞ്ഞംപാറേമ്മൽക്കുന്ന് ഭാഗം, പാറച്ചാലിൽ പാറ ഭാഗം, എള്ളിൽ ഭാഗം, മണ്ണാട്ടുകുണ്ടയിൽ ഭാഗം, ചാരുമ്മൽ ഭാഗം, കോട്ടാളന്റവിട ഭാഗം, കല്ലുകൊത്തിയ വാതുക്കൽ ഭാഗം, ആവുക്കൽ ഭാഗം.

നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമത്തിന് പ്രധാനമായും മൂന്ന് കാരണങ്ങളാണ് ഉള്ളത്

1. കുന്നിൻ പ്രദേശമായത് കൊണ്ട് ജലം വളരെ ആഴത്തിൽ മാത്രം ലഭിക്കുന്നു.

2.പാറപ്രദേശങ്ങൾ

3. കിണർ കുഴിക്കാനുള്ള സാമ്പത്തിക പരാധീനത.

**ജലവിഭവങ്ങൾ:-** പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് കൂടി വാണിമേൽ പുഴയും വടക്കുപടിഞ്ഞാറ് ഭാഗത്ത് കൂടി ചെറ്റക്കണ്ടി പുഴയും ഒഴുകുന്നു. ഇതിനു പുറമേ പഞ്ചായത്തിലെ I,II,IV,VI,VII വാർഡുകളിൽ സ്പർശിച്ചുകൊണ്ട് 3650 മീറ്റർ നീളം വരുന്ന ചോയിത്തോട് ഒഴുകുന്നു. നഞ്ഞും വിഷദ്രാവകവും കലക്കിയുള്ള മത്സ്യബന്ധനം വഴിയും ഓരു കയറ്റം വഴിയും പുഴയോരത്തെ മല വിസർജനം വഴിയും പുഴ മലിനീകരിക്കപ്പെടുന്നു. തോടുകളിൽ തടയണ ഇല്ലാത്തതിനാൽ വേനൽക്കാലത്ത് തോടുകൾ വരണ്ടു കിടക്കുന്നു.

**നീരുറവകൾ**

നമ്മുടെ പഞ്ചായത്ത് നീരുറവകളാൽ വലരെ സമ്പന്നമാണ്. കണ്ടിവാതുക്കൽ കാലിക്കുളമ്പ്, പൂങ്കുളം, അടിച്ചിത്തലക്കൽ, കൈതയിൽ, കുണ്ടൻ ചാലിൽ, അരീക്കുന്ന് പാലോറച്ചാലിൽ തുടങ്ങി ധാരാളം നീരുറവകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

**പൊതുകിണറുകളും പൊതുകുളങ്ങളും.**

നമ്മുടെ പഞ്ചായത്തില 10 പൊതു കിണറുകളും മൂന്ന കുഴൽ കിണറുകളും രണ്ട് പൊതു കുളങ്ങളും ഉണ്ട്. വാർഡ് തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വാർഡ് | പൊതുകുളം | പൊതുകിണർ | കുഴൽക്കിണർ |
|---|---|---|---|
| I | - | 1 | - |
| II | - | 1 | 1 |
| III | - | 1 | 1 |
| IV | 1 | 1 | - |
| V | - | 2 | - |
| VI | - | 2 | 1 |
| VII | 1 | 1 | - |
| VIII | - | 1 | - |
| IX | - | - | - |
| X | - | | - |

**ചെക്യാട് പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതി**

ചെക്യാട് ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 1993ൽ 69.8 ലക്ഷം രൂപ ചിലവ് ചെയ്ത് സ്ഥാപിക്കപ്പെട്ട ഈ പദ്ധതി ഇന്നും ലക്ഷ്യം കാണാതെ നിൽക്കുകയാണ്. അരീക്കര കുന്നിന്റെ വടക്കേ താഴ്വാരത്ത് കൂടി ഒഴുകുന്ന കായലോട്ട് താഴെ ഭാഗം പുഴയിലെ വെള്ളത്തെ അടിസ്ഥനമാക്കി സ്ഥാപിതമായ ഈ പദ്ധതിയുടെ പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മിക്ക പ്രദേശങ്ങളിലും പൈപ്പ് കണക്ഷൻ എത്തിയിട്ടില്ല.

2. ആകെ ഫിറ്റ് ചെയ്ത 40 ടേപ്പുകളിൽ 15 എണ്ണത്തിൽ നിന്ന് വെള്ളം തീരെ ലഭിക്കുന്നില്ല. 15 ടേപ്പുകളിൽ നിന്ന് വെള്ളം അപൂർവ്വമായി മാത്രം ലഭിക്കുന്നു. 10 ടേപ്പുകളിൽ നിന്ന് വെള്ളം ലഭിക്കാറുണ്ടെങ്കിലും കൃത്യമായി ലഭിക്കാറില്ല.

3. പൈപ്പുകൾ തുടരെത്തുടരെ പൊട്ടുന്നത് കൊണ്ട് ധാരാളം ജലം പാഴായിപ്പോകുന്നു. ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ ഉപയോഗിച്ചത് കൊണ്ടാണ് ഇതെന്ന പരാതി വ്യാപകമായി ഉയർന്നിരിക്കുന്നു. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തത്കൊണ്ട് ജലം പാഴായിപ്പോകുന്നു.

4. ജലസംഭരണിയുടെ അടപ്പ് തുറന്നു കിടക്കുന്നത് മൂലം ചപ്പുചവറുകളും മറ്റും ജീർണിച്ച് ജലം മലിനമായിപ്പോകുന്നു.

5. വീടുകളിലെ ജലലഭ്യത പരിഗണിക്കാതെയാണ് ഹൗസ്കണക്ഷൻ നല്കുന്നത്. ഇതു വഴി കുടിവെള്ള ദുരുപയോഗം ചെയ്യപ്പെടുന്നു. പൊതുടാപ്പുകളിലെ ജലം വാഹനം കഴുകാനും മറ്റും ദുരുപയോഗം ചെയ്യുന്നു.

**കുടിവെള്ളക്ഷാമം പൊതുപ്രശ്നങ്ങൾ**

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

2. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ്ഥാപിതമായ ശുദ്ധജലവിതരണ പദ്ധതി ലക്ഷ്യം കാണാതെ നിൽക്കുന്നു.

3. പുഴകളിലും തോടുകളിലും തടയണകൾ ഇല്ലാത്തത് കാരണം ജലം പാഴായിപ്പോകുന്നു.

4. പുഴകളിൽ ഓരുവെള്ളം കയറുന്നു.

5. പുഴജലം മലിനമാക്കപ്പെടുന്നു.

*സാധ്യതകൾ*

1. പഞ്ചായത്തിൽ ജലസമൃദ്ധമായ നീരുറവകളേക്കൂടി പ്രയോജനപ്പെടുത്തി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുക.

2. സാധ്യമായ ഇടങ്ങളിൽ പൊതുകിണറുകൾ കുഴിക്കുക.

3. തോടുകളിലും പുഴകളിലും തടയണകളും കൈവഴികളും സ്ഥാപിക്കുക.

4. പാറക്കടവ് പാലത്തിന് കീഴെ തടയണ കെട്ടി ഓരു വെള്ളക്കയറ്റം നിയന്ത്രിക്കുക.

5. ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമമാക്കുക.

6. പൊതുടാപ്പുകളിലെ ജലം ദുരുപയോഗം ചെയ്യുന്നത് തടയുക.

7. ജലലഭ്യതയെക്കുറിച്ചുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം ഹൗസ് കണക്ഷൻ കൊടുക്കുക.

8. അരീക്കരക്കുന്നിലെ ജല സംഭരണിയിലെ മലിനീകരണം തടയാൻ ചുറ്റും മുള്ളുവേലി കെട്ടുക.

9. ജലമലിനീകരണം തടയാൻ പ്രായോഗിക പരിപാടികൾ തയ്യാറാക്കുക.

10. പഞ്ചായത്തിൽ ആകെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

11. ജലസംരക്ഷണത്തെക്കുറിച്ചും. ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

## പൊതുജനാരോഗ്യം.

ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം എന്നാണ് ലോകാരോഗ്യ സംഘടന ആരോഗ്യത്തെ നിർവചിച്ചിരിക്കുന്നത്. അതായത് ഔഷധങ്ങളിൽ കൂടിയും ചികിത്സയിൽ കൂടിയും മാത്രം പൊതുജനാരോഗ്യം നിലനിർത്താൻ കഴിയുകയില്ല. ശുദ്ധജലലഭ്യത, പോഷകഹാര ലഭ്യത, ശുദ്ധവായു. പരിസര ശുചിത്വം തൊഴിൽ തുടങ്ങിയവ പൊതുജനാരോഗ്യത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. എന്നാൽ ചികിത്സയിൽ ഊന്നിക്കൊണ്ടുള്ള പൊതുജനാരോഗ്യ സംരക്ഷണത്തിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഏറെ പേർ തൊഴിൽ രഹിതരോ ഭാഗിക തൊഴിലുകാരോ ആണ്. ദാരിദ്ര്യ ജന്യ രോഗങ്ങൾ നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ജനവിഭാഗങ്ങൾക്കിടയിൽ കണ്ടുവരുന്നു. കുടിവെള്ളത്തിന്റെ ദൗർലഭ്യം വഴിയും തുറസായ സ്ഥലങ്ങളിൽ മലമൂത്രവിസർജനം ചെയ്യുന്നത് വഴിയും പകർച്ചവ്യാധികളുണ്ടാവുന്നു. പാറക്കടവ് ടൗണിലെ ഓടകളിൽ മലിനജലവും മാലിന്യങ്ങളും കെട്ടിക്കിടക്കുക വഴി കൊതുകും ഈച്ചയും പെരുകുന്നു.

ഫലവൃക്ഷങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ അതിവേഗം കുറഞ്ഞു കൊണ്ടിരിക്കുന്നു. പഴങ്ങളും പച്ചക്കറികളും നമ്മുടെ പഞ്ചായത്തിൽ കുറയുന്നു. നമ്മുടെ പഞ്ചായത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന പച്ചക്കറികളും പഴങ്ങളും ഗുണനിലവാരം കുറഞ്ഞവയും കീടനാശിനി പ്രയോഗം കൊണ്ട് മലിനമാക്കപ്പെട്ടവയുമാണ്. മാത്രമല്ല അവയ്ക്ക് തീ വിലയും നൽകേണ്ടിവരുന്നു. ആട്, മാടുകളുടെ ശരീരാവശിഷ്ടങ്ങൾ ശരിയായി മറവു ചെയ്യാത്തത് കൊണ്ടും മത്സ്യ മാർക്കറ്റും ടൗൺവികസനവും, ശാസ്ത്രീയമായി സംവിധാനം ചെയ്യാത്തത് കൊണ്ടും പാറക്കടവിൽ അന്തരീക്ഷമലിനീകരണം ഉണ്ടാവുന്നു. ടൗൺ ശുചീകരണത്തിന് ഒരു പാർട്ട് ജീവനക്കാരൻ ഉണ്ടെങ്കിലും ശുചീകരണം കൃത്യമായും തൃപ്തികരമായും നടക്കുന്നില്ല.

## ആരോഗ്യസ്ഥാപനം.

ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും ഒരു കുടുംബക്ഷേമകേന്ദ്രവും ചെക്യാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമെ മൂന്ന് സ്വകാര്യ ആശുപത്രികളും ഒരു സ്വകാര്യ ക്ളിനിക്കും പഞ്ചായത്തിലുണ്ട്.

### പ്രാഥമികാരോഗ്യ കേന്ദ്രം.

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പ്രവർത്തനം തൃപ്തികരമല്ല. എല്ലാ അത്യാവശ്യ മരുന്നുകളും അവിടെ ലഭ്യമല്ല. ലഭിക്കുന്നവ തന്നെ ഗുണനിലവാരം കുറഞ്ഞതാണ്. മുറിവ് തുന്നാനുള്ള സൂചിയും നൂലും മുറിവ് കെട്ടാനുള്ള തുണിയും ലഭ്യമല്ല. ഡ്രസ്സിംഗ് റൂം. ജീവനക്കാർക്ക് പ്രവൃത്തിക്കാൻ സൗകര്യമുള്ള മുറി കുട്ടിൾക്ക് കുത്തിവെപ്പ് നടത്താനുള്ള സൗകര്യങ്ങൾ എന്നിവ ഇവിടെ ഇല്ല. കിണർ ഉണ്ടെങ്കിലും പൈപ്പ് കണക്ഷൻ നല്കിയിട്ടില്ല. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ യഥാകാലം നടത്താറില്ല. കെട്ടിടം മഴക്കാലത്ത് ചോർന്നൊലിക്കുന്നു. മേൽക്കൂരയിൽ എലികളുടെ ശല്യം കാരണം മുറികളിലുള്ള ഔഷധങ്ങളിലും ഉപകരണങ്ങളിലും. എലിക്കാഷ്ടവും എലിമൂത്രവും പതിക്കാനിടയാവുന്നു. ഇതിനു പുറമെ ആശുപത്രി കോമ്പൗണ്ടിലുള്ള ക്രിക്കറ്റ് കളി, കെട്ടിട

ത്തിന്റെ ജനാലചില്ലുകളും ഓടുകളും പൊട്ടാനിടയാവുകയും ചെയ്യുന്നു. കേന്ദ്രത്തിൽ എത്തുന്ന രോഗികളിൽ അധികവും വയറിളക്കം, വിളർച്ച, വിരശല്യം, ചൊറി, ചിരങ്ങ്, വൈറസ് പനി, ശ്വാസകോശരോഗങ്ങൾ, കുടൽപുണ്ണ്, വാതരോഗം, കണ്ണ് രോഗം എന്നിവ ബാധിച്ചവരാണ്. ഇവർക്കാവശ്യമായ മരുന്ന് ആശുപത്രിയിൽ ഇല്ലാത്തതിനാൽ തൊണ്ണൂറ് ശതമാനം ഔഷധങ്ങളും രോഗികൾ വില കൊടുത്ത് വാങ്ങേണ്ടി വരുന്നു. പ്രതിമാസം ശരാശരി 1000 രോഗികൾ ആശുപത്രിയിലെത്തുന്നു. ഒരു രോഗിക്ക് 30 രൂപ ഔഷധങ്ങൾക്കും മറ്റും ചെലവ് വേണ്ടി വരുന്നു. പ്രതിമാസം 30000 രൂപയും പ്രതിവർഷ 3,60000 രൂപയുടെയും ഔഷധ ഇനത്തിൽ മാത്രം ആവശ്യമാണ്.

**കുടുംബക്ഷേമ കേന്ദ്രം.**

പഞ്ചായത്തിലെ ഏക കുടുംബക്ഷേമകേന്ദ്രം പാറക്കടവിൽ സ്ഥിതി ചെയ്യുന്നു. മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങളും പ്രതിരോധ കുത്തിവെയ്പ്പും ബോധവൽക്കരണ പ്രവർത്തനങ്ങളും സ്ഥാപനങ്ങളിലും വീടുകളിലും വെച്ചുള്ള പ്രഥമ ശുശ്രൂഷയും ജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവര ശേഖരണം തുടങ്ങിയവയുമായാണ് കേന്ദ്രം ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ. ഈ കേന്ദ്രത്തിൽ മൂന്ന് ജൂനിയർ ഹെൽത്ത് നേഴ്സുമാരും ഒരു ജൂനിയർ ഹെൽത്ത് ഇൻപെക്ടറും ഉണ്ട്. ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഇതിന്റെ പ്രവർത്തന പരിധിയിലാണ് വരുന്നത്. എന്നാൽ പഞ്ചായത്ത് ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ 2.J.P.H.N ഉം 4 J.H.I ഉം ആണ് ആവശ്യമായിട്ടുള്ളത്. നിലവിൽ മൂന്ന് J.P.H.N ഉള്ളത് കൊണ്ട് 2 സബ്സെന്ററിനു കൂടി സാധ്യതയുണ്ട്. അത് പുളിയാവ്, മുത്തങ്ങച്ചാൽ, ജാതിയേരി സ്ഥലങ്ങളിൽ ആയിരിക്കണമെന്ന് ഉദ്ദേശിക്കുന്നു. പുളിയാവിൽ കെട്ടിടം ലഭ്യമാണെങ്കിലും മുത്തങ്ങച്ചാലിൽ കെട്ടിടം നിർമിക്കേണ്ടതുണ്ട്.

*പരിമിതികൾ*

1. കുടുംബക്ഷേമ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങൾക്കിടയിൽ അജ്ഞത നില നിൽക്കുന്നു.

2. പ്രതിരോധ കുത്തിവെപ്പുകളെ ഒരു ചെറിയ വിഭാഗം ജനങ്ങൾ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നത് കാരണം തടയാൻ സാധിക്കുന്ന രോഗങ്ങൾ ഉണ്ടാകുന്നു.

3. കുടുംബാസൂത്രണത്തിൽ ഒരു വിഭാഗം ജനങ്ങൾ വിമുഖത കാണിക്കുന്നു

4. പ്രായപൂർത്തിയാകാതെ പെൺകുട്ടികളെ കല്യാണം കഴിച്ചുകൊടുക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഗർഭാശയ സംബന്ധമായ രോഗങ്ങളുണ്ടാകാനുള്ള സാധ്യത ഇതു മൂലം ഉണ്ടാകുന്നു. പെൺകുട്ടിയുടെ തുടർപഠനത്തിനുള്ള അവസരം ഇതു മൂലം നഷ്ടമാവുന്നത് കൊണ്ട് ആരോഗ്യ ശീലങ്ങൾ, കുടുംബാസൂത്രണങ്ങൾ, പ്രതിരോധക്കുത്തിവെപ്പുകൾ എന്നിവ ഉൾക്കൊള്ളാൻ ഇവർക്ക് കഴിയാതെ പോകുന്നു.

**ആശുപത്രി വികസന സമിതി**

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ജനകീയ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്താൻ വേണ്ടി രൂപീകരിക്കപ്പെട്ട ഈ സമിതിയുടെ പ്രവർത്തനം ഏറെക്കുറേ നിർജീവമാണ്. ഈ വർഷം ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

**പ്രശ്നങ്ങൾ**

1.ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തിന് പോഷണക്കുറവ് മൂലമുള്ള രോഗങ്ങൾ കാണപ്പെടുന്നു.

2. പകർച്ചവ്യാധികൾ നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കാണപ്പെടുന്നു

3. പ്രതിരോധ കുത്തിവെപ്പുകളിൽ കൂടി തടയാവുന്ന രോഗങ്ങൾ അങ്ങിങ്ങ് കണ്ടു വരുന്നു.

4. ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തിന് കക്കൂസ് സൗകര്യമില്ല.

5. പഴങ്ങളുടേയും പച്ചക്കറികളുടെയും പ്രാദേശിക ലഭ്യത കുറഞ്ഞുവരുന്നു.

6.പാറക്കടവിൽ ഈച്ച, കൊതുക്, മുതലായവയുടെ ശല്യം വർദ്ധിച്ചു വരുന്ന പകർച്ച വ്യാധികൾ പടർന്നു പിടിക്കാൻ ഇത് ഇടയാകുന്നു.

7. പാറകടവ് ടൗണിൽ ശുചീകരണം കൃത്യമായും തൃപ്തികരമായും നടക്കുന്നില്ല.

8. ജനങ്ങൾക്കിടയിൽ ആരോഗ്യസംരക്ഷണ കാര്യത്തിൽ അജ്ഞത നിലനിൽക്കുന്നു.

9. പ്രാഥമികാരോഗ്യകേന്ദ്രത്തിന് തൃപ്തികരമായി പ്രവർത്തിക്കാൻ കഴിയുന്നില്ല.

10.കുടുംബസംരക്ഷണ കേന്ദ്രത്തിന് തൃപ്തികരമായി പ്രവർത്തിക്കുന്നതിന്ന് ഒട്ടേറേ പരിമിതികൾ നില നിൽക്കുന്നു.

**സാധ്യതകൾ.**

1. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അത്യാവശ്യ മരുന്നുകളും മറ്റു സാമഗ്രികളും ലഭ്യമാക്കുക.

2. ആരോഗ്യ കേന്ദ്രത്തിന്റെ സുഖമമായ പ്രവർത്തനത്തിന് ആവശ്യമായ മുറികൾ നിർമ്മിക്കുക.

3. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ യഥാ സമയം നടത്തുക.

4. കെട്ടിടത്തിന്റെ മേൽക്കൂര സീലിങ്ങ് ചെയ്യുകയോ കോൺക്രീറ്റ് നടത്തുകയോ ചെയ്യുക.

5. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാൻ ആവശ്യമായസംവിധാനവും ഡോക്ടർക്ക് താമസിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുക.

6.കുടുംബക്ഷേമ കേന്ദ്രം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക. വൈദ്യുതീകരിക്കുക.

7. നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് മുത്തങ്ങച്ചാൽ, പുളിയാവ് എന്നീ സ്ഥലങ്ങളിൽ പുതിയ സബ്സെന്ററുകൾ സ്ഥാപിക്കുക.

8. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ വിപുലമായി സംഘടിപ്പിക്കുക.

9. പാറക്കടവ് ടൗണിലെ ശുചീകരണം നടത്താൻ ഒരു ഫുൾടൈം ജീവനക്കാരനെ നിയമിക്കുകയും ശുചീകരണം കൃത്യമായും തൃപ്തികരമായും നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

10. മത്സ്യമാർക്കറ്റ് ശാസ്ത്രീയമായി പുന:സംവിധാനം ചെയ്യുക

11. അറവുശാലകളിലെ മാലിന്യം പരിസരമലിനീകരണം ഉണ്ടാക്കാത്ത രീതിയിൽ സംസ്കരിക്കുക.

12. ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള ചവറ്റുകൊട്ടകൾ സ്ഥാപിക്കുക.

13. സുരക്ഷിതമായ ഡ്രൈനെജ് സംവിധാനം ഉണ്ടാക്കുക.

14. വളയം പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.

15 പാറക്കടവ് ടൗണിൽ പൊതുകക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക.

■



# ഗതാഗതം, ഊർജ്ജം

ഒരു നാടിന്റെ സമഗ്രപുരോഗതിക്ക് അനിവാര്യമായ ഘടകങ്ങളാണ് ഗതാഗത സൗകര്യവും ഊർജ്ജ ലഭ്യതയും ഉല്പാദന വിപണനസൗകര്യങ്ങളും ഗതാഗതത്തിന് വേണ്ടി ഇടവഴികളെ മാത്രം ആശ്രയിച്ചിരുന്ന ഈ പ്രദേശത്ത് ആദ്യമായി ഒരു നിരത്ത് കിട്ടുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അഥവാ 1790ൽ മൈസൂർ സുൽത്താനായിരുന്ന ടിപ്പു സുൽത്താന്റെ മലബാർ പടയോട്ടകാലത്ത് ചെറ്റക്കണ്ടി വഴി പാറക്കടവിലുടെ കടന്ന് പോകുന്നതോടെയാണ്. ആ കാലഘട്ടത്തിന് ശേഷം കുറ്റിപ്പുറം തമ്പുരാന് വളയം ക്ഷേത്രത്തിൽ ദർശനത്തിന് വരാൻ വേണ്ടി വെട്ടിയുണ്ടാക്കിയ വഴിയാണ് പിന്നീട് പരേതനായ കെ.പി. കുഞ്ഞിക്കേളു കുറുപ്പിന്റെ ശ്രമഫലമായി പരിഷ്ക്കരിപ്പിച്ച ഇന്നത്തെ വളയം കല്ലാച്ചി P.W.D. റോഡ്. ഈ രണ്ട് നിരത്തുകളെയും മാറ്റി നിർത്തിയാൽ ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുന്നത് വരെ കാളവണ്ടിക്ക് കടന്ന് പോകുന്ന നിരത്തുകൾ പോലും വികസിപ്പിച്ചിരുന്നില്ല. [illegible] ഞ്ചായത്ത് മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു അർദ്ധദ്വീപു പോലെയുള്ള പ്രദേശമായിരുന്നു. എന്നാൽ പഞ്ചായത്തിലെ തന്നെ പാറക്കടവ് ഉമ്മത്തൂർ താനക്കോട്ടൂർ പ്രദേശങ്ങൾ മഴക്കാലമായാൽ നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട പൂർണ്ണദ്വീപു പോലെ അനുഭവപ്പെട്ടിരുന്നു. അക്കാലത്ത് ബാഹ്യലോകവുമായുള്ള ഗതാഗതബന്ധം കടത്ത് തോണികളിൽ ഒതുങ്ങി. എന്നാൽ 1962ൽ ടി.സി. ദേവസ്യ എന്ന കരാറുകാരൻ താല്പര്യമെടുത്ത് "കുളങ്ങരവീട് പാലം" പണിതതോടെ പഞ്ചായത്തിലെ കിഴക്ക് ഭാഗത്തെ ജനങ്ങൾക്ക് പുറം ലോകവുമായി വർഷക്കാലത്ത് ബന്ധപ്പെടാവുന്ന ഗതാഗതസൗകര്യം ഒരുങ്ങി. പിന്നീട് പഞ്ചായത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ളതും പാറക്കടവ് അങ്ങാടി ഉൾക്കൊള്ളുന്നതുമായ പഞ്ചായത്ത് തലസ്ഥാനത്ത് മുൻപഞ്ചായത്ത് പ്രസിഡന്റ് യു.കെ.കുട്ട്യാലി ഹാജിയുടെ വർഷങ്ങളോളമുള്ള തീവ്ര ശ്രമത്തിന്റെ ഫലമായി പാറക്കടവ് പുഴയിൽ 1981ൽ പാലം പണിതതോടെയാണ് ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും എല്ലാ കാലത്തും പുറം ലോകവുമായി ബന്ധപ്പെടാനുള്ള സൗകര്യം ഒരുങ്ങിയത്. അതിന് ശേഷമുള്ള രണ്ടു മൂന്നു വർഷങ്ങളിൽ മുണ്ടത്തോട് പാലവും ചെറ്റക്കണ്ടി പാലവും ഗവൺമെന്റും കൊയമ്പ്രത്ത് പാലവും ചോയിത്തോട് പാലവും പാറേമൽ പാലവും ഗൾഫിൽ ജോലി ചെയ്യുന്നവരും, തദ്ദേശീയരും പണിതതോടെ പാലങ്ങളുടെ കുറവു മൂലമുള്ള ഒറ്റപ്പെടുന്ന അവസ്ഥയിൽ നിന്ന് പ്രദേശത്ത്കാർ ഒരു

പരിധി വരെ മോചിതരായി. എങ്കിലും പല പ്രദേശ ങ്ങളിലും ഇന്നും സൗകര്യപ്രദമായ ഗതാഗത സൗക ര്യങ്ങൾ ഇല്ലാത്ത അവസ്ഥ തന്നെയാണ്.

അടിസ്ഥാന സൗകര്യങ്ങളിൽ മറ്റൊരു പ്രധാന ഘടകമായ ഊർജ്ജത്തിന് വേണ്ടി ഈ നാട്ടുകാർ ആശ്രയിച്ചിരുന്നത് ഈറോഡൻ എണ്ണയും മണ്ണെണ്ണയും മാത്രമായിരുന്നു. ആയിടക്ക് 1950കളുടെ അവസാനത്തിൽ പഞ്ചായത്തിലെ പാറക്കടവിൽ സംസ്ഥാന ഇലക്ട്രിസിറ്റി വകുപ്പിന്റെ സഹകരണ ത്തോടെ ഏതാനും വീടുകൾ വൈദ്യുതീകരിച്ചതോ ടെയാണ്, ഈ നാട്ടിൽ ഇലക്ട്രിക്ക് യുഗം ആരംഭി ച്ചത്. എന്നാൽ സാമ്പത്തിക സൗകര്യം വർദ്ധിച്ച തോടെ ഇലക്ട്രിസിറ്റിയുടെ ആവശ്യം വർദ്ധിക്കുകയാ യിരുന്നു. ഇന്ന് ചക്യാട് പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ ഭാഗത്തും വൈദ്യുതി ലൈൻ എത്തിയിട്ടുണ്ടെ ങ്കിലും വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും രൂക്ഷമായി അനുഭവപ്പെടുന്നു. ഗാർഹിക ആവശ്യ ങ്ങൾക്ക് ഏറ്റവും ആവശ്യമായ സമയമായ സന്ധ്യ കഴി ഞ്ഞാലുള്ള മൂന്നു മണിക്കൂർ സമയം വെളിച്ചമില്ലാത്ത അവസ്ഥയായതിനാൽ വിദ്യാർത്ഥികൾ അനുഭവി ക്കുന്ന പ്രയാസം ചില്ലറയല്ല. അത് പോലെ വൈദ്യുതി വേണ്ടത്ര ഇല്ലാത്തതിനാൽ ചെറുകിട വ്യവസായ ങ്ങൾക്ക് മുതലിറക്കാൻ സന്നദ്ധരായ ഒരുപാട് സംരം ഭകർ ആ സംരംഭത്തിൽ നിന്ന് പിന്മാറി പട്ടണങ്ങളിലെ റിയൽ എസ്റ്റേറ്റ് മുതലായ മേഖലകളിലേക്ക് പണം തിരിച്ച് വിടുകയാണ്. രൂക്ഷമായ തൊഴിലില്ലായ്മ അനു ഭവപ്പെടുന്ന ചെക്യാട് പഞ്ചായത്തിന് ഇത് "കുനിന്മേൽ കുരു" എന്നത് പോലെ അനുഭവപ്പെടുന്നു. പമ്പ് സെറ്റ് പോലും പ്രവർത്തിപ്പിക്കാൻ കഴിയാതെ കാർഷികരം ഗവും മുരടിച്ചു കിടക്കുകയാണ്.

പാചകാവശ്യത്തിന വിറകിനെയാണ് ഈ പ്രദേ ശത്തുള്ള ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്. വിറകിന്റെ ഉപഭോഗത്തിൽ ഇത് ഗണ്യമായ മാറ്റം വരു ത്താൻ പോകുന്നില്ലെന്നു മാത്രമല്ല സമീപഭാവിയിൽ തന്നെ രൂക്ഷമായ വിറക് ക്ഷാമം നമുക്ക് നേരി ടേണ്ടിയും വരും. ജനസംഖ്യാ വർദ്ധനവും വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടുന്നതും പകരം വെച്ചു പിടിപ്പിക്കാ ത്തതും പ്രതിസന്ധിയെ രൂക്ഷമാക്കാൻ പോവുക യാണ് മറ്റു കനത്ത ജോലികൾക്ക് പുറമെ വിറകുകൾ തേടി പോകാനും സ്ത്രീകൾ പ്രത്യേകിച്ച് ദരിദ്രകു ടുംബങ്ങളിലെ സ്ത്രീകൾ നിർബ്ബന്ധിതരാകുന്നതും വിറക് ക്ഷാമത്തിന്റെ മറ്റൊരു ദുരന്തഫലമാണ്.

വിറക് ക്ഷാമം ഇല്ലാതാക്കാൻ ദക്ഷത കൂടിയ അടുപ്പിന്റ ഉപയോഗം വഴി കഴിയും -ഗ്യാസ് അടുപ്പു കൾ പ്രചരിപ്പിക്കുന്നത് വഴിയും സോളാർ എനർജി പോലുള്ള മറ്റു ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെ ടുത്തുന്നത് വഴിയും ഊർജ്ജപ്രതിസന്ധി തരണം ചെയ്യാൻ കഴിയും.

ഉല്പാദനവിപണന രംഗത്ത് വൈദ്യുതിയുടെയും സൗകര്യപ്രദമായ ഗതാഗതത്തിന്റെയും അഭാവം കാരണം ഉല്പാദനരംഗം ക്ഷീണിച്ച അവസ്ഥയിലാ ണെങ്കിലും വിപണനരംഗം വളരെ പുഷ്ടിപ്പെടുത്താൻ സാധ്യതയുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകതക ളുള്ള ഒരു പ്രദേശമാണ് ചെക്യാട് പഞ്ചായത്ത്. പഴയ കാലത്ത് വളരെ പ്രതാപത്തോടെ തലയുയർത്തി നിന്നിരുന്ന ഒരു അങ്ങാടിയായിരുന്നു പാറക്കടവ് അങ്ങാടി. അന്ന് കോട്ടയം, കുറുമ്പ്രനാട് താലൂക്കുക ളിലെ ഒരുപാട് ഗ്രാമങ്ങൾ അവരുടെ അങ്ങാടിയാ യി സങ്കൽപിച്ചിരുന്നത് പാറക്കടവിനേയായിരുന്നു. അതേപോലെ മത്സ്യവിപണനരംഗത്ത് പേരു കേട്ട കേന്ദ്രമായുന്നു ജാതിയേരിയിലെ മീൻപാറ.

കിഴക്കൻ മലയോര പ്രദേശങ്ങളിൽ നിന്നും പൊയിലൂർ വിളക്കോട്ടൂർ ഭാഗങ്ങളിൽ നിന്നും മലഞ്ചി രക്കുകളും നേന്ത്രക്കുലകളും വിപണനം നടത്താൻ കർഷകർ ആശ്രയിച്ചിരുന്നത് പാറക്കടവ് അങ്ങാടിയെ യായിരുന്നു. പാറക്കടവ് അങ്ങാടിയെ പഴയ അവസ്ഥ യിലേക്ക് തിരിച്ചു കൊണ്ടുവരാൻ വേണ്ടി സ്വകാര്യ സംരംഭകരിൽ ചിലർ നടത്തുന്ന ശ്രമങ്ങൾ വ്യവസ്ഥാ പിതമായ ആസൂത്രണത്തിന്റെ അഭാവത്തിൽ പ്രായോ ഗിക തലത്തിൽ ലക്ഷ്യം കാണാതെ പോകുന്നു.

**ഗതാഗതം:-**

വ്യാവസായിക കാർഷിക വിപണന അഭിവൃ ദ്ധിക്ക് ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് സൗകര്യപ്ര ദമായ ഗതാഗതസൗകര്യം. ഇന്ന് പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണെങ്കിലും P.W.D. വകയായി ചെക്യാട് പഞ്ചായത്തിൽ പാറക്കടവ്-ചെറ്റക്കണ്ടി, പാറക്കടവ്- മുണ്ടത്തോട്, കല്ലുമ്മൽ-ജാതിയേരി, താനക്കോ ട്ടൂർ-കുറുവന്തേരി, പാറക്കടവ്-വളയം എന്നീ സെക്ട റുകളിലായി 8 കി.മീ. റോഡ് മാത്രമാണ് ഉള്ളത്. സർക്കാരിന്റേ പതിന ന പരിപാടിയിൽ ഉൾപ്പെ ടുത്തി P.W.D. ഏറ്റെടുത്ത പാറക്കടവ്- ചെക്യാട്- പുളിയാവ്-ജാതിയേരി റോഡിന്റെ പ്രവൃത്തി കരാർ ഘട്ടത്തിലെത്തിയെങ്കിലും പ്രാവർത്തികമായിട്ടില്ല.

ഗ്രാമപഞ്ചായത്ത് വക ടാർചെയ്ത 6.500 കി.മി റോഡ്, സോളിംഗും മെറ്റലിംഗും നടത്തിയ 15. കി.മി. കച്ച റോഡ്, സൗകര്യങ്ങളിൽ ഏറ്റകുറച്ചിലുകലുള്ള 30 കി.മീ വരുന്ന 40 മൺപാതകൾ എന്നിവയും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ 1.500 കി.മീ നടപ്പാതയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്.

എന്നാൽ ഈ റോഡുകളും പാതകളും ആവശ്യത്തിന്റെ ചെറിയ ഒരു ശതമാനം പോലും വരുന്നില്ലെന്നു യാഥാർത്ഥ്യം ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. ഇതിൽ പ്രധാന റോഡുകൾ P.W.D.ഏറ്റെടുത്ത് നടത്തുകയും മറ്റുള്ളവ ത്രിതല പഞ്ചായത്തിന്റെ ഘടകങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

**മാർക്കറ്റിംഗ്:-**

റബ്ബർ, കൊപ്ര, കുരുമുളക്, അടക്ക തുടങ്ങി മലഞ്ചരക്കുകളുടെ പ്രധാന ഉല്പാദന കേന്ദ്രമായ ചെക്യാട് പഞ്ചായത്ത് വിപണനത്തിന് വേണ്ടി ആശ്രയിക്കുന്നത് തലശ്ശേരി, വടകര, കല്ലാച്ചി മാർക്കറ്റുകളെയാണ്. അതേ പോലെ നാട്ടിൻ പുറത്ത് ചില്ലറ കച്ചവടക്കാർ മുതൽ എല്ലാവരും അവരുടെ മൊത്ത വ്യാപാരത്തിനായി ആശ്രയിക്കുന്നതും പ്രസ്തുത മാർക്കറ്റുകളെയാണ്. എന്നാൽ ഈ അടുത്ത കാലത്തായി മലഞ്ചരക്ക് രംഗത്ത് ചുരുക്കം ചിലർ കടന്നു വന്നത് ഒഴിച്ചാൽ വ്യാപാരരംഗം പുഷ്ടിപ്പെടാതെ കിടക്കുകയാണ്. ഒരു കാലത്ത് സത്യസന്ധരായ കച്ചവടക്കാർ എന്ന ഖ്യാതിയിൽ പാറക്കടവിലേക്ക് മൈലുകൾ താണ്ടി സാധനങ്ങൾ വാങ്ങാനും വിൽക്കാനും ആളുകൾ വന്നിരുന്നു. പൊയിലൂരിലെയും വിളക്കോട്ടൂരിലേയും വാഴകൃഷിക്കാരുടെയും മൊത്തം വിപണനം നടന്നതും പാറക്കടവിലായിരുന്നു. നല്ലമാംസം കിട്ടാൻ പോലും ആളുകൾ പല ഭാഗങ്ങളിൽ നിന്നും പാറക്കടവിനെയാണ് ആശ്രയിച്ചിരുന്നത്. മറ്റ് പ്രദേശത്തുകാർക്ക് നഗരങ്ങളുമായി ബന്ധപ്പെടാൻ സൗകര്യം കൂടി വന്നപ്പോൾ പാറക്കടവ് അങ്ങാടിയുടെ പഴയ അവസ്ഥക്ക് മാറ്റം വന്നു.

## പ്രശ്നങ്ങൾ

**ഗതാഗതം**

1. ചെക്യാട് പഞ്ചായത്തിലെ മിക്ക റോഡുകളും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു.

2. കാലിക്കൊളുമ്പ്- കണ്ടിവാതുക്കൽ നിവാസികളും വേവം നിവാസികളും ഗതാഗത സൗകര്യമില്ലാത്തത് മൂലം ദുരിതമനുഭവിക്കുന്നു. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നും അവർ ഒറ്റപ്പെട്ടു നില്ക്കുന്നു.

3. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലുമുള്ള ജനങ്ങൾ ഗതാഗത സൗകര്യ കുറവു മൂലം വിഷമം അനുഭവിക്കുന്നു.

**സാധ്യതകൾ:-**

1. റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയങ്ങളിൽ നടത്തുക.

2. ജനകീയ പങ്കാളിത്തവും പ്രാദേശികവിഭവസമാഹരണവും ഉറപ്പുവരുത്തുക.

3. കാലിക്കൊളുമ്പ്-കണ്ടിവാതുക്കൽ റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക.

4. റോഡുകൾക്ക് ഓവുചാൽ നിർമ്മിക്കുക.

5. പാറക്കടവ്-ചെറ്റക്കണ്ടി റോഡിലും, പാറക്കടവ്-മുണ്ടത്തോട് റോഡിലും ഡ്രെയ്നേജ് നിർമ്മിക്കുകയും സ്ളേബിട്ടു മൂടുകയും ചെയ്യുക.

6. മറ്റു ആവശ്യമായ സ്ഥലങ്ങളിൽ മുഴുവൻ, റോഡുകൾ നിർമ്മിച്ചും നടപ്പാതകൾ നിർമ്മിച്ചും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.

**പുതുതായി വെട്ടേണ്ട റോഡുകളുയും മെച്ചപ്പെടുത്തേണ്ട റോഡുകളുടെയും നടപ്പാതകളുടെയും മറ്റും പട്ടിക ചുവടെ കൊടുക്കുന്നു.**

| പുതുതായി വെട്ടേണ്ട റോഡുകൾ | | | |
|---|---|---|---|
| നമ്പർ | റോഡിന്റെ പേര് | ദൂരം | വാർഡ്. |
| 1. | കല്ലടായിമുക്ക്-പുളിയാറ് | 1.കി.മി. | I |
| 2. | പാറക്കടവ് മദ്രസ-ജുമാമസ്ജിദ് | 1.കി.മി. | II |
| 3. | കരിന്ത്രാംകോട്ട് മുക്ക്- പുതിയോട്ടിൽ മുക്ക്. | 1.കിമീ. | I |
| 4. | കൊയ്ലോത്ത് മുക്ക്-പോവ്മൽ സ്രാമ്പി. | 1.5 കി.മീ. | II |
| 5. | മൊയ്‌ലികണ്ടിമുക്ക്-കല്ലുവളപ്പിൽമുക്ക് | 1.5 കി.മീ. | II |
| 6. | എരഞ്ഞോളിപ്പിടിക-തുണ്ടിയിൽമുക്ക് | 1.കി.മി | III |
| 7. | പെട്ടിന്റവിടമുക്ക്-ഉമ്മത്തൂർ ഹൈസ്കൂൾ | 1. കി.മീ | III |
| 8. | പാറോള്ളതിൽമുക്ക്-പുനത്തിൽപുഴ | 800 മീ. | III |
| 9. | തട്ടാന്റവിടമുക്ക്-കരുവാരത്ത്മുക്ക് | 750 മീ. | III |
| 10 | മരുന്നന്റെ പറമ്പത്ത്മുക്ക്-ചാലിയന്റെവിട മുക്ക് | 300 മീ. | III |
| 11. | കുറുവന്തേരി യു.പി. സ്കൂൾ-കല്ലുമ്മൽ അമ്പലം. | 500 മീ. | VI |
| 12. | മണിമുട്ടീന്റവിടമുക്ക്-വെള്ളിലാട്ട്മുക്ക് | 500 മീ | VI |
| 13 | വളപ്പന്റെവിടമുക്ക്-കരിന്ത്രിരയിൽമുക്ക് | 1.കി.മി | VI |
| 14. | കുഴിക്കണ്ടിമുക്ക്- നടുക്കണ്ടിമുക്ക് | 800 മീ. | VII |
| 15 | മുണ്ടോളിതാഴ-പുളിയാവ് | 1.5 കി.മി. | VIII |
| 16. | ചെക്യാട് ബേങ്ക്-പുളിയാവ് | 1.5 കി.മി | VIII |
| 17. | നിർമ്മാണികണ്ടിമുക്ക്-മണ്ടോളിതാഴെ | 1.കി.മി. | VIII |
| 18. | കരിന്തിരംകോട്ട്മുക്ക്-അത്തോളിന്റ വിടുമുക്ക് | 2.5 കി.മി | IX. |
| 19. | വിലാരംകണ്ടിമുക്ക്-ഗവ:എൽ.പി. സ്കൂൾ | 1. കി.മീ | IX. |
| 20. | കാഞ്ഞിരക്കണ്ടി മുക്ക്-കൂളിയരഞ്ഞിമുക്ക് | 1.5 കി.മീ. | IX. |
| 21. | പാലോറ മുക്ക്- ഉണ്ണ്യേത്കണ്ടിമുക്ക് | 1.കി.മീ | IX. |

| | | | |
|---|---|---|---|
| 22 | വില്ലേജ് ഓഫീസ് -ചീരാമ്പത്ത് മുക്ക് | 1 കി.മീ. | IX |
| 23 | പാലോറ മുക്ക് -കുന്നുമ്മൽ മുക്ക് | 1 കി.മീ. | IX |
| 24 | പുളിയാവ് പോസ്റ്റോഫീസ് - പഞ്ചായത്ത് കിണർ | 1.5 കി.മീ. | IX |
| 25 | കൂളിയരഞ്ഞി മുക്ക്-ചെറുപറമ്പ് സ്ക്കൂൾ | 1 കി.മീ. | IX |
| 26 | വണ്ണാന്റവിട മുക്ക്-കൊടക്കാട്ട് മുക്ക് | 1.5 കി.മീ. | IX |
| 27 | കരിന്തിരം കോട്ടു മുക്ക് -വില്ലേജ് ഓഫീസ് | 1.5 കി.മീ. | IX |
| 28 | എകരത്ത് [illegible]ക്ക് -വയൽ റോഡ് ബണ്ട് | [illegible] കി.മീ. | X |
| 29 | പടിക്കലക്കണ്ടി മുക്ക് -ചന്തനാണ്ടി മുക്ക് | 1 കി.മീ. | IV |

## ടാർ ചെയ്യേണ്ട റോഡുകൾ

| | | | |
|---|---|---|---|
| 1 | കരിന്തിരം കോട്ട് മുക്ക്-പുതിയോട്ടിൽ മുക്ക് വയൽ റോഡ് | 1 കി.മീ. | I |
| 2 | കരിന്തിരം കോട്ട് മുക്ക്- വേവം സ്ക്കൂൾ | 2.5 കി.മീ. | I |
| 3 | മീത്തലെ ചാലിമഠത്തിൽ മുക്ക് -കേളോത്ത് പുഴ | 1.5 കി.മീ. | I |
| 4 | പഞ്ചായത്ത് ഓഫീസ് മുക്ക് -വളയം റോഡ് | 1 കി.മീ. | II |
| 5 | ചാമാളി മുക്ക്- ഇരുമ്പനാണ്ടി മുക്ക്- പഞ്ചായത്ത് ഓഫീസ് | 1.5 കി.മീ. | II |
| 6 | പാറക്കടവ് -ചെക്യാട് -വളയം | 2.5 കി.മീ. | II |
| 7 | ഉള്ളീന്റവിട മുക്ക്-തിരുമ്പൽ പുഴ | 2 കി.മീ. | III |
| 8 | കാച്ചേരി മീത്തൽ മുക്ക്-ബാബൂന്റവിട മുക്ക് | 2.5 കി.മീ. | III |
| 9 | കിഴക്കയിൽ മുക്ക് -എരഞ്ഞോളി മുക്ക് | 1.5 കി.മീ. | III |
| 10 | എളമ്പനാണ്ടി മുക്ക്- ഹൈസ്ക്കൂൾ റോഡ് (റീ ടാറിംഗ്) | 2.5 കി.മീ. | III |
| 11 | പുത്തൂർ പറമ്പത്ത് മുക്ക്- താടിക്കരന്റവിട മുക്ക് | 1 കി.മീ. | IV |
| 12. | കിണമ്പ്രമുക്ക്-പൊക്കിണന്റെ പീടിക മുക്ക് | 2.കിമീ. | IV |

| | | | |
|---|---|---|---|
| 13. | പുഴക്കലക്കണ്ടി റോഡ് | 2.കിമീ. | IV |
| 14. | രയരോത്ത്മുക്ക്-മുല്ലേരിമുക്ക് | 1.250.കിമീ. | IV |
| 15. | താനക്കോട്ടൂർ യു.പി.സ്കൂൾ റോഡ്. | 1.കിമീ. | IV |
| 16. | കുടലായി-കണ്ടിവാതുക്കൽ | 4.കിമീ. | V |
| 17. | പൂങ്കുളം-കടായലോട്ട് താഴെ | 5.കിമീ. | V |
| 18. | കാലിക്കൊളുമ്പ്-കിഴക്കുംമുറി | 4.കി.മീ | V |
| 19. | അമ്പൂന്റെ പറമ്പ്മുക്ക്-കായലോട്ട്താഴെ | 2.കി.മീ. | V |
| 20. | അന്ത്യേരി സ്മശാനം റോഡ് | 1.കി.മീ. | V |
| 21. | പൂത്തോളി അരൂണ്ടറോഡ് | 1.കിമീ. | V |
| 22. | അന്ത്യേരി പാടിക്കോത്ത്-വാട്ടർടാ[illegible] | 2.കി.മീ. | V |
| 23. | മാട്ടാമ്മൽ-കല്ലുമ്മൽ റോഡ് | 2.കി.മീ. | V-VI |
| 24. | പായന്റെവിടമുക്ക്-അമ്പൂന്റെ പറമ്പ് | 1.5.കി.മീ. | VI |
| 25. | ചീളുവണ്ടിമുക്ക്-നടുവിലക്കണ്ടിമുക്ക് | 2.കി.മീ. | VI |
| 26. | ചെക്യാട് കൊയമ്പ്രപാലം-കുറുവന്തേരി | 2.കി.മീ. | VII |
| 27. | കുഴിക്കണ്ടിമുക്ക്-നടുക്കണ്ടിമുക്ക് | 1.കി.മീ. | VII |
| 28. | കല്ലറയിൽമുക്ക്-കല്ലുകൊണ്ടിത്തിമുക്ക് | 1.5 കി.മീ. | VII |
| 29. | വട്ടംച്ചാങ്കാവ് മുക്ക്-ചെറുവരതാഴെവരെ | 1.5.കി.മീ. | VII |
| 30. | വില്ലേജ്ഓഫീസ്-പുളിയാവ് | 3.കി.മീ | VIII |
| 31. | കുന[illegible]ത്ത്മുക്ക്-പാ[illegible]ക്കർ[illegible]ടികോ[illegible]നി | 2.കി.മീ. | VIII |
| 32. | മഞ്ചേരിമുക്ക്-കുന്നുമ്മൽപാറ | 2.കിമീ. | VIII |
| 33. | ചെക്യാട്-പുളിയാവ്-കല്ലുമ്മൽ | 4.കി.മീ. | VIII |
| 34. | ചെക്യാട് വില്ലേജ് ഓഫീസ്-പുളിയാവ് | 4.കി.മീ. | IX |
| 35. | വാഴന്റെവിടമുക്ക്-കമ്പിപ്പാലം. | 4.കി.മീ. | IX |
| 36. | കല്ലുമ്മൽ-പുളിയാവ്-പാറക്കടവ് | 8.കി.മീ. | X |
| 37. | കല്ലുമ്മൽ-ലക്ഷംവീട് | 1.കി.മീ. | X |
| 38. | ജാതിയേരി വയലോളി-പുളിയാവ് | 3.കി.മീ. | X |
| 39 | ജാതിയേരി-മാമുണ്ടേരി സ്രാമ്പി. | 1.കി.മീ. | X |
| 40. | കോമ്പിമുക്ക്-മണിയാലമുക്ക് | 2.5.കി.മീ. | X |
| 41. | മഠത്തിൽമുക്ക്-തൂർത്തിക്കടവ് | 1.5.കി.മീ. | III |
| 42. | പൊയിൽമുക്ക്-മോലിൽമുക്ക് | 1.കി.മീ. | IV |

## നടപ്പാത

| നമ്പർ | നടപ്പാതയുടെ പേര് | ദൂരം | വാർഡ്. |
|---|---|---|---|
| 1. | പിരാട്മുക്ക്-കൂടത്തികടവ് | 2..കി.മീ | III |
| 2. | തിരുമ്പൽപുഴ-ഉമ്മത്തൂർ എം.എൽ.പി. സ്കൂൾ. | 2.5.കി.മീ. | III |
| 3. | വാച്ചാൽപീടിക-ചേടിയാലയിൽ കമ്പിപ്പാലം | 5.കി.മീ. | III |
| 4. | പതിനഞ്ചുമഠത്തിൽമുക്ക്-കയ്യാലയിൽമുക്ക് | 1.കി.മീ. | III |
| 5. | പുഴക്കലക്കണ്ടിമുക്ക്-പിലാതൊണ്ണൂർമുക്ക് | 1.കി.മീ. | IV |
| 6. | പുതുക്കുടിമുക്ക്-പാറപ്പൊയിൽ മുക്ക് | 2.കി.മീ. | IV |
| 7. | ആയങ്കി സ്കൂൾ-ചെക്യാട് | 1.കി.മീ. | VII |
| 8. | എളയടത്ത്മുക്ക്-പുത്തലത്ത്മുക്ക് | 500 മീ. | VIII |
| 9. | ചെക്യാട് ഫ്ളവർമിൽ-ചാത്തോത്ത് താഴെ | 1.കി.മീ | VIII |
| 10. | പുളിയാവ് മഞ്ചേരിപള്ളി | 1.കി.മീ. | IX |
| 11. | കാഞ്ഞിരോൾമുക്ക്- നഞ്ഞാംപാറകുന്ന് | 1.5. കി.മീ. | X |
| 12. | കണിയാണ്ടിമുക്ക്- കിഴക്കെപറമ്പത്ത്മുക്ക് | 1.5.കി.മീ. | X |
| 13. | പാലക്കൂൽമുക്ക്-വല്ലടൻകണ്ടിമുക്ക്. | | |

## പാലങ്ങൾ

| നമ്പർ | പുഴയുടെ പേര് | വാർഡ്. |
|---|---|---|
| 1. | കേളോത്ത് പുഴ | I |
| 2. | കൊയമ്പ്രം പുഴ | III |
| 3. | തിരുമ്പൽപുഴ | III |
| 4. | ഏരിക്കണ്ടിപ്പുഴ | IV |
| 5. | അരുണ്ടപ്പുഴ | V |
| 6. | നെല്ലിക്കുന്ന് താഴെ തോട് | VII |
| 7. | പുളിയാവ് പുഴ | IX |
| 8. | പാറാംതോട് പാലം മാറ്റിപ്പണിയുക | III |
| 9. | കരിന്തിരയിൽ പാലം റിപ്പയർ | III |
| 10. | മൊട്ടേമ്മൽ ഭാഗത്ത് നടപ്പാലം | VII |
| 11. | ജാതിയേരി -പെരുവങ്കര പാലം | X |

ബസ് സ്റ്റോപ്പ്

1. പാറപ്പെയിൽ സ്കൂളിന് സമീപം.
2. കുറുവന്തേരി സ്കൂളിന് സമീപം
3. ചെക്യാട് ബേങ്കിനു സമീപം
4. ജാതിയേരി അങ്ങാടിക്ക് സമീപം.

വാഹനഗതാഗതം

കാലിക്കൊളുമ്പ് ഭാഗത്തേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കാൻ പഞ്ചായത്ത് ശ്രമിക്കുക.

ടാക്സിസ്റ്റാന്റ്, ഓട്ടോറിക്ഷാ സ്റ്റാന്റ്

പഞ്ചായത്തിന്റെ ആസ്ഥാനമായ പാറക്കടവ് ഇന്ന് ഗതാഗതകുരുക്ക് കൊണ്ട് വീർപ്പു മുട്ടുകയാണ്. ഇതിന് ഒരു പരിധി വരെ പരിഹാരം കാണാൻ ഒരു ടാക്സിസ്റ്റാന്റും. ഒരു ഓട്ടോറിക്ഷാ സ്റ്റാന്റും അനുവദിക്കുക.

ഊർജ്ജം

*പ്രശ്നങ്ങൾ*

1. ചെക്യാട് പഞ്ചായത്തിൽ രൂക്ഷമായ വൈദ്യുതി വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നു.
2. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി കണക്ഷൻ എത്തിയിട്ടില്ല.
3. വിറക് ക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്നു.

*സാദ്ധ്യതകൾ*

വൈദ്യുതി.

1. ഭാവിയിലെ വികസനം കൂടി കണക്കിലെടുത്ത് വൈദ്യുതിയുടെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുവാൻ കെ.എസ്.ഇ.ബിയുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വൈദ്യുതി ഉപയോഗത്തിന്റേ തോത് അനുസരിച്ച ട്രാൻസ്ഫോർ സ്ഥാപിച്ച് ലോഡും സപ്ളെയും ക്രമീകരിക്കുക.

2. 250 വാട്ട്സിന്റെ 21 ട്രാൻസ് ഫോമർ എങ്കിലും സ്ഥാപിക്കുക.

3. ഒരു പവ്വർ സ്റ്റേഷൻ സ്ഥാപിക്കുക.

4. പാനൂർ സബ്സ്റ്റേഷനിൽ നിന്നും ചേക്യാട് പഞ്ചായത്തിലേക്ക് വരുന്ന 110 കെ.വി. ലൈനിന്റെ സ്തംഭിച്ചുപോയ പണി ഉടനെ പൂർത്തിയാക്കുക.

5. വൈദ്യുതിയുടെ ബില്ലിംഗിന് നിലവിലുള്ള സ്ളാബ് സമ്പ്രദായം മാറ്റി മീറ്റർ റീഡിംഗ് സമ്പ്രദായം എർപ്പെടുത്തുക.

6. വൈദ്യുതിയുടെ ഉപയോഗം കഴിയുന്നത്ര കുറക്കുക.

7. വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള വൃക്ഷ ക്കൊമ്പുകൾ യഥാസമയങ്ങളിൽ വെട്ടിമാറ്റുക.

8. ആർഭാടങ്ങൾക്ക് വേണ്ടി വൈദ്യുതി ഉപയോഗിക്കാതിരിക്കുക.

9. സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യമായ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.

10. സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണചുമതല വഹിക്കാൻ വാർഡുതല സമിതീകൾരൂപീകരിക്കുക.

11.. വൈദ്യുതി ബില്ല് അടക്കാനുള്ള സംവിധാനം പാറക്കടവിൽ ഏർപ്പെടുത്തുക.

വിറക്

1. ദക്ഷത കൂടിയ അടുപ്പുകൾ വ്യാപിപ്പിക്കുക.
2. വിറക് ഉല്പാദന വിപണന സഹകരണസംഘം സ്ഥാപിക്കുക.
3. സാമൂഹ്യ വനവൽക്കരണം നടത്തുക.
4. അനർട്ടിന്റെ ഒരു കേന്ദ്രം പാറക്കടവിൽ തുടങ്ങുക.
5. സാമൂഹ്യവനവൽക്കരണത്തിന്റെയും വൃക്ഷസംരക്ഷണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് വിപുലമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
6. ബയോഗ്യാസ് പ്ളാന്റുകൾ പരീക്ഷണാർത്ഥം തുടങ്ങുക.

### പുതിയ ലൈൻ വലിക്കേണ്ടത്

1. വേവം ഭാഗം
2. തോടാൽ ഭാഗം
3. മണലിൽ ഭാഗം
4. തങ്കയം കുറ്റിയിൽ ഭാഗം
5. ചെങ്ങോട്ടേരിക്കുന്ന് ഭാഗം
6. പൂങ്കുളം ഭാഗം
7. നെല്ലിക്കാപറമ്പ് ഭാഗം
8. അരൂണ്ട ഭാഗം
9. അന്ത്യേരി ഭാഗം
10. കീറിയ പറമ്പ് ഭാഗം
11. പൂത്തോളി ഭാഗം
12. പാറകുന്നുമ്മൽ ഭാഗം
13. കുന്നത്ത് മുക്ക്
14. കുന്നുമ്മൽ പാറ
15. പാലോറമുക്ക്
16. പുളിയാവ് പോസ്റ്റോഫീസ്
17. പുഴക്കന്റവിട ഭാഗം
18. പാറോളി കണ്ടിഭാഗം
19. വാഴയിൽ പീടികഭാഗം

20. ഇളയടത്ത് ഭാഗം
21. ഒടോറ മുക്ക്
22. കുറുക്കൻ നാരിമുക്ക് ഭാഗം
23. മുണ്ടോളി പീടിക
24. ചീരാമ്പത്ത്മുക്ക്
25. കുണ്ടു പൊയിൽമുക്ക്
26. ഈരൻ്റവിടമുക്ക്
27. കുണ്ടുങ്കര മുക്ക്
28. മാമുണ്ടേരിസ്രാമ്പി
29. മാരാം വീട്ടിൽ മുക്ക്- മാവിലേൻ്റവിടമുക്ക്
30. കോമ്പിമുക്ക്-മണിയാല മുക്ക്.
31. അന്തൻ പാടി നന്ദൻ പാറകുന്ന്

**ട്രാൻസ്ഫോർമർ അനുവദിക്കേണ്ട കേന്ദ്രങ്ങൾ**

1. മഞ്ഞോത്ത് മുക്ക് വാർഡ് I
2. പാറക്കടവ് ടൗൺ. II
3. കൂവ്വത്തടയിൽ മുക്ക്. II
4. എസ്.ഐ.എച്ച്.എസ്. മുക്ക് V
5. കണ്ടിവാതുക്കൽ VIII
6. ചെക്യാട് ബേങ്ക് VIII
7. കുന്നത്ത് മുക്ക് VIII
8. വില്ലേജ് ഓഫീസ് VIII
9. മഞ്ചേരിൻ്റവിട മുക്ക് VIII
10. പുളിയാവ് പോസ്റ്റാഫീസ് IX
11. പുളിയാവ് മദ്രസ IX
12. ജാതിയേരി ടൗൺ. X
13. വലയോളി മുക്ക് VII
14. ചെക്യാട്
15. എളമ്പനാണ്ടിമുക്ക് (വാർഡ് മൂന്ന്) ട്രാൻസ് ഫോർമന് കപ്പാസിറ്റി വർദ്ധിപ്പിക്കുക.

| സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | | |
|---|---|---|
| നമ്പർ | ലൈൻ ആവശ്യമായ സ്ഥലം | വാർഡ്. |
| 1. | അത്തോളി പീടിക-കൊറുമ്പാത്ത് പീടിക, പാറപ്പൊടിൽ സ്കൂൾ | IV |
| 2. | ചെക്യാട്-പുളിയാവ് റോഡ് | IX |
| 3. | അന്തൻപാടിമുക്ക്-തയ്യുള്ളതിൽ മുക്ക് | X |
| 4. | കുനിയിലാണ്ടിമുക്ക്, കോമ്പിസ്രാമ്പി മുക്ക് | X |
| 5. | ജാതിയേരി താഴെസ്രാമ്പി മുക്ക് | X |
| 6 | പെരുമ്പാൻ വീട്ടിൽ മുക്ക്. | X |
| 7. | വയലോളി മുക്ക് | X |
| 8. | ജാതിയേരി പുളിയാവ് റോഡ്. | X |

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

1991ലെ സെൻസസ് പ്രകാരം ചെക്യാട് പഞ്ചായത്തിൽ 3398 കുടുംബങ്ങൾ ഉണ്ട്. എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോട് കൂടിയ പാർപ്പിടം ഇന്ന് ഇല്ല. പഞ്ചായത്ത് രേഖകൾ പ്രകാരം 4000 വീടുകളിൽ 1653 എണ്ണം കുടിലുകലാണ്. പ്രതിവർഷം ശരാശരി 66 കുടിലുകൾ വർധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നു. അതായത്, വരുന്ന അഞ്ചു വർഷങ്ങൾക്കുള്ളിൽ ചുരുങ്ങിയത് 2000 കുടിലുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരിക്കും. പാർപ്പിടം നിർമ്മിക്കാനുള്ള ധനശേഷിയില്ലാത്തതുകൊണ്ട് ഒരു കൂരയ്ക്കു കീഴിൽ തന്നെ കഴിയുന്ന ഒന്നിലധികം കുടുംബങ്ങളെകൂടി പരിഗണിക്കുമ്പോൾ പാർപ്പിടമില്ലാത്തവരുടെ എണ്ണം വീണ്ടു കൂടുന്നു.

വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം 1995 വരെ 108 വീടുകൾ മാത്രമാണ് നിർമ്മിക്കപ്പെട്ടത്. 426 വീടുകൾക്കുള്ള അപേക്ഷകൾ ലഭിച്ചതായി V.E.O ആപ്പീസ് രേഖകൾ കാണിക്കുന്നു. പാർപ്പിടത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യവും ലഭ്യതയും തമ്മിലുള്ള ഈ അന്തരം നാം നേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ്. മിനിമം സൗകര്യങ്ങളോടുകൂടിയ വീടുകൾ എല്ലാവർക്കും ലഭ്യമാക്കുക എന്നതായിരിക്കണം ഒമ്പതാം പദ്ധതിയുടെ ഭാഗമായി നാം ലക്ഷ്യമിടേണ്ടത്.

നമ്മുടെ പഞ്ചായത്തിലെ ലക്ഷം വീട്, നാലുസെന്റ് ഹരിജൻ കോളനികളുടെ ഇന്നത്തെ അവസ്ഥയും പരിശോധിക്കപ്പെടേണ്ടതുണ്ട്. ജാതിയേരി, അന്ത്യേരി എന്നിവിടങ്ങളിലാണ് ലക്ഷംവീട് കോളനികളുള്ളത്. ചെക്യാട് ഈസ്റ്റ്, നെല്ലിക്കാപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ നാലു സെന്റ് കോളനിയും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ പട്ടിക വർഗ്ഗ കോളനി കണ്ടിവാതുക്കൽ അംബേദ്കർ കോളനിയാണ്. പട്ടികജാതി വിഭാഗത്തിന് പ്രത്യേകം കോളനികളില്ല.

ലക്ഷം വീട് കോളനികളിലെ കെട്ടിടങ്ങൾ പലതും ജീർണ്ണിച്ച് വീഴാറായിരിക്കുന്നു. കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ഗതാഗതം തുടങ്ങിയ സൗകര്യങ്ങൾ ഈ കോളനികളിലില്ല. കോളനിയിലെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭിക്കാത്തത്കൊണ്ട് ഇവർക്ക് റേഷൻ കാർഡ് ലഭിക്കുന്നില്ല. ശവം മറവുചെയ്യുവാനുള്ള സൗകര്യവും കോളനി നിവാസികൾക്കില്ല. പഞ്ചായത്തിന്റെ വകയായി ഒരു പൊതു ശ്മശാനം ഉണ്ടെങ്കിലും ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ ഉപയോഗപ്പെടടുത്താൻ കഴിയുന്നില്ല. നാലു സെന്റ് കോളനികളിലെ ജനങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, ഗതാഗതം എന്നീ സൗകര്യങ്ങൾ ഇല്ല. കോളനികളിലെ എല്ലാ വീടുകളും കുടിലുകളാണ്. നാലു

സെന്റ് കോളനിക്ക് വേണ്ടി പൂങ്കുളം കുന്നുമ്മൽ വാങ്ങിയ സ്ഥലം കുടിവെള്ളക്ഷാമം, ഗതാഗതസൗകര്യമില്ലായ്മ, ഭൂമിശാസ്ത്രപരമായ കിടപ്പ്, എന്നീ കാരണങ്ങളാൽ വാസയോഗ്യമല്ല. ലക്ഷം വീട് നാലു സെന്റ് കോളനികളിൽ അനധികൃത കൈമാറ്റവും ഭൂമിയുടെ കൈയ്യേറ്റവും കണ്ടു വരുന്നു. ഇത് നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

**പാർപ്പിടനിർമ്മാണം- ഒരു വിലയിരുത്തൽ**

ചെക്യാട് പഞ്ചായത്തിലെ മിക്ക വീടുകളും ചെങ്കല്ല് കൊണ്ട് നിർമ്മിച്ചതാണ്. മൺകട്ടകൊണ്ട് നിർമ്മിക്കപ്പെട്ട വീടുകളും ധാരാളമുണ്ട്. ഇഷ്ടിക, സിമന്റ് കട്ട എന്നിവയും ഇപ്പോൾ ഉപയോഗിച്ചുവരുന്നു. കൂടുതൽ വീടുകളും ഓടുമേഞ്ഞവയാണ്. ഓലമേഞ്ഞ വീടുകളും വിരളമല്ല. കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയതാണ് പുതുതായി നിർമ്മിക്കപ്പെടുന്നവയിൽ ഏറിയ ഭാഗവും. ചാണകം മെഴുകിയ തറയിൽ നിന്നും സിമന്റ് തറയിലേക്കും പിന്നീട് ചിപ്സ്, മൊസെയ്ക്ക് തറയിലേക്കും ഇപ്പോൾ കടപ്പ, മാർബിൾ, ഗ്രാനൈറ്റ് തറയിലേക്കും നമ്മുടെ കെട്ടിടനിർമ്മാണ രംഗം എത്തിയിരിക്കുന്നു. മുമ്പ് നമ്മുടെ പ്രദേശത്ത് ധാരാളമായി ലഭിച്ചിരുന്ന മരം, ചെങ്കല്ല് എന്നിവ ഇപ്പോൾ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു. കെട്ടിട നിർമ്മാണരംഗം ഇന്ന് സിമന്റും കമ്പിയും കൈയടക്കിയിരിക്കുന്നു. പാർപ്പിട നിർമ്മാണത്തിൽ മരത്തിന്റെ ഉപയോഗത്തിൽ കുറവ് വന്നതോടു കൂടി പരമ്പരാഗത വാസ്തു ശില്പവിദ്യയും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

പാർപ്പിട നിർമ്മാണരംഗത്ത് അനുകരണ ഭ്രമവും മാത്സര്യബുദ്ധിയും ആർഭാടഭ്രമവും ഇവയുടെയെല്ലാം ഫലമായുള്ള ദുർവ്യയവും വർധിച്ചു വരുന്നു. ദുർലഭമായിക്കൊണ്ടിരിക്കുന്ന പ്രകൃതി സമ്പത്തിന്റെ അമിതമായ ചൂഷണത്തിനും പ്രകൃതിയിലൂടെ അസന്തുലിതാവസ്ഥക്കും പരിസ്ഥിതി പ്രശ്നങ്ങൾക്കും വഴിയൊരുക്കുന്ന ഈ പ്രവണതയെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. അതേസമയം, ചെലവ് കുറഞ്ഞ നിർമ്മാണ ശൈലി അനുവർത്തിച്ചുണ്ടാകുന്ന വീടുകൾക്ക് നമ്മുടെ പ്രദേശത്ത് പ്രചാരമില്ല. ഈ രംഗത്ത് വൈദഗ്ദ്ധ്യം ഉള്ളവരുടെ അഭാവവും നിലവിലുള്ള നിർമാണ ശൈലിയിൽ മാറ്റം വരുത്താനുള്ള ജനങ്ങളുടെ വിമുഖതയും, ഇതിന് കാരണങ്ങളാണ്.

**പ്രശ്നങ്ങൾ** 1. ചെക്യാട് പഞ്ചായത്തിലെ ജനങ്ങളിൽ പാർപ്പിടം സ്വയം നിർമ്മിക്കാൻ ശേഷിയില്ലാത്തവരുടെ എണ്ണം പെരുകിവരുന്നു.

2. വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മിക്കപ്പെടുന്ന വീടുകളുടെ എണ്ണം അപര്യാപ്തമാണ്.

3. ലക്ഷംവീട്- നാല് സെന്റ് കോളനികളിലെ പാർപ്പിടങ്ങളുടെ സുരക്ഷിതത്വവും പശ്ചാത്തല സൗകര്യങ്ങളും തൃപ്തികരമല്ല. കോളനികളിൽ അനധികൃത കൈമാറ്റം ഭൂമിയുടെ കൈയേറ്റവും കണ്ടുവരുന്നു.

4. നിർമ്മാണ സാമഗ്രികളുടെ പ്രദേശികലഭ്യത കുറഞ്ഞുവരുന്നു

5. പാർപ്പിട നിർമ്മാണ രംഗത്ത് ദുർവ്യയവും ആർഭാടവും വർധിച്ചുവരുന്നു.

**സാധ്യതകൾ**

1. ഒമ്പതാം പദ്ധതിക്കാലത്ത് പാർപ്പിടം സ്വയം നിർമ്മിക്കൻ കഴിവില്ലാത്ത എല്ലാവർക്കും മിനിമം സൗകര്യങ്ങളോടു കൂടിയ വീടുകൾ നിർമ്മിച്ചു കൊടുക്കുക.

2. ലക്ഷം വീട് -നാല് സെന്റ് കോളനികളിലെ പാർപ്പിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടു കൂടി യഥാസമയം നടത്തുക.

3. ലക്ഷംവീട്-നാല്സെന്റ് കോളനികളിലെ അനധികൃത കൈമാറ്റവും ഭൂമി കൈയ്യേറ്റവും നിരുത്സാഹപ്പെടുത്തുക.

4. ലക്ഷംവീട്-നാല്സെന്റ് കോളനികളിലെ സ്ഥിരം താമസക്കാർക്ക് പട്ടയം നല്കുക.

5. ചെലവ് കുറഞ്ഞതും പ്രാദേശികവുമായി ലഭിക്കുന്നതുമായ കെട്ടിടനിർമ്മാണ സാമഗ്രികളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പാർപ്പിട നിർമ്മാണശൈലി പ്രചരിപ്പിക്കുക. ഇതിൽ പ്രാദേശിക വൈദഗ്ധ്യം സൃഷ്ടിക്കുക.

6. പാർപ്പിട നിർമ്മാണരംഗത്തെ ആർഭാടവും ദുർവ്യയവും നിരുത്സാഹപ്പെടുത്താൻ അഡീഷനൽ നികുതി ചുമത്തുക. ഈ തുക പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം നിർമ്മിച്ച് കൊടുക്കാൻ ഉപയോഗിക്കുക.

## സാമൂഹ്യക്ഷേമം

1991-92-ലെ IRDP സർവെപ്രകാരം ചെക്യാട് പഞ്ചായത്തിലെ 1865 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നു. 91-ലെ കാനേഷുമാരി കണക്ക്പ്രകാരം ആകെ 3398 കുടുംബങ്ങളാണ് ഈ പഞ്ചായ

ത്തിൽ ഉള്ളത്. അതായത് ഈ പഞ്ചായത്തിലെ പകുതിയിലേറെ കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നു. ദാരിദ്ര്യരേഖക്ക് താഴെകഴിയുന്ന കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന കുടുംബങ്ങൾ കൂടുതലുള്ളത് വടക്കെ കുറുവന്തേരിയിലും ഏറ്റവും കുറവ് പാറക്കടവിലുമാണ്.

ദാരിദ്ര്യരേഖക്ക് താഴെകഴിയുന്ന ജനങ്ങളിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. ഇവർക്ക് വർഷത്തിൽ 180 ദിവസത്തിൽ താഴെ മാത്രമേ ജോലി ലഭിക്കുന്നുള്ളൂ.

ദാരിദ്ര്യരേഖക്ക് താഴെയുള്ള 1865 കുടുംബങ്ങളിൽ 821 കുടുംബങ്ങൾക്ക് വിവിധ ദാരിദ്ര്യനിർമാർജന പദ്ധതികൾ പ്രകാരം സഹായം ലഭിച്ചു. ഇതിൽ 87 എണ്ണം പട്ടികജാതി പട്ടികജാതി പട്ടികവർഗ കുടുംബങ്ങളാണ്.

DWCRA പ്രകാരം 7 സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്. ഇതിൽ നാലെണ്ണം കറവപ്പശുക്കൾക്കും ഒരെണ്ണം റെഡിമെയ്ഡിനും ഒരെണ്ണം ബീഡിതെറുക്കാനും ഒരെണ്ണം പ്ലാസ്റ്റിക് കണ്ണികൾ ഉപയോഗിച്ചുള്ള നിർമാണത്തിനും ആയിരുന്നു. ഇതിൽ കറവപ്പശു വളർത്താൻ മാത്രമേ ഫലപ്രദമായി കണ്ടിട്ടുള്ളൂ. ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പരിപാടിപ്രകാരം 27 പേർക്ക് പണിയായുധങ്ങൾ നൽകിയിട്ടുണ്ട്. ട്രൈസം പദ്ധതിപ്രകാരം 33 പേർക്ക് തൊഴിൽപരിശീലനം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് വർക്ക്, ടൈപ്പ്റൈറ്റിംഗ്, തയ്യൽ, ഡ്രൈവിംഗ്, ജില്ലി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. കക്കൂസ് നിർമ്മിക്കാൻവേണ്ടി വി.ഇ.ഒ ഓഫീസിൽ ലഭിച്ച 529 അപേക്ഷകളിൽ 61 കക്കൂസുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

വില്ലേജ് ഓഫീസിലെ പെൻഷൻ രജിസ്റ്റർപ്രകാരം 72 പേർക്ക് വിധവ പെൻഷനും 22 പേർക്ക് വികലാംഗ പെൻഷനും 26 പേർക്ക് വാർധക്യ പെൻഷനും 268 പേർക്ക് കർഷകതൊഴിലാളി പെൻഷനും 2 പേർക്ക് കുഷ്ഠരോഗി പെൻഷനും 46 പേർക്ക് തൊഴിലില്ലായ്മ വേതനവും ലഭിച്ചിട്ടുണ്ട്.

വിധവ പെൻഷൻ, വാർധക്യ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ അനുവദിച്ച് കിട്ടുവാൻ കാലതാമസവും, പലതരം തടസ്സങ്ങളും അനുഭവപ്പെടുന്നതായി ഗ്രാമസഭകളിൽനിന്നും പരാതി വന്നിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പ്, ദാരിദ്ര്യരേഖക്ക് താഴെയുള്ള വിഭാഗത്തിനുവേണ്ടി വിവിധ പദ്ധതികൾ ആവി

| വാർഡ് ഡിവിഷൻ (പഴയ വാർഡ് പ്രകാരം) | ജനസംഖ്യ | ദാരിദ്ര്യരേഖക്ക് താഴെ |
|---|---|---|
| 1. ഉമ്മത്തൂർ | 1165 | 170 |
| 2. പാറക്കടവ് | 1194 | 144 |
| 3. താനക്കോട്ടൂർ | 1224 | 155 |
| 4. വടക്കേ കുറുവന്തേരി | 1440 | 374 |
| 5. കുറുവന്തേരി | 913 | 195 |
| 6. ചെക്യാട് വെസ്റ്റ് | 824 | 193 |
| 7. ചെക്യാട് ഈസ്റ്റ് | 907 | 218 |
| 8. പുളിയയാവ് | 895 | 196 |
| 9. ജാതിയേ ı | 1160 | 240 |

ഷ്ക്കരിക്കുന്നുണ്ടെങ്കിലും അവ ലക്ഷ്യംനേടുന്നതിൽ വിജയിക്കുന്നുണ്ട് എന്ന് പറഞ്ഞുകൂടാ. വിവിധ പദ്ധതികളെക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയും പദ്ധതികളെക്കുറിച്ചുള്ള വിവരം ലഭിക്കുന്നതിനുള്ള കാലതാമസവും പ്രാദേശിക സാധ്യതകളെ ഉപയോഗപ്പെടുത്തുന്ന പദ്ധതികളുടെ അഭാവവുമാണ് ഇതിന് മുഖ്യ കാരണം. ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ലഭിക്കുന്ന സഹായം അപര്യാപ്തവുമാണ്. ചെക്യാട് പഞ്ചായത്തിൽ രണ്ട് ഗ്രാമസേവകർ വേണ്ടിടത്ത് ഒരു ഗ്രാമ സേവകൻ മാത്രമേ ഉള്ളൂ. വനിതാക്ഷേമ പ്രവർത്തനങ്ങൾ നടത്താൻവേണ്ടി ഒരു ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ കൂടി നിയമിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമാർജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ.

2. പദ്ധതികളുടെ വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാൻ ഇന്നുള്ള സംവിധാനം ഫലപ്രദമല്ല.

3. കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നില്ല.

### സാധ്യതകൾ

1. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും ജനകീയ സംവിധാനം ഉണ്ടാക്കുക.

2. പ്രാദേശിക സാധ്യതകളുടെ ഇനങ്ങളിൽ ട്രൈസം പരിശീലനം നൽകുക. പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

3. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക.

4. മഹിളാസമാജങ്ങൾ, ബാലവാടികൾ, അംഗനവാടികൾ എന്നിവ പഞ്ചായത്തിന്റെ ആവശ്യമുള്ള ഭാഗങ്ങളിലെല്ലാം അനുവദിക്കുക.

5. വനിതകൾക്കായുള്ള സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുക.

# വനിത

ചെക്യാട് പഞ്ചായത്തിൽ സ്ത്രീപുരുഷ അനുപാതത്തിൽ സ്ത്രീകൾ കൂടുതലാണ്. 1991-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ ആകെ 20434 ആണ്. ഇതിൽ 9722 പുരുഷന്മാരും 10712 സ്ത്രീകളും ഉണ്ട്. പട്ടിക ജാതി വിഭാഗത്തിൽ 152 പുരുഷന്മാരും 165 സ്ത്രീകളും പട്ടികവർഗ്ഗവിഭാഗത്തിൽ 89 പുരുഷന്മാരും 86 സ്ത്രീകളുമുണ്ട്. പൊതു പ്രവണതകൾക്കപവാദമായി പട്ടികവർഗ്ഗവിഭാഗത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേതിനേക്കാൾ കുറവാണ് എന്നത് പഠനാർഹമാണ്. സക്ഷരരായ പുരുസ്ത്രീകളാണ് തൊഴിൽ രഹിതരായവരിൽ കൂടുതലുള്ളത്. സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. സാമൂഹ്യപരമായി വളരെ പിന്നോക്കം നിൽക്കുന്നവരാണവർ. സാമൂഹ്യമായ അടിമത്തങ്ങൾ ഇന്നും സ്ത്രീകൾ അനുഭവിക്കുന്നുണ്ട്. സ്ത്രീകൾ സ്വതന്ത്രരല്ല. സ്വന്തം കാര്യങ്ങളിൽ തീരുമാനം എടുക്കാനുള്ള സ്വാതന്ത്ര്യം പോലും മിക്കസ്ത്രീകൾക്കും ലഭിക്കുന്നില്ല.

സാമ്പത്തികമായി സ്ത്രീകളിൽ ഭൂരിഭാഗത്തിനും സ്വന്തമായ നിലനിൽപ്പില്ല. പുരുഷന്മാരുടെ വരുമാ

| | പു. | സ്ത്രീ | ആകെ |
|---|---|---|---|
| 6 മാസത്തിൽ കൂടുതൽ തൊഴിൽ ലഭിക്കുന്നവർ | 2795 | 494 | 3289 |
| അദ്ധ്വാനിക്കുന്ന കർഷകർ | 89 | 5 | 94 |
| കർഷകത്തൊഴിലാളികൾ | 196 | 56 | 252 |
| കരിങ്കൽ ക്വാറി തൊഴിലാളികൾ | 143 | 17 | 160 |
| കെട്ടിട നിർമ്മാണ തൊഴിലാളികൾ | 29 | 29 | 58 |
| 6 മാസത്തിൽ കുറവ് തൊഴിൽ ലഭിക്കുന്നവർ | 533 | 236 | 769 |
| തൊഴിൽ രഹിതർ | 6394 | 9982 | 16376 |

നത്തെ ആശ്രയിച്ചുകൊണ്ടാണ് 75% സ്ത്രീകളും ജീവിക്കുന്നത്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളാണ് കൂടുതലുള്ളത്. ബാലികാവിവാഹങ്ങൾ ഇന്നും തുടരുന്നതിനാൽ പെൺകുട്ടികൾ ചെറുപ്രായത്തിലേ കുടുംബിനികളായി മാറുന്നു. അതുകൊണ്ടു തന്നെ വേണ്ടത്ര വിദ്യാഭ്യാസം ലഭിക്കാതാകുന്നു. വിദ്യാഭ്യാസമില്ലാത്തതിനാൽ സാമൂഹ്യരംഗങ്ങളിലേക്ക് സ്ത്രീകൾ എത്തിപ്പെടുന്നില്ല.

ആരോഗ്യപരമായി പുരുഷന്മാരേക്കാൾ പിന്നോക്കമാണ് സ്ത്രീകളുടെ അവസ്ഥ. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ചികിത്സക്കെത്തുന്നത് കൂടുതലും സ്ത്രീകളാണ്.

മാനസികമായി സ്ത്രീകൾ അടിമത്തം അനുഭവിക്കുന്നുണ്ട്. വിദ്യാഭ്യാസകുറവും സ്ത്രീകളുടെ സാമൂഹ്യപദവിയെക്കുറിച്ച് വികലമായ ധാരണയുമാണ്, സ്ത്രീകളെ നേതൃത്വരംഗങ്ങളിലേക്ക് വരുന്നത് തടയുന്നത് പൊതുവെ സ്ത്രീകളിൽ അപകർഷതാബോധം ഉണ്ട്. പുരുഷന്മാരുടെ നിഷേധാത്മകമായ നിലപാടും സ്ത്രീകൾ പൊതുരംഗത്ത് വരുന്നതിന്തടസ്സം നിൽക്കുന്നു.

തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. കാർഷികമേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കൂലികുറവാണ്. പു 55-ഉം, സ്ത്രീ 40-ഉം ആണ് ഇന്നത്തെ ഉച്ചപ്പണിക്കൂലി നിരക്ക്.

പീഠനം മൂലം അവശതയനുഭവിക്കുന്ന സ്ത്രീകളുണ്ട്. മദ്യപാനം മൂലം സ്ത്രീകൾ ദുരിതമനുഭവിക്കുന്നുണ്ട്. സ്ത്രീധനസമ്പ്രദായം നിലനിൽക്കുന്നതിനാൽ സ്ത്രീപീഠനവും ഇല്ലാതെയല്ല. ആഡംബരത്തോടുകൂടിയ വിവാഹം, വിവാഹസമയത്തു നൽകുന്ന ആഭരണങ്ങളുടെ ധാരാളിത്തം എന്നിവ പെൺകുട്ടികളുടെ വിവാഹത്തിന് തടസ്സമായിത്തീരുന്നു.

**പ്രശ്നങ്ങൾ**

1. സ്ത്രീകൾ സാമൂഹ്യപരമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും പിന്നോക്കം നിൽക്കുന്നു.

2. സ്ത്രീകളുടെ സാമൂഹ്യ പദ്ധതിയെക്കുറിച്ച് സമൂഹത്തിൽ വികലമായ കാഴ്ചപ്പാട് നിലനിൽക്കുന്നു.

**സാദ്ധ്യതകൾ**

1. സ്ത്രീകളെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുക.

2. സ്ത്രീകൾക്ക് നടത്താൻ കഴിയുന്ന ചെറുകിട വ്യസായങ്ങൾ തുടങ്ങുക.

3. സ്ത്രീകൾക്ക് സാമൂഹ്യ പദവി ഉയർത്താൻ മറ്റു പ്രവർത്തനങ്ങൾക്കൊപ്പം ബോധവൽക്കരണ പരിപാടികളും ആവിഷ്ക്കരിക്കുക.

4. സ്ത്രീകളിൽ വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന ലൈബ്രറി ആരംഭിക്കുക.

5. സ്ത്രീകളുടെ വ്യക്തിത്വ വികാസത്തിന് ഉതകുന്ന വിവിധ പരിപാടികൾ ആവിഷ്ക്കരിക്കുക.

6. സ്ത്രീകളോടുള്ള സമൂഹത്തിന്റെ സമീപനം മാറ്റിയെടുക്കുക.

■

# സംസ്കാരം

മനുഷ്യന്റെ ജീവിതരീതിയിലും വിശ്വാസത്തിലും ആചാരങ്ങളിലും വരുന്ന മാറ്റം മനുഷ്യസമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിനും വികാസത്തിനും മെച്ചപ്പെട്ട ജീവിതരീതിക്കും സഹയകരമാവുന്നുവെങ്കിൽ, അത് സാംസ്കാരിക വളർച്ചയെ സൂചിപ്പിക്കുന്നു എന്നു പറയാം. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 75 വർഷങ്ങൾക്കിടയിൽ ഉണ്ടായ മാറ്റം ഈ വളർച്ചയെ സൂചിപ്പിക്കുന്നു.

സമൂഹത്തിലെ ജാതിപരമായ ഉച്ചനീചത്വങ്ങൾക്ക് ഏതാണ്ട് അറുതി വന്നിരിക്കുന്നു. കർഷകത്തൊഴിലാളികളോടും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളോടും മനുഷ്യത്വപൂർണ്ണമായ സമീപനം വളർന്നു വന്നിരിക്കുന്നു. അടുക്കളപ്പണിയിൽ തളക്കപ്പെട്ടും തള്ളപ്പെട്ടും വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെട്ടും കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന് അവസരം കൈവന്നിട്ടുണ്ട്. തൽഫലമായി സമൂഹത്തിൽ മാന്യമായ പദവിയും അംഗീകാരവും അവർക്ക് ലഭിക്കുന്നു. മാറ്മറക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീകൾക്ക്, ഇന്ന് സ്വന്തം അഭിരുചികൾക്കനുസരിച്ച് വസ്ത്രധാരണം ചെയ്യാൻ സാധിക്കുന്നു. അക്ഷരജ്ഞാനം പോലും ലഭിക്കാതെ അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും പെട്ടുഴറിയ മനുഷ്യൻ അക്ഷരജ്ഞാനവും അറിവും നേടുക വഴി ദുരാചാരങ്ങളിൽ നിന്നു അന്ധവിശ്വാസങ്ങളിൽനിന്നും മോചനം നേടിക്കൊണ്ടിരിക്കുന്നു.

ഈ സാംസ്കാരിക പുരോഗതിയുടെ മുഖ്യഘടകങ്ങളായി പ്രവർത്തിച്ചത് വിദ്യാഭ്യാസത്തിന്റെ വ്യാപനവും ജന്മിത്വത്തിന്റെ തകർച്ചയുമാണ്. ആദ്യകാലത്ത് പ്രൈമറിവിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത് സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിൽ ആയിരുന്നെങ്കിലും സമൂഹത്തിന്റെ പൊതു നന്മക്കായിരുന്നു അവർ മുന്തൂക്കം നൽകിയിരുന്നത്.

നമ്മുടെ കലാ–സാംസ്കാരിക–കായക രംഗം അന്ന് സമ്പന്നമായിരുന്നു. തെയ്യങ്ങൾ, ദഫ്മുട്ട് കോൽക്കളി, മാൻ പാട്ട്, വടക്കൻ പാട്ട്, നാടോടിക്കഥകൾ, നാടൻ ശീലുകൾ വിവിധതരം കായിക വിനോദങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന കലാസാംസ്കാരിക രൂപങ്ങൾ അന്ന് നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു. കർക്കിടകത്തിലെത്തുന്ന 'വേടനും' കാലനും' ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന കലാരൂപങ്ങൾ ആണ്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ, കൊയ്തുകാലങ്ങൾ, കല്ല്യാണവീടുകൾ, നാട്ടിപ്പണി വിവിധ ആഘോഷങ്ങൾ തുടങ്ങിയവയായിരുന്നു

ഈ കലാസാംസ്കാരിക രൂപങ്ങളെ നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും, ചെയ്തിരുന്ന ഘടകങ്ങൾ. കൂട്ടുകുഡുംബ വ്യവസ്ഥയും ഇവയുടെ നിലനില്പിനെ സഹായിച്ചു.

കലാ-സാംസ്കാരിക രംഗത്ത് ബോധപൂർവ്വം പ്രവർത്തിക്കുന്ന സംഘടനകൾ അക്കാലത്ത് ഉണ്ടായിരുന്നില്ലെങ്കിലും കലാ-കായിക പരിപാടികൾ ലളിതമായ രീതിയിൽ പഞ്ചായത്തിൽ അങ്ങിങ്ങായി. നടത്തപ്പെട്ടിരുന്ന.

ചെക്യാട് പഞ്ചായത്തിൽ കലാ-സാംസ്കാരിക ,സംഘടനകൾ രൂപം കൊള്ളാൻ തുടങ്ങിയത് ഈ അടുത്ത കാലത്തു മാത്രമാണ. 1980-കളിൽ സ്തുത്യർഹമായ പ്രവർത്തനം നടത്തിയിരുന്ന കലാവേദികളും നാടകസംഘങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. 90കളുടെ പകുതിയാവുമ്പോഴേക്കും ഇവയുടെ പ്രവർത്തനങ്ങൾ തീർത്തും നിർജ്ജീവമായെന്നു പറയാം. സാമൂഹ്യസാംസംകാരിക രംഗം നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കി പ്രവർത്തനം ആസൂത്രണം ചെയ്യുക എന്ന വ്യക്തമായ കാഴ്ചപ്പാട് ഈ സംഘടനകൾക്കൊ ന്നും ഉണ്ടായിരുന്നില്ല

1959-ൽ മുതൽ ഉമ്മത്തൂർ, കറുവന്തേരി, പുളിയാവ് താനക്കോട്ടൂർ തുടങ്ങിയ ഭാഗങ്ങളിൽ നാമമാത്രവായനശാലകൾ ഉണ്ടായിരുന്ന. വിവിധ സകീമുകളായി ഈ വായനശാലകൾക്കും മറ്റു സ്ഥാപനങ്ങൾക്കുമായി റേഡിയോ പഞ്ചായത്ത് അനുവദിച്ചിരുന്നതായി രേഖകളിൽ കാണുന്നു. എന്നാൽ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ 1965-ൽ പാറക്കടവിൽ സ്ഥാപിച്ച ലൈബ്രറിയാണ് അവയിൽ അല്പമെങ്കിലും പ്രവർത്തനം നടത്തിയിരുന്നത്. എന്നാൽ ഇതിന്റെ പ്രവർത്തനവും ക്രമേണ നിശ്ചലമായി. 1990-ൽ പഞ്ചായത്ത് സംസ്കാരികനിലയം ലൈബ്രറി പാറക്കടവിലും, താനക്കോട്ടൂരിൽ മറ്റൊരു ലൈബ്രറിയും സ്ഥാപിതമായി. 1991-ൽ ജാതിയേരി ജനവിദ്യാകേന്ദ്രം നിലവിൽ വന്നു. കൂടാതെ പാറക്കടവ് ജനവിദ്യാകേന്ദ്രവും അതേ വർഷം ആരംഭിച്ചു. ഈ സ്ഥാപനങ്ങളാണ് സാക്ഷരതാ പ്രവർത്തനത്തിന് നേതൃത്വം വഹിച്ചുകൊണ്ടിരിക്കുന്നത്.

**സാംസ്കാരിക രംഗത്തെ വെല്ലുവിളികൾ**

1. ജാതിപരവും മതപരവുമായ വേർതിരിവ് നിലനിൽക്കുന്നു.

2. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മലയോരങ്ങളിൽ അധിവസിക്കുന്ന കുറിച്യർ സമുദായം സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും ഒറ്റപ്പെട്ടു ജീവിക്കുന്നു.

3.സ്ത്രീയുടെ സാമൂഹ്യസാമ്പത്തിക പദവി ഇന്നും പിന്നോക്കം നിൽക്കുന്നു.

4.നാടൻ കലാ-കായികരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.

5. മാധ്യമങ്ങൾ വഴി നമ്മുടെ സാംസ്കാരിക തനിമയെ നശിപ്പിച്ച് പുത്തൻ ഉപഭോഗ,വാണിജ്യസംകംകാരത്തിന് നമ്മെ അടിമകളാക്കുന്ന തരത്തിലുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**വിവിധ വായനശാലകൾക്ക് പഞ്ചായത്ത് അനുവദിച്ച പത്രങ്ങൾ**

| | |
|---|---|
| AIS ഉമ്മത്തൂർ | മനോരമ, ചന്ദ്രിക, മാതൃഭൂമി, ദേശാഭിമാനി |
| CH സ്മാരകം ഈസ്റ്റ് ചെക്യാട് | മനോരമ ചന്ദ്രിക |
| ക്രസന്റ് ലൈബ്രറി ജാതിയേരി | ഇന്ത്യൻ എക്സ്പ്രസ്സ്, മാതൃഭൂമി, ചന്ദ്രിക |
| CH സ്മാരകം പുളിയാവ് | ചന്ദ്രിക, മനോരമ |
| CH സ്മാരകം പാറക്കടവ് | മനോരമ, ചന്ദ്രിക |
| CH സ്മാരകം വേവം | മനോരമ ചന്ദ്രിക |
| ബ്രദേഴ്സ് പുളിയാവ് | മനോരമ, ചന്ദ്രിക |
| താനക്കോട്ടൂർ | മാതൃഭൂമി |
| സാംസ്കാരിക നിലയം | മാതൃഭൂമി, മനോരമ, ഇന്ത്യൻ എക്സ്പ്രസ്സ്, ചന്ദ്രിക,ദേശാഭിമാനി, മാധ്യമം, കേരളകൗമുദി. |

6. മാതൃഭാഷയോടുള്ള അവഗണനയും ഇംഗ്ളീഷ്മീഡിയത്തോടുള്ള അഭിനിവേശവും നമ്മുടെ പ്രദേശത്ത് കൂടി വരുന്നു.

7. കുട്ടികളുടെ സർഗാത്മക ശേഷി വളർത്തിയെടുക്കാനുള്ള അവസരം വിദ്യാലയങ്ങളിൽ ലഭിക്കാതെ പോകുന്നു.

8. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാട് നിമിത്തം കുഞ്ഞുങ്ങളെ ഇംഗ്ളീഷ് മീഡിയം നഴ്സറികളിലും മറ്റും അയച്ച് പഠിപ്പിക്കുക വഴി അവരുടെ സ്വാഭാവികമായ മാനസിക വളർച്ചക്ക് അത് തടസ്സം സൃഷ്ടിക്കുന്നു.

9. ചാരായം നിരോധിക്കപ്പെട്ടെങ്കിലും വ്യാജ മദ്യ വില്പനയും ഉപഭോഗവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു.

10. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം യുവാക്കൾക്കിടയിൽ വർദ്ധിച്ചു വരുന്നു.

11. യുവാക്കൾക്കിടയിൽ ലക്ഷ്യബോധമില്ലായ്മയും സാംസ്കാരിക ജീർണ്ണതയും വർധിച്ചുവരുന്നു.

12. നല്ല വായനശീലം ഇനങ്ങൾക്കിടയിൽ കുറഞ്ഞുവരുന്നു.

13. ജനങ്ങളിൽ, പ്രത്യേകിച്ച് സത്രീകളിൽ നിരക്ഷരയായവർ ധാരാളം.

14. വിവാഹം തുടങ്ങിയ സാമൂഹ്യചടങ്ങുകൾ ആർഭാടപൂർവ്വവും മാത്സര്യ ബുദ്ധിയോടെയും കൊണ്ടാടി സമ്പത്ത് ധൂർത്തടിക്കുന്ന പ്രവണത കൂടി വരുന്നു.

**സാംസ്കാരിക സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഇന്നത്തെ അവസ്ഥ.**

*1. സാംസ്കാരികനിലയം*: ഇവിടെ 2172 പുസ്തകങ്ങളും 249 അംഗങ്ങളും ഉണ്ട്. ഒരു ഇംഗ്ളീഷ് പത്രം ഉൾപ്പെടെ ഏഴ് പത്രങ്ങളും നാല് ആനുകാലികങ്ങളും ഇവിടെ വരുത്തുന്നുണ്ട്. ഒരു പാർട് ടൈം ലൈബ്രേറിയനാണ് സാംസ്കാരി നിലയത്തിന്റെ ചുമതല നിലവാരം കുറഞ്ഞ പുസ്തകങ്ങൾ ധാരാളം ഉണ്ട്. ആവശ്യമായ അലമാര ഇല്ലാത്തതിനാൽ വിലയേറിയ പുസ്തകങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. ആനുകാലികങ്ങൾ ഇവിടെ വേണ്ടത്രയില്ല. മുഴുവൻ സമയ ലൈബ്രേറിയൻ ഇല്ലാത്തതിനാൽ അത് പ്രവർത്തനങ്ങളെ ബാധിക്കുന്നു.

പുസ്തകം ഇഷ്യു ചെയ്യുക, ആനുകാലികങ്ങളും പത്രങ്ങളും വായിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുക, ടി.വി. ഓപ്പറേറ്റു ചെയ്തു കൊടുക്കുക എന്നീ ജോലികൾ മാത്രമാണ് ഈ സ്ഥാപനത്തിൽ നടക്കുന്നത്. മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇതിന്റെ നേതൃത്വത്തിൽ നടക്കുന്നില്ല.

**താനക്കോട്ടൂർ ലൈബ്രേറി വായനശാല**

അഞ്ച് വർഷം മുമ്പ് (1991ൽ) സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനത്തിന് ഒരു ഫുൾടൈം ലൈബ്രേറിയൻ ഉണ്ട്. എന്നാൽ സാംസ്കാരിക പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ഒരു ഉപദേശക സമിതിയുടെ സഹായത്തോടെ ഒരു പാർട്ട്ടൈം ലൈബ്രേറിയന്റെ ആവശ്യം മാത്രമെ ഈ ലൈബ്രേറിക്കുള്ളൂ. ഈ ലൈബ്രേറിയിൽ വരിക്കാരുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട. പ്രവർത്തനത്തിൽ കൂടുതൽ അടുക്കും ചിട്ടയും രൂപപ്പെടുത്തി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുമാറ് പ്രവർത്തിപ്പിക്കേണ്ടതാണ്. ഇവിടെ അനുവദിച്ച 361 പുസ്തകങ്ങൾ അപര്യാപ്തമാണ്. ആനുകാലികമായി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന കൂടുതൽ പുസ്തകങ്ങൾ വാങ്ങേണ്ടതും പത്രങ്ങൾ ലൈബ്രേറിയിൽ എത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പത്രങ്ങൾ നല്കാൻ വേണ്ടി പഞ്ചായത്ത് തൊള്ളായിരം രൂപ പ്രതിവർഷം ചെലവ് ചെയ്യുന്നുണ്ട്. ലൈബ്രേറിയുടെ പ്രവർത്തനം ജനപങ്കാളിത്വത്തോടെ കൂടുതൽ കാര്യക്ഷമമാക്കേണ്ടും പാഴ്ചെലവുകൾ വരാതെ നോക്കേണ്ടതുമാണ്.

**കലാസാംസംകാരിക സംഘടനകൾ.**

ഇവിടെ 17 കലാസാംസ്കാരിക സംഘടനകൾ ഉണ്ട്. ഇവയിൽ ഭൂരിപക്ഷവും നിർജ്ജീവാവസ്ഥയിലാണ്. ചിലസമിതികൾ ജീവന്റെ തുടിപ്പ് കാണിക്കുന്നുണ്ടെങ്കിലും കലാസമിതികളുടെ പൊതുസ്ഥിതി ആശാവഹമല്ല.

**പ്രശ്നങ്ങൾ**

1. നമ്മുടെ സാംസ്കാരികത്തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ജീർണ്ണതയുടെ പ്രവണതകൾ ശക്തിപ്പെട്ടു വരികയും ചെയ്യുന്നു.

2. സാംസ്കാരിക രംഗത്തെ ഈ വെല്ലുവിളികളെ നേരിടാൻ നമ്മുടെ പഞ്ചായത്തിലെ സാംസംകാരിക സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

**സാധ്യതകൾ**

1. സാംസ്കാരിക രംഗത്തെ വെല്ലുവിളികളെ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കു

ന്നതിനു വേണ്ടി പഞ്ചായത്ത് സാംസ്കാരിക നിലയ ത്തിന്റെ കീഴിൽ ഒരു ജനകീയ സാംസംകാരിക വേദി രൂപീകരിക്കുക.

2.പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ പ്രാദേ ശിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.

3, നാടൻ കലാ-കായിക-സാഹിത്യ രൂപങ്ങൾക്ക് പ്രാമുഖ്യം നല്കിക്കൊണ്ട് ഗ്രാമോത്സവങ്ങളും കേര ളോത്സവങ്ങളും സംഘടിപ്പിക്കുക.

4. സാംസ്കാരിക നിലയ്ത്തിന് ഒരു ഫുൾടൈം ലൈബ്രേറിയനെ അനുവദിക്കുക.

5. സ്ത്രീകളുടെ നല്ലവായനാശീലം പ്രോത്സാഹി പ്പിക്കാൻ, സാധ്യതയുള്ള സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന ഗ്രന്ഥാലങ്ങൾ ആരംഭിക്കുക.



# സഹകരണ മേഖല

ചെക്യാട് പഞ്ചായത്തിൽ നിലവിൽ ഒരു സഹകരണ സ്ഥാപനമേ പ്രവർത്തിക്കുന്നുള്ളൂ. 1956-ൽ ഐക്യ നാണയ സംഘം എന്ന പേരിൽ പടിക്കലക്കണ്ടിയിൽ എന്ന വീട്ടിൽ ഒരു സംഘടന രൂപീകരിച്ചു. പിന്നീട് 1958-ൽ മണ്ടോടി കുഞ്ഞി ഒണക്കന്റെ പീടികയിൽ കോ-ഓപ്പറേറ്റീവ് ബേങ്ക് എന്ന പേരിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി. 22-3-1958ൽ രൂപീകരിച്ച ബേങ്ക് അന്ന് കർഷകർക്ക് ലോൺ കൊടുക്കുന്നത് 100രൂപ മാത്രമായിരുന്നു. നാമമാത്രകർഷകർ മാത്രമേ അന്ന് അംഗങ്ങളായി ഉണ്ടായിരുന്നുള്ളൂ. പിന്നീട് ബേങ്ക് പടിപടിയായി മുന്നോട്ട് പോയിക്കൊണ്ടിരുന്ന അവസരത്തിൽ അന്നത്തെ പീടികയുടെ സൗകര്യക്കുറവ് പ്രധാന പ്രശ്നമായി വരികയും ഭരണസമിതിയുടെ തീരുമാന പ്രകാരം ജനപങ്കാളിത്തത്തോട് കൂടിയും വായ്പകൾ വാങ്ങിയും സ്വന്തം പേരിൽ ബാങ്ക് പുതിയ കെട്ടിടം നിർമിച്ചു. ചെക്യാട് സർവീസ് സഹകരണ ബേങ്ക് എന്ന പേരിൽ 1981-ൽ പുതിയ കെട്ടിടത്തിൽ ബേങ്കിന്റെ പ്രവർത്തനം ആരംഭിച്ചു.

**അവലോകനം**

ചുരുങ്ങിയ അംഗങ്ങളുമായി തുടങ്ങിയ ബേങ്കിൽ ഇപ്പോൾ 12977 അംഗങ്ങളാണ് ഉള്ളത്. ഇവരിൽ എ-ക്ലാസ്സ് അംഗങ്ങളായി 3780ഉം സി- ക്ലാസ്സ് അംഗങ്ങളായി 9136ഉം ബി-ക്ലാസ്സിൽ ഒരു അംഗവുമാണ് ഉള്ളത്. ആളോഹരി വില 5 രൂപയായിരുന്നു വാങ്ങിയത്. മൊത്തം അംഗീകൃത ഓഹരി മൂലധനം 15,10,000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 6,57,611 രൂപയും ആയിരുന്നു. കാർഷിക ലോൺ, വീട്ടാവശ്യത്തിനുള്ള ദീർഘകാല ലോൺ, സ്വർണ പണ്ടപണയം, ഐ-ആർ-ഡി-പി, കിണർ, വീടുനിർമ്മിക്കാനുള്ള ലോൺ മുതലായവയാണ് വായ്പകൊടുത്തു കൊണ്ടിരിക്കുന്നത്. ബേങ്ക് ബിസിനസിനു പുറമേ സഹകരണ സ്റ്റോർ, വളം ഡിപ്പോ എന്നിവയും ബേങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളിൽ സമ്പാദ്യമനോഭാവം വളർത്താൻ വേണ്ടി മൂന്നു ജോലിക്കാരെ കമ്മീഷൻ വ്യവസ്ഥയിൽ നിയമിച്ചു, നിത്യപിരിവു നടത്തി ധനം സ്വരൂപിക്കുന്നുണ്ട്. കാർഷിക ലോൺ കൃഷിക്ക് ഉപയോഗിക്കാതെ മറ്റു മേഖലകളിലേക്ക് ഉപയോഗിക്കുന്നത് കൊണ്ട് കൃഷി അഭിവൃദ്ധിപ്പെടാത്തതിന് പുറമെ ബേങ്കിലേക്ക് തിരിച്ചടവ് വരികയും ചെയ്യുന്നില്ല. അതുകൊണ്ട് ബേങ്കിന് മുന്നോട്ട് പോകുവാൻ പ്രയാസം നേരിടുകയും ചെയ്യുന്നു. ജനങ്ങളിൽ ഇതിനെപ്പറ്റി ബോധവൽക്കരണം നടത്തിയാൽ ബേങ്കിന് അഭിവൃദ്ധി പ്രാപിക്കുവാൻ കഴിയും.

പ്രസ്തുത ബാങ്ക് കാർഷിക ലോണായി 2000 (

രണ്ടായിരം) രൂപയാണ് ഇപ്പോൾ കൊടുത്തുവരുന്നത്. പ്രവർത്തന സൌകര്യത്തിന് വേണ്ടി ബൈലോ ഭേദഗതി ചെയ്ത് അയച്ചിട്ടുണ്ട്. അത് അംഗീകരിച്ചാൽ പാറക്കടവിൽ എരു ബ്രാഞ്ച് തുറന്ന് പ്രവർത്തിക്കുവാനും കാർഷിക ലോൺ 5000 രൂപയായി വർദ്ധിപ്പിച്ച് കൃഷിക്കാർക്ക് കൊടുക്കുവാനും സാധിക്കും.

ചെക്യാട് പഞ്ചായത്തിൽ സഹകരണ ബേങ്ക് മാത്രം പ്രവർത്തിക്കുന്ന സാഹചര്യതത്തിൽ മറ്റു പല പദ്ധതികളും സഹകരണാടിസ്ഥാനത്തിൽ നടത്താനുള്ള സാധ്യതകളുണ്ട്. സഹകരണ ആശുപത്രി, ക്ഷീരോൽപന്ന യൂണിറ്റ്. വനിതാ സഹകരണ സംഘങ്ങൾ, നെയ്ത്ത് യൂണിറ്റ്, പാൽ സൊസൈറ്റി, ബീഡി നിർമ്മാണം, സോപ്പ് നിർമ്മാണം, റെഡിമെയ്ഡ്, കല്ല് വെട്ട്, മെഴുകുതിരി നിർമ്മാണം, തീട്ടി നിർമമ്മണം, സഹകരണ മാവേലി സ്റ്റോർ, കാർഷികോൽപന്നങ്ങളുടെ സംഭരണവും വിതരണവും, ക്രഷർ, കൺസ്യൂമർ സ്റ്റോർ, പ്ലാസ്റ്റിക് കൊണ്ട് കസേര മടയൽ മുതലായ പദ്ധതികൾ ആരംഭിക്കാൻ സാധ്യതയുണ്ട്.

### പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ മിക്കതും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ശരിയായ രീതിയിലല്ല.

2. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലുള്ള ജനങ്ങൾക്കും ബാങ്കിൽ അംഗത്വമില്ല.

3. അതാത് കാലങ്ങളിൽ ബേങ്ക് വഴി ലഭ്യമാകുന്ന സഹായങ്ങളെക്കുറിച്ച് വേണ്ടത്ര പ്രചരണം ഉണ്ടാകുന്നില്ല.

4. കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനുമുള്ള സംവിധാനങ്ങളില്ല.

5. പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനും ശാഖകൾ സ്ഥാപിക്കാനും നിയമ തടസ്സങ്ങളുണ്ട്.

6. സഹകരണ സ്റ്റോറിലെ സാധനങ്ങളുടെ വില പൊതു മാർക്കറ്റുമായി മത്സരിക്കാൻ ഇതകുന്ന വിധത്തിലുള്ളതല്ല.

### സാധ്യതകൾ

1. പഞ്ചായത്തിലെ പ്രായപൂർത്തി വോട്ടവകാശമുള്ള മുഴുവൻ പേരെയും ചെക്യാട് സർവ്വീസ് സഹകരണ ബേങ്കിലെ മെമ്പർമാരാക്കി മാറ്റുക.

3. വായ്പകൾ ഉല്പാദന വർദ്ധനവിനെ ലക്ഷ്യമാക്കിയാകണം.

3. തൊഴിലാളികളെയും വിദഗ്ദ്ധരെയും ഏകോപിപ്പിച്ചുകൊണ്ട് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി സ്ഥാപക്കുക.

4. മിൽക്ക് സൊസൈറ്റി സ്ഥാപിക്കുക.

5. പാറക്കടവിൽ സഹകരണ ബേങ്കിന്റെ ഒരു ശാഖ തുടങ്ങുക.

6. പഞ്ചായത്ത് സമിതികളും ബേങ്കുകളും തമ്മിലുള്ള ബന്ധം ശക്തമാക്കുക.

7. കാർഷിക വായ്പയുടെയും, സ്വർണ്ണപ്പണയ വായ്പയുടെയും തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.

8. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കാൻ സംവിധാനം ഉണ്ടാക്കുക.

9. സ്വയം തൊഴിൽ സംരംഭകർക്ക് കൂടുതൽ വായ്പ അനുവദിക്കുക.

10. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സഹകരണ സ്റ്റോറുകൾ സ്ഥാപിക്കുക.

11. വനിതകൾക്ക് ഇലക്ട്രോണിക്സ് രംഗത്ത് പരിശീലനം നൽകി വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

12. സഹകരണ ബേങ്കിന്റെ കടം കൊടുക്കുന്ന മാനദണ്ഡം പുനർ നിർണ്ണയം ചെയ്യുക.

■

# പട്ടികജാതി പട്ടിക വർഗ ക്ഷേമം

**1991**–ലെ സെൻസസ് പ്രകാരം ചെക്യാട് പഞ്ചായത്തിലെ ജനസംഖ്യ 20434 ആണ്. ഇതിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർ 317 ഉം (പുരുഷന്മാർ 152, സ്ത്രീകൾ: 165) പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ 175 ഉം (പുരുഷന്മാർ: 89, സ്ത്രീകൾ:86) ആണ്.

ചെക്യാട് പഞ്ചായത്തിലെ പട്ടിക വർഗ്ഗ കോളനി കണ്ടിവാതുക്കൽ ആണ്. പട്ടികജാതി കോളനി ഈ പഞ്ചായത്തിലില്ല. കണ്ടിവാതുക്കൽ അംബേദ്കർ കോളനിയിൽ വൈദ്യുതി, കക്കൂസ് എന്നീ സൗകര്യങ്ങൾ ഉണ്ടെങ്കിലും വേനൽക്കാലങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു. ഈ കോളനിയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ഒരു ഗവ. വെൽഫെയർ എൽ.പി. സ്ക്കൂൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും സ്ക്കൂളിന്റെ നില പരിതാപകരമാണ്. വിദ്യാലയത്തിലെ രജിസ്റ്ററിൽ ആകെ 31 കുട്ടികൾ മാത്രമാണ് ഉള്ളത്. ഇതിൽ 17 കുട്ടികൾ പട്ടിക വർഗ വിഭാഗത്തിൽ പെട്ടതാണ് (11 ആൺകുട്ടികളും 6 പെൺകുട്ടികളും) സ്ക്കൂളിൽ നാല് അധ്യാപകർ ഉണ്ടെങ്കിലും അവർ കൃത്യമായി സ്ക്കൂളിൽ ഹാജരാകാറില്ല എന്നാണ് തദ്ദേശ വാസികളുടെ പരാതി. അധ്യാപകരിൽ കൂടുതലും താൽക്കാലിക നിയമനം ലഭിച്ചവരാണ്.

ഈ കോളനി നിവാസികളുടെ പൊതു സ്ഥിതി മറ്റു കോളനികളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. എങ്കിലും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ജി.ഡബ്ല്യു. എൽ.പി.എസിന്റെ പരിതാപകരമായ നില, സമൂഹത്തിൽ നിന്നുള്ള അകൽച്ച, തനത് കലാ സാംസ്കാരിക രൂപങ്ങളുടെ തകർച്ച എന്നിവ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. പഞ്ഞമാസങ്ങളിൽ മിക്ക കുടുംബങ്ങളിലും പട്ടിണി അനുഭവപ്പെടുന്നു. ആശുപത്രി സൗകര്യം, ഗതാഗതസൗകര്യം എന്നിവയുടെ കാര്യത്തിലും ഈ കോളനി നിവാസികൾ ദുരിതം അനുഭവിക്കുന്നു.

നേരത്തെ സൂചിപ്പിച്ചതു പോലെ പഞ്ചായത്തിൽ പട്ടികജാതി കോളനി ഇല്ല. വിദ്യാഭ്യാസപരമായും സാമൂഹികമായും ഉള്ള പിന്നോക്കാവസ്ഥ ഈ വിഭാഗത്തിൽ മാറിവരുന്നുണ്ട്. ജാതിപരമായ ഉച്ചനീചത്വം ചെക്യാട് പഞ്ചായത്തിൽ കുറഞ്ഞു വരുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ടവർ കൂടുതലായി താമസിക്കുന്ന ചെക്യാട് പഞ്ചായത്ത് 8–ാം വാർഡിലേയും 7–ാം വാർഡിലേയും ഭാഗങ്ങൾ കോളനിയായി അംഗീകരിക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. അബേദ്കർ കോളനിയിൽ കുടിവെള്ളം, ഗതാഗത സൗകര്യം, ചികിത്സാ സൗകര്യം എന്നിവയുടെ അഭാവമുണ്ട്.

2. ഗവ. വെൽഫെയർ സ്ക്കൂളിന്റെ പഠന നിലവാരവും കുട്ടികളുടെ ഹാജർ നിലയും തൃപ്തികരമല്ല.

ദാരിദ്ര്യവും തൊഴിലില്ലായ്മയും അനുഭവിക്കുന്ന പട്ടികജാതിയിൽപ്പെട്ട കുടുംബാംഗങ്ങൾ ചെക്യാട് പഞ്ചായത്തിൽ ഉണ്ട്.

**സാധ്യതകൾ**

1. കണ്ടിവാതുക്കൽ അംബേദ്കർ കോളനിയിലെ ജനങ്ങൾക്ക് കുടിവെള്ളം ഗതാഗത സൗകര്യം ചികിത്സ സൗകര്യം എന്നിവ ഏർപ്പെടുത്തുക.

2. ഗവൺമെന്റ് വെൽഫെയർ സ്ക്കൂളിൽ തദ്ദേശവാസികളായ അദ്ധ്യാപകരെ നിയമിക്കുക. കുട്ടികളുടെ ഒഴിഞ്ഞുപോക്ക് തടയാനുള്ള പരിപാടികൾ നടപ്പിലാക്കുക.

3. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥക്ക് ശാശ്വതമായ പരിഹാരം കാണുക.



# വിഭവസമാഹരണം

**1995-96** വർഷത്തിൽ 1301776.30 രൂപയാണ് പഞ്ചാത്തിന്റെ വരുമാനം. ഇതിൽ പഞ്ചായത്തിന്റെ തനത് വരുമാനം 219771.05 രൂപയും ഗ്രാന്റ്, സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതി വിഹിതം എന്നിവ 1082005.25 രൂപയുമാണ്.

## തനത് വരുമാനം

### a. കെട്ടിടനികുതി

143286.05 രൂപയുടെ ധനാഭ്യർത്ഥനയാണ് ഇപ്പോൾ നിലവിലുള്ളത്. 1992 വർഷത്തിലാണ് 5 വർഷത്തേക്കുള്ള നികുതി പുതുക്കി നിശ്ചയിച്ചത്. അന്ന് 100% നികുതി വർദ്ധനവ് വരുത്തിയെങ്കിലും മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പഞ്ചായത്തിലെ കെട്ടിട നികുതി ഇന്നും കുറവാണ്. ഉദാഹരണമായി ഈ പഞ്ചായത്തിൽ 60 രൂപ നികുതി ചുമത്തപ്പെടുന്ന അതേ നിലവാരത്തിലുള്ള കെട്ടിത്തിന് മറ്റു പഞ്ചായത്തുകളിൽ 140 രൂപ വരെ നികുതി ചുമത്തുന്നു. അതായത് കെട്ടിട നികുതി 100% വർദ്ധിപ്പിച്ചാലും ചെക്യാട് പഞ്ചായത്തിലെ നികുതി നിരക്ക് താരതമ്യേന താഴ്ന്നതായി തന്നെ തുടരും.

കെട്ടിടങ്ങൾ പുതുക്കി പണിയുമ്പോഴൊ വികസിപ്പിക്കുമ്പോഴൊ യഥാസമയം പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടാത്തത് കാരണം നികുതി പുനർ നിർണ്ണയം ചെയ്യാൻ പ്രയാസം അനുഭവപ്പെടാറുണ്ട്. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഫിനിഷിങ്ങ് വർക്ക് പൂർത്തിയാകുന്നതിന് മുമ്പ് തന്നെ താമസം ആരംഭിക്കുകയും വൈദ്യുതീകരണ ആവശ്യത്തിലേക്കും മറ്റും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടിവരുന്നതും കൊണ്ടു കെട്ടിടത്തിന്റെ യഥാർത്ഥ വില നിശ്ചയിച്ച് നികുതി ചുമത്താൻ തടസ്സം നേരിടുന്നു.

### b. തൊഴിൽ നികുതി

68480 രൂപ തൊഴിൽ നികുതി ഇനത്തിൽ ലഭിക്കുന്നു. ഉദ്യോഗസ്ഥർ, കച്ചവടക്കാർ എന്നീ വിഭാഗങ്ങളിൽ നന്നാണ് ഈ നികുതി ലഭിക്കുന്നത്.

### c. സ്വകാര്യ മാർക്കറ്റ്

മത്സ്യ, മാംസ മാർക്കറ്റിൽ നിന്നും 937 രൂപ 50 പ. പ്രതിവർഷം ലഭിക്കുന്നു.

### d. ലൈസൻസ് ഫീ:

ഈ ഇനത്തിൽ 95,96 വർഷത്തിൽ 7067.50 രൂപ ലഭിച്ചു. കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീയാണ് ഇതിൽ പ്രധാനം.

**സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതി വിഹിതം**

വസ്തു കൈമാറ്റ നികുതിയുടെ 75% 104869.00 രൂപയും 25% 60000 രൂപയും സംസ്ഥാന വിഹിതമായി ലഭിച്ചു. വരുമാനം കുറഞ്ഞ പഞ്ചായത്തെന്ന പരിഗണനയിൽ നികുതിയുടെ 25% മുഴുവൻ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

**അടിസ്ഥാന നികുതി**

ഭൂനികുതിയുടെ 75% 44465 രൂപ ഈ ഇനത്തിൽ ലഭിച്ചു. സംസ്ഥാന വിഹിതമായി ലഭിക്കുന്നതിന് പകരം നേരിട്ട് പഞ്ചായത്ത് ഫണ്ടിൽ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

**വാഹന നികുതി വിഹിതം**

159690 രൂപ ഈ ഇനത്തിൽ ലഭിക്കുന്നു

**ഗ്രാന്റുകൾ**

1. ഉപാധി രഹിത ഫണ്ട്

ഈ ഇനത്തിൽ 303460 രൂപ 95–96 വർഷത്തിൽ ലഭിച്ചു. ഇതിൽ 49950 രൂപ ഗിരിജനങ്ങൾക്കായി സർക്കാർ നീക്കിവെച്ചിട്ടുണ്ട്. ബാക്കി സംഖ്യ മുഴുവൻ റോഡുകളുടെ നിർമ്മാണ പുനരുദ്ധാരണ ഇനങ്ങൾക്കായിട്ടാണ് നീക്കിവെച്ചിട്ടുള്ളത്.

**(2) പ്രത്യേക തൊഴിൽ ദാന പദ്ധതി:** പ്രത്യുൽപാദനപരമായ കാർഷികവികസന പദ്ധതിയോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള ഈ പദ്ധതിയിൽ എരഞ്ഞാട്ട് താഴെ തോടിന് ബണ്ട്കെട്ടി ജലസേചന സൗകര്യമുണ്ടാക്കി നെല്ല് ഉൽപാദനം വർദ്ധിപ്പിക്കാനാണ് ഈ തുക നീക്കി വെച്ചിട്ടുള്ളത്. 1 ലക്ഷം രൂപ ഇതിന് അനുവദിച്ചിട്ടുണ്ടെങ്കിലും കർഷകർ സന്നദ്ധരായി മുന്നോട്ട് വന്നിട്ടില്ല.

**(3) എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്:** പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പളം നൽകാൻ വേണ്ടി നൽകുന്ന വിഹിതമാണ് ഇത്. 48283 രൂപ ഈ ഇനത്തിൽ ലഭിച്ചു.

**(4) വില്ലേജ് റോഡ് മെയ്ന്റൻസ് ഗ്രാന്റ് (VRM ഗ്രാന്റ്) :** പഞ്ചായത്തിലെ 105 കിലോമീറ്ററോളം വരുന്ന ചെമ്മൺ റോഡുകളുടെ വാർഷിക അറ്റകുറ്റ പണികൾക്ക് നൽകിവരുന്ന ഗ്രാന്റാണിത്. 95-96 വർഷത്തിൽ 23978 രൂപ ഈ ഇനത്തിൽ അനുവദിച്ചു എന്നാൽ ഈ സംഖ്യ അപര്യാപ്തമാണ്.

**(5)ജവഹാർ റോസ്ഗാർ യോജനഫണ്ട് (JRY ഫണ്ട്):** കഴിഞ്ഞ വർഷം 214459രൂപ ജനറൽ വിഭാഗത്തിലും 822362 രൂപ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും അനുവദിച്ചു. ഈ സംഖ്യകൾ മുഴുവനും റോഡ് നിർമ്മാണ–പുനരുദ്ധാരണത്തിനാണ് ചെലവഴിച്ചത്.

പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം കൃഷിഭവൻ, പ്രാഥമികാരോഗ്യകേന്ദ്രം, മൃഗാശുപത്രി ഗവ: LP സ്കൂളുകൾ, ക്ഷീരവികസനം തുടങ്ങി 13 വകുപ്പുകളുടെ നിർവഹണ ചുമതലയും ഫണ്ടും പഞ്ചായത്തിന് ലഭിക്കുന്നുണ്ട്.

***ചെലവിനങ്ങൾ***

| | |
|---|---|
| ഭരണ ചിലവ് | 347538 രൂ. |
| പൊതു മരാമത്ത് | 352165 രൂ. |
| ക്യാഷ് അവാർഡ് | 3155 രൂ. |
| പൊതജനാരോഗ്യം (പൾസ് പോളിയോ) | 3331 രൂ. |
| തെരുവു വിളക്കുകൾ | 22524 രൂ. |
| മറ്റുള്ളവ | 507815 രൂ. |
| ആകെ. | 1236528 രൂ. |

പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളും ചിലവിനങ്ങളും വിശകലനം ചെയ്തിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങൾ ചുവടെകൊടുക്കുന്നു.

ചെക്യാട് പഞ്ചായത്തിലെ കെട്ടിടനികുതി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ് മുൻകാലങ്ങളിൽ കെട്ടിടങ്ങൾക്ക് "കൊല്ലോട്ട്" വാടക (കൊല്ലത്തേക്കുള്ള വാടക) നിശ്ചയിച്ചിരുന്നത് താഴ്ന്നനിരക്കിലായിരുന്നതാണ് ഇതിന്റെ അടിസ്ഥാന കാരണം. പിന്നീട് 1992-ൽ കെട്ടിടനികുതി നിശ്ചയിക്കുമ്പോൾ പരമാവധി 20% മാത്രമേ വർദ്ധനവ് പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശവും വന്നു. (എങ്കിലും പഞ്ചായത്തിലെ കെട്ടിടനകുതിയിലുള്ള താഴ്ന്ന നിരക്ക് പരിഗണിച്ച് 1992- ൽ 100% വർദ്ധിപ്പിച്ചു)

***ചെലവിനങ്ങൾ – വിശകലനം:-***

വരുമാന വർദ്ധനവിന്റെ നിരക്കിനേക്കാൾ വേഗത്തിൽ ചെലവിന്റെ വർദ്ധന നിരക്ക് കൂടുന്നു. തെരുവുവിളക്കുകൾ 25% മാത്രമേ കത്തുന്നുള്ളൂ. ഇതിന് വേണ്ടി ചെലവഴിക്കപ്പെടുന്ന 22524 രൂപ അതുകൊണ്ടുതന്നെ പാഴ്ചെലവായി മാറുന്നു ജലവിതരണത്തിനായി ചെലവഴിക്കപ്പെടുന്ന 32087 രൂപ ജലവിതരണത്തിലുള്ള അപാകത കാരണം പാഴായിപോകുന്നു.

പൊതുമരാമത്ത് പണികളുടെ ജനപങ്കാളിത്തകുറവ്

മൂലം കാര്യക്ഷമത കുറയുന്നു.

ഉപാധിരഹിത ഫണ്ട് ഇന്ന് റോഡുകൾക്ക് വേണ്ടി മാത്രമാണ് ചെലവഴിക്കപ്പെടുന്നത്. പ്രത്യുൽപാദനപരമായ രംഗങ്ങളിൽ ചെലവഴിക്കപ്പെടുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സ് വകയിൽ റൂറൽ ഡവലപ്പമെന്റ് ബോർഡിലേക്ക് പ്രതിവർഷം അടക്കേണ്ടിവരുന്ന ഗഡു സംഖ്യയും വാടക ഇനത്തിൽ ലഭിക്കുന്ന വരുമാനവും തമ്മിൽ വലിയ അന്തരമുണ്ട്. വാർഷിക ഗഡു സംഖ്യയും പലിശയും ഇനത്തിൽ 100000 (ഒരു ലക്ഷം) രൂപ പ്രതിവർഷം അടക്കേണ്ടതാണ്. പ്രതീക്ഷിക്കുന്ന വരുമാനം 50000 (അമ്പതിനായിരം) രൂപ മാത്രമാണ്. 10 ലക്ഷം രൂപ ചെലവ് ചെയ്തു നിർമ്മിക്കപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സ് 10 വർഷംകൊണ്ട് പഞ്ചായത്തിന് സ്വന്തമാകുമെങ്കിലും പ്രതിവർഷം അടക്കാൻ വേണ്ടി വരുന്ന തുക പഞ്ചായത്തിന് താല്ക്കാലികമാണെങ്കിലും കനത്ത സാമ്പത്തിക ബാധ്യത വരുത്തി വെക്കുന്നു.

പഞ്ചായത്തിന് ഇന്നുള്ള വരുമാനവും ചെലവും തമ്മിലുള്ള അന്തരം പഞ്ചായത്തിന്റെ വികസന പാതയിൽ പ്രതിബന്ധമായി നലനിൽക്കുന്നു. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങളും പ്രശ്നങ്ങളും പരിഗണിച്ചുകൊണ്ടുള്ള ഒരു വികസന പദ്ധതി നടപ്പിൽ വരുത്തണമെങ്കിൽ നമ്മുടെ വിഭവസമാഹരണശേഷി പലമടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിയും പാഴ്ചെലവുകൾ പരമാവധി ഒഴിവാക്കിയും പ്രാദേശിക ധന വിഭവവും മനുഷ്യവിഭവവും പ്രയോജനപ്പെടുത്തിയും നമ്മുടെ പഞ്ചായത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. ഇതിന് സഹായകമായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കെട്ടിട നികുതി വർദ്ധിപ്പിക്കുക.
2. ബിൽഡിങ്ങ റഗുലേഷൻ ആക്റ്റ് നടപ്പിലാക്കുക.
3. ടെലിവിഷന് നികുതി ചുമത്തുക.
4. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിനുള്ള നികുതി സംവിധാനം ഏർപ്പെടുത്തുക.
5. പാറ, മണ്ണ്, ചെങ്കല്ല്, ക്വാറി കൾക്ക് ലൈസൻസ്.
6. പരസ്യ നികുതി ചുമത്തുക.
7. സ്വകാര്യ നർസിംഗ് ഹോമുകൾക്ക് നികുതി ചുമത്തുക.
8. വാർഡ്തല വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, വാർഡ് തലത്തിലുള്ള വികസന പ്രവർത്തനങ്ങൾ സന്നദ്ധസേവനം കൂടി പ്രയോജനപ്പെടുത്തികൊണ്ട് വാർഡ്തല സമിതിയുടെ നേതൃത്വത്തിൽ നടത്തുക.
9. KWA, ടെലി കമ്മ്യൂണിക്കേഷൻ തുടങ്ങിയ വകുപ്പുകൾ പഞ്ചായത്ത് റോഡ് കേബിൾ, പൈപ്പ് തുടങ്ങിയവ സ്ഥാപിക്കുവാൻ വേണ്ടി ചാലുകീറുമ്പോൾ റോഡ് പുന:സ്ഥാപിക്കാൻ ആവശ്യമായ തുക അതാത് വകുപ്പുകളിൽ നിന്നും ലഭ്യമാക്കുക.

●

## ഉപസംഹാരം

ഒമ്പതാം പദ്ധതി ജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം വഴി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനം ശ്ലാഘനീയമാണ്. അതിന്റെ ഭാഗമായി ചെക്യാട് ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനം നല്ലൊരളവോളം വിജയിപ്പിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട് എന്നതിൽ സന്തോഷമുണ്ട്.

വിശേഷാൽ ഗ്രാമ സഭകളിലെ ചർച്ചകളിലൂടെ ക്രോഡീകരിക്കപ്പെട്ട റിപ്പോർട്ടുകൾ വളരെ വിലപ്പെട്ടതാണ്. അതിൽ ആവശ്യങ്ങളും, പ്രശ്നങ്ങളും, നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്നു.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പഠന പര്യടനം, വായ് മൊഴി, ചരിത്ര പഠനം, ഡി.ആർ.പി. മാരുടേയും, പി.ആർ.പി.മാരുടേയും, സന്നദ്ധ പ്രവർത്തകരുടേയും, വിവിധ വകുപ്പുദ്യോഗസ്ഥന്മാരുടേയും കൂട്ടായ്മ, ബോർഡ് മെമ്പർമാർ, സെക്രട്ടറി, സ്റ്റാഫ് തുടങ്ങിയവരുടെ നിസ്സീമമായ സഹകരണം തുടങ്ങിയവ ഉപകാരപ്രദമായി എന്നുള്ളത് സ്മരണീയമാണ്. ഈ ആവേശം ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കാൻ ഉപകരിക്കട്ടെ.

പോരായ്മകൾ ഏറെ കാണാമെങ്കിലും, ഈ വികസന റിപ്പോർട്ട് രൂപപ്പെടുത്താൻ സഹായിച്ച പ്രവർത്തകരോടും, ഉദ്യാഗസ്ഥന്മാരോടും ചെക്യാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്കുള്ള അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട്, ഭരണ സമിതി ഐക്യകണ്ഠേന അംഗീകരിച്ച വികസന റിപ്പോർട്ട് ചർച്ചക്കു വേണ്ടി സാദരം സമർപ്പിക്കുന്നു.

ഭരണ സമിതിക്കു വേണ്ടി
പ്രസിഡണ്ട്
**എ. ആമിന ടീച്ചർ**

## പഞ്ചായത്തടിസ്ഥാനത്തിൽ വ്യത്യസ്ത ഗ്രൂപ്പ് ചർച്ച നയിച്ചവർ

**ജനറൽ കൺവീനർ: എം. ഗംഗാധരൻ മാസ്റ്റർ**

| | | |
|---|---|---|
| കൃഷിയും, ജലസേചനവും | : | വയലോളി അബ്ദുള്ള |
| | | സി. പ്രേമരാജൻ |
| കുടിവെള്ളവും, പൊതുജനാരോഗ്യവും | : | ഇ. കുഞ്ഞബ്ദുള്ള മാസ്റ്റർ |
| | | സുഗതൻ .കെ.പി. |
| വിദ്യാഭ്യാസം | : | ടി. രാജഗോപാലൻ മാസ്റ്റർ |
| | | എൻ. സതിയപ്പൻ മാസ്റ്റർ |
| സംസ്കാരം | : | കെ.എം. സത്യനാഥൻ മാസ്റ്റർ |
| | | ടി. സുമേഷ് |
| ഗതാഗതം-ഊർജ്ജം | : | പി.കെ. അബ്ദുല്ല |
| | | പി. ഹരീന്ദ്രൻ |
| വ്യവസായം | : | കെ.കെ. പോക്കർ മാസ്റ്റർ |
| | | സി. നാണു മാസ്റ്റർ |
| സഹകരണം | : | എം. കുഞ്ഞിരാമൻ |
| | | പി. കുമാരൻ |
| പാർപ്പിടം-സാമൂഹ്യ ക്ഷേമം | : | പി.കെ. നാണു |
| | | ഭാസ്കരൻ (വി.ഇ.ഒ.) |
| വനിത | : | വിനീത ടീച്ചർ |
| | | എ.കെ. വിശാലാക്ഷി |
| മൃഗസംരക്ഷണം | : | ചന്ദ്രിക ടീച്ചർ |
| | | വി.പി. ചന്ദ്രൻ |
| പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം | : | പി.എം. ഗോവിന്ദൻ |
| | | പി.പി. ബാലകൃഷ്ണൻ |
| വിഭവസമാഹരണം | : | കെ. ബാലൻ നായർ |
| | | എം.ടി. നാണു |



അധികാരം ജനങ്ങളിലേക്ക്



# അധികാരം ജനങ്ങൾക്ക്



- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9–ാം പദ്ധതി ജനകീയ പദ്ധതി
- വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം

# അധികാരം

# ജനങ്ങളിലേക്ക്

## ജനകീയാസൂത്രണ

## പ്രസ്ഥാനം

### എടച്ചേരി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

1996 നവമ്പർ

# എടച്ചേരി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്


ആമുഖം

സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

വികസന മേഖലകൾ 1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
5. വ്യവസായം
6. പാർപ്പിടവും, സാമൂഹ്യക്ഷേമവും
7 ഗതാഗതം, ഊർജം, വാർത്താവിനിമയം
8. സംസ്കാരം
9. വനിത
10. പട്ടികജാതി പട്ടികവർഗക്ഷേമം
11. സഹകരണമേഖല
12. വിഭവസമാഹരണം

ഉപസംഹാരം

# ജനകീയാസൂത്രണ പ്രസ്ഥാനം

**1996 നവംബർ 13ന് എടച്ചേരി നരിക്കുന്നു യു. പി. സ്കൂളിൽ ചേരുന്ന എടച്ചേരി ഗ്രാമപഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിക്കുന്ന റിപ്പോർട്ട്**

**ആമുഖം**

കേരളത്തിന്റെ 9-ാം പഞ്ചവൽസരപദ്ധതി ജന പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമാണ് കേരള സർക്കാരും ആസൂത്രണ ബോർഡും തീരുമാനിച്ചിട്ടുള്ളത്. കഴിഞ്ഞ 8 പഞ്ചവൽസര പദ്ധതി കാലത്തും വിവിധ രംഗങ്ങളിൽ നിരവധി നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അവയുടെ ആസൂത്രണത്തിലും നടത്തിപ്പിലും വൈകല്യങ്ങൾ വന്നുചേർന്നിട്ടുണ്ടെന്നത് ഇന്ന് എല്ലാ പരും സമ്മതിക്കുന്ന കാര്യമാണ്. അധികാരത്തിന്റെ അമിത കേന്ദ്രീകരണം, ജനപങ്കാളിത്തക്കുറവ്, ബ്യൂറോക്രസിയുടെ കെട്ടുപാടുകൾ, വ്യാപകമായി വളർന്നുവന്ന അഴിമതി തുടങ്ങിയവ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് തടസങ്ങളായി മാറി. പദ്ധതിക്ക് വേണ്ടി നീക്കിവെക്കുന്ന സംഖ്യയുടെ കേവലം 25% മാത്രമെ ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുള്ളൂ. 75% സമ്പത്തും പല രൂപത്തിൽ ചോർന്ന് പോവുകയാണുണ്ടായത്. ഈ പോരായ്മകൾ പരിഹരിച്ച് വികസന രംഗത്ത് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് പഞ്ചായത്ത്രാജ് നിയമങ്ങൾ ഇന്ത്യൻ പാർലിമെന്റ് പാസാക്കിയത്. 1994ൽ കേരള നിയമസഭ പാസാക്കിയ പഞ്ചായത്ത്രാജ് നിയമത്തിനനുസരിച്ച് രൂപീകരിക്കപ്പെട്ടതാണ് നമ്മുടെ ഗ്രാമസഭകൾ. ഇന്ത്യൻ ഭരണഘടനയുടെ 73ാം ഭേദഗതി പ്രകാരം നിലവിൽ വന്നതാണ് ത്രിതല പഞ്ചായത്ത് സംവിധാനവും ഗ്രാമസഭകളും. ഭരണഘടന പ്രകാരം നിലവിൽവന്ന നമ്മുടെ സംസ്ഥാനത്തെ ഗ്രാമസഭകളെ ജനകീയാസൂത്രണത്തിന്റെ വേദികളാക്കി മാററുന്ന പുതിയൊരു പ്രവർത്തന സമ്പ്രദായമാണ് ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്നത്. സാമൂഹ്യരംഗത്തും ആരോഗ്യ രംഗത്തും നിരവധി മാതൃകകൾ സൃഷ്ടിച്ച കേരളം ആസൂത്രണ രംഗത്തും ഇന്ത്യയ്ക്ക് ഒരു മാതൃക സൃഷ്ടിക്കുകയാണ്. ഇത് ഒരു പക്ഷെ ലോകത്തിലെതന്നെ ആദ്യത്തെ അനുഭവം ആയിരിക്കും. സാക്ഷരതാ പ്രവർത്തനത്തിന്റെ അനുഭവങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് നാം വികസനരംഗത്തെ വെല്ലുവിളികൾ നേരിടാൻ തയ്യാറെടുക്കുകയാണ്. കേരളത്തിന്റെ വികസനരംഗം യഥാർത്ഥത്തിൽ ഇന്നൊരു പ്രതിസന്ധിയെ നേരിടുകയാണ്. കാർഷിക വ്യാവസായിക രംഗങ്ങളിലെ പിന്നോട്ടടിയും മുരടിപ്പും സാമ്പത്തിക രംഗത്ത് പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുന്നു. ഈ രണ്ട്മേഖലകളും തകരുമ്പോൾ വികസന നിയമത്തിന് വിരുദ്ധമായി കേരളത്തിലെ സേവനമേഖലവളരുകയായിരുന്നു. കേരളത്തിലേക്ക് ഒഴുകിയെത്തിയ വിദേശപ്പണവും അത്സൃഷ്ടിച്ച നിർമ്മാണ രംഗത്തെ തൊഴിലവസരങ്ങളുമാണ് നാം നേരിടുന്ന പ്രതിസന്ധികൾക്ക് ഇതുവരെ ആശ്വാസമേകിയത്. വിദേശപ്പണത്തെ ആശ്രയിച്ച് നമുക്കേറെക്കാലം മുന്നോട്ട് പോകാൻ കഴിയില്ല. പിന്നോട്ടടിച്ച് കൊണ്ടിരിക്കുന്ന കാർഷിക

വ്യവസായിക മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന് നിലനിൽക്കാൻ കഴിയൂ. അല്ലെങ്കിൽ സേവന മേഖലയിൽ നാം ഉണ്ടാക്കിയ നേട്ടങ്ങൾ ഉറപ്പിച്ച് നിർത്താൻപോലും കഴിയാത്ത അവസ്ഥ വന്നുചേരും. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം സേവന മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങളും നാം നടത്തേണ്ടതുണ്ട്.

ജനകീയാസൂത്രണം എന്ന ഒരൊററ അജണ്ടമാത്രം ഉൾപ്പെടുത്തിനടത്തിയ വിശേഷാൽ ഗ്രാമസഭകൾ നമ്മുടെ പഞ്ചായത്തിൽ വിജയകരമായിരുന്നു. ഗ്രാമസഭകളുടെ മുന്നോടിയായി നടന്ന ജില്ലാ പഞ്ചായത്ത്തല പരിശീലന പരിപാടികളിൽ ഭരണസമിതി അംഗങ്ങളും പൊതു പ്രവർത്തകരും ഉദ്യോഗസ്ഥരുമായ അറുപത്തിഏഴ്പേർ പങ്കെടുത്തിട്ടുണ്ട്. പരിശീലനത്തിൻെറ രണ്ടാം ഘട്ട ജില്ലാ പരിശീലനം നടന്നത് നമ്മുടെ പഞ്ചായത്തിൽ വെച്ചാണ്. ഗ്രാമസഭകൾചേരുന്നതിന്മുമ്പ് എല്ലാ വാർഡുകളിലും പ്രവർത്തകയോഗങ്ങൾ ചേർന്നിട്ടുണ്ട് ആവശ്യമായ പ്രചരണങ്ങൾ കൊടുക്കാനുംനമുക്ക്കഴിഞ്ഞിട്ടുണ്ട് പ്രഥമ വിവരശേഖരണത്തിൻെറ ഭാഗമായി എല്ലാ കുടുംബങ്ങൾക്കും സ്ഥിതിവിവര ഫോറങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 5000 ഫോറങ്ങൾ വിതരണം ചെയ്തതിൽ 3162 ഫോറങ്ങൾ മാത്രമാണ് പൂരിപ്പിച്ച് നമ്മെ ഏൽപ്പിച്ചത്. സപ്തമ്പർ 15 മുതൽ ഒക്ടോബർ 2 വരെയുള്ള അവധി ദിവസങ്ങളിൽ ചേർന്ന ഗ്രാമസഭകളിലെ രജിസ്ററർ ചെയ്തതുവരെ പങ്കാളിത്തം 3010 ആണ് ഇതിൽ 805 പേർ സ്ത്രീകളും 2205 പേർ പുരുഷൻമാരുമാണ്. ഗ്രാമസഭകളിലെ പങ്കാളിത്തം 140 മുതൽ 354 വരെയാണ്. രജിസ്റ്റർ ചെയ്യാത്ത നിരവധിപേർ ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്. 12 മേഖലകളെ 6 ഗ്രൂപ്പുകളായി തിരിച്ചാണ് ഗ്രാമസഭകളിലെ ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചത്. എല്ലാം ഗ്രൂപ്പുകളിലും പൊതുവായി കാര്യക്ഷമമായ ചർച്ച ഉയർന്നുവന്നിട്ടുണ്ട്. ഗ്രാമസഭ യോഗങ്ങൾക്കു ശേഷം ആസൂത്രണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നാം നടത്തിയിട്ടുണ്ട്. പഞ്ചായത്തിനകത്തും പുറത്തുമുമുള്ള സർക്കാരാഫീസുകളുമായി ബന്ധപ്പെട്ട ദ്വിതീയ സ്ഥിതി വിവരങ്ങൾ ശേഖരിക്കാൻ പരിശീലകരിൽ ഒരു വിഭാഗത്തെ തിരുമാനിച്ചു. ഒക്ടോബർ 3ന് ശേഷമുള്ള മൂന്നാഴ്ചകാലത്ത് ഇവർ സ്ഥിതിവിവരങ്ങൾ ശേഖരിക്കാൻ നിരന്തരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വാർഡ്മെമ്പർമാരുടേയും പരിശീലകരുടെയും നേതൃത്വത്തിൽ ഒക്ടോബർ 20, 21 തിയ്യതികളിൽ പഞ്ചായത്തിൽ പഠന പര്യടനം സംഘടിപ്പിച്ചിട്ടുണ്ട്. ആറ് ഗ്രൂപ്പുകളാണ് ഇത് നടത്തിയത്. ഗ്രാമസഭകളിലെ റിപ്പോർട്ട് ക്രോഡീകരണം, പ്രഥമ വിവര റിപ്പോർട്ട് ക്രോഡീകരണം എന്നിവയും നടത്തിയിട്ടുണ്ട്. ഗ്രാമസഭകളിലെ ചർച്ചകൾ പ്രഥമവിവര റിപ്പോർട്ട്, ദ്വിതീയ വിവരറിപ്പോർട്ട്, പഠനപര്യടനം എന്നിവയെ ആസ്പദമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരുന്നത്.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിൻെറ പേര്: | എടച്ചേരി ഗ്രാമപഞ്ചായത്ത് |
| അതിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര്: | എടച്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: | പുറമേരി, എടച്ചേരി, ഇരിങ്ങണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത്: | തൂണേരി |
| താലൂക്ക്: | വടകര |
| ജില്ല: | കോഴിക്കോട് |
| അസംബ്ലി മണ്ഡലം: | നാദാപുരം |
| വിസ്തീർണ്ണം: | 6.13 ചതുരശ്രമൈൽ (16.17 ച കി.മീ) |
| ജനസംഖ്യ: | 23979 (91ലെ സെൻസസ്) |
| വാർഡുകളുടെ എണ്ണം | 11 |
| പ്രസിഡണ്ടിൻെറ പേര് | പി. കെ. ബാലൻമാസ്റ്റർ |
| വൈസ് പ്രസിഡണ്ടിൻെറ പേര് | ഇ. പി. കുമാരൻ |

എടച്ചേരി പഞ്ചായത്തിന്റെ 1939 മുതലുള്ള ചരിത്രം മാത്രമെ പരിശോധനയിൽ ലഭിച്ചിട്ടുള്ളൂ. പഞ്ചായത്ത് നിലവിൽ വന്ന കാലഘട്ടത്തിൽ ഉള്ള അതിർത്തികളിൽ കാര്യമായ മാററം വന്നു ചേർന്നിട്ടില്ല. വടക്ക് മയ്യഴി പുഴയും, തെക്ക് വടകര മാഹികനാലും പുറമേരി പഞ്ചായത്തും, പടിഞ്ഞാറ് മയ്യഴിപ്പുഴയും വടകരമാഹികനാലും,കിഴക്ക് തൂണേരി പുറമേരി പഞ്ചായത്തുകളുമാണ്. പഞ്ചായത്തിന്റെ നിലവിലുള്ള അതിരുകൾ. ആദ്യകാലങ്ങളിൽ പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് എടച്ചേരി പഞ്ചായത്തിനെയും ഏറാമല പഞ്ചായത്തിനേയും വേർതിരിക്കുന്ന ഒരു തോട് ഉണ്ടായിരിന്നു വടകര. മാഹി കനാലിന്റെ നിർമ്മാണത്തോടുകൂടി തോട ചില ഭാഗങ്ങളിൽ നികന്ന് പോകുകയും പഞ്ചായത്തിന്റെ ആ ഭാഗത്തുള്ള അതിർത്തി വടകര മാഹി കനാൽ ആവുകയും ചെയ്തു

സഹകരണ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ തുങ്ങി 66 സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു സഹകരണ രംഗത്ത് 9 സ്ഥാപനങ്ങളും 8 കേന്ദ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും പ്രൈമറി ഹെൽത്ത്സെന്റർ ഉൾപ്പെടെ 6ആരോഗ്യകേന്ദ്രങ്ങളും ഒരു ഹൈസ്കൂളും 3 യു. പി സ്കൂളുകളും 7 എൽ പി. സ്കൂളുകളും 6 ഗ്രന്ഥാലയങ്ങളും 7 വായനശാലകളും ഒരു പോലീസ് സ്റ്റേഷനും പ്രവർത്തിച്ചുവരുന്നു. പഠന പര്യടനത്തിലൂടെ നമുക്ക് ലഭിച്ചത് 1939 മുതലുള്ള ചരിത്രമാണെന്ന് സൂചിപ്പിച്ചുവല്ലോ. 1953 ന് മുമ്പ് നികുതിദായക വോട്ടവകാശമാണ് ഉണ്ടായിരുന്നത്. 1939ൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രസിഡണ്ടായി കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനായിരുന്ന ശ്രീ എം പി. കുഞ്ഞിക്കേളപ്പൻ നമ്പ്യാർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ശ്രീ. എം. കെ കുഞ്ഞിരാമൻനമ്പ്യാരും, ശ്രീ പൊന്നാറത്ത് കരുണാകരൻനമ്പ്യാരും പ്രസിഡണ്ടുമാരായി തെരഞ്ഞെടുക്കപ്പെട്ടു. സാർവ്വത്രിക വോട്ടവകാശം നിലവിൽ വന്നതിനു ശേഷം ആദ്യമായിനടത്തിയ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് പൊന്നാറത്ത് കരുണാകരൻ നമ്പ്യാർ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരെയും ഒരു സ്ഥലത്ത് വിളിച്ചുവരുത്തി കൈപൊക്കി വോട്ടവകാശം രേഖപ്പെടുത്തുന്ന സമ്പ്രദായമായിരുന്നു അക്കാലത്ത് സ്വീകരിച്ചിരുന്നത്. വാർഡ് മെമ്പറെ തെരഞ്ഞെടുക്കാൻ പ്രത്യേക തെരഞ്ഞെടുപ്പും പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരും ചേർന്ന് പഞ്ചായത്ത് പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്ന സമ്പ്രദായവുമായിരുന്നു. 1953ലെ തെരഞ്ഞെടുപ്പിൽ തൊടുവയിൽ കൃഷ്ണൻ മാസ്റ്റർ പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1964 മുതൽ 1979 വരെയും, 1979 മുതൽ 1984 വരെയുള്ള കാലഘട്ടങ്ങളിൽ ശ്രീ ഇ. വി. കുമാരനായിരുന്നു പ്രസിഡണ്ട്. തുടർന്നുള്ള കാലഘട്ടത്ത് പ്രസിഡണ്ടായി പ്രവർത്തിച്ചത് ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ പി. കെ ബാലൻ മാസ്റ്ററാണ്.

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

സമ്പന്നമായ ഒരു സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം നമ്മുടെ പഞ്ചായത്തിനുണ്ട്. കാരണവൻമാരുമായി നടത്തിയ ചർച്ചകളും പഠന പര്യടന വിവരങ്ങളുമാണ് ഭൂതകാലത്തിലേക്ക് വെളിച്ചം വീശുന്നത്. ഈ പഞ്ചായത്തിലെ പ്രധാന പട്ടണമായ പുതിയങ്ങാടി ടൗണിനും ഇരിങ്ങണ്ണൂർ പ്രദേശത്തിനും പിന്നിൽ ചരിത്രം ഉറങ്ങിക്കിടക്കുന്നു. സുമാർ 200 വർഷം മുമ്പ് ഇന്നത്തെ പുതിയങ്ങാടിയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് ഏകദേശം 2 കി.മീ. അകലെ വളർച്ചനേടിയ ഒരു അങ്ങാടി ഉണ്ടായിരുന്നു. വടകര, മാഹി, കൊയിലാണ്ടി പ്രദേശങ്ങളിൽ നിന്നും ജല മാർഗമായിരുന്നു ആ അങ്ങാടിയിൽ സാധനങ്ങൾ എത്തിയിരുന്നത്. മഞ്ചു കടന്നുവരുന്ന ഉപ്പുതോടിന്റെയും ചരക്കിറക്കുന്ന മൂടക്കണ്ടത്തിന്റെയും അവശിഷ്ടങ്ങൾ ഇന്നും അവിടെ കാണാം. കച്ചവടക്കാരിൽ ഭൂരിപക്ഷവും മറ്റുപ്രദേശങ്ങളിൽനിന്നുവന്ന മുസ്ലീം സമുദായത്തിൽപെട്ടവരായിരുന്നു. ബ്രിട്ടീഷുകാരെ നേരിടാൻ ആയുധങ്ങൾ ശേഖരിക്കാൻവേണ്ടി ടിപ്പുസുൽത്താൻ സമ്പത്തുള്ള കേന്ദ്രങ്ങൾ കൊള്ളയടിച്ചപ്പോൾ ഈ അങ്ങാടിയും ആക്രമണത്തിന് വിധേയമായെന്ന് പറയപ്പെടുന്നു. തുടർന്ന് പക്രംതളം കൈനാട്ടിറോഡിന്റെ ആവിർഭാവത്തോടെ അങ്ങാടിത്തറ അങ്ങാടിയുടെ പതനം പൂർത്തിയാകുന്നു. പുതിയ റോഡിനോടനുബന്ധിച്ച് മറ്റൊരങ്ങാടി രൂപമെടുത്തു. അതാണ് ഇന്ന് കാണുന്ന പുതിയങ്ങാടി. പഴയ കുറുമ്പ്രനാട് താലൂക്കിലെ പ്രധാനപ്പെട്ട കൊപ്രവ്യാപാരകേന്ദ്രം കൂടിയായിരുന്നു പുതിയങ്ങാടി. കണ്ണൂർ ജില്ലയിലെ പാനൂർ, കല്ലിക്കണ്ടി, ചെറാംകണ്ടി, കടവത്തൂർ, പുത്തൂർ, പൊയിലൂർ പ്രദേശങ്ങളിൽ നിന്നുപോലും ഇരിങ്ങണ്ണൂർ വഴി ചുണ്ടയിൽ പ്രദേശത്തുകൂടി കൃഷിക്കാർ കാവുകളിലും തലച്ചുമടായും കൊപ്ര പുതിയങ്ങാടിയിൽ എത്തിച്ചിരുന്നു. അന്ന് അവർ ഉപയോഗിച്ച വഴിയാണ് പിന്നീട് പുതിയങ്ങാടി–ചുണ്ടയിൽ റോഡായി മാറിയത്.

ഇരിങ്ങണ്ണൂർ ശിവക്ഷേത്രത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടാണ് ഇരിങ്ങണ്ണൂർ എന്ന സ്ഥലനാമം ഉണ്ടായത്. വളരെയേറെ പഴക്കമുള്ള ക്ഷേത്രം. പരമശിവൻ മൂന്നാം തൃക്കണ്ണ് തുറക്കുന്നതിനു മുമ്പുള്ള ശിവചൈതന്യമാണ് അവിടെയുള്ളതെന്നാണ് ഐതിഹ്യം. ഇരുകണ്ണുള്ള ശിവന്റെ ഭൂമി എന്ന അർത്ഥത്തിലാണ് ഇരിങ്ങണ്ണൂർ എന്ന പേര് വന്നത്. വേങ്ങേരിഇല്ലംക്ഷേത്രം, കോട്ടേമ്പ്രംക്ഷേത്രം ചുണ്ടയിൽ അയ്യപ്പൻകാവ്ക്ഷേത്രം, ആലിശേരി ശിവക്ഷേത്രം, കാക്കന്നൂർക്ഷേത്രം, കളിയാംവെള്ളിക്ഷേത്രം, വേങ്ങോളിഗണപതിക്ഷേത്രം എന്നീ ക്ഷേത്രങ്ങളുടേയും കെട്ടുങ്ങൽപള്ളി, കൊമ്മിളിപള്ളി, കോട്ടേമ്പ്രത്തെ നിറന്നിപള്ളി,കച്ചേരിപള്ളി തുടങ്ങിയ മുസ്ലീം ആരാധനാലയങ്ങളുടേയും പിന്നിൽ നിരവധി ഐതിഹ്യങ്ങൾ ഉറങ്ങിക്കിടക്കുന്നു. പുരാതനമായ കെട്ടുങ്ങൽ പള്ളിക്ക് സ്ഥലം അനുവദി

ച്ചത് പൂക്കോട്ട് കോവിലകക്കാരാണെന്ന് പറയപ്പെടുന്നു. പൂക്കോട്ടെ കാര്യസ്ഥൻ കെട്ടുങ്ങൽ കുട്ട്യാലി കാർഷികോൽപ്പന്നങ്ങൾ പാറക്കടവങ്ങാടിയിൽ വില്പനക്ക് കൊണ്ടുപോയപ്പോൾ പാറക്കടവിലെ പപ്പൻ എന്ന നാടുവാഴി കുട്ട്യാലിയെ കൊലപ്പെടുത്തുകയുണ്ടായി. പൂക്കോട്ട് തമ്പ്രാൻെറ മരുമകളും തോട്ടത്തിൽ കേളപ്പൻെറ പെങ്ങളുമായിരുന്നു പപ്പൻെറ ഭാര്യ. കുടുംബപരമായ തർക്കത്തെ തുടർന്ന് പൂക്കോട്ടുകാർക്കെതിരെ പപ്പൻ ഏർപ്പെടുത്തിയ ഉപരോധം ലംഘിച്ചു എന്നതിൻെറ പേരിലായിരുന്നു കുട്ട്യാലി കൊല്ലപ്പെട്ടത്. പൂക്കോട്ടുകാർക്കുവേണ്ടി മരണപ്പെട്ടതുകൊണ്ട് നിരാലംബരായ കെട്ടുങ്ങൽ കുടുംബത്തിനുവേണ്ടി പൂക്കോട്ടു തറവാട്ട് വക സ്വത്തായ പള്ളിപറമ്പും കെട്ടുങ്ങൽ പറമ്പും കുറെ വയലുകളും കുടുംബസംരക്ഷണത്തിനും പള്ളി സംരക്ഷണത്തിനും വേണ്ടി ദാനം ചെയ്യപ്പെടുകയാണുണ്ടായത് എന്ന് പറയപ്പെടുന്നു. മതസൗഹാർദ്ദത്തിൻെറയും സാഹോദര്യത്തിൻെറയും ചരിത്ര പശ്ചാത്തലം നമുക്ക് ഇവിടെ ദർശിക്കാം.

ദേശീയ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങളുമായി ഈ മണ്ണിലേക്ക് ആദ്യമായി കടന്നുവന്നത് അന്തരിച്ചുപോയ ശ്രീ കെ. കുഞ്ഞിരാമക്കുറുപ്പാണ്. കോൺഗ്രസിലൂടെ, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ ദേശീയ പ്രസ്ഥാനം സാവധാനത്തിൽ ഇവിടെയും വളരുകയുണ്ടായി. കാർഷക പ്രസ്ഥാനത്തിൻെറ ഉൽഭവവും വളർച്ചയും സാമൂഹ്യഘടനയിൽ വമ്പിച്ച മാററങ്ങൾ സൃഷ്ടിച്ചു. ജാതിവ്യവസ്ഥക്കും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പോരാട്ടവും ഇക്കാലത്ത് ഉയർന്നുവന്നു. ഐത്തജാതിക്കാരുടെ കുളംതീണ്ടൽ സമരം, നാടുവാഴി ചൂഷണത്തിനും മർദ്ദനത്തിനുമെതിരായ സമരം എന്നിവ സമാന്തരമായി വളർന്നുവന്നു. കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഉൽഭവവും ഇതോടൊപ്പമാണ് ഉണ്ടായത്. കമ്മ്യൂണിസ്ററ് പാർട്ടി പ്രവർത്തനങ്ങൾക്ക എടച്ചേരിയിൽ ആദ്യമായി നേതൃത്വം കൊടുത്തത് അന്തരിച്ചുപോയ ഇ. വി. കേളപ്പൻമാസ്ററർ, എൻ. കണാരൻമാസ്ററർ എന്നിവരും ഇരിങ്ങണ്ണൂരിൽ വയലാംപുറത്ത് ഗോപാലൻ കമ്പൗണ്ടറുമായിരുന്നു. ദേശീയ പ്രസ്ഥാനവും പുരോഗമന പ്രസ്ഥാനങ്ങളും വളർന്നുവന്നപ്പോൾ നാടുവാഴി വർഗത്തിൽ ഒരു വിഭാഗം ഈ പ്രസ്ഥാനങ്ങളോടൊപ്പം ചേരുകയുണ്ടായി. 1957ന് മുമ്പ് പഞ്ചായത്തിലെ ഭൂമിയുടെ മഹാ ഭൂരിഭാഗവും കൈവശം വെച്ചിരുന്നത് വിരലിൽ എണ്ണാവുന്ന ഭൂപ്രഭുക്കളായിരുന്നു

1957ലെ ഭൂപരിഷ്കരണ നിയമവും 1967ലെ കാർഷിക പരിഷ്കരണ നിയമവും ഭൂബന്ധങ്ങളിൽ വലിയമാററങ്ങൾ സൃഷ്ടിച്ചു. കൈവശകൃഷിക്കാരും കുടികിടപ്പുകാരും ഭൂവുടമകളായി മാറുകയും ജൻമി നാടുവാഴി വ്യവസ്ഥ തകരുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിൽട്രേഡ്യൂണിയൻ പ്രാസ്ഥാനം ആരംഭിച്ചത് ചുണ്ടയിൽ തെരുവിലെ നെയ്ത്തു തൊഴിലാളികളെ കേന്ദ്രീകരിച്ചാണ്. 1950 കളിൽ മദ്ധ്യനിരോധനം നിലവിൽ വന്നപ്പോൾ പരമ്പരാഗത ചെത്തുതൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുകയും അത്തരം തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഈ പഞ്ചായത്തിൽ ആദ്യമായി ചക്കര സൊസൈററി രൂപമെടുക്കുകയും ചെയ്തിട്ടുണ്ട് എഴുപതുകളിൽ ആരംഭിച്ച കർഷക തൊഴിലാളി പ്രസ്ഥാനം സാമൂഹ്യമാററത്തിന് വലിയ പങ്ക് വഹിച്ചു. തൊഴിലാളികളുടെ ജോലി, ജോലിസ്ഥിരത, ജോലി സമയം, കൂലിവ്യവസ്ഥ, ജീവിത രീതികൾ എന്നിവയിൽ ഗണ്യമായമാററമുണ്ടാക്കി 1957ന് ശേഷം വിദ്യാഭ്യാസ മേഖലയിലും വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടേയും സാധാരണക്കാരുടെയും മക്കൾ വിദ്യാലയങ്ങളിലേക്ക് കടന്നുവരികയും പഞ്ചായത്തിലെ സാക്ഷരതാ നിലവാരം ഗണ്യമായി ഉയരുകയും ചെയ്തു. 1957ൽ ആണ് ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ഇരിങ്ങണ്ണൂർ ഹൈസ്കൂൾ സ്ഥാപിതമാകുന്നത്. അതേ കാലത്താണ് നരിക്കുന്ന് യു. പി. സ്കൂൾ, എടച്ചേരി നോർത്ത് യു. പി. സ്കൂൾ, കച്ചേരി യു. പി. സ്കൂൾ എന്നിവ യു. പി. സ്കൂളുകളായി ഉയർത്തപ്പെട്ടത്. 1957ൽ മടപ്പള്ളി ഗവർമ്മെണ്ട് കോളേജ് സ്ഥാപിക്കപ്പെട്ടപ്പോ

ൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥിക ൾക്ക് കോളേജ് വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുകയുണ്ടായി.

കഴിഞ്ഞ 50 വർഷക്കാലംകൊണ്ട് വസ്ത്രം, പാർപ്പിടം, ഗതാഗതം എന്നീ രംഗ ങ്ങളിൽ വമ്പിച്ചവളർച്ച പഞ്ചായത്തിൽ വന്നു ചേർന്നിട്ടുണ്ട്. പാട്ടകൃഷിക്കാരും കർഷക തൊഴിലാളികളും ഉൾപ്പെടെ മുഴുവൻ സാധാ രണക്കാരുടേയും വസ്ത്രധാരണത്തിൽ വലി യ മാററമാണ് വന്നുചേർന്നത്. സാധാരണ മുണ്ടും തോർത്തും ഉപയോഗിച്ചിരുന്ന പുരു ഷൻമാർ ആധുനിക രീതിയിലുള്ള ജീൻസിൽ വരെ എത്തിനിൽക്കുന്നു. പഴയ രീതിയിലു ള്ള ബ്ലൌസും കൈലിയും മാറി സ്ത്രീകൾ സാരിയിലേക്ക് വ്യാപകമായി മാറുകയും സാൽവർ കമ്മീസ് പരിഷ്കാരണത്തിലൂടെ ഇന്ന് മുന്നോട്ട് പോവുകയാണ്. വേഷവി ധാനങ്ങൾ നോക്കി മതമോ ജാതിയോ തൊഴി ലോ തിരിച്ചറിയാൻ കഴിയാത്ത രൂപത്തിൽ വസ്ത്രധാരണത്തിൽ മാററം വന്നുചേർന്നിട്ടു ണ്ട്. പ്രഥമവിവര ഫോറങ്ങൾ പരിശോധി ച്ചപ്പോൾ ലഭിച്ച 3162 വീടുകളിൽ കേവലം 49 വീടുകുകൾ മാത്രമാണ് കുടിലുകൾ എ ന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്. 611 കോ ൺക്രീററ് വീടുകളും 1766 ഓടിട്ട വീടുകളും 736 ഓലമേഞ്ഞ വീടുകളുമുണ്ടെന്നാണ് കി യ കണക്കുകളിൽനിന്നും വ്യക്തമാവുന്നത്. നിലവിലുള്ള വീടുകളുടെ 60% കണക്ക മാത്രമെ നമുക്ക് ലഭ്യമായിട്ടുള്ളൂ.

കിട്ടിയ വിവരങ്ങളിലെ പ്രവണത സൂ ചിപ്പിക്കുന്നത് പാർപ്പിട രംഗത്ത് വൻ പു രോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടു ണ്ടെന്നാണ്. 50വർഷംമുമ്പുള്ള ചിത്രമെടു ത്താൽഭൂരിപക്ഷവും വീടുകളുംഓലമേഞ്ഞ കുടിലുകളുമായിരുന്നു. ഇന്ന്മിക്കതും ഓടു മേഞ്ഞതാണ്. കുടിലുകളുടെ എണ്ണം വളരെ ചുരുങ്ങിയിരിക്കുന്നു. 1953ന് ശേഷം നി ലവിൽ വന്ന ഭരണസമിതികൾ ഗതാഗത രംഗ ത്ത് ജനങ്ങളുടെ സഹകരണത്തോടെ വൻ പു രോഗതി കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തി ൻെറ വടക്ക് ഭാഗത്ത്കൂടി തലശേരി-കുററ്യാ ടി റോഡും തെക്ക് ഭാഗത്തുകൂടി കൈനാട്ടി- പക്രം തളം റോഡും കടന്നുപോകുന്നു. തല ശേരി, വടകര പട്ടണങ്ങളുമായി ഈ പഞ്ചായ ത്തിനെ ബന്ധിപ്പിക്കുന്ന റോഡുകളാണിവ.

പുതിയങ്ങാടി - ഇരിങ്ങണ്ണൂർ റോഡ്, പുതി യങ്ങാടി-ചൂണ്ടയിൽ റോഡ് എന്നിവ ഈ പ ഞ്ചായത്തിൻെറ സിരാ കേന്ദ്രങ്ങളിലൂടെ കട ന്നുപോകുന്ന റോഡുകളാണ്. ഇതിന് പുറ മെ കായപ്പനിച്ചി-കുന്നുംചിറ റോഡ്, ഇരി ങ്ങണ്ണൂർ-കലുച്ചേര കടവ് റോഡ്, കച്ചേരി- കോട്ടേമ്പ്രംറോഡ്, പുറമേരി തുരുത്തിമുക്ക് റോഡ്, പുതിയങ്ങാടി-കുനിയഴിൽതാഴ,രജി സ്റ്റർഓഫീസ്-വേങ്ങോളി, വേങ്ങോളി-മുതു വടത്തൂർ എന്നീറോഡുകളുംടാർചെയ്ത ഗതാ ഗതയോഗ്യമായ പ്രധാനപ്പെട്ട റോഡുകളാണ് ഇവയ്ക്കെല്ലാം പുറമെ വാർഡുകളിൽ നിരവ ധി പഞ്ചായത്ത് റോഡുകളും നിർമ്മിക്കപ്പെ ട്ടിട്ടുണ്ട്. പഞ്ചായത്തിൻെറ ഏതാണ്ട് എല്ലാ ഭാഗങ്ങളുമായും ബന്ധപ്പെടാവുന്ന രൂപത്തി ൽ റോഡ് വികാസനം നടന്ന ഒരു പഞ്ചായ ത്താണ് നമ്മുടേത്.

കഴിഞ്ഞ 50 വർഷക്കാലംകൊണ്ട് സാമൂ ഹിക ക്ഷേമ രംഗത്ത് വളരയേറെ പുരോഗ തി നേടിയെങ്കിലും ഉൽപ്പാദനരംഗത്തും ഉൽ പ്പാദനക്ഷമതയുടെ കാര്യത്തിലും പഞ്ചായ ത്തിൽ മുരടിപ്പും പിന്നോട്ടടിയും അനുഭവ പ്പെടുകയാണ്. കാർഷികരംഗത്ത് നെല്ലുൽ പ്പാദനം ഗണ്യമായി കുറഞ്ഞു. 50 കളിലെ ഉൽപ്പാദനത്തിൻെറ കേവലം 25%മായി തീർ ന്നിരിക്കുന്നു, തെങ്ങ് കൃഷിവ്യാപകമായെ ങ്കിലും തേങ്ങയുടെ ഉൻപ്പാദനവും ഉൽപ്പാദന ക്ഷമതയും കുറയുകയാണ് ചെയ്തത്. പ ഴയകാലത്ത് വ്യാപകമായിഉണ്ടായിരുന്ന പു രയിട പച്ചക്കറികൃഷി ഏതാണ്ട് നാമാവശേ ഷമായി എന്ന് തന്നെ പറയാം. കുരുമുളക് കൃഷിയുടെയും വാഴകൃഷിയുടെയും അനു ഭവവും ഇതുതന്നെ. ഒരു വ്യവസായം എന്ന രൂപത്തിൽ ആദ്യകാലങ്ങളിൽ ആരംഭിച്ച കൈത്തറി നെയ്ത്ത് വ്യവസായം ഇന്ന് ഏ താനും കുടുംബങ്ങളിൽ ഒതുങ്ങുകയാണ്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന തൂണേരിബ്ലോക്ക് ഇരുമ്പുരുക്ക് വ്യവസായം എടച്ചേരി ഹാൻറ്ലൂം വീവേഴ്സ് സഹക രണസംഘം അജയ വീവേഴ്സ് ഇൻഡസ് ട്രീസ് സൊസൈററി എന്നിവ ഉയർന്നുവന്നി ട്ടുണ്ടെങ്കിലും വ്യാവസായിക രംഗത്ത് പുരോ ഗതി നേടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മൊ

ത്തത്തിൽ കാർഷിക വ്യാവസായിക രംഗത്ത് മാററം വരുത്തിക്കൊണ്ടേ നമ്മുടെ പഞ്ചായത്തിന് മുന്നോട്ടുപോകാൻ കഴിയൂ. വികസന പ്രതിസന്ധി പരിഹരിക്കുന്നതോടൊപ്പം തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും ഇതു മാത്രമാണ് പോംവഴി. ഭൂവിനിയോഗത്തിൽ വന്ന മാററം കർഷകതൊഴിലാളി സ്ത്രീകളുടെ തൊഴിലവസരങ്ങൾ ഗണ്യമായി കുറച്ചിട്ടുണ്ടെന്ന വസ്തുതയും കണക്കിലെടുത്തേ മതിയാവൂ. വിദേശപണത്തിൻെറ ഒഴുക്ക് സൃഷ്ടിച്ച സമ്പന്നതയെ ആശ്രയിച്ച് ഏറെ നാം നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല ഈ തിരിച്ചറിവിൻെറ അടിസ്ഥാനത്തിലായിരിക്കണം പുതിയ വികസന രൂപങ്ങളെ നാം സമീപിക്കേണ്ടത്



# ഭൂപ്രകൃതിയും വിഭവങ്ങളും

## i ഭൂപ്രകൃതി

വടകരൻ ഇടനാട് എന്ന കാർഷികമേഖലയിൽ വരുന്നതാണ്. നമ്മുടെ പഞ്ചായത്ത്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായി 4 വിഭാഗമായി തിരിക്കാം. ഉയർന്ന പ്രദേശങ്ങൾ, പുഴയോട് ചേർന്ന കൈക്കണ്ടങ്ങൾ, നെൽവയലുകൾ, താഴ്വാര പ്രദേശങ്ങൾ എന്നിവയാണവ

### a) ഉയർന്ന പ്രദേശങ്ങൾ

ഏതാണ്ട എല്ലാ വാർഡുകളിലും ഇത്തരം ഭൂവിഭാഗങ്ങളുണ്ട്, പഞ്ചായത്തിലെ ഏററവും ഉയരം കൂടിയ കുന്ന് 4ാം വാർഡിലെ മുടിയൻ കുന്നാണ്. ഒന്നാം വാർഡിലെ ഒന്തം പറമ്പ്, വേങ്ങോളി ഭാഗങ്ങൾ, രണ്ടാം വാർഡിലെ കാര്യാട്ട് കുന്നുമ്മൽ, വാണിയംവീട് പാറോൽ ഭാഗങ്ങൾ മൂന്നാം വാർഡിലെ മൊട്ടേമ്മൽ, കെട്ടുങ്ങൽ, കുളങ്ങരത്ത്, കോറോത്ത്ഭാഗങ്ങൾ നാലാം വാർഡിലെ മുടിയൻ കുന്ന്, കാട്ടിൽ, കല്ലുപാറേമ്മൽ. താനിയുള്ളതിൽ ഭാഗങ്ങൾ അഞ്ചാംവാർഡിലെ തൈവച്ചതിൽ, കുന്നുമ്മൽ, പക്ക് കാട്ടിൽ പട്ടാണ്ടി ഭാഗങ്ങൾ ആറാം വാർഡിലെ ഒതയോത്ത്, കാട്ടിൽ, മോള്പാറ,പനക്ക്മീത്തൽ ഭാഗങ്ങൾ ഏഴാംവാർഡിലെ മീത്തൽ, മുതുവാട്ട്മീത്തൽ ഭാഗങ്ങൾ എട്ടാം വാർഡിലെ കച്ചേരിപാറ,കുന്നുമ്പത്ത് ഊരാളിൻറവിട ഭാഗങ്ങൾ ഒമ്പതാം വാർഡിലെ കുന്നത്ത്ഭാഗം 10ാം വാർഡിലെ ഹൈസ്കൂൾ ഭാഗം 11ാം വാർഡിലെപറമ്പും കാടുമ്മൽ, കുന്നത്ത് മാവിലാട്ട് ഇല്ലത്ത്, മേലളത്ത്; പുത്തമ്പുരയിൽ
ഭാഗങ്ങൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളിൽ ചിലത് പാറപ്രദേശങ്ങളാണ്. എട്ടാം വാർഡിലെ കച്ചേരിപാറ, ആറാം വാർഡിലെ ഒതയോത്ത് പാറ, മോള്പാറ അഞ്ചാം വാർഡിലെ പട്ടാണ്ടി പാറ, തൈവച്ചതിൽ പാറ മൂന്നാം വർഡിലെ കണ്ണംകുററിപാറ രണ്ടാം വാർഡിലെ കുണ്ട്യേരിപാറ, നാലാം വാർഡിലെ ആലിശേരി പാറ, മലയിൽപാറ

എന്നിവയാണ് ഈ വിഭാഗത്തിൽ വരുന്നത്. ഉയർന്ന പ്രദേശങ്ങളിൽ പൊതുവെ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഈ ഭൂവിഭാഗങ്ങളിൽ പാറപ്പൊടി കലർന്ന മണ്ണും വെട്ടുകൽ മണ്ണും ചെമ്മണ്ണുമാണ് പ്രധാനമായും കാണപ്പെടുന്നത്. പ്രധാനകൃഷി തെങ്ങാണ്. ഉയർന്ന പ്രദേശങ്ങളിലെല്ലാം മററു പ്രദേശങ്ങളെ പോലെ തന്നെ ആശ താമസം ഉണ്ട്.

**b) കൈക്കണ്ടങ്ങൾ**

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് ഈ ഭൂവിഭാഗം ഉള്ളത്. വടകര മാഹി കനാൽ, മയ്യഴിപുഴ എന്നിവയോട് അനുബന്ധിച്ചാണ് കൈക്കണ്ടങ്ങൾ രൂപപ്പെട്ടത്. ഓണക്കണ്ടം, വളക്കൂളം, അരീക്കരതാഴ, കുണ്ട്യേരിതാഴ, പനിച്ചിക്കൂൽതാഴ, കുനിയൽ താഴ, താഴെവട്ടോളി താഴ, കെട്ടുങ്ങൽ താഴകുന്നത്ത്താഴ, പനോളിപീടികതാഴ,പൂഴിയിൽ താഴ, അത്തോളിതാഴ, കുണ്ടുവയൽ, പൊയന്നേരി താഴ, കുന്നുംചിറ, തുരുത്തി, നടേമ്മൽ താഴ, കായപനച്ചി കാപ്പ്ഭാഗം, അത്തായത്തിൻ താഴ എന്നീ ഭാഗങ്ങളിലാണ് കൈക്കണ്ടങ്ങൾ വ്യാപിച്ചു കിടക്കുന്നത്. ജലം സുലഭമായി ലഭിക്കുന്ന ഫലഭൂയിഷ്ടമായ മണ്ണാണ് ഇവിടെ കാണുന്നത്. കടലിൽ നിന്ന് വേനൽ കാലത്ത് വേലിയേററത്തിലൂടെ എത്തിച്ചേരുന്ന ഉപ്പുവെള്ളം ഭീഷണി സൃഷ്ടിക്കാറുണ്ട്. ഈ ഭൂവിഭാഗത്തിലെ പ്രധാന കൃഷി തെങ്ങും നെല്ലുമാണ്. ഇവക്ക് പുറമെ ഇടവിളയായി മരച്ചീനി കൃഷിയും നടക്കുന്നു. ഈ പ്രദേശത്ത് കാണപ്പെടുന്നത് ഫലഭൂയിഷ്ടമായ എക്കൽ മണ്ണാണ്

**c) വയൽ പ്രദേശങ്ങൾ**

പഞ്ചായത്തിൽ ഉയർന്ന പ്രദേശങ്ങൾക്കിടയിൽ വ്യാപകമായി വയലുകൾ ഉണ്ട്. ഇവയിൽ 1970ന് ശേഷം വ്യാപകമായി വയൽ നികത്തി കുനിയാക്കി മാററിയിട്ടുണ്ട്. നെൽകൃഷി മുമ്പ് ഉണ്ടായിരുന്നതിന്റെ 25% ആയി ചുരുങ്ങിയിട്ടുണ്ട്, ഓണക്കണ്ടം ചെത്തിൽതാഴ, അരീക്കരതാഴ, തട്ടാറത്ത്താഴ, ചെറപ്പുറത്ത്താഴ, ഓഞ്ഞാലിൽ വയൽ, പനോളിപീടികതാഴ, തുരുത്തിവയൽ, നടുവത്ത്വയൽ, ചുണ്ടയിൽതാഴ, മുണ്ടാനമ്പ്രത്ത് താഴ, എടവലത്ത്താഴ, കൂമുള്ളിതാഴ, കച്ചേരിവയൽ ആനഷയൽ, ഊട്ടുപുരതാഴ, കോളോം കൈവയൽ, തറമൽതാഴ, മഞ്ഞോത്ത്താഴ, കേളോത്ത്താഴ, മുണ്ട്യേരിതാഴ എന്നിവയാണ്. പഞ്ചായത്തിലെ പ്രധാന വയൽ പ്രദേശങ്ങൾ, ഓണക്കണ്ടം വയൽ, ചെത്തിൽതാഴ, പാറപ്പുറത്ത്താഴ, ഇല്ലത്ത്താഴ, നടുവത്ത് വയൽ പ്രദേശങ്ങളിൽ ഒന്നാം വിളകാലത്ത് വെള്ളപൊക്കം ഉണ്ടാകുന്ന പ്രദേശമാണ്. ഇവിടെ രണ്ടാം വിളകൃഷി മാത്രമെ നടക്കുകയുള്ളൂ. രണ്ടാം വിളകൃഷിക്ക് പൊതുവെ എല്ലാഭാഗങ്ങളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. വയൽ പ്രദേശത്ത് കാണപ്പെടുന്നത് പൂഴികലർന്ന കളിമണ്ണാണ്. വയലുകളിൽ മിക്കവയിലും പയർ കൃഷി നടക്കാറുണ്ട്. ചെത്തിൽതാഴ, ഓണക്കണ്ടംനട, ചുണ്ടയിൽ തുണേമ്പാട്ടിൽതാഴ ,കായപനച്ചി കുനിയൽ താഴ എന്നിവടങ്ങളിൽ ഇടവിളയായി പച്ചക്കറി കൃഷി നടക്കാറുണ്ട്. കച്ചേരി കൂമുള്ളിതാഴ, തുരുത്തി വയലുകളിലും ചെറിയ തോതിൽ പച്ചക്കറി കൃഷി നടക്കാറുണ്ട്.

**d) താഴ്വാര പ്രദേശങ്ങൾ**

ഉയർന്ന പ്രദേശങ്ങളുടെ താഴ്വരകളിലായി സ്ഥിതി ചെയ്യുന്ന ഈ ഭൂവിഭാഗമാണ് പഞ്ചായത്തിൽ ഏററവും കൂടുതലായുള്ളത്. ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നത് വെട്ടുകൽ മണ്ണും ചെമ്മണ്ണുമാണ്. തെങ്ങ്, കവുങ്ങ്, വാഴ,കുരുമുളക് മരച്ചീനി, മഞ്ഞൾ ഇഞ്ചി, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവയാണ് ഇവിടങ്ങളിലെ കാർഷിക വിളകൾ ഈ പ്രദേശങ്ങൾ പൊതുവെ സസ്യസമ്പന്നമാണ്. ജനങ്ങൾ ഏററവും കൂടുതൽ തിങ്ങിതാമസിക്കുന്നതും ഈ പ്രദേശങ്ങളിലാണ് ശരാശരി ജലലഭ്യതയുള്ള പ്രദേശങ്ങളാണ് ഇവ.

**ii കാലാവസ്ഥ**

നമ്മുടെ ജില്ലയിൽ ഒരു വർഷം ശരാശരി 3667 മീ മീ.മഴ ലഭിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന മഴയുടെ അളവിലും വലിയ വ്യത്യാസം അനുഭവപ്പെടുന്നില്ല ലഭിക്കുന്ന മഴയിൽ ഭൂരിപക്ഷവും കാലവർഷത്തിലൂടെയും തുലാവർഷത്തിലൂടെയുമാണ്. തുലാവർഷത്തിലൂടെ ലഭിക്കുന്നത് 698 മീ. മീ മഴ മാത്രമാണ്. ഭൂരിപക്ഷവും കാലവർഷത്തിലൂടെയാണ് നമുക്ക് മഴ ലഭിക്കുന്നത്. ജൂൺ, ജൂലൈ, ആഗസ്ററ് മാസങ്ങളിലാണ്. കാലവർഷം അനുഭവപ്പെടുന്നത്

ഏററവും കൂടുതൽ മഴ ലഭിക്കുന്നത് ജൂലൈ മാസത്തിലാണ്. സെപ്ററംബർ, ഒക്ടോബർ നവമ്പർ മാസങ്ങളിലാണ് തുലാവർഷം ലഭിക്കുന്നത്. ഏപ്രിൽ, മെയ്, ഡിസമ്പർ മാസങ്ങളിൽ ഇടമഴ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ ഏററവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്. 1990 മുതൽ 1994 വരെയുള്ള അഞ്ച് വർഷക്കാലത്തെ താപനില പരിശോധിച്ചപ്പോൾ ജില്ലയിൽ ഏററവും ഉയർന്ന ഊഷ്മാവ് രേഖപ്പെടുത്തിയത് 1990 ഏപ്രിൽ മാസത്തിലാണ്. 34.5°c. ഏററവും കുറഞ്ഞ താപനില രേഖപ്പെടുത്തിയത് 1993 ജനവരി മാസത്തിലാണ്. 21°c. ഡിസമ്പർ, ജനവരി മാസങ്ങളിലാണ് പഞ്ചായത്തിൽ അനുഭവപ്പെടുന്ന തണുപ്പ് കാലം.

### iii ജലലഭ്യത

ഒരു വർഷം നമ്മുടെ പഞ്ചായത്തിൽ ശരാശരി 300 സെ. മീ. മഴ ലഭിക്കുന്നുണ്ടെന്നു കണക്കാക്കാം. പഞ്ചായത്തിൻെറ അതൃത്തികളിലൂടെ ഒഴുകുന്ന വടകര മാഹി കനാൽ, മയ്യഴി പുഴ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന നദികൾ. ജലസേചനം ആവശ്യമായ ഘട്ടങ്ങളിൽ ഉപ്പ് വാര് കയറുന്ന നദികളാണ് ഇവ. പഞ്ചായത്തിൻെറ മധ്യഭാഗത്തുകൂടി ചാലോട് പുഴ കിഴക്ക് പടിഞ്ഞാറായി ഒഴുകുന്നു. ഈ പുഴയിൽ വർഷം മുഴുവൻ ജലം ലഭിക്കുന്നു. ഒന്നാം വാർഡിലെ കുമ്മോളി താഴ തോട്, പുതിയോട്ടും കന്നിതോട് മൂന്നാം വാർഡിലെ മാണിക്കോത്ത് താഴതോട് എട്ടാം വാർഡിലെ കൂവയിൽ തോട് ഒമ്പതാം വർഡിലെ തറമൽതാഴ വലിയ തോട്, കാപ്പ് തോട് വണ്ണത്താംകണ്ടി താഴതോട് പത്താം വാർഡിലെ മാടങ്കോട്ട് —തോട്ടുങ്കരതോട് പതിനൊന്നാം വാർഡിലെ ഇരിങ്ങണ്ണൂർ ക്ഷേത്ര ചിറയിൽ നിന്ന് ആരംഭിച്ചതോടും പനംകുളത്ത് നിന്ന് ആരംഭിച്ച തോടും കൈതേരി മഠത്തിൽ താഴ വെച്ച് ഒന്നിച്ചു ചേർന്ന് ചാലോട് പുഴയിൽ ചേരുന്ന തോട് എന്നിവയാണ് പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാനപ്പെട്ട തോടുകൾ. നമ്മുടെ പഞ്ചായത്തിലൂടെ 12 തോടുകൾ ഒഴുകുന്നുണ്ട്. ഇതിൽ ചാലോട് പുഴ ഒഴിച്ച് മറെറല്ലാം വേനൽകാലത്ത് വെള്ളം വററുന്നവയാണ്. പഞ്ചായത്തിൽ മുപ്പത് വലിയ കുളങ്ങൾ ഉണ്ട്. ഒന്നാം വാർഡിലെ വേങ്ങോളി ക്ഷേത്രക്കുളം, നരിക്കുന്ന് ക്ഷേത്രക്കുളം, പാറക്കുളം രണ്ടാം വാർഡിലെ കളിയാംവെള്ളി ക്ഷേത്രക്കുളം, കളിയാംവെള്ളിപഞ്ചായത്ത്കുളം, പൂക്കോട്ട് കുളം മൂന്നാം വാർഡിലെ കണ്ണംകുററി പാറക്കുളം, ചിറപ്പുറത്ത്താഴക്കുളം നാലാം വാർഡിലെ പൊന്നാറത്ത്കുളം അഞ്ചാം വാർഡിലെ ആലശേരി ക്ഷേത്രക്കുളം, ചാലോളി ഇല്ലത്ത്കുളം ഏഴാം വാർഡിലെ പീറോളതിൽകുളം, കോട്ടേമ്പ്രം ക്ഷേത്രകുളം എട്ടാം വാർഡിലെ കുളങ്ങരത്ത്താഴകുളം, കുററി വയൽകുളം 9-ാംവാർഡിലെ പനംകുളം, മലയൻകുളം, മൂരിപ്പാറകുളം, കുറുമാഞ്ഞികുളം, പാമ്പാളികുളം, വണ്ണത്താംകണ്ടികുളം 10ാം വാർഡിലെആപ്പീസിൽകുളം, ഊട്ടുപുരകുളം 11ാം വാർഡിലെ ക്ഷേത്രചിറ, കൽകുളം, മീത്തലെവീട്ടിൽകുളം, നൊട്ടയിൽതാഴകുളം, പുത്തൻപുരയിൽ കുളം, കാര്യാട്ട്കുളം, തേറട്ടോളികുളം, മാവിലാട്ട്ഇല്ലത്ത്കുളം എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വലിയ കുളങ്ങൾ. ഇവയിൽ മിക്കതും സാധാരണ വേനൽക്കാലങ്ങളിൽ വററാത്തവയാണ്. ഇതിനുപുറമെ നിരവധി ചെറിയ കുളങ്ങളും പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിൻെറ മിക്ക പ്രദേശങ്ങളിലും ഭൂഗർഭജലസമ്പത്തുണ്ട്. കുടിവെള്ളത്തിനായി പതിനൊന്ന് കുഴൽ കിണറുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ട്. നാല്, ഏഴ്, എട്ട്, പതിനൊന്ന് വാർഡുകളിലെ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഭൂഗർഭജലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല നദികളിലും തോടുകളിലും മഴക്കാലത്ത് എത്തിച്ചേരുന്ന ജലം പുഴകളിലൂടെ ഒഴുകി പോവുകയാണ് ചെയ്യുന്നത്. കാലവർഷത്തിൻെറസമയത്ത് ഓണക്കണ്ടം, ചെത്തിൽ താഴ, നടുവത്ത്വയൽ, പനോളി പീടികതാഴ കൂവയിൽതാഴ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം അനുഭവപ്പെടാറുണ്ട്. ഇത് ഒന്നാം വിളകൃഷിയെ ദോഷകരമായി ബാധിക്കുന്നു.

### iv മണ്ണ്

ഉയർന്ന പ്രദേശങ്ങളിലെ വെട്ടുകൽ മണ്ണ് പാറപ്പൊടി കലർന്ന മണ്ണ്, താഴ്വരകളിലെ ചെമ്മണ്ണ്, വയലുകളിലെ പൂഴികലർന്ന

കളിമണ്ണ്, കൈക്കണ്ടങ്ങളിൽ എക്കൽ മണ്ണ് എന്നിവയാണ് എന്നിവയാണ് പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന മൺതരങ്ങൾ. ഉയർന്ന പ്രദേശങ്ങളിലെ പാർപ്പൊടി കലർന്ന മണ്ണ് തെങ്ങ് കൃഷിക്ക് അനുയോജ്യമാണ്. ഈ മണ്ണ് ജലസംഭരണശേഷി കുറഞ്ഞതാണ്. അതുകൊണ്ട് വളരെ വേഗത്തിൽ വരൾച്ച അനുഭവപ്പെടുന്നു. താഴ്‌വര പ്രദേശങ്ങളിലെ വെട്ടുകൽ മണ്ണും ചെമ്മണ്ണും ജലസംഭരണശേഷി ഉള്ളതാണെങ്കിലും വേനൽ കാലത്ത് പല പ്രദേശങ്ങളിലും വരൾച്ച അനുഭവപ്പെടുന്നുണ്ട്. ഈ ഭാഗങ്ങളിൽ വിളകളുടെ ഉൽപ്പാദനക്ഷമത മോശമാണ്. നെൽവയലുകൾ പൊതുവെ ഫലഭൂയിഷ്ടിയുള്ളവയല്ല. വർഷകാലങ്ങളിൽ നീർവാർച്ചക്ക് തടസം നേരിടാറുണ്ട്.

## v ഭൂവിനിയോഗം


കൃഷിഭവൻ രേഖകളിൽനിന്ന് കിട്ടിയ വിവരം അനുസരിച്ച് 3814.71 ഏക്കർ കൃഷിഭൂമിയാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ കെട്ടിടങ്ങൾ നിൽക്കുന്ന സ്ഥലവും ഉൾപ്പെടും. 117.55 ഏക്കർ പുറമ്പോക്ക് ഭൂമിയും 59.01 ഏക്കർ കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമിയും ഇവിടെ ഉണ്ട്. തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, കവുങ്ങ്, കുരുമുളക്, പച്ചക്കറികൾ, പയറ്, കശുമാവ്, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയാണ് പ്രധാന കാർഷിക വിളകൾ. 1490 ഹെക്ടർ ഭൂമിയിൽ തെങ്ങ് കൃഷിയുണ്ട്. നെൽകൃഷി ഒന്നാം വിള 40 ഹെക്ടറിലും രണ്ടാം വിള 80 ഹെക്ടറിലും, മൂന്നാംവിള 12 ഹെക്ടറിലും നടക്കുന്നു. മൂന്നാം സ്ഥാനത്തുള്ള പയർകൃഷി 40 ഹെക്ടർ ഭൂമിയിലും, വാഴകൃഷി 35 ഹെക്ടർ ഭൂമിയിലുമാണ് നടക്കുന്നത്. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിൽ 5100ഉം നെല്ല് ശരാശരി 2.5 ടണ്ണും പയർ ഹെക്ടറിന് 200 കി.ഗ്രാമും ആണ്. ഭൂവിസ്തീർണ്ണവും ഉൽപാദനവും കാണിക്കുന്ന പട്ടിക കൊടുത്തിട്ടുണ്ട്.

## vi ജൈവസമ്പത്ത്

ജില്ലയിൽ പൊതുവായി കാണപ്പെടുന്ന സസ്യങ്ങളും പക്ഷിമൃഗാദികളും നമ്മുടെ പഞ്ചായത്തിലും കാണപ്പെടുന്നു. അപൂർവ്വ സസ്യങ്ങളും പക്ഷിമൃഗാദികളും പഞ്ചായത്തിൽ കാണപ്പെടുന്നില്ല. മുമ്പ് ഉണ്ടായിരുന്ന കാടുകൾ ഇന്ന് പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്.

## vii മനുഷ്യവിഭവം

1991ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 23979 ആണ്. പഞ്ചായത്തിലെ ജനസംഖ്യാ നിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനനനിരക്കിലെ വർദ്ധനവും മാററമില്ലാത്ത മരണനിരക്കും തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേററവുമാണ് ഇതിന് പ്രധാനകാരണം. സാക്ഷരതാ നിലവാരം ഗണ്യമായി ഉയർന്നിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസം നേടിയ തൊഴിലില്ലാത്തവരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 1981ലെ സെൻസസ് പ്രകാരം 6076 പുരുഷൻമാരും 4268 സ്ത്രീകളും തൊഴിലില്ലാത്തവരായിട്ടുണ്ട്. ഈ കണക്ക് ശരിയായിക്കൊള്ളണമെന്നില്ല. എന്നാലും തൊഴിലില്ലായ്മയുടെ രൂക്ഷത നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. ഇതു പരിഹരിക്കണമെങ്കിൽ നാം മുമ്പ് സൂചിപ്പിച്ചതുപോലെ ഉല്പാദനരംഗത്ത് മാററമുണ്ടാക്കിയെ മതിയാവൂ.



11

# എടച്ചേരി ഗ്രാമ പഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 200 ഏക്കർ |
| പുരയിടം | 3614.71 ഏക്കർ |
| പുറമ്പോക്ക് | 117.55 ഏക്കർ |
| കൃഷിയോഗ്യ തരിശ് | |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 59 01 ഏക്കർ |
| ആകെ | 3991. 27 ഏക്കർ |

വിള വിസ്തീർണ്ണവും ഉൽപാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തമുൽപ്പാദനം | ഉൽപ്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 40 ഹെക്ടർ | 80ടൺ | 2 ടൺ |
| നെല്ല് (രണ്ടാംവിള) | 80 ,, | 200 ,, | 2.5 ടൺ |
| നെല്ല് (മൂന്നാംവിള) | 12 ,, | 36 ,, | 3 |
| പയർ | 40 ,, | 8 ,, | 00 കി. |
| എള്ള് | —— | —— | —— |
| പച്ചക്കറികൾ | 20 ,, | 60 ,, | 3 ടൺ |
| തെങ്ങ് | 1490 ,, | 7599000 തേങ്ങ | 5100 |
| വാഴ | 35 ,, | 52ടൺ | 1.5 |
| മരച്ചീനി | 20 ,, | 200 ,, | 10 |
| കുരുമുളക് | 15 ,, | 45 ,, | 3 |
| പ്ലാവ് | 10 ,, | | |
| കശുമാവ് | 6 ,, | 18 , | 3 ടൺ |
| മാവ് | 30 ,, | | |
| റബ്ബർ | | | |
| കവുങ്ങ് | 11 ,, | 1[illegible] ,, | 1 ടൺ |
| ജാതി | 0.5 ,, | | |
| ഗ്രാമ്പു | 0.5 ,, | | |
| മഞ്ഞൾ | 6 ,, | 60 ,, | 10 ടൺ |
| ഇഞ്ചി | 1 ,, | 5 ,, | 5 ടൺ |

# കൃഷിയും ജലസേചനവും

## നിലവിലുള്ള അവസ്ഥ

വടകര താലൂക്കിൽ തികച്ചും ഒരു കാർഷിക പ്രാധാന്യമുള്ള പഞ്ചായത്താണ് എടച്ചേരി. 99%പേരും ചെറുകിട നാമമാത്ര കൃഷിക്കാരാണ്. തെങ്ങ് നെല്ല്, വാഴ, കുരുമുളക്, മരച്ചീനി, പച്ചക്കറി, പയർ, ചെറുകിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്തുവരുന്നു ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ എടച്ചേരി, കല്ലാച്ചി, വടകര, കോഴിക്കോട്, ഗ്രാമണി എന്നിവിടങ്ങളിലാണ് വിപണനം നടത്തുന്നത്. തെങ്ങാണ് ഏറ്റവും പ്രധാനപ്പെട്ട കൃഷി. നാളികേരത്തിന് ഉണ്ടാവുന്ന വിലയിടിവ് കൃഷിക്കാരുടെ ദൈനംദിന ജീവിതത്തിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു.

ചാലോട് ചീറ്റും ജലസേചനചാലും ഉപയോഗപ്പെടുത്തി ആറ് ഹെക്ടർ സ്ഥലത്ത് മൂന്നാംവിള കൃഷി ചെയ്യുന്നു. ചുണ്ടയിൽതാഴ പാടശേഖരത്തിൽ ആറ് ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും, കുന്നംചിറ ചീപ്പ് ഉപയോഗപ്പെടുത്തി 2 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും ചെയ്യുന്നു. കളിയാംവെള്ളി ചെത്തിൽ നിലത്തിൽ പമ്പ്സെററ് ഉപയോഗപ്പെടുത്തി 2 ഹെക്ടർ സ്ഥലത്തും നെൽകൃഷി ചെയ്തുവരുന്നു.

കുന്നംചിറ, ചാലോട്, ചോയിച്ചിപ്പറമ്പത്ത് എന്നീ കമ്മ്യൂണിററി ഇറിഗേഷൻ സ്കീം പൂർത്തീകരിക്കുന്ന ജോലി നടന്നുവരികയാണ്. സ്കീം കമ്മീഷൻ ചെയ്താൽ 20 ഹെക്ടർ കുന്നിൻ പ്രദേശത്തെ തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം ഉണ്ടാകുന്നതാണ്.

എടച്ചേരി ഗ്രാമപഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറു ഭാഗവും, പടിഞ്ഞാറു ഭാഗവും പഞ്ചായത്തിൻെറ മധ്യഭാഗവും തീര സമതലപ്രദേശമാണ്. വടക്കു കിഴക്ക് സമതല പ്രദേശവും, തെക്ക് കിഴക്ക് ഉയർന്ന പ്രദേശവുമാണ്. പഞ്ചായത്തിൻെറ വടക്ക് പടിഞ്ഞാറുഭാഗത്തും, വടക്കുകിഴക്കു ഭാഗത്തും പഞ്ചായത്തിൻെറ മധ്യഭാഗത്തും എടച്ചേരി ഇരിങ്ങണ്ണൂർ റോഡിൻെറ ഇരുവശത്തും നെൽവയലുകളാണ് പഞ്ചായത്തിൻെറ വടക്ക് ഭാഗത്തുകൂടെയും പടിഞ്ഞാറു ഭാഗത്തുകൂടെയും മയ്യഴിപുഴ ഒഴുകുന്നു പഞ്ചായത്തിൽ കച്ചേരി, തലായി, കുണ്ടിയേരി, എടച്ചേരി സെൻറർ_നോർത്ത്, ആലിശേരി എന്നീ പ്രദേശങ്ങളിൽ പാറകൾ ഉണ്ട്. പ്രസ്തുത പാറകളിലെ കോറകളിൽ നിരവധി തൊഴിലാളികൾ ജോലി ചെയ്യുന്നു.

പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്തും വടക്കുഭാഗത്തും ചളിമണ്ണും, മണൽമണ്ണും ചെമ്മണ്ണുമാണ് കണ്ടുവരുന്നത്. കിഴക്കുഭാഗത്തുള്ള താഴ്ന്ന പ്രദേശങ്ങളിൽ ചളിമണ്ണും, ഉയർന്ന ഭാഗങ്ങളിൽ ചെമ്മണ്ണും വെട്ടുകൽമണ്ണും ആണ് ഉള്ളത്. തെക്ക് ഭാഗത്ത് ചെമ്മണ്ണും വെട്ടുകൽ മണ്ണും ഉണ്ട്.

പഞ്ചായത്തിൻെറ മധ്യഭാഗത്തുകൂടി ചാലോട്പുഴ കിഴക്കുപടിഞ്ഞാറായി ഒഴുകുന്നു. പ്രസ്തുത പുഴയിൽ വർഷം മുഴുവൻ ശുദ്ധജലം ലഭിക്കുന്നു. പുഴയിൽ ചാലോട്ഭാഗത്തും കുന്നംചിറ ഭാഗത്തും ചീർപ്പുകളുണ്ട്. ചാലോട്

പുഴയിലെ ജലമുപയോഗിച്ച് പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കൂട്ടു കൃഷി നടത്തിയിരുന്നു. ഇപ്പോഴും പ്രസ്തുത വി സി. ബി. ഉപയോഗപ്പെടുത്തി ചാലോട് ഭ ഗത്തും നടുവത്തുവയലിലും ചുണ്ടയിൽതാഴ വയലിലും 2 വിള, 3 വിള ചെയ്തുവരുന്നു. കുന്നംചിറ ഭാഗത്ത് ചീർപ്പുള്ളതുകൊണ്ട് ഉപ്പുവെള്ളത്തെ പൂർണ്ണമായിതടഞ്ഞുനിർത്തി ശുദ്ധജലം ധാരാളം വീട്ടുകാർക്ക് ലഭ്യമാകുന്നുണ്ട്. കുന്നംചിറ ഭാഗത്ത് പുഴയിലെ ജലമുപയോഗിച്ച് ഈ വർഷം മുതൽ രണ്ടാംവിള തുടങ്ങിയിരിക്കുകയാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറ് കായപ്പനച്ചി ഭാഗത്ത് തോട്ടുംകര ചീർപ്പുണ്ട്.

പഞ്ചായത്തിന്റെ ഒന്നാംവാർഡിൽ 2 ക്ഷേത്രകുളങ്ങളും, ഒരു പാറകുളവും ഉണ്ട്. കൂടാതെ പടിഞ്ഞാറയിൽ കുളം, ചാത്തൻകോട്ട് കുളം, മണക്കുളം എന്നിവയും ഉണ്ട് രണ്ടാം വാർഡിൽ കളിയാംവെള്ളി റോഡിനടുത്തുള്ള പൊതുകുളം ക്ഷേത്രക്കുളം, പൂക്കോട്ടുകുളം, കിഴുക്കോയിലോത്ത്കുളം എന്നിവയും മൂന്നാം വാർഡിൽ കണ്ണംകുററി പാറകുളം, പനോളിപീടികത്താഴകുളം, ചെറപ്പുറത്ത് താഴകുളം എന്നിവയും ഉണ്ട്. നാലാം വാർഡിൽ പുന്നാറത്ത്കുളം, ഏഴാം വാർഡിൽ പീറേറാളളതിൽ വടക്കും കരയിൽ കുളം, തൈക്കണ്ടികുളം എന്നിവയും എട്ടാം വാർഡിൽ തുരുത്തിയിലെ കുളങ്ങരത്ത് താഴക്കുളം ഒമ്പതാം വാർഡിൽ പനകുളം, മലയൻകുളം, കുററിവയൽക്കുളം, മൂരിപ്പാറക്കുളം, കുറുമാഞ്ഞിക്കുളം, രണ്ണത്താൻകണ്ടിക്കുളം, പാമ്പാളിക്കുളം എന്നിവയും പത്താം വാർഡിൽ ആപ്പീസിൽക്കുളം, അമ്പലപറമ്പിൽ എന്ന ഊട്ടുപുരയിൽക്കുളം എന്നിവയും പതിനൊന്നാം വാർഡിൽ ക്ഷേത്രചിറ, കൽക്കുളം, മീത്തലെ വീട്ടിലെകുളം, നൊട്ടയിൽ താഴകുളം, പുത്തൻപുരയിൽകുളം, കാര്യാട്ട്കുളം, തേറട്ടോളികുളം. മാവിലാട്ട്ഇല്ലത്ത്കുളം എന്നിവയാണ് വററാത്ത കുളങ്ങൾ.

ഒന്നാംവാർഡിൽ കമ്മോളിത്താഴത്തോട്, പുതിയോട്ടുംകുനിതോട് എന്നിവയും ഉണ്ട്, മൂന്നാം വാർഡിൽ മാണിക്കോത്ത്താഴത്തോട്, എട്ടാം വാർഡിൽ കൂവയിൽതോട്, ഒമ്പതാം വാർഡിൽ തറേമ്മൽതാഴ വലിയതോട്, കാപ്പ്തോട്, റ ണ്ണത്താങ്കണ്ടിതോട്, കൂവയിൽതാഴത്തോട് എന്നിവയും ഉണ്ട്. പത്താം വാർഡിൽ മാടംകോട്ട് മുതൽ തോട്ടുംകര വരെയുള്ള തോട്, പതിനൊന്നാം വാർഡിൽ ഇരിങ്ങണ്ണൂർ ക്ഷേത്രചിറയിൽ തുടങ്ങി ചാലോട് പുഴയിൽ ചേരുന്ന ഒരു തോടും പനങ്കുളത്ത്നിന്ന് തുടങ്ങി ചാലോട് പുഴയിൽ ചേരുന്ന ഒരുതോടും ഉണ്ട് പഞ്ചായത്തിൽ അഞ്ചാം വാർഡ് ഒഴികെ എല്ലാ വാർഡുകളിലും നെൽ കൃഷിയുണ്ട്. പഞ്ചായത്തിൽ കർഷകതൊഴിലാളികൾക്ക് ഉച്ചപണിക്ക് പുരുഷൻമാർക്ക് 60 രൂപയു. സ്ത്രീകൾക്ക് 40 രൂപയുമാണ് കൂലി.

**വിളചേരുവ**

| | | വിസ്തീർണ്ണം | ശരാശരി വിളവ് |
|---|---|---|---|
| 1. | തെങ്ങ് കൃഷി: | 1490 ഹെക്ടർ | |
| 2. | നെല്ല് ഒന്നാംവിള | 40 ഹെക്ടർ | 1½ ടൺ – 2ടൺ |
| | രണ്ടാംവിള | 80 ഹെക്ടർ | 2ടൺ – 2½ടൺ |
| | പുഞ്ചകൃഷി | 12 ഹെക്ടർ | 3 ടൺ |
| 3. | വാഴകൃഷി | 35 ഹെക്ടർ | 17½ ടൺ |
| 4. | മരച്ചീനികൃഷി | 20 ഹെക്ടർ | 22 ടൺ |
| 5. | പയർകൃഷി | 40 ഹെക്ടർ | 500 കി –750 കി |
| 6. | പച്ചക്കറികൃഷി | 20 ഹെക്ടർ | 15 ടൺ – 25 ടൺ |
| 7 | കുരുമുളക്കൃഷി | 15 ഹെക്ടർ | 1 ടൺ |
| 8. | മററു വിളകൾ | 20 ഹെക്ടർ | 20 ടൺ |

**പ്രശ്നങ്ങൾ**

കാലാവസ്ഥ ജലസേചനത്തിൻെറ അസൗകര്യം മണ്ണിൻെറ ഗുണമില്ലായ്മ, ജൈവവളത്തിൻെറ ദൗർലഭ്യം, മണ്ണുസംരക്ഷണപ്രവർത്തനത്തിൻെറ അപര്യാപ്തത, സാമ്പത്തിക പ്രയാസം എന്നിവയാണ് കൃഷി മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. പത്ത്, പതിനൊന്ന് വാർഡുകൾ ഒഴിച്ച് ബാക്കി എല്ലാ വാർഡുകളിലും തെങ്ങ്കയററം, നാട്ടിപ്പണി എന്നിവയ്ക്ക് തൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ട്. തെങ്ങ്, വാഴ, മരച്ചീനി എന്നിവയോട് താരതമ്യം ചെയ്താൽ നെൽകൃഷി കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. കുമിൾ രോഗങ്ങൾ, കീടബാധ, കൊക്കാൻരോഗം, ദ്രുതവാട്ടം എന്നിവ കൃഷിയെ ബാധിക്കുന്ന പ്രധാന കീടരോഗങ്ങളാണ്. തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ് തുരുത്തിപ്രദേശത്ത് വ്യാപകമാവുകയാണ്.

കുന്നംചിറ ചീർപ്പിൻെറ ഇരുവശത്തുമുള്ള കൃഷിസ്ഥലങ്ങൾ വെള്ളം തടിക്കുന്നത് കാരണം ഇടിഞ്ഞുപോകുന്ന അവസ്ഥയുണ്ട്. ചീർപ്പിൽ പലകയിടുമ്പോൾ ചുററുമുള്ള കൃഷിസ്ഥലങ്ങളിൽ വെള്ളംകയറി പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തയ്യിൽപാലം മുതൽ മാണിക്കോത്ത് താഴവരെയുള്ള തോടിനോട് ചേർന്ന സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾകെട്ടി വീതികുറച്ചതിൻെറ ഫലമായി പുഴയിൽ നിന്നും ആവശ്യത്തിന് വേണ്ട വെള്ളം പുഴയിൽ കയറാത്ത ഒരവസ്ഥയുണ്ട്.

**നിർദ്ദേശങ്ങൾ, സാധ്യതകൾ**

ചാലോട് പുഴയിലെ ശുദ്ധജലം ഉപയോഗപ്പെടുത്തി 30 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിക്ക് ജലസേചനം നടത്താൻ കഴിയും.

തുരുത്തിയിൽ കുളങ്ങരത്ത്താഴകുളം ഉപയോഗപ്പെടുത്തി 10 ഹെക്ടർ സ്ഥലത്തെ തെങ്ങ്കൃഷിക്കും കച്ചേരിയിലെ മലയൻകുളം പ്രയോജനപ്പെടുത്തിയാൽ 10 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കും കായപനച്ചി അമ്പലപറമ്പ് കുളം പ്രയോജനപ്പെടുത്തിയാൽ 10 ഹെക്ടർ തെങ്ങ്കൃഷിക്കും വാഴകൃഷിക്കും ജലസേചനം നടത്താൻ കഴിയും.

കുന്നംചിറഭാഗത്ത് നിന്നും തുരുത്തി, കച്ചേരി, കായപനച്ചി എന്നീ ഭാഗങ്ങളിലേക്ക് 2½കി. മീ. നീളത്തിൽ ജലസേചനചാൽ ഉണ്ടാക്കിയാൽ പ്രസ്തുത പ്രദേശങ്ങളിൽ മൂന്നാംവിളക്കാലത്ത് പയർ, പച്ചക്കറികൃഷികൾ വ്യാപകമായി നടത്താൻ കഴിയും.

ചാലോട് ചീപ്പിൽ നിന്നും കോട്ടേമ്പ്രം ഭാഗത്തേക്ക് 1കി.മീ. നീളത്തിൽ ജലസേചനചാൽ ഉണ്ടാക്കിയാൽ കോട്ടേമ്പ്രം, കച്ചേരിഭാഗത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

ചുണ്ടയിൽതാഴപുഴയിൽ നിന്നും മാണിക്കോത്ത്താഴ ഭാഗത്തേക്ക് 800മീ. നീളത്തിൽ ജലസേചനചാൽ ഉണ്ടാക്കിയാൽ ചുണ്ടയിൽതാഴ പാടശേഖരത്തിൽ മൂന്നാംവിള വിജയകരമായി നടത്തുവാൻ കഴിയും.

മോന്താൽകടവ് ചീപ്പിന് പലകയിട്ടാൽ പെരിങ്ങത്തൂർ പുഴയിലെ ഉപ്പ് ഓരുകയററം തടയാൻ കഴിയും. അത്വഴി പത്ത്, പതിനൊന്ന് വാർഡുകളിലെ ജലസേചന സൗകര്യം വ്യാപകമായി വർദ്ധിപ്പിക്കാൻ കഴിയും.

കാർഷികരംഗത്ത് മാററം വരുത്താൻ പൊതുവായി താഴെപറയുന്ന കാര്യങ്ങൾ ചെയ്യണം.

1 ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
2 വൈദ്യുതി എത്തിക്കുക.
3 ആദായനിരക്കിൽ രാസവളം ലഭ്യമാക്കുക.
4 മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുളള വളപ്രയോഗം.
5 മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ.
6 ജൈവവള ലഭ്യത.
7 ഗുണനിലവാരമുള്ളതും പ്രദേശത്തിന് യോജിച്ചതുമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുക.
8 കൃഷികളെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളും യഥാസമയത്ത് നിയന്ത്രിക്കുന്നതിന് വേണ്ടി ഓരോ വാർഡിലും ചുരുങ്ങിയത് രണ്ടു വീതം പരിശീലനം ലഭിച്ച ഗ്രൂപ്പുകളെ ഏർപ്പെടുത്തുക.

കുററ്യാടി പദ്ധതിയിൽപ്പെട്ട കായപനച്ചി കനാലിൻെറ പണി പൂർത്തീകരിക്കുകയും അററകുററപണികൾ നടത്തുകയും ചെയ്ത് ജലം തുറന്നുവിട്ടാൽ ഇരിങ്ങണ്ണൂർ, കായപനച്ചി പ്രദേശങ്ങളിൽ ജലസേചനം നടത്താൻ കഴിയും കോട്ടേമ്പ്രം കൈകനാൽ അററകുററപണി നടത്തി ജലമെത്തിച്ചാൽ മുണ്ടോനമ്പ്രത്ത് താഴവയലിൽ ജലസേചനം നടത്താൻ കഴിയും.

**റെഗുലേററർ കംബ്രിഡ്ജ്**

പെരിങ്ങത്തൂർ പുഴയ്ക്ക് കല്ലാച്ചേരി കടവിന്സമീപം ഒരു റെഗുലേററർ കംബ്രിഡ്ജ് നിർമ്മിച്ചാൽ എടച്ചേരി പഞ്ചായത്തിലും കണ്ണൂർ ജില്ലയിലെ സമീപ പഞ്ചായത്തുകളിലും ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ കഴിയും. ഇതിന്വേണ്ടി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സഹായം ആവശ്യമാണ്.

വടകര മാഹി കനാലിലൂടെ ഒഴുകിപോകുന്ന ജലം കെട്ടുങ്കൽതാഴ വി. സി. ബി. കെട്ടിയോ കളിയാംവെള്ളിപുഴയ്ക്ക് വി. സി. ബി. കെട്ടിയോ കൃഷിക്ക് പ്രയോജനപ്പെടുത്താം.

വെങ്ങോളിത്താഴകുളം, മണക്കുളം എന്നിവ ആഴംകൂട്ടി കൃഷിക്ക് ഉപയുക്തമാക്കാം. ഒളവിൽത്താഴ കനാലിന് സമീപം കുളംകുഴിച്ച് പമ്പ്ഹൗസ് സ്ഥാപിച്ച് മീത്തലെ കുന്നത്ത്പറമ്പിൽ ജലസംഭരണി ഉണ്ടാക്കി ജലസേചന യോഗ്യമാക്കാവുന്നതാണ്. (ഒന്നാം വാർഡിലെ മീത്തലെകുന്നത്ത് പരിസരഭാഗം) എറോത്ത്താഴത്തോട്ടിൽ നിന്നും വെള്ളം പമ്പ്ചെയ്ത് കോട്ടേമ്പ്രത്ത് എടത്തിൽ ഭാഗത്ത് തെങ്ങ് കൃഷിയ്ക്ക് ജലസേചന യോഗ്യമാക്കാവുന്നതാണ്. ചാലോട് വി.സി ബി.യിൽ നിന്നും കുണ്ടിലോട്ട്താഴ വി സി.ബി.യിലേക്ക് 300മീ നീളത്തിൽ ജലസേചന ചാലുണ്ടാക്കിയാൽ ഇരിങ്ങണ്ണൂർ ചീറവരെയും തൊട്ടടുത്ത പ്രദേശങ്ങളിലും ജലസേചനമെത്തിയ്ക്കാൻ കഴിയും. പിറോളളതിൽ, തൈക്കണ്ടിയിൽ, കോറോത്ത്കണ്ടിയിൽ എന്നീ കുളങ്ങൾ ആഴംകൂട്ടി ഉപയുക്തമാക്കിയാൽ ഗ്രൂപ്പ് ജലസേചനപദ്ധതി നടപ്പിലാക്കാം.

**ജൈവവള കൃഷി**

ജൈവവളത്തിൻെറ ലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി മണ്ണിര കമ്പോസ്ററ്, കയർപ്പൊടി കമ്പോസ്ററ്, ഗ്രാമീണ കമ്പോസ്ററ് പച്ചിലവളകൃഷി എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വേനൽകാലത്ത് വരൾച്ച ഒരു പ്രധാനപ്രശ്നമാണ്. മഴക്കാലത്ത് വെള്ളം പറമ്പുകളിൽ സംഭരിക്കൽ പ്രവർത്തനം ഒററയ്ക്കും കൂട്ടായും ചെയ്യുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

**അനുബന്ധം**

ഞാററുവേല തിയ്യതികൾ

| | | | |
|---|---|---|---|
| 1 | ചോതി | തുലാം 7 — തുലാം 21 | ഒക്ടോബർ 23 — നവം: 6 |
| 2 | വിശാഖം | തുലാം 21 — വൃശ്ചികം 4 | നവംബർ 6 — നവം: 19 |
| 3 | അനിഴം | വൃശ്ചികം 4 — വൃശ്ചികം 17 | നവംബർ 19 — ഡി: 2 |
| 4 | തൃക്കേട്ട | വൃശ്ചികം 17 — വൃശ്ചികം 30 | ഡിസംബർ 2 — ഡി: 15 |
| 5 | മൂലം | വൃശ്ചികം 30 — ധനു 13 | ഡിസംബർ 15 — ഡി: 28 |
| 6 | പൂരാടം | ധനു 1 — ധനു 26 | ഡിസംബർ 28 — ജന: 10 |
| 7 | ഉത്രാടം | ധനു 2 — മകരം 11 | ജനവരി 10 — ജന: 23 |
| 8 | തിരുവോണം | മകരം 11 — മകരം 24 | ജനവരി 23 — ഫി: 5 |
| 9 | അവിട്ടം | മകരം 4 — കുംഭം 7 | ഫിബ്രവരി 5 — ഫി: 18 |
| 10 | ചതയം | കുംഭം 7 — കുംഭം 0 | ഫിബ്രവരി 18 — മാർ: 4 |
| 11 | പൂരുട്ടാതി | കുംഭം 20 — മീനം 3 | മാർച്ച് 4 — മാർ: 17 |
| 12 | ഉത്രട്ടാതി | മീനം 3 — മീനം 17 | മാർച്ച് 17 — മാർ: 30 |
| 13 | രോഹിണി | മീനം 17 — മേടം 1 | മാർച്ച് 30 — ഏ: 14 |
| 14 | അശ്വതി | മേടം 1 — മേടം 14 | ഏപ്രിൽ 14 — ഏ: 27 |

**ഞാററുവേല ചൊല്ലുകൾ**

1 അശ്വതിയിലിട്ട വിത്തും ഭരണിയിലിട്ട മാങ്ങയും കേടുവരുന്നതല്ല.
2 അശ്വതിഞാററുവേല കള്ളനാണ്
3 ഭരണി ഞാററുവേലയിൽ വിതയ്ക്കാൻ നല്ലതാണ്.
4 കാർത്തിക കഴിഞ്ഞാൽ മഴയില്ല — കർണൻ പെട്ടാൽ പടയില്ല.
5 തിരുവാതിര ഞാററുവേലയിൽ തിരിമുറിയാതെ ഒഴുകണം.
6 പൂയ്യത്തിന് മഴപെയ്താൽ പുല്ലും നെല്ല്.
7 പൂയ്യം ഞാററുവേലയിൽ ഞാറുനട്ടാൽ പുഴുക്കേട്.
8 ആയില്യത്തിൽ പാകാം അത്തത്തിൽ പറിച്ചുനടാം.
9 മകീര്യത്തിൽ ചേററിൽ പാകാം തിരുവാതിരയിൽ പറിച്ചുനടാം.
10 മകം മുഖത്ത് എള്ള് എറിയണം.
11 അത്തം ഞാററുവേലയിൽ അകലെ കണ്ട് മടിച്ചുനട്ടാൽ മതി.
12 തുലാചിത്തിര കഴിഞ്ഞാൽ നടാം.
13 ചോതി വർഷിച്ചാൽ ചോറിന് പഞ്ഞമില്ല.
14 മകരത്തിൽ മഴ പെയ്താൽ മരുന്നും കൂടിയില്ല
15 കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ലാണ്.
16 മേടം തെററിയാൽ മോടൻ തെററി. (മോടൻ– പറമ്പിലെ നെല്ല് കൃഷി)

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം**

മൃഗപരിപാലന രംഗത്ത് കഴിഞ്ഞ അമ്പത് വർഷക്കാലം കൊണ്ട് വലിയ മാററങ്ങൾ വന്നുചേർന്നിട്ടുണ്ട്. പശുക്കളുടെ എണ്ണം കൂടുകയും ആട്, കാള എന്നിവ കുറയുകയുമാണ് ചെയ്തത്. 3162 പ്രഥമ വിവര ഫോറങ്ങൾ പൂരിപ്പിച്ച് ലഭിച്ചപ്പോൾ 1584 പശുക്കളുടെയും 498 കാളകളുടെയും 34 പട്ടികളുടെയും കണക്കാണ് കിട്ടിയത്. മൃഗാസ്പത്രി രേഖകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ 318 ആടുകൾ ഉണ്ടെന്ന് കാണുന്നു. പ്രഥമ വിവര ഫോറങ്ങൾ മുഴുവൻ പൂരിപ്പിച്ച് കിട്ടാത്ത സാഹചര്യത്തിൽ ഈ കണക്കുകൾ അപൂർണ്ണമാണ്. കണക്കുകൾ കാണിക്കുന്നത് അത്യുൽപാദനശേഷിയുള്ള 457 പശുക്കൾ ഇവിടെ ഉണ്ടെന്നാണ്. സങ്കര ഇനം പശുക്കൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും നാടൻ ഇനങ്ങളും വ്യാപകമായി വളർത്തപ്പെടുന്നുണ്ട്. പാലിൻെറ വിപണന രീതിയിൽ കാര്യമായ മാററം വന്നുചേർന്നിട്ടില്ല. വീടുകളിലും ചായകടകളിലുമാണ് ഇന്നും പാൽ വിപണനം ചെയ്യപ്പെടുന്നത് കന്നുകാലി രോഗനിവാരണങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് എടച്ചേരി, തൂണേരി, പെരിങ്ങത്തൂർ മൃഗാസ്പത്രികളെയാണ്. എടച്ചേരി പഞ്ചായത്തിൽ അടുത്തകാലത്താണ് മൃഗാസ്പത്രി സ്ഥാപിച്ചത് വേണ്ടത്ര സൗകര്യങ്ങളില്ലാത്ത എടച്ചേരി നോർത്തിലെ വാടക കെട്ടിടത്തിലാണ് മൃഗാസ്പത്രി പ്രവർത്തിക്കുന്നത് മൃഗാസ്പത്രിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ആവശ്യമായ മരുന്നുകൾ പലപ്പോഴും ഉണ്ടാകാറില്ല. പഞ്ചായത്തിൽ രണ്ട് ഗോബർ ഗ്യാസ് പ്ലാൻറുകളേ നിലവിലുള്ളൂ കന്നുകാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ചൊറി എന്നിവയാണ്. നമ്മുടെ പഞ്ചായത്തിൽ വളർത്തപ്പെടുന്ന പ്രധാന വളർത്തുപക്ഷി കോഴി അണ്. നാടൻ ഇനങ്ങളും സങ്കരഇനങ്ങളും വളർത്തപ്പെടുന്നു. ലഭ്യമായ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം 726 പൂവൻകോഴികളും 2426 പിടക്കോഴികളുമാണുള്ളത്. സുമാർ നാലായിരത്തോളം പിടക്കോഴികളും ആയിരത്തിലധികം പൂവൻകോഴികളും നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് കണക്കാക്കാം. രണ്ടാംവാർഡിലും അഞ്ചാംവാർഡിലും ഓരോ കോഴിവളർത്തുകേന്ദ്രങ്ങൾ ഉണ്ട്. ഇരിങ്ങണ്ണൂർ, എടച്ചേരി എന്നിവടങ്ങളിൽ ഇറച്ചി കോഴി വിൽപ്പന കേന്ദ്രങ്ങൾ ഉണ്ട്. കോഴികളെ പ്രധാനമായും ബാധിക്കുന്ന രോഗം കോഴിവസന്തയാണ്. മുട്ടയുടെ വിപണനം പ്രാദേശികമായാണ് നടക്കുന്നത്. മുട്ടക്കും, ഇറച്ചിക്കും പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയെയാണ്

**പ്രശ്നങ്ങൾ**

കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കാലിതീററയുടെയും കോഴിതീററയുടെയും വിലക്കയററമാണ്. രോഗങ്ങൾ വന്നുകഴിഞ്ഞാൽ കൃത്യസമയത്ത് ചികിത്സ ലഭിക്കാത്തതാണ് മററൊരു പ്രശ്നം. നല്ല ഇനം കന്നുകാലികളെയും കോഴികുഞ്ഞുങ്ങളെയും ലഭിക്കാത്ത പ്രശ്നവും ഉണ്ട്. പാൽ വിപണന രംഗത്ത് വലിയ പ്രയാസങ്ങൾ അനുഭവപ്പെടുന്നു. അലഞ്ഞു തിരിയുന്ന പട്ടികൾ പഞ്ചായത്തിൽ ചില സമയങ്ങളിൽ കന്നുകാലികൾക്ക് ഭീഷണിയായി മാറുന്നുണ്ട്.

**സാധ്യതകൾ**

1 തീററപ്പുൽ കൃഷി വ്യാപകമാക്കുക.

2 ബ്ലോക്കടിസ്ഥാനത്തിൽ കാലിത്തീററകളും കോഴിത്തീററകളും നിർമ്മിക്കാനുള്ള കേന്ദ്രം സ്ഥാപിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

3 മൃഗാസ്പത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. എല്ലാസമയത്തും ഡോ

ക്ടരുടെ സേവനം ലഭ്യമാക്കുക. ആവശ്യത്തിനുള്ള മരുന്നുകൾ എത്തിക്കുക. കൃത്യസമതത്ത് ബീജസങ്കലനത്തിനുള്ള ഏർപ്പാടുണ്ടാക്കുക കന്നുകാലികൾക്കും കോഴികൾക്കും പ്രതിരോധ കുത്തിവെപ്പിനുള്ള സംവിധാനം ഉണ്ടാക്കുക. കോഴിവളർത്തുന്നവർക്ക് കുത്തിവെപ്പിനുള്ള പരിശീലനം നൽകുക. ഇരിങ്ങണ്ണൂർ ഭാഗത്ത് മൃഗാശുപത്രിയുടെ സബ്ബ്സെൻറർ തുടങ്ങുക.

4 ഇരിങ്ങണ്ണൂരിലും എടച്ചേരിയിലും മിൽക്ക് സൊസൈററികൾ സ്ഥാപിക്കുക.

5 കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കാൻ തയ്യാറുള്ള തൊഴിൽരഹിതർക്ക് വായ്പ ലഭ്യമാക്കുക.

6 എല്ലാ കുടുംബങ്ങളിലും ചുരുങ്ങിയത് അഞ്ച് കോഴികളുള്ള ഓരോ യൂനിററ് പദ്ധതിയുടെ ഒന്നാം വർഷത്തിൽ തന്നെ ആരംഭിക്കുക.

7 മെച്ചപ്പെട്ട ഇനം പശുക്കളെയും കോഴിക്കുഞ്ഞുങ്ങളെയും ലഭ്യമാക്കുക.

8 പട്ടികളെ വളർത്താൻ ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞുതിരിയുന്ന പട്ടികളെ കൊല്ലാൻ സംവിധാനമുണ്ടാക്കുകയും ചെയ്യണം. പട്ടിപിടുത്തക്കാരുടെ വേതനം വർദ്ധിപ്പിക്കണം.

9 മൃഗങ്ങൾക്കും കോഴികൾക്കുമുള്ള ഇൻഷൂറൻസ് സംവിധാനം ഫലപ്രദമാക്കണം.

## മത്സ്യബന്ധനം

മത്സ്യബന്ധനം മാത്രം ഒരു ഉപജീവനമാർഗമായി സ്വീകരിച്ചവർ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗങ്ങളിൽ ചുരുക്കം ചിലർ ഉപതൊഴിലായി മത്സ്യബന്ധനത്തിൽ ഏർപ്പെടാറുണ്ട്. വടകര_മാഹികനാൽ, മയ്യഴിപുഴ, ചാലോട്പുഴ എന്നിവിടങ്ങളിലാണ് പ്രധാനമായും മത്സ്യബന്ധനം നടക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി കയിച്ചിൽ പോലുള്ള മത്സ്യങ്ങളെ ബാധിക്കുന്ന ഗുരുതരമായ രോഗം വ്യാപകമായി കണ്ടുവരുന്നു. ചിലതരം മത്സ്യങ്ങളുടെ വംശനാശത്തിനുവരെ ഇത്തരം രോഗങ്ങൾ കാരണമാകുന്നു. പുഴയിൽനിന്ന് തോട്ട ഉപയോഗിച്ച് മത്സ്യം പിടിക്കുന്ന സമ്പ്രദായവും വംശനാശത്തിന് കാരണമാകുന്നുണ്ട്. ശുദ്ധജല മത്സ്യകൃഷിയോ, ഓരു ജല മത്സ്യകൃഷിയോ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല.

പഞ്ചായത്തിൽ ഇരുനൂറോളം മത്സ്യ വിതരണ തൊഴിലാളികളുണ്ട്. ഇരിങ്ങണ്ണൂർ എടച്ചേരി, തലായി കേന്ദ്രങ്ങളിലെ മീൻ ചാപ്പകളുമായി ബന്ധപ്പെട്ടാണ് പ്രധാനമായും മത്സ്യ വിപണനം നടക്കുന്നത്. വടകര, മുട്ടുങ്ങൽ, തലശേരി കടപ്പുറത്ത് നിന്ന് കൊണ്ടുവരുന്ന കടൽ മത്സ്യങ്ങളാണ് ഈ പഞ്ചായത്തിൽ വിപണനം ചെയ്യപ്പെടുന്നത്. ഇരിങ്ങണ്ണൂർ, പുതിയങ്ങാടി ടൗണുകളിൽ മീൻ ചാപ്പകളുണ്ട്. ഇരിങ്ങണ്ണൂരിലു_ള മീൻചാപ്പ നല്ല കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്. പുതിയങ്ങാടിയിലെ ചാപ്പ താൽക്കാലിക ഷെഡിലാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടത്തിൻെറ പ്ലാൻ തയ്യാറാക്കി ടെണ്ടറിന് വെച്ചിട്ടുണ്ട്. തലായി അങ്ങാടിയിൽ മീൻ ചാപ്പയില്ല.

## പ്രശ്നങ്ങൾ

1 മത്സ്യകൃഷിയെ പററിയുള്ള അറിവുകൾ കൃഷിക്കാർക്കില്ല.

2 ചില മത്സ്യങ്ങൾ വംശനാശ ഭീഷണിയെ നേരിടുന്നു.

3 പുതിയങ്ങാടി മീൻചാപ്പയുടെ അസൗകര്യങ്ങൾ.

## സാധ്യതകൾ

1 ജലം വററാത്ത കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടത്താൻ കഴിയും.

2 രണ്ടാംവാർഡിലെ ചെത്തിൽതാഴ മൂന്നാം വാർഡിലെ കുന്നത്ത്താഴ, എട്ടാം വാർഡിലെ തുരുത്തി പ്രദേശങ്ങളിൽ ചെമ്മീൻ കൃഷി നടത്താൻ സാധ്യതയുണ്ട്.

3 പുതിയങ്ങാടി മീൻ ചാപ്പയുടെ പണി ഉടനെ ആരംഭിച്ച് സൗകര്യമുണ്ടാക്കണം.

4 മത്സ്യവിതരണ തൊഴിലാളികളുടെ ഒരു റജിസ്ററർ പഞ്ചായത്തിൽ സൂക്ഷിക്കണം.

5 തോട്ട പൊട്ടിച്ച് മത്സ്യം പിടിക്കുന്നത് നിയമംമൂലം കർശനമായി നിയന്ത്രിക്കണം.

# വിദ്യാഭ്യാസം

സാമ്പത്തികമായ അടിമത്തവും, സാമൂഹീകവുമായ പിന്നോക്കാവസ്ഥയും കാരണം വിദ്യാഭ്യാസം അന്യംനിന്ന ഒരു ചരിത്ര പശ്ചാതലമായിരുന്ന എടച്ചേരി ഗ്രാമ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കുമുണ്ടായിരുന്നത്. മലയാളമണ്ണിലാകമാനം ശ്രീനാരായണഗുരുവിൻെറയും, പുരോഗമന പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ നടന്ന സാമൂഹ്യപരിഷ്ക്കരണങ്ങളുടെ അലയടികൾ നമ്മുടെ പഞ്ചായത്തിലും മാററങ്ങളുണ്ടാക്കി നാഴികകൾ താണ്ടിയും സാധാരണക്കാരൻെറ മക്കൾ വിദ്യാസമ്പാദനത്തിന് എടച്ചേരി പഞ്ചായത്തിൻെറ കിഴക്ക്ഭാഗത്ത് സ്ഥിതിചെയ്യുന്ന പുറമേരിയിലെ കടത്തനാട് രാജാസ് ഹൈസ്കൂളിൽ പോയിത്തുടങ്ങി. ഇരുപതാം നൂററാണ്ടിൻെറ ആദ്യപകുതിയിൽ എൽ.പി., യു.പി. സ്കൂളുകൾ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വന്നു. 1960 ആവുമ്പോഴേയ്ക്കും ഒരു ഹൈസ്കൂളും സ്ഥാപിതമായി. ഇരിങ്ങണ്ണൂരിൽ സ്ഥാപിതമായ ഹൈസ്കൂളിന് തറക്കല്ലിട്ടത് 1957ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ് ആയിരുന്നു. പ്രസ്തുത ഹൈസ്കൂൾ അന്നത്തെ വിജ്ഞാന കുതുകികളായ ഒരു സംഘം വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും നാട്ടുകാരുടെയും അക്ഷീണപരിശ്രമത്തിൻെറയും കഠിനാധ്വാനത്തിൻെറയും ഫലമായുയർന്നുവന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങളോ, അൺഎയ്ഡഡ് വിദ്യാലയങ്ങളോ ഇല്ല

ഇന്ന് നമ്മുടെ പഞ്ചായത്തിൽ 11 എയിഡഡ് വിദ്യാലയങ്ങളുണ്ട്. ഇതിൽ 7 എൽ.പി. സ്കൂളുകളും 3 യു.പി.സ്കൂളുകളും ഒരു ഹൈസ്കൂളും ഉൾപ്പെടുന്നു കൂടാതെ 4 ഫീഡിംഗ് സെൻററുകളും, 5 ബാലവാടികളും 10 വായനശാലകളും 6 ഗ്രന്ഥാലയങ്ങളും 5 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിമിതമായ സൗകര്യങ്ങളുള്ള ഒരു സ്വകാര്യസാങ്കേതിക സ്ഥാപനവും (ടൈപ്റൈററിംഗ് ഇൻസ്ററിററ്യൂട്ട്) നമ്മുടെ പഞ്ചായത്തിലുണ്ട്.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എയ്ഡഡ് വിദ്യാലയങ്ങളുടെ എണ്ണത്തിൽ മാററമൊന്നും വന്നിട്ടില്ല. പഞ്ചായത്തിൽ നിന്ന് നഗരങ്ങളിലെ വിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകുന്നത് വിരളമാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കുട്ടികളുടെ എണ്ണത്തിൽ നേരിയ വർധ്നവ്മാത്രമെ ഉണ്ടായിട്ടുള്ളു. 11 എയ്ഡഡ് വിദ്യാലയങ്ങളിലുമായി മൊത്തം 5352 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ ആൺകുട്ടികളാണ് കൂടുതലും 2823 ആൺകുട്ടികളും 2529 പെൺകുട്ടികളുമാണുള്ളത്. SC/ST വിഭാഗത്തിൽപെട്ട 159 വിദ്യാർത്ഥികളുണ്ട്. ഇതിൽ 88 ആൺകുട്ടികളും 71 പെൺകുട്ടികളുമാണ്. 11 സ്കൂളിലുമായി 187 അധ്യാപകർ ജോലിചെയ്യുന്നു കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അധ്യാപകരുടെ എണ്ണത്തിൽ ചെറിയ വർദ്ധനവ്

ഉണ്ടായെങ്കിലും സ്ത്രീ പുരുഷ അനുപാതത്തിൽ വലിയ മാററങ്ങളുണ്ടായിട്ടില്ല

പഞ്ചായത്തിലെ എയ്ഡഡ് വിദ്യാലയങ്ങൾ താഴെ കൊടുത്തവയാണ്.

1 ഇരിങ്ങണ്ണൂർ ഹൈസ്കൂൾ
2 കച്ചേരി യു. പി സ്കൂൾ
3 എടച്ചേരി നോർത്ത് യു. പി. സ്കൂൾ
4 നരിക്കുന്ന് യു പി. സ്കൂൾ
5 ഇരിങ്ങണ്ണൂർ എൽ. പി സ്കൂൾ
6 ഇരിങ്ങണ്ണൂർ വെസ്ററ് എൽ പി സ്കൂൾ
7 കച്ചേരി നോർത്ത് എൽ. പി. സ്കൂൾ
8 എടച്ചേരി സെൻട്രൽ എൽ. പി. സ്കൂൾ
9 എടച്ചേരി മാപ്പിള എൽ. പി. സ്കൂൾ
10 തുരുത്തി എൽ.പി. സ്കൂൾ
11 പുതിയങ്ങാടി മാപ്പിള എൽ. പി. സ്കൂൾ

1 ഇരിങ്ങണ്ണൂർ ഹൈസ്കൂൾ

ഓടിട്ടതും വേണ്ടത്ര സൗകര്യങ്ങളുമുള്ള ക്ലാസ് മുറികളുമുണ്ട്. ആകെ 44 ഡിവിഷനുകളാണുള്ളത്. സ്ഥിരമായ കെട്ടിടങ്ങളാണുള്ളത്. സ്കൂളിൽ മൊത്തം 51 സ്ഥിരമായ മുറികളുണ്ട്. 2 കക്കൂസുകളും 2 മൂത്രപ്പുരകളുമുണ്ട്. സ്കൂളിന് കിണറും ഉച്ചഭാഷിണിയുമുണ്ട്. പൈപ്പുകൾ വഴി കുട്ടികൾക്കാവശ്യമായ ജലം ലഭ്യമാക്കാനുള്ള സംവിധാനമുണ്ട്. സ്കൂളിൽ വൈദ്യുതി ലഭ്യമാണ്. പാചകമുറിയും സ്കൂൾ കാൻറീനുമുണ്ട്. സ്ററാഫ് റൂമുണ്ട് സ്കൂളിൽ വേണ്ടത്ര ഫർണിച്ചർ ഉണ്ട്. സ്കൂളിൽ ആവശ്യാനുസരണം 67 അധ്യാപികാധ്യാപകൻമാർ നിലവിലുണ്ട്. 991 ആൺകുട്ടികളും 876 പെൺകുട്ടികളുമാണ് ഉള്ളത്. മൊത്തം 1867 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ SC/ST വിഭാഗത്തിൽ 44 ആൺകുട്ടികളും 20 പെൺകുട്ടികളുമാണ് ഉള്ളത്. സ്കൂളിൽ മൊത്തം തോററുപഠിക്കുന്നവരുടെ എണ്ണം 259 ആണ്. 78 പേർ പഠനം നിർത്തിയവരിൽ പെടുന്നു. സ്കൂളിന് ചുററുമതിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. സ്കൂളിൽ പ്രവർത്തിക്കുന്ന ലൈബ്രറിയും ലബോറട്ടറിയുമുണ്ട്. ആവശ്യത്തിന് പഠന ഉപകരണങ്ങൾ ലഭ്യമാണ്. മാതൃസംഗമവും, P.T.A. കമ്മിററിയുമുണ്ട്. ആവശ്യത്തിന് അനുസരിച്ച് അർഹതപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നു. സ്കൂൾ കുട്ടികൾക്ക് യൂനിഫോം സംവിധാനം നിലവിലുണ്ട്. 1993ൽ SSLC പരീക്ഷയെഴുതിയ മൊത്തം വിദ്യാർത്ഥികളിൽ 23.5% പേർ വിജയിച്ചു. 94ൽ 26%, 95ൽ 18%, 96ൽ 20.88 എന്നിങ്ങനെയായിരുന്നു വിജയശതമാനം. കഴിഞ്ഞ വർഷം SSLC ക്ക് 507 മാർക്ക് നേടിയ കുട്ടിയായിരുന്നു ഉയർന്ന മാർക്ക് വാങ്ങിയവൻ. സ്കൂളിൽ ഒരു കളിസ്ഥലമുണ്ട്. 5-ാം തരം മുതൽ 10-ാംതരം വരെ പരിശോധിച്ചാൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും 40 ശതമാനത്തിൽ താഴെ മാർക്ക് വാങ്ങുന്നവരാണ്.

ഇനി ഹൈസ്കൂളിനെയും, യു. പി. എൽ. പി. സ്കൂളുകളേയും ബാധിക്കുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും വേർതിരിച്ചും സ്കൂളുകളെ പൊതുവെ ബാധിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ഒരുമിച്ചും റിപ്പോർട്ടിൻെറ അവസാനം ചേർക്കുന്നു.

- ഇരിങ്ങണ്ണൂർ ഹൈസ്കൂളിനെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങൾ
- ★ SSLC വിജയശതമാനം വളരെ മോശമാണ്.
- ★ തുരുത്തി, എടച്ചേരി, പുതിയങ്ങാടി ഭാഗത്തുനിന്നും വരുന്ന കുട്ടികൾക്ക് ബസ്യാത്രാ സൗകര്യം വേണ്ടത്ര ഇല്ല.
- ★ സോഡിയം, പൊട്ടാസ്യം ക്ലോറേററ് തുടങ്ങിയ രാസവസ്തുക്കൾ സൂക്ഷിക്കാൻ ലൈസൻസ് ആവശ്യമുള്ളതിനാൽ സൂക്ഷിക്കാൻ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

തുരുത്തി, എടച്ചേരി, പുതിയങ്ങാടി ഭാഗത്തുനിന്നും വരുന്ന കുട്ടികൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഒന്നോ രണ്ടോ ബസ്സുകൾ കൂടി പുതിയങ്ങാടി ഇരിങ്ങണ്ണൂർ റൂട്ടിലനുവദിക്കാൻ വേണ്ട സമ്മർദ്ദങ്ങൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ചെലുത്താൻ പഞ്ചായത്ത് മുൻകൈ എടുക്കണം. SSLC വിജയശതമാനം ഉയർത്താൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

(11)

II കടപ്പുറി. യു. പി. സ്കൂൾ. – കടപ്പുറി യു. പി. സ്കൂളിന്റെ ...
... ആണ്. 13 ഡിവിഷനുകളിലായി 19 ഡിവിഷനുകൾ ഉണ്ട്.
625 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 320 ആൺകുട്ടികളും 305 പെൺ
ആണ്. SC/ST വിഭാഗത്തിൽ മൊത്തം 26 വിദ്യാർത്ഥികളുണ്ട്. ഇതിൽ 17 പെൺ
കുട്ടികളും 4 ആൺ കുട്ടികളുമാണ്. ഇവിടെ പഠിക്കുന്നവർ SC/ST വിഭാഗത്തിൽ
... ഉണ്ട്.
ഉദ്യോഗസ്ഥർ 57 ഉം ആണ്. സ്കൂളിൽ ഒരു ...
ഒരു കളിസ്ഥലമുണ്ട്. കുട്ടികൾക്ക് കുടിവെള്ള സൗകര്യം ...
ആവശ്യമുണ്ട്. സ്കൂളിൽ പ്രവർത്തിക്കുന്ന ലൈബ്രറിയും, ലബോറട്ടറിയുമുണ്ട്.
... ഉണ്ട്. ...
... സജീവമായ അദ്ധ്യാപക സംഘടന ഉണ്ട്. ...
സംസ്ഥാന തലത്തിൽ ... കടപ്പുറി യു.പി. സ്കൂളിലെ ...
... 2 പേർ കുട്ടികൾ ഉൾപ്പെടുന്നു.

ശ്നങ്ങൾ

സ്റ്റാഫ്റൂം ലൈബ്രറി, ലാബോറട്ടറി ഇവയ്ക്ക് വെവ്വേറെ മുറികളോ, വേണ്ടത്ര ഫർണ്ണിച്ചറോ ഇല്ല. ലൈബ്രറിയിൽ വേണ്ടത്ര പുസ്തകങ്ങളില്ല. ലാബോറട്ടറിയിൽ വേണ്ടത്ര ഉപകരണങ്ങളും രാസവസ്തുക്കളുമില്ല. ആൺകുട്ടികൾക്ക് ഒരു മൂത്രപ്പുര ആവശ്യമാണ്. സ്കൂളിന് ഒരു കളിസ്ഥലമില്ല. സ്കൂളിലേക്കുള്ള റോഡ് ഗതാഗതയോഗ്യമല്ല. സ്കൂൾ സമയത്ത് സ്കൂളിൻെറ വളരെ അടുത്തു നിന്ന് പാറപൊട്ടിക്കുന്നുണ്ട്. സ്കൂളിലെ പലക്ലാസ്മുറികളിലും മഴക്കാലത്ത് ചാറലടിച്ച് കുട്ടികളും പുസ്തകങ്ങളും ഫർണിച്ചറുകളും നനയാറുണ്ട്. വേനൽക്കാലത്ത് കുട്ടികൾക്ക് കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ക്ലാസ് പാർട്ടീഷൻ വേണ്ടത്ര ഇല്ല. സ്കൂളിൽ വൈദ്യുതിസൗകര്യങ്ങളില്ല

പരിഹാരനിർദ്ദേശങ്ങൾ

സ്റ്റാഫ്റൂം, ലൈബ്രറി, ലാബോറട്ടറി ഇവയ്ക്ക് വേണ്ടത്ര ഫർണിച്ചറും വെവ്വേറെ മുറികളും ലഭ്യമാക്കാൻ പഞ്ചായത്ത്, സ്കൂൾ മാനേജ്മെൻറിൽ സമ്മർദ്ദം ചെലുത്തുകയും പി. ടി. എയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വേണം. ലൈബ്രറിയിൽ വേണ്ടത്ര പുസ്തകങ്ങൾ ലഭ്യമാക്കാനും ലാബോറട്ടറിൽ വേണ്ടത്ര രാസവസ്തുക്കളും ഉപകരണങ്ങളും ലഭ്യമാക്കാനും വേണ്ട സഹായങ്ങൾ ചെയ്യണം. ആൺകുട്ടികൾക്ക് ഒരു മൂത്രപ്പുര ഉണ്ടാക്കാനുള്ള ശ്രമങ്ങളും പഞ്ചായത്ത് നടത്തണം. സ്കൂളിന് ഒരു ചെറിയ കളിസ്ഥലമെങ്കിലുമുണ്ടാവണം. സ്കൂളിലേക്കുള്ള റോഡ് പഞ്ചായത്ത് ഗതാഗത യോഗ്യമാക്കണം.

സ്കൂൾസമയത്ത് സ്കൂളിന് വളരെ അടുത്ത്വെച്ച് പാറപൊട്ടിക്കുന്നത് തടയണം. മഴക്കാലത്ത് ചാറലടിച്ച് ക്ലാസ്മുറികൾ നനയുന്നത് തടയാൻ ചുമരുകൾ കെട്ടാനൊ മററെന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്താനോ മാനേജ്മെൻറിനോടഭ്യർത്ഥിക്കണം.

വേനൽക്കാലത്ത് കുട്ടികളനുഭവിക്കുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം. ക്ലാസ്പാർട്ടീഷനുകൾ ശരിയായ രീതിയിൽ നടത്താൻവേണ്ട ഏർപാടുകൾ ചെയ്യണം. സ്കൂളിലെ കുട്ടികൾക്ക് കളിക്കാനായി വളരെചെറിയ ഒരു സ്ഥലമുള്ളതിൽ നിന്ന് പലരും മണ്ണെടുത്ത്കൊണ്ടുപോകുന്നത് തടയണം.

III എടച്ചേരി നോർത്ത് യു. പി. സ്കൂൾ

എടച്ചേരി നോർത്ത് യു. പി. സ്കൂളിന് ഓടിട്ട 9 സ്ഥിരമായ കെട്ടിടങ്ങളാണുള്ളത്. 21 ഡിവിഷനുകളുമുണ്ട്. മൊത്തം 728 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 390 ആൺകുട്ടികളും 338 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽപെട്ട 21 കുട്ടികളിൽ 11 ആൺകുട്ടികളും 10 പെൺകുട്ടികളുമാണ്. തോററുപഠിക്കുന്നവരിൽ SC/ST വിഭാഗത്തിൽ 1ഉം മററുള്ളവർ 72ഉം ആണ്. സ്കൂളിൽ മൊത്തം 29 അധ്യാപകരാണുള്ളത്. ജില്ലാതലത്തിൽ കഴിഞ്ഞവർഷം സംസ്കൃതം കഥാരചനയ്ക്കും, ഉപന്യാസത്തിനും 3 സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. സ്കൂളിൽ ഒരു മൂത്രപ്പുരയാണുള്ളത്. ഒരു കിണറുണ്ട്. സ്കൂളിൽ പാചകമുറി താല്ക്കാലിക ഷെഡ്ഡിലാണുള്ളത്. അധ്യാപികാധ്യാപകൻമാർക്ക് പ്രത്യേകം പ്രത്യേകം സ്റ്റാഫ്റൂമുകളുണ്ട്. സ്കൂളിൽ സജീവമായ മാതൃസംഗമമുണ്ട്. നന്നായി പ്രവർത്തിക്കുന്ന ഒരു പി. ടി. എ. നിലവിലുണ്ട്.

പ്രശ്നങ്ങൾ:

ഒരു മൂത്രപ്പുര മാത്രമെ സ്കൂളിലുള്ളൂ. അതുതന്നെ വേണ്ട സൗകര്യമില്ലാത്തതാണ്. കുടിവെള്ള വിതരണത്തിന് ഫലപ്രദമായ സംവിധാനങ്ങളില്ല. പാചകമുറി ഇല്ല. ലൈബ്രറിയിൽ വേണ്ടത്ര സൗകര്യങ്ങളോ ആവശ്യമായ പുസ്തകങ്ങളോ ഇല്ല. ലബോറട്ടറി ഇല്ല സ്കൂളിൽ കളിസ്ഥലമില്ല. സ്കൂളിലേക്കുള്ള വഴികൾ വേണ്ടത്ര സഞ്ചാര സൗകര്യമുള്ളവയല്ല. രണ്ടു കക്കൂസുകളുണ്ടെങ്കിലും അവ ഉപയോഗ ശൂന്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ:

ഉപയോഗശൂന്യമായ മൂത്രപ്പുര ഉപയോഗമാക്കുകയും ഒരു മൂത്രപ്പുര കൂടി നിർമ്മിക്കുകയും വേണം. കുടിവെള്ള വിതരണം ഫലപ്രദമാക്കണം. സ്കൂളിൽ സ്ഥിരമായ

ഒരു പാചകമുറി നിർമ്മിക്കണം. ലൈബ്രറിയിൽ വേണ്ടത്ര സൗകര്യങ്ങളും ആവശ്യമായ പുസ്തകങ്ങളും ലഭ്യമാക്കണം. സ്കൂളിൽ ചെറിയ ഒരു കളിസ്ഥലമെങ്കിലും ഉണ്ടാവണം. സ്കൂളിലേക്കുള്ള വഴികൾ വേണ്ടത്ര സഞ്ചാര സൗകര്യമുള്ളതാക്കണം.

ഉപയോഗയോഗ്യമായ ഒരു കക്കൂസെങ്കിലും സ്കൂളിലുണ്ടാവണം.

iv. നരിക്കുന്ന് യു. പി സ്കൂൾ:

നരിക്കുന്ന് യു. പി. സ്കൂളിൽ മൊത്തം 961 പേർ പഠിക്കുന്നു. ഇതിൽ 493 ആൺകുട്ടികളും 468 പെൺകുട്ടികളുമാണ് SC/ST വിഭാഗത്തിൽപെട്ട 28 കുട്ടികളാണ് ഉള്ളത് ഇതിൽ 16 ആൺകുട്ടികളും 12 പെൺകുട്ടികളുമാണ്. തോററുപഠിക്കുന്നവരിൽ 7 കുട്ടികൾ SC/ST വിഭാഗത്തിൽ പെട്ടവരും 109 പേർ മററു വിഭാഗങ്ങളിൽ പെട്ടവരുമാണ്. മൊത്തം 36 അധ്യാപകരാണീ വിദ്യാലയത്തിലുള്ളത്. ഇവിടെ 3 മൂത്രപ്പുരകളുണ്ട്. ഒരു കക്കൂസുമുണ്ട്. കുടിവെള്ളം പൈപ്പ്‌വഴി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ട്. വൈദ്യുതി സംവിധാനം നിലവിലുണ്ട്. പാചകമുറി ഉണ്ട്. സ്ററാഫ്റൂമുണ്ട്. പ്രവർത്തിക്കുന്ന ഒരു ലൈബ്രറിയും ഉണ്ട്. ലബോറട്ടറി സൗകര്യമുണ്ട്. മാതൃസംഗമം സജീവമാണ്. ഒപ്പനയിൽ ജില്ലാ തലത്തിൽ എ ഗ്രേഡും രണ്ടാം സ്ഥാനവും കിട്ടിയിട്ടുണ്ട്. സ്കൂളിന്റെ പഠനനിലവാരം വളരെ മെച്ചപ്പെട്ട നിലയിലാണെന്നാണ് വിവിധ ക്ലാസുകളിലെ വിജയശതമാനത്തിൽനിന്നും മനസിലാകുന്നത്.

പ്രശ്നങ്ങൾ:

ഫലപ്രദമായ ബോർഡുകൾ വേണ്ടത്ര ഇല്ല. സ്കൂളിന് സൗകര്യപ്രദമായ കളിസ്ഥലമില്ല. മൂത്രപ്പുര സൗകര്യവും തൃപ്തികരമല്ല. സ്കൂളിന്റെ ഒരു ഷെഡ്ഡ് ഓലമേഞ്ഞതാണ്.

പരിഹാര നിർദ്ദേശങ്ങൾ:

ആവശ്യത്തിന് ഫലപ്രദമായ ബോർഡുകൾ ലഭ്യമാക്കണം. സ്കൂളിന്റെ ഓലമേഞ്ഞ ഷെഡ്ഡ് മാററി ഓടിട്ടതാക്കണം. സ്കൂളിൽ സൗകര്യപ്രദമായ ഒരു കളിസ്ഥലം ഉണ്ടാക്കേണ്ടതാണ്. മൂത്രപ്പുര സൗകര്യവും ഉണ്ടാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ മാനേജ്മെൻറിന്റെ ശ്രദ്ധ അനിവാര്യമായും ഉണ്ടാകണം.

v ഇരിങ്ങണ്ണൂർ എൽ. പി. സ്കൂൾ

ഇരിങ്ങണ്ണൂർ എൽ. പി. സ്കൂളിൽ മൊത്തം 244 പേർ പഠിക്കുന്നു ഇതിൽ 131 ആൺകുട്ടികളും 113 പേർ പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽ 2 പെൺകുട്ടികൾ മാത്രമെ ഉള്ളൂ. ആകെ 8 ഡിവിഷനുകളാണ് ഉള്ളത്. ൨ കെട്ടിടങ്ങളാണുള്ളത് 9 ക്ലാസ്റൂമുണ്ട്. പി. ടി. എ. യുടെ പ്രവർത്തനമുണ്ട്. മൊത്തം 9 അധ്യാപകൻമാരാണുള്ളത്. സ്കൂളൽ ഒരു മൂത്രപ്പുരയാണ് ഉള്ളത്. തോററുപഠിക്കുന്നവരിൽ SC/ST വിഭാഗത്തിൽ പെട്ടവരില്ല. മററുള്ളവർ മൊത്തം 15 പേരുണ്ട്. ഒരു റേഡിയോ, ടേപ്പ് റെക്കോർഡർ ഇവ ഉണ്ട്

പ്രശ്നങ്ങൾ.

കുടിവെള്ളത്തിന് വലിയക്ഷാമം നേരിടുന്നു. മൂത്രപ്പുരയും കക്കൂസുമില്ല പാചകമുറി ഇല്ല. സ്ററാഫ്റൂമില്ല. ലൈബ്രറിയുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമല്ല. വൈദ്യുതിസൗകര്യമില്ല. സ്കൂൾ മാനേജ്മെൻറ് കാര്യക്ഷമമല്ല.

പരിഹാര നിർദ്ദേശങ്ങൾ:

കുടിവെള്ളക്ഷാമം പരിഹരിക്കണം. സ്കൂളിൽ 2 മൂത്രപ്പുരകളും ഒരു കക്കൂസും ആവശ്യമാണ്. പാചകമുറി ആവശ്യമാണ്. ഫലപ്രദമായ ലൈബ്രറി സംവിധാനമുണ്ടാവണം. മെയിൻറോഡിൽ നിന്നും സ്കൂളിലേക്ക് വരുന്ന ഭാഗത്ത് വാഹനങ്ങളുടെ വേഗത കുറക്കാൻ വേണ്ട സംവിധാനങ്ങളേർപ്പെടുത്തണം. വേണ്ടത്ര ബ്ലാക്ക്ബോർഡുകൾ ലഭ്യമാക്കണം.

vi ഇരിങ്ങണ്ണൂർ വെസ്ററ എൽ. പി. സ്കൂൾ

ഭൂരിഭാഗം ക്ലാസുകളും ഓടിട്ട ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. സ്കൂളിന്റെ ഒരു ഷെഡ്ഡ് ഓലമേഞ്ഞതാണ്. ഇവിടെ മൊത്തം 258 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 137 ആൺകുട്ടികളും 121 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽപ്പെട്ട 2

കുട്ടികൾ മാത്രമെ ഉള്ളൂ ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. ഇവിടെ തോററുപഠിക്കുന്ന വരിൽ ഒരുകുട്ടി S /ST വിഭാഗത്തിലും 14 പേർ മററു വിഭാഗങ്ങളിലും പെട്ടവരാണ് ആകെ 9 അധ്യാപകരാണ് ഈ വിദ്യാലയ ത്തിൽ ഉള്ളത് അററകുററപ്പണികൾ നടത്തേണ്ട ഷെഡ്ഢുകൾ ഈ വിദ്യാലയത്തിലുണ്ട്. ആകെ 5 കെട്ടിടങ്ങളിലായി 9 ഡിവിഷനുക ളാണുള്ളത്. ഒരു മൂത്രപ്പുരയാണ് ഇവിടെ ഉള്ളത്. പാചകമുറിയും സ്ററാഫ്റൂമും ഉണ്ട്. ലൈബ്രറി സംവിധാനം പരിമിതമായ തോതിലുണ്ട്. മാതൃസംഗമം നടക്കാറുണ്ട് പി. ടി. എ. പ്രവർത്തിക്കുന്നു

പ്രശ്നങ്ങൾ

സ്കൂളിന്റെ രണ്ട് ഷെഡ്ഢുകൾ ഓല മേഞ്ഞതാണ് ഇവയിൽ ഒന്ന് ഏത്സമയ ത്തും നിലംപതിക്കാവുന്ന അവസ്ഥയിലാ ണ്. സ്കൂളിലേക്ക് കുട്ടികൾ വരുന്നറോഡ് യാത്രാസൗകര്യം വളരെകുറഞ്ഞതാണ്. സ് കൂളിൽ രണ്ട് കിണറുകളുണ്ടെങ്കിലും ഉപയോ ഗശൂന്യമാണ്. ഒരുമൂത്രപ്പുരയുള്ളതും ഉപ യോഗശൂന്യമായികിടക്കുന്നു. കക്കൂസ് ഇല്ല ലൈബ്രറിസംവിധാനം കാര്യക്ഷമമല്ല. ക്ലാസ്പാർടീഷൻ ഫലപ്രദമല്ല. സ്ററാഫ് റൂമിൽ വേണ്ടത്ര സൗകര്യമില്ല. വൈദ്യുതി സംവിധാനമില്ല.

നിർദ്ദേശങ്ങൾ

ഓലമേഞ്ഞഷെഡ്ഢ് ഓടിട്ടതാക്കണം. കെട്ടിടത്തിന് അററകുററപ്പണികൾ ആവശ്യ മാണ്. സ്കൂളിലേക്ക് വരുന്നറോഡ് യാത്രാ സൗകര്യം വേണ്ടത്ര ഉള്ളതാക്കണം. സ്കൂളിലെ ഒരു കിണറെങ്കിലും വൃത്തിയാക്കി കുട്ടികൾക്ക് കുടിവെള്ളം വിതരണംചെയ്യാൻ സംവിധാനമുണ്ടാക്കണം. ഉപയോഗശൂന്യ മായ ഒരു മൂത്രപ്പുര ഫലപ്രദമാക്കുകയും ഒരു മൂത്രപ്പുരകൂടി നിർമ്മിക്കുകയും വേണം. ഒരു കക്കൂസ്നിർമ്മിക്കണം. ലൈബ്രറി സംവിധാനം ഫലപ്രദമാകണം. ക്ലാസ്പാർ ടീഷൻ ഫലപ്രദമാകണം. വൈദ്യുതിസംവി ധാനം ഏർപ്പെടുത്തണം. സ്ററാഫ്റൂമിൽ വേണ്ടത്ര സൗകര്യം ലഭ്യമാക്കണം ചെറുകുളം കായപ്പനച്ചിഭാഗത്തുനിന്നും വരുന്ന കുട്ടികൾക്ക് സ്കൂളിലേക്ക് ഒരു നടപ്പാതനിർമ്മിക്ക ണം.

7 കച്ചേരി നോർത്ത് എൽ. പി. സ്കൂൾ.

കച്ചേരി നോർത്ത് എൽ.പി സ്കൂളിൽ മൊത്തം 116 കുട്ടികളാണുള്ളത്. ഇതിൽ 70 ആൺകുട്ടികളും 46 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽ പെട്ട 3 കുട്ടികളുണ്ട്. ഒരാൺകുട്ടിയും 2 പെൺകുട്ടികളും. തോററു പഠിക്കുന്നവരിൽ SC/ST വിഭാഗത്തിൽ പെ ടുന്നവരില്ല. മററു വിഭാഗങ്ങളിൽ പെടുന്ന 7 പേരുണ്ട്. ക്ലാസ് പാർടീഷൻ ഫലപ്രദമല്ല. സ്കൂളിൽ 2 മൂത്രപ്പുരകളുണ്ട്. ആകെ 5 അധ്യാപകരാണിവിടെ ജോലിചെയ്യുന്നത്. സ്കൂളിൽ 4 ഡിവിഷനുകളുള്ള ഒരു കെട്ടിട മാണുള്ളത്. സ്കൂളിൽ 2 മുറികളാണുള്ള ത്. ഒരു കിണർ ഉണ്ട്. ലൈബ്രറി സൗക ര്യം പരിമിതമായ രീതിയിൽ ഉണ്ട്. മാതൃ സംഗമം നടക്കാറുണ്ട്. പി. ടി. എ. ഉണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത സ്കൂളാണ് കച്ചേരി നോർത്ത് എൽ. പി. സ്കൂൾ.

പ്രശ്നങ്ങൾ:

ഒരു കെട്ടിടത്തിലാണ് 4 ഡിവിഷനുകളുമു ള്ളതെന്ന അവസ്ഥ വളരെ അസൗകര്യങ്ങൾ സൃഷ്ടിക്കുന്നു. ക്ലാസ് പാർട്ടീഷൻ ഫല പ്രദമല്ല. വേണ്ടത്ര ബ്ലാക്ക് ബോർഡുകൾ ഇല്ല. ഉച്ചക്കഞ്ഞി പാകംചെയ്യാനാവശ്യമായ പാചകമുറി ഇല്ല. സ്കൂളിൽ സ്റ്റാഫ്റൂം ഇല്ല. സ്കൂളിൽ ഒരു കക്കൂസ് ഇല്ല. വേന ൽക്കാലത്ത ശുദ്ധജലത്തിന് ക്ഷാമം നേരി ടുന്നു.

നിർദ്ദേശങ്ങൾ:

ക്ലാസ് പാർടീഷൻ ഫലപ്രദമാക്കണം വേണ്ട ത്ര ബ്ലാക്ക് ബോർഡുകൾ ലഭ്യമാക്കണം. പാചകമുറി നിർമ്മിക്കണം. സ്റ്റാഫ്റൂം നി ർമ്മിക്കണം. സ്കൂളിൽ ഒരു കക്കൂസ് ആ വശ്യമാണ്. വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം സ്കൂളിൽ പരിഹരിക്കാനുള്ള സം വിധാനം ഉണ്ടാക്കണം. ആവശ്യത്തിന് മുറി കൾ പണിയാൻ വേണ്ട ഭൂമി സ്കൂളിന്റേതാ യുണ്ട്. ലൈബ്രറി സംവിധാനം ഫലപ്രദ മാക്കണം. വൈദ്യുതി സൗകര്യം ലഭ്യമാക്ക ണം. ഓലമേഞ്ഞ സ്കൂൾ ഓടിട്ടതാക്കണം.

8 എടച്ചേരിസെൻട്രൽ എൽ. പി. സ്കൂൾ

സ്കൂളിൽ മൊത്തം 171 കുട്ടികളുണ്ട്. ഇതിൽ 86 ആൺകുട്ടികളും 85 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽ 4 ആൺകുട്ടികളും 4 പെൺകുട്ടികളുണ്ട്. തോററു പഠിക്കുന്നവരിൽ SC/ ,T വിഭാഗത്തിൽപെടുന്നവരില്ല. മററുവിഭാഗങ്ങളിൽപെട്ട 7 കുട്ടികൾ തോററുപഠിക്കുന്നവരായുണ്ട്. മൊത്തം 7 അദ്ധ്യാപകൻമാരാണിവിടെ ജോലിചെയ്യുന്നത്. ആകെ 6 ഡിവിഷനുകളാണുള്ളത്, ഇവ 4 കെട്ടിടങ്ങളിലായി സ്ഥിതിചെയ്യുന്നു. മൊത്തം 8 മുറികളുണ്ട്. സ്കൂളിൽ കുടിവെള്ളം ലഭ്യമാക്കാൻ ഒരു കി[illegible]റുണ്ട്. പാചകമുറിയും, സ്ററാഫ്റൂമു ഉണ്ട് പരിമിതമായരീതിയിൽ ലൈബ്രറി സംവിധാനവുമുണ്ട്. ബ്ലാക്ക്ബോർഡ് ആവശ്യത്തിനുണ്ട്. പി. ടി. എ യും മാതൃസംഗമവും ഉണ്ട്.

പ്രശ്നങ്ങൾ

മൂത്രപ്പുര സ്കൂളിൽ ഒന്നുപോലുമില്ല' കക്കൂസും ഇല്ല. സ്കൂളിൽ വൈദ്യുതി സൗകര്യമില്ല. സ്കൂൾ കെട്ടിടങ്ങൾ [illegible] അററകുററപ്പണികൾ വേണ്ടപോലെ നടത്താറില്ല.

നിർദ്ദേശങ്ങൾ

സ്കൂളിൽ 2 മൂത്രപ്പുരകളെങ്കിലും ആവശ്യമാണ്. സ്കൂൾ കെട്ടിടങ്ങൾക്ക് അററകുപ്പണികൾ നടത്തണം. വൈദ്യുതിസൗകര്യം ലഭ്യമാക്കണം.

9 എടച്ചേരി മാപ്പിള എൽ. പി. സ്കൂൾ

ഇവിടെ മൊത്തം 129 കുട്ടികളാണ് പഠിക്കുന്നത്. അതിൽ 58 ആൺകുട്ടികളും 71 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽ 2 പെൺകുട്ടികളും 2 ആൺകുട്ടികളും ഉൾപ്പെടെ 4 പേരാണുള്ളത്. തോററുപഠിക്കുന്നകുകൾ SC/ST വിഭാഗത്തിലില്ല 5 കുട്ടികൾ മററു വിഭാഗങ്ങളിൽ പെടുന്നവർ തോററുപഠിക്കുന്നതായുണ്ട്. നിലവിൽ 7 അധ്യാപകരാണുള്ളത്. സ്കൂൾ ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ആകെ 5 ഡിവിഷനുകളുണ്ട്. ആകെ 3 മുറികളാണിവിടെയുള്ളത്. പാചകമുറിയുണ്ട് സജീവമായ പി. ടി. എ. മാതൃസംഗമം ഇവ ഉണ്ട്.

പ്രശ്നങ്ങൾ

സ്കൂളിൽ മൂത്രപ്പുരകളില്ല. കക്കൂസില്ല. കുടിവെള്ളക്ഷാമം പരിഹരിക്കാൻ കിണറോ പൈപ്പ്സംവിധാനമോ ഇല്ല. സ്കൂൾ വൈദ്യുതി സൗകര്യമുള്ളതല്ല. ഇവിടെ സ്ററാഫ്റൂം ഇല്ല. ലൈബ്രറിസംവിധാനമില്ല. ചുരുങ്ങിയത് 4 ബ്ലാക്ക്ബോർഡുകൾ ആവശ്യമുള്ളതിൽ ഒന്നുമാത്രമെ നിലവിലുള്ളൂ.

നിർദ്ദേശങ്ങൾ

സ്കൂളിൽ 2 മൂത്രപ്പുരകളെങ്കിലും ആവശ്യമാണ്. ഒരു കക്കൂസും ആവശ്യമുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ പൈപ്പോ മററു സംവിധാനങ്ങളോ ഏർപ്പെടുത്തണം. സ്കൂളിൽ വൈദ്യുതി സൗകര്യമുണ്ടാവണം. സ്കൂളിൽ സ്റ്റാഫ്റൂം ആവശ്യമാണ്. ലൈബ്രറി സംവിധാനം ഏർപ്പെടുത്തണം. 3 ബ്ലാക്ക്ബോർഡുകൾ ലഭ്യമാക്കേണ്ടതുണ്ട്.

10. തുരുത്തി എൽ. പി. സ്കൂൾ:

പല കാരണങ്ങൾകൊണ്ടും പരിതാപകരമായ ഒരവസ്ഥയാണ് ഈ സ്കൂളിനുള്ളത്. ഇവിടെ മൊത്തം 55 കുട്ടികളാണ് പഠിക്കുന്നത്. ഇതിൽ 30 ആൺകുട്ടികളും 25 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽ പെട്ടവരില്ല. 4 അധ്യാപകരാണ് ഈ സ്കൂളിൽ ഉള്ളത്. ഒരു കെട്ടിടമേ ഈ സ്കൂളിനുള്ളൂ. 4 ഡിവിഷനുകളുണ്ട്. ഒരു മുറി മാത്രമെ സ്കൂളിൽ ഉള്ളൂ. പി. ടി. എ പ്രവർത്തിക്കുന്നു മാതൃസംഗമവും നടക്കാറുണ്ട്.

പ്രശ്നങ്ങൾ:

ഓലമേഞ്ഞ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂളിലേക്കുള്ള നടപ്പാതയാത്രാസൗകര്യം വളരെ കുറഞ്ഞതാണ്. ഇവിടെ സ്റ്റാഫ റൂം ഇല്ല പാചകമുറിയും ഇല്ല. സ്കൂളാൽ വൈദ്യുതി സംവിധാനമില്ല. വേണ്ടത്ര മുറികളോ ഫലപ്രദമായ ക്ലാസ് പാർടീഷനോ ഇല്ല. മൂത്രപ്പുരകളും കക്കൂസുമില്ല. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കിണറോ പൈപ്പ് സംവിധാനമോ ഇല്ല.

നിർദ്ദേശങ്ങൾ

കെട്ടിടത്തിന് ഓടിട്ട ഷെഡ്ഡുകളുണ്ടാവണം. ചുരുങ്ങിയത് 4 മുറികൾ കൂടി ആവശ്യമുണ്ട്. സ്കൂളിലേക്കുള്ള വഴികൾ യാത്രാ സൗകര്യമുള്ളതാക്കണം. സ്റ്റാഫ്റൂം നിർമ്മിക്കണം. പാചകമുറി ആവശ്യമാണ്. വൈദ്യുതി സൗകര്യം സ്കൂളിലുണ്ടാവണം. ഫലപ്രദമായ രീതിയിൽ ക്ലാസ് പാർടീഷനുകൾ നടത്തണം. ചുരുങ്ങിയത് 2 മൂത്രപ്പുരകളും ഒരു കക്കൂസും നിർമ്മിക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കാൻ സംവിധാനമുണ്ടാവണം.

ii പുതിയങ്ങാടി മാപ്പിള എൽ പി സ്കൂൾ

സ്കൂളിൽ മൊത്തം 198 കുട്ടികളാണുള്ളത്. ഇതിൽ 117 ആൺകുട്ടികളും 81പെൺകുട്ടികളുമാണ്. ഇവിടെ 8 അധ്യാപകരുണ്ട് ഒരു കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. 6 ഡിവിഷനുകളുണ്ട്. മൊത്തം 7 മുറികളുണ്ട് സ്കൂളിൽ ഒരു മൂത്രപ്പുരയും ഒരു കക്കൂസുമുണ്ട്. തോററുപഠിക്കുന്ന കുകുട്ടികളിൽ SC/ST വിഭാഗത്തിൽ പെടുന്നവരാരും തന്നെയില്ല 11കുട്ടികൾ മററു വിഭാഗങ്ങളിൽപെടുന്നവർ തോററു പഠിക്കുന്നവരായുണ്ട്. SC/ST വിഭാഗത്തിൽ ഒരു പെൺകുട്ടി മാത്രമേ ഇവിടെ പഠിക്കുന്നുള്ളൂ. ലൈബ്രറി സംവിധാനം പരിമിതമായ തോതിലുണ്ട്. പി. ടി. എ മാതൃസംഗമം ഇവയുടെ പ്രവർത്തനം നടക്കാറുണ്ട്. പാചകമുറിയുണ്ട്.

പ്രശ്നങ്ങൾ

ഒരു മൂത്രപ്പുര മാത്രമെ സ്കൂളിലുള്ളൂ. കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള സംവിധാനങ്ങളില്ല. സ്കൂളിൽ വൈദ്യുതി സംവിധാനമില്ല. സ്റ്റാഫ്റൂം ഇല്ല. കളിസ്ഥലമില്ല. ഫലപ്രദമായ ക്ലാസ് പാർടീഷൻ നിലവിലില്ല

നിർദ്ദേശങ്ങൾ.

സ്കൂളിൽ ഒരു മൂത്രപ്പുര കൂടി ആവശ്യമാണ് കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള സംവിധാനമുണ്ടാവണം. വൈദ്യുതി സൗകര്യം ലഭ്യമാക്കണം. സ്റ്റാഫ്റൂം നിർമ്മിക്കണം. സ്കൂളിൽ ചെറിയ ഒരു കളിസ്ഥലമെങ്കിലും ഉണ്ടാവണം. ഫലപ്രദമായ രീതിയിൽ ക്ലാസ് പാർടീഷൻ നടത്തണം.

മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ നിർദേശങ്ങൾ നടപ്പിലാക്കൻ സ്കൂൾ മാനേജ്മെൻറാണ് മുൻകൈ എടുക്കേണ്ടത്. പഞ്ചായത്ത് പരിഹരിക്കേണ്ട പ്രശ്നങ്ങൾക്ക് പഞ്ചായത്തും പരിഹാരം കണ്ടെത്തണം. സജീവമായ പി. ടി. എ മാതൃസംഗമം ഇവയുടെ ആത്മാർത്ഥമായ സഹകരണവും വേണ്ടതുണ്ട്. എന്ന് പറയേണ്ടതില്ലല്ലോ. നാട്ടുകാർ ഒന്നിച്ചു നിന്നാൽ തീർച്ചയായും പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ പരിഹാരം കാണാൻ കഴിയും. സ്കൂളുകൾക്ക് പൊതുവെ ബാധകമാകുന്ന ചില നിർദ്ദേശങ്ങളാണ് ഇനി ചുവടെ ചേർക്കുന്നത്. അവ നടപ്പിലാക്കാൻ സ്കൂൾ മാനേജ്മെൻറ്, പി. ടി. എ, നാട്ടുകാർ, പഞ്ചായത്ത്ഭരണസമിതി സർക്കാർ ഇവയുടെയെല്ലാം സഹകരണം കൂടിയേ തീരൂ.

നിർദ്ദേശങ്ങൾ

പൊതുവെ പഞ്ചായത്തിലെ സ കൂളുകളിൽ പഠനനിലവാരം വളരെ മോശമാണ് പഠനനിലവാരം ഉയർത്താനുള്ള ആത്മാർത്ഥമായ ശ്രമം എല്ലാ ഭാഗങ്ങളിൽ നിന്നുമുണ്ടാവേണ്ടിയിരിക്കുന്നു.

പഴഞ്ചൻബോധനരീതിയാണ് നാമിന്നും അവലംബിക്കുന്നത്. ബോധനരീതിയിൽ സമഗ്രമായ അഴിച്ചുപണി നടത്തേണ്ടിയിരിക്കുന്നു. ഇതിന് സിലബസ് പരിഷ്ക്കരണവും അധ്യാപകർക്ക്. പ്രത്യേക പരിശീലനവും ആവശ്യമാണ്. അശാസ്ത്രീയമായ പ്രമോഷൻ സമ്പ്രദായം നിർത്തലാക്കണം.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക്തടയാൻ വേണ്ടനടപടികൾ സ്വീകരിക്കണം.

സജീവമായ ക്ലാസ്റൂം പി. ടി. എകൾ വിദ്യാഭ്യാസസമിതികൾ പി. ടി. എ. ഗൃഹസമ്പർക്കസമിതികൾ മാതൃസംഗമം ഇവ എല്ലാ സ്കൂളുകളിലും ഉണ്ടാവണം.

ജനകീയ ഇടപെടലുകൾ സജീവമാക്കണം.

സ്കൂളിലെ ലൈബ്രറികളുടെ പ്രവർത്തനം സജീവമാക്കണം

സ്കൂൾ ലാബോറട്ടറികളിൽ വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാക്കണം.

പാഠ്യേനുബന്ധ പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധിക്കണം.

സ്കൂളിൽ ആവശ്യമായ ഡിവിഷനുകൾ മുറികൾ, ഫർണിച്ചർ, ക്ലാസ് പാർട്ടീഷൻ, പഠനോപകരണങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ. ഇവ ഉണ്ടാവണം. സ്കൂൾകുട്ടികൾക്ക് യൂനിഫോം സംവിധാനം ഏർപ്പെടുത്തണം

ഓലമേഞ്ഞ ഷെഡുകൾ മാററി ഓടിട്ടതാക്കണം

സ്കൂളുകളിൽ ആവശ്യമായ മൂത്രപ്പുര, കക്കൂസ് ഇവ ഉണ്ടായിരിക്കണം.

ആവശ്യമായ കുടിവെള്ളം വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടായിരിക്കണം.

പ്രൈമറിസ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കണം

സ്കൂളുകളുടെ ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്തേറെറടുത്ത് ഫലപ്രദമാക്കണം സ്കൂളുകിൽ ആവശ്യാനുസരണ വൈദ്യുതി സൗകര്യം ലഭ്യാക്കണം

സ്കൂളുകളിൽ മോണീററിംഗ് ശക്തമാക്കണം

വിദ്യാർത്ഥികൾക്ക് വീട്ടിലെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് ആരംഭിക്കണം.

ചുററുമതിൽ വേണ്ട സ്കൂളുകളിൽ ചുററുമതിലുകൾ പണിയണം

സ്കൂളുകളിൽ ഫസ്റ്റ് എയിഡ് സംവിധാനം നല്ല രീതിയിൽ ഏർപ്പെടുത്തണം നിർധനരായ കുട്ടികൾക്ക് സാമ്പത്തീക സഹായം നൽകാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിലുണ്ടാവണം.

അങ്കണവാടികൾ, വായനശാലകൾ, സാങ്കേതിക സ്ഥാപനങ്ങൾ:

ഒന്നാം വാർഡിൽ ജ്ഞാനോദയം വായനശാലക്ക് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കാൻ കഴിയാവുന്ന സഹായങ്ങൾ പഞ്ചായത്ത് ചെയ്യണം. പഞ്ചായത്തിൽ 2 നഴ്സറി സ്കൂളുകൾ സ്ഥാപിക്കണം. മൂന്നാം വാർഡിൽ ഒരങ്കണവാടി സ്ഥാപിക്കണം. നാലാം വാർഡിലെ വിജയ കലാവേദി ആൻറ് ഗ്രന്ഥാലയത്തിന് 3 സെൻറ് സ്ഥലം വാങ്ങാനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് നൽകുകയാണെങ്കിൽ കെട്ടിടം പണിയാനുള്ള സാമ്പത്തികസഹായം ഗ്രന്ഥശാല സംഘം നൽകും. നാലാം വാർഡിൽ ഒരങ്കണവാടി സ്ഥാപിക്കണം അഞ്ചാം വാർഡിൽ ഒരു ബാലവാടി ആവശ്യമാണ്. ഒരു വായനശാല ആൻറ് ഗ്രന്ഥാലയം നിർമ്മിക്കാനാവശ്യമായ സഹായവും പഞ്ചായത്ത് നൽകണം ആറാം വാർഡിൽ ഒരു ബാലവാടി സ്ഥാപിക്കണം. ഏഴാം വാർഡിൽ ഒരങ്കണവാടി സ്ഥാപിക്കണം കോട്ടേമ്പ്രം വായനശാല, ഗ്രന്ഥാലയമാക്കാൻ പഞ്ചായത്ത് സഹായിക്കണം. എട്ടാം വാർഡിൽ തുരുത്തി ഭാഗത്ത് ഒരങ്കണവാടി ആവശ്യമാണ്. ഒമ്പതാം വാർഡിലെ ബാലവാടിയിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ് പത്താം വാർഡിൽ ഒരങ്കണവാടി സ്ഥാപിക്കണം. പതിനൊന്നാം വാർഡിലെ പൊതുജന വായനശാല ആൻറ് ഗ്രന്ഥാലയത്തിന് സ്വന്തമായി ഒരു കെട്ടിടം വേണം. അവിടെ ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിക്കണം. ഇരിങ്ങണ്ണൂരിൽ സാംസ്കാരിക നിലയത്തിനെടുത്ത സ്ഥലത്ത് കെട്ടിടം പണി ആരംഭിക്കണം. എടച്ചേരി, ഇരിങ്ങണ്ണൂർ എന്നീ ഭാഗങ്ങളിൽ ഓരോ സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങണം.

5 സമാന്തര വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. ഇരിങ്ങണ്ണൂരിൽ പരിമിതമായ സൗകര്യങ്ങളോടെ ഒരു സ്വകാര്യ ടൈപ്റൈററിങ്ങ് ഇൻസ്റ്റിററ്യൂട്ടും പ്രവർത്തിക്കുന്നു.

ഹൈസ്കൂളും പ്രൈമറി വിദ്യാലയങ്ങളും പഞ്ചായത്തിൽ ആവശ്യാനുസരണം ഉണ്ടെങ്കിലും അങ്കണവാടി, ബാലവാടി വായനശാലകൾ, ഗ്രന്ഥാലയങ്ങൾ ഇവയുടെ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല. സാങ്കേതിക സ്ഥാപനങ്ങളുടെ കാര്യത്തിൽ വളരെ പരിതാപകരവുമാണ് സ്ഥിതി.

# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

## ആരോഗ്യം

ആമുഖം:

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെക്കുറിച്ച് പറയുമ്പോൾ അൽപം ചരിത്രപശ്ചാത്തലം സൂചിപ്പിക്കുന്നത് ആവശ്യമാണ് എന്ന് തോന്നുന്നു. പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങൾ വളർന്ന് വന്നിട്ട് ഏറെക്കാലമായിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് ഇവിടുത്തെ ജനങ്ങൾ ചികിൽസക്കായി ആശ്രയിച്ചിരുന്നത് നാദാപുരം ഗവർമ്മെണ്ട് ആശുപത്രിയെ ആണ്. അതുകഴിഞ്ഞാൽ വടകരയിലും തലശേരിയിലുമാണ് ആളുകൾ പോയിരുന്നത്. വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് ആളുകൾ രോഗികളെ മഞ്ചലിൽ ചുമന്ന്കൊണ്ട് നാദാപുരത്തും തലശേരിയിലും വടകരയിലും കൊണ്ടുപോയ അനുഭവങ്ങളുമുണ്ട്. ചികിൽസകിട്ടാതെ മരണമടഞ്ഞ ഗർഭിണികൾ, മററുരോഗികൾ എന്നിവരും ഉണ്ടായിരുന്നു. വസൂരി, കോളറ തുടങ്ങിയ പകർച്ച വ്യാധികൾ ഉണ്ടായാൽ അത്തരം രോഗികളെ ഒററപ്പെടുത്തി താമസിച്ചിരുന്നു. ചികിൽസ കിട്ടാതെ മരണമടഞ്ഞ ആളുകൾ നിരവധി ഉണ്ടായിരുന്നു. ഇത്തരം രോഗങ്ങൾ ദൈവകോപം, സർപ്പകോപം എന്നിവ മൂലമാണ് ഉണ്ടാകുന്നതെന്ന് അന്ധവിശ്വാസം പഴമക്കാർ നിലനിർത്തി പോന്നിരുന്നു. മന്ത്രവാദം കൊണ്ട് രോഗം മാറുമെന്നുള്ള തെററായ വിശ്വാസം അന്നുമാത്രമല്ല, ഇന്നും ചില ആളുകളുടെ ഇടയിൽ നിലനിൽക്കുന്നുണ്ട്. നാടൻ ചികിൽസാരംഗത്ത് പേരുകേട്ട പാരമ്പര്യ വൈദ്യൻമാർ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. കാഞിൽ കുഞ്ഞിക്കണ്ണൻ, കോളക്കോട്ട് കണാരൻ, തൈയ്യുള്ളതിൽ കുഞ്ഞിരാമക്കുറുപ്പ്, കോട്ടയം കണാരൻ എന്നിവർ അവരിൽ ചിലരാണ് ഇതിനുപുറമെ ഏറാമല കുഞ്ഞിരാമൻ വൈദ്യരെയും ചികിൽസക്കായി ഈ പഞ്ചായത്തിലെ ആളുകൾ ആശ്രയിച്ചിരുന്നു. ആധുനിക വൈദ്യശാസ്ത്ര രംഗത്തെ മാററങ്ങൾ ഉൾക്കൊള്ളുകയും പാരമ്പര്യ വൈദ്യങ്ങളിൽ ചിലതിനെ കൈവിടാതിരിക്കുകയും ചെയ്യുന്ന ജനങ്ങളാണ് പഞ്ചായത്തിലുള്ളത്.

നിലവിലുള്ള സ്ഥിതി.

എടച്ചേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്

1 ആയുർവ്വേദ ഡിസ്പെൻസറി, എടച്ചേരി
2 പ്രൈമറി ഹെൽത്ത്സെൻറർ, കച്ചേരി
3 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ
   a ഇരിങ്ങണ്ണൂർ
   b) കായപ്പനിച്ചി
   c) എടച്ചേരി നോർത്ത്
   d) എടച്ചേരി സൗത്ത്
4 ഫീഡിംഗ്സെൻററുകൾ

a) കളിയാംവെള്ളി
b) മൊട്ടേമ്മൽ ശക്തി ഫീഡിംഗ് സെൻറർ
c) തുരുത്തി ദീപ്തി
d) ഇരിങ്ങണ്ണൂർ കൈരളി

5 ബാലവാടികൾ

a) കുണ്ട്യേരി മഹിളാസമാജം ബാലവാടി
b) എടച്ചേരി ബാലവാടി
c) കച്ചേരി അഞ്ജലി ബാലവാടി
d) കായപ്പനിച്ചി വിജ്ഞാന ബാലവാടി

മേൽപറഞ്ഞവ കൂടാതെ മൂന്ന് സ്വകാര്യ ക്ലിനിക്കുകൾ ഇരിങ്ങണ്ണൂരിലും, രണ്ടെണ്ണം എടച്ചേരിയിലുമുണ്ട്. പഞ്ചായത്തിലാകെയുള്ള അഞ്ച് മെഡിക്കൽ ഷോപ്പുകളിൽ മൂന്നെണ്ണം ഇരിങ്ങണ്ണൂരിലും രണ്ടെണ്ണം എടച്ചേരിയിലുമാണ്. രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള ഒരു സ്വകാര്യ ആയുർവ്വേദ ഡിസ്പെൻസറി ഇരിങ്ങണ്ണൂരിൽ പ്രവർത്തിക്കുന്നു. ആയുർവ്വേദ മരുന്നുകൾ വിൽക്കുന്ന പഞ്ചായത്തിലുള്ള 7 കടകളിൽ മൂന്നെണ്ണം എടച്ചേരിയിലും നാലെണ്ണം ഇരിങ്ങണ്ണൂരിലുമാണ്. രണ്ട് ഹോമിയോ ചികിത്സാ കേന്ദ്രങ്ങളും ഇവിടെയുണ്ട്

ഈ പഞ്ചായത്തിലെ ജനങ്ങൾ ചികിൽസക്കായി ഓർക്കാട്ടേരി, മാഹി, പള്ളൂർ തലശേരി, നാദാപുരം, കോഴിക്കോട് ഭാഗങ്ങളിലുള്ള ആശുപത്രികളെയും ആശ്രയിക്കുന്നു. മണിപ്പാൽ, അങ്കമാലി എന്നിവിടങ്ങളിൽ ചികിൽസാവശ്യാർത്ഥം പോകുന്നവരുമുണ്ട്. പഞ്ചായത്തിലെ കുട്ടികൾക്ക് ആവശ്യാനുസരണം പ്രതിരോധ കുത്തിവെപ്പുകൾ നടത്താറുണ്ട്. പഞ്ചായത്തിന് പുറത്തുള്ള കേന്ദ്രങ്ങളിൽ വെച്ചാണ് ഭൂരിപക്ഷം പേരും കുത്തിവെപ്പുകൾ നടത്തുന്നത്. പഞ്ചായത്തിൽ സ്വകാര്യ, പൊതുമേഖലകളിൽ സേവനം നടത്തുന്ന 6 അലോപ്പതി ഡോക്ടർമാരും, 5 പാരമ്പര്യ വൈദ്യൻമാരും, 4 ഹോമിയോ ഡോക്ടർമാരും ഉണ്ട്.

പഞ്ചായത്തിലെ പൊതു ആരോഗ്യ സ്ഥാപനങ്ങളുടെ സ്ഥിതി.

1 ആയുർവേദിക്ക് ഡിസ്പൻസറി – എടച്ചേരി

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 3 ജീവനക്കാരാണ് നിലവിൽ ജോലി ചെയ്യുന്നത്. 1992-93 മുതൽ 1995-96 വരെ ഇവിടെ റജിസ്ററർ ചെയ്യപ്പെട്ട രോഗികളുടെ എണ്ണം 95745 ആണ്. ഇതിൽ ത്വക്ക് രോഗികൾ 21765 ഉം വാത രോഗികൾ 47940 ഉം പകർച്ചവ്യാധിക്കാർ 1410 ഉം മററുരോഗികൾ 11930 ഉം ആണ്. കഷായം, അരിഷ്ടം, കുഴമ്പ് എന്നിവ രോഗികൾക്ക് വിതരണം ചെയ്യാറുണ്ട്.

2 പഞ്ചായത്ത് ഹെൽത്ത് സെൻറർ—കച്ചേരി

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിലും സ്ഥാപനത്തിൻെറ കീഴിലുമായി ഏഴ് ജീവനക്കാർ ജോലിചെയ്യുന്നു. അത്യാവശ്യ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. 7—3—94 മുതൽ 31—3—96 വരെ ഇവിടെ രജിസ്ററർ ചെയ്യപ്പെട്ട രോഗികൾ 20760 ആണ്. ഇതിൽ ത്വക്ക് രോഗികൾ 266ഉം വാതരോഗികൾ 116ഉം പകർച്ചവ്യാധിക്കാർ 298ഉം മററുരോഗികൾ

20,080ഉം ആണ്. ഈ സ്ഥാപനത്തിന് കെട്ടിടംപണിയാനായി ഒരേക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ബിൽഡിങ്ങ് പണി തുടങ്ങിയിട്ടില്ല.

3 മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ

ഈ സ്ഥാപനങ്ങളിൽ ജനസമ്പർക്കം കുറവാണ്. പോഷകാഹാരക്കുറവു കൊണ്ടുണ്ടാകുന്ന രോഗങ്ങളെ ഇല്ലാതാക്കാനുള്ള അത്യാവശ്യം മരുന്നുകൾ, രോഗപ്രതിരോധ സംവിധാനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലുണ്ട്.

4 ബാലവാടികൾ ഫീഡിങ്ങ് സെൻററുകൾ

പോഷകാഹാരമെന്ന നിലയിൽ കഞ്ഞിയും പയറും മാത്രമാണ് ഈ കേന്ദ്രങ്ങളിൽ വിതരണം നടത്തുന്നത്. ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ഫീഡിങ്ങ് സെൻററുകളിൽ ബന്ധപ്പെടുന്നു. പോഷകാഹാര ചികിത്സാ പരിപാടികൾ കുറച്ചൊക്കെയുണ്ട് B.C.G മീൽസ് D. P. T പോളിയോ ഫോളിക് ആസിഡ് ഗുളിക വിററാമിൻ എ. തുള്ളിമരുന്ന് എന്നിവ ഈ കേന്ദ്രങ്ങളിൽ വച്ച് കൊടുത്തിരുന്നു.

പ്രശ്നങ്ങൾ

1) പകർച്ച വ്യാധികൾ

പൊട്ടി, മുണ്ടിവീക്കം, പനി, ഛർദ്ദി, വയറിളക്കം, മലമ്പനി, ചെങ്കണ്ണ്, കുഷ്ഠം, തുടങ്ങിയ രോഗങ്ങൾ ഗ്രാമപഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കാണപ്പെടുന്ന പകർച്ച വ്യാധികളാണ് പഞ്ചായത്തിൽ വ്യാപകമായി ഇവ കാണപ്പെടുന്നില്ല.

2 മററുരോഗങ്ങൾ

ഹൃദ്രോഗം പ്രമേഹം, തളർവാതം, ആസ്മ, ക്യാൻസർ,അൾസർ, പോഷകാഹാരകുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ ഹ്രസ്വദൃഷ്ടി എന്നിവയാണ് ഈ വിഭാഗത്തിൽ വരുന്നത്.

3) അംഗവൈകല്യമുള്ളവർ 93 പേരാണുള്ളത്.

| | | |
|---|---|---|
| വികലാംഗരായ സ്ത്രീകൾ | | 36 |
| ,, | പുരുഷൻമാർ | 57 |
| | ആകെ | 93 |

4) മന്ദബുദ്ധികളായവരുടെ എണ്ണം 50നും 60നും ഇടയിലാണ്.

സ്ഥാപനങ്ങൾ

പഞ്ചായത്ത് പ്രൈമറി ഹെൽത്ത്സെൻറർ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടുള്ള അസൗകര്യങ്ങളുണ്ട്. രോഗികളുടെ തിക്കും തിരക്കും സ്ഥലമില്ലായ്മയും മരുന്നിൻെറ ദൗർലഭ്യവും ഈ സ്ഥാപനത്തെ അലട്ടുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാർ ഇവിടെയില്ലെന്ന പരാതിയുണ്ട്.

2 ഗവ: ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമോ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമോഇല്ല .

3 എടച്ചേരി നോർത്ത്, സൗത്ത് എന്നിവിടങ്ങളിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ജീവനക്കാരില്ല. പഞ്ചായത്തിലുള്ള സബ്സെൻററുകളിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിലും ജനങ്ങൾ ഉപയോഗപ്പെടുത്താറില്ല.

4 ബാലവാടി, ഫീഡിങ്ങ് സെൻററുകൾ എന്നിവിടങ്ങളിൽ മുമ്പ് വിതരണം ചെയ്ത പോഷകാഹാരങ്ങൾ, മരുന്നുകൾ, പ്രതിരോധസംവിധാനങ്ങൾ എന്നിവ ഇപ്പോഴില്ല.

കക്കൂസ് സൗകര്യങ്ങൾ

പഞ്ചായത്തിൽ മൊത്തം 1500നടുത്ത് വീടുകൾക്ക് കക്കൂസില്ലെന്നാണ് ഏകദേശ കണക്ക് ഇതിന് കാരണം സാമ്പത്തിക പ്രയാസവും ജലക്ഷാമവും, സ്ഥലപരിമിതിയും ആവശ്യകതാ ബോധമില്ലായ്മയുമാണ്. 1992-93 മുതൽ 1995-96വരെ പഞ്ചായത്ത് ദുർബ്ബല വിഭാഗങ്ങൾക്കായി അനുവദിച്ച കക്കൂസുകൾ 30 എണ്ണമാണ്.

കക്കൂസല്ലാത്ത കുടുംബങ്ങൾ

| വാർഡ് | വാർഡിലെ ആകെ കുടുംബങ്ങളിൽ |
|---|---|
| 1 | 15% |
| 2 | 25% |
| 3 | 25% |
| 4 | 35% |
| 5 | 20% |
| 6 | 20% |
| 7 | 20% |
| 8 | 30% |
| 9 | 50% |
| 10 | 25% |
| 11 | 20% |

പരിസ്ഥിതിപ്രശ്നങ്ങൾ

1 എടച്ചേരി ടൗണിലെ മത്സ്യമാർക്കററിൽ നിന്നുള്ള അഴുക്കുവെള്ളം മലിനീകരണം സൃഷ്ടിക്കുന്നുണ്ട്.

2 എടച്ചേരി ഇരിങ്ങണ്ണൂർ റോഡിൽ N O C മുക്കിനടുത്ത് ചില വീടുകളിൽ നിന്നുള്ള മലിനജലം ഒഴുകുന്നുണ്ട്.

3 ഇരിങ്ങണ്ണൂർ കായപ്പനച്ചി പുഴയോരത്ത് താമസിക്കുന്നവരിൽ ചിലർ കക്കൂസ് പൈപ്പുകൾ പുഴയിലേക്ക് കൊടുക്കുന്നതുകൊണ്ട് പുഴവെള്ളം മലിനപ്പെടുന്നുണ്ട്.

4 പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറെ അതിർത്തിയായ പെരിങ്ങത്തൂർ പുഴയിലേക്ക് പെരിങ്ങത്തൂർ MRA ബേക്കറിയിൽ നിന്നുള്ള മലിനജലം ഒഴുകിവരുന്നത്കൊണ്ട് പുഴവെള്ളം ഉപയോഗിക്കുന്നവർക്ക് പ്രയാസങ്ങൾ നേരിടുന്നുണ്ട്.

5 N·O C മുക്കിൽ ക്ഷേത്രസാക്ഷിമണ്ഡപത്തിനടുത്തുള്ള റോഡിൽ മഴക്കാലത്ത് വെള്ളംവന്നു നിറയുകയും ഒഴുകിപ്പോകാനിടമില്ലാതെ റോഡ് ഗതാഗതം തടസപ്പെടുകയും ചെയ്യുന്നുണ്ട്.

6 ഇരിങ്ങണ്ണൂർ പുതിയങ്ങാടി ടൗണുകളിൽ മൂത്രപ്പുര കക്കൂസ് എന്നിവയുടെ അഭാവം ജനങ്ങൾക്ക് പ്രയാസമുണ്ടാകുന്നുണ്ട്.

സാധ്യതകൾ, പരിഹാര മാർഗങ്ങൾ:

1 നമ്മുടെ പഞ്ചായത്ത് ഹെൽത്ത് സെൻററിന് കച്ചേരിയിൽ ഒരേക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ആവശ്യമായ സ്ഥലവും ബിൽഡിങ്ങും ഉണ്ടാക്കിത്തരണമെന്നായിരുന്നു സർക്കാർ നിർദ്ദേശിച്ചിരുന്നത്. വാങ്ങിയ സ്ഥലത്ത് ആശു

പത്രികെട്ടിടം നിർമ്മിക്കാനാവശ്യമായ പ്രവർത്തനം നടത്തണം. സ്ഥിരമായി ഡോക്ടറേയും സ്റ്റാഫിനേയും നിയമിക്കണം. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം. ഡോക്ടരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കണം.

2 എടച്ചേരിയിലുള്ള ഗവർമ്മെണ്ട് ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം പണിത് കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടാക്കണം.

3 പഞ്ചായത്തിൽ എടച്ചേരി ഭാഗത്ത് ഒരു ഗവർമ്മെണ്ട് ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.

4 എടച്ചേരി നോർത്തിലുള്ള ആരോഗ്യ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്നുകൾ ലഭ്യമാക്കുകയും ജെ. പി. എച്ച്. എൻ. തസ്തികയിൽ ആളെ നിയമിക്കുകയും ചെയ്യണം. ഈ സബ്ബ് സെൻററിൽ മുമ്പുണ്ടായിരുന്ന ഡോക്ടർ തസ്തിക നിലനിർത്തണം.

5 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ ജനശ്രദ്ധാ കേന്ദ്രങ്ങളായി മാററാൻ ജീവനക്കാരുടേയും ജനങ്ങളുടേയും ഭാഗത്തുനിന്ന് സമ്മർദ്ദം ഉണ്ടാകണം. രോഗപ്രതിരോധത്തിനും ഗർഭനിരോധനോപാധികൾക്കുമുള്ള കേന്ദ്രങ്ങളായി ഇവ മാറണം.

6 ഇരിങ്ങണ്ണൂർ, പുതിയങ്ങാടി ടൗണുകളിൽ ഓരോ മൂത്രപ്പുരയും, കക്കൂസും നിർമ്മിക്കണം.

7 എടച്ചേരി ഞൗത്തിലെ സബ്സെൻററിന് 5 സെൻറ് സ്ഥലം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്ത് മേൽപറഞ്ഞ സ്ഥാനത്തിനുള്ള കെട്ടിടം പണിയേണ്ടതാണ്. ഇവിടെ സ്ഥിരമായി ഹെൽത്ത് നേഴ്സിനെയും നിയമിക്കേണ്ടതാണ്.

8 പഞ്ചായത്തിലെ സന്നദ്ധസംഘടനകളെ ഉപയോഗപ്പെടുത്തി സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ് നടത്താൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

9 5 6 വാർഡുകൾക്ക് ഗുണകരമാകുന്ന രൂപത്തിൽ ഒരു അങ്കൺവാടിയും അതിനോടനുബന്ധിച്ച് ഒരു ബാലവാടിയും ഉണ്ടാക്കേണ്ടതാണ്. അതുപോലെ തന്നെ 7ാം വാർഡിൽ കോട്ടേമ്പ്രത്ത് ഒരു ബാലവാടി അത്യാവശ്യമാണ്. നിലവിലുള്ള ബാലവാടികൾ, ഫീഡിംഗ് സെൻററുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ആവശ്യമായ മരുന്നുകൾ പോഷകാഹാര ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്.

10 കക്കൂസുകൾ വ്യാപകമായി ഇല്ലാത്ത വാർഡുകളിൽ വീട്ടുകാരുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടെ കക്കൂസുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11 എടച്ചേരി മത്സ്യമാർക്കററിനടുത്ത് ടാങ്കുണ്ടാക്കി മാർക്കററിൽ നിന്നുള്ള അഴുക്കുജലത്തെ നിയന്ത്രിക്കണം.

12 ഇരിങ്ങണ്ണൂർ അങ്ങാടിയിൽ മൂന്ന് ചവററുകൊട്ടകൾ സ്ഥാപിക്കണം.

13 ഇരിങ്ങണ്ണൂർ ടൗണിലെ അഴുക്കുചാലിന് PWDയെ കൊണ്ട് സ്ലാബിടണം.

14 N. O. C മുക്കിനടുത്തുള്ള വീടുകളിൽ നിന്നുള്ള അഴുക്കുജലപൈപ്പ് റോഡിൽ നിന്നും മാററാനുള്ള ജനകീയ സമ്മർദ്ദം ഉണ്ടാക്കണം.

15 ഇരിങ്ങണ്ണൂർ കാനപ്പനിച്ചി ഭാഗങ്ങളിലുള്ള ചില വീട്ടുകാർ പുഴയിലേക്ക് കൊടുത്തിട്ടുള്ള കക്കൂസ് പൈപ്പുകൾ പൊതുജനാരോഗ്യം മാനിച്ച് എടുത്തുമാറേറണ്ടതാണെന്ന നിർദ്ദേശമുണ്ട്.

16 MRA ബേക്കറിയിൽ നിന്നുള്ള മലിനജലം പുഴയിലേക്ക് ഒഴുക്കാതിരിക്കാനുള്ള ജനകീയ സമ്മർദ്ദം ഉണ്ടാക്കണം. ഈ ഭാഗത്ത് ആടുമാടുകളുടെ അവ

ശിഷ്ടങ്ങൾ റോഡിലും പുഴയിലും തള്ളുന്നവർക്കെതിരായും നടപടി ഉണ്ടാകേണ്ടതാണ്.

**കുടിവെള്ളം**

നമ്മുടെ പഞ്ചായത്തിൽ ചില സ്ഥലങ്ങൾ ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശങ്ങളും പാറക്കെട്ടുകളും ആയതുകൊണ്ടുതന്നെ കുടിവെള്ള പ്രശ്നവും ഇവിടങ്ങളിൽ രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഈ മേഖലകളിലാകട്ടെ താമസിക്കുന്നവരിൽ ഭൂരിഭാഗവും തൊഴിലാളികളാണെന്നതും ഈപ്രശ്നത്തിന്റെ ആഴം കൂട്ടുന്നു. ജലദൗർലഭ്യം ഈ തൊഴിലാളി കുടുംബങ്ങളിലെ ആരോഗ്യത്തേയും സാരമായി ബാധിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളുടെയും കുടിവെള്ള സ്രോതസ് കിണറുകളാണ്. പഞ്ചായത്തിലെ കുടുംബങ്ങളിൽ 900 വീടുകൾ കുടിവെള്ളത്തിന്റെ പ്രയാസം അനുഭവിക്കുന്നവരാണ്. വർഷം മുഴുവൻ വെള്ളത്തിനു ബുദ്ധിമുട്ടുന്ന 505 കുടുംബങ്ങൾ ഉണ്ട്. ഇവരിൽ സ്വന്തമായി കിണറില്ലത്തവരാണ് അധികവും കിണറുണ്ടെങ്കിൽത്തന്നെ വെള്ളം കിട്ടാത്തവരാണ് ബാക്കിയുള്ളവർ. നാലുമാസം മുതൽ 6മാസം വരെ വെള്ളം കിട്ടാത്ത വീട്ടുകാർ 215ഉം മൂന്ന്, നാല് മാസക്കാലമാത്രം വെള്ളത്തിന് പ്രയാസപ്പെടുന്നവർ 180 കുടുംബങ്ങളുമാണ്. ഇത്തരം ആളുകൾ അടുത്ത വീടുകളിൽ നിന്നോ ദൂരസ്ഥലങ്ങളിൽ നിന്നോ വെള്ളംകൊണ്ടുവരുന്നവരാണ്. പഞ്ചായത്തിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന വാർഡുകൾ മുൻഗണനാക്രമത്തിൽ ഇനിപറയുന്നു 6, 2. 8, 4, 1, 1, 5, 7, 10 3, 9.

പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിൽകൂടി വർഷം മുഴുവൻ ജലമൊഴുകുന്ന വേങ്ങോളി കനാലും വടക്കുപടിഞ്ഞാറ് അതിരിലൂടെ പെരിങ്ങത്തൂർ പുഴയും എടച്ചേരി കച്ചേരി അതിർത്തിയിലൂടെ ചാലോട് പുഴയും ഒഴുകുന്നു പഞ്ചായത്തിൽ 5 മിനിവാട്ടർ പദ്ധതികളുണ്ട്. ഇതിൽ പുതിയങ്ങാടി മിനി വാട്ടർ സ്കീം കേരള വാട്ടർ അതോററി നടപ്പാക്കിയതാണ്. ബാക്കി പദ്ധതികൾ പഞ്ചായത്തിന്റെതും.

| | പദ്ധതിയുടെ പേര് | അനുബന്ധ ടാപ്പുകൾ |
|---|---|---|
| 1 | എടച്ചേരി നോർത്ത് ശുദ്ധജലവിതരണ പദ്ധതി | 6 |
| 2 | കച്ചേരി ഉണിക്കിനാണ്ടിലക്ഷം വീട് ശുദ്ധജലവിതരണ പദ്ധതി | 4 |
| 3 | ആലിശ്ശേരി മിനിവാട്ടർ സപ്ലൈ സ്കീം | 16 |
| 4 | കുണ്ട്യേരി മിനിവാട്ടർ സപ്ലൈസ്കീം | 8 |
| 5 | പുതിയങ്ങാടി മിനി വാട്ടർ സപ്ലൈ സ്കീം (KWA) | 21 (KWA) |
| | ആകെ ടാപ്പുകൾ | 55 |

ജല ലഭ്യമായ 31 പൊതുകിണറുകളും 8 കുഴൽ കിണറുകളും 3 പൊതുകുളങ്ങളും നമുക്കുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| വാർഡ് | കുഴൽ കിണറുകൾ | പൊതുകിണറുകൾ | കുളങ്ങൾ |
|---|---|---|---|
| 1 | 3 | 5 | 1 |
| 2 | .. | 5 | 1 |
| 3 | 1 | 1 | |
| 4 | 1 | 4 | |
| 5 | 1 | 1 | |
| 6 | 2 | 3 | |
| 7 | | 5 | |
| 8 | | 4 | 1 |
| 9 | | 1 | |
| 10 | 1 | 2 | |
| | 11 | 31 | 3 |

പ്രശ്നങ്ങൾ:

തുരുത്തിയിലുള്ള കുളങ്ങരത്ത്താഴകുളം ഇറിഗേഷൻ പണിപൂർത്തിയായിട്ടില്ല. പൈപ്പിന്റെ കേടുപാടുകൾ തീർത്തെങ്കിലും എട്ടാം വാർഡിലെ ലക്ഷം വീട്ടുകാർക്ക് വെള്ളം ആവശ്യത്തിന് കിട്ടുന്നില്ല. വെങ്കല്ലൂര്, നരിക്കുന്ന് ഭാഗത്തുള്ള ടാങ്കിനും പൈപ്പിനും കേടുപാടുകളുണ്ട്. ആലിശേരി മിനി വാട്ടർ സ്കീമിന്റെ കിണറിനി ആഴം പോരാ. 5, 3 വാർഡുകളിൽ പെടുന്ന തൈവെച്ചതിൽ പാറ ഭാഗത്ത് കിണർ കുഴിച്ചാലും വെള്ളം ലഭ്യമല്ല. അജയ് വീവേഴ്സ് സൊസൈററി കിണററിലെ വെള്ളത്തിൽ രാസവസ്തുക്കളുടെ അംശം കലരുന്നു. പത്താം വാർഡിലെ പുഴയോരത്തുള്ള വീടുകളിലെ കിണറുകളിൽ ഉപ്പുകലർന്ന വെള്ളമാണ് കിട്ടുന്നത്. കച്ചേരി പള്ളിക്കടുത്തുള്ള അത്യാവശ്യം വീട്ടുകാർക്ക് ശ്മശാനം അടുത്തുള്ളതുകൊണ്ട് കുടിവെള്ളം ഉപയോഗിക്കാൻ പ്രയാസം നേരിടുന്നത്.

സാധ്യതകൾ, പരിഹാരമാർഗ്ഗങ്ങൾ

1 എടച്ചേരി നോർത്ത് പാറഭാഗത്തുള്ളവർക്ക് വെള്ളം കിട്ടുന്നതിനുവേണ്ടി കുന്നുംചിറ പമ്പ്ഹൌസും ടാങ്കും പ്രവർത്തന ക്ഷമമാക്കുക, മൂശാരിപറമ്പത്ത് ഭാഗത്തുള്ള കിണറിന്റെ ആഴംകൂട്ടുക, ചോയിച്ചിപ്പറമ്പത്ത് താഴെ ഭാഗത്ത് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ഏററവുംഉയരമുള്ള ഭാഗത്ത് ടാങ്ക് പണിത് പുഴയിൽ നിന്ന് വെള്ളം പമ്പുചെയ്യുന്ന സംവിധാനം ഉണ്ടാക്കുകയോ ഗുളികപ്പുഴ പദ്ധതി പ്രകാരം ജലലഭ്യത ഉറപ്പുവരുത്തുകയോ വേണം.

2 പടിഞ്ഞാറെ പൂക്കോട്ട് തിരുവങ്ങണ്ടിയിൽ പാറോൽ വായനശാല ഭാഗങ്ങളിൽ 30 വീടുകളിൽ ജലം എത്തിക്കാൻ താഴെ പിലാവിൽ ഭാഗത്തുള്ള കിണറിൽ നിന്നും കാക്കന്നൂർ അമ്പലത്തിനടുത്തുള്ള കുഴൽ കിണറിൽ നിന്നും വെള്ളം ടാങ്കിലേക്ക് ശേഖരിച്ച് വിതരണം നടത്താനുള്ള സംവിധാനം വേണം.

3 തുരുത്തിയിലുള്ള കരകുളത്ത്താഴ കുളം ഇറിഗേഷൻ പദ ധതിയിൽ പെടുത്തി പകുതി പണി നടന്നിട്ടുണ്ട്. ഈ പണിപൂർത്തിയായാൽ ഈ ഭാഗത്തുള്ള 125 കുടുംബങ്ങളുടെ ജലക്ഷാമം പരിഹരിക്കപ്പെടും. ഗുളികപ്പുഴ പദ്ധതിയുടെ പൈപ്പ്ലൈൻ ഈ ലക്ഷം വീട്ടിലേക്ക് പോയിട്ടുണ്ട്. അവി

ടെനിന്നും ലൈൻ കുന്നുംപുറത്ത് ഭാഗത്തേക്ക് നീട്ടിയാൽ 10 വീട്ടുകാർക്ക് പ്രയോജനം ലഭിക്കും.

4 നാലാം വാർഡിലെ കല്ലുപാറ ഭാഗം, മലയിൽഭാഗം എന്നിവിടങ്ങളിൽ ജലക്ഷാമപരിഹാരത്തിനായി നിലവിലുള്ള ആലിശേരി മിനി വാട്ടർ സ്കീമിൽ പെടുന്ന കിണറിന്റെ ആഴം കുട്ടി വിപുലപ്പെടുത്തണം. സ്ഥിരം ഓപ്പറേററും വേണം. ഈ ഭാഗത്തുള്ള കച്ചേരി കിണററിലെ ജലവും ആവശ്യക്കാർക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. ഇതേ വാർഡിലെ പൊള്ളത്താൻറ വിട ഭാഗം മയിലുകണ്ടി പാറഭാഗം, മലോൽ പാറഭാഗം എന്നിവിടങ്ങളിലേക്ക് വെള്ളം കിട്ടാൻ മയിലുകണ്ടി പാറക്ക് സമിപം കിണർ കുഴിച്ച് പമ്പ് ഹൗസ് സ്ഥാപിച്ചാൽ പരിഹാരമാകും.

5 ഒന്തംപറമ്പത്ത് കേളോത്ത് ഭാഗത്ത് 65_ഓളം വീട്ടുകാരും കളിയാംവെള്ളി ഭാഗത്തുള്ള 20_ഓളം വീട്ടുകാരും നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ലക്ഷംവീട് കോളനിക്ക് താഴെയുള്ള കിണററിലെ വെള്ളം ഉപയോഗപ്പെടുത്തുകയും ഒന്തം പറമ്പിൽ ടാങ്ക് നിർമ്മിച്ച് ജലം വിതരണം നടത്തുകയും, കേളോത്ത് ഭാഗത്ത് കിണർ കുഴിക്കുകയും വേണം. വെങ്കല്ലൂര്, നരുക്കുന്ന് ഭാഗത്തുള്ള 40_ഓളം കുടുംബങ്ങൾക്കായി നിലവിലുള്ള ടാങ്കിൻെറയും പൈപ്പുകളുടേയും അററകുററപണികൾ തീർത്ത് കുടിവെള്ളക്ഷാമം പരിഹരിക്കണം.

6 കച്ചേരി11_ാം വാർഡിലെ പറമ്പുംകാട്ടുമ്മൽ കുഞ്ഞിക്കണ്ണൻെറ ഉടമസ്ഥയിലുള്ള കിണർ ഫലപ്രദമായി ഉപയോഗിച്ചാൽ ഏതാണ്ട് 20 വീടുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും. മൂലാടത്ത്ഭാഗത്ത് പഞ്ചായത്ത് അധീനതയിൽപ്പെട്ട സ്ഥലത്തുള്ള കിണറിന്റെ പണി പൂർത്തീകരിച്ചാൽ 25_ഓളം വീട്ടുകാർക്ക് പ്രയോജനംലഭിക്കും. കച്ചേരിയിലെ ഇടവലത്ത് പറമ്പിൽ കിണർ കുഴിച്ച് ടാങ്ക് സ്ഥാപിച്ചാൽ കുന്നത്ത്, പറമ്പുംകാട്ടുമ്മൽ ഭാഗത്തുള്ള പത്തു വീട്ടുകാർക്ക് പ്രയോജനം ലഭിക്കും. തേർകുന്നുമ്മൽ കിണർകുഴിക്കാനുള്ള സ്ഥലം സൗജന്യമായി ലഭിക്കും. ഈ സ്ഥലത്ത് കിണർകുഴിച്ചാൽ കുറച്ചു വീട്ടുകാർക്ക് പ്രയോജനം ചെയ്യും.

7 അഞ്ചാം വാർഡിൽ പാറഭാഗത്തുള്ള മുപ്പതോളം വീട്ടുകാർക്ക് വർഷം മുഴുവൻ ജലം ലഭിക്കാറില്ല. കിണർ കുഴിച്ചാൽ വെള്ളം കിട്ടുകയില്ല എന്നുള്ളതുകൊണ്ട് പൈപ്പുവെള്ളം മാത്രമാണ് മാർഗ്ഗം. നാലുമാസക്കാലം ജലക്ഷാമം അനുഭവപ്പെടുന്ന പുനത്തിൽ ഭാഗത്തുള്ള 17 വീട്ടുകാർക്കും പട്ടാണ്ടിപറമ്പിലുള്ള 7 വീട്ടുകാർക്കും കണ്ടോത്ത് ഭാഗത്തുള്ള 15 വീട്ടുകാർക്കും മുല്ലപ്പള്ളി ലക്ഷംവീട്കോളനി നിവാസികൾക്കും പാറോള്ളതിൽ ഭാഗത്തുള്ള ആറു വീട്ടുകാർക്കും വെള്ളമെത്തിക്കാനുള്ള സംവിധാനം വേണം. അജയ്വീവേഴ്സ് സൊസൈററിയുടെ കിണററിൽ നിന്നും 7 വീട്ടുകാർ വെള്ളമെടുക്കുന്നുണ്ട്. സൊസൈററിയിൽ നിന്നുമുള്ള മലിനജലം കിണർവെള്ളത്തിൽ കലരുന്നുണ്ട്. മലിനജലപൈപ്പ് ബലപ്പെടുത്തിയും ദൂരത്തേക്ക് നീട്ടിയും ഈ പ്രശ്നം പരിഹരിക്കപ്പെടണം.

8 7_ാം വാർഡിൽ മുതുവാട്ട്മീത്തൽ 4സെൻറ് കോളനിയിൽ കിണർ കുഴിച്ചാൽ വെള്ളം കിട്ടുകയില്ല. ആ ഭാഗത്ത് പൈപ്പ്ലൈൻ വഴി വെള്ളമെത്തണം. കോട്ടേമ്പ്രം മലോൽ ഭാഗത്ത് 4 വീട്ടുകാർക്കും കുന്നുമ്മൽമീത്തൽഭാഗത്തുള്ള 5 വീട്ടുകാർക്കും ബാപ്രത്ത്മീത്തൽ 5 വീട്ടുകാർക്കും കച്ചേരി ചാലോട് ഭാഗത്ത്

കക്കാട്ട്മീത്തൽ കച്ചേരിബാലവാടി ഭാഗം എന്നിവിടങ്ങളിലെ വീട്ടുകാർക്ക് വർഷം മുഴുവനുമുള്ള ജലക്ഷാമം പരിഹരിക്കാൻ ഒരു കിണർ കുഴിക്കണം. ഈ വാർഡിലെ കുണ്ടിലോട്ടുതാഴ ചീപ്പ് വേണ്ടവിധം സംവിധാനം ചെയ്താൽ 6,7,11 വാർഡുകളിലെ ചില ഭാഗങ്ങളിൽ കിണറുകളിലെ ജലവിധാനം ഉയർത്താൻകഴിയും.

9 പത്താം വാർഡിലെ പുഴയോരത്തുള്ള വീടുകളിലെ കിണറുകളിൽ ഉപ്പുവെള്ളം കലരുന്നതുകൊണ്ട് കിണർജലം കുടിക്കാൻ പ്രയാസം നേരിടുന്നുണ്ട്. പുഴയിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ മോന്താൻകടവ് ചീപ്പുപണി പൂർത്തിയാക്കണം. ഇതിനായി ജില്ലാ പഞ്ചായത്ത് മുൻകൈയെടുക്കണം. കൈത്തോടുവഴി വാർഡിൻെറ ചിലഭാഗങ്ങളിൽ വെള്ളമെത്തിക്കാനും കിണററിലെ ജലവിതാനം ഉയർത്താനും കഴിയും.

10 3-ാം വാർഡിൽ കുന്നുമ്മൽ പാറ, കാട്ടിൽമീത്തൽ പാറ, കണ്ണംകുററി പാറ, നിരവത്ത്ഭാഗം എന്നിവിടങ്ങളിൽ വർഷംമുഴുവൻ വെള്ളംകിട്ടാത്ത 15 വീട്ടുകാരുണ്ട്. പൈപ്പുവഴി ഈ ഭാഗത്ത് വെള്ളംകിട്ടാൻ വേണ്ട ഏർപ്പാട് ചെയ്യണം

ഒമ്പതാം വാർഡിൽ വണ്ണത്താണ്ടിക്കുളവും മലയാണ്ടിക്കുളവും വൃത്തിയാക്കി ടാങ്കുകൾ സ്ഥാപിച്ചാൽ ഇരുപതിലധികം വീട്ടുകാർക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയും. പുതിയാണ്ടി കാട്ടിൽ ഭാഗത്ത് കുഴൽ കിണർ സ്ഥാപിച്ചാൽ ആ ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിഹാൻ കഴിയും. സാമ്പത്തിക സഹായം ലഭിച്ചാൽ കിണർ കുഴിക്കാൻ തയ്യാറുള്ള 20 വീട്ടുകാർ ഈ വാർഡിലുണ്ട്.

11 എടച്ചേരി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടന്നുവരികയാണ്. ഗുളികപ്പുഴ ശുദ്ധജല വിതരണ പദ്ധതിയാണത്. ശുദ്ധജല ക്ഷാമമനുഭവിക്കുന്ന എല്ലാ പ്രദേശങ്ങളിലും ഈ പദ്ധതി പൂർത്തികരിച്ചാൽ ഗുണം ലഭിക്കും ഈ പദ്ധതിയുടെ പണിയഎത്രും വേഗം പൂർത്തീകരിക്കണം.

സമാപനക്കുറിപ്പ്:

സേവനസന്നദ്ധതയും മനുഷ്യവിഭവവും നന്നായി ഉപയോഗപ്പെടുത്തുകയും കുടിവെള്ളത്തിനായി നീക്കിവെക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്താൽ മേൽപറഞ്ഞ പദ്ധതികൾ നടപ്പിലാക്കാൻ പ്രയാസമുണ്ടാവില്ല.

ജില്ലാ പഞ്ചായത്തും ആരോഗ്യവകുപ്പും ചെയ്യേണ്ട കാര്യങ്ങൾ

ഈ പഞ്ചായത്തിലെ രോഗികളുടെ ആശാകേന്ദ്രമായിട്ടുള്ള ഓർക്കാട്ടേരി പ്രൈമറി ഹെൽത്ത് സെൻററിൻെറ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതാണ്. ഇതിനായി ജില്ലാ പഞ്ചായത്ത് മുൻകൈയെടുക്കണം. കൂടാതെ നാദാപുരം ഗവർമ്മെണ്ട് ആശുപത്രി, വടകര ഗവർമ്മെണ്ട് ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലുള്ള ചികിൽസാ സൗകര്യങ്ങളും വർധിപ്പിക്കാനുള്ള നടപടികൾ ജില്ലാപഞ്ചായത്തിൻെറ ഭാഗത്തുനിന്നും, ആരോഗ്യവകുപ്പിൽനിന്നും ഉണ്ടാകേണ്ടതാണ്.

ഉപസംഹാരം:

ആരോഗ്യ രംഗത്ത് പദ്ധതികൾ നടപ്പിലാക്കുമ്പോൾ സന്നദ്ധസംഘടനകളുടെ സഹായവും ജനപങ്കാളിത്തവുംഉറപ്പുവരുത്തുകയും ചെയ്താൽ ഇതിന് വേണ്ടി നീക്കിവെച്ച ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാനും അതുവഴി മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാൻ പ്രയാസമുണ്ടാവുകയില്ലെന്നും പ്രത്യാശിക്കുന്നു.

# വ്യവസായം

**ആമുഖം**

വ്യവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് എടച്ചേരി ഗ്രാമ പഞ്ചായത്ത്. പരമ്പരാഗത വ്യവസായങ്ങ ളായ കൈത്തറി കയർ എന്നിവയായിരുന്നു 1950കളിലും 60കളിലും പ്രധാനമായും ഉണ്ടായിരുന്നത്. എന്നാൽ ഇവ കാലക്രമേണ തകർന്നുവന്നു. ഇപ്പോൾ നാമമാത്രമായ തോതിൽ ഈ വ്യവസായങ്ങളുടെ അവശിഷ്ടങ്ങൾ നിലനില്ക്കുന്നു. കയർ ഉല്പാദന രംഗത്തുണ്ടായ യന്ത്രവൽകരണവും ആനുപാതികമായ വേതന വർധനവ് ഉണ്ടാകാത്തതും ഇതിൻെറ തകർച്ചയ്ക്ക് വഴിയൊരുക്കി കയർ രംഗത്തെ ആശ്രയിച്ച് ജീവിതം നയിച്ചിരുന്ന കുടുംബങ്ങൾ ഈ രംഗത്തുവന്ന പ്രതിസന്ധിയുടെ ഫലമായി മററു മേഖലകളിലേക്ക് കുടിയേറി. വീടുകളെ കേന്ദ്രീകരിച്ചായിരുന്നു കയർവ്യവസായം നിലനിന്നിരുന്നത്.

കൈത്തറിവ്യവസായം 1980വരെ സജീവമായി നിലനിന്നിരുന്നു എടച്ചേരി നരിക്കുന്നുതെരു, ചുണ്ടയിൽ തെരു, കോട്ട്രേമ്പം തെരു എന്നിവിടങ്ങളിലായിരുന്നു നെയ്ത്തുശാലകൾ ധാരാളമായി ഉണ്ടായിരുന്നത് ഈ പ്രദേശങ്ങളിലെയും തൊട്ടടുത്ത പ്രദേശങ്ങളിലെയും പ്രധാന വരുമാനമാർഗ്ഗം നെയ്ത്തായിരുന്നു. 1970കളിൽ കൈത്തറി രംഗത്തു 2സഹകരണസ്ഥാപനം നമ്മുടെപഞ്ചായത്തിൽ നിലവിൽ വന്നു. ചുണ്ടയിലെ അജയ്വീവേഴ്സ് സൊസൈററിയും 1960ൽ എടച്ചേരിയിലെ ഹാൻറലൂം വിവേഴ്സ് കോ-ഓപ്പ്. സൊസൈററിയും നിലവിൽ വന്നു ഈ സഹകരണസ്ഥാപനങ്ങളിലൂടെയാണ് കൈത്തറിവ്യവസായം ഇപ്പോൾ നിലനിന്നുപോരുന്നത്.

നൂലിൻെറദൗർലഭ്യവും വിദേശമാർക്കററിൽ ഡിമാൻറ് കുറഞ്ഞതും കൂലിനിരക്ക് കുറഞ്ഞതുമാണ് കൈത്തറിവ്യവസായത്തെ നമ്മുടെ പഞ്ചായത്തിൽ തകർച്ചയിലേക്ക് നയിച്ചത്. കളിമൺപാത്രനിർമ്മാണം പപ്പട നിർമ്മാണം, ചുണ്ണാമ്പ്നിർമ്മാണം എന്നീ വ്യവസായവും ചില കേന്ദ്രങ്ങളിൽ ഉണ്ടായിരുന്നു.

സ്വകാര്യമേഖലയിലോ, പൊതുമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. സമീപ കാലത്തായി ചില ചെറുകിട വ്യവസായ യൂനിററുകൾ ഉയർന്നുവന്നിട്ടുണ്ട്. കൈത്തറി വ്യവസായം തകർന്നപ്രദേശങ്ങളിൽ അടുത്ത കാലത്തായി റെഡിമെയ്ഡ് ഗാർമെൻറസ് വ്യവസായം ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോൾ ഏററവും കൂടുതൽ ആളുകൾ ജോലിചെയ്യുന്ന വ്യവസായവും റെഡിമെയിഡുതന്നെയാണ്. സഹകരണ മേഖലയിൽ ഒരു എണ്ണയാട്ട് യൂണിററ് പഞ്ചായത്തിൽ ഉണ്ടായിരു അത് ഇപ്പോൾ നിർജീവമാണ്. കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഭൂരിപക്ഷം ആളുകളും കാർഷികമേഖലയിലാണ് ജോലി ചെയ്യുന്നത്. കെട്ടിട നിർമ്മാണ തൊഴിൽ രംഗത്ത് കാർഷിക മേഖലയിൽ നിന്നും ധാരാളം പേർ കുടിയേറിയിട്ടുണ്ട്. അഞ്ചാം വാർഡിലെ അജയ് വീവേഴ്സ് ഉണ്ടാക്കുന്ന ചെറിയ തോതിലുള്ള പരിസര മലിനീകരണമല്ലാതെ മററ് കാര്യമായ മലിനീകരണ പ്രശ്നങ്ങൾ നിലവിലില്ല.

പഞ്ചായത്തിലെ മറെറാരു പ്രധാന തൊഴിൽ മേഖല കരിങ്കൽ ക്വാറികൾ ആണ്. മലയിൽപാറ, തലായിപാറ, കച്ചേരിപാറ, എടച്ചേരിനോർത്ത്പാറ എന്നിവിടങ്ങളിൽ നിരവധി തൊഴിലാളികൾ ജോലിചെയ്തു വരുന്നു. എടച്ചേരി നോർത്ത്പാറ അവകാശതർക്കത്തിൻെറ പേരിൽ പ്രവർത്തനം നിലച്ചിരിക്കുകയാണ്. വർഷങ്ങളോളം ഈ പാറയിൽ പണിനടന്നിരുന്നു.

വ്യാവസായിക രംഗത്ത് സാങ്കേതിക വി

ദ്യാഭ്യാസം നേടിയവരും പരമ്പരാഗതമായ വ്യവസായങ്ങളിലും തൊഴിൽ മേഖലകളിലും നിപുണരായ നിരവധി ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

സ്വകാര്യ മേഖലയിൽ 2 വെൽഡിങ്ങ് യൂനിററുകൾ തലായിലും ഒന്ന് ഇരിങ്ങണ്ണൂരിലും പ്രവർത്തിക്കുന്നു. ആകെ 9 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. ഇരിങ്ങണ്ണൂർ, കായപ്പനിച്ചി, തുരുത്തി ഭാഗങ്ങളിൽ പൂഴിവാരൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടു നിരവധി തൊഴിലാളികൾ ഉണ്ട്. ഇവർക്ക് ഉയർന്ന നിരക്കിലുള്ള കൂലി ലഭിക്കുന്നുണ്ട്

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ പരമാവധി ഉപയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കാർഷിക ഉൽപ്പന്നങ്ങൾ, പൂഴി, പാറകൾ, കളിമണ്ണ് തുടങ്ങിയവ ഉപയോഗപ്പെടുത്തി ലാഭകരമായ ധാരാളം വ്യവസായങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിയും. ആവശ്യമായ ഗതാഗത സൗകര്യങ്ങളും വിപണന സാധ്യതകളും പഞ്ചായത്തിൽ ഉണ്ട്. വ്യവസായ രംഗത്ത് താൽപര്യമുള്ള വ്യക്തികളും, ഗ്രൂപ്പുകളും ഈ പ്രദേശത്ത് ഉണ്ട്. നമ്മുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി വ്യവസായ വികസന രംഗത്ത് നമുക്ക് മുന്നേറാൻ കഴിയും.

സംഘടിത മേഖലയിൽ കൈത്തറി തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്ന രണ്ട് സഹകരണസംഘങ്ങളാണ് എടച്ചേരി ഹാൻഡ്ലൂം വീവേഴ്സ് കോ_ഓപ്പറേറീവ് സൊസൈററിയും, അജയ് വീവേഴ്സ് സൊസൈററിയും.

എടച്ചേരി ഹാൻഡ്ലൂം വീവേഴ്സ് കോ ഓപ്പറേറീവ് സൊസൈററി195ാൽസ്ഥാപിതമായി. 42 തൊഴിലാളികൾ ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു മാർക്കററുകളുടെ ഡിമാൻറ് അനുസരിച്ചുള്ള ചരക്കുകൾ ഉല്പാദിപ്പിക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. വിദഗ്ധ തൊഴിലാളികളുടെ അഭാവം ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഈ സ്ഥാപനവുമായി ബന്ധപ്പെട്ട ജോലികളിൽ സ്ത്രീകളും ഏർപ്പെടുന്നുണ്ട്. ആകെ 408 ആളുകൾ ഈ ഈ സഹകരണ സ്ഥാപനത്തിൽ അംഗങ്ങളായിട്ടുണ്ട്. വിദഗ്ധ തൊഴിലാളികളുടെ സഹായത്തോടെ മാർക്കററിന്റെ ആഗ്രഹത്തിനൊത്ത ചരക്കുകൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്യാൻ കഴിഞ്ഞാൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാപനമാക്കി ഇതിനെ മാററിയെടുക്കാൻ കഴിയും.

അജയ് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ_ഓപ്പറേറീവ് സൊസൈററി 1975 ലാണ് രൂപീകൃതമായത്. ഒരു ഫാക്ടറിയായി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 70 തൊഴിലാളികൾ ജോലി ചെയ്യുന്നു. 314 ആളുകൾ അംഗങ്ങളായിട്ടുള്ള സൊസൈററിയാണിത് 50 തറികൾ ഈ സ്ഥാപനത്തിലുണ്ട്. ഈ സ്ഥാപനത്തിൽ ഉല്പാദിപ്പിക്കുന്ന ചരക്കുകൾക്ക് വിദേശത്തും സ്വദേശത്തും നല്ല ഓർഡറുകൾ ലഭിക്കുന്നുണ്ട്. കൂടുതൽ തറികൾ നിർമ്മിക്കാനാവശ്യമായ സാഹചര്യം ഇന്ന് ഈ സ്ഥാപനത്തിലുണ്ട്.

തൂണേരി ബ്ലോക്ക് ഇരുമ്പുരുക്ക് വ്യവസായ സഹകരണസംഘം 1961ൽ വെങ്കല്ലൂരിൽ പ്രവർത്തനമാരംഭിച്ചു. ഈ സംഘത്തി ഏജൻസി ഡിപ്പോകൾ വള്ളിക്കാട്. ഓർക്കാട്ടേരി, എടച്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ട്. ഈ സഹകരണസംഘത്തിൽ മൊത്തം 161 അംഗങ്ങളുണ്ട്. ഇതിൽ 103 അംഗങ്ങൾ പൂർണമെമ്പർമാരാണ്. രണ്ട് ജീവനക്കാരുൾപ്പടെ മൊത്തം 8 ആളുകൾ ഇവിടെ ജോലി ചെയ്യുന്നു. കാർഷിക വൃത്തിക്കാവശ്യമായ പണിയായുധങ്ങൾ നിർമ്മിക്കുന്ന വടകര താലൂക്കിലെ ഏക സ്ഥാപനമാണിത്.
വ്യാവസായിക അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന മൂന്ന് കരിങ്കൽ ക്വാറികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മലയിൽപാറ, എടച്ചേരി നോർത്ത്പാറ, കച്ചേരിപാറ എന്നിവയാണവ.

മലയിൽ കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് ഇരുനൂറോളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. പ്രസ്തുത ക്വാറിയി

ൽ പണിതുടങ്ങിയിട്ട ഏകദേശം 40 വർഷത്തോളമായി. പഞ്ചായത്തിനകത്തും പുറത്തുമായി കരിങ്കല്ല് വിപണനം ചെയ്യപ്പെടുന്നു. അപകട സാധ്യതയുള്ള തൊഴിലായതിനാൽ ശാസ്ത്രീയമായ രീതിയിൽ അപകട സാധ്യതകൾ ഒഴിവാക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. ബോളറും, ജില്ലിയുമാണ് ഇവിടെനിന്നും കയററിക്കൊണ്ടുപോകുന്ന ഉല്പന്നങ്ങൾ.

എടച്ചേരി നോർത്ത് കരിങ്കൽക്വാറി പ്രവർത്തനമാരംഭിച്ചിട്ട് നാൽപത് വർഷത്തിലേറെയായി. മുന്നൂറോളം തൊഴിലാളികൾ ഈ ക്വാറിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. അവകാശത്തർക്കം കാരണം അവിടെ പണി സ്തംഭിച്ചിട്ട് ഏകദേശം നാല് വർഷത്തോളമായി. ഇതിൻെറ ഫലമായി തൊഴിലാളികളും അവരുമായി ബന്ധപ്പെട്ട കുടുംബങ്ങളും ദുരിതമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പാറ പണി നിലച്ചപ്പോൾ അതിൻെറ സമീപത്ത് ഉണ്ടായിരുന്ന കച്ചവട സ്ഥാപനങ്ങളൊക്കെ മിക്കവാറും പൂട്ടിയിരിക്കുകയാണ്. എടച്ചേരി നോർത്തിൻെറ സാമ്പത്തിക ഘടനയുടെ അഭേദ്യഭാഗമായ ഈ ക്വാറിയിലെ പണി പുനരാരംഭിച്ചാൽ മാത്രമെ അവിടെ നഷ്ടപ്പെട്ട ഐശ്വര്യം വീണ്ടെടുക്കാനാവൂ.

കച്ചേരി കരിങ്കൽക്വാറിയിൽ പ്രവർത്തനമാരംഭിച്ചത് ഇരുപത്തിയഞ്ചു വർഷങ്ങൾക്ക് മുമ്പാണ്. അവകാശത്തർക്കംമൂലം ശൈശവ ദശയിൽതന്നെ പണിമുടങ്ങി. മുന്നൂറോളം വരുന്ന തൊഴിലാളികൾ ആ ക്വാറിയിൽ പണിയെടുത്തിരുന്നു. അവകാശത്തർക്കമൊക്കെ പരിഹരിച്ച് ക്വാറിയിൽ പണി വീണ്ടും ആരംഭിച്ചിരിക്കുകയാണ്. എടച്ചേരി പഞ്ചായത്തിനകത്തും പുറത്തും ബോളർ ജില്ലി മുതലായ ഉല്പന്നങ്ങൾ വിപണനം നടത്തുന്നു.

അസംഘടിത മേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിററുകൾ നരിക്കുന്നു, ചുണ്ടയിൽ, കോട്ടേമ്പ്രം എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. മാക്സി പാവാട, ചുരിദാർ, ബ്രാ എന്നിവയാണ് ഇവിടങ്ങളിലെ പ്രധാന ഉൽപന്നങ്ങൾ. ഈ രംഗത്ത് 250 പേർ ഉൽപാദനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കൂടാതെ ഇതിൻെറ വിപണനവുമായി ബന്ധപ്പെട്ട് ധാരാളം പേർ പ്രവർത്തിക്കുന്നു. സാധനങ്ങൾ വിപണനം ചെയ്യപ്പെടുന്നത് വടകര, നാദാപുരം, കല്ലാച്ചി, പാനൂര്, വില്ല്യാപ്പള്ളി വളയം, വയനാട് എന്നീ പട്ടണങ്ങളിലാണ്. ഈ രംഗത്തുള്ള തൊഴിലാളികൾക്ക് കിട്ടുന്ന കൂലി വളരെ കുറവാണ്. ഏകീകരിച്ച കൂലിനിരക്ക് നിലവിലില്ല. തൊഴിലാളികൾ അസംഘടിതരാണ്. ഈ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ തുണി ഇറക്കുമതി ചെയ്യുന്നത് കോയമ്പത്തൂർ, അഹമ്മദാബാദ്, പൂനെ, ബോംബെ മുതലായ സ്ഥലങ്ങളിൽ നിന്നുമാണ്. ആവശ്യാനുസരണം തുണി ലഭിക്കാത്ത സ്ഥിതിയും വിപണനത്തിനുവേണ്ട സംവിധാനമില്ലാത്ത അവസ്ഥയുമാണ് ഈ രംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

പുതിയങ്ങാടി 2, എടച്ചേരി നോർത്ത് 1 കച്ചേരി 1, ഇരിങ്ങണ്ണൂർ 2 എന്നിങ്ങനെ 6 ഫ്ളോർമില്ലുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൊത്തം 8 പേർ ഇവിടങ്ങളിൽ ജോലി ചെയ്യുന്നു.

പുതിയങ്ങാടിയിൽ കൈരളി ഡിറററ്ജൻറ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഫിനോൺ, ക്ലീനിംഗ് പൗഡർ എന്നിവയാണ് ഇവിടത്തെ പ്രധാന ഉൽപന്നങ്ങൾ. 2 പേർ ഇവിടെ ജോലി ചെയ്യുന്നു. പുതിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഈ സ്ഥാപനം വികസിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

കോട്ടേമ്പ്രത്ത് സൂപ്പർവൈററ് നിർമ്മിക്കുന്ന ഒരു യൂണിററ് (സുപ്രീം സൂപ്പർ വൈററ്) ഉണ്ട്. വീട്ടിൽ വെച്ചാണ് ഇത് നിർമ്മിക്കുന്നത്.

കായപ്പനിച്ചിയിൽ രണ്ട് തടിവ്യവസായ യൂണിററുകൾ ഉണ്ട്. മില്ലുകളിൽ 20 പേരും അനുബന്ധമായി 30 പേരും ജോലിചെയ്യുന്നു. കായപ്പനച്ചിയിൽ ഫർണിച്ചർ നിർമ്മാണരംഗത്ത് 12 പേർ പ്രവർത്തിക്കുന്നു.

കോട്ടേമ്പ്രത്ത് ഒരു ഫർണിച്ചർ യൂണിററു ണ്ട്. പുതിയങ്ങാടിയിൽ രണ്ട് ഫർണിച്ചർ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവി ടങ്ങളിൽ ഏട്ടോളം തൊഴിലാളികൾ പ്രവർ ത്തിക്കുന്നുണ്ട്. തടി വ്യവസായ യൂണിററു കൾ ഒന്നടങ്കം നേരിടുന്ന പ്രശ്ന , ഗുണനി ലവാരമുള്ള തടിയുടെ ദൗർലഭ്യമാണ്. സ്റ്റീൽ ഫർണിച്ചറുകളുടെ കടന്നുകയററം ഫർണി ച്ചർ നിർമ്മാണ യൂണിററുകൾ നേരിടുന്ന വലിയ പ്രശ്നമാണ്.

കായപ്പനിച്ചിയിൽ ഒരു വെള്ളക്കുമ്മായ നിർമ്മാണ യൂണിററ് പ്രവർത്തിക്കുന്നുണ്ട്. മൂന്നുപേർ അവിടെ ജോലി ചെയ്യുന്നു. പുതിയങ്ങാടിയിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ച ഒരു കുമ്മായ ചൂള ഇപ്പോൾ പ്രവർത്തന രഹിതമാണ്.

2-ാം വാർഡിൽ രണ്ടു കുടുംബങ്ങളും 9-ാം വാർഡിൽ ഒരു കുടുംബവും അവിൽ ഉൽപാദനവുമായി ബന്ധപ്പെട്ട് പ്രവർത്തി ക്കുന്നുണ്ട്. പരമ്പരാഗത രീതിയിലാണ് ഉൽപാദനം നടത്തുന്നത്. അതുകൊണ്ടു തന്നെ യന്ത്രവൽകൃത മില്ലുകളിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന അവിലിനോട് മൽ സരിക്കാൻ കഴിയുന്നില്ല അതുകൊണ്ട് ഈ രംഗത്ത് മിതമായ യന്ത്രവൽക്കരണം ഏർ പ്പെടുത്തി കുറഞ്ഞ ചെലവിൽ ഉൽപാദനം സാധ്യമാക്കാം. ഇതുമുഖേന ഈ രംഗത്തു നിന്നും നേരത്തെ വിട്ടുപോയ ആളുകളെ തിരി ച്ചുകൊണ്ടുവരാനും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ അവിൽ ഉൽപാദിപ്പി ക്കാനും കഴിയും.

വേങ്ങോളിയിലും, കാക്കന്നൂരിലും പപ്പടം നിർമ്മിക്കുന്ന വിരലിലെണ്ണാവുന്ന കുടുംബങ്ങൾ ഉണ്ട്. ഒരു കാലത്ത് ധാരാളം കുടുംബങ്ങൾ ഈ വ്യവസായവുമായി ബ ന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു നമ്മുടെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലും, പ ഞ്ചായത്തിന് പുറത്തും പപ്പടം വിപണനം നടത്തിയിരുന്നു. അസംഘടിത മേഖലയി ലായിരുന്നു ഇവർ പണിയെടുത്തിരുന്നത്. സംഘടിത മേഖലയിൽ പ്രവർത്തിച്ച പപ്പട നിർമ്മാണ യൂണിററുകളോട് മൽസരിച്ച് നിൽക്കാൻ കഴിയാത്ത അവസ്ഥ വന്നതുകൊ ണ്ടാണ് ഈ വ്യവസായം തകർന്നത്.

ഇരിങ്ങണ്ണൂരിൽ മൺപാത്രങ്ങൾ നിർമ്മി ക്കുന്ന ഒരു കുടുംബമുണ്ട്. മൺപാത്രങ്ങളോ ട് ആഭിമുഖ്യം കൂടിവരുന്ന ഈ കാലഘട്ടത്തി ൽ ഈ വ്യവസായത്തിന് സാധ്യത കൂടിവരി കയാണ്.

ഇരിങ്ങണ്ണൂരിൽ (10-ാംവാർഡ്) വീട്ടിൽ വെച്ച് കിടക്ക നിർമ്മിച്ചു വിൽക്കുന്ന ഒരു യൂണിററ് ഉണ്ട്. 3 പേർ അതിൽ ജോലി ചെയ്യുന്നുണ്ട്.

പശ്നങ്ങൾ

1 കൈത്തറിതൊഴിലിളികളുടെ കൂലിനിര ക്ക് മററു മേഖലകളെ അപേക്ഷിച്ച് വളരെ കുറവാണ്.

2 കൈത്തറിവ്യവസായങ്ങൾക്ക് മിതമായ വിലയ്ക്ക് നൂൽകിട്ടണം.

3 പരമ്പരാഗതവ്യവസായരംഗത്ത് വിദ ഗ്ദ പരിശീലനം നേടിയവർ കുറവാണ്.

4 മുഖ്യകാർഷികകോൽപന്നമായ തേങ്ങ, വ്യവസായരംഗത്ത് കാര്യമായി പ്രയോജന പ്പെടുന്നില്ല.

5 സാങ്കേതിക പരിശീലനം ലഭിച്ച തൊ ഴിൽരഹിതർക്ക് തൊഴിൽ നൽകാനുള്ള സം വിധാനമില്ല

6 വനിതകൾക്ക് തൊഴിലവസരങ്ങൾ പൊ തുവെ കുറവാണ്.

7 ഇരുമ്പുരുക്ക് വ്യവസായത്തിന്റെ സാ ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

8 കൈത്തറിവ്യവസായശാലയിൽ നിന്നു ള്ള അഴുക്കുവെള്ളം അജയ്വിവേഴ്സ് കോ മ്പൗണ്ടിലുള്ള കിണററിൽ നിന്നും കുടിവെ ള്ള മെടുക്കുന്നവർക്ക് പ്രശ്നം സൃഷ്ടിക്കു ന്നു.

9 ചെറികിട വ്യാവസായിക വായ്പകൾ ക്കുള്ള കർക്കശമായ നിയമനിയന്ത്രണങ്ങൾ.

10 പ്രവർത്തനമാരംഭിച്ച കരിങ്കൽ ക്വാറി കളെ സംബന്ധിച്ച അവകാശതർക്കങ്ങൾ.

11 റെഡിമെയ്ഡ് വ്യവസായത്തിനാവശ്യ മായ തുണിത്തരങ്ങളുടെ ലഭ്യതയില്ലായ്മ യും വിപണനത്തിന് മെച്ചപ്പെട്ട സംവിധാന മില്ലാത്ത അവസ്ഥയും.

12 അവിലുല്പാദന രംഗത്ത് ചെറിയതര ത്തിലുള്ള യന്ത്രവൽക്കരണത്തിന്റെ അഭാവം.

കൈത്തറി സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

| പേര് | മെമ്പർമാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | മൊത്തം വിററുവരവ് | ലാഭം / നഷ്ടം |
|---|---|---|---|---|
| എടച്ചേരി ഹാൻറ്ലും വവേഴ്സ് കോ-ഓപ്പ്. സൊസൈററി | 408 | 60 | Rs 1009072 (1-7-96 to 30-6-96) | ലാഭം |
| അജയ് വീവേഴ്സ് ഇൻഡസ്ട്രിയൻ കോ-ഓപ്പ്. സൊസൈററി | 314 | 70 | Rs 3961070 (95-96) | ലാഭം |

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| കൈത്തറി | 180 | 12. 54 |
| മൺപാത്ര വ്യവസായം | 5 | 0. 34 |
| കുടിൽവ്യവസായങ്ങൾ | 25 | 1. 74 |
| ചെറുകിട ഫാക്ടറികൾ | 27 | 1. 88 |
| റിപ്പയർ ഷോപ്പുകൾ | 15 | 1. 05 |
| കരിങ്കൽ ക്വാറി | 805 | 56. 09 |
| പൂഴി | 78 | 5. 44 |
| റെഡിമെയ്ഡ് തൊഴിലാളികൾ | 250 | 17. 43 |
| തടിവ്യവസായം | 50 | 3. 49 |
| ആകെ. | 1435 | 100 |

13 തടിവ്യവസായത്തിനും, ഫ്ളോർമില്ലിനും ആവശ്യത്തിന് വൈദ്യുതി ലഭിക്കാത്ത സ്ഥിതി.

സാധ്യതകൾ

പഞ്ചായത്തിലെ വ്യാവസായിക മേഖലയുടെ ഏകദേശചിത്രം ഈ റിപ്പോർട്ടിൽ നാം കണ്ടുകഴിഞ്ഞു. 11 വാർഡുകളിലും വിളിച്ചുചേർക്കപ്പെട്ട ഗ്രാമസഭകളിൽ വ്യവസായ സാധ്യതകളെപ്പററി ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നു. നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നവയും മററ് പ്രദേശങ്ങളിൽ നിന്ന് അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുവന്ന് സ്ഥാപിക്കാവുന്നവയുമായ യൂണിററുകൾ തുടങ്ങാനും നിലവിലുള്ളവ വികസിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ ഇതിലുൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ തൊഴിൽ വൈദഗ്ധ്യം നേടിയവരെ ഉൾപ്പെടുത്തി ആരംഭിക്കാവുന്ന വ്യവസായ യൂണിററുകൾ തുടങ്ങാനും നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

മിക്കഗ്രാമസഭകളിലും ഉയർന്നുവന്ന ഒരു പ്രശ്നം വ്യവസായ യൂണിററുകൾ ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യമാണ്. ആവശ്യമായ ബിൽഡിംഗ്, വൈദ്യുതി, ഗതാഗതസൗകര്യം, പരിസരമലിനീകരണം തടയാനുള്ള മാർഗ്ഗങ്ങൾ എന്നിവ. ഇത പരിഹരിക്കുന്നതിനുവേണ്ടി ഒരു വ്യവസായ എസ്റേററ് പഞ്ചായത്തിൽ തുടങ്ങണമെന്ന് ഗ്രാമസഭയിൽ ആവശ്യമുയർന്നു. ഇത്തരമൊരുകേന്ദ്രം പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ആരംഭിച്ചാൽ വ്യവസായ സംരംഭങ്ങൾക്ക് ഇത് വലിയതോതിൽ ഗുണംചെയ്യും. ഇതുമുഖേന അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നില്ലെന്ന സ്ഥിതി മാററിയെടുക്കാൻ നമുക്ക് കഴിയും.

നമ്മുടെ പഞ്ചായത്തിൽ നരിക്കുന്ന്, ചുണ്ടയിൽ, കേട്ടേമ്പം എന്നീപ്രദേശങ്ങൾ കേന്ദ്രീകരിച്ച് റെഡിമെയ്ഡ് യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. അസംസ്കൃത പദാർത്ഥമായ തുണിത്തരങ്ങൾ കോയമ്പത്തൂർ, അഹമ്മദബാദ, പൂനെ, ബോംബെ എന്നിവിടങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ലക്ഷക്കണക്കിന് രൂപയുടെ തുണികൾ ഓരോ മാസവും ഈ വ്യവസായത്തിനാവശ്യമായി വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ പററിയസ്ഥലത്ത് പവർലൂംകേന്ദ്രം സ്ഥാപിച്ചാൽ ആവശ്യമായ തുണി ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയും ഇതുവഴി ഈ വ്യവസായം ലാഭകരമാക്കാം. പവർലൂമിന് അനുബന്ധമായി പ്രിൻറിങ്ങ് സംവിധാനംകൂടി ഏർപ്പെടുത്തിയാൽ വൈവിധ്യമാർന്ന തുണിത്തരങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയും. റെഡിമെയ്ഡ് യൂണിററുകളിൽ നിന്നുമുള്ള ഉല്പന്നങ്ങൾ സംഭരിച്ചു വിപണനം ചെയ്യാനാവശ്യമായ ഒരു കേന്ദ്രപഞ്ചായത്ത്തലത്തിൽ സ്ഥാപിക്കണം.

മുഴുവൻ ഗ്രാമങ്ങളിൽ നിന്നും റെഡിമെയ്ഡ് യൂണിററുകൾ തുടങ്ങണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. എല്ലാ വാർഡിലും തയ്യൽപരിശീലനം ലഭിച്ച നിരവധി തൊഴിൽരഹിതർ ഉണ്ട്. വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള ഒരുരംഗം എന്നനിലയിൽ റെഡിമെയ്ഡ് വ്യവസായം ഓരോ വാർഡിലും തുടങ്ങിയാൽ നന്നാകും.

പ്രധാന കാർഷികവിഭവമായ തേങ്ങ വ്യവസായിക ഉല്പാദത്തിന് ഉപയോഗിക്കുന്നില്ല. ഗ്രാമസഭകളിൽ നിന്ന് ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള വ്യവസായ യൂണിററുകൾ ആരംഭിക്കാനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. തേങ്ങാപാൽ സംസ്കരണം, ചകിരിനിർമ്മാണം, കാലിത്തീററനിർമ്മാണം, ബിസ്കററ് നിർമ്മാണം, വെളിച്ചെണ്ണഉല്പാദനം, ചകിരികൊണ്ടുള്ള ബ്രഷ്, കയർ കയറുല്പന്നങ്ങൾ നിർമ്മാണം ഈ തരത്തിലുള്ള വ്യവസായ നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും തേങ്ങയെ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിന് നല്ലസാധ്യതയുണ്ട്.

പണിതുടങ്ങിയതും, പണിതുടങ്ങാത്തതുമായ നിരവധിപാറകൾ നമ്മുടെ പഞ്ചായത്തിൻെറ വിവധവാർഡുകളിലായുണ്ട്. ഈ പാറകൾ ഉപയോഗപ്പെടുത്തി ബോളർ, ജില്ലി മുതലായ ഉണ്ടാക്കുന്നുണ്ട്. പൊട്ടിക്കാത്ത

പാറകൾ ചിലത് പുറമ്പോക്കായും സ്വകാര്യ സ്വത്തായും കിടക്കുന്നത് ഉപയോഗപ്പെടുത്തി

ബോളർ, ജില്ലി മുതലായവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് കൂടുതൽആളുകൾക്ക് ഈ രംഗത്ത് തൊഴിൽ കൊടുക്കാൻ കഴിയും. പാറപ്പൊടി, സിമൻറ്, ജില്ലി എന്നിവ ഉപയോഗിച്ച് സിമൻറ്കട്ടകളും, ഹോളോബ്രിക്സുകളും നിർമ്മിക്കുന്ന വ്യവസായത്തിന് ഇവിടെ നല്ല സാധ്യതകളുണ്ട്. പാറകളുമായ ബന്ധപ്പെട്ട വാർഡുകളിൽ നിന്നും ഈ തരം നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്

ഒന്നാം വാർഡിൽ കൈത്തറി രംഗത്ത് 10 മഗ്ഗം സ്ഥാപിക്കാനാവശ്യമായ സമ്പത്തിക സഹായം ലഭിച്ചാൽ പതിനഞ്ചോളം പേർക്ക് ഈ രംഗത്ത് തൊഴിൽ കൊടുക്കാൻ കഴിയും. പരമ്പരാഗത കൈത്തറി വ്യവസായത്തിൻെറ കേന്ദ്രമായിരുന്നു ഈ പ്രദേശം. ഈ വാർഡിൽ നിന്നുതന്നെ അവിൽ ഉല്പാദനം, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം കൊപ്രസംസ്കരണ യൂണിററ് എന്നിവ ആരംഭിക്കാനുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഒരു ഡ്രൈവിംഗ് സ്കൂളും, വനിതാകേൻറിനും തുടങ്ങണമെന്ന നിർദ്ദേശവും ഈ വാർഡ് ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

രണ്ടാം വാർഡ് ഗ്രാമസഭയിൽ നിന്നും ഒരു മെഴുക്തിരി നിർമ്മാണ യൂണിററ് തുടങ്ങണമെന്നും പഞ്ചായത്ത് തലത്തിൽ വ്യവസായ രംഗത്ത് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നല്കാനുള്ള കേന്ദ്രം തുടങ്ങണമെന്നുമുള്ള നിർദ്ദേശം ഉയർന്നുവന്നു. ഖാദി നൂൽ നൂൽപ്പ് കേന്ദ്രം ആരംഭിച്ച് ധാരാളം സ്ത്രീകൾക്ക് തൊഴിൽ കൊടുക്കണമെന്ന നിർദ്ദേശവും ഈ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നു.

മൂന്നാം വാർഡ് ഗ്രാമസഭയിൽ നിന്നും സിമൻറ്, ജില്ലി, പാറപ്പൊടി, മണൽ എന്നിവ ഉപയോഗിച്ച് ഹോളോബ്രിക്സ് നിർമാണ യൂണിററ് ആരംഭിക്കണമെന്നും, ബോളറുകൾ ഉപയോഗിച്ച് ജില്ലിയാക്കുന്ന യൂണിററ് ആരംഭിച്ചാൽ 10 സ്ത്രീകൾക്ക് തൊഴിൽകൊടുക്കാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഒരു ഫർണിച്ചർ നിർമ്മാണ യൂണിററ് ആരംഭിച്ചാൽ 10 പേർക്ക് തൊഴിൽ കൊടുക്കാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ചൂടി വ്യവസായത്തിനും, പ്ലാസ്ററിക് കയർ നിർമ്മാണത്തിനും, സോപ്പുനിർമ്മാണത്തിനും ഈ വാർഡിൽ സാധ്യതയുണ്ട്.

നാലാവാർഡ് ഗ്രാമസഭയിൽ നിന്നും കൈരളി ഡിററർജൻസിന് സാമ്പത്തിക സഹായം നല്കി വികസിപ്പിക്കണമെന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. സഹകരണ രംഗത്തുള്ള കുമ്മായചൂള പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ ഉണ്ടാവണമെന്നുമുള്ള നിർദ്ദേശാ ഉയർന്നുവെന്ന് ഗവൺമെൻറ് ക്വാട്ടയിൽ പേപ്പർ ലഭിക്കുകയാണെങ്കിൽ നോട്ട്ബുക്ക് നിർമ്മാണത്തിന് വ്യക്തികൾ തയ്യാറാണെന്നും ഉള്ള അഭിപ്രായങ്ങൾ ഉയർന്നുവന്നു മെഴുകുതിരി നിർമ്മാണം, ഗോൾഡ്ഡൈയിംഗ് യൂണിററ് ഖാദി നൂൽനൂൽപ്പ് കേന്ദ്രം എന്നിവ ആരംഭിക്കണമെന്നുമുള്ള നിർദ്ദേശം വന്നു. ഖാദി കേന്ദ്രത്തിനാവശ്യമായ സ്ഥലം വാർഡിൽ ലഭ്യമാണ്. ഹോളോബ്രിക്സ്, ചന്ദനത്തിരി, പലഹാര ഉല്പാദനം എന്നിവയക്കും ഈ വാർഡിൽ സാധ്യതയുണ്ട്.

അഞ്ചാംവാർഡ് ഗ്രാമസഭയിൽ നിന്നും സോപ്പ്നിർമ്മാണം, പ്ലാസ്ററിക് ഉൽപന്ന നിർമാണം, മെഴുകുതിരിനിർമാണം എന്നിവ ആരംഭിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. കരിങ്കൽ ചതപ്പ ഉപയോഗിച്ച് മെററൽ നിർമ്മാണയൂണിററ് ആരംഭിച്ച് സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നുള്ള നിർദ്ദേശം ഉയർന്നുവരികയുണ്ടായി ഖാദിനൂൽനൂൽപ്പ് കേന്ദ്രം ആരംഭിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നു.

ആറാം വാർഡ് ഗ്രാമസഭയിൽ നിന്നും നാളികേര സംസ്കരണ യൂണിററ്, പപ്പട നിർമ്മാണം, മെററൽ നിർമാണം, മെഴുകുതിരി നിർമ്മാണം, ചക്കരചെത്ത് വ്യവസായം, സിമൻറ കട്ട, മോഡേൺ ഫർണിച്ചർ വ്യവസായം, നോട്ടുബുക്ക് ബൈൻഡിംഗ്, പോളിത്തീൻ കവർനിർമാണം, മിനറൽ വാട്ടർ

യൂണിററ് എന്നീ വ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നു.

ഏഴാം വാർഡ് ഗ്രാമസഭയിൽ നിന്നും ഓർക്കിഡ്, ആന്തൂരിയം എന്നീ പുഷ്പങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിപണനംചെയ്യുന്ന ഒരു യൂണിററ് ആരംഭിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നു ബനിയൻ, ജട്ടി തുടങ്ങിയ ഗാർമെൻറ്സ് ഉല്പാദിപ്പിക്കുന്ന ഒരു യൂണിററ് ആരംഭിക്കണമെന്നും, ഹവായ് ചെരിപ്പ്നിർമാണ യൂണിററിന് സാമ്പത്തികസഹായം ലഭിച്ചാൽ ഒരു യൂണിററ് ഉണ്ടാക്കാമെന്നുമുള്ള നിർദ്ദേശം ഉയർന്നുവന്നു. ഇലക്ട്രോണിക്-ഇലക്ട്രിക് ഉപകരണങ്ങൾ (സ്ററെപ്പ് അപ്പ്, ചോക്ക് മോട്ടോർബൈൻഡിംഗ് തുടങ്ങിയവ) ഉല്പാദിപ്പിക്കുന്ന ഒരു കേന്ദ്രം ആരംഭിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നു.

8ാം വാർഡ് ഗ്രാമസഭയിൽ നിന്നും ചകിരി, കയർ ഉല്പന്നങ്ങൾ, മെഴുകുതിരി, പ്ലാസ്ററിക് ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂണിററുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നു. നാളികേരസംസ്കരണം, ബേക്കറി എന്നിവ സ്ഥാപിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നു.

ഒമ്പതാം വാർഡ് ഗ്രാമസഭയിൽ ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ചകിരി വ്യവസായം പുനരുദ്ധരിക്കണമെന്നും ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കി കളിമൺപാത്ര വ്യവസായം ആരംഭിക്കണമെന്നുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നു സിമൻറ്കട്ടനിർമാണം, ഹോളോബ്രിക്സ് നിർമാണം, മെഴുകുതിരി, ബേക്കറി, കൊപ്രസംസ്കരണയൂണിററ് എന്നിവയ്ക്കും സാധ്യതയുണ്ട്. ഒരു ഫ്ളോർമിൽ സ്ഥാപിക്കണമെന്ന നിർദ്ദേശവും ഇവിടെ നിന്നും ഉണ്ടായി കരിങ്കൽ ഉപയോഗപ്പെടുത്തി ജില്ലി നിർമ്മിക്കുന്ന ഒരു യൂണിററിനും നിർദ്ദേശം വന്നു.

പത്താം വാർഡ് ഗ്രാമസഭയിൽ നിന്നും ഒരു സിമൻറ്കട്ട നിർമാണയൂണിററ്, പുല്ല് പായ നെയ്ത്ത് യൂണിററ്, കളിമൺപാത്രങ്ങളും കൗതുക വസ്തുക്കളും നിർമ്മിക്കുന്ന യൂണിററ്, ചകിരി സംസ്കരണം, പ്ലാസ്റ്റിക്കസേര നിർമാണ യൂണിററ്, ഫർണിച്ചർ നിർമാണയൂണിററ്, ബാർസോപ്പ് നിർമ്മാണ യൂണിററ് എന്നിവ സ്ഥാപിക്കണമെന്ന നിർദ്ദേശവും വരികയുണ്ടായി.

പതിനൊന്നാം വാർഡിൽ നിന്നും ക്ഷീരവ്യവസായം, കയറുൽന്ന നിർമ്മാണം, ഹവായ്ചെരുപ്പ് നിർമ്മാണം, സോപ്പ്നിർമ്മാണം എണ്ണയാട്ട് വ്യവസായം എന്നിവ ആരംഭിക്കണമെന്നുള്ള നിർദ്ദേശം ഉയർന്നു വരികയുണ്ടായി.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടമിന്ന് മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. എന്നാൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ എടച്ചേരി പഞ്ചായത്തിലെ നിരവധി സാധാരണക്കാർക്ക് പാർപ്പിടം നിർമ്മിക്കാൻ വിഷമതകൾ സൃഷ്ടിക്കുന്നു. അതുകൊണ്ടുതന്നെ 4 സെൻറ് ലക്ഷംവീട് കോളനികളിലും കുടിലുകളിലും ഓലമേഞ്ഞ വീടുകളിലും താമസിക്കുന്നവരും സ്വന്തമായി വീട് നിർമ്മിക്കാൻകഴിയാത്തവരും പഞ്ചായത്തിൽ നിരവധിയാണ്. ഇരുപതാം നൂററാണ്ടിൻെറ ആദ്യപകുതിവരെ ജൻമി നാടുവാഴിത്തത്തിൻ കീഴിൽ കഴിഞ്ഞു കൂടിയിരുന്ന പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്കും 1957ലെ ഭൂപരിഷ്കരണത്തോടെയാണ് സ്വന്തമായി വീട്വെക്കാൻ 10 സെൻറ് ഭൂമിയും കുടികടപ്പവകാശവും ലഭ്യമായത്. പിന്നീടവർ അധ്വാനംവിററാണ് മിനിമം സൗകര്യമുള്ള പാർപ്പിടത്തിനുള്ള വക സമ്പാദിച്ചു തുടങ്ങിയത്. ഒമ്പതാം പദ്ധതിക്കാലത്ത് പഞ്ചായത്തിലുള്ള എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ ലഭ്യമാക്കേണ്ട ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

ഇന്ന് പഞ്ചായത്തിൽ ഏകദേശം 5000 വീടുകളാണ് നിലവിലുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം വാർഡ് തിരിച്ച് ചുവടെ കൊടുക്കുന്നു. വാർഡ് (1) 765, (2) 523 (3) 607, (4) 475, (5) 487, (6) 607 (7) 337, (8) 487, (9) 420, (10) 507, (11) 802 ഇതിൽ ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ വാർഡ് തിരിച്ച് (1) 152, (2) 128, (3) 179, (4) 125 (5) 112, (6) 164, (7) 111, (8) 126 (9) 68, (10) 123, (11) 224 എന്നിങ്ങനെയാണ്. മൊത്തം 1512 കെട്ടിടങ്ങൾക്ക് ഒന്നിൽ കൂടുതൽ നിലകളുണ്ട്. ഒരു നിലയുള്ള കോൺക്രീററ് കെട്ടിടങ്ങൾ മൊത്തം 983 ആണ്. ഇവയുടെ വാർഡു തിരിച്ചുള്ള കണക്ക് (1) 1.7, (2) 108, (3) 148, (4) 82, (5) 61, (6) 83 (7) 55, (8) 69, (9) 58, (10) 61 (11) 131 എന്നിങ്ങനെയാണ്. ഓടിട്ട 2205 കെട്ടിടങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇവ 1മുതൽ 11വരെ വാർഡുകളിലായി യഥാക്രമം 348, 216, 201, 154, 212, 109, 75, 201, 192, 202, 295 എന്നിങ്ങനെയാണ്. ഓലമേഞ്ഞ 1212 കെട്ടിടങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇവ വാർഡുതിരിച്ച് 136, 71, 79, 114, 101, 151, 95, 90, 102 121, 152, എന്നീ ക്രമത്തിലാണ്. മററുള്ള കെട്ടിടങ്ങൾ ഒന്നാം വാർഡിൽ 2 എണ്ണം 5ാം വാർഡിൽ 1, 7ാം വാർഡിൽ 1 , 8ാം വാർഡിൽ 1 ഈ ക്രമത്തിൽ മൊത്തം 5 എണ്ണമാണുള്ളത്. പഞ്ചായത്തിൽ വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണമാണ് ചുവടെ കൊടുക്കുന്നത് ലക്ഷം വിട് പദ്ധതി വഴി 1, 2, 5, 8, 11 വാർഡുകളിൽ യഥാക്രമം 20, 31, 10, 18, 15 വീടുകളും 4 സെൻറ് കോളനിയിൽ വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം 4, 11 വാർഡുകളിൽ യഥാക്രമം 6, 9 എന്നിങ്ങനെ വീടുകളുമുണ്ട്. കൂടാതെ ബ്ലോക്ക് ഭവനനിർമ്മാണ പദ്ധതിയിൽ I·A·Y പ്രകാരം 95_96 വർഷങ്ങളിലായി 8 വീടുകളും J·R·Y· പ്രകാരം 93,94,95,96 വർഷങ്ങ

ളിലായി 12 വീടുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ നിവാസികൾക്ക് പൊതുവെ ഭവന നിർമ്മാണത്തോടുള്ള മനോഭാവം അവരുടെ സാമ്പത്തിക നിലക്കനുസരിച്ച് കോൺക്രീററ്, ഓട്, ഓല എന്നീ ക്രമത്തിലാണ്. നിലവിലുള്ള അവസ്ഥ വെച്ച് പരിശോധിക്കുകയാണെങ്കിൽ ഏതാണ്ട് ഇന്ന് നിലവിലുള്ളതിൻെറ പകുതിയെങ്കിലും വീടുകൾ കൂടി, വരുന്ന 10 വർഷത്തിനുള്ളിൽ നിർമ്മിക്കേണ്ടതായ ഒരവസ്ഥയുണ്ട്. സ്വന്തമായി വീടു നിർമ്മിക്കാൻ കഴിയാത്ത ധാരാളം പേർ പഞ്ചായത്തിലുണ്ട്. ഒരു ഹൗസിംഗ് സൊസൈററിയാണിന്ന് നിലവിലുള്ളത്. പുറമ്പോക്ക് ചേരിപ്രദേശങ്ങളിൽ കുടിൽകെട്ടി താമസിക്കുന്നവർ പഞ്ചായത്തിൽ കുറവാണ്. കടത്തിണ്ണകളിൽ കഴിയുന്നവരും സ്ഥിരകുടിയേററക്കാരും വിരലിലെണ്ണാവുന്നവർ മാത്രമാണ്. സാമ്പത്തികമായി നല്ല കെട്ടുറപ്പുള്ളവർ കെട്ടിട നിർമ്മാണരംഗത്ത് അനാവശ്യചെലവു ചെയ്യുന്ന സമ്പ്രദായം പഞ്ചായത്തിലുണ്ട്. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണരീതിക്ക് പഞ്ചായത്തിൽ പ്രചാരം വളരെ കുറവാണ്. പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ വെട്ടുകല്ല്, പാറ എന്നിവയുടെ കാര്യത്തിൽ ക്ഷാമമില്ല. മതിലുകൾകെട്ടി വേർതിരിച്ച വീടുകൾ പഞ്ചായത്തിൽ നിരവധിയാണ്. എന്നാൽ ജൈവമതിലുകളാൽ വേർതിരിച്ച വീടുകൾ പഞ്ചായത്തിലില്ലെന്നും തന്നെ പറയാം. കെട്ടിട നിർമ്മാണ മേഖലയിൽ പഞ്ചായത്തിൽ ആവശ്യത്തിന് തൊഴിലാളികളുണ്ട്. പുരുഷത്തൊഴിലാളിക്ക് ഒരു ദിവസം 110 രൂപവരെയും സ്ത്രീ തൊഴിലാളിക്ക് 60 രൂപ വരെയും കൂലി പ്രചാരത്തിലുണ്ട്. കോൺട്രാക്ട് സമ്പ്രദായം പഞ്ചായത്തിൽ വ്യാപകമാണ്.

കഴിഞ്ഞ 5 വർഷങ്ങളിലായി അപേക്ഷകളിൻമേൽ തീർപ്പു കൽപ്പിച്ച് അനുവദിച്ച ചില പെൻഷനുകളുടെ കണക്കാണ് ചുവടെ കൊടുക്കുന്നത്. പെൻഷൻ സംബന്ധിച്ച എല്ലാ കണക്കുകളും വിശദമായി ലഭ്യമല്ല.

| | |
|---|---|
| വികലാംഗ പെൻഷൻ: | 91_92ൽ 6, 92_93ൽ 5, 93_94ൽ ഇല്ല<br>94_95ൽ 6, 95_96ൽ 2. |
| വിധവാ പെൻഷൻ: | 91_93ൽ ഇല്ല, 92_93ൽ 2, 93_94ൽ ഇല്ല<br>94_95ൽ 3, 95_96ൽ 3. |
| വാർദ്ധക്യകാലപെൻഷൻ: | 91_92ൽ 5, 92_93ൽ 2, 93_94ൽ ഇല്ല<br>94_95ൽ 3, 95_96ൽ 3 |

പ്രശ്നങ്ങൾ

താങ്ങാനാവാത്ത പലിശനിരക്ക് കാരണം വീടുകൾ നിർമ്മിക്കാൻ വായ്പയെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് സാധാരണക്കാർ.

പഞ്ചായത്തിൽ നിലവിലുള്ള ലക്ഷംവീട് കോളനികളിലും 4 സെൻറ് കോളനികളിലും വേണ്ടത്ര സൗകര്യങ്ങളില്ല. സ്വന്തമായി വീടുവെക്കാൻ കഴിയാത്തവർ പഞ്ചായത്തിൽ നിരവധിയാണ്.

ആവശ്യത്തിന് കെട്ടിടനിർമാണ സാമഗ്രികൾ പഞ്ചായത്തിൽ നിലവിലില്ല.

ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കാനുള്ള സംവിധാനം പഞ്ചായത്തിലില്ല.

4 സെൻറ കോളനികളിലുൾപ്പെടെ വൈദ്യുതി ക്ഷാമം അനുഭവിക്കുന്ന വീടുകൾ പഞ്ചായത്തിൽ നിരവധിയാണ്. 4 സെൻറ് കോളനികളിലുൾപ്പെടെ

കക്കൂസുകളില്ലാത്ത വീടുകളും പഞ്ചായത്തിൽ നിരവധിയാണ്. സാധാരണക്കാരന് വീടുപണിയാൻ നിയമപരമായ പല സാങ്കേതിക തടസങ്ങളും ഇന്നും നിലവിലുണ്ട്. ഹൗസിംഗ് സൊസൈററിയിൽ നിന്ന് വായ്പകിട്ടാൻ സാധാരണക്കാരൻ വളരെ പ്രയാസമനുഭവിക്കുന്നു. വൃദ്ധജനങ്ങളെ ശ്രദ്ധിക്കാത്ത ഒരവസ്ഥ പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ വളർന്നുവരുന്നു. 10_ാം വാർഡിലെ ലക്ഷംവീട് കോളനിയിലേക്ക് സഞ്ചാരസൗകര്യമുള്ള വഴികളില്ല. ഭൂമിയില്ലാത്തതുകാരണം സ്വന്തമായി വീടുവെക്കാൻ ബുദ്ധിമുട്ടുന്നവർ പഞ്ചായത്തിൽ ധാരാളമുണ്ട്. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് പററിയ വൈദഗ്ദ്യമുള്ളവർ പഞ്ചായത്തിൽ കുറവാണ്.

നിർദ്ദേശങ്ങൾ

* ഹൗസിംഗ് സൊസൈററിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം വായ്പ കിട്ടാൻ സാധാരണക്കാർ അനുവഭിക്കുന്ന പ്രയാസങ്ങളില്ലാതാക്കണം. പലിശ നിരക്ക് കുറക്കണം.
* ലക്ഷം വീട് 4സെൻറ് കോളനികളിൽ വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കണം. എല്ലാ കോളനിയിലും വൈദ്യുതി എത്തിക്കുകയും ആവശ്യമായ കക്കൂസുകൾ നിർമ്മിക്കുകയും വേണം.
* സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയാത്തവർക്ക് സാമ്പത്തികസഹായം നൽകാനുള്ള സംവിധാനം പഞ്ചായത്തിലുണ്ടാവണം.
* ആവശ്യത്തിന് കെട്ടിടനിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലക്ക് ലഭിക്കുന്ന ഒരു സാഹചര്യം പഞ്ചായത്തിലുണ്ടാവണം.
* ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കാനുള്ള സംവിധാനം പഞ്ചായത്തിലുണ്ടാവണം:
* കെട്ടിടങ്ങൾ പണിയാൻ സാധാരണക്കാരനനുഭവിക്കുന്ന നിയമപരമായ സാങ്കേതിക പ്രയാസങ്ങൾ പഞ്ചായത്ത് ബിൽഡിംഗ് ആക്ട് ഭേദഗതി ചെയ്ത് ലഘൂകരിക്കണം.
* പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം പണിയാനുള്ള ശ്രമങ്ങൾ നടത്തണം.
* ലക്ഷംവീട് കോളനികളിലേക്കുള്ള വഴികൾ സഞ്ചാരയോഗ്യമാക്കണം.
* സ്വന്തമായി ഭൂമി കൈവശമില്ലാത്തവരെയും നിർദ്ധനരേയും സഹായിക്കാനുള്ള ഒരു സംവിധാനം പഞ്ചായത്ത് തലത്തിലുണ്ടാവണം.
* കെട്ടിട നിർമ്മാണ തൊഴിലാളികളുടെയും
  മററു തൊഴിലാളികളുടേയും വൈദഗ്ദ്യം ഉയർത്താനുള്ള പരിശീലനം പഞ്ചായത്ത് തലത്തിലുണ്ടാവണം.
* സ്ത്രീ പുരുഷൻമാരുടെ കൂലിയിലുള്ള അന്തരം ഒഴിവാക്കി കൂലി ഏകീകരിക്കണം.
* വിവിധ പെൻഷനുകൾക്കുള്ള അപേക്ഷകളിൻമേൽ കാലതാമസമെടുക്കാതെ തീർപ്പുകൽപ്പിക്കുന്ന സംവിധാനം ഉണ്ടാവണം
  മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
* അങ്കണവാടികളുടേയും ബാലവാടികളുടേയും പ്രർത്തനത്തിലും കാര്യക്ഷമതയുണ്ടാവണം.
* ലക്ഷംവീട് 4 സെൻറ് കോളനികളിൽ കുടുംബങ്ങൾ ഒരു ചുമരിനാൽ വേർതിരക്കപ്പെട്ട 2 വീടുകളിൽ താമസിക്കുന്ന അവസ്ഥ ഇല്ലാതാക്കണം.
* വിധവകളുടെ പെൺകുട്ടികൾക്ക് കല്ല്യാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കണം.
* ഇരിങ്ങണ്ണൂർ, പുതിയങ്ങാടി ടൗണുകളിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം.

* സോഡിയം വേപ്പർലാമ്പ്, സോളാർ ബൾബുകൾ ഉൾപ്പെടെ ആവശ്യത്തിന് തെരുവ് വിളക്കുകൾ പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിലെങ്കിലും സ്ഥാപിക്കണം.
* പുതിയങ്ങാടി സഹകരണ ബാങ്കിന് മുൻവശം ഒരു ബസ് സ്റ്റോപ്പ് നിർമ്മിക്കണം
* ഇരിങ്ങണ്ണൂർ പഞ്ചായത്ത് റോഡ് ബസ്റ്റോപ്പിന്റെ ശോച്യവസ്ഥ പരിഹരിക്കണം.
* വിലനിലവാരം പിടിച്ചുനിർത്താൻ 2 മാവേലി സ്റ്റോറുകൾ പഞ്ചായത്തിലാരംഭിക്കണം.
* കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നൽകുന്ന സംവിധാനം പഞ്ചായത്തിലുണ്ടാവണം.
* രണ്ടാംവാർഡിലെ മിനി സ്റ്റേഡിയം പണി പൂർത്തിയാക്കണം രണ്ടാം വാർഡിൽ 4 സെൻറ്കോളനിയിലെ ബാക്കിയുള്ള 5 സെൻറ് സ്ഥലത്ത് ഒരു ഫീഡിംഗ് സെൻറർ -കം- ബാലവാടി ഉണ്ടാക്കണം.
* നാലം വാർഡിൽ കല്ലുപ്പാറേമ്മൽ ഭാഗത്ത് പുതിയ വീടുകൾ നിർമ്മിക്കാൻ പററിയ സ്ഥലമുണ്ട്. മിതമായ വിലക്ക് ഈ സ്ഥലം കിട്ടുമോ എന്ന് പരിശോധിക്കണം.
* അഞ്ചാം വാർഡിൽ ചുണ്ടയിൽതാഴ ഭാഗത്ത് വൈദ്യുതി എത്തിക്കണം.
* പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം.
* പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിലുടനീളം ആവശ്യക്കാർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
* വലിയ കെട്ടിടങ്ങൾക്ക് നികുതി വർധിപ്പിക്കുകയും പാവപ്പെട്ടവർക്ക് നികുതിയിൽ ഇളവ് അനുവദിക്കുകയും വേണം.

# ഗതാഗതം, ഊർജം, വാർത്താവിനിമയം

ആമുഖം

വ്യവസായത്തിൻെറ അടിസ്ഥാന സൗകര്യങ്ങളിൽ വളരെ പ്രധാനപ്പെട്ടവയാണ് ഗാതഗതം, ഊർജം, വർത്താവിതരണം എന്നിവ. ഇത്തരം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് വ്യവസായ വികസനത്തിന് തടസമാകുന്നത്. സമൂഹത്തിൻെറ പുരോഗതിയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്ന നിലയ്ക്കും ഈ തുറകൾ പ്രാധാന്യമർഹിക്കുന്നു. കൃഷിയുടെയും സേവനരംഗത്തിൻെറയും വികസനത്തെയും ഗതാഗത-ഊർജ-വാർത്താവിനിമയ സംവിധാനങ്ങൾ സ്വാധീനിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 30കി.മീ. താർ ചെയ്ത റോഡ് ഉണ്ട്. ഇതിൽ P W D ഏറ്റെടുത്ത റോഡുകളും പഞ്ചായത്ത് ഏറ്റെടുത്ത് വിവിധ പദ്ധതികൾ പ്രകാരം താർ ചെയ്ത റോഡുകളും ഉൾപ്പെടുന്നു. എല്ലാ വാർഡുകളിലും മെററൽ ചെയ്യാത്ത റോഡുകളും നിരവധിയുണ്ട്. അതത് പ്രദേശത്തെ ജനങ്ങളുടെ ശ്രമദാന ഫലമായി ഉണ്ടാക്കിയ റോഡുകളും ധാരാളം ഉണ്ട്. മഴക്കാലങ്ങളിൽ ഗാതഗതം അസാധ്യമാക്കുന്ന അവസ്ഥയാണ് പൊതുവേ കട്ട് റോഡുകൾക്കുമുള്ളത്. ആവശ്യമായ ഓവു ചാലുകൾ നമ്മുടെ റോഡുകൾക്കില്ലാത്തത് അവയുടെ തകർച്ചക്ക പ്രധാന കാരണമാണ്. തലായിലും ഇരിങ്ങണ്ണൂരിലും ഈ അടുത്ത കാലത്ത് ഓവുകൾ കീറിയിട്ടുണ്ട് നിലവിലുള്ള റോഡുകൾ എല്ലാ കാലാവസ്ഥയിലും തകർന്നു പോകാതെ സംരക്ഷിക്കണമെങ്കിലും ആവശ്യമായ അററകുററപണികൾ യഥാസമയം നടത്തേണ്ടതുണ്ട്, ജനങ്ങളുടെ സന്നദ്ധ പ്രവർത്തനം സംഘടിപ്പിച്ച് പുതിയ റോഡുകൾ നിർമ്മിക്കാനും ഓവുചാലുകൾ ഉണ്ടാക്കാനും കഴിയും. ഈ രംഗത്ത് നല്ല ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

എടച്ചേരി പഞ്ചായത്തിലെ ഏററവും നീളം കൂടിയ റോഡ് പുതിയങ്ങാടി ഇരിങ്ങണ്ണൂർ റോഡാണ്. ഇത് ഏതാണ്ട് 3 K M ഉണ്ട് വളരെ കാലം മുമ്പ് താർ ചെയ്താണെങ്കിലും ഇപ്പോഴും കാര്യമായ തകരാർ ഈ റോഡിന് സംഭവിച്ചിട്ടില്ല. പഴയ സ്കീം പ്രകാരം 6മീററർ മാത്രം വീതിയുള്ളറോഡ് ആണ് ഇത് ധാരാളം വളവുകൾ ഉള്ളതിനാൽ മുമ്പ് ഈ റോഡിലൂടെ ഓടിയിരുന്ന ബസ്സുകൾ ഇപ്പോൾ ഒന്നൊഴികെ ബാക്കിയെല്ലാം ഈ റൂട്ട് ഉപേക്ഷിച്ച് പോയിരിക്കുകയാണ്.

ഗതാഗതത്തെ സംബന്ധിച്ച് ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഓരോ വാർഡുകളിലേയും ജനങ്ങളെ സംഘടിപ്പിച്ച് സന്നദ്ധ പ്രവർത്തനം നടത്തി പണി പൂർത്തീകരിക്കാൻ വേണ്ടി നാം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അത്തരം സാദ്ധ്യതകൾക്കുള്ള നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഓരോ വാർഡിൽനിന്നും ഉയർന്നുവന്ന നിദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ഏതാണ്ട് എല്ലാ വാർഡിൽനിന്നും ഉയർന്ന ആവശ്യമാണ് പുതിയങ്ങാടി-ഇരിങ്ങണ്ണൂർ റോഡ് വീതികൂട്ടണം എന്നുള്ളത്. അതുപോലെ വളരെ കൂടുതലുള്ള വളവുകൾ ഒഴിവാക്കിയെടുക്കണമെന്നും ഈ റൂട്ടിൽ ബസ് ഗതാഗതം ആവശ്യത്തിന് ഏർപ്പെടുത്തണമെന്നും വാർഡ് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

ഒന്നാം വാർഡ് ഗ്രാമസഭയിൽ നിന്നും തലായി-വിലാതപുരം റോഡ് വീതി കൂട്ടി ടാർ ചെയ്യണമെന്നും, നരിക്കുന്ന്-തലായി മുതുവടത്തൂർ റോഡ് ഗതാഗത യോഗ്യമാക്കണമെന്നും, തെരുവിൻതാഴ-തെരുവ് റോഡ് ഗതാഗത യോഗ്യമാക്കണമെന്നും നിർദ്ദേശങ്ങൾ വരികയുണ്ടായി.

തലായി ബസ് സ്റ്റോപ്പ് മുതൽ മുതുവടത്തൂർ ഭാഗത്തേക്കുള്ള ഇടവഴി റോഡാക്കി മാററണമെന്ന നിർദ്ദേശം വന്നു. സ്ഥല സമ്മതം കിട്ടിയാൽ സന്നദ്ധ പ്രവർത്തനം നടത്തി റോഡ് നിർമ്മിക്കാൻ നാട്ടുകാർ തയ്യാണ്.

ബാലവാടി മുതൽ മുതുവടത്തൂർ വരെ പുതിയ റോഡ് നിർമ്മിക്കണം.

മലോൽ കുഞ്ഞിരാമൻെറ വീടിൻെറ മുമ്പിൽകൂടി നെല്ലോളി റോഡുമായി ബന്ധിപ്പിക്കാൻ ആവശ്യമായ സ്ഥലം പഞ്ചായത്ത് സമ്മതംവാങ്ങിക്കൊടുത്താൽ ഉടനെ സന്നദ്ധ പ്രവർത്തനം ഉപയോഗിച്ച് റോഡ്പണി തുടങ്ങാൻ കഴിയും.

തെരുവിൻതാഴ-ബാലാടി ഭാഗത്തേക്കു പോകുന്ന ഇടവഴി റോഡാക്കണം.

വേങ്ങോളിപ്പാലം പുതുക്കിപ്പണിത് പുതിയങ്ങാടി വില്ല്യാപ്പള്ളിറോഡിൽ ബസ് റൂട്ടിനുള്ള അവസരമുണ്ടാക്കണം

രണ്ടാംവാർഡിൽ താഴെ പറയുന്ന റോഡുകൾ മെററലിംഗും ടാറിംഗും ചെയ്യാനുള്ള നടപടികൾ ആരംഭിക്കണം.

പുതിയങ്ങാടി, എ.കെ.ജി സ്മാരക വായനശാലറോഡ്

പിലാവിൽതാഴ, കുനിയിൽതാഴറോഡ്
ഡൈഹൗസ്, വേങ്ങോളിറോഡ്

പുതിയെടുത്ത് താഴ, കീഴ്കൊയിലോത്ത്താഴറോഡ്

കാക്കന്നൂർമുക്ക്, പൂക്കോട്ട്താഴറോഡ്
പോലീസ് ക്വാർട്ടേഴ്സ്, വണ്ണാണ്ടി മുക്ക്റോഡ്

കളിയാംവെള്ളി, പിലാവിൽതാഴറോഡ്
മാടപ്പൊയിൽ, പടിഞ്ഞാറെപൂക്കോട്ട് താഴറോഡ്

തുണ്ടിയിൽമുക്ക്, കുണ്ട്യേരിതാഴറോഡ്
മീത്തലെ കാക്കന്നൂർ, പിലാവിൽറോഡ്
ഒന്തംപറമ്പ്, വട്ടക്കണ്ടിറോഡ്,

താഴെ പറയുന്ന പുതിയറോഡുകൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങളും ഗ്രാമസഭയിൽ നിന്നുമുണ്ടായി.

പുതിയെടുത്ത്താഴ, കീഴ്കൊയിലോത്ത്റോഡ് മൂന്നാം വാർഡിലെ ചെരപ്രത്ത് താഴ റോഡുമായി ബന്ധിപ്പിക്കുക. മൽസ്യ മാർക്കററ്, കുനിയിൽ താഴറോഡ് തയ്യിൽ പാലം വരെ നിർമ്മിച്ച് പൂർത്തീകരിക്കുക മാടപ്പൊയിൽമുക്ക്, പടിഞ്ഞാറെപൂക്കോട്ട് താഴ റോഡ് 3ാം വാർഡിലെ ചെരപ്രത്ത്താഴ താഴ റോഡുമായി ബന്ധിപ്പിക്കുക

കളിയാംവെള്ളി ഓണക്കണ്ടം വയലിൽ കൂടിയുള്ള നടപ്പാത വീതികൂട്ടി വടകര മാഹി കനാലിന് നടപ്പാലം നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

പൊന്നാറത്ത് കുന്നുമ്മൽ മുതൽ പിലാവിൽ മുക്ക്വരെ പുതിയ റോഡ്നിർമിക്കുക നാവത്ത്മുക്ക്-കോട്ട്രേമ്പ്രത്ത് താഴവഴി ഇരിങ്ങണ്ണൂർ റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.

മൂന്നാം വാർഡിൽനിന്ന് ഗതാഗതത്തെ സംബന്ധിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1 ചെട്ട്യാംവീട്ടിൽമുക്ക് എടച്ചേരി നോർത്ത് യു. പി. സ്കൂൾ റോഡ്വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

2 ചെറുവലത്ത് മുക്ക്-പരിത്തിക്കണ്ടിമുകുളങ്ങരത്ത് റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

3 പുതിയങ്ങാടി മാപ്പിള L.P.സ്കൂൾ അമ്പിടാട്ടിൽ മുതൽ താഴെവരെയുള്ള നടപ്പാത റിപ്പേർ ചെയ്യണം.

ഈ ഫുട്ട്പാത്തിൽ നിന്ന് ഇരിങ്ങണ്ണൂർ റോഡിലേക്ക് ലിങ്കായി ഒരു നടപ്പാത നിർമ്മിക്കണം.

4 പുത്തലത്ത് താഴകുനി– കന്നംകുററി മുക്ക് റോഡ് ഗതാഗതയോഗ്യമാക്കണം.

5 എം. ഡി. ഹൗസിന് മുമ്പിൽ നിന്ന് ചെരത്ത് താഴക്കുനിവരെ ഫുട്ട് പാത്തു നിർമ്മിക്കണം.

6 കെട്ടുങ്ങൽപ്പള്ളിറോഡ് വീതികൂട്ടി പുഴവരെ പുതുതായി നിർമ്മിക്കണം.

7 പുതിയങ്ങാടി മാപ്പിള എൽ. പി. സ്കൂളിന് സമീപത്തുള്ള ഓവുപാലം പുതുക്കി പണിയണം.

നാലാം വാർഡിൽനിന്നും ഗതാഗത സംബന്ധമായി ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

തെക്കയിൽ മുക്ക് മുതൽ കണ്ടോത്ത്മുക്ക്വരെയുള്ള റോഡിൻെറ പണി ഭാഗികമായിതീർത്തു. പണി പൂർത്തീകരിക്കണം. തലായിൽ നിന്ന് കിഴക്കും മുറിവരെ, ആലിശ്ശേരി–കുറുങ്ങോട്ട് താഴ റോഡ്, ചെട്ട്യാം വീട്ടിൽ 4 സെൻറ് കോളനി റോഡ്. ആലിശ്ശേരി താനിയുള്ളതിൽ മുക്ക് റോഡ്, കോറോത്ത്താഴ മുതൽ തുണ്ടിയിൽ മുക്ക് വരെ, തുണ്ടിയിൽ പീടികമുതൽ കൊല്ലാരത്ത് മുക്ക്വരെ, ഈങ്ങവളപ്പ്–കേളൻ കുന്നുതാഴ റോഡ്. വീതികൂട്ടിയും റിപ്പേർചെയ്തും ഗതാഗതയോഗ്യമാക്കണം

മാവള്ളിമുക്ക് മുതൽ പാറകെട്ട്മുക്ക് വരെ മെററൽ ചെയ്യണം. മാണിക്കോത്ത് താഴ മുതൽ കോറോത്ത്താഴവരെയും ഒതയോത്ത് താഴമുതൽ തട്ടാറത്ത് താഴവരെയും നടപ്പാതകൾ നിർമ്മിക്കണമെന്നും 4ാം വാർഡ് ഗ്രാമസഭ ആവശ്യപ്പെടുന്നു.

അഞ്ചാം വാർഡ് ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ.

1 കാനോത്ത്മുക്ക്–ഇഞ്ചികുറുങ്ങോട്ട് റോഡ്, ലക്ഷംവീട് കോളനി റോഡ്, എന്നിവ ഗതാഗത യോഗ്യമാക്കിതീർക്കണം. പടിഞ്ഞാറയിൽ തൈക്കണ്ടിയിൽ തൈവച്ചതിൽ ഭാഗം നടപ്പാത, കരിവാരി താഴ നടപ്പാത എന്നിവ നിർമ്മിക്കണമെന്നും, ആലശ്ശേരി–കച്ചേരിമുക്ക് മുതൽ പുറമേരി പഞ്ചായത്തിലെ നടേമ്മൽ മുക്കുവരെയുള്ള റോഡ് മെററൽചെയ്ത് ഗതാഗതയോഗ്യമാക്കണമെന്ന നിർദ്ദേശവും 5ാം വാർഡിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ആറാം വാർഡിൽ നിന്നും താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉണ്ടായി.

1 മഠത്തിൽ മുക്ക് പുതുക്കുടി റോഡ് താർ ചെയ്ത് ഓവുചാൽ നിർമിക്കുക.

2 വരകുന്നുമ്മൽ–മോളുപാറ റോഡ് ഗതാഗത യോഗ്യമാക്കുക.

3 പയോൽമുക്ക്–എടച്ചേരിനോർത്ത് യു. പി. സ്കൂൾ നടപ്പാത നിർമ്മിക്കണം.

ഏഴാം വാർഡിൽ നിന്നും താഴെപറയുന്ന നിർദ്ദേശങ്ങളാണ് ലഭിച്ചത്,

1 കോട്ടേമ്പ്രം കച്ചേരിറോഡ് തെരുവിൽ താർ ചെയ്യണം.

2 കച്ചേരി–കോട്ടേമ്പ്രം റോഡിൽ കുളമുള്ളതിൽ മുക്ക് പണി പൂർത്തീകരിക്കണം.

3 കച്ചേരി ബാലവാടി–തൈക്കണ്ടിമുക്ക് റോഡ്, ഇടത്തിൽ മുക്ക്മുതൽ മുണ്ടാനമ്പ്രത്ത് റോഡ്, ചാത്തോത്ത് മുക്ക് മുതൽ–ബാലവാടിവരെയുള്ള റോഡ് എന്നിവ റിപ്പേർചെയ്ത് ഗതാഗതയോഗ്യമാക്കണം.

4 ബാലവാടി റോഡ്മുതൽ കോടഞ്ചേരി സ്കൂൾവരെ നടപ്പാത നിർമ്മിക്കണം.

5 കച്ചേരി–കേട്ടേമ്പ്രം റോഡിലെ പാലം പുതുക്കിപണിയണം.

6 ഇടവലത്ത താഴ നടപ്പാലം പണിയണം.

7 മൊയിലോത്ത്മുക്ക് മുതൽ കുണ്ടിലോട്ട് താഴ അണക്കെട്ട്വരെയുള്ള നടപ്പാത നിർമ്മാണം

എട്ടാം വാർഡിലെ ഗ്രാമസഭയിൽ നിന്നും താഴെപറയുന്ന നിർദ്ദേങ്ങൾ ഉണ്ടായി.

1 കുളങ്ങരതാഴ–കരിങ്ങാലിമുക്ക് റോഡ് ഗതാഗത യോഗ്യമാക്കണം. പുഴക്കൽ ഭാഗം കുവ്വയിൽതാഴമുതൽ കാഞ്ഞിരക്കുനിതാഴ റോഡ് ബന്ധിപ്പിക്കുക. കുവ്വയിൽ താഴ റോഡ്–കച്ചേരി യു. പി സ്കൂളുമായി ബന്ധിപ്പിക്കുക.

ആക്കൽകണ്ടിമുതൽ മന്ന്യാം കണ്ടിവരെ

യുള്ള റോഡ്, കേളോത്ത് മുക്ക് മുതൽ തുരുത്തിറോഡ്‌വരെയുള്ള റോഡ് എന്നിവ റിപ്പേർ ചെയ്ത് ഗതാഗത യോഗ്യമാക്കുക

2 കരിങ്ങാലിമുക്ക് അണക്കെട്ട് ഗതാഗത യോഗ്യമാക്കുക.

3 കുമ്മൽതാഴകൂടി കച്ചേരി യു. പി. സ്കൂൾവരെയും തുരുത്തിയിലെ നടുവിലക്കണ്ടിതാഴമുതൽ കിഴക്കയിൽ വരെയും പാറപ്പുറത്ത് താഴകടവ്മുതൽ കുണ്ടുവയൽ വരെയും നടപ്പാത നിർമിക്കണം.

ഒമ്പതാം വാർഡിലെ ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

1 ഇരങ്ങണ്ണൂർ ശ്രീനാരായണമഠം – അയോത്ത് സ്കൂൾ റോഡ് താർ ചെയ്യണം. കച്ചേരി തെരംപിലാവിൽ മുതൽ അയോത്ത് സ്കൂൾ വരെ വീതികൂട്ടി താർ ചെയ്യണം. നൊച്ചോളി താഴകുനിയത്തിൽ റോഡ് റിപ്പേർ ചെയ്യണം.

കോട്ട്രേമ്പം റോസ് മുതൽ കച്ചേരി യു. പി. സ്കൂൾവരെ നടപ്പാത നിർമിക്കണം.

പത്താംവാർഡ് ഗ്രാമസഭയിൽ നിന്നും താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾഉയർന്നുവന്നു.

* ചെറുകുളം മുതൽ ഇരിങ്ങണ്ണൂർ വെസ്റ്റ് എൽ. പി. സ്കൂൾവരെ റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. എടവങ്കേരി ലക്ഷംവീട് റോഡ് മൂലാടത്തും ഭാഗം റോഡ്, വേങ്ങേരി അമ്പലം റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം.

പതിനൊന്നാം വാർഡിൽ നിന്നും ഉണ്ടാ നിർദ്ദേശങ്ങൾ.

* തോറട്ടോളി എരിക്കൂർ കടവ് റോഡ് കല്ലാച്ചേരി കടവുമായി ബന്ധിപ്പിക്കുക. ശ്രീനാരയണ മഠ, കേളോത്ത്താഴ വഴി ഇരിങ്ങണ്ണൂർ ടൗണിലേക്ക് റോഡ് നിർമ്മിക്കുക. ചാത്തോത്ത് മുക്ക് നാല് സെൻറ് കോളനിവഴി കക്കാട്ട്മുക്ക് റോഡ്, കകാട്ട് മുക്ക് നരിക്കോട്ട്റോഡ് അരയാക്കണ്ടി കൂടത്തിൽതാഴ റോഡ് നൊട്ടയിൽ താഴ റോസ് എന്നിവ ഗതാഗത യോഗ്യമാക്കുക.

ഗ്രാമസഭകളിലെ ഗ്രൂപ്പ് ചർച്ചയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളാണിത്രയും. ഇതിൽതന്നെ ധാരാളം പ്രവൃത്തികൾ സന്നദ്ധ പ്രവർത്തനം നടത്തി പൂർത്തീകരിക്കാവുന്നവയാണ്.

ഊർജ്ജം

നേരത്തെ സൂചിപ്പിച്ചതുപോലെ വ്യാവസായികരംഗം നേരിടുന്ന പ്രധാന പ്രതിസന്ധിയാണ് ഈ ഊർജ്ജ ക്ഷാമം. പരമ്പരാഗത ഊർജ്ജ സ്രോതസുകളെ ആശ്രയിച്ചാണ് നമ്മുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേററുന്നത്. കാർഷിക രംഗത്തും വ്യവസായിക രംഗത്തും ഗാർഹികമയേും ഊർജ്ജത്തിൻെറ ഉപഭോഗം വർദ്ധിച്ചുവരുന്നു. എന്നാൽ ഈ ഊർജ്ജ ആവശ്യങ്ങളെ നേരിട്ട് മുമ്പോട്ട് പോകുക എന്നത് വിഷമമേറിയ കാര്യമാണ് പരിമിതമായി മാത്രം ലഭിക്കുന്ന ഊർജ്ജം ഉപയോഗപ്പെടുത്തി നമ്മുടെ ആവശ്യങ്ങൾ നിറവേററേണ്ടുന്ന സാഹചര്യത്തിലാണ നാം ഇന്നു ഉള്ളത്.

നമ്മുടെ പഞ്ചായത്തിൽ ഗാർഹിക ആവശ്യമുള്ള ഊർജ്ജ സ്രോതസായി ഉപയോഗിക്കുന്നത് വൈദ്യുതി, വിറക്, മണ്ണെണ്ണ മുതലായവയാണ്. ചെറിയതോതിൽ പാചക വാതകങ്ങളും ഉപയോഗപ്പെടുത്തുന്നു. കഴിയാവുന്നത്ര വീടുകളിൽ പ്രഷർകുക്കറുകൾ ഉപയോഗിച്ചും, ഗ്യാസ്സ്ററൗകൾ ഉപയോഗിച്ചും ഊർജ്ജത്തിൻെറയും സമ്പത്തിൻെറയും ദുർവ്യയം കുറക്കാവുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ ഉപയോഗപ്പെടുത്തിയും, വൻതോതിൽ ഊർജ്ജ നഷ്ടമുണ്ടാക്കുന്ന ശാസ്ത്രീയമല്ലാത്ത അടുപ്പുകൾ മാററി ഊർജ്ജം സംരക്ഷിക്കുന്ന പുത്തൻ അടുപ്പുകൾ സ്ഥാപിച്ചും ഊർജ്ജ പ്രതിസന്ധിയെ ചെറിയ തോതിലെങ്കിലും നേരിടാൻ നമുക്ക് കഴിയും.

രണ്ടോ അതിൽ കൂടുതലോ പശുക്കളെ വളത്തുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചു ഊർജ്ജം ഉല്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് നാം മുന്തിയ പരിഗണന കൊടുക്കേണ്ടിയിരി

ക്കുന്നു. വീടുകളിലെ വൈദ്യുതോർജ്ജ ത്തിന്റെ അനാവശ്യമായ ഉപയോഗം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ANERT പോലെയുള്ള ഊർജ്ജ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ ഇപ്പോൾ ധാരാളം ഉപകരണങ്ങൾ വിപണിയിൽ ഇറക്കുന്നുണ്ട്. പ്രത്യേകിച്ചും അടുപ്പുകൾ, സ്റ്റൗകൾ, കുക്കറുകൾ, സോളാർലൈററുകൾ എന്നിവ. ഇത്തരം ഉപകരണങ്ങൾ ഉപയോഗപ്പെടുത്താനാവശ്യമായ സാമ്പത്തിക സഹായങ്ങൾ സബ്സിഡികൾ വർദ്ധിപ്പിക്കുന്ന കാര്യമടക്കം പരിഗണിക്കപ്പെടേണ്ടതാണ്.

നമ്മുടെ പഞ്ചായത്ത് ഓരോ വർഷവും 40000ൽ അധികം രൂപ തെരുവ് വിളക്കുകൾ പ്രകാശിക്കുന്നതിനുവേണ്ടി ഇലക്ട്രിസിററിബോർഡിലേക്ക് അടക്കുന്നുണ്ട്. ഈ തെരുവു വിളക്കുകൾ ഏറിയവയും പ്രകാശിക്കുന്നവയല്ല ഇവ ഒഴിവാക്കി പകരം സോളാർ ലൈററുകൾ ഉപയോഗിക്കുന്നതിനെപ്പററി ചിന്തിക്കേണ്ടതുണ്ട്. അനെർട്ടിൽ നിന്നും ഇത്തരം വിളക്കുകൾ വാങ്ങി പ്രധാനപ്പെട്ട റോഡുകളിൽ സ്ഥാപിക്കണം.

കാർഷികരംഗത്ത് സോളാർ പമ്പുകൾ ഉപയോഗപ്പെടുത്തുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകണം ഗാർഹിക, കാർഷിക ആവശ്യങ്ങൾക്ക് പരമാവധി പരമ്പരാഗതമല്ലാത്ത ഊർജ്ജസ്രോതസുകൾ ഉപയോഗിച്ച് വൈദ്യുതിയുടെ ഉപയോഗം കുറക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ 9 ട്രാൻസ്ഫോമറുകൾ ഉണ്ട്. പല വാർഡുകളിലും വോൾട്ടേജ് ക്ഷാമം പ്രയാസമുണ്ടാക്കുന്നുണ്ട്. വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്. ഇലക്ട്രിക് ലൈനുകൾ വൃക്ഷശാഖകളുമായി സമ്പർക്കത്തിലിരിക്കുന്ന അവസ്ഥ പഞ്ചായത്തിൽ പലയിടങ്ങളിലും ഉണ്ട്. ഇത് വലിയ തോതിലുള്ള പ്രസരണനഷ്ടം ഉണ്ടാക്കുന്നുണ്ട്. ഇത് തടയാനുള്ള അററകുററപണികൾ അതത് അവസരങ്ങളിൽ നടത്തേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ ത്രീഫേസ് ലൈനുകൾ ആത്യാവശ്യമായ ഭാഗങ്ങളിൽ അത് ഏർപ്പെടുത്തുവാനുള്ള നടപടികൾ ഉണ്ടാവണം.

വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ നിന്നും ഊർജ്ജ സംബന്ധമായ ചില നിർദ്ദേശങ്ങൾ ഉയർന്നു വന്നു. പൊതുവിൽ എല്ലാ ഭാഗത്തുനിന്നും വന്ന പരാമർശങ്ങൾ മുകളിൽ പ്രതിപാദിച്ചു കഴിഞ്ഞു. പഞ്ചായത്തിൽ 2600 ഗാർഹികകണക്ഷനുകളും 350 വ്യാപരകണക്ഷനും 240കാർഷികകണക്ഷനുകളും 12 വ്യാവസായിക കണക്ഷനുകളും ഉണ്ട്. ഇനി കണക്ഷൻ ലഭിക്കാൻ ഓർഡിനറി, 320, OYP 8, OYEC 312 എന്നിങ്ങനെ 640 അപേക്ഷകൾ ഉണ്ട്. ഇവർക്ക് ഇലക്ട്രിക്ക് കണക്ഷനുകൾ ലഭ്യമാക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്

ഒന്നാം വാർഡിൽനിന്നും താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

മലക്കാരി ഭാഗത്ത് വൈദ്യുതി എത്തിക്കണം നരിക്കുന്നു തെരുവിൽക്കൂടി കണ്ണുകുത്തി റോഡുവരേയും പുതിയതായി സ്ട്രീററ്ലൈററ് ഏർപ്പെടുത്തണം നിലവിൽ സ്ട്രീററ്ലൈററ് ഉള്ള ഭാഗങ്ങളിൽ അത് കൃത്യമായി പ്രവർത്തിപ്പിക്കാനുള്ള നടപടിയും ഉണ്ടാകണമെന്നും ആവശ്യമുയർന്നു.

രണ്ടാംവാർഡിൽ പടിഞ്ഞാററ പൂക്കോട്ടും ഭാഗം, കളിയാംവെള്ളി, വെങ്കല്ലൂർറോഡ് മീത്തലെപീടിക മുതൽ കുനിയിൽ താഴവരെയുള്ള റോഡ് എന്നിവിടങ്ങളിൽ സ്ട്രീററ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി പടിഞ്ഞാറെപൂക്കോട്ട് ഭാഗത്ത് ഇനിയും വൈദ്യുതി എത്തിയിട്ടിയില്ല. കാക്കന്നൂർ ഭാഗത്തും പിലാവിൽ താഴഭാഗത്തും എളങ്ങോത്ത് താഴഭാഗത്തും പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണമെന്നും ആവശ്യം ഉയർന്നു.

മൂന്നാം വാർഡിൽനിന്നും താഴെ പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് വികസന സെമിനാറിലേക്ക് ഉന്നയിച്ചിട്ടുണ്ട്.

കോറോത്ത്ഭാഗത്ത് വൈദ്യുതി എത്തിക്കണം. NOC മുക്ക്റോഡ്, പത്തിക്കണ്ടി

മുക്ക് റോഡ്, ചെറുവലത്ത്മുക്ക് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തണം. എടച്ചേരി ഒരു ഇലക്ട്രിക് സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്നും ഈ വാർഡിൽ നിന്നും ആവശ്യമുണ്ടായി.

നാലാം വാർഡിൽ പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമർ ഉടൻ പ്രവർത്തിപ്പിക്കണം. തെക്കോൽ മുക്ക്–കോളനിറോഡ്, കാട്ടിൽപാറമുതൽ കണ്ടോത്ത്മുക്ക് വരെയും ചെട്ട്യാംവീട്കോളനിവരെയും വൈദ്യുതി എത്തിക്കണമെന്ന് ഗ്രാമസഭയിൽനിർദ്ദേശങ്ങൾ ഉണ്ടായി. മാവിള്ളിമുക്ക് മുതൽ പാറക്കെട്ടുമുക്ക് വരെയും, മാവുള്ളപറമ്പത്ത് വരേയും സ്ട്രീറ്റ് ലൈറ്റുകൾ എത്തിക്കാനും നടപടികൾ ഉണ്ടാകണം.

അഞ്ചാം വാർഡിൽ ചുണ്ടയിൽതാഴഭാഗം, തൈവെച്ചതിൽ ഭാഗം, പാട്ടണ്ടിപാറഭാഗം, എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം ചുണ്ടയിൽ താഴ ഭാഗത്ത് സ്ട്രീറ്റ്ലൈറ്റ് ഏർപ്പെടുത്തണം. ആറാം വാർഡിൽ കുന്നുംചിറമുതൽ പുറമേരി റോഡുവരെ സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തുകയും മീശമുക്ക്, റേഷൻഷാപ്പിന് സമീപം,ശ്രീനാരായണഗുരു മന്ദിരം എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കണം. എടച്ചേരി നോർത്തിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലേക്കും വാച്ചാൽ ഭാഗത്തേക്കും, വരക്കുന്നുമ്മൽ മുക്കുമുതൽ തിരുവങ്ങോത്ത് വരേയുള്ള പാററോഡിലും വൈദ്യുതി എത്തിക്കണം.

ഏഴാം വാർഡിൽ കോട്ടേമ്പ്രം സ്മാരകത്തിന് അടുത്തുനിന്ന് കനാൽവഴി കോടഞ്ചേരിവയൽ വരെ വൈദ്യുതി എത്തിക്കണം കോട്ടേമ്പ്രം കച്ചേരിറോഡിലും മററ് ആവശ്യമായ കേന്ദ്രങ്ങളിലും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.

എട്ടാം വാർഡിലെ എടച്ചേരിമുക്ക് മുതൽ കരിങ്ങാലിമുക്കുവരേയും കായപ്പനിച്ചിവരേയും വൈദ്യുതി എത്തിക്കണം. ആവശ്യമായ ഭാഗങ്ങളിൽ തെരുവ്വിളക്ക്സ്ഥാപിക്കണം

ഒമ്പതാം വാർഡിൽ കായപ്പനിച്ചി കുനിയത്തിൽ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കണം. അതുപോലെ പുതുക്കുടിമുക്ക് മുതൽ വണ്ണത്താണ്ടി ഭാഗം വരേയും അയോത്ത് സ്കൂൾ ഭാഗത്തേക്കും വൈദ്യുതി എത്തിക്കണമെന്നും നിർദേശം ഉണ്ടായി.

പത്താം വാർഡിൽ നിന്നും ഉയർന്ന നിർദേശങ്ങൾ താഴെ കൊടുക്കുന്നു.

കായപ്പനിച്ചിമില്ല് മുതൽ കയനോളി പള്ളി വരെ ഇലക്ട്രിക് ലൈൻ എത്തിക്കണം. പനാട കാഞ്ഞിരക്കുനിമുക്ക് റോഡിലും എടവങ്കേരി ലക്ഷംവീട്കോളനിയിലേക്കും വണ്ണാറത്ത്കുഴിവയൽകുനി റോഡിലും ശ്രീ നിത്യാനന്ദ ടിമ്പറിന് തെക്കോട്ടുപോകുന്ന റോഡിലും പീറേറാള്ളതിൽ 4 സെൻറ കോളനിയിലും നൊച്ചോളി 4 സെൻറ് കോളനിയിലും വൈദ്യുതി എത്തിക്കണം.

പനാടകാഞ്ഞിരക്കുനിമുക്ക് റോഡിലും, ഇരിങ്ങണ്ണൂർ പെരിങ്ങത്തൂർ മെയിൻ റോഡിലും സ്ട്രീറ്റ് ലൈററുകൾ സ്ഥാപിക്കണമെന്നും ഗ്രാമസഭയിൽ നിർദ്ദേശം ഉയർന്നു. മൂലാടത്തും ഭാഗത്തും സ്ട്രീറ്റ് ലൈററ് വേണം. പ്രധാനഭാഗങ്ങളിൽ സോഡിയം ബൾബുകൾ സ്ഥാപിക്കണം.

പതിനൊന്നാം വാർഡിൽ നാലു സെൻറ് കോളനി, വൈദ്യർകണ്ടിഭാഗം, തേറട്ടോളി അമ്പലത്തിൻെറ വടക്ക്–പടിഞ്ഞാറ ഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം. ടൗണിൽ (ഇരിങ്ങണ്ണൂർ) സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

എടച്ചേരി പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും പ്രധാന പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. ലൈനുകളുടെ അററകുററപ്പണി യഥാസമയം നടത്താത്തതുകൊണ്ട് പ്രസരണ നഷ്ടം മൂലം വൈദ്യുതി പാഴായി പോകുന്നു. നിലവിലുള്ള ലൈനുകൾ ത്രീഫേസ് ലൈനാക്കി മാററിയും ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിൽ കാക്കന്നൂർ ഭാഗം, പിലാവിൽ താഴഭാഗം, കച്ചേരി ബാലവാടി, തോട്ടുങ്കര ഭാഗം എന്നിവിടങ്ങളിലും പത്താം വാർഡിലെ സ്രാമ്പിക്കടുത്ത് ഇരിങ്ങണൂർ പഞ്ചായത്ത് റോഡിനടുത്തും ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണമെന്ന് വിവിധ ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം ഉണ്ടായി.

എടച്ചേരി പഞ്ചായത്തിൽ ഇപ്പോഴം പ്രവർത്തനം ആരംഭിച്ചിട്ടുള്ള അനെർട്ടിൻെറ ഓഫീസ് മുഖേന കുറഞ്ഞ വോൾട്ടേജിൽ പ്രവർത്തിക്കുന്ന ചോക്ക് ട്യൂബ്, എന്നിവ വ്യാപകമായി വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. മീററർ റീഡിങ്ങ് യഥാസമയം നടത്താനും കേടുവന്നവ മാററിസ്ഥാപിക്കാനും ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന ടൗണുകളായ പുതിയങ്ങാടി ഇരിങ്ങണ്ണൂർ, തലായി എന്നിവിടങ്ങളിലും മററു പ്രധാനകേന്ദ്രങ്ങളായ കളിയാംവെള്ളി, ചുണ്ടയിൽ, മീശമുക്ക്, കച്ചേരി പുതുക്കുടി, കോട്ടേമ്പ്രം റോഡ്, വേങ്ങോളി കാക്കന്നൂർ ബാലവാടി, കോട്ടേമ്പ്രം തെരുവ് പിലാവിൽതാഴ, നരിക്കുന്നു തെരുവ് എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പുകൾ സ്ഥാപിക്കണം.

വാർത്താവിനിമയം

വ്യവസായ നടത്തിപ്പിനെ സ്വാധീനിക്കുന്ന ഒരു ഘടകമെന്നനിലയിലും ആശയങ്ങൾ കൈമാറാനും പ്രചരിപ്പിക്കാനും ഉതകുന്ന ഒരു സങ്കേതം എന്ന നിലയിലും വാർത്താവിനിമയം പ്രാധാന്യമർഹിക്കുന്നു. പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, കമ്പി, തപാൽ, ടെലിഫോൺ എന്നിവ ഉൾപ്പെടുന്ന ഒരു ശൃംഖല വാർത്താവിനിമയ രംഗത്തു നമുക്ക് സഹായകമായിവർത്തിക്കുന്നു വിവരങ്ങൾ കൈമാറുന്നതിലുള്ള സമയത്തിൻെറയും ദൂരത്തിൻെറയും പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിന് ആധുനിക വാർത്താവിനിമയ ഉപാധികൾ കുറച്ചൊന്നുമല്ല സഹായിക്കുന്നത്. വിജ്ഞാനവ്യാപനത്തിനും ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനും ഈ സംവിധാനങ്ങൾ നാം വളരെയേറെ പ്രയോജനപ്പെടുത്തുന്നു.

നമ്മുടെ പഞ്ചായത്ത് കേന്ദ്രമായ എടച്ചേരിയിൽ ഒരു ടെലഫോൺ എക്സ്ചേഞ്ച് ഉണ്ട്. ഇരിങ്ങണ്ണൂർ പ്രദേശം പെരിങ്ങത്തൂർ എക്സ്ചേഞ്ചിന് കീഴിലാണ് വരുന്നത്. എടച്ചേരിയിൽ ഒരു സബ് പോസ്റ്റാഫീസും ഇരിങ്ങണ്ണൂരിൽ ഒരു ഇ.ഡി. സബ്പോസ്റ്റാഫീസും ഉണ്ട്. എടച്ചേരി നോർത്ത്, കച്ചേരി, കായപ്പനിച്ചി എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്ററാഫീസുകളും ഉണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും റേഡിയോ ഉണ്ട്. വ്യാപകമായ തോതിൽ ടി. വി. സെററുകളും ഉണ്ട്. എടച്ചേരി A K G സ്മാരക വായനശാലയിൽ ഒരു പൊതു ടി.വി. സെററ് ഉണ്ട്. ഫാക്സ് സംവിധാനം നമ്മുടെ പഞ്ചായത്തിൽ ഇല്ല. എടച്ചേരിയിൽ 3 S T D ബൂത്തുകളും ഇരിങ്ങണ്ണൂരിൽ 3 S T D ബൂത്തുകളും തലായിൽ ഒരു S T D ബൂത്തും ഇപ്പോൾ ഉണ്ട്. മാതൃഭൂമി, മലയാളമനോരമ ദേശാഭിമാനി. കേരള കൗമുദി ചന്ദ്രിക എന്നീ പത്രങ്ങളും നമ്മുടെ പഞ്ചായത്തിൽ ധാരളമായി സർക്കുലേററ് ചെയ്യപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഫോൺ കണക്ഷനുകൾഉണ്ട്. ഫോൺ കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ച ധാരാളം പേർക്ക് ഇനിയും കണക്ഷൻ ലഭിക്കാനുണ്ട്. എടച്ചേരി എക്സ്ചേഞ്ച് വികസിപ്പിച്ച് അപേക്ഷിച്ച മുഴുവൻ പേർക്കും ഫോൺ കണക്ഷൻ കൊടുക്കണം. ഇരിങ്ങണ്ണൂർ പ്രദേശം പെരിങ്ങത്തൂർ എക്സ്ചേഞ്ചിന് കീഴിലായത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ആയതിനാൽ ഈ പ്രദേശം എടച്ചേരി എക്സ്ചേഞ്ചിലാക്കാനുള്ള നടപടികൾ ആരംഭിക്കണം. കൂടാതെ ഇരിങ്ങണ്ണൂരിൽ ഒരു ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കണം.

തപാൽ ഉരുപ്പടികൾ എല്ലാ ദിവസവും ഡലിവറി നടത്തുന്നില്ല. ആഴ്ചയിൽ 3 ദിവസം മാത്രമായി ഇത് നിജപ്പെടുത്തിയിരിക്കുന്നു. ഈ അവസ്ഥ ഉടൻ മാറേറണ്ടതാണ് എല്ലാ ദിവസവും ഡലിവറി ഉണ്ടാകണം. 7ാം വാർഡിൽ കോട്ടേമ്പ്രത്തും, 5-ാം വാർഡിൽ ചുണ്ടയിലും ഓരോ ബ്രാഞ്ച് പോസ്ററാഫീസുകൾ സ്ഥാപിക്കണം. 6ാം വാർഡിൽ ARD 126ാം നമ്പർ റേഷൻഷാപ്പിലും 9ാം വാർഡിൽ കായപ്പനിച്ചി പൊതുജന വായനശാലക്ക്സമീപവും തപാൽപ്പെട്ടികൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽനിന്ന് ആവശ്യമുയർന്നിട്ടുണ്ട്. ഇരിങ്ങണ്ണൂരിലെ ഇ.ഡി. സബ് പോസ്ററാഫീസ് സബ് പോസ്ററാഫീസ് ആയി ഉയർത്തണമെന്നും നിർദേശമുണ്ടായി.

പഞ്ചായത്ത് കേന്ദ്രമായ എടച്ചേരിയിൽ ഒരു ഫാക്സ് സംവിധാനം ഏർപ്പെടുത്താൻ നടപടി ഉണ്ടാകണം.

# സംസ്കാരം

അല്പം ചരിത്രം:

സാംസ്കാരികമായ ചരിത്രത്തിന്റെ ഒരുപാട് കാര്യങ്ങൾ അവകാശപ്പെടാവുന്ന ഒരു പഞ്ചായത്താണ് എ-ച്ചേരി പഞ്ചായത്ത്. ക്ഷേത്രങ്ങളുടേയും പള്ളികളുടേയും സാംസ്കാരിക കേന്ദ്രങ്ങളായ വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും ഹൃദയഭൂമി എന്ന് വേണമെങ്കിൽ ഈ പഞ്ചായത്തിനെ കുറിച്ച് പറയാം സാംസ്കാരിക പ്രവർത്തനത്തിന്റെ തന്തുണികൊട്ടിക്കൊണ്ട് അൻപതുകളിൽ വിജയ കലാവേദിയും, യുവജന കലാമവദിയും എടച്ചേരിയിൽ രൂപമെടുത്തു. കൂടാതെ തലായിയിലെ ജ്ഞാനോദയം വായനശാല, കാക്കന്നൂരിലെ എ. കെ. ജി. വായനശാല എന്നീ സാംസ്കാരിക കേന്ദ്രങ്ങൾ ഉടലെടുത്തു. സാംസ്കാരിക നവോത്ഥാനത്തിന്റെ വഴിവിളക്കുകളായി ഈ സാംസ്കാരിക നിലയങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. അൻപതുകളിലും അറുപതുകളിലും ആരംഭിച്ച വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ സജീവതയോടെ നടന്നിട്ടുണ്ട്. ഒരുപാട് വിദ്യാഭ്യാസ പ്രവർത്തകർ അതിന്റെ ഭാഗമായി രംഗത്തു വന്നിരുന്നു. ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്തു കിടക്കുന്ന ഇരിങ്ങണ്ണൂർ പ്രദേശത്ത് അൻപതുകളിൽ ആരംഭിച്ച പൊതുജന വായനശാലയും ഗ്രന്ഥാലയവും ആ പ്രദേശത്ത് പുതിയ ഒരുണർവ് പകർന്നു. ഈ പഞ്ചായത്തിലുള്ള പ്രധാനപ്പെട്ട രണ്ടു ക്ഷേത്രങ്ങളാണ് ഇരിങ്ങണ്ണൂർ മഹാശിവക്ഷേത്രവും, കാക്കന്നൂർ ക്ഷേത്രവും. ഇരിങ്ങണ്ണൂർ എന്ന സ്ഥലനാമം ലഭിക്കാൻ കാരണം പരമശിവന് മൂന്ന് കണ്ണുകളാണുള്ളതെന്നാണ് വിശ്വാസം. എന്നാൽ ഇരിങ്ങണ്ണൂർ ക്ഷേത്രത്തിലെ ശിവന് രണ്ട് കണ്ണുകൾ മാത്രമാണുള്ളത്. രണ്ടു കണ്ണുകളുള്ള ദൈവത്തിന്റെ നാട് എന്ന നിലയിൽ ആണ് ഇരിങ്ങണ്ണൂർ എന്ന പേര് സിദ്ധിച്ചത്. കാക്കനൂർ ക്ഷേത്രത്തിന്റെ ഉല്പത്തിക്കു പിന്നിലും ഒരു കഥയുണ്ട്. എടച്ചേരിയിലെ പൂക്കോട്ട് തറവാട്ടിലെ ഒരു തമ്പുരാന് തന്റെ തറവാട്ടിൽ ഒരു ആനയെ വേണമെന്ന് തോന്നി. ആനയെ പിടിക്കാൻ വേണ്ടി തമ്പുരാൻ തിയ്യ സമുദായത്തിൽപെട്ട ഏഴു പേരെയും കൂട്ടി കുററ്യാടി കാട്ടിലേക്ക് പുറപ്പെട്ടു. തമ്പുരാനും സംഘവും കാട്ടിൽ തമ്പടിച്ച് വാരിക്കുഴി കുഴിച്ച് ആനയെ പിടിച്ച് മെരുക്കിയെടുത്തശേഷം കുററ്യാടിയിൽ നിന്നും ആനയെ നടത്തിക്കൊണ്ട് വന്ന് എടച്ചേരിയിൽ പൂക്കോട്ട് തറവാട്ടിൽ ആനയെ തളച്ചു. തനിക്കുവേണ്ടി ആനയെ പിടിച്ചുകൊണ്ടുവരാൻ സഹായിച്ച ഈ ഏഴുപേരുടെ സമുദായക്കാർക്കുവേണ്ടി തമ്പുരാൻ ഉപഹാരമായി പണിയിച്ചു കൊടുത്തതാണ് കാക്കന്നൂർ ക്ഷേത്രം. ഈ ക്ഷേത്രത്തിലെ തിറമഹോൽസവത്തോടനുബന്ധിച്ച് കണ്ടാകർണ്ണൻ, കുട്ടിച്ചാത്തൻ, വസൂരിമാല, കാരണവർ, ശൂലംദേവൻ മുതലായ തെയ്യങ്ങൾ കെട്ടിയാടാറുണ്ട്. കൂടാതെ കളിയാംവെള്ളി ക്ഷേത്രം, ഇല്ലത്ത് കുട്ടിച്ചാത്തൻ തിറ, പൊയ്യന്നേരി തിറ മഹോൽസവം, നരിക്കുന്ന തെരുവിലെ താലപ്പൊലി മഹോൽസവം, ഇടവലത്തുതറവാടിന്റെ നാശത്തോടെ അവസാനിച്ച തിറമഹോൽസവം കൈതേരിമഠത്തിലെ തിറ മഹോൽസവം പുതിയോട്ടിൽ ക്ഷേത്രത്തിലെ തിറയുൽസവം, മരകുളത്തിൽ ക്ഷേത്രത്തിലെ തിറയുൽസവം, വേങ്ങേരി ഇല്ലത്ത്ക്ഷേത്ര തിറ

യുൽസവം, ചുണ്ടയിൽ ഒതയോത്ത് തിറയുൽസവം, ചുണ്ടയിൽ ഗണപതി ക്ഷേത്രോൽസവം, കോട്ടേമ്പ്രം ക്ഷേത്രത്തിലെ താലപ്പൊലി മഹോൽസവം എന്നിവ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്രോൽസവങ്ങളാണ്. ഓണം നാളിൽ പെരിങ്ങളം പുഴയിൽ നടക്കുന്ന വഞ്ചി തുഴയൽ മൽസരം ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു സാംസ്കാരിക ആഘോഷമാണ്. കൂടാതെ ശ്രീനാരായണഗുരു ജയന്തിദിനത്തിൽ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ചതയ ആഘോഷങ്ങളും നടക്കാറുണ്ട്. പല ക്ഷേത്ര ഉൽസവങ്ങളോടനുബന്ധിച്ച് നടത്തിയിരുന്ന മൃഗക്കുരുതി ഒന്നുരണ്ട് ക്ഷേത്രങ്ങൾ ഒഴികെ നിലവിലില്ല എന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. നിരവധി മുസ്ലീം പള്ളികൾ ഈ പഞ്ചായത്തിലുണ്ട്. കെട്ടുങ്കൽപള്ളി പുരാതനമായ ഒരു പള്ളിയാണ്. തോട്ടത്തിൽ ഹൈന്ദവ തറവാടുമായി ബന്ധപ്പെട്ട ഒരു മതേതര പശ്ചാത്തലം ആ പള്ളിക്ക് ഉണ്ട് എന്നുള്ളത് എടുത്തുപറയേണ്ടതാണ്. 1957ൽ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി ഒരു ഹൈസ്കൂൾ സ്ഥാപിച്ചത്.

മതസൗഹാർദ്ദത്തിൻെറ സന്ദേശമോതികൊണ്ട് ഈ പഞ്ചായത്തിൽ മലോൽ കുഞ്ഞബ്ദുല്ല മുസ്ല്യാരുടെ മഖാം ഉയർന്നുനിൽക്കുന്നു. സത്യാന്വേഷണത്തിൻെറ ഭാഗമായി വയോവൃദ്ധനായ ആ മുസ്ല്യാർ എത്തിച്ചേർന്നത് ഒരു ഹിന്ദു സഹോദരൻെറ വീട്ടിലായിരുന്നു അവിടെ വർഷങ്ങളോളം താമസിച്ച അദ്ദേഹം അവിടെ വെച്ച് എല്ലാവിഭാഗം ജനങ്ങൾക്കും ഉപദേശം നൽകുകയും വൈദ്യവൃത്തി അറിയാവുന്ന അദ്ദേഹം എല്ലാ വിഭാഗം ജനങ്ങൾക്കും ചികിൽസ നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ സന്ദർശകർ നൽകുന്ന നേർച്ച പണവും മററും ഉപയോഗിച്ച് വർഷത്തിൽ മൂന്ന് ദിവസം ജാതിമതഭേദമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും വിരുന്നു നൽകുന്നു. അയാളുടെ മരണശേഷം ആ പതിവ് ഇപ്പോഴും തുടരുന്നു. മതസൗഹാർദ്ദത്തിൻെറ പര്യായമായി ഇപ്പോഴും തുടരുന്ന ഈ ചടങ്ങ് നമ്മുടെ പഞ്ചായത്തിൻെറ മതേതര ബോധത്തെ ഉയർത്തിക്കാട്ടുന്നു.

നിലവിലുള്ള സ്ഥിതി:

സാംസ്കാരിക രംഗത്ത് ഒരുപാട് പ്രവർത്തനങ്ങൾ നടക്കുന്ന ഒരു പഞ്ചായത്താണ് എടച്ചേരി പഞ്ചായത്ത്. ചിട്ടയായും കൃത്യമായും പ്രവർത്തിക്കുന്ന ഒട്ടനവധി സാംസ്കാരിക സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഗ്രന്ഥാലയങ്ങൾ, വായനശാലകൾ, കലാകായിക ക്ലബ്ബുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ സിനിമാശാല,വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സാംസ്കാരിക കേന്ദ്രങ്ങൾ എന്ന നിലയിൽ ചൂണ്ടിക്കാണിക്കും. പഞ്ചായത്തിൽ 8 ഗ്രന്ഥാലയങ്ങൾ നിലവിലുണ്ട്. ഇതിൽ മൂന്നെണ്ണം കേരളാ സ്ററേററ് ലൈബ്രറി കൗൺസിൽ അംഗത്വം ഉള്ളവയാണ്.

1 ഒന്നാം വാർഡിലെ ജ്ഞാനോദയം വായനശാല ആൻറ് ഗ്രന്ഥാലയം.
2 രണ്ടാം വാർഡിലെ എ.കെ.ജി. സ്മാരക വായശാല ആൻറ് ഗ്രന്ഥാലയം,
3 നാലാ വാർഡിലെ വിജയകലാവേദി വായനശാല ആൻറ് ഗ്രന്ഥാലയം എത്തിവയാണവ. കൂടാതെ ബാലൻസ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം കോട്ടേമ്പ്രം) സർഗ വായനശാല ആൻറ് ഗ്രന്ഥാലയം (എടച്ചേരി നോർത്ത്) (യുവവേദി വായനശാല ആൻറ് ഗ്രന്ഥാലയം (ആലിശേരി) ഇരിങ്ങണ്ണൂർ പബ്ലിക് ലൈബ്രറി, കച്ചേരി പൊതുജന വായനശാല തുടങ്ങിയ ഗ്രന്ഥാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ എ. കെ. ജി. വായനശാല ആൻറ്

പ്രശ്നങ്ങൾ.

1) ഗ്രന്ഥാലയങ്ങൾക്ക് സ്വന്തമായി പ്രവർത്തിക്കാൻ കെട്ടിടമില്ലാത്ത പ്രയാസങ്ങൾ ഓരോ ഗ്രന്ഥാലങ്ങളും അനുവഭിച്ചുകൊണ്ടിരിക്കുന്നു പഴയപുസ്തകങ്ങൾ മാത്രം വെച്ചുകൊണ്ടാണ് പല ഗ്രന്ഥാലയങ്ങളും പ്രവർത്തിക്കുന്നത്. പുതിയ പുസ്തകങ്ങൾ വാങ്ങാൻ കഴിയാതെ പല ഗ്രന്ഥാലയങ്ങളും പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ പുസ്തകങ്ങൾ സൂക്ഷിച്ചുവെക്കാൻ ആവശ്യമായ അലമാരകൾ പല ഗ്രന്ഥാലയങ്ങളിലും ഇല്ല എന്ന വസ്തുതയും കാണേണ്ടതുണ്ട്. വായനക്കാരാകട്ടെ വർഷംതോറും കുറഞ്ഞു കുറഞ്ഞു വരുന്ന ദയനീയ അവസ്ഥയും നിലവിലുണ്ട്. അംഗീകൃത ഗ്രന്ഥശാലകൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ യഥാവിധി ലഭിക്കുന്നില്ല.

2) വായനശാലകളുടെ നിർജീവാവസ്ഥ ജനങ്ങളുടെ ദൈനംദിന വിജ്ഞാന സമ്പാദനത്തിനും അതുവഴിയുള്ള അഭിവൃദ്ധിക്കും തടസ്സമാകുന്നുണ്ട്. വായനശാലകളിലൊന്നിച്ചും ജനങ്ങൾക്ക് വന്നിരിക്കാനും വായിക്കാനുമുള്ള ശരിയായ സൗകര്യങ്ങളോ ഫർണ്ണിച്ചറുകളോ ഇല്ല. മിക്കവായനശാലകളിലും ജനങ്ങളുടെ അഭിരുചിക്കും സാംസ്കാരിക ഉന്നമനത്തിനും ഇണങ്ങുന്ന ആനുകാലികങ്ങളുടെ അഭാവം ജനങ്ങളെ അങ്ങോട്ടേക്ക് ആകർഷിക്കാതിരിക്കുന്നതിനുള്ള മുഖ്യകാരണമാണ്. നടത്തിപ്പിന് ആവശ്യമായ ഫണ്ട് കണ്ടെത്താൻ വിഷമിക്കുന്നതാണ് മറെറാരുപ്രശ്നം. ആധുനിക മാധ്യമമായ ടെലിവിഷനും മററും വായനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗൗരവമായ വായനയിൽ താല്പര്യമില്ലാത്ത അവസ്ഥയും എന്നാൽ 'മ' പ്രസിദ്ധീകരണങ്ങളും മററും വൻതോതിൽ വായിച്ചു ജീർണ്ണമായ ഒരു സംസ്കാരം വളർന്നുവരുന്ന അവസ്ഥയും ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നുണ്ട്.

3) ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടമോ, ഫർണിച്ചറുകളോ, കളിസ്ഥലങ്ങളോ, കളിക്കാനുള്ള ഉപകരണങ്ങളോ ഇല്ല എന്നുള്ള പ്രശ്നങ്ങളുമുണ്ട്. ഇവയെ ശരിയായി നയിക്കാൻ പ്രാപ്തമായ ഒരു നേതൃനിര ഇല്ലാത്ത പ്രശ്നവും നിലനിൽക്കുന്നു.

4) പഞ്ചായത്തിലെ സിനിമാശാലയുടെ പ്രചരണാർത്ഥം ചില സമയങ്ങളിൽ പതിക്കുന്ന സിനിമാ പോസ്റ്ററുകൾ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

5) മദ്യപാനം, മയക്കുമരുന്നുകളുടെ ഉപഭോഗം, ശീട്ടുകളി, വ്യാജവാററ്, അശ്ലീല സിനിമ. അശ്ലീല പ്രസിദ്ധീകരണങ്ങൾ, അശ്ലീല സിനിമാ പോസ്റ്റർ എന്നിവ സാംസ്കാരിക ജീർണതയ്ക്ക് വഴിവെക്കുന്ന പ്രശ്നങ്ങളാണ്.

സാധ്യതകൾ

1) എല്ലാവായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും, ക്ലബ്ബുകൾക്കും സ്വന്തമായി കെട്ടിടംനിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാകണം. കൂടാതെ ഈ സ്ഥാപനങ്ങളെല്ലാം വൈദ്യുതീകരിക്കുകയും വേണം.

2) പഞ്ചായത്തിൽ തുടങ്ങാനിരിക്കുന്ന നിർദ്ദിഷ്ഠ സാംസ്ക്കാരിക നിലയം എത്രയും വേഗം ആരംഭിക്കണം

3) എല്ലാ വായനശാലകളിലും പത്രങ്ങളും മററ് ആനുകാലിക പ്രസ്ദീകരണങ്ങളും എത്തിക്കണം.

4) മദ്യം, മയക്കുമരുന്നുകൾ, അശ്ലീല പ്രസിദ്ധീകരണങ്ങൾ സിനിമകൾ (അശ്ലീലം) എന്നിവ ശക്തമായി നിയമംമൂലം നിരോധിക്കണം.

5) ഗ്രന്ഥാലയങ്ങളോടനുബന്ധിച്ച് വീടുകളിൽ പുസ്തകം എത്തിക്കുന്ന പ്രവർത്തനത്തിൽ ഗ്രന്ഥശാലകൾ മുൻകൈ എടുക്കണം.

6) കുട്ടികളുടെ ഗ്രന്ഥാലയം പഞ്ചായത്തിൽ തുടങ്ങണം.

7) ഇന്ന് ഗ്രന്ഥശാലകൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം. ഒരുവർഷം 5000ക യെങ്കിലും ഗ്രാൻറായി പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾക്ക് നൽകണം. ഇതിനാവശ്യമായ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തണം


8) സർക്കാർ തീരുമാനപ്രകാരമുള്ള ലൈബ്രറി സെസ്സ് പഞ്ചായത്ത് പിരിച്ച് കൃത്യസമയത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് എത്തിക്കണം.

9) പഞ്ചായത്തിൽ ചുരുങ്ങിയത് രണ്ട് സഞ്ചരിക്കുന്ന ലൈബ്രറികൾ ഏർപ്പാട് ചെയ്യണം.

10) വനിതാ സമാജങ്ങളോടനുബന്ധിച്ച് വായനശാലകൾ സ്ഥാപിച്ചാൽ സ്ത്രീകളുടെ വായനക്ക് സഹായകമാകും.

വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ:

എ. കെ. ജി. സ്പോട്സ് ആൻറ് ആർട്സ് ക്ലബ്ബ് തലായി, യുവത ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കുഴിവയൽതാഴ-എടച്ചേരി, ചൈതന്യ കലാകായികവേദി ചുണ്ടയിൽ, യുവചേതന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കച്ചേരി, താരുണ്യ കലാകായികവേദി എടച്ചേരി നോർത്ത്, ചാലോട് ബ്യൂറോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കച്ചേരി, വിജയ കലാവേദി വായനശാല ആൻറ് ഗ്രന്ഥാലയം എടച്ചേരി, യുവജന കലാസമിതി എടച്ചേരി, എ. കെ. ജി. വായനശാല ആൻറ് ഗ്രന്ഥാലയം കാക്കന്നൂർ എടച്ചേരി. ജ്ഞാനോദയം വായനശാല ആൻറ് ഗ്രന്ഥാലയം തലായി, വോൾഗ കലാകേന്ദ്രം, കോട്ടേമ്പ്രം, യുവധാര ആർട്സ് ആൻറ് സ്പോർട്സ്ക്ലബ്ബ് തുരുത്തി ഭാവന കലാവേദി തുരുത്തി, ജ്വാല വായനശാല ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, 1-ാം വാർഡ് എടച്ചേരി.



# പട്ടികജാതി പട്ടികവർഗക്ഷേമം

നിലവിലുള്ള അവസ്ഥ

എടച്ചേരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിലായി ധാരാളം കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിലും അവർക്ക് കേന്ദ്രീകരിച്ച താമസസ്വഭാവമില്ല. ഇതിന് വ്യത്യസ്തമായി 4ാം വാർഡിൽ ഒരു ഹരിജൻ കോളനിയുണ്ട്. ഈ കോളനിയിൽ 15ഓളം കുടുംബങ്ങളുണ്ട്.ഇതൊരു 4സെൻറ് കോളനിയാണ്. ഈ കോളനിയിൽ പട്ടികജാതിക്കാരായ ആളുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. പട്ടികജാതികാരിൽ ഭൂരിഭാഗവും പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിച്ച് കെട്ടിടനിർമ്മാണ രംഗത്തും മററും ചേക്കേറുന്ന അവസ്ഥയാണുള്ളത്. ഇത് അവരെ സംബന്ധിച്ചേടത്തോളം ഗുണപരമായ ഒരു അവസ്ഥയായി തീർന്നിട്ടുണ്ട്. പരമ്പരാഗത തൊഴിൽ ചെയ്യാൻ ഇവർ തൽപരരാണെങ്കിലും അതിനുള്ള ഭൗതിക സാഹചര്യങ്ങളും പ്രോൽസാഹനങ്ങളും ഇല്ലാത്തതിൻെറ അടിസ്ഥാനത്തിലാണ് അങ്ങിനെ സംഭവിക്കുന്നത്. സർക്കാർ തലത്തിൽ വളരെയധികം ആനുകൂല്ല്യങ്ങൾ ഇവർക്കായി ലഭ്യമാണെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുത്താത്ത അവസ്ഥയാണ് ഇന്നുള്ളത്. ഭൂരിഭാഗവും അക്കാര്യത്തിൽ അശ്രദ്ധ പുലർത്തുന്നവരാണ്. വിദ്യാഭാസത്തിനായി ഭൂരിഭാഗം വീടുകളിൽ നിന്നും കുട്ടികൾ സ്കൂളിലേക്ക് പോകുന്നുണ്ടെങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കമായ അവസ്ഥയാണുള്ളത്. ഒന്നാം വാർഡിലെ ഒരു കുടുംബത്തിൽ നിന്ന് ആരും സ്കൂളിൽ പോകാത്ത അവസ്ഥ തന്നെയുണ്ട്. നിരക്ഷരരായ ധാരാളം ആളുകൾ ഇവരുടെയിടയിലുണ്ട്. വളരെ ചുരുക്കം പേരൊഴികെ മററുള്ളവരൊന്നും രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്നവർക്കാകട്ടെ അതിനനുസരിച്ചുള്ള മാററങ്ങൾ അവരിൽ പ്രകടമാകുന്നുമുണ്ട്. ഏകദേശം 160 കുടുംബങ്ങൾ ഈ വിഭാഗത്തിലായി പഞ്ചായത്തിലുണ്ട്. ഇതിൽ നാലാം വാർഡിലെ 15 കുടുംബങ്ങൾ താമസിക്കുന്ന കോളനിയിൽ 4 വീടുകൾക്ക് കക്കൂസ് ഇല്ലാത്ത പ്രശ്നവും 15 വീട്ടുകാർക്ക് റേഷൻകാർഡ് കിട്ടാത്ത പ്രശ്നവും വീടുകൾക്കൊന്നിനും നമ്പറിടാത്ത അവസ്ഥയും നിലവിലുണ്ട്. പതിനൊന്നാം വാർഡിൽ ഒരു വീടില്ലാത്ത കുടുംബവുമുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം കുടുംബങ്ങളുടെ ജീവിത നിലവാരം വളരെ ശോചനീയമാണ്.

സാമൂഹ്യനീതിയുടെ കാര്യത്തിൽ മററ് ജനവിഭാഗങ്ങളോടൊപ്പം ഐക്യത്തോടെ കഴിഞ്ഞുകൂടുന്ന അവസ്ഥയാണുള്ളത്. കൂട്ടമടയൽ, മുറം, പായ എന്നിവയുടെനിർമ്മാണം, തെങ്ങ് കെട്ടൽ, ഹസ്തരേഖാശാസ്ത്രം തുടങ്ങിയ പരമ്പരാഗത തൊഴിൽ രംഗത്താണ് ചിലർ പ്രവർത്തിക്കുന്നത്. ഇവരുടെ നില വളരെ ശോചനീയമാണ്. വീടുകൾക്ക് വൈദ്യുതി ഇല്ലാത്തതും കുടിവെള്ളം ലഭിക്കാത്തതുമായ അവസ്ഥ നിലവിലുണ്ട്. 4 ാം വാർഡിലെ കോളനിക്കും ഈ അവസ്ഥയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 157 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പട്ടികവർഗക്കാർ ഇല്ല.

വാർഡ് തിരിച്ച് പട്ടികജാതി കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് | കുടുംബങ്ങൾ |
|---|---|
| 1 | 20 |
| 2 | 5 |
| 3 | 5 |
| 4 | 10 |
| 5 | 11 |
| 6 | 6 |
| 7 | 1 |
| 8 | 30 |
| 9 | — |
| 10 | 40 |
| 11 | 25 |
| ആകെ | 153 |

9ാം വാർഡിൽ പട്ടികജാതി പട്ടികവർഗക്കാരില്ല. 1, 4, 8, 10 എന്നീ വാർഡുകളിലെ ചില കുടുംബങ്ങളിൽ നിരക്ഷരർ ഉണ്ട്.

8, 10, 11 എന്നീ വാർഡുകളിലെ ചില കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകൾ പരിശോധിച്ചാൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾ കൂടുതലുള്ളത്. 10ാം വാർഡിലാണെന്ന് കാണാം.

6ാം വാർഡിൽ കുലതൊഴിലായ തെയ്യം കലയായി വളർത്താൻ കഴിയും ഉത്സവ സീസണുകളിൽ തിരക്കേറിയ പരിപാടികൾ തന്നെയാണ് ഈ വിഭാഗത്തിന് ക്ഷേത്രങ്ങളിൽ പല ആരാധനാമൂർത്തികളെയും തനതായ രൂപത്തിൽ അവതരിപ്പിക്കുവാൻ കഴിയുന്നു. പരമ്പരാഗതമായ രീതിയിലുള്ള മെക്കപ്പ് തന്നെയാണ് ഇന്നും തുടരുന്നത്. തെയ്യം കലയിൽ മേക്കപ്പ്മാൻആയി പ്രസിദ്ധിയാർജിച്ച ആളായിരുന്നു 6ാം വാർഡിലെ ചെറിയ കണ്ടിയിൽ ചന്തുപണിക്കർ. അദ്ദേഹത്തിന്റെ കഴിവിനെ മാനിച്ച് 1988ൽ അന്നത്തെ ഹരിജനക്ഷേമ മന്ത്രിയായിരുന്ന ശ്രീ പി. കെ. രാഘവൻ കല്ലാച്ചിയിൽ വെച്ചു നടന്ന ചടങ്ങിൽ വെച്ച് ചന്തുപണിക്കരെ പൊന്നാട അണിയിക്കുകയുണ്ടായി. ചന്തു പണിക്കർ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

വാദ്യമേളത്തിലും ഇവരുടെ കഴിവ് നല്ല രീതിയിൽ പ്രകടിപ്പിക്കുന്നുണ്ട്. തെയ്യം, ചെണ്ടവാദ്യം തുടങ്ങിയവ പൊതുവേദികളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. സാമാന്യം ഭേദപ്പെട്ട പ്രതിഫലം ഇതിലൂടെ അവർക്ക് കിട്ടുന്നുണ്ട്. ഉത്രാടം, തിരുവോണം എന്നീ ദിവസങ്ങളിൽ വീടുവീടാന്തരം അവർ മാവേലിയായി എത്തുന്നു. നാടിന്റെ ഗതകാല സ്മരണയുടെ പ്രചാരകരായി അവർ മാറുന്നു.

പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പട്ടികജാതിക്കാരായ ഒരു വിഭാഗത്തിന് അവരുടെ പരമ്പരാഗത തൊഴിൽമാത്രം അറിയാവുന്ന പ്രശ്നമുണ്ട്. അത്തരം തൊഴിലുകളാണെങ്കിൽ നശിച്ചു കൊണ്ടിരിക്കുന്ന പ്രശ്നവുമുണ്ട്. അതുകൊണ്ടുതന്നെ അത്തരം തൊഴിലുകളിൽ മാത്രം ഏർപ്പെട്ടിരുന്നവർക്ക് തൊഴിലില്ലായ്മയും അതുമൂലമുള്ള പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ചില പരമ്പാരഗതതൊഴിൽ നിലനിർത്താനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാകാത്ത പ്രശ്നം ഉള്ളതിനാൽ ആരംഗത്തും നിലനില്പില്ല. ഇവരുണ്ടാക്കുന്ന ചില ഉലപന്നങ്ങൾക്ക് മാർക്കററ് കണ്ടെത്താൻ വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്. ഇവരിൽ മദ്യത്തിന് അടിമകളായ കൂടുതൽ പേരുണ്ട്. ഇത് കുടുബപ്രശ്നങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയവയെയും ബാധിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും ഇടയക്ക് വെച്ച് കൊഴിഞ്ഞുപോകുന്ന അവസ്ഥ ഇവരുടെയിടയിൽ ധാരാളമായി കണ്ടുവരുന്നു. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇവരിൽ അപൂർവം പേർ മാത്രമേ എത്തുന്നുള്ളൂ സ്ത്രീ വിദ്യാഭ്യാസം വളരെ കുറവാണ്. കോളനിയിലെ കുറവ സമുദായക്കാരായ ആളുകൾ

ഊരുചുററുന്നവരായതിനാൽ പലതരത്തിലുള്ള കുടുംബ പ്രശ്നങ്ങളും അതുകൊണ്ട് നിലനിൽക്കുന്നു.

സാധ്യതകൾ

പട്ടികജാതിക്കാരായ ആളുകളുടെ പരമ്പരാഗത തൊഴിൽ നിലനിർത്താനും, അഭിവൃദ്ധിപ്പെടുത്താനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും, പുതിയ തലമുറയെ പരിശീലിപ്പിക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യണം. പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗക്കാർക്കായി പ്രത്യേകസെൽ രൂപീകരിക്കണം.

പരമ്പരാഗത തൊഴിൽ ചെയ്യാനാവശ്യമായ സാമ്പത്തിക സഹായം നല്കണം. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനാവശ്യമായ പദ്ധതികൾ തയ്യാറാക്കണം.

ഈ വിഭാഗത്തിലെ അവശരായ പരമ്പരാഗത കലാകാരൻമാരെ സാമ്പത്തികമായി സഹായിക്കാനാവശ്യമായ പദ്ധതികൾ ഗവൺമെൻറ് തലത്തിൽ ആസൂത്രണം ചെയ്യണം.

പഞ്ഞമാസങ്ങളിൽ തീരെ അവശതയനുഭവിക്കുന്നവർക്ക് സൗജന്യമായി റേഷൻ വിതരണം ചെയ്യണം.

ഗവർമ്മെണ്ട് ഈ വിഭാഗങ്ങൾക്കായി നൽകുന്ന ആനുകൂല്യങ്ങൾ ഇവരെ ബോധ്യപ്പെടുത്തകയും ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യാൻ ബോധവൽക്കരണ ക്ലാസുകൾ നടത്തുക

സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ഈ വിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക. വിദ്യാഭ്യാസത്തിനായി സൗജന്യമായിവസത്രങ്ങൾ, പുസ്തകം എന്നിവ ലഭ്യമാക്കുക.

പരമ്പരാഗതമായ കലയായ തെയ്യത്തെ കലയായി വളർത്താൻ സാമ്പത്തിക സഹായം നൽകണം.



# സഹകരണമേഖല

സഹകരണ രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ച പഞ്ചായത്താണ്. നമ്മുടേത്. 1924ൽ സ്ഥാപിച്ചഐക്യനാണയ സംഘമാണ് ആദ്യമായി നിലവിൽ വന്ന സഹകരണസ്ഥാപനം. ഇത് 1962ൽ എടച്ചേരി സഹകരണ ബാങ്കായി മാറി. മദ്യനിരോധനം വന്നപ്പോൾ തൊഴിൽ രഹിതരായ ചെത്തുതൊഴിലാളികളെ സംഘടിപ്പിച്ച് രൂപീകരിച്ച ചകരെ സൊസൈററിയാണ് പിന്നീട് നിലവിൽ വന്ന സഹകരണസ്ഥാപനം സ്വാതന്ത്ര്യ പ്രാപ്തിക്ക്ശേഷം നിരവധി സഹകരണ സ്ഥാപനങ്ങൾ ഉയർന്നുവന്നു. ഇരിങ്ങണ്ണൂർ സഹകരണ ബാങ്ക്, ഹൗസിംഗ് സൊസൈററി, തൂണേരി ബ്ലോക്ക്, ഇരുമ്പുരുക്ക് സഹകണ സംഘം, എടച്ചേരി കൈത്തറിനെയ്ത്ത് സഹകരണ സംഘം, കയർ സൊസൈററി, ഓയിൽ സൊസൈററി, ഖാദിഗ്രാമവ്യവസായ സഹകരണസംഘം, ലേബർ കോൺട്രാക്ടിംഗ് സൊസൈററി, അജയ്വീവേഴ്സ് സഹകരണ സംഘം, എന്നിവ 1950ന് ശേഷം ഉയർന്നുവന്നവയാണ്. ഇരിങ്ങണ്ണൂർ സഹകരണ ബാങ്ക്, എടച്ചേരി സഹകരണ ബേങ്ക്, ഹൗസിംഗ് സൊസൈററി എന്നിവ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രഡിററ് സ്ഥാപനങ്ങളാണ്. മററുള്ളവ നോൺക്രഡിററ് വിഭാഗത്തിൽ പെടുന്നു. അവയിൽ അജയ് വീവേഴ്സ് സൊസൈററി, എടച്ചേരി വീവേഴ്സ് സഹകരണ സംഘം, ഇരുമ്പുരുക്ക് സഹകരണ സംഘം എന്നിവ ഒരുവിധം നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. മററുള്ളവ പ്രവർത്തന രഹിതമാണ്. സഹകരണസ്ഥാപനങ്ങൾ മുഖേന നിരവധിപേർക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമസഭകളിലെ ചർച്ചകളിൽ ഒട്ടനവധി സഹകരസ്ഥാപനങ്ങളെ പററിയുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പ്രവർത്തനം നിലച്ചുപോയ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനാവശ്യമായ നടപടികളെ പററി നാം ഗൗരവത്തിൽ ചിന്തിക്കണം.

### സഹകരണ ബാങ്കുകൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്രഡിററ് സഹകരണ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. എടച്ചേരി, ഇരിങ്ങണ്ണൂർ സഹകരണ ബാങ്കുകൾ 1962ൽ സ്ഥാപിതമായ എടച്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ 12 സ്ഥിരം ജീവനക്കാരും 3 താല്ക്കാലിക ജീവനക്കാരും നിത്യപിരിവുകാരായ 3 പേരും ജോലിചെയ്യുന്നു. എടച്ചേരി ടൗണിൽ ഒരു കൺസ്യൂമർ സ്റ്റോറും വളം ഡിപ്പോയും ബാങ്ക് നടത്തുന്നു. ഈ സ്ഥാപനങ്ങളിൽ 3 പേർ ജോലി ചെയ്യുന്നു. 10 രൂപ മുഖവിലയുള്ള 5890 ഓഹരികളാണിവിടെയുള്ളത്. 1170000രൂപയുടെ അംഗീകൃത മൂലധനവും 115000 രൂപയുടെ സർക്കാർ വിഹിതവുമുള്ള ഈ ബാങ്കിൽ പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച 15200000 രൂപയുടെ സ്ഥിരം നിക്ഷേപവും 14600000 രൂപയുടെ ഹ്രസ്വകാല നിക്ഷേപവു

മുണ്ട്. കാർഷിക മേഖലയിൽ ഹ്രസ്വകാല വായ്പയായി 11500000 രൂപയും മധ്യകാല വായ്പയായി 18500000 രൂപയും നൽകിയിട്ടുണ്ട്. I R D P വായ്പയിനത്തിൽ 75000 രൂപയും സ്വയം തൊഴിൽ പദ്ധതിയിനത്തിൽ 100000 രൂപയും ഹയർപർച്ചേസ് ഇനത്തിൽ 7300000 രൂപയും വായ്പ നൽകിയിട്ടുണ്ട്. അപ്പെക്സ് സ്ഥാപനമായ KDC ബാങ്ക് അനുവദിച്ച ഹ്രസ്വകാല വായ്പ 1875000 രൂപയും മദ്ധ്യകാല വായ്പ 190000രൂപയും കാർഷികേതര വായ്പ 3935000 രൂപയുമാണ് കാലാവധി കഴിഞ്ഞിട്ടും ഹ്രസ്വകാല വായ്പയിനത്തിൽ 4000000 രൂപയും മധ്യകാല വായ്പയിൽ 3200000 രൂപയും പിരിഞ്ഞുകിട്ടാനുണ്ട്

ഇരിങ്ങണ്ണൂർ സർവീസ് സഹകരണബേങ്ക് സ്ഥാപിതമായത് 1960തിലാണ്. 4 സ്ഥിരം ജീവനക്കാരും ഒരു നിത്യപിരിവുകാരനുമാണിവിടെയുള്ളത്. 5രൂപ മുഖവിലയുള്ള 5635 ഓഹരി ദാരാണ് വിടെയുള്ളത്. 305000 രൂപയുടെ അംഗീകൃത ഓഹരി മൂലധനവും 203743 രൂപയുടെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും 20000 രൂപയുടെ സർക്കാർ വിഹിതവുമാണ് ഈ ബാങ്കിനുള്ളത്. 3448973 രൂപയുടെ സ്ഥിരം നിക്ഷേപവും 834257 രൂപയുടെ ഹ്രസ്വകാല നിക്ഷേപവുമാണ്. ഇവിടെയുള്ളത് കാർഷിക വായ്പയായി 894759 രൂപയും സ്വർണ പണയത്തിൻമേൽ 2265958 രൂപയും കാർഷികേതര വായ്പയായി 142582 രൂപയും നൽകിയിട്ടുണ്ട്. K D C ബാങ്കിൽനിന്ന് കാർഷിക ഇനത്തിൽ 1013062 രൂപയും കാർഷികേതരയിനത്തിൽ 728511 രുപയും വായ്പയായി വാങ്ങിയിട്ടുണ്ട്. കാർഷിക വായ്പയിൽ 536515 രൂപയും കാഷികേതര വായ്പയിൽ 570428രൂപയും കാലാവധി കഴിഞ്ഞിട്ടും പരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട്. ഇരിങ്ങണ്ണൂർ ടൗണിൽ ഒരു വളം ഡിപ്പോ നടത്തുന്നുണ്ട്. 1995 വരെ ആരും ശ്രദ്ധിക്കപ്പെടാത്ത സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ബേങ്ക് ഇപ്പോരം ഇരിങ്ങണ്ണൂർ ടൗണിലെ പുതിയ വാടകകെട്ടിടത്തിലേക്ക് മാററിയിരിക്കുന്നു. ഈ രണ്ട് സഹകരണ ബേങ്കുകളും കടം വായ്പ ഇനത്തിലല്ലാതെ മററുവിധത്തിലുള്ള വികസന പ്രവർത്തനങ്ങരം നടത്തിയിട്ടില്ല.

പ്രശ്നങ്ങരം:

* വിതരണം ചെയ്ത വായ്പകരം കടക്കാർ യഥാസമയം തിരിച്ചടക്കാത്തതിനാൽ പുതിയ കടം അനുവദിക്കാൻ പ്രയാസം നേരിടുന്നു.
* ഇരിങ്ങണ്ണൂർ സഹകരണ ബാങ്കിൻെറ പ്രവർത്തനമൂലധനത്തിൻെറ അപര്യാപ്തത.
* ജില്ലാബാങ്കിൻെറ ഫണ്ട് തക്കസമയത്ത് ലഭിക്കാത്ത അവസ്ഥ.
* എടച്ചേരി സഹകരണ ബാങ്കിൻെറ കെട്ടിടത്തിൻെറ അസൗകര്യം.
* ആർബിട്രേററർമാരെ കിട്ടാനുള്ള പ്രയാസം.
* അനുവദിക്കപ്പെട്ട വായ്പ നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ഉപയോഗപ്പെടുത്താത്ത സ്ഥിതി.

നിർദ്ദേശങ്ങരം, സാധ്യതകരം

1 വായ്പകരം യഥാസമയം തിരിച്ചടക്കാനുള്ള ബോധവൽക്കരണം നടത്തണം.

2 നിക്ഷേപം വർദ്ധിപ്പിക്കാൻ നിരന്തരം ശ്രമമുണ്ടാവണം.

3 അനുവദിക്കപ്പെട്ട വായ്പ നിർദ്ദിഷ്ട ആവശ്യത്തിനാണോ ഉപയോഗിച്ചത് എന്ന് പരിശോധിക്കാൻ സംവിധാനം വേണം.

4 എല്ലാതരത്തിലുമുള്ള തൊഴിൽ സംരംഭകരേയും ആകർഷിക്കാനും സഹായിക്കാനും കഴിയുന്ന സ്ഥാപനമാണ് ബേങ്ക് എന്ന ബോധം ജനങ്ങളിലുണ്ടാക്കിയെടുക്കണം.

5 വായ്പാരംഗത്തിന് പുറമെ തൊഴിൽദാന രംഗത്തും നാടിന്റെ വികസനരംഗത്തും ബാങ്ക് പ്രവർത്തനം വ്യാപിപ്പിക്കണം.

## എടച്ചേരി സഹകരണ റൂറൽ ഹൗസിംഗ് സഹകരണ സംഘം

1960ൽ സ്ഥാപിതമായ ഈ സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തന മേഖല എടച്ചേരി, പുറമേരി (അരൂർ ഒഴികെ) ചെക്യാട്, തൂണേരി, വാണിമേൽ, വളയം പഞ്ചായത്തുകളാണ്. 551 അംഗങ്ങളുള്ള സ്ഥാപനത്തിൽ ഇപ്പോൾ രണ്ടു ജീവനക്കാരുണ്ട്. 1050000 രൂപയുടെ അംഗീകൃത ഓഹരി മൂലധനവും 532010 രൂപ രൂപയുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും 177000 രൂപയുടെ സർക്കാർ ഓഹരി വിഹിതവുമാണ് ഈ സംഘത്തിനുള്ളത്. സ്വന്തമായി ഭൂമി കൈവശമുള്ള ആളുകൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് പുതുക്കി പണിയുന്നതിനും ധനസഹായം നൽകിവരുന്നു. എടച്ചേരി പഞ്ചായത്തിൽ മാത്രം 64 പേർക്ക് 3±10500 രൂ.। ഇതുവരെയായി ലോൺ അനുവദിച്ചിട്ടുണ്ട്. പുതിയവീട് നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപവരേയും, റിപ്പേറിന് 1 ലക്ഷം രൂപവരേയും ലോൺ അനുവദിക്കുന്നു. വീട് നിൽക്കുന്ന സ്ഥലം വാങ്ങാൻ 1 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നുണ്ട്. താഴ്ന്ന വരുമാനക്കാർക്ക് 12% പലിശ നിരക്കിൽ 19500 രൂപ വരെ വായ്പ അനുവദിക്കുന്ന സ്കീമും ഇപ്പോൾ നിലവിലുണ്ട്. വായ്പ കൃത്യമായി തിരിച്ചടക്കുന്ന സർക്കാർ ജീവനക്കാർക്ക് 3% പലിശ സബ്സിഡിയും അനുവദിക്കുന്നു. വായ്പ തുകയ്ക്ക് ആനുപാതികമായി ഇൻഷ്വറൻസ് ആനുകൂല്യവും ലഭിക്കുന്നു.

ഹൗസിങ്ങ് ഫെഡറേഷന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് ഒരു സൗജന്യ വീട് നിർമ്മിച്ചുകൊടുത്ത വടകര താലൂക്കിലെ ഏക സ്ഥാപനമാണിത്.

### പ്രശ്നങ്ങൾ

* ജില്ലാ സഹകരണ ബേങ്കിന്റെ ഹൗസിംഗ് ലോണിനെ അപേക്ഷിച്ച് ഇവിടെ രജിസ്ട്രേഷൻ ഫീസും ഷെയർ സംഖ്യയും കൂടുതലാണ്.

* ഹൗസിഗ് ഫെഡറേഷൻ 15%ൽ അധികം ഓവർഡ്യൂ ആയാൽ പുതുതായി വായ്പകൾ ലഭിക്കുന്നില്ല.

### നിർദേശങ്ങൾ, സാധ്യതകൾ

വായ്പ അപേക്ഷകന് റജിസ്ട്രേഷൻ ഫീസ് പൂർണമായി ഒഴിവാക്കി കൊടുക്കണം. കാരണം ഹൗസിങ്ങ് ഫെഡറേഷൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ വാങ്ങുമ്പോൾ അവിടെ റജിസ്ട്രേഷൻ ഫീസ് വാങ്ങുന്നുണ്ട്.

കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങൾ

അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന അജയ് വീവേഴ്സ് ഇൻഡസ്ട്രിയൽ കൈത്തറി സൊസൈററി, എടച്ചേരി ഹാൻറ്ലൂം വീവേഴ്സ് സഹകരണ സംഘം എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ. വടകര താലൂക്കിലെ എടച്ചേരി, തൂണേരി, പുറമേരി, നാദാപുരം, കുന്നുമ്മൽ പഞ്ചായത്തുകളാണ്. അജയ് സൊസൈററിയുടെ പ്രവർത്തനമേഖല. 1975ൽ സ്ഥാപിച്ച ഈ സ്ഥാപനത്തിൽ 70ൽ അധികം തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിനു പുറമെ 6ഓഫീസ് ജീവനക്കാരുമുണ്ട്. ഇവിടെ 314 അംഗങ്ങളുണ്ട്. ഓഹരിയുടെ മുഖവില 100 രൂപയാണ്. 15 ലക്ഷം രൂപയുടെ അംഗീകൃത മൂലധനവും 1165850 രൂപയുടെ പിരിഞ്ഞുകിട്ടിയ മൂലധനവും 875500 രൂപയുടെ സർക്കാർ ഓഹരിയും സംഘത്തിനുണ്ട് കൈത്തറി ഉല്പന്നങ്ങളായ ബഡ്ഷീററുകൾ ഡോർകട്ടൻ, ഷർട്ട് പീസുകൾ, കൈലികൾ, ചവിട്ടികൾ, തലയണയുറകൾ, ടൗവ്വലുകൾ, ഷാളുകൾ എന്നിവയാണ് ഇവിടുത്തെ ഉല്ന്നങ്ങൾ ഇവയ്ക്ക് സ്വദേശത്തും വിദേശത്തും നല്ല മാർക്കററ് ഉണ്ട്. ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് വേണ്ടിയു, ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളുടെ ഓർഡറുകൾക്കനുസരിച്ച് ഉല്പാദനം നടത്താനും സ്ഥാപനം മുൻകൈ എടുക്കുന്നു. കേന്ദ്ര–കേരള സർക്കാരുകളുടെ പലവിധ കൈത്തറി തൊഴിൽ പരിശീലന സ്കീമുകളും ഇവിടെ നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ തറികളും നല്ലിചുററ് ചക്രങ്ങളും സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പുതിയ 30 തറികൾ നിർമ്മിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വടകര താലൂക്കിലെ എടച്ചേരി, കച്ചേരി, ഇരിങ്ങണ്ണൂർ പുറമേരി കടമേരി മേഖലകളിൽ പ്രവർത്തന വ്യാപ്തിയുള്ള എടച്ചേരി വീവേഴ്സ് ഹാൻഡ്ലൂം സഹകരണ സംഘം സ്ഥാപിതമായത് 1955 ലാണ്. 42ൽ അധികം തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നു. ഇതിനു പുറമെ ഒരു സെക്രട്ടരിയും ഒരു സെയിൽസ്മാനുമുണ്ട്. തൊഴിലാളികളുടെ വീടുകളിലുള്ള തറികളിൽ നിന്നാണ് ഉല്പാദനം നടത്തുന്നത്. -08 അംഗങ്ങളുള്ള സൊസൈററിയുടെ ഓഹരിവില 200 രൂപയാണ്. 12 ലക്ഷം രൂപയുടെ അംഗീകൃത മൂലധനവും 12390 50 രൂപയുടെ പിരിഞ്ഞുകിട്ടിയ മൂലധനവും 376800 രൂപയുടെ സർക്കാർ ഓഹരിയുമാണ് സ്ഥാപനത്തിനുള്ളത്. സർക്കാരിന്റെ പലവിധ കൈത്തറി തൊഴിൽ പരിശീലന സ്കീമുകളും നടപ്പിലാക്കുന്ന ഈ സ്ഥാപനത്തിന് എടച്ചേരി ടൗണിൽ ഒരു ഷോറൂമുണ്ട്, തോർത്ത്, ലുങ്കികൾ, ദോത്തികൾ ഷർട്ടിങ്ങുകൾ എന്നിവയാണ് പ്രധാന ഉല്പന്നങ്ങൾ. ഹാൻടെക്സ്, ഹാൻവീവ് സ്ഥാപനങ്ങൾക്ക് വേണ്ടിയും ഉല പാദനം നടക്കുന്നു. ഉല്പന്നങ്ങൾക്ക് നല്ല മാർക്കററ് ഉണ്ട്. തൊഴിലാളികൾക്ക് വർക്ക് ഷെഡ്ഡ് നിർമ്മിക്കാനും തറികൾ നിർമ്മിക്കാനും ആവശ്യമായ ഗ്രാൻറുകൾ പലപ്പോഴായി വിതരണം ചെയ്തിട്ടുണ്ട്.

പ്രശ്നങ്ങൾ

* മൂലധനത്തിന്റെ അപര്യാപ്തത

* പുതിയ സാങ്കേതിക വിദ്യ എത്തിച്ചുകൊടുക്കാനുള്ള തടസം അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയററവും
* ഊർജ രംഗത്തെ പ്രതിസന്ധി
* തൊഴിലാളികളുടെ വൈദഗ്ദ്യമില്ലായ്മ
* വിപണികണ്ടെത്തുന്നതിനുള്ള പ്രയാസങ്ങൾ
* കൈത്തറി ഉൽപ്പന്നങ്ങളോട് നാട്ടുകാർക്കുള്ള അവജ്ഞ.
* വിൽപ്പന ഏജൻസികളുടെയും ഷോറൂമുകളുടെയും അഭാവം
* നിലവിലുള്ള തറികളുടെ കാര്യക്ഷമതക്കുറവ്
* എടച്ചേരി ഹാൻറ്ലൂം വീവേഴ്സ് സഹകരണത്തിന് കേന്ദ്രീകൃത രൂപത്തിൽ ജോലി ചെയ്യുന്നതിനാവശ്യമായ വർക്ക് ഷെഡിന്റെ അഭാവം.

നിർദേശങ്ങൾ, സാധ്യതകൾ

1 സർക്കാരും മാനേജ്മെൻറും കാര്യക്ഷമമായി സംഘം നടത്തുന്നതിനാവശ്യമായ മൂലധനം കണ്ടെത്തണം
2 പുതിയ സാങ്കേതിക വിദ്യകൾ അതത്സമയത്ത് തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കണം
3 അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുകയും അവയുടെ വിലക്കയററം തടയുകയും ചെയ്യണം
4 ഊർജരംഗത്തെ പ്രശ്നങ്ങൾ പരിഹരി ക്കണം
5 ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം
6 കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്തണം
7 സ്വദേശീയരിൽ കൈത്തറി ഉൽപന്നങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കാൻ ബോധവൽക്കരണം നടത്തണം
8 പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഷോറൂമുകൾ സ്ഥാപിക്കണം.
9 തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥ പരിഷ്കരിക്കുകയും ഏകീകരിക്കുകയും ചെയ്യണം.
10 പുതിയ വർക്ക് ഷെഡ് ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായങ്ങൾ അനുവദിക്കണം.
11 തൊഴിലാളികളുടെ തറികൾക്ക് കാലാനുസൃതമായ മാററംവരണം. അതിനാവശ്യമായ ഗ്രാൻറുകൾ അനുവദിക്കാനും

ഇരുമ്പുരുക്ക് വ്യവസായ സഹകരണസംഘം

1961ൽ പ്രവർത്തനമാരംഭിച്ച തൂണേരി ബ്ലോക്ക് ഇരുമ്പുരുക്ക് വ്യവസായ സഹകരണസംഘം ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. 2 ഓഫീസ് ജീവനക്കാരും 6 തൊഴിലാളികളുമാണ് ഇവിടെ പ്രവർത്തിക്കുന്നത്. പ്രധാന ഉൽപന്നങ്ങളായ കൈക്കോട്ട്, പടന്ന, കൊടുവാൾ, അരിവാൾ, കൻമഴു, തുടങ്ങിയ ഉപകരണങ്ങൾക്ക് വിപണിയിൽ വല്ല്യ മാർക്കററുണ്ട്.
അന്യജില്ലകളിൽ നിന്ന്പോലും ആളുകൾ പണിയായുധങ്ങൾക്ക് ഇവിടെ എത്തിച്ചേരുന്നു. അവരുടെ ആവശ്യങ്ങൾ മുഴുവൻ നിറവേററിക്കൊടുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്, സംഘത്തിൽ 103 പൂർണ അംഗങ്ങളും 58 അപൂർണ അംഗങ്ങളുമാണുള്ളത്. ഓഹ

രി വില 20രൂപയാണ്. 2ലക്ഷം രൂപയുടെ അംഗീകൃത മൂലധനവും 72760 രൂപയുടെ പിരിഞ്ഞുകിട്ടിയ മൂലധനവും 37940 രൂപയുടെ സർക്കാർ ഓഹരിയുമാണ് ഇവിടെയുള്ളത്. നിലവിലുള്ള വർക്ക് ഷെഡ് അപര്യാപ്തമാണ് അതിനോട് ചേർന്ന് തന്നെയാണ് ഓഫീസ് പ്രവർത്തിക്കുന്നത്. യന്ത്രസാമഗ്രികൾ കാലോചിതമായി പരിഷ്കരിക്കാത്തത് കൊണ്ടുള്ള പ്രയാസവും നേരിടുകയാണ് പുതിയ ഒരു വർക്ക് ഏരിയ നിർമ്മിക്കാൻ ഭരണസമിതി തീരുമാനിച്ചെങ്കിലും അത് പ്രാബല്യത്തിൽ വരാൻ താമസിക്കുമെന്നാണ് മനസിലാലാക്കുന്നത്.

പ്രശ്നങ്ങൾ

വിദഗ്ദ തൊഴിലാളികളുടെ അഭാവം, മെഷീനറികളുടെ കാര്യക്ഷമതക്കുറവ്, വൈദ്യുതി പ്രശ്നം, സാമ്പത്തികപരാധീനതകൾ എന്നിവയാണ് സംഘം നേരിടുന്നപ്രശ്നങ്ങൾ

നിർദ്ദേശങ്ങളും, സാദ്ധ്യതകളും:

1 വിദഗ്ദ തൊഴിലാളികളെ പരിശീലിപ്പിക്കാനുള്ള സംവിധാനം സ്ഥാപനത്തിൽ തന്നെ ഏർപ്പെടുത്തുക.

2 നിലവിലുള്ള യന്ത്രോപകരണങ്ങൾ പരിഷ്കരിക്കുകയും പുതിയ യന്ത്രങ്ങളും സങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തുകയും ചെയ്യുക.

3 വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4 ഉല്പന്നങ്ങൾ എല്ലാഭാഗത്തും വിതരണം ചെയ്യാനുള്ള ഏജൻസികൾ വിവിധ പ്രദേശങ്ങളിൽ ഏർപ്പെടുത്തുക.

5 ഗവർമ്മെണ്ട് സ്ഥിരം സ്വഭാവമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുക. പ്രവർത്തനമൂലധനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സംഘം സ്വീകരിക്കുക.

6 മാനേജ്മെൻറ് പ്രവർത്തനം കാര്യക്ഷമമാക്കുക.

7 സംഘത്തിന് മെഷീനറി ലോണും ഗ്രാൻറും ലഭ്യമാക്കുക.

കയർ സഹകരണസംഘം:

1958ൽ സ്ഥാപിച്ച ഈ സംഘം ഇന്ന് പ്രവർത്തനരഹിതമാണ്. 1965 വരെ ഇത് നന്നായി പ്രവർത്തിച്ചിരുന്നു 25 തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്തിരുന്നു. സ്ഥാപനംവക പൊട്ടിപൊളിഞ്ഞ ഒരു കെട്ടിടം ഇപ്പോഴും വെങ്കല്ലൂരിൽ ഉണ്ട്. ചകിരി ചൂടി, കയർ, എന്നീ എന്നിവയായിരുന്നു പ്രധാനപ്പെട്ട ഉല്പന്നങ്ങൾ. പ്രവർത്തന മൂലധനത്തിൻെറ അഭാവമാണ് ഈ സ്ഥാപനത്തിൻെറ തകർച്ചക്ക് മുഖ്യ കാരണം. പരിചയ സമ്പന്നരായ മാനേജ്മെൻറിൻെറയും തൊഴിലാളികളുടേയും അഭാവമാണ് തകർച്ചക്കുള്ള മററു കാരണങ്ങൾ.

ധാരാളം പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന ഒരു മേഖലയാണിത്. അസംസ്കൃത വസ്തുക്കൾക്ക് യാതൊരു ക്ഷാമവുമില്ല. പ്രകൃതിദത്തമായ സൗകര്യങ്ങളും വിപണന സാധ്യതകളും ധാരാളമുണ്ട്. ഈ രംഗത്ത് തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരെ വിദഗ്ദമായി പരിശീലിപ്പിച്ചെടുത്ത് സ്ഥാപനം വളർത്തിയെടുക്കാ

നുള്ള പ്രവർത്തനങ്ങൾക്ക് ഗവർമ്മണ്ടും സന്നദ്ധ സംഘടനകളും പഞ്ചായത്തും കൂട്ടായ ശ്രമം നടത്തണം.

ഓയിൽമിൽ:

സ്വന്തമായി കെട്ടിടവും സ്ഥലവും ഉപകരണങ്ങളുമുള്ള ഈ സംഘം സ്ഥാപിച്ചത് 1958ലാണ്. കൊപ്ര സംഭരിച്ച് അതുപയോഗിച്ച് വെളിച്ചെണ്ണയും പിണ്ണാക്കും നിർമ്മിക്കലായിരുന്നു ഇതിന്റെ പ്രവർത്തനം. അസംസ്കൃത സാധനത്തിന് പ്രയാസമുണ്ടായിരുന്നില്ല; വിപണന സാധ്യതകളുമുണ്ടായിരുന്നു. 3 തൊഴിലാളികൾ മുമ്പ് ഇവിടെ ജോലി ചെയ്തിരുന്നു. ഇന്ന് സ്ഥാപനം പ്രവർത്തന രഹിതമാണ്.

പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് തകർച്ചക്ക് പ്രധാന കാരണം. ഫലപ്രദമായ മാനേജ്മെൻറിന്റെ അഭാവമാണ് തകർച്ചക്കുള്ള മറെറാരു പ്രധാന കാരണമാണ് സ്ഥാപനത്തെ പുനരുദ്ധരിച്ച് ആവശ്യത്തിന് മൂലധനം ലഭ്യമാക്കിയാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

ലേബർ കോൺട്രാക്ടിംഗ് സൊസൈററി

ഇന്ന് തീർത്തും പ്രവർത്തന രഹിതമായ ഒരു സ്ഥാപനമാണിത്. 1958ൽ സ്ഥാപിച്ച ഈ സംഘത്തിന്റെ പ്രവർത്തനമേഖല തൂണേരി ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളുമാണ്, ഫർണിച്ചറുകൾക്കുള്ള ഗ്രാൻറും പ്രവർത്തനങ്ങൾക്കുള്ള ലോണുമായിരുന്നു ഇതിന്റെ മൂലധനം. ഒരു കാലത്ത് ധാരാളം തൊഴിലാളികൾക്ക് ജോലി കൊടുത്ത സ്ഥാപനമായിരുന്നു ഇത്.

മൂലധനത്തിന്റെ അഭാവം, ഫലപ്രദമായ മാനേജ്മെൻറിന്റെ അഭാവം, ഉദ്യോഗസ്ഥരുടെ നിസ്സഹകരണങ്ങൾ, സാമ്പത്തിക നഷ്ടങ്ങൾ എന്നിവയാണ് ഈ സംഘത്തിന്റെ തകർച്ചക്ക് കാരണം. ഗവർമ്മെണ്ടിന്റെയും ബന്ധപ്പെട്ട മററ് ഏജൻസികളുടേയും സഹായം ലഭ്യമാക്കിയാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നഒരുസംഘമാണിത്.

മേച്ച് വർക്സ് സഹകരണ സംഘവും ഖാദി ഗ്രാമവ്യവസായ സഹകരണ യൂണിററും:

വർഷങ്ങൾക്ക് മുമ്പ് രൂപീകരിച്ച ചക്കര സൊസൈററിയാണ് പിന്നീട് മാച്ച് വർക്സ് സഹകരണ സംഘമായി രൂപാന്തരപ്പെട്ടത്. ഇവിടെ അല്പകാലം ചന്ദനത്തിരി നിർമ്മിച്ചതൊഴിച്ചാൽ കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല ഖാദി ഗ്രാമവ്യവസായ സഹകരണ സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ബേക്കറി സാധനങ്ങളുടെ ഉല്പാദനവും വിപണനവും കുമ്മായം ഉല്പാദനവുമായിരുന്നു. ഈ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രവർത്തനമല്ല ഇന്ന് നടക്കുന്നത്. മൂലധനത്തിന്റെ അഭാവം, ഫലപ്രദമായ മാനേജ്മെൻറിന്റെ അഭാവം എന്നിവയാണ് ഈ സംഘങ്ങളുടെ പ്രവർത്തന

മാന്ദ്യത്തിന് കാരണം. അസംസ്കൃത സാധനങ്ങളുടെ വിലക്കയററവും പ്രയാസങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങളും, സാധ്യതകളും:

1 പ്രവർത്തനമൂലധനം ലഭ്യമാക്കുക.
2 ഫലപ്രദമായ മാനേജ്മെൻറ് സംവിധാനമുണ്ടാക്കുക.
3 അസംസ്കൃത സാധനങ്ങളുടെ വിലക്കയററം തടയുക.

പുതിയ സഹകരണ സംഘങ്ങളെ പററിയുള്ള നിർദ്ദേശങ്ങൾ:

1 പഞ്ചായത്തിൽ എടച്ചേരി, ഇരിങ്ങണ്ണൂർ എന്നീ മേഖലകളിൽ ഓരോ പാൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
2 8, 9 വാർഡുകൾ കേന്ദ്രീകരിച്ച് കയർ സഹകരണ സംഘമുണ്ടാക്കുക.
3 മെഴുകുതിരി നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
4 1, 2, 4, 5, 7 വാർഡുകളിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണ സംഘങ്ങൾ സാധ്യതകൾ പരിശോധിച്ച് സ്ഥാപിക്കുക.
5 1-ാം വാർഡിൽ കുടനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.
6 7-ാം വാർഡിൽ ഒരു സഹകരണ സ്റ്റോർ, ഹാൻറ്ലൂം വീവേഴ്സ് സൊസൈററി, എടച്ചേരി സഹകരണ ബാങ്കിൻെറ ശാഖ എന്നിവ സ്ഥാപിക്കുക.
7 സാധ്യതകൾ പരിശോധിച്ച് സ്കൂൾ ബാഗുകൾ, വാഷിംഗ് സോപ്പ്, ടോയ്ലററ് സോപ്പ്, അച്ചാറുകൾ, ജാമുകൾ, സ്കാഷുകൾ എന്നിവ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുണ്ടാക്കുക.
8 ഫുഡ് പ്രൊഡക്ട്സ് നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.
9 നോട്ട്പുസ്തക നിർമ്മാണം, ചെരിപ്പു നിർമ്മാണം എന്നിവയെ അടിസ്ഥാനമാക്കി സഹകരണസംഘം രൂപീകരിക്കുക.
10 3-ാം വാർഡ് കേന്ദ്രീകരിച്ച് നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ സംഘം സ്ഥാപിക്കുക.
11 1-ാം വാർഡിൽ പോളിത്തീൻ ബാഗ് നിർമ്മാണ യൂണിററ് 4-ാം വാർഡിൽ [illegible] ഉല്പന്ന നിർമ്മാണ യൂണിററ്, 10-ാം വർഡിൽ ട്രാൻസ്പോർട്ട് യൂണിററ് എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കുക.


madman

# വനിതാക്ഷേമം

## അൽപം ചരിത്രം

വടക്കൻ പാട്ടുകളിലെ വീരാംഗനമാരുടെ പാദസ്പർശമേററ് പുളകിതമായ നമ്മുടെ ഈ പഞ്ചായത്തിൽ സ്ത്രീകളുടെ തൊഴിൽ പാട്ടുകളുടെ വരികളിൽ ഉണ്ണിയാർച്ചയുടേയും, മതിലേരിക്കന്നിയുടേയും, തുമ്പോലാർച്ചയുടേയും വീരകഥകൾ തുളുമ്പിനിൽക്കുന്നു ചോനകപ്പുളപ്പുള്ള നാദാപുരത്ത് അങ്ങാടിയിലൂടെ ചോനകൻമാരെ നനമുണ്ട്കൊണ്ട് അടിച്ചോടിക്കിയ വീരകഥ വായ്പാട്ടിലൂടെ സ്ത്രീകൾ ഇന്നും സ്മരിക്കുന്നു. ബ്രിട്ടീഷുകാർക്കും, ജൻമി, മാടമ്പിമാർക്കും എതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായുള്ള പോലീസ്വേട്ടയിൽ നിന്നും രക്ഷനേടാനും പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും കേളുവേട്ടൻ, മണ്ടോടിക്കണ്ണൻ മുതലായ ജനനായകൻമാർക്ക്വേണ്ടി ഒളിതാവളങ്ങൾ ഒരുക്കാനും ഭക്ഷണമൊരുക്കാനും തയ്യാറായ ധീരവനിതകളും ഈ പഞ്ചായത്തിലുണ്ട്. മാറ് മറക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട ചരിത്രവും ഈ പഞ്ചായത്തിനുണ്ട്. കൂടാതെ ജൻമിമാർക്കെതിരെയും, തൊഴിലെടുത്താൽ കൂലിക്കുവേണ്ടിയുള്ള പോരാട്ടത്തിലും, മിച്ചഭൂമി പോരാട്ടത്തിലും പങ്കാളികളായ സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. ഇങ്ങനെ ഒരു ചരിത്രം അവകാശപ്പെടുന്ന ഈ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ സ്ത്രീകൾ കാർഷിക വൃത്തികളിൽ മാത്രമാണ് ഏർപ്പെട്ടിരുന്നത്. ഔദ്യോഗിക രംഗങ്ങളിലും സ്ത്രീകളുടെ പ്രാതിനിധ്യം വളരെയേറെ ഉണ്ടായിരുന്നില്ല. പൊതുരംഗത്ത് വരാൻ സ്ത്രീകൾ അറച്ചു നിന്നിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു.

## നിലവിലുള്ള അവസ്ഥ

ഏടച്ചേരി പഞ്ചായത്തിലെ ഏകദേശം 30% ത്തോളം വീടുകളുടെ ഭരണ നിയന്ത്രണം സ്ത്രീകളിൽ നിക്ഷിപ്തമാണ്. പല വാർഡുകളിലും പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്നു. കെട്ടിടനിർമ്മാണ രംഗത്താണ് കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്നത്. കൂടാതെ കാർഷികം, കരിങ്കൽ ക്വാറി, ഗാർമെൻറ്സ്, ടെയിലറിങ്ങ്, തലച്ചുമട് എന്നീ രംഗത്തും സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. കാർഷിക രംഗത്തുനിന്നും ധാരാളം സ്ത്രീകൾ കെട്ടിട നിർമ്മാണ രംഗത്തേക്ക് പോകുന്ന അവസ്ഥ ഇവിടെ നിലവിലുണ്ട്. ഈ രംഗങ്ങളിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കുറഞ്ഞ കൂലിയാണ് നിലവിലുള്ളത്. സർവ്വീസ് രംഗത്ത് മററ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് നാമമാത്രമായ പങ്കാളിത്തം മാത്രമെ സ്ത്രീകൾക്കുള്ളു. വീട്ടാവശ്യവുമായി ബന്ധപ്പെട്ട സാധനങ്ങൾ വാങ്ങൽ ആരോഗ്യ സംരക്ഷണ കാര്യത്തിൽ ഡോക്ടർമാരെ സമീപിക്കൽ എന്നിവയിൽ സ്ത്രീകളാണ് മുൻപന്തിയിൽ നിൽക്കുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ അനുഭവിക്കുന്നതും സ്ത്രീകൾതന്നെയാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട പീഢനങ്ങൾ ഇന്നും നിലനിൽക്കുന്നതായി കാണുന്നുണ്ട്. സാമ്പത്തിക പരാധീനതമൂലം വിവാഹപ്രായമെത്തിയിട്ടും കല്ല്യാണം കഴിക്കാൻ കഴിയാത്ത യുവതികൾ പഞ്ചായത്തിൽ വ്യാപകമായി കാണപ്പെടുന്നുണ്ട്. മദ്യനിരോധനം മൊത്തത്തിൽ എല്ലാ ഭാഗങ്ങളിലും സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. മദ്യം നിയമംമൂലം നിരോധിക്കണമെന്നും മററ് പ്രദേശങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വ്യാജമദ്യം നിരോധിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും പരക്കെ സ്ത്രീകൾ അഭിപ്രായപ്പെടുന്നുണ്ട്.

പൊതു പ്രവർത്തന രംഗത്ത്

സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഗൃഹഭാര സാമ്പത്തിക വിദ്യാഭ്യാസ പന്നോക്കാവസ്ഥയാണ് ഇതിന് കാരണമായി ഉന്നയിക്കപ്പെടുന്നത്. സിനിമാരംഗത്തുള്ള അശ്ലീല പോസ്ററുകൾ ഒട്ടിക്കുന്നതും പ്രചരിപ്പിക്കുന്നതും നഖഃശിഖാന്തം എതിർക്കണമെന്ന് അഭിപ്രായപ്പെടുന്നുണ്ട്. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലാത്ത അവസ്ഥയാണ്. കൂടാതെ പഞ്ചായത്തിൽ നിലവിലുള്ള DWCR യൂനിററുകൾ കാര്യക്ഷമമല്ല. മഹിളാ സംഘടനകൾ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടത്ര ഉണർന്ന് പ്രവർത്തിക്കാത്ത അവസ്ഥയാണുള്ളത്. വായനാരംഗത്ത് സ്ത്രീകളുടെ പങ്ക് 'മാ' പ്രസിദ്ധീകരണങ്ങളിലൊതുങ്ങുന്ന അവസ്ഥയാണ് മൊത്തത്തിലുള്ളത്. പൊതുവിജ്ഞാനം ഉൾക്കൊള്ളുന്ന ഗൗരവമായ വായനാശീലം വളർന്നുവരേണ്ടതായിട്ടുണ്ട്. ഫീഡിങ്ങ് സെൻററുകളുടെ പ്രവർത്തനം പൊതുവിൽ തൃപ്തികരമല്ല. സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ അപര്യാപ്തത ഇവിടെ നിലനിൽക്കുന്നുണ്ട്. ബാലവാടി, അംഗൻവാടി എന്നിവയുടെ പ്രവർത്തനവും തൃപ്തികരമല്ലാത്ത അവസ്ഥയാണുള്ളത്

## നിലവിലുള്ള പ്രശ്നങ്ങൾ

സ്ത്രീകൾ ഗൃഹഭരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്കൊണ്ട് തന്നെ മററ് മേഖലകളിൽ (പൊതുരംഗത്ത്) ശ്രദ്ധിക്കാനോ പങ്കെടുക്കാനോ കഴിയാത്തതാണ് ഇന്ന് അനുഭവിക്കുന്ന മുഖ്യ പ്രശ്നം. വിദ്യാഭ്യാസ കാര്യത്തിൽ പുതിയ തലമുറ മുന്നിട്ടു നിൽക്കുന്നുണ്ടെങ്കിലും തൊഴിലധിഷ്ഠിതമല്ലാത്തതിനാൽ രക്ഷിതാക്കളുടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുക എന്നതല്ലാതെ സാമ്പത്തിക പ്രയാസങ്ങൾക്ക് പരിഹാരമായോ, സമൂഹ നൻമയ്ക്കോ ഗുണകരമായിത്തീരുന്നില്ല. സ്ത്രീകൾക്ക് അധ്വാന ഭാരത്തിനനുസരിച്ച് കൂലി കിട്ടായ്മ അവരുടെ ജീവിത നിലവാരത്തേയും ജോലിയോടുള്ള ജീവിത നിലവാരത്തേയും ജോലിയോടുള്ള താൽപര്യത്തേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടുതൽ സ്ത്രീകൾ കെട്ടിട നിർമ്മാണ രംഗത്തേക്ക് പോകുന്നത് നിമിത്തം കാർഷിക മേഖല പോലുള്ള ഉൽപാദന രംഗത്ത് മാന്ദ്യം അനുഭവപ്പെടുകയും അത് നമ്മുടെ സാമ്പത്തികമേഖലയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ടെയിലറിങ്ങ്, ഗാർമൻറ്സ് തൊഴിൽമേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾ ഗുരുതരമായ സാമ്പത്തിക ചൂഷണം അനുഭവിക്കുന്ന അവസ്ഥയുണ്ട്. കരിങ്കൽ ക്വാറിയിലും കെട്ടിട നിർമ്മാണ രംഗത്തും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പലതരത്തിലും അപകട സാദ്ധ്യതകളുണ്ട്. ഇത്തരം സ്ത്രീകൾക്ക് തങ്ങളുടെ കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസമോ മററ് പരിഗണനകളോ നൽകാൻ കഴിയാത്ത അവസ്ഥയുണ്ട്. അത്തരം കുട്ടികൾ വിദ്യാഭ്യാസ രംഗത്തെ കൊഴിഞ്ഞുപോക്കിന് ആക്കം കൂട്ടുന്നുണ്ട്. സർവ്വീസ് രംഗത്ത് ജോലി ചെയ്യുന്ന സ്ത്രീകൾ ഉൾപ്പെടുന്ന കുടുംബം മെച്ചപ്പെട്ട സാമ്പത്തിക ഭദ്രത കൈവന്നതാണ്. ഇതേപോലെ സാമ്പത്തിക ഭദ്രത കൈവരുത്താൻ മററ് മേഖലയിൽ ജോലിചെയ്യുന്നവർക്ക് കഴിയാത്ത അവസ്ഥയുണ്ട്. സ്ത്രീകൾക്ക് സാധാരണ നിലയിൽതന്നെ ജോലിഭാരം കൂടുതലാണ്. ഇതിനുപുറമെ റേഷൻ, പലചരക്കു കടകളിലും, ആശുപത്രിയിലും പോക്ക് വരവ് ജോലി സ്ത്രീ നിറവേററേണ്ടി വരുന്നത് സ്ത്രീകളുടെ ജോലിഭാരം കൂട്ടുന്നു. കൂടാതെ ഇത് പുരുഷന് നിലവിലുള്ള സാധന വിലക്കയററത്തെപ്പററി ശരിയായ ബോധമില്ലായ്മയിലേക്ക് നയിക്കുന്നു. സ്ത്രീധനം കുടുംബ

ത്തെ നശിപ്പിക്കുന്ന അവസ്ഥയിലേക്ക് നയിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന ആത്മഹത്യകൾ, വിവാഹമോചനം, സ്ത്രീപീഡനങ്ങൾ എന്നിവയ്ക്കെല്ലാം സ്ത്രീധനം ഒരു കാരണമായിത്തീർന്നിട്ടുണ്ട്. കുടുംബങ്ങളുടെ സന്തോഷകരമായ പ്രവർത്തനത്തിനും സ്ത്രീധനം ഒരു തടസ്സമായിത്തീരുന്നുണ്ട്. സാമ്പത്തിക ഭദ്രതയില്ലായ്മ നിമിത്തം വിവാഹ പ്രായമെത്തിനിൽക്കുന്ന യുവതികൾ മാനസിക രോഗങ്ങൾക്കും, ലൈംഗിക ചൂഷണത്തിനും. വർദ്ധിച്ചു വരുന്ന ആത്മഹത്യയിലേക്കും വഴുതിപോകുന്ന അവസ്ഥ നിലവിലുണ്ട്. ഇത് കൊണ്ടുതന്നെ രക്ഷിതാക്കളും പലവിധത്തിലുള്ള പ്രശ്നങ്ങളും അനുഭവിക്കുന്നുണ്ട്. ജോലിയിൽ താൽപര്യമില്ലായ്മ, മദ്യപാനം, കുട്ടികളോട് മോശമായ പെരുമാററം എന്നിവയ്ക്കൊക്കെ ഈ മാനസിക പിരിമുറുക്കൾ കാരണമാക്കുന്നുണ്ട്. മദ്യം നിയമംമൂലം നിർത്തണമെന്ന് ആവശ്യപ്പെടുമ്പോൾ അതുകൊണ്ടുണ്ടാകുന്ന ജോലിപ്രശ്നങ്ങൾ ധാരാളമായി അനുഭവപ്പെടുന്നുണ്ട്. മദ്യനിരോധനം പൂർണ്ണമാകാത്തതിനാൽ മദ്യപാനികൾ അത് ലഭ്യമാകുന്ന സ്ഥലത്ത് ദൂരയാത്ര ചെയ്ത് പോകുന്നതിനാൽ സാമ്പത്തിക ബാധ്യത കൂടുന്നു. ഇത് കുടുംബിനികളായ സ്ത്രീകളെയാണ് ബാധിക്കുന്നത്. വ്യാജമദ്യം ഉൽപാദിപ്പിക്കുന്നതിലും വിപണനം നടത്തുന്നതിലും സ്ത്രീകളെ ബോധപൂർവ്വം ഉപയോഗപ്പെടുന്ന സ്ഥിതിവിശേഷം വളരെ ഗുരുതരമായി നിലവിലുണ്ട്. ഇത് വീടുകളിൽ വളർന്നുവരുന്ന പുതിയ തലമുറയെ സാംസ്കാരിക അധഃപതനത്തിലേക്ക് നയിക്കുന്നുണ്ട്. പൊതു പ്രവർത്തനരംഗത്ത് സ്ത്രീകൾ കടന്നു വരാത്തതിനാൽ ഭൂരിപക്ഷം വരുന്ന സ്ത്രീ വിഭാഗം ഭരണരംഗത്തെത്താത്ത അവസ്ഥ സംജാതമാകുന്നുണ്ട്. ഇത് പ്രശ്ന പരിഹാരങ്ങൾക്ക് തടസ്സമായി നിൽക്കുന്നുണ്ട്. സിനിമാരംഗത്തുള്ള അശ്ലീലപോസ്ററുകൾ കൗമാരപ്രായക്കാരെ വഴിതെററിക്കുന്നുണ്ട്.

സിനിമാരംഗത്ത് ഗുണപരമായ ആസ്വാദന ശൈലി വളർത്തിയെടുക്കുന്നതിൽ ഇത് വളരെ ദോഷം ചെയ്യുന്നുണ്ട്. മഹിളാസമാജങ്ങൾ ആവശ്യാനുസരണം ഇല്ലാത്തതിനാൽ സ്ത്രീകളുടെ ക്ഷേമ പ്രവർത്തനങ്ങളെ അത് പിറകോട്ടടിപ്പിക്കുന്നുണ്ട്. നിലവിലുള്ള മഹിളാസമാജങ്ങൾ വേണ്ടത്ര സജ്ജീവമാകാത്തതിനാൽ ഇവയിൽ നിന്നുള്ള സഹായങ്ങളും കിട്ടാത്ത അവസ്ഥയാണ്. D W C R പോലുള്ള സ്ത്രീകളുടെ സംയുക്ത തൊഴിൽ പദ്ധതികൾ അതുദ്ദേശിച്ച രീതിയിൽ ഗുണം ചെയ്യുന്നില്ല, കാര്യക്ഷമമായ പ്രവർത്തനം നടത്താനുള്ള സംഘാടക സ്വഭാവത്തിന്റെ അപര്യാപ്തത, ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങൾ, ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള പ്രയാസം.,

പൊതു മാർക്കററിലെ ഉൽപാദനങ്ങളോട് കിടപിടിക്കാൻ കഴിയാത്ത അവസ്ഥ എന്നിവ ഇവ നേരിടുന്ന പ്രശ്നങ്ങളാണ്. മഹിളാ സംഘടനകൾ ഉണർന്നു പ്രവർത്തിക്കാത്തത്കൊണ്ട് സ്ത്രീകളുടെ പല പ്രശ്നങ്ങളും പരിഹരിക്കാത്ത അവസ്ഥയുണ്ട്. ഗൗരവതരമായ വായന കുറവും "മ" പ്രസിദ്ധീകരണങ്ങളുടെ ആധിക്യവും ഗുരുതരമായ പല സാംസ്കാരിക ജീർണതകൾക്കും വഴിവെച്ചിട്ടുണ്ട്. ഫീഡിങ്ങ് സെൻറുകളിൽ കാര്യക്ഷമത കുറവുമൂലം ഭാവിതലമുറയെ ദോഷമായി ബാധിക്കുന്നുണ്ട്

സ്വയം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ഇല്ലാത്തതുകൊണ്ട് തൊഴിലില്ലായ്മ വർദ്ധിച്ചു വരികയും ഭാവിതലമുറയെ അലസതയിലേക്ക് നയിക്കുകയും ചെയ്യുന്നു. നിലവിലുള്ള ബാലവാടികൾ കാര്യക്ഷമമായി നടത്താത്തതിനാൽ ജനങ്ങളിൽ അസംതൃപ്തിക്കിടയാക്കുന്നുണ്ട്.

പരിഹരിക്കാനുള്ള നിർദേശങ്ങളും സാധ്യതകളും

1 തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ടെയിലറിങ്ങ്, ഗാർമെൻറ്സ് മെയ്ക്കിങ്ങ്, ചെറുകിടവ്യവസായ സംരഭങ്ങൾ, പപ്പടം, പ്ലാസ്ററിക്ക്വർക്ക്, സോപ്പ്, മെഴുകുതിരി, ചന്ദനതിരി, പുസ്തകനിർമ്മാണം, അവിൽ, അച്ചാർ, ബെയ്ക്കറി, കേരോൽപന്നങ്ങളുപയോഗിച്ചുള്ള പലഹാരനിർമ്മാണം, ചെരിപ്പ്, കൈത്തറി) നഴ്സറി ടീച്ചിങ്ങ്, അഗ്രികൾച്ചറൽ നഴ്സറി, പച്ചക്കറിതോട്ടം പശു, ആട്, കോഴിവളർത്തൽ എന്നിവ ആരംഭിക്കാൻ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്.

2) മദ്യരംഗത്തും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് തൊഴിൽ കൊടുക്കാനാവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

3 കാർഷികരംഗം മെച്ചപ്പെടുത്താനാവശ്യമായ ബോധവൽക്കരണം നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

4 ഗൃഹഭരണത്തിൽ പുരുഷന്റെ പങ്കാളിത്തം ഉറപ്പുവരുത്താനാവശ്യമായ ബോധവൽക്കരണം ചില മേഖലകളിൽ അനിവാര്യമാണെന്ന് നിർദ്ദേശക്കുന്നു.

5 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവത്രികമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

6 സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യവേതനം എല്ലാ മേഖലകളിലും ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുന്നു. തൊഴിൽ രംഗത്ത് സ്ത്രീകളെ ആകർഷിക്കാൻ ഇത് സഹായകമാകും.

7 ടെയിലറിങ്ങ്, ഗാർമെൻറ്സ് രംഗത്തുള്ള സാമ്പത്തിക ചൂഷണം അവസാനിപ്പിക്കാൻ ഇവരെ സംഘടിപ്പിച്ച് അവകാശ ബോധമുള്ളവരാക്കാനും വേതന വർദ്ധനവും വേതന ഏകീകരണവും നടപ്പിലാക്കാനും നിർദ്ദേശിക്കുന്നു.

8 സ്ത്രീകൾക്ക് അപകടം ഒഴിവാക്കാൻ അത്തരം തൊഴിലുകൾക്ക് അപകട സുരക്ഷിതത്വം ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

9 വിദ്യാഭ്യാസ മേഖലയിൽ കുട്ടികളിൽ കൊഴിഞ്ഞുപോകുന്നത് തടയാൻ ജനകീയ വിദ്യാഭ്യാസ സമിതികൾ കാര്യക്ഷമ മാക്കണം.

10 സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാക്കുന്ന നിയമം കൊണ്ടുവരുകയും കർശനമായി നടപ്പിലാക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

11 സാമ്പത്തിക പരാധീനതമൂലം കല്യാണം നടക്കാത്ത അവസ്ഥയ്ക്ക് പരിഹാരമായി സമൂഹവിവാഹം പ്രോത്സാഹിപ്പിക്കുക, സർക്കാർ സാമ്പത്തിക സഹായം ഉദാരമാക്കുക, വിവാഹദൂർത്ത് പൂർണ്ണമായും അവസാനിപ്പിക്കുക, യുവജന മഹിളാ സംഘടകനളുടെ ബോധവൽക്കരണവും കർമ്മ പദ്ധതികളും പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ നിർദ്ദേശിക്കുന്നു.

12 പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ ശ്രദ്ധിക്കണം. ഈ രംഗത്ത് ബോധവൽക്കരണം നടത്തുന്നതിന് ശ്രദ്ധിക്കണം.

13 അശ്ലീല പ്രസിദ്ധീകരണങ്ങൾ, അശ്ലീല സിനിമകൾ എന്നിവ നിയമം മൂലം കർശനമായി തടയണമെന്ന് നിർദ്ദേശിക്കുന്നു.

14 മഹിളാസമാജം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് നിർദ്ദേശിക്കുന്നു

15 പുതിയ മഹിളാസമാജങ്ങൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കണമെന്ന് നിർദ്ദേശിക്കുന്നു.

16 നിലവിലുള്ള ഫീഡിങ്ങ് സെൻറർ ബാലവാടിയാക്കണമെന്ന് നിർദ്ദേശിക്കുന്നു.


17 5_ാം വാർഡിൽ അംഗൻവാടി, ബാലവാടി എന്നിവ സ്ഥാപിക്കണമെന്ന നിർദ്ദേശിക്കുന്നു.

18 7_ാം വാർഡിൽ ബാലവാടി സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്നു

19 8_ാം വാർഡ് (തുരുത്തി) ഒരു നഴ്സറി സ്കൂൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്നു.

20 9_ാം വാർഡിൽ ഒരു ബാലവാടി സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്നു.

21 10_ാം വാർഡിൽ ബാലവാടി സ്ഥാപിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.



# വിഭവസമാഹരണം

**അവലോകനം**

പഞ്ചായത്തിൽ നിന്ന് ലഭിച്ച സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് 1995-96 വർഷത്തിൽ 1444773.85 രൂപ വരവും 1261748.95 രൂപ ചെലവും ഉള്ളതായി കാണുന്നു. നികുതി ഇനത്തിൽ 95-96 വർഷത്തിൽ ലഭിച്ച സംഖ്യയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നികുതി— | 227701-85 |
| തൊഴിൽ നികുതി— | 98751-00 |
| വിനോദ നികുതി— | 66374-70 |
| അഡി: വിനോദ നികുതി— | 40223-55 |
| പ്രദർശന നികുതി— | 2172-00 |
| പ്രദർശന നികുതി സർ ചാർജ്— | 543-00 |
| ചന്ത— | 2700.00 |
| ലൈസൻസ് ഫീസ്— | 8927-65 |
| | 440393-75 |

കഴിഞ്ഞ 5 വർഷക്കാലത്തെ വരവു-ചെലവു കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ തനത് വരുമാനത്തിൽ 34000 രൂപയുടെ വർദ്ധനവു മാത്രമാണ് നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞത് ഭരണചെലവിൽമാത്രം ഈ കാലയളവിൽ 113000 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. 93-94, 94-95 വർഷ ങ്ങളിൽ മരാമത്ത് ജോലികൾക്കും ജലവിതരണ ആരോഗ്യ രംഗത്തും കാര്യമായ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 95-96 വർഷത്തിൽ ഇത് 23276.50 രൂപയായി ചുരുങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ ചെലവു 91-92 വർഷത്തെ അപേക്ഷിച്ച് 95-96 വർഷത്തിൽ കുറഞ്ഞിട്ടുണ്ട്. തെരുവു വിളക്കുകൾ കത്തിക്കാനുള്ളചെലവുകൾ ക്രമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വസ്തു കൈമാററനികുതിയിൽ 93-94ലും 94-95ലും വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് യഥാക്രമം 315857 രൂപയും 246606 രൂപയുമാണ്. എന്നാൽ കഴിഞ്ഞ വർഷത്തെ ഈ ഇനത്തിലെ വരവു 136540 രൂപമാത്രമാണ്.

മററു വരവുകളിൽ 94-95 വർഷമൊഴിച്ച് ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷംഈ ഇനത്തിൽ 1277731.85രൂ. വരവുണ്ടായിട്ടുണ്ട്. ചെറിയ തോതിലാണെങ്കിലും കെട്ടിട നികുതിയിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. 91-92 വർഷത്തിൽ ഈ ഇനത്തിലെ വരവു 191853.06 രൂപയാണെങ്കിൽ കഴിഞ്ഞ വർഷം അത് 220701. 85 രൂപയായി ഉയർന്നിട്ടുണ്ട്. തൊഴിൽ നികുതിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. കഴിഞ്ഞ 2വർഷങ്ങളായി മുൻ വർഷങ്ങളെ അപേക്ഷിച്ചു വിനോദ നികുതി കുറയുകയാണുണ്ടായത്.

സാധ്യതകൾക്കനുസരിച്ച് കെട്ടിട നികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഉയർന്നിട്ടില്ല. നികുതിയേതര വരുമാനത്തിൽ ലൈസൻസ് ഫീസിനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. JRY പദ്ധതി പ്രകാരം 95-96 വർഷത്തിൽ പൊതുവിഭാഗത്തിൽ 276963 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പട്ടികജാതിപട്ടിക വർഗ വിഭാഗത്തിന് വേണ്ടി ചെലവഴിക്കാൻ 86663 രൂപയും അനുവദിച്ചിട്ടുണ്ട് സ്പെഷ്യൽഗ്രാൻറ് രജിസ്ററർ പ്രകാരം 95-96 വർഷത്തിൽ പഞ്ചായത്തിൽ 674613 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എസ്ററാബ്ലിഷ്മെൻറ് ഗ്രാൻറുകൾ പഞ്ചായത്തിന് ലഭിക്കുന്നില്ല.

പ്രത്യക്ഷ ഉൽപാദന മേഖലയിൽ അടുത്ത കാലത്തായി ചില പ്രവർത്തികൾ നടന്നിട്ടുണ്ട്. നടുവത്ത് വയലിലെ ചാലോട് പുഴയിലെ വി. സി. ബി, കുന്നംചിറയിലെ വി. സി. ബി, 8ാം വാർഡിലെ ചാലോട്, 5, 6, വാർഡുകളിലെ ചോയിച്ചിപറമ്പ് ഭാഗം, എടച്ചേരി നോർത്ത് പ്രദേശങ്ങളിലെ കമ്മ്യൂണിററി ഇറിഗേഷൻ പ്രൊജക്ററുകൾ എന്നിവയാണവ. കോട്ടേമ്പ്രം, കച്ചേരി,

പുതിയങ്ങാടി പ്രദേശങ്ങളിൽ സ്വകാര്യമേഘലയിൽ ഗാർമെൻറ് വ്യവസായം വളർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൻെറ തനത് വരുമാനം കൊണ്ട് വികസന പ്രവർത്തനം നടത്താൻ കഴിയാറില്ല. ഭരണപരമായ ചെലവുകാം നേരിടാൻ വേണ്ടി മാത്രമേ തനത് വരുമാനം കൊണ്ട് കഴിയൂ. ധൈര്യപൂർവം വികസന പ്രവർത്തനങ്ങാം ഏറെറടുത്ത് നടത്താൻ പ്രയാസം നേരിടുന്നു. സർക്കാരിൽ നിന്ന് കൂടുതൽ ഗ്രാൻറുകളും വായ്പകളും ലഭ്യമാക്കണം. പുതിയ നികുതി മാർഗങ്ങളും വരുമാനമാർഗങ്ങളും കണ്ടെത്താൻ കഴിയണം

വാണിജ്യ ബാങ്കുകാം എന്ന വിഭാഗത്തിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ എടച്ചേരി ശാഖയാണ്. കൃഷിക്കാരുടെയും മററും ആവശ്യങ്ങാം പൂർണ്ണമായി തൃപ്തിപ്പെടുത്താൻ ഈ ബാങ്കിന് കഴിയാറില്ല. എടച്ചേരി സർവീസ് സഹകരണ ബേങ്ക്, ഇരിങ്ങണ്ണൂർ സർവീസ് സഹകരണ ബേങ്ക്, എടച്ചേരി റൂറൽ ഹൗസിംഗ് സൊസൈററി എന്നിവയാണ് ക്രഡിററ് ഇനത്തിൽ പ്രവർത്തക്കുന്ന സഹകരണ സ്ഥാപനങ്ങാം. ഹൗസിംഗ് സൊസൈററി വീട് നിർമ്മാണത്തിന് വേണ്ടി മാത്രമാണ് വായ്പ നൽകുന്നത്. വിവിധ ഇനങ്ങളിലായി ഈ സ്ഥപനം. 92-93 വർഷം മുതൽ 95-96 വർഷം വരെ നമ്മുടെ പഞ്ചായത്തിൽ 20 വീടുകാം ഉണ്ടാക്കാൻ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളെ ഈ റിപ്പോർട്ടിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകാം നൽകിയ വായ്പകളിൽ അധികവും നിർദ്ദേശിക്കപ്പെട്ട കാര്യത്തിനല്ല ചെലവഴിക്കപ്പെട്ടത്. എല്ലാ ക്രഡിററ് സൊസൈററികളിലും കൃത്യമായി കടം തിരിച്ചടവുണ്ടാകാറില്ല. ഇത് പ്രയാസങ്ങാം സൃഷ്ടിക്കുന്നു. ഈ ധനകാര്യസ്ഥാപനങ്ങാംക്ക് പുറമെ അടുത്ത കാലത്തായി പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും സ്വകാര്യ പണമിടപാടുകാം നടക്കുന്നുണ്ട്. ഇവ കൊള്ളപലിശയാണ് ഈടാക്കുന്നത്. ഇവയിൽ പലതും തകർന്നു കൊണ്ടിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്ന് വിദേശത്ത് പോയി ജോലി ചെയ്യുന്നവർ ഏകദേശം 2500 പേരുണ്ട്. 1,2,3,4,11 വാർഡുകളിൽനിന്നാണ് കൂടുതൽ പേർ വിദേശങ്ങളിലുള്ളത് വിദേശത്ത് ജോലിചെയ്യുന്നവരിൽ ബഹുഭൂരിഭാഗവും ഗാംഫ്നാടുകളിലാണുള്ളത്. മററു രാജ്യങ്ങളിലുളളവർ നാമമാത്രമാണ്. വിദേശ കുടിയേററക്കാരിൽ ഭൂരിപക്ഷവും മുസ്ളീം സമുദായക്കാരാണ് ഗാംഫ് കുടിയേററം മൂലം അവരുടെ കുടുബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്- ഗാംഫ് നാടുകളിലെ കുടിയേററ നിയമം കർശനമാക്കിയപ്പോാം അടുത്ത കാലത്തായി നിരവധി പേർ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചുവന്നിട്ടുണ്ട്. ഗാംഫ് പണം കാര്യമായി വിനിയോഗിച്ചത് ഭൂമി വാങ്ങുന്നതിനും നിർമ്മാണ രംഗത്തുമാണ്. കാർഷിക രംഗത്തും ചെറിയ തോതിൽ വിദേശപണം വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ വ്യാവസായികരംഗത്ത് ഈ ധനത്തിൻെറ വിനിയോഗമുണ്ടായിട്ടില്ല. സാമൂഹ്യ സാംസ്ക്കാരിക സാമുദായിക മേഖലകളിലെ പൊതുപ്രവർത്തനങ്ങളെ ഗാംഫ് ജോലിക്കാർ കാര്യമായി സഹായിക്കാറുണ്ട്. ചിലപ്രവർത്തനങ്ങളുടെ സിംഹഭാഗവും അവരുടെ സംഭാവനയാണെന്ന് പറയാം.

വിദേശത്ത് ജോലി ചെയ്യുന്നവരുടെ പണം ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് കഴിയണം. അവർ നിക്ഷേപിക്കുന്ന സംഖ്യ ലാഭത്തോടെ തിരിച്ചു കിട്ടുമെന്ന വിശ്വാസമുണ്ടാക്കിയെടുത്താൽ വ്യാവസായിക–കാർഷിക മേഘലകളിലെ വികസനത്തിന് വേണ്ടി അവരുടെ നിക്ഷേപമുണ്ടാക്കിയെടുക്കാൻ കഴിയും. ഇതിന് വേണ്ടി സംസ്ഥാന അടിസ്ഥാനത്തിൽ തന്നെ ഒരു സംഘടിത ശ്രമം നടക്കേണ്ടിയിരിക്കുന്നു.

ഗതകാലത്ത് സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നിരവധി നേട്ടങ്ങൾ നാം ഉണ്ടാക്കിയിട്ടുണ്ട്. ആദ്യകാലത്ത് ഈ പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ റോഡ്പണികളിലും സന്നദ്ധ പ്രവർത്തനം കാര്യമായി ഉണ്ടായിട്ടുണ്ട്. അടുത്ത കാലത്ത് ശക്തിപ്പെട്ട സ്ക്കൂൾ പി. ടി. എ. കമ്മററികളും സ്ക്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി ചില പ്രവർത്തനങ്ങൾ നടത്തിവരുന്നു. വായനശാലകളെയും ക്ലബ്ബുകളെയും യുവജന സംഘടനകളെയും ഉപയോഗപ്പെടുത്തി സന്നദ്ധ പ്രവർത്തനങ്ങൾ നടത്താൻ നമുക്ക് ധാരാളം സാധ്യതകളുണ്ട് കാർഷികരംഗത്തും മരാമത്ത് ജോലികളിലും വിദ്യാഭ്യാസ-ആരോഗ്യരംഗങ്ങളിലും സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയും

## പ്രശ്നങ്ങൾ

വരുമാനസാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്മ.

ഭരണച്ചെലവിലെ വർദ്ധനവ്

ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സം

പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ

വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം

സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലെ അപര്യാപ്തത.

## സാധ്യതകൾ

നികുതി പിരിവ് കാര്യക്ഷമമാക്കുക-വെട്ടിപ്പ് തടയുക

പുതിയ സേവനങ്ങൾ നൽകി ചാർജ് ഈടാക്കുക.

നികുതിയുടെ മിനിമം നിരക്ക് ഉയർത്തുക.

ഭരണച്ചെലവ് കുറയ്ക്കുക.

പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തുക.

സന്നദ്ധ പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കുക.

ധനകാര്യ സ്ഥാപനങ്ങൾക്കുവേണ്ടി സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം.

സന്നദ്ധ സംഘടനകൾക്കായുള്ള സഹായ ധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പരിപാടി.

ഗൾഫ് പണം ഉൽപാദന മേഖലയിൽ വിനിയോഗിക്കാനുള്ള ഫലപ്രദമായ സംവിധാനം.



# ഉപസംഹാരം

മാന്യരെ,

നമ്മുടെ പഞ്ചായത്തിന്റെ പൊതുസ്ഥിതിയും ചരിത്ര പശ്ചാത്തലവും വികസന സാദ്ധ്യതകളുമാണ് നാം പരിശോധനയ്ക്ക് വിധേയമാക്കിയത്. എല്ലാ രംഗങ്ങളും സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ മുഴുവൻ സ്ഥിതിവിവരങ്ങളും നമുക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല, പ്രഥമ വിവര ശേഖരണത്തിന്റെ ഭാഗമായി വിതരണം ചെയ്ത 5000 ഫോറങ്ങളിൽ 3162 ഫോറങ്ങൾ മാത്രമാണ് നമുക്ക് തിരിച്ചു കിട്ടിയത്. ചില പ്രവണതകൾ മനസ്സിലാക്കാൻ വേണ്ടി മാത്രമേ ഇതുകൊണ്ട് കഴിയൂ.

ദ്വിതീയവിവര ശേഖരണവും പൂർണമാണെന്നും പറയാൻ കഴിയില്ല. ലഭ്യമായ വിവരങ്ങൾ ഒരു പരിധിവരെ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്. ദ്വിതീയ സ്ഥിതി വിവരശേഖരം, പഠനപര്യടനം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പരിശീലകർ പ്രവർത്തിച്ചിട്ടുണ്ട്. ജില്ലാപരിശീലകരും പഞ്ചായത്ത് ബോർഡ് മെമ്പർമാരും ഉൾപ്പെടെ ഒരു കൂട്ടം പ്രവർത്തകരുടെ ഒരാഴ്ചകാലത്തെ കഠിന പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഈ ഈ റിപ്പോർട്ട് തയ്യാറാക്കിയത്. നിലവിലുള്ള സ്ക്കീമുകളെ ശരിയായി അവലോകനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവലോകനത്തിനാവശ്യമായ വിവരങ്ങൾ നമുക്ക് കൃത്യമായി ലഭിച്ചിരുന്നില്ല, വികസനമേഖലകളെ മൂന്ന് ഭാഗങ്ങളാക്കിയാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരമാവധി ക്രോഡീകരിച്ചിട്ടുണ്ട്. വികസന മേഖലാ റിപ്പോർട്ടുകളിലെ പ്രശ്നങ്ങൾ, സാധ്യതകൾ എന്നീ ഭാഗങ്ങളാണ് നമ്മുടെ ചർച്ചയ്ക്ക് വിധേയമാക്കേണ്ടത്. ഇതിൽതന്നെ സാധ്യതകൾ എന്ന ഭാഗത്തിലൂന്നിവേണം ചർച്ച നടക്കേണ്ടത്. നിർദ്ദേശങ്ങൾ സ്കീമുകളാക്കി മാററാൻ പററുന്ന തരത്തിലുള്ള ചർച്ചകളാണ് ഉയർന്നു വരേണ്ടത്. ഉൽപാദനമേഖലകളിലെ മുരടിപ്പും പിന്നോട്ടടിയും മാററിയെടുക്കുന്നതിനും സേവന മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഉയർന്നുവരേണ്ടത്. നിങ്ങളുടെ ശ്രദ്ധാപൂർവമായ പരിശോധനയ്ക്കും വിശകലനത്തിനുംവേണ്ടി ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

**ജനകീയാസൂത്രണ സമിതി,**
എടച്ചേരി ഗ്രാമപഞ്ചായത്ത്.

അധികാരം ജനങ്ങളിലേക്ക്



# പുറമേരി ഗ്രാമപഞ്ചായത്ത്

## സമഗ്ര വികസന രേഖ

## ജനകീയാസൂത്രണം



കർണ്ണാടകം
പുറമേരി
കോഴിക്കോട് ജില്ല
തമിഴ്നാട്
അറബിക്കടൽ
N
W
E
S


# പുറമേരി ഗ്രാമ പഞ്ചായത്ത്

"ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി"


## വികസനസെമിനാർ

1996 നവമ്പർ 21

74


KOZHIKODE DISTRICT
LOCATION MAP
SCALE = 1 : 500 000
KANNUR
WYNAD
SEA
MALAPPURAM
N
W
E
Purameri Grama Panchayat.

## പുറമേരി ഗ്രാമപഞ്ചായത്ത്
## പ്രധാന സ്ഥാപനങ്ങൾ



# പുറമേരി പഞ്ചായത്ത്
# മുൻ പ്രസിഡന്റുമാർ



*ശ്രീ. പി. ആർ കുഞ്ഞിക്കേളു അടിയോടി*
*(1963 - 79)*



*ശ്രീ. എം. കെ. കുഞ്ഞികൃഷ്ണകുറുപ്പ്*
*(1979 - 88)*



*ശ്രീ. കെ. കെ. ബാലകൃഷ്ണൻ നമ്പ്യാർ*
*(1988 - 90)*



*ശ്രീ. അരൂർ പത്മനാഭൻ*
*(1990 - 95)*

## *ആദരാഞ്ജലി*

*അന്തരിച്ച മുൻ മെമ്പർമാരായ എം. പി. മൊയ്തുഹാജി, എടക്കുടി കുഞ്ഞഹമ്മദ് ഹാജി, എം വി. ഗംഗാധരൻ എന്നിവരുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു*

## പുറമേരി പഞ്ചായത്ത് ഭരണസമിതികൾ
## ആരംഭം മുതൽ ഇന്ന് വരെ

**1963**

1. പി. ആർ കുഞ്ഞിക്കേളു അടിയോടി
2. എടക്കുടി കുഞ്ഞമ്മദ് ഹാജി
3. എം. പി. മൊയ്തുഹാജി
4. എടക്കുടി ഗോപാലൻ
5. കൊടുങ്ങാംപുറത്ത് പാറു
6. പി. കുഞ്ഞികൃഷ്ണന്നടിയോടി
7. എം. കെ. കുഞ്ഞികൃഷ്ണകുറുപ്പ്
8. കെ. വി. നാരായണൻ വൈദ്യർ
9. എ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ
10. മേപ്പള്ളി ഗംഗാധരൻ നമ്പ്യാർ

**1979**

1. എം. കെ. കുഞ്ഞികൃഷ്ണകുറുപ്പ്
2 എടക്കുടി ഗോപാലൻ
3. എം. വി. ഗംഗാധരൻ
4 എം. അപ്പു
5. പി. എ. ഗോപാലൻ
6 പടയൻ കുഞ്ഞമ്മത്
7 വി. കെ. കുഞ്ഞിഗോവിന്ദൻ നമ്പ്യാർ
8. പി. നാരായണൻ നമ്പ്യാർ
9. പി. ജാനു

**1988**

1. കെ കെ. ബാലകൃഷ്ണൻ നമ്പ്യാർ
2. അരൂർ പത്മനാഭൻ
3. എടക്കുടി ഗോപാലൻ
4. കെ. കെ. മാധവി
5. അഡ്വ. കെ പി. രാഘവൻ
6. കെ. ഇസ്മയിൽ ഹാജി
7. എം കെ ഭാസ്കരൻ
8. കെ. കെ. ലീല
9. കെ എം. സുരേഷ്ബാബു
10. കോറോത്ത് ശ്രീധരൻ

**1995**

1. എം. കെ. ഭാസ്കരൻ
2. അരൂർ പത്മനാഭൻ
3. കെ. ഇസ്മയിൽഹാജി
4. ടി. കുഞ്ഞിക്കണ്ണൻ
5. സി. കെ പോക്കർ മാസ്റ്റർ
6. നടുവത്ത് ഭാരതി
7. എ. ടി. ദാസൻ
8. വി. പി. കുഞ്ഞമ്മത് മാസ്റ്റർ
9. പി. ദേവി
10 പി. വിജയലക്ഷ്മി ടീച്ചർ
11 വി. പങ്കജം

## പുറമേരി പഞ്ചായത്തിൽ വിവിധസ്ഥാപനങ്ങൾ നിർമ്മിക്കാൻ സ്ഥലം സംഭാവന ചെയ്ത ഉദാരമതികൾ

| | | |
|---|---|---|
| 1. | അരൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനുവേണ്ടി തോട്ടോളി ഗോപാലൻ അടിയോടി | 60 സെന്റ് |
| 2. | കെ. കെ. കുഞ്ഞിക്കേളു നമ്പ്യാർ മെമ്മോറിയൽ സ്റ്റേഡിയം നിർമ്മാണത്തിനുവേണ്ടി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ | 50 സെന്റ് |
| 3. | എളയടം ശിശുമന്ദിരത്തിനുവേണ്ടി പടിക്കലക്കണ്ടി വസന്ത അമ്മ | 10 സെന്റ് |
| 4. | പെരുമുണ്ടച്ചേരി ബാലവാടിക്കുവേണ്ടി കുടത്താങ്കണ്ടി കുഞ്ഞികൃഷ്ണൻ നമ്പ്യാർ | 5 സെന്റ് |
| 5. | ലോക്കൽ ലൈബ്രറി അതോറിറ്റി ബിൽഡിംഗിനുവേണ്ടി കെ. വി. നാരായണൻ വൈദ്യർ | 5 സെന്റ് |

## പുറമേരി ഗ്രാമപഞ്ചായത്ത്
## നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

പ്രസിഡന്റ്



എം. കെ. ഭാസ്കരൻ

വൈ. പ്രസിഡന്റ്



കെ. ഇസ്മയിൽഹാജി

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



സി. കെ. പോക്കർ മാസ്റ്റർ

മെമ്പർ



ടി. കുഞ്ഞിക്കണ്ണൻ

മെമ്പർ



നടുവത്ത് ഭാരതി

മെമ്പർ



അരൂർ പത്മനാഭൻ

മെമ്പർ



വി. പങ്കജം

മെമ്പർ



പി. വിജയലക്ഷ്മി ടീച്ചർ

മെമ്പർ



പ. ദേവി

മെമ്പർ



എ. ടി. ദാസൻ

മെമ്പർ



വി. പി. കുഞ്ഞമ്മദ് മാസ്റ്റർ

സെക്രട്ടറി



പി. കസ്തൂരി തിലകൻ

177

വിഷയവിവരം


I ആമുഖം .................... 9

I. പൊതു വിവരങ്ങളും ഭരണ ചരിത്രവും .................... 12

III. സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം .................... 13

IV. ഭൂപ്രകൃതി .................... 18

V. 1. കൃഷി, ജലസേചനം .................... 21

2. മൃഗസംരക്ഷണം, മത്സ്യബന്ധനം .................... 36

3. വിദ്യാഭ്യാസം .................... 41

4. ആരോഗ്യം, പരിസര ശുചിത്വം, കുടിവെള്ളം .................... 50

5. വ്യവസായം .................... 60

6. റോഡുകൾ, ഊർജ്ജം .................... 62

7. ഭവന നിർമ്മാണം, സാമൂഹ്യ ക്ഷേമം .................... 84

8. സംസ്ക്കാരം .................... 91

9. വനിത .................... 98

10. സഹകരണ മേഖല .................... 104

11. പട്ടികജാതി പട്ടിക വർഗ്ഗം .................... 111

12. വിഭവ സമാഹരണം .................... 115

VI. ഉപസംഹാരം .................... 117



Printed & Published by the Purameri Grama Panchayat
for the ""Vikasana Seminar". Dated 21 - 11 - 1996.

Chief Editor T. Ramakrishnan.



**Other Members of the Editorial Board.**
Kumaran Edakkudi;
K.A. Sankaran;
Rajiv Aroor;
Udayan Vilathapuram;
Baliyil Sasi;

**Maps**
Murali;

**Cover**
Mani;



Type setting and lay out:

**EM VEE** Advertising, Calicut-1 Ph : 722317 722417
&
VBGYOR ,Calicut

# I ആമുഖം

"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" – ഗാന്ധിജിയുടെ ഈ സിംഹനാദം എന്നും പ്രസക്തമാണ്. 1947ൽ ആഗസ്ററ് 15ന് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ച നാം ഗാന്ധിജിയുടെ സ്വപ്നമായ 'ഗ്രാമ സ്വരാജ്' മറന്നു. 1950 ജനുവരി 26ന് അദ്ദേഹം നമ്മോടൊപ്പം ഉണ്ടായിരുന്നവെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഭരണഘടനാസംരക്ഷണം ഉറപ്പാക്കിയ ഒരു ഭരണഘടന നിലവിൽ വരുമായിരുന്നു. "അധികാരം ജനങ്ങൾക്ക്" എന്ന മുദ്രാവാക്യവുമായി 21–ാം നൂറ്റാണ്ട് സ്വപ്നം കണ്ട രാജീവ് ഗാന്ധി രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജിന് പുതു ജീവൻ നല്കി. ഇന്ന് പാർലമെന്റ്, അസംബ്ലി എന്നിവ പോലെ ശക്തമാണ് ഓരോ ഗ്രാമ പഞ്ചായത്തും. നമ്മുടെ ജനാധിപത്യത്തിന്റെ യഥാർത്ഥമായ അടിത്തറ ഈ ഗ്രാമപഞ്ചായത്താണ്. 1995 ഒക്ടോബർ 2ന് അധികാരമേറ്റ പുറമേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ജനങ്ങളും രാഷ്ട്രപിതാവിന് പ്രണാമം അർപ്പിക്കുന്നു.

പഞ്ചായത്ത് രാജിന് മാറ്റു കൂട്ടുന്ന തിലകമാണ് ജനകീയ ആസൂത്രണം എന്ന ആശയം. 1997 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35–40 ശതമാനം വീതം ഗ്രാമ പഞ്ചായത്തുകൾ, ജന പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്കായി ചെലവഴിക്കുമെന്നും ബാക്കി 60 – 65 % സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ പ്രധാനമായും വൻകിട പദ്ധതികൾക്കായി ചെലവഴിക്കണമെന്നും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

സ്വാതന്ത്ര്യം ലഭിച്ച നാളുകളിലെ അവസ്ഥ ഓർത്തു നോക്കാനുള്ള ഒരവസരമാണിത്. 33 കോടി ജനത – അരിയില്ല, തുണിയില്ല, ഒരു മൊട്ടുസൂചിയുണ്ടാക്കുവാൻപോലുമുള്ള സാങ്കേതിക വിദ്യയില്ല. സോവിയറ്റ് യൂണിയനിൽ പരീക്ഷിച്ച് വിജയം കണ്ട ആസൂത്രണ പദ്ധതി 1951ൽ രാഷ്ട്രശില്പിയായ പണ്ഡിറ്റ്ജി ഇന്ത്യയിലും ആരംഭിച്ചു. 8 പദ്ധതികൾ പിന്നിട്ട 90 കോടിയിലധികം ജനസംഖ്യയുള്ള നമ്മുടെ രാജ്യം ഭക്ഷ്യരംഗത്ത് സ്വയം പര്യാപ്തത നേടി. ശാസ്ത്ര സാങ്കേതിക രംഗം, വ്യവസായിക രംഗം, വാർത്താ വിനിമയ രംഗം തുടങ്ങിയ പല മേഖലകളിലും വമ്പിച്ച പുരോഗതികൈവരിച്ചു. വികസന ബ്ലോക്കുകളുടെ രൂപീകരണം, കാർഷിക രംഗത്തെ ഹരിത വിപ്ലവം, ജല വൈദ്യുത പദ്ധതികൾ, ഇരുമ്പുരുക്ക് വ്യവസായങ്ങൾ എന്നിവ.യെല്ലാം പുരോഗതി കൈവരിക്കാൻ സഹായിച്ചു.

എങ്കിലും കേന്ദ്രീകൃതമായ ആസൂത്രണത്തിന്റെ ഫലമായി പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമല്ലാത്ത പല പദ്ധതികൾ നടപ്പിലാക്കി സമ്പത്ത് വ്യഥാവിലായിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും സ്ഥല-ജല ധാതു ഊർജ്ജ വിഭവങ്ങൾ കണക്കിലെടുക്കാതെ, മറ്റു സ്ഥിതി വിവരക്കണക്കുകൾ പരിഗണിക്കാതെ, ജനകീയ ആവശ്യമെന്തെന്ന് കണ്ടെത്താതെ രൂപം കൊടുക്കുന്ന പദ്ധതികൾ ദേശീയ നഷ്ടമാണ്. വികേന്ദ്രീകൃത ആസൂത്രണം മാത്രമാണ് അതിന്നു പരിഹാരം. 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന ആശയത്തെ പുറമേരി ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുകയാണ്. കാർഷിക വ്യവസായ മേഖലകളിൽ ഗുണ നിലവാരം ഉയർത്തിയും ഈ ഗ്രാമത്തെ "മാവേലി" യുടെ നാടിന്റെ അവസ്ഥയിലേക്കുയർത്താൻ ജാതി - മത - രാഷ്ട്രീയ കക്ഷിഭേദമന്യേ കൂട്ടായ്മയോടെ പ്രവർത്തിക്കാൻ നമുക്ക് കഴിയണം - കഴിയും.

"മാവേലി നാടു
വാണീടും കാലം"
മാനുഷരെല്ലാരുമൊന്നുപോലെ
കള്ളവുമില്ല, ചതിയുമില്ല
എള്ളോളമില്ല പൊളിവചനം "

പ്രതീക്ഷ ഒരു അവശ്യ ഘടകമാണ്. അമിത പ്രതീക്ഷ അപകടവുമാണ്. വികസന പ്രതിസന്ധി നേരിടുന്ന ഒരു പഞ്ചായത്താണ് പുറമേരി. 3 ,50,180 രൂപയുടെ മൈനസ് ഫണ്ടുമായാണ് ഈ ഭരണസമിതി അധികാരമേറ്റത്. ഇപ്പോൾ ആകെ നടക്കുന്ന വികസനം ജവാഹർ റോസ്ഗർ യോജന മുഖേനയുള്ളതാണെന്ന് പറയാം. എന്നാൽ 40 %ത്തോളം പദ്ധതി വിഹിതവും, സംസ്ഥാന സർക്കാറിന്റെ 60%ത്തിൽ പെട്ട ചില സ്കീമുകളും കേന്ദ്ര സർക്കാർ സ്കീമുകളും മറ്റു വികസന ഏജൻസികളിൽ നിന്നുള്ള ഫണ്ടുകളും നികുതി വരുമാനത്തിൽ വർദ്ധനവും, പണം, വിഭവങ്ങൾ, അദ്ധ്വാനം, തുടങ്ങിയ ജനകീയ സംഭാവനകൾ പഞ്ചായത്തിന്റെ വികസന പ്രക്രിയ ത്വരിതപ്പെടുത്തുമെന്നുള്ളതിൽ സംശയമില്ല. ജനകീയ പങ്കാളിത്തം ഫലപ്രദമാകുമ്പോൾ കാര്യക്ഷമത കൂടും. സ്കീമുകൾ സമയബന്ധിതമായി തീർക്കുവാനും അഴിമതിയിലൂടെയുള്ള ചോർച്ച അടക്കുവാനും കഴിയും. എട്ടാം പദ്ധതി ജനകീയ ആസൂത്രികമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് രാജ്യത്തിന്റെ എല്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും പ്രധാനമന്ത്രി രാജീവ് ഗാന്ധി കത്തയച്ചത് വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ഒരു നാഴികക്കല്ലായിരുന്നു. അദ്ദേഹം സ്വപ്നം കണ്ട 21-ാം നൂറ്റാണ്ടിലേക്ക് കൈ കോർത്ത് മുന്നേറാൻ നമുക്ക് സാധിക്കട്ടെ. വികസന പ്രവർത്തനങ്ങൾക്ക് [illegible] കൂട്ടാൻ വളരെയേറെ പ്രയത്നിച്ച നമ്മുടെ എം.എൽ.എ. ശ്രീ. എ. കണാരന്റെ സേവനങ്ങളെ ഇവിടെ അനുസ്മരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒൻപതാം പദ്ധതിയുടെ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി പ്രവർത്തനം ആരംഭിച്ചത് സെപ്തംബർ ആദ്യ ആഴ്ചയിൽ മാത്രമാണ്. ഈ ചുരുങ്ങിയ കാലയളവിൽ വിലപ്പെട്ട പല പ്രവർത്തനങ്ങളും നടത്താൻ സാധിച്ചു. ഗ്രാമ പഞ്ചായത്തിലെ ഓരോ മെമ്പർമാരുടെയും നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ അതതു വാർഡുകളിൽ നടത്തിയ പ്രാഥമിക സ്ഥിതി വിവര സർവ്വെ ഇവിടെ എടുത്തു പറയട്ടെ. ഈ

പഞ്ചായത്തിനെ സംബന്ധിച്ച് അതൊരു ചരിത്ര സംഭവമാണ്. ആ സർവ്വെയുടെ ഉൽപന്നം ഒരു മുതൽക്കൂട്ടും. ഒപ്പം ദ്വിതീയ സ്ഥിതിവിവര ശേഖരണവും നടന്നു; വിഭവ ഭൂപട നിർമ്മാണത്തിനായി പഠന പര്യടനവും ഈ ചുരുങ്ങിയ ദിവസത്തിനുള്ളിൽ നടത്താൻ സാധിച്ചത് ഭരണസമിതിയുടെ നിശ്ചയ ദാർഢ്യവും ഉദ്യോഗസ്ഥരുടെയും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും ആത്മാർത്ഥ സഹകരണമൊന്നുകൊണ്ട് മാത്രമാണ്. കേരളപ്പിറവി ദിനമായ നവംബർ 1 എല്ലാ വാർഡുകളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ആചരിച്ചു.

പുറമേരി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ട്, ഒമ്പതാം പദ്ധതികളുടെ സ്കീമുകളായി നടപ്പിലാക്കുമ്പോൾ കാർഷിക വ്യാവസായിക മേഖലകളിലെ മുരടിപ്പ് അവസാനിപ്പിക്കാനും സേവന മേഖലകളിലെ ഗുണ നിലവാരം ഉയർത്താനും നമുക്ക് സാധിക്കണം. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ ഒരു പുനർ ചിന്തനത്തിന് വിധേയമാകണം. ധനികർ കൂടുതൽ ധനികരും പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരും ആവാതിരിക്കാൻ ഇതാവശ്യമാണ്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച എല്ലാവരോടും നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

*" എന്റെ ജീവിതമാണ് എന്റെ സന്ദേശം "*

*– ഗാന്ധിജി*

# പുറമേരി ഗ്രാമപഞ്ചായത്ത്
## II പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| ഗ്രാമപഞ്ചാത്തിന്റെ പേര് | : | പുറമേരി ഗ്രാമപഞ്ചയത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | പുറമേരി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പുറമേരി, എടച്ചേരി, എളയടം |
| ബ്ലോക്ക് പഞ്ചായത്ത് | : | തൂണേരി |
| താലൂക്ക് | : | വടകര |
| അസംബ്ലി മണ്ഡലം | : | മേപ്പയ്യൂർ |
| വിസ്തീർണ്ണം | : | 20.27. ച.കി.മീ |
| അതിരുകൾ : | | |
| വടക്ക് | : | നാദാപുരം, കുന്നുമ്മൽ ഗ്രാമ പഞ്ചായത്തുകൾ |
| കിഴക്ക് | : | കുറ്റ്യാടി, 'വേളം ഗ്രാമപഞ്ചായത്തുകൾ. |
| തെക്ക് | : | വേളം, ആയഞ്ചേരി ഗ്രാമ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | തൂണേരി, എടച്ചേരി ഗ്രാമ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 23,797 (പു : 11,435. സ്ത്രീ : 12,362) – 1991<br>25,263 (പു : 12,404. സ്ത്രീ : 12,859) – (1996, ജനകീയ സർവ്വെ) |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ടിന്റെ പേര് | : | എം.കെ. ഭാസ്ക്കരൻ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | കെ. ഇസ്മയിൽഹാജി |
| സ്റ്റാന്റിങ്ങ് കമ്മററി ചെയർമാൻ | : | സി.കെ. പോക്കർ മാസ്റ്റർ |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | : | ശ്രീ. പി. കസ്തൂരി തിലകൻ |

## ഭരണപരമായ ചരിത്രം

പഴയ മലബാർ ജില്ലയിൽ കുറുമ്പ്രനാട് താലൂക്കിൽ ചരിത്രപ്രസിദ്ധമായ കടത്തനാട് രാജവംശത്തിന്റെ ഭരണമേഖലയിൽ പെട്ടതായിരുന്നു ഇന്നത്തെ പുറമേരി ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും. കടത്തനാട് പണ്ട് കോലത്ത് നാടിന്റെ ഭാഗമായിരുന്നു എന്ന് പറയുന്നു. 458 വർഷം നീണ്ടു നിന്ന യുദ്ധത്തിലൂടെ സാമൂതിരി പോളനാട് കീഴടക്കിയപ്പോൾ പോളത്തിരിക്കും കുടുംബത്തിനും കോലത്തിരി അഭയം നൽകി. ഒരു കോലത്തിരി രാജകുമാരൻ ഒരു പോളത്തിരി രാജകുമാരിയെ വിവാഹം കഴിക്കുകയും ചെയ്തു. ആ ദമ്പതികൾക്ക് കോലത്തിരി രാജാവ് നൽകിയതാണ് ഈ പുറമേരി ഉൾപ്പെട്ട കടത്തനാട് എന്നു പറയപ്പെടുന്നു.

''പുറം'' എന്ന വിശേഷ വാചിയും "ഏരി" എന്ന സാമാന്യ വാചിയും ചേർന്ന് പുറമേരി എന്ന പേർ ഉണ്ടായതാവാമെന്ന് അനുമാനിക്കുന്നു. മലയോട് ചേർന്ന കരനിലമെന്നോ ജലസേചന സൗകര്യമുള്ള വലിയ ചിറയോട് കൂടിയ കൃഷിസ്ഥലമെന്നോ ആവാം ഇതിന്റെ അർത്ഥം.

ഇന്നത്തെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ പുറമേരി ഭാഗം വെള്ളൂർ പഞ്ചായത്തിൽ പെട്ടതായിരുന്നു. 1953ൽ നടന്ന കൈപൊക്കി വോട്ടിംഗിലൂടെ പ്രസിഡണ്ടായി ശ്രീ. ടി.സി. രൈരുക്കുറുപ്പ് തെരഞ്ഞെടുക്കപ്പെട്ടു. അതേ കാലത്ത് വിലാതപുരം, കുനിങ്ങാട്, മുതുവടത്തൂർ ദേശങ്ങൾ ഉൾപ്പെട്ട വിലാതപുരം പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നു ശ്രീ. എം.ആർ രാമൻനായർ. മറ്റു പ്രദേശങ്ങളായ എളയടം, പെരുമുണ്ടച്ചേരി, അരൂർ അന്ന് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായിരുന്നു.

1963ലെ പുനസംഘടനയിലൂടെ പുറമേരി, വിലാതപുരം, കുനിങ്ങാട്, മുതുവടത്തൂർ, എളയടം, പെരുമുണ്ടച്ചേരി, അരൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി പുറമേരി പഞ്ചായത്ത് രൂപീകൃതമായി. ബാലറ്റ് പേപ്പർ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ശ്രീ. പി. കുഞ്ഞിക്കേളു അടിയോടി പുറമേരി പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 16 വർഷക്കാലം അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ഉണ്ടായിരുന്നു. 1978ൽ ശ്രീ. മണ്ണോളിക്കണ്ടി കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ നേതൃത്വത്തിൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നു. അന്ന് ഒൻപത് വാർഡുകളായിരുന്നു. 1988 ൽ അത് പത്തായി ഉയർന്നു. കെ.ആർ ഹൈസ്ക്കൂൾ അദ്ധ്യാപകനായ ശ്രീ. കെ.കെ. ബാലകൃഷ്ണൻ നമ്പ്യാരുടെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതി നിലവിൽ വന്നു. അദ്ദേഹം ഹെഡ്മാസ്റ്ററായപ്പോൾ പ്രസിഡണ്ട് സ്ഥാനം രാജി വെക്കുകയും ശ്രീ. അരൂർ പദ്മനാഭൻ പ്രസിഡണ്ടാവുകയും ചെയ്തു. 73-ാം ഭരണഘടന ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സംവിധാനത്തിന് ഭരണഘടനാ സംരക്ഷണം ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ 1995 ഒക്ടോബർ രണ്ടാം തീയതി 11 വാർഡുകളുള്ള പുറമേരി ഗ്രാമ പഞ്ചായത്തിന്റെ ഇന്നത്തെ ഭരണസമിതി അധികാരമേൽക്കുകയും ചെയ്തു.

## III സാമൂഹ്യ സാംസ്ക്കാരിക പശ്ചാത്തലം

1896ൽ മഹാമനസ്കനായ കടത്തനാട് ഉദയവർമ്മ രാജ പുറമേരിയുടെ ഹൃദയഭാഗത്ത് ഒരു സ്ക്കൂൾ സ്ഥാപിച്ചതോടെയാണ് പുറമേരിയുടെ ആധുനിക ചരിത്രാരംഭം. തന്റെ ആവാസ സ്ഥാനമായ ആറോത്ത്മഠ

ത്തിൽ എളിയ നിലയിൽ ആരംഭിച്ച പാഠശാലയാണ് ഈ സ്ഥാപനത്തിന്റെ തുടക്കം. "അയിത്തക്കാരായി" അവഗണിക്കപ്പെട്ടിരിക്കുന്നവർക്കുകൂടി ഉപയോഗപ്പെടണം എന്ന ഉദ്ദേശ്യത്തോടെ ഇപ്പോഴുള്ള സ്ഥലത്തേക്ക് മാറ്റിയത്. പുറമേരിയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയക്കാൻ ഈ വിദ്യാലയം വഹിച്ച പങ്ക് അളവറ്റതാണ്. തച്ചോളി ഒതേനനെയും ഉണ്ണിയാർച്ചയേയും പുകഴ്ത്തുന്ന വടക്കൻ വീരഗാഥയോടൊപ്പം ഉദയവർമ്മത്തമ്പുരാനിലൂടെ ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികളും കേട്ടുതുടങ്ങി. അദ്ദേഹം പൂനയിൽ ചെന്ന് അന്നത്തെ സ്വാതന്ത്ര്യ സമരത്തിന്റെ തീപ്പന്തമായ ശ്രീ. ബാലഗംഗാധര തിലകനെ സന്ദർശിച്ച് വന്നതോടെ ഇവിടെയും സ്വാതന്ത്ര്യ സമരാഗ്നി ജ്വലിക്കാൻ തുടങ്ങി. 1903ൽ മദിരാശിയിൽ വെച്ച് നടന്ന 19-ാം ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു. നാദാപുരത്തെ മുൻ എം.എൽ.എ. ഇ.കെ. ശങ്കരവർമരാജയായിരുന്നു വടകര വെച്ച് നടന്ന കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനത്തിന്റെ സെക്രട്ടറി. ~~അദ്ദേഹത്തിന്റെ മകൾ~~ കൗമുദി തമ്പുരാട്ടി തന്റെ സ്വർണ്ണാഭരണങ്ങൾ മുഴുവൻ 1924ൽ ഗാന്ധിജി വടകര സന്ദർശിച്ചപ്പോൾ അഴിച്ചുകൊടുത്ത സംഭവം ജനങ്ങളെ രോമാഞ്ചമണിയിച്ചു. ജാതിമത ചിന്ത കൊടികുത്തിവാണ പ്രസ്തുത കാലഘട്ടത്തിൽ പോലും ഇ.കെ.ശങ്കരവർമ്മ രാജയെപ്പോലുള്ള സ്വാതന്ത്ര്യസമര സേനാനികൾ ഹരിജനങ്ങളോടൊപ്പം മിശ്രഭോജനം നടത്തി മറ്റുള്ളവർക്ക് മാതൃക കാട്ടിയിരുന്നു. അരൂരിലെ പ്രസിദ്ധസ്വാതന്ത്ര്യ സമരസേനാനി കിഴക്കേടത്ത് കൃഷ്ണനടിയോടി "ശക്തിമന്ദിരം" എന്ന പേരിൽ വലിയൊരു ഓലഷെഡ് കെട്ടി, മലബാറിലെ അറിയപ്പെടുന്ന സ്വാതന്ത്ര്യസമരസേനാനികളെയും നൂറ് കണക്കിന് ഹരിജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് മിശ്രഭോജനം നടത്തിയത് അക്കാലത്തെ കോരിത്തരിപ്പിക്കുന്ന മറ്റൊരു സംഭവമായിരുന്നു. പുറമേരിയിലെ അറിയപ്പെടുന്നു ഒരു സ്വാതന്ത്ര്യസമര സേനാനിയായിരുന്ന നടുക്കണ്ടിയിൽ അപ്പു അടിയോടി.അദ്ദേഹം സുഭാഷ്ചന്ദ്രബോസിന്റെ ഐ. എൻ. എ. യിലെ അംഗമായിരുന്നു. ബർമ്മയിലേക്ക് നാട് കടത്തപ്പെട്ട അദ്ദേഹത്തിന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിന് ശേഷമേ തിരിച്ചുവരാൻ സാധിച്ചുള്ളൂ. കൂടത്താൻകണ്ടി കുഞ്ഞിരൈരു നമ്പ്യാർ, ടി.എൻ. കുഞ്ഞിരാമൻ നായർ, പുളിക്കുമീത്തൽ ശങ്കരൻ മാസ്റ്റർ എന്നിവരും പ്രശസ്ത സ്വാതന്ത്ര്യ സമര സേനാനികളായിരുന്നു. ടി.എൻ. കുഞ്ഞിരാമൻ നായർ 1932ൽ 144 ലംഘിച്ചതുകൊണ്ട് 18 മാസക്കാലവും 1942 ൽ 'ക്വിറ്റ് ഇന്ത്യ' സമരത്തിന്റെ ഭാഗമായി നാദാപുരം മുനിസീഫ് കോടതി പിക്കറ്റ് ചെയ്തതുകൊണ്ട് 6 മാസക്കാലവും ജയിൽ ശിക്ഷ അനുഭവിച്ചത് ആദരപൂർവ്വം സ്മരിക്കുന്നു. ഇപ്പോൾ ജീവിച്ചിരിപ്പുള്ള സ്വാതന്ത്ര്യ സമര സേനാനികളാണ് തയ്യുള്ളതിൽ കൃഷ്ണക്കുറുപ്പും, കിഴക്കയിൽ പി. കുഞ്ഞപ്പ നമ്പ്യാരും. നമ്പ്യാർ ഉപ്പ് സത്യാഗ്രഹത്തിലും കള്ള് ഷാപ്പ് പിക്കറ്റിംഗിലും, വിദേശ വസ്ത്ര ബഹിഷ്കരണം തുടങ്ങിയ മറ്റ് സ്വാതന്ത്ര്യ സമരങ്ങളിലും പങ്കെടുത്ത മഹദ്‌വ്യക്തിയാണ്. 6 മാസക്കാലത്തിലധികം ജയിൽ വാസമനുഭവിച്ചിട്ടുണ്ട്.

രാഷ്ട്രീയ അധികാരമല്ല, സാംസ്കാരിക പ്രഭാവമായിരുന്നു കടത്താനാട് രാജവംശത്തിന്റെ മുഖമുദ്ര. അവർ പൊതുവെ വിദ്വാൻമാരായിരുന്നു. രവിവർമ്മ, ലക്ഷ്മി രാജ്ഞി, ഉദയവർമ്മ, ശങ്കരവർമ്മ, തുടങ്ങിയ

പേരുകൾ ഇക്കൂട്ടത്തിൽ തിളങ്ങി നിൽക്കുന്നു.

പുറമേരിയിലെ സാധാരണക്കാരും, സാംസ്ക്കാരിക രാഷ്ട്രീയ കാര്യങ്ങളിൽ എന്നും സജീവതാൽപര്യം പുലർത്തിപ്പോന്നിട്ടുണ്ട്. പയ്യന്നൂർ ഉപ്പ് സത്യാഗ്രഹത്തിന് ശ്രീ.കെ. കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് നിന്ന് പുറപ്പെട്ട ജാഥക്ക് പുറമേരിയിൽ (1931ൽ) ലഭിച്ച സ്വീകരണത്തിൽ വിദ്യാർത്ഥികളും പരിസരവാസികളും മറ്റുമായി ആയിരക്കണക്കിനാളുകൾ പങ്കുചേർന്നുവെന്ന് ജാഥാഡയരക്ടറായിരുന്ന മൊയാരത്ത് ശങ്കരൻ തന്റെ ആത്മകഥയിൽ അനുസ്മരിക്കുന്നു.

തായമ്പകയുടെയും കഥകളിയുടെയും ഭരതനാട്യത്തിന്റെയും സാന്ദ്രമധുരമായ അനുഭൂതികളോടൊപ്പം ചെണ്ടമേളത്തിന്റെയും, തിറയാട്ടത്തിന്റെയും സംഗീത നാദത്തിന്റെയും താള വീചികളും പുറമേരിയുടെ ധന്യപാരമ്പര്യത്തിന് ഇഴയിടുന്നു. സ്വാതന്ത്ര്യസമര കാലഘട്ടത്തിനു ശേഷവും ഉച്ചനീചത്വങ്ങൾക്കെതിരെയും കൃഷിഭൂമിക്കും മറ്റാനുകൂല്യങ്ങൾക്കും വേണ്ടിയുള്ള ബഹുജന പ്രസ്ഥാനങ്ങളുടെ ഫലമായും സമൂഹത്തിൽ നിരവധി പരിവർത്തനങ്ങളുടെ പരമ്പര തന്നെ സൃഷ്ടിക്കപ്പെട്ടു. ഭൂപരിഷ്കര നിയമത്തിന്റെ ഫലമായി ഫ്യൂഡൽ ജന്മിത്വം പാടെ അപ്രതീക്ഷിതമായി. കടത്തനാട് രാജവംശത്തിന്റെയും നായർ തറവാടുകളുടെയും, ദേവസ്വത്തിന്റെയും വകയായിരുന്ന കൃഷിഭൂമി കുടിയാന്മാർക്കും കുടികിടപ്പുകാർക്കും സ്വന്തമായി ലഭിച്ചു. 1971ലെ ലക്ഷംവീട് പദ്ധതിയിലൂടെ അനവധി കുടുംബങ്ങൾക്ക് അന്തിയുറങ്ങാൻ വീടുകൾ ലഭ്യമായി. വിദ്യാഭ്യാസ-ആരോഗ്യ നിലവാരം ഈ ഗ്രാമത്തിൽ വളരെ ഉയർന്നിട്ടുണ്ട്.

നദീജലം പോലെയാണ് പ്രശ്നങ്ങളുടെ ഒഴുക്കും. പഴയ പല പ്രശ്നങ്ങളും ഒഴുകിപ്പോകുന്നു. പുതിയവ ഒഴുകിയെത്തുന്നു. പുറമേരി ഗ്രാമ പഞ്ചായത്ത് ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രധാനമായും കേരളമനുഭവിക്കുന്ന പ്രശ്നങ്ങൾ തന്നെയാണ്. കാർഷിക മേഖലയുടെ മുരടിപ്പ്, രൂക്ഷമായ തൊഴിലില്ലായ്മ, ഇത് രൂക്ഷമാക്കും വിധം ഗൾഫ് നാടുകളിൽ നിന്നുള്ള തിരിച്ചുവരവ്, വിദ്യാഭ്യാസ ആരോഗ്യ രംഗത്തെ ഗുണനിലവാരത്തകർച്ച അവയിൽ ചിലതു മാത്രം.

## പുറമേരി ഗ്രാമപഞ്ചായത്ത്

### വാർഡുതല ജനസംഖ്യയും മറ്റുവിവരങ്ങളും (അവലംബം : ജനകീയാസൂത്രണ സർവ്വെ, ഒക്ടോ. 1996)

| വാർഡ് | ആകെ | | | പട്ടികജാതി | | വീടുകൾ | വീടുകൾ | | | | | | | | | അന്ധർ | ബധിരർ | മൂകർ | മന്ദബുദ്ധികൾ | മറ്റ് അംഗവൈകല്യമുള്ളവർ | കുടുംബാസൂത്രണം സ്വീകരിച്ചവർ | ടെലിഫോൺ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജനസംഖ്യ | പു | സ്ത്രീ | പു | സ്ത്രീ | ആകെ | വൈദ്യുതീകരിക്കാത്തവ | കുടിവെള്ള ക്ഷാമമുള്ളവ | കക്കൂസില്ലാത്തവ | ഓല | ഓട് | വാർപ്പ് | കൃഷിപ്പ സ്ഥി ഉപയോഗിക്കുന്നവ | ടി. വി. ഉള്ളവ | പച്ചക്കറിത്തോട്ടമുള്ളവ | | | | | | | |
| 1 | 2671 | 1299 | 1372 | 11 | 7 | 502 | 182 | 209 | 123 | 79 | 304 | 112 | 25 | 88 | - | 3 | 4 | 3 | 7 | 8 | 271 | 5 |
| 2 | 2680 | 1316 | 1364 | 20 | 24 | 470 | 213 | 232 | 95 | 95 | 265 | 110 | 79 | 20 | 8 | 1 | 4 | 4 | 3 | 10 | 161 | 13 |
| 3 | 1849 | 951 | 898 | 7 | 7 | 315 | 154 | 113 | 107 | 66 | 187 | 62 | 5 | 39 | 3 | 1 | 3 | 6 | 8 | 9 | 114 | 6 |
| 4 | 2334 | 1173 | 1161 | 31 | 28 | 373 | 141 | 80 | 49 | 76 | 220 | 84 | 9 | 34 | 2 | 3 | 3 | 2 | 9 | 4 | 124 | 5 |
| 5 | 1975 | 986 | 989 | 11 | 9 | 323 | 128 | 114 | 70 | 94 | 147 | 82 | 2 | 17 | 6 | 3 | - | 2 | 10 | 4 | 93 | 8 |
| 6 | 3141 | 1556 | 1585 | 35 | 24 | 529 | 321 | 143 | 128 | 146 | 309 | 90 | 19 | 27 | 7 | 3 | 7 | 3 | 9 | 9 | 167 | 5 |
| 7 | 1558 | 772 | 786 | 10 | 9 | 260 | 137 | 114 | 60 | 80 | 130 | 40 | 3 | 8 | - | 2 | 4 | 3 | - | 7 | 96 | 3 |
| 8 | 1833 | 847 | 886 | 10 | 17 | 330 | 172 | 130 | 61 | 98 | 175 | 64 | 20 | 28 | - | 2 | 2 | 1 | 3 | 7 | 178 | 6 |
| 9 | 2218 | 1161 | 1057 | 59 | 70 | 396 | 335 | 49 | 134 | 141 | 212 | 43 | 13 | 19 | - | - | - | 3 | 1 | - | 192 | 3 |
| 10 | 2131 | 1245 | 886 | 16 | 21 | 405 | 296 | 65 | 127 | 110 | 241 | 54 | 16 | 34 | - | 2 | 3 | 3 | 6 | 9 | 245 | 1 |
| 11 | 2873 | 1453 | 1420 | 19 | 16 | 565 | 476 | 257 | 246 | 254 | 303 | 54 | 13 | 23 | 3 | 3 | 5 | 5 | 8 | 12 | 284 | - |

186

# IV ഭൂപ്രകൃതി

A ഉയർന്ന സമതലം

B ചെരിവ് പ്രദേശം

C സമതലം

D വയൽപ്രദേശം

## A ഉയർന്ന സമതലം

പുറമേരി പഞ്ചായത്തിന്റെ മൊത്ത വിസ്തൃതിയിൽ നല്ലൊരു ഭാഗം ഉയർന്ന സമതലമാണ്. ഈ പഞ്ചായത്തിൽ പൊതുവെ ലാറ്ററൈറ്റ് മണ്ണാണ് കാണാൻ കഴിയുന്നത്. അരൂർ, പെരുമുണ്ടച്ചേരി, പുറമേരി വാട്ടർ ടാങ്ക് പ്രദേശം, രണ്ടാം വാർഡിന്റെ നല്ലൊരു ഭാഗം എന്നിങ്ങനെ ഉയർന്ന പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പാറപ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി കാണാം. മണ്ണൊലിപ്പ് അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങൾ പഞ്ചായത്തിൽ ധാരാളമായി കാണാം. അരൂർ ഒളോർ മാങ്ങ വളരെയേറെ പ്രസിദ്ധമാണ്.

## B ചെരിവ് പ്രദേശം

ഉയർന്ന സമതലങ്ങളെ സമതലവുമായി ബന്ധിക്കുന്ന ചെരിവ് പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. അരൂർ പ്രദേശത്തെ ചെരിവ് സ്ഥലങ്ങളിൽ മറ്റ് ഫലവൃക്ഷങ്ങളോടൊപ്പം കശുമാവും ഒളോർമാവും സമൃദ്ധമായി വളരുന്നു.

## C സമതലം

വിസ്തൃതി ഏറ്റവും കൂടുതൽ സമതല പ്രദേശത്തിനാണ്. സമതല പ്രദേശത്താണ് തെങ്ങ് സമൃദ്ധിയായി വളരുന്നത്. മറ്റ് നാണ്യ വിളകളായി അടക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയും ഇവിടങ്ങളിൽ ധാരാളമായി കൃഷിചെയ്തു വരുന്നു. വയൽ നികത്തുന്നത് കാരണം സമതല പ്രദേശത്തിന്റെ വിസ്തൃതി വർദ്ധിക്കുകയാണ്. ഇവിടങ്ങളിലായി ധാരാളം ഇടവിളകൾ കൃഷി ചെയ്തു വരുന്നു.

## D വയൽ പ്രദേശം

പഞ്ചായത്തിൽ വയൽപ്രദേശം കുറഞ്ഞു വരുന്ന തായിട്ടാണ് കാണുന്നത്. വയൽ നികത്തി പറമ്പാക്കുന്ന അവസ്ഥക്ക് മാറ്റം വരുന്നില്ലെങ്കിൽ ഉള്ള വയലും അപ്രത്യക്ഷമാകും. അതുമൂലം നെല്ലുല്പാദനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ചില പ്രത്യേക അവസരങ്ങളിൽ പലവിധ പച്ചക്കറി കൃഷികളും വയലിൽ നടത്താറുണ്ട്.


**ജലലഭ്യത**

തെക്കുപടിഞ്ഞാറൻ കാലവർഷവും, വടക്കുപടിഞ്ഞാറൻ കാലവർഷവും വഴിയായി കിട്ടുന്ന ജലമാണ് പ്രധാന ജലവിഭവം. മുപ്പത്തിനാലോളം കുളങ്ങളും തോടുകളും വഴിയായി ജലം ലഭ്യമാകുന്നു. പുറമേരിയിലെ ശുദ്ധജല വിതരണ കേന്ദ്രത്തിൽ നിന്ന് പുറത്തുവിടുന്ന മലിനജലം, പുറമേരി 1, 2 വാർഡുകളിലൂടെ സ്ഥിരമായി ഒഴുകുന്നുണ്ട്.

| ഭൂപ്രകൃതിയും ഭൂവിനിയോഗവും | | | | |
|---|---|---|---|---|
| ഭൂപ്രകൃതി | നെൽവയൽ | സമതലങ്ങൾ | ചെരിഞ്ഞ പ്രദേശങ്ങൾ | കുന്നിൻ പ്രദേശങ്ങൾ |
| മൺതരം | പശിമരാശി മണ്ണ് | പശിമരാശി മണ്ണ് | പശിമരാശി മണ്ണ്, പാറക്കല്ല് പാറ കലർന്ന മണ്ണ് | വെട്ടുകല്ല്, പാറക്കല്ല് |
| സസ്യാവരണം | നെല്ല്, പച്ചക്കറി | തെങ്ങ്, ഇഞ്ചി, മഞ്ഞൾ, വാഴ, ഫലവൃക്ഷങ്ങൾ | തെങ്ങ്, ഫലവൃക്ഷങ്ങൾ | തെങ്ങ്, കശുമാവ് |
| പരിസ്ഥിതി പ്രശ്നങ്ങൾ | നീർക്കെട്ട്, | മണ്ണൊലിപ്പ് | പ്രകൃതി സന്തുലിതാവസ്ഥക്ക് ഭീഷണി (കല്ലുവെട്ട്) | മണ്ണൊലിപ്പ് |

*" നമ്മുടെ ഗ്രാമലക്ഷങ്ങളെ സേവിക്കുകയാണ്*
*സ്വരാജിന്റെ ലക്ഷ്യം "*

*-ഗാന്ധിജി*


പുറമേരി പഞ്ചായത്ത്
ഭൂപ്രകൃതി
N
S
റോഡ്
കനാൽ
കുന്നിൻപ്രദേശം
നെൽവയൽ
ചരിഞ്ഞ പ്രദേശം
സമതലങ്ങൾ
തൂണേരി
എടച്ചേരി
എടച്ചേരി
നാദാപുരം
കുന്നുമ്മൽ
കുറ്റ്യാടി
ആയഞ്ചേരി
വേളം
വേളം

# 1 കൃഷിയും ജലസേചനവും

പുറമേരി പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള അരൂർ തുടങ്ങി കിഴക്കു പടിഞ്ഞാറായി മുതുവടത്തൂർ വരെ നീണ്ടു കിടക്കുന്നതും, പെരുമുണ്ടച്ചേരി, എളയാടം, വിലാതപുരം, കുനിങ്ങാട്, പുറമേരി എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതുമായ ഈ ഭൂവിഭാഗത്തിന് (പുറമേരി പഞ്ചായത്ത്) 2193 ഹെക്ടർ വിസ്തീർണ്ണമുണ്ട്.

ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ ജനസംഖ്യ 25263 ആണ്. ഇതിൽ കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരാണ് കൂടുതലും. ചെറിയ കുന്നുകളും ചെരിവുകളും, താഴ്വരകളും, വിശാലമായ സമതലങ്ങളും ഇടകലർന്ന പ്രദേശങ്ങളാണ് അധികവും ഈ പഞ്ചായത്തിലുള്ളത്. നീർക്കെട്ട് പ്രദേശങ്ങൾ ഇവിടെ ഇല്ലെന്ന് തന്നെ പറയാം.

അറിയപ്പെടുന്ന ചരിത്ര വസ്തുതകൾ അനുസരിച്ച് പതിനാലാം നൂറ്റാണ്ടിന് ശേഷമാണ് വ്യാപകമായ തോതിൽ കൃഷി ആരംഭിച്ചത്. കടത്തനാട്ട് രാജാക്കന്മാരുടെ അധീനതയിലായിരുന്നു അധിക ഭൂമിയും. ഭൂമി ഇഷ്ടക്കാർക്കും സ്വന്തക്കാർക്കും വിട്ട് കൊടുത്ത് ഭരണ കർത്താക്കൾ കൃഷി വ്യാപകമാക്കി. പിന്നീട് ഘട്ടം ഘട്ടംമായി മറ്റുള്ളവരിലേക്ക് ഭൂമി കൈമാറ്റം ചെയ്യുന്ന സമ്പ്രദായം നിലവിൽ വന്നു. പ്രധാനമായും അക്കാലത്ത് നെൽകൃഷിയാണ് ഉണ്ടായിരുന്നത്.

ജന്മിത്വത്തിന്റെ ക്രൂരത അനുഭവിച്ചിരുന്ന എത്രയോ കർഷകർ അന്നീ പഞ്ചായത്തിലുണ്ടായിരുന്നു. അതുകൊണ്ടാണ് ഭൂമിയിൽ അധ്വാനിച്ചിരുന്നവർക്ക് അതിന്റെ ഫലം അനുഭവിക്കാൻ കഴിയാതെ പോയത്. ആ സാമൂഹ്യ മാനസിക ചരിത്രം മനസ്സിൽ കണ്ടുകൊണ്ടാണ് ചങ്ങമ്പുഴ 'വാഴക്കുല' എന്ന കൃതി എഴുതിയത്.

പിൽക്കാലത്ത് ഉടമവ്യവസ്ഥിതിയിൽ മാറ്റമുണ്ടാവുകയും ഇടക്കാലത്ത് 'വാരം പാട്ടം' സമ്പ്രദായത്തിലേക്ക് മാറുകയും ചെയ്തു. ഭൂപരിഷ്കരണ നിയമം നടപ്പിലായതോടു കൂടി കൃഷി ഭൂമി കൃഷിക്കാർക്ക് സ്വന്തമായി ലഭിച്ചു. കാർഷിക മേഖല

യിൽ ദൂര വ്യാപകമായ മാറ്റങ്ങൾക്കത് കാരണമായി.

കേരളസംസ്ഥാന ഭൂവിനിയോഗ ബോർഡ് തയ്യാറാക്കിയ 'ലാൻഡ് റിസോർസ് ഓഫ് കേരള' എന്ന പുസ്തകത്തിലെ രേഖകൾ പ്രകാരം ഈ പഞ്ചായത്ത് വടക്കൻ മധ്യ മേഖലയിൽ ഉൾപ്പെടുന്നതായി കാണുന്നു.

ഈ പഞ്ചായത്തിൽ ആകെ 1950 ഹെക്ടർ സ്ഥലമാണ് കൃഷിയോഗ്യമായിട്ടുള്ളത്. ഇതിൽ 1730 ഹെക്ടറിൽ തെങ്ങ് കൃഷിയും 25 ഹെക്ടറിൽ നെൽകൃഷിയും ഉണ്ട്. ബാക്കി ഭാഗങ്ങളിൽ കുരുമുളക്, മരച്ചീനി, കശുമാവ്, കവുങ്ങ്, വാഴ, പയർ, പച്ചക്കറികൾ തുടങ്ങിയവ ഇടവിളയായും തനിവിളയായും കൃഷി ചെയ്തുവരുന്നു. കുറേ ഭാഗങ്ങൾ കൃഷി ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്നു. നെൽകൃഷി ആദായകരമല്ലാത്തതും, പൊതുവെ കൃഷിയിലുള്ള താൽപര്യക്കുറവും, തൊഴിലാളികളുടെ അഭാവവും, മൊത്തത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പൊതുവെ എല്ലാതരം കൃഷികൾക്കും യോജിച്ച പശിമരാശി മണ്ണാണ് ഇവിടെ ഉള്ളത്. കുറച്ചു ഭാഗങ്ങളിൽ ചെങ്കൽ മണ്ണ്, ചെങ്കൽ പാറ, കരിങ്കൽ പാറ തുടങ്ങിയവയും കാണപ്പെടുന്നു.

50 സെന്റിന് താഴെയുള്ള നാമമാത്രമായ കൃഷിക്കാരാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് ഇവിടെ അനുവർത്തിച്ചു പോരുന്നത്. ചുരുക്കം ചില വർഷങ്ങളിൽ, കുംഭം, മീന മാസങ്ങളിൽ കിട്ടുന്ന ഇടമഴ കൃഷിക്ക് വളരെ ഗുണകരമായിത്തീരാറുണ്ട്. 'കുംഭത്തിൽ മഴ പെയ്താൽ കുന്നെല്ലാം ചോറ്' എന്ന ചൊല്ല് ഇവിടെ അർത്ഥവത്താകുന്നു. എന്നാൽ ചില കാലങ്ങളിലുള്ള അതിവൃഷ്ടി കാരണം വിളകൾക്ക് നാശം സംഭവിക്കാറുണ്ട്. കൂടാതെ കാലവർഷത്തിന്റെ താളം തെറ്റലും കൃഷിയെ കാര്യമായി ബാധിക്കുന്നു. മഴ കൂടുതലായി ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് ഇത്. ശരാശരി 3500 മി. മീറ്റർ മഴ ലഭിച്ചു വരുന്നു.

**ജലസേചന സൗകര്യങ്ങൾ**

മുൻപു കാലത്ത് നെൽകൃഷിക്ക് ഉപയോഗപ്രദമായ പല പ്രധാന റോഡുകളും നീർച്ചാലുകളും നികന്നു പോയതു കാരണം ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ചില തോടുകൾ വറ്റാത്തവയും, കൃഷിക്ക് ഉപകരിക്കാത്തതുമാണ്. മാത്രവുമല്ല, പഞ്ചായത്ത് അതിർത്തിയിൽക്കൂടി വറ്റാത്ത ഒരു പുഴയുമൊഴുകുന്നുണ്ട്. കൂടാതെ കൃഷി ആവശ്യത്തിന് ഉപകരിക്കുന്ന ചെറുതും വലുതുമായ 34 കുളങ്ങൾ നിലവിലുണ്ട്. നിലവിലുള്ള കുളങ്ങളെല്ലാം ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ കൂടുതൽ സ്ഥലങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ കൃഷി നടത്തുവാൻ കഴിയും. പുഴയുടെയും തോടുകളുടെയും കരപ്രദേശങ്ങളിൽ, വിപുലമായ തോതിൽ പച്ചക്കറി കൃഷിക്ക് സാധ്യതയുണ്ട്.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി ഈ പ്രദേശത്തുകൂടെ കടന്നു പോകുന്ന കൈക്കനാലുകൾ താഴെ വിവരിക്കുന്നു.

1. വിലാതപുരം ഫീൽസ് ബോത്തി – 1
2. വിലാതപുരം ഫീൽസ് ബോത്തി – 2
3. പുറമേരി ഡിസ്ട്രിബ്യൂട്ടർ.
4. എടച്ചേരി ഡിസ്ട്രിബ്യൂട്ടർ – 800 മീറ്റർ മുതൽ

5. കുമ്മങ്കോട് ഫീൽസ് ബോത്തിയുടെ അവസാന ഭാഗം

6. തൂണേരി ബ്രാഞ്ച് കനാലിന്റെ 0/500 കി. മീറ്റർ മുതൽ 2/500 മീ. വരെയുള്ള ഭാഗം.

കുറ്റ്യാടി കനാലിന്റെ ഭാഗമായ പ്രധാന കനാൽ അരൂരിന്റെ വടക്ക് ഭാഗത്തുകൂടെ കടന്നുപോകുന്നുണ്ടെങ്കിലും, ആ ഭാഗത്തുള്ളവർക്ക് പ്രയോജനകരമാകുന്നില്ല. വേളം ബ്രാഞ്ച് കനാൽ അരൂരിന്റെ കിഴക്കു ഭാഗത്തുകൂടി കടന്നുപോകുന്നുണ്ടെങ്കിലും അരൂർ ഭാഗങ്ങളിൽ കൃഷിക്ക് ഉപയോഗപ്പെടുന്നില്ല. പല ഭാഗങ്ങളിലുമുള്ള ചോർച്ച കാരണം പച്ചക്കറി കൃഷിക്കും, തെങ്ങ് കൃഷിക്കും ദോഷം ചെയ്യുന്നുമുണ്ട്.

കൈക്കനാലുകൾ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല. അവയെല്ലാം കേടുപാടുകൾ തീർത്ത് വിവിധ വിളകൾക്ക് ഉപകരിക്കുന്ന വിധത്തിൽ പ്രവർത്തിപ്പിക്കണം. കൂടാതെ പെരുമുണ്ടച്ചേരി ഡിസ്ട്രിബ്യൂഷൻ കൈക്കനാൽ ഇപ്പോൾ ജലസേചന യോഗ്യമല്ല. കേടുപാടുകൾ തീർത്ത് പ്രയോജനപ്പെടുത്തിയാൽ 50 ഏക്കർ നെൽകൃഷിയും, 5 ഏക്കർ പച്ചക്കറിയും കൂടുതലായി കൃഷി ചെയ്യാൻ കഴിയും.

**ഭൂവിനിയോഗം** :- പഞ്ചായത്തിൽ ആകെ 2193 ഹെക്ടർ ഭൂമിയാണ് ഉള്ളത്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക - 1

| ഇനം | വിസ്തീർണ്ണ |
|---|---|
| 1. നിലം | 25 ഹെക്ടർ |
| 2 പുരയിടം | 165 ഹെക്ടർ |
| 3. പുറംപോക്ക് | 37.6 ഹെക്ടർ |
| 4. കൃഷിയോഗ്യ ഭൂമി | 1950.4 ഹെക്ടർ |
| 5. കൃഷിയോഗ്യമല്ലാത്ത തരിശ് | 15 ഹെക്ടർ |
| ആകെ | 2193 ഹെക്ടർ |

## നെല്ല്

നമ്മുടെ പ്രധാന ഭക്ഷണം അരിയാണെങ്കിലും അതിനാവശ്യമായ നെല്ല് ഉല്പാദനം കേരളത്തിൽ പൊതുവെ കുറഞ്ഞു വരികയാണല്ലോ? നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളവും വളരെ ശരിയായ വസ്തുതയാണിത്. പത്ത് വർഷങ്ങൾക്ക് മുമ്പിൽ 145 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ കേവലം 25 ഹെക്ടറിൽ ഒതുങ്ങി നിൽക്കുകയാണ്. ഇപ്പോൾ ആറിൽ ഒരു ഭാഗമായി കുറഞ്ഞിരിക്കുകയാണ്. മുൻപ് കാലത്ത് കാര്യമായ തോതിലുള്ള നെൽകൃഷിയും, ഉഴവുകാളകളും, വലിയ പുല്ലരിക്കൂനകളും തറവാടിന്റെ അന്തസ്സായിരുന്നു. എന്നാൽ അടുത്ത കാലത്ത് നെൽകൃഷി ശല്യമായി മാറിയിരിക്കുകയാണ്. അങ്ങനെയാകാൻ പാടില്ലായിരുന്നു.

നെൽകൃഷി അനാദായകരമായതിനാൽ പാടങ്ങൾ നികത്താൻ കർഷകർ നിർബന്ധിതരാകുന്നു. നെൽകൃഷി ലാഭകരമാകുന്നില്ല. കൃഷിച്ചെലവ് കൂടുന്നു - ജലക്ഷാമവും വളങ്ങളുടെ വില കൂടുതലും ഇതിന് കാരണമായിത്തീരുന്നു. മൊത്തത്തിൽ ചെലവാക്കുന്ന തുകയുടെ അത്രപോലും വിളവ് കിട്ടുന്നില്ല എന്നതാണ് നെൽകൃഷിക്കാരന്റെ പരാതി.

മൂന്ന് വിളകൃഷി ചെയ്യുവാൻ പറ്റിയ പാടങ്ങ

ളിൽത്തന്നെ ഒരു വിള മാത്രം (മുണ്ടകൻ) കൃഷി ചെയ്തു വരുന്ന പ്രവണത കണ്ടുവരുന്നു. ഇതുകൊണ്ട് കർഷകന് ആദായം കുറഞ്ഞാലും, കൂലിയിനത്തിലും മറ്റും മെച്ചം കിട്ടുന്നു. ഈ കൃഷിരീതിയിൽ 2–3 പ്രാവശ്യം തലയരിഞ്ഞു പശുക്കൾക്ക് (പുല്ല്) കൊടുക്കാൻ കഴിയുന്നു.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയും, പ്രത്യേകിച്ച് ജോലിക്കാരെ ലഭിക്കാത്തതുകൊണ്ടും മൊത്തത്തിൽ പ്രശ്നങ്ങളായി. അതുകൊണ്ട് വളരെ പരിമിതമായിക്കൊണ്ടിരിക്കുന്ന നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ സ്ഥിര സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രദേശങ്ങളിലൂടെ പോകുന്ന കനാലുകളിലെ വെള്ളം പരമാവധി ഉപയോഗപ്പെടുത്തി 3 വിള കൃഷിയെടുക്കുവാൻ സൗകര്യമുണ്ടാക്കണം. അതതു പ്രദേശത്തേക്ക് യോജിച്ച തരം വിത്തുകളും, വളങ്ങളും തക്ക സമയത്ത് സൗജന്യമായി നൽകി നെൽകൃഷിക്കാരെ ഇതിലേക്ക് ആകർഷിക്കണം. നെൽകൃഷിയെ ബാധിക്കുന്ന കീടങ്ങളെയും രോഗങ്ങളെയും ഇല്ലായ്മ ചെയ്യാൻ ആവശ്യമായ സത്വരവും, നിദാന്തവുമായ ശ്രദ്ധ കൃഷിഭവനിൽ നിന്നുണ്ടാകണം. നെൽ വയലുകൾക്ക് തണലുണ്ടാകുന്ന വിധത്തിൽ വയൽ നികത്തുകയും, മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുന്നതിനാൽ അടുത്ത കൃഷിയുടമസ്ഥന് ദോഷം ചെയ്യുകയും, വിളവ് ഗണ്യമായി കുറയുകയും, നികത്താൻ നിർബന്ധിതനാവുകയും ചെയ്യുന്നു. ഈ നില മാറണം.

**തെങ്ങ് കൃഷി :** നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രധാനം തെങ്ങ് കൃഷിയാണ്. 1730 ഹെക്ടറിൽ തെങ്ങ് കൃഷി നടത്തിവരുന്നു. നേരത്തെ നല്ല ഫലപുഷ്ടിയും അനുകൂല കാലാവസ്ഥയും കാരണം നല്ല വിളവ് ലഭിച്ചിരുന്നു. എന്നാൽ ഈ സ്ഥിതി ആകെ മാറിയിരിക്കുന്നു. എണ്ണത്തിൽ തെങ്ങ് കൂടുതൽ ഉണ്ടെങ്കിലും ഉല്പാദിപ്പിക്കുന്ന തേങ്ങയുടെ എണ്ണം വളരെ കുറവാണ്. ശരാശരി ഒരു തെങ്ങിൽ നിന്നും 40 തേങ്ങ പോലും ലഭിക്കുന്നില്ല. അധ്വാനത്തിനനുസരിച്ച് വിളവ് ലഭിക്കുന്നില്ല. കേര കർഷകരെ നിരാശരും അലസരുമാക്കി മാറ്റുന്നു. തേങ്ങ ഉല്പാദനം കൂട്ടാൻ അടിയന്തിരമായി ചില കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ജലസേചന സൗകര്യം വ്യാപകമായ തോതിൽ ലഭ്യമാക്കണം. ഉയർന്ന സ്ഥലങ്ങളിൽ ഈ ആവശ്യകത ഏറ്റവും വർദ്ധിക്കുന്നു. കുടിക്കാൻ പോലും വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ ജലസേചനത്തിന് വെള്ളം ലഭ്യമാക്കുക വളരെയേറെ പ്രയാസമുള്ളതും സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതുമാണ്. എങ്കിലും ഈ കാര്യത്തെ ലാഘവ ബുദ്ധിയോടെ കാണരുത്. പഞ്ചായത്തിലെ ഉയർന്ന സ്ഥലങ്ങളിൽ വ്യാപകമായ തോതിൽ തെങ്ങ് കൃഷിയുണ്ട്. അതുകൊണ്ട് തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി ജലസേചന സൗകര്യം സ്ഥിരമായി ലഭ്യമാക്കാൻ യോജിച്ച സൗകര്യങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. കുളങ്ങൾ മറ്റ് ജലാശയങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗപ്പെടുത്താം.

മറ്റൊരു പ്രശ്നം ജൈവവള ലഭ്യതക്കുറവാണ്. കാലി സമ്പത്ത് ശോഷിക്കുന്നതോടൊപ്പം ജൈവവള ലഭ്യത കാലികളെ സംരക്ഷിക്കുന്നതിനുള്ള ചെലവ്

വർദ്ധിച്ചു വരുന്നതുകൊണ്ട് ചാണകത്തിന്റെ വിലയും ക്രമാതീതമായി വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി ജൈവവളം പ്രയോഗിക്കുവാൻ സാമ്പത്തിക പ്രയാസത്തിലകപ്പെട്ടിരിക്കുന്ന കർഷകന് സാധിക്കുന്നുമില്ല. കാർഷിക വൃത്തി കാര്യമായി സ്വീകരിച്ചിട്ടുള്ളവർക്ക് കാലി വളർത്തുന്നതിന് പ്രോത്സാഹനം നൽകുകയും അതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും വേണം. മണ്ണിന്റെ അവസ്ഥയെക്കുറിച്ച് മഹാഭൂരിപക്ഷം കർഷകരും അജ്ഞരാണ്. അതുകൊണ്ട് മണ്ണ് പരിശോധന നടത്തിക്കൊണ്ടുള്ള വളപ്രയോഗം തന്നെ നടത്താൻ കർഷകരെ ബോധവൽക്കരിക്കണം. അതിനാൽ മണ്ണ് പരിശോധന സാമ്പത്തിക തലത്തിൽ സാർവത്രികമായി നടപ്പിലാക്കണം. ശാസ്ത്രീയമായ രീതിയിൽ രാസവളപ്രയോഗം നടത്തുന്നതിനുള്ള പരിജ്ഞാനം കർഷകർക്ക് ലഭ്യമാക്കണം.

കർഷകത്തൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ട് ഒരു പ്രധാന പ്രശ്നം തന്നെ. മാത്രവുമല്ല കർഷകത്തൊഴിലാളികളുടെ ആത്മാർത്ഥതയോടു കൂടിയ സേവന സന്നദ്ധതയും കാർഷിക അഭിവൃദ്ധിക്ക് അത്യാവശ്യമാണ്.

മനുഷ്യ പ്രയത്നം കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് പകരം നിർമ്മാണ രംഗത്തേക്ക് മാറിപ്പോകുന്ന സ്ഥിതിയാണ് ഇന്ന് കാണുന്നത്. അത് മാറ്റിയെടുത്ത് കാർഷിക വൃത്തിയോടുള്ള താൽപര്യം വളർത്തിയെടുക്കുവാനും ബോധപൂർവവും ആത്മാർത്ഥവുമായ ശ്രമം ആവശ്യമാണ്. സൃഷ്ടിപരമായ കാർഷിക മനോഭാവം നാം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അതിനായുള്ള കൂട്ടായ ശ്രമം ഉണ്ടാവേണ്ടതുണ്ട്.

കുരുമുളക്, കവുങ്ങ്, കശുമാവ്, മരച്ചീനി, വാഴ, മാവ്, പച്ചക്കറികൾ തുടങ്ങിയ കൃഷികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ശാസ്ത്രീയമായ രീതിയിൽ പരിചരിക്കപ്പെടുന്നില്ല. ശാസ്ത്രീയമായ രീതിയിലുള്ള വളങ്ങൾ ലഭ്യമാവുന്നുമില്ല.

കുരുമുളക് കൃഷിക്കുണ്ടാവുന്ന ധ്രുതവാട്ടരോഗം കാലേക്കൂട്ടിയുള്ള പരിചരണത്തിലൂടെ ഇല്ലാതാക്കാൻ കഴിയും. പക്ഷെ, കൃഷിക്കാർക്ക് ഈ വക സൗകര്യങ്ങളൊന്നും ഉപയോഗപ്പെടുത്താനുള്ള ശരിയായ അറിവില്ല. നല്ലൊരു ഭാഗം കുരുമുളക് വള്ളികൾ നമ്മുടെ പഞ്ചായത്തിൽ നശിച്ചുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമുണ്ടാവണം.

കശുമാവ് കൃഷി 5 ഏക്കർ സ്ഥലത്ത് പഞ്ചായത്തിലുണ്ട്. ഇനിയും കൂടുതൽ സ്ഥലങ്ങളിൽ കശുമാവ് വെച്ചു പിടിപ്പിക്കുവാൻ പറ്റിയ സൗകര്യങ്ങൾ നിലവിലുണ്ട്. എന്നാൽ അത്തരം കാര്യങ്ങളിലുള്ള താൽപര്യക്കുറവ് പ്രധാനം തന്നെ. അമ്പിളിക്കുന്ന്, മലയാടപ്പൊയിൽ തുടങ്ങിയ ഭാഗങ്ങളിൽ ഈ കൃഷി വ്യാപിക്കാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അണ്ടിപ്പരിപ്പിന്റെ വിലയും ആ മേഖലയിലെ തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങളും മനസ്സിലാക്കിക്കൊണ്ടുള്ള ശ്രദ്ധ ആ കൃഷിക്ക് കൊടുക്കുന്നില്ല എന്നതാണ് സത്യം. കശുമാവ് ഇഷ്ടംപോലെ 'വിളവ് തന്നോട്ടെ' എന്ന രീതിയിലുള്ള സമീപനമാണ് ഈ രംഗത്ത് കാണാൻ കഴിയുന്നത്. കശുമാവ് പൂക്കാനും അത് നിലനിർത്താനും, വിളവ് വർദ്ധിപ്പിക്കാനും ആവശ്യമായ പരിചരണങ്ങൾ ലഭിക്കുന്നില്ല. കശുമാവിന് പ്രത്യേ

കമായി വളപ്രയോഗം നടത്തുന്ന പതിവ് ഇല്ല. ഈ നില മാറണം. തെങ്ങിനും മറ്റും ചെയ്യുന്നതുപോലെ പ്രത്യേകമായ ശ്രദ്ധയും പരിചരണവും നൽകി ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

വാഴ കൃഷി നമ്മുടെ പഞ്ചായത്തിൽ 5 ഹെക്ടർ സ്ഥലത്തുണ്ട് നേന്ത്രവാഴ, നാടൻ ഇനങ്ങളിൽ 'പെട്ട മൈസൂർ, കദളി, മണ്ണൻ, പൂവൻ തുടങ്ങിയ ഇനങ്ങൾ ഇടവിളയായും തനിവിളയായും കൃഷി ചെയ്യാറുണ്ടായിരുന്നു. നാടൻ വാഴകൾക്ക് വളപ്രയോഗമോ, പരിചരണങ്ങളോ, കൊടുക്കാറില്ല. എന്നാൽ മൈസൂർ പൂവൻ തുടങ്ങിയ നാടൻ ഇനങ്ങൾ ഇപ്പോൾ ഇല്ല എന്നുതന്നെ പറയാം. ബാക്കിയുള്ളവ കുറുനാമ്പ് രോഗം ബാധിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ അരൂർ ഭാഗങ്ങളിൽ ഒരു പ്രത്യേക തരം മാവ് കൃഷി ചെയ്തു വരുന്നു. 'അരൂർ ഒളോർ' മാങ്ങ വളരെ പ്രസിദ്ധമാണ്. ആ മാങ്ങ അനുഭവിച്ചവരുടെ മനസ്സിൽ നിന്ന് അതിന്റെ മാധുര്യം ഒരിക്കലും മാഞ്ഞു പോവുകയില്ല. അത്രയും സ്വാദും ഭംഗിയുമുള്ള ഇനം മാങ്ങ വേറെ ഉണ്ടോ എന്ന് സംശയമാണ്. ഇവിടുത്തുകാർക്ക് മാവിൽ നിന്ന് പ്രതിവർഷം നല്ലൊരു ആദായം ലഭിക്കുന്നു. ഈ കൃഷിക്കും പ്രത്യേകമായി വളപ്രയോഗമോ, പരിചരണ മുറകളോ ചെയ്തു വരുന്നില്ല. പച്ചക്കറി കൃഷി നമ്മുടെ പഞ്ചായത്തിൽ മുൻപ് കാലത്ത് വളരെ പ്രധാനമായിരുന്നു. മകരക്കൊയ്ത്തിനു ശേഷം വയലുകളിലും പുഴയോരങ്ങളും പച്ചക്കറി കൃഷി പ്രത്യേകിച്ച്, വെള്ളരി കൂട്ടായി കൃഷി ചെയ്തിരുന്നു. അക്കാലത്ത് കുറുക്കൻമാരുടെ ശല്യം ഒഴിവാക്കാൻ വേണ്ടി പന്തൽ കെട്ടി പല കലാപാരിപാടികളും (വെള്ളരി നാടകങ്ങൾ) നടത്തി ഉറക്കമൊഴിഞ്ഞ് കാവലിരിക്കുന്ന പതിവുണ്ടായിരുന്നു. വിളവെടുപ്പ് കഴിഞ്ഞാൽ വീടുകളിൽ വെള്ളരിക്ക തൂക്കിയിടുകയും മാസങ്ങളോളം സൂക്ഷിക്കുകയും ചെയ്തിരുന്നു. 'നാഴിയരിയും വെള്ളരിയും' എന്ന് പഴമക്കാർ പറയാറുണ്ടല്ലോ.

ഭൂപരിഷ്കരണ നിയമത്തിനു ശേഷം വയലുകൾ നികത്തിത്തുടങ്ങിയപ്പോൾ പച്ചക്കറി കൃഷിയും പിന്നോക്കാവസ്ഥയിൽ ആയി, വയൽ നികത്തി മറ്റ് കൃഷികൾ നടത്താൻ തുടങ്ങിയതോടെ പച്ചക്കറികൃഷി വഴിമാറിക്കൊടുക്കേണ്ടി വന്നു.

പഞ്ചായത്തിൽ മുൻപ് കാലത്ത് പറമ്പുകളിൽ ഇടവിള കൃഷികളായി കിഴങ്ങ് വർഗ്ഗത്തിൽ പെട്ട മരച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ്, ചെറു കിഴങ്ങ്, കൂർക്കൽ തുടങ്ങിയവയും കൃഷി ചെയ്തിരുന്നു. അരിയുടെ ലഭ്യതയിലുണ്ടാവുന്ന കുറവ് നികത്തിയെടുക്കാൻ കിഴങ്ങ് വർഗ്ഗങ്ങൾ സഹായിക്കുന്നു. ഇവയുടെ കൃഷിയും ഇപ്പോഴില്ല എന്നു തന്നെ പറയാം. ഇത്തരം കൃഷികൾ ഇടവിളയായി ചെയ്യാൻ പറ്റിയ മണ്ണും കാലാവസ്ഥയുമാണ് ഇവിടെ. അരിയുടെ ഉപയോഗം ഒരളവുവരെ കുറക്കാൻ കഴിയുന്ന കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

**ജൈവ സമ്പത്ത്**

പഞ്ചായത്തിൽ വിപുലമായ സസ്യ സമ്പത്ത് നിലവിലുണ്ട്. 1730 ഹെക്ടർ സ്ഥലത്തുള്ള തെങ്ങ് കൃഷിയും മാവ്, പ്ലാവ്, കവുങ്ങ്, കശുവാവ് തുടങ്ങിയ കൃഷികളും, കന്നുകാലികളും, ആടുമാടുകളും ജൈവസമ്പത്തിനു

മുതൽക്കൂട്ടാണ്. അരൂർ മലയാടപൊയിൽ കുന്നിൻ ഭാഗങ്ങളിൽ ചന്ദനം തുടങ്ങിയ ഔഷധച്ചെടികൾ ധാരാളം കണ്ടുവരുന്നു.

**മനുഷ്യ വിഭവങ്ങൾ**

| | |
|---|---|
| ജനസംഖ്യ | 25,263 |
| സ്ത്രീകൾ | 12,859 |
| പുരുഷന്മാർ | 12,404 |

ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ടു നടത്തിയ സർവ്വെയിൽ നിന്ന് ലഭിച്ച കണക്കുകളാണ് ഇവിടെ ഉദ്ധരിച്ചത്.

കാർഷിക മേഖലയിൽ മനുഷ്യ അധ്വാനത്തിന്റെ കുറവ് ഇന്ന് പ്രകടമായി കണ്ടുവരുന്നു. കാർഷിക മേഖലയുടെ ത്വരിതഗതിയിലുള്ള പുരോഗതിക്ക് മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ അതിന് സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മുൻപുകാലത്ത് നെൽകൃഷിയോട് ആഭിമുഖ്യമുള്ള സ്ഥിതിയായിരുന്നു. എന്നാൽ ഇപ്പോൾ മറ്റെന്തിനോട് ആഭിമുഖ്യമുണ്ടായാലും കൃഷിയിൽ താൽപര്യം വളരെ കുറവാണ്. സ്വന്തം വീട്ടുവളപ്പിൽ തന്നെ പച്ചക്കറികൾ ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ അധികവും കടകമ്പോളങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കുവാൻ താൽപര്യം കാണിക്കുന്നു.

കാർഷിക അഭിവൃദ്ധിക്കായി ഒട്ടേറെ കാര്യങ്ങൾ കൃഷി വകുപ്പ് മുഖേനെ ചെയ്തു വരുന്നുണ്ട്. കാർഷിക മേഖലയിൽ നൂതന കാർഷിക ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ജവസേചന മേഖലയും മുൻപ് ഉണ്ടായിരുന്നതിനേക്കാൾ വളരെ മെച്ചപ്പെട്ട നിലയിലാണ്. കൃഷിഭവൻ മുഖേന കർഷകർക്ക് കിണറുകൾ കുഴിക്കുന്നതിനും, പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും, ധനസഹായം അനുവദിച്ചുവരുന്നു. കാർഷിക മേഖലയിൽ പുതിയ തരം അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുകൾ, വിത്തിനങ്ങൾ തുടങ്ങിയവ പ്രചരിച്ചു വന്നതോടെ ഗണ്യമായി ഉല്പാദനം വർദ്ധിക്കുവാൻ ഇടയായി. സാർവ്വത്രികമായി ജലസേചന സൗകര്യം ലഭ്യമാകുന്നില്ല. കാരണം, വൈദ്യുതിയുടെ അപര്യാപ്തത തന്നെ. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യതയുടെ കുറവും അനുഭവപ്പെടുന്നു.

ധാരാളം വിപണന സാധ്യതകളുള്ള പൂക്കളുടെ പ്രത്യേകിച്ചും, മുല്ലപ്പൂവിന്റെ ആവശ്യം ദൈനംദിനം വർദ്ധിച്ച് വരികയാണ്. ഇതിന് പൂർണ്ണമായും, അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പൂക്കൂടകളെയാണ് ആശ്രയിച്ചിരിക്കുന്നത്. നമ്മുടെ പ്രദേശത്ത് തന്നെ ഇത്തരം കൃഷി ചെയ്യാനുള്ള സാഹചര്യങ്ങൾ ഉണ്ടായാൽ പോലും അതിനാരും തയ്യാറാകുന്നില്ല.

കാർഷിക മേഖലയിൽ ശാസ്ത്രീയമായ പുരോഗതി വളരെയേറെ ഉണ്ടായിട്ടുണ്ടെങ്കിലും, അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കാർഷിക അഭിവൃദ്ധി അനുഭവത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. അതുകൊണ്ട് കാർഷിക മേഖലയിൽ തികച്ചും ഗുണകരമായ മാറ്റം കൊണ്ടുവരുന്നതിന് സഹായിക്കുന്ന ഒരു കാർഷിക സംസ്ക്കാരം വളർത്തിയെടുക്കേണ്ടാതായിട്ടുണ്ട്. അതിനായി നമുക്ക് കൂട്ടായി പരിശ്രമിക്കാം.

**കാർഷിക മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ :-**

കഴിഞ്ഞ 3 വർഷക്കാലത്ത് കൃഷിഭവൻ മുഖേന വിതരണം നട

ത്തിയ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെയും വിത്തുകളുടെയും വിവരങ്ങൾ. ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക-2

**നടീൽ വസ്തു വിതരണ പദ്ധതിക്ക് പുറമെ :**

1. കൂട്ടുനെൽകൃഷി 2 പാടശേഖരങ്ങളിൽക്കൂടി 12 ഹെക്ടർ
2. നെൽകൃഷിക്ക് ഉല്പാദന ബോണസ്സ് - നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെക്ടറിന് 250 രൂപ തോതിൽ സഹായം നൽകിവരുന്ന പദ്ധതിയാണ് ഇത്. 25 ഹെക്ടർ സ്ഥലത്തേക്ക് സഹായം അനുവദിച്ചിരുന്നു.
3. ജനകീയ പങ്കാളിത്തത്തോടെ ജൈവവള നിർമ്മാണ പദ്ധതി - കർഷക പരിശീലനം നടത്തി ജൈവവളം നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകിവരുന്നതിനുള്ള പദ്ധതിയാണ്ഇത്. അതിൽ 25 രൂപ വീതം സഹായം നൽകിയിരുന്നു.
4. സംയോജിത സുഗന്ധവിള വികസന പദ്ധതി. ഈ പരിപാടി അനുസരിച്ച് ഇഞ്ചി, മഞ്ഞൾ, കുരുമുളക്, എന്നീ കൃഷികളുടെ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ഇത്തരം കൃഷികൾ വ്യാപിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി ഒരു ഹെക്ടർ സ്ഥലത്ത് മഞ്ഞൾ, ഇഞ്ചി എന്നീ കൃഷികൾക്ക് പ്രോത്സാ

നടീൽ വസ്തു വിവരം

| ക്രമ നമ്പർ | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. | തെങ്ങിൻ തൈകൾ | 695 | 845 | 600 |
| 2. | കശുമാവ് തൈകൾ | — | 320 | — |
| 3. | വേരു പിടിപ്പിച്ച കുരുമുളക് | 3000 | 5600 | 6000 |
| 4 | മംഗള കവുങ്ങിൻ തൈകൾ | 400 | 100 | 300 |
| 5. | വാഴക്കന്നുകൾ | 2020 | — | 150 |
| 6 | നെല്ല് വിത്ത് (കിലോ) | 420 | 630 | 90 |
| 7. | പയർ വിത്ത് | 155 | 80 | 100 |
| 8. | എള്ള് വിത്ത് | — | 20 | — |
| 9. | ജാതിക്ക തൈകൾ | 60 | 65 | — |
| 10. | ഗ്രാമ്പൂ തൈകൾ | — | 40 | 50 |
| 11. | ഒട്ടുപ്ലാവ് തൈകൾ | 5 | 30 | 48 |
| 12. | ഒട്ടുമാവ് തൈകൾ | 32 | 71 | 48 |
| 13. | സപ്പോട്ട തൈകൾ | 5 | 5 | 15 |

| | | | | |
|---|---|---|---|---|
| 14 | പേര | 5 | 20 | 20 |
| 15. | പോഗ്രനൈറ്റ് | 5 | 50 | 5 |
| 16. | ചാമ്പക്ക | 5 | 70 | 10 |
| 17. | കൊടമ്പുളി | 5 | — | — |
| 18. | മാങ്കോസ്റ്റിൻ | 5 | — | — |
| 19. | ചെറി | 5 | — | — |
| 20. | നാരകം | — | 50 | — |
| 21. | പച്ചക്കറി വിത്ത് (പേക്കറ്റുകൾ) | 882 | — | — |
| 22. | പൊതു വിതരണം + സ്ക്കൂൾ കുട്ടികൾക്കുള്ളവ | 750 | 1460 | 980 |
| 23. | ഇഞ്ചി വിത്ത് മിനി കിറ്റ് | 10 | — | — |
| 24 | ചേമ്പ്, ചേന, കാച്ചിൽ വിളകൾ (20 കിലോ) | 12 | — | 20 |

ഹനമായി വിത്തിനും വളത്തിനും, സഹായം അനുവദിച്ചുവരുന്നു.

5. കുരുമുളകിന്റെ ധ്രുതവാട്ടത്തിനെതിരെയുള്ള നിയന്ത്രണപദ്ധതി –

കുരുമുളക് കൃഷിയുടെ വാട്ടരോഗം നിയന്ത്രിക്കുന്നതിനു വേണ്ടി 10 ഹെക്ടർ സ്ഥലത്തേക്ക് ചുവട്ടിൽ ഒഴിച്ചുകൊടുക്കുന്നതിനും മരുന്നുകൾ സൗജന്യമായി നൽകിവരുന്നു.

6. പയർ കൃഷി വികസന പദ്ധതി. ഈ പദ്ധതിയനുസരിച്ച് ജീവാണു വളം, വിത്ത്, കീടനാശിനി എന്നിവ കർഷകർക്ക് നൽകി പയർ കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ദേശീയ പയർകൃഷിയനുസരിച്ചും പ്രോത്സാഹനങ്ങൾ നൽകിയിരുന്നു.

7. സ്ക്കൂൾ കുട്ടികൾക്ക് വീടുകളിൽ പച്ചക്കറി ഉല്പാദനം പദ്ധതി

സ്ക്കൂൾ കുട്ടികൾക്ക് പച്ചക്കറി കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്ന പരിപാടിയനുസരിച്ച് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും സ്ക്കൂൾതലത്തിൽ വിദ്യാർത്ഥികളുടെയിടയിൽ പ്രോത്സാഹന സമ്മാനങ്ങൾ നൽകി വരികയും ചെയ്യുന്നു.

8. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ പദ്ധതി

ഈ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി വാഴകൃഷിക്ക് കൂട്ടായും വ്യക്തിതലത്തിലും സഹായങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്നു.

9 ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതി. ഈ പരിപാടിയനുസരിച്ച് 87 പേരാണുള്ളത്. ഇതിൽ തെരഞ്ഞെടുത്ത 2 കർഷ

കർക്ക് കുറ്റിമുല്ല കൃഷി ചെയ്യുന്നതിന് സഹായ നിരക്കിൽ തൈകൾ വിതരണം ചെയ്തിരുന്നു.

10. വിള ഇൻഷൂറൻസ് പദ്ധതി

ഈ പരിപാടിയനുസരിച്ച് ഇതുവരെ 86 കർഷകർ അവരുടെ തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ വിളകൾക്ക് ഇൻഷൂർ ചെയ്തിരുന്നു. കഴിഞ്ഞ കാലവർഷത്തിൽ നാശം സംഭവിച്ച 4 പേർക്ക് ഈ പരിപാടിയനുസരിച്ച് ആനുകൂല്യത്തിന് അർഹതയുണ്ട്.

11. പച്ചിലവള വിതരണം.

ജൈവ വളപ്രയോഗത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് കൃഷിയിടങ്ങളിൽ പച്ചിലവളകൃഷി നടത്തി കൂടുതലായി പച്ചിലവളമുണ്ടാക്കി കൃഷിക്ക് ഉപയോഗപ്പെടുത്തുന്ന രീതിയാണ് ഇത്. ഇതനുസരിച്ച് 600 കിലോ വിത്ത് സഹായ നിരക്കിൽ കർഷകർക്ക് വിതരണം നടത്തിയിരുന്നു.

12. സസ്യ സംരക്ഷണ മരുന്നുകൾ വിതരണം.

വിവിധ സസ്യരോഗങ്ങളെയും കീടങ്ങളെയും നിയന്ത്രിക്കുന്നതിനാവശ്യമായ സസ്യസംരക്ഷണമരുന്നുകൾ സ്റ്റേറ്റ് ട്രേയിനിങ്ങ് സ്കീമിൽ ഉൾപ്പെടുത്തി സൗജന്യമായും, സഹായനിരക്കിലും വിതരണം നടത്തി.

13. സമഗ്ര നാളികേര വികസന പദ്ധതി

തെങ്ങുകൃഷിയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്നു ആവശ്യമായ ജലസേചന സൗകര്യം ഉണ്ടാക്കുന്നതിന്ന്വേണ്ടി പുതിയ കിണറുകൾ കുഴിക്കുന്നതിന്നും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സഹായധനം നൽകിവരുന്നു. കൂടാതെ മരുന്ന് തളിക്കാനുപയോഗിക്കുന്ന സ്പ്രെയറുകൾ, തെങ്ങുകയറ്റയന്ത്രം, തുടങ്ങിയവയും സഹായനിരക്കിൽ വിതരണം ചെയ്തിരുന്നു. മാത്രമല്ല, പട്ടികജാതിയിൽ പെട്ട ഒരാൾക്ക് കിണർ കുഴിക്കുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്തു.

14. കണിക ജലസേചന പദ്ധതി.

തെങ്ങ് കൃഷിയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലും നിയന്ത്രിത മാർഗ്ഗത്തിലുള്ള ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

15. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

പ്രകൃതിക്ഷോഭം മൂലം വിവിധ വിളകൾക്ക് നഷ്ടം സംഭവിച്ച കർഷകർക്ക് സഹായധനമായി 137 പേർക്ക് 18,642 രൂപ വിതരണം നടത്തി (1996 ജൂൺ മാസത്തിലേത്)

16. മണ്ണ് പരിശോധന :

കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണ് പരിശോധിക്കുന്നതിനുവേണ്ടി സാമ്പിളുകൾ ശേഖരിച്ച് സൗജന്യമായി പരിശോധിച്ച് മണ്ണിന്റെ ഗുണ നിലവാരം മനസ്സിലാക്കാൻ കഴിയും.

17. വിളമത്സര പദ്ധതി.

വിവിധ വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷിക്കാർക്കിടയിൽ വിവിധ വിളകൾക്ക് മത്സരങ്ങൾ സംഘടിപ്പിക്കുകയും, ഏറ്റവും കൂടുതൽ ഉല്പാദിപ്പിച്ച കർഷകന് സമ്മാനം നൽകുകയും ചെയ്യുന്നു.

18. ദേശീയ ബയോഗ്യാസ് വികസന പദ്ധതി.

ഈ പരിപാടിയനുസരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സഹായം അനുവദിച്ചുവരുന്നു.

19. സമഗ്ര ജലസേചന പദ്ധതി.

ജനകീയ പങ്കാളിത്തത്തോടു കൂടി ഉല്പാദന വർദ്ധനവിനു വേണ്ടി കൂട്ടായ ജലസേചന പദ്ധതിയനുസരിച്ച് കുളം നന്നാക്കി പമ്പുസെറ്റുകൾ സ്ഥാപിച്ചു കൃഷിയിടങ്ങളിൽ ജലസേചനം നടത്തുന്ന പരിപാടിയാണ് ഇത്. ഈ പദ്ധതി വിലാതപുരം ഭാഗത്ത് നടപ്പിലാക്കി വരുന്നു - പൂർത്തീകരിച്ചിട്ടില്ല.

20. ഫാം ഹൗസ് നിർമ്മാണം.

നടീൽ വസ്തുക്കൾ ചെടികൾ തുടങ്ങിയവ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഫാം ഹൗസുകൾ നിർമ്മിക്കുന്നതിന് 6500 രൂപ വരെ സഹായധനം നൽകിവരുന്നു.

21. നെൽകൃഷിക്കാർക്ക് വൈദ്യുതി സൗജന്യം.

ഈ പരിപാടിയനുസരിച്ച് നെൽകൃഷിക്ക് ഉപയോഗിക്കുന്നതിന് വൈദ്യുതി സൗജന്യമായി നൽകിവരുന്നു.

22. തെങ്ങിന്റെ കൂമ്പുചീയൽ പദ്ധതി പ്രകാരം തെങ്ങിൻ തൈകൾ സൗജന്യമായി നൽകുകയും ചെയ്തു.

23. പട്ടികജാതി - പട്ടികവർഗ്ഗ കർഷകരുടെ ഇടയിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ പാക്കറ്റും, വളത്തിന്റെ പാക്കറ്റും സൗജന്യമായി വിതരണം ചെയ്തു വരുന്നു.

പുറമേരി പഞ്ചായത്തിന്റെ പ്രത്യേക പദ്ധതി

ഈ പഞ്ചായത്തിൽ ഒരു നൂതന സംരംഭമെന്ന നിലയിലും, പരീക്ഷണമെന്ന നിലയിലും കാലവർഷാരംഭത്തിൽ നെൽകൃഷി പറമ്പുകളിൽ കൃഷി ചെയ്യുന്നതിനു വേണ്ടി 3 കിലോ വീതം 55 കർഷകർക്ക് നെൽവിത്തും, 5 കിലോ വീതം 33 പേർക്ക് ഇഞ്ചി വിത്തും സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. ഇത്തരം സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി കാർഷിക മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയേ തീരൂ.

പ്രശ്നങ്ങൾ

- ജലസേചന സൗകര്യമില്ലായ്മ (ഉയർന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചും) ജലസേചന സൗകര്യത്തിനാവശ്യമായ വൈദ്യുതി ലഭ്യമാകുന്നില്ല.
- മണ്ണ് പരിശോധന നടത്തി വളപ്രയോഗം നടത്തുന്നില്ല.
- ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല
- കൃഷി ലാഭകരമാക്കാൻ കഴിയുന്നില്ല
- ഉല്പാദനച്ചെലവ് വർദ്ധിക്കുന്നു.
- പച്ചക്കറി കൃഷിക്ക് മുന്തിയ പരിഗണന ലഭിക്കുന്നില്ല. പച്ചക്കറി കൃഷി കൂട്ടുകൃഷിരീതിയിൽ നടത്തുന്നില്ല.
- നെൽകൃഷി നഷ്ടമാകുന്ന അവസ്ഥ
- ജൈവവളങ്ങളുടെ ലഭ്യത കുറവ്
- രാസവളങ്ങളുടെ വിലക്കയറ്റം
- കാർഷിക സഹകരണ സംഘങ്ങളും ബാങ്കുകളും കർഷകരുടെ താൽപര്യത്തിനനുസരിച്ച് പ്രവർത്തിക്കുന്നില്ല.

◆വായ്പാ സൗകര്യങ്ങൾ എളുപ്പം ലഭ്യമാകുന്നില്ല.

◆നാട്ടിലെ കുളങ്ങൾ ജലാശയങ്ങൾ എന്നിവയിലെ ജലം കൃഷിക്കായി ഉപയോഗപ്പെടുത്തുന്നില്ല.

◆വിപണന സൗകര്യമില്ലായ്മ

◆കൃഷി നഷ്ടമായതു കാരണം കർഷക തൊഴിലാളികൾ മറ്റു രംഗങ്ങളിലേക്ക് മാറുന്ന പരിതസ്ഥിതി.

◆പുതിയ തലമുറക്ക് കാർഷിക മേഖലയോടുള്ള വിമുഖത.

◆നവീനരീതിയിലുള്ള കൃഷിക്കാരുടെ അജ്ഞത.

◆കൃഷിഭവനിൽ നിന്നും കൃഷിക്കാർക്കാവശ്യമായ സഹായം തക്ക സമയത്ത് ലഭ്യമാകുന്നില്ല.

◆വായ്പകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൃഷിക്കാർക്ക് പ്രയാസങ്ങളുണ്ടാക്കുന്നു.

◆നല്ലതരം വിത്തുകൾ തക്ക സമയത്ത് ലഭിക്കുന്നില്ല.

◆കീടനാശിനികൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

◆പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം ഒഴിവാക്കുക.

◆ഭൂമി തരിശിടുക

◆കൊപ്ര സംസ്ക്കരണത്തിന് പ്രാദേശിക സൗകര്യങ്ങളില്ല.

◆തെങ്ങ്, കവുങ്ങ്, നെല്ല്, കുരുമുളക്, പച്ചക്കറികൾ തുടങ്ങിയ വിളകൾക്ക് വന്നുചേരുന്ന രോഗങ്ങൾ ഫലപ്രദമായി തടയാനുള്ള സൗകര്യക്കുറവ്

◆കാർഷിക യന്ത്രോപകരണങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

◆എലിശല്യം ഉണ്ടാവുന്നു.

◆കാർഷിക മനോഭാവം വളർത്തിയെടുക്കാനുള്ള ബോധവൽക്കരണ കുറവ്.

◆കാലാവസ്ഥയുടെ താളം തെറ്റൽ

◆കന്നിക്കൊയ്ത്ത് സമയത്ത് തുടർച്ചയായുണ്ടാവുന്ന മഴ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. കാലവർഷത്തിന്റെ തുടക്കത്തിലുണ്ടാവുന്ന പ്രകൃതിക്ഷോഭം വാഴകൃഷിയേയും ഏറെ ബാധിക്കുന്നു - ഇതിന് പരിഹാരമുണ്ടോ എന്ന് സംശയമാണ്.

## നിർദ്ദേശങ്ങളും സാധ്യതകളും

### നിർദ്ദേശങ്ങൾ

◆കൃഷിക്കാർക്ക് ജലസേചന സൗകര്യം ലഭ്യമാക്കണം.

◆പ്രവർത്തനക്ഷമമല്ലാത്ത കനാലുകളിലെ വെള്ളം കൃഷിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേണം.

◆കുളം, തോട് എന്നിവയിലെ വെള്ളം കൃഷിക്ക് ലഭ്യമാക്കണം.

◆തോടിന് തടയണകൾ നിർമ്മിച്ച് വെള്ളം തിരിച്ച് വിടണം.

◆നികത്തപ്പെട്ട തോടുകൾ റവന്യൂ പ്ലാൻ അനുസരിച്ച് പുനസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

◆ഉയർന്ന പ്രദേശങ്ങളിൽ വൈദ്യുതി ഉപയോഗപ്പെടുത്തി കിണറുകളിലെ വെള്ളം ടാങ്ക് നിർമ്മിച്ച് ശേഖരിച്ച് കൃഷിക്ക് ഉപയുക്തമാക്കണം.

◆എല്ലാ. കുളങ്ങളിലും പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യമുള്ളവയാക്കണം.

◆കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

◆വടകര-മാഹി കനാലിലെ വെള്ളം കൃഷിക്ക് ഉപകരിക്കത്തക്കവിധത്തിൽ ഏർപ്പാടുകൾ ചെയ്യണം.

◆ആധുനിക രീതിയിലുള്ള ജലസേചന സൗകര്യ

ങ്ങൾ, കണിക ജലസേചനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

◆ പഞ്ചായത്തിൽ സാർവത്രികമായി മണ്ണ് പരിശോധന നടത്തി വളപ്രയോഗം നടത്താനുള്ള നടപടികൾ സ്വീകരിക്കണം.

◆ കാർഷിക സഹകരണ സംഘങ്ങളും ബാങ്കുകളും കർഷകർക്ക് വായ്പ കൊടുക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുക. ഇപ്പോൾ അങ്ങനെ ഉണ്ടാവുന്നില്ല.

◆ ഉല്പന്നങ്ങൾക്ക് ന്യായ വില ലഭിക്കാൻ നടപടികൾ വേണം.

◆ കൊപ്രക്ക് ചുരുങ്ങിയത് 4000 രൂപ താങ്ങുവില നിശ്ചയിക്കുക.

◆ സഹകരണ സംഘങ്ങൾ വഴി ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യമുണ്ടാകണം.

◆ വൈദ്യുതി, വളം, നടീൽ വസ്തുക്കൾ തുടങ്ങിയവ കൃഷിക്കാർക്ക് സൗജന്യമായി ലഭ്യമാക്കണം.

◆ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷി നടത്തി ആദായം വർദ്ധിപ്പിക്കുക.

◆ കൃഷിക്കാരന്റെ ഉല്പാദനച്ചെലവ് കുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

◆ നാളികേര സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

◆ സഹകരണാടിസ്ഥാനത്തിൽ കൊപ്രഡ്രയർ സ്ഥാപിച്ച് കർഷകരെ സഹായിക്കണം.

◆ പച്ചക്കറി കൃഷിക്ക് മുന്തിയ പരിഗണന നൽകണം.

◆ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നിർബന്ധമാക്കണം.

◆ ഒരു വാർഡിൽ 4–5 കേന്ദ്രങ്ങലിൽ കൂട്ടുപച്ചക്കറി കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കണം – അതിനാവശ്യമായ വിത്തുകൾ, വളം തുടങ്ങിയവ സൗജന്യമായി ലഭ്യമാക്കണം.

◆ സഹകരണാടിസ്ഥാനത്തിൽ വിപണന സൗകര്യങ്ങൾ ഉണ്ടാകണം.

◆ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കവറുകൾ കൃഷിസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്ന സമ്പ്രദായം കർശനമായി ഒഴിവാക്കുക.

◆ നെൽകൃഷി നഷ്ടമാകുന്ന അവസ്ഥ മാറ്റണം.

◆ എല്ലാവിധ സൗജന്യ സഹായങ്ങളും നൽകി കർഷകരെ പ്രോത്സാഹിപ്പിക്കണം.

◆ ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കാനുള്ള പദ്ധതി ഉണ്ടാകണം. പച്ചില വിത്തുകളുടെ കൃഷി വ്യാപകമാക്കുക

◆ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക. അതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക.

◆ രാസവളങ്ങൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുക.

◆ വളം ഡിപ്പോ പ്രധാന കേന്ദ്രങ്ങളിൽ അനുവദിക്കുക.

◆ കൃഷിഭവന്റെ സബ് ഓഫീസ് എല്ലാ വാർഡുകളിലും അനുവദിക്കുക.

◆ എല്ലാ വാർഡുകളിലെയും ജനങ്ങൾക്ക് കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഉണ്ടാവണം.

◆ കൃഷിക്കാവശ്യമായ വായ്പകളുടെ മാനദണ്ഡങ്ങൾ ലളിതമാക്കുക

◆ കൃഷി ലാഭകരമാക്കി കൂടുതൽ തൊഴിലവസരങ്ങൾ നൽകി കർഷക തൊഴിലാളികളെ ആകർഷിക്കണം

◆ കൃഷിപ്പണി മാന്യമായ ജോലിയായി അംഗീകരിക്കണം. അതിനുള്ള ബോധവൽക്കരണം നൽകണം.

◆ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയ

മായി ഉൾപ്പെടുത്തണം.

◆കാർഷിക വൃത്തിയെ ക്കുറിച്ചുള്ള ചർച്ചാ ക്ലാസ്സു കളും സെമിനാറുകളും സംഘടിപ്പിച്ച് യുവജന ങ്ങളെ ബോധവാന്മാരാ ക്കണം.

◆ഏറ്റവും നല്ല കർഷക വിദ്യാർത്ഥിക്ക് ഗ്രേസ് മാർക്ക് നൽകി പ്രോത്സാഹി പ്പിക്കുക.

◆വിള മത്സരം സംഘടി പ്പിച്ച് വിജയികൾക്ക് സമ്മാനം നൽകി പ്രോത്സാ ഹിപ്പിക്കുക

◆ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് കൃഷി ക്കാർക്ക് അറിവ് പകരാൻ കൃഷിഭവന്റെ നേതൃത്വ ത്തിൽ സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടി പ്പിക്കുക.

◆നവീന കൃഷി സമ്പ്രദാ യത്തിലുള്ള പുതിയതരം വിത്തുകൾ, ടിഷ്യുകൾച്ചർ തുടങ്ങിയവ പ്രോത്സാഹിപ്പി ക്കുക.,

◆കർഷകർക്ക് യഥാസ മയം വിത്ത്, വളം, കീടനാ ശിനികൾ തുടങ്ങിയവയുടെ ഉപയോഗക്രമങ്ങൾ മന്സി ലാക്കിക്കൊടുക്കുക.

◆കൃഷിക്കാരും കൃഷിഭവ നിലെ ഉദ്യോഗസ്ഥന്മാരും തമ്മിൽ ബന്ധം ശക്തിപ്പെടു ത്തുക.

◆കാർഷിക രംഗത്ത് നാട്ട റിവുകളുടെ ശേഖരണവും, ഗവേഷണവും, ജനപങ്കാളി ത്തത്തോടെ നടപ്പിൽ വരു ത്തുക.

◆ പുഷ്പ കൃഷി,' കൂൺകൃഷി തുടങ്ങിയവ ക്ലബ്ബുകളുടെയും വായനശാ ലകളുടെയും നേതൃത്വ ത്തിൽ നടത്തുന്നതിന് സഹായം അനുവദിക്കുക.

◆പുതിയ നഴ്സറികൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.

◆നല്ലയിനം വിത്തുകൾ നടീൽ വിത്തുകൾ, പഞ്ചാ യത്ത് തലത്തിൽ തന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള സംവിധാന ങ്ങൾ ഏർപ്പെടുത്തുക.

◆ഭൂമി തരിശിടുന്നത് നിരുത്സാഹപ്പെടുത്തണം. തരിശുഭൂമിയിൽ സ്ഥലമുടമ യുടെ പങ്കാളിത്തത്തോടു കൂടി യോജിച്ച കൂട്ടുകൃഷ് ചെയ്യാനുള്ള സൗകര്യമു ണ്ടാക്കണം.

◆കൃഷി സംബന്ധമായ രോഗങ്ങൾ മുൻകൂട്ടി തടയാ നുള്ള മുൻകരുതലുകൾ ഉണ്ടാകണം.

◆നെൽവയലിന്റെ നടുവി ലൂടെ വേണ്ടത്ര ഓവുചാലു കളില്ലാതെ ചെറിയ പാത കൾ ഉണ്ടാക്കുന്നതിനാൽ കൃഷി നശിക്കുന്നു. പരി ഹാരം ഉണ്ടാകണം. ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലെ നെൽകൃഷി 2 വിളയും ഉണ്ടാക്കാൻ കഴിയു ന്നതിന് സഹായിക്കുന്ന കോടഞ്ചേരി അണക്കെട്ടിന് പലകയിട്ട് വെള്ളം തിരിച്ചു വിടണം.

◆കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പി ലാക്കണം

◆പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് പൂർണ്ണമായ നഷ്ടപരിഹാരം നൽകണം.

◆അരൂർ ഭാഗത്ത് 10-11 വാർഡുകളിൽ പെട്ട വയലു കളിൽ വലിയവീട്ടിൽ താഴ, നടക്കുമീത്തൽ പരിസരം, കോട്ട്മുക്കുഭാഗം ഏക ദേശം 25 ഏക്കർ വരുന്ന വിളവുകളിൽ പുഞ്ചകൃഷി പുതുതായി ആരംഭുക്കുന്ന തിനാവശ്യമായ സഹായസ ഹകരണങ്ങൾ ഉണ്ടാവേണ്ടി യിരിക്കുന്നു.

◆ മഴക്കാലത്ത് നെൽകൃഷി കരപ്പറമ്പിൽ ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനങ്ങൾ വിപുല മാക്കണം.

◆മെയിൻ കനാലിന്റെ തരിശു സ്ഥലത്ത് പുൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയവ ചെയ്യാനുള്ള

സഹായം നൽകണം.

◆രോഗം ബാധിച്ച് നശിച്ച് കൃഷികൾക്ക് വിള ഇൻഷൂറൻസ് പദ്ധതിയിൽ കൂടി ഉൾപ്പെടുത്തണം.

◆എലിശല്യം തടയണം

കൃഷിക്ക് വ്യവസായത്തിന്റെ പരിഗണന നൽകണം.

◆കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് വേണ്ടി പുറമേരിയിലും അരൂരിലും ദേശസാൽകൃത ബാങ്കുകൾ സ്ഥാപിക്കുക.

◆ കൃഷിഭവൻ സ്വന്തം കെട്ടിടം പണിത് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

◆ശീമക്കൊന്ന, പൊൻഗാമിയ തുടങ്ങിയ പച്ചിലവള ച്ചെടികൾ പറമ്പിന്റെ അതിർത്തികളിൽ വെച്ച് പിടിപ്പിച്ച് ജൈവവളക്ഷാമം ഒരു പരിധിവരെയെങ്കിലും പരിഹരിക്കുക.

◆ എല്ലാ വീടുകളിലും അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി കംപോസ്റ്റ് കുഴി നിർമ്മിച്ച് ജൈവവള നിർമ്മാണം കൂടുതലാക്കുക.

◆ കാർഷികോല്പന്നങ്ങൾ വിൽക്കുന്നതിനും, വാങ്ങുന്നതിനും ആഴ്ചച്ചന്തകൾ പ്രധാന കേന്ദ്രങ്ങളിൽ ഉണ്ടാക്കുക.

◆വളരെയേറെ ആവശ്യമായി വരുന്ന മുല്ലപ്പൂവ് തുടങ്ങിയവ കൃഷി ചെയ്ത് ലഭ്യമാക്കുക.

◆കശുമാവ് കൃഷി വ്യാപകമാക്കുക. സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

◆കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി വ്യാപകമാക്കുക.

കാർഷിക മേഖലയിൽ സമഗ്ര വികസനം വരുന്നതോടു കൂടി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

*"വിശന്ന് വലയുന്ന പട്ടിണിപ്പാവങ്ങളുടെ മുമ്പിൽ ഈശ്വരനെ അവതരിപ്പിക്കുവാൻ നിങ്ങൾക്ക് സാധ്യമല്ല. അവരുടെ ഈശ്വരൻ അവരുടെ ആഹാരമാണ്."*

*-ഗാന്ധിജി*

# 2 മൃഗസംരക്ഷണം, മത്സ്യബന്ധനം

പഞ്ചായത്തിലെ കൃഷിക്കാരുടെ പ്രധാന വളർത്തുമൃഗം പശുവാണ്, രണ്ടാം സ്ഥാനത്ത് ആടും. പക്ഷികളുടെ ഇനത്തിൽ കോഴിയാണെന്നും പറയാം. ഒരുകാലത്ത് വ്യാപകമായിക്കാണുമായിരുന്ന നാടൻ പശുക്കളുടെ സ്ഥാനത്ത് ഇന്ന് സങ്കരയിനം പശുക്കളുടെ കടന്നുകയറ്റമാണ് കാണാൻ കഴിയുന്നത്. എന്നാൽ ഈ മേഖലയിൽ കൃഷിക്കാർ ഒട്ടേറെ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ കാലത്ത് പഞ്ചായത്തിലെ ആവശ്യത്തിന് വേണ്ട വൈക്കോൽ ഇവിടങ്ങളിൽ നിന്ന് ലഭ്യമായിരുന്നു. എന്നാൽ നെൽവയലുകൾ വ്യാപകമായി നികത്തിയതോടു കൂടി കൃഷിക്കാർ മറ്റു ജില്ലകളിൽ നിന്നു വരുന്ന ലോറിപ്പുല്ലിനെ ആശ്രയിക്കുകയാണ്. പ്രത്യുൽപാദനശേഷിയുള്ള പശുനെ വളർത്തുന്നവർ, പാൽ ചെലവഴിക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. കാലിത്തീറ്റകളുടെ അമിതമായ വില താങ്ങാവുന്നതിലപ്പുറമാണ്. പഞ്ചായത്തിൽ പുറമേരിയിലും അരൂരിലും രണ്ട് പാൽ സൊസൈറ്റികൾ ആരംഭിച്ചിരുന്നെങ്കിലും രണ്ടും നിലവിലില്ല. വിലാതപുരത്ത് ഒരു സൊസൈറ്റി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പശുക്കൾക്കുള്ള ബീജസങ്കലന സൗകര്യമിന്ന് വളരെ അപര്യാപ്തമാണ്. അരൂരിൽ പ്രവർത്തിച്ചിരുന്ന മൃഗ സംരക്ഷണ ഉപകേന്ദ്രം ഇന്ന് നിലവിലില്ല. അതുകൊണ്ട് കന്നുകാലികൾക്കുള്ള രോഗ പ്രതിരോധ കുത്തിവെപ്പ് ഇന്ന് വളരെയേറെ ബുദ്ധിമുട്ട് ഉളവാക്കുന്നു.

കോഴിവളർത്തൽ ഒരു തൊഴിൽമേഖലയായി ഇനിയും വളർന്നു വന്നിട്ടില്ല. കോഴിവസന്തപോലുള്ള രോഗങ്ങൾ ബാധിച്ച് കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുമ്പോൾ കൃഷിക്കാർ നിസ്സഹായരായി നോക്കി നിൽക്കുകയാണ്. ആട് വളർത്തൽ ആദായകരമായ ഒരു തൊഴിലാണെങ്കിലും ഇന്ന് പരിമിതമായേ ഇത് കണ്ടുവരുന്നുള്ളൂ.

**പ്രശ്നങ്ങൾ**

– മൃഗ സംരക്ഷണം ഒട്ടേറെ കാരണങ്ങളാൽ നഷ്ടക്കച്ചവടമായി മാറിയിരിക്കുന്നു.

– തീറ്റപ്പുൽ കൃഷിയുടെ അഭാവം കാരണം അന്യ ജില്ലകളിൽ നിന്നും വരുന്ന വൈക്കോൽ വൻ വില കൊടുത്ത് വാങ്ങേണ്ടിവരുന്നു.

– ലിറ്റർ കണക്കിൽ പാലുല്പാദിപ്പിക്കുന്ന കൃഷിക്കാർ അത് ചെലവഴിക്കാൻ

മാർഗ്ഗമില്ലാതെ വലയുന്നു.

– കാലിത്തീറ്റിയുടെയും കോഴിത്തീറ്റക ളുടെയും വില കൃഷിക്കാർക്ക് താങ്ങാൻ കഴിയുന്നില്ല.

– കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളുടെ അപര്യാപ്തത വളരെയേറെ ബുദ്ധുമുട്ടു കളും. സാമ്പത്തിക ബാധ്യതകളും ഉണ്ടാ ക്കുന്നു.

– രോഗ പ്രതിരോധ കുത്തി വെപ്പുകളെ ക്കുറിച്ച് കൃഷിക്കാർ ബോധവാന്മാരല്ല.

– മാരകരോഗങ്ങൾ വന്ന് കന്നുകാലികൾ ചത്തൊടുങ്ങുന്നതിന്റെ ഫലമായി വമ്പിച്ച സാമ്പത്തിക നഷ്ടം അനുഭവപ്പെടുമ്പോഴും നിലവിലുള്ള ഇൻഷൂറൻസ് പദ്ധതികളെക്കു റിച്ചുപോലും പലർക്കുമറിയില്ല.

– ശാസ്ത്രീയമായ മൃഗ പരിശീലനത്തെ ക്കുറിച്ച് ഭൂരിപക്ഷം കൃഷിക്കാരും അജ്ഞ രാണ്.

**സാധ്യതകൾ**

– വാർഡുകൾ തോറും മൃഗസംരക്ഷണ ഉദ്യോഗസ്ഥർ കൃഷിക്കാർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവ രുൾപ്പെടുന്ന ജനകീയ സമിതികൾ രൂപീക രിക്കുക.

– കൃത്രിമ ബീജസങ്കലനത്തിനും, പ്രതി രോധ കുത്തിവെപ്പിനും മാസത്തിൽ ഒരിക്ക ലെങ്കിലും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. കൂടാതെ നല്ല നിലയിൽ പ്രവർത്തിക്കുന്ന വിലാതപുരം ക്ഷീരോ ല്പാദക സംഘത്തോട് അനുബന്ധിച്ച് ഉപ കേന്ദ്രം സ്ഥാപിക്കുക.

– തീറ്റപ്പുൽ കൃഷി വ്യാപകമാക്കാൻ ആവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക ജ്ഞാനവും ഉറപ്പുവരുത്തുക.

– പ്രവർത്തനം നിലച്ച അരൂരിലെയും, പുറമേരിയിലെയും പാൽ സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കുക.

– കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും ന്യായവിലക്ക് സംഭരിക്കുന്ന തോടൊപ്പം സൗജന്യ നിരക്കിൽ കാലിത്തീ റ്റയും കോഴിത്തീറ്റയും വിതരണം ചെയ്യാ നുള്ള സംവിധാനം ഏർപ്പെടുത്തുക.

– ശാസ്ത്രീയമായ മൃഗ പരിപാലനത്തെ ക്കുറിച്ചും മറ്റുള്ള ബോധവൽക്കരണ ക്ലാസ്സു കൾ സംഘടിപ്പിക്കുക.

– പ്രവർത്തനം നിലച്ച അരൂരിലെ മൃസം രക്ഷണ ഉപകേന്ദ്രം മൃഗാശുപത്രിയായി ഉയർത്തി ക്ഷീരകർഷകരെ സഹായിക്കുക.

– സങ്കരയിനം പശുക്കളെ വാങ്ങുവാ നുള്ള സാമ്പത്തിക സഹായത്തിനുള്ള നിബന്ധന ലഘൂകരിക്കുക.

– പുറമേരിയിൽ നിലവിലുള്ള മൃഗാശു പത്രിയുടെ അപര്യാപ്തത പരിഹരിക്കുക.

– ഏറ്റവും നല്ല കന്നുകാലികളുടെയും, കിടാരികളുടെയും ഉടമകൾക്ക് അവാർഡ് കൊടുത്ത് പ്രോത്സാഹിപ്പിക്കുക.

– ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപി ക്കാനാവശ്യമായ സംവിധാനമേർപ്പെടു ത്തുക.

– കോഴിവളർത്ത് കേന്ദ്രമാരംഭിക്കാനാവ ശ്യമായ സാമ്പത്തിക സഹായവും, സാങ്കേ തിക ജ്ഞാനവും സാധ്യതക്കനുസരിച്ച് ലഭ്യമാക്കുക.

– കോഴിവസന്ത തുടങ്ങിയ മാരകരോഗ ങ്ങൾക്ക് ഫലപ്രദമായ പ്രതിരോഗചികിത്സ യുടെ ലഭ്യത ഉറപ്പു വരുത്തുക.

– തേനീച്ച വളർത്തൽ, മുയൽ വളർത്തൽ എന്നിവ സഹകരണ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുക.

– ആടുവളർത്തൽ, ആദായകരമായ ഒരു തൊഴിൽ എന്ന നിലക്ക് ഇതിന് കൂടുതൽ പ്രോത്സാഹനം നൽകുക.

– വളർത്തു മൃഗങ്ങളുടെ ജീവനു തന്നെ ഭീഷണിയായി പഞ്ചായത്തിന്റെ പല ഭാഗങ്ങളും, പട്ടികൾ കൂട്ടത്തോടുകൂടി അലഞ്ഞു തിരിയുകയാണ്. ഇവയെ നശിപ്പിക്കാൻ ശക്തവും ഫലപ്രദവുമായ നടപടി സ്വീകരിക്കേണ്ടതാണ്.

– കോഴി വസന്ത, കോഴി വസൂരി എന്നീ പകർച്ച വ്യാധികൾക്കെതിരെ സമഗ്രമായ പ്രതിരോധ കുത്തിവെപ്പ് ആവശ്യമാണ്. ഇതിനായി ഓരോ വാർഡിലെയും ചുരുങ്ങിയത് രണ്ടുപേർക്കെങ്കിലും പരിശീലനം കൊടുത്ത് ഇതിലേക്ക് നിയോഗിക്കാം. ഇതിനാവശ്യമായ മരുന്ന് മൃഗാശുപത്രി വഴി ലഭ്യമാക്കേണ്ടതാണ്.

– മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാർ ഗൃഹസന്ദർശനം നടത്തി മൃഗങ്ങളുടെ ആരോഗ്യ പരിപാലന കാര്യത്തിൽ കൃഷിക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. പ്രതിരോധ കുത്തിവെപ്പിന് ആവശ്യമായ മിക്ക വാക്സിനുകളും ശീതീകരിച്ച് സൂക്ഷിക്കാൻ മൃഗാശുപത്രിയിൽ ഫ്രിഡ്ജ് സജ്ജീകരിക്കുക.

– മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിത് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പഞ്ചായത്തിൽ വളർത്തുന്നതിനാവശ്യമായ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഇവിടെത്തന്നെ ലഭിക്കുന്നതിനായി "എഗ്ഗർ നഴ്സറി" പദ്ധതി വ്യാപകമാക്കുക.

– കുടുംബത്തിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു പദ്ധതി എന്ന നിലക്ക് ഇറച്ചിക്കോഴി വളർത്തുന്നതിന് ആവശ്യമായ യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

– വനിതാ തൊഴിൽ സംരംഭകർക്കായി സഹകരണ അടിസ്ഥാനത്തിൽ "ഡയറി യൂണിറ്റ്" സ്ഥാപിക്കുക.

– സ്ക്കൂൾ കുട്ടികളുടെ ഒഴിവുസമയം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സ്ക്കൂൾ പൗൾടി ക്ലബ്ബ് സ്ഥാപിക്കുക.

**മത്സ്യബന്ധനവും വിതരണവും**

പഞ്ചായത്തിന്റെ പല വാർഡുകളിലും ഇന്ന് നിലവിലുള്ള സ്വകാര്യ വ്യക്തികളുടെ കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

ഇന്ന് വിതരണം ചെയ്ത്കൊണ്ടിരിക്കുന്ന കടൽമത്സ്യങ്ങളുടെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനം നിലവിലില്ല. ഇത് പരിഹരിക്കേണ്ടതാണ്. മത്സ്യവിതരണം സ്ഥിരമായ കെട്ടിടങ്ങളുണ്ടാക്കിക്കൊണ്ട് നടത്തുന്നത് പ്രദേശത്തിനും പൊതുജന ആരോഗ്യത്തിനും ഗുണപ്രദവും പഞ്ചായത്തിന് വരുമാനമാർഗ്ഗവും ആയിരിക്കും.

സമ്പൂർണ്ണവിവരങ്ങൾ പട്ടിക A, പട്ടിക B, പട്ടിക C, പട്ടിക D, പട്ടിക E എന്നിവയിൽ കൊടുത്തിരിക്കുന്നു.

പട്ടിക A

വളർത്തുപക്ഷി സംഖ്യ (അവലംബം - സെൻസസ് 1987)

| | | പിടക്കോഴി | | താറാവ് | | |
|---|---|---|---|---|---|---|
| വാർഡ് | പൂവൻകോഴി | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | മറ്റുള്ളവ |
| 1 | 175 | 414 | 136 | - | - | - |
| 2 | 230 | 513 | 200 | - | - | - |
| 3 | 185 | 395 | 140 | - | - | - |
| 4 | 160 | 402 | 160 | - | - | - |
| 5 | 120 | 390 | 114 | - | - | - |
| 6 | 90 | 305 | 100 | - | - | - |
| 7 | 128 | 360 | 136 | - | - | - |
| 8 | 126 | 385 | 113 | - | - | - |
| 9. | 180 | 410 | 150 | - | - | - |
| 10 | 118 | 316 | 145 | - | - | - |
| 11 | 140 | 378 | 160 | - | - | - |

പട്ടിക B

രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | ആട് | എരുമ | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| 1 ദഹന സംബന്ധമായ | 720 | 317 | - | - | 25 | 100 | - | - | - | - |
| 2 ശ്വാസകോശസംബന്ധമായ | 400 | 250 | - | - | 5 | 250 | - | - | - | - |
| 3 ഉപാപചയ സംബന്ധം | 150 | 120 | - | - | 5 | 60 | - | - | - | - |
| 4 ത്വക്ക് രോഗങ്ങൾ | 600 | 100 | - | - | 20 | - | - | - | - | - |
| 5 ധാതുലവണങ്ങളുടെ അഭാവം | 100 | 50 | - | - | 10 | 100 | - | - | - | - |
| 6 പരാദരോഗങ്ങൾ | 700 | 300 | - | - | 20 | 300 | - | - | - | - |
| 7 പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട് | 560 | 10 | - | - | - | - | - | - | - | - |
| 8 വന്ധ്യത | 50 | - | - | - | - | - | - | - | - | - |
| 9 അകിടുവീക്കം | 200 | 150 | - | - | - | - | - | - | - | - |
| 10 മുടന്തൻ പനി | 150 | - | - | - | - | - | - | - | - | - |
| 11 പകർച്ച വ്യാധികൾ | - | - | - | - | - | - | - | - | - | - |

പട്ടിക C

കന്നുകാലി സെൻസസ് ‐ 1987

| വാർഡ് | കാളകൾ നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവ ഇല്ലാത്തത | കറവയുള്ളത് | കറവ ഇല്ലാത്തത | കറവയുള്ളത് | കറവ ഇല്ലാത്തത | പോത്ത് | ആട | പട്ടി | ആകെ |
| 1 | - | 4 | - | 6 | 55 | 30 | 89 | 35 | - | - | - | 85 | 40 | - |
| 2 | - | 4 | - | 4 | 48 | 53 | 86 | 81 | - | - | - | 60 | 34 | - |
| 3 | - | 6 | 1 | 8 | 41 | 44 | 72 | 80 | - | - | - | 79 | 26 | - |
| 4 | 1 | 2 | 1 | 10 | 39 | 36 | 52 | 59 | - | - | - | 92 | 30 | - |
| 5 | 2 | 2 | 1 | 6 | 48 | 50 | 37 | 52 | - | - | - | 88 | 20 | - |
| 6 | 1 | 6 | 1 | 10 | 30 | 29 | 38 | 41 | - | - | - | 70 | 18 | - |
| 7 | 1 | 2 | 1 | 4 | 38 | 33 | 35 | 52 | - | - | - | 85 | 25 | - |
| 8 | 2 | 4 | 2 | 6 | 47 | 51 | 60 | 64 | - | - | - | 60 | 28 | - |
| 9 | 2 | 6 | 2 | 6 | 51 | 41 | 69 | 58 | - | - | - | 77 | 22 | - |
| 10 | 1 | 8 | 1 | 4 | 56 | 43 | 63 | 51 | - | - | - | 83 | 29 | - |
| 11 | 1 | 4 | 2 | 4 | 47 | 53 | 50 | 56 | - | - | - | 63 | 33 | - |

പേ വിഷബാധ, – പ്രതിരോധവും, ചികിത്സയും

പട്ടിക D

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ വിവരം | – | – | – | 40 | – | – |
| കടിയേറ്റ ശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം | 6 | – | 10 | 23 | – | – |

കൃത്രിമ ബീജ സങ്കലന വിവരം പട്ടിക E

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയത് | ഗർഭധാരണത്തിന് രണ്ടിൽ കൂടുതൽ തവണ ബീജസങ്കലനം നടത്തിയത് |
|---|---|---|---|
| പശു | 2243 | 6090 | 55 |
| കിടാരി | 2100 | 380 | 45 |
| എരുമ | – | – | – |

# 3. വിദ്യാഭ്യാസം

കടത്തനാട്ട് ഉദയവർമ്മരാജയുടെ ദീർഘവീക്ഷണവും, ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന പ്രവർത്തനവും ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദ സ്വാമികൾ എന്നിവരുടെ ശ്രമഫലമായി നടന്ന സാമൂഹിക പരിഷ്കരണ പ്രവർത്തനവും പുറമേരിയിലെ വിദ്യാഭ്യാസ രംഗത്തെ സമ്പുഷ്ടമാക്കി. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന ഹിന്ദി പ്രചാരസഭയുടെ പ്രവർത്തനവും ഇവിടുത്തെ വിദ്യാഭ്യാസ പ്രവർത്തനത്തെ സഹായിച്ചിട്ടുണ്ട്. പഴയകാലത്തെ ഗ്രന്ഥാലയങ്ങളും, വായനശാലകളും, ആറോത്ത് മഠത്തിൽ പ്രവർത്തിച്ചിരുന്ന "കവനോദയം" പ്രസ്സും, മലബാറിലെ അദ്ധ്യാപക പ്രസ്ഥാനത്തിന്റെ പ്രവർത്തനവും വിദ്യാഭ്യാസ മേഖലയ്ക്ക് ഉത്തേജനം നൽകി. ഇതിന്റെയെല്ലാം ഫലമായി സ്വാതന്ത്ര്യം ലഭിക്കും മുമ്പ് തന്നെ പല പ്രാഥമിക വിദ്യാലയങ്ങളും, ഓത്ത്പുരകളും പുറമേരി പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിലായ മുസ്ലീം സമൂഹത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സ്ഥാപിച്ച ഓത്ത് പുരകളോട് അനുബന്ധിച്ച് വിദ്യാഭ്യാസ പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഇത്തരം ഓത്ത് പുരകൾ പിൽക്കാലത്ത് മാപ്പിള സ്കൂളുകൾ എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി. തുടർന്ന് ഗവൺമെന്റ് നിർദ്ദേശ പ്രകാരം ഓത്ത്പുരകൾ വിദ്യാലയങ്ങളിൽ നിന്നും വേർപ്പെടുത്തി. അതോടെ ഓത്ത് പുരകൾ മദ്രസ്സ എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി.

പഞ്ചായത്തിൽ നിലവിൽ ഇരുപത്തിരണ്ട് വിദ്യാലയങ്ങൾ ഉണ്ട്. അവയിൽ ഒന്ന് ഹൈസ്കൂളും, രണ്ട് യു. പി. സ്കൂളും, പത്തൊമ്പത് എൽ. പി. സ്കൂളും ആണ്. വിദ്യാലയങ്ങളിലെ വിശദ വിവരപ്പട്ടിക താഴെക്കൊടുക്കുന്നു. (പട്ടിക 1, 2)

# പുറമേരി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം : വിദ്യാലയവിവരങ്ങൾ പട്ടിക - 1

| വിദ്യാലയങ്ങൾ | ഡിവിഷനുകൾ | വിദ്യാർത്ഥികൾ | | | | | അദ്ധ്യാപകർ | | | ഉച്ചക്കഞ്ഞിക്കാർ | കളിസ്ഥല സൗകര്യം | പാചകപ്പുര നില | കുടിവെള്ള സൗകര്യം | ഫർണിച്ചർ നില | 1995 - 96 ശമ്പള മുൾപ്പെടെ ആകെ ഗവ. ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | പട്ടികജാതി ആൺ | പട്ടികജാതി പെൺ | ആകെ | ആൺ | പെൺ | ആകെ | | | | | | |
| പുറമേരി എൽ.പി. | 5 | 72 | 68 | 1 | 1 | 140 | 2 | 5 | 7 | 100 | ✔ | ✔ | ✔ | X | 268278 |
| പുറമേരി എസ്.വി.എൽ.പി. | 6 | 87 | 84 | 2 | 2 | 171 | 3 | 5 | 8 | 120 | ✔ | ✔ | ✔ | X | 315617 |
| പുറമേരി വി.വി.എൽ.പി. | 4 | 49 | 51 | - | 2 | 100 | 0 | 4 | 4 | 101 | ✔ | X | X | X | 137754 |
| പുറമേരി കെ.വി.എൽ.പി. | 4 | 49 | 52 | 1 | 1 | 101 | 1 | 3 | 4 | 80 | ✔ | X | X | X | 188407 |
| വിലാതപുരം എൽ.പി. | 4 | 66 | 74 | 2 | - | 140 | 1 | 3 | 4 | 110 | X | പരിമിതം | ✔ | X | 213595 |
| വിലാതപുരം എം.എൽ.പി. | 4 | 52 | 60 | - | - | 112 | 3 | 2 | 5 | 75 | X | ✔ | X | X | 214735 |
| മുതുവടത്തൂർ വി.വി.എൽ.പി. | 5 | 54 | 65 | 3 | 1 | 119 | 5 | 1 | 6 | 85 | ✔ | ✔ | ✔ | ✔ | 322244 |
| മുതുടത്തൂർ എം.എൽ.പി. | 6 | 109 | 90 | - | - | 199 | 3 | 4 | 7 | 140 | ✔ | പരിമിതം | ✔ | ✔ | 333717 |
| കുനിങ്ങാട് എം.എൽ.പി. | 4 | 59 | 58 | 3 | - | 117 | 5 | - | 5 | 100 | ✔ | ✔ | ✔ | X | 245946 |
| കുനിങ്ങാട് എൽ.പി. | 4 | 67 | 80 | 2 | - | 147 | 3 | 4 | 7 | 105 | X | പരിമിതം | X | X | 357015 |
| എളയടം എൽ.പി. | 4 | 56 | 53 | - | - | 109 | 3 | 2 | 5 | 102 | X | പരിമിതം | X | X | 280140 |
| എളയടം എം.എൽ.പി. | 4 | 69 | 64 | - | 2 | 133 | 4 | 1 | 5 | 133 | X | പരിമിതം | ✔ | X | 259539 |
| എളയടം സി.വി.എൽ.പി. | 4 | 91 | 82 | 3 | 2 | 173 | 2 | 5 | 7 | 130 | ✔ | ✔ | ✔ | X | 349839 |
| നരിക്കാട്ടിരി എൽ.വി.എൽ.പി. | 4 | 49 | 57 | - | - | 106 | 2 | 2 | 4 | 105 | X | ✔ | X | X | 233371 |
| പെരുമുണ്ടച്ചേരി എൽ.പി. | 6 | 82 | 79 | 7 | 3 | 161 | 2 | 4 | 6 | 161 | ✔ | ✔ | ✔ | X | 369417 |
| പെരുമുണ്ടച്ചേരി എം.എൽ.പി. | 4 | 51 | 57 | - | - | 108 | 3 | 2 | 5 | 108 | X | ✔ | ✔ | X | 193507 |
| പെരുമുണ്ടച്ചേരി എസ്.വി.എൽ.പി. | 4 | 48 | 62 | - | - | 110 | 3 | 2 | 5 | 82 | X | ✔ | X | X | 264939 |
| അരൂർ എം.എൽ.പി. | 5 | 70 | 72 | - | 1 | 143 | 3 | 4 | 7 | 135 | X | പരിമിതം | ✔ | X | 494189 |
| അരൂർ സൗത്ത് എം.എൽ.പി. | 6 | 82 | 86 | 7 | 8 | 168 | 6 | 1 | 7 | 168 | ✔ | ✔ | ✔ | ✔ | 367378 |
| അരൂർ യു.പി. | 24 | 422 | 451 | 10 | 9 | 873 | 16 | 14 | 30 | [illegible] | ✔ | ✔ | ✔ | ✔ | 1580152 |
| മുതുവടത്തൂർ എം.യു.പി. | 11 | 224 | 189 | 3 | 2 | 413 | 11 | 5 | 16 | 300 | ✔ | പരിമിതം | ✔ | X | 724831 |
| കെ.ആർ ഹൈസ്കൂൾ പുറമേരി | 61 | 1490 | 1206 | 30 | 10 | 2696 | 40 | 50 | 90 | 350 | ✔ | ✔ | ✔ | ✔ | 3698089 |

210

കടത്തനാട്ട് ഉദയവർമ്മരാജയാണ് 1896ൽ പുറമേരിയിൽ ആദ്യമായി പ്രാഥമിക സ്കൂൾ സ്ഥാപിച്ചത്. യാഥാസ്ഥിതി കരുടെ കടുത്ത എതിർപ്പിനെ അവഗണിച്ചുകൊണ്ട് ഈഴവ സമുദായക്കാരനായ ശേഖരനെ പ്രധാന അദ്ധ്യാപകനായി നിയമിച്ചത് അവിസ്മരണീയമാണ്

പുറമേരി ഗ്രാമപഞ്ചായത്തിൽ 1 മുതൽ 10 ക്ലാസ്സുവരെ, ഓരോ ക്ലാസ്സിലും ഈ വർഷം പഠിക്കുന്ന കുട്ടികളുടെ കണക്ക്

| ക്ലാസ് | ആകെ | ആകെ | പട്ടികജാതി | | ആകെ |
|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | |
| I | 315 | 344 | 6 | 3 | 659 |
| I | 352 | 343 | 7 | 7 | 695 |
| III | 334 | 346 | 6 | 10 | 680 |
| IV | 327 | 335 | 12 | 6 | 662 |
| V | 251 | 266 | 7 | 6 | 517 |
| VI | 357 | 309 | 5 | 5 | 666 |
| VII | 376 | 337 | 9 | 3 | 713 |
| VIII | 442 | 325 | 12 | 1 | 767 |
| IX | 350 | 309 | 6 | 2 | 659 |
| X | 290 | 230 | 4 | 3 | 520 |

പടിപടിയായി ഉയർന്ന് പ്രസ്തുത സ്ഥാപനം 1936ൽ ഹൈസ്കൂളായി. സ്കൂളിന്റെ വളർച്ചയിൽ ദീർഘകാലം ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. കെ. കെ. നമ്പ്യാർ വഹിച്ച പങ്ക് വിലപ്പെട്ടതാണ്. വിദ്യാലയത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നാട്ടുകാർ അകമഴിഞ്ഞ സംഭാ വനകൾ എന്നും നൽകിയിട്ടുണ്ട്. ഈ വിദ്യാലയത്തിന്റെ ഭാഗ മായുള്ള വിശാലമായ മൈതാനം നിരവധി കായികതാര ങ്ങളെ വളർത്തിയിട്ടുണ്ട്. ഒളിമ്പ്യൻ അബ്ദുറഹിമാനേയും, ഇരിങ്ങൽ പപ്പൻ തുടങ്ങിയവരെ വാർത്തെടുത്തതും, പി. ടി. ഉഷയെ കണ്ടെത്തിയതും ഇവിടെ വച്ചായിരുന്നു. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ സാന്നിദ്ധ്യം പുറമേരി യിൽ ഉണ്ടാവാൻ അവസരം ഒരുക്കിയതും ഈ മൈതാനി യത്രെ. ഗാന്ധി ശിഷ്യനായ വിനോഭജിയും, ജയപ്രകാശും;

ഭൂദാന യജ്ഞയാത്രക്കിടയിൽ ഈ വിദ്യാലയത്തിൽ ക്യാമ്പ് ചെയ്തിട്ടുണ്ട്. ഇവിടെ അധ്യാപകനായിരുന്ന ശ്രീ. പി. ടി. ഭാസ്കരപണിക്കർ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റായതും മറ്റൊരു അദ്ധ്യാപകനായിരുന്ന ശ്രീ. കെ. ബാലൻ മാസ്റ്റർ ജില്ലാ കൗൺസിൽ പ്രസിഡന്റായതും അഭിമാനപൂർവ്വം അനുസ്മരിക്കട്ടെ. സർവ്വശ്രീ പി. കുഞ്ഞിക്കേളു അടിയോടി, കെ. കെ. ബാലകൃഷ്ണൻ നമ്പ്യാർ എന്നീ അദ്ധ്യാപകർ ജോലിയിലിരിക്കെ തന്നെ പഞ്ചായത്ത് പ്രസിഡന്റ് പദവിയിൽ അവരോധിക്കപ്പെട്ടതും സ്മരണീയമാണ്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരിക്കെ ശ്രീ. പി. വി. കൃഷ്ണൻ നായർക്ക് സംസ്ഥാന അധ്യാപക അവാർഡ് ലഭിക്കുകയുണ്ടായി. ഈ സ്ഥാപനത്തിൽ ജോലി ചെയ്ത ശ്രീ. പി. ബാലകൃഷ്ണ കുറുപ്പ് ദേശീയ അധ്യാപക അവാർഡിനും, ക്യാപ്റ്റൻ കെ. എം. രാമചന്ദ്രൻ സംസ്ഥാന അധ്യാപക അവാർഡിനും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ഈ പഞ്ചായത്തിൽ ഒരൊറ്റഗവൺമെന്റ് സ്കൂളും ഇല്ലെന്ന ന്യൂനത നിലനിൽക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ല. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ നാല് ട്യൂട്ടോറിയൽ കോളേജുകൾ, ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു നൃത്ത സംഗീത കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിന് വേണ്ടി വടകരയാണ് പ്രധാന ആശയകേന്ദ്രം. സാമ്പത്തിക ശേഷിയുള്ളവർ B. Ed., L.L.B, M.C.A., M. B. A., M. B.B. S, B. Tech, മുതലായ കോഴ്സുകൾക്ക് പലപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ അഭയം തേടുകയാണ്. താൽപര്യമുള്ള വിദ്യാർത്ഥികൾക്കായി ഈ വർഷം ഹൈസ്കൂളിൽ ആരംഭിച്ച കമ്പ്യൂട്ടർ കോഴ്സ് പുറമേരിയിലും സാങ്കേതിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. കേന്ദ്ര ഗവൺമെന്റ് സ്കീമിന്റെ ഭാഗമായി കോഴിക്കോട് പോളിടെക്നിക്കിന്റെ നേതൃത്വത്തിൽ ഇവിടെ രണ്ട് "ട്രെയിഡ് കോഴ്സുകൾ" ആരംഭിക്കാൻ പഞ്ചായത്ത് ശ്രമം ആരംഭിച്ചിട്ടുണ്ട്,

പുറമേരി ഹൈസ്കൂളിൽ ഇപ്പോൾ പഠിക്കുന്ന 2696 കുട്ടികളിൽ 1206 പെൺകുട്ടികളാണ്. പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് അറ്റത്താണ് ഈ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് കാരണം പുറമേരി പഞ്ചായത്തിലെ കിഴക്ക് – തെക്ക് ഭാഗങ്ങളിലെ കുട്ടികൾ അഞ്ചും, ആറും കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന മറ്റ് പഞ്ചായത്തുകളിലെ

ഹൈസ്കൂളുകൾ അന്വേഷിച്ച് പോകേണ്ട ഗതികേടിലാണ്. യാത്രാ സൗകര്യത്തിന്റെ പരിമിതി കൂടി പരിഗണിക്കുമ്പോൾ ഈ അവസ്ഥ ദുരിതപൂർണ്ണമാണ്. ഇതിനൊരു പരിഹാരം അരൂർ ഭാഗത്ത് ഒരു ഹൈസ്കൂൾ പെട്ടെന്ന് തന്നെ ആരംഭിക്കുകയാണ്. അത് ഗവൺമെന്റ് ഉടമയിൽ ആയാൽ നിലവിൽ ഗവൺമെന്റ മേഖലയിൽ ഈ പഞ്ചായത്തിൽ ഒരു വിദ്യാലയവും ഇല്ലെന്ന പേര് ദോഷത്തിന് അറുതിയും ആവും.

പഴയ വടക്കേ മലബാറിലെ പ്രശസ്ത വിദ്യാലയങ്ങളിൽ ഒന്നായി പ്രശോഭിച്ചിരുന്ന നമ്മുടെ ഹൈസ്കൂളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി എസ്. എസ്. എൽ. സി. വിജയശതമാനം ഇരുപത്തി അഞ്ചിനും കുറവായി നിൽക്കുന്നു. ഈ പ്രദേശത്തെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിനകത്ത് ജീവിക്കുന്ന രക്ഷിതാക്കളിൽ പലർക്കും, ഒരു നല്ല വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസത്തെ തനത് രൂപത്തിൽ കാണാൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി കഴിഞ്ഞ കുറേ വർഷമായി വിദ്യാലയ രാഷ്ട്രീയത്തിന്റെ സമരഭൂമി ആയതാവാം വിജയ ശതമാനം കുറയാൻ ഒരു പ്രധാന കാരണം. വിദ്യാഭ്യാസത്തിന് പ്രാധ്യാനം കൊടുക്കുന്ന പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ വടകരയിലും മറ്റുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും, വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന ഇതര വിദ്യാലയങ്ങളിലും അയക്കുകയാണ്. വിജയ ശതമാനം താഴോട്ട് പോകാൻ ഇടയാക്കുന്നത് ഇതും ഒരു പങ്ക് വഹിക്കുന്നു. ഈ പ്രവണതക്ക് ഒരു മാറ്റം ദൃശ്യമാണ്. വിദ്യാഭ്യാസ സുരക്ഷാസമിതിയുടെ പ്രവർത്തനത്തിലൂടെ നടന്ന ബോധവൽക്കരണം, ഒരു പുനർചിന്തനം ഉണ്ടാക്കിയിട്ടുണ്ട്. രക്ഷിതാക്കളിൽ പ്രത്യേകിച്ച് മാതാക്കളിൽ ഇന്ന് കാണുന്ന താല്പര്യം വിജയശതമാനം വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷ നൽകുന്നു. വിദ്യാഭ്യാസ വികസന സമിതി തുടങ്ങിയ സമിതികളുടെ പ്രവർത്തനവും വിജയ ശത്മാനം കൂടുതൽ മെച്ചപ്പെടുത്താൻ പ്രോത്സാഹനം നൽകുന്നുണ്ട്.

കടത്തനാട് രാജാസ് ഹൈസ്കൂളിലെ കഴിഞ്ഞ ഏഴ് വർഷത്തെ എസ്. എസ്. എൽ. സി. വിജയ ശതമാന പട്ടിക അടുത്ത പേജിൽ ചേർക്കുന്നു.

പട്ടിക 3

| വർഷം | പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|
| 1990 | 377 | 103 | 27 |
| 1991 | 397 | 83 | 209 |
| 1992 | 462 | 115 | 25 |
| 1993 | 490 | 160 | 32.65 |
| 1994 | 525 | 127 | 24 |
| 1995 | 495 | 124 | 25 |
| 1996 | 533 | 121 | 22.8 |

കഴിഞ്ഞ ഏഴ് വർഷത്തെ എസ്. എസ്. എൽ.സി പരീക്ഷയുടെ സ്ഥിതി വിവരക്കണക്കുകൾ വിലയിരുത്തുമ്പോൾ ഈ ഹൈസ്കൂളിൽ പരീക്ഷയ്ക്കിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടിവരുന്നതായി കാണാം. പക്ഷെ വിജയ ശതമാനം 1993 ഒഴികെ ശരാശരി 25%ൽ താഴെയാണ്. 1993ൽ എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് മോഡൽ പരീക്ഷ നടത്തി ശരാശരിയിലും നിലവാരം കുറഞ്ഞ കുട്ടികൾക്ക് പ്രത്യേക ഗൈഡൻസ് നൽകിയതാണ് വിജയശതമാനം കൂടാൻ കാരണമെന്ന് മനസ്സിലാവുന്നു. യു. പി. , എൽ. പി. സ്കൂളുകളിലെ പഠന നിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലെങ്കിലും പൊതുവെ നിലവാരം പ്രതീക്ഷിത മിനിമം നിലവാത്തിലും താഴെയാണ്.

1981ലെ സെൻസസ് പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 20,405 ആണ്. അതിൽ 7,098 പുരുഷന്മാരും 5,998 സ്ത്രീകളും സാക്ഷതരാണ്. 1991 ലെ സെൻസസ് പ്രകാരം ആകെയുള്ള ജനസംഖ്യ 23,797 ആണ്. അതിൽ 9,192 പുരുഷന്മാരും 8,683 സ്ത്രീകളും സാക്ഷരരാണ്. ഈ കണക്ക് പ്രകാരം പത്ത് വർഷത്തെ ഇടവേളയിൽ സാക്ഷരതാ രംഗത്ത് പുരോഗതി ദൃശ്യമാണ്. സാക്ഷരതാ പ്രവർത്തനം നിലവാരം മെച്ചപ്പെടുത്താൻ വളരെയേറെസഹായിച്ചിട്ടുണ്ട്. 1981, 1991 വർഷങ്ങളിലെ സാക്ഷരതാ നിരക്കിന്റെ സ്ഥിതി വിവരം (പട്ടിക 4) കൊടുത്തിരിക്കുന്നു. സാക്ഷരതാ രംഗത്ത് പുരോഗതി ദൃശ്യമാണ്. നിലവാരം : 1981ലും 1991 വർഷങ്ങളിലെ സാക്ഷരതാ നിരക്കിന്റെ സ്ഥിതി

വിവരം, പട്ടിക 4ൽ കൊടുക്കുന്നു.

പട്ടിക 4 (അവലംബം : സെൻസസ് റിപ്പോർട്ടുകൾ)

| സെൻസസ് വർഷം | ആകെ ജനസംഖ്യ | ആകെ സാക്ഷരത | സാക്ഷരത ശതമാനം | ആകെ ജനസംഖ്യ | ആകെ സാക്ഷരത | സാക്ഷരത ശതമാനം |
|---|---|---|---|---|---|---|
| 1981 | 9,776 | 7,098 | 72.6 | 10,629 | 5,998 | 56.4 |
| 1991 | 11,435 | 9,192 | 80.3 | 12,362 | 8,683 | 70.2 |

**പ്രശ്നങ്ങൾ**

1. സ്കൂളുകളുടെ നിലവാരത്തകർച്ചയും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും.
2. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതമായ താൽപര്യം.
3. പ്രത്യേകം പ്രത്യേകം വേർതിരിച്ചുള്ള ക്ലാസ്മുറികളുടെ അഭാവം പല സ്കൂളുകളിലും നിലനിൽക്കുന്നു.
4. മലയാട പൊയിലിലും, കൊരഞ്ഞി വയലിലും നിലവിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല.
5. അരൂർ ഭാഗത്ത് ഹൈസ്കൂൾ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ അഞ്ചും, ആറും കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ട സ്ഥിതി നിലനിൽക്കുന്നു.
6. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ല.
7. വിദ്യാലയങ്ങളിലെ ഫുൾ പ്രൊമോഷൻ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.
8. പല വിദ്യാലയങ്ങളിലും വേണ്ടത്ര ഫർണ്ണിച്ചർ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, റീഡിംഗ് റൂം എന്നിവയില്ല.
9. വിദ്യാഭ്യാസ കമ്മീഷനുകളുടെ നിർദ്ദേശപ്രകാരമല്ല അധ്യാപക-വിദ്യാർത്ഥി അനുപാതം.
10. പലവിദ്യാലയങ്ങളിലും പി.ടി. എ. സജീവമായി പ്രവർത്തിക്കുന്നില്ല.
11. വിദ്യാലയങ്ങളിൽ സുഗമമായി എത്തിപ്പെടാനുള്ള വഴി പലയിടത്തും ഇല്ല.

**12. സാധ്യതകൾ**

1. അരൂരിൽ ഹൈസ്കൂൾ സ്ഥാപിക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുക.
2. ഐ. ടി. ഐയും, പോളിടെക്നിക്കും സ്ഥാപിക്കുക.

3. വാർഡുകൾ തോറും എൽ. പി. സ്കൂളുമായി ബന്ധപ്പെടുത്തി നേഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.

4. എളയടം പെരുമുണ്ടച്ചേരി വിലാതപുരം എന്നീ പ്രദേശങ്ങളിൽ യു. പി. സ്കൂൾ സ്ഥാപിക്കുക.

5. മലയാട പൊയിലും, കൊരഞ്ഞിവയലിലും എൽ. പി. സ്കൂൾ സ്ഥാപിക്കുക.

6. സ്കൂളുകളുടെ നിലവാരത്തകർച്ച മാറ്റാൻ പി. ടി. എ. വിദ്യാഭ്യാസ വികസന സമിതി തുടങ്ങിയവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

7. അംഗണവാടികൾ സ്ഥാപിക്കുക.

8. ജനകീയ പങ്കാളിത്തത്തോടെ വിദ്യാലയങ്ങളിലേക്ക് യാത്രാ സൗകര്യം വർദ്ധിപ്പിക്കുക.

9. സ്കൂളുകൾ ആകർഷണീയമാക്കുക.

10. കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം, റീഡിംഗ് റൂം എന്നിവ ഉണ്ടാക്കുക.

11. പ്രത്യേകം പ്രത്യേകം ക്ലാസ് മുറികൾ ഇല്ലാത്ത സ്കൂളുകളിൽ അവ ഏർപ്പെടുത്തുക

12. പഠനോപകരണങ്ങൾ ഏർപ്പെടുത്തുക. അവ കുട്ടികൾ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുക.

13. അധ്യാപക – വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമായി പരിഷ്കരിക്കുക. പ്രൈമറി തലത്തിൽ ഇത് പെട്ടെന്ന് തന്നെ നിലവിൽ വരുത്തുക.

14. കാർഷിക മേഖലയിലേക്ക് ആകർഷിക്കാനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും ഉതകുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരിക്കുക.ഇതിന് അടിയന്തര പ്രാധാന്യം നൽകുക. കൂടാതെ ആഴ്ചയിൽ മൂന്ന് പിരീഡെങ്കിലും ഇത് പഠിപ്പിക്കാൻ നീക്കിവെക്കുക.

15. അധ്യാപകർക്ക് പൂർണ്ണമായി പഠനപ്രവർത്തനത്തിൽ മുഴുകാൻ അവസരം ഉണ്ടാക്കുക.

16. യു. പി., എൽ. പി. സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്ക് പഠന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരം ഉണ്ടാക്കുക. രണ്ടോ മൂന്നോ സ്കൂളുകൾ ക്ലബ്ബ് ചെയ്ത് ഓരോ ക്ലർക്കിനെ നിയമിച്ച് ഈ പ്രശ്നം പരിഹരിക്കുക.

17. രക്ഷിതാക്കളും, അധ്യാപകരും തമ്മിലുള്ള ബന്ധം ശക്തമാക്കുക.

18. വിദ്യാഭ്യാസ കാർഷിക വ്യാവസായിക രംഗത്ത് അഭിരുചി വളർത്താൻ പ്രയോജനപ്രദമാകുന്ന തരത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കുക.

19. കായിക രംഗത്ത് കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

20 ഹൈസ്കൂളിൽ എൻ. സി. സി. യുടെയും മറ്റ് വിദ്യാലയങ്ങളിൽ സ്കൗട്സ് ജൂനിയർ റെഡ് ക്രോസ് എന്നീ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം നിർബന്ധമാക്കുക.

21. ഉച്ചക്കഞ്ഞി വിതരണം കൂടുതൽ കാര്യക്ഷമമാക്കുക. ഇതിന് വേണ്ട തുക മുഴുവനും സർക്കാർ വഹിക്കുക. പാചകത്തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുക.

22. എല്ലാ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കുക

23. കുട്ടികളിൽ സമ്പാദ്യശീലം വളർത്താൻ സഞ്ചയിക പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുകയും, ആകർഷണീയമാക്കുകയും ചെയ്യുക.

" ഉത്തമ പൗരന്മാരാകുക എന്നതാവണം നമ്മുടെ ലക്ഷ്യം. സ്വന്തം താല്പര്യങ്ങൾക്ക് രണ്ടാം സ്ഥാനം നൽകിക്കൊണ്ട് പൊതു നന്മക്കായി പ്രവർത്തിക്കുക."

– നെഹ്റു

# 4.ആരോഗ്യം, പരിസരശുചിത്വം, കുടിവെള്ളം

**ആരോഗ്യം**

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായൊരു ആരോഗ്യമുന്നേറ്റം നമുക്ക് ഉണ്ടായിട്ടുണ്ട്. 2000 ആണ്ടോട് കൂടി രാജ്യാന്തരമായി നേടിയെടുക്കേണ്ട ഗുണഗണങ്ങളൊക്കെയും ഒരു പതിറ്റാണ്ട് മുന്പുതന്നെ നാം നേടിയെടുത്തു എന്നുള്ളത് അഭിമാനകരമാണ്. ഈ രംഗത്ത് നാം ഒരു മാതൃകയാണ്. താഴ്ന്ന ആളോഹരി വരുമാനമുള്ള കേരളീയരുടെ വികസന മാതൃകയും, ആരോഗ്യരംഗത്തെ് മുന്നേറ്റവും ഏവരാലും അംഗീകരിക്കപ്പെട്ടതാണ്. ശരാശരി ആയുർദൈർഘ്യവും കുറഞ്ഞ ജനന-മരണ നിരക്കും കുടുംബാസൂത്രണ രംഗത്തെ വൻ വിജയവും ഇതാണ് കാണിക്കുന്നത്. കേരളത്തിന്റെ ഈ പൊതു അവലോകനത്തിൽ നിന്നും വേറിട്ടു നിൽക്കുന്നതല്ല നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ സ്ഥിതിയും.

അലോപ്പതി ചികിത്സാ സംവിധാനങ്ങളുടെ ഇന്നത്തെ മെച്ചപ്പെട്ട സ്ഥിതിയുടെ ആവിർഭാവത്തിന് മുമ്പ് തന്നെ വിശാലമായ നാട്ടു വൈദ്യ സമ്പ്രദായം നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു. ഈ രംഗത്ത് ഒട്ടനവധി വ്യക്തികളുടെ സംഭാവനകൾ നമുക്ക് മുതൽക്കൂട്ടായിട്ടുണ്ട്. ആയുർവേദ ചികിത്സാവിധികളും ഒറ്റമൂലി പ്രയോഗങ്ങളും ഇന്ന് നമുക്ക് അന്യം നിന്ന്

പോവുകയാണ്. താരതമ്യേന ചെലവേറിയതും ഔഷധ സസ്യങ്ങളുടെ ദൗർലഭ്യവും അതിലുപരി പഴയ തലമുറകളിൽ നിന്നും പുതിയ തലമുറ മാറി ചിന്തിക്കാൻ കാരണമായതുമാണ് ഈ അവസ്ഥയ്ക്ക് മാറ്റം വരാനിടയാക്കിയത്.

ആയുർവേദം, ഹോമിയോപ്പതി, അലോപ്പതി, എന്നീ മുന്ന് രീതികളാണ് പ്രധാനമായി ചികിത്സക്കായി ജനങ്ങൾ അവലംബിക്കുന്നത്. ഈ മൂന്ന് ചികിത്സാ രംഗത്തും ധാരാളം വൈദ്യന്മാരും, ഡോക്ടർമാരും നമുക്കായി സേവനം ചെയ്തുപോരുന്നുണ്ട്. സ്ഥാപനങ്ങളായി ഹോമിയോപ്പതി, അലോപ്പതി സ്ഥാപനങ്ങൾ മാത്രമാണ് നമുക്കുള്ളത്. ഹോമിയോപ്പതി രംഗത്ത് തണ്ണീർപന്തലിലിൽ പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രി പഞ്ചായത്തിലെ ഏക സ്ഥാപനമാണ്. ഇത് കൂടാതെ ഒട്ടനവധി ഡോക്ടർമാരുടെ സേവനവും പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

പഞ്ചായത്തിലെ രോഗികളെ സംബന്ധിച്ചുള്ള വിവരം (1996 ഒക്ടോബറിലെ ജനകീയ ആസൂത്രണ സർവ്വേപ്രകാരം)

| ബി. പി. | പ്രമേഹം | കാൻസർ | കുഷ്ഠം | ക്ഷയം | ഹൃദ്രോഗം | ഗോയിറ്റർ |
|---|---|---|---|---|---|---|
| 242 | 249 | 13 | 2 | 17 | 85 | 3 |
| അംഗവൈകല്യമുള്ളവർ | | | | | | |
| ബധിരർ | അന്ധർ | മൂകർ | മന്ദബുദ്ധികൾ | ചലനവൈകല്യമുള്ളവർ | | |
| 37 | 23 | 35 | 63 | 75 | | |

അലോപ്പതി രംഗത്ത് പുറമേരി പ്രാഥമിക ആരോഗ്യ കേന്ദ്രം- അരൂർ, പ്രാഥമിക ഉപകേന്ദ്രം - വിലാതപുരം എന്നിവയാണ് സ്ഥാപനങ്ങളായ് നലവിലുള്ളത്. പുറമേരിയിലും, അരൂരിലും ഉപകേന്ദ്ര യൂനിറ്റുകളുണ്ടെങ്കിലും സ്വന്തമായി കെട്ടിടങ്ങളില്ല. അരൂരിലുള്ള ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനങ്ങൾ രൂപപ്പെട്ടുവരികയാണ്. ഈ രംഗത്തും ചികിത്സക്കായി ആശ്രയിക്കുന്ന സ്വകാര്യ ഡോക്ടർമാരും നമ്മുടെ പഞ്ചായത്തിലുണ്ട്.

പൊതുജനാരോഗ്യ രംഗത്ത് നിലവിലുള്ള സൗകര്യങ്ങളും സ്ഥാപനങ്ങളും, അപര്യാപ്തമായതിനാൽ ഈ രംഗത്ത് കാര്യമായ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. കേൻസർ, രക്തസമ്മർദ്ധം, പ്രമേഹം തുടങ്ങിയ മാരകവും സ്ഥായിയായതുമായ രോഗങ്ങൾ നമ്മുടെ പ്രദേശത്ത് കൂടുതലായി കണ്ടുവരുന്നു. ആരോഗ്യരംഗത്ത് നമ്മൾ കൈവരിച്ച നേട്ടങ്ങളെ പിറകോട്ട് വലിക്കുന്ന തരത്തിൽ ഇത്തരം രോഗങ്ങൾ മാറുന്നു എന്നുള്ളത് നമ്മെ അസ്വസ്ഥരാക്കുന്നു. രോഗം കണ്ടുപിടിക്കുന്നതിനുള്ള താമസവും ഭാരിച്ച സാമ്പത്തിക ബാധ്യതയും രോഗനിവാരണത്തിന് തടസ്സം നിൽക്കുകയോ താമസം വരുത്തുകയോ ചെയ്യുന്നു. ഈ രംഗത്ത് ബോധപൂർവ്വമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ ഒന്നിലധികം സ്ഥാപനങ്ങളുടെ ഉപ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിനാൽ ആരോഗ്യപ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കാൻ കഴിയുന്നില്ല. ഒന്നു മുതൽ ആറുവരെ വാർഡുകൾ ഉൾപ്പെടുന്ന പുറമേരി, വിലാതപുരം ഉപ

കേന്ദ്രങ്ങൾ വളയം പി. എച്ച്. സിയുടെ കീഴിലും എട്ടു മുതൽ 11 വാർഡുകളെ ഉൾക്കൊള്ളുന്ന അരൂർ ഉപകേന്ദ്രം പുറമേരി പിഎച്ച്.സിയുടെ കീഴിലും അരൂർ, പി. എച്ച്. സി. കുറ്റ്യാടി മദർ പി. എച്ച്.സിയുടെ കീഴിലും 7-ാം വാർഡ് തിരുവള്ളൂർ പി. എച്ച് സിയുടെ കീഴിലുമാണ്. മേൽപറഞ്ഞ എല്ലാ കേന്ദ്രങ്ങളും പുറമേരി പി. എച്ച്. സിയുടെ ഉപകേന്ദ്രങ്ങളാക്കി മാറ്റിയാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും.

ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന രീതിയിൽ തരംതിരിക്കാം.

*. ആശുപത്രിയും, പൊതുജനാരോഗ്യപ്രവർത്തനവും.

*. കുടിവെള്ളം.

*പരിസര ശുചീകരണം.

* ആരോഗ്യ ബോധവൽക്കരണം.

**ആശുപത്രിയും പൊതജനാരോഗ്യപ്രവർത്തനവും**

പുറമേരി പഞ്ചായത്തിൽ ആദ്യമായി സ്ഥാപിച്ച ആരോഗ്യകേന്ദ്രം വിലാതപുരത്തുള്ള FWC ആണ്. അരൂർ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിച്ചത് 27-3-1974ലാണ്. ജീവനക്കാരുടെ വിശദവിവരം പട്ടിക-2 ൽ കൊടുത്തിരിക്കുന്നു. നിരവധി രോഗികൾ ദിവസവും ഇവിടെ എത്താറുണ്ട്. കിടത്തിചികിത്സയില്ല I.P. വിഭാഗത്തിനാവശ്യമായ പത്ത് കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നിർമ്മാണം അതിന്റെ പ്രാരംഭ ദിശയിലാണ്. M. P. ഫണ്ടിൽ നിന്നും 8 ലക്ഷം ഉറുപ്പിക ഇതിനുവേണ്ടി അനുവധിക്കപ്പെട്ടിട്ടുണ്ട്. പോരാതെവരുന്ന സംഖ്യ സ്വരൂപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനും ഒരു നിർമ്മാണ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു പോരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളാണ് നിലവിൽ വേണ്ടത്. പുറമേരി, വിലാതപുരം, അരൂർ എന്നിവിടങ്ങളിലായി മൂന്ന് കേന്ദ്രങ്ങളാണ് നിലവിൽ ഉള്ളത്. ഇതിനുതന്നെ വിലാതപുരത്ത് മാത്രമാണ് സ്വന്തമായെങ്കിലും കെട്ടിടം ഉള്ളത്. ഈ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. നിലവിൽ ജീവനക്കാരും ഇല്ല. പുറമേരി F.W.C. ൽ ഒരു ജൂനിയർ പബ്ലിക് നേഴ്സും, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുമാണുള്ളത്. എല്ലാ കേന്ദ്രങ്ങളിലുമായി ആവശ്യമായ ജീവനക്കാരെ നിയമിച്ചുകിട്ടേണ്ടതുണ്ട്.

പട്ടിക 2

| തസ്തിക | നിലവിലുള്ള എണ്ണം | ഒഴിവുള്ളത് |
|---|---|---|
| ഡോക്ടർ | 1 | - |
| ഫാർമസിസ്റ്റ് | 1 | - |
| നഴ്സിങ്ങ് അസിസ്റ്റന്റ് | 1 | - |
| ക്ലാർക്ക് | 1 | - |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 1 | - |
| സ്വീപ്പർ (P-T) | 1 | - |
| പ്യൂൺ | - | 1 |
| അറ്റന്റർ (ഗ്രേഡ് -1) | - | 1 |

പട്ടിക 3 (ഹോമിയോ)

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ചുള്ള വിവരം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക്രോഗം | പകർച്ച വ്യാധി | വാത രോഗം | വിഷ ചികിത്സ | മറ്റു രോഗം |
| 1992-93 | 12 | 3381 | 169 | 1131 | 338 | - | 2663 |
| 1993-94 | 27 | 4110 | 216 | 123 | 427 | - | 3371 |
| 1994-95 | 48 | 45 | 206 | 212 | 576 | - | 5049 |
| 1995-96 സെപ്തംബർ | 53 | 337 | 168 | 102 | 326 | - | 8227 |

താലൂക്ക് ഹോമിയോ ആശുപത്രി സ്ഥിതി ചെയ്യുന്നത് 6-ാം വാർഡിലാണ് 25 കിടക്കകളുള്ള O.P.I.P സംവിധാനങ്ങളുള്ള ആശുപത്രിയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിരവധി പ്രശ്നങ്ങളെ ഈ സ്ഥാപനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനമായും സ്വന്തം കെട്ടിടമില്ല എന്നതാണ്. നമ്മുടെ പഞ്ചായത്തിലും മറ്റു പഞ്ചായത്തിലും ഉള്ള അനേകം രോഗികൾ ആശ്രയിക്കുന്ന സ്ഥാപനമാണിത്. ഒരു വർഷത്തിൽ ഒ. പി. വിഭാഗത്തിൽ ശരാശരി 4000 രോഗികളും ഐ. പി.വിഭാഗത്തിൽ ശരാശരി 50 രോഗികളും ചികിത്സതേടി ഇവിടെ എത്തിച്ചേരുന്നു. ഒരു ഡോക്ടറുടെ സേവനമാണിവിടെ ലഭിക്കുന്നത്. ഐ. പി. വിഭാഗം പ്രവർത്തിക്കുന്നതു കൊണ്ടുതന്നെ ഒന്നിലധികം ഡോക്ടർമാരുടെ സേവനം അത്യാവശ്യമാണ്. നഴ്സ്, മറ്റു ജീവനക്കാർ എന്നിവരുടെ സ്ഥിതിയും മറിച്ചല്ല.

**വിശദവിവരങ്ങൾ (പട്ടികാൽ) കൊടുത്തിട്ടുണ്ട്.**

സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പഞ്ചായത്തിലെ ഏഴാം വാർഡിലേക്കുള്ള ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ആശുപത്രിക്കായി വിട്ടുകിട്ടുന്നതിനുവേണ്ടി ഭരണസമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

കലാസാംസ്കാരിക സന്നദ്ധസംഘടനകളുടെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളും എടുത്തു പറയേണ്ടതാണ്. രക്തഗ്രൂപ്പ് നിർണയം, രോഗനിർണ്ണയ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ വിവിധ സ്ഥലങ്ങളിൽ ഇത്തരം സംഘടനകൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

**കുടിവെള്ളം**

ആരോഗ്യ സംരക്ഷണത്തിന് വളരെ അത്യാവശ്യമായ ഒരു ഘടകമാണ് ശുദ്ധജലം, കിണർ ജലവും പൈപ്പ് വെള്ളവുമാണ് മുഖ്യസ്രോതസ്സുകൾ. ചില രോഗങ്ങൾ ജലം വഴി പകരുന്നതാകയാൽ ശുദ്ധജലം മാത്രം ഉപയോഗിക്കുന്ന ശീലം നമുക്കുണ്ട്. പകർച്ച വ്യാധികൾ പടരുമ്പോഴും വെള്ളം വറ്റി ഉപയോഗ്യമല്ലാതാവുമ്പോഴും ക്ലോറിനേഷൻ തുടങ്ങിയവ നടത്തി വെള്ളം അണുവിമുക്തമാക്കി ശുദ്ധീകരിക്കാൻ ആരോഗ്യ പ്രവർത്തകർ ശ്രമിക്കാറുണ്ട്. എങ്കിലും ഈ പ്രവർത്തനവും വിപുലപ്പെടുത്തേണ്ടതുണ്ട്. കുടിവെള്ളത്തിന്റെ അവസ്ഥയും പ്രശ്നങ്ങളും അന്യത്ര വിശദീകരിക്കുന്നതിനാൽ ഇവിടെ കൂടുതലായി പ്രതിപാദിക്കുന്നില്ല.

**പരിസരശുചിത്വം.**

വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയാണ് മുഖ്യമായും ഒരു സമൂഹത്തിലെ ആരോഗ്യസ്ഥിതിയുടെ മാനദണ്ഡം. വ്യക്തി ശുചിത്വത്തിൽ കേരളീയർ മറ്റാരേക്കാളും മുന്നിലാണ്. പരിസര ശുചിത്വത്തിൽ നാം ഇന്നും പ്രശ്ന

ങ്ങളുടെ നടുവിലാണ്. ഇതിൽ മുഖ്യം കക്കൂസുകളാണ്. കക്കൂസുകളില്ലാത്ത വീടുകൾ പഞ്ചായത്തിൽ 1,203 ഉണ്ട്. പട്ടിക (4) കാണുക. ലക്ഷം വീടുകൾ, വളരെ താഴ്ന്ന വരുമാനമുള്ളവരുടെ വീടുകൾ എന്നിവിടങ്ങളിലാണ് ഇപ്പോഴും കക്കൂസുകളില്ലാത്തത്. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസ്സർജ്ജനം നടത്തുന്നതിനാൽ പരാദരോഗങ്ങളും, ത്വക്ക് രോഗങ്ങളും കൂടുതലായി കണ്ടുവരുന്നു. അത്കൊണ്ടുതന്നെ ഒരു വീടിന് ഒരു കക്കൂസ് എന്നത് നമ്മുടെ പഞ്ചായത്തിൽ പ്രാവർത്തികമാക്കേണ്ടതാണ്. അടുക്കളയിൽ നിന്നുള്ള വെള്ളം, കുളിമുറിയിൽ നിന്നുള്ള വെള്ളം, തൊഴുത്തുകളിലുള്ള മൂത്രം എന്നിവ കെട്ടിക്കിടക്കുന്നതാണ് മറ്റൊരു പ്രശ്നം. കൊതുകുകൾ മുട്ടയിട്ട് പല മാരകരോഗങ്ങൾക്കും ഇത് ഇടയാക്കുന്നു. വീടുകളിൽ നിന്നും വലിച്ചെറിയുന്ന ചപ്പുചവറുകൾ മലിനീകരണ പ്രശ്നമുണ്ടാക്കാതെ ജൈവവള കമ്പോസ്റ്റുകളാക്കി മാറ്റിയെടുക്കാവുന്നതാണ്. പൊതുറോഡുകളിലുള്ള ഓവുചാൽ, ടൗണുകളിൽ കൂട്ടിയിടുന്ന ചവറുകൂമ്പാരങ്ങൾ, ഹോട്ടലുകൾക്ക് പിന്നിൽ വാരിവലിച്ചിടുന്ന മാലിന്യങ്ങൾ എന്നിവ യഥാവസരം നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെ അറവ് കേന്ദ്രങ്ങൾ, കോഴിസ്റ്റാളുകൾ, പൊതു സ്ഥലത്ത് വെച്ചുള്ള മത്സ്യവിൽപന എന്നിവയുമായി ബന്ധപ്പെട്ടും പ്രശ്നങ്ങൾ അനുഭവപ്പെടുന്നു. ഇവയ്ക്ക് ആരോഗ്യ നിയന്ത്രണനിയമങ്ങൾക്ക് വിധേയമായേ ലൈസൻസുകൾ നൽകാവൂ.

(1996 Oct.ലെ ജനകീയ ആസൂത്രണ സർവ്വെ പ്രകാരം) *പട്ടിക – 4*

| വാർഡ് | ആകെവീടുകൾ | കക്കൂസ് ഉള്ള വീടുകൾ | കക്കൂസ് ഇല്ലാ വീടുകൾ |
|---|---|---|---|
| 1 | 502 | 379 | 123 |
| 2 | 470 | 375 | 95 |
| 3 | 315 | 208 | 107 |
| 4 | 373 | 321 | 52 |
| 5 | 323 | 253 | 70 |
| 6 | 529 | 401 | 128 |
| 7 | 260 | 200 | 60 |
| 8 | 330 | 269 | 61 |
| 9 | 396 | 262 | 134 |
| 10 | 405 | 278 | 127 |
| 11 | 565 | 319 | 246 |

## ആരോഗ്യ ബോധവൽക്കരണം

ആയുർദൈർഘ്യം വർദ്ധിച്ചെങ്കിലും നാമെല്ലാം ജീവിക്കുന്നത് രോഗം പേറിക്കൊണ്ടാണ്. രോഗം വന്നു ചികിത്സിക്കുന്നതിലും ഭേദം രോഗം വരാതെ നോക്കലാണ്. അതുകൊണ്ടുതന്നെ രോഗത്തെക്കുറിച്ചും, അതിന്റെ ആവിർഭാവത്തെക്കുറിച്ചും, പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും സാമാന്യബോധം ജനങ്ങൾക്കുണ്ടായിരിക്കണം. ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ കലാ – സാംസ്ക്കാരിക സന്നദ്ധ സംഘടനകളുടെയും, ആരോഗ്യപ്രവർത്തകരുടേതായും ഉണ്ട്. ഇതിന് യോജിച്ച തരത്തിൽ ആരോഗ്യ സ്ഥാപന സംവിധാനങ്ങളെ ഒരുക്കിയെടുത്താൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

# കുടിവെള്ളം

ഭൂമിശാസ്ത്രപരമായി പുറമേരി ഗ്രാമപഞ്ചായത്ത് ഒട്ടനവധി പ്രത്യേകതയുള്ളതായി കാണാം. വളരെ ഉയരമുള്ള കുന്നുകളും, താരതമ്യേന ഉയരം കുറവുള്ള സ്ഥലങ്ങളും, സമതലങ്ങളും, വയലുകളും പഞ്ചായത്തിന്റെ പ്രത്യേകതകളാണ്. അതുകൊണ്ടുതന്നെ കുടിവെള്ളത്തിനനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. ഭൂരിഭാഗം കുടുംബങ്ങളും ആശ്രയിക്കുന്ന മുഖ്യ ജലസ്രോതസ്സ് കിണറുകൾ തന്നെയാണ്. മലയാടപൊയിൽ , പാതാളകുന്ന്, പരിക്കൻകാട് കുന്ന്, ഒന്തത്ത് കുന്ന്, നെല്ലോളിത്തറമ്മൽ കുന്ന്, മലയിൽ കുന്ന്, കാക്കോറ കുന്ന്, മലയിൽ ഭാഗം, മൂളമ്മൽ ഭാഗം, കുന്നിൻമുകളിൽ ഭാഗം, തോട്ടത്തിൽ ഭാഗം, കണ്ടോത്ത് മുകളിൽ ഭാഗം എന്നിവയാണ് ഉയർന്ന പ്രദേശമായി പഞ്ചായത്തിലുള്ളത്. ഇതോടൊപ്പം താഴ്ന്ന മറ്റു പ്രദേശങ്ങളിലും കുടിവെള്ളത്തിന്റെ രൂക്ഷത അനുഭവപ്പെടുന്നു. ഇവിടങ്ങളിൽ വളരെയധികം ദൂരം നടന്നുവേണം വെള്ളം ശേഖരിക്കാൻ. ഇതിൽ ഭൂരിഭാഗം പ്രദേശങ്ങളിലും മഴക്കാലത്തും രൂക്ഷത അനുഭവപ്പെടുന്നു.

ഭൂരിഭാഗം വരുന്ന വീടുകളിലും സ്വന്തമായി കിണറുകളുണ്ട്. പക്ഷെ, തുലാവർഷം മോശമായാൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മിക്ക കിണറുകളും വറ്റുന്നു. അശാസ്ത്രീയമായ മണ്ണെടുപ്പും ഭൂവിനിയോഗവും ഇതിന് മുഖ്യമായ ഒരു കാരണമായി നമുക്ക് കാണാൻ കഴിയും. തൊട്ടടുത്ത കിണറുകളെ മുഖ്യമായി ആശ്രയിക്കുന്ന കിണറുകളുടെ എണ്ണവും വിരളമല്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് ഇവരിൽ ഭൂരിഭാഗവും എന്നത് ഒരു യാഥാർത്ഥ്യമാണ്. 1 മുതൽ 6 വരെ വാർഡുകളിൽ കുറച്ചു കുടുംബങ്ങളെങ്കിലും പൈപ്പ്വെള്ളം ഉപയോഗിക്കുന്നുണ്ട്. അതായത് 83 വീടുകൾ മാത്രമാണ് നിലവിൽ ഇത് ഉപയോഗപ്പെടുത്തുന്നത്. 7 മുതൽ 11 വരെ വാർഡുകൾ ഉൾപ്പെടുന്ന അരൂർ മേഖലയിൽ പൈപ്പ് വെള്ളം ലഭിക്കുന്ന പദ്ധതികളൊന്നും നിവലവിലില്ല.

പുറമേരി ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഭാഗമായി 2 പമ്പിംഗ് ഹൗസുകളാണ് പഞ്ചായത്തിലുള്ളത്. വെള്ളൂർ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസും, പുറമേരി കോവിലകം ചിറയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസും. ഇവിടെ നിന്ന് രാത്രിയും പകലും പമ്പിംഗ് നടത്തുന്നുണ്ട്. ഒരേ പമ്പിംഗ് ലൈനിൽ പമ്പ് ചെയ്യുന്നത് കാരണം ഒരു സമയത്ത് ഒരു പമ്പ് ഹൗസിൽ നിന്ന് മാത്രമേ ഇപ്പോൾ പമ്പ് ചെയ്യാൻ കഴിയുന്നുള്ളൂ. ചിറയിൽ പമ്പ് ഹൗസിൽ നിന്നും ടാങ്കിലേക്ക് പുതുതായി പമ്പിംഗ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലെത്തി നിൽക്കുകയാണ്. ഇത് പൂർത്തിയായാൽ ഒരേ സമയത്ത് തന്നെ രാത്രിയും പകലും വെള്ളം പമ്പിംഗ് നടത്താൻ കഴിയും. നിലവിലുള്ള ജലവിതരണം ഇതോടെ നല്ല ശതമാനം വർദ്ധനവുണ്ടാകുന്നതാണ്. എന്നാൽ ജലവിതരണക്കുഴലുകളുടെ ഗുണ നിലവാരം ഇപ്പോഴും ഒരു പ്രശ്നമായി അവശേഷിക്കുകയാണ്. തുടരെത്തുടരെ കുഴലുകൾ പൊട്ടുന്നതിനാൽ വളരെയധികം വെള്ളം പാഴായിപ്പോകുന്നുണ്ട്. ഇതിനൊരു ശാശ്വത പരിഹാരം അത്യാവശ്യമാണ്. മേൽപ്പറഞ്ഞ 2 പമ്പിംഗ് ഹൗസുകളിൽ

നിന്നുമായി 103 പൊതു ടാപ്പുകളിൽ ശുദ്ധജല വിതരണം നടത്തുന്നുണ്ട്. കൂടാതെ 89 ഹൗസ് കണക്ഷനുകളും ഉണ്ട്. മൊത്തം 15000 മീറ്റർ നീളത്തിൽ ശുദ്ധജല വിതരണക്കുഴൽ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വെള്ളമെത്തിക്കുന്നതിനായി 98 ലക്ഷം രൂപ മതിപ്പ് ചെലവായി ഒരു പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനായി ഗുളികപ്പുഴയിലെ വെള്ളമാണ് ഉപയോഗപ്പെടുത്തുന്നത്. ട്രീറ്റ്മെന്റ് പമ്പിംഗ് മെയിനും ജലസ്രോതസ്സിലെ പണികളും തിരുവള്ളൂർ – ആയഞ്ചേരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര പദ്ധതിയുടേതാണ്. ശുദ്ധീകരിച്ച വെള്ളം പുറമേരി അഞ്ചാം വാർഡിലുള്ള ജലസംഭരണിയിൽ ശേഖരിച്ച് വിലാതപുരത്തെ ഓവർഹെഡ് ടാങ്കിലേക്ക് പമ്പ് ചെയ്ത് 95 കി.മീ. നീളത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ജലവിതരണക്കുഴലുകൾ വഴി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുദ്ധജലം വിതരണം നടത്തുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജലസംഭരണിയുടെയും പമ്പിംഗ് മെയിനിന്റെയും ഓവർഹെഡ് ടാങ്കിന്റെയും ഗ്രാവിറ്റി മെയിനിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പുസെറ്റുകളും എത്തിക്കഴിഞ്ഞു. വൈദ്യുത കണക്ഷന് വേണ്ടിയുള്ള OYEC. പണമടച്ചിട്ടുണ്ട്. ജലവിതരണക്കുഴലുകളുടെ പണി 30% പൂർത്തിയായിട്ടുണ്ട്. പൈപ്പ് ലഭ്യമാകുന്നതോടെ ബാക്കി വരുന്ന ജലവിതരണക്കുഴലുകളും സ്ഥാപിക്കാൻ കഴിയും. തിരുവള്ളൂർ, ആയഞ്ചേരി സമഗ്ര ജലവിതരണ പദ്ധതി പ്രാവർത്തികമാവുന്നതോടെ പുറമേരിയിലും ശുദ്ധജല വിതരണം നടത്താൻ കഴിയും. ഈ വൻ പദ്ധതി നടപ്പിലായാലും ഏറ്റവും ഉയരം കൂടിയ പ്രദേശമായ മലയാടപ്പൊയിലിൽ കുടിവെള്ളപ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഈ പ്രദേശത്തിന് മാത്രമായി ഒരു മിനി വാട്ടർ സ്കീം പദ്ധതിയുടെ പ്രൊപ്പോസൽ ഉണ്ടായിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഇവയാണ്.

A. പരവൻ മീത്തൽ ലക്ഷംവീട് കോളനി, പാറേമ്മേൽ ലക്ഷംവീട് കോളനി, മീത്തലെ പുനത്തിൽ ഭാഗം, കുളങ്ങര ഭാഗം, തൂവുക്കുന്നുമ്മൽ ഭാഗം.

B. കുന്നിൻ മുകളിൽ ഭാഗം, കോമത്ത് കുന്നിന്മേൽ ഭാഗം, കണ്ടോത്ത് കുന്നിൻ മുകളിൽ, എടവലത്ത് മീത്തൽ ഭാഗം

C. മലോൽ ഭാഗം, വാഴയിൽ ഭാഗം, പുത്തൻ കുളങ്ങര ഭാഗം, പൂവുള്ളതിൽ ഭാഗം, മുദ്രക്കാലിൽ ഭാഗം, ഇരഞ്ഞിയുള്ളതിൽ ഭാഗം.

D. മുല്ലേരി ഭാഗം, പനമ്പ്ര-കൊയിലോത്ത് ഭാഗം, കല്ലുള്ളതിൽ ഭാഗം, തയ്യുള്ളതിൽ ഭാഗം.

E. മൂളമ്മൽ ഭാഗം, മലയാംവെള്ളി ഭാഗം, കുന്നുമ്മൽ ഭാഗം, തോട്ടത്തിൽ ഭാഗം, കുഞ്ഞല്ലൂർ ഭാഗം, കൊല്ലന്റെ മീത്തൽ ഭാഗം, മലയിൽ ഭാഗം

F. കക്കോറക്കുന്ന്, വെണ്ടേക്കുളത്തിൽ ഭാഗം, മലയിൽ കുന്ന്, അമ്പലത്തിൻ ഭാഗം.

G. നല്ലോളിത്താമരക്കുന്ന്, തയ്യുള്ളതിൽ ഭാഗം, പിരക്കൽ കാട് കുന്ന്, ഓടേ പറമ്പ് ഭാഗം കരുവാണ്ടി ഭാഗം, ചെറുവാറ്റക്കുന്ന് ഭാഗം, പെരുമുണ്ടച്ചേരി ലക്ഷംവീട്കോളനി.

H. നെടിയപറമ്പത്ത് ഭാഗം, കപ്പള്ളിത്തറമ്മൽ

ഭാഗം, കളത്തിൽ മുക്ക് ഭാഗം.

I കൊരഞ്ഞിവയൽ, വാടിയുള്ളതിൽ ഭാഗം, കുയ്യടി ഭാഗം, മലയാട പൊയിൽ, പാതാളക്കുന്ന്.

മേൽ സൂചിപ്പിച്ച സ്രോതസ്സുകൾക്ക് പുറമെ 25 പൊതു കിണറുകളുമുണ്ട്. ഇവയിൽ ഏതാനും കിണറുകൾക്ക് മാത്രമാണ് എല്ലാ സമയത്തും വെള്ളം കിട്ടു

പട്ടിക - 1

| ക്രമ നമ്പർ | വാർഡ് | കിണറുകളുടെ എണ്ണം | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വീടുകളുടെ എണ്ണം | പൊതുകിണർ | | | |
|---|---|---|---|---|---|---|---|
| | | | | കിണറിന്റെ പേര് | തീരെ ഉപയോഗിക്കാത്ത കിണറുകൾ | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം | പ്രശ്നങ്ങൾ |
| 1. | I | 280 | | | | | |
| 2. | I | - | - | - | - | - | - |
| 3. | I | 331 | 232 | പുറമേരി കാര്യാട്ട് തെരുവ് | | 20 | കെട്ടിയ അടിഭാഗം ഇളകിത്തുടങ്ങിയിരിക്കുന്നു. |
| 4. | I | — | — | പുറമേരി മലോൽ മുക്ക് | | 25 | വേനൽക്കാലത്ത് വെള്ളം വറ്റുന്നു പ്ലാറ്റ്ഫോം. ഇടിഞ്ഞിരിക്കുന്നു. |
| 5. | III | 320 | 215 | കാട്ടിൽ ലക്ഷംവീട് | | 16 | വേനൽക്കാലത്ത് വെള്ളം വറ്റുന്നു. |
| 6. | III | | | എളമ്പിലാവ് ലക്ഷംവീട് | | 20 | വേനൽക്കാലത്ത് വെള്ളം വറ്റുന്നു |
| 7. | III | | | ആശാരിക്കണ്ടി താഴ | | 23 | വേനൽക്കാലത്ത് വെള്ളം വറ്റുന്നു. |
| 8. | IV | 325 | 80 | പഞ്ചായത്ത് കിണർ | | 10 | വേനൽക്കാലത്ത് വെള്ളം വറ്റുന്നു. |
| 9. | V | 252 | 114 | കാങ്ങാട്ട് താഴ | | | |
| 10. | VI | 386 | 143 | വിലാതപുരം പഞ്ചായത്ത് കിണർ | | 8 | അടിഭാഗത്ത് കെട്ടിയ കല്ല് തിങ്ങിയിരിക്കുന്നു. |
| 11 | VI | | | കനിങ്ങാട് പഞ്ചായത്ത് കിണർ | | 20 | ചവിട്ടു പടികളും ആൾമറ, പില്ലർ എന്നിവ പുതുക്കിപ്പണിയണം |
| 12 | VI | | | കളത്തിൽമുക്ക് കിണർ | | | |
| 13 | VI | | | മഠത്തിൽ മുക്ക് | | | |
| 14 | VII | 386 | 143 | | | | |
| 15 | VIII | 203 | 130 | നെച്ചോളിത്തറ കുന്ന് | | | അടി പാറയായത് കാരണം വെള്ളം ലഭ്യമല്ല |
| 16 | VIII | | | നടക്കുമീത്തൽ സ്കൂൾ പരിസരം | | സ്കൂൾ കുട്ടികൾ | |

| നമ്പർ | വാർഡ് | കിണറുകളുടെ എണ്ണം | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വീടുകളുടെ എണ്ണം | പൊതുകിണർ | | | |
|---|---|---|---|---|---|---|---|
| | | | | കിണറിന്റെ പേര് | നിലവിൽ ഉപയോഗിക്കാത്ത കിണറുകൾ | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം | പ്രശ്നങ്ങൾ |
| 17 | VIII | | | ചാലാൽ മുക്ക് | | 25 | |
| 18 | IX | 200 | 49 | പിറകിൻകാട് കുന്ന് | | 16 | വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല |
| 19 | IX | | | എലിപ്പറമ്പത്ത് മുക്ക് | | 7 | |
| 20 | IX | | | ബാലവാടി മുക്ക് | | 3 | |
| 21 | IX | | | ലക്ഷംവീട് കോളനി | | 16 | |
| 22. | X | 340 | 650 | വെളുത്തപറമ്പത്ത് മുക്ക് | | 16 | |
| 23 . | X | | | കല്ലുമ്പുറം, കിണർ | സ്കൂൾ കുട്ടികൾ | | വേനൽകാലത്ത് വെള്ളം വറ്റുന്നു |
| 24 | XI | 385 | 257 | കുയ്യടി ഭാഗം | | 40 | കുടിക്കാൻ ഉപയോഗിക്കുന്നില്ല. |
| 25 | XI | | | ഒറ്റമാവുള്ളതിൽ മുക്ക് | | 45 | വേനൽകാലത്ത് വെള്ളം ലഭിക്കുന്നില്ല. |
| 26 | XI | | | വാടിയുള്ളതിൽ ഭാഗം | | 30 | വേനൽതക്കാലത്ത് വള്ളം ലഭിക്കുന്നില്ല. |
| 27 | XI | | | പടിഞ്ഞാറൻ റയിൽ ഭാഗം | | 25 | വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല.. |

ന്നത്. മറ്റു കിണറുകൾ കാലാകാലങ്ങളിൽ ഉപയോഗിക്കാതിരിക്കുകയോ, വേനൽക്കാലത്ത് വറ്റിപ്പോകുകയോ ചെയ്യുന്നവയാണ്. വിശദ വിവരങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്.

ഇതിനുപുറമെ 8 കുഴൽകിണറുകളും പഞ്ചായത്തിനുള്ളിൽ ഉണ്ട്. ഇവയിൽ മിക്ക കുഴൽ കിണറുകളിലെയും വെള്ളം കുടിക്കാൻ പറ്റിയതല്ല.

### പ്രശ്നങ്ങൾ

- എല്ലാവാർഡിലും കുടിവെള്ളക്ഷാമം ഉണ്ട്.
- പൈപ്പ് വെള്ളം ആവശ്യത്തിനു കൃത്യമായി ലഭിക്കുന്നില്ല
- ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ് ജലം ലഭിക്കാൻ പ്രയാസമനുഭവപ്പെടുന്നു.
- പൊതുകിണറുകളിൽ എല്ലാ സമയത്തും വെള്ളം ലഭിക്കുന്നില്ല
- കുഴൽ കിണറുകളിലെ വെള്ളം കുടിക്കാൻ പറ്റിയതല്ല.
- ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ നിലവിൽ യാതൊരു പദ്ധതിയുമില്ല.
- പുറമേരിയിൽ ജലവിതരണക്കുഴലുകളുടെ ഗുണമേന്മക്കുറവ് കാരണം ജലവിതരണം തടസ്സപ്പെടുന്നു.

### സാധ്യതകൾ

- ഗുളികപ്പുഴപദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് കുനിങ്ങാട്, വിലാതപുരം, എളയടം, പെരുമുണ്ടച്ചേരി, കല്ലുമ്പുറം അരൂർ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുക.

◆ പുറമേരിയിൽ നിലവിലുള്ള രണ്ട് പദ്ധതികളുടെ കീഴിൽ പുറമേരി, മുതുവടത്തൂർ പ്രദേശങ്ങളെ ഉൾപ്പെടുത്തി ജലവിതരണം കാര്യക്ഷമമാക്കുക.

◆ പുറമേരി പദ്ധതിയുടെ കീഴിലുള്ള ജലവിതരണ കുഴലുകൾ മാറ്റി ഗുണനിലവാരമുള്ളവ സ്ഥാപിക്കുക. കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കിണറുകൾ കുഴിക്കുക.

◆ നിലവിലുള്ള പൊതു കിണറുകളിൽ എല്ലാ സമയവും വെള്ളം ലഭിക്കുവാൻ വേണ്ടത് ചെയ്യുക.

◆ പൊതു കിണറുകൾ റിപ്പേർ നടത്തുക. പൊതു കിണറുകളിലെ പൈപ്പുകൾ മാറ്റി വെള്ളം കുടിക്കാൻ ഉപയോഗപ്രദമാക്കുക.

◆ ഗുളികപ്പുഴ പദ്ധതി ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ സ്ഥാപിക്കുക.

◆ വ്യക്തികൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം അനുവദിക്കുക

◆ കിണർ കുഴിക്കുന്നതിന് മുമ്പായി ആവശ്യത്തിനുള്ള വെള്ളം ലഭിക്കുമെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ഉണ്ടാക്കുക.

◆ താഴ്ന്ന പ്രദേശങ്ങളിൽ വലിയ കുളങ്ങൾ നിർമ്മിച്ച് ഉയരമുള്ള പ്രദേശങ്ങളിൽ വെള്ളം പമ്പ് ചെയ്ത് എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

◆ മലയാട പൊയിൽ പ്രദേശത്ത് കുടിവെള്ളമെത്തിക്കാനുള്ള പ്രത്യേക പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കുക.

◆ 200 മീറ്റർ ദൂരത്തിനുള്ളിൽ എങ്കിലും കുടിവെള്ളം ലഭ്യമാക്കുക.

"അധികാരത്തെ സൂക്ഷിക്കുക.

അധികാരം ദുഷിപ്പിക്കും.

അതിന്റെ ആഡംബരത്തിൽ മയങ്ങിപ്പോകരുത്.

ഇന്ത്യൻ ഗ്രാമങ്ങളിലെ പാവങ്ങളെ സേവിക്കാനാണ് നിങ്ങൾ അധികാരത്തിൽ ഏറിയതെന്നുള്ള കാര്യം ഓർമ്മയിലിരിക്കട്ടെ"

– ഗാന്ധിജി.

# 5.വ്യവസായം

വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പുറമേരി ഗ്രാമ പഞ്ചായത്ത്. പേരിനു മാത്രമുള്ള ചില ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമേ ഇവിടെ പ്രവർത്തിക്കുന്നുള്ളൂ. പരമ്പരാഗത വ്യവസായ രംഗത്ത് കൈത്തറി ഈ പഞ്ചായത്തിന്റെ 1, 2, 3 വാർഡുകളിൽ മുമ്പുണ്ടായിരുന്നു. ഇപ്പോൾ അതും നാമാവശേഷമായിരിക്കുകയാണ്. കൂടാതെ ഖാദി മേഖലയിൽ തൂണേരി ബ്ളോക്ക് ഖാദി പ്രവർത്തക സഹകരണ സംഘമെന്ന പേരിൽ ഒരു സഹകരണ സ്ഥാപനം പുറമേരിയിൽ മുമ്പ് പ്രവർത്തിച്ചിരുന്നു. അതും പ്രവർത്തനക്ഷമമല്ലാതിരിക്കുകയാണ്. മുമ്പ് ഒരുപാട് കുടുംബങ്ങൾ ഈ മേഖലയിൽ പ്രത്യേകിച്ച് സ്ത്രീകൾ തൊഴിലെടുത്ത് ജീവിച്ചിരുന്നു. അതുപോലെത്തന്നെ അരൂർ മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ ചക്കരച്ചെത്ത് സൊസൈറ്റി നിലവിലുണ്ടായിരുന്നു. അ തും പിന്നീട് നാമാവശേഷമാകുകയാണുണ്ടായത്. ഇപ്പോൾ പുറമേരിയിൽ നാൽപതോളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും, സ്വയം തൊഴിലിനായുള്ള ഏതാനും ഫ്ളോർ മില്ലുകളും, 2 ഈർച്ചമില്ലും, ഒരു ഓയിൽ മില്ലും മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. പൊതുമേഖലയിൽ ഒറ്റ വ്യവസായ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. വിലാതപുരത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മിൽക്ക് സൊസൈറ്റി നിലവിലുണ്ട്. മൊത്തം തൊഴിൽ മേഖലയിൽ വളരെ ചെറിയ ശതമാനം തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഒരു വ്യവസായ ശാലയും ഈ പഞ്ചായത്തിൽ ഇല്ല. വ്യാവസായിക രംഗത്തെ തൊഴിൽ സാധ്യതകളെക്കുറിച്ചോ, പഞ്ചായത്തിൽ ലഭ്യമുള്ള അസംസ്കൃത വസ്തുക്കളെ പറ്റിയോ, പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങളെ പറ്റിയോ ജനങ്ങൾക്കുള്ള അജ്ഞതയാണ് നമ്മുടെ പഞ്ചായത്തിലെ.വ്യവസായ മേഖല ഇത്രയും മോശമാകാൻ കാരണം.

**പ്രശ്നങ്ങൾ**

- വ്യവസായ മേഖലയിലെ ജോലി സാധ്യതകളെക്കുറിച്ചും സാമ്പത്തിക സഹായങ്ങളെക്കുറിച്ചും അറിവില്ലായ്മ.
- സാങ്കേതിക വിജ്ഞാനമുള്ള (വൈദഗ്ധ്യമുള്ള) തൊഴിലാളികളുടെ കുറവ്.
- ഊർജ്ജ പ്രതിസന്ധി – വൈദ്യുതി ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.
- എവിടെനിന്നെങ്കിലും ലോണെടുത്ത് ഒരു വ്യവസായ യൂണിറ്റ് തുടങ്ങിയാൽ ആ വ്യവസായ യൂണിറ്റിനോടും, വ്യവസായ സംരംഭകനോടും ജനങ്ങളുടെ മോശമായ കാഴ്ചപ്പാട്.
- അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്
- മൂലധനക്കുറവ്. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കാനുള്ള സാങ്കേ

തിക വിഷമം.

◆ തൊഴിൽ രംഗത്തെ അശാന്തി

**സാധ്യതകൾ**

◆ കേരോല്പന്നങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

◆ കുടിൽ വ്യവസായങ്ങളായ സോപ്പ് നിർമ്മാണം, അവിൽ നിർമ്മാണം, പപ്പട നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, വിവിധതരം പാലുല്പന്നങ്ങൾ, ബേക്കറി ഉല്പന്നങ്ങൾ, കോഴിവളർത്തുകേന്ദ്രം, ആടുവളർത്തൽ, സിമന്റ് കട്ട നിർമ്മാണം, കട്ടില, ജാലകം, ഇലക്ട്രിസിറ്റി പോസ്റ്റ് വാർക്കൽ, അതിർത്തിവേര് കെട്ടാനുള്ള വാർപ്പ്, പോസ്റ്റ് നിർമ്മാണം മുതലായവ ആരംഭിക്കുക.

◆ പുറമേരി മേഖലയിലും, അരൂർ മേഖലയിലും ക്രഷർ ഉപയോഗിച്ച് കരിങ്കൽ മെറ്റൽ നിർമ്മാണം നടത്തുക.

◆ ചകിരി, ചിരട്ട് തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട വ്യവസായങ്ങൾ

◆ കോക്കനട്ട് പൗഡർ, കോക്കനട്ട് പേസ്റ്റ്, ഔഷധഗുണമുള്ള വെളിച്ചെണ്ണ നിർമ്മാണം, തേങ്ങാവെള്ളം ഉപയോഗിച്ച് വിനാഗിരി നിർമ്മാണം.

◆ കാലിത്തീറ്റ നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കുക.

◆ മാങ്ങ, ചക്ക, കശുമാങ്ങ എന്നിവ ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുക

◆ വനിതകൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. വാട്ടർ ടാങ്കിന് സമീപമുള്ള പഴയ അമ്പർ ചർക്ക കേന്ദ്രം ഉപയോഗപ്പെടുത്തുക.

◆ കശുവണ്ടി സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക.

◆ വിദേശ മലയാളികളുടെ മുതൽമുടക്ക് ഉപയോഗപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

◆ ഖാദി നൂൽനൂൽപ്പ് യൂണിറ്റ് പ്രവർത്തനം പുനരാരംഭിക്കുക.

◆ യുവജനങ്ങൾക്കിടയിൽ വ്യവസായ മേഖലകളെക്കുറിച്ചും സഹായം കിട്ടുന്ന ഏജൻസികളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.

◆ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണന - സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികൾ എന്നിവ പരിഗണിച്ച എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

◆ സഹകരണ മേഖലയിൽ പവർ ബേക്കറി സ്ഥാപിക്കുക.

◆ സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക.

◆ പഞ്ചായത്തിൽ ആധുനിക D.T.P. സൗകര്യത്തോട് കൂടിയ ഒരു പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കുക.

◆ കേരളത്തിലെ ഏറ്റവും കൂടുതൽ നാളികേരം ഉല്പാദിപ്പിക്കപ്പെടുന്ന ജില്ലയായ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ നാളികേര സംസ്ക്കരണത്തിന് വിപുലമായ സൗകര്യങ്ങളോട് കൂടിയ ഒരു വ്യവസായ യൂണിറ്റ് ഇന്നില്ല. ആയതിനാൽ വിദേശ മലയാളികളുടെയും, നാളികേര കർഷകരുടെയും, കേന്ദ്ര സംസ്ഥാന ഗവൺമെണ്ടുകളുടെയും സഹായത്തോടു കൂടി നാളികേരത്തിന്റെ വിവിധ ഭാഗങ്ങൾ (സമ്പൂർണ്ണമായും അത്യാധുനികമായ സാങ്കേതിക വിദ്യ ഉപയോഗിച്ചും) സംസ്ക്കരിക്കാനുള്ള ഒരു യൂണിറ്റ് പുറമേരി പഞ്ചായത്തിൽ സ്ഥാപിക്കുക.

# 6. റോഡുകൾ, ഊർജ്ജം

**റോഡുകൾ**

ഒരു പ്രദേശത്തിന്റെ വികസനത്തിൽ പരമപ്രധാനമായ ഘടകമാണ് ഗതാഗതം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ റോഡുകൾ കൂടുതലാണെന്ന് പറയുന്നതിൽ തെറ്റില്ല. ഗ്രാമപഞ്ചായത്തുകളുടെ ചെലവിനങ്ങളിൽ കൂടുതലായും റോഡുകളുടെയും, നടപ്പാതകളുടെയും നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും ആണെന്ന് കാണാൻ കഴിയും.

റോഡുകൾ നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം നാം ഗൗരവമായി എടുക്കേണ്ടതാണ്. കൃഷി ഭൂമി നികത്തലും അത് മൂലം ഉണ്ടാകുന്ന വെള്ളപ്പൊക്കവും നമ്മുടെ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. അതിനാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ വഴികാണേണ്ടതാണ്. പുറമേരി പഞ്ചായത്തിലെ ഗതാഗത പ്രശ്നങ്ങളെപ്പറ്റി പരിശോധിക്കുമ്പോൾ വടകര കുറ്റ്യാടി റോഡ് പഞ്ചായത്തിന്റെ ഒരറ്റത്ത് കൂടി കടന്നുപോവുന്നുണ്ടെങ്കിലും പഞ്ചായത്ത് നിലവിൽ വരുന്നതിന് മുമ്പ് മിക്കപ്രദേശങ്ങളിലും ഒരു സൈക്കിൾ യാത്രുപോലും അസാധ്യമായിരുന്നു. ഇന്നു പഞ്ചായത്തിൽ നിലവിലുള്ള പല റോഡുകളും വമ്പിച്ച ജനപങ്കാളിത്തത്തോടെ നിർമിച്ചതാണ്. 1963ൽ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടത്തിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനം എടുത്ത് പറയേണ്ടിയിരിക്കുന്നു. പിന്നീട് വന്ന ഭരണസമിതികൾ നിലവിലുള്ള റോഡുകൾ വികസിപ്പിക്കാനും, ഗതാഗതയോഗ്യമാക്കാനും പുതിയവ നിർമ്മിക്കാനും ശ്രമം നടത്തിയിട്ടുണ്ട്. കൂടാതെ റോഡുകളുടെ വികസന കാര്യത്തിൽ കുന്നുമ്മൽ തൂണേരി, തോടന്നൂർ ബ്ലോക്കുകളുടെ ഗണ്യമായ സഹായവും ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ കുളങ്ങരത്ത് - അരൂർ-, അരൂർ തണ്ണീർപന്തൽ, പുറമേരി - കുനിങ്ങാട് എന്നീ പ്രധാനറോഡുകളിൽ ബസ്സ് സർവ്വീസ് ആരംഭിക്കുകയുണ്ടായി പ്രസ്തുത റോഡുകൾ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. ഇതിന് പുറമെ കുഞ്ഞല്ലൂർ - വിലാതപുരം - കുടമേരി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ചാലിൽ ഇടവഴി -മാരാംവീട്ടിൽ റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് വികസിപ്പിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1963ൽ അധികാരത്തിൽ വന്ന പഞ്ചയത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നിർമ്മിച്ച അരൂർ - തണ്ണീർപന്തൽ റോഡിന്റെ പ്രവർത്തനത്തിനിടയിൽ റോഡിന് സ്ഥലം അനുവദിച്ചില്ല എന്ന പേരിൽ ചില സാമൂഹ്യ വിരുദ്ധ ശക്തികൾ പഞ്ചായ

ത്തിന്റെ എളയടം പ്രദേശത്ത് നടത്തിയ ഹീനമായ അക്രമണ സംഭവങ്ങളിൽ നിരപരാധികളായ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. ആർ കുഞ്ഞിക്കേളു അടിയോടിക്കും, മെമ്പർ ശ്രീ. എ. കുഞ്ഞികൃഷ്ണൻ നമ്പ്യാർക്കും, മറ്റ് ചില പൊതുപ്രവർത്തകർക്കും ഏറെ പീഡനം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പഞ്ചായത്തിൽ റോഡുകളുടെ നിർമ്മാണ കാര്യത്തിൽ ആവശ്യമായ സ്ഥലം സംഭാവന ചെയ്യുന്ന കാര്യത്തിൽ സ്ഥലമുടമകൾ കാണിക്കുന്ന ഉദാര മനസ്കതയും, പൊതുജനങ്ങളുടെ സേവന സന്നദ്ധതയും മാതൃകാപരമാണ്.

### പ്രശ്നങ്ങൾ

പഞ്ചായത്തിൽ നിരവധി റോഡുകൾ ഉണ്ടെങ്കിലും പലതും കുണ്ടും, കുഴിയും നിറഞ്ഞ് ഗതാഗതത്തിന് പ്രയാസമുണ്ടാക്കുന്നവയാണ്. ആവശ്യത്തിന് ഫണ്ടില്ലാത്തതും, യഥാസമയം അറ്റകുറ്റ പണി നടത്താത്തതുമാണ് ഇതിന് കാരണം. പഞ്ചായത്തിൽ എട്ട് മീറ്റർ വീതിയുള്ള റോഡുകൾ മെറ്റലിങ്ങും, ടാറിങ്ങും നടത്തി പൂർത്തിയാക്കാൻ കഴിയാത്തതും ഫണ്ടിന്റെ അഭാവം തന്നെ. ജവാഹർ തൊഴിൽദാന പദ്ധതിയിൽ റോഡ് നിർമ്മിക്കാൻ എട്ട് മീറ്റർ വീതിയുണ്ടാകണമെന്ന നിഷ്കർഷ പല ചെറിയ റോഡുകളുടെയും പരിഷ്കരണ പ്രവർത്തിക്ക് പ്രതികൂലമായി തീർന്നിരിക്കുന്നു. ഇത് കാരണം ജെ. ആർ. വൈ. ഫണ്ട് ചില പ്രത്യേക മേഖലകളിൽ ഒതുങ്ങിപ്പോവുന്നു.

പഞ്ചായത്തിലെ ഒരറ്റത്ത് കൂടി കടന്ന് പോകുന്ന വടകര - കുറ്റ്യാടി റോഡിൽ കൂടി. ഇരുന്നൂറിൽ പരം ബ്സ്സുകൾ സർവ്വീസ് നടത്തുന്നത് പഞ്ചായത്തിലെ ചെറിയ വിഭാഗം ജനങ്ങൾക്ക് യാത്രാ സൗകര്യം നൽകുന്നുണ്ടെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലെയും ജനങ്ങൾ വലിയ യാത്രാ ക്ലേശം അനുഭവിക്കുന്നവരാണ്. അമിത ചാർജ്ജ് നൽകി. ഓട്ടോയിലും ജീപ്പിലും സഞ്ചരിച്ചും, നാഴികകൾ കാൽനടയായി യാത്ര ചെയ്തുമാണ് ജനങ്ങൾ മെയിൻ റോഡുമായി ബന്ധപ്പെടുന്നത്.

ഏഴ് ബസ്സുകൾ സർവ്വീസ് നടത്തിയ കുളങ്ങരത്ത് - അരൂർ റോഡിൽ ഇന്ന് ഒരു സ്റ്റെയിറ്റ് ട്രാൻസ്പോർട്ട് ബസ്സ് മാത്രമേ ഉള്ളൂ. അതും ഒരു ചുരുങ്ങിയ സമയത്തുള്ള സർവ്വീസായതിനാൽ യാത്രാ ക്ലേശം ഊഹിക്കാവുന്നതേയുള്ളൂ. നാല് ബസ്സുകൾ സർവ്വീസ് നടത്തിയ അരൂർ - തണ്ണീർപന്തൽ റോഡിൽ കൃത്യമായി സർവ്വീസ് നടത്തുന്ന ഒരു ബസ്സ് പോലും ഇന്നില്ല. പ്രസ്തുത റോഡ് ശോചനീയമായ നിലയിലായതാണ് ബസ്സ് സർവ്വീസ് നിലയ്ക്കാൻ കാരണം. റോഡിന്റെ വിപുലമായ പരിഷ്കരണ പ്രവൃത്തിക്ക് 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 65% അധിക നിരക്കിൽ പൊതുമരാമത്ത് വകുപ്പ് പ്രവർത്തി ടെണ്ടർ ചെയ്ത് ഒരു വർഷം കഴിഞ്ഞെങ്കിലും കരാറുകാരൻ പ്രവൃത്തി യഥാസമയം നടത്താത്തനാൽ നിലവിലുണ്ടായിരുന്ന യാത്രാസൗകര്യം പോലും നഷ്ടപ്പെട്ടിരിക്കുകയാണ്. മഴക്കാലത്ത് കാൽനടയാത്രു പോലും ഈ റോഡിൽ അസാധ്യമാണ്.

പുറമേരി - കുനിങ്ങാട് റോഡിലേയും, അരൂർ കുളങ്ങരത്ത് റോഡിലേയും ബസ്സ് സർവ്വീസ് നിലച്ചുപോയത് മറ്റൊരു സാഹചര്യത്തിലാണ്. കേന്ദ്രസർക്കാർ കൊണ്ടുവന്ന ട്രാൻസ്പോർട്ട് നിയമമാണ് ഇതിന് കാരണം. യഥേഷ്ടം റൂട്ട് സറണ്ടർ ചെയ്യാനും, പുതു

തായി അപേക്ഷിക്കുന്ന സ്ഥലത്ത് റൂട്ട് അനുവദിക്കാനും നിയമം അനുശാസിക്കുന്നതിനാൽ കൂടുതൽ ലാഭകരമായ റൂട്ടുകൾ തേടി ബസ്സുടമകൾ നീങ്ങിത്തുടങ്ങി. ഈ നിയമം സംസ്ഥാനത്തിലെ ഗ്രാമങ്ങളെ സാരമായി ബാധിച്ചിരിക്കുന്നു. അതുപോലെ പുറമേരി പഞ്ചായത്തിനേയും.

ടാർ ചെയ്ത റോഡുകൾ പലേടത്തും പൊട്ടിപ്പൊളിഞ്ഞതും. മൺറോഡുകൾ മഴക്കാലത്ത് തകർന്നുപോകുന്നതും ഗതാഗത പ്രശ്നം ഉണ്ടാക്കുന്നുണ്ട്. മൺറോഡുകളിലും പൊട്ടിപ്പൊളിഞ്ഞ മെറ്റൽ റോഡുകളിലും കൂടി കടന്ന് പോകുന്ന വാഹനങ്ങൾ സൃഷ്ടിക്കുന്ന പൊടിപടലങ്ങൾ ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

**നിർദ്ദേശങ്ങൾ**

റോഡ് നിർമ്മാണങ്ങളുടെ പ്രവർത്തനത്തിൽ ഒരു തരത്തിലും ജനപങ്കാളിത്തം ഇന്നില്ല. ജനപ്രതിനിധികളും, നാട്ടുകാരും അടങ്ങുന്ന ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ റോഡുകളുടെ പ്രവൃത്തി നടക്കുകയാണെങ്കിൽ അഴിമതി തടയാനും, പ്രവൃത്തിയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയും. ജനപങ്കാളിത്തത്തോട് കൂടിയ റോഡ് നിർമ്മാണത്തിന് രൂപം കൊടുക്കുകയാണെങ്കിൽ വളരെ പ്രയോജനമായിരിക്കും. ഇക്കാര്യത്തിന് അടിയന്തിര ശ്രദ്ധയുണ്ടായാൽ ഒരു പരിധിവരെ റോഡുകളുടെ നാശം തടയൻ കഴിയും. ചില സ്കീമുകളിൽ റോഡുകൾ നിർമ്മിക്കാൻ ആറ് മീറ്റർ, എട്ട് മീറ്റർ എന്നിങ്ങനെ നിഷ്കർഷിക്കുന്നത് തികച്ചും അപ്രായോഗികമാണ്. കേരളം പോലുള്ള ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ഈ വ്യവസ്ഥ മാറ്റാനുള്ള നിയമം വേണം. ബസ്സ് സർവ്വീസ് ഉള്ള റോഡുകളിൽ യാത്രക്കാർക്ക് സൗകര്യത്തിനായി വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക. റോഡരികിൽ ഓട്ടോറിക്ഷകൾ, ടാക്സിജീപ്പികൾ എന്നിവ പാർക്കുചെയ്യുന്ന തൊഴിവാക്കാൻ പ്രത്യേക സ്റ്റാന്റുകൾ നിർമ്മിക്കുക. പൊതു ജനസുരക്ഷ, പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ സുരക്ഷകണക്കിലെടുത്ത് വിദ്യാലയങ്ങളോടടുത്ത ഭാഗങ്ങളിൽ വരമ്പുകൾ സ്ഥാപിക്കുക.

കുനിങ്ങാട് - മുതുവടത്തൂർ - എടച്ചേരി, പെരുമുണ്ടച്ചേരി പള്ളി-അരൂർ - കമ്പുറം - ആയഞ്ചേരി എന്നീ എട്ട് മീറ്റർ വീതിയുള്ള റോഡുകൾ അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നവയാണ്. രണ്ട് പൊതുമരാമത്ത് റോഡുകളുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് വികസിപ്പിക്കുന്നത് പഞ്ചായത്തിന്റെ വികസനത്തിന് കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. മേൽ പറഞ്ഞ റോഡുകളിലും, കുഞ്ഞല്ലൂർ - വിലാതപുരം - കടമേരി റോഡുകളിലും ഇപ്പോൾ തന്നെ ബസ്സുകൾക്ക് സർവ്വീസ് നടത്തുവാനുള്ള സാധ്യതയുണ്ട്. ഈ റൂട്ടുകളിലും, ബസ്സ് സർവ്വീസ് നിലച്ചുപോയ മറ്റ് റൂട്ടുകളിലും കൂടുതൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തി ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കണം. ഗ്രാമസഭകളിൽ നിന്ന് ആവശ്യപ്പെടുന്ന റോഡുകളും, നടപ്പാതകളും ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്. പഞ്ചായത്തിലെ മുഴുവൻ റോഡുകളും പരിഷ്കരിക്കണം. ഈ പഞ്ചായത്തിലെ കുളങ്ങരത്ത് - അരൂർ റോഡിന് പ്രത്യേകമായ പ്രാധാന്യം വർദ്ധിച്ചു

വരികയാണ്. കൊയിലാണ്ടി താലൂക്കിലെ നെല്ല്യാടി കട വിൽ നടന്ന് കൊണ്ടിരി ക്കുന്ന പാലത്തിന്റെ പണി പൂർത്തിയാവുന്നതോട് കൂടി കോഴിക്കോട് നിന്ന് കൊയി ലാണ്ടി-നെല്ല്യാടിക്കടവ് - ഗുളികപ്പുഴ-അരൂർ വഴി വട കര താലൂക്കിലെ അരൂരിലെ കിഴക്കൻ മലയോരപ്രദേശ ങ്ങളിലേക്ക് ബസ്സ് സർവ്വീസ് ആരംഭിച്ചാൽ ഇന്ന് നിലവി ലുള്ള ദൂരത്തേക്കാൾ 10 കിലോമീറ്റർ ചുരുങ്ങുകയും നിരവധി ഗ്രാമപ്രദേശങ്ങളെ കോഴിക്കോട് ജില്ലാ ആസ്ഥാനവുമായി ബന്ധ പ്പെടുത്താനും കഴിയും. സ്റ്റെയിറ്റ് ഹൈവേ റോഡിന് സമാന്തരമായി പോകുന്ന പ്രസ്തുത റോഡ് സംസ്ഥാന സർക്കാറിന്റെ പ്രധാന റോഡായി പരിഗ ണിക്കാവുന്നതാണ്. കുഞ്ഞ്യക്കൻ പീടിക - കള ത്തിൽ പീടിക - തലായി റോഡ് മെറ്റൽ ചെയ്ത് താറിട്ട് ഗതാഗത യോഗ്യമാ ക്കണം.

ഇന്ന് നിലവിലുള്ള റോഡുകളിൽ നിന്ന് സ്വന്തം ആവശ്യത്തിന് വീടുകളി ലേക്ക് റോഡുകൾ വെട്ടു മ്പോൾ ചാലുകൾ നിക ത്തുന്ന പ്രവണ തടയേണ്ടി യിരിക്കുന്നു. റോഡിന് നാശം വരാത്ത രീതിയിൽ ഈ പ്രശ്നം പരിഹരിക്കേ ണ്ടതാണ്. വയലുകളിലൂടെ യുള്ള പഴയ ഊടുപാതകൾ പലതും നശിച്ചുകൊണ്ടിരി ക്കുന്നു വയൽ വരമ്പുകൾ സംരക്ഷിക്കാൻ ഉടമകളായ കൃഷിക്കാർ മുന്നോട്ട് വന്നാൽ കാൽ നടയാത്ര ക്കാർക്ക് വളരെ ഉപകാരപ്ര ദമായിരിക്കും. ഇതിന്നായി നെൽവയൽ കൃഷിസ്ഥലമു ടമകളുടെ യോഗം വിളിക്കു ന്നത് നന്നായിരിക്കും.

എന്നും എല്ലാവർക്കും ഉപകാരമുള്ളതാണ് റോഡു കൾ.ഇവയുടെ ഉപയോഗം എന്നും നിലനിൽക്കുന്നതി നാൽ റോഡുകളുടെ സംര ക്ഷണം വളരെ പ്രാധാന്യ മർഹിക്കുന്നു. റോഡുക ളുടെ സംരക്ഷണത്തിന് ബോധവൽക്കരണം അനി വാര്യമാണ്. എല്ലാവരു ടെയും ഉപയോഗം കണക്കി ലെടുത്ത് ഓരോരുത്തരും അവരവരുടേതായ പങ്ക് റോഡുകളുടെ വികസന ത്തിലും, പരിഷ്കരണ പ്രവർത്തികളിലും സംരക്ഷ ണത്തിലും ഉറപ്പ് വരുത്തേ ണ്ടതാണ്.

ഓരോ റോഡിനും 'ജന കീയ റോഡ് സംരക്ഷണ സമിതി ' രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ സ്ഥിതി

| റോഡിന്റെ പേര് | ദൂരം കി. മീ | വീതി മീ. | ഉടമസ്ഥത P/PWD | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക് വേണ്ടത് | പരിഷ്കരിക്കേണ്ടത് |
|---|---|---|---|---|---|---|---|---|
| പുറമേരി - പർപ്പട്ടോളി | 1.500 | 4 | P | | | ✔ | | ✔ |
| പരവൻ മീത്തൽ - നടമ്മേൽ | 1.150 | 3 | p | | | ✔ | ✔ | ✔ |
| പുറമേരി വാട്ടർ ടാങ്ക് - താഴത്തടത്തിൽ | 0/500 | 3 | P | | | ✔ | ✔ | ✔ |
| പെരുമുണ്ടച്ചേരി - എളയംകടമേരി | 2.600 | 8 | PWD | ✔ | ✔ | ✔ | ✔ | ✔ |
| കുഞ്ഞല്ലൂർ-വിലാതപുരം | 1.500 | 8 | PWD | ഭാഗികം | ✔ | ✔ | ✔ | ✔ |
| കുനിങ്ങാട്-എടച്ചേരി (മുതുവടത്തൂർ വഴി) | 4.000 | 3 | P | | | ✔ | ✔ | ✔ |
| അരൂർ-പെരുമുണ്ടച്ചേരി | 3.000 | 8 | PWD | ✔ | ✔ | ✔ | ✔ | ✔ |
| പുറമേരി-വിലാതപുരം | 1.500 | 3 | P | | | ✔ | ✔ | ✔ |
| ചാലിൽ ഇടവഴി - മാരാൻവീട്ടിൽ ഇടവഴി | 4.000 | 6 | P | | | ✔ | ✔ | ✔ |
| തലായി - വാതുകൊയിലോത്ത്- കോറോത്ത് താഴ (കുനിങ്ങാട് - മുതുവടത്തൂർ) | 3.000 | 8 | P | | ഭാഗികം | ✔ | ✔ | ✔ |
| പുറമേരി ബാലിയിൽ താഴെ | 1.500 | 4 | P | | | ✔ | ✔ | ✔ |
| അരൂർ പള്ളി - മണ്ടോത്തറ | 0.500 | 4 | P | | | ✔ | ✔ | ✔ |
| അമ്പലക്കണ്ടി - ചത്തോത്ത് മുക്ക് | 1.160 | 3 | P | | | ✔ | ✔ | ✔ |
| തയ്യുള്ളതിൽ മുക്ക് - രയരോത്ത് താഴെ | 1.100 | 3 | P | | | ✔ | ✔ | ✔ |
| പരവൻ മീത്തൽ പറമ്പ് - നടമ്മേൽ | 1.150 | 3 | P | | | ✔ | ✔ | ✔ |
| അരൂർ കല്ലുമ്പുറം | 1.000 | 8 | P | | ✔ | ✔ | ✔ | ✔ |
| അരൂർ - നരിക്കട്ടരി | 1.700 | 3 | P | | | ✔ | ✔ | ✔ |
| കുഞ്ഞേക്കന്റെ പീടിക - കുറ്റിയിൽ താഴെ റോഡ് | 1.850 | 3 | P | | | ✔ | ✔ | ✔ |
| പേരാവുള്ളതിൽ ഇടവഴി - വലിയ പറമ്പത്ത് ഇടവഴി | 0.300 | 8 | P | | ✔ | ✔ | ✔ | ✔ |
| പറപട്ടോളി താഴെ - ഫൂട്ട് ബ്രിഡ്ജ് | 0.200 | 3 | P | | | ✔ | ✔ | ✔ |
| എടക്കുടി പറമ്പ് - മഠത്തിൽ പറമ്പ് റോഡ് | 0.810 | 3 | p | | | ✔ | ✔ | ✔ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മാത്തിൽ പീടിക - പെരുമുണ്ടച്ചേരി പള്ളി | 1.500 | 8 | P | | ✔ | ✔ | ✔ | ✔ |
| വിലാതപുരം -മൂളംകാരായി-കുനിങ്ങാട് റോഡ് | 0.800 | 3 | P | | | ✔ | ✔ | ✔ |
| കാരക്കണ്ടി മുക്ക് - ചാലിൽ മുക്ക് റോഡ് | 0.313 | 3 | P | | | ✔ | ✔ | ✔ |
| എടപ്പലത്ത് മുക്ക് - റൂറൽ ഡിസ്പൻസറി<br>വിലാതപുരം - കുനിങ്ങാട് റോഡ് | 0.261 | 3 | P | | | ✔ | ✔ | ✔ |
| (പാറോത്ത് പീടിക - കത്തനവീട്ടിൽ താഴം) | 2.000 | 6 | P | | | ✔ | ✔ | ✔ |
| പുറമേരി കുനിങ്ങാട് റോഡ് - കുറ്റിക്കാട്ട് താഴെ<br>(ഉട്ട് പറമ്പത്ത് മുക്ക് - ഇല്ലത്ത്താഴ് ) | 0.400 | 6 | P | | | ✔ | ✔ | ✔ |
| കുറ്റിക്കാട്ട് താഴ - കുറങ്ങോട്ട് ഇല്ലത്ത് താഴ | 0.400 | 4 | P | | | ✔ | ✔ | ✔ |
| നമ്പ്രത്തകണ്ടി ഇടവഴി - കക്കംവള്ളി -<br>പടിഞ്ഞാറെ താഴെ റോഡ് | 0.5 00 | 3 | P | | | ✔ | ✔ | ✔ |
| പയ്യപ്പള്ളി താഴെ - വിലാതപുരം കുനിങ്ങാട് | 0.400 | 3 | P | | | ✔ | ✔ | ✔ |
| എക്കോത്ത് മുക്ക് - കപപ്പള്ളിത്താഴ റോഡ് | 0.400 | 3 | P | | | ✔ | ✔ | ✔ |
| ഒറ്റമാവുള്ളതിൽ - മലയാടപൊയിൽ | 0.500 | 3 | P | | | ✔ | ✔ | ✔ |
| അരൂർ - കൊരഞ്ഞിവയൽ റോഡ് | 0.400 | 3 | P | | | ✔ | ✔ | ✔ |
| കളത്തിൽ താഴ - ഒലിപ്പിൽ താഴെ റോഡ് | 0.500 | 3 | P | | | ✔ | ✔ | ✔ |
| കല്ലുംപുറം - പെരുവച്ചേരി റോഡ് | 0.500 | 6 | P | | | ✔ | ✔ | ✔ |
| കുളിയോറ ഇടവഴി - വെങ്ങോളിത്താഴവയൽ | 0.060 | 3 | P | | | ✔ | ✔ | ✔ |
| കുന്നത്തുമുക്ക് - ആയോത്ത് ഇടവഴി | 1.00 | 3 | P | | | ✔ | ✔ | ✔ |
| ചിറക്കരകണ്ടി കുന്നത്ത് മുക്ക് റോഡ് | 1.225 | 3 | P | | | ✔ | ✔ | ✔ |
| ചങ്ങരംങ്കണ്ടി മുക്ക് - കാട്ടിൽ ലക്ഷം വീട്<br>പുറമേരി-കുനിങ്ങാട് റോഡ് | 0.280 | 3 | p | | | ✔ | ✔ | ✔ |
| കാട്ടിൽ ല്കഷം വീട് റോഡ്<br>കീഴ്പള്ളിത്താഴ - പരവൻമീത്തൽ | 0.269 | 3 | P | | | ✔ | ✔ | ✔ |
| ലക്ഷംവീട് റോഡ് | 0.310 | 3 | P | | | ✔ | ✔ | ✔ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വെങ്ങോളിത്താഴ - കുറുവമ്പത്ത് താഴെ റോഡ് | 0.168 | 3 | P | | | ✓ | ✓ | ✓ |
| കുറുവമ്പത്ത് താഴ റോഡ് - കുന്നത്ത് ഇടവഴി | 0.093 | 3 | P | | | ✓ | ✓ | ✓ |
| തുണ്ടിവളപ്പിൽ പെരുവച്ചേരി റോഡ് | 0.0805 | 3 | P | | | ✓ | ✓ | ✓ |
| മഞ്ഞക്കുളം - കൊമ്മളിത്താഴെ റോഡ് | 0.480 | 3 | P | | | ✓ | ✓ | ✓ |
| കോമത്ത് മുക്ക് മുതൽ അമ്പിളിയേരിത്താഴ | 1.500 | 3 | P | | | ✓ | ✓ | ✓ |
| കൂടത്താങ്കണ്ടി മുക്ക് - കുളക്കുനി മുക്ക് | 2.00 | 3 | P | | | ✓ | ✓ | ✓ |
| കുറുക്കുടിയുള്ളതിൽ - തെക്കേതറമ്മൽ - | 0.760 | 3 | P | | | ✓ | ✓ | ✓ |
| മുതുവട്ടത്തൂർ യു.പി. സ്കൂൾ - റേഷൻ പീടിക റോഡ് | 0.780 | 3 | P | | | ✓ | ✓ | ✓ |
| തയ്യുള്ളതിൽ മുക്ക് - കൊയിലോത്ത് കണ്ടി റോഡ് | 0.745 | 23 | P | | | ✓ | ✓ | ✓ |
| കാടപ്പുതുക്കുടി പീടിക - മാലോർമുക്ക് | 0.335 | 3 | P | | | ✓ | ✓ | ✓ |
| എളയടം അമ്പലമുക്ക് - കാവുങ്ങൽ റോഡ് | 0.135 | 3 | P | | | ✓ | ✓ | ✓ |
| കൊടങ്ങോട്ട് മുക്ക് - ചാലിൽ പൊയിൽ മുക്ക് റോഡ് | 0.600 | 3 | P | | | ✓ | ✓ | ✓ |
| കളത്തിൽ പീടിക - തലായി | 0.320 | 3 | P | | | ✓ | ✓ | ✓ |
| മന്നത്ത് മുക്ക് - പള്ളിമുക്ക് | 0.990 | 3 | P | | | ✓ | ✓ | ✓ |
| പുറമേരി പള്ളിമുക്ക് - കുളങ്ങരത്ത് ഇടവഴി | 0.260 | 3 | P | | | ✓ | ✓ | ✓ |
| വാട്ടർ ടാങ്ക് മുതൽ നടുക്കണ്ടിത്താഴെ വരെ | 0.500 | 3 | P | | | ✓ | ✓ | ✓ |
| പള്ളിയത്തു മുക്കുമുതൽ നെല്ലോളിക്കണ്ടിമീത്തൽ കുയ്യടി ഭാഗം വരെ | 0.625 | 3 | P | | | ✓ | ✓ | ✓ |
| അരൂർ കൊരഞ്ഞി വയൽ റോഡ് | 0.500 | 3 | P | | | ✓ | ✓ | ✓ |
| മേത്തറമ്മൽ മുക്ക് - കരിക്കീറിൽ മുക്ക് | 0.87 | 3 | P | | | ✓ | ✓ | ✓ |
| കല്ലുമ്പറംമുതൽ കിഴക്കേ മലമ്മൽ മുക്ക് | 0.200 | 3 | P | | | ✓ | ✓ | ✓ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പാറോത്ത് പീടിക - കരിമ്പാലങ്കണ്ടി മുക്ക്<br>(വിലാതപുരം കരിമ്പാലങ്കണ്ടിമുക്ക് ) | 0.355 | 5 | P | | | ✓ | ✓ | ✓ |
| മടപ്പള്ളി മുക്ക് - കൂടത്തുംപൊയിൽ മുക്ക് | 1.000 | 3 | P | | | ✓ | ✓ | ✓ |
| ചെട്ടിയാങ്കണ്ടി - മൊട്ടത്തറമ്മൽ ഇടവഴി | 0.685 | 3 | P | | | ✓ | ✓ | ✓ |
| വിലാതപുരം പള്ളി -<br>വേങ്ങോളി താഴെ റോഡ് | 0.625 | 4 | P | | | ✓ | ✓ | ✓ |
| കൊന്നപ്പാലം കണ്ടി -<br>വലിയപറമ്പത്ത് മുക്ക് | 0.450 | 3 | P | | | ✓ | ✓ | ✓ |
| എളയടം അമ്പലമുക്ക് നഴ്സറി<br>സ്കൂൾ റോഡ് | 0.200 | 3 | P | | | ✓ | ✓ | ✓ |
| വണ്ണാൻകണ്ടി - തയ്യുള്ളതിൽ മുക്ക്<br>മുതൽ പള്ളിയത്ത് താഴെവരെ | 0.365 | 3 | P | | | ✓ | ✓ | ✓ |
| മുതുവടത്തൂർ കൂവോളി പീടിക മുതൽ<br>തയ്യുള്ളതിൽ മുക്ക് വപരെ | 0.365 | 3 | P | | | ✓ | ✓ | ✓ |
| ചങ്ങോത്ത് മുക്ക് അമ്പലക്കണ്ടി<br>മുക്ക് റോഡ് | 1. 550 | 3 | P | | | ✓ | ✓ | ✓ |
| പുറമേരി ബാങ്ക് കല്ലേരിന്റെ<br>വിട താഴെ റോഡ് | 0.95 | 3 | P | | | ✓ | ✓ | ✓ |
| പള്ളിയത്ത് മുക്ക് നെല്ലോളി<br>മുക്ക് റോഡ് | 0.705 | 3 | p | | | ✓ | ✓ | ✓ |
| തുണ്ടിയിൽ ഇടവഴി<br>പെരുന്തോഴി ഇടവഴി | -<br>0.350 | 3 | P | | | ✓ | ✓ | ✓ |
| കുരാരത്ത് മുക്ക് എടച്ചേരി | 0.500 | 3 | P | | | ✓ | ✓ | ✓ |
| കല്ലുമ്പുറം രാമത്ത് വയൽ -<br>കളപ്പീടിക മുക്ക് | 0.800 | 3 | P | | | ✓ | ✓ | ✓ |
| എറുമ്പൻ കുനി - കൊരഞ്ഞിഭാഗം<br>വാടിയുള്ളതിൽ മുക്ക് | 0.900 | 3 | P | | | ✓ | ✓ | ✓ |
| പെരുമുണ്ടച്ചേരി ശ്മശാനം റോഡ് | 0.500 | 3 | P | | | ✓ | ✓ | ✓ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അരൂർ മിനി സ്റ്റേഡിയം റോഡ് | 0.500 | 3 | P | | | | ✔ | ✔ | ✔ |
| കൊമ്മിളി പള്ളി റോഡ് - -പുറമേരി എടച്ചേരി റോഡ് | 0.500 | 3 | P | | | | ✔ | ✔ | ✔ |
| കണ്ണോളിമുക്ക് നടുക്കണ്ടി ത്താഴം | 0.500 | 3 | P | | | | ✔ | ✔ | ✔ |
| നെടുമ്പ്രക്കണ്ടി മേനകണ്ടി റോഡ് | 0.400 | 3 | P | | | | ✔ | ✔ | ✔ |
| ചാലിൽ മുക്ക് - അയ്യപ്പൻ കണ്ടി മുക്ക് - | 0.500 | 3 | P | | | | ✔ | ✔ | ✔ |
| മലോൽ മുക്ക് മുതൽ തെരുവ് വരെ | 0.800 | 3 | P | | | | ✔ | ✔ | ✔ |
| അരൂർ തണ്ണീർപന്തൽ റോഡിൽ വള്ളത്ര കുന്നിലേക്കുള്ള റോഡ് | 0.250 | 3 | P | | | | ✔ | ✔ | ✔ |
| അരൂർ റോഡിൽ നിന്നും പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കുള്ള റോഡ് | 0.500 | 4 | P | | | | ✔ | ✔ | ✔ |
| പാലോള്ളപ്പറമ്പ് - ചിടുക്കുകൊല്ലിമുക്ക് | 0.750 | 3 | P | | | | ✔ | ✔ | ✔ |
| കൂവ്വോളികണ്ണോത്ത് മുക്ക് - മുതു വടത്തൂർ വായനശാല റോഡ് | 0.500 | 3 | p | | | | ✔ | ✔ | ✔ |
| കല്ലുള്ളതിൽ മുക്ക് - കുറുങ്ങോട്ട് ഇല്ലത്ത് താഴ കുനി | 0.500 | 3 | P | | | | ✔ | ✔ | ✔ |
| കുറ്റിക്കാട്ട് താഴ - വടക്കേടത്ത് കണ്ടി മുക്ക് റോഡ്. | 0.500 | 3 | p | | | | ✔ | ✔ | ✔ |
| രാമത്ത് താഴ - ഉന്നിക്കാവർ കൊയിലോത്ത് റോഡ് - | 1.250 | 3 | P | | | | ✔ | ✔ | ✔ |
| മാലോർ മുക്ക് മുതൽ - കരയാട്ട് തെരുവ്വരെ | 0.300 | 3 | P | | | | ✔ | ✔ | ✔ |
| മാണിക്കോത്ത് മുക്ക് - മാലോർതാഴ | 0.500 | 3 | P | | | | ✔ | ✔ | ✔ |
| പീടിയയുള്ളതിൽ - കൊളേരിപൊയിൽ റോഡ് | 0.200 | 3 | P | | | | ✔ | ✔ | ✔ |
| കുന്നോത്ത് മുക്ക് - വെമ്പ്രമല | 0.750 | 3 | P | | | | ✔ | ✔ | ✔ |
| വെളുത്തപറമ്പത്ത് മുക്ക് - അമ്പുകണ്ടി താഴറോഡ് | 0.600 | 3 | P | | | | ✔ | ✔ | ✔ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നല്ലൂർ മുക്ക് മുതൽ പി. എച്ച്. സി. റോഡ് | 0.750 | 3 | P | | | ✔ | ✔ | ✔ |
| എളമ്പിലായി. ലക്ഷം വീട് വടകര - കുറ്റ്യാടി റോഡ് വരെ | 0.200 | 3 | P | | | ✔ | ✔ | ✔ |
| കീഴ്പള്ളിത്താഴ വെള്ളൂർ വേറ്റുമ്മൽ റോഡ് | 0.250 | 3 | P | | | ✔ | ✔ | ✔ |
| കൊടച്ചംവീട്ടിൽ മുക്ക് - കുന്നോത്ത് താഴെ റോഡ് | 0.400 | 3 | P | | | ✔ | ✔ | ✔ |
| കോറോത്ത് മുക്ക് - തച്ചോളിത്താഴ | 0.400 | 3 | P | | | ✔ | ✔ | ✔ |
| കാട്ടിൽ ലക്ഷം വീട് പുന്നകണ്ടി മുക്ക് റോഡ് | 0.500 | 3 | P | | | ✔ | ✔ | ✔ |
| ഒട്ടുപറമ്പു മുക്ക് - മൂളന്തൽ മുക്ക് | 0.150 | 3 | P | | | ✔ | ✔ | ✔ |
| പുത്തമ്പുരയിൽ മുക്ക് MIM മുക്ക് | 0.300 | 3 | P | | | ✔ | ✔ | ✔ |
| കോറോറത്ത് താഴ - പൊയിൽപീടിക താഴ റോഡ് | 0.095 | | P | | | ✔ | ✔ | ✔ |
| സി. സി. പീടിക മണിയോളിത്താഴ റോഡ് | 0.600 | 4 | P | | | ✔ | ✔ | ✔ |
| കുറ്റിക്കാട്ടിൽ മുക്ക് - അരൂർ കോവിലകം ക്ഷേത്രം റോഡ് | 0.450 | 3 | P | | | ✔ | ✔ | ✔ |
| വെളുത്തപറമ്പത്ത് മുക്ക് - പിലാച്ചേരി മുക്ക് റോഡ് | 0.8200 | 3 | P | | | ✔ | ✔ | ✔ |
| വടകര കുറ്റ്യാടി റോഡ് | 3.00 | 12 | PWD | ✔ | ✔ | | | |
| പുറമേരി- കുനിങ്ങാട് റോഡ് | 3.00 | 8 | PWD | ✔ | ✔ | | | |
| വടകര - ചേലക്കാട് റോഡ് | 2.500 | 12 | PWD | ✔ | ✔ | ✔ | | |
| കുളങ്ങരത്ത് - അരൂർ | 3.000 | 8 | PWD | ✔ | ✔ | ✔ | | ✔ |
| കുഞ്ഞല്ലൂർ അമ്പലം ചങ്ങരംകണ്ടി പാറ | 1.600 | 3 | P | | | ✔ | ✔ | ✔ |
| പുറമേരി വെള്ളൂർ - വെറ്റുമ്മൽ റോഡ് | 2.500 | 8 | PWD | ✔ | ✔ | ✔ | ✔ | ✔ |

നിലവിലുള്ള നടപ്പാതകൾ (പട്ടിക 2)

1. പുറമേരി കോവിലക - വടക്കെ ഇടവഴി - പുതിയോട്ടിൽ മുക്ക് ഫൂട്പാത്ത്.

2. ചാത്തോത്ത് സ്കൂൾ - പടിഞ്ഞാറ്റില്ലത്ത് താഴം.

3. നൊച്ചിക്കാട് താഴെ - പുറമേരി മെയിൻ റോഡ്.

4. കൊടുങ്ങാമ്പുറത്ത് താഴെ - അമ്പ്ളോരി താഴെ.

5. അരൂർ തോട്- ഫൂട്പാത്ത്.

6. കളപ്പീടികയിൽ താഴെഫൂട്പാത്ത്.

7. പുളികുളങ്ങര താഴെ ഫൂട്പാത്ത്.

8. വലിയപീടികയിൽ താഴെ ഫൂട്പാത്ത്.

9. വാട്ടർ സൈറ്റ് ഫൂട്ട് പാത്ത്.

10. നടക്ക് മീത്തൽ ഫൂട്ട് പാത്ത്.

11. കീഴ്പ്പള്ളിത്താഴെ വെള്ളൂർ വേറ്റുമ്മൽ ഫൂട്ട്പാത്ത്.

12. നെടുന്തോടി താഴെ ഫൂട്ട്പാത്ത്.

13. കുനിങ്ങാട് എം. എൽ. പി. സ്കൂൾ ഫൂട്ട്പാത്ത്.

14. പുളിങ്കുളങ്ങര താഴെ - കായലുള്ളതിൽ താഴെ ഫൂട്ട്പാത്ത്.

15. കുന്നിമാക്കൂൽ ഫൂട്ട്പാത്ത്.

16. എടക്കാട് താഴെ ഫൂട്ട്പാത്ത്.

17.അരൂർ ബാങ്ക് ഫൂട്ട്പാത്ത്.

18.നൊച്ചിക്കാട്ട് ബണ്ട് ഫൂട്ട്പാത്ത്.

19. പുറമരി മുതുവാടങ്കണ്ടി.

20. വിലാതപുരം എം. സി. എച്ച്. സൈറ്റ്.

21. എടവലത്ത് കണ്ടിത്താഴെ - മഠത്തിൽ പറമ്പ്.

22. പാറമ്മേൽ ലക്ഷം വീട്.

23. മോമയത്ത് താഴെ ഫൂട്പാത്ത്.

24. മുതുവാട്ട് മുക്ക് മഠത്തിൽ താഴെ.

6 മാസത്തിനകം ചെയ്ത ജോലികൾ മുടക്കിയ സംഖ്യ

| വാർഡ് | റോഡിന്റെ പേര് | മുടക്കിയ സംഖ്യ |
|---|---|---|
| 6 | ചെട്ട്യാംകണ്ടിമുക്ക് - മൊട്ടൻതറമ്മൽ റോഡ് (റിപ്പയർ) | 4850 |
| 7 | എളയടം അമ്പലമുക്ക് - കാവുങ്ങൽ റോഡ് (റിപ്പയർ) | 4851 |
| 1 | മഞ്ചക്കുളം - കൊമ്മിളിത്താഴ റോഡ് (റിപ്പയർ) | 4851 |
| 10 | കൂടത്താൻകണ്ടി - കുളക്കുനിമുക്ക് റോഡ് (റിപ്പയർ) | 4669 |
| 2. | വെളുത്തപറമ്പത്ത് മുക്ക് പിലാച്ചേരി (റിപ്പയർ) | 4844 |
| 8. | പെരുമുണ്ടച്ചേരി പള്ളിറോഡ് (പരിഷ്കരണം) | 100,000 |

**പഞ്ചായത്തിലെ ടാർചെയ്ത റോഡുകൾ സംബന്ധിച്ച വിവരം (പട്ടിക -4)**

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി | ബസ്സ് |
|---|---|---|---|---|---|
| 1 | വടകര - കുറ്റ്യാടി | PWD | 3 | 12 | ✔ |
| 2 | വടകര - ചേലക്കാട് | PWD | 2.500 | 12 | ✔ |
| 3. | കുളങ്ങരത്ത് - അരൂർ | PWD | 3.100 | 8 | ✔ |
| 4. | പെരുമുണ്ടച്ചേരി - എളയടം - കടമേരി | PWD | 2.600 | 8 | ✔ |
| 5. | അരൂർ - പെരുമുണ്ടച്ചേരി | PWD | 3.000 | 8 | ✔ |
| 6. | പുറമേരി - കുനിങ്ങാട് | PWD | 3.000 | 8 | ✔ |
| 7. | പുറമേരി - വെള്ളൂർ - വേറ്റുമ്മൽ | PWD | 2.500 | 8 | ✔ |
| 8. | കുഞ്ഞല്ലൂർ - വിലാതപുരം R.A.C ഹൈസ്കൂൾ | PWD | 2.500 | 8 | ✔ |
| 9. | കോടച്ചം വീട്ടിൽ മുക്ക് - കുന്നോത്ത് താഴെ | P | 0.400 | 3 | ✔ |

പുതുതായി നിർമ്മിക്കേണ്ട ചെമ്മൺ റോഡുകൾ (പട്ടിക - 5)

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം (കി. മീ) |
|---|---|---|---|
| 1. | എള്ളിൽ മുക്ക് വി. വി. എൽ. പി. സ്കൂൾ (വഴി വടകര- കുറ്റ്യാടി റോഡ്) | 2 | 0.900 |
| 2. | കരിയാടങ്കണ്ടി മുക്ക് മുതൽ ആറാംവള്ളി താഴെവരെ | 3 | 0.200 |
| 3. | പടിക്കലക്കണ്ടി - മണക്കുളങ്ങര വഴി നെടിയപാറ | 3 | 0.300 |
| 4. | പച്ചോളങ്ങര മുക്ക് മുതൽ മുതുവടത്തൂർ വി. വി. എൽ. പി. എസ്. വരെ | 3 | 0.100 |

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം (കി. മീ) |
|---|---|---|---|
| 5. | മാലോൽ പാറമുതൽ - കരിയാടങ്കണ്ടിവരെ | 3 | 0.150 |
| 6. | മുതുവടത്തൂർ എം. എൽ. പി സ്കൂൾ പോസ്റ്റോഫീസുവരെ | 4 | 1.000 |
| 7. | മീത്തലേ പീടിക മുക്ക് - പിലാക്കണ്ടി ത്താഴ | 4 | 0.250 |
| 8. | തച്ചോളിത്താഴ മുതൽ ആയഞ്ചേരി പഞ്ചായത്തതിർത്തിവരെ | 4. | 0.300 |
| 9. | കപ്പളതാഴ മുതൽ - പൊയിൽപീടിക താഴെ വരെ | 5 | 0.250 |
| 10. | ഇല്ലത്ത് താഴ - പയ്യപ്പള്ളി താഴ റോഡ് | 5 | 0.100 |
| 11. | മഞ്ഞോളിത്താഴ - നെടുന്തോട്ടി താഴെ റോഡ് | 5 | 0.500 |
| 12 | കുന്നോത്ത് താഴ - കാങ്ങാട്ട് മീതൽ റോഡ് | 5 | 0.200 |
| 13 | പയ്യടത്താഴ മുതൽ കക്കം വെള്ളി -പഞ്ചായത്ത് കിണർവരെ | 6 | 0.300 |
| 14 | ചിറക്കലില്ലത്ത് - കാഞ്ഞിരാട്ട് മുക്ക് | 7 | 0.500 |
| 15 | പുതുക്കുടി തയ്യിൽ - പരവന്റെ പറമ്പത്ത് മുക്ക് | 7 | 0.500 |
| 16 | കക്കാട്ട് ഇടവഴി - ചാത്തോത്ത് ( ലിങ്ക് റോഡ്) | 8 | 0.520 |
| 17. | പെരുമുണ്ടച്ചേരി - ബാലവാടി - ചമ്പോളിത്താഴ - മാണിക്കോത്ത് മുക്ക് | 9 | 0.500 |
| 18. | മലയിൽതാഴ - തെക്കേത്തറയിന്മേൽ | 9 | 1.000 |
| 19. | കുറ്റിക്കാട്ടിൽ - പെരുമുണ്ടച്ചേരി | 8 | 1.200 |
| 20 | കരുവാണ്ടി പൊയിൽ കുരിക്കൾ കണ്ടി മുക്ക് | 10 | 0.500 |
| 21 | തെരഞ്ഞോട്ട് രാമത്ത് മുക്ക് - മഞ്ചാംക്കാട്ടിൽ മുക്ക് | 10 | 1.000 |
| 22 | കോട്ടുമുക്ക് - നല്ലൂർ മുക്ക് പി. എച്ച്. സി. റോഡ്. | 10 | 1.500 |
| 23. | അരൂർ ബാങ്ക് - അരൂർ കനാൽ (കോട്ട് മുക്ക്) | 10 | 0.500 |
| 24. | മഞ്ചാംകാട്ടിൽ താഴ - തോലേരി മുക്ക് | 10 | 0.750 |
| 25 | വലിയപറമ്പത്ത് മുക്ക് - വടക്കേപറമ്പത്ത് മുക്ക് | 11 | 0.600 |
| 26 | മിനിസ്റ്റേഡിയം - വെമ്പ്രമല | 11 | 0.700 |
| 27 | എറോളകണ്ടിമുക്ക് മുതൽ - കുന്നുമ്മൽ പഞ്ചായത്ത് അതിർത്തിവരെ | 11 | 0.200 |
| 28 | വിലാതപുരം പഞ്ചായത്ത് കിണർ - പള്ളിറോഡ് | | 0.150 |

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം (കി. മീ) |
|---|---|---|---|
| 29 | എടത്തിൽ മുക്ക് -കത്തോറമ്മൽ മുക്ക് | 6 | 0.600 |
| 30 | ആയനിക്കണ്ടി കുഞ്ഞല്ലു കണ്ടി | 6 | 0.100 |
| 31 | പഞ്ചായത്ത് കിണർ - ഹെൽത്ത് സെന്റർ റോഡ് | 6 | 0.200 |
| 32 | മലയാംവെള്ളി - കൂട്ടം കാഞ്ഞിരത്ത് മുക്ക് | 6 | 0.400 |
| 33 | തിരുമംഗലത്ത് - ചെറിയാലത്ത് താഴ | 6 | 0.500 |
| 34 | പുളിയുള്ളതിൽ - കുടത്തുംപൊയിൽ | 6 | .0350 |
| 35 | കുറ്റ്യാടി-വടകര റോഡിൽ നിന്ന് കുന്നമ്മൽ പാറവരെ | 2. | 0.500 |
| 36 | മേപ്പള്ളിത്താഴ മുതൽ ഏളോളിമുക്ക് വരെ | 1 | 0.700 |
| 37. | കുയ്യടി മുക്ക് മണ്ടോത്ത് റോഡുമായി ബന്ധിപ്പിക്കുക | 11 | 2.00 |
| 38. | കുന്നത്ത് മുക്ക് മുതൽ ചങ്ങരം കണ്ടി മുക്ക് വരെ | 3 | 4.50 |
| 39 | മാണിക്കോത്ത് താഴ കുതിരവട്ടം സ്കൂൾ റോഡ് | 3 | 4.00 |
| 40 | കാട്ടിൽ ലക്ഷം വീട് ചങ്ങരം കണ്ടി റോഡ് വരെ | 3 | 5.00 |

പട്ടിക 6

പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ദൂരം (കി. മീ.) | വീതി മീറ്ററിൽ |
|---|---|---|---|---|
| 1. | പുറമേരി - പറപ്പട്ടോളി | 1 | 1.500 | 4 |
| 2. | പുറമേരി-വിലാതപുരം റേഷൻ ഷാപ്പ് റോഡ് | 2 | 1.500 | 3 |
| 3. | പുറമേരി - ബാലിയിൽ താഴെ | 2 | 1.500 | 4 |
| 4 | കുനിങ്ങാട് - എടച്ചേരി റോഡ് | 3 | 4.000 | 3 |
| 5. | കുനിങ്ങാട് - മുതുവടത്തൂർ | 4 | 3.000 | 8 |
| 6. | പാറോത്ത്പീടിക - കപ്പനവീട്ടിൽ താഴ | 5 | 2.000 | 6 |
| 7. | കുറ്റിക്കാട്ട് താഴ - ഇല്ലത്ത് താഴ | 5 | 0.800 | 3 |
| 8. | സി. സി. പീടിക - മഞ്ഞിരോളിത്താഴ | 5 | 0.600 | 4 |

| | | | | |
|---|---|---|---|---|
| 9. | ഏക്കോത്ത് മുക്ക്-കപ്പള്ളിത്താഴ | 5 0 | 0.400 | 3 |
| 10. | വിലാതപുരം വേങ്ങോളിത്താഴ റോഡ് | 6 0. | 0.620 | 4 |
| 11. | വിലാതപുരം-കരിമ്പാലകണ്ടി മുക്ക് | 6 | 0.355 | 5 |
| 12. | വേങ്ങോളിത്താഴ കുറുവമ്പത്ത് താഴ | 6 | 0.168 | 3 |
| 13. | അമ്പലക്കണ്ടി മുക്ക് ചാത്തോത്ത് സ്കൂൾ | 8 | 1.700 | 3 |
| 14. | അമ്പലക്കണ്ടി മുക്ക് - ഹെൽത്ത് സെന്റർ | 7 | 1.700 | 3 |
| 15. | മലയിൽപീടിക - പെരുമുണ്ടച്ചേരി | 8 | 1.600 | 8 |
| 16. | അരൂർ - കല്ലുമ്പുറം - ആയഞ്ചേരി | 9 | 3.000 | 8 |
| 17. | മുതുവടത്തൂർ എ. യു. പി. സ്കൂൾ റേഷൻപീടിക | 4 | 1.200 | 3 |
| 18 | ചാലിൽ ഇടവഴി - മാരംവിട്ടിൽ താഴ | 9 | 4.000 | 6 |
| 19. | കൂടത്താൻകണ്ടി മുക്ക് - കുളത്തുനി മുക്ക് | 10 | 2.000 | 1 |
| 20. | കുളങ്ങരത്തരൂർ റോഡ് - പി. എച്ച്. സി. റോഡ് | 10 | 0.400 | 4 |
| 21. | നല്ലൂർ മുക്ക് - പി. എച്ച്. സി. റോഡ് | 10 | 0.750 | 3 |
| 22. | എറുമ്പൻകുനി - വലിയപറമ്പത്ത് മുക്ക് | 11 | 0.900 | 3 |
| 23. | അരൂർ - പള്ളി മണ്ടോത്തര മിട്ടൂർ | 11 | 0.600 | 4 |
| 24. | അരൂർ മിനിസ്റ്റേഡിയം | 11 | 0.500 | 3 |
| 25 | അരൂർ വാടിയുള്ളതിൽ ഭാഗം കരിക്കീറിയിൽപാറ | 11 | 0.500 | 3.5 |

**ആവശ്യമായ നടപ്പാതകൾ** പട്ടിക VII

| ക്രമ നമ്പർ | നടപ്പാതകളുടെ പേര് | വാർഡ് |
|---|---|---|
| 1 | നൊച്ചിക്കാട്ട് താഴ ഫുട്പാത്തിന്റെ ബാക്കിഭാഗം | 1 |
| 2 | വേറ്റുമൂതൽ റോഡുമുതൽ മുതുവാട്ട് സ്കൂൾ വരെ | 1 |
| 3. | തെക്കേലക്ക് താഴെ മുതൽ വടക്കോത്ത് താഴെവരെ | 1 |
| 4. | കൊമ്മിളി പള്ളി റോഡ് മുതൽ എള്ളോളിതാഴെ കനാൽ വരെ | 1 |
| 5. | വേറ്റുമ്മൽ റോഡുമുതൽ വില്ലാട്ട് താഴെ വരെ | 1 |

| | | |
|---|---|---|
| 6. | കുറ്റ്യാടി റോഡുമുതൽ മുതുവാട്ട് താഴെവരെ | 1 |
| 7. | മുറിച്ചാണ്ടിത്താഴ കൊടുവേരിമുക്ക് | 2 |
| 8. | പുറമേരി പോസ്റ്റോഫീസ് എസ്. വി. എൽ. പി. സ്കൂൾ | 2 |
| 9. | പുറമേരി കുനിങ്ങാട് റോഡിൽ നിന്ന് അമ്പ്ളേരി താഴെവഴി ഒറ്റപുരക്കൽ മൂക്ക് വരെ | 3 |
| 10. | കുനിങ്ങാട് മുതൽ കല്ലിൽകാട് വരെ | 4 |
| 11. | പുത്തൻപുരിൽ താഴ | 4 |
| 12 | വാത് കൊയിലോത്ത് താഴ കല്ലിൽ താഴ | 4 |
| 13 | കല്ലിൽതാഴ വടകര മാഹികനാൽ (ഏറാമല പഞ്ചായത്ത്) | 4 |
| 14 | കുന്നോത്ത് താഴ മുതൽ കുിങ്ങങ്ങാട് പുറമേരി റോഡ് വരെ | 5 |
| 15 | പുതുക്കുടി താഴെ മുതൽ ചെട്ട്യാർമീത്തൽ മുക്ക് വരെ | 5 |
| 16. | സി. സി. പീടിക മുതൽ തയ്യുള്ളതിൽ താഴെവരെ | 5 |
| 17 | വെള്ളാരങ്ങോട്ട് മുക്ക് മുതൽ കെ. എം. എൽ. പി. സ്കൂൾ വരെ | 5 |
| 18. | കപ്പള്ളിത്താഴ റോഡ് മുതൽ കുനിങ്ങാട് തോട് വരെ | 5 |
| 19 | കുഞ്ഞല്ലൂർ പുതിയോട്ടിൽ മുതൽ ഊട്ട് പറമ്പത്ത് മുക്ക് വരെ | 5 |
| 20 | തണ്ണീർ പന്തൽ മുതൽ വിലാതപുരം പള്ളിവരെ | 6 |
| 21 | കുഞ്ഞല്ലൂർ മുതൽ എം. എൽ. പി. സ്കൂൾ വഴി എടപ്പള്ളിത്താഴ | 6 |
| 22 | ചീക്കിലോട്ട് തീഴ കാട പുതുക്കുടി പള്ളി | 7 |
| 23 | തൈക്കണ്ടിത്താഴ മഠത്തിൽ താഴ | 7 |
| 24 | കീഴനത്താഴ | 7 |
| 25 | എളയടം അമ്പലത്തിന്റെ താഴ കരുവന്താലിത്താഴ | 7 |
| 28 | എടക്കോട്ട് താഴ | 7 |
| 29 | ചെന്തലന്ത് താഴ | 7 |
| 30 | ആലാച്യത്ത് താഴ | 7 |

| | | |
|---|---|---|
| 31 | പുതിയടത്ത് താഴ ഭജനമഠം അമ്പലപ്പറമ്പ് | 8 |
| 32 | പെരുമുണ്ടച്ചേരി കനാൽ കുനിപറമ്പ് താഴ<br>മണിയോത്ത് താഴ താടപുതുക്കുടിതാഴ | 8 |
| 33. | കണ്ണങ്കണ്ടി താഴ | 8 |
| 34 | മംഗലത്ത് ഇടവഴി അമ്പ്രോളിത്താഴ | 8 |
| 35 | കറ്റോളി താഴ മുതൽ പെരുമുണ്ടച്ചേരി എൽ. പി.സ്കൂൾ വരെ | 8 |
| 36 | പുതിയടത്ത് താഴ ഞണ്ടുകുനി താഴ | 9 |
| 37 | ചെമ്പോളി കിഴക്കയിൽ കൃഷ്ണൻകണ്ടിമുക്ക് | 9 |
| 38 | കുനിമാക്കൂൽ താഴ അമ്പ്രോളിത്താഴ പുതിയടത്ത് താഴ | 9 |
| 39 | നടുക്കണ്ടി മുതൽ നെല്ലിയുള്ളതിൽ താഴെ വരെ | 9 |
| 40 | അമ്പ്രോളിമീത്തൽ മുക്ക് ചെറിയ കക്കാട് വരെ | 9 |
| 41 | കല്ലുമ്പ്രം അരതുരുത്തിതാഴ രാമത്ത് - വയൽവരെ<br>രയരോത്ത് താഴ | 9 |
| 42 | പൂളക്കണ്ടി മുക്ക് പറയന്റവിടെത്താഴ പുളിയൻവീട്ടിൽ പള്ളി | 9 |
| 43 | കല്ലുമ്പ്രം പീടികയുള്ളതിൽ താഴ | 9 |
| 44 | വലിയപീടികയിൽ താഴ അരൂർ കനാൽ | 10 |
| 45 | പെരുമ്പള്ളിത്താഴ | 10 |
| 46 | അരൂർ യു. പി. സ്കൂൾ മിനിസ്റ്റേഡിയം<br>അരൂർ കോവിലകത്ത് താഴ | 10 |
| 47 | അരൂർ പള്ളി കുന്നത്ത് മുക്ക് | 10 |
| 48 | കുന്നിമാക്കൂൽ താഴ മക്കത്ത് മുക്ക് റോഡ് വരെ | 11 |
| 49 | കൊപ്രകളത്തിൽ പെരുമന കുന്നത്ത് താഴ | 11 |
| 49 | ചക്യാം മാവുള്ളതിൽ കുനിയിൽ താഴെ വരെ | 11 |
| 50 | കപ്പള്ളി താഴ ചെത്തിൽതാഴ താനപുനത്തിൽ താഴ | 10 |
| 51 | കൂട്ടാംകൂൽ താഴ മണിയോത്ത് താഴ | 8 |
| 52 | കരിയാടങ്കണ്ടി മുക്ക് മുതൽ നടുക്കണ്ടിപാറവരെ | 3 |
| 53 | അരൂർ പൊയിലോത്തും പൊയിൽതാഴ | 10 |
| 54 | കണ്ണോളിത്താഴ മുതൽ പുതിയോട്ടുംകണ്ടിതാഴ<br>പീടിക വഴി പുല്ലഞ്ചിറതൻതാഴെ വരെ | 6 |

പട്ടിക 8

## പഞ്ചായത്തിൽ ബസ് സ്റ്റോപ്പ് ആവശ്യമായ സ്ഥലം

| നമ്പർ | ബസ്സ്റ്റോപ്പ് ആവശ്യമായ സ്ഥലം | വാർഡ് |
|---|---|---|
| 1 | കുറ്റ്യാടി - വടകര റോഡിൽ *പുറമേരിയിൽ* - | 1 |
| 2. | കുറ്റ്യാടി - വടകര റോഡിൽ - *കക്കംവെള്ളിയിൽ* - | 2 |
| 3. | കുനിങ്ങാട് - പുറമേരി റോഡിൽ *കുഞ്ഞല്ലൂരിൽ* - | 3 |
| 4. | കുനിങ്ങാട് - പുറമേരി റോഡിൽ - *കുനിങ്ങാട്* - | 4 |
| 5. | കുനിങ്ങാട് -പുറമേരി റോഡിൽ - *കാറോറത്ത് താഴ* - | 4 |
| 6. | അരൂർ - തണ്ണീർപന്തൽ റോഡിൽ - *മലയിൽ പീടിക* - | 8 |
| 7. | ചേലക്കാട് - വടകര റോഡിൽ - *പുനത്തിൽപൊയിൽ താഴ* - | 5 |
| 8. | ചേലക്കാട് - വടകര റോഡിൽ - *കടമേരിറോഡിൽ* - | 5 |
| 9. | അരൂർ - തണ്ണീർ പന്തൽ റോഡിൽ - *എളയടം പള്ളി* - | 7 |
| 10. | അരൂർ - തണ്ണീർ പന്തൽ റോഡിൽ - *പെരുമുണ്ടച്ചേരി മഠം* - | 8 |
| 11 | അരൂർ - തണ്ണീർ പന്തൽ റോഡിൽ - *അരൂർ പോസ്റ്റോഫീസ്* - | 9 |
| 12. | അരൂർ - തീക്കുനി റോഡിൽ - *നടയമ്മൽ പീടിക* - | 10 |
| 13. | തണ്ണീർ പന്തൽ - അരൂർ റോഡിൽ - *കല്ലുമ്പ്രം ജംങ്ഷൻ* - | 10 |
| 14. | അരൂർ - തീക്കുനി റോഡിൽ - *നടക്കുമീത്തൽ* - | 11 |
| 15. | കുറ്റ്യാടി - വടകര റോഡിൽ *പുറമേരി തണ്ണീർ പന്തൽ* - | 1 |
| 16 | കുറ്റ്യാടി വടകര റോഡിൽ *പി. എച്ച്. ഇ. ഡി. പമ്പ് ഹൗസിന് സമീപം* - | 1 |

*'എപ്പോഴാണ് ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുക' എന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഒരു നിർണ്ണായക ഘട്ടത്തിൽ ഗാന്ധിജിയോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചു. ഗാന്ധിജി പറഞ്ഞു :– " സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രം."*

## ഊർജ്ജം

നമ്മുടെ വികസന പ്രക്രിയയെ സഹായിക്കുന്ന മുഖ്യ ഘടകമാണ് ഊർജ്ജം. പരമ്പരാഗതമായ ഊർജ്ജ സ്രോതസ്സുകൾ പലതും അപ്രത്യക്ഷമായി വരികയുമാണ്.

വൈദ്യുത കമ്മി നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ ഗുരുതരമായ പ്രതിസന്ധിയ്ക്ക് എത്രയും വേഗം പരിഹാരം കാണാതെ വ്യാവസായിക പുരോഗതിയെ കുറിച്ച് ചിന്തിക്കുന്നത് അപ്രായോഗികമായിരിക്കും. പുറമേരി ഗ്രാമപഞ്ചായത്തിലും വൈദ്യുതി ക്ഷാമം ഏറെ അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് പല സ്വകാര്യ ചെറുകിട വ്യവായ സ്ഥാപനങ്ങളും വേണ്ടപോലെ പ്രവർത്തിക്കുന്നില്ല. പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാനും സാധിക്കുന്നില്ല. എല്ലാ വാർഡുകളിലും വൈദ്യുതി ലഭ്യമാണെങ്കിലും പല പ്രദേശങ്ങളിലും വൈദ്യുതി എത്താത്ത സ്ഥിതി ഉണ്ട്. ലക്ഷം വീട് കോളനികൾ ഭൂരിഭാഗവും വൈദ്യുതീകരിച്ചിട്ടില്ല. പല സ്ഥലത്തും വൈദ്യുതി ഉള്ളേടത്തു തന്നെ കടുത്ത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോമറുകൾ

പട്ടിക 1

വൈദ്യുതി പാചക, ഇന്ധന വാർഡ് തല സ്ഥിതി വിവര കണക്ക്

(1996 Oct. ജനകീയ ആസൂത്രണ സർവ്വെ പ്രകാരം)

| വാർഡ് | നിലവിലുള്ള ട്രാൻസ്ഫോർമർ | ആവശ്യമുള്ള ട്രാൻസ്ഫോർമർ | ആവശ്യമുള്ള സ്ട്രീറ്റ് ലൈറ്റ് | വൈദ്യുതീകരിച്ച വീട് | വൈദ്യുതീകരിക്കാനുള്ള വീട് | പാചകത്തിന് ഉപയോഗിക്കുന്ന | | |
|---|---|---|---|---|---|---|---|---|
| | | | | | | വിറക് | മണ്ണെണ്ണ | ഗ്യാസ് |
| 1 | 2 | 2 | 40 | 320 | 182 | 391 | 6 | 7 |
| 2 | 1 | 3 | 25 | 257 | 213 | 432 | 11 | 27 |
| 3 | 1 | 2 | 60 | 161 | 154 | 301 | 9 | 5 |
| 4 | – | 3 | 120 | 232 | 14 | 373 | – | – |
| 5 | 1 | 2 | 45 | 195 | 128 | 316 | – | 7 |
| 6 | 2 | 4 | 60 | 208 | 321 | 523 | 2 | 4 |
| 7 | 2 | 2 | 40 | 123 | 137 | 260 | – | – |
| 8 | 1 | 3 | 60 | 158 | 172 | 321 | 5 | 4 |
| 9 | 1 | 5 | 75 | 61 | 335 | 396 | – | – |
| 10 | 1 | 2 | 55 | 109 | 296 | 401 | – | 4 |
| 11 | – | 5 | 125 | 89 | 476 | 558 | 4 | 3 |

സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. വൈദ്യുതി ഇല്ലാത്ത പ്രദേശങ്ങളിലെല്ലാം വൈദ്യുതി എത്തിക്കാനുള്ള നിർദ്ദേശവും അക്കൂട്ടത്തിൽ പെടുന്നു. അരൂരിലെ മലയാട പൊയിലിലെ കുന്നിൻ മുകളിൽ നിന്ന് കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധ്യത ഏറെയാണ്.

1. പരവൻ മീത്തൽ
   ലക്ഷം വീട് കോളനി (വാർഡ് 1)
2 അരയാക്കൂൽ ഭാഗം (വാർഡ് 2)
3. കുന്നിൻ മുകളിൽ ഭാഗം (വാർഡ് 2)
4 കോമത്ത് കുന്നുമ്മൽ ഭാഗം (വാർഡ് 2)
5 കണ്ടോത്ത് മുകളിൽ ഭാഗം (" 2)
6 കരുവാൻ കണ്ടിഭാഗം (" 2)
7 വാട്ടർ സൈറ്റ് ഭാഗം (" 2)
8 കാട്ടിൽ ലക്ഷം വീട് (വാർഡ് 3)
9 ചങ്ങരം കണ്ടി ഭാഗം ( " 3)
10. തച്ചോളങ്ങര ഭാഗം ( " 3)
11. മലോൽ ഭാഗം ( വാർഡ് 4)
12. പുല്ലം ചിറക്കൽ ഭാഗം (വാർഡ് 5)
13. വേങ്ങോളി ഭാഗം (വാർഡ് 6)
14. മൂളമ്മൽ ഭാഗം (" 6)
15 തണ്ണീർ പന്തൽ വയൽ പ്രദേശം ("6)
16 പയ്യടപെരുന്തോടി ഭാഗം (" 6)
17 കുഞ്ഞല്ലൂർ അമ്പലത്തിന് പടിഞ്ഞാറ് – തെക്കേടത്തും ചങ്ങരം കണ്ടിവരെ.

പുറമേരി പഞ്ചായത്തിൽ ആകെ 172 തെരുവ് വിളക്കുകളാണുള്ളത്. അവയിൽ 16 സോഡിയം വേപ്പർ ലാമ്പുകളാണ്. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്ത് 29,610 രൂപ പ്രതിവർഷം ചെലവഴിക്കുന്നുണ്ട്. കുടീർ ജ്യോതി പദ്ധതിയിൽ നാമമാത്രമായ കണക്ഷൻ കൊടുക്കാനേ ഈ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ.

18. കുഞ്ഞല്ലൂർ മുതൽ ചങ്ങരം കണ്ടിമുക്ക് വരെ.
19 പുറമേരി തോട്ടത്തിൽ പുതിയെടുത്ത് ഭാഗം.
20 മലയിൽ കുന്ന് പുതുക്കുടി തയ്യിൽ ഭാഗം.
21. കാക്കോറ കുന്ന് ഭാഗം.
22. നെല്ലോളി താഴകുന്ന് ഭാഗം.
23. നടക്കുമീത്തൽ ഭാഗം.
24. മേലാഴികണ്ടിഭാഗം.
25 വട്ടപൊയിൽ ഭാഗം
26 പെരെങ്കാട് കുന്ന് ഭാഗം.
27 കല്ലുമ്പുറം ഭാഗം.
28. പെരുമുണ്ടച്ചേരി ലക്ഷം വീട് കോളനി.
29. കേളോത്ത് കുന്നു ഭാഗം
30 മാഹി കെനാൽ ഭാഗം.
31. ഓട്ടേപറമ്പ് ഭാഗം
32. ലക്ഷംവീട് കോളനിയുടെ വടക്ക് ഭാഗം
33. നെടിയ പറമ്പത്ത് ഭാഗം
34. രാമത്ത് വയൽ ഭാഗം – കോളനിമുക്ക്
35 കപ്പള്ളി തറമൽ കുന്ന് ഭാഗം
36 പ്രൈമറി ഹെൽത്ത് സെന്റർ ഭാഗം

37 കൊരത്തി വയൽ ഭാഗം

38 വാടിയുള്ളതിൽ ഭാഗം

39 വലിയപറമ്പത്ത് ഭാഗം

40 മലയാടപൊയിൽ ഭാഗം

41 കുയ്യടി ഭാഗം

42 'പാതാളം' ഭാഗം

43 കരുവാണ്ടികുന്ന് ഭാഗം

44 ഗോമാവുള്ള പറമ്പ് ഭാഗം

45 അമ്പിളികുന്ന് ഭാഗം

46 പാറക്ക് താഴെ കോളനി ഭാഗം

47 പൂവുള്ളതിൽ ഭാഗം

**പ്രശ്നങ്ങൾ :**

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം

2. ഭൂരിഭാഗം റോഡുകളിലും തെരുവുവിളക്കുകൾ ഇല്ല.

3. പവർകട്ട് ചെറുകിട വ്യവസായത്തേയും, ഗാർഹികാവശ്യങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു.

4. വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ദൗർലഭ്യം

5 സ്ലാബ് സമ്പ്രദായം ഉപഭോക്താക്കൾക്ക് കനത്ത നഷ്ടം ഉണ്ടാക്കുന്നു.

6. പവർകട്ടിന് പുറമെ ഇടയ്ക്കിടക്ക് വൈദ്യുതി വിച്ഛേദിക്കപ്പെടുന്നു.

7. ആവശ്യമായ സമയങ്ങളിൽ ലൈൻമേന്മാരുടെ സേവനം ലഭിക്കുന്നില്ല.

8. പല മീറ്ററുകളും ശരിയായി പ്രവർത്തിക്കുന്നില്ല. അതിനാൽ ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഏൽക്കേണ്ടിവരുന്നു.

9. വൈദ്യുതി ബില്ലടക്കാനുള്ള അസൗകര്യം

10. പുതിയ കണക്ഷന് വേണ്ടി വളരെക്കാലം താമസിക്കുന്ന അവസ്ഥ.

11. ഒ. വൈ. സി. ചാർജ്ജ് കുറക്കുക.

12. അനാവശ്യ വൈദ്യുതി ഉപയോഗം തടയുക. ഉത്സവങ്ങൾക്കും മറ്റും വൈദ്യുത ദീപാലങ്കാരം ഉപയോഗിക്കുന്നത് തടയുക.

13. പ്രസരണ നഷ്ടം തടയുക.

14. ബയോഗ്യാസ് പദ്ധതി പ്രോത്സാഹനപ്പെടുത്തുക

**നിർദ്ദേശങ്ങൾ :**

1. സർക്കാർ മുൻഗണന നൽകി മിനിമം ഗ്യാരന്റിയിൽ പണമടച്ച അരൂർ – കല്ലുമ്പ്രം ഭാഗത്തെ വൈദ്യുതീകരണം ഉടൻ പൂർത്തിയാക്കുക. സാധനമില്ലായ്മ പരിഹരിക്കുക.

2. ആവശ്യമുള്ളിടത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. സിംഗിൾ ഫെയ്സ് ലൈൻ ത്രീഫെയ്സാക്കി വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുക.

4. സ്ലാബ് സിസ്റ്റം ഒഴിവാക്കി ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് വസൂലാക്കുന്ന സമ്പ്രദായം നടപ്പാക്കുക.

5. പഞ്ചായത്തിലെ പൊതുവഴകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

6. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള യന്ത്രസംവിധാനം ഏർപ്പെടുത്തുക.

7. പ്രവർത്തന വൈകല്യമുള്ള മീറ്ററുകൾക്ക് പകരം പുതിയവ സ്ഥാപിക്കുക.

8. അനർട്ടിന്റെ സേവനം പഞ്ചായത്തിൽ കൂടുതൽ വ്യാപകമാക്കുക.

9. മണ്ണെണ്ണ, ഗ്യാസ് ലഭ്യത വർദ്ധിപ്പിക്കുക

10. മുഴുവൻ സമയവും വൈദ്യുതി ലഭിക്കുന്നു എന്ന് ഉറപ്പാക്കുക.

11. ലൈൻമേന്മാരുടെ സേവനം ആവശ്യമായ സ്ഥലങ്ങളിൽ യഥാസമയം ലഭ്യമാക്കുക.

12. ദുർബ്ബല വിഭാഗങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുക.

13പഞ്ചായത്ത് കണ്ടെത്തുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഉപയോഗപ്പെടുത്തി വീടുകളിൽ നിന്നും വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുകയും, മീറ്റർ റീഡിംഗ്, എടുക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഇത് നടപ്പിലാക്കിയാൽ കാലാകാലങ്ങളിൽ വൈദ്യുതി ചാർജ്ജ് അടക്കാതിരിക്കുന്നതും, മീറ്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനും കഴിയും. വൈദ്യുതി ചാർജ്ജ് അടക്കാനുള്ള ഉപഭോക്താക്കളുടെ അസൗകര്യവും, തൊഴിലില്ലായ്മ ഒരു പരിധിവരെ നിയന്ത്രിക്കാനുള്ള ഒരു നടപടിയും ആയിരിക്കും ഇതെന്നതിൽ സംശയമില്ല.

14. അനാവശ്യ വൈദ്യുതി ഉപയോഗം ബോധവൽക്കരണത്തിലൂടെ തടയാൻ ശ്രമിക്കാവുന്നതാണ്.

15. ബൾബുകൾ ഉപയോഗിക്കുന്നിടത്ത്. ട്യൂബുകൾ സ്ഥാപിച്ച് പ്രസരണനഷ്ടം തടയാം.

16. എം. പി. ഫണ്ടിൽ നിന്ന് ഫണ്ട് സ്വരൂപിച്ച് പഞ്ചയത്ത് സ്ട്രീറ്റ് ലൈറ്റ് സംവിധാനം മെച്ചപ്പെടുത്താൻ ഉപയോഗിക്കുക.

*" പഞ്ചായത്തിന് നൽകേണ്ട വിവിധയിനം നികുതികൾ ഫീസുകൾ, തുടങ്ങിയവ യഥാസമയം നൽകുക. അതുവഴി ഗ്രാമവികസനത്തിൽ പങ്കാളി ആവുക."*

252

# 7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

## ഭവന നിർമ്മാണം

മറ്റ് തൊഴിൽ രംഗങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ രംഗമാണ് നമ്മുടെ പഞ്ചായത്തിൽ ഏറെ സജീവം. കൃഷിഭൂമികളിലും, നെൽവയലുകളിലും രമ്യഹർമ്മ്യങ്ങൾ അനുസ്യൂതം ഉയർന്നുവരികയാണ്. ഈ അടുത്തകാലത്തായി വളർന്നുകൊണ്ടിരിക്കുന്ന പുതിയ ഭവനസംസ്കാരം നമ്മുടെ കാർഷികമേഖലയെയും, ഈ മേഖലയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ജീവിതരീതിയേയും, സമൂഹത്തിന്റെ സാമ്പത്തിക ഘടനയേയും, സാരമായി ബാധിച്ചിട്ടുണ്ട്.ഗൾഫ് രാജ്യങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനമാണ് കെട്ടിടനിർമ്മാണ രംഗത്തുള്ള ഈ സജീവതയ്ക്ക് നിദാനം. അതുകൊണ്ട്തന്നെ ഈ ഉണർവ്വ് എത്രകാലം നീണ്ടുനിൽക്കുമെന്ന് പറയാൻ വയ്യ. ഗൾഫ് മേഖലകളിൽ ചെറിയ അപസ്വരങ്ങൾ ഉണ്ടാകുമ്പോൾപോലും നമ്മുടെ സാമ്പത്തിക മേഖല മരവിച്ചുപോകുന്നത് അനുഭവത്തിൽ വന്നു കഴിഞ്ഞതാണ്. തിരുത്തപ്പെടേണ്ടതായ ഒരു ഭവനസംസ്കാരമാണ് ഇന്ന് നിലനിൽക്കുന്നത്. മണിമന്ദിരങ്ങൾ നിർമ്മിക്കുന്നത് ഭൂരിപക്ഷവും, ചെറിയകുടുംബം എന്ന ലക്ഷ്യം കൈവരിച്ചവരാണ്. ഇത് ഒരു അനുകരണശീലമായി വളർന്നുവരികയും, പാവപ്പെട്ട ആളുകൾപോലും ഈ സംസ്കാരത്തിന് അടിമപ്പെട്ടുപോവുകയും ചെയ്യുന്നു. ഇതിനെതിരായ സമഗ്രമായ ഒരു ബോധവൽക്കരണ പ്രക്രിയയ്ക്ക് നാം തുടക്കം കുറിക്കേണ്ടതാണ്.

കാർഷിക-വ്യാവസായിക രംഗങ്ങളിലെ പുരോഗതിയുടെ കാര്യത്തിൽ ഏറെ പിന്നിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ കാണിക്കുന്നത് വർഷം തോറും ശരാശരി 1261 കെട്ടിടങ്ങൾക്ക് ലൈസൻസ് കൊടുക്കുന്നുണ്ടെന്നാണ്. 70 ശതമാനത്തോളം തൊഴിലാളികളാണ് കെട്ടിടനിർമ്മാണരംഗത്ത് ജോലിചെയ്യുന്നത്. സാമ്പത്തികമായി ഉയർന്നുനിൽക്കുന്നവർക്കുള്ള കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള ഭ്രമവും റോഡുവക്കിൽ വീടുകൾ നിർമ്മിക്കാനുള്ള താൽപര്യവും മൂലം റോഡുവക്കുകളിലെ ഭൂമി മോഹവിലക്കെടുക്കുന്നത് ഭൂമിയുടെ വില ഗണ്യമായി വർദ്ധിക്കാൻ കാരണമാകുന്നുണ്ട്. ചെറിയ കുടുംബങ്ങൾ മണിമാളികകൾ പണിയുമ്പോൾ രണ്ടും മൂന്നും കുടുംബങ്ങൾക്ക് ചെറിയ വീടുകളിൽ ഒന്നിച്ച് താമസിക്കേണ്ടിവരുന്ന ദുഃസ്ഥിതിയും നമ്മുടെ പഞ്ചായത്തിലുണ്ട്. കൂറ്റൻ കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുകയും ദരിദ്രവിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിന് സഹായം ചെയ്തുകൊടുക്കാൻ പ്രസ്തുത തുക ഉപയോഗിക്കുകയും ചെയ്യണം.

പുറമേരി പഞ്ചായത്തിൽ മൊത്തം 4370 വീടുകളുണ്ട്. ഇതിൽ 2429 വീടുകൾ ഓടുമേഞ്ഞതും 772 വീടുകൾ കോൺക്രീറ്റ് മേൽക്കൂരയുള്ളതും 1232 വീടുകൾ ഓലമേഞ്ഞതുമാണ്. മിക്കവാറും വീടുകൾ ചെങ്കൽച്ചുവരുകളുള്ളവയാണ്. സിമന്റ് കട്ട, ഇഷ്ടിക, മൺകട്ട എന്നിവകൊണ്ട് ചുവർ നിർമ്മിച്ച വീടുകളും ഉണ്ട്. ചെറ്റകുടിലുകളിൽ താമസിച്ചുവരുന്നവരും വിരളമല്ല.

1981 ലെ സെൻസസ് പ്രകാരം 3449 വീടുകളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. 1991ൽ ഇത് 4181 വീടുകളായി വർദ്ധിച്ചു ഈ അടിസ്ഥാനത്തിൽ ഓരോ വർഷവും 73 വീടുകൾ കൂടുതലായി വരുന്നു.

പരവൻ മീത്തൽ, പാറേമ്മൽ, എളമ്പിലായി കാട്ടിൽ, മഠത്തിൽ, എന്നീ അഞ്ച് ലക്ഷംവീട് കോളനികളിലായി 100 വീടുകൾ ഇന്ന് നിലവിലുണ്ട് ഈ ലക്ഷം വീട് കോളനികളുടെ സ്ഥിതി അതീവപരിതാപകരമാണ്. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത, ശുദ്ധജലക്ഷാമം, വൈദ്യുതി ക്ഷാമം എന്നിവയാണ് ലക്ഷം വീടുകളിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ. ഇപ്പോൾ ഇരട്ടവീടുകളാണ് ഉള്ളത്. ഇത് ഒറ്റവീടുകളാക്കി മാറ്റിയാൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന അറ്റകുറ്റ പണികൾ സ്വന്തം നിലയിൽ ചെയ്യാൻ ലക്ഷം വീട് നിവാസികൾക്ക് കഴിയും.

ദരിദ്രവിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ഭവനനിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്താനും യഥാസമയം പൂർത്തീകരിക്കാനും പദ്ധതിപ്രകാരമുള്ള സഹായം അർഹരായവർക്ക് ലഭ്യമാക്കാനും ഇതുകൊണ്ടു സാധിക്കും. ജനപ്രതിനിധികൾ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ ജനകീയ സമിതിയിൽ ഉണ്ടായിരിക്കണം. നമ്മുടെ പഞ്ചായത്തിലെ ദരിദ്ര ജനവിഭാഗത്തിന്റെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സമയബദ്ധിതമായ പ്രവർത്തന സ്വഭാവമുള്ള ഒരു ജനകീയ പദ്ധതിക്ക് രൂപം കൊടുക്കാൻ കഴിയ.ണം.

**പ്രശ്നങ്ങൾ**

1. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത കുടുംബങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമല്ല.
2. ഹൗസിംഗ് സൊസൈറ്റി പഞ്ചായത്തിൽ നിലവിലില്ല.

3. സാധാരണക്കാരന് നിർവഹിക്കാൻ ബുദ്ധിമുട്ടുള്ള വ്യവസ്ഥകളാണ്. ഹൗസിംഗ് സൊസൈറ്റികളിൽ നിലവിലുള്ളത്.

4. സർവ്വീസ് സഹകരണ ബാങ്കുകളിൽ കൂടി ഭവന നിർമ്മാണ വായ്പകൾ ലഭ്യമല്ല.

5. LIC, HUDCO. ദേശസാൽകൃത ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങൾ ഭവനവായ്പ നൽകുന്നത് ജീവനക്കാർക്കുമാത്രമാണ്.

6. JRY, IAY എന്നീ സ്കീമുകൾ വഴി ലഭിക്കുന്ന വായ്പകൾ 2,20,000 രൂപയാക്കി വർധിപ്പിച്ചെങ്കിലും അതപര്യാപ്തമാണ്.

7. ഹൗസിംഗ് ലോണുകൾക്ക് അഡ്വാൻസ് ലഭ്യമല്ലാത്തത് കാരണം യഥാസമയം ജോലിപൂർത്തിയാക്കാൻ കഴിയുന്നില്ല.

8. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനങ്ങളുടെ വിലവർദ്ധനവ്

9. ഓലമേഞ്ഞ വീടുകൾ കെട്ടിമേയാൻ അനുവദിക്കുന്ന സഹായം അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.

10. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ വന്ന് ജോലിചെയ്തു ജീവിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ഏർപ്പാടില്ല.

11. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി വിതരണം ചെയ്യാനോ ധനസഹായം അനുവദിക്കാനോ ഫലപ്രദമായ പദ്ധതികളില്ല.

12. കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽപരിശീലനം നൽകാൻ പദ്ധതികളില്ല.

13. കെട്ടിടനിർമ്മാണരംഗത്തെ ദുർവ്യയവും ധൂർത്തും തടയാൻ നടപടികളില്ല.

14. ലക്ഷം വീടുകളിലെ ഇരട്ടവീടുകൾ വളരെ അസൗകര്യമുണ്ടാക്കുന്നു.

15. ലക്ഷം വീടുകളിൽ പ്രാഥമിക സൗകര്യങ്ങളും വൈദ്യുതിയും ഇല്ല.

16. ലക്ഷം വീട് റിപ്പയറിങ്ങിന് ധനസഹായം ലഭ്യമല്ല.

17. ദരിദ്രജനവിഭാഗങ്ങളുടെ വീടുകളിൽ കക്കൂസ്, കുടിവെള്ളം മുതലായ സൗകര്യങ്ങളില്ല.

**സാധ്യതകൾ**

1. ദുർബലവിഭാഗങ്ങൾക്ക് സമയബന്ധിതമായി വീടു നിർമ്മിച്ചുകൊടുക്കാനും അർഹരായവരെ കണ്ടെത്താനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും പഞ്ചായത്തിൽ ജനകീയ സമിതി രൂപീകരിക്കണം. ജനകീയ സമിതിയിൽ രാഷ്ട്രീയപാർട്ടികളുടെയും സന്നദ്ധ സംഘടനകളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടേയും പ്രതിനിധികളും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും സാങ്കേതിക പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികളും ഉണ്ടായിരിക്കണം.

2. കെട്ടിടനിർമ്മാണത്തിനാവശ്യമായ അസംസ്കൃവസ്തുക്കൾ പലതും പഞ്ചായത്തിനുള്ളിൽ തന്നെ, ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കുകവഴി ഉൽപാദിപ്പിക്കാൻ കഴിയും (ഉദാ:- സിമന്റ് കട്ട, സിമന്റ് ജാലകം, മെറ്റൽ, മുതലായവ ) കെട്ടിടനിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ വിലവർദ്ധനവിന് അൽപം ആശ്വാസം ലഭിക്കാൻ ഇത് ഉപകരിക്കും.

3. പഞ്ചായത്തിൽ ഒരു സഹകരണ ഹൗസിംഗ് സൊസൈറ്റി ഉണ്ടാക്കുക. വായ്പ വിതരണത്തിലെ നിബന്ധനകൾ ലഘൂകരിക്കാനാവശ്യമായ കാര്യങ്ങൾ സർക്കാർതലത്തിൽ ഉണ്ടാകുക.

4. JRY, IAY തുടങ്ങിയ പദ്ധതിപ്രകാരമുള്ള വായ്പകൾ 15800 ൽ നിന്ന് 22000 രൂപയാക്കി വർദ്ധിപ്പിച്ചുവെങ്കിലും ഇതും അപര്യാപ്തമാണ്. ചുരുങ്ങിയത് 50,000 രൂപയെങ്കിലും ഈ പദ്ധതി മുഖേനെ ഭവനവായ്പ നൽകേണ്ടതാണ്.

5. ഭവനനിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കുന്നതിനനുസരിച്ചാണ് വായ്പാഗഡുക്കൾ നൽകുന്നത്. ഈ സമീപനം മാറ്റി ഓരോ ഘട്ടവും പൂർത്തിയാക്കുന്നതിന് അഡ്വാൻസായി ഗഡുക്കൾ നൽകുന്ന രീതി അംഗീകരിക്കണം.

6. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടുവെക്കാനാവശ്യമായ ഭൂമിവാങ്ങുന്നതിന് സാമ്പത്തിക സ്ഥാപനങ്ങൾ വഴിയുള്ള വായ്പാപദ്ധതികൾ ആരംഭിക്കണം.

7. തൊഴിലാളികൾക്ക് ചെലവ്കുറഞ്ഞവീടുകൾ നിർമ്മിക്കാനാവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുക.

8. ഓലമേഞ്ഞ വീടുകൾ കെട്ടി മേയാനനുവദിച്ചുവരുന്ന സാമ്പത്തിക സഹായം അർഹരായഎല്ലാവർക്കും വിതരണം ചെയ്യുകയും സമയബന്ധിതമായി എല്ലാ വീടുകളിലും ഓടുമേയാൻ സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.

9. പ്രാഥമിക സൗകര്യങ്ങളില്ലാത്ത എല്ലാവീടുകളിലും സമയബന്ധിതമായി അവ ഏർപ്പെടുത്താനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുക.

10. അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്ന് വർഷങ്ങളായി ഇവിടെ ജോലി ചെയ്യുകയും കുടിൽ കെട്ടി താമസിക്കുകയും ചെയ്യുന്നവരെ പുനരധിവസിപ്പിക്കാൻ പദ്ധതി തയ്യാറാക്കുക.

11. രമ്യഹർമ്യങ്ങളെ വാരിപുണരുന്ന അന്ധമായ ഭവനസംസ്കാരത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുക. അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവ് വരുന്ന എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നികുതി ഈടാക്കുക.

12. LIC, HUDCO മുതലായ സ്ഥാപനങ്ങൾ വഴി ദുർബ്ബല വിഭാഗങ്ങൾക്കു കൂടി ഭവനവായ്പകൾ ലഭ്യമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

13. ചെലവുകുറഞ്ഞതും ആരോഗ്യകരമായ ചുറ്റുപാടിന്നുതകുന്നതുമായ ഫ്ളോറിംഗ് ഇഷ്ടികകൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുക.

14. ഫ്ളോട്ടുകളായി തിരിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ കഴിയുന്നത്ര ഭൂമി ജനകീയ സമിതികൾ മുഖേനെ കണ്ടെത്തി അവ ഏറ്റെടുത്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യുക.

15. ലക്ഷം വീടുകളിലെ ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കുകയും അറ്റകുറ്റപണികൾ നടത്താൻ സാമ്പത്തിക സഹായം നൽകുകയും. വെള്ളം, വെളിച്ചം, കക്കൂസ്, തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളേർപ്പെടുത്താൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും ചെയ്യുക. ഈ പ്രവർത്തനം സമയബദ്ധിതമായി നടത്താൻ ജനകീയ സമിതികൾ രൂപീകരിക്കുകയും പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

# സാമൂഹ്യക്ഷേമം

ചരിത്രപ്രരവും സാമൂഹ്യവുമായ കാരണങ്ങളാൽ ജീവിതത്തിന്റെ പൊതുധാരയിൽ നിന്ന് അകറ്റിനിർത്തപ്പെട്ട ജനവിഭാഗത്തെ, ഇന്നലകളിൽ അവർക്ക് അനുഭവവേദ്യമാകാതിരുന്നതെന്തോ അത് നൽകി സാമൂഹ്യമുഖ്യാധാരയിലേക്ക് ആനയിച്ചുകൊണ്ടുവരുന്ന പ്രവർത്തനമാണ് യഥാർത്ഥത്തിലുള്ള സാമൂഹ്യ ക്ഷേമപ്രവർത്തനം. നാടിന്റെ പുരോഗതിയിലെ ചങ്ങലയിലെ കണ്ണികളായി അവരെ തുന്നിച്ചേർക്കാൻ കഴിഞ്ഞാൽ മാത്രമേ സാമൂഹ്യ ക്ഷേമപ്രവർത്തനം ഫലപ്രാപ്തി കൈവരിക്കുകയുള്ളൂ. ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരിക്കണം നമ്മുടെ ക്ഷേമപ്രവർത്തനം. ദാരിദ്ര്യരേഖക്ക് താഴെയുള്ള 1829 കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. വിവിധ പദ്ധതികളിലൂടെ സാമ്പത്തിക സഹായം ലഭിച്ച 171 കുടുംബങ്ങളുണ്ട്. ഇതിൽ 9 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. ട്രൈസംപദ്ധതിപ്രകാരം പരിശീലനം സിദ്ധിച്ച 19 പേരിൽ 6 പേർ തൊഴിൽ ചെയ്തുജീവിക്കുന്നു. എന്നാൽ പരിശീലനം ലഭിച്ച മുഴുവൻ പേരെയും ആ തൊഴിൽ രംഗത്ത് ഉറപ്പിച്ചു നിർത്തുവാനുള്ള ഒരു സംവിധാനവും നിലവിലില്ല. DWCRA പദ്ധതിപ്രകാരം 1991 മുതൽ 1996വരെയുള്ള വർഷങ്ങളിൽ 71 കുടുംബങ്ങളെ ഉൾപ്പെടുത്തി 8 യൂനിറ്റുകൾ ആരംഭിച്ചുവെങ്കിലും 5 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. DWCRA, IRDP തുടങ്ങിയ പദ്ധതികൾ കുറ്റമറ്റതായി നടപ്പിൽ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ് - സമൂഹത്തിൽ ഭൂരിപക്ഷമായ സ്ത്രീകളെ വിദ്യാഭ്യാസ സാമൂഹ്യ തൊഴിൽ രംഗങ്ങളിലെല്ലാം ഉയർത്തിക്കൊണ്ടുവരികയെന്നത് മുഖ്യലക്ഷ്യമായി കാണണം. അടുക്കളയിലെ ചൂടുകാറ്റു മാത്രം അനുഭവിക്കുന്ന, പുറംലോകമെന്തെന്നറിയാത്ത ധാരാളം സ്ത്രീകൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരെ സാമൂഹ്യ പുരോഗതിയുടെ ചാലകശക്തികളാക്കിമാറ്റാൻ കഴിഞ്ഞെങ്കിൽ മാത്രമേ സാമൂഹ്യക്ഷേമ പ്രവർത്തനം വിജയിക്കൂ

നമ്മുടെ പഞ്ചായത്തിലെ 751 വീടുകളിൽ ഇപ്പോൾ കക്കൂസില്ല. സാമ്പത്തിക പരാധീനതകളാണ് ഇതിന് മുഖ്യകാരണം. ഇതൊരു ആരോഗ്യപ്രശ്നമായി വളർന്നുവന്നിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാൻ പ്രത്യേകശ്രദ്ധ ആസൂത്രണപ്രവർത്തനത്തിൽ നാം ചെയ്യേണ്ടതാണ്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുമ്പോൾ തന്നെ, അതിന്റെ ഗുണഫലം അർഹരായവർക്കുമാത്രമേ ലഭിക്കുകയുള്ളൂ എന്ന കാര്യത്തിൽ നിർബന്ധ ബുദ്ധിയും ശ്രദ്ധയും ഉണ്ടാകേണ്ടതും, പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ പരിഹരിക്കേണ്ടതുമാണ്.

പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷനുകൾ -

| | |
|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 457 |
| വിധവാപെൻഷൻ | 248 |
| വാർദ്ധക്യകാല പെൻഷൻ | 62 |
| ക്ഷയരോഗപെൻഷൻ | 15 |
| കുഷ്ഠം ക്യാൻസർ പെൻഷൻ | 22 |

നമ്മുടെ പഞ്ചായത്തിൽ മേൽപറഞ്ഞ ആനുകൂല്യങ്ങൾ കൂടാതെ 104 യുവതീയുവാക്കൾ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നവരുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്കുള്ള വിവിധയിനം പെൻഷനുകൾക്ക് അപേക്ഷിച്ചിട്ടുള്ള ധാരാളം ആളുകൾ പഞ്ചായത്തിലുണ്ട് അവയിൽ പെട്ടെന്ന് തീരുമാനമുണ്ടാകുകയും, നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നവർക്ക് കൃത്യമായിതന്നെ പെൻഷൻ വിതരണം ചെയ്യുകയും വേണ്ടത് അത്യന്താപേക്ഷിതമാണ്.

നമ്മുടെ പഞ്ചായത്തിൽ 6 മഹിളാ സമാജവും, ഒരു ബാലവാടിയും, ഒരു ശിശുമന്ദിരവും ഒരു ഫീഡിംഗ് സെന്ററുമാണ് ഇപ്പോഴുള്ളത് ഏതാണ്ട് എല്ലാ സ്ഥാപനവും നിർജ്ജീവാവസ്ഥയിലാണ്.

**പ്രശ്നങ്ങൾ**

- ❖ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ
- ❖ IRDP ലിസ്റ്റിൽ പെട്ട മുഴുവൻ പേർക്കും സഹായം ലഭിക്കുന്നില്ല.
- ❖ IRDP ലിസ്റ്റും അപൂർണ്ണമാണ്.
- ❖ ആനുകൂല്യങ്ങൾ യഥാസമയം അർഹരായവർക്ക് ലഭിക്കുന്നില്ല.
- ❖ അർഹരായ മുഴവൻ പേരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
- ❖ വീടുനിർമ്മാണത്തിനും മറ്റുമുള്ള ധനസഹായം അപര്യാപ്തമാണ്.
- ❖ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യത കുറവ്
- ❖ അംഗണവാടികൾക്കും ബാലവാടികൾക്കും ഭൗതിക സാഹചര്യങ്ങൾ കുറവാണ്.
- ❖ മഹിളാസമാജങ്ങളുടെ പ്രവർത്തനം നിർജ്ജീവമാണ്.
- ❖ പരിമിതമായ തൊഴിൽപരിശീലന പദ്ധികളേ നിലവിലുള്ളൂ.
- ❖ അന്ധർക്കും ബധിരർക്കും തൊഴിൽ പരിശീലനം ലഭ്യമാക്കാൻ പദ്ധതിയില്ല.
- ❖ ദുർബലവിഭാഗങ്ങൾക്കുള്ള പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.

**നിർദ്ദേശങ്ങൾ**

- ❖ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹരായവരെ കണ്ടെത്താൻ സർവ്വേ വേണം.
- ❖ സാമ്പത്തികാനുകൂല്യങ്ങൾക്കുള്ള അപേക്ഷയിന്മേൽ തീരുമാനമുണ്ടാകുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
- ❖ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധികൾ അർഹ

രായവർക്ക് എത്തിക്കാൻ നടപടി വേണം.

❖ സഹായധനം ആവശ്യത്തിന് തികയും വിധം ഉയർത്തണം

❖ നിർജ്ജീവാവസ്ഥയിലായ മഹിളാസംഘങ്ങളെ പ്രവർത്തന ക്ഷമമാക്കണം.

❖ വികലാംഗർക്ക് അത്യാവശ്യമായ ഉപകരണം വാങ്ങാൻ സഹായം ലഭ്യമാക്കണം.

❖ തൊഴിൽപരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തണം.

❖ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി ഗുണഭോക്താക്കളെ ബോധവൽക്കരിക്കണം.

❖ അർഹരായവരെ കണ്ടെത്താൻ പഞ്ചായത്ത് തലത്തിൽ ജനകീയ കമ്മിറ്റിക്ക് രൂപം നൽകണം.

❖ മഹിളാ സമാജങ്ങൾ ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാര കേന്ദ്രവും പ്രതിരോധ ചികിത്സാകേന്ദ്രവും ആരംഭിക്കണം.

❖ എല്ലാവാർഡിലും വനിതകൾക്കായി DWCRA യൂനിറ്റുകൾ ആരംഭിക്കണം.

❖ ശിശുമന്ദിരത്തിൽ ഉച്ചഭക്ഷണ പരിപാടിയും ആവശ്യമായ കളിക്കോപ്പുകളും ഏർപ്പെടുത്തുക.

❖ ശിശുമന്ദിരത്തിൽ നിലവിലുള്ള പ്രവേശനഫീസ് ഒഴിവാക്കണം

❖ ശിശുമന്ദിരത്തിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പുതുക്കണം.

❖ ദുർബലവിഭാഗങ്ങൾക്ക് മാനദണ്ഡം കുടുംബവരുമാനം എന്നതുമാറ്റി വ്യക്തിവരുമാനമാക്കണം.

**പഞ്ചായത്തിലെ പൊതുവിതരണ ശൃംഖല**

നമ്മുടെ പഞ്ചായത്തിൽ പൊതുവിതരണ കേന്ദ്രവും സഹകരണ സ്ഥാപനം നടത്തിവരുന്ന ഒരു സ്റ്റോറുമാണ് നിലവിലുള്ളത്. 9 പൊതുവിതരണ കേന്ദ്രങ്ങളിലായി 3000ത്തോളം കാർഡുടമകളാണ് ഉള്ളത്.

2, 3, 5,8 വാർഡുകളിൽ പൊതുവിതരണ കേന്ദ്രങ്ങൾ നിലവിലില്ല. ഈ പ്രദേശങ്ങളിൽ അത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. പുറമേരി പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറില്ലാത്തതിനാൽ സ്റ്റോറുവഴി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ആദായ നിരക്കനുഭവിക്കാൻ ജനങ്ങൾക്ക് കഴിയുന്നില്ല. പഞ്ചായത്തിൽ അരൂർ, പുറമേരി എന്നിവടങ്ങൾ മാവേലി സ്റ്റോർ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കണം അതുപോലെ രണ്ട് പച്ചക്കറി മാർക്കറ്റും പഞ്ചായത്തിൽ ആരംഭിക്കണം.

"സ്വരാജിന്റെ വെളിച്ചം നിരക്ഷര കുക്ഷികളായ ലക്ഷോപലക്ഷം ജനങ്ങളിലും പ്രതിഫലിച്ചു കാണേണ്ടതാണ്. "

– ഗാന്ധിജി

# 8. സംസ്കാരം

സംസ്കാരം എന്നാലെന്താണെന്നതിനെ പറ്റി സാമാന്യ ബോധം ആദ്യം ഉണ്ടായിരിക്കണം. സംസ്കരിക്കുക എന്ന തിന് നന്നാക്കിതീർക്കുക ശുദ്ധീകരിക്കുക, ദുശ്ശീലങ്ങൾ നീക്കി സൗശീല്യം സമ്പാദിക്കുക എന്നെല്ലാം അർത്ഥങ്ങൾ കാണാം. മനുഷ്യവർഗ്ഗത്തേയോ ജനസമൂഹങ്ങളേയോ പറ്റി പ്രതിപാദിക്കുമ്പോഴാണ് സംസ്കാരം എന്ന പദത്തെ സവി ശേഷമായി നാം സ്മരിക്കാറുള്ളത്. മനുഷ്യൻ മൃഗത്തിൽ നിന്ന് അധികം ഭേദപ്പെട്ടിട്ടില്ലാത്ത കാടത്ത സ്വഭാവത്തിനാണ് സംസ്കാരശൂന്യമെന്ന് പറയുന്നത്. ഇതിന് വിപരീതമായ അവസ്ഥയാണ് സംസ്കാരം. കാടത്ത സ്വഭാവത്തിൽ നിന്ന് അകലുന്തോറുമാണ് നാം അധികമധികം സംസ്കാരമുള്ള വരായി മാറുന്നത്.

ദീർഘകാലത്തെ സാംസ്കാരിക പാരമ്പര്യമുള്ളവരാണ് പുറമേരി. കടത്തനാട് രാജാ ഹൈസ്കൂൾ സ്ഥാപിച്ചതോടെ വിദ്യാഭ്യാസ പ്രവർത്തനത്തിനും ആക്കം കൂടി. ഈ വിദ്യാ ലയ സ്ഥാപകനും, പ്രശസ്ത സാഹിത്യകാരനുമായ ഉദയ വർമ്മ ഇളയരാജയുടെ കാലഘട്ടം പുറമേരിയെ സംബന്ധി ച്ചിടത്തോളം കല,സാഹിത്യം, സംസ്കാരം എന്നിവയടുടെ സുവർണ്ണ കാലഘട്ടമായിരുന്നു. മലയാള സാഹിത്യ

ത്തിന്റെയും, കഥകളിയുടെയും വളർത്തില്ലമായിരുന്നു പുറമേരി. പുറമേരിയിൽ ദേശ്ശീയ പ്രസ്ഥാനം ശക്തമായതോടെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും വളർന്നു തുടങ്ങി. ഉദയവർമ്മരാജയുടെ കവിസദസിലെ പ്രസിദ്ധരായിരുന്നു – കെ. സി. നാരായണൻ നമ്പ്യാർ, കടത്തനാട്ട് കൃഷ്ണൻ വാര്യർ, കടത്തനാട്ട് ശങ്കര വാര്യർ, തൈങ്ങോളി മഠം രാമൻ നമ്പ്യാർ, ചെറുവറ്റ ഗോവിന്ദൻ നമ്പൂതിരി, മണന്തല നീലകണ്ഠൻ മുസ്സത്, കടത്തനാട്ട് ശങ്കരവർമ്മ, നാരങ്ങാപുറത്ത് അപ്പുനമ്പ്യാർ, തോട്ടക്കാട്ടു ഗൗരി കെട്ടിലമ്മ, ചുനങ്ങാട്ട് ലക്ഷ്മികുട്ടി അമ്മ, ഇ. കെ. ലക്ഷ്മിക്കുട്ടിയമ്മ, മാണിക്കോത്ത് നാരായണിയമ്മ എന്നിവർ. മാസത്തിൽ ഒരിക്കലെങ്കിലും പുറമേരി കോവിലകത്തിന്റെ ടാങ്ക് ഹൗസിന്റെ മേലെത്തട്ടിൽ ഇവർ കവി സദസ്സ് നടത്താറുണ്ടായിരുന്നു.

കുറ്റിപ്പുറം കോവിലകം ആസ്ഥാനമായി പ്രവർത്തിച്ച കേരളത്തിലെ ഏറ്റവും വലിയ കഥകളി സംഘത്തിന്റെ ഒരു സ്ഥിരം ശാഖ പുറമേരിയിൽ ഉണ്ടായിരുന്നു. അമ്പത് വർഷം മുമ്പത്തെ പ്രസിദ്ധരായ കഥകളി ആചാര്യന്മാരായിരുന്നു വെള്ളത്താടി കടത്തനാട് ശങ്കരൻ നായർ, കടത്തനാട് രാമുണ്ണി നായർ, സ്ത്രീവേഷ വിദഗ്ധൻ മൊളേരി നാരായണൻ നമ്പൂതിരി , ആശാൻ കൊച്ചു ഗോവിന്ദൻ എന്നിവർ. പുറമേരിയിലും, കുറ്റിപ്പുറത്തും പ്രവർത്തിച്ചിരുന്ന കഥകളി സംഘങ്ങളാണ് മഹാകവി വള്ളത്തോളിന് കലാമണ്ഡലം സ്ഥാപിക്കാൻ പ്രചോദനം നൽകിയതെന്ന് പറയപ്പെടുന്നു.

"ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്"– സാംസ്കാരിക വളർച്ചയ്ക്ക് കായികാഭ്യാസവും അത്യാവശ്യമാണ്. അച്ചടക്കവും, കൂട്ടായ്മയും, ധൈര്യവും നേതൃത്വഗുണവും വളർത്താൻ ഇത് സഹായിക്കും. കേരളത്തിന്റെ യുദ്ധമുറ അഭ്യസിപ്പിക്കാൻ ഉദയപുരം ക്ഷേത്ര സമീപം പ്രസിദ്ധമായ ഒരു കളരി ഉണ്ടായിരുന്നു. തച്ചോളി ഒതേനന്റെ കുടുംബാംഗങ്ങൾ അവിടെ പരിശീലനം നൽകിയിരുന്നു. തല പന്ത് കളി, ഇന്ന് കബഡി എന്ന് അറിയപ്പെടുന്ന അവിട്ട് കളി, അക്കം മാറിക്കളി, അമ്മാനം ചാടൽ, കോൽക്കളി , തച്ചോളിക്കളി, കൊക്കംപറക്കൽ, ചുള്ളിയും–കൊള്ളിയും തുടങ്ങിയ നാടൻ കളികൾ പ്രചാരത്തിലുണ്ടായിരുന്നു. പുറമേരി കാരാട്ട് ക്ഷേത്രത്തിൽ അക്ഷര ശ്ലോകസദസ് നടത്തപ്പെട്ടിരുന്നു. കൊല്ലത്തിലൊരിക്കൽ തിരുമാസോത്സവത്തോട്

അനുബന്ധിച്ച് അക്ഷര ശ്ലോകസദസ്സ് നടത്തപ്പെടുകയും അതിൽ ഒന്നാം സമ്മാനം ലഭിക്കുന്ന ആൾക്ക് സ്വർണ്ണമോതിരവും, രണ്ടാം സമ്മാനം ലഭിക്കുന്ന ആൾക്ക് വെള്ളി മോതിരവും ഉദയവർമ്മരാജ സമ്മാനിച്ചിരുന്നു.

വടക്കേ മലബാറിലെ ആദ്യത്തെ മാസിക പുറമേരിയിൽ നിന്നാണ് പ്രസിദ്ധീകരിച്ചത്. ആറോത്ത് മഠത്തിലെ "കവനോദയം" പ്രസ്സിൽ നിന്ന് അച്ചടിച്ച് പുറത്തിറക്കിയ 'ജനരഞ്ജിനി' എന്ന മാസികയുടെ പത്രാധിപർ വെറും പതിനെട്ട് വയസ്സുകാരനായിരുന്ന യുവകവി കെ. സി. നാരായണൻ നമ്പ്യാരായിരുന്നു. പ്രസിദ്ധ സംസ്കൃത പണ്ഡിതൻ വെള്ളാനിശ്ശേരി മൂസതിന്റെ മലയാള നാടകം "ജനരഞ്ജിനി വിജയം" പ്രസിദ്ധീകരിച്ചതും ഇവിടെ തന്നെ. മഹാകവി വള്ളത്തോളിന്റെ കവിതാ സമാഹാരമായ "ഋതുവിലാസം" വെളിച്ചം കണ്ടതും പുറമേരിയിലാണ്. 'കവനോദയം ' എന്ന പേരിൽ മറ്റൊരു മാസികയും 'സാരോദയം' എന്ന പേരിൽ ദിനപത്രവും ഇവിടെ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. ഈ പ്രസിദ്ധീകരണങ്ങൾക്ക് കേരളത്തിൽ മാത്രമല്ല മംഗലാപുരത്തും, മദിരാശിയിലും പ്രചാരമുണ്ടായിരുന്നു. ഒരു നൂറ്റാണ്ടിന് അപ്പുറം തന്നെ നിരവധി സംസ്കൃത - മലയാള പുസ്തകങ്ങൾ കവനോദയം പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. "കവിതാഭരണം" എന്ന പുസ്തകത്തെ പറ്റി മഹാകവി ഉള്ളൂർ പറയുന്നു.-" എ. ആർ. രാജരാജവർമ്മയുടെ വൃത്തമഞ്ചരിയുടെ മുൻഗാമിയാണ് ഇത്". ആ കാലഘട്ടത്തൽ പതിനായിരത്തിൽ അധികം പുസ്തകങ്ങളുള്ള ഒരു വലിയ ഗ്രന്ഥാലയം പുറമേരിയുടെ അഭിമാനമായിരുന്നു.

ഇപ്പോൾ പുറമേരി വാട്ടർ ടാങ്കിന് സമീപം പഞ്ചായത്ത് സാംസ്കാരിക നിലയം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഗ്രന്ഥാലയവും അതിനോട് അനുബന്ധിച്ച് ഒരു വായനശാലയും പ്രവർത്തിക്കുന്നുണ്ട്. അരൂരിൽ കെ. വി. നാരായണൻ വൈദ്യർ സൗജന്യമായി കൊടുത്ത സ്ഥലത്ത് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ ഒരു ഗ്രന്ഥാലയലവും, വായനശാലയും ഉണ്ട്. മറ്റൊരു വായനശാല മുതവടത്തൂരിലാണ്. ഇവയ്ക്ക് പുറമെ മൂന്ന് വായനശാലകൾകൂടി പ്രവർത്തിക്കുന്നുണ്ട്. പുറമേരി പഞ്ചായത്തിലെ ആറാം വാർഡിൽ ഒരു സിനിമാപ്രദർശന ശാല നിലവിലുണ്ട്. പുറ

മേരി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന പത്തോളം ക്ലബ്ബുകൾ ഉണ്ട്. കലാ കായിക രംഗങ്ങളിൽ വളരെ മുമ്പുണ്ടായിരുന്ന താല്പര്യത്തിന്റെ പൈതൃകമായി ഇന്നും കായിക രംഗത്ത് അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ വരെ സംഘടിപ്പിച്ചുകൊണ്ട് പുറമേരിയുടെ യശസ്സ് ഉയർത്തിപ്പിടിക്കുവാൻ ഈ പ്രദേശങ്ങളിലെ കായിക പ്രേമികൾ ഇപ്പോഴും നിതാന്ത പരിശ്രമത്തിലാണ്. ഇതിന് മുതൽ കൂട്ടായി കടത്തനാട് രാജാസ് ഹൈസ്കൂൾ മൈതാനവും, പഞ്ചായത്ത് നിർമ്മിച്ച അരൂരിലെ മിനിസ്റ്റേഡിയവും ഈ പഞ്ചായത്തിത്തിലുണ്ട്.

കാര്യാട്ട് ക്ഷേത്രം, ഉദയപുരം, എളമ്പിലായി ക്ഷേത്രം, മുതുവടത്തൂർ ക്ഷേത്രം, അറാംവെള്ളിക്ഷേത്രം, കുറുങ്ങോട്ട് ക്ഷേത്രം, എളയടം ക്ഷേത്രം, മണക്കുളങ്ങര ക്ഷേത്രം, പനമ്പ്രതാഴ ക്ഷേത്രം, ആയടത്തിൽ ക്ഷേത്രം, അരൂർ കാഞ്ഞിരാട്ട് ഇല്ലത്ത് ക്ഷേത്രം, ചന്തുവെച്ച കണ്ടി ക്ഷേത്രം, കൊന്നപ്പാലം കണ്ടി ക്ഷേത്രം, പുറമേരി കോവിലകം ക്ഷേത്രം, ഒതയോത്ത് ക്ഷേത്രം, പുറമേരി പള്ളി, വിലാതപുരം പള്ളി, മുതുവടത്തൂർ ഏരിയ പള്ളി എളയടം പള്ളി, പെരുമുണ്ടച്ചേരി പള്ളി, പൊയിൽപീടികയിൽ പള്ളി, പുളിയം വീട്ടിൽ താഴെ പള്ളി, അരൂർ പള്ളി എന്നീ ആരാധനാലയങ്ങൾ പഞ്ചായത്തിന് അനുഗ്രഹമായുണ്ട്. ഇവയ്ക്ക് പുറമെ ചെറു ക്ഷേത്രങ്ങൾ, മഠങ്ങൾ, സാമ്പ്രികൾ, മതപഠന സ്ഥാപനങ്ങൾ, മുതലായവ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിലവിലുണ്ട്. മുമ്പ് കാരയാട്ട് ക്ഷേത്രത്തിലും മറ്റു പല ക്ഷേത്രങ്ങളിലും ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ഉത്സവങ്ങളും എഴുന്നള്ളത്തുകളും നടക്കാറുണ്ടായിരുന്നു. മതസൗഹാർദ്ദത്തിന്റെ കാര്യത്തിൽ പുറമേരി പഞ്ചായത്തിന് എന്നും അഭിമാനിക്കാൻ വകയുണ്ട്. ഇതര മതസ്ഥരെ ബഹുമാനിക്കുകയും, സ്നേഹിക്കുകയും, ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുകയും ചെയ്യുന്നതിൽ നമ്മുടെ ഗ്രാമവാസികൾ മാതൃകയാണ്.

**പ്രശ്നങ്ങൾ**

1. കലാകായിക രംഗത്ത് പ്രവർത്തിക്കുന്നവർ ഉണ്ടെങ്കിലും അവർക്ക് പ്രോത്സാഹനം ഇല്ലാത്തതിനാൽ മുരടിച്ചു നിൽക്കുന്ന അവസ്ഥ നിലവിലുണ്ട്,

2. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം കലാസാംസ്കാരിക ജീർണ്ണതയ്ക്ക് ഒരു പരിധി വരെ കാരണമാകുന്നുണ്ട്.

3. ഗ്രാമപ്രദേശങ്ങളിൽ നിലനിന്ന് പോന്നിരുന്ന പല നാടൻ കളികളെയും ക്രിക്കറ്റ് ജ്വരം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

4. മുമ്പ് കാലങ്ങളിൽ ഈ പഞ്ചായത്തിൽ പല പ്രദേശങ്ങളിലും മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇവയിൽ പലതും നിലവിലില്ലാത്തതുകൊണ്ട് സ്ത്രീകളുടെ ഒത്ത് ചേരലുകളും, സാംസ്കാരിക രംഗത്തെ കൂട്ടായ പ്രവർത്തനവും ഇല്ലാതെയായിക്കൊണ്ടിരിക്കുന്ന അവസ്ഥ നിലവിലുണ്ട്.

5. പലസ്ഥലങ്ങളിലും ഗ്രന്ഥാലയങ്ങൾ നിലവിലില്ലാത്തത് കൊണ്ടും, ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരവും കാരണം പൊതുവെ വായനാശീലം പ്രത്യേകിച്ച് സ്ത്രീകളിൽ കുറഞ്ഞ് വന്നിട്ടുണ്ട്.

6. നമ്മുടെ പ്രദേശങ്ങളിലുള്ള മദ്യപാനം, ശീട്ടുകളി മറ്റ് അനാശാസ്യ പ്രവർത്തനങ്ങൾ എന്നിവ സാംസ്കാരിക ജീർണ്ണതയ്ക്ക് ഏറെ ആക്കം കൂട്ടുന്നു.

7. സ്കൂളുകളിൽ ലൈബ്രറി പ്രവർത്തനങ്ങളുടെ അഭാവം ചെറുപ്പം മുതലേ വായനാശീലം വളരാതിരിക്കാൻ കാരണമാകുന്നു.

8. അശ്ലീല സിനിമകളുടെ അതിപ്രസരം, (മാധ്യമങ്ങിളിലെ) അശ്ലീപപരസ്യങ്ങൾ എന്നിവ സാംസ്കാരിക തകർച്ചക്ക് കാരണമാകുന്നു.

9. വിവാഹം പോലുള്ള ചടങ്ങുകളിലെ ധൂർത്ത് കൂടിവരുന്നു.

**നിർദ്ദേശങ്ങൾ**

1. നൃത്ത സംഗീത കലാകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

2. വർഷം തോറും പഞ്ചായത്ത് അടിസ്ഥാനത്തിൽ കലാ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം

നൽകുക.

3. പുറമേരി, അരൂർ പ്രദേശങ്ങൾ കേന്ദ്രമാക്കി സിനിമാപ്രദർശന ശാലകൾ സ്ഥാപിക്കുക

4. വാർഡ്കൾ തോറും പൊതുസ്ഥലത്ത് ടി. വി., റേഡിയോ സെറ്റുകൾ സ്ഥാപിക്കുക.

5. വായനശാല, ഗ്രന്ഥാലയം , സ്പോർട്സ് ക്ലബ്ബുകൾ എന്നിവ വാർഡുകൾ തോറും സ്ഥാപിച്ച് നിലനിർത്തുവാൻ ആവശ്യമായ സഹായം ചെയ്തുകൊടുക്കുക.

6. വിലാതപുരം കേന്ദ്രമാക്കി കളിസ്ഥലവും, പെരുമുണ്ടച്ചേരി കേന്ദ്രമാക്കി സാംസ്കാരിക നിലയവും, പുറമേര കേന്ദ്രമാക്കി കമ്മ്യൂണിറ്റി ഹാളും, അരൂർ കേന്ദ്രമാക്കി വൃദ്ധമന്ദിരവും നിർമ്മിക്കുക.

7. പുറമേരി, വിലാതപുരം എന്നിവിടങ്ങൾ പൊതുശ്മശാനം നിർമ്മിക്കുക.

8. അരൂരിൽ നിലവിലുള്ള മിനിസ്റ്റേഡിയം പൂർണ്ണമായും ഉപയുക്തമാക്കുക.

9. എല്ലാവാർഡുകളിലും ബാലവാടികൾ പോലുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

10. സ്ത്രീകളുടെ പുരോഗതിക്കായി എല്ലാ മേഖലകളിലും പങ്കാളിത്തം ഉറപ്പാക്കുക.

11. സ്ത്രീകളുടെ കൂട്ടായ പ്രവർത്തനങ്ങൾ (സമാജങ്ങൾ പോലുള്ള) വിലയിരുത്തി വർഷത്തിൽ ഒരിക്കൽ അത്തരം പരിപാടികൾക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുക.

12. പൂർണ്ണ മദ്യവർജ്ജനം നടപ്പിലാക്കുക.

13. കുഞ്ഞല്ലൂരിൽ ഒരു വായനശാല ഉണ്ടാക്കുക.

14. പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ ഉപയോഗിച്ച് അങ്കണവാടികൾ ഉണ്ടാക്കുക.

15 സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ ബോധവൽക്കരണം നടത്തുക.

16 പഞ്ചായത്തിൽ സഞ്ചരിക്കുന്ന വായനശാലയ്ക്ക് രൂപം നൽകുക.

17. വിവാഹം പോലുള്ള ചടങ്ങുകളിലെ ധൂർത്ത് ഒഴിവാക്കാൻ ബോധവൽക്കരണം നടത്തുക.

18. സ്ത്രീധനം പ്രോത്സാഹിപ്പിക്കാതിരിക്കുക.

19. ഗ്രാമപ്രദേശങ്ങളിൽ പഴയകാലത്ത് നിലനിന്നിരുന്ന കായിക വിനോദങ്ങളെ പുനരുജ്ജീവിപ്പിക്കുക.

20. പഞ്ചായത്തിലെ വാർഡുകളിൽ നിന്ന് വിവിധ മേഖലകളിലുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഒരു കമ്മറ്റി രൂപീകരിക്കുക. കലാ കായിക രംഗത്തേയും, വികസന രംഗത്തേയും, മറ്റ് പൊതുവായ പ്രശ്നങ്ങളിലും ഈ കമ്മിറ്റിയുടെ സഹായം തേടുക.

21. അശ്ലീല സിനിമകൾക്കെതിരെ ബോധവൽക്കരണം നടത്തുക. അശ്ലീല സിനിമാപരസ്യങ്ങൾ, മതസൗഹാർദ്ദത്തെ തകർക്കുന്ന പ്രചരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് എതിരെ നടപടി സ്വീകരിക്കുക.

22. പഴയ കാലത്ത് നടത്തപ്പെട്ടിരുന്ന ഉത്സവങ്ങളും ആഘോഷയാത്രകളും പ്രോത്സാഹിപ്പിക്കുക.

23. മഴക്കാലത്ത് ചോർന്നൊലിക്കുന്ന പഞ്ചായത്ത് കെട്ടിടം പുതുക്കിപണിത് അതിന്റെ മുകളിൽ ഗ്രന്ഥാലയത്തിനും, വാനശാലക്കും സൗകര്യമുണ്ടാക്കുക.

> " ഞാൻ സങ്കൽപ്പിച്ചുകൊണ്ടിരിക്കുന്ന സ്വരാജിൽ
> ജാതിമത ഭേദഭാവമില്ല. "
>
> – ഗാന്ധിജി

266

# 9. വനിത

ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകളുടെ പദവിയും നിലനിൽപും ഏറെ ചർച്ചചെട്ടപ്പെടുന്ന ഒരു കാലഘട്ടമാണ് ഇത്. ഇതിഹാസങ്ങളിൽ സ്ത്രീ കഥാപാത്രങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള മുന്തിയ പരിഗണന ഈ അവസരത്തിൽ നമുക്ക് മറക്കാനാവില്ല. ഇന്നത്തെ സാഹചര്യങ്ങൾ നിലവിലില്ലാത്ത അവസ്ഥയിൽ പോലും ഉണ്ണിയാർച്ചയെപോലുള്ള ധീരവനിതകൾ നമുക്ക് മാതൃകയായിട്ടുണ്ട്. വനിതകൾ ഇന്നും ഏറെപിന്നിൽ തന്നെയാണ്. എന്നതിനാൽ വനിതാ വിമോചനം അനിവാര്യമാണ്. എങ്കിലും വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താനുതകുന്ന നിയമനിർമ്മാണങ്ങൾ ഒരു പരിധിവരെ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത കാണാതിരുന്നുകൂട.

വീടിന്റെ അകത്തളങ്ങളിൽ മാത്രം കഴിയാൻ വിധിക്കപ്പെടുകയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും നാലയലത്ത് പോലും കടന്നുവരാൻ അനുവദിക്കപ്പെടാത്തവളുമാണ് സ്ത്രീ. അത്കൊണ്ടുതന്നെ ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ ചൂഷണങ്ങളെയും അടിച്ചമർത്തലുകളെയും നേരിട്ട്കൊണ്ട് മാത്രമേ സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആവിഷ്കാരത്തെപ്പറ്റി ചിന്തിക്കുവാൻ പോലും സ്ത്രീകൾക്ക് സാധിക്കുകയുള്ളൂ. സ്വാതന്ത്ര്യ സാക്ഷാത്കാരത്തിന്റെ ഏറ്റവും മികച്ച രൂപമായ കലാപ്രവർത്തനത്തിലാവട്ടെ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. സാഹിത്യ രചനയുടെ അടങ്ങാത്ത ആവേശവുമായി എഴുത്തിന്റെ വഴികളിൽ എത്തിപ്പെടുന്ന സ്ത്രീകളിൽ അധികപേരും പുരുഷനിർമ്മിതമായ ഭാഷയുടേയും ഭാവനയുടേയും ശീലങ്ങളെ അനുസരിക്കുവാൻ തന്നെയാണ് സാധാരണയായി ശ്രമിക്കുന്നത്. എന്നാൽ പുരുഷനിർമ്മിതിയുടെ പൊതുരീതികളെ നിഷേധിച്ചുകൊണ്ട് വളർന്നുവന്ന പെണ്ണെഴുത്തിന്റെ അൽപമെങ്കിലും ശക്തമായ ഒരു സമാന്തരധാര മലയാള സാഹിത്യത്തിൽ നിലനിൽക്കുന്ന കാര്യം വിസ്മരിക്കുന്നില്ല. പുരുഷമേധാവിത്വത്തിന്റെ ആശയങ്ങളും, കീഴടങ്ങലുകളും സ്വാഭാവികമായിരുന്ന ഒരു കാലത്ത് പെൺ മനസ്സിന്റെ അഗാതകളെക്കുറിച്ച് കഥകൾ

എഴുതുക എന്ന വെല്ലുവിളികൾ ഏറ്റെടുത്ത ധന്യ വനിതകൾ മലയാള സാഹിത്യത്തിൽ ചുരുക്കം പേരെങ്കിലും പണ്ട് മുതൽക്കേ ഉണ്ടായിരുന്നു. സ്ത്രീ ജനത്തിന് വിലക്കുകളും പരിമിതികളും അറിഞ്ഞും അനുഭവിച്ചും പുരുഷമേധാവിത്വപരമായ വ്യവസ്ഥകളോട് സമരം ചെയ്ത് ലോകത്തെ മാറ്റിതീർക്കാനും സ്വയം മറക്കാനും ആഗ്രഹിച്ച് വേദനയും നിസ്സഹായതയും ഉള്ളിലൊതുക്കി, കാലത്തിന്റെ മാറ്റത്തെ കുറിച്ച് എല്ലായ്പോഴും ശ്രദ്ധിച്ച് കൊണ്ട് സദാ ഉണർന്നിരിക്കുന്നവളായിരിക്കണം സ്ത്രീ. ഇത്തരത്തിൽ മാറ്റം വരാത്ത കാലത്തോളം സ്ത്രീ സ്വാതന്ത്ര്യം എന്നുള്ളത് ഒരു പൊള്ളയായ വാക്കായി മാറും. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങളിലും തൊഴിൽ തുടങ്ങി നാനാമേഖലകളിലും പുരുഷന് തുല്യമായ സ്ഥാനമാനങ്ങൾ സ്ത്രീകൾ അലങ്കരിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം വച്ച്കൊണ്ട് ബോധപൂർവ്വമായ വിദ്യാഭ്യാസ ബോധവൽക്കരണപ്രവർത്തനങ്ങൾ ഇനിയും നാം നടത്തേണ്ടിയിരിക്കുന്നു. ദേശീയ പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന നിരവധി വനിതകൾ നമുക്ക് മാതൃകയായിട്ടുണ്ട്. ഇത് കാണിക്കുന്നത് സ്ത്രീയ്ക്കും പുരുഷനോടൊപ്പം എത്തിച്ചേരാൻ കഴിയും എന്നതാണ്. ദേശീയ രാഷ്ട്രീയത്തിൽ ജ്വലിച്ചുനിന്ന ക്യാപ്റ്റൻ ലക്ഷ്മി, സരോജിനി നായിഡു, ഇന്ദിരാഗാന്ധി, അരുണാ ആസഫലി, കസ്തൂർബാ, വിജയലക്ഷ്മി പണ്ഡിറ്റ് തുടങ്ങിയവർ വഹിച്ച പങ്ക് എന്നും സ്ത്രീകൾക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്.

കേരളത്തിലെ സ്ത്രീകൾ സാക്ഷരതയിൽ വളരെയേറെ മുന്നേറിയിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട തുരുത്തുകളിൽ അവർ ഇന്നും നിരക്ഷരതയിൽ കഴിയുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മൂന്നിലൊന്നു സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തത് പൊതുരംഗത്ത് കാലെടുത്ത് വെയ്ക്കാൻ പ്രേരക ശക്തിയായി മാറിയിട്ടുണ്ട്. വനിതകളുടെ ബുദ്ധിയും, ഊർജ്ജവും അടുക്കളയുടെ നാല് ചുവരുകൾക്കുള്ളിൽ മാത്രം തളച്ചിടാതെ സമൂഹത്തിന്റെ ഗുണകരമായ മാറ്റത്തിന് വേണ്ടി വിനിയോഗിക്കപ്പെടണം. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ഭൂരിപക്ഷം വരുന്ന സ്ത്രീജനങ്ങളുടെ പ്രശ്നങ്ങൾ കൺതുറന്ന് കാണാതെ മുന്നോട്ട് പോവാൻ കഴിയില്ല.

കേരളത്തിൽ നടന്ന സാമൂഹ്യ വിപ്ലവത്തോടൊപ്പം ഇവിടുത്തെ സുസംഘടിതമായ തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങളുടെ സ്വാധീനവും, ഉയർന്ന സ്ത്രീ സാക്ഷരതയും, സാമൂഹ്യ ബോധവും ഒരു പരിധിവരെ സ്ത്രീകളെ സാമൂഹ്യമായി ഉയർത്തിയിട്ടുണ്ട്. സ്ത്രീജനങ്ങളുടെ തൊഴിലില്ലായ്മ – വിശേഷിച്ചും അഭ്യസ്തവിദ്യരായ യുവതികളുടെ തൊഴിലില്ലായ്മ – നമ്മുടെ വികസന പ്രക്രിയക്ക് വിലങ്ങ് തടിയായി നിൽക്കുന്നുണ്ട്. താഴ്ന്നവരുമാനക്കാരായ കുടുംബങ്ങളിലെ സ്ത്രീകൾ ആശ്രയിച്ച് പോന്നിരുന്ന കാർഷിക മേഖലയിലെ തൊഴിലുകൾ പോലും ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഗൾഫ് പണത്തിന്റെ അമിതമായ സ്വാധീനം ഉൽപാദന കാർഷികമേഖലകളെ തളർത്തി എന്നതാണ് ശരി. അത് വഴി ആ മേഖല

കളിൽ തൊഴിൽചെയ്ത് പോന്നവർ വികസന ഉൽപാദന പ്രക്രിയക്ക് ആക്കം കൂട്ടാത്ത നിർമ്മാണ മേഖലയിലേക്ക് തിരിയുകയും ചെയ്തു. ഇന്ന് നിർമ്മാണ മേഖലയിലെ തൊഴിൽ ആശങ്കാജനകമാണ്. അഭ്യസ്തവിദ്യരായ യുവതികളുടെ എണ്ണം വർദ്ധിച്ച് വരുന്നുണ്ട്. എന്നാൽ അവർക്ക് തൊഴിൽ ചെയ്യാനുള്ള അവസരം ഉണ്ടാകാത്തത് നിരാശാജനകമാണ്. ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉയർന്ന് വരേണ്ടതിന്റെ ആവശ്യകത നമുക്ക് ഇവിടെ ബോധ്യമാവുകയാണ്. പുരുഷനും സ്ത്രീയും ജോലിക്ക് പോകുന്ന ഉയർന്ന കുടുംബങ്ങളിലും, കൂലി വേല ചെയ്യുന്ന സാധാരണ കുടുംബങ്ങളിലും കാണുന്ന കുടുംബ ഭദ്രതയും, കെട്ടുറപ്പും മധ്യവർഗ്ഗ കുടുംബങ്ങളിൽ കാണുന്നില്ല. വിദ്യാഭ്യാസമുണ്ടെങ്കിലും ജോലിയില്ലാതെ കഴിയുന്ന സ്ത്രീകളും കുടുംബം പോറ്റാനുള്ള സാമ്പത്തിക ഭാരം പേറുന്ന പുരുഷന്മാരും ഉള്ള കുടുംബങ്ങളിൽ മാനസിക അപഭ്രംശം, ഇച്ഛാഭംഗം, കൂട്ട ആത്മഹത്യാ പ്രവണതകൾ എന്നിവ വർദ്ധിച്ച് വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു.

പഞ്ചായത്തിലെ 25, 263 മൊത്തം ജനസംഖ്യയിൽ 12,404 പുരുഷന്മാരും, 12,859 സ്ത്രീകളുമാണ്. ഈ കണക്ക് കാണിക്കുന്നത് പുരുഷന്മാരേക്കാളും സ്ത്രീകളാണെന്നാണ്. ഇത്രയും വരുന്ന സ്ത്രീജനങ്ങളുടെ പ്രശ്നങ്ങളെ കൺതുറന്ന് കാണാതെ നമ്മുടെ പഞ്ചായത്തിനും മുന്നോട്ട് പോവാൻ കഴിയില്ല. സ്ത്രീകളുടെ തൊഴിൽ കേന്ദ്രങ്ങൾ പഞ്ചായത്തിൽ നാമമാത്രമാണ്. വിവിധ മേഖലകളിൽ സ്ത്രീകളുടേതായ തൊഴിൽ സ്ഥാപനങ്ങൾക്ക് നമുക്കുള്ള സാധ്യതകൾ ഏറെയാണ്. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി എല്ലാ കാര്യങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉയർത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ മൂന്ന് മഹിളാ സമാജങ്ങളാണ് നിലവിലുള്ളത്. രാഷ്ട്രീയ ബഹുജന സന്നദ്ധ സംഘടനകളുടെ നേതൃത്വ നിരകളിൽ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ ഇല്ല എന്ന് തന്നെ പറയാം. ഈയൊരു തിരിച്ചറിവ് സ്വയം ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ അനഭിലഷണീയമായ പ്രവർത്തനങ്ങൾക്കെതിരെ സ്ത്രീ സമൂഹത്തിന് പ്രതികരിക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്തിൽ ഒറ്റപ്പെട്ടതും അല്ലാത്തതുമായ ചാരായ വാറ്റ് കേന്ദ്രങ്ങളും വിൽപന കേന്ദ്രങ്ങളും ഉണ്ടെന്നത് സത്യമാണ്. പൊതുജനസമ്മർദ്ധത്തിന്റെ ഫലമായി പല കേന്ദ്രങ്ങളും ഇല്ലാതായെങ്കിലും ചിലതെങ്കിലും അവശേഷിക്കുന്നുണ്ട്. അനാരോഗ്യകരമായ ഇത്തരം സാഹചര്യത്തെ സ്ത്രീക്ക് എന്നും തലവേദനയാണ്. വരും തലമുറയെ ലക്ഷം വെച്ചുകൊണ്ടെങ്കിലും വ്യാജവാറ്റ്, മദ്യപാനം, പുകവലി, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, മറ്റ് സാമൂഹ്യ അനീതികൾ എന്നിവക്കെതിരെ ശക്തമായ പ്രതിരോധം സംഘടിപ്പിക്കാത്ത പക്ഷം മാപ്പർഹിക്കാത്ത വിധം ഭാവിതലമുറ സ്ത്രീകളെ കുറ്റപ്പെടുത്തുമെന്നതിൽ തർക്കമില്ല. ഇത്തരം സാമൂഹ്യ വിപത്തിനെതിരെ ശബ്ദമുയർത്തേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. സ്ത്രീയെ ഒരു ഉപഭോഗ വസ്തുവായി കാണുന്ന സംസ്കാരം ഇന്ന്

കേരളത്തിലും രൂപപ്പെട്ടു വരുന്നു എന്ന് ബലമായ സംശയിക്കേണ്ടിയിരിക്കുന്നു.

2. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ കൂലി പുരുഷന്മാരെ അപേക്ഷിച്ച് താരതമ്യേന കുറവാണ്.

3. കാർഷിക മേഖലയിലെ മുരടിപ്പ് സ്ത്രീകളുടെ തൊഴിൽ സാധ്യതകളെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

4. അംഗണവാടി, ബാലവാടി, മഹിളാ സമാജം തുടങ്ങിയവരുടെ പ്രവർത്തനം വളരെ പിന്നോക്കം നിൽക്കുന്നു.

5. വനിതകളുടെ സ്വയം തൊഴിൽ പദ്ധതികളുടെ അപര്യാപ്തത.

6. സ്ത്രീധനവും , വിവാഹധൂർത്തും കൂടിവരുന്നു.

7. കൃഷി വ്യവസായം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

8. വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം തീരെ കുറവാണ്.

9. വിദ്യാലയങ്ങളിലും മറ്റ് പൊതുസ്ഥാപനങ്ങളിലും സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യക്കുറവ്

10. പുരുഷന് തുല്യസ്ത്രീയെ സമൂഹം അംഗീകരിക്കാത്ത അവസ്ഥ

**നിർദ്ദേശങ്ങൾ**

1. വനിതകളുടെ കൂട്ടുസംരംഭമായി തൊഴിൽ കേന്ദ്രങ്ങൾ വളർത്തിക്കൊണ്ടുവരിക.

2. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പഞ്ചായത്തിൽ നിലവിലുള്ള കസ്തൂർബാ വനിതാ സഹകരണസംഘത്തിന്റെ പ്രവർത്തനം ശക്തമാക്കുക.

3. ചെറുകിട വ്യവസായങ്ങൾ സ്ഥാപിച്ച് തൊഴിലവസരം കൂട്ടുക.

4. കോഴി, താറാവ്, മുയൽ തേനീച്ച വളർത്തൽ, അടുക്കള തോട്ടം, പുഷ്പകൃഷി എന്നിവയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുക.

5. പ്രാഥമിക കാര്യങ്ങൾ നിർവഹിക്കാൻ പുറമേരിയിലെ പൊതുസ്ഥലങ്ങളിലും, പൊതുസ്ഥാപനങ്ങളിലും സൗകര്യമുണ്ടാക്കുക.

6. സ്ത്രീപീഡനത്തിന് ശക്തമായ ശിക്ഷണ നടപടികൾ, നിയമനിർമ്മാണം, ബോധവൽക്കരണം എന്നിവ നടത്തുക.

7. കാർഷിക മേഖല ശക്തിപ്പെടുത്തി സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

8. അംഗണവാടികളുടെയും മഹിളാസമാജങ്ങളും കാര്യക്ഷമമാക്കുക.

9. സ്ത്രീധനത്തിനും വിവാഹ ധൂർത്തിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിന് സാമൂഹ്യ രാഷ്ട്രീയ കക്ഷികളുടെ പൂർണ്ണ സഹകരണം ലഭ്യമാക്കുക.

10. ആരോഗ്യത്തിനും, വിദ്യാഭ്യാസത്തിനും സാമൂഹ്യ പരിവർത്തനത്തിനും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക.

11. താലൂക്ക് ആസ്പത്രികളിലും

പ്രൈമറി ഹെൽത്ത് സെന്ററുകളിലും സ്ത്രീ രോഗവിദഗ്ധരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

12. വനിതകൾക്ക് സൗജന്യമായി ആടുകളെയും കോഴികളെയും വിതരണം ചെയ്യുക.

13. സ്വയം തൊഴിൽ കണ്ടെത്താൻ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുമുള്ള സഹായം ഉദാരമാക്കുക.

14. സ്വയം തൊഴിൽ സാധ്യത ഉറപ്പ് വരുത്തുന്നതിന് അവരുടേതായ ഒരു ഡ്രൈവിംഗ് പരിശീലന കേന്ദ്രം പഞ്ചായത്തിൽ അനുവദിക്കുക.

15. പുറമേരി, വിലാതപുരം, അരൂർ എന്നിവിടങ്ങളിൽ തയ്യൽപരിശീലന കേന്ദ്രം സ്ഥാപിക്കുക.

16. യൂനിറ്റടിസ്ഥാനത്തിൽ കൈത്തൊഴിൽ, പരിശീലന കേന്ദ്രം സ്ഥാപിക്കുക.

17. വിധവാ പെൻഷൻ ഉൾപ്പെടെയുള്ള പെൻഷനുകൾ കുടിശ്ശികയില്ലാതെ യഥാസമയം പഞ്ചായത്തുകളിൽ കൂടി വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക.

18. സാക്ഷരതാ രംഗത്തെ സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് അറുതി വരുത്തുക.

19. കലാ കായിക രംഗത്ത് വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കുക. വിദ്യാലയം തൊട്ട് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

20 സമ്പൂർണ്ണ മദ്യവർജ്ജനം നടപ്പാക്കുക.

21. പുറമേരി പഞ്ചായത്തിൽ സ്ത്രീകൾക്ക് പൂർണ്ണമായി ഉപകരിക്കുന്ന ആശുപത്രി സ്ഥാപിക്കുക.

22. പുരുഷന് തുല്യയാണ് സ്ത്രീ എന്ന യാഥാർത്ഥ്യം അംഗീകരിക്കുക.

23. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾക്ക് അർഹമായ സ്ഥാനം നൽകുക.

24. ബോധവൽക്കരണത്തിന് സഹായകമാവുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

25. തൊഴിൽ – സാങ്കേതിക വിദ്യാലയങ്ങൾ രൂപീകരിക്കുക.

26. മാതൃസംഗമത്തിൽ അമ്മമാരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.

27. സ്വഭാവരൂപീകരണത്തിന് താഴ്ന്ന ക്ലാസുമുതൽ ശ്രദ്ധിക്കുക.

28. പുറമേരി പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള ക്ലിനിക്കുകൾ തുടങ്ങുകയും അവിടെ സ്ത്രീകൾക്ക് ജോലി ഉറപ്പ് വരുത്തുകയും ചെയ്യുക.

29. നേഴ്സറികൾ തുടങ്ങി തൊഴിലവസരം കൂട്ടുക.

30. വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും നിലവിലുള്ള പദ്ധതികൾ ഊർജ്ജിതമാക്കുകയും ചെയ്യുക.

31 സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ ഡോർഡലിവറി ലൈബ്രറി സമ്പ്രദായം നടപ്പാക്കുക.

32. സർക്കാർ ഉദ്യോഗങ്ങളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക.

33. വനിതകളുടെ നേതൃത്വത്തിൽ വാർഡുകൾതോറും കൂൺ കൃഷി നടപ്പിൽ വരുത്തുക.

34. സ്ത്രീകൾക്ക് ആവശ്യമായ സർവ്വവിധ മരുന്നുകളും സൗജന്യമായോ, നിരക്ക് കുറച്ചോ വിതരണം ചെയ്യുക.

35 കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കാൻ വനിതകൾക്ക് കൂടുതൽ പരിശീലനം നലൽകുക. കൂടാതെ തൊഴിൽ ഉറപ്പു വരത്തുകയു ചെയ്യുക.

36പഴയ അംബർ ചർക്കാ കേന്ദ്രത്തിൽ വനിതകൾക്കായുള്ള തയ്യൽ ട്രെനിംഗ് കേന്ദ്രവും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റും ആരംഭിക്കുക.

37. അടുക്കള തോട്ട മത്സരം സംഘടിപ്പിക്കുക.

*'മദ്യപാനം എന്ന കൊടിയ തിന്മയെ നേരിടാൻ മൃദുലവും, സുകരുമായ നയമൊന്നും പോര. പൂർണ്ണമായ മദ്യനിരോധനത്തിൽ കുറഞ്ഞ യാതൊന്നിനും ജനങ്ങളെ ഈ ശാപത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിയില്ല'.*

*– ഗാന്ധിജി*

# 10. സഹകരണ മേഖല

"ഓരോരുത്തരും എല്ലാവർക്കും വേണ്ടി

എല്ലാവരും ഓരോരുത്തർക്കും വേണ്ടി"–

എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ 1904ൽ ആണ് ഇന്ത്യാ രാജ്യത്ത് ആദ്യമായി സഹകരണ നിയമം നിലവിൽ വന്നത്. ഇന്ത്യാരാജ്യം ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് കീഴിൽ ഞെരിഞ്ഞമർന്ന് സാധാരണക്കാർ കൊടിയ ഭക്ഷ്യക്ഷാമത്തിന് അടിമപ്പെട്ട് കഴിയുന്ന അവസരത്തിലാണ് ഇന്ത്യയിൽ ഒട്ടുക്കും പ്രത്യേകിച്ച് തിരു-കൊച്ചി-മലബാർ ഭാഗത്ത് കാർഷിക സഹകരണ സംഘങ്ങളും, പരസ്പര സഹായ സഹകരണ സംഘങ്ങളും നിലവിൽ വന്നത്. ഇക്കാര്യത്തിൽ മഹാനായ കേളപ്പജിയുടെ നേതൃത്വം മറക്കാവുന്നതല്ല. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ മലബാർ ഭാഗത്തും 1932 ലെ മദ്രാസ് ആക്ട് പ്രകാരം നിലവിൽ വന്നു. ആരംഭത്തിൽ ഇത്തരം സംഘങ്ങൾക്ക് വളരെ അധികം ജന പിന്തുണ ഉണ്ടായിരുന്നില്ല. സംഘങ്ങൾ രൂപീകരിക്കാൻ മുൻകൈ എടുത്ത സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരോടുള്ള വിശ്വാസം മാത്രമായിരുന്നു ജനങ്ങളെ പ്രസ്ഥാനവുമായി ബന്ധിപ്പിച്ച കണ്ണി. ജനനന്മയെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന അന്നത്തെ പൊതുപ്രവർത്തകർക്ക് വലിയ ബുദ്ധിമുട്ടുകളൊന്നും കൂടാതെ പ്രസ്ഥാനത്തെ മലബാറിന്റെ മണ്ണിൽ വേര് പിടിപ്പിക്കാൻ കഴിഞ്ഞു.

ഇപ്പോൾ പുറമേരി പഞ്ചായത്തിൽ താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. പുറമേരി സർവ്വീസ് സഹകരണ ബേങ്ക് , പുറമേരി.
2. വടകര സഹകരണ കാർഷിക വികസന ബേങ്ക്, കക്കട്ടിൽ

3. എടച്ചേരി കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റി, എടച്ചേരി.

4. വിലാതപുരം ക്ഷീരോത്പാദക സഹകരണ സംഘം, വിലാതപുരം.

4. പുറമേരി ക്ഷീരോത്പാദക സഹകരണ സംഘം, പുറമേരി.

5. അരൂർ ക്ഷീരോത്പാദക സഹകരണ സംഖം, അരൂർ.

7. കസ്തൂർബാ വനിതാ സഹകരണ സംഘം, അരൂർ.

8. രാജീവ്ജി മെമ്മോറിയൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം, അരൂർ.

9. കക്കട്ട് സർവ്വീസ് സഹകരണ ബേങ്ക് അരൂർ ബ്രാഞ്ച്, അരൂർ.

10. കല്ല് വെട്ട് തൊഴിലാളി സഹകരണ സംഘം, പുറമേരി.

11. സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ - മൂന്നെണ്ണം.

**പുറമേരി സർവ്വീസ് സഹകരണ ബാങ്ക്**

1932ലെ മദ്രാസ് ആക്ട് പ്രകാരം പുറമേരിയിൽ രൂപീകരിച്ച സഹകരണ സംഘമാണ് പി. സി സി. അത് പടിപടിയായി ഇന്നത്തെ പുറമേരി സർവ്വീസ് സഹകരണ ബാങ്കായി ഉയർന്നു.

ദിവംഗതനായ ആയഞ്ചേരി കോവിലകത്ത് ശ്രീ. കൃഷ്ണവർമ്മ രാജയുടെ നേതൃത്വത്തിൽ വടകര താലൂക്കിലെ ആറ് പഞ്ചായത്തുകളിൽ ഭാഗികമായോ, മുഴുവനായോ പ്രവർത്തന പരിധിയായി 1725 മെമ്പർമാരും, 15,700 രൂപ ഓഹരി മൂലധനത്തോടും കൂടി 1946 സപ്തമ്പർ 23-ാം തിയ്യതി പുറമേരി പരസ്പര സഹായ സഹകരണ സംഘം റജിസ്റ്റർ ചെയ്യപ്പെടുകയും 1946 സപ്തമ്പർ 28ാം തിയ്യതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. എ. കെ. കൃഷ്ണവർമ്മ രാജ ആയിരുന്നു. പി. സി. സി. സൊസൈറ്റി എന്ന നിലയിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായും വിജയമായിരുന്നു. സഹകരണ സംഘമാണെങ്കിലും ഇവയുടെ നിയന്ത്രണം ജില്ലാ കലക്ടർമാരിൽ നിക്ഷിപ്തമായിരുന്നു. റേഷൻ സമ്പ്രദായം നമ്മുടെ നാട്ടിൽ നിന്നും നീങ്ങിത്തുടങ്ങിയതോടെ പി. സി. സി. സൊസൈറ്റികൾ പ്രവർത്തന രഹിതമായി. സംഘങ്ങൾ പ്രവർത്തനരഹിതമായതോടെ അംഗങ്ങൾ കൂട്ടം കൂട്ടമായി ഒഴിഞ്ഞു പോകാനും തുടങ്ങി. ഈ സംഘത്തിൽ നിന്നും അംഗങ്ങൾ മാത്രമല്ല പ്രവർത്തന പരിധിയിൽപെട്ട വില്ലേജുകൾ പോലും ഒഴിഞ്ഞുപോയി. പ്രവർത്തന രഹിതമായ പി. സി. സി. സൊസൈറ്റികളെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനം ആരംഭിച്ചത് 1956ൽ ആയിരുന്നു. 1956 മെയ് 31-ാം തിയ്യതി പുറമേരി പി. സി. സി. സൊസൈറ്റിയെ പുറമേരി കോ -ഓപ്പറേറ്റിവ് റൂറൽ ബാങ്കായി റജിസ്റ്റർ ചെയ്തു. ഗ്രാമീണ കർഷകരുടെ എല്ലാ ആവശ്യങ്ങളും പരിഹരിക്കത്തക്ക രീതിയിലായിരുന്നില്ല റൂറൽ ബേങ്കുകളുടെ പ്രവർത്ത ശൈലി. അതുകൊണ്ട് 1963 മെയ് 18-ാം തിയ്യതി പുറമേരി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിനെ പുറമേരി സർവ്വീസ് കോ -ഓപ്പറേറ്റീവ് ബാങ്കായി റജിസ്റ്റർ ചെയ്തു.

സർവ്വീസ് സഹകരണ ബേങ്കായി

പ്രവർത്തനം ആരംഭിച്ചതോടു കൂടി ഈ സ്ഥാപനത്തിനം വളർച്ചയുടെ തുടക്കം കുറിച്ചു. പ്രാരംഭ ഘട്ടത്തിൽ വളരെ കുറച്ച് അംഗങ്ങളും, നാമ മാത്രമായ ഓഹരി മൂലധനവും, പേരിനുള്ള നിക്ഷേപവും മാത്രമേ ഉണ്ടായിരുന്നുള്ളു. അതേ പോലെ തന്നെ കടക്കാരുടെ എണ്ണവും, സംഖ്യയും തുച്ഛമായിരുന്നു. അന്നൊക്കെ പൊതു ജനം സഹകരണ സംഘങ്ങളെ സംശയ ദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. എങ്കിലും വർഷങ്ങൾ കഴിയുംതോറും കടങ്ങളും നിക്ഷേപങ്ങളും വർദധിച്ചുവന്നു. 1976 ൽ ശ്രീ. സി. അച്യുത മേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ സഹകരണ മേഖലയിൽ ആരംഭിച്ച നിക്ഷേപ സമാഹരണത്തിന്റെ അത്ഭുതമായ വിജയം, ഈ മേഖലയിൽ നിക്ഷേപിക്കുന്നത് സുരക്ഷിതമാണെന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കി. അതിന് ശേഷം നിക്ഷേപങ്ങളും, കടങ്ങളും കോടികളായി ഉയർന്നു. പ്രസ്ഥാനത്തിന് വന്ന ഈ നേട്ടത്തിൽ ഈ സ്ഥാപനവും ബഹുദൂരം മുന്നോട്ട് പോയി. 1996 ജൂൺ 30 വരെ 11,855 അംഗങ്ങളും 14,89,090 രൂപ ഓഹരി മൂലധനവും, 4,72,30,691 രൂപ നിക്ഷേപമായും ബേങ്കിൽ നിലവിലുണ്ട്. നിക്ഷേപങ്ങളിലുള്ള വളർച്ചയ്ക്ക് അനുസ്യൂതമായി വായ്പാ വിതരണത്തിലും വളർച്ച ഉണ്ടായിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം നൽകുന്ന മുൻഗണനാ വായ്പകൾ, ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട വായ്പകൾ, ചെറുകിട വ്യവസായ വായ്പകൾ, വിദ്യാഭ്യാസം, വിവാഹം, സ്വയംതൊഴിൽ കണ്ടെത്തൽ എന്നീ ആവശ്യങ്ങൾക്കുള്ള വായ്പകൾ, കാർഷികേതര വായ്പകൾ എന്നിവയും ബേങ്ക് കൊടുത്തു വരുന്നുണ്ട്. പുറമേരി പഞ്ചായത്തിലെ ഗ്രാമീണ ജനങ്ങളിൽ ഒരു പരിധിവരെ എങ്കിലും സ്വാധീനം ചെലുത്തിയ ഈ സ്ഥാപനത്തിൽ ഈ പഞ്ചായത്ത് അടക്കം മറ്റ് ആറ് പഞ്ചായത്ത്കളിലും കൂടി 4,43,81,260 രൂപ നിൽപ് വായ്പയായിട്ടുണ്ട്." പുറമേരി പഞ്ചായത്തിലെ വിലാതപുരത്ത് പ്രവർത്തിച്ചിരുന്ന വിവിധോദ്ദേശ ഐക്യനാണയസംഘത്തെ 1991 ജൂലൈ 1 മുതൽ ഈ ബേങ്കിൽ സംയോജിപ്പിച്ചിട്ടുണ്ട്.

പുറമേരി പഞ്ചായത്തിലെ തന്നെ അരൂർ - പെരുമുണ്ടച്ചേരി-എളയടം പ്രദേശങ്ങൾ ഈ ബേങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നില്ല. അരൂർ, പെരുമുണ്ടച്ചേരി പ്രദേശങ്ങൾ കക്കട്ട് സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിലും, എളയടം പ്രദേശം ആയഞ്ചേരി സർവ്വീസ് കോ-ഓപ്പറേയീറ്റീവ് ബങ്കിന്റെ പ്രവർത്തന പരിധിയിലും ആണ്. നിക്ഷേപങ്ങളിലും വായ്പകളിലും ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ബേങ്ക് ഇപ്പോഴും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ ഒരു കാരണം യഥാസമയം വായ്പതിരിച്ചടക്കാത്തതാണ്. ഏതാണ്ട് ഒരുകോടി രൂപയോളം അവധികഴിഞ്ഞ കടങ്ങളാണ്.

**വടകര സഹകരണ കാർഷിക വികസന ബാങ്ക്**

വടകര താലൂക്ക് പ്രവർത്തന പരിധി ആയും, കക്കട്ട് ആസ്ഥാനമായും 1963 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് " വടകര സഹകരണ കാർഷിക

വികസന ബേങ്ക്.' ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘകാല വായ്പകൾ കൊടുത്ത് വരുന്നത് ഈ സ്ഥാപനമാണ്. ആവശ്യമായ ഫണ്ട് ഈ സ്ഥാപനത്തിന് ഉണ്ടെങ്കിലും സാങ്കേതിക വിഷമം കാരണം കർഷകർ വായ്പ വിനിയോഗിക്കാത്ത അവസ്ഥയാണ് ഇന്ന് നിലനിലുള്ളത്. കേരളത്തിലെ ഭൂപരിഷകരണ നിയമത്തിന് ശേഷം ഭൂമി തുണ്ടം തുണ്ടമായി വിഭജിച്ച് പോയത് കാരണം പല കടങ്ങളും വിനിയോഗിക്കാൻ സാധിക്കാത്ത സ്ഥിതി നിലവിലുണ്ട്. തെങ്ങ് കൃഷി വികസനം, ചെറുകിട ജലസേചനം, റബ്ബർ കൃഷി വികസനം, ഭൂ വികസന പ്രവർത്തനം, കുരുമുളക് കൃഷി വികസനം, ഡയറി വികസനം, ഇറച്ചിക്കോഴി പദ്ധതി, മത്സ്യകൃഷി വികസനം, നഴ്സറി എന്നിവയ്ക്കുള്ള വായ്പകൾ, ചെറുകിട കാർഷികേതര വായ്പകൾ, ചെറുകിട വാഹന വായ്പ, ചെറുകിട വ്യവസായ വായ്പ, ഗ്രാമീണ ഭവനനിർമ്മാണ വായ്പ എന്നിവയും ഈ സ്ഥാപനത്തിൽ കൂടി കൊടുത്തുവരുന്നു.

**ഭവനനിർമ്മാണ സഹകരണ സംഘം**

പുറമേരി പഞ്ചായത്തിൽ അരൂർ ഭാഗം ഒഴിച്ചുള്ള പ്രദേശങ്ങളിൽ എടച്ചേരി കേന്ദ്രമായി പ്രവർത്തിക്കുന്ന എടച്ചേരി കോ - ഓപ്പറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റിയും, അരൂർ പെരുമുണ്ടച്ചേരി ഭാഗങ്ങളിൽ കുന്നുമ്മൽ കോ-ഓപ്പറേറ്റിവ് റൂറൽ ഹൗസിംഗ് സൊസൈറ്റിയുമാണ് കടം കൊടുത്തു വരുന്നത്. പുറമേരി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ രണ്ട് സംഘങ്ങൾക്കും സാധിക്കില്ല എന്നുള്ള കാര്യം തർക്കമറ്റതാണ്. ഇപ്പോൾ ഹൗസിങ്ങ് ഫെഡറേഷനിൽ നിന്ന് ഗ്രാമീണ ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽക്കൂടി കൊടുത്ത് വരുന്ന ഭവന വായ്പകൾ ലളിതവൽക്കരിച്ച് സാധാരണ ക്രെഡിറ്റ് മേഖലയക്ക് അപ്പക്സ് സംഘങ്ങൾ അനുവദിക്കുന്നത് പോലെ യഥേഷ്ടം കടം കൊടുക്കുവാനുള്ള സൗകര്യവും, ആവശ്യമായ ഫണ്ടും ലഭ്യാമാക്കുക.

**ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ മൂന്ന് ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ ഉണ്ട്. അരൂർ ക്ഷീരോത്പാദക സഹകരണ സംഘം, പുറമേരി ക്ഷീരോത്പാദക സഹകരണ സംഘം വിലാതപുരം ക്ഷീരോത്പാദക സഹകരണ സംഘം, എന്നിവയിൽ വിലാതപുരം ക്ഷീരോതദ്പാദക സഹകരണ സംഘം ഒഴിച്ച് ബാക്കിയുള്ളവ നിർജ്ജീവമാണ് വിലാതപപുരം ക്ഷീരേത്പാദക സഹകരണ സംഘത്തിൽ ദിവസം 80 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. സംഘത്തിന്റെ കീഴിൽ രണ്ട് സ്ഥിരം ജീവനക്കാരും, രണ്ട് താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നു. സംഘത്തിന്റെ കീഴിൽ കാലിത്തീറ്റ വിതരണവും, പാൽ ഉൽപന്ന യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

**മറ്റ് സഹകരണ സ്ഥാപനങ്ങൾ**

പഞ്ചായത്തിൽ അരൂർ കേന്ദ്രമായി കസ്തൂർബാ വനിതാ സഹകരണ സംഘം, പുറമേരി കല്ല് വെട്ട് തൊഴിലാളി സഹകരണ സംഘം, എന്നിവ പ്രവർത്തനരഹിതമാണ്. അരൂർ കേന്ദ്രമായി രാജീവ്ജി മെമ്മോറിയൽ ലേബർ

കോൺട്രാക്റ്റ് സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. കൂടാതെ കടത്തനാട് രാജാസ് ഹൈസ്കൂൾ സ്റ്റുഡന്റ്സ് കോ. - ഓപ്പറേറ്റീവ് സ്റ്റോർ , പുറമേരി വി. വി. എൽ. പി. സ്കൂൾ,. കോ- ഓപ്പറേറ്റീവ് സ്റ്റോർ, പെരുമുണ്ടച്ചേരി എൽ. പി. സ്കൂൾ, കോ-ഓപ്പറേറ്റീവ് സ്റ്റോർ എന്നിവയും പ്രവർത്തിക്കുന്നു.

സഹകരണ പ്രസ്ഥാനം ഇന്ന് ജനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുകയാണ്. ഇതിനെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റണം. സഹകരണ നിയമത്തിന്റെ അലകും പിടിയും മാറ്റി സംഘങ്ങളെ സാമ്പത്തിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനുള്ള പശ്ചാത്തലം സൃഷ്ടിക്കുക. എങ്കിൽ മാത്രമേ അവക്ക് വിജയകരമായി പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. ജനങ്ങൾക്ക് ആവശ്യമായ എല്ലാതരം വായ്പകളും ഒരു ഏജൻസിലൂടെ കിട്ടത്തക്ക വണ്ണം നിയമാവലിയിൽ കാലോചിതമായ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. മൂലധന നിക്ഷേപത്തിന്, അതായത് ഓഹരി മൂലധനത്തിന് ഇപ്പോൾ ഓഹരി ഉടമകൾക്ക് പലിശയോ, ഡിവിഡന്റോ കിട്ടുന്നില്ല. കാലത്തിന് അനുസരിച്ച് പരിഷ്കാരങ്ങൾ നിയമാവലിയിൽ വരുത്താത്തത് കാരണം സംഘങ്ങൾ സമാഹരിക്കുന്ന നിക്ഷേപത്തുക വ്യാപാര മേഖലയിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. സഹകരണ ബേങ്കുകളിൽ നിന്ന് കാർഷിക വായ്പകൾ ലഭിക്കുന്നതിന് നിലവിലുള്ള അനാവശ്യവും, അശാസ്ത്രീയവുമായ നിയമ നിയന്ത്രണങ്ങൾ ഒഴിവാക്കി കൃഷിക്കാർക്ക് വായ്പ കിട്ടാനുള്ള ലളിതമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നത് നന്നായിരിക്കും.

**നിർദ്ദേശങ്ങൾ**

1. ഒരു കുടുംബത്തിനാവശ്യമായ മുഴുവൻ വായ്പകളും ഒരു ഏജൻസിയിൽ നിന്ന് കിട്ടത്തക്ക വിധം സംവിധാനം ഉണ്ടാക്കുക.
2. വായ്പാ പദ്ധതികൾ വൈവിദ്ധ്യവൽക്കരിക്കുക.
3. സർക്കാർ നിർദ്ദേശിച്ച എല്ലാതരം വായ്പാ പദ്ധതികളും നടപ്പിൽ വരുത്തുക.
4. ലാഭനഷ്ടം നോക്കാതെ ഓഹരി മൂലധനത്തിന് പലിശയോ, ഡിവിഡണ്ടോ നൽകുവാനുള്ള സംവിധാനം ഉണ്ടാക്കുക.
5. കൃഷിക്കാർക്ക് ക്രെഡിറ്റ് കാർഡ് ഏർപ്പെടുത്തുക.
6. കാർഷിക കടങ്ങൾക്ക് ഇന്ന് വസൂലാക്കി വരുന്ന പലിശ കുറക്കുക.
7. ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളിൽ ഡ്രാഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുക.
8. കടം കൃത്യമായി അടച്ചു തീർക്കുന്ന കൃഷിക്കാർക്ക് അനുവദിക്കുന്ന പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് കാലതാമസം കൂടാതെ കിട്ടുവാനുള്ള നടപടി ഉണ്ടാക്കുക.
9. സർവ്വീസ് സഹകരണ ബേങ്കുകൾക്ക് N.R.E. അക്കൗണ്ടുകൾ ആരംഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
10. ചിട്ടി ആക്ടിൽ നിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കുക.
11. ഇന്നത്തെ ത്രിതല സംവിധാനം ഉപേക്ഷിച്ച് നേരിട്ട് പ്രൈമറി സംഘ

ങ്ങൾക്ക് ധനസഹായം കിട്ടുന്നതിനു തകുന്ന സമ്പ്രദായം ഉണ്ടാക്കുക.

12. സംഘങ്ങളിലുള്ള അമിതമായ സർക്കാർ ഇടപെചലുകൾ ഒഴിവാക്കുക.

13. ആൾ ജാമ്യത്തിൽ കൊടുത്തുവരുന്ന കടസംഖ്യ വർദ്ധിപ്പിക്കുക.

14. സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ കൊടുക്കുന്നത് ലളിതമാക്കുക.

15. ഉദ്യോഗസ്ഥന്മാർക്കും, ഭരണസമിതി അംഗങ്ങൾക്കും ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുക.

16. സഹകരണ സംഘങ്ങൾ ഭൂമി പണയത്തിന്മേൽ കൊടുക്കുന്ന വായ്പകൾക്ക് റജിസ്റ്റർ ചെയ്യുന്ന തുടർച്ച പണയാധാരത്തിന് വലിയ സംഖ്യ ഫീസായി കൊടുക്കേണ്ടി വരുന്നു. ഇത് ഒഴിവാക്കാൻ കാർഷിക വികസന ബേങ്കുകളിൽ ഇപ്പോൾ നിലവിലുള്ള "ഗഹാൻ" പോലുള്ള എന്തെങ്കിലും നടപടി ഉണ്ടാകുക.

17. ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതിന് ശേഷം ഭൂമി തുണ്ടം തുണ്ടമായി വിഭജിച്ചതിന്റെ ഫലമായി ഓരോ കുടുംബത്തിന്റെ കയ്യിലും ചെറിയ അളവിൽ മാത്രം ഭൂമി നില നിൽക്കുന്ന അവസ്ഥയിൽ കാർഷിക വികസന ബേങ്കുകളിൽ നിന്നും, മറ്റ് പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നും കിണർ, പമ്പ് സെറ്റ്, ഭൂമി നന്നാക്കൽ എന്നിവക്ക് ഇപ്പോൾ കൊടുത്തു വരുന്ന കാർഷിക വായ്പകൾ 20 സെന്റ് ഭൂമി കൈവശമുള്ളവർക്ക് കൂടി കിട്ടുമാറാക്കുക.

18. ക്ഷീരോല്പാദക സഹകരണ സംഘത്തിന് ആവശ്യമായ പാൽ കിട്ടാത്ത സ്ഥിതി ഈ പഞ്ചായത്തിലെ സംഘങ്ങളിൽ നില നിൽക്കുന്നു. ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങാൻ ധനസഹായം കിട്ടാത്തതാണ് ഇതിന് മുഖ്യ കാരണം. ആയതിനാൽ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നോ, മറ്റേതെങ്കിലും സാമ്പത്തിക സ്ഥാപനത്തിൽ നിന്നോ സങ്കര വർഗ്ഗ പശുക്കളെ വാങ്ങാൻ സാമ്പത്തിക സഹായം അനുവദിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. അത് വഴി പാലും, പാൽ ഉല്പാദനങ്ങളും വർദ്ധിപ്പിച്ച് തൊഴിലവസരം സൃഷ്ടിക്കാൻ സാധിക്കും.

19. ക്ഷീര കർഷകരുടെ വീടുകളിൽ നിന്ന് പാൽ സംഭരിക്കാനുള്ള സംവിധാനം ഉണ്ടാകുകയും, പാലിന് കാലാനുസൃതമായ വില അനുവദിക്കുകയും ചെയ്യുക.

20. ക്ഷീരോല്പാദക സഹകരണ സംഘത്തോട് അനുബന്ധിച്ച് ഒരു കുത്തിവെപ്പ് കേന്ദ്രം അനുവദിക്കുക.

21. നിർജ്ജീവമായ സംഘങ്ങൾ അവസാനിപ്പിക്കുകയോ, പ്രവർത്തിപ്പിക്കാനുള്ള നടപടി ഉണ്ടാക്കുകയോ ചെയ്യുക.

22. കാർഷികോപകരണങ്ങൾ ഉണ്ടാക്കുന്ന ഒരു സഹകരണ സംഘം രൂപീകരിക്കുക.

23. പഞ്ചായത്തിൽ യന്ത്രവൽകൃത കയർ സഹകരണ സംഘം രൂപീകരിക്കുക.

24. പഞ്ചായത്ത് തലത്തിൽ പഴം-പച്ചക്കറി ഉല്പാദന വിപണന സംഘം രൂപീകരിക്കുക.

25. കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉല്പാദിപ്പിക്കപ്പെടുന്ന വടകര താലൂക്കിൽ നാളികേര സംസ്ക്കരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നാളീകേരത്തിന്റെ വിവിധ ഭാഗങ്ങൾ ചകിരി, ചിരട്ട, കൊപ്ര, തേങ്ങവെള്ളം ഇവ വേണ്ട വിധം സംസ്ക്കരിച്ച് വൈവിധ്യ മാർന്ന ഉല്പന്നങ്ങളുണ്ടാക്കി വിപണിയിൽ ഇറക്കാൻ നമ്മുടെ പഞ്ചായത്തിൽ സാധ്യത ഏറെയാണ്. സഹകരണ മേഖലയൽ ഇതിന് വേണ്ടി ഒര വ്യവസായ സ്ഥാപനം ഈ പഞ്ചായത്തിൽ ആരംഭിക്കുക. താലൂക്കിലും നാളികേര കർഷകർക്ക് അവരുടെ ഉല്പന്നത്തിന് കൂടുതൽ വില കിട്ടാനും സഹായകമായിരിക്കും.

26. സഹകരണ മേഖലയിൽ പുഷ്പ കൃഷി നടത്തിയാൽ ഗ്രാമീണ സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാൻ ഏറെ പ്രയോജനമായിരിക്കും.

27. ഭവന നിർമ്മാണ സഹകരണ സംഘം പുറമേരി കേന്ദ്രമാക്കി ഭവന നിർമ്മാണസംഘം രൂപീകരിക്കുക.

28. സഹകരണ അടിസ്ഥാനത്തിൽ പ്രിന്റിംഗ് പ്രസ്സ് പുറമേരി കേന്ദ്രമായി സ്ഥാപിക്കുക.

29. സഹകരണ മേഖലയിൽ ബേക്കറിയും, വനിതാ ടെയ്‌ലറിങ്ങ് & റെഡിമെയ്ഡ് സഹകരണ സംഘവും രൂപീകരിക്കുക.

30. മെഴുകുതിരി ഉല്പാദക സഹകരണ സംഘം രൂപീകരിക്കുക.

31. ആവശ്യമായ സ്ഥലങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കുക.

32. സഹകരണ ബേങ്കിന്റെ കീഴിൽ കൺസ്യൂമർ സ്റ്റോർ ആവശ്യമായ സ്ഥലത്ത് തുടങ്ങുക.

33. നെയ്ത്തു തൊഴിലാളികൾ തിങ്ങി താമസിക്കുന്ന സ്ഥലത്ത് നെയ്ത്ത് സഹകരണ സംഘം രൂപീകരിക്കുക.

ജനന മരണ രജിസ്ട്രേഷൻ ഉറപ്പു വരുത്തുക ജനനവും മരണവും 21 ദിവസത്തിനുള്ളിൽ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തു എന്ന് ഉറപ്പാക്കുക. ഇത് നിർബ്ബന്ധമാണ്.

# 11 പട്ടികജാതി-പട്ടികവർഗ്ഗം

## പട്ടികജാതി

പുറമേരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പട്ടികജാതിക്കാർ മാത്രമേ ഉള്ളൂ. പട്ടികജാതിയിൽ ഉൾപ്പെട്ടവരിൽ പുലയൻ, മലയൻ, വണ്ണാൻ, പരവൻ തുടങ്ങിയ സമുദായത്തിൽ പെട്ടവരാണ്. വളരെ കാലങ്ങൾക്കു മുമ്പേ ഈ വിഭാഗത്തിലെ ആളുകൾ സമൂഹത്തിലെ അടിച്ചവർത്തപ്പെട്ട മർദ്ദിത വിഭാഗമായിരുന്നു. വഴി നടക്കാൻ പോലും സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന ഭാരത മക്കളിൽ ഒരു വിഭാഗം!

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി അയിത്തോച്ചാടനം മുഖ്യ വിഷയമായെടുത്തുകൊണ്ട് ഗാന്ധിജിയാണ് അഖിലേന്ത്യാ അടിസ്ഥാനത്തിൽ അതിനെ ശക്തമായി രംഗത്ത് കൊണ്ടുവന്നത്. അതിന്റെ ഭാഗമായി ഈ പഞ്ചായത്തിലും അതിന്റെ അലയൊലികൾ ഉയർന്നു. അതോടൊപ്പം സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന്റെയും, അയിത്തോച്ചാരണ പ്രക്ഷോഭത്തിന്റെയും, വിദ്യാഭ്യാസ പുരോഗതിയുടെയും ഭാഗമായി ഈ വിഭാഗത്തിൽ പെട്ടവരും പടിപടിയായി സമൂഹത്തിന്റെ ഭാഗമായി മാറി വരികയായി. എന്നാലും നമ്മുടെ രാജ്യത്ത് അത് മുഴുവൻ പ്രാവർത്തികമായിട്ടില്ല എന്നത് ഒരു ദു:ഖസത്യമാണ്.

ആചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും വ്യത്യസ്തത പുലർത്തുന്നവരാണ് ഈ വിഭാഗങ്ങളിൽ പെട്ടവർ. പുലയ സമുദായത്തിൽപ്പെട്ട വിഭാഗത്തിന്റെ പ്രത്യേക ക്ഷേത്രവും, ഉത്സവവും ആയഞ്ചേരി പഞ്ചായത്തിലെ പുലത്തുരുത്തി എന്ന സ്ഥലത്ത് വർഷംതോറും നടത്തിവരുന്നു. ഈ ഉത്സവത്തിന് ഈ പഞ്ചായത്തിലെ 9-ാം വാർഡിൽ പെട്ട മഠത്തിൽ ലക്ഷം വീട് കോളനിയിൽ നിന്ന് കൊടിമര ജാഥയും, ഘോഷയാത്രയും പുറപ്പെടുക ശ്രദ്ധേയമാണ്. ഇവരുടെ ജോലി, കൂട്ട നിർമ്മാണം, പായ നെയ്ത്ത് തുടങ്ങിയ പരമ്പരാഗത ജോലിയാണ്. ഇപ്പോൾ മറ്റു ജോലികളിലും അവർ പ്രാവീണ്യം നേടിക്കഴിഞ്ഞിട്ടുണ്ട്.

നെൽകൃഷിയുമായി ബന്ധപ്പെട്ട് ജോലി, മറ്റു കൃഷിപ്പണികൾ എന്നിവയും ഇവർ ഭംഗിയായി ചെയ്തുവരുന്നു. സാമുദായിക യോഗങ്ങൾ, ഉത്സവാദി കാര്യങ്ങളിൽ മൂപ്പനെ നിശ്ചയിക്കുക, പ്രത്യേക കലശങ്ങൾ, പയങ്കുറ്റി തുടങ്ങിയ മതാനുഷ്ഠാനങ്ങളും ചടങ്ങുകളും ഇവർ നടത്തുന്നു.

മലയ സമുദായത്തിൽപെട്ട ആളുകളാണ് മറ്റൊരു വിഭാഗം. ക്ഷേത്ര കലകളും, അതോടൊപ്പമുള്ള അനുഷ്ഠാനങ്ങളും നടത്തിയായിരുന്നു ഇവരുടെ ഉപജീവനമാർഗ്ഗം. ഉത്സവ കാലങ്ങളിൽ വാദ്യം, തിറയാട്ടം തുടങ്ങിയവ ഇവർ നടത്തിവരുന്നു. കുറേ വർഷങ്ങൾക്ക് മുമ്പുവരെ ബലിക്കള, തെയ്യാട്ട്, എണ്ണമന്ത്രം തുടങ്ങിയ കർമ്മങ്ങൾ നിർവഹിച്ചുവന്നതും ഈ വിഭാഗത്തിൽ പെട്ടവരായിരുന്നു. ഇവരെ ഈ പ്രദേശങ്ങളിൽ 'പണിക്കന്മാർ' എന്ന പേരിലും അറിയപ്പെടുന്നു. നമ്മുടെ ദേശീയോത്സവമായ ഓണം നാളിൽ 'ഓണപ്പൊട്ടൻ' വേഷം കെട്ടി വീടുകളിൽ ഇവർ എത്താറുണ്ട്.

ഈ പഞ്ചായത്തിലെ മറ്റൊരു സമുദായമാണ് പരവൻ. കല്ല്ചെത്ത്, കെട്ടിടത്തിന്റെ തറ, ചുമർ എന്നിവ നിർമ്മിക്കൽ, തേപ്പ് എന്നിവ പരമ്പരാഗത തൊഴിലാണ്.

ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായാണ് ഇവർ താമസിച്ചുവരുന്നത്.

വണ്ണാൻ സമുദായത്തിൽ പെട്ട വിഭാഗം ഈ പഞ്ചായത്തിൽ താമസിച്ചുവരുന്നു. പ്രധാന തൊഴിൽ തുന്നൽ. അതുപോലെതന്നെ പണ്ടു കാലത്ത് അലക്കുജോലിയുമായി ബന്ധപ്പെട്ട് ഇവർ പ്രവർത്തിച്ചിരുന്നു.

സമൂഹത്തിന്റെ അടിത്തട്ടിൽ കഴിഞ്ഞുവന്നിരുന്ന ഈ മർദ്ദിത വിഭാഗത്തിന്റെ ഉന്നതിക്കുവേണ്ടി ജാതി സംവരണം, വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടങ്ങിയ പരിപാടികൾ അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള ഭാഗമായി കൈക്കൊണ്ട പല നടപടികളും ശുഭോദർക്കമാണ്. എന്നിരുന്നാലും ഈ വിഭാഗത്തിൽ പെട്ടവരുടെ സാമ്പത്തിക സാമൂഹ്യ നില മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധ ചെലുത്തണം.

പുറമേരി പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ

| വർഷം | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികവർഗ്ഗം |
|---|---|---|---|---|
| 1981 | 228 | 261 | 489 | — |
| 1991 | 227 | 229 | 456 | — |
| 1996 Oct. സർവ്വെ | 229 | 232 | 461 | — |

വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിൽക്കുന്നവരാണ് അധികവും. – സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് വിദ്യാഭ്യാസമേഖലയിൽ ഇവരുടെ തടസ്സം. കലാശാലാ വിദ്യാഭ്യാസം നേടിയവർ ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളൂ. അതുപോലെ തന്നെ സർക്കാർ സർവ്വീസിൽ ജോലിയുള്ളവരും വളരെ കുറ

ച്ചാണ്. പാർപ്പിടം, കുടിവെള്ളം, മറ്റു അത്യാവശ്യ സൗകര്യങ്ങൾ എന്നിവയിൽ ഇപ്പോഴും ഇവർ പിന്നിൽ തന്നെയാണ്. പട്ടികജാതി സംവരണ വാർഡാക്കി ഈ പഞ്ചായത്തിലെ 9–ാം വാർഡ് തെരഞ്ഞെടുത്തിരിക്കുന്നു. കൂടുതൽ പട്ടികജാതി വിഭാഗക്കാർ താമസിച്ചുവരുന്ന ഇവിടെ 129 ആളുകളുണ്ട്. അവരിൽ 59 പുരുഷന്മാരും, 70 സ്ത്രീകളുമാണ്. പക്ഷെ, നിലവിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഇന്നും ഇവർ മറ്റു സമുദായങ്ങളിൽ നിന്നു ബഹുദൂരം പിന്നിലാണ്.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിലാണ്.
2. വാസയോഗ്യമായ വീടുകളില്ല.
3. സ്വന്തമായി കക്കൂസില്ലാത്ത വീടുകളുണ്ട്.
4. കുടിവെള്ളത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ട്.
5. വൈദ്യുതീകരിക്കപ്പെടാത്ത വീടുകളാണ് ഭൂരിഭാഗവും.
6. കാർഷീക മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ബുദ്ധിമുട്ടുകൾ, തൊഴിൽ ദിനങ്ങളുടെ നഷ്ടം.
7. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് സംഭവിച്ച അധഃപതനം, അസംസ്കൃത സാധനങ്ങളുടെ അപര്യാപ്തത.
8. ഈ രംഗത്തെ പരമ്പരാഗത കുടിൽ വ്യവസായ സാധ്യതകൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനത്തിന്റെ അഭാവം.
9. വിവിധ ഡിപ്പാർട്ട്മെന്റിൽ നടപ്പാക്കപ്പെടുന്ന പദ്ധതികളെ (ആനുകൂല്യങ്ങൾ) പറ്റിയുള്ള അറിവില്ലായ്മ.
10. സ്ത്രീകൾക്ക് തൊഴിൽമേഖലകളിൽ പങ്കാളിത്തമില്ലായ്മ.
11. സ്വന്തമായി ഭൂമിയില്ലാത്ത ഉപകുടുംബങ്ങളായി താമസിക്കുന്നവർക്ക് വീടില്ല.
12. പരമ്പരാഗത തൊഴിലിൽ പെട്ടവർക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു.

### സാധ്യതകൾ

1. പഞ്ചായത്ത് അൺടൈഡ് JRY ഫണ്ടുകളിലെ SC/ST വിഹിതം ഉപയോഗപ്പെടുത്തുക.
2. ബ്ലോക്ക് പഞ്ചായത്ത് മുഖേനെയുള്ള ഭവന നിർമ്മാണ പദ്ധതി ഉപയോഗപ്പെടുത്തുക.
3. ബ്ലോക്ക്, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിലെ പദ്ധതികളിലൂടെയുള്ള സാമ്പത്തിക സ്രോതസ്സ് ഉപയോഗപ്പെടുത്തുക.
4. തൊഴിൽ സംരംഭങ്ങൾക്ക് പ്രത്യേക സഹായം നൽകുക.
5. നടപ്പ് സാമ്പത്തിക പദ്ധതികളിൽ നിന്നും, മറ്റ് വകുപ്പുകളിൽ നിന്നും നീക്കിവെക്കുന്ന സംഖ്യ ലാപ്സാകുന്നില്ല എന്ന് ഉറപ്പു വരുത്തുക.
6. ഉപാധിരഹിത ഫണ്ടിൽ നിന്നും പഞ്ചായത്തിലെ പട്ടികജാതി വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുക.
7. സഹകരണാടിസ്ഥാനത്തിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.
8. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക. പഠിക്കുന്ന

മുഴുവൻ വിദ്യാർത്ഥികൾക്കും മേശയും കസേരയും നൽകി പ്രോത്സാഹിപ്പിക്കുക.

9. നിലവിലുള്ള പദ്ധതികളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരെയായി ബോധവൽക്കരണം നടത്തുക. ഉദ്യോഗസ്ഥന്മാരുടെ സന്മനസ്സോടെയുള്ള സഹകരണം ഉറപ്പ് വരുത്തുക.

10. പരമ്പരാഗത തൊഴിൽ ചെയ്യാനുള്ള എല്ലാവിധ സഹായസഹകരണങ്ങളും ലഭ്യമാക്കുക. ക്ഷേത്രകലകൾ, പ്രത്യേകിച്ച് കെട്ടിയാട്ടം പ്രോത്സാഹിപ്പിക്കാൻ പരിശീലനകേന്ദ്രം സ്ഥാപിക്കുക.

11. പട്ടികജാതിക്കാർക്ക് വീട് വയറിംഗ് ചെയ്യാനും വൈദ്യുതീകരിക്കാനും നടപടികൾ സ്വീകരിക്കുക.

12. വരുമാന സർട്ടിഫിക്കറ്റും, ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും വില്ലേജ് ഓഫീസർ നൽകിയാൽ മതിയെന്ന് ഉറപ്പ് വരുത്തുക.

13. കിണറുകളില്ലാത്ത വീടുകളിൽ ശുദ്ധജലമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

14. കിട്ടിയ ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുവാൻ ജനകീയ കമ്മിറ്റി രൂപീകരിക്കുക.

15. അഞ്ച് പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന പ്രദേശം ഒരു കോളനിയായി പ്രഖ്യാപിക്കുക.

16. ഓരോ വീട്ടിലും ഒരാൾക്കെങ്കിലും സർക്കാർ ജോലി നൽകുക.

17 ലംപ്സം ഗ്രാൻന്റ് തുക വർദ്ധിപ്പിക്കുക.

**ഇതുവരെ നടപ്പിലാക്കിയ സ്കീമുകൾ**

1. പുറമേരി കൃഷിഭവൻ മുഖേനെ പെരുമുണ്ടച്ചേരി ലക്ഷംവീടുകോളനിയിൽ ഒരു കിണർ അനുവദിച്ചു. ഇവിടെ കൃഷി പ്രോത്സാഹിപ്പിക്കാൻ തെങ്ങിൻ തൈകളും, വളങ്ങളും സൗജന്യമായി അനുവദിച്ചു.

2. ബ്ലോക്ക്, പഞ്ചായത്ത് മുഖേന ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് വീട്, കിണർ, കക്കൂസ് എന്നിവ നൽകിയിട്ടുണ്ട്.

3. സർക്കാറിന്റെ ധനസഹായത്തോടു കൂടി ഈ പഞ്ചായത്ത്, പട്ടികജാതിക്കാർക്ക് 4 സെന്റ് ഭൂമി നൽകിയിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നതും ഗ്രാമ പഞ്ചായത്തിന് കൈമാറിയതുമായ പദ്ധതികൾ :**

1. പാവപ്പെട്ട പട്ടികജാതി പെൺകുട്ടികളെ വിവാഹം ചെയ്യുന്നതിന് ധനസഹായം 2000/രൂ.

2. ചികിത്സാ ധനസഹായം 1000 രൂപ.

3. പുര ഓല മേയുന്നതിന് ധനസഹായം 500 രൂപ.

4. വീട് ഓട് മേയുന്നതിന് ധനസഹായം 3000/- (2500 രൂ ഓടുമേയുവാൻ + 500 രൂപ മേൽക്കൂര ബലപ്പെടുത്താൻ).

5. പട്ടികജാതിയിൽ പെട്ട യുവതീയുവാക്കൾക്ക് പി.എസ്.സി. പരീക്ഷ എഴുതാൻ യാത്രാപ്പടി.

6. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്.

# 12. വിഭവ സമാഹരണം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായാത്താണ് പുറമേരി. ജനങ്ങളുടെ ആവശ്യങ്ങളും, പ്രശ്നങ്ങളും ഒട്ടേറെയാണ്. എങ്കിലും അതൊക്കെ നിറവേറ്റി കൊടുക്കാനുള്ള സാമ്പത്തിക അടിത്തറ ഈ പഞ്ചായത്തിനില്ല. സാമ്പത്തിക ഭദ്രതയില്ലാത്ത ഒരു പഞ്ചായത്തിന് ജനകീയ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയില്ലല്ലോ. പതിനാറ് ലക്ഷത്തോളമാണ് ഈ പഞ്ചായത്തിന്റെ വരുമാനം. എന്നാൽ ചെലവ് അതിലുമെത്രയോ കൂടുതലാണ്. കെട്ടിട നികുതി തൊഴിൽ നികുതി എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. കാർഷികരംഗത്തെ മുരടിപ്പും, വ്യവസായ സംരംഭങ്ങളുടെ ഇല്ലായ്മയും പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗത്തെ മുരടിപ്പിക്കുന്നു. പഞ്ചായത്തിന് സമഗ്ര പുരോഗതി നേടാൻ കഴിയണമെങ്കിൽ ഇന്നുള്ള സാമ്പത്തിക നില വളരെയേറെ മെച്ചപ്പെടേണ്ടതുണ്ട്. അതിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്കായി പ്രവർത്തിക്കാം.

### പ്രശ്നങ്ങൾ

* സാമ്പത്തിക പ്രയാസങ്ങൾ

* കെട്ടിട നികുതി ശാസ്ത്രീയമായി നിർണ്ണയിക്കാൻ കഴിയുന്നില്ല.

* സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

* പഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥയെക്കുറിച്ച് ജനങ്ങൾക്കുള്ള ധാരണക്കുറവ്.

* വികസനപ്രവർത്തനങ്ങളുടെ വേഗതയില്ലായ്മ.

* വികസനപ്രവർത്തനത്തിൽ മനുഷ്യാധ്വാനക്കുറവ്.

### നിർദ്ദേശങ്ങൾ

* നിലവിലുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം, അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത നിയമം പഞ്ചായത്തിൽ നടപ്പിലാക്കുക. കെട്ടിട നികുതി ശാസ്ത്രീയമായും, യുക്തിസഹമായും പരിഷ്കരിക്കുക.

* സർക്കാർ ഗ്രാന്റുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുക.

* വാടകക്കെട്ടിടങ്ങളുടെ കൃത്യമായ

വാടക മനസ്സിലാക്കി നികുതി ചുമത്തുക

* പഞ്ചായത്തിലെ സാമ്പത്തികമായി ഉയർന്നവരെ നാഷണൽ സേവിംഗ്സിലെ ഇന്ദിരാവികാസ് പത്രിയിൽ പണം നിക്ഷേപിപ്പിക്കുക. നിക്ഷേപത്തിന്റെ 25% പഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കാം.

* 5 ലക്ഷത്തിൽ കൂടുതൽ ചെലവ് വരുന്ന വീടുകൾക്കും, കെട്ടിടങ്ങൾക്കും ആനുപാതികമായി അധിക നികുതി ചുമത്തുക. ആവശ്യമായ സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

* കമ്മ്യൂണിറ്റി ഹാൾ സ്ഥാപിച്ച് പഞ്ചായത്തിന് വരുമാന മുണ്ടാക്കുക.

* ടാക്സി സ്റ്റാന്റുകൾ നിർമ്മിക്കുക അതിലൂടെ വരുമാനമുണ്ടാക്കുക.

* പരസ്യനികുതി ഏർപ്പെടുത്തുക.

* വാടകവരുമാനമാക്കി കണക്കാക്കി നികുതി ചുമത്തുക.

* ഗൾഫിൽ നിന്നുള്ളവരിൽ നിന്നും സംഭാവന സ്വീകരിച്ചുകൊണ്ട് 'പഞ്ചായത്ത് വികസന ഫണ്ട്' രൂപീകരിക്കുക. ആ ഫണ്ട് ഉപയോഗിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക്. പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുക.

* മനുഷ്യാദ്ധ്വാന ശേഷി ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുക. അതുവഴി പഞ്ചായത്തിന് ധനപരമായ നേട്ടമുണ്ടാക്കുക.

* ആഴ്ചചന്ത ആരംഭിക്കുക.

* സ്ഥിരജോലിയുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുക.

* പഞ്ചായത്ത് തലത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുക.

* ചെങ്കൽ – കരിങ്കൽ ഖനനം വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്നവരിൽ നിന്നും ഫീസ് ഈടാക്കുക.

* പദ്ധതി വിഹിതത്തിന്റെ 60% എങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതമായി ലഭ്യക്കുക..

* പഞ്ചായത്തുകൾക്ക് വിട്ടുതന്നിട്ടുള്ള വകുപ്പുകളുടെ എട്ടാം പദ്ധതിയുടെ അവസാനവർഷ വിഹിതം ലഭ്യമാക്കുക.

*സമഗ്ര വികസനം നമ്മുടെ ലക്ഷ്യം.*
*വിഭവമില്ലെങ്കിൽ വികസനം സാധ്യമല്ല.*

# VI. ഉപസംഹാരം

മാന്യരേ,

വികസനമെന്നാൽ റോഡുകളും, പാലങ്ങളുമാണെന്ന മനോഭാവം ജനങ്ങളിലെങ്ങനെയോ ഉണ്ടായിട്ടുണ്ട്. അശാസ്ത്രീയവും അപകടകരവുമായ ഈ വീക്ഷണത്തിന് പകരമായി കാർഷിക - വ്യാവസായിക മേഖലകളിലെ ഉല്പാദന വർദ്ധനവിലൂടെ സേവന മേഖലയുടെ ഗുണനിലവാരം ഉയർത്തലാണ് യഥാർത്ഥ വികസനം എന്ന ബോധം വളരണം. കേരളത്തിന്റെ വികസനത്തിന് പൊതുമേഖലയുടെയും, സ്വകാര്യ മേഖലയുടെയും, പങ്കിനെക്കുറിച്ചുള്ള വിവാദം അവസാനിക്കണം. വികസനത്തിന് ഈ രണ്ട് മേഖലകൾക്കും പങ്കു വഹിക്കാനുണ്ട്. വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം, മുതലായ രംഗങ്ങളിൽ പൊതുമേഖലക്ക് കാര്യമായ പങ്കുവഹിക്കുവാനുണ്ടാകും. എന്നാൽ മറ്റ് മേഖലകളിൽ മുഖ്യമായും സ്വകാര്യ മുതൽമുടക്ക് ആശ്രയിക്കേണ്ടിവരും. അതുകൊണ്ട് സ്വകാര്യ മേഖലക്കും പൊതു മേഖലക്കും മുതൽ മുടക്കാവുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കണം.

ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം പിന്നിലാണ് ദേശീയ നിലവാരത്തിൽ എത്തണമെങ്കിൽ 5 വർഷം കൊണ്ട് നാൽപ്പത്തയ്യായിരം കോടി രൂപ മുടക്കാൻ സാധിക്കണം. ഈ ഭീമമായ സംഖ്യ മുടക്കാൻ സംസ്ഥാന സർക്കാറിന് സാധ്യമല്ല. അതിനാൽ വലിയ പങ്ക് സ്വകാര്യ മേഖലയിൽ നിന്നും ജനകീയ പങ്കാളിത്തത്തിൽ നിന്നും വരണം. ഗൾഫ് നാടുകളിലെ തൊഴിലവസരങ്ങൾ നമ്മെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഇപ്പോൾ അങ്ങോട്ട് പോകുന്നതിൽ കൂടുതൽ പേർ തിരിച്ചു വരികയാണ്. അതുകൊണ്ട് തന്നെ തൊഴിലില്ലായ്മ പ്രശ്നം സങ്കീർണ്ണമാകാൻ ഇടയുണ്ട്. നിക്ഷേപ സമാഹരണത്തിന്റെ കാര്യത്തിൽ കേരളത്തിലെ ബാങ്കുകൾ നല്ല പ്രവർത്തനം നടത്തുന്നു. പക്ഷെ, നിക്ഷേപത്തിന്റെ വെറും 30% മാത്രമാണ് അവർ വായ്പ കൊടുക്കുന്നത്. ബാക്കി മറ്റു സംസ്ഥാനങ്ങളിലേക്ക് തിരിച്ചുവിടുന്നു. ജനകീയാസൂത്രണം വഴി താഴെത്തലത്തിൽ പദ്ധതികൾ എടുക്കുമ്പോൾ ബാങ്ക് വായ്പകൾ കൂടുതൽ പ്രയോജനപ്പെടുത്തുവാൻ കഴിയും - കഴിയണം.

വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളം, സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി തൊഴിലില്ലായ്മയുടെ തോത് ഏറ്റവും ഉയർന്നതാണി

വിടെ. ജനസാന്ദ്രതയിലും മുന്നിട്ടു നിൽക്കുന്ന നമ്മുടെ സംസ്ഥാനം പരിസ്ഥിതിയോട് നീതി പുലർത്തിക്കൊണ്ടുള്ള വികസന സമീപനം സ്വീകരിക്കണം.

വടക്കൻ വീരഗാഥകളിലൂടെ പ്രസിദ്ധമായ കടത്തനാട്ടിലെ ഗ്രാമവാസികൾ ജാതി, മത, രാഷ്ട്രീയ ഭേദമന്യെ, വികസന വെല്ലുവിളികളെ നേരിടാൻ ഒറ്റക്കെട്ടായി അണി നിരന്നു കഴിഞ്ഞു. കളരിപ്പയറ്റിന്റെ അതേ ആവേശത്തോടെ കർമ്മരംഗത്തിറങ്ങുകയായി – ജനകീയ ആസൂത്രണ ലക്ഷ്യം കൈവരിച്ച് പുറമേരി ഗ്രാമ പഞ്ചായത്തിനെ ഗാന്ധിജിയുടെ ഗ്രാമ സ്വരാജിലേക്കുയർത്താൻ.

പഞ്ചായത്തിലെ സമഗ്ര വികസനത്തിന് 'യുവശക്തി' വിനിയോഗിക്കണം.' ഇന്ത്യയിലെ 40 ലക്ഷത്തിലധികം വരുന്ന ജോലിയില്ലാത്ത വിദ്യാസമ്പന്നരായ യുവതീയുവാക്കളിൽ നല്ലൊരു പങ്ക് കേരളത്തിലാണ്. 'ഞങ്ങൾക്ക് തൊഴിൽ വേണം - ഡിഗ്രി മാത്രം പോര' എന്ന ശബ്ദം ഈ ഗ്രാമത്തിലും മുഴങ്ങുന്നുണ്ട്. ഒൻപതാം പദ്ധതിയുടെ 65%ത്തോളം വരുന്ന സംസ്ഥാനതല പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ഗ്രാമത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള സാദ്ധ്യത പരിശോധിക്കപ്പെടണം. ഗൾഫ് മേഖലയിലെ തൊഴിൽ അവസരങ്ങളും ചുരുങ്ങി വരികയാണ്. വൈദഗ്ദ്യമുള്ളവർക്ക് മാത്രമേ ഇന്നവിടെ തൊഴിൽ സാധ്യത കുറച്ചെങ്കിലുമുള്ളു. വിദഗ്ധ പരിശീലനത്തിന് പരിശീലന കേന്ദ്രങ്ങൾ ഉയർന്നു വരണം. നമ്മുടെ പഞ്ചായത്തിൽ ഒരു 'പഞ്ചായത്ത് സേവന സംഘം' രൂപീകരിച്ച് ശാരീരികശേഷിയുള്ള ജോലിയില്ലാത്ത യുവതീയുവാക്കളെ അതിൽ അംഗങ്ങളാക്കണം. ഇവരെ പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കണം. ഇത് ഗവൺമെന്റ് അംഗീകാരമുള്ള അർദ്ധ നിർബന്ധ സേവന പദ്ധതിയായിരിക്കണം. ഓരോ യുവാവും യുവതിയും ഒന്നോ രണ്ടോ വർഷം ചുരുങ്ങിയ സ്റ്റൈപ്പന്റിൽ ജോലി ചെയ്തിരിക്കണം. അതിൽ ഒരു വിഭാഗത്തിനെ 'വിദ്യാഭ്യാസ ശാസ്ത്ര വിഭാഗം' എന്ന് പേർ നൽകാം. തുടർ സാക്ഷരതാ പ്രവർത്തനവും, ആരോഗ്യ പ്രവർത്തനവും ആയിരിക്കട്ടെ ഈ വിഭാഗത്തിന്റെ പ്രധാന കർമ്മ മേഖല. രണ്ടാമത്തെ വിഭാഗത്തിന് 'എഞ്ചിനീയറിംഗ് നിർമ്മാണ വിഭാഗം' എന്ന് നാമകരണം ചെയ്യാം. ഈ വിഭാഗത്തെ പഞ്ചായത്തിലെ കനാൽ, അണക്കെട്ട്, പൊതു സ്ഥാപനങ്ങളുടെ നിർമ്മാണം, റോഡ് റിപ്പയർ എന്നിവയ്ക്ക് ഉപയോഗിക്കാം.

'ഏത് ജോലിയും മാന്യമാണ്' - എന്ന ബോധം വളർത്തി യുവതീ യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനും കഴിയണം. കഠിനമായ ജോലിയാണ് നമുക്ക് മുന്നിലുള്ളത്. അത്യുത്സാഹം കൊണ്ടല്ലാതെ നമ്മുടെ മഹത്തായ ലക്ഷ്യങ്ങൾ നേടാൻ കഴിയില്ല. നമ്മുടെ പ്രതിജ്ഞ പൂർണ്ണമായും നിറവേറ്റുന്നതുവരെ നമുക്ക് വിശ്രമമില്ല.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽത്തന്നെ സാധിക്കുമെന്ന പ്രത്യാശയോടെ ഈ 'സമഗ്ര വികസന രേഖ' പുറമേരി ഗ്രാമ പഞ്ചായത്തിന്റെ വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.

*ജനകീയ ആസൂത്രണ സമിതി,*
*പുറമേരി ഗ്രാമ പഞ്ചായത്ത്.*

# ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം –
– ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം –
– മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

**ജനനവും മരണവും 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക. ഇത് നിർബന്ധമാണ്.**



*അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.*

–മഹാത്മാഗാന്ധി

**അധികാരം ജനങ്ങളിലേക്ക്**
**ഒമ്പതാം പദ്ധതി ജനകീയപദ്ധതി**

*

**ഒമ്പതാം പദ്ധതിയുടെ 35–40 ശതമാനം തുക**
**പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്**

*

**ആസൂത്രണം താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്**

*

**ആസൂത്രണത്തിലും നിർവ്വചനത്തിലും**
**വിപുലമായ ജനപങ്കാളിത്തം**

*

**ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്**

*

**ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.**

Printed at MANGALAM offset press Kallai, Calicut, Ph. 300063

# തൂണേരി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം സമഗ്രവികസനരേഖ







അധികാരം ജനങ്ങളിലേക്ക്

1996 നവംബർ 23

# തൂണേരി ഗ്രാമ പഞ്ചായത്ത് സാരഥികൾ

| പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട് | സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ |
|---|---|---|
|  |  |  |
| ഇ. രോഹിണി | പി. എം. നാണു | കെ. അപ്പുമാസ്റ്റർ |



സൂചിക

| വാർഡുകൾ | [illegible] | |
|---|---|---|
| | [illegible] | [illegible] |
| തൂണേരി | 773 | 32 |
| മുടവന്തേരി | 1114 | 16 |
| വേറ്റോട്ട് | 261 | 50 |
| ചാലപ്പുറം | 706 | 40 |
| വെള്ളൂര് | 547 | 58 |
| കോടഞ്ചേരി | 417 | 64 |
| | 3820 | 38 |

ജനകീയാസൂത്രണം കേരളത്തിൽ

# തൂണേരി ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

## വിഷയ വിവരം


- ആമുഖം ........................................ 3
- തൂണേരി ഗ്രാമ പഞ്ചായത്ത് ഒറ്റനോട്ടത്തിൽ ........................................ 4
- തൂണേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതി ........................................ 5
- തൂണേരി ഗ്രാമ പഞ്ചായത്ത് മുൻകാല സാരഥികൾ ........................................ 6
- സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം ........................................ 7
- കൃഷിയും ജലസേചനവും ........................................ 16
- മൃഗസംരക്ഷണം ........................................ 26
- ക്ഷീര വികസനം മത്സ്യബന്ധനം ........................................ 28
- വിദ്യാഭ്യാസം ........................................ 29
- വ്യവസായം ........................................ 33
- ഊർജ്ജം ........................................ 37
- ഗതാഗതം ........................................ 39
- പാർപ്പിടം ........................................ 43
- പൊതുജനാരോഗ്യം ........................................ 45
- കുടിവെള്ളം ........................................ 50
- വനിത ........................................ 52
- സംസ്കാരം ........................................ 55
- സാമൂഹ്യക്ഷേമം ........................................ 58
- സഹകരണം ........................................ 59
- പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം ........................................ 60
- വിഭവ സമാഹരണം ........................................ 62

293

## ആമുഖം

കേരള സംസ്ഥാനത്തിന്റെയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ ഉളവായിരിക്കുന്ന ആവേശവും പങ്കാളിത്തവും വലിയ പ്രതീക്ഷകൾക്ക് ജന്മം നൽകിയിരിക്കയാണ്. ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരാൻ ആസുത്രണ പ്രസ്ഥാനത്തിന് കഴിയണം. ഒന്നാം ജനകീയ ആസൂത്രണ പരിപാടിയുടെ ഘട്ടങ്ങൾ ഓരോന്നും അവസാനത്തോടെ പൂർത്തീകരിക്കാൻ നാം ഓരോരുത്തരും തയ്യാറാവണം.

# തൂണേരി ഗ്രാമ പഞ്ചായത്ത്

## ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തൂണേരി ഗ്രാമ പഞ്ചായത്ത് |
| ഉൾപെടുന്ന വില്ലേജ് | : | തൂണേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | തൂണേരി |
| താലൂക്ക് | : | വടകര |
| അസംബ്ലി മണ്ഡലം | : | നാദാപുരം |
| വിസ്തീർണം | : | 15.45 ച.കി.മി. |
| അതിരുകൾ: | | |
| വടക്ക് | : | മയ്യഴിപുഴ |
| കിഴക്ക് | : | നാദാപുരം പഞ്ചായത്ത് |
| തെക്ക് | : | പുറമേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | എടച്ചേരി പഞ്ചായത്ത് |
| ജനസംഖ്യ | : | 20208 (91 ലെ സെൻസസ് പ്രകാരം) |
| വാർഡുകൾ | : | 10 |
| പട്ടിക ജാതി സംവരണ വാർഡ് | : | V |
| വനിതാ സംവരണ വാർഡ് | : | II, III, VI, VII |

## തൂണേരി ഗ്രാമ പഞ്ചായത്ത്

## ഭരണ സമിതി

ശ്രീമതി: ഇ. രോഹിണി (പ്രസിഡണ്ട്)

ശ്രീമാൻ: പി.എം.നാണു (വൈ.പ്രസിഡണ്ട്)

ശ്രീ: കെ. അപ്പുമാസ്റ്റർ (ചെയർമാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി)

| | |
|---|---|
| പി.സി. സുലൈഖ | (മെമ്പർ) |
| കെ.വി. ശാന്ത | ( " ) |
| ആവോലം രാധാകൃഷ്ണൻ | ( " ) |
| എം.എൽ. രാജൻ | ( " ) |
| എം. പ്രേമ | ( " ) |
| പി. ശ്രീനിവാസൻ | ( " ) |
| പുത്തലത്ത് അമ്മദ് | ( " ) |

<u>**തൂണേരി ഗ്രാമ പഞ്ചായത്ത് മുൻകാല സാരഥികൾ**</u>

തൂണേരി പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ: എം.സി. കൃഷ്ണൻ നമ്പ്യാർ ആയിരുന്നു. അന്ന് പ്രസിഡന്റിനെ സർക്കാർ നോമിനേറ്റ് ചെയ്യുകയായിരുന്നു. അതിനുശേഷം ശ്രീ. ടി.സി. രയിരുക്കുറുപ്പ് പ്രസിഡന്റായി. ജന്മിമാർക്ക് മാത്രമെ അന്ന് വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. കൈപൊക്കിയായിരുന്നു വോട്ട് ചെയ്തിരുന്നത്. 1964 ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിനുശേഷം ശ്രീ എം.കെ.ദാമോദരൻ നമ്പ്യാർ പ്രസിഡന്റായി. 1979 ൽ നടന്ന തെരഞ്ഞെടുപ്പിന് ശേഷം ശ്രീ എൻ. ബാലൻ മാസ്റ്റർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് തെരഞ്ഞെടുപ്പിൽ ശ്രീ: മുണ്ടക്കൽ കുഞ്ഞിരാമൻ പ്രസിഡന്റായി. നിലവിലുള്ള പ്രസിഡന്റായി ശ്രീമതി. ഇ: രോഹിണി തുടരുന്നു.

# സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

പഴയ മലബാർ ജില്ലയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് തൂണേരി പഞ്ചായത്ത്. 1954ൽ രൂപീകരിക്കുമ്പോൾ ഇത് വെള്ളൂർ പഞ്ചായത്ത് ആയിരുന്നു. 1962ൽ കേരളത്തിൽ വില്ലേജ് പുനർനിർണ്ണയം നടന്നപ്പോൾ വെള്ളൂർ തൂണേരി വില്ലേജുകൾ ഉൾക്കൊള്ളുന്ന ഇന്നത്തെ തൂണേരി, മുടവന്തേരി, ചേരോട്, ചാലപ്പുറം, വെള്ളൂർ, കോടഞ്ചേരി എന്നീ ദേശങ്ങൾ പഞ്ചായത്തായിത്തീർന്നു. വടക്ക് മയ്യഴിപ്പുഴയും കിഴക്ക് ഉൾക്കൊള്ളുന്ന നാദാപുരം പഞ്ചായത്തും തെക്ക് പുറമേരി പഞ്ചായത്തും പടിഞ്ഞാറ് എടച്ചേരി പഞ്ചായത്തും ഈ പ്രദേശത്തിനതിരിടുന്നു.

**1. ഇന്നലെയുടെ നേട്ടങ്ങളും ഇന്നിന്റെ വെല്ലുവിളിയും**

20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ പ്രത്യേകതകളൊന്നും അവകാശപ്പെടാനില്ലാത്ത ഒരു കർഷകഗ്രാമമായിരുന്നു തൂണേരി. ഇവിടുത്തെ പ്രധാന തൊഴിൽ മേഖല കാർഷികമേഖലയായിരുന്നു. നെൽകൃഷിയായിരുന്നു പ്രധാനം. അന്നുതന്നെ തെങ്ങ്, കുരുമുളക് തുടങ്ങിയ വാണിജ്യവിളകൾ പുരയിടങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരകാലഘട്ടങ്ങളിൽ ഇവിടെയും ഫ്യൂഡൽ ജന്മിത്വം കൊടികുത്തി വാണിരുന്നു. 1951 കാലഘട്ടത്തിൽ 10% പേർക്ക് പോലും കൃഷിഭൂമി സ്വന്തമായി ഉണ്ടായിരുന്നില്ല. ഭൂമിയെല്ലാം ചില തറവാടുകളുടെയും ദേവസ്വത്തിന്റെയും വകയായിരുന്നു. 1957 മുതൽ 1971 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ ഭൂപരിഷ്കരണ നിയമങ്ങൾ രൂപം കൊണ്ടതും ബഹുജനപ്രസ്ഥാനങ്ങളുടെ വളർച്ചയും നാടിന്റെ വളർച്ചയിൽ കാര്യമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഭൂപരിഷ്കരണത്തിലൂടെ നൂറ്കണക്കിന് കുടികിടപ്പുകാർക്ക് ഭൂമി സ്വന്തമായി ലഭിച്ചു. ജന്മിക്ക് നൽകിയിരുന്ന വരം, പാട്ടം നിർത്തലാക്കിയതിന്റെ ഫലമായി ദരിദ്ര കൃഷിക്കാരന് ആശ്വാസം ഉണ്ടായി. കിടക്കാൻ ഒരിടം സ്വന്തമായി കിട്ടിയ കർഷകത്തൊഴിലാളികളുടെ വിലപേശൽ കഴിവ് ഉയർന്നു. ഭൂ ഉടമ ബന്ധങ്ങളിൽ വന്ന മാറ്റം സവർണ്ണമേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. പണ്ട് തീയ്യർ തുടങ്ങി ഗ്രാമവാസികളിൽ 60% വരുന്ന അവർണ്ണ ജാതികൾക്ക് സ്വത്തിന്റെ 5% മാത്രമേ സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. ഇന്ന് 60% ഭൂമിയുടെ ഉടമസ്ഥർ ഭൂപരിഷ്കരണം, വിദ്യാഭ്യാസ-ആരോഗ്യനിലവാരത്തിലും പ്രകടമായ വ്യത്യാസങ്ങൾ സൃഷ്ടിച്ചു. സാക്ഷരതാ നിരക്ക് 80% വരും. എന്നാൽ എസ്സ്.എസ്സ്.എൽ.സി. പാസായവർ 15 വയസ്സിനു മേലെയുള്ളവരുടെ 20 %ത്തിൽ താഴെയാണ്. ബിരുദധാരികളും, ബിരുദാനന്തര ബിരുദവും പ്രൊഫഷണൽ ബിരുദവും നേടിയവരുടെ എണ്ണം വള[illegible] വിരളമാണ്. സാങ്കേതിക വിദ്യാഭ്യാസയോഗ്യതയ[illegible] വർ ബിരുദധാരികളുടെ എണ്ണത്തെ അപേക്ഷിച്ച് വള[illegible] കുറവാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. മൊത്തം ജനസംഖ്യയുടെ 50% ആളുകളാണ് എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. അതിൽ ഭൂരിഭാഗവും ഭാഗിക തൊഴിലാളികളാണ്. സ്ത്രീകളാകട്ടെ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തത്തെക്കാൾ വളരെ പുറകിലാണ്. പ്രത്യക്ഷമായ വരുമാനമുള്ള നല്ല നല്ല തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നത് ഗൗരവമായ പ്രശ്നമാണ്.

പട്ടിക 3.4

തൊഴിലാളികളുടെ മേഖലാ വിതരണം എടുത്താൽ നമ്മുടെ. ഗ്രാമത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. കാർഷികമേഖല മാത്രമേ നമുക്കുള്ളൂ. അതും 20% ആളുകളേ കാർഷികമേഖലയെ തൊഴിലിന്നായി ആശ്രയിക്കുന്നുള്ളൂ. ഇതിൽത്തന്നെ മുക്കാൽ ഭാഗവും കർഷകത്തൊഴിലാളികളാണ്. വ്യവസായമേഖല തീരെ

ഇല്ല. കുടിൽ വ്യവസായം അപ്രധാനമാണ്. ഒരു ചെറിയ ശതമാനം സേവന മേഖലയിൽ ജോലി ചെയ്യുന്നവരാണ്. മൊത്തം തൊഴിലെടുക്കുന്നവരിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം പുരുഷന്മാരുടെ 25% മാത്രമേ ഉള്ളുവെങ്കിലും കാർഷികമേഖലയിൽ സ്ത്രീകൾക്കാണ് പ്രാമുഖ്യം. പരമ്പരാഗത വ്യവസായം നിർജ്ജീവമാണ്. എംപ്ലോയ്മെന്റിൽ പേർ രജിസ്റ്റർ ചെയ്ത് ജോലി കാത്തിരിക്കുന്നവർ നിരവധിയാണ്. അതിൽ 10-ാം തരം പാസ്സായവർ 90% ത്തോളം വരും. അഭ്യസ്തവിദ്യരല്ലാത്ത തൊഴിൽരഹിതർ വളരെ ചുരുക്കംപേരേ എംപ്ലോയ്മെന്റിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. മൊത്തത്തിൽ തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയുമുള്ളവരിൽ പത്തിൽ ഒരു ഭാഗം പണിയില്ലെന്നു കാണാം.

തൊഴിലില്ലായ്മ സ്ത്രീകളിലാണ് ഏറ്റവും രൂക്ഷമായിരിക്കുന്നത്. തൊഴിലെടുക്കാനാഗ്രഹിക്കുന്ന സ്ത്രീകളിൽ 75% പേർക്കും തൊഴിൽ ഇല്ല.

പൊതുവെ പറഞ്ഞാൽ ജാതിയുടെയും സമുദായത്തിന്റെയും സ്വാധീനം കുറഞ്ഞു വരികയാണ്. ഇത്തരം ചേരിതിരിവുകളല്ല ഇന്ന് സാമൂഹ്യ ജീവിതത്തിന്റെ അടിത്തറ. 68% പേർ ഹിന്ദുക്കളും 32% മുസ്ലീങ്ങളുമാണ്. മറ്റ് മതസ്ഥർ വിരലിൽ എണ്ണാവുന്നവർ മാത്രമാണ്. ഹിന്ദുക്കളിൽ മഹാഭൂരിഭാഗവും അവർണ്ണരാണ്. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 2% മേ ഉള്ളൂ. എല്ലാ ജാതികളിലും പാവപ്പെട്ടവരെയും പണക്കാരെയും കാണാൻ കഴിയും. ഇപ്രകാരം ഉരുത്തിരിഞ്ഞുവരുന്ന വർഗ്ഗഘടന അതീവ സങ്കീർണ്ണമാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിൽ ഇത് വളരെ പ്രകടമാണ്. ഭൂഉടമസ്ഥരിൽ ചെറിയ ഒരു ശതമാനം മാത്രമേ സ്വയം കൃഷിക്കാരായി കരുതുന്നുള്ളൂ. ചെറുകിട ഭൂഉടമസ്ഥരിൽ മഹാഭൂരിപക്ഷവും മേഖയിൽ കുലിപ്പണിയോ, ശമ്പളപ്പണിയോ എടുക്കുന്നവരാണ്. എന്നാൽ ഇവർ തങ്ങളുടെ പറമ്പിലും വയലിലും കൃഷിപ്പണിചെയ്യാൻ കർഷകതൊഴിലാളികളെ വിളിക്കുകയും ചെയ്യുന്നു.

**ജല വിഭവങ്ങൾ**

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് നമ്മുടെ ഗ്രാമത്തിൽ നിലനില്ക്കുന്നത്. വർഷത്തിൽ ശരാശരി 3000കി.മി അധികം മഴ ലഭിക്കുന്നു ഇവിടെ ലഭിക്കുന്ന മഴയുടെ 75ശതമാനവും കാലവർഷത്തിൽ നിന്നാണ്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ഇവിടെ എല്ലാവർഷകാലത്തും നീർക്കെട്ടിന് കാരണമാവാറുണ്ട്. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു.

തൂണേരി ഗ്രാമപഞ്ചായത്തിന്റെ വടക്കെ അതിർത്തി മയ്യഴിപ്പുഴയാണെങ്കിലും പുഴയുമായി ബന്ധപ്പെടുന്ന ഒറ്റ തോടും നമുക്കില്ല. തെക്ക് ഭാഗത്തെ അതിർത്തിയിൽകൂടി ഒഴുകുന്ന കക്കരിവള്ളി മുതൽ കോടഞ്ചേരി വഴിപോകുന്ന സാമാന്യം വലിപ്പമുള്ള ഒരു തോട് മാത്രമേ പ്രധാന ജലസ്രോതസായുള്ളൂ. മടവന്തേരി മുതൽ ചാലപ്രംവരെ ഒഴുകുന്ന തോട് വെള്ളൂരിൽ നിന്നും തുടങ്ങി വേറ്റുംമൽ വഴി 6ാം വാർഡിൽക്കൂടി പഞ്ചായത്തിലേക്ക് ഒഴുകുന്നതോട് എന്നിവയാണ് മറ്റ് പ്രധാനതോടുകൾ ഇവരണ്ടും വേനൽക്കാലത്ത് വറ്റിവരണ്ടു പോകുന്നവാണ്. പൂർണ്ണമായും ജലസേചനത്തിന് ഉപയോഗിക്കുന്ന കുളങ്ങൾ ഇല്ല. താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭജലസമ്പത്തുള്ള നമ്മുടെ ഗ്രാമത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ 5മീറ്റർ താഴെവെള്ളം കിട്ടുന്നു. അല്പം ഉയർന്ന പ്രദേശങ്ങളിൽ 12മീറ്റർ ആഴത്തിൽ വെള്ളം കിട്ടും ഏറ്റവും ഉയർന്ന കുന്നിൽ പ്രദേശങ്ങളിൽ വെള്ളം കിട്ടാനുള്ള സാധ്യത വളരെക്കുറവാണ്. ഇത് ഇത്തരം പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാൻ കാരണമാവുന്നു

**കൃഷി**

കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷിവ്യാപിച്ചിരുന്നു. തരിശ്ഭൂമി ഇവിടെ ഇല്ല. ഗവ: പുറമ്പോക്കും വളരെക്കുറവാണ് കാർഷികരംഗം പരിശോധിച്ചാൽ കൃഷിയുടെ വ്യാപനം കാര്യമായ പരിഗണന അർഹിക്കുന്നില്ല. എന്നാൽ വിളക്രമങ്ങളിൽ കാര്യമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

ആദ്യകാലത്ത് വയൽ പ്രദേശങ്ങളിൽ മുഴുവൻ ഭൂമിയിലും നെല്ല് ആയിരുന്നു കൃഷിചെയ്തിരുന്നത്. എന്നാൽ 1992 ആകുമ്പോഴെക്കും നെൽപ്പാടങ്ങൾ തെങ്ങിൻതോപ്പുകളായി മാറുന്നതുകാണാം. ഈ പ്രക്രിയയുടെ തുടക്കം 1950കളിൽ ആയിരുന്നു. എഴുപതുകളോടെ അതിവേഗത്തിലായി.

വാസ്തവത്തിൽ തെങ്ങ് കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണ് ഇവിടെ ഉള്ളത്. ഏതാണ്ട് അറുപത് കാലഘട്ടെ വരെ നെൽകൃഷി ലാഭകരമായി തുടർന്നുവന്നു. കയ്പ്പ, ചിറ്റേനി, മുണ്ടകൻ മുതലായ വിത്തുകളാണ് ഇവിടെ കൃഷിചെയ്തുവന്നിരുന്നത്. സാമാന്യം നല്ല മേനി ലഭിച്ചിരുന്നു. ഈ പ്രദേശങ്ങളിൽ ഗണ്യമായ ഭൂമിഭാഗവും വിവിധ ദേവസ്വങ്ങളുടേയും നായർജന്മിമാരുടേയും സ്വത്തായിരുന്നു. വാരം എന്ന പാട്ട വ്യവസ്ഥയിലാണ് അവർ കുടിയാന്മാർക്ക് ഭൂമി പതിച്ചു നൽകിയിരുന്നത് ഈ വ്യവസ്ഥപ്രകാരം തെങ്ങു പോലുള്ള സ്ഥിരവിളകളുടെ കൃഷി അനുവദിച്ചിരുന്നില്ല.

അമ്പതുകളുടെ അവസാനത്തോടെ നിലവിൽ വന്ന കുടിയായ്മ നിയമം പാട്ടകുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാടങ്ങളിൽ തെങ്ങ് നടാൻ തുടങ്ങി. 1971ലെ ഭൂപരിഷ്ക്കരണ നിയമം അതിന് ആക്കംകൂട്ടി. നാളികേരത്തിന് താരതമ്യേന മെച്ചപ്പെട്ട വിലകിട്ടിയിരുന്നതിനാൽ തെങ്ങ് കൃഷിയേക്കാൾ ലാഭകരമായിതീർന്നു. ഈ പ്രക്രിയക്ക് പ്രോത്സാഹജനകമായി ആധുനീക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകതൊഴിലാളികളുടെ പിൻ മുറക്കാർ മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറിത്തുടങ്ങിയത് മറ്റൊരു പ്രധാനകാരണം ഇതിനകം

തന്നെ വയലുകളിൽ 60 ശതമാനം ഭൂമിതെങ്ങ് കൃഷി ചെയ്തു കഴിഞ്ഞു. ഇതിന് എതിരെ സാമൂഹ്യ നിയന്ത്രണങ്ങൾ ഉണ്ടാവുന്നില്ല എങ്കിൽ പരിസ്ഥിതിയെ പൊതുവെയും നെൽകൃഷിയെ പ്രത്യേകിച്ചും ദോഷകരമായി ബാധിക്കും നെൽപ്പാടങ്ങൾനികത്തിയത് പയർ പച്ചക്കറികളുടെയും വിളവിനെ സാരമായി ബാധിച്ചിട്ടുണ്ട്. നെല്ല് പയർ പച്ചക്കറി എന്നതായിരുന്നു പാടങ്ങളിലെ സാധാരണ വിളക്രമം പാടങ്ങൾ കുറഞ്ഞതോടെ പയർ പച്ചക്കറിവിളകളിൽ സ്വയം സമ്പൂർണ്ണമായിരുന്ന ഈ ഗ്രാമപ്രദേശങ്ങളിൽ ഈ ഉല്പന്നങ്ങളുടെ ഇറക്കുമതി വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള പാടങ്ങളിൽ ഒരു ശതമാനം പ്രദേശത്തുപോലും ഇപ്പോൾ പയറും പച്ചക്കറിയും കൃഷിചെയ്യുന്നില്ല.

പുരയിടങ്ങളിലെ കൃഷിയിലും ഈ കാലളവിൽ പ്രകടമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പുരയിടങ്ങളിൽ തെങ്ങ്, കുരുമുളക്, കവുങ്ങ്, കപ്പ, വാഴ, പച്ചക്കറികൾ, പ്ലാവ് മാവ് തുടങ്ങിയവയായിരുന്നു പ്രധാനമായും കൃഷിചെയ്തുന്നത്. എന്നാൽ മിക്കപുരയിടങ്ങളിലും ഇപ്പോൾ കൃഷി തെങ്ങ് മാത്രമായി മാറിക്കൊണ്ടിരിക്കയാണ്

ജനസംഖ്യാവർദ്ധനവ് ഭൂമിയിൽ ചെലുത്തിയ സമ്മർദ്ധമാണ് കാർഷിക മേഖലയെ സ്വാധീനിച്ച മറ്റൊരു പ്രധാനഘടകം. തുണേരി പഞ്ചായത്തിലെ ജനസംഖ്യ സംസ്ഥാന ശരാശരിയേക്കാൾ വർദ്ധിച്ചതോതിലാണ് വളർന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി 1991ൽ ജനസാന്ദ്രത 1300 ആയിഉയർന്നു.

വിളക്രമത്തിലും ഭൂമിനിയോഗത്തിലുമുണ്ടായ പ്രത്യാഘാതങ്ങളാണ് ഇതുവരെ വിലയിരുത്തിയത്. ഇനി കാർഷിക രംഗത്തെ മറ്റു പ്രശ്നങ്ങൾകൂടി പരിശോധിക്കാം. തുണേരി പഞ്ചായത്തിലെ ഇന്നത്തെ കാർഷിക വ്യവസ്ഥയുടെ പ്രധാന സവിശേഷത 1962നു ശേഷം പുതിയ ചെറുകിട ഭൂവുടമസ്ഥരുടെ മുൻ തൂക്കവും കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവുമാണ്. പഞ്ചായത്തിൽ 20ശതമാനം ഭൂവുടമസ്ഥർക്ക് 10 സെന്റിൽ താഴെ മാത്രമാണ് ഭൂമിയുള്ളത്. അറുപത് ശതമാനം കുടുംബങ്ങളും ഒരു ഏക്കറിൽ താഴെഭൂമിഉള്ളവരാണ് ഒരു കുടുംബത്തിന്റെ ഭൂമിതന്നെ അഞ്ചോ, ആറോ കഷണങ്ങളായിട്ടാണ് കിടക്കുന്നത്. ഈ തോതിലുള്ള തുണ്ടുവൽക്കരണം നിലനില്ക്കുമ്പോൾ ശാസ്ത്രിയമായ കാർഷിക മുറകൾ നടപ്പാക്കുക സാധ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ല.

മുഖ്യവിളകളായ തെങ്ങിന്റെയും നെല്ലിന്റെയും ഉല്പാദനക്ഷമതയേയും ഉല്പാദനത്തേയും ഇത് ദോഷമായി ബാധിച്ചിട്ടുണ്ട് ഒരു വർഷത്തിൽ ഒരു തെങ്ങിൽ നിന്നും കിട്ടുന്ന ശരാശരി നാളികേരം മുപ്പതോ നാല്പതോ ആണ്. ഇത് സംസ്ഥാന ശരാശരി (38 തേങ്ങയോളം എത്തുമെങ്കിലും ഇനിയും ഈ രംഗത്ത് സാദ്ധ്യത വളരെകൂടുതലാണ്.

ഭൂരിഭാഗം കർഷകരുടേയും കാർഷിക വരുമാനം വളരെ തുച്ഛമാണ് വെറും 10 ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് വരുമാനത്തിന്റെ പകുതിയെങ്കിലും കൃഷിയിൽ നിന്നും ലഭിക്കുന്നത്. കൃഷി മുഖ്യവരുമാന മാർഗ്ഗമല്ലാത്തതു കൊണ്ടുതന്നെ കൃഷിക്കാരിൽ പലർക്കും ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ താല്പര്യമില്ല. ഉദ്യോഗസ്ഥരായ കൃഷിക്കാർക്കാകട്ടെ കൃഷിചെയ്ചുന്നതിനുള്ള സമയമോ താല്പര്യമോ ഒട്ടില്ലതാനും. വിദേശത്ത് ജോലിചെയ്യുന്ന ഭൂവുടമകളുടെ സ്ഥിതി ഇതു തന്നെ. നമ്മുടെ പ്രദേശത്തെ കാർഷികാഭിവൃദ്ധിക്ക് മുഖ്യതടസ്സം ഇതാണ്.

ആധുനീക വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കർഷക കുടുംബങ്ങളിലെ യുവതലമുറക്കാർ പാടത്തെ പണിയിൽ നിന്നും പിൻവാങ്ങി. യുവതികൾക്ക പാടത്തെ പണിയെക്കാൾ കെട്ടടനിർമ്മാണം മുതലായ തൊഴിലുകളിലാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. തൊഴിൽ സുരക്ഷിതത്വവും സമൂഹമാന്യതയുമാണ് അവരെ ഈ മേഖലയിലേക്ക് ആകർഷിച്ചിട്ടുള്ളത്. കർഷക തൊഴിലാളികളുടെ സംഘടിതശക്തിയുടെ ഫലമായി കൂലിനിരക്ക് ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഉച്ചപ്പണിക്ക് സ്ത്രീകൾക്ക് 40–45 രൂപയും പുരുഷന്മാർക്ക് 55–60രൂപയുമാണ് കൂലി.

തെങ്ങിന്റെ ഉല്പാദനക്ഷമത കുറയുവാനുള്ള കാരണങ്ങളിൽ അശാസ്ത്രീയമായ കാർഷിക മുറകളാണ്. തെങ്ങിന്റെ ഉല്പാദനക്ഷമതയെ ബാധിക്കുന്ന മറ്റൊരു ഘടകമാണ്. വൃക്ഷസാന്ദ്രത. വൃക്ഷസാന്ദ്രത കൂടിയിരിക്കുന്നത് സമതലങ്ങളിലാണ്. ഇവിടെ ഇടവിള കൃഷി ഇല്ലെന്നുതന്നെ പറയാം. ഇങ്ങനെ അടുത്തടുത്ത് തെങ്ങുകൾ നടാനുള്ള പ്രധാന കാരണം നേരത്തെ നിലവിലുണ്ടയിരുന്ന പാട്ട വ്യവസ്ഥയാണ്. കൂടുതൽ പ്രതിഫലം ലഭിക്കുന്നതിനും കുടിഒഴിപ്പിക്കൽ ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗമായിട്ടാണ് കുടിയാന്മാർ കൂടുതൽ കൂടുതൽ തെങ്ങ് നട്ടത് വൃക്ഷസാന്ദ്രത കൂടിയാൽ തെങ്ങൊന്നിനുള്ള ഉല്പാദനം കുറയുമെങ്കിലും ഒരു ഏക്കർ പുരയിടത്തിൽ നിന്നു ലഭിക്കുന്ന മൊത്തം തേങ്ങയുടെ എണ്ണം കൂടുമെന്നതാണ് കണക്കുകൾ. കർഷകരെ സംബന്ധിച്ച് അതാണ് ആദായകരം. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായ കാർഷിക മുറകൾ പ്രചരിപ്പിക്കുക വളരെ പ്രയാസകരമാണ് ഇടവിള കൃഷിയും ശാസ്ത്രീയ കാർഷിക മുറകളും സ്വീകരിക്കാതെ കൃത്യമായ ഇട അകലത്തിൽ നടുന്നത് കൊണ്ട് മാത്രം തെങ്ങിൻ കൃഷിയുടെ മൊത്തവരുമാനം വർദ്ധിക്കുകയില്ല.

ഉപയോഗിക്കുന്ന നാടീൽ വസ്തുക്കളുടെ ഗുണനിലവാരം കുറഞ്ഞതും ഉല്പാദനശേഷി കുറയുവാനുള്ള കാരണങ്ങളിൽപ്പെടുന്നു. അത്യുല്പാദന ശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങളാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്. കാലാവസ്ഥയെ ചെറുത്തു നില്ക്കുന്നതിനും നാടൻ ഇനങ്ങൾക്കുള്ള

ശേഷിയാണ് ഇതിന് കാരണം. നാടൻ ഇനത്തിൽ നിന്നും മെച്ചപ്പെട്ട വിത്തുകൾ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു സംവിധാനവും പ്രാദേശികമായി നിലവിലില്ല.

നെല്ലിന്റെ കാര്യത്തിൽ അത്യുല്പാദനശേഷിയുള്ള വിത്ത് ഇനങ്ങളോട് താല്പര്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും യഥാസമയം അത്തരം വിത്തകൾ ലഭ്യമാവാത്തത് കൊണ്ട് നാടൻ ഇനങ്ങൾ കൃഷിചെയ്യേണ്ടി വരുന്നു

പഞ്ചായത്തിലെ രാസവളവില്പന നിലച്ചിരിക്കയാണ്. മണ്ണ് പരിശോധനയുടെ രാസവളപ്രയോഗം നടത്താനുള്ള സംവിധാനം കൃഷിക്കാർ ശരിയായി ഉപയോഗപ്പെടുത്തുന്നില്ല. ജൈവ വളപ്രയോഗം കാലീസമ്പത്ത് ശേഷിച്ചതോടെ കുറഞ്ഞുവരുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചയുടെ അടിസ്ഥനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1 തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിചെയ്യാൻ പറ്റുന്നില്ല.

2 നെൽകൃഷി പ്രായേണ നഷ്ടമാണ്,

3 തേങ്ങയ്ക്ക വേണ്ടത്ര വിലകിട്ടുന്നില്ല.

4 നല്ലയിനം നടീൽവസ്തുക്കൾ ലഭിക്കുന്നില്ല.

5 കർഷക തൊഴിലാളികളുടെ കൂലിനിരക്ക് കൂടുതലാണ്. അവരുടെ സേവനനിലവാരം കുറഞ്ഞു വരുന്നു.

6 തെങ്ങിന്റെ ഇടയകലം കുറവാണ്

7 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്

8 ജൈവ വളപ്രയോഗം നാമമാത്രമാണ്

9 കാർഷിക യന്ത്രഉപകരണങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

10 ജലസേചനസൗകര്യങ്ങൾ വളരെ പരിമിതമാണ്. കൃഷിമിക്കവാറും മഴയെ ആശ്രയിച്ചു നടക്കുന്നു.

11 കൊപ്ര വിപണനത്തിന് പ്രാദേശിക സൗകര്യങ്ങൾ കുറവാണ്.

12 വേനൽക്കാലപച്ചക്കറികൾക്ക് വേണ്ടത്ര വിലലഭിക്കുന്നില്ല.

13 കൃഷി ഭവന്റെ സേവനം സംതൃപ്തികരമല്ല.

## ജൈവസമ്പത്ത്

ഒരു കാർഷിക ഗ്രാമമായ തുണേരി പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. നിലം ഉഴുന്നതിനും വണ്ടിവലിക്കുന്നതിനും പാൽ ഉല്പാദിപ്പിക്കുന്നതിനും പുറമേ ജൈവ വളങ്ങളുടെ മുഖ്യസ്രോതസ്സായിരുന്നു കന്നുകാലികൾ ഒരു കാലത്ത് വിളവെടുപ്പ് കഴിഞ്ഞാൽ കന്നുകാലികളുടെ മേച്ചിൽ പുറങ്ങളായിരുന്നു. നെൽപ്പാടങ്ങൾ ഇന്ന് അതിനുള്ള സൗകര്യങ്ങൾ ഇല്ല. പശുവിനെ വളർത്താൻ ഏറ്റെടുക്കുന്ന പതിവും ഉണ്ടായിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന ആദ്യപ്രസവത്തലെ കുട്ടിയും കറവും വളർത്തുകാരന്റേതും രണ്ടാം പ്രസവം നടന്നാലുടൻ പശുവിനെയും കുട്ടിയെയും ഉടമയെ ഏൽപ്പിക്കുകയാണ് പതിവ്.

പശു, കാള ആട് എന്നിവയാണ് ഇവിടുത്തെ പ്രധാന വളത്തുമൃഗങ്ങൾ, പക്ഷികളിൽ പ്രധാനം കോഴികളും.

## വളർത്തുമൃഗങ്ങളും പക്ഷികളും

1995 April ന്റെ കണക്ക് പ്രകാരം

പശുക്കൾ - 3245

ആട് - 1300

നായ - 15

കോഴിനാടൻ - 600

ലെഗോൺ - 5100

താറാവ് - 15 കഴിഞ്ഞ കാൽനൂറ്റാണ്ട് കാലയളവിൽ നമ്മുടെ മൃഗസമ്പത്ത് ക്രമേണ കുറഞ്ഞുവരികയാണ് കാളവണ്ടിയുടെ ഉപയോഗം തീരെ ഇല്ലതായി കലപ്പ ഉപയോഗിച്ച നിലം ഉഴുന്ന രീതിയും കുറഞ്ഞു വരുന്നു. കാളയുടേയും ആടിന്റെയും കാര്യത്തിൽ സാരമായ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. നെൽകൃഷികുറഞ്ഞു കാരണം കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞുവന്നു. ഇപ്പോഴുള്ള കന്നുകാലികളിൽ 25 ശതമാനവും അത്യുല്പദന ശേഷിയുള്ളതാണ്

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെറ്റിനറിഡിസ് പെൻസറിയാണ്. ഈഡിസ്പെൻസറി മൃഗസംരക്ഷണ രംഗത്ത് ചിലതെല്ലാം പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

ക്ഷീരവിപണനരംഗത്ത് സംഘടിതമായ ഒരു ശ്രമവും ഈ പഞ്ചായത്തിൽ നടന്നില്ല. ക്ഷീരവികസന ഓഫീസ് പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. ഒരു ക്ഷീരവ്യവസായ സഹകരണസംഘം സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നെൽകൃഷിഗണ്യമായി കുറഞ്ഞതോടെ വൈക്കോലിന്ന് വലിയക്ഷാമമാണ്. വയനാട്ടിൽ നിന്ന് വൈക്കോൽ വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് സ്ഥിരം തൊഴിൽ ആക്കിയിട്ടുള്ള അഞ്ച് പേർ ഈ പഞ്ചായത്തിലുണ്ട്. ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴിവളർത്തലും വ്യാപാരാടിസ്ഥനത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് നല്ല സാദ്ധ്യതയുണ്ട്.

ഈ രംഗത്ത് നിലനില്കുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു

1 കാലിത്തീറ്റ, വൈക്കോൽ എന്നിവ ചെറിയ വിലക്ക്

ലഭിക്കുന്നില്ല.

2 ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

3 മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.

4 കോഴിത്തീറ്റ ചെറിയ വിലക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.

5 കോഴികൾക്കുണ്ടകുന്ന മാരകമായ പകർച്ച വ്യാധികൾ വഴി കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു.

## വ്യവസായം

വ്യാവസായികമായി ഒന്നുമില്ലാത്ത ഒരു പഞ്ചായത്താണിത്. സംഘടിത വ്യവസായം ഒന്നും ഇല്ല. IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത് വെറും 57 പേരാണ് DWERA പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 4 യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത് ഇതിൽ മാത്രം 33 പേർ ജോലിചെയ്യുന്നു. പരമ്പരാഗത വ്യവസായ മേഖലയിൽ കൈത്തറിയായിരുന്നു പ്രധാനം. എന്നാൽ ആ മേഖലതീരെ സ്തംഭിച്ചിരിക്കയാണ് മൺപാത്രനിർമ്മാണം ചെറിയതോതിൽ ഉണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വ്യവസായരംഗത്തെ മുരടിപ്പ് ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മയുടെ രൂക്ഷത വർദ്ധിപ്പിക്കുന്നു.

## മത്സ്യബന്ധനം

മത്സ്യ ബന്ധനത്തിനുള്ള സാദ്ധ്യത വളരെ വിരളമാണ്. പഞ്ചായത്തിന്റെ വടക്കെ അതിർത്തിയായ മയ്യഴി പുഴയിലും വെള്ളൂർ മെന്റസ് ഡാം സൈറ്റിലും നാടൻ വല, ചൂണ്ട, മുതലായവ ഉപയോഗിച്ച് ചില സീസണിൽ മത്സ്യം പിടിക്കാറുണ്ട്. പക്ഷെ ഇത് വ്യാപാരാടിസ്ഥാനത്തിലില്ല മത്സ്യം വളർത്തുന്നതിനു പറ്റിയ ചതുപ്പുനിലങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. വിസ്തൃതമായ നാലോളം കുളങ്ങളുണ്ടെങ്കിലും അത് മിക്കതും ക്ഷേത്രക്കുളങ്ങളാണ്. അതുകൊണ്ട് മത്സ്യകൃഷിയുടെ സാദ്ധ്യതവിരളമാണ് ഇവിടെ പട്ടണങ്ങളിൽനിന്നും മത്സ്യം കൊണ്ടുവന്ന് വില്പനനടത്തുന്ന മുപ്പതോളം മത്സ്യത്തൊഴിലാളികൾ ഉണ്ട്.

## ഊർജ്ജവും ഗതാഗതവും

വടകര 110kv സബ്സ്റ്റേഷിനിൽ നിന്നാണ് ഈ പഞ്ചായത്തിന്നാവശ്യമായ വൈദ്യതി വിതരണം ചെയ്യുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ എല്ലാ ട്രാൻസ് ഫോർമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് മനസ്സിലാക്കാൻ കഴിയും. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടസ്ലോഡിലും വർദ്ധനവുണ്ടായി കൊണ്ടിരിക്കുന്നു. ഈ ഉപഭോഗത്തിന്റെ 90 ശതമാനവും ഗാർഹിക മേഖലയിലാണ്. വൈദ്യുതീകരിച്ച വീട് 50ശതമാനത്തിൽ താഴെയാണ് ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ടതയാണ്. പീക്ക് ലോഡ് സമയത്ത് വെറും 20–30 ആയിക്കുറയുന്നു. അതുകൊണ്ട് മിക്ക ഉപഭോക്താക്കളും 100Kv, 24v ബൾബുകളാണ് അത്തരം സമയത്ത് ഉപയോഗിക്കുന്നത് ഇതിനുപുറമെ സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകളും വ്യാപകമായി ഉപയോഗിക്കുന്നു. ചില പ്രദേശങ്ങളിൽ 5v പോലും ല[illegible]ന്നില്ല എന്ന ദയനീയ അവസ്ഥയും ഉണ്ട്. പ്ര[illegible]നവൈദ്യുതി നഷ്ടം പ്രേഷണവിതരണ സംവിധാനങ്ങളുടെ തകരാറ് കാരണമാണ്. ഈ നഷ്ടത്തിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും കുറയ്ക്കുന്നതിന് പ്രധാനമായും ചെയ്യാവുന്നത് ജമ്പർ മെച്ചപ്പെടുത്തുക, വൈദ്യത ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനക്രമീകരിക്കുക എന്നിവയാണ്.

## തൂണേരി പഞ്ചായത്തിലെ റോഡുകൾ

നല്ല റോഡിന്റെ കാര്യത്തിൽ ദൗർലഭ്യം അനുഭവിക്കുന്ന പഞ്ചായത്താണ് നമ്മുടേത് നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്ത് വക 96.625KM റോഡുകളുണ്ടെങ്കിലും മെറ്റൽചെയ്തത് 4.850KM മാത്രമാണ്. ടാറിംഗ് നടന്നത് അതിലും കുറവാണ് ഉൾ പ്രദേശങ്ങളിൽ ഫുട്പാത്തുകളുടെ ഒരു ശൃംഖലതന്നെയുണ്ടെങ്കിലും മഴക്കാലത്ത് പലതും ഗതഗതയോഗ്യമല്ലതാവുന്നു. ഇവയുടെ അറ്റകുറ്റപണികൾ തീർക്കുക എന്നത് പഞ്ചായത്തിന് ഒരു വലിയ ബാദ്ധ്യതയായിതീരുന്നു.

കുറ്റ്യാടി, തലശ്ശേരി റോഡിന്റെ ഏകദേശം 6KM ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്നു. ഇത് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. വേറ്റുമ്മൽ, പുറമേരി, പാറക്കടവ്, പേരോട്, ചെറ്റവെട്ടി, കോടഞ്ചേരിപോസ്റ്റാഫീസ്, എന്നിവ PWD റോഡുകളാണ് ഈ റോഡുകളും ആവശ്യമായ പരിരക്ഷണം കാത്തുകിടക്കുന്നു.

## കുടിവെള്ളവും പൊതുജനരോഗ്യവും :

ഈ പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സ് കിണറുകളാണ് 75 ശതമാനം കുടുംബങ്ങളും കുടിവെള്ളത്തിന് സ്വന്തം കിണറുകളെ ആശ്രയിക്കുന്നു. 15 ശതമാന കുടുംബങ്ങൾ അയൽവീടുകളിലെ കിണറുകളെ ആശ്രയിക്കുന്നവരാണ് 2ശതമാനം ജനങ്ങൾ പൊതു കിണറുകളെ ആശ്രയിക്കുന്ന വരാണ്, പൊതുടാപ്പ് ഈ പഞ്ചായത്തിൽ ഇല്ല. 4 കുഴൽ കിണറുകൾ നിലവിലുണ്ട്. കുടിവെള്ളത്തിന് രൂക്ഷമായക്ഷാമം അനുഭവപ്പെടുന്നത് III–V എന്നീവർഡുകളിലാണ് 1991ൽ ആരംഭിച്ച കുറ്റ്യാടി ചോറോട് ജലവിതരണപദ്ധതിയുടെ ഭാഗമായി തൂണേരി പഞ്ചായത്തിൽ ജലവിതരണം നടത്തുന്നതിന് കക്കംവെള്ളകുന്നിൽ ഒരു ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയാൽ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

304

പഞ്ചായത്തിലെ 50ശതമാനം വീടുകൾക്കും സ്വന്തമായി കക്കൂസുകൾ ഇല്ല. മലിനജലം കാരണം കുടിവെള്ളസ്രോതസ്സുകൾ മലിനമാകുന്ന പ്രശ്നം പൊതുവെ ഉണ്ട്. തുണേരിയിലെ ഒരു മിനി PHCയും കോടഞ്ചേരിയിലെ ഒരു സബ്സെന്ററും, ആയുർവ്വേദ ഡിസ്പെൻസറിയും അടങ്ങിയതാണ് പഞ്ചായത്തിന്റെ ഔദ്യോഗിക പൊതു ജനാരോഗ്യസംവിധാനം. ഇതിൽ കോടഞ്ചേരി സബ്ബ് സെന്ററിനു മാത്രമെ സ്വന്തമായി കെട്ടിടമുള്ള PHCസെന്ററിന് നാട്ടുകാർ സംഭാവന ചെയ്ത ഒരു ഏക്കർ സ്ഥലം നിലവിൽ ഉണ്ട്. ആരോഗ്യരംഗത്തെ പ്രവർത്തനം തീരെ അപര്യാപ്തമാണ്

പ്രശ്നങ്ങൾ

1 പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രാഥമിക സൗകര്യങ്ങൾപോലും നിർവ്വഹിക്കപ്പെടുന്നില്ല.

2 ജനസംഖ്യാനുപാതികമായി അർഹമായ എണ്ണം സബ്ബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ല.

3 എല്ലാവീടുകളിലും കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം

4 രോഗപതിരോധ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പൂർണ്ണസഹകരണം ഉറപ്പുവരുത്തണം.

5 സ്കൂൾ ആരോഗ്യപരിപാടി ഒട്ടും കാര്യക്ഷമമല്ല.

6 കുടിവെള്ളക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങളിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടിവേണം.

7 കുറ്റ്യാടി-ചോറോട് പദ്ധതി ഉടൻ പൂർത്തീകരിക്കണം.

8 PHC സെന്ററിനും ആയുർവ്വേദാശുപത്രിക്കും കെട്ടിടം പണിയുന്നതിന് ഉടർ പ്രവർത്തനം ആരംഭിക്കണം.

9 PHC സെന്ററിൽ ഒരു ലേഡീ ഡോക്ടറുടെ തസ്തിക കൂടി ഉണ്ടാക്കണം

## വിദ്യാഭ്യാസം

ഭൂഉടമബന്ധങ്ങളിൽ വന്നമാറ്റം വിദ്യാഭ്യാസ രംഗത്തു നിർണ്ണായക സ്വാധീനം ചെലുത്തുകയുണ്ടായി. തുണേരി ഗ്രാമീണവായനശാല ഗ്രന്ഥാലയം വെള്ളൂർ നേഷനൽ ലൈബ്രറി എന്നിവ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ചെറിയ തോതിൽ സംഭാവനകൾ നല്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്ത് ഇന്നും പിന്നോക്കാവസ്ഥയിലാണ്. സ്വാതന്ത്രസമ്പാദനത്തിന് മുമ്പുള്ളതാണ് ഈ പഞ്ചായത്തിൽ നിലവിലുള്ള മിക്കപ്രൈമറി വിദ്യാലയങ്ങളും ഏറ്റവും പഴക്കം ചെന്ന സ്കൂൾ സി.സി.യു.പി സ്കൂൾ ആണ്. 1958ൽ നിലവിൽവന്നതാണ് ഈ വി.യുപി സ്കൂൾ ഈ പഞ്ചായത്തിൽ അടുത്തകാലം വരെ ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. ഇതും വിദ്യാഭ്യാസരംഗത്തെ പിന്നോക്കവസ്ഥക്ക് കാരണമായി. 1995ലാണ് ഒരു ഹൈസ്കൂൾ ആരംഭിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിലെ വിദ്യാലയവിവരങ്ങൾ ചുവടെ ചേർക്കുന്നു.

തൂണേരി ഗ്രാമപഞ്ചായത്ത് സ്കൂളിന്റെ പൊതുവിവരം

അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാലയങ്ങളോ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം അന്യത്ര ചേർത്തിരിക്കുന്നു. ഇതിനുപുറമേ കെ.ആർ ഹൈസ്കൂൾ പുറമേരി, ഇരിങ്ങണ്ണൂർ ഹൈസ്ക്കൂൾ, നാദപുരം ഗേൾസ് ഹൈസ്ക്കൂൾ, എന്നിവിടങ്ങളിലാണ് അധിക വിദ്യാർത്ഥികളും ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തുന്നത്. സാമ്പത്തികമായി ഉയർന്നവിഭാഗങ്ങളിലെ 100 ഓളം കുട്ടികൾ നാദപുരത്തും പരിസരങ്ങളിലുമുള്ള ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നുണ്ട്. കഴിഞ്ഞ 5 വർഷമായി മിക്ക വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ക്കാണാം. ജനനനിരക്കിലുള്ള കുറവ്, അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവം എന്നിവയാണ് ഇതിന് പ്രധാനകാരണം. ഇതിന്റെ ഫലമായി ഈ പഞ്ചായത്തിലെ 5 പ്രൈമറിസ്കൂൾ അൺഎക്കണോമിക്കിന്റെ അടുത്തു നിൽക്കുന്നു. നിലവിലുള്ള ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ ഒരു അറ്റത്ത് ആയതിനാൽ സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്ക് കുട്ടികൾ ധാരാളമായി പോകേണ്ടിവരുന്നു.

മിക്കവിദ്യാലയങ്ങളിലും ആവശ്യമായ ഫർണിച്ചറുകൾ, സ്റ്റാഫ് മുറി കക്കൂസ്, പാചകപ്പുര കുളിസ്ഥലം, ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ എന്നിവഇല്ല.

വിദ്യാലയങ്ങളിലെ പഠനനിലവാരം പരിശോധിച്ചാൽ 25-30 ശതമാനം കുട്ടികളും പ്രതീക്ഷിതമിനിമം നിലവാരത്തിലും താഴെയുള്ളവരാണെന്ന് കാണാം

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 6 ബാലവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

1 ഹൈസ്കൂളിലെ SSLC വിജയശതമാനം വളരെകുറവാണ്.

2 പലസ്ക്കുളുകളിലും ഭൗതീകസാഹചര്യങ്ങൾ തൃപ്തികരമല്ല.

3 കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത മിക്കവിദ്യാലങ്ങളിലും നില്ക്കുന്നു.

4 അൺ എയിഡഡ്, ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

5സ്കൂൾ വിദ്യാർത്ഥിക്ളുടെ നിരക്ഷരത ഇപ്പോഴും നിലനില്ക്കുന്നു.

6 ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് മറ്റ് പഞ്ചായത്തുക ളിലേക്ക് പോകേണ്ടിവരുന്നു.

7 ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര കാര്യങ്ങൾ ഇല്ല.

8 നിലവിലുള്ള ബാലവാടികളുടെ പ്രവർത്തനം അപ ര്യാപ്തമാണ്

9 അഔപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രണ പരി പാടികൾ നടപ്പാക്കുന്നില്ല.

10 കലാ-കായികാഭ്യാസത്തിന് ആവശ്യമായ സൗക ര്യം പഞ്ചായത്തിലില്ല.

## പാർപ്പിടവും സമൂഹ്യക്ഷേമവും

തൂണേരി പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. ഗൾഫ് വരുമാനത്തിന്റെ വ്യാപ്തി കെട്ടിട നിർമ്മാണരംഗത്ത് പ്രകടമായ സ്വാധീനം ചെലുത്തിയതായികാണാം. കഴിഞ്ഞ 10വർഷ ങ്ങളിൽ സാമാന്യം ഭേദപ്പെട്ട നിരവധി വാർപ്പ് വീടുകൾ ഇവിടങ്ങളിൽ ഇയർന്ന് വന്നിട്ടുണ്ട്. 1992 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെയുടെ അടിസ്ഥാനത്തിൽ തൂണേരി പഞ്ചായത്തിലുള്ള 4862 വീടുകളിൽ 587 കോൺക്രീറ്റ് വീടുകളും 2150 ഓടുമേഞ്ഞവീടുകളും 1350 ഓലമേ ഞ്ഞവീടുകളുമാണ്. ഇതിൽ 415 എണ്ണം ഒന്നിൽക്കൂടു തൽ നിലകളുള്ളവയാണ്. തറ, ചുമർ, മേൽപ്പുറം, വിസ്തീർണ്ണം, എന്നീ ഘടകങ്ങൾ പരിശോധിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാറ്റം വരു ത്തേണ്ടതുമായ വീടുകൾ 15 ശതമാനം തന്നെ കാണാം. പഞ്ചായത്തിൽ വിവിധ പരിപാടികളിലായി അനുവദിച്ച ഭവനനിർമ്മാണ വായ്പ 19ആണ് അതിൽ 9 വീടുകൾ പണിതീർന്നു. 10 എണ്ണംവിവിധ ഘട്ടങ്ങളിലാണ്. പാർപ്പിട പ്രശ്നം രൂക്ഷമല്ലെങ്കിലും ഈ രംഗത്തെ സ്ഥിതി ഗതികൾ മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ ഒരു ജന കീയ സംവിധാനം രൂപപ്പെടേണ്ടതാണ്.

രണ്ട് വിധത്തിലുള്ള ക്ഷേമ പദ്ധതികളാണ് പഞ്ചായ ത്തിൽ നടപ്പലാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ ധനസഹായ പദ്ധതികളും. 1992ലെ IRDP സർവ്വേ പ്രകാരം തൂണേരി പഞ്ചായത്തിൽ 2431 കുടും ബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതു വരെ സർക്കാർ സഹായം ലഭിച്ച കുടുംബങ്ങൾ 883 ആണ്. എന്നാൽ സഹായം ലഭിച്ചത് വഴി ദാരിദ്രരേ ഖയ്ക്ക് മുകളിലേത്തിയവർ 350 മാത്രമാണ് ഇതിൽ നിന്നും നാളിതുവരെ മൂന്നിൽ ഒന്ന് കുടുംബങ്ങൾക്ക് മാത്രമേ ദാരിദ്ര നിർമ്മാർജ്ജനപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളു എന്ന കാര്യം വ്യക്ത മാണ്.

1995ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു

വാർദ്ധക്യകാലപെൻഷൻ - 1

വിധവാ പെൻഷൻ - 26

വികലാംഗ പെൻഷൻ - 13

കർഷകതൊഴിലാളി പെൻഷൻ - 78

തൊഴിലില്ലായ്മ വേതനം - 39

ധനസഹായം ലഭിക്കുന്നവരെല്ലാം അതിന് അർഹ രാണെങ്കിലും അർഹതയുള്ള നല്ലൊരു ഭാഗം അപേക്ഷ കൾക്ക് സഹായം ലഭിക്കുന്നില്ല എന്നയാഥാർത്ഥ്യം നില നില്ക്കുന്നു. നിലവിലുള്ള എല്ലാക്ഷേമ പദ്ധതികളുടെയും വ്യപ്തി ഏറെ വർദ്ധിപ്പിക്കേണ്ടയിരിക്കുന്നു.

### പ്രശ്നങ്ങൾ

1 കെട്ടിടനിർമ്മാണ സാമഗ്രഹികൾ ആവശ്യാനുസരണം ലഭിക്കുന്നില്ല

2 സ്ഥിരവരുമാനമില്ലാത്തവർക്ക് കെട്ടിടനിർമ്മാണ വായ്പ ലഭിക്കുന്നില്ല.

3. ദുർബലവിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നില്ല.

4 സർക്കാറിന്റെ പലഭവനനിർമ്മാണ പദ്ധതികൾ അപേക്ഷ നൽകിയവർക്ക് സ്വത്തിന്റെ ആധാരം തിരിച്ചു കിട്ടാൻ വിഷമിക്കേണ്ടിവരുന്നു.

5 IRDP ലിസ്റ്റിൽ അർഹതയില്ലാത്ത നിരവധി കുടുംബ ങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

6 ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നവെന്ന് ഉറപ്പുവരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.

7 അവശവിഭാഗങ്ങളിൽ അർഹതയുള്ള നിരവധിപേർക്ക് അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല.

8 പലക്ഷേമ പദ്ധതികളുടേയും നടത്തിപ്പ് കര്യക്ഷമമല്ല.

### സംസ്കാരം

സംസ്കാരിക പ്രവർത്തനരംഗത്ത് തൂണേരി പഞ്ചാ യത്ത് വളരെ പിറകിലാണ്. ഇപ്പോൾ സാംസ്ക്കാരിക നിലയമടക്കം 3 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. ഇതിൽ വെള്ളൂർ നേഷനൽ ലൈബ്രറിക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ഗ്രന്ഥശാലക്ക് പുറമെ 6 കാല കായിക ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നിനും സ്വന്തമായ കെട്ടിടമോ, വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളോ ഇല്ല. പഞ്ചായത്ത് വിക സന പ്രവർത്തനങ്ങളിൽ സാംസ്ക്കാരിക സ്ഥാപനങ്ങ ളുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയണം.

### വനിത :

തുണേരി പഞ്ചായത്തിലെ ജനസംഖ്യയിൽ 52 ശത മാനം സ്ത്രീകളാണ് പട്ടികജാതിക്കാരിൽ സ്ത്രീകളും പുരുഷന്മാരും ഒപ്പത്തിനൊപ്പം നില്ക്കുന്നു. മൊത്തം

ജനസംഖ്യയിൽ 100 പുരുഷന്മാർക്ക് 1020സ്ത്രീകൾ വരും വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്.

കർഷകതൊഴിലാളികൾ, അദ്ധ്യാപകർ, കൈത്തറി വസ്ത്ര നിർമ്മാണം, ടെയ്ലറിംഗ് എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻകൈ ഉള്ളത്. പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ ക്കുറവാണ് വില്ലേജ് തലത്തിലോ, പഞ്ചായത്ത് തലത്തിലോ പ്രവർത്തിക്കുന്ന ബഹുജന സംഘടനകലുടെ ഭാരവാഹികളിൽ കേവലം 10ൽ താഴെ മാത്രമേയുള്ളൂ. വനിതകളുടെ മാത്രമായി DWERA പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന 2യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. തൊഴിൽരഹിതരിൽ കൂടുതൽ വനിതകൾ ആണ്.

### പ്രശ്നങ്ങൾ

1 പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2മിക്കതൊഴിൽ മേഖലകളിലും സ്ത്രികൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

3 സ്ത്രികളുടെ തൊഴിൽ സംരഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിത ശ്രമങ്ങൾ നടക്കുന്നില്ല.

4 DWERA യൂണിറ്റുകൾ സംഘടിപ്പിക്കുന്നതിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം പ്രകടമാണ്.

5 എല്ലാരംഗത്തും വനിതകൾക്ക ആനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് ഒരു രാഷ്ട്രീയ പാർട്ടിയിലും കാണുന്നില്ല.

6 സ്ത്രികൾക്ക് നേതൃത്വം പരിശീലനം നല്കുന്ന പരിപാടി ഒന്നും തന്നെ നിലവിൽ ഇല്ല.

### സഹകരണമേഖല

ഒരു സഹകരണ പ്രസ്ഥാനവും നാമ്പെടുക്കാത്ത ഒരു പഞ്ചായത്താണ് ഇത്. എന്നാൽ സാദ്ധ്യതകൾ വളരെ കൂടുതൽ ആണ്. ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന അയൽ പഞ്ചായത്തുകളിലെ പുരമേരി സർവ്വീസ് സഹകരണസംഘം, ഇരിങ്ങണ്ണൂർ സർവ്വീസ് സഹകരണബേങ്ക് എന്നിവയിൽ നിന്നാണ് കൃഷിക്കാർക്കാവശ്യമായ അത്യാവശ്യസഹായ ലഭിക്കുന്നത് പുറമേരി സർവ്വീസ് സഹകരണസംഘത്തിന്റെ ഒരു ശാഖ തൂണേരിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാർഷിക വായ്പ ഈ ശാഖവഴി ലഭിക്കുന്നില്ല.

തൂണേരി പഞ്ചായത്തിൽ ക്രഡിറ്റ് മേഖലയിലും, വനിതാരംഗത്തും ക്ഷീരോല്പദനരംഗത്തും കെട്ടിട നിർമ്മാണരംഗത്തും കാർപന്റിവർക്കേസ് രംഗത്തും സൊസെറ്റികൾ രൂപികരിച്ചു പ്രവർത്തിക്കാനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. തികച്ചും കാർഷിക ഗ്രാമമായ തൂണേരി ഗ്രമത്തിൽ മുരടിച്ചുനില്കുന്ന കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താതെ വികസന സാദ്ധ്യമല്ല. തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന നെൽകൃഷി ആവശ്യമായ ജലസേചന സൗകര്യവും, ആധുനീക കൃഷി രീതികളും വഴി അഭിവൃദ്ധിപ്പെടുത്തേണ്ടിയിർക്കുന്നു. ശാസ്ത്രീയപരീരക്ഷണം വഴി നാളീകേര വിളവ് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാവണം. കവുങ്ങ്, കുരുമുളകുകൾക്കും പ്രത്യേകം പരിരക്ഷണം ആവശ്യമാണ്. പുരയിടങ്ങളിൽ ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി മഞ്ഞൾ, മരക്കിഴങ്ങ്, മുതലായ നാടീൽവസ്തുക്കൾ വളർത്തുന്നതിൽ പ്രത്യേക പരിഗണന ഉണ്ടാക്കേണ്ടിയിരിക്കുന്നു നെൽപ്പാടങ്ങളിൽ പച്ചക്കറിയും വാഴയും പയർവർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം ഉണ്ടാവണം.

വിദ്യാഭ്യാസരംഗത്ത് സാധാരണ വിദ്യാലയങ്ങൾ ആകർഷകമാക്കണം. വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിനും വിദ്യാർത്ഥികളുടെ ഇടയിലുള്ള നിരക്ഷത്ത ഇല്ലാതാക്കുന്നതിനും നടപടികൾ വേണം. ആരോഗ്യ പരിപാലനരംഗം വിപുലപ്പെടുത്തുന്നതിന് നിലവിലുള്ള പ്രാഥമികരോഗ്യ കേന്ദ്രത്തിന്നും, ആയുർവ്വേദ ഡിസ്പെൻസറിക്കും സ്വന്തമായതും സൗകര്യപ്രദവുമായ കെട്ടിടസൗകര്യം ഉണ്ടാകുന്നതിന് ഊന്നൽകൊടുക്കണം. അതുപോലെ എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കണം ഒരു പൊതു ശ്മശാനത്തിന്റെ അഭാവം പരിഹരിക്കണം.

തൊഴിലില്ലായ്മ പരിഹരിക്കുന്ന ചെറുകിട വ്യവസായങ്ങൾക്കും കൈത്തൊഴിലുകൾക്കും പ്രാമുഖ്യം നൽകണം. പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം.

ധാരാളം സാദ്ധ്യതകളുള്ള സഹകരണമേഖല ഇന്ന് നമ്മുടെ പഞ്ചായത്തിൽ ശൂന്യമാണ്. ക്രഡിറ്റ്സൊസൈറ്റി, മിൽക്ക് സൊസൈററി, വനിതാ സഹകരണസംഘം കാർപന്റേഴ്സ് സഹകരണസംഘം കെട്ടിടനിർമ്മാണ സഹകരണസംഘം എന്നിവയുടെ സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തി സഹകരണ മേഖലവിപുലപ്പെടുത്തണം.

റോഡുകളുടെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് തൃപ്തികരമല്ല നലവിലുള്ളവ സംരക്ഷിക്കുന്നതിനും മെറ്റൽചെയ്ത ടാർചെയ്ത് സംരക്ഷിക്കുന്നതിനും ബോധപൂർവ്വമായ പ്രവർത്തനം നടത്തണം. ഇതിനെല്ലാം പുറമെ ഒരു കമ്മ്യൂണിറ്റിഹാൾ, മിനിസ്റ്റോഡിയം എന്നിവയും പഞ്ചായത്തിൽ അനിവാര്യമാണ്. മേൽപ്രശ്നങ്ങളിൽ സൂക്ഷ്മമായ പരിശോധനയും ബോധപൂർവ്വമായ പരിചിന്തനവും നടത്തിവേണം തൂണേരി ഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ രൂപരേഖ തയ്യാറാക്കുന്നത്.

ഇന്ന് ഒരു ഹെക്ടറിനു താഴെ ഭൂമികൈവശമുള്ള 5222 ദരിദ്ര കൃഷിക്കാരും 1മുതൽ ഹെക്ടർവരെ കൈവ

ശമുള്ള 196 ചെറുകിടകൃഷിക്കാരും, 2ഹെക്ടറിന് മേലെയുള്ള 13 ധനിക കൃഷിക്കാരും ഉൾക്കൊള്ളുന്ന താണ് നമ്മുടെ കാർഷിക മേഖല

പട്ടയ പ്രശ്നങ്ങൾക്കു പകരം പുതിയപ്രശ്നങ്ങൾ മുന്നിൽ വന്നിരിക്കുന്നു ഈ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിലൂടെ മാത്രമെ നമുക്ക് മുന്നോട്ട് പോകാനുവുകയുള്ളു. തൂണേരി ഇന്ന് അഭിമുഖികരിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനമായത് കാർഷിക മേഖലയുടെ ശോചനീയാവസ്ഥയും താഴ്ന്ന ഉല്പാദനക്ഷമകയുണ് രണ്ടാമത് രൂക്ഷമായ തൊഴിലില്ലായ്മയാണ് മൂന്നാമത് വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ പൊതുക്ഷേമ പ്രവർത്തനങ്ങളുടെ ഗുണനിലവാര തകർച്ചയാണ് നാലമത്തേത് സാമ്പത്തിക സാമൂഹ്യ മണ്ഡലങ്ങളിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ എന്നിവയാണ് കൂടാതെ യാത്രാ സൗകര്യ പ്രശ്നം പാർപ്പിട പ്രശ്നം എന്നിവയും അവഗണിക്കാനാവില്ല. കുടിവെള്ള പ്രശ്നവും ചില സ്ഥലങ്ങളിലെങ്കിലും നിലനിൽക്കുന്ന യാത്രാ പ്രശ്നവും പരിഹരിക്കപ്പെട്ടിട്ടില്ല.

### ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് തൂണേരിയെ മുഖ്യമായും മൂന്ന് മേഖലകളാക്കി തിരിക്കാം

1 കുന്നിൻ പ്രദേശം (ഉയർന്ന സമതലം)

2 സമതല പ്രദേശം 2910.75 ഏക്കർ (പുരയിടം)

3 നെൽവയലുകൾ 767.17 1/2 ഏക്കർ 1 കുന്നിൻ പ്രദേശം : മൊത്തം ഭൂമിയുടെ 5%വരുന്ന ഉയർന്ന സമതലമാണ് കുന്നിൻ പ്രദേശം ഇതിൽ പ്രധാനമായത് കക്കംവെള്ളിക്കുന്ന്, വലിയകുന്നുമ്മൽ പ്രദേശം ഉനിയമ്പാറോൽവീട് പ്രദേശം, മുള്ളൻകുന്നത്ത് എന്നിവയാണ്. ഉയർന്ന പ്രദേശമാണെങ്കിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും ഫലഭൂയിഷ്ടമായ ഭൂമിയിലാണ്. തെങ്ങ്, കുരുമുളക്, കശുവണ്ടി, മുതലായവ കൃഷിചെയ്യുന്നു.

2സമതലപ്രദേശം : ചരൽ കലർന്ന ചെമ്മണ്ണാണ് ഇവിടങ്ങിൽ കണ്ടുവരുന്നത്. പൊതുവേ ജലക്ഷാമം അനുഭവപ്പെടുന്ന മേഖലയല്ല. തെങ്ങ്, കവുങ്ങ്, കുരുമുളക്, ഫലവൃക്ഷങ്ങൾ എന്നിവ കൂടുതലായി കൃഷി ചെയ്തു വരുന്നു തരിശായിട്ടുന്ന പ്രദേശങ്ങൾ തീരെ ഇല്ലെന്നു പറയാം.

3 വയലുകൾ (താവ) : ഒരു കാലത്ത് തൂണേരി മുതൽ ജാതിയിൽ വരെയും തൂണേരി അമ്പലം മുതൽ ചാലപ്രം വരെ നീണ്ടുകിടക്കുന്ന വയൽ, ചെറുവട്ടായി മുതൽ വേറ്റുമ്മൽ വരെയുള്ള വയൽ, വേറ്റുമ്മൽ മുതൽ കോട്ടേമ്പ്രം തെരുവുവരെയുള്ള വയൽ, കോടഞ്ചേരി വയൽ, വെള്ളൂർ അണക്കെട്ട് മുതൽ ചെറുവള്ളൂർ സ്ക്കൂൾ വരെയുള്ള വയൽ, എന്നിവ വിപുലമായ പാടശേഖരങ്ങളായിരുന്നു. ഇന്ന് ഇതിന്റെ 65 ശതമാനവു നികത്തി നാണ്യവിളകളായ തെങ്ങ്, കവുങ്ങ്, എന്നിവ കൃഷിചെയ്യുന്നു.

മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂമി ഭാഗമായതിനാൽ ഈ പ്രദേശത്തെ പ്രധാന മൺതരം അലൂവിയൽ മണ്ണാണ്. ജലലഭ്യത കൂടുതലായതിനാൽ പൊതുവെ ഇരുവിളക്കണ്ടങ്ങളാണ് മിക്കതും. അപൂർവ്വം ചിലേടത്ത് മൂന്ന് വിളയും കൃഷിചെയ്യാനുള്ള സാദ്ധ്യതയുണ്ട്. പച്ചക്കറികൃഷിക്ക് ഏറ്റവും പറ്റയതാണ് ഈ ഭൂമി ഉഴുന്ന, എള്ള് ചെറുപയർ മുതിര മുതലായ പയർവർഗ്ഗങ്ങൾക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണിത്.

ജനപ്രകൃതി : 1991 ലെ കാനേഷുമാരിക്കണക്ക് പ്രകാരം തൂണേരിയിലെ ജനസംഖ്യ 20208 ആണ് ഇതിൽ 9420 പുരുഷന്മാരും 10788 സ്ത്രീകളുമാണ് വാർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു മൊത്തം 4865 വീടുകളാണുള്ളത് അതായത് ശരാശരി വീടൊന്നിന് 4 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5,6 ആണ് ച:കിമീറ്ററിന് 1590 ആണ് ജനസാന്ദ്രത - ജനസംഖ്യയിൽ 1995 IRDP സർവ്വെ പ്രകാരം 2431 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണു. പിന്നോക്കവിഭാഗങ്ങളിൽപ്പെട്ട ജനസംഖ്യ മൊത്തം 341 ആണ് ഇതിൽ 170 പുരുഷന്മാരും 171 സ്ത്രീകളുമാണ്. ഷഡ്യൂൾഡ് ട്രൈബിൽപ്പെട്ടവർ ആരും തന്നെയില്ല.

പട്ടിക 2

ജനസംഖ്യയിൽ 7335 പുരുഷന്മാരും 7408 സ്ത്രീകളും അക്ഷരജ്ഞാനം ഉള്ളവരാണ്

### ഭൂമിയുടെ കൈവശം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| 1 മുതൽ 10സെന്റ് വരെ കൈവശ ഭൂമിയുള്ളവർ : | 897 |
| 10 സെന്റ് മുതൽ 25സെന്റ് വരെ : | 1360 |
| 25 സെന്റ് മുതൽ 50 സെന്റ് വരെ : | 1331 |
| 50 സെന്റ് മുതൽ 1 ഏക്കർ വരെ : | 1036 |
| 1 ഏക്കർ മുതൽ 2 ഏക്കർ വരെ : | 598 |
| 2 ഏക്കർ മുതൽ 5 ഏക്കർ വരെ : | 196 |
| 5 ഏക്കറിനുമുകളിൽ : | 13 |

(അവലംബം വില്ലേജ് ഓഫീസ് രേഖകൾ)

# കൃഷിയും, ജലസേചനവും

കഴിഞ്ഞ 40 വർഷങ്ങൾക്കുള്ളിൽ കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. കാർഷികരംഗത്തുണ്ടായ ഈ മാറ്റം ഇടക്കാലത്ത് വെച്ച് മന്ദീഭവിക്കുകയുണ്ടായി. ഒരു കാലത്ത് കൃഷിഭൂമി കയ്യടക്കിവെച്ചിരുന്ന ജന്മിമാരും വൻകിട കൃഷിക്കാരും രംഗത്ത് നിന്ന് അപ്രത്യക്ഷമാകുകയും, ചെറുകിടകൃഷിക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. ഇതിന്റെ പ്രധാനകാരണം 1957 മുതൽ കേരള്ത്തിൽ നടപ്പിലാക്കിയ കാർഷിക ഭൂപരിഷ്ക്കരണ നിയമങ്ങളായിരുന്നു. കൈവശക്കാർ എണ്ണത്തിൽ വർദ്ധിച്ചുവെങ്കിലും കാർഷികോൽപാദനം വർദ്ധിക്കുകയുണ്ടായില്ല. പഞ്ചായത്തിൽ നാമമാത്രമായ ഭൂമി കൈവശക്കാരായ 5000 തിൽപരം കൃഷിക്കാർ ഉണ്ട്. ചെറുകിടകൃഷിക്കാർ 195ഉം, 5 ഏക്കറിൽ അധികം ഭൂമികൈവശം വെക്കുന്നവർ 13 കൃഷിക്കാരുമുണ്ടു.

ഏകദേശം 15 വർഷത്തിനുമുമ്പ് വരെ നമ്മുടെ പഞ്ചായത്തിൽ നെൽവയലുകൾ 701 ന്നോളം ഉണ്ടായിരുന്നു. പുരാതനകാലം മുതൽ കേരളിയർ ആഹ്ലാദപൂർവ്വം ആഘോഷിച്ചുവരുന്ന വിഷുക്കാലം കഴിഞ്ഞഉടനെ വയലേലകളിൽ കൃഷിതുറക്കാനുള്ള "വിഷുപക്ഷി"യുടെ "വിത്തും കൈക്കോട്ടും" കർണമധുരമായ വിളി കേട്ടു ഉണരുന്ന ഗ്രാമീണകർഷകരും കർഷകതൊഴിലാളികളും മേടമാസ്ത്തിലെ കാലവർഷത്തിന്റെ അനുഗ്രഹത്താൽ ധന്യമായ നെൽപാടത്തിൽ ഉഴവ്കാളകളും തൊഴിലാളികളും, ഉഴുതുമറിച്ച മണ്ണിൽ വിത്തിറക്കുകയും ചെയ്യുന്നു. പൊന്നിൻ ചിങ്ങമാസത്തിലെ കൊയ്തുകാലം നമ്മുടെ മഹോത്സവം തന്നെയായിരുന്നു. പുഞ്ചനെൽപാടത്തുകൂടി മാവേലി മന്നന്റെ വരവും പുഞ്ച നെൽകതിർ കൊത്തിയെടുക്കാൻ കളകളം പാടിയെത്തുന്ന തത്തമ്മ കിളികൂട്ടവും ആ കാലഘട്ടത്തിൽ കാണാമായിരുന്നു.

ഓണം കഴിഞ്ഞ ഉടനെ മകരകൊയിത്തിനു വേണ്ടിയുള്ള കൃഷി ഇറക്കാൻ വീണ്ടും വയലേലകൾ സജീവമാകുന്നു. ഇവിടെ വടക്കൻ പാട്ടിന്റെ ഈരടികളോടെ കാലത്ത് 6 മണിമുതൽ വൈകുന്നേരം 6 മണി വരെ അമ്മ ഉമ്മ സഹോദരിമാർ ഞാറു പറിക്കാനും, നടാനും എത്തുന്ന കാഴ്ച നമുക്കു ഇന്നു അന്യമാണ്. കൃഷിക്കാരന്റെ വീടിന്റെ മുറ്റം തളിച്ച് കളം മറച്ച് ഇവിടെ വെച്ചാണു കറ്റകളിൽനിന്നു നെൽമണികൾ വേർതിരിക്കുന്നത്. സ്ത്രിതൊഴിലാളികളാണു കറ്റമെതികൂടുതലും ചെയ്തിരുന്നത്. 10 ഇടങ്ങഴി നെല്ലിനു 1 ഇടങ്ങഴി വീതം എന്ന തോതിലാണു കൂലികൊടുത്തിരുന്നത്. തൊഴിലാളികൾക്ക് കരിഞ്ചായയും, മരക്കിഴങ്ങും ആയിരുന്നു ഭക്ഷണം. ഓരോ വയലിനും കണ്ടും എന്നു പറയുന്നു. കൊയിത്തിനു മൂർച്ച എന്നും പറഞ്ഞുവന്നിരുന്നു കന്നിയിലെയും, മകരത്തിലെയും കൊയിത്തിനു ഓരോകണ്ടത്തിനും പ്രത്യേകം പ്രത്യോകം അവകാശികൾ ഉണ്ടായിരുന്നു.

സമ്പത്തിന്റെയും പ്രതാപത്തിന്റെയും പ്രതീകമായി ഉഴവ്കാളകൾ സമ്പന്നരുടെ വീടുകളില് കാണാമായിരുന്നു. 1930 നുശേഷമാണ് നെൽ വയലുകൾ നികത്താനുള്ള പ്രവണത വ്യാപകമായി കൃഷിക്കാരുടെ ഇടയിൽ വളർന്നു വന്നത്. അക്കാലത്ത് നാളീകേരത്തിനു പൊടുന്നനെ ഉണ്ടായ വിലവർദ്ധനവ് നെൽകൃഷി ലാഭകരമല്ലാ എന്ന തോന്നൽ ഉളവായി. ഇതു വയൽ നികത്തി തെങ്ങു കൃഷി ആരംഭിക്കാൻ പ്രചോദനം നൽകി. എന്നാൽ പിന്നീടുള്ള നാളീകേരത്തിന്റെ വിലയിടിവ് കർഷകനെ ത്രിശങ്കുസ്വർഗ്ഗത്തിലാക്കി എന്നു തന്നെ പറയാം. നെൽവയലുകൾ നികത്തി കോൺക്രീറ്റു സൗധങ്ങൾ ഉയരാൻ തുടങ്ങി.

കൃഷിയെ ആശ്രിയിച്ച് മാത്രം ജീവിക്കാൻ കഴിയുകയില്ല എന്ന തോന്നൽ കൃഷിയോടുള്ള താൽപര്യകുറവിനു കാരണമായി. ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി ചെയുക എന്നതു ചെറുപ്പക്കാരുടെ സ്വപ്നമായി മാറി. മണ്ണിലദ്ധ്വാനിക്കാനുള്ള പുത്തർ തലമുറയുടെ വൈമനസ്യം ഇറക്കുമതിചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ വാങ്ങി തിന്നുക എന്ന കമ്പോള സംസ്കാരത്തിലേക്കുള്ള പോക്കുവിദ്യാഭ്യാസപരമായ പുരോഗതി കാർഷിക രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയാത്തത്, ഓഫീസ്സ് ജോലി തേടിയുള്ളയുവജനങ്ങളുടെ പോക്ക് എന്നിവ കൃഷിപണിയുടെ മാന്യത നഷ്ടപ്പെടാൻ ഇടയാവുകയും ഇത് കാർഷിക രംഗത്ത് വമ്പിച്ച തിരിച്ചടി നമുക്കുനേരിടേണ്ടിവന്നതായും അനുഭവത്തിൽ നാം മനസ്സിലാക്കുന്നു.

നഷ്ടപ്പെട്ടുപോയ നമ്മുടെ ഐശ്യര്യവും പ്രതാപവും വീണ്ടെടുക്കാനുള്ള ജനകീയാസൂത്രണ പ്രക്രിയ

യാൽ നമുക്ക് ഒന്നായിപങ്കുചേരാം.

## ഇന്നത്തെ വിള ചേരുവ

തൂണേരി പഞ്ചായത്ത് കാർഷിക കാലാവസ്ഥാ മേഖല പ്രകാരം മിഡ്– ലാന്റ് (ഇടനാട് മേഖല) വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്ന പ്രദേശത്തിൽപ്പെടുന്നു. 10 വാർഡുകളുള്ള താരതമ്യേന സമതല പ്രദേശങ്ങൾ കൂടുതലുള്ള ഈ പഞ്ചായത്തിലെ മുഖ്യ വിളകൾ തെങ്ങ്, നെല്ല് കവുങ്ങ്, മരച്ചീനി, വാഴ, ചേന, ചേമ്പ്, എന്നിയാണ്. മുൻകാലങ്ങളിൽ നെൽ കൃഷിക്കുണ്ടായിരുന്ന പ്രാമുഖ്യം ഇന്നില്ലാതായിരിക്കുകയാണ്. 30 വർഷത്തിനിടയിൽ പഞ്ചായത്തിൽ ഉണ്ടായിരുന്ന 90% നെൽ വയലുകളും നികത്തി തെങ്ങ് കൃഷിയിലേക്ക് മാറിയിരിക്കുന്നു. നെൽകൃഷിതന്നെ മൂന്നുവിളകളും കൃഷി ചെയ്യുന്നില്ല. ഗുണമേന്മയുള്ള ഉൽപാദനക്ഷമത കൂടിയതും, മൂപ്പ് കുറഞ്ഞതുമായ വിത്തിനങ്ങളൊന്നും ഇവിടെ കൃഷി ചെയ്യുന്നില്ല. നെൽ കൃഷിക്കുള്ള അസഹ്യമായ കൃഷി ചെലവ് മൂലം കന്നുകാലികൾക്കുള്ള തീറ്റ ചെലവ് പ്രതീക്ഷിച്ചുകൊണ്ടും ഉയരം കൂടിയതും മൂപ്പേറിയതും എന്നാൽ ഉൽപ്പാദനക്ഷമത തുലോം കുറഞ്ഞതുമായ, ചിറ്റേനി, താനക്കോടൻ, വെളുത്താൻ, ആയിരംകണ, മുണ്ടകൻ, എന്നീ നാടൻ ഇനങ്ങളാണ് ഇന്നും ഇവിടങ്ങളിൽ പ്രചാരം. പ്രധാനമായും 7,8,9, എന്നീവാർഡുകളിലും ഇന്ന് നെൽകൃഷി ബാക്കിയായിട്ടുള്ളത്. ഇതിൽ മിക്ക വയലുകളിലും എതെങ്കിലും ഒരു വിള (വിരിപ്പ്/മുണ്ടകൻ)മാത്രമെ കൃഷി ചെയ്യുന്നുള്ളൂ. പുഞ്ചകൃഷിക്ക് ജലക്ഷാമം പ്രധാന വിലങ്ങ് തടിയായി നിൽക്കുന്നു. എന്നാൽ ഈ ദുഃസ്ഥിതി പരിഹരിക്കാനും പരമാവധി മൂന്നാം വിളക്കാലത്ത് പയർ പച്ചക്കറികൾ പച്ചില വളങ്ങൾ ഇവ ലാഭകരമായി കൃഷി ചെയ്യാവുന്നതാണ്, മുഖ്യ വിളയായ തെങ്ങിനെ മാത്രം ആശ്രയിച്ചാണ് മിക്ക കർഷകനും കാർഷിക മേഖലയിലെ ജയപരാജയങ്ങൾ കണക്കുകൂട്ടുന്നത്. ഇടവിളകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താവുന്ന ജലസേചന സൗകര്യം ഉള്ള സ്ഥലങ്ങളിൽ പോലും കാര്യമായ ഇടവിളകളൊന്നും കൃഷി ചെയ്യുന്നില്ല. കവുങ്ങ്, വള്ളി എന്നിവ കുറഞ്ഞ തോതിൽ ഇടവിളയായി കണ്ടുവരുന്നു. പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള ഏതാനും വാർഡുകളിൽ കശുമാവ് കൃഷി ചുരുങ്ങിയ തോതിൽ കണ്ടുവരുന്നു. എന്നാൽ കർഷകർക്ക് ഇന്നത്തെ കമ്പോള നിലവാരം അനുസരിച്ച് ആശ്വാസദായകമായത് വാഴകൃഷിയാണ്. ചുരുക്കം വയൽ പ്രദേശങ്ങളിലും വീട്ടുവളപ്പിലെ കൃഷിയായും മാത്രമെ വാഴ ഇന്ന് കാണുന്നുള്ളൂ. പച്ചക്കറി വേനൽകാല വിളയായി മാത്രമെ ഇവിടെ കൃഷി ചെയ്യപ്പെടുന്നുള്ളൂ. പ്രധാനമായി കയപ്പ, വെള്ളേരി, വഴുതിന, മുളക്, വെണ്ട, പടവലം, പൊട്ടിക്ക (Ridge goad) എന്നിവയാണ് കൃഷി ചെയ്യപ്പെടുന്നത്, കിഴങ്ങ് വർഗ്ഗങ്ങൾ ഇഞ്ചി, മഞ്ഞൾ, ഇവ വളരെ കുറഞ്ഞതോതിൽ മാത്രം കൃഷി ചെയ്തുവരുന്നു.

ഈ പഞ്ചായത്തിലെ പ്രധാനവിളകളും, അവയുടെ വിസ്തൃതി, ഉൽപാദനക്ഷമത ഇവ താഴെ ചേർന്ന പട്ടികയിൽ രേഖപ്പെടുത്തുന്നു.

## ഉൽപാദനക്ഷമത

അനുബന്ധം 1ൽ നിന്നും പഞ്ചായത്തിലെ വിവിധ വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും മനസ്സിലാക്കാവുന്നതാണ്. മിക്കവിളകളുടെയും ഉൽപാദന ക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. മുഖ്യ വിളയായ തെങ്ങു കൃഷിക്ക് ശാസ്ത്രീയമായി ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുന്ന വിധമുള്ള അകലം പാലിക്കപ്പെടുന്നില്ല. തെങ്ങുകൾ തമ്മിലുള്ള അകലം 25 അടിയിൽ കുറവാണ് പലപ്രദേശങ്ങളിലും. അതിനാൽ സൂര്യപ്രകാശത്തിനും പോഷകമൂലകങ്ങൾക്കും മൽസര്യം വിളവ്കുറയുന്നതിനുകാരണമാവുന്നു. ഉൽപാദനക്ഷമതാ കൂട്ടുന്നതിനുള്ള നൂതനയന്ത്രങ്ങളൊന്നും ഉപയോഗപ്പെടുന്നില്ല. ഗുണമേൽമയും ഉൽപാദനക്ഷമത തതെളിക്കപ്പെട്ടതുമായ മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിലും ഇവയിൽ നിന്നും മാത്രം തെരഞ്ഞുടുത്ത വിത്തുകൾ നടുന്നതിന് ശ്രദ്ധിച്ചുകാണുന്നില്ല.

കേവലം നടീൽ വസ്തുക്കളുടെ വിലയിലുള്ള സാമ്പത്തികലാഭം മാത്രമെ പരിഗണിക്കപ്പെടുന്നുള്ളൂ. ദീർഘകാലവിളയാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ട് ഉൽപാദനത്തിന്റെ വിലനിലവാരത്തിലുള്ള ഏറ്റകുറച്ചിലുകൾ പോലും ഇതിന്റെ പരിചരണത്തെ ബാധിക്കുന്നുണ്ട് എന്നു കാണാം. രാസവളം/ജൈവവളം/ഉപയോഗവും തീരെ അപര്യാപതമാണ്. എന്നുമാത്രമല്ല രാസവള ഉപയോഗത്തിനെതിരായ വികലമായ അഭിപ്രായവും

### അനുബന്ധം 6

| ക്രമനമ്പർ | വിളയുടെ പേര് | വിസ്തൃതി | ഉൽപാദനം | ഉൽപാദന ക്ഷമത | ഉൽപാദന ക്ഷമത ശരാശരി |
|---|---|---|---|---|---|
| | തെങ്ങ് | 1400 ഹെക്ടർ | 70,00,000 | 5000 | 5843 |
| | നെല്ല് | 45 " | 80 ടൺ | 21000 | 2018 |
| | വാഴ | 10 " | 1250 ടൺ | 12.5ടൺ | 75653 കി |
| | കുരുമുളക് | 25 " | 25 ടൺ | 1.5കി | 271.0 കി |
| | കവുങ്ങ് | 40 " | 52ലക്ഷം | 1,30,000 | 2.13,000 |
| | മരച്ചീനി | 5 " | – | 15,000 | 13.5 ടൺ |
| | ഇഞ്ചി | 2 " | 75 ടൺ | 6000 കി | 3.25 ടൺ |
| | മഞ്ഞൾ | 3 " | 4.5 ടൺ | 1.5 ടൺ | 1.92 ടൺ |

കർഷകർക്കിടയിലുണ്ട്. ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ച് ഭൂരിഭാഗം കൃഷിക്കാരും ശരിയാം വിധം ബോധവാൻമാരല്ല. ജലസേചിത പ്രദേശങ്ങൾ മൊത്തം കൃഷിഭൂമിയുടെ 30–40 ശതമാനം മാത്രമെ വരുന്നുള്ളൂ എന്നാൽ ജലസേചനംകൊണ്ട് തന്നെ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ള കർഷകരുടെ തിരിച്ചറിവ് പ്രത്യാശക്ക് വക നൽകുന്നതാണ്. പഞ്ചായത്തിലെ ഒന്ന് രണ്ട് വാർഡുകൾ (മുടവന്തേരി പ്രദേശം) വിവിധ സ്ഥലങ്ങളിൽ രോഗബാധിതവും ഉൽപാദനം തീരെ കുറഞ്ഞതുമായ തെങ്ങുകൾ താരതമ്യേന കൂടുതലായി ചിലയിടങ്ങളിൽ, മരംകൊത്തി, മലയണ്ണാൻ ആക്രമണം രൂക്ഷമാണെന്ന് ചൂണ്ടികാണപ്പെട്ടു.

നെൽകൃഷിയിലെ പ്രശ്നങ്ങൾ മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു. ജൈവ വളങ്ങൾ ഉപയോഗിക്കുന്നത് അപര്യാപ്തം, രാസവളങ്ങൾ തീരെ ഉപയോഗിക്കപ്പെടുന്നില്ല. ഉൽപാദന ക്ഷമത കൂടിയ വിത്ത് ഉപയോഗിക്കാതിരിക്കാൻ, ഉയർന്ന കൂലി ചെലവ്, തൊഴിലാളികളെ വേണ്ടത്ര അളവിലും സമയത്തും ലഭിക്കാതിരിക്കൽ എന്നിവ ഈ മേഖലയിൽ നിന്നും കർഷകരെ അകറ്റി നിർത്തുന്നു.

കവുങ്ങ് കൃഷി മേഖലയിലാണ് ഇപ്പോൾ നേരിയ ഉണർവ് കണ്ടുവരുന്നത്. ഉൽപാദന വിലയിലധിഷ്ഠിതമാണിതെന്ന് കാണുന്നു. കവുങ്ങിന് രോഗങ്ങൾ, കീടങ്ങൾ കാര്യമായ വിധത്തിൽ ബാധിച്ചതായി ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല. എങ്കിലും ചില പ്രദേശങ്ങൾ മഹാളി രോഗത്തിന്റെ പിടിയിലായിട്ടുണ്ട്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന മറ്റൊരു പ്രധാന വിള കുരുമുളകാണ്. ഈ പഞ്ചായത്തിൽ കൃഷിചെയതിരുന്ന കുരുമുളക് കൃഷിയുടെ വ്യസ്തൃതി നല്ലോരളവ് ഇന്ന് ഇല്ലാതായിട്ടുണ്ട്. ഉൽപാദന ക്ഷമത കുറഞ്ഞതാണെങ്കിലും നാടൻ ഇനങ്ങളായ ബാലൻ കൊട്ട്യൻ, കരിംകോട്ട്യൻ എന്നീ ഇനങ്ങളാണ് കർഷകർ ഏറ്റവും പ്രിയം പന്നിയൂർ, കരിമുണ്ട ഇനങ്ങളും അത്യൽപാദനശേഷിയുള്ള ഇനങ്ങളും കൃഷി ചെയ്തു വരുന്നു. ഈ ഇനങ്ങളെ വിടാതെ പിടികൂടുന്നതായി കണ്ടുവരുന്ന ദ്രുതവാട്ടംരോഗം ഇവയുടെ വ്യാപകമായ കൃഷിയെ നിരുസാഹപ്പെടുത്തുന്നു. കാലവർഷത്തിലുള്ള ഏറ്റകുറച്ചിലും അസമയത്തുള്ള വൃഷ്ടിയും ഉൽപാദനത്തെയും ബാധിക്കുന്നു.

വാഴകൃഷിക്ക് ഭീഷിണിയായിട്ട് ചൂണ്ടികാണിക്കപ്പെട്ടിട്ടുള്ളത് കുറനാമ്പുരോഗത്തിന്റെ രൂക്ഷതയാണ് മിക്കവാറും നേന്ത്രവാഴ കർഷകർ ഇതുമൂലം നട്ടം തിരിയുന്നു. ഫല പ്രദമായ നിയന്ത്രണമാർഗ്ഗങ്ങൾ ഇല്ലാത്തതിനാലും കേവലം പ്രതിരോധ മാർഗം മാത്രമെ ആശ്രയിക്കാൻ കഴിയൂ എന്നതിനാലും ഇതുമൂലമുണ്ടാകുന്ന വിള നഷ്ടം ഗുരുതരമാണ്. കർഷകർ ഈ കാര്യത്തിൽ വേണ്ടത്ര ബോധവാൻമാരല്ല എന്ന അവസ്ഥയിൽ നിലനിൽക്കുന്നു പരിസ്ഥിതി ആരോഗ്യത്തിലും പ്രശ്നങ്ങളും സൃഷ്ടിക്കുന്നതുമായ ആധുനിക രീതിയിലുള്ള രാസവള പ്രയോഗം ഉപയോഗപ്പെടുത്തുന്നതിൽ നിന്നും കർഷകരെ പിന്നോട്ടു വലിക്കുന്നു.

കേരളീയരുടെ പ്രത്യേകിച്ചും താഴ്ന്നവരുമാനക്കാരുടെ ഭക്ഷ്യഹാരത്തിന്റെ നല്ല ഒരു പങ്ക് വഹിച്ചിരുന്ന വിളയായിരുന്നു മരച്ചീനി ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു അപൂർവ്വം ചിലപ്രദേശങ്ങളിലെ പരിമിതമായ ഇതിന്റെ കൃഷി പൂർണ്ണമായും വേരറ്റുപോയിട്ടില്ലെന്ന് അനുസ്മരിപ്പിക്കുവാൻ മാത്രമായിരിക്കുന്നു. മറ്റ് കൃഷികളുടെ കാര്യത്തിലെ എല്ലാഘടകങ്ങളും മരച്ചീനി കൃഷിയെയും പൊതുവായി ബാധിച്ചിട്ടുണ്ടെന്ന് പറയാതെ വയ്യ. അത്യൽപാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ അഭാവവും, സാമൂഹ്യസാമ്പത്തിക ഘടകങ്ങളും മറ്റും ഈ കൃഷിയിൽ പോലും പരാശ്രയത്വം തമ്മിൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നു. കൂടാതെ മരച്ചീനിക്ക് പറയത്തക്ക പ്രോത്സാഹനവും സർക്കാർ സംവിധാനത്തിൽ നിന്നുണ്ടാകുന്നില്ല.

## ജലസേചനസൗകര്യങ്ങൾ

തൂണേരി പഞ്ചായത്ത് താരതമ്യേന ജലസമ്പത്ത് കൊണ്ട് അനുഗ്രഹീതമാണെന്ന് പറയാം ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 36–ഓളം വറ്റാത്ത പൊതുകുളങ്ങളും ഒരു സ്വകാര്യകുളവും 7തോടുകളും 3 ചീർപ്പുകളും ഉണ്ട്. കൂടാതെ വിവിധസർക്കാർ വകുപ്പുകളിലെ അനുകൂല്യം നല്കി കുഴിപ്പിച്ചതും അല്ലാത്തതുമായ 25–ഓളം കിണറുകളുണ്ട് കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായ തൂണേരി മെയിൻ കനാലും മുടവന്തേരി ഡീസ്ട്രിബ്യൂട്ടറിയും കൈതോടുകളും പഞ്ചായത്തിലെ വിവിന വാർഡുകളിലൂടെ പോകുന്നുണ്ട് ഇവയിൽ പലതും ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥിതിയിലല്ല പലഭാഗത്തും കൃഷിയുടെ നിർണ്ണായക ഘട്ടങ്ങളിൽ പോലും വെള്ളം കിട്ടാറില്ല. പഞ്ചായത്തിൽ മുടവന്തേരി ഭാഗത്ത് പാറോൽപാറ ഏക്കറോളം വരുന്ന സ്ഥലത്ത് വറ്റാത്ത ജലാശയവും നിലവിലുണ്ട്. ജലസേചജനത്തിനായി ഈവെള്ളം ഇപ്പോൾ കാര്യമായി ഉപയോഗപ്പെടുത്തിന്നില്ല. ആകെ ഭൂവിസ്തൃതിയുടെ 30–40% മാത്രമേ ജലസേചനം നടത്തുന്നുള്ളൂ പഞ്ചായത്തിൽ 2000 എണ്ണം പമ്പ്സെറ്റുകളുള്ളതിനാൽ 1700 വൈദ്യൂത മോട്ടറുകളും 300 മണ്ണെണ്ണ ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്നവയുമാണ്. കുഴൽ കിണർ തീരെ പ്രചാരത്തിലില്ല എന്ന് കാണുന്നു.

## വളം ഉപഭോഗം

ഈ പഞ്ചായത്തിൽ 3–4 വർഷത്തോളമായി രാസവള/ജൈവവള ഡിപ്പോ പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ അവശ്യത്തിനായി കല്ലാച്ചി, നാദാപുരം, പുറമേരി എന്നിവിടങ്ങളിലെ വളം ഡിപ്പോകളെ ആശ്രയിക്കുകയാണ്. പൊതുവെ വളം ഉപഭോഗം കുറവായിട്ടുള്ള ഈ പ്രദേശത്ത് ഒരു വിപണന കേന്ദ്രത്തിന്റെ അഭാവം ഉണ്ട്. ജൈവ വളങ്ങൾ വേണ്ടത്ര അളവിൽ ഉപയോഗിക്കുന്നില്ല എന്നാണ് വിലയിരുത്തലിൽ നിന്നും മനസ്സിലാവുന്നത്. ചാണകം, നാടൻ പച്ചിലവളങ്ങൾ ഇവയാണ് പ്രധാനമായി ഉപയോഗിക്കുന്നത്. കൂടാതം ജൈവവളത്തിന്റെ ലഭ്യത കുറവായത് മൂലം ഗുണമേന്മ കുറഞ്ഞ ജൈവവളങ്ങൾ പുറമെ നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. പോഷകഗുണം കൂടുതലുള്ള പച്ചില വളങ്ങളായ ഡെയിഞ്ച, ചണമ്പ്, പയർ വർഗ്ഗങ്ങൾ ഇവ കൃഷ്ചെയ്തു ഉപയോഗിക്കുന്നില്ല.

## കൂല സേവന വ്യവസ്ഥകൾ

കാർഷിക മേഖലയിലെയും മറ്റു കാർഷികേതര മേഖലയിലെയും കൂലിവ്യവസ്ഥ വൈരുദ്ധ്യാത്മകത ജനിപ്പിക്കുന്ന വിധമാണ് ഇന്ന് നിലവിലുള്ളത്. വയൽ പണികളായ ഉഴവ്, ഞാറ്നടൽ, കൊയ്ത്ത്, മെതികളപറിക്കൽ, രാസവള/കീടനാശിനി പ്രയോഗം എന്നിവയ്ക്ക് പ്രതിദിനം പുരുഷന്മാർക്കും സ്ത്രീകൾക്കും യഥാക്രമം. 55/- രൂപയും 45 /-രൂപയുമാണ് നിലവിലുള്ള കൂലിനിരക്ക്. രാവിലെ 8 മുതൽ 1 മണിവരെയുള്ള കൃഷിപ്പണിയുടെ സേവന നിലവാരം പൊതുവെ തൃപ്തികരമല്ല. കാർഷിക മേഖലയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂലി നിരക്ക് പൊതുവെ കുറവാണ്. കാർഷികേതര മേഖലയിൽ ഇന്നുള്ള കൂലിനിരക്ക് പ്രതിദിനം 75-100 രൂപവരെയാണ്. ഇത് മൂലം കൃഷിപ്പണിക്ക് വേണ്ടത്ര തൊഴിലാളികളെ വേണ്ട സമയത്ത് കിട്ടാനുള്ള ബുദ്ധിമുട്ടും നിലവിലുണ്ട്. കാർഷിക മേഖല ആകർഷകമാക്കാൻ കർഷകരും കാർഷികത്തൊഴിലാളികളും തമ്മിൽ സൗഹാർദ്ദപരമായ അന്തരീക്ഷം അനിവാര്യമാണ്.

## ഉൽപന്നവിലയും വിപണനവും

തൂണേരി പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികളോ, ചന്തകളോ ഇന്ന് നിലവിലില്ല. വിപണനത്തിനായി പൊതുവെ 20.കി.മി ദൂരത്തുള്ള വടകര മാർക്കറ്റിനെയാണ് ആശ്രിയിക്കുന്നത്. അടക്ക, കുരുമുളക്, എന്നിവയുടെ വിപണനത്തിനായി 4 - 4.5 കി.മീ. അകലെയുള്ള കല്ലാത്തി മാർക്കറ്റിനെയും ആശ്രയിക്കുന്നു. തേങ്ങ ഭൂരിഭാഗവും ഉണ്ട കൊപ്രയാക്കിയാണ് (ബോഡ്) വിപണനം നടത്തുന്നത്. വിപണന കേന്ദ്രവും, സംസ്ക്കരണ കേന്ദ്രവും, ഈ പഞ്ചായത്തിലില്ലാത്തതിനാൽ കടത്തുകൂലി ഇനത്തിലും ഉൽപാദകന് ഗണ്യമായ തുക ചെലവിടേണ്ടിവരുന്നുണ്ട്.

## കാർഷികബന്ധങ്ങൾ

ഈ പഞ്ചായത്തിലെ മൊത്തം കാർഷിക കുടുംബങ്ങളുടെ എണ്ണം 5400 ആണ്. അതിൽ 90 ശതമാനവും നാമമാത്ര കർഷകരും ചെറുകിട കർഷകരുമാണ് - 5 ഏക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ള 13 കർഷരും ഉണ്ട്. പഞ്ചായത്തിലെ പ്രതിശീർഷ കാർഷികഭൂമിയുടെ വിസ്തീർണം 25 സെന്റ് മാത്രമെ വരുന്നുള്ളൂ. സംസ്ഥാന ശരാശരിയെക്കാൾ കുറവാണിത് ജനസംഖ്യാ വർദ്ധനവും, പാർപ്പിട പ്രശ്നങ്ങളും ഏറ്റവും ആദ്യം ബാധിക്കുന്നത്. കൃഷിഭൂമിയുടെ വിതരണത്തെയാണ്. തുണ്ട് തുണ്ടാക്കിപെടുന്ന കൃഷിഭൂമിയിൽ സംഘടിത കൃഷി നടപ്പിലാക്കാനും, കർഷകതൊഴിലാളികളുടെ അഭാവം മൂലമുണ്ടാകാവുന്ന ബുന്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. വൻകിടകൃഷിക്കാർക്കാകട്ടെ ഇന്നത്തെ സാമ്പത്തിക സാമൂഹിക പരിതസ്ഥിതിയിൽ കാർഷികമേഖല അനാകർഷകവുമാണ്. സ്വന്തമായി കൃഷിചെയ്യുന്ന കർഷകരുടെ എണ്ണം ഈ പഞ്ചായത്തിൽ 10 ശതമാനം മാത്രമെ വരുന്നുള്ളൂ. കർഷകതൊഴിലാളികൾ മൊത്തം കർഷക ജനസംഖ്യയിൽ 70 ശതമാനം ഉണ്ട്. പണ്ട് കാലങ്ങളിൽ നിലനിന്ന് പോന്ന രീതിയിലുള്ള ബന്ധം കർഷക-കർഷക തൊഴിലാളികളും തമ്മിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

## നടപ്പുപദ്ധതിയുടെ അവലോകനം

1995-96 വർഷത്തിൽ തൂണേരി പഞ്ചായത്തിൽ താഴേ പറയുന്ന പദ്ധതികൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

1. നെൽകൃഷിക്ക് ഉൽപാദന സഹായം നൽകൽ

നെൽകൃഷിക്ക് പ്രോത്സാഹനമായി ഏക്കറിന് 100 രൂപ വീതം 3 സീസണുകളിലും സഹായ ധനമായി നൽകി വരുന്നു. പരമാവധി 750/- വരെ ഒരു വർഷം കർഷകന് നൽകുന്നു. ഈതുക അപര്യാപ്തമാണ്.

11. സമഗ്ര നാളികേര വികസന പദ്ധതി

കുറഞ്ഞാൽ 30 സെന്റ് എങ്കിലും കൈവശഭൂമിയുള്ള കൃഷിക്കാർക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ കിണർ കുഴിക്കാൻ, പമ്പ് സെറ്റ് വാങ്ങുന്നതിനും വേണ്ടി 2500 മുതൽ 5000 വരെ ധനസഹായം നല്കുന്നു. 20 സെന്റ് ഭൂമിയുള്ള കൃഷിക്കാരനും ആനുകൂല്യം ലഭിക്കണം.

സസ്യസംരക്ഷണം പ്രവർത്തനങ്ങൾക്ക് വേണ്ടി റോക്കർ സ്പെയറുകൾ 50% സബ്സിഡിയിൽ (പരമാവധി ഒന്നിന് നൂറ് രൂപ) വിതരണം ചെയ്യുന്നു.

തെങ്ങു കയറ്റ തൊഴിലാളികൾക്ക് പ്രയാസം നേരിടുന്ന പ്രദേശങ്ങളിൽ കുറഞ്ഞ കൃഷി ഭൂമിയുള്ള കർഷകർക്ക് സ്വന്തമായി തേങ്ങയിടുന്നതിന് തെങ്ങ് കയറ്റ ഉപകരണം പ്രചരിപ്പിക്കുവാനും പരമാവധി 500ക വീതം സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

മലബാർ പ്രദേശങ്ങളിൽ കാറ്റുവീഴ്ച രോഗമുള്ള പ്രദേശത്ത് നിന്നും തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നേടുന്നതിനും തെങ്ങ് ഒന്നിന് സഹായ ധനമായി 500ക നൽകി വരുന്നു.

പൊതുജലസേചന സൗകര്യം ഏർപ്പെടുത്തുവാനായി പൊതുകിണർ, ടാങ്ക്, പമ്പ് ഹൗസ്, പൈപ്പ് ലൈൻ, ഇവ സ്ഥാപിക്കുവാൻ പൊതു മരാമത്തു നിശ്ചയിക്കുന്ന തുകയുടെ 85% വരെ സർക്കാർ ധനസഹായമായി നൽകുന്നു. 15% തുക കർഷകരുടെ പങ്കാളിത്തം മൂലം സംഘടിപ്പിച്ച് പണി പൂർത്തികരിക്കേണ്ടിയിരിക്കുന്നു.

തെങ്ങുകൃഷിയിൽ ജൈവവളത്തിന്റെ ഉപയോഗം കൂട്ടി മണ്ണിന്റെ ഫലപുഷ്ടി വീണ്ടെടുക്കുന്നതിനായി പച്ചില വളവിത്ത് കിലോഗ്രാമിന് 3രൂപ പ്രകാരം സബ്സിഡി അനുവദിക്കണം. 1,2,3. വർഷം വരെ സൗജന്യമായി വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കണം.

30 സെന്റ് കൈവശഭൂമിയുള്ള പട്ടിക ജാതി വർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് കിണർ കുഴിച്ച് ജലസേചനം നടത്തുന്നതിനായി പരാമാവധി 10,000 രൂപവരെ ധനസഹായം അനുവദിക്കുന്നു. 50% നിർബന്ധമായും ലോൺ എടുക്കണമെന്നും RAIDCO വിൽ നിന്നും മാത്രം പമ്പ് സെറ്റ് വാങ്ങാവൂ എന്ന നിബന്ധനയും എടുത്തുക

ഉയേണ്ടതാണ്. കർഷകരുടെ സൗകര്യാർത്ഥം എല്ലാ അംഗീകൃത വ്യാപാരികളിൽ നിന്നും വാങ്ങാൻ അവസരം ഉണ്ടാക്കണം. 20 സെന്റ് ഭൂമിയുള്ള പട്ടികജാതി വർഗ്ഗക്കാർക്കും ആനുകൂല്യം ലഭ്യമാക്കണം. സംയോജിത സുഗന്ധവിള വികസന പരിപാടി.

III കുരുമുളക്-വിസ്തൃത് വ്യാപന പദ്ധതി.

കുരുമുളക് തെങ്ങിൽ തോപ്പിൽ ഇടവിളയായോ തനി വിളയായോ കൂടുതൽ സ്ഥലത്ത് വ്യാപിക്കുന്നതിന് തുടർച്ചയായി 3 വർഷം വരെ, നടീൻ വസ്തുകൾ, ജൈവവളങ്ങൾ, കുമ്മായം, രാസവളങ്ങൾ, താങ്ങുകാൽ എന്നിവയ്ക്ക് ധന സഹായം നൽകിവരുന്നു. ഒന്നാം വർഷം 50% രണ്ടാംവർഷം 20% മൂന്നാം വർഷം 25% എന്ന ക്രമത്തിലാണ് ധനസഹായം നൽകുന്നത്. 11/2 ഏക്കർ സ്ഥലത്തായി 2 പ്ലോട്ടുകൾക്ക് ധനസഹായം നൽകിവരുന്നു. കുടുതൽ പ്രദേശത്ത് ഇതിന്റെ പ്രയോജനം കിട്ടുന്നവിധം പദ്ധതികൾ വേണം 50 തടം വള്ളിക്ക് ഒരു പ്ലോട്ടാക്കി ധനസഹായം അനുവദിക്കും.

**കുരുമുളക് ഡെമോൻസ്ട്രേഷൻ പദ്ധതി.**

അത്യുൽപാദന ശേഷി ഉള്ളതും പുതുതായി വികസിപ്പിച്ചെടുത്തതുമായ ഇനങ്ങളുടെ പ്രാദേശിക അനുയോജ്യത മനസ്സിലാക്കുവാനും മറ്റു കർഷകർക്ക് പരിചയപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ട് ചുരുങ്ങിയത് 50 തടം കൃഷിചെയ്യാവുന്ന കർഷകർക്ക് ഉൽപാദനഉപാദികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 3 വർഷംവരെ ആനുകൂല്യം തുടർച്ചയായി നല്കിവരുന്നു. ഓരോവാർഡിലും പ്ലോട്ടുകൾ അനുവദിക്കണം.

**ദ്രുതവാട്ടത്തിനെതിരെയുള്ള തീവ്രയത്നപരിപാടി.**

കുരുമുളക് കൃഷിയുടെ ശാപമായി മാറിയ ദ്രുതവാട്ടമെന്ന കുമുൾ രോഗത്തെ തടയാനുള്ള പ്രതിരോധ നടപടികൾ നടത്തിവരുന്നു. കാലവർഷ ആരംഭത്തോടു തന്നെ വള്ളിതടത്തിൻ കോപ്പർഓക്സി ക്ലോറൈഡി എന്ന കുമിൾ നാശിനി കലക്കിതടം കുതിർക്കാനും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം ഉണ്ടാക്കി വള്ളി മുഴുവൻ തളിക്കുന്നതിനുമായി ആവിശ്യമുള്ള കുമിൾ നാശിനിയുടെ പകുതിഭാഗം സർക്കാറിൽ നിന്ന് കർഷകർക്ക് അനുവദിക്കുകയും ബാക്കി ഭാഗം കർഷരുടെ വിഹിതമായി സ്വന്തം ചെലവിൽ ചെയ്ത് പൂർത്തിയാക്കാനുമാണ്. ഈ പദ്ധതി കഴിഞ്ഞ മൂന്ന് വർഷമായി 10 ഹെക്ടർ സ്ഥലത്ത്പരിപാടി നടപ്പിലാക്കി വരുന്നു.

**ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവയുടെ പ്രദർശന തോട്ട പദ്ധതി**

25 സെന്റ് സ്ഥലത്ത് പ്രദർശന തോട്ടം നടപ്പിലാക്കുന്നതിന് ഉൽപാദന ഉപാദികൾക്ക് സഹായം അനുവദിക്കുകയും, വിത്ത് സംഭരിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യാനും ഉദ്ദേശിച്ചുള്ള പരിപാടി.

**ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിസ്തൃത വ്യാപന പദ്ധതി**

ഇഞ്ചി, മഞ്ഞൾ, എന്നീ വിളകൾ കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിന് ഉൽപാദന ഉപാദികൾക്ക് ധനസഹയം നല്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് ഈ വർഷം 1 ഹെക്ടർ സ്ഥലത്ത് മഞ്ഞൾ. 5 ഹെക്ടർ സ്ഥലത്ത് ഇഞ്ചിയും കൃഷിചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

**നെൽകൃഷി**

കരപ്രദേശത്ത് കൃഷിചെയ്യുന്ന നെൽ വിത്തുകൾ ശേഖരിച്ച് പഞ്ചായത്തിലെ ഓരൊ വർഡിലും 25 വീതം കൃഷിക്കാർക്ക് കൃഷി ഭവൻ മുഖേന ശേഖരിച്ച് എത്തിക്കുക.

**അടുക്കളതോട്ടം.**

ഓരോവാർഡിലും 50 വീതം വീട്ടമ്മമാരെ ഉൾകൊള്ളിച്ചുകൊണ്ട് പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകികൊണ്ട് അടുക്കളതോട്ടം നിർമ്മിക്കുക. അവിശ്യമായ വിത്തും സാമ്പത്തിക സഹായങ്ങളും നൽകുക.

**ജാതിക്ക – പ്രദർശനത്തോട്ടപരിപാടി**

ഈ പദ്ധതി പ്രകാരം 25 സെന്റ് സ്ഥലത്ത് സർക്കാരിൽ നിന്നും ലഭിച്ച നടീൻ വസ്തുക്കൾ നൽകുകയും 3 വർഷം വരെ പരിചരണച്ചെലവ് സഹായധനമാ നൽകുന്നു.

**കാർഷിക മേഖലയിൽ യുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി.**

കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിച്ച് കാർഷിക വൃത്തിയുമായി തുടർന്നുപോകുന്നതിന് യുവാക്കൾക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ ആരംഭിച്ച ഈ പദ്ധതിയിൽ 75 പേർ രജിസ്റ്റർ ചെയ്യുകയും 69 പേർ അംഗത്വം നേടുകയും ചെയ്തു. അംഗങ്ങൾക്കായി താഴെ പറയുന്ന പരിപാടികൾക്ക് സഹായധനം നല്കുന്നു.

a) പശുവളർത്തുന്ന 2 അംഗങ്ങൾക്ക് കാലിത്തൊഴുത്തിന് സഹായം അനുവദിക്കുന്നു.

b) പശുവളർത്തുന്ന 3 അംഗങ്ങൾക്ക് കറവപാത്രങ്ങൾ വാങ്ങുന്നതിന് സഹായ ധനം നല്കുന്നു.

c) പാൽ ദൂരെയുള്ള സൊസൈറ്റികളിൽ കൊണ്ടുപോയി വിതരണം നടത്തുന്നതിനായി ഒരംഗത്തിന് സൈക്കിളും ക്യാനും വാങ്ങുവാൻ സഹായം നല്കുന്നു.

**കണിക ജലസേചന പദ്ധതി**

ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കാര്യക്ഷമമായ വിധം തെങ്ങും മറ്റുവിളകളും നനക്കുന്നതിന് വേണ്ടി രൂപ കൽപ്പന ചെയ്തിട്ടുള്ള ഈ പരിപാടിയനുസരിച്ച് 50% വരെ ധനസഹായം കർഷകർക്ക് നല്കുന്നു.

**പട്ടികജാതിക്കാർക്ക് പച്ചക്കറി കൃഷിയിൽ പ്രോത്സാഹനം**

ഈ പഞ്ചായത്തിലെ 50 പട്ടിക ജാതിയിൽപെട്ട കുടുംബാംഗങ്ങൾക്ക് പച്ചക്കറി വിത്തുകളും വളവും സൗജന്യമായി വിതരണം ചെയ്ത് പച്ചക്കറി കൃഷി ചെയ്യാനുള്ള സാങ്കേതിക സാമ്പത്തിക സഹായം നൽകി വരുന്നു. പലർക്കും സ്ഥലപരിമിതിമൂലം വിജയകരമായി

നടപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്.

**പുഷ്പകൃഷി വികസന പരിപാടി**

പുഷ്പകൃഷിയിൽ കർഷകർക്ക് പ്രോത്സാഹനം നൽകാനായി 25 സെന്റ് കുറ്റിമുല്ല, ജമന്തി, റോസ്, ഗ്ലോസിയോലസ്, ട്യൂബ്റോസ് മറ്റ് അലങ്കാര ഇലച്ചെടികൾ എന്നിവ കൃഷിചെയ്യുന്നതിന് 50% വരെ ധനസഹായം നല്കുന്ന ഈ പദ്ധതി ഈ വർഷം മുതൽ നടപ്പാക്കി വരുന്നു.

**മണ്ണുപരിശോധന**

കർഷകരുടെ കൃഷിഭൂമിയിൽ നിന്നുള്ള മണ്ണു പരിശോധിച്ച് അതിന്റെയടിസ്ഥാനത്തിൽ വേണ്ട അളവിൽ മാത്രം വളപ്രയോഗം നടത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പരിപാടിയാണിത്. എന്നാൽ വേണ്ടത്ര പ്രചാരവും ജനപങ്കാളിത്തവും ഇല്ലാത്തതിനാൽ ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി കൈവരിക്കാനായിട്ടില്ല. രാസവസ്തു പ്രയോഗത്തെപ്പറ്റി കൃഷിക്കാരെ ബോധവാൻമാരാക്കുക.

**ജൈവള വികസന പിരിപാടി**

ഗ്രാമ പ്രദേശങ്ങളിൽ ജൈവവളത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊടുക്കാനും. കമ്പോസ്റ്റ് നിർമാണം പ്രോത്സാഹിപ്പിക്കാനുമാണീ പരിപാടി ലക്ഷ്യമിട്ടിട്ടുള്ളത്.

കമ്പോസ്റ്റ് നിർമ്മാണത്തിന് ഇന്ന് അനുവദിക്കുന്ന ആനുകൂല്യം തുലോം കുറവാണ്. കൂടാതെ ജീവാണുവളത്തിന്റെ പ്രദർശനത്തോട്ടം നടത്തുക വഴി ഈ മേഖലയിലെ നൂതന ആവിഷ്കാരങ്ങൾ പ്രയോഗത്തിൽ വരുത്താനും സഹായിക്കുകയും ഇതിനായി ആനുകൂല്യം നൽകുകയും ചെയ്യുന്നു. പ്രാദേശിക കർഷക സമിതികളുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി നടപ്പാക്കേണ്ട ഈ പദ്ധതിക്ക് ഉദ്ദേശിച്ച സഹകരണം ലഭിക്കാറില്ല.

ഇന്ന് നൽകുന്ന സബ്സിഡി തുക തീരെ കുറവാണ്. പ്രാദേശികമായ കൂലിചെലവ് പരിഗണിച്ച് 150 ക.യെങ്കിലും ധനസഹായം അനുവദിക്കണം.

വിളമത്സരങ്ങൾ നടത്തി കർഷകരിൽ ആവേശവും മത്സരബുദ്ധിയും സൃഷ്ടിക്കുക വഴി കൃഷിക്ക് മാന്യത കൊടുക്കാൻ കൂടി ഉദ്ദേശിച്ചുള്ള ഈ പദ്ധതി പ്രകാരം പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, കുരുമുളക്, സമഗ്രകൃഷി എന്നിവയിലാണ് മത്സരം നടത്തുന്നത്. പഞ്ചായത്തിലെ മികച്ച കർഷകന് 500/ രൂപയാണ് സമ്മാനം പ്രദേശികമായി മേൽപറഞ്ഞ മേഖലയിൽ മികച്ച കർഷകനെ കണ്ടെത്താൻ കഴിയാത്ത അവസ്ഥ സംജാതമാകാറുണ്ട്. സമ്മാനത്തുക വർദ്ധിച്ച് മത്സരബുദ്ധി വളർത്തുകയാൽ ഉയർന്ന ഉൽപാദനം നമുക്ക് കൊയ്തെടുക്കാൻ കഴിയും.

**വിള ഇൻഷൂറൻസ് പദ്ധതി**

25 വിളകൾക്ക് ഇൻഷൂറൻസ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഓരോ വിളകൾക്കും നാമമാത്രമായ പ്രീമിയവും നിശ്ചയിച്ചിരിക്കുന്നു. പഞ്ചായത്തിൽ 100 കർഷകർ മാത്രമാണ് ഇൻഷൂർ ചെയ്തിട്ടുള്ളത് രോഗകീടബാധമൂലം വിള നഷ്ടത്തിന് ഈ ആനുകൂല്യം ബാധകമാകാത്തത് കർഷകർക്ക് ഈ പദ്ധതിയിൽ ഉദ്ദേശിച്ച താൽപര്യം കണ്ടുവരുന്നില്ല.

വിള ഇൻഷൂറൻസിൽ കൃഷിക്കാരുടെ പ്രീമിയം ഒഴിവാക്കി ഈ സംഖ്യ സർക്കാർ തന്നെ അടക്കാനുള്ള ഏർപ്പാട് ചെയ്യണം. രോഗബാധമൂലം നശിക്കുന്ന എല്ലാ കൃഷിയിനങ്ങൾക്കും ഇൻഷൂറൻസ് ആനുകൂല്യം ലഭ്യമാക്കണം

കവുങ്ങിന് മഹാളി രോഗത്തിനെതിരായി വ്യാപകമായി മരുന്ന് തളിനടത്തുന്നതിനായി 50 ശതമാനം നിരക്കിൽ ബോർമിച്ചർ ഉണ്ടാക്കാനുള്ള മരുന്നുകൾ നൽകി വരുന്നു. മരുന്ന് തളിക്കാനുള്ള സ്ക്വാഡ് രൂപീകരിക്കുകയും, മരുന്ന് തളിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിശീലിപ്പിച്ച് കൃഷിഭവന്റെ നേതൃത്വത്തിൽ നടത്തുകയും അതിന്റെ ചെലവും നൽകുകയാണെങ്കിൽ ഫലപ്രദമായി ഈ പരിപാടി നടപ്പിൽ വരുത്താൻ കഴിയും.

**പ്രശ്നങ്ങൾ.**

1. കാർഷിക മേഖലയിൽ പുതിയ തലമുറ ആകർഷകരവു കൃഷിക്കും കർഷകനും സമൂഹത്തിൽ ഇന്നും മാന്യത കൈവന്നിട്ടില്ല.

2. പഞ്ചായത്തിൽ അമ്പത്കളിൽ ഉണ്ടായിരിക്കുന്ന നെൽകൃഷി 90% ഇല്ലാതായിരിക്കുന്നതു മൂലമുള്ള ഭക്ഷ്യപ്രശ്നങ്ങളും പരിതസ്ഥിതിപ്രശ്നങ്ങളും.

3. തുണ്ടുതുണ്ടാകുന്ന കൃഷിയിടങ്ങളിൽ യന്ത്രവൽക്കരണം നടപ്പാക്കാനാവാത്ത അവസ്ഥ

4. പഞ്ചായത്തിലെ 1-2 വാർഡുകളിലെ ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും മണ്ണിടിച്ചിൽ മൂലമുള്ള ഭീഷണി.

5. ജൈവവളങ്ങളും, രാസവളങ്ങളും വേണ്ടത്ര അളവിൽ ഉപയോഗിക്കുന്നല്ല.

6. ഇടവിള കൃഷികളുടെ അഭാവം.

7. മണ്ണ്/ജലസംരക്ഷണപ്രവർത്തനങ്ങൾ നടക്കുന്നില്ല.

8. രോഗ കീടങ്ങൾക്ക് എതിരെ വേണ്ടത്ര പരിചരണം ലഭിക്കുന്നില്ല.

9. വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ചെറുകിട കൃഷിക്കാർക്കുള്ള ബുദ്ധിമുട്ടുകൾ വായ്പ ദുരുപയോഗപ്പെടുത്തൽ.

10. കർഷകതൊഴിലാളികളെ വേണ്ട സമയത്ത് തന്നെ കിട്ടാതിരിക്കൽ.

11. ഉയർന്ന പ്രദേശങ്ങളിലെ ജലക്ഷാമം.

12. കാര്യക്ഷമമല്ലാത്ത കനാൽ സംവിധാനം

13 കൃഷിഭവന്റെ പ്രവർത്തനങ്ങൾ ഫലവത്തല്ലാത്ത അവസ്ഥ

14. കൃഷിക്കാരിലും കർഷകരിലുള്ള അരക്ഷിതബോധം

15. ഉൽപാദനോപാദികൾ തക്കസമയത്ത് ലഭ്യമാകാത്ത

സ്ഥിതി വിശേഷം

16. മിക്ക കൃഷിയിലും ഉല്പാദനക്ഷമതകുറഞ്ഞ പ്രശ്നം

17. ജലസേചന സൗകര്യത്തിലുള്ള അപര്യാപ്ത.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കാർഷിക വികസന സമിതിക്ക് കാര്യമായ പങ്ക്വഹിക്കാനുണ് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പോലും പലപ്പോഴും യോഗങ്ങളിൽ സജീവമായി പങ്കെടുത്ത് പദ്ധതി നടത്തിപ്പിന്റെ നേട്ട കോട്ടയിൽ ചൂണ്ടികാണക്കപ്പെടുകയും വിലയിരുത്തുകയും ചെയ്യുവാൻ ശ്രദ്ധിച്ചു കാണുന്നില്ല ഈ വീഴ്ചപരിഹരിക്കപ്പെടുക തന്നെ വേണം. തെങ്ങ് കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനും പങ്കാളിത്തത്തിനുമായി വാർഡ് തോറും കേര സംരക്ഷണ സമിതികളും നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിങ് കൂട്ടുകൃഷിപ്രോൽസാഹിപ്പിക്കാനും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാനുമായി പാട ശേഖര സമിതികളും നിലവിലുണ്ടായിരുന്നു. അതുപോലെ കുരുമുളക് രൃഷിയുടെ ദ്രുതവാട്ട രോഗത്തിനുള്ള പ്രതിരോധ നടപ്പിലാക്കാനായി പഞ്ചായത്തുകൾ തോറും കൃഷിഭവന്റെ മേൽനോട്ടത്തിൽ കുരുമുളക് സംരക്ഷണ സമിതികളും പ്രവർത്തിച്ചിരുന്നു പ്രാരംഭ ഘട്ടത്തിലുണ്ടായിരുന്ന വീറും വാശിയും ഉത്സാഹവും ഓന്നും ഇവയുടെ പിന്നിലുള്ള പ്രവർത്തനങ്ങളിൽ കണ്ടില്ല. പ്രതിഫലേച്ഛകൂടാതെ സന്നദ്ധ സേവനത്തിൽ നമ്മുടെ പ്രദേശത്തെ കർഷകർ പ്രത്യേകിച്ച് യുവാക്കൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമെ മേൽ പറഞ്ഞ സമിതികളുടെ ലക്ഷ്യം പൂർത്തികരിക്കപ്പെടുകയുള്ളൂ എന്ന അനുഭവങ്ങൾ വ്യക്തമാക്കുന്നു. മാറിവരുന്ന സാഹചര്യത്തിൽ ഈ പറഞ്ഞ സമിതികളെ ഏകോപിച്ച് പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതികളുടെ മേൽ നോട്ടം വഹിക്കാം. ഇന്ന് കർഷകർക്കിടയിൽ ഈ പ്രവർത്തനങ്ങൾക്കെല്ലാം ഒരു സർക്കാർ പരിപാടിയുടെ പരിവേഷമാണ് ഉള്ളത്. എന്നാൽ ഈ പ്രവർത്തന ജനകീയപരിപാടികളാണെന്ന ബോധം വളർത്താൻ കഴിയാഞ്ഞാൽ ഒരു വീഴ്ചയാണ് ജനപ്രതിനിധികൾ ഈ സമിതികളുടെ രക്ഷാധികാരികളായിക്കൊണ്ട് ഈ പ്രവർത്തനം ശക്തിപ്പെടുത്തുന്ന പക്ഷം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തിയും വർദ്ധിപ്പിക്കാൻ കഴിയും അതുപോലെ പ്രവർത്തനത്തിനായി സർക്കാറിൽ നിന്നും വാർഷിക ഗ്രാന്റ് ഏർപ്പെടുത്തി സമിതികൾക്ക് സാമ്പത്തിക സഹായവും നൽകാവുന്നതാണ് ഈ ഫണ്ട് നൽകുന്നത് കൃഷിഭവനും പഞ്ചായത്ത് ഭരണസമിതികളും അടങ്ങുന്ന ഗ്രൂപ്പിന്റെ നിഷ്പക്ഷ വിലയിരുത്തലിന് ശേഷം അർഹതപ്പെടുന്നുവെങ്കിൽ മാത്രമാകാവുന്നതാണ് കൃഷ് ഭവനിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ അതാത് പ്രദേശത്ത് കർഷകർക്ക് വിതരണം നടത്തുവാൻ ഇത്തരത്തിലുള്ള സമിതികളെ ചുമതലപ്പെടുത്താവുന്നതാണ്.

## സാധ്യതകൾ

തൂണേരിപഞ്ചായത്തിൽ 1950 കളിലുണ്ടായിരുന്ന നെൽവയലുകൾ 500-ാംളം ഹെക്ടർകളായിരുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിന്റ വിസ്തീർണ്ണം കേവലം 75 ഹെക്ടർ ആയി ചുരുങ്ങിയിരിക്കുന്നു. ഇന്നത്തെ സ്ഥിതി തുടർന്ന് പോകുന്ന പക്ഷം 10.15 വർഷത്തിനികം നെൽകൃഷി ഈ പഞ്ചായത്തിൽ നിന്നും തീർത്തും തുടച്ചു മാറ്റപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല എന്നും കാണുന്നു ഇത് ഒട്ടും അനുവദിച്ചുകൂടാത്തതാണ് കാരണം വയലുകൾ നികത്തിയതും തുടർന്ന് കൊണ്ടിരിക്കുന്നതു വഴി പ്രത്യക്ഷത്തിൽ ഭക്ഷ്യ പ്രശ്നം സങ്കീർണമാകുന്ന എന്നത് കൂടാനും പരോക്ഷമായി പരിസ്ഥിതിയെ മണ്ണൊലിപ്പിനെയും ഭൂഗർഭജല സ്രോതസ്സുകളും ബാധിക്കുന്നു പരിസ്ഥിതി സംതുലനം നില നിൽക്കുന്ന (ജലചാക്രകരണം (Whater gate) ത്തിലെ സുപ്രധാന കണ്ണിയാണ്. നമ്മുടെ നെൽവയലുകളും സ്വാഭാവിക ജലസ്രോതസ്സുകളുള്ളു. ഇത് നികത്തപ്പെടുന്ന പക്ഷം ജലത്തിന് ഊർനിറങ്ങാനുള്ള പ്രദേശങ്ങൾ നഷ്ടപ്പെടുകയും ലഭിക്കുന്ന മഴവെള്ളത്തിൽ മൺതരികൾ പൂർവ്വാധികം ശക്തിയോടെ കടലിലും കായലിലും പുഴകളിലും അടിഞ്ഞു കൂടുന്നു. പ്രളയത്തിന്റെ രൂക്ഷത എല്ലാവർഷവും കനത്ത നാശ നഷ്ടം വരുത്തി വെക്കാനും കാരണമാകുന്നു അതിനാൽ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുക എന്നതിലുപരി നെൽകൃഷിസംരക്ഷണമായിരിക്കണം നമ്മുടെ ഭാവിച്ചുമതല. നെൽകൃഷിയിൽ ആവശ്യം വേണ്ടിവരുന്ന അമിതമായ കൂലിചെലവും എന്നാൽ ഉൽപന്നത്തിന് അതേ അളവിൽ തിരിച്ചു കിട്ടാത്ത വിലയും പരിഗണിച്ച് ഉൽപ്പാദനത്തെ ആശ്വാസ സംവിധാനം എത്തിച്ചാലെ ഇന്നുള്ള അവസ്ഥയിലെങ്കിലും നെൽകൃഷി സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാവൂ. അതിനായി ഉപഭോക്താവിന് പൊതു വിതരണ ശൃംഗലവഴി നാമമാത്ര സബ്സിഡി ഒഴിവാക്കി യഥാർത്ഥ ഉൽപാദകന് / കർഷകന് തന്നെ പ്രാദേശികമായുണ്ടാകുന്ന കൃഷി ചെലവിന്റെ പകുതി തുകയെങ്കിലും സബ്സിഡിയായി നൽകാൻ പദ്ധതി ഉണ്ടാവണം. ഇന്നുള്ള ഉത്പാദന ബോണസായി നൽകുന്നത്. കൃഷി ചെലവിന്റെ പകുതി തുക എന്ന രീതി ഉയർത്തണം. പാട ശേഖര സമിതികളെ ജനകീയമായി പുനരുദ്ധീകരിപ്പിക്കുകയും പ്രവർത്തനം സജ്ജമാക്കുകയും വേണം. അഗ്രോ ക്ലിനിക്കുകൾ ശക്തമാക്കി കർഷകന്റെ വയലുകളിൽ വെച്ച് രോഗ കീട നിയന്ത്രണ പ്രവർത്തനം സജ്ജമാക്കുകയും വേണം. നിലവിലുള്ള വയൽ വീണ്ടും നികത്തുന്നത് പ്രാദേശികമായി ചെറുക്കുക തന്നെ വേണം. അന്യായമായ ഭൂവില തടയുന്നതിന് പഞ്ചായത്തുകൾ യുക്തമായ നടപടി എടുക്കണം. ഇതുവഴി പാർപ്പിടത്തിനായി വയൽ നികത്തുന്നത് ഒരു പരിധിവരെ തടയാൻ കഴിയും. ഗൾഫ് പണത്തിന്റെ അതിപ്രസരം ഈ മേഖലയിൽ നിലനിൽക്കുന്നത് തടഞ്ഞ് ക്രിയാത്മകമായി ചെലവിടാൻ മാർഗം തേടണം. വിത്തു ചേരുവ വർദ്ധിപ്പിക്കാനായി ....... നിലങ്ങളിൽ പച്ചക്കറി, മധുരകിഴങ്ങ്, പച്ചിലവളം, പയർ, ഇവയുടെ പഞ്ചായത്തിലെ പ്രധാന കൃഷിയായ തെങ്ങിനെയാണ് 99% കർഷകരും വരുമാനമാർഗമായി ആശ്രയിക്കുന്നത്. തെങ്ങു കൃഷിയിൽനിന്നും ഉൽപാദനം വർദ്ധിപ്പിക്കുകയും ജലസേചനം എല്ലായി

ടത്തും ഉറപ്പ് വരുത്തണം. മണ്ണ് ജല സംരക്ഷണം നടപ്പാക്കുകയും ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കാനും കഴിയും ജലസേചന ഉറപ്പ് വരുത്തുന്നത് വഴിമാത്രം തെങ്ങിൽ ഒന്നും ഉൽപാദനം ഇരട്ടിയാക്കാമെന്നു കണ്ടിരുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇന്നുള്ള വറ്റാത്ത കുളങ്ങൾ പ്രത്യേകിച്ച് വേറ്റുമ്മൽ പാറക്കുളം, തോട്ടോഴിതാഴ വയൽകുളം 9-ാം വാർഡിലെ ആച്ചുകുളം, 7-ാം വാർഡിലെ പുതിയോട്ടിൽ കുളം, നുകണ്ടി താഴെ വയൽ കുളം, കുനമ്പുഴകുളം, 6-ാം വാഡിലെ പനോളാണ്ടി 4 സെന്റ് കോളനിയിലെ കുളം 5ാം വാർഡിലെ ഇറിഗേഷൻരെ വകയായുള്ള നെല്ലിയേരി കുളം, ചിറവക്കത്ത്കുളം എന്നിവ ജലസേചനത്തിനു ഉപയോഗപ്പെടുത്താൻ കഴിയും. ഇന്ന് നിലവിലുള്ള ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി ഇതിനു ഉപയോഗിക്കാവുന്നതാണു. കുറ്റ്യേറിതാഴ മുതൽ ചാലോടുവരെയുള്ള തോട് ആഴം കൂടിയാൽ കൃഷിക്ക് ഉപയോഗപ്പെടുത്താൻ കഴിയും. കൂടാതെ 6ാം വാർഡിൽ കൂടി കടന്നു പോകുന്ന ബ്രാഞ്ച് കനാലിൽ വരൾച്ചകാലത്ത് വെള്ളം കിട്ടിയാൽ ഈ പ്രദേശങ്ങളിൽ തെങ്ങുകൃഷിയും, പച്ചക്കറികൃഷിയും അഭിവൃദ്ധിപ്പെടുത്താൻ കഴിയും. ഇപ്പോൾ നടപ്പിലാക്കി വരുന്ന സമഗ്ര നാളികേര വികസന പദ്ധതിയിലെ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിയുമായി സമന്വയിപ്പിച്ചു ഇതു നടപ്പാക്കാവുന്നതാണ്.

വെള്ളിയോടു ഇല്ലം മുതൽ പറപ്പട്ടോളി താഴവരെയുള്ള പ്രദേശത്തേക്ക് ഉപയോഗ്യമാകും വിധം പുതുതായി ചിർപ്പുകൾ സ്ഥാപിച്ച് ജലസേചനം കാര്യക്ഷമമാക്കിയിൽ ആ പ്രദേശങ്ങളിൽ നെല്ല് ഉൽപാദനം ഇന്നുള്ളതിന്റെ ഇരട്ടിയാക്കാവുന്നതും 15 ഹെക്ടറിൽ പച്ചക്കറി കൃഷി വിപുലമായി നടത്താനും കഴിയും.

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനു 2ാം വാർഡിലെ ഏറ്റവും ഉയർന്ന ഭാഗമായ "തേർക്കുന്നു" പ്രദേശത്ത് ടാങ്ക് കെട്ടി, മയ്യഴിപ്പുഴയിൽ നിന്നുള്ള വെള്ളം ശേഖരിച്ച് പമ്പിങ്ങ് ഏർപ്പെടുത്താവുന്നതാണു. 3ാം വാർഡിൽ വറ്റാത്ത കുളങ്ങളോ കനാൽ സൗകര്യമോ ഇല്ല. രൂക്ഷമായ ജലക്ഷാമം നേരിടാൻ മയ്യഴിപ്പുഴയിൽ കിണർ ആഴത്തിൽ കുഴിച്ച് വെള്ളം കക്കം വെള്ളി കുന്നുമ്മൽ സ്ഥാപിക്കുന്ന ടാങ്കിൽ സംഭരിച്ച് പമ്പിങ്ങ് സംവിധാം ഏർപ്പെടുത്തിയാൽ നാണ്യവിളകൾ വർദ്ധിക്കുന്നതോടൊപ്പം പച്ചക്കറികൃഷിയും നടത്താവുന്നതാണു 4ാം വാർഡിലും, 5ാം വാർഡിലും 9ാം വാർഡിനു ഇടയിലുള്ള അയ്യോത്ത കണ്ടിതാഴതോടിനു ബണ്ട് കെട്ടിയാൽ നെൽകൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. 7ാം വാർഡിലെ കൊയമ്പ്രത്ത് ചീപ്പ് റിപ്പയർ ചെയ്യുകയും, പലകയിട്ട് വെള്ളം ശേഖരിക്കുകയും കുരുമ്പേരി താഴ ഭാഗത്തും, ആയാടത്തിൽ താഴയും കൈത്തോടു ഉണ്ടാക്കുകയും ചെയ്താൽ ചിറ്റങ്ങാറി വയൽ, മാണിക്കോത്ത് വയൽ, ആമ്പ്രവയൽ എന്നിവിടങ്ങളിൽ 50 ഏക്കർ നെൽകൃഷി ചെയ്യാവുന്നതാണ്.

കണ്ണോത്ത് കണ്ടി വെള്ളിയോടുതാഴ ചീപ്പുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സംവിധാനം പഞ്ചായത്ത് തലത്തിൽ നടപ്പാക്കണം. പുത്തൻ പുരയിൽ ഭാഗത്ത് ജലസംഭരണി കെട്ടി (7ാം വാർഡ്) കല്ലാറപ്പുഴയിൽ നിന്നും കുനമ്പുഴ കുളത്തിനു ആഴവും വീതിയും കൂട്ടി പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തി 250 ഏക്കർ സ്ഥലത്ത് തെങ്ങ്, മറ്റു ഇടവിളകൾ, പച്ചക്കറി ഇവ നനക്കാൻ സാധിക്കുന്നതാണ്.

അറക്കൽ, കൂടത്തിൽ ഭാഗത്ത് ഉപ്പ് വെള്ളം കയറുന്നതു തടയാൻ ചെക്ക് ഡാമുകൾ സ്ഥാപിക്കണം. 2ാം വാർഡിലും, 1ാം വാർഡിലും മണ്ണിടിഞ്ഞ് കൃഷി നഷ്ടം കുറക്കുന്നതിനു, ഭിത്തികൾ കെട്ടി മണ്ണ് സംരക്ഷിക്കേണ്ടതാണു.

കൃഷിഭവന്റെയും പഞ്ചായത്തിന്റെയും മേൽ നോട്ടത്തിൽ ഒരു ആഗ്രോ സർവ്വീസ്സ് സൊസൈറ്റി രൂപീകരിക്കുകയും ഇതിന്റെ നടത്തിപ്പിന്നായി തെരഞ്ഞെടുക്കുന്ന 2-3പേരുടെ സേവനം ലഭ്യമാക്കുകയും, കൃഷി ഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാനും സഹായിക്കും. സൊസൈറ്റിയുമായി ബന്ധപ്പെടുത്തി പണി ആയുധങ്ങൾ യന്ത്രോപകരണങ്ങൾ ഇവവാങ്ങി സൂക്ഷിക്കാനും, പായ, കൂട്ട വടി എന്നിവ നിർമ്മിക്കാനും ഇതു പണിപുരയായും ഉപയോഗിക്കാനും സാധിക്കും. വാടക ഫർണിച്ചർ എന്നിവക്കുള്ള ഗ്രാന്റ് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കണം.

യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാനും, കർഷകതൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാനായി പവർടില്ലർ അനുവദിക്കുക.

ഉൽപാദന ക്ഷമതകൂടിയ നെല്ലിനങ്ങളുടെ പ്രാദേശിക അനുയോജ്യത മനസ്സിലാക്കാനായി കർഷകരുടെ വയലുകളിൽ ടയൽ പ്ലോട്ടുകൾ സംഘടിപ്പിച്ച് അനുയോജ്യമായ ഇനങ്ങൾ കണ്ടെത്തി കൃഷി ചെയ്യാനുള്ള നടപടികളുണ്ടാക്കുക.

8ാം വാർഡിൽ ലക്ഷം വീട് കോളനിയിൽ ടാങ്ക് കെട്ടി വാരിയം കുളത്തിൽ നിന്നുള്ള വെള്ളം ഉപയോഗപ്പെടുത്തി പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തിയാൽ വാർഡിലെ നല്ലൊരു ഭാഗം പ്രദേശത്ത് നനക്കാവുന്നതാണു. പാണകുന്നുമ്മൽ ഭാഗത്ത് ടാങ്ക് കെട്ടിപുതുക്കുടി ഭാഗത്ത് ഒതിയോത്ത് കുളത്തിലെ വെള്ളം ഉപയോഗപ്പെടുത്തി ജലസേചനസൗകര്യം മെച്ചപ്പെടുത്തുവാൻ കഴിയും. ഈ പദ്ധതികളിലെതെങ്കിലും ഒന്നു നടപ്പാക്കാനായി ഇപ്പോൾ കൃഷിവകുപ്പ് നടപ്പാക്കുന്ന സമഗ്ര ജലസേചന പദ്ധതിയുടെ വിഹിതം ഉപയോഗപ്പെടുത്താവുന്നതാണ്. ഇന്നുള്ള വ്യവസ്ഥകളിൽ നിന്നു വ്യത്യസ്ഥമായി പ്രദേശികമായ കൂലിച്ചെലവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന എസ്റ്റിമേറ്റിന്റെ 85% സബ്സിഡി അനുവദിക്കാനുള്ള നടപടി വേണം.

ജലസേചനം ലഭിക്കുന്ന പക്ഷം കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിയും. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വെള്ളം കിട്ടാതെ തരിശായി ഇട്ട ഭൂമികളിൽ കൃഷിചെയ്യാൻ സാധിക്കുന്നതാണു.

തെങ്ങിൽ നിന്നുള്ള ഉൽപാദനം ശരാശരി 25-30 തേങ്ങയാണു എന്നു കണക്കാക്കപ്പെടുന്നു. ഇതു സംസ്ഥാന ശരാശരിയേക്കാൾ കുറവാണു. തെങ്ങ് മുഖ്യ വിളയായി കണക്കിലെടുത്ത് കൊണ്ടു പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കാൻ താഴെകാണുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടിരിക്കുന്നു.

എല്ലാവാർഡുതോറും സ്ക്വാഡുകൾ രൂപീകരിക്കുകയും ജനങ്ങളുടെ സഹകരണത്തോടെ കൃഷിഭവന്റെ മേൽ നോട്ടത്തിൽ മണ്ണു പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുകയും വേണം.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഗ്രാമീണ കമ്പോസ്റ്റ് ഉണ്ടാക്കുകയും അതുവഴി പരിസരമലിനീകരണം തടയാനും, ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കാനും കഴിയും. കമ്പോസ്റ്റ് കുഴി നിർമ്മാണത്തിനു പ്രോത്സാഹനമായി 150 ക എങ്കിലും കർഷകർക്ക് ആനുകൂല്യമായി നൽകണം.

പരമ്പരാഗതമായി കൃഷിചെയ്തു വന്നിരുന്നതും ഇന്നു തീർത്തും പ്രചാരത്തിലില്ലാത്തതുമായ കിഴങ്ങ്, ധാന്യവർഗത്തിൽപെട്ട മുത്താറി, പച്ചക്കറികൾ പയർവർഗങ്ങൾ വാഴ ഇവ ഇടവിളയായി കൃഷിചെയ്യാൻ ആവശ്യമായ നടീൻ വസ്തുക്കളും യഥാസമയം കൃഷി ഭവൻ മുഖേന കർഷകർക്ക് വിതരണം ചെയ്ത് പ്രോത്സാഹിപ്പിക്കുക. ഇതിന്നായി പ്രാദേശികമായി വിത്തുല്പാദനം പ്ലോട്ടുകളും സംഘടിപ്പിച്ച് നടത്താവുന്നതാണു. 2-3 വർഷത്തേക്ക് എല്ലാകർഷകരുടെയും തെങ്ങ് ഇൻഷൂർ ചെയ്യാനുള്ള നടപടി പഞ്ചായത്ത് ഏറ്റെടുക്കുക. അതുവഴി കർഷകർക്കുണ്ടാകുന്ന നഷ്ടം ഇൻഷുറൻസ് പദ്ധതിയിൽ നിന്നും നൽകാൻ കഴിയും ഇതുമൂലം കൃഷി നാശത്തിൽ നിന്നുണ്ടാകുന്ന കർഷകരുടെ അരക്ഷിതാവസ്ഥ നീക്കാൻ കഴിയും. കർഷക തൊഴിലാളികൾക്ക് ജോലിക്കിടയിൽ വന്നുസംഭവിക്കാവുന്ന സാമ്പത്തികനഷ്ടവും ബുദ്ധിമുട്ടും ഒഴിവാക്കാൻ കർഷകതൊഴിലാളികളെ ഇൻഷൂർ പ്രീമിയം അവർജോലിചെയ്യുന്ന കർഷകരിൽ നിന്ന്, ഭൂഉടമകളിൽനിന്നും പഞ്ചായത്ത് ഈടാക്കുന്ന നികുതിയോടൊപ്പം വസൂലാക്കാവുന്നതാണു. ഇതുവഴി കർഷകനും, കർഷകതൊഴിലാളികൾക്കുമിടയിൽ കണ്ടുവരുന്ന അരക്ഷിതാവസ്ഥ ഇല്ലാതാകാനും, ഇവർ തമ്മിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ സംവിധാനം നിലനിൽക്കുന്നു എന്ന തോന്നലുണ്ടാവും. രാഷ്ട്രീയ വൈരത്താൽ കൃഷി നശിപ്പിക്കുന്നതു നിരുത്സാഹപ്പെടുത്തുകയും, അത്തരം പ്രവർത്തനം നടത്തുന്നവരെ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്താനുള്ള പ്രവർത്തനവും നടത്തേണ്ടതാണ്.

കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം സർക്കാർ സംവിധാനത്തിൽ ഉണ്ടാകാനും മറിച്ച് രാഷ്ട്രീയതലത്തില്ല പരിഹരിക്കപ്പെടുന്നതു എന്നു തോന്നലുണ്ടാക്കാനും ഇതു മൂലം കഴിയും.

വാഴകൃഷിക്ക് പ്രോത്സാഹനം നൽകാനായി വാർഡുകൾ തോറും 25 കൃഷിക്കാരനെങ്കിലും 50കന്നുകൾ വീതം നൽകണം. അതിനാവശ്യമായ നടീൻ വസ്തുക്കളും, നനക്കാൻ പമ്പ്സെറ്റും കൃഷിഭവൻ മുഖേന നൽകാനുള്ള ഏർപ്പാടു ഉണ്ടാക്കുക. 250 നേന്ത്രവാഴ കൃഷി ചെയ്യുന്ന കർഷകർക്ക് പഞ്ചായത്തിൽ നിന്നും പാരിതോഷികങ്ങൾ നൽകണം. മേൽപറഞ്ഞ കൃഷിക്കാർക്ക് മത്സരം സംഘടിപ്പിക്കാവുന്നതാണു.

അഞ്ചാം വാർഡിന്റെ പടിഞ്ഞാറുഭാഗത്ത്, വിവിധ വാർഡുകളിലും, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമായ തരിശുഭൂമികളിൽ സംഘടിതമായി പച്ചക്കറി പയർ വർഗങ്ങൾ, വാഴ ഇവ കൃഷി ചെയ്യാൻ നടപടികൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ഏറ്റെടുക്കുക.

ചെറുവട്ടായി ക്ഷേത്രത്തിനടുത്ത് ഏടക്കാടുതാഴ വയലിൽ വേള്ളരി കൃഷിക്ക് യോഗ്യമായ ഭൂമിയാണ്. അവിടെ കഴിഞ്ഞകാലങ്ങളിലെല്ലാം വെള്ളരിയും മറ്റ് പച്ചക്കറികളും ഉണ്ടാക്കുന്ന സ്ഥലമാണു പൂഴി സ്ഥലമായതു കൊണ്ടു വെള്ളേരികൃഷിക്ക് അനുയോജ്യമാണു. തടർന്നും അത് ഉണ്ടാകുന്നതിനു ആ പ്രദേശത്തിലെ വാർഡ് സമിതികൾ പ്രേരിപ്പിക്കണം.

ജൂൺ, ജൂലായി മാസങ്ങളിൽ കൃഷി ഭവന്റെ മേൽനോട്ടത്തിൽ പാട്ടത്തിനെടുത്ത സ്ഥലത്ത് പച്ചക്കറി വിത്തുൽപാതിപ്പിച്ച് നവംമ്പർ, ഡിസംബർ മാസങ്ങളിൽ ചെയ്യാൻ പരിപാടി തെയ്യാറാക്കാൻ കഴിയുന്നത്ര സംഘടിതകൃഷി പ്രോത്സാഹിപ്പിക്കുകയും കൃഷി ചെലവ് കുറച്ച് ലാഭം കൂടാനുള്ള നടപടികളെ പ്രോത്സാഹിപ്പിക്കുക.

കവുങ്ങിന്റെ മഹാളിരോഗത്തിന് കുരുമുളകിന്റെ ദ്രുതവാട്ടരോഗത്തിനുള്ള മരുന്നുതളിക്കായി കുരുമുളക് സംരക്ഷണ സമിതികളിലെ അംഗങ്ങളെ തെരഞ്ഞെടുത്ത് മരുന്നു തളി നടത്തുന്നതിനുള്ള സംവിധാനം ചെയ്യുക. ഇതിനുള്ള കൂലി ചിലവും, പഞ്ചായത്തിൽ നിന്നു വഹിക്കുക. കൃഷിഭവനിൽ ഇപ്പോഴുള്ള പ്രവർത്തന രഹിതമായ 3 സ്പെയറുകളും ലേലം ചെയ്യുകയും പുതുതായി 5 റോക്കർ സ്പെയർ വാങ്ങുക. രോഗം വന്നതും പ്രായാധിക്യത്താൽ ഉൽപാദന ക്ഷത ഇല്ലാത്തതുമായ വള്ളികൾ മാറ്റി പുതിയ ഇനങ്ങൾ നടാൻ പരിപാടി ഇടുക.

പഞ്ചായത്തിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ തീരെ ഏറ്റെടുക്കുന്നില്ല. മണ്ണൊലിപ്പ്, അതുമൂലമുണ്ടാകുന്ന കാർഷിക പ്രശ്നങ്ങളും രൂക്ഷമായി വരുന്നു. മണ്ണു സംരക്ഷണ പ്രവർത്തനങ്ങളായ ഭൂമിതട്ടുതിരിക്കൽ, കയ്യാലകെട്ടൽ, പുൽകൃഷി, കുളങ്ങൾ കുഴിക്കൽ തുടങ്ങിയവർക്ക് ചിലവിന്റെ പകുതിവരെ ധനസഹായം നൽകാവുന്നതാണു. ഇതുമൂലം മണ്ണു, ഭൂഗർഭജല സ്രോതസ്സ് നല്ലൊരു അളവ് വരെ സംരക്ഷിക്കാനം, വർദ്ധിപ്പിക്കാനും കഴിയും.

ഇഞ്ചി, മഞ്ഞൾ, വെറ്റില, പച്ചക്കറികൾ എന്നീ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും അതുവഴി ജൈവവളത്തിന്റെ ഉപയോഗം ഇന്നു ഉള്ളതിന്റെ പതിന്മടങ്ങ് വർദ്ധിപ്പിക്കാനുള്ള പരിപാടികൾക്ക് മുൻതൂക്കം നൽകുകയും, ചെറുകുളങ്ങൾ, വിൽകിണറുകൾ എന്നിവ കുഴിക്കുന്നതിനുള്ള പരിപാടികൾക്ക് പ്രോത്സാഹനം നൽകു

കയും ചെയ്യണം. ഇതുവഴി മണ്ണിലെ ജലസംഭരണശേഷി വർദ്ധിപ്പിച്ച് ഭൂഗർഭജല സ്രോതസ്സ് ഉയർത്താൻ കഴിയും.

ഉൽപാദന ക്ഷമത കൂടുന്നതിനു നിർദ്ദിഷ്ട അളവിൽ ജൈവവളങ്ങൾക്കൊപ്പം രാസവളങ്ങളും അത്യാവശ്യമാണു. ഈ പഞ്ചായത്തിൽ രാസവളഡിപ്പോകളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവിടുത്തെ കർഷകരുടെ രാസവള ഉപഭോഗത്തെ ബാധിക്കുന്ന പ്രശ്നമാകയാൽ രാസവളഡിപ്പോ തുറന്നു പ്രവർത്തിപ്പിക്കാൻ മുൻകൈ എടുക്കണം.

മാർക്കറ്റിംങ്ങ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കാൻ നടപടി തുടങ്ങുകയും, ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകർക്ക് ഉൽപന്നങ്ങൾ വിറ്റവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യണം ഉൽപ്പന്നങ്ങൾ ദൂരെയുള്ള മാർക്കറ്റിൽ കൊണ്ടുപോയി വിൽകാനുള്ള സൗകര്യത്തിനായി വാഹനവും സൊസൈറ്റിക്ക് നൽകണം.

കൃഷിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു സാമ്പത്തിക സഹായം കിട്ടുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ ലഘൂകരിക്കാൻ സർക്കാർ തലത്തിൽ നടപടി എടുക്കാൻ ബന്ധപ്പെട്ട കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

**മൺതരം**

മുടവന്തേരി

മയ്യഴിപ്പുഴ – മണ്ണിടിച്ചൽ ഉണ്ടാകുന്നു

മണക്കടവ് – കുന്നിൽ പ്രദേശം (തേർകുന്നു)

4 മാസം ഉപ്പ് വെള്ളം നിരപ്പിൽ നിന്നു ഏകദേശം 100 അടികയറ്റം

മൺതരം – വെട്ടുകൽമണ്ണ് – കളിമണ്ണുകലർന്നമണ്ണ് 25മീറ്റർ ഉയരം വെട്ടുങ്കൽ മണ്ണ്

മുടവന്തേരി ചെറിപ്പോളിമുക്ക് – വെട്ടുങ്കൽ പ്രദേശം

ഓലചീയൽ രോഗം, കാറ്റുവാഴ്ച രോഗം

വയൽ നികത്തിയ പ്രദേശം. വയൽ മണ്ണു + വട്ടുങ്കൽ

ചാത്തൻ കണ്ടിമുക്ക് കനാൽ അവസാനിക്കുന്ന ഭാഗം പൊതുവെ ആരോഗ്യം കുറഞ്ഞതും രോഗം ബാധിച്ചതും

മുടവന്തേരി പള്ളി പ്രദേശം– കാട്ടുപന്നിയുടെ ശല്യം

പാറോൽപാറ – വറ്റാത്ത കുളം. മാർച്ച് ഏപ്രിൽ മാസങ്ങളിൽ വെള്ളം കിട്ടുന്നില്ല.

പാറകപ്പടി കലർന്ന മണ്ണു. കാച്ച്യത്തറമൽ

തൂണേരി – തച്ചനാണ്ടിത്താഴ – വയൽനികത്തിയ സ്ഥലം മണൽ കലർന്ന പശിമ മണ്ണ്. മണൽ കലർന്ന പശിമമണ്ണ് – വാഴകൃഷി, പച്ചക്കറി, പയർ ഇവയാകാം.

വെള്ളൂർ – വയൽ, വാഴ, പച്ചക്കറി മണൽകലർന്ന വയൽപ്രദേശം, തെങ്ങുകൃഷി

മുടപ്പിലായിതാഴ – വെട്ടുകൽ മണ്ണു. മരച്ചീനി, വാഴ, തെങ്ങ്, വാഴ, തെങ്ങ്.

മഞ്ചക്കണ്ടി താഴ – വയൽ നികത്തിയ സ്ഥലം

മരച്ചീനി, വാഴ, തെങ്ങ്.

വേങ്ങേലിതാഴ വയൽ – ഭൂരിഭാഗവും വയൽ നികത്തി. പാറപ്പട്ടോളി തോട് – കനാൽ, കൈത്തോടുതാഴെ നിട്ടമ്പ്രത്ത് താഴ 50 ഏക്കർ വയൽ.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു കാർഷിക വികസനസമിതികൾക്ക് കാര്യമായ പങ്കുവഹിക്കാനുണ്ടു. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പോലും പലപ്പോഴും യോഗങ്ങളിൽ സജീവമായി പങ്കെടുത്തു പദ്ധതി നടത്തിപ്പിന്റെ നേട്ടകോട്ടങ്ങൾ ചൂണ്ടിക്കാട്ടുകയും വിലയിരുത്തുകയും ചെയ്യുവാൻ ശ്രദ്ധിച്ചുകാണുന്നില്ല. ഈ വീഴ്ച പരിഹരിക്കപ്പെടുകതന്നെ വേണം. തെങ്ങു കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിന്ന്, പങ്കാളിത്തത്തിനുമായി വാർഡുതോറും "കേര സംരക്ഷണ സമിതി"കളും, നെൽകൃഷിയാൽ ഗ്രൂപ്പി ഫാമിങ്ങ് (കൂട്ടുകൃഷി) പ്രോത്സാഹിപ്പിക്കാനും, പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാനുമായി "പാടശേഖര സമിതികളും നിലവിലുണ്ടായിരുന്നു. അതുപോലെ കുരുമുളക് കൃഷിയുടെ ദ്രുതവാട്ടരോഗത്തിനുള്ള പ്രതിരോധ നടപടി നടപ്പിലാക്കാനായി പഞ്ചായത്തുകൾ തോറും കൃഷിഭവന്റെ നേതൃത്വത്തിൽ കുരുമുളക് സംരക്ഷണസമിതികളും പ്രവർത്തിച്ചിരുന്നു. പ്രാരംഭഘട്ടത്തിലുണ്ടായിരുന്ന വാശിയും, ഉത്സാഹവും ഒന്നും ഇവയുടെ പിന്നിലുള്ള പ്രവർത്തനങ്ങളിൽ കണ്ടില്ല. പ്രതിഫലേഛ കൂടാതെ സന്നദ്ധ സേവനത്തിനു നമ്മുടെ പ്രദേശത്തെ കർഷകർ പ്രത്യേകിച്ച് യുവാക്കൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമെ മേൽ പറഞ്ഞ സമിതികളുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ. എന്നു അനുഭവങ്ങൾ വ്യക്തമാക്കുന്നു. മാറിവരുന്ന സാഹചര്യത്തിൽ ഈ പറഞ്ഞ സമിതികളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതികൂടി മേൽനോട്ടം വഹിക്കണം. ഇന്നു കർഷകർക്കിടയിൽ ഈ പ്രവർത്തനങ്ങൾക്കെല്ലാം, ഒരു സർക്കാർ പരിപാടിയുടെ പരിവേഷമാണുള്ളത് – എന്നാൽ ഈ പ്രവർത്തനങ്ങൾ ജനകീയപരിപാടികളാണെന്ന ബോധം വളർത്താൻ കഴിയാതെപോയത് ഒരു വീഴ്ചയാണു. ജനപ്രതിനിധികൾ ഈ സമിതികളുടെ രക്ഷാധികാരികളായികൊണ്ടു ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന പക്ഷം ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തിയും വർദ്ധിപ്പിക്കാൻ കഴിയും. അതുപോലെ പ്രവർത്തനത്തിനായി സർക്കാറിൽ നിന്നും വാർഷികഗ്രന്റും ഏർപ്പെടുത്തി സമിതികൾക്ക് സാമ്പത്തിക സഹായവും നൽകാവുന്നതാണ്. ഈ ഫണ്ട് നൽകുന്നത് കൃഷിഭവനും, പഞ്ചായത്ത് ഭരണ സമിതിയും അടങ്ങുന്ന ഗ്രൂപ്പിന്റെ നിഷ്പക്ഷ വിലയിരുത്തലിനുശേഷം അർഹതപ്പെടുന്നവെങ്കിൽ മാത്രമാകാവുന്നതാണു. കൃഷിഭവനിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ അതാത് പ്രദേശത്ത് കർഷകർക്ക് വിതരണം നടത്തുവാൻ ഇത്തരത്തിലുള്ള സമിതികളെ ചുമതലപ്പെടുത്താവുന്നതുമാണു.

✠

316

# മൃഗസംരക്ഷണം

കേരളത്തിൽ മൃഗസംരക്ഷണ മേഖലയിൽ അനന്യൂതമായ വളർച്ച ഉണ്ടായിട്ടുണ്ട്. അത് നമ്മുടെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% വും ഗ്രാമ പ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ അധികവും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. ഒരു കാലത്ത് കൃഷിക്കാരന്റെ അഭിമാന ചിഹ്നമായിരുന്നു നല്ലയിനം കന്നുകാലികൾ. മൃഗപരിപാലനത്തെ എക്കാലത്തും നമ്മുടെ കൃഷിക്കാർ വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്.

1982 മുതൽ പശുക്കൾ ഉൾപ്പെടെയുള്ള നമ്മുടെ കന്നുകാലിസമ്പത്തിന്റെ വർദ്ധന ഗണ്യമായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ മൃഗസംരക്ഷണരംഗത്ത് പ്രധാനമായും പാലിന്റെ ഉത്പാദനത്തിലും ഉപഭോഗത്തിലും നല്ലവളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷീരവിപണന രംഗത്തുണ്ടായ ഘടനാപരമായ മാറ്റങ്ങളും ശ്രദ്ധേയമാണ്. എന്നാൽ ഇന്ന് കേരളത്തിൽ അഭ്യസ്ഥവിദ്യരായ ചെറുപ്പാക്കാർ ഈ രംഗത്ത് കടന്നുവരാൻ മടിക്കുന്നു. ഹ്രസ്വവും ദീർഘവുമായ കാലങ്ങളിൽ പുതിയ വായ്പകൾ നൽകുന്നതിൽ ബാങ്കുകൾ താലപര്യക്കുറവ് കാണിക്കുന്നു. ഗുണമേന്മയുള്ള നല്ല തരം കാലികളെ ആവശ്യത്തിന് ലഭിക്കുന്നില്ല. തീറ്റപുൽകൃഷി വേണ്ടത്ര അഭിവൃദ്ധിപ്രാപിച്ചിട്ടില്ല.

കാലിതീറ്റ ഉത്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത വളരെ കുറവാണ്. കാലിത്തീറ്റ ഉത്പാദനരംഗത്ത് ഗ്രാമീണ ജനത കടന്നു വരുവാൻ മടികാണിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ നാം പരിഹരിക്കേണ്ടിയിരിക്കുന്നു.

## നടപ്പ് പദ്ധതികൾ

1) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് ഇത്. എന്നാൽ ഇതിന്റെ പ്രയോജനം ഭൂരിപക്ഷ ഗ്രാമീണ ജനതയ്ക്കും ലഭിച്ചിട്ടില്ല. നല്ലയിനം ബീജസങ്കലനത്തിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ല. മൃഗാശുപത്രിയിൽ അതുനുള്ള പ്രവർത്തനങ്ങളും നടക്കാറില്ല. പശുക്കളുടെ ബീജസങ്കലന സന്ദർഭത്തിൽ അവയെ മൃഗാശുപത്രിയിൽ എത്തിക്കാൻ കൃഷിക്കാർക്ക് സാധിക്കുന്നില്ല. ഇതിന്റെ പ്രധാനകാരണം പഞ്ചായത്തിലെ ഗതാഗത സൗകര്യകുറവാണ്. ആശുപത്രിയിൽ എത്തിയാൽ തന്നെ ആവശ്യമായ സേവനമോ പരിചരണമോ ലഭ്യമാക്കാനുള്ള സൗകര്യക്കുറവുണ്ട്. മൃഗഡോക്ടറുടെയും വിദഗ്ധരുടെയും സേവനങ്ങൾ ആവശ്യത്തിന് ലഭ്യമാക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തണം.

പേ വിഷബാധ ഗ്രാമ പ്രദേശങ്ങളിൽ വളരെയധികം അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. അടുത്തകാലത്തായ് അലഞ്ഞുതിരിയുന്ന പട്ടികളുടെ എണ്ണം ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഇവയെ നശിപ്പിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തിൽ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പേവിഷത്തിനുള്ള വാക്സിൻ സർക്കാർ മൃഗാശുപത്രിയിൽ ലഭ്യമാക്കണം. വാക്സിനുകൾ സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. സംസ്ഥാനതല പേവിഷ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

കന്നുകാലികളെയും കോഴികളെയും പ്രതികൂലമായി ബാധിക്കുന്ന കുളമ്പുരോഗം, കാലിവസന്ത എന്നിവയെ നിയന്ത്രിക്കാനുള്ള പ്രതിരോധകുത്തിവെപ്പുകൾ ഇപ്പോൾ സാർവ്വത്രികമായി നടപ്പിലാക്കിയിട്ടില്ല. എല്ലാ ഗ്രാമപ്രദേശങ്ങളിലും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ നല്ലയിനം കോഴികളുടെ ദൗർലഭ്യം വളരെ ശ്രദ്ധേയമാണ്. ആവശ്യത്തിനനുസരിച്ച് കോഴിവളർത്ത് യൂനിറ്റുകൾ വർദ്ധിക്കുന്നില്ല. കർഷകർക്കാവശ്യമായ പരിശീലനമോ വിജ്ഞാനമോ ലഭിക്കുവാനുള്ള സൗകര്യം വളരെ കുറവാണ്.

മൃഗസംരക്ഷണമേഖലയിൽ വിദഗ്ധന്മാരുടെ സേവനം ഉപയോഗപ്പെടുത്തി നല്ലയിനം മൃഗങ്ങളെ വളർത്താനും ക്ഷീരോത്പ്പാദന രംഗത്ത് പുരോഗതി കൈവരിക്കാനുള്ള പാതിയിലേക്ക് ഗ്രാമപഞ്ചായത്തുകളെ നമുക്ക് നയിക്കാം.

നമ്മുടെ പഞ്ചായത്തിലെ ചെറിയൊരു ശതമാനം ആൾക്കാരുടെ മുഖ്യതൊഴിലും അമ്പത് ശതമാനത്തിലധികം ജനങ്ങളുടെ ഉപതൊഴിലുമാണ് കന്നുകാലി വളർത്തൽ. കാളകളെ വളർത്തുന്നത് മുഖ്യതൊഴിലായി സ്വീകരിച്ചിരുന്നവർ ഇന്ന് ആ രംഗത്തുനിന്നും നാമവശേഷമായിരിക്കുന്നു. കാളവണ്ടികൾ ഇപ്പോൾ ഈ പഞ്ചായത്തിൽ തീരെ ഇല്ല. നാലോ അഞ്ചോ കാളകളെ വളർത്തി ഉഴുത്തുനടത്തുന്നവർ ഇപ്പോൾ ഉണ്ടെന്ന് പറയാം.

നാടൻ പശുക്കുളുടെ സ്ഥലത്ത് ഇപ്പോൾ കൂടുതലും കാണപ്പെടുന്നത് സങ്കരയിനം പശുക്കളാണ്. അവയെ ശാസ്ത്രീയമായ രീതിയിൽ വളർത്തി പരമാവധി ഉത്പാദനം ഉണ്ടാക്കാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. മിക്കവാറും വീടുകളിൽ പണ്ട്കാലത്ത് ഒന്നോ രണ്ടോ കോഴികളെയും വളർത്തിയിരുന്നു. ഇപ്പോൾ വളരെ കുറച്ചാളുകൾ മാത്രമാണ്. ഇതൊക്കെ തൊഴിലായി സ്വീകരിച്ചുവരുന്നവർ ഇല്ലെന്ന് തന്നെപറയാം. മുട്ടയുടെ ഉപഭോഗം കണക്കിലെടുക്കുമ്പോൾ ഒന്നോ

രണ്ടോ കോഴിവളർത്ത് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള എല്ലാ സാദ്ധ്യതകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇക്കാര്യത്തിൽ താല്പര്യമുള്ളവരും ഉണ്ട്. ആവശ്യമായ പരിശീലനം നല്കുന്നതിനുള്ള സംവിധാനം ഉണ്ടാകാൻ പഞ്ചായത്ത് മുൻകൈയെടുക്കുന്നത് ഏറെ ഉചിതമായിരിക്കും.

ഈ പഞ്ചായത്തിന്റെ ഒരു ഭാഗത്ത് ഒരു മൃഗാശുപത്രിയാണ് ഇപ്പോഴുള്ളത് ഒരു ഡോക്ടറുടെ സേവനം മാത്രമാണ് 4500 ഓളം കന്നുകാലികളുള്ള ഈ പഞ്ചായത്തിൽ ലഭിക്കുന്നത്. ഇത് തികച്ചും അപര്യാപ്തകമാണ്. അതുകൊണ്ട് ഒന്നിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും ഒഴിഞ്ഞുകിടക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തികയിൽ ആളെ നിയമിക്കാനും ഉള്ള നടപടികൾ എടുക്കണം. വേണ്ടത്ര വാഹന സൗകര്യമില്ലാത്ത നമ്മുടെ പഞ്ചായത്തിൽ കൃത്രിമ ബീജസംങ്കലനത്തിന് വേണ്ടി തൂണേരിയിലുള്ള ഏക ആശുപത്രി ആണ് ആശ്രയിക്കുന്നത്. ഇത് പലപ്പോഴും വേണ്ട സമയത്ത് ബീജസങ്കലനം നടത്താൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുന്നു. ഇതിനുള്ള ഏക പരിഹാരം രണ്ടോ മൂന്നോ വാർഡുകളെ കേന്ദ്രീകരിച്ച് സബ്ബ് സെന്ററുകൾ സ്ഥാപിക്കുകയാണ് സേവനത്തിന്റെ അപര്യാപ്തത പരിഹരിക്കാനുള്ള ഏറ്റവും അടിയന്തര നടപടി ഇപ്പോഴക്കെ മൃഗാശുപത്രിയിൽ ഒരു വാഹനം ലഭ്യമാക്കുക എന്നുള്ളതാണ്. പാലുൽപാദനത്തിന്റെ വർദ്ധനവിനും വളർത്തുപക്ഷികളുടെ ശരിയായ ആരോഗ്യത്തിനും പരിരക്ഷണത്തിനും ഈ ആവശ്യം നടപ്പിലാക്കേണ്ടത് അടിയന്തിര ആവശ്യമാണെന്ന് ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു.

പാലുൽപാദനം വാർദ്ധിച്ചാൽ തന്നെ അത് വേണ്ട വിധത്തിൽ വിപണനം ചെയ്യാനുള്ള സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല. ഈ സാഹചര്യം ഒരു പാൽ വിപണന സംഘത്തിന്റെ രൂപീകരണം അനിവാര്യമാക്കിതീർക്കുന്നു. അതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കന്നുകാലിവളർത്തലിനുള്ള രണ്ടാമത്തെ മുഖ്യപ്രശ്നം പോഷകാഹാരത്തിന്റെ അഭാവമാണ്. ഈ കുറവ്. പരിഹരിക്കാൻ പച്ച പുല്ലും കാലിത്തീറ്റയും ലഭ്യമാക്കാനാവശ്യമായ നടപടികൾക്ക് പഞ്ചായത്ത് മുൻകൈ എടുക്കുകയും താല്പര്യമുള്ളവർക്ക് പ്രോത്സാഹനം നൽകുകയും വേണം. നല്ലയിനം പുൽവിത്ത് വിതരണം, മാതൃകാകൃഷിതോട്ടങ്ങൾ കാലിത്തീറ്റ നിർമ്മാണ യൂനിറ്റിന്റെ ആരംഭം എന്നിവയിലൂടെ മേൽപറഞ്ഞ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

ശാസ്ത്രീയമായ കന്നുകാലി പരിപാലനത്തെക്കുറിച്ച് ഭൂരിഭാഗം ആളുകളും അജ്ഞരാണ് അതുകൊണ്ട് ആളുകളെ ബോധവാൻമാരാക്കാൻ ഇടയ്ക്കിടെ പഞ്ചായത്തിന്റെ നേതൃത്വത്തിലും മറ്റും സെമിനാറുകൾ നടത്തുന്നത് പ്രയോജന പ്രദമായിരിക്കും. നല്ലയിനം തൊഴുത്ത്, തൊഴുത്തിന്റെ ശുചിത്വം എന്നിവയെകുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല. തൊഴുത്ത് നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാകേണ്ടതുണ്ട്. ജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ ഫിലിം പ്രദർശനം, നല്ലയിനം പശുക്കളേയും കിടാരികളെയും വിതരണം ചെയ്യാൻ, ഈ രംഗത്ത് മികവ് പ്രകടിപ്പിക്കുന്നവർക്ക് സമ്മാനം നൽകൽ മുതലായവ പ്രയോജനപ്രദമായിരിക്കും.

സൗജന്യനിരക്കിലുള്ള ഇൻഷ്വറൻസ് കന്നുകാലി പ്രദർശനം മുതലായവയും ഈ രംഗത്തേക്ക് കൂടുതലാളുകളെ ആകർഷിക്കുന്നതിന് സഹായിക്കും.

ഒരു ഉപതൊഴിലെന്നനിലയിൽ ആടുവളർത്തൽ വളരെയെറെ ലാഭകരമാണ്. നല്ലയിനം ആടുകളെ നൽകിയും സാമ്പത്തിക സഹായം നൽകിയും ഇത് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

മൃഗസംരക്ഷണ രംഗത്ത് ഇന്ന് നൽകപ്പെടുന്ന സാമ്പത്തിക സഹായം നിലവിലുള്ള ചിലവുകളുമായി തട്ടിച്ചുനോക്കുമ്പോൾ നാമമാത്രമാണ്. അതുകൊണ്ട് മുടക്കേണ്ടിവരുന്ന തുകയുടെ പകുതിയെങ്കിലും ധനസഹായമായി നല്കുമെങ്കിലെ സാധാരണക്കാരായ ആളുകൾക്ക് പ്രയോജനം ലഭിക്കുകയുള്ളൂ എന്ന് ഞങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു.

അലഞ്ഞുതിരിയുന്ന തെരുവുപട്ടികളുടെ ശല്യം ഭീകരമാണ്. ഇക്കാര്യത്തിൽ നിരവധിതവണ നിവേദനങ്ങൾ നടത്തിയിട്ടും പഞ്ചായത്ത് തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. പേപ്പട്ടികളുടെ കടിയേറ്റ് വളർത്ത് മൃഗങ്ങൾ മരണമടഞ്ഞ ദാരുണ സംഭവങ്ങൾ നിരവധി തവണ ഉണ്ടായിട്ടും പഞ്ചായത്ത് ഇക്കാര്യത്തിൽ കാണിക്കുന്ന അനാസ്ഥ തികഞ്ഞ അപലപനീയമാണെന്ന് പറയാതിരിക്കാൻ വയ്യ.

നിലവിൽ മൃഗഡോക്ടറുടെയും ബന്ധപ്പെട്ടവരുടെയും സേവനം പ്രത്യേക സമയങ്ങളിൽ മാത്രം ലഭ്യമായിരിക്കുന്നത് പല പ്രായോഗിക വിഷമതകളും ഉണ്ടാക്കുന്നു. പ്രസവസമയവും രോഗസമയവും ഡോക്ടറുടെ സേവനം ലഭ്യമായ സമയത്തായിരിക്കണമെന്നില്ല. അതുകൊണ്ട് എല്ലായ്പ്പോഴും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന ഒരു സംവിധാനമുണ്ടായാൽ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്. അതൊടൊപ്പം ആശുപത്രിയിൽ വേണ്ടത്ര മരുന്നുകളും സൗകര്യങ്ങളും ഏർപ്പെടുത്തുക.

നമ്മുടെ പഞ്ചായത്തിൽ മാസംവില്പന നടത്തുന്നത് ശാസ്ത്രീയമായ രീതിയിലല്ല. മാംസത്തിന്റെ ഗുണം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യത്തിലേക്ക് അറക്കുന്നതിന് മുൻപ് മൃഗങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുന്ന സമ്പ്രദായം ഏർപ്പെടുത്തേണ്ടിയിരിക്കണം. വൃത്തിയുള്ള സ്ഥലത്ത് വെച്ച് അറവ് നടത്തുകയും സംസ്കരിച്ചെടുക്കുകയും വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. മാംസത്തിനു വേണ്ടി മൃഗങ്ങളെ വളർത്തുന്ന സ്വഭാവം ഇപ്പോഴില്ലെന്ന് തന്നെ പറയാം അതുകൊണ്ട് മുയൽ വളർത്തൽ, പന്നി വളർത്തൽ, ഇറച്ചികോഴി വളർത്തൽ, താറാവ് വളർത്തൽ മുതലായവ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

# ക്ഷീരവികസനം

1989 മുതൽ നമ്മുടെ പഞ്ചായത്തിൽ ഒരു ക്ഷീരവികസന ഓഫിസ് പ്രവർത്തിച്ചുവരുന്നു. അതിന് മുൻപ് എടച്ചേരി പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ക്ഷീരവികസന ഓഫീസിന്റെ പരിധിയിലായിരുന്നു അന്നും ഇന്നും നമ്മുടെ കർഷകരിൽ ബഹുഭൂരിഭാഗവും ഈ ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനത്തെക്കുറിച്ച് അജ്ഞരാണ്. ഈ ഓഫീസുകളുടെ സേവനത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ പ്രചരണം ലഭിക്കേണ്ടതാണ്.

കന്നുകാലി വളർത്തൽ കൂടുതൽ ലാഭകരമാക്കാനും പാലുൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാനും ക്ഷീരവികസന വകുപ്പ് പ്രത്യേക പരിപാടികളുണ്ട്. തീറ്റപുൽ വിത്ത് വിതരണം, മക്കച്ചോള വിതരണം, പയർവിത്ത് വിതരണം ധാതുലവണ മിശ്രിതങ്ങളുടെ വിതരണം മീനെണ്ണവിതരണം മുതലായവ കുറഞ്ഞനിരക്കിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്. പക്ഷെ ഇവ ജനങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന കാര്യം സംശയമാണ്. കഴിയുന്നത്ര വേഗത്തിൽ പുൽവിത്ത് പയർവിത്ത് മുതലായവ യഥാസമയം വിതരണം ചെയ്യുന്നില്ല എന്നത് ഒരു പോരായ്മയാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

താല്പര്യമുള്ള ക്ഷീര കർഷകർക്ക് (ഒരു വാർഡിൽ ഒരാൾക്കെങ്കിലും സൗജന്യമായി നിർമിച്ച് കൊടുക്കേണ്ടതാണ്) പോഷകാഹാരകുറവാണ് നമ്മുടെ ക്ഷീര വികസന രംഗത്തുള്ള മുഖ്യമായ തടസ്സം ഇത് പരിഹരിക്കേണ്ടതിലേക്ക് വൈക്കോൽ സംസ്കരണം പച്ചപ്പുൽ സംസ്കരണം മുതലായവയിൽ കുറച്ച് പേർക്കെങ്കിലും പരിശീലനം നൽകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പാലുൽപാദനത്തിന്റെ തോതനുസരിച്ചുള്ള ഉപഭോഗം കുറവാണ്. പാലിന്റെ ഉപഭോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കേണ്ടിയിരിക്കുന്നു. പാലിൽ നിന്നും ഉണ്ടാക്കാവുന്ന മറ്റ് പല ഉത്പന്നങ്ങളെകുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കേണ്ടതാണ്. തൊഴിലില്ലാത്തവരെ സംഘടിപ്പിച്ച് പാൽ സംസ്കരണ യൂനിറ്റും പാലിൽ നിന്നുള്ള മറ്റ് ഉൽപന്നങ്ങളുടെ യൂനിറ്റും ആരംഭിക്കാൻ പറ്റുന്ന സാഹചര്യം നമ്മുടെ പഞ്ചായത്തിലുണ്ട്.

പരമ്പരാഗതമായ രീതിയിലും ശാസ്ത്രീയമായ രീതിയിലും കന്നുകാലി വളർത്തുന്ന കർഷകരെ തിരഞ്ഞെടുത്ത് അവർക്ക് പ്രോത്സാഹനം നൽകുനാവും അവരുടെ അറിവുകൾ മറ്റുള്ളവർക്ക് നൽകുവാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ വേണ്ടത്ര പ്രചരണത്തോടെ സംഘടിപ്പിക്കേണ്ടതാണ്.

# മത്സ്യബന്ധനം

മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർ നമ്മുടെ പഞ്ചായത്തിലില്ലെന്ന് തന്നെ പറയാം. മത്സ്യവിപണനം ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ചെറിയൊരു ശതമാനം നമ്മുടെ പഞ്ചായത്തിലുണ്ട്. മൊത്തം 60 ഓളം പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ദിനം പ്രതി 20,000 ത്തോളം രൂപയുടെ മത്സ്യം ഇവിടെ വിറ്റഴിയുന്നുണ്ട്. തലശ്ശേരി വടകര എന്നീ ഭാഗങ്ങളിൽ നിന്നാണ് ഇവിടെ മത്സ്യം കൊണ്ട് വന്ന് വില്പന നടത്തുന്നത്. മുൻപ് കാല്നട തലചുമടായും കാവടികളിലാക്കിയുമാണ് മത്സ്യം വില്പന നടത്തിയിരുന്നത്. ഇന്നീ രംഗത്തേക്ക് സൈക്കിളുകൾ കടന്നുവന്നിട്ടുണ്ട്.

തൂണേരി അങ്ങാടിയിൽ മാത്രമാണ് ഒരു മത്സ്യമാർക്കറ്റുള്ളത് അത് പോരായ്മകൾ മാത്രമുള്ളതാണ്. അതുകുറച്ച് കൂടി അങ്ങാടിയിൽ നിന്ന് അകലെയായി ശാസ്ത്രീയമായ രീതിയിൽ നിർമിക്കേണ്ടത് ഈ ടൗണിന്റെ ശുചിത്വത്തിന് അത്യാവശ്യമാണ്. നല്ലയിനം മത്സ്യങ്ങൾ ലഭ്യമാക്കേണ്ട ആവശ്യത്തിലേക്ക് ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നല്കാനുള്ള നടപടികൾ സ്വീകരിക്കുക.

മത്സ്യം വളർത്താൻ സൗകര്യമുള്ള കുളങ്ങളും വയലുകളും ഈ പഞ്ചായത്തിൽ ലഭ്യമാണ്. ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള ആളുകൾക്ക് പരിശീലനം, സാമ്പത്തിക സഹായം സാങ്കേതിക സഹായം മുതലായവ ലഭ്യമാക്കാൻ ആവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

# വിദ്യാഭ്യാസം

ഈ ഗ്രാമ പഞ്ചായത്തിൽ ആകെ പത്ത് ഗ്രാമസഭകളാണുള്ളത്. സാമ്പത്തികപരമായും വിഭ്യാഭ്യാസപരമായും വളരെ അധികം പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമ പഞ്ചായത്താണിത്. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും, ചെറുകിട കർഷകരുമാണ്. വ്യാവസായികമായി യാതൊരു പുരോഗതിയും ഇല്ലാത്ത ഒരു ഗ്രാമ പഞ്ചായത്താണിത്.

സാക്ഷരതാപരിപാടി ഈ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടി ഫലപ്രദമായി നടത്താത്തതിന്റെ ഫലമായി നിരക്ഷരതയുടെ എണ്ണം കുറവല്ല. നിരക്ഷരരിൽ ഭൂരിഭാഗവും സ്ത്രീകളും മുസ്ലീം ജനവിഭാഗത്തിൽപെട്ടവരുമാണ്. തുടർ വിദ്യാഭ്യാസത്തിനുവേണ്ടി സ്ഥാപിച്ച് ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം ഫലപ്രദമല്ല.

തൂണേരി ഗ്രാമ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിഭ്യാഭ്യാസ സ്ഥാപനമാണ് ചാലപ്രം ചാലിയാ യു.പി.സ്കൂൾ. ഈ വിദ്യാഭ്യാസ സ്ഥാപനം ആപോലത്ത് 1912ലാണ് സ്ഥാപിച്ചത്. ആദ്യകാലത്ത് ഇത് അറിയപ്പെടിരുന്നത്. നെല്ലോളി എലിമെന്ററി സ്കൂൾ എന്ന പേരിലാണ്. ഇവിടെ നാലാം ക്ലാസ്സുവരെയേ ഉണ്ടായിരുന്നുള്ളൂ. പിൻക്കാലത്ത് ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 8ാം ക്ലാസ്സുവരെയുള്ള ഹയർ എലിമെന്ററി സ്കൂളാക്കി ഉയർത്തി സ്ഥാപിച്ചു.

ഈ സ്കൂൾ സ്ഥാപിക്കുവാൻ ഇടയാക്കിയ സാഹചര്യം ആപോലം പ്രദേശത്തെ പ്രശസ്ത വൈദ്യർ ആയിരുന്നു രാമൻ വൈദ്യർ ചികിത്സകഴിഞ്ഞ് മടങ്ങവേ നൂൽകൊണ്ട് പാവുചുറ്റുന്ന സ്ത്രീ എണ്ണി തിട്ടപ്പെടുത്തുമ്പോൾ പത്ത് വരെ എണ്ണിയിട്ടും അതിന് അപ്പുറത്ത് എണ്ണാൻ സാധിക്കാതെ സ്ത്രീ പത്ത് ഒന്ന്, പത്ത് രണ്ട്, പത്ത് മൂന്ന്, എന്ന് എണ്ണി തിട്ടപ്പെടുത്തുന്നത് വൈദ്യരോട് ഒപ്പമുണ്ടായിരുന്ന ശ്രീമാൻ ഇയ്യങ്കോട്ട് ശ്രീധരന്റെ പിതാവായിരുന്ന നാരായണക്കുറുപ്പ് ഏജന്റ് കുഞ്ഞിരാമനും കേൾക്കാൻ ഇടയായി. ആ സാഹചര്യത്തിൽ ഈ പ്രദേശത്ത ജനങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയെ പറ്റി ചർച്ച നടത്തുകയും അതിന്റെ ഫലമായി വൈദ്യർക്ക് ഒരു സ്കൂൾ സ്ഥാപിച്ചു കിട്ടുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ ഈ പ്രദേശത്ത് സാമൂഹ്യപ്രവർത്തകരുടേയും പൗരപ്രമുഖരുടേയും പരിശ്രമ ഫലമായിട്ടാണ് ഈ സ്കൂൾ സ്ഥാപിക്കാൻ ഇടയായത്.

തൂണേരി ഗ്രാമ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ഈ വിദ്യാഭ്യാസ സ്ഥാപനം ആപോലം പ്രദേശത്തെ വിദ്യാഭ്യാസമേഖലയിൽ അതിമഹനീയമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൂണേരി ഗ്രാമ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് ഏറ്റവും വളർച്ച പ്രാപിച്ച പ്രദേശമാണ് ആവോലം. ഇവിടെമറ്റ് ഏത് പ്രദേശത്തെക്കാളും ഉന്നതവിദ്യാഭ്യാസം നേടിയ ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞൻ എന്നിവർ വളർന്നു വന്നതിന്റെ അടിസ്ഥാന ശില ഈ സ്ഥാപനമാണെന്ന് പൊതുവെ ജനങ്ങൾ വിശ്വസിച്ചുവരുന്നു. ഇപ്പോൾ 1013 വിദ്യാർത്ഥികളും 33 അധ്യാപകരും ഉള്ള ഈ വിദ്യാലയം ഈ ഗ്രാമ പഞ്ചായത്തിലെ ഉന്നത നിലവാരം പുലർത്തുന്നതും പഴക്കം ചെന്നതുമായ ഒരു സ്ഥാപന സമ്മാനമാണ്.

ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പഴക്കം ഉള്ളഒരു എൽ.പി.സ്ക്കൂളാണ് കോടഞ്ചേരി എൽ.പി.സ്ക്കൂൾ. ഈവിദ്യാലയം 1881 ൽ കോടഞ്ചേരിയിലെ ആയാടത്ത് പ്പീടികയിൽ കോമപ്പക്കുറുപ്പ് എന്നവർ ആയത്തപ്പീടിതയിൽ എന്നപറമ്പിലെ കുളത്തിന് സമീപം സ്ഥാപിച്ചു. ഈ സ്ക്കൂൾ ആയത്ത് കൂളങ്ങരസ്ക്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ വിദ്യാലയത്തിൽ വളരെആകലെനിന്നുപോലും വിദ്യാർത്ഥികൾ വന്നുപഠിച്ച് അഞ്ചാംതരം പരീക്ഷ പാസായി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

ഈ സ്കൾ കോമപ്പക്കുറുപ്പ് എന്നവർകോട്ടെമ്പ്രം കണാരൻ വൈദ്യർ എന്നവർക്ക് കൈമാറുകയും അദ്ദേഹത്തിന്റെ കൈവശ മുള്ള സ്ഥലത്ത് ഇന്ന് കോടഞ്ചേരി എൽ.പി.സ്ക്കൂൾ സ്ഥിതിചെയ്യുന്നു സ്ഥലത്തേക്ക് മാറ്റ സ്ഥാപിക്കുകയും ചെയ്തു. പിൻക്കാലത്ത് സ്ക്കൂൾ കൂടുതൽ പുരോഗമിക്കുകയും ചെയ്തു. 11 അദ്ധ്യാപകർ ജോലി ചെയ്തു വരികയും ചെയ്തിരുന്നു. കഴിഞ്ഞ രണ്ടുവർഷമായി വിദ്യാർത്ഥികൾ കുറവായതിനാൽ രണ്ട് അദ്ധ്യാപകർ പുറത്തുപോകേണ്ടിവന്നിട്ടുണ്ട്.

ഈ വിദ്യാലത്തിൽ പഠിച്ചവർ ഉന്നതവിദ്യാഭ്യാസം നേടി പലഉന്നതമേഖലകളിലും ജോലി കരസ്ഥമാക്കിയിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും 2 യു.പി. സ്ക്കൂളും 11 എൽ.പി.സ്ക്കൂളുകളും ഉണ്ട്. എൽ.പി. സ്ക്കൂളുകളിൽ 3 എണ്ണം 5ാംതരം വരെയുള്ളവയാണ്. എൽ.പി.സ്ക്കൂളുകളിൽ 9 എണ്ണവും യു.പി.സ്ക്കൂളുകളിൽ 2ഉം പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളും സ്വകാര്യമേഖലയിലാണ്. എൽ.പി. സ്ക്കൂളുകളിൽ രണ്ടെണ്ണം ഗവ: മേഖലയിലാണ്. ഇതിൽ കണ്ണൂകൈ ഗവ:എം.എൽ.പി.സ്ക്കൂളിന് ഗവൺമെന്റ് വക സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും കെട്ടിടം അപകടനിലയിലാണ്. എന്നാൽ തൂണേരി ഗവ: എം.എൽപി.സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1995-96വർഷത്തിൽ പുതുതായി ആരംഭിച്ച പേരോട് M.I.M. ഹൈസ്ക്കൂളിൽ ഇപ്പോൾ VIII. IXക്ലാസ്സുകൾ മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ഹൈസ്ക്കൂളിന് ആവശ്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഇനിയും ഉണ്ടാകേണ്ടതുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പുതുതായി ഒരു ഹൈസ്ക്കൂൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ.

ഈ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളി

ലായി ആകെ 4078 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 2186 ആൺകുട്ടികളും 1992 പെൺകുട്ടികളുമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ 280 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 159 ആൺകുട്ടികളും 121 പെൺകുട്ടികളുമാണ്. പ്രൈമറി വിഭാഗത്തിൽ ആകെ 3798 കുട്ടികൾ പഠിക്കുന്നു. അവരിൽ 2027 ആൺകുട്ടികളും 1771 പെൺകുട്ടികളുമാണ് പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളിൽ 61 പേർ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 33 പേർ ആൺകുട്ടികളും 28 പേർ പെൺകുട്ടികളുമാണ്. ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ആരും പഠിക്കുന്നില്ല.

**ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങൾ**

1. എം.ഐ.എം. ഹൈസ്ക്കൂൾ പേരോട്.
2. സി.സി.യു.പി.സ്ക്കൂൾ. ചാലപ്പുറം
3. ഇ.വി.യു.പി.സ്ക്കൂൾ തൂണേരി.
4. ഗവ:എം.എൽ.പി.സ്ക്കൂൾ കണ്ണങ്കൈ
5. ഗവ:എം.എൽ.പി.സ്ക്കൂൾ തൂണേരി (മുടവന്തേരി)
6. മുടവന്തേരി എം.എൽ.പി.സ്ക്കൂൾ
7. പേരോട് എം.എൽ.പി.സ്ക്കൂൾ
8. ശിവാനന്ദവിലാസം എൽ.പി.സ്ക്കൂൾ, മുടവന്തേരി.
9. തൂണേരി വെസ്റ്റ് എൽ.പി.സ്ക്കൂൾ
10. കോടഞ്ചേരി എൽ.പി.സ്ക്കൂൾ
11. വെള്ളൂർ നോർത്ത് എൽ.പി.സ്ക്കൂൾ
12. വെള്ളൂർ സൗത്ത് എൽ.പി.സ്ക്കൂൾ
13. ചെറുവെള്ളൂർ എൽ.പി.സ്ക്കൂൾ
14. വെള്ളൂർ. എം.എൽ.പി.സ്കൂൾ

**വിദ്യാർത്ഥികളുടെ സ്ഥിതി വിവരകണക്ക്.**

| സ്റ്റാന്റേർഡ്, | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 257 | 249 | 506 |
| II | 293 | 309 | 602 |
| III | 318 | 290 | 608 |
| IV | 314 | 309 | 623 |
| V | 400 | 259 | 659 |
| VI | 209 | 172 | 381 |
| VII | 236 | 183 | 419 |
| VIII | 122 | 94 | 216 |
| IX | 37 | 27 | 64 |
| ആകെ: | 2186 | 1892 | 4078 |

കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിന്റെ പ്രധാന കാരണം ജനനനിരക്കിലുണ്ടായ കുറവാണ്. കൂടാതെ അൺ എയ്ഡഡ് സ്ക്കൂളിലേയ്ക്ക് കുട്ടികളെ അയക്കാനുള്ള രക്ഷിതാക്കളുടെ പ്രവണതയും, സമീപ പഞ്ചായത്തുകളിൽ പുതുതായി ഉയർന്നുവന്നിട്ടുള്ള അൺ എയ്ഡഡ് – ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ സ്വാധീനവുമാണ്. കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്.

ഗ്രമ പഞ്ചായത്തിൽ 84 അധ്യാപകരും 49 അധ്യാപികമാരുമടക്കം ആകെ 133 പേർ ജോലിചെയ്യുന്നു. കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് അധ്യാപികമാരുടെ എണ്ണത്തിൽ കുറച്ച് വർധനവ് ഉണ്ടായിട്ടുണ്ട്. അധ്യാപകർ നേരിടുന്ന രൂക്ഷമായി പ്രശ്നമാണ് ജോലിസ്ഥിരത. ഇതിന്റെ പ്രധാന കാരണം വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവാണ്.

ഗ്രാമപഞ്ചായത്തിലെ സ്വകാര്യമേഖലയിലുള്ള തൂണേരി വെസ്റ്റ് എൽ.പി.സ്ക്കൂൾ, വെള്ളൂർ നോർത്ത് എൽ.പി.സ്ക്കൂൾ എന്നീ സ്ക്കൂളുകളുടെ മേൽക്കൂര ഓല മാറ്റി ഓടുമേയേണ്ടതാണ്.

5. കണ്ണങ്കൈ ഗവ: എൽ.പി. സ്ക്കൂളിന്റെ കെട്ടിടം അപകടനിലയിലാണ്. ഇത് അടിയന്തിരമായും റിപ്പേർ ചെയ്യേണ്ടതാണ്. ആറാം വാർഡിലെ തൂണേരി വെസ്റ്റ് എൽ.പി. സ്ക്കൂൾ, പത്താം വാർഡിലെ വെള്ളൂർ നോർത്ത് എൽ.പി. സ്ക്കൂൾ, ഒൻപതാം വാർഡിലെ മാപ്പിള എൽ.പി.സ്ക്കൂൾ എന്നീ വിദ്യാലയങ്ങൾക്ക് പരിമിതമായ സ്ഥലസൗകര്യമേയുള്ളൂ. മിക്ക സ്ക്കൂളുകളിലും ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും വെവ്വേറെ മൂത്രപ്പുരകളില്ല. സി.സി.യു.പി. സ്ക്കൂൾ, തൂണേരി വെസ്റ്റ് എൽ.പി.സ്ക്കൂൾ എന്നിവിടങ്ങളിൽ ഒഴികെ മറ്റ് സ്ക്കൂളുകളിലൊന്നും കക്കൂസുകളില്ല.

വേനൽക്കാലത്ത് മിക്ക സ്ക്കൂളികളിലും ശുദ്ധജലത്തിന് പ്രയാസം നേരിടുന്നുണ്ട്. ക്ലാസ്സുകൾ വേർതിരിക്കാത്ത സ്ക്കൂളുകളാണ് ഭൂരിഭാഗവും. ഇത് ബോധനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഉച്ചഭക്ഷണം പാകം ചെയ്യാൻ സ്ഥിരമായ എടുപ്പ് യു.പ. സ്ക്കൂളുകളിൽ മാത്രമെ ഉള്ളൂ. സി.സി.യു.പി. സ്ക്കൂൾ ഒഴികെ മറ്റ് സ്ക്കൂളുകൾ ഒന്നും വൈദ്യുതീകരിച്ചിട്ടില്ല. പ്രൈമറി വിഭാഗത്തിൽ സി.സി.യു.പി. സ്ക്കൂളിനുമാത്രമെ ഓഫീസ് മുറിയും അധ്യാപകർക്കുള്ള മുറിയും പ്രത്യേക ഉള്ളൂ. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മിക്ക സ്ക്കൂളുകളിലും പരിമിതമാണ്. ഈ ഗ്രാമപഞ്ചായത്തിലെ ഒറ്റ സ്ക്കൂളുകളിലും കളിസ്ഥലം ഇല്ല. ചുറ്റുമതിലുകൾ ഇല്ലാത്തവയാണ് എല്ലാ സ്ക്കൂളുകളും. ക്ലാസ്സുമുറികളിൽ കുട്ടികൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക് എന്നിവ എല്ലാ സ്ക്കൂളുകളിലും വളരെ പരിമിതമാണ്. വളരെ പ്രയാസപ്പെട്ടാണ് ഇത്കാരണം കുട്ടികൾ ക്ലാസ്സുകളിൽ ഇരിക്കുന്നത്.

അധ്യാപക രക്ഷാകർത്തൃസമിതികൾ എല്ലാ വിദ്യാലയങ്ങളിലും നിലവിലുണ്ട്. പി.ടി.എ. യുടെ പ്രവർത്തനം കുറേക്കൂടി സജീവമാകേണ്ടതുണ്ട്.

6. പി.ടി.എയുടെ പങ്കാളിത്തത്തോടെ സി.സി.യു.പി. സ്ക്കൂളിൽ ശുദ്ധജലവിതരണത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട്. ഇ.വി.യു.പി. സ്ക്കൂളിൽ കുട്ടികൾക്ക് ആവശ്യമായ് മൂത്രപ്പുരകൾ പി.ടി.എയുടെ സഹായത്തോടുകൂടി നിർമ്മിച്ചു വരുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും മാതൃ പി.ടി.എ. പ്രവർത്തിച്ചുവരുന്നു. എന്നാൽ അവയുടെ പ്രവർത്തനം കുറേകൂടി ഫലപ്രദമാകേണ്ടതുണ്ട്.

പഠനപ്രവർത്തനങ്ങളിൽ എല്ലാ വിദ്യാലയങ്ങളും ശരാശരി നിലവാരം പുലർത്തുന്നുണ്ട്. നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ജനകീയ വിദ്യാഭ്യാസ പരിപാടിക്ക്

തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമല്ല. ഇത് കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

കായികരംഗത്ത് വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ ആവശ്യമായ കളിസ്ഥലം ഇല്ലാത്തതിനാൽ ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട്തന്നെ മിക്കസ്കൂളുകളും കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

കലാരംഗത്ത് പഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് സബ്ജില്ല-ജില്ല മത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും സാമ്പത്തിക ബാധ്യത ഇതിന് മുഖ്യ തടസ്സമായി നിൽക്കുന്നു.

സമാന്തരവിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാലയങ്ങളോ പഞ്ചായത്തിൽ ഇല്ല. ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദൂര പ്രദേശങ്ങളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്ത് പതിനൊന്നിനപരിപാടിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ച കോടഞ്ചേരിയിലെ ശിശുമന്ദിരത്തിന്റെ പ്രവർത്തനം വേണ്ടത്ര സജീവമല്ല. അവിടെയുള്ള കുട്ടികൾക്ക് ആവശ്യമായ ഉച്ചഭക്ഷണം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് നടപടിസ്വീകരിക്കേണ്ടതാണ്.

7. നാല്, അഞ്ച് എന്നീവാർഡുകളിൽ ഓരോ ബാലവാടിയും എട്ടാംവാർഡിൽ രണ്ടു ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ ഗ്രന്ഥാലയങ്ങൾക്ക് കാര്യമാത്രമായ പങ്ക് വഹിക്കാൻ സാധിച്ചിട്ടില്ല. ഗ്രന്ഥശാലാസംഘവുമായി അഫിലിയേറ്റ് ചെയ്ത തൂണേരി ഗ്രാമീണ വായനശാല, വെള്ളൂർ നേഷനൽ ലൈബ്രറി, എന്നിവയും പഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥാപിച്ച സാംസ്കാരികനിലയവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാക്ഷരതാ പ്രസ്ഥാനത്തിൽ പഞ്ചായത്ത് ചിട്ടയായ പ്രവർത്തനം നടത്തുകയും ലക്ഷ്യം നേടുകയും ചെയ്തിട്ടുണ്ട്. തുടർവിദ്യാഭ്യാസരംഗത്ത് ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമല്ലാത്തതിനാൽ നേരത്തെ കൈവരിച്ച നേട്ടത്തിന് മങ്ങലേറ്റിട്ടുണ്ട്.

### പൊതുനിർദ്ദേശങ്ങൾ

1. സ്കൂളുകൾക്ക് ആവശ്യമായ ഫർണിച്ചറുകളും പഠനോപകരണങ്ങളും നൽകുക.
2. ശുദ്ധജലവിതരണത്തിനാവശ്യമായ സൗകര്യം ചെയ്യുക.
3. ഓരോസ്ക്കൂളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ഉപയോഗിക്കാൻ ആവശ്യമായ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.
4. എല്ലാ സ്കൂളുകളിലും ക്ലാസ്സ് മുറികൾ വേർതിരിക്കാനുള്ള സൗകര്യം ചെയ്യുക.
5. ഉച്ചഭക്ഷണപരിപാടിക്ക് ആവശ്യമായ മുഴുവൻ ചെലവും മാസാമാസം അനുവദിക്കുക.
6. എല്ലാപ്രൈമറി സ്ക്കൂളിനോട് ചേർന്നും ഓരോ പ്രീപ്രൈമറി സ്ക്കൂൾ അനുവദിക്കുക.
7. ഉച്ചഭക്ഷണം പാകം ചെയ്യാനും സാധനങ്ങൾ സൂക്ഷിക്കാനും പ്രത്യേകം മുറികൾ സ്ഥാപിക്കുക.
8. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനവും ഉന്നതവിദ്യാഭ്യാസസ്ഥാപനവും ഏർപ്പെടുത്തുക.
9. പട്ടിക ജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനം നടത്താൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
10. സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറി എന്നിവയ്ക്കുള്ള സൗകര്യം ഉണ്ടാക്കുക.
11. സ്കൂൾ വൈദ്യുതീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
12. കളിസ്ഥലം ലഭ്യമാക്കാനുള്ള നടപടിസ്വീകരിക്കുക.
13. യു.പി. സ്കൂളിൽ പ്രത്യേകം ഓഫീസ്മുറിയും സ്റ്റാഫ്മുറിയും എൽ.പി.സ്ക്കുളിൽ ഓഫീസ്മുറിയും നിർമ്മിക്കുക.
14. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസത്തിന്നുള്ള സാമ്പത്തിക സഹായം നർകുക.
15. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക.
16. യു.പി. സ്ക്കൂളിൽ ക്ലാർക്കിനേയും എൽ.പി.സ്ക്കൂളിൽ പ്യൂണിനേയും നിയമിക്കുക
17. അധ്യാപർക്ക് ആവശ്യമായ ഇൻസർവീസ് കോഴ്സുകൾ കാലാകാലങ്ങളിൽ നടത്തുക.
18. പഞ്ചായത്തിൽ വിദ്യാഭ്യാസ സർവ്വേയുടെ അടുസ്ഥാനത്തിൽ നിലവിലുള്ള എൽ.പി. സ്ക്കൂളുകൾ യു.പി.സ്ക്കൂളായി ഉയർത്തുകയോ, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി യു.പി. സ്ക്കൂൾ അനുവദിക്കുകയോ ചെയ്യുക.
19. മുടവന്തേരി രണ്ടാംവാർഡിലെ കൊയമ്പ്രംകടവ് കമ്പിപ്പാലം നടപ്പാലമാക്കി മാറ്റിയാൽ ഈ വാർഡിലെ കുട്ടികൾക്ക് ഉമ്മത്തൂർ ഹൈസ്ക്കൂളിൽ എത്തിച്ചേരാൻ വളരെയധികം സൗകര്യമാണ്.
20. തൂണേരി വെസ്റ്റ് എൽ.പി. സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് മഴക്കാലത്ത് കുട്ടികൾക്ക് സൗകര്യപ്രദമായി യാത്ര ചെയ്യാൻ ഒരു ഫുട്ട്പാത്തും തോടിന് സ്ഥിരമായ ഒരു പാലവും നിർമ്മിക്കുക.
21. വെള്ളൂർ സൗത്ത് എൽ.പി.സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് മഴക്കാലത്ത് സ്ക്കൂളിലെത്താൻ വളരെ പ്രയാസമായതിനാൽ നിടുമ്പ്രത്ത്താഴെറോഡ് മുതൽ സ്ക്കൂൾവരെയും മുവ്വറതാഴെ മുതൽ സ്ക്കൂൾവരെയും ഫുട്ട്പാത്ത് നിർമ്മിക്കുക.
22. സൗകര്യപ്രദമായ വിദ്യാലയത്തിൽ ബുക്ക് ബൈന്റിങ്ങ് യൂനിറ്റ് ആരംഭിക്കുക.

പൊതുവിൽ പഞ്ചായത്തിലെ സ്ക്കൂളുകളെ ബാധിക്കുന്നു പ്രശ്നങ്ങൾ ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക പ്രാധാന്യം അർഹിക്കുന്ന ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## തൂണേരി ഗ്രാമപഞ്ചായത്ത് സ്കൂളിന്റെ പൊതുവിവരം.

| സ്കൂളിന്റെ പേര് | ഹൈ. സ്കൂൾ യു.പി./ എൽ.പി പ്രീ.പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉദ്യാനത്തിനും ഉപയോഗിക്കാവുന്ന കൃഷിക്കാവശ്യമായ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഹർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 1 | 11 | 12 | 13 | 14 | 15 | 16 | 17 |
| GMLPSതൂണേരി | LP | | - | - | - | 84 | 67 | 151 | 6 | 6 | - | - | വാടക | ഇല്ല | | |
| മുടവന്തേരി LMPS | LP | | | - | - | 103 | 77 | 180 | 7 | 7 | - | | $11^1/_4$സെന്റ് | ഇല്ല | | |
| CCUPSചാലപ്പുറം | UP | | | - | - | 571 | 442 | 1013 | 33 | 33 | - | | 77 Acr | 10 സെന്റ് | | |
| GMLPSകണ്ണങ്കൈ | LP | | - | - | - | 40 | 34 | 74 | 4 | 3 | 1 | | 17 സെന്റ് | 80 സെന്റ് | | |
| CVULPSതൂണേരി | UP | | | - | - | 434 | 410 | 844 | 30 | 30 | - | | 60 സെന്റ് | - | | |
| തൂണേരി West | LP | | | - | - | 54 | 59 | 113 | 5 | 5 | - | | 21 Sq Ft, | ഇല്ല | | |
| മുടവന്തേരി SVLP | LP | | | | - | 160 | 131 | 291 | 12 | 12 | - - | | 35 സെന്റ് | ഇല്ല | | |
| വെള്ളൂർ North LP | LP | - | - | | | 53 | 46 | 99 | 4 | 4 | | | $8\ ^1/_4$ സെന്റ് | ഇല്ല | | |
| ചെറുവണ്ണൂർ LPS | LP | | | | | 128 | 124 | 252 | 8 | 8 | - | | 30 സെന്റ് | 15 സെന്റ് | | |
| വെള്ളൂർPILP | LP | - | - | | | 68 | 88 | 156 | 6 | 6 | - | | $4\ ^1/_2$ സെന്റ് | ഇല്ല | | |
| കോടഞ്ചേരിLPS | LP | - | - | - | | 115 | 95 | 210 | 9 | 9 | - | - | 3012Sq Ft | - | | |
| പേരോട് MLP | LP | - | - | | | 63 | 83 | 116 | 5 | 5 | - | | $7\ ^1/_2$ സെന്റ് | $15^1/_2$ സെന്റ് | | |
| MIMHSപേരോട് | HS | - | - | | | 159 | 121 | 280 | | | - | - | | | | |
| വെള്ളൂർ നേർത്ത് | LP | - | - | | | 44 | 44 | 88 | 5 | 5 | - | | 1 സെന്റ് | 4 സെന്റ് | | |

# വ്യവസായം

ഈ പഞ്ചായത്തിന്റെ വ്യാവസായ മേഖലയുടെ ചിത്രം മറ്റേത് ഉൽപ്പാദന മേഖലയുടേത് പോലെ തന്നെ മുരടിച്ചു നിൽക്കുകയാണ്. ഈനിലയിൽ നിന്ന് നാം തിരിഞ്ഞുനോക്കുമ്പോൾ വളരെയൊന്നും പിന്നോക്കമല്ലാതിരുന്ന ഒരു ഗതകാല ചരിത്രം അനാവരണം ചെയ്യപ്പെടുന്നു. ആവശ്യങ്ങളും ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളും അധിഷ്ഠിതമായി സംഘടിപ്പിക്കപ്പെട്ട ഒട്ടേറെ പരമ്പരാഗത, കുടിൽ വ്യവസായങ്ങളുടെ ഒരു ശൃംഖലതന്നെ മുൻകാലത്ത് ഇവിടെ നിലനിന്നതായി കാണുന്നു. ലോഹ ഉൽപ്പന്നങ്ങളുടെ നിർമ്മാണം. എണ്ണയാട്ട്, അവിൽ നിർമ്മാണം, പപ്പടനിർമ്മാണം, തവി, ഉറി, മൺകലം തുടങ്ങിയ ഗൃഹവസ്തുക്കളുടെ നിർമ്മാണം, തുണിനെയ്ത്ത് തുടങ്ങി അന്ന് നിലനിന്നിരുന്ന വൈവിധ്യമാർന്ന കുടിൽ വ്യവസായങ്ങൾ നമ്മെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കാൻ പോന്നവയായിരുന്നു.

ഇത്തരം വ്യവസായങ്ങൾ ഉയർന്നുവന്നതിന് പിന്നിൽ പ്രതിഫലേച്ഛ മാത്രമായിരുന്നില്ല. പ്രചോദനം മറിച്ച് ഞങ്ങൾ നിർമ്മിക്കുന്നവസ്തുക്കൾ ഒരു സമൂഹത്തിന്റെ ആവശ്യം നിറവേറ്റാൻ സഹായിക്കും എന്ന ചിന്തകൂടിയായിരുന്നു കുലത്തൊഴിൽ എന്ന സങ്കൽപ്പവും ഇതിന് കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇത്തരം വ്യവസായങ്ങളുടെ ചരിത്രവും. ഇന്നത്തെ അവസ്ഥയും അതിനിടയാക്കിയ കാരണങ്ങളും പരിശോധിക്കുന്നത് നമ്മുടെ പഞ്ചായത്തിന് ഒരു വ്യവസായ പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിന് സഹായിക്കുമെന്ന് കരുതട്ടെ.

### കൈത്തറി

പരമ്പരാഗതമായി കൈത്തറി വ്യവസായത്തിൽ നിലയുറപ്പിച്ചിരുന്ന ഒരു സമുദായം, ഈ ഗ്രാമപഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഉണ്ടായിരുന്നു. അവർമാത്രമല്ല, നാമമാത്രമായി മറ്റ് സമുദായക്കാരും ഈ രംഗത്തേക്ക് ആകർഷിക്കപ്പെട്ടിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ചർക്ക പ്രചാരണം ഉയർന്ന ജാതിക്കാരെയടക്കം ചർക്കാക്ലാസിലേക്ക് എത്തിക്കാനും തദ്വാര ഈ വ്യാവസായത്തിലേക്ക് എത്തിക്കാനും സഹായിച്ചു.

കൈത്തറി വ്യവസായത്തിൽ പ്രവർത്തിച്ചിരുന്നവർ കാലക്രമേണ അന്യനാടുകളിൽ നിന്നെത്തിക്കുന്ന സാങ്കേതിക മികവിൽ കുറച്ച് കൂടി മുന്നിട്ടു നിൽക്കുന്ന തുണി വിപണനം ചെയ്യാൻ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചതോടെ ഈ രംഗം അനാഥമായി. എന്നിരുന്നാലും ഏതാണ്ട് നാല്പതോളം കുടുംബങ്ങൾ ഇന്നും നെയ്ത്ത് ജോലിയുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. ഇത് മുഖ്യമായും അവോലം ഭാഗത്തും, കോട്ടേമ്പ്രം ഭാഗത്തും ആണ്. ഇവർ സംഘടിതരല്ല എന്നത് ഒരു പോരായ്മയാണ്. നൂലിന്റെ വിലക്കയറ്റം തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ കൈത്തറി വ്യവസായം ഇന്ന് അഭിമുഖീകരിക്കുന്നുണ്ട്. നിയന്ത്രിതമായ യന്ത്രവൽക്കരണം കാലാകാലങ്ങളിൽ പരിശീലനം കൊടുക്കൽ തുടങ്ങി ഒട്ടനവധി പരിഷ്കാരങ്ങൾ ഇവയ്ക്ക് ആവശ്യമാണ്. എന്ത് വിധേയവും ഉൽപ്പാദനക്ഷമത ഉയർത്തിയില്ലെങ്കിൽ ഊർദ്ധ ശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന ഈ വ്യവസായത്തിന് അടുത്ത് തന്നെ സ്വാഭാവിക മരണം പ്രതീക്ഷിക്കാം.

### കളിമൺ വ്യവസായം:

ഒരു കാലത്ത് വസ്ത്രങ്ങൾ പോലെതന്നെ ഗാർഹിക ആവശ്യങ്ങൾക്ക് നല്ല ഡിമാന്റ് ഉണ്ടായിരുന്ന ഉൽപ്പന്നമായിരുന്നു മൺപാത്രങ്ങൾ. ഇവിടെ മൊത്തം ആവശ്യമുണ്ടായിരുന്ന മൺപാതങ്ങൾ ഇവിടെതന്നെ ഉൽപ്പാദിപ്പിച്ചിരുന്നു. മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച ആന്തിയൂർ നായർ (ആന്ധ്രനായർ) സമുദായക്കാരായിരുന്നു, ഈ ഉത്തരവാദിത്തം നിറവേറ്റിയിരുന്നത്. ലോഹപാത്രങ്ങളുടെ തള്ളിക്കയറ്റത്തോടെ മൺപാത്രങ്ങൾ. നമ്മുടെ അടുക്കളയ്ക്ക പുറത്തായി നമ്മുടെ പൂമുഖങ്ങളിലും, മേൽ പുരകളിൽപോലും മൺപാത്ര വ്യവസായത്തിന് പ്രതീക്ഷയർപ്പിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വെള്ളൂർ ഭാഗത്ത് ഏതാണ്ട് 35 വർഷം മുമ്പ് ഒരു കളിമൺ വ്യവസായ സഹകരണ സംഘം നിലനിന്നിരുന്നു. ഖാദിബോർഡിന്റെയും എൻ.ഇ.എസ് ബ്ലോക്കിന്റെയും സഹായത്തോടെയായിരുന്നു അത് പ്രവർത്തിച്ചിരുന്നത്, ഭരണപരമായ കെടുകാര്യസ്ഥത അതിന്റെ പ്രവർത്തന നിശ്ചലമാക്കിയിരിക്കയാണ് സ്വന്തമായുണ്ടായിരുന്ന കെട്ടിടവും അച്ചുകളും, ജീർണ്ണാവസ്ഥയിലാണ്. സ്ഥലം പോലും അന്യാധീനപ്പെട്ടുപോകുമെന്ന അവസ്ഥയിലാണുള്ളത്. ഈ കെട്ടിടത്തിന്റെ പരിസരപ്രദേശങ്ങളിലായി മൺപാത്ര വ്യവസായത്തിൽ താൽപര്യമുള്ള ഇരുപതോളം കുടുംബങ്ങളുണ്ട് എന്നാൽ ഈ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ കൈവിരലിൽ എണ്ണാവുന്നവർ മാത്രമാണ്. അതിൽതന്നെ സ്വന്തമായി ഉൽപ്പാദനം നടത്തുന്നവർ രണ്ട്പേർ മാത്രമാണ് മറ്റുള്ളവർ വിപണനം മാത്രം ചെയ്യുന്നു. ഉൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ കളിമണ്ണ് ഏതാണ്ട് 13 കിലോമീറ്റർ അകലെ നിന്നാണ് കൊണ്ടുവരുന്നത്. മണ്ണ് ഇവിടെ തന്നെ ലഭ്യമാണെങ്കിലും ഖനനം നടത്താൻ സ്വകാര്യവ്യക്തികൾ അനുവദിക്കുന്നില്ല. പൂർണ്ണമായും കായിക അദ്ധ്വാനത്തിൽ ഊന്നിക്കൊണ്ടാണ് ഉൽപ്പാദനം നടത്തുന്നത്. പാത്രങ്ങൾ മാത്രമേ ഇവിടങ്ങളിൽ ഉൽപ്പാദിപ്പിക്കു

ന്നുള്ളൂ. അതേസമയം പൂച്ചട്ടി, മൺപൈപ്പ്, ഓട് എന്നിവയ്ക്ക് വിപണിയിൽ പ്രിയം ഏറെയാണ് വിപണനരംഗത്ത് ഇടത്തട്ടുകാരുടെ ആവിർഭാവം വ്യവസായത്തിന് ഗുണത്തെക്കാളേറെ ദോഷം ചെയ്യുന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങൾക്കിടയിലും പ്രതീക്ഷകൈവിടാതെ നിലനിന്നുവരുന്ന ഈ വ്യവസായത്തിന് വേണ്ടത്ര പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

## കക്കാചൂളകൾ

ഗൃഹനിർമ്മാണത്തിന്ന് പണ്ട് കാലത്ത് ഇവിടങ്ങളിൽ നീറ്റ് കക്ക കുമ്മായം ഉപയോഗിച്ചിരുന്നു, കൃഷി ആവശ്യത്തിനും ചൂളകൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും നിലനിന്നിരുന്നു. കുമ്മായത്തിന്റെ ആവശ്യക്കാർ വിപണിയിൽ കുറഞ്ഞതോടെ തന്നെ ഈ വ്യവസായം അസ്തമിച്ചു എന്ന് തന്നെ പറയാം.

## ലോഹഉൽപ്പന്നങ്ങളുടെ നിർമ്മാണം

കാർഷികരംഗത്തെ ആവശ്യങ്ങളെ നേരിടാൻ വേണ്ടിയായിരുന്നു ഗ്രാമത്തിൽ ഇരുമ്പ് പണിക്കാരുടെ സമൂഹം ഉയർന്നു വന്നിരുന്നത് വളരെ സങ്കീർമായ പൂട്ടുകൾ മുതൽ നിസ്സാരമായ ഇരുമ്പാണിവരെ നിർമ്മിച്ചിരുന്ന വിദഗ്ദ്ധർ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. കുലത്തൊഴിൽ എന്ന രീതിയിൽ കൊല്ലൻമാരും, കുരുവാൻമാരും ആയിരുന്നു ഈ ആവശ്യം നിറവേറ്റിയിരുന്നത്. ഇന്ന് സ്വന്തം വീടിനോട് അനുബന്ധിച്ചും അല്ലാതെയും പണി ആലകെട്ടി പണിയെടുക്കുന്ന എട്ടോളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. തങ്ങളുടെ കായികാദ്ധ്വാനം ലഘൂകരിക്കാൻ ഉതകുന്ന ചെറിയതോതിലുള്ള യന്ത്രവൽക്കരണം ഇവർക്ക് ആവശ്യമാണ്.

ആഭരണ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നാല്പതോളം കുടുംബങ്ങൾ ഇവിടെയുണ്ട് ഗൾഫ്പണത്തിന്റെ സ്വാധീനവും സമൂഹത്തിന് ഇന്ന് നിലവിലുള്ള ആഭരണഭ്രമവും ഈ വ്യവസായത്തിന് ഒരനുഗ്രഹമാണ്.

## അവിൽനിർമ്മാണം

ഒരു കാലത്ത് വളരെ നല്ല രീതിയിൽ അവിൽ നിർമ്മാണം കുടിൽവ്യവസായമെന്ന രീതിയിൽ നിലനിന്നിരുന്നു. നെല്ലിന്റെ ലഭ്യതകുറഞ്ഞതും യന്ത്രവൽകൃത യൂനിറ്റുകളിൽ നിന്നുള്ള ഉൽപ്പന്നം വിപണികൈയ്യടക്കിയതും, ഈ വ്യവസായത്തിലെ തൊഴിലാളികളെ വഴിയാധാരമാക്കി.

## എണ്ണയാട്ട്

പണ്ട് കാളകളെ ഉപയോഗിച്ച് എണ്ണയാട്ടി ഉപജീവനം നടത്തിയിരുന്ന ഒരു വിഭാഗം ഇവിടെയുണ്ടായിരുന്നു. യന്ത്രവൽകൃത യൂണിറ്റുകളിൽ നിന്നുള്ള ഭീഷണികൊണ്ട് ഇവർ തൂത്തെറിയപ്പെട്ടു. വെളിച്ചെണ്ണയുടെ ഉപയോഗത്തിന് യാതൊരു കുറവും ഇവിടെ വന്നിട്ടില്ലെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മുക്കാൽടണ്ണോളം വെളിച്ചണ്ണ ഈ പഞ്ചായത്തിൽ മാത്രം ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഉപോൽപ്പന്നമായ പിണ്ണാക്കിനും ആവശ്യക്കാർ ധാരളമുണ്ട്.

## തടി വ്യവസായം

ഈർച്ചവാളുപയോഗിച്ച് മരം ചെറുകഷ്ണങ്ങളാക്കി പലകകളാക്കി മാറ്റുന്ന വിദ്യ ഇന്ന് പ്രചാരത്തിലില്ല. പകരം സോമില്ലുകളാണ്, ആ രംഗം കൈയ്യടക്കിയിരിക്കുന്നത്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരു തടിമില്ലാണ് നിലനിൽക്കുന്നത് ഇത്തരം യൂനിറ്റുകൾക്ക് ഇനിയും സാദ്ധ്യതകളേറെയുണ്ട്. പട്ടാണിഭാഗത്ത് (11-ാം വാർഡ്) തടിമിൽ സ്ഥാപിക്കാൻ തയ്യാറുള്ള വ്യക്തികളുണ്ട്.

ഗൃഹനിർമ്മാണത്തിന് ആവശ്യമുള്ള ഉരുപ്പടികളും ഫർണിച്ചറുകളും വിപണിയിൽ വളരെയേറെ ഡിമാന്റ് അനുഭവപ്പെടുന്നവയാണ് അതിന് തക്കവണ്ണം ഉൽപ്പാദനം നടക്കുന്നില്ല. ഇത്തരം ഫർണിച്ചർ യൂനിറ്റുകൾ നാലോളം പഞ്ചായത്തിൽ നിലവിലുണ്ട്. ഇത്തരം യൂനിറ്റുകൾ ഇനിയും സാദ്ധ്യതയുണ്ട്. ഇവിടങ്ങളിൽ ആധുനിക രീതിയിലുള്ള കടച്ചിൽയന്ത്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

## ഫ്ളവർമില്ലുകൾ

നാലോളം ഫ്ളവർമില്ലുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ട് യൂനിറ്റുകളോട് അനുബന്ധിച്ച് എണ്ണയാട്ടും നടത്തുന്നുണ്ട് ഇവിടെയൊന്നും തന്നെ വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന രീതിനിലവിൽ ഇല്ല. ഇടയ്ക്കിടെ ഉണ്ടാവുന്ന വൈദ്യുതി ദൗർബല്യം ഈ വ്യവസായത്തിന് ഭീഷണിയാണ്.

## റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

അടുത്ത കാലത്ത് ആരംഭിച്ച ഒട്ടേറെ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂനിറ്റുകൾ, നമ്മുടെ വ്യവസായ മേഖലയിൽ പ്രതീക്ഷയുണർത്തികൊണ്ട് നിലനിൽക്കുന്നു. കുടിൽ വ്യവസായം എന്ന രീതിയിലും നാലഞ്ചുപേർ കൂട്ടായി നടത്തുന്ന ചെറിയ യൂനിറ്റുകളായും ഇവനിലനിൽക്കുന്നു. മുഖ്യമായും അന്യസംസ്ഥാനങ്ങളിൽ നിന്ന് തുണിയെടുത്ത് ഇവിടെ തയ്ച്ച് ചിത്രപണികൾ ചെയ്തതിന് ശേഷം പഞ്ചായത്തിന് പുറത്തുള്ള കടകളിൽ നേരിട്ട് വിൽപ്പനനടത്തുകയാണ് ഇവരുടെ രീതി. ഇത്തരം ചെറിയ യൂനിറ്റുകൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നൽകി കൂട്ടായ്മയിലേക്ക് അവരെ നയിക്കേണ്ടതാണ്.

## പപ്പടനിർമ്മാണം

കുടിൽ വ്യവസായമായി പപ്പടനിർമ്മാണം നടത്തുന്ന രണ്ട് കുടുംബങ്ങൾ ഇവിടെയുണ്ട്. എന്നാൽ ഇവിടെയുള്ള ഉൽപ്പാദനം നമ്മുടെ ആവശ്യത്തിന്റെ ഒരു ശതമാനം പോലും തികയുന്നില്ല. താല്പര്യമുള്ളവർക്ക് വേണ്ട പ്രോൽസാഹനം കൊടുത്താൽ നമ്മുടെ ആവശ്യത്തിനുള്ള ഉൽപ്പാദനം ഇവിടെതന്നെ നടത്താൻ കഴിയും.

## വെൽഡിംഗ് യൂനിറ്റുകൾ

കെട്ടിടനിർമ്മാണത്തിന് ആവശ്യമായി വരുന്ന

ഗ്രിൽഡുകൾ മുതലായവ നിർമ്മിക്കുന്ന വെൽഡിംഗ് യൂനിറ്റു ഒന്ന് മാത്രമേ ഇവിടെ പ്രവർത്തിക്കുന്നുള്ളു. മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപണികളും ഇവിടെ നടക്കുന്നുണ്ട്. ജനങ്ങളുടെ ആവശ്യത്തിന് അനുസരിച്ചുള്ള ഉൽപ്പാദനം ഇവിടെ നടക്കുന്നില്ല.

## ബെയ്ക്കറിയൂനിറ്റ്

ബേക്കറിസാധനങ്ങൾ നിർമ്മിക്കുന്ന രണ്ട് വ്യവസായങ്ങൾ ഇവിടെയുണ്ട്. സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിലുള്ള ഉൽപ്പാദനം ഇവിടെ നടക്കുന്നില്ല. നമ്മുടെ കാർഷിക വിഭവങ്ങളും വേണ്ട രീതിയിൽ ഇവിടെ ഉപയോഗപ്പെടുത്തുന്നില്ല.

## കൃഷിഅനുബന്ധ വ്യവസായങ്ങൾ

കാർഷിക മേഖലക്ക് അനുബന്ധമായി വളരാൻ സാധ്യതയുണ്ടായിരുന്ന വ്യവസായങ്ങളായിരുന്നു കയർ വ്യവസായവും തീപ്പെട്ടി വ്യവസായവും. പഞ്ചായത്തിന്റെ അതിർത്തികളിൽ കൂടി രണ്ട് മുഖ്യജലാശയങ്ങൾ ഒഴുകുന്നുണ്ട്. അവയ്ക്കിടയിൽ രണ്ട് കിലോമീറ്ററോളം നീളം വരുന്ന രണ്ട് ചെറുതോടുകളും അവിടവിടെയായി ഒറ്റപ്പെട്ട ജലസഞ്ചയങ്ങളും കൃഷിചെയ്യാതെ വെള്ളം കെട്ടികിടക്കുന്ന വയലുകളും മറ്റും ഉണ്ടെന്നത് കയർ വ്യവസായത്തിന് അനുയോജ്യമായ ഘടകങ്ങളാണ്. ചിരട്ട പാത്രങ്ങളാക്കിയും സ്പൂണാക്കിയും മറ്റും രൂപാന്തരപ്പെടുത്തി വിപണനം നടത്താൻ സാധിക്കും. തെങ്ങിൽ ശർക്കര ഉൽപ്പാദനത്തിനും സാധ്യതകളേറെയുണ്ട്. അത്പോലെ തന്നെ കവുങ്ങിൻപാള ഉപയോഗിച്ച് മനോഹരമായ തൊപ്പികളും കൈത്തൊഴിലായി വികസിപ്പിക്കാവുന്നതാണ്. ചിലഭാഗങ്ങളിലെങ്കിലും കൈതയോല സുലഭമായികണ്ട്വരുന്നുണ്ടെന്നത് പായ നെയ്ത്ത് സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു തീപ്പെട്ടി നിർമ്മാണത്തിന് ആവശ്യമായ സോഫ്റ്റ് വുഡ് നമുക്ക് ലഭ്യമാണ്. പഴം, പച്ചക്കറി, സംസ്കരണ യൂണിറ്റുകളും വിജയകരമായി നടത്താവുന്നതാണ്. കൃഷിയെ ആശ്രയിച്ചുള്ള ഇത്തരം വ്യവസായങ്ങൾ ഉയർന്നു വന്നാൽ നിലനിപ്പിന് വേണ്ടി കേഴുന്ന കർഷകന് അതൊരു അനുഗ്രഹമാകും.

## ആയുർവേദമരുന്ന് നിർമ്മാണം

പാരമ്പര്യ വൈദ്യൻമാരുടെ നേതൃത്വത്തിൽ നടന്ന് വരുന്ന മൂന്നോളം മരുന്ന് നിർമ്മാണം യൂനിറ്റുകൾ. ദീർഘകാലമായി ഇവിടെ നിലനിന്ന് വരുന്നു. കാലഹരണപ്പെട്ട നിർമ്മാണപ്രക്രിയകളിൽ നിന്ന് തെന്നിമാറി കാലോഹരണപ്പെട്ട നിർമ്മാണ പ്രക്രിയകളിൽ നിന്ന് തെന്നിമാറി കാലോചിതമായ പരിഷ്കാരങ്ങളിലൂടെ ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് ഉൽപ്പന്നങ്ങളിൽ വൈവിധ്യം ഉണ്ടാക്കിയും ഇവർ താരതമ്യേന ലാഭകരമായ രീതിയിൽ നിലനിന്ന് പോരുന്നു. വ്യവസായത്തിന് ആവശ്യമായ ഒട്ടേറെ ഔഷധസസ്യങ്ങൾ. ഇവിടെ തന്നെ ലഭ്യമാണെങ്കിലും അനുബന്ധമായി ഔഷധ സസ്യ-കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്.

## ആവശ്യങ്ങൾ കണ്ടറിഞ്ഞുള്ള വ്യവസായങ്ങൾ

ഇന്ന് ചെരിപ്പ് ധരിക്കാത്തവർ വിരളമാണ് ഏകദേശം ഇരുപതിനായിരത്തോളമാണ് നമ്മുടെ ജനസംഖ്യ. അതായത് അത്രത്തോളം തന്നെ ചെരിപ്പുകൾക്ക് ഇവിടെ ഒരു വർഷത്തേക്കെങ്കിലും ഡിമാന്റ് ഉണ്ട്. വ്യക്തിഗതമായി ആവശ്യമുള്ള ഇത്തരം വസ്തുക്കളുടെ നിർമ്മാണം പ്രാദേശികമായി തന്നെ നടത്താവുന്നതാണ്. നമ്മുടെ തൊട്ടടുത്ത പ്രദേശമായ തലശ്ശേരിയിൽ കുടനിർമ്മാണ രംഗത് വിജയകരമായി പ്രവർത്തിച്ചുവരുന്ന ഒരു വനിതാ സൊസൈറ്റി മാതൃകയാക്കാവുന്നതാണ്.

സോപ്പ് നിർമ്മാണത്തിന്റെ കാര്യത്തിലും, കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിലും വളരെയേറെ സാധ്യതയുണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ നിന്ന് നമ്മുടെ ഗ്രാമ പഞ്ചായത്തിലെ വ്യവസായ മേഖലയുടെ ഏകദേശ ചിത്രം വ്യക്തമാക്കാനാണ് ശ്രമിച്ചത്.

വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കാനായി സർക്കാരും മറ്റ് ഏജൻസികളും സാമ്പത്തിക സഹായവുമായി രംഗത്തുണ്ട് സംസ്ഥാനഗവൺമെന്റിന്റെ വ്യവസായവകുപ്പിന്റെ കീഴിലുള്ള വ്യവസായ ഓഫീസർ ആഴ്ചയിലൊരു ദിവസം നമ്മുടെ പഞ്ചായത്ത് പരിധിയിൽ ലഭ്യമാണെന്നത് ഒരു അനുകൂലസാഹചര്യമാണ്. സബ്സിഡി ഇനത്തിൽ വളരെയേറെ സംഖ്യ ചിലവാക്കപ്പെട്ടിട്ടുണ്ട്. ഐ.ആർ.ഡി.പി പദ്ധതിപ്രകാരം തുടങ്ങിയ ചെറുകിടവ്യവസായ യൂനിറ്റുകളാകട്ടെ മുകളിൽ നിന്ന് നിർദ്ദേശിക്കുന്ന പ്രോജക്ട്കളാവുന്നത്കൊണ്ടാകാം തികഞ്ഞ പരാജയവുമായിരുന്നു. ഒരു യൂനിറ്റ് ആരംഭിച്ച് കഴിഞ്ഞാൽ കൃത്യമായി മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഫലപ്രദമല്ല.

മൂന്ന് ബാങ്കുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട് സ്വന്തം സ്കീമുകളിലും ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ള സ്കീമുകളിലും കൂടി ചെറുകിട വ്യവസായത്തിന് കൊടുത്തവായ്പ 120 യൂനിറ്റുകൾക്കായി ഏതാണ്ട് 14 ലക്ഷം രൂപയാണ് നിലവിൽ ഉള്ളത്. ഇത് മൊത്തം വായ്പയുടെ ഏതാണ്ട് ഏഴ്ശതമാനമാണ്. നിക്ഷേപത്തിന്റെ എട്ട് ശതമാനമാണ് സംഖ്യ ഇതിൽ തൊണ്ണൂറ്റിയഞ്ച് ശതമാനം വായ്പകളിലും തിരിച്ചടവ് മോശമാണ്. ബാങ്കുകൾ കൂടുതൽ വായ്പകൊടുക്കാൻ വിമുഖതകാട്ടുന്നതിന്റെ കാരണം മോശമായ തിരിച്ചടവ് തന്നെയത്രെ. അടുത്ത കാലത്ത് ആരംഭിച്ച റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂനിറ്റുകൾ മാത്രമാണ് ഇതിനൊരപവാദം. തിരിച്ചടവ് നിലമോശമാകാൻ കാരണങ്ങൾ പലതാണ് എങ്കിലും പ്രകൃതി ദുരന്തമോ രോഗങ്ങളോ കാരണം കാണിക്കാവുന്ന ഒന്നും തന്നെയില്ല എന്ന് കാണാം. അതായത് വരുമാനവർദ്ധനവ് ഉണ്ടായിട്ട് കൂടി മനഃപൂർവം വായ്പ തിരിച്ചടവിൽ വീഴ്ചവരുത്തി. ഇതിന്റെ ഫലമായി വ്യവസായ സംരംഭകർ പുതിയ വായ്പക്കായി സമീപിച്ചാൽ തന്നെ ബാങ്കുകൾ കൊടുക്കാൻ മടിക്കുന്നു.

സാധ്യതകൾ കണ്ടെത്തി സ്കീമുകൾ രൂപപ്പെടുത്തി ഗുണഭോക്താക്കളെ കണ്ടെത്തി വ്യവസായത്തിലേക്ക് ആകർഷിക്കുന്നതിൽ ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും പരാജയപ്പെട്ടിരിക്കുന്നതായി കാണുന്നു. ജന

സംഖ്യയിൽ നല്ലൊരു ശതമാനവും ഗൾഫ്കാരാണ്. അവർ സ്വരൂപിക്കുന്ന വിദേശപണം പ്രത്യുൽപാദനപര പമല്ലാത്ത വഴിയിലേക്കാണ് (ഉദാ:- ആർഭാടകരമായ ഗൃഹനിർമ്മാണം മുതലായവ) ഇന്ന് നീങ്ങുന്നത്. ലക്ഷ ക്കണക്കിന് വരുന്ന ഈ സംഖ്യ വ്യവസായത്തിലേക്ക് തിരിച്ചുവിട്ടാൽ ഉൽപ്പാദനവർദ്ധനവ് മാത്രമല്ല തൊഴിലി ല്ലായ്മ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. ഗൾഫി ലേക്ക് കയറ്റുമതി ചെയ്യാൻ സാദ്ധ്യതയുള്ള ഉൽപ്പന്ന ങ്ങൾ നിർമ്മിച്ചാൽ വ്യാപാര ബന്ധങ്ങൾ ഉണ്ടാക്കാൻ കുറച്ചുകൂടി എളുപ്പമാകും. ഗൾഫ് പണം സ്വരൂപിച്ച് വെച്ചിരിക്കുന്ന ബാങ്കുകളുടെ പ്രൊജക്ട് രൂപീകരണ ത്തിലും മറ്റും വൈദഗ്ദ്യമുള്ളവരുടെ മുൻകൈ ഇക്കാ ര്യത്തിൽ ഉണ്ടാകണം.

മുൻപറഞ്ഞ കാര്യങ്ങളിൽ നിന്ന് ഈ നാട്ടിലെ വ്യവ സായ അഭിവൃദ്ധിക്ക് വിലങ്ങ് തടിയായി നിൽക്കുന്ന കാര്യങ്ങളെ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

1. പരമ്പരാഗത വ്യവസായങ്ങൾ പ്രതീക്ഷിക്കുന്ന രീതി യിൽ ഉൽപ്പാദനക്ഷമത പുലർത്തുന്നില്ല.

2. സാങ്കേതിക വൈദ്ഗ്ദ്യത്തിന്റെ അഭാവം.

3. അതാത് കാലത്തെ ആവശ്യങ്ങൾ അനുസരിച്ച് ഉൽപ്പ ന്നങ്ങളുടെ രൂപകൽപ്പനയിൽ മാറ്റം വരുത്തുന്നില്ല.

4. സർക്കാർ ജോലി മാത്രം ശരണം എന്ന സ്വഭാവം.

5. ഉൽപ്പന്നങ്ങളിൽ വൈവിധ്യവൽക്കരണം നടത്തുന്നില്ല.

6. വ്യവസായ നടത്തിപ്പിനെപ്പറ്റി അറിവില്ലായ്മ.

7. സർക്കാർ ഭാഗത്ത് നിന്നും മറ്റ് ഏജൻസികളിൽ നിന്നും പ്രേരണ ഉണ്ടാകുന്നില്ല.

8. ആകർഷകമായ മറ്റ് തൊഴിൽ മേഖലകളിലേക്ക് മനു ഷ്യവിഭവത്തിന്റെ കുത്തൊഴുക്ക്.

9. വ്യവസായ മനോഭാവം ഉയർത്താനുതകുന്ന വിദ്യാ ഭ്യാസരീതിയുടെ അഭാവം.

10. വൈദ്യുതിയുടെ ദൗർലഭ്യത.

11. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കു ന്നതിന് ഉള്ള നൂലാമാലകൾ.

## സാദ്ധ്യതകൾ

പരമ്പരാഗതവ്യവസായങ്ങൾ നവീകരിക്കുന്നതി നുള്ള പദ്ധതികൾ തയ്യാറാക്കുക.

വെള്ളൂർ ഭാഗത്ത് നിലവിലുണ്ടായിരുന്ന കളിമൺവ്യ വസായ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുക. ഇവിടെ നിന്ന് നമ്മുടെ പഞ്ചായത്തിലേക്ക് ആവശ്യ മുള്ള ദക്ഷത കൂടിയ അടുപ്പ് നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കാവുന്നതാണ്. ഇവിടെ വെച്ച് പോട്ടറി പരിശീ ലനം കൊടുക്കാവുന്നതാണ്. പഞ്ചായത്തിന്റെ പരിധി യിലുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കണം. ഇവരുടെ ഉൽപന്നങ്ങൾ വിപ ണനം നടത്താൻ തൂണേരിയിൽ കേന്ദ്രം സ്ഥാപിക്കാവു ന്നതാണ്.

കൈത്തറിമേഖലയിലെ തൊഴിലാളികളെ സഹകര ണാടിസ്ഥാനത്തിൽതന്നെ സംഘടിപ്പിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് ക്രാഫ്ട് പരിശീലനം കൊടുക്കാവു ന്നതാണ്. വിദഗ്ദപരിശീലനം ആവശ്യമുള്ള തൊഴിലാ ളികൾക്ക് അതിനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. ഈ രംഗത്ത് പരിശീലനത്തിന് തയ്യാറാവുന്ന യുവതി യുവാക്കൾക്ക് സ്റ്റൈപ്പന്റ് ലഭ്യമാക്കുക.

ഇരുമ്പ് ഉപകരണങ്ങളുടെ നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്നവരുടെ വൈദഗ്ദ്യം കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തണം. ഇതിനായി ആ രംഗത്ത് പ്രവർത്തി ക്കുന്നവരെ വിളിച്ച് ചേർത്ത് ശില്പശാല സംഘടിപ്പി ക്കാവുന്നതാണ്.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് പ്രവർത്തി ക്കുന്നവർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ഉത കുന്ന മാർക്കറ്റ് സംവിധാനം ഏർപ്പെടുത്തണം. തൂണേരി അഞ്ചാം വാർഡിൽ മുമ്പ് നിലവിലുണ്ടായിരുന്ന ചെറു കിട വ്യവസായയൂനിറ്റ് സ്വകാര്യവ്യക്തിയിൽ നിന്നും തിരിച്ച്പിടിച്ച് അവിടെനിന്ന് നമ്മുടെ പഞ്ചായത്തിലെ സ്കൂൾ കുട്ടികൾക്ക് ആവശ്യമായ നോട്ട്ബുക്കുകളും ചോക്കുകളും സ്ലെയിറ്റ്, പെൻസിൽ മുതലായവ നിർമ്മി ക്കാവുന്നതാണ്. സ്ഥലത്തെ യു.പി. സ്കൂൾ വിദ്യാർത്ഥി കളുടെ സേവനവും ഇവിടെ ഉപയോഗപ്പെടുത്താവുന്ന താണ്.

പട്ടാണിയിൽ തടി വ്യവസായം സ്ഥാപിക്കാൻ മുന്നോട്ട് വന്ന സംരംഭകന് ആവശ്യമായ പ്രത്സാഹന ങ്ങൾ നൽകിയാൽ പതിനഞ്ചോളം പേർക്ക് സ്ഥിരമായി ജോലി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

വേറ്റുമ്മൽ ഭാഗത്ത് സോപ്പ്, മെഴുകുതിരി തുടങ്ങി യവ നിർമ്മിക്കാൻ വനിതകളുടെ നേതൃത്വത്തിൽ ഒരു യൂനിറ്റ് സ്ഥാപിക്കേണ്ടതാണ്.

പത്താം വാർഡിൽ സിമന്റ് കട്ട നിർമ്മിക്കാനുള്ള യൂനിറ്റ് ആരംഭിക്കാവുന്നതാണ്.

വെള്ളൂർ ചാമപ്രം ഭാഗത്ത് 9-ാം വാർഡിൽ ലഭ്യമാ യിട്ടുള്ള കൈതോല ഉപയോഗപ്പെടുത്തിക്കൊണ്ട് പായ നെയ്ത്ത് യൂനിറ്റ് ആരംഭിക്കേണ്ടതാണ്.

ഒന്നാം വാർഡിൽ ഫ്ളോർ മിൽ സ്ഥാപിച്ച് മസാല പൊടികളും ധാന്യങ്ങളും ഉൽപാദിപ്പിച്ച് വിപണനം നട ത്താവുന്നതാണ്.

ജനസാന്ദ്രത കുറഞ്ഞ സ്ഥലം ഏതെന്ന് തിട്ടപ്പെ ടുത്തി വ്യവസായകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ചെരുപ്പ്, കുട എന്നിവ ഇവിടെ നിർമ്മിക്കാം.

പഴം, പച്ചക്കറി സംസ്കരണത്തിന് യൂനിറ്റ് സ്ഥാപി ക്കേണ്ടതാണ്. ഇതിന് ആവശ്യമായി വരുന്ന പരിശീ ലനം കൊടുക്കേണ്ടതാണ്.

കോടഞ്ചേരി ഭാഗത്ത് കയർ വ്യവസായത്തിന്റെ സാധ്യതകൾ ഏറെയുണ്ട്.

ക്ഷീരോൽപന്നങ്ങൾ നിർമ്മിക്കുന്ന യൂനിറ്റ് II, III-ാം വാർഡുകളിലെ കുടുംബങ്ങളെ സംഘടിപ്പിച്ചുകൊണ്ട് നടത്താവുന്നതാണ്.

# ഊർജ്ജം

തൂണേരി ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും വെളിച്ചത്തിന് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയാണ് മുഖ്യമായ ഊർജ്ജ ശ്രോതസ്സ്. ഈ പ്രദേശത്തിലെ ജനങ്ങൾ ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്യുവാൻ പ്രധാന ഊർജ്ജശ്രോതസ്സ് വിറകാണ്. മുൻകാലങ്ങളിൽ വിറക് പൊതുവഴികളിൽ നിന്നും കാടുകളിൽ നിന്നും യഥേഷ്ടം ലഭിക്കുമായിരുന്നു. എന്നാൽ ഈ അടുത്ത കാലത്തായി വർദ്ധിച്ചു വരുന്ന വീടുനിർമ്മാണവും ബിൽഡിംഗ് നിർമ്മാണവും കാരണം പൊതുസ്ഥലങ്ങളിൽ നിന്ന് ലഭിച്ചുവരുന്ന വിറകിന്റെ ലഭ്യതയില്ലായ്മ സാധാരണജനങ്ങളെ വളരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. വളരെ ദുർലഭമായി മാത്രമേ മണ്ണെണ്ണ, പെട്രോൾ, ഡീസൽ എന്നീ ഊർജ്ജ ശ്രോതസ്സുകൾ ജനങ്ങൾ ഉപയോഗിക്കാറുള്ളൂ.

ഈ പ്രദേശത്ത് അയ്യായിരത്തോളം വിദ്യാർത്ഥികൾ ഉണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ പഠിത്തത്തിന്റെ സമയമായ 7 മണി മുതൽ 10 മണിവരെയുള്ള സമയങ്ങളിൽ മിന്നാമിനുങ്ങിന്റെ വെളിച്ചം മാത്രം ലഭിക്കുന്നതു കൊണ്ട് വിദ്യാർത്ഥികളുടെ പഠിത്തത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ളത് സത്യസന്ധമായ ഒരു കാര്യമാണ്. ഈ പഞ്ചായത്തിൽ ആകെയുള്ള ട്രാൻസ്ഫോർമർ 13 ആണ്. ഉപഭോക്താക്കളുടെ ആവശ്യം പരിശോധിച്ചപ്പോൾ 22 ഓളം ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ മാത്രമേ വൈദ്യുതിക്ഷാമം പരിഹരിക്കപ്പെടുകയുള്ളൂ. ഈ പ്രദേശത്തേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത് വടകര, കുറ്റ്യാടി, 110 KV സബ്സ്റ്റേഷനിൽ നിന്നാണ്. ഈ രണ്ട് പ്രദേശവും തൂണേരി പഞ്ചായത്തിൽ നിന്ന് 20 കി.മീറ്ററിൽ കൂടുതൽ ദൈർഘ്യമുള്ളതും വൈദ്യുതി ക്ഷാമത്തിന് ഒരു പ്രധാന കാരണമാകുന്നു. അതുകൊണ്ട് നാദാപുരം പരിസരത്ത് 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് ഈ പ്രദേശത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ അത്യന്താപേക്ഷിതമാണ്.

## വൈദ്യുതി സംബന്ധിച്ച സ്ഥിതിവിവര കണക്ക്

I. ഗാർഹികം - 1452

വ്യാപാരം - 167

വ്യാവസായികം - 9

കാർഷികം - 16

II. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

ഓർഡിനറി - 40

OTP - 3

OYEC - 10

അവസാനം നൽകിയ കണക്ഷന്റെ തിയ്യതി - 16-10-1996.

III. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.

40W - 69 എണ്ണം

60W - 13 എണ്ണം

ട്യൂബ് - 7

മെർക്കുറി വേപ്പർ -

സോഡിയം വേപ്പർ - 11

IV. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനി - ഇല്ല

V. തൻവർഷത്തെ കണക്ക്

Ordinary - 4

OTP - Nil

OYEC - 30

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം LT Transformer കൾ

1. തൂണേരി
2. പട്ടാണിക്കിണർ
3. ആരവാലം
4. ചാലപ്രം
5. മുടപ്പിലാവിൽതാഴ
6. കോടഞ്ചേരി
7. വെള്ളൂർ
8. കോട്ടേമ്പ്രം
9. വേറ്റുമ്മൽ
10. മുടവന്തേരി
11. നൊട്ടേൽ
12. ജ്യോതി ടാക്കീസ്
13. പാറക്കടവ്

സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പഞ്ചായത്ത് പ്രതിമാസം അടക്കുന്ന തുക - 1330 രൂപ.

## അടിയന്തിര പ്രാധാന്യമുള്ള ആവശ്യങ്ങൾ

**I-ാം വാർഡ്**

പാറോള്ളതിൽ മുക്ക് പുളിക്കൂൽ താഴ - ട്രാൻസ്ഫോർമർ

നെല്ലിയോള്ളതിൽ മുക്ക് മുതൽ പുളിക്കൂൽ മുക്ക് വരെയും കുഞ്ഞിപ്പുര മുക്ക് മുതൽ ചുണ്ടയിൽ സ്കൂൾ (GMLP) വരെയും street light ആവശ്യമാണ്.

മുടവന്തേരി, ഉപ്പാലന്റവിട മുക്ക്, കുന്നോത്ത് എന്നീ പ്രദേശങ്ങളിലെ 50 ഓളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

ഒലിപ്പിൽ ആവടി മുക്ക് street light സ്ഥാപിക്കുക.

**II-ാം വാർഡ്**

പീടികക്കണ്ടി മുക്കിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

തൂണേരി മണക്കടവ് റോഡ്, ആവടിമുക്ക്, ഒലിപ്പിൽ മുക്കിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

തേർകുന്ന് ഭാഗത്ത് 35 ഓളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

പാലത്തിൽ മുക്ക് - പെരിപ്പോളി മുക്ക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

കളത്തറ അമ്പലം, എണവള്ളൂർ പള്ളിതാഴ എന്നീ

വിടങ്ങളിൽ sodium lamp സ്ഥാപിക്കുക.

III-ാം വാർഡ്

തട്ടാറത്ത് പള്ളി മുക്കിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

പേരോട് - പാറക്കടവ്

പേരോട് - തൂണേരി

തൂണേരി - പട്ടാണി എന്നിവിടങ്ങളിൽ street light സ്ഥാപിക്കുക.

ഷാഫി മുക്ക് - ഹൈസ്കൂൾ റോഡിലും പട്ടാണി കിണർ - കക്കംവള്ളിക്കുന്ന് എന്നിവിടങ്ങളിൽ 100 വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

പട്ടാണിമുക്ക് (MLP School ൽ) sodium vapour lamp സ്ഥാപിക്കുക.

IV-ാം വാർഡ്

വേലിയേരി

കോടച്ചംവീട് മുക്ക് - ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

ആവോലം ട്രാൻസ്ഫോർമർ മുതൽ ചാലപ്രം വയൽ വരെയും ഇല്ലത്ത് താഴ മുതൽ നടുക്കണ്ടി വരെയും street light സ്ഥാപിക്കുക.

C.C.U.P. സ്കൂൾ, ബാലവാടി, കളത്തിൽമുക്ക്, പുത്തോളി എന്നിവിടങ്ങളിൽ sodium vapour lamp സ്ഥാപിക്കുക.

V-ാം വാർഡ്

കണ്ണങ്കൈ സ്കൂളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

4 cent കോളനി വൈദ്യുതീകരിക്കുക.

VI-ാം വാർഡ്

വേറ്റുമ്മൽ മുതൽ പള്ളിതാഴ വരെയും വേറ്റുമ്മൽ മുതൽ 4 cent കോളനി വരെയും street light സ്ഥാപിക്കുക. പനോളി മുക്ക് മുതൽ കോട്ടേമ്പ്രം ക്ഷേത്രം വരെ 100 ഓളം വീടുകളിൽ വൈദ്യുതി ഇല്ല.

കളരിയുള്ളതിൽ ഭാഗം 75 ഓളം വീടുകളിൽ വൈദ്യുതി ഇല്ല.

VII-ാം വാർഡ്

പൂവുള്ളതിൽ പീടികക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

ലക്ഷംവീട് കോളനി, 4 cent കോളനി, ശിശുമന്ദിരം, sub centre എന്നിവയും വൈദ്യുതീകരിക്കുക.

പടിഞ്ഞാറുഭാഗം കോടഞ്ചേരിയിൽ 150 ഓളം വീടുകളിൽ വൈദ്യുതി ഇല്ല.

Post office മുതൽ ലക്ഷം വീട് വരെയും പുവ്വനാട്ട് താഴെ മുതൽ മാടത്തിൽ താഴെ വരെയും പറപ്പട്ടോളി താഴ വരെ street light സ്ഥാപിക്കുക.

VIII-ാം വാർഡ്

ചെറുവള്ളൂർ സ്കൂൾ പരിസരം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

പരക്കണ്ടി മുക്ക് മുതൽ പുവ്വനാട്ട് മുക്ക് വരെയും രയരോത്ത് മുക്ക് മുതൽ കോടഞ്ചേരി പോസ്റ്റ് ഓഫീസ് വരെയും street light സ്ഥാപിക്കുക.

നെല്ലോളി മുക്ക്, തെയ്യംപാടി ലക്ഷം വീട് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

IX-ാം വാർഡ്

പുത്രാണ്ടി മുക്കിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

ചേറ്റുവട്ടി മുതൽ പൊന്നാണ്ടി മുക്ക് വരെ street light സ്ഥാപിക്കുക.

പുത്തമ്പുര മുക്ക് മുതൽ പറക്കണ്ടി മുക്ക് വരെ street light സ്ഥാപിക്കുക.

ചെറുവലത്ത് മുക്കിലും, കനാൽപാലത്തിലും sodium vapour lamp സ്ഥാപിക്കുക.

X-ാം വാർഡ്

വരാങ്കി താഴ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

മാർക്കോത്ത് മുക്ക് മുതൽ കുളമുള്ളതിൽ മുക്ക് വരെ street light പൂർത്തീകരിക്കുക.

കുന്നുമ്മൽ ഭാഗത്ത് 30 ഓളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

Sodium vapour lamp ആയുർവേദ ഡിസ്പെൻസറിക്ക് സമീപം.

## നിർദേശങ്ങൾ

പഴഞ്ചൻ രീതിയിലുള്ള അടുപ്പുകളിൽ വിറക് ഉപയോഗിച്ചുള്ള പാചകം ഊർജ്ജം നഷ്ടപ്പെടുന്നതിന് ഒരു പ്രധാന കാരണമാണ്. അതുകൊണ്ട് ആധുനിക രീതിയിലുള്ള അടുപ്പുകൾ ഉപയോഗിക്കുവാൻ ബോധവൽക്കരണം നടത്തുക.

വൈദ്യുതോർജ്ജം പാഴായിപ്പോകുന്നതിന്റെ പ്രധാന കാരണം electric line കളിൽ മരങ്ങ‌ം മറ്റും തൊടുന്നത് കൊണ്ടാണ്. ഈ കാര്യത്തിൽ പ്രാദേശികമായ ജനകീയ കമ്മറ്റി ശ്രദ്ധ ചെലുത്തണം.

പഞ്ചായത്തിലെ തെരുവുവിളക്കുകൾ പകൽ സമയങ്ങളിൽപ്പോലും ചിലപ്പോൾ കത്തുന്നത് വൈദ്യുതോർജ്ജം നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഈ കാര്യത്തിൽ ജനകീയ കമ്മറ്റി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ആർഭാടത്തിന് വേണ്ടി വൈദ്യുതി ഉപയോഗിക്കുന്നത് നിയന്ത്രിക്കപ്പെടണം. വീടുകൾ നിർമ്മിക്കുമ്പോൾ കുടുംബാംഗങ്ങളുടെ അംഗസംഖ്യക്കനുസരിച്ച് വൈദ്യുതി ക്രമീകരിക്കണം.

ഒരു വീട്ടിൽ നാലോ അഞ്ചോ പശുക്കളെ വളർത്തുകയാണെങ്കിൽ ആ വീട്ടിലേക്ക് ആവശ്യമായ ഗോബർ ഗ്യാസ് ഉപയോഗിച്ച് ആ വീടിന്റെ ഊർജ്ജാവശ്യം ഒരു പരിധി വരെ പരിഹരിക്കാം.

സെപ്ടിക്ക് ടാങ്കിൽ നിന്നും ഗ്യാസ് സംഭരിച്ച് പാചകാവശ്യത്തിന് ഊർജ്ജം ലഭ്യമാക്കാവുന്നതാണ്.

ചെറിയ വോൾട്ടേജിൽ പ്രകാശിക്കുന്ന വൈദ്യുതദീപങ്ങൾ പ്രചരിപ്പിക്കുന്നതിന് പഞ്ചായത്തിന് സബ്സിഡി നൽകാവുന്നതാണ്.

അനർട്ടിന്റെ പ്രവർത്തനം വ്യാപകമാക്കണം.

# ഗതാഗതം

തൂണേരി പഞ്ചായത്തിന്റെ വികസനത്തിന്റെ മുഖ മായി പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി സാക്ഷ്യ പത്രങ്ങളാണ്. 10 വാർഡുകളിലായി ഏകദേശം 119 കിലോമീറ്റർ റോഡുകൾ ഉണ്ടെങ്കിലും ഗതാഗത യോഗ്യ മല്ലാത്ത അവസ്ഥയാണ്. ഈ റോഡുകൾ ഭൂരിഭാഗവും സഞ്ചാര യോഗ്യമല്ല. മഴക്കാലമായാൽ കുണ്ടും കുഴി യും നിറഞ്ഞ ഈ റോഡുകളിൽ പലതിന്നും ഓവുപാല ങ്ങളോ, അഴുക്ക് ചാലുകളോ ഇല്ലാത്ത അവസ്ഥ റോഡു കളുടെ സ്ഥിതി വളരെ ദയനീയ മാക്കുകയാണ്. 119 കിലോമീറ്റർ റോഡുകൾ ഉണ്ടെങ്കിലും പലതിന്റെയും വീതി 2 മീറ്റർ മുതൽ 5മീറ്റർ വരെയാണ്. 19 മീറ്റർ റോഡുകൾ മാത്രമെ താർ ചെയ്തതായിട്ടുള്ളൂ. ഇതിൽ 15 കിലോമീറ്റർ PWD റോഡും, പഞ്ചായത്തിന്റെ വക യായി താർ ചെയ്തത് ഏകദേശം 4 കിലോമീറ്ററുമാണ്. അവശേഷിച്ച 100 കിലോമീറ്ററോളം റോഡിൽ 4 കിലോ മീറ്റർ ഭാഗം മെറ്റൽ ചെയ്തതാണ്. മഴക്കാലം തുടങ്ങി യാൽ ഈ റോഡുകളൊക്കെ മൺപാതയാകുന്ന സ്ഥിതി യാണ് ഉള്ളത്. മൊത്തത്തിൽ പഞ്ചായത്തിലെ റോഡു കളുടെ ഏറിയപങ്കും കുണ്ടും കുഴിയും നിറഞ്ഞ് ചളിക്കു ളങ്ങളായി മാറുകയാണ്. നിരവധി വിദ്യാർത്ഥികൾ ദൈനം ദിന സഞ്ചാരത്തിന്ന് ഉപയോഗിക്കുന്നത് ആണ് ഇത്.

പഞ്ചായത്തിലെ വികസന പ്രവർത്തനത്തിൽ റോഡു കളുടെ പ്രാധാന്യം എടുത്തു പറയേണ്ടതില്ലല്ലോ. അതു കൊണ്ട് വികസന പരിപാടികളിൽ റോഡുകൾക്ക് പ്രധാ നപ്പെട്ട പരിഗണന കൊടുക്കണമൊന്നും റോഡുകൾ നന്നാക്കി ഗതാഗത യോഗ്യമാക്കാൻ ഏറ്റവും കൂടുതൽ താല്പര്യം കാണിക്കണമെന്നും നിർദ്ദേശിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം സഞ്ചാര യോഗ്യമല്ലാത്ത ഒരു പാട് സ്ഥലങ്ങൾ ഉണ്ട്. അതുകൊണ്ട് ഈ പഞ്ചായത്തിൽ ധാരാളം ഫുട്പാ ത്തുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടിയിരിക്കുന്നു. പല വഴികളും സഞ്ചാരയോഗ്യമല്ലാതെ കാടുപിടിച്ചും, കുണ്ടും കുഴിയും നിറഞ്ഞതാണ്. ജനങ്ങളുടെ ദൈനം ദിന അവശ്യങ്ങൾക്ക് ബന്ധപ്പെടാന വിദ്യർത്ഥികൾക്ക് സ്കൂളിൽ പോകാനും മറ്റും ഈ ഫുട്പാത്തുകൾ വള രെസഹായകരമായിരിക്കും. ആയതിനാൽ ഈപഞ്ചായ ത്തിൽ ഫുട്പാത്തുകൾക്കും അടിയന്തരപ്രധാന്യം നല്കേണ്ടതാണ്. എന്നാൽ മാത്രമെ ജനങ്ങൾക്ക് സഞ്ച രിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാവുന്നുള്ളൂ.

സാമൂഹ്യവും, സാംസ്ക്കാരികവും, സാമ്പത്തികവും ആയ പുരോഗതിക്ക് റോഡുകളുടെയും, ഫുട്പാത്തുക ളുടെയും പ്രധാന്യം കണക്കിലെടുത്ത്. മുന്തിയ പരിഗ ണനകൊടുക്കണമെന്നും നിർദ്ദേശിക്കുന്നു.

**1. മാർക്കാത്ത് മുക്ക് – കുളയുണ്ടതിൽ മുക്ക് റോഡ്**

ഈ റോഡിന് 2 കിലോമീറ്റർ ദൂരമുണ്ട്. ഇതിൽ പകുതി ദൂരം മെറ്റൽ ചെയ്തതാണ്. ഈറോഡിൽ 2 സ്ക്കുളു കളും, ഒരു ലക്ഷം വീട്കോളനിയുമുണ്ട്. തൂണെരിട ണിൽ നിന്നും പുറമേരിയിലേക്ക് ഈറോഡ് ഗതാഗത യോഗ്യമായാൽ നിലവിലുള്ളതിനേക്കാൾ എകദേശം 4 കിലോമീറ്ററോളം ദൂരം ലാഭമുണ്ട്. ഈറോഡ് തൂണെരി പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളതും, തുടക്കത്തിൽ ശ്രമദാനമായി ഉണ്ടാക്കിയതുമാണ്. തൂണെരി പഞ്ചാ യത്ത് ഓഫീസ്സിൽ നിന്നും, കോടഞ്ചേരിയിലെത്തുള്ള എളുപ്പവഴികൂടിയാണ് ഇത്. കോടഞ്ചേരിയിലുള്ള ജന ങ്ങൾക്ക് പഞ്ചായത്തുമായി ബന്ധപ്പെടണമെങ്കിൽ ഇപ്പോൾ വളരെ ദൂരം സഞ്ചരിക്കണം. അതുകൊണ്ട് ഈറോഡിന്ന് ഏറ്റവും പ്രധാനപ്പെട്ട പരിഗണന കൊടു ക്കണമെന്ന് നിർദ്ദേശിക്കുന്നു.

**2. ഒലീപ്പിൽ – ആവടിമുക്ക് റോഡ്.**

ഈറോഡിന് 2 കിലോമീറ്റർ ദൂരമുണ്ട്. ഈറോഡ് മുഴുവനായും മെറ്റൽ ചെയ്തിട്ട് വർഷങ്ങളായി. പാറക്ക ടവിൽനിന്നും പെരിങ്ങത്തൂരിലെക്ക് നിലവിലുള്ള വഴി യേക്കാൾ എകദേശം 3 കിലോമീറ്റർ ദൂരം ലാഭം ഉണ്ടാകും. നാദാപുരം പെരിങ്ങത്തൂർ റൂട്ടിൽ ഗതാഗതസ്തംഭനമു ണ്ടയായാൽ ഈ റോഡ് വളരെ ഉപകാരമാണ്. ധാരാളം വിദ്യാർത്ഥികൾ സ്കൂളുകളിലേക്ക്പോകുന്ന വഴികൂടി യാണ് അതുകൊണ്ട് ഈറോഡിന്നും പ്രധാപ്പെട്ട പരിഗ ണന നല്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**3. തൂണെരി – മണക്കടവ് റോഡ്**

ഈറോഡിന്ന് $2^1/_2$ കിലോമീറ്റർ ദൂരംഉണ്ട്. ഇതിൽ മൂന്നിൽ ഒരുഭാഗം ടാർ ചെയ്തിട്ടുണ്ട്. ഈറോഡ് ചെക്ക്യാട് പഞ്ചായത്തിലെ ഉമ്മത്തുരുമായിട്ട് ബന്ധപ്പെ ടാനുള്ള എളുപ്പ വഴിയാണ്. ഈറോഡിൽ കൂടിയാണ് ഉമ്മത്തൂർ ഹൈസ്ക്കൂൾ, പെരിയണ്ടിസ്ക്കൂൾ, തൂണെരി ഇ.വി.യു.പി.സ്ക്കൂൾ, തുടങ്ങിയ സ്ക്കുളുകളിലെക്ക് വിദ്യർത്ഥികൾക്ക് പോകേണ്ടത്. കൂടാതെ കളത്തറമ ണികണ്ഠമംക്ഷേത്രം, എണവണ്ടൂർപള്ളി എന്നിവട ങ്ങളിലെക്ക് ആളുകൾ യാത്രചെയ്യുന്നത്.

അതുകൊണ്ട് ഈറോഡിന്നും പ്രധാനപ്പെട്ട പരിഗ ണന നല്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**4. പറക്കണ്ടിമുക്ക് – പൂവ്വനാട്ട്താഴെ റോഡ്**

ഈറോഡിന്റെ ദൂരം ഏകദേശം 2 കിലോമീറ്റർ ആണ്. ഈറോഡിൽ കൂടിയാണ് ചെറുവള്ളൂർ L.P. സ്ക്കൂളിലെ ക്കുള്ളവഴി. നാദാപുരം, കോടഞ്ചേരി, പുറമേരി, മേറ്റു മൽ എന്നീ P.W.D. റോഡുകളുമായി ബന്ധിപ്പിക്കുന്ന

എറ്റവും എളുപ്പവഴിയാണ് ഇത്. ഈറോഡ് ഗതാഗത യോഗ്യമല്ലാത്തതുകൊണ്ട് ആളുകൾക്ക് നാദാപുരം, പുറമേരി, മുതലായ സ്ഥലങ്ങളിലേക്ക് ബന്ധപ്പെടുവാൻ വളരെയധികം വിഷമം ഉണ്ട്. അതുകൊണ്ട് ഈറോഡിന്നും മുന്തിയ പരിഗണന നല്കണമെന്ന് നിർദ്ദേശിക്കുന്നു.

**5. ആറാട്ടുകുളം - പറക്കണ്ടിമുക്ക് റോഡ്.**

ഈറോഡിന് ഏകദേശം 1 1/2 കിലോമീറ്റർ ദൂരമുണ്ട്. തൂണേരി അങ്ങാടിയിൽനിന്നും ചാലപ്രം ഭാഗത്തേക്കുള്ള എളുപ്പവഴിയാണ് ഈറോഡ്. ചാലപ്പുറത്തുള്ള ആളുകൾക്ക് തൂണേരി ടൗണിൽ എത്താൻ ഇപ്പോൾ നാദാപുരം വഴിയാണ് വരുന്നത്. ഈറോഡ് ഗതാഗതയോഗ്യമായാൽ ഏകദേശം 3 കിലോമീറ്റർ ദൂരം ലാഭിക്കാം. അതുകൊണ്ട് ഈറോഡിന് പ്രധാനപരിഗണനനല്കണമെന്ന് നിർദ്ദേശിക്കുന്നു.

**6. ഇളമ്പിലാവിൽമുക്ക് - മഞ്ഞക്കടവ് റോഡ്.**

ഈറോഡിന് 1 1/2 കിലോമീറ്റർ ദൂരമുണ്ട്. ഇതിൽകുറച്ച് ഭാഗം താർ ചെയ്തിട്ടുണ്ട്. ഈറോഡ് ഗതാഗതയോഗ്യമായാൽ ഇരിങ്ങത്തൂർ ടൗണിലെത്താൻ എളുപ്പമാണ്. ഈറോഡിൽ ഒരു സ്ക്കൂളും ഒരു പള്ളിയും ഉണ്ട്. ഇരിങ്ങത്തൂർ ഹൈസ്ക്കൂളിലെക്ക് ഈപ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് എത്താൻ ഈ റോഡിന് പ്രധാനപരിഗണന കൊടുക്കാൻ നിർദ്ദേശിക്കുന്നു.

**7. പാനോളിമുക്ക് - കോട്ടേമ്പ്രം ക്ഷേത്രം റോഡ്.**

ഈറോഡിന് എകദേശം 1 1/2 കിലോമീറ്റർ ദൂരമുണ്ട്. വളരെ പ്രശസ്തമായി കോട്ടേമ്പ്രം ക്ഷേത്രത്തിലെക്കുള്ള ഒരു പ്രധാനപ്പെട്ട വഴിയാണ് ഇത് വളരെയധികം നെയ്ത്ത് തൊഴിലാളികൾ ഉള്ള ഒരു പ്രദേശം കൂടിയാണ് ഇത്. തൊഴിലാളികൾക്ക് അവരുടെ ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കാനും, നെയ്ത്തിനാവശ്യമായി വരുന്ന സാധനങ്ങൾ കൊണ്ടുവരാനും ഈറോഡുമാത്രമെ ആശ്രയമായുള്ളു. ഈറോഡ് പുറമേരി - മേറ്റുമ്മൽ PWD റോഡുമായും എടച്ചേരി – ഇരിങ്ങത്തൂർ PWD റോഡുമായും ബന്ധിക്കുന്നുണ്ട്. അതുകൊണ്ട് ഈറോഡിന്ന് പ്രധാനപരിഗണന നല്കാൻ നിർദ്ദേശിക്കുന്നു.

**8. ആമൊലം ട്രാൻസ്ഫോർമർ മുക്ക്, കണ്ണോത്ത്കണ്ടി, തച്ചങ്കണ്ടിമുക്ക് റോഡ്.**

ഈറോഡിന് ഏകദേശം 2 കിലോമീറ്റർ ദൂരമുണ്ട്. ഈറോഡിൽ കൂടിയാണ് C.C. യു.പി.സ്ക്കൂൾ, ആമോലം ഭഗവതി ക്ഷേത്രം എന്നിവടങ്ങലിലെക്കുള്ള സഞ്ചാരം. ധാരാളം നെയ്ത്ത്തൊഴിലാളികൾ സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ ഈറോഡും വളരെയധികം പ്രാധാന്യം അർഹിക്കുന്നു. അതുകൊണ്ട് ഈറോഡിന്നും പ്രധാന പരിഗണനനല്കാൻ നിർദ്ദേശിക്കുന്നു.

**9. അരവലത്ത് മുക്ക് - പറപ്പട്ടോളിപാലം റോഡ്.**

ഇറോഡിന്ന് ഏകദേശം 1 1/2 കിലോമീറ്റർ ദൂരമുണ്ട്. ഈറോഡിൽ കൂടിയാണ് പുറമെരി ഹൈസ്ക്കൂളിലെക്ക് വിദ്യാർത്ഥികൾ പോകുന്നത്. പുറമെരി ടൗണുമായി ആൾക്കാർ ദിവസവും ബന്ധപ്പെടുന്ന ഒരു പ്രധാനപ്പെട്ടവഴിയാണ്. അതുകൊണ്ട് ഇതിന്നും പ്രധാന പരിഗണന നല്കാൻ നിർദ്ദേശിക്കുന്നു.

**10. പൊന്നാങ്കിമുക്ക് - പുത്തമ്പുരയിൽ മുക്ക് റോഡ്.**

ഈറോഡിന് ഏകദേശം 1 1/2 കിലോമീറ്റർ ദൂരമുണ്ട്. ഈപ്രദേശത്ത് ഗതാഗതയോഗ്യമായ പ്രധാനപ്പെട്ട ഒരു റോഡ് ഇത് മാത്രമാണ്. ഈപ്രദേശത്തുകാർക്ക് തൂണെരിടൗണുമായും, നാദാപുരമായും ബന്ധപ്പെടാൻ ഈറോഡുമാത്രമെയുള്ളു. അതുകൊണ്ട് ഈറോഡിന്ന് വേണ്ട പരിഗണനനല്കാൻ നിർദ്ദേശിക്കുന്നു.

**11. പൂവ്വനാട്ട താഴെ - ജാതിയിൽ താഴെ റോഡ്.**

ഈറോഡിന്ന് 1 1/2 കിലോമീറ്റർ ദൂരമുണ്ട്. ഈറോഡിൽ കൂടിയാണ് പാനെൽ ലക്ഷംവീട് കോളനിയിലെക്കുള്ള പ്രധാനപ്പെട്ടവഴി. ഈറോഡ് പുറമെരി - മേറ്റുമ്മൽ PWD റോഡുമായി ബന്ധിക്കുന്നു. ഈപ്രദേശത്തുകാർക്ക് പുറമെരി ;ണെരിയുമായി ബന്ധപ്പെടാൻ ഈറോഡ് മാത്രമെ ആശ്ര. മായുള്ളു. ആയതിനാൽ ഈറോഡിന്ന് പ്രധാന പരിഗണന നല്കണ്ടതാണ്.

**12. ശാഫിമുക്ക്(പേരൊട്) - ഹൈസ്ക്കൂൾ റോഡ്**

പേരൊട് നിന്നും തൂണെരി പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ M.I.M. ഹൈസ്ക്കൂളിലെക്കുള്ള ഒരു പ്രധാനപ്പെട്ട വഴിയാണ് ഇത്. ഈറോഡിന്ന ഏകദേശം 1 കിലോമീറ്റർ ദൂരം ഉണ്ട്. അതുകൊണ്ട് ഈറോഡിന്നു പ്രധാന പരിഗണന നല്കാൻ നിർദ്ദേശിക്കുന്നു.

**13. തൂണെരി ടൗൺ (വായനശാലമുക്ക്) - മേക്കാച്ചെരിമുക്ക്.**

ഇറോഡിന്ന് ഏകദേശം 2 1/2 കിലോമീറ്റർ ദൂരമുണ്ട്. ഇറോഡാണ് തൂണെരി പ്രാഥമീക ആരോഗ്യകേന്ദ്രത്തിലെക്കുള്ള വഴിയും . പിന്നെ വളരെപ്രധാനപ്പെട്ട ക്ഷേത്രമായ തൂണെരിവേട്ടക്കൊരുമകൻ ക്ഷേത്രത്തിലെക്കുള്ള പ്രധാനവഴിയും ഇതു തന്നെയാണ്. ഇറോഡിന്ന് പ്രധാനപരിഗണന നല്കണമെന്ന് നിർദ്ദേശിക്കുന്നു.

**14. പറക്കണ്ടിമുക്ക് - കക്കംവെള്ളി റോഡ്.**

ഇറോഡിന്ന് ഏകദെശം 2 കിലോമീറ്റർ ദൂരമുണ്ട്. ഇത് കനാൽ റോഡാണ്. ഈറോഡ് വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് ഈറോഡിന്ന് വലിയ പ്രധാന്യം കൊടുക്കാൻ നിർദ്ദേശിക്കുന്നു.

**15. കോടഞ്ചേരിപോസ്റ്റ് ഓഫീസ്സ - പാറൊൽ ലക്ഷംവീട് റോഡ്.**

ഈറോഡിന്ന് ഏകദേശം 1 1/2 കിലോമീറ്റർ ദൂരം വരും. ഈറോഡ് ലക്ഷംവീടുലെക്കുള്ള പ്രധാനപ്പെട്ട വഴിയാണ്. ഈറോഡ് പുറമേരി- മേറ്റുമ്മൽ P W D റോഡുമായി ബന്ധപ്പെടുന്നു. അതുകൊണ്ട് ഈറോഡിന്ന് പ്രധാനപ്പെട്ട പരിഗണ നല്കാൻ നിർദ്ദേശിക്കുന്നു.

മേൽപറഞ്ഞ 15 റോഡുകളും പഞ്ചായത്ത് റിക്കാർഡ് പ്രകാരം റോഡുകളാണെങ്കിലും ഒന്നും തന്നെ ഗതാഗത സൗകര്യം ഇല്ലാത്തതാണ്. മേൽപറഞ്ഞ റോഡു

കൾ മെറ്റലും, താറും ചെയ്യുകയും ഓവുപാലങ്ങളും, അഴുക്ക് ചാലുകളും നിർമ്മിക്കണമെന്നും, ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകൾ എന്നുള്ളനിലയിൽ വാഹനഗതാഗതയോഗ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഒലിപ്പിൽ മുതൽ ആവടിമുക്ക് വരെയുള്ള റോഡ് ടാർ ചെയ്യുക. മൊടുവയിൽ മുക്ക് കുത്തിപ്പുര റോഡ് ചാക്കേരി മഠത്തിൽ സ്രാമ്പിമുതൽ പാറോള്ളതിൽ വഴി മൊടുവയിൽ മുക്ക് വരെയുള്ള റോഡ് പുത്തൻ പുരിയിൽ ചട്ടേന്റവിട റോഡ് എന്നിവ മെറ്റലിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.

നെല്ലോള്ളതിൽ മുക്ക് പുളിക്കൽ മുക്കുവരെയുള്ള മണക്കടവ് വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

II പാലത്തിൽ മുക്ക് – ചെരിപ്പോളിമുക്ക് റോഡ് ടാർ ചെയ്യുക.

പാറമുക്ക് – പനമ്പിരിയയിൽ– വേറ്റുമ്പൽ വഴിയും തേർകുന്നത്ത് ഭാഗത്തേക്ക് മലച്ചീന്റെവിട. ചാമാളിമുക്ക് വഴുയും തൂങ്ങിയിൽ കൊയമ്പ്രത്ത് കടവ് റോഡ്.

തക്കേന്റവിട, ചിള്ളീന്റെ വിടമുക്ക് വഴിയും ചങ്ങന്റെ വിട വയൽപീടികവഴിയും പുതിയ റോഡ് ഉണ്ടാക്കുക.

വേറ്റുമ്പൽ – പാറമുക്ക്

കച്ചേരിമുക്ക് – പുതിയടുത്ത് മുക്ക്

**iii ഹൈസ്കൂൾ പുതുതായി ടാർ ചെയ്യുക**

പള്ളിമുക്ക് പൊയിൽ റോഡ് പുതുതായി നിർമ്മിക്കുക.

തുമ്പോളി മുക്കിൽ നിന്നും മണക്കടവ് റോഡുമായി ബന്ധിപ്പിക്കുവാൻ പുതുതായി റോഡ് നിർമ്മിക്കുക.

പട്ടാണി ത്തുണേരി റോഡ് ടാറിംഗ് നടത്തുക.

ബാലവാടി – കൂമ്പോൽ കടവ് റോഡ് ഗതാഗതയോഗ്യമാക്കുക ചെക്കായി മുക്ക് (തൂമ്പോളി ഭാഗം) ത്തുങ്ങേരി റോഡ് ഗതാഗതയോഗ്യമാക്കുക.

പേരോട് – ഷാഫിമുക്ക് ഹൈസ്കൂൾ റോഡ് ടാർ ചെയ്യുക

പേരോട് പള്ളിക്ക് സമീപം ബസ്സ്സ്റ്റോപ്പ് നിർമ്മിക്കുക.

പള്ളിമുക്കിൽ നിന്നും വെട്ട്യാട്ട് പുഴവരെ പുതുതായിറോഡ് വഴിയിൽ മുക്ക് ഹൈസ്കൂൾ റോഡ് ടാർ ചെയ്യുക.

**Ward IV ആവോലം മുതൽ ചാലപ്പുറം വരെയുള്ള റോഡ്.**

അയ്യോത്ത് കങ്ങിതാഴകുനി മുതൽ ആവോലം വരെ സി.സി.യു.പി.സ്കൂൾ റോഡ്

കളത്തിൽ മുക്ക് മുതൽ മണപ്പാകതമൽ വരെ

അയ്യോത്ത് കങ്ങിമുക്ക് ആവോലംവരെ

പനോള്ളതിൽ മുക്ക് അയ്യോത്ത് കങ്ങിതാഴവഴിആറാട്ടുകുളം നേന്ത്രപ്പൊയിൽ പുത്തമ്പുരയിൽ മുക്ക് റോഡ് ടാർ ചെയ്യുക.

**IV കണ്ണാങ്കയിൽ സ്കൂൾ പറമ്പു ആന പുത്തമ്പുരയിൽ മുക്ക്**

എടത്തുത്തേരി – കല്പ്പാട്ടുമുക്ക്

പയ്യങ്കോട്ടുമുക്ക് – വല്ലൂർ താഴെ

കല്ലാട്ടു പറമ്പു – കണ്ണങ്കയിൽ സ്കൂൾ.

പുത്തമ്പുരയിൽ മുക്ക് – അയ്യോത്ത് കങ്ങിമുക്ക്

ഗുരുക്കൽ കങ്ങിമുക്ക് – കാവുതിയൻ മുക്ക്

പടിഞ്ഞാറക്കണ്ടിമുക്ക് – ഇയ്യാനിത്തിൽ മുക്ക്

കേളോത്ത് മുക്ക് – ഇയ്യാനത്തിൽ മുക്ക്.

കണ്ണങ്കയിൽ സ്കൂൾ – ചുങ്ങേപ്പനത്തിൽ മുക്ക്

എടത്തിൽമുക്ക് – തൂങ്ങിയിൽ മുക്ക്

ആറാട്ടുകുളം – എടത്തുഞ്ഞേരി റോഡ്

**ward vi**

മേറ്റുമ്മൽ മുതൽ മുക്കീന്റവി മുക്ക് വരെയുള്ള നിലവിലുള്ള നിരത്ത് ടാർ ചെയ്തു വാഹനഗതാഗതത്തിന് പറ്റിയ തരത്തിൽ വികസിപ്പിക്കുകയും പ്രസ്തുതറോഡ് തോട്ടോളി ഭാഗത്തേക്കുള്ളറോഡുമായി ബന്ധപ്പെടുത്തുക. മെറ്റൽ ചെയ്തു ടാറിംഗ് നടത്തുക. മുള്ളൻ കുന്നത്ത് പഞ്ചായത്ത് കിണർ മുതൽ ശിവാനന്ദവിലാസം ലോവർ പ്രൈമറി സ്ക്കൂൾവരെ ഒരു റോഡ് ഉണ്ടാക്കിസ്ക്കൾ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുക.

മച്ചള്ളിമുക്ക് – ചാമത്തൂർ എൽ.പി.സ്ക്കൂൾ റോഡ്

പറയമ്പ്രത്ത്മുക്ക് മുതൽ ചാമത്തൂർ സ്ക്കൂൾവരെ മുതുതായി റോഡ് നിർമ്മിക്കുക.

കോട്ടേമ്പ്രചേനോളുമുക്ക് വരെ റോഡ് നിർമ്മിക്കുക.

**Ward vii**

മാരംവീടിൽ മുക്ക് കോരച്ചാകുന്നമ്മൽ മുക്ക് റോഡ് ഇല്ലാത്ത ഭാഗങ്ങളിൽ റോഡ് ഉണ്ടാക്കുകയും റിപ്പയർ ചെയ്യുകയും ചെയ്യുക. പൂവനാട് – മഠത്തുംതാഴെറോഡ് മെറ്റലിംഗും ടാറിംഗും നടത്തുക. പുറമേരി – മേറ്റുമ്മൽ റോഡിൽകൊയമ്പ്രത്തും തോളെ നിന്ന് തുടങ്ങി മൂവരതാഴെ വഴി ഒതിയോത്ത് താഴെ പാലവുമായി ബന്ധിപ്പിക്കാവൻ ഒരു ഫുട്ട്പാത്ത് നിർമ്മിക്കുക.

പുറമേരി മേള്ളുമ്മൽ റോഡിന്റെ പൂവനാട്ട്താഴെ നിന്നു തുടങ്ങി നെല്ലിയുള്ളതിൽ അപ്പുള്ളരുടെ പീടികയുടെ മുന്നിൽ കൂടി പറപ്പട്ടോളി പാലം വരെ മെറ്റൽ ചോയ്തു ടാർ ചെയ്യുക. അക്കരോൻതാഴെ (പുറമേരി മേറ്റുമ്മൽ റോഡ്) ശിശുമന്ദിരം റോഡ് മെറ്റലിംഗും ടാറിംങ്ങും നടത്തുക.

ചെറുവട്ടായി അമ്പലം അരവലത്ത് മുക്ക് റോഡ് മെറ്റലിങ്ങും ടാറിംങ്ങും നട്ത്തുക.

മൂങ്ങക്കൽതാഴെ കമ്പയിൽതാഴെ ഫുട്ട്പാത്ത് മെറ്റ

ലിങ്ങും ടാറിങ്ങും നടത്തുക.

കൊയിലോത്തും പൊയിൽ - പുത്തുപൊയിൽതാഴെവഴി കോട്ടയമ്പ്രറോഡുമായി ബന്ധിപ്പിക്കുവാൻ റോഡ് നിർമ്മിക്കുക.

പൂവള്ളതിൽമുക്ക് - പുതിയോട്ടുതാഴെ റോഡ് മെറ്റലിങ്ങ് നടത്തുക.

പാറോൽ ലക്ഷംവീട് ചങ്ങോളിതാഴെറോഡ് റിപ്പയർ ചെയ്യുക.

ശിശുമന്ദിരം. പുത്തോളിതാഴെ റോഡ് നിർമ്മിക്കുക.

**Ward viii**

പൊട്ടൻമിടമുക്ക് മുതൽ വാഴയിൽ മുക്ക് വരെ റോഡ് വീതികൂട്ടിവാഹന സൗകര്യം ഉണ്ടാക്കുക.

തെയ്യങ്കമ്പാടു - ലക്ഷം വീട് കത്തിയാങ്കണ്ടി മുക്ക്

വളപ്പിൽ ആനപ്പുത്തമ്പുരയിൽ മുക്ക്

പുന്നാണ്ടി മുക്ക് കല്ലാട്ടുമുക്ക്

രയരോത്ത് മുക്ക് ചെറുപള്ളൂർ സ്ക്കൂൾ

പുത്തമ്പുര മുക്ക് കോട്ടൂർതാഴെ നടപ്പാത

പുനത്തിൽ മുക്ക് ചെറുവള്ളൂർ സ്ക്കൂൾ നടപ്പാത.

കുന്നുമ്മൽതാഴെ കടവത്ത് കണ്ടിതാഴെ നടപ്പാത.

വാങ്ങോളി മുക്ക് പച്ചിലശ്ശേരി അമ്പലം.

വളപ്പിൽ മുക്ക് പുന്നോളിമുക്ക്

കാടിയത്ത്കണ്ടി മുക്ക് മുതൽ കുന്നുമ്മൽ മുക്കുവരെ റോഡ്

ചങ്ങരോത്ത്മുക്ക് മുതൽ കരോൽവരെയുളളറോഡ് പ്രവർത്തി നടത്തണം.

**Ward ix**

പാറക്കണ്ടിമുക്ക് പുത്തൻപുരയിൽ മുക്ക് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

പൊന്നാണ്ടിമുക്ക് പത്തൻപുരയിൽ മുക്ക് റോഡ് ഗതാഗതതയോഗ്യമാക്കുക.

ചെറിയകാവുതിയിൽ മുക്ക് ട്രൻസ്ഫോർമർ മുക്കമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

താഴെഇല്ലത്ത്താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് മണ്ണിട്ട് ഉയർത്തുക.

തുങ്ങിപറമ്പത്ത് മുക്ക് മുതൽ കനവത്ത് താഴെ വഴി ദീപ്റോഡുമായും ചിരക്കണ്ടിതാഴെ പൊന്നാണ്ടിമുക്കുമായും നച്ചിക്കാട്ട്താഴെ കക്കംവെള്ളിവര റെയും പുലകുന്നത്ത് താഴെ കണ്ണോത്ത് കണ്ടിമുക്കുമായും ബന്ധിപ്പിക്കുന്ന പുതിയറോഡ് നിർമ്മിക്കുക.

**Ward X**

തൂണേരി ആയുർവേദ ആസ്പത്രി - ചാലോളിക്കണ്ടിമുക്ക് റോഡ് നിർമ്മിക്കുക.

സ്രാമ്മിമുക്ക് മുതൽ കോടഞ്ചേരി സ്ക്കൂൾ വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

കോരച്ചം കുത്തമ്മൽ മുത്‌ല ഉണിയമ്പ്രോൽ മുക്കുവരെ റോഡ് മെറ്റൽ ചെയ്യുക.

വായനശാല എടത്തിൽ കുന്നുമ്മൽ പറമ്പ് വഴി പുത്തൂർതാഴെ വയലിൽകൂടി വേറ്റുമ്പൽ പുറമേരി റോഡിനെയും ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

മെൽ പറഞ്ഞ റോഡുകൾ പഞ്ചായത്തിലെ പത്ത് വാർഡികളിലെയും വികസനത്തിന് അത്യാവശ്യമാണ്. അതുകൊണ്ട് മേൽപറഞ്ഞറോഡുകളും അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കാൻ കൂടുതൽ പരിഗണന കോടുക്കണമെന്നും നിർദ്ദേശിക്കുന്നു.

കൂടാതെ ചേരോട് സ്ക്കൂളിന് സമീപം പാലത്തിൽമുക്ക് (നാദാപുരം - പാറക്കടവ് റോഡ്) രണ്ടു ബസ്സ് സ്റ്റോപ്പുകൾ നിർമ്മിക്കണനെന്നും നിർദ്ദേശിക്കുന്നു.

താഴെ പറയുന്നവ ഈ പഞ്ചായത്തിലെ പത്ത് വാർഡുകളിലായി സ്ഥിതിചെയ്യുന്ന വഴികളാണെങ്കിലും ഒന്നും തന്നെ സഞ്ചാരയോഗ്യമല്ല. ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായിരിക്കും ഫുട്പാത്തുകൾ നിർമ്മിച്ചാൽ. അതുകൊണ്ട് ഫുട്ട്പാത്തുകൾ നിർമ്മിക്കുവാൻ ഏറ്റവും കൂടുതൽ പരിഗണന കൊടുക്കണമെന്നും നിർദ്ദേശിക്കുന്നു.

## ഫുട്ട്പാത്തുകൾ

1. പറപ്പട്ടൊളിപാലം മുതൽ മുടപ്പിലായി താഴെവരെ.
2. കസ്ത്തൂരിന്റെവിട താഴെ, പുത്തമ്പുരയിൽ മുക്ക്
3. പുലകുന്നത്ത് മുതൽ കണ്ണൊത്ത്കണ്ടിതാഴെ
4. പുലപ്പാടി താഴെ മുതൽ വെള്ളിയൊട്ട് താഴെവരെ
5. നിറത്തിപള്ളിക്ക് സമീപമുള്ള ഓവുപാലം മുതൽ വരാങ്കി റോഡ് വരെ.
6. പാകനാള്ളിതാഴെ മുതൽ കൊട്ടെമ്പ്രം ക്ഷേത്രം വരെ
7. പരപ്പട്ടൊളി പാലം മുതൽ പുരമെറി മെറ്റുമ്മൽ റോഡ് വരെ
8. നിടുമ്പത്ത് താഴെ മണികണ്ഠമഠംവരെ
9. ആയുർവേദ ആശുപത്രി മുതൽ ചാലൊളിക്കണ്ടി താഴെ വരെ
10. ബ്ലോക്ക് ഓഫീസ്സ് മുതൽ കാഞ്ഞരാട്ട് താഴെവരെ
11. പുളോത്ത്താഴെ മെയിൽ റോഡ്
12. തുമ്പോളിമുക്ക് മുതൽ കുനിയിൽ താഴെവരെ
13. കളപ്പീടികയിൽ മുക്ക് ജാതിയിൽ മുക്ക്
14. ചോക്കിണിയേറി താഴെ മുതൽ പോട്ടന്റെമുനത്തിൽ മുക്ക്വരെ
15. വെള്ളൂർ വായനശാല മുതൽ പുത്തല്ത്ത് ലക്ഷം വീട് കോളനി വരെ.

# പാർപ്പിടം

മനിഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്ന് വിദ്യാഭ്യാസവും ആരോഗ്യവും മാത്രം പോര. നല്ല പാർപ്പിടവും അത്യാവശ്യമാണ്. സോഷ്യലിസ്റ്റ് ആശയങ്ങൾ നടപ്പിപാക്കാൻ ശ്രമിക്കുന്ന ഒരു ജനാധിപത്യരാജ്യത്ത് കിടപ്പാടം ജന്മാവകാശമാണെന്ന് പറയാം. ഐക്യരാഷ്ട്രസഭയുടെ കണക്ക് പ്രകാരം ആയിരം പേരുള്ള ഒരു സമൂഹത്തിന് ഒരു വർഷം പത്ത് പാർപ്പിടം പുതുതായി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ഭാരതത്തിലത് അഞ്ചാണ്. നടപ്പിലാവുന്നതാവട്ടെ മൂന്നും. പാർപ്പിടം എന്ന അർത്ഥത്തിൽ പറയണമെങ്കിൽ ആ വീടിന് അടുക്കള, കുളിമുറി, കക്കൂസ് എന്നിവ അത്യാവശ്യമാണ് എന്നതാണ് ആധുനിക കാഴ്ചപ്പാട്. ഈവിധമുള്ള പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റുകൾ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഗവൺമെന്റ് മാത്രം വിചാരിച്ചാൽ ഈ നില പൂർണ്ണമായും മാറാൻ കഴിയില്ല.

1988 ൽ ദേശീയ പാർപ്പിടനയം കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. ഈ പാർപ്പിടനയം ഊന്നൽനല്കുന്നകാര്യങ്ങൾ താഴെ പറയുന്നു.

(a) പ്രദേശിക ജീവിതരീതിക്കനുയോജ്യമായ വീട് പണിയുക.

(b) ആർഭാടപരമായ കെട്ടിട നിർമമാണം തടയുക

(c) കെട്ടിട നിർമ്മാണം പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചു നിർമ്മിക്കുക.

(d) കെട്ടിട നിർമ്മണത്തിലുള്ള നിയമങ്ങൾക്ക് അയവു വരുത്തുക.

ഇവയിൽ ഊന്നി നിന്നുകൊണ്ടുള്ള ഒരു പാർപ്പിട നയം നമ്മുടെ പഞ്ചായത്തും ആവിഷ്കരിക്കണം. നടപ്പ് പദ്ധതികളായി ഗവ. ആവിഷ്കരിച്ച പദ്ധതികളാണ്

(1) സാമ്പത്തിക പിന്നോക്കക്കാർക്കുള്ള പദ്ധതി

(2) താഴ്ന്ന വരുമാനക്കാർക്കുള്ള പദ്ധതി

(3) സംസ്ഥാന സർക്കാർ ജീവനക്കാർക്കുളള വാടക പാർപ്പിട പദ്ധതി

(4) ഇടത്തരവരുമാനക്കാർക്കുള്ള പദ്ധതി

(5) ഗ്രാമീണ പാർപ്പിട പദ്ധതി

ഈ വിധ പദ്ധതികളുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ബ്ലോക്കുകൾ മുഖാന്തിരം ഇന്ദിര ആവാസം യോജന, രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. നൂറിലധികം വീടുകൾ പഞ്ചായത്തിൽ നിർമ്മിച്ചു കൊടുത്തുകഴിഞ്ഞു. ഈ വീടുകളിലെ അടുസ്ഥാന സൗകര്യം വളരെ പരിമിതമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 4862 വീടുകളാണ് ലഭ്യമായ കണക്കനുസരിച്ചുള്ളത്.

ഓലപ്പുര 1350

ഓട് 2510

കോൺഗ്രീറ്റ് 587

ഒന്നിൽകൂടുൽ നിലയുളളത് 415

1350 ഓലമേഞ്ഞ വീടുകളിൽ 35% വീടുകൾ കുടിലുകളാണ്. ഓരോവർഷവും 100 ൽ കൂടുതൽ വീടുകൾക്ക് പഞ്ചായത്ത് ലൈസൻസ് ന ല്കുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം തൃപ്തികരമല്ല. പുതിയ വീടിന്റെ ആവശ്യക്കാരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു എന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ചർച്ചകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കൂട്ടുകുടുംബവ്യവസ്ഥികിയിൽ നിന്നുള്ള വ്യതിയാനമാണ് പുതിയവീടുകളുടെ ആവശ്യം വർദ്ധിപ്പിക്കുന്നത്. എങ്കിലും ആവശ്യക്കാർക്കെല്ലാം വീടെടുക്കാനുള്ള സൗകര്യം ഇന്നില്ല. ഭൂമി കൈവശമുള്ളവർക്കുപോലും അനുഭവപ്പെടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പ്രധാനകാരണമാണ്.

കഴിഞ്ഞ കാലങ്ങളിൽ ഈ പഞ്ചായത്തിൽ വികസന ബ്ലോക്കുകൾ മുഖേന ദുർബലവിഭാഗങ്ങൾക്കായി 19 വീടുകൾ അനുവദിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വീട് നിർമ്മാണത്തിന് മൺതറയും മൺകട്ടയുമാണ് ഉപയോഗിച്ചിരുന്നത് ഇന്നത് മാറി ചെങ്കല്ലോ-കരിങ്കല്ലോ ഉപയോഗിച്ചുള്ള തറകളും മൺകട്ടകൾ, ചെങ്കല്ല്, ഇഷ്ടിക എന്നിവ ഉപയോഗിച്ച്, സാമ്പത്തിക നിലയ്ക്കനുസരിച്ചാണ് വീട് നിർമ്മിക്കുന്നത്. നിർമ്മാണ വസ്തുക്കളിൽ ഇത്തരത്തിലുള്ള മാറ്റമാണ് സാമ്പത്തിക വർദ്ധനവിനുള്ള മുഖ്യകാരണം. ഈ രൂപത്തിലൊരു വീട് നിർമ്മിക്കുക എന്നത് പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം പ്രയാസപ്പെടുത്തുന്ന കാര്യമാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം വീട്നിർമ്മാണരംഗത്ത് കൂടുതൽ ഉപയോഗപ്പെടുന്നതിനാൽ അസംസ്കൃതസാധനങ്ങൾക്കും പണിക്കൂലിയിലും വളരെ വലിയ വർദ്ധനവ് അനുഭവപ്പെടുന്നു. ഭൂമിയുടെ വിലനിലവാരത്തിലും വൻവർദ്ധനവാണ് ഉള്ളത്. പാവപ്പെട്ടവന് സ്ഥലം വാങ്ങി വീടുവെക്കുക എന്നുള്ളത് സ്വപ്നം മാത്രമായി മാറുന്ന സ്ഥിതി വന്നുകഴിഞ്ഞു. ഗൃഹനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും നാട്ടിൽ അനുഭവപ്പെടുന്നു. ഇതിന്റെ പ്രധാന കാരണം അനാവശ്യ വലുപ്പത്തിലുള്ള വീടുനിർമ്മാണത്തോടൊപ്പം തന്നെ നിർമ്മാണ സാമഗ്രഹികൾ ഉപയോഗിച്ചുള്ള പുറം മതിൽ നിർമ്മാണവും അതിര് നിർണ്ണയവും മറ്റുമാണ് നിലവിലുള്ള പാർപ്പിടങ്ങളുടെയും ക്ഷേമപദ്ധതികളുടേയും വ്യപ്തി വർദ്ധിപ്പിക്കാൻ വേണ്ടി നടപ്പിലാക്കേണ്ട ചില

## നിർദ്ദേശങ്ങൾ

(1) പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പാസഹ കരണ സംഘം സ്ഥാപിക്കുക.

(2) ദുർബ്ബല വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിന് അനുവദിക്കുന്ന ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുക.

3) സ്വന്തമായി ഭൂമി കൈവശമുള്ള പാവപ്പെട്ടവർക്ക് വീട് വെക്കാൻ പലിശരഹിതവായ്പയോ അനുവദിക്കുക

4) വീട് നിർമ്മാണത്തിന് മാനദണ്ഡം വെക്കുക

a) വീടുകളുടെ വിസ്തീർണ്ണ പരിധി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുക

b) അമിത ആർഭാടത്തിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഓവർടാക്സ് ചുമത്തുക

c) കൽമതിലുകൾക്ക് പകരമായി ജൈവമതിൽ നിർബന്ധമാക്കുക.

d) കരിങ്കൽ മതിലുകൾക്കും പ്രത്യേക നികുതി ചുമത്തുക

5) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് നേരത്തെ ഗ്രാമ പഞ്ചായത്ത് നല്കിയപോലെ വിലയ്ക്ക് ഭൂമിയെടുത്ത് വിതരണം ചെയ്യുകയും വീട്വെക്കാൻ ധനസഹായം അനുവദിക്കുക.

6) ഇരട്ടവീടുകളായ ലക്ഷംവീടുകൾ ഒറ്റ വീടുകളാക്കി മാറ്റാൻ സഹായം അനുവദിക്കുക.

7) നാല്സെന്റ്, ലക്ഷംവീട് കോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക. വെള്ളം വെളിച്ചം, കക്കൂസ് എന്നിവ ഗവൺമെന്റ് സഹായത്തോടെ എത്തിക്കുക.

8) പഞ്ചായത്തിനനുവദിക്കുന്ന ഭൂമി ആവശ്യമില്ലാത്തവരിൽ നിന്ന് മടക്കി വാങ്ങുക. കൈമാറൽ നിരോധിക്കുക.

9) പഞ്ചായത്തിലെ എല്ലാവീടുകളിലും കക്കൂസ് നിർബന്ധമാക്കുകയും നിർധന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ഗ്രാന്റ് അനുവദിക്കുകയും ചെയ്യുക. നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുക.

10 പഞ്ചായത്തിൽ പൊതു ശ്മശാനം നിർമ്മിക്കുക. വൈദ്യുതി ശ്മശാനമാണെങ്കിൽ വളരെ നല്ലത്.

11) പഞ്ചായത്തിലെ കുടിലുകൾ മാറ്റിപ്പണിയാൻ നടപടി ആരംഭിക്കുക.

12) 2000മാണ്ടോടെ ഗ്രാമപഞ്ചായത്തിൽ എല്ലാവർക്കും പാർപ്പിടം ലഭ്യമാണെന്ന് ഉറപ്പാക്കുക.

13 നടപ്പ് ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടത്താൻ സന്നദ്ധസേവനം ഉപയോഗപ്പെടുത്തുക

# പൊതുജനാരോഗ്യം

## ആമുഖം

ഏതൊരും രാഷ്ട്രത്തിന്റെയും പ്രധാന സമ്പത്ത് ആരോഗ്യമുള്ള ജനതയാണല്ലോ. അതുകൊണ്ട് തന്നെ പഞ്ചായത്ത് തലവികസന പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ ഏറ്റവും മുൻഗണന പൊതുജനാരോഗ്യത്തിന് നൽകണമെന്നകാര്യത്തിൽ തർക്കമുണ്ടാവാനിടയില്ല.

നമ്മുടെ പഞ്ചായത്തിൽ 22,000 ത്തോളം വരുന്ന ജനസംഖ്യയുടെ നിലവിലുള്ള ആരോഗ്യസ്ഥിതി പരിശോധിച്ചുകൊണ്ട് മാത്രമാണല്ലോ നമുക്ക് ആരോഗ്യരംഗത്ത് ഉണ്ടാവേണ്ട അനിവാര്യമായ ആവശ്യങ്ങളെക്കുറിച്ച് ചന്തിക്കാനാവൂ. 10 ഓളം വാർഡുകളിലായി അധിവസിക്കുന്ന ജനസംഖ്യയിൽ മുൻതൂക്കം സ്ത്രീകൾക്കാണ്. 10,000 ൽകൂടുതൽ പുരുഷന്മാരും 11.000 കൂടുതൽ സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. കാർഷികവൃത്തിയെ ആശ്രയിക്കുന്ന കർഷകരും കർഷകതൊഴിലാളികളുമാണ് ജനസംഖ്യയിൽ കൂടുതൽ

തൂണേരി പഞ്ചായത്തിലെ പൊതുജനാരോഗ്യം മെച്ചപ്പെടുത്താനായി 1992ൽ സ്ഥാപിച്ച പ്രാഥമിക ആരോഗ്യകേന്ദ്രം തൂണേരി ടൗണിലെ ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിദിനം അമ്പതോളം രോഗികൾ ചികിത്സ തേടിയെത്തുന്ന ഈ സ്ഥാപനത്തിന് ഇന്ന് പലപോരായ്കളും പരിമിതികളുമുണ്ട്. ഇവിടെ ആവശ്യമായ ഫർണിച്ചറുകളോ, സ്റ്റോർമുറിയോ, ഡ്രസ്സിംഗ് മുറിയോ ഇല്ല. കൂടാതെ ശുദ്ധജലം ലഭിക്കുന്നതിനുള്ള സംവിധാനമില്ല. മരുന്നിന്റെയും അവശ്യ ഉപകരണങ്ങളുടെയും കുറവ് കൂടാതെ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ഒഴിവുകൾ ഇതുവരെ നികത്തിയുട്ടുമില്ല.

നമ്മുടെ പഞ്ചായത്തിൽ മാതൃശിശു സംരക്ഷണത്തിനായി മൂന്ന് കേന്ദ്രങ്ങളുണ്ട് ഇതിൽ 6-ാം വാർഡിൽ എടവനകുനിയിൽ വാടകകെട്ടിടത്തിലാണ് കേന്ദ്രം പ്രവർത്തിക്കുന്നത്. കോടഞ്ചേരിയിൽ മാത്രമെ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടമുള്ളൂ. ചാലപ്പുറത്തെ കേന്ദ്രം ബാലവാടി കെട്ടിടം കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്.

ഒരു വർഷം ശരാശരി 300ാളം കുട്ടികൾ ജനിക്കുകയും 300ാളം മരണവും പഞ്ചായത്തിന്ന് അനുഭവപ്പെടുന്നുണ്ട്. മരണങ്ങളിൽ അകാലമരണം കുറവാണ്.

പഞ്ചായത്തിലെ പൊതുജനാരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാനഘടകമാണെല്ലോ ശുദ്ധജലവിതരണം 13 എണ്ണമുണ്ട്. പഞ്ചായത്തിൽ പൊതുകിണറുകൾ 25 എണ്ണവുമാണുള്ളത്. ഈ ലഭ്യതകൊണ്ട് കുടിവെള്ള ദൗർലഭ്യം പരിഹരിക്കപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മലിനജലത്തിലൂടെയുണ്ടാകുന്ന പലരോഗങ്ങളും നമ്മുടെ പൊതുജനാരോഗ്യത്തെ ബാധിച്ചിട്ടുണ്ട്.

സാധാരണയായി നമ്മുടെ പഞ്ചായത്തിൽ വയറിളക്കം, പനി, ആസ്മ, ചൊറി, ചിരങ്ങ് തുടങ്ങിയ രോഗങ്ങളും ചിലപ്രത്യേകകാലങ്ങളിൽ ചെങ്കണ്ണ് പൊട്ടി എന്നീ രോഗങ്ങളും കണ്ടുവരുന്നു. എന്നാൽ പഞ്ചായത്തിൽ 5 വയസ്സിന് താഴെയുള്ള 4 പെൺകുട്ടികൾക്കും 4 ആൺകുട്ടികൾക്കും അംഗവൈകല്യമുണ്ട്. എന്നാൽ 5 വയസ്സുമുതൽ 10 വയസ്സുവരെയുള്ളവരിൽ 3 ആൺകുട്ടികൾക്കും 5 പെൺകുട്ടികൾക്കും അംഗവൈകല്യമുണ്ട്. 10 വയസ്സുമുതൽ 18 വയസ്സുവരെയുള്ളവരിൽ 3 യുവാക്കൾക്ക് അംഗവൈകല്യമുണ്ട്. 18 വയസ്സുമുതൽ 25 വയസ്സ്വരെയുള്ളവരിൽ ഒരാൾക്ക് അംഗവൈകല്യമുണ്ട്. 45 വയസ്സുമുതൽ 60 വയസ്സുവരെ പ്രായമുള്ളവരിൽ പുരുഷനും സ്ത്രീകൾക്കും അംഗവൈകല്യമുണ്ട്. 60 വയസ്സിന് മുകളിൽ 2 പുരുഷനും 1 സ്ത്രീക്കും അംഗവൈകല്യമുണ്ട്. ആകെ നമ്മുടെ പഞ്ചായത്തിൽ 14 പുരുഷന്മാർക്കും 11 സ്ത്രീകൾക്കും അംഗവൈകല്യമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യപരിപാലനത്തിനായി ഒരു ആയുർവേദആശുപത്രിയുണ്ടെങ്കിലും അവിടെ കൃത്യമായി ഡോക്ടറും ഫാർമിസിസ്റ്റും സഹായിയും ഇല്ലാത്തതും മരുന്നിന്റെ ദൗർലഭ്യവും കൂടാതെ സ്ഥാപനം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതും പ്രധാന പോരായ്മതന്നെയാണ്. തൂണേരി ടൗണിൽ ഒരു സ്വകാര്യ ഹോമിയോക്ലിനിക്കുമുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ശിശുക്കളുടെ ആരോഗ്യപരിപാലനത്തിനായി നിർമ്മിച്ച ബാലവാടികൾ ആകെ രണ്ടെണ്ണംമാത്രമാണങ്ങ ഇത് ഒന്ന് 4-ാം വാർഡിലും ഒന്ന് 5-ാം വാർഡിലുമാണ് എങ്കിലും ഇതിന്റെ പ്രവർത്തനം ഏറെ മെച്ചപ്പെട്ടതല്ല.

പരിസരമലിനീകരണം ആരോഗ്യത്തെ ബാധിക്കുമെന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ പഞ്ചായത്തിൽ മാലിന്യം നിർമ്മാജ്ജനം ചെയ്യാൻ ഒരു സംവിധാനം ഇല്ലാത്തതും ഒരു പൊതു ശ്മശാനമില്ലാത്തതും പ്രധാന പ്രശ്നം തന്നെയാണ് മലിനജലം കെട്ടിനിൽക്കുന്നതുകൊണ്ടും മാലിന്യ വസ്തുക്കൾ പെരുകുന്നത് മൂലം കൊതുകുശല്യവും ഈച്ചയുടെ മറ്റ് കീടങ്ങളുടെ ഉപദ്രവവും അസഹ്യമാകുന്നതും രോഗമുണ്ടാക്കുന്നതും നാം കാണേണ്ടതാണ് തൂണേരി ടൗണിലുള്ള അറവുശാല ആരോഗ്യപരിപാലനത്തെ ബാധിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

## മാതൃശിശുസംരക്ഷണം

പഞ്ചായത്തിലെ എല്ലാ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും സമഗ്രമായ ആരോഗ്യസം

രക്ഷണത്തിനായി നടപ്പാക്കുന്ന,''ദേശീയശിശു അതി ജീവനസുരക്ഷിത മാതൃത്വപരിപാടിക്കാണ് (Child survival and safe mother hood programme–essm) ഏറ്റവും കൂടിയ പ്രാധാന്യ നല്കിവരുന്നത്.

a. സുരക്ഷിതമാതൃത്വം:-

1. പഞ്ചായത്തിലെ എല്ലാ ഗർഭിണികളെയും എത്രയും നേരത്തെ തന്നെ കണ്ടെത്തി സബ്സെന്ററുക ളിൽ രജിസ്റ്റർ ചെയ്യുന്നു.

2. സുരക്ഷിത മാതൃത്തിന്നാവശ്യമായ സേവനങ്ങളും ഉപദേശങ്ങളും നല്കുന്നു.

3 എല്ലാ ഗർഭിണികളെയും ആവശ്യമുള്ള പരിശോധ നകൾ നടത്തി അപകട സാദ്ധ്യതയുള്ള വരെ നേരത്തെ തന്നെ കണ്ടെത്തി വിദഗ്ദ ചികിത്സക്കായി അയക്കുന്നു.

4 എല്ലാ ഗർഭിണികൾക്കും പ്രതിരോധ TT വാക്സിൻ രണ്ട് ഡോസ് കൃത്യമസയത്തുതന്നെ ലഭിച്ചു എന്നുറപ്പ് വരുത്തുന്നു.

5.ഗർഭിണികൾക്ക് ഉണ്ടാവുന്ന സ്വാഭാവികമായ രക്ത കുറവ് പ്രതിരോധിക്കാനും ചികിത്സിക്കാനുമായി സൗജ ന്യമായ (Temm folic acid) ഇരുമ്പ് സത്തും വൈറ്റാമിനും അടങ്ങിയ ഗുളികകൾ നല്കുന്നു.

തൂണേരി പഞ്ചായത്തിലെ 3 സബ്സെന്ററുകളുടെ കീഴിലുമായി ഇന്ന് റജിസ്റ്റർ ചെയ്തിട്ടുള്ള 165ൽ പരം ഗർഭിണികൾക്ക് ഈ സേവനങ്ങൾ ലഭിക്കുന്നുണ്ട്. നമ്മുടെ സബ്സെന്ററുകൾ, (Block PHCയുടെ കീഴി ലാണ്) ഒന്നിനുമാത്രമെ കോടഞ്ചേരി സ്ഥിരം കെട്ടിടമു ള്ളു അവിടെത്തന്നെ വൈദ്യുതിയില്ല, റിപ്പയർ നടക്കു ന്നില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ്സെന്ററി (തുണേരി)ന്റെ സ്ഥിതി അതിലും ദയനീ യമാണ്. ഒന്നിന് (ചാലപ്പുറം) കെട്ടിടമേയില്ല. 22,000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ കുറഞ്ഞത് 4 സബ്സെന്ററും നാല് നഴ്സ് (JPHN) മാരും ആവശ്യ മാണ്. ഈ പ്രശ്നങ്ങൽ പരിഹരിക്കാൻ Block PHCക്ക് നല്കുന്ന ഫണ്ടിൽ നിന്നും വിഹിതം ലഭ്യമാക്കേണ്ട താണ്.

## ശിശു അതിജീവനം :-

1 ഗർഭിണികളുടെ പോഷകാഹാരക്കുറവ് പരിഹരി ക്കാനുള്ള നിർദ്ദേഷങ്ങൾ നല്കി രക്തക്കുറവിനും മറ്റ് രോഗങ്ങൾക്കും ചികിത്സ നല്കിയും നവജാത ശിശു വിന്റെ വളർച്ച (തൂക്കം 2500 ഗ്രാമിൽ കുറയാതെ (Normal 3kg) ഉറപ്പു വരുത്തുക

2 പ്രസവ സമയത്തുണ്ടാകുന്ന ടൈറ്റനസ് ബാധ യിൽനിന്നും അമ്മയെയും കുഞ്ഞിനെയും രക്ഷിക്കാൻ ഗർഭിണികൾക്കെല്ലാം T.Tനല്കുക.

3 മുലയൂട്ടൽ പ്രോത്സാഹിപ്പിച്ചും പ്രധിരോധ വാക്സി നുകൾ (BCG, polio DPT, Dt, Meenes യഥാസമയത്ത് നല്കിയും കുഞ്ഞുങ്ങളുടെ രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുക അങ്ങിനെ രോഗാതുരതയും അംഗവൈ കല്യവും ശിശുമരണനിരക്കും കുറക്കുക. ഇതിനായി എല്ലാ ബുധനാഴ്ചകളിലും PHCയിൽ പ്രധിരോധ വാക്സിനുകൾ നല്കിവരുന്നു. കൂടാതെ (Pulse polio) പോളിയോ നിർമ്മാർജ്ജനത്തിനുള്ള പ്രത്യേക യജ്ഞ ങ്ങൾ നടപ്പിലാക്കുക.

4 കുഞ്ഞുങ്ങളിൽ മാരകമായ നിർജ്ജില കാരണ ത്തിന് ഇടയാക്കുന്ന വയറിളക്കരോഗങ്ങൾക്ക് യഥാസ മയം പാനീയ ചികിത്സ നല്കി, സംരക്ഷിക്കുന്ന പരി പാടി നടപ്പിലാക്കുക (Dianohoral disease)

5. 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ മരണ ത്തിനിടയാക്കുന്ന ശ്വാസകോശ രോഗങ്ങൾ യഥാസ മയം കണ്ടെത്തി ചികിത്സ നല്കുക ARI (Acute respirtrutiry illness programme)

6 കുഞ്ഞുങ്ങളുടെ കാഴ്ച ശക്തിയെ ബാധിക്കുന്ന VTAയുടെ കുറവ് പരിഹരിക്കാനായി പ്രധിരോധ ചികി ത്സയുണ്ടാക്കുക VITA നല്കുക.

നമ്മുടെ പഞ്ചായത്തിൽ 5വയസ്സിൽ താഴെ 1600 ഓളം (1587) കുട്ടികൾ ഉണ്ട് ഇതിൽ 300 ഓളം (288) കുട്ടികൾ ഒരു വയസ്സിൽ 152 പേർ 6 മാസത്തിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളാണ് 70% കുട്ടികൾ പൂർണ്ണ നിരോധ വാക്സിൻ ലഭിച്ചിട്ടുള്ളവരാണ് 25% പേർക്ക് ഭാകികമായേ പ്രധിരോധ വാക്സിനുകൾ ലഭിച്ചിട്ടുള്ള 5% കുട്ടികൾക്ക് ഒകു വാക്സിനും ലഭിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ 100% കുട്ടികൾക്കും വാക്സിൻ ലഭ്യമാക്കാൻ) കൂടുതൽ ബോധവൽക്കരണ പ്രവർത്ത നങ്ങൾ ആവശ്യമാണ്. ഫീൽഡ് പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിനും മറ്റ് വകുപ്പുകൾക്കു ഉയോഗപ്പെടുത്താൻ പറ്റുന്നവിധം പഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം (Jeep) ഉണ്ടായിരിക്കേണ്ടതാണ് പ്രതിരോധ വാക്സിനു കളുടെ വീര്യം ഉറപ്പു വരുത്താൻ ( Cold chemi Maintanance ) PHCയിൽ 24 മണിക്കൂറിലധികസമയം വൈദ്യുതി തടസ്സം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## കുടുംബക്ഷേമം :-

ദേശീയ കുടുംബക്ഷേമ പരിപാടിയുടെ Natural (Femaly welfare and spu;eken control programme) ഭാഗ മായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടക്കുന്നു.

1) അർഹരായ ദമ്പതികളെ (Eliglette comples) കണ്ടെത്തി റജിസ്റ്റർ ചെയ്യുന്നു. 2800ലധികം (2813) ദമ്പതികളെ ഇങ്ങനെ റജിസ്റ്റർ ചെയ്തിട്ടുണ്ട്.

Childless 193 1. Child 273

TC 1324 = 888 Tuberty 10D Op cc 44 7 48 0

Vas – 42 തൂണേരി പഞ്ചായത്തിൽ ഇതുവരെ ഏകെ –6– Tab = 1250 വന്ധ്യം കരണത്തിന് വിധേയമായവർ

2) അർഹരായവർക്ക് നിരോധ്, ഗർഭനിരോധ ഗുളി കകൾ നല്കുക

3) Cut നിക്ഷേപിച്ച് പ്രസവങ്ങൾ തമ്മിലുള്ള അകലം വർദ്ധിപ്പിക്കുക

4) രണ്ടോ അതിലാധികമോ കുട്ടികളുള്ളവരെയും ഒരു കുട്ടിമതി എന്ന് ചിന്തിക്കുന്നവരെയും വന്ധ്യംക രണ ശസ്ത്രക്രിയ (Tubeetany, Vascefency, Lapearasury,

Minilage PPS) സ്വീകരിക്കാനുപദേശവും സഹായവും നൽകുക.

ഈ പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിൽ നമ്മുടെ പഞ്ചായത്തും വളരെ പിന്നിലാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും ആരോഗ്യപ്രവർത്തകരും പൊതുജനങ്ങളും തമ്മിലുള്ള അടുപ്പം വർദ്ധിപ്പിക്കേണ്ടതും മെച്ചമായ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## മാതൃസമ്മേളനങ്ങൾ

മാതൃസമ്മേളനങ്ങൾ സംഘടിപ്പിച്ച് അമ്മമാർക്ക്, കുടുബക്ഷേമ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും രോഗപ്രതിരോധം പരിസരശുചിത്വം പോഷകാഹാരം, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തി വരുന്നു Unit 2 MSS പ്രവർത്തനങ്ങൾ:- മാസത്തിൽ ഒരു മീറ്റിംഗ് വീതം സംഘടിപ്പിക്കുന്നു. (തിരഞ്ഞെടുക്കപ്പെട്ട 15 മഹിളാ പ്രവർത്തകർ സാക്ഷരതാ വർക്ക് SCs+ST, LPS, VED, AW) ഉം അമ്മമാർക്കും.

## II ദേശീയ മലമ്പനി നിവാരണ പരിപാടി

a) പനിയുള്ളവരുടെ രക്തപരിശോധന നടത്തുക (ഫീൽഡിലും കൂടാതെ PITCയിൽ വരുന്ന രോഗികളുടെയും

b) മലമ്പനിയാണെന്ന് കണ്ടാൽ രോഗിക്ക് മരുന്ന് നല്കി രോഗവിമുക്തിക്കുറപ്പ് വരുത്തുക.

c) രോഗിയുടെ വീട്ടിലെ മറ്റ് അംഗങ്ങളുടെയും ചുറ്റ് പാടുമുള്ള വീട്ടിലുള്ളവരുടെയും രക്തം പരിശോധനക്ക് വിധേയമാക്കുക.

d) ചുറ്റ്പാടുമുള്ള ഏകദേശം 50 വീടുകളിൽ DDT തളിക്കുക.

e) വെള്ളം കെട്ടിമലിനമായിക്കിടക്കുന്നത് തടയുകയും മണ്ണെണ്ണ ഒഴിപ്പിച്ച് കൊതുകിന്റെ ലാർവയെ നശിപ്പിക്കയും ചെയ്യുക.

f) ബോധവൽക്കരണ പരിപാടികളും മലേറിയാ വാരാഘോഷത്തോടെ സെമിനാറുകളും വിദ്യാർത്ഥികൾക്കായുള്ള ക്വിസ് പരിപാടികളും മറ്റും സംഘടിപ്പിക്കുക.

## III ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ആളുകളുയും സർവ്വേ നടത്തി സ്പർശന ശക്തിക്കുറവുള്ള വെള്ളപ്പാടുകൾ ശരീരത്തിലുള്ളവരെ കണ്ടു പിടിച്ച് വിദഗ്ദ പരിശോധനയ്ക്ക് ശേഷം Leprasy control unitന്റെ കീഴിൽ മാസത്തിൽ ഒരു പ്രത്യേക ദിവസം Multidrug treatment (MDT) നല്കി വരുന്നു. മുമ്പ് വളരെക്കാലം ചികിത്സ തുടരേണ്ടിയിരുന്ന ഈ രോഗം ഇന്ന് Rifunpiain, Clofazinin, Depaove എന്നീ മൂന്ന് മരുന്നുകൾ ഒന്നിച്ച് ഉപയോഗിച്ച് 6 മാസം മുതൽ 24 മാസം വരെയുള്ള ചികിത്സ കൊണ്ട് പൂർണ്ണമായും സുഖപ്പെടുത്താൻ കഴിയുന്നു. ഈ പഞ്ചായത്തിൽ ഇതുവരെ 9 രോഗികളെ കണ്ടെത്തി MDT ചികിത്സ നല്കി. 6 മാസംകൊണ്ട് 7 പേരുടെ രോഗം മാറി. 2 പേരുടെ രോഗ (Multi beaullary case ) ചികിത്സ തുടർന്നു.

## IV ദേശീയ ക്ഷയരോഗനിവാരണ പരിപാടി

ക്ഷയരോഗനിവാരണ പരിപാടിയുടെ ഭാഗമായി 3 ആഴ്ചയിൽ കൂടുതൽകാലം ചുമനീണ്ടുനില്ക്കുന്നവരുടെ കഫം പരിശോധനയ്ക്ക് വിധേയമാക്കുന്നു. തുടർച്ചയായി 3 പ്രാവശ്യം പരിശോധിച്ച് അതിൽ അതിൽ 2ൽ ക്ഷയരോഗാണുവിനെ കണ്ടെത്തുകയാണെങ്കിൽ ആ രോഗിക്ക് ക്ഷയരോഗത്തിനെതിരായ പുതിയ ചികിത്സാ (MDT Multidrug treatmenmt) നല്കിയാൽ 2 മാസത്തിനുള്ളിൽ രോഗി മററുള്ളവർക്ക് രോഗം പരത്തുന്നത് ഇല്ലാതാവുന്നു. 6മുതൽ 9മാസത്തിനുള്ളിൽ ഈ ചികിത്സകൊണ്ട് 99%വും രോഗം പരിപൂർണ്ണമായി മാറ്റാൻ സാധിക്കുന്നു. ഇതിനാവശ്യമായ Rifampain, Pyraznanide, INHതുടങ്ങിയ മരുന്നുകൾ PHCയിൽ ലഭ്യമല്ല എന്നതും ഇതിനാവശ്യമായ ലാബും മൈക്രോസ്കോപ്പും ടക്നീഷ്യനും Block PHCയിൽ മാത്രമെയുള്ളു എന്നതും പരിപാടിയുടെ വിജയത്തിന് തടസ്സമായിനില്കുന്നു. കൂടാതെ ക്ഷയരോഗവും AIDS രോഗവും തമ്മിലുള്ള ബന്ധം വരുംകാലങ്ങളിൽ ക്ഷയരോഗചികിത്സ ദുഷ്കരമാക്കാനാണ് സാദ്ധ്യത.

## V ദേശീയ AIDS നിയന്ത്രണ പരിപാടി.

രോഗ പ്രതിരോധശേഷി നശിപ്പിച്ച് മനുഷ്യനെ മെല്ലെ മെല്ലെ കൊല്ലുനന മാരകമായ AIDS വൈറസ് നമ്മുടെ ഗ്രാമീണ ജനങ്ങളിൽപോലും എത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ മരുന്നും മന്ത്രവും ഇല്ലാത്ത ഈ രോഗത്തിനെ തീരെ ജാഗ്രത പാലിക്കാനും എടുക്കേണ്ട മുൻ കരുതലുകളെക്കുറിച്ച് വ്യപകമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനും നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ് 90%വും ലൈംഗിക ബന്ധത്തിലൂടെ പകരുന്ന AIDS സമൂഹത്തിലെ ലൈംഗിക സദാചാരക്കുറവും മൂലമാണ് പടരാനിടയാവുന്നത്. കേരളത്തില 200ൽ ഒരാൾക്ക് AIDS വൈറസ് ബാധയുള്ളതായിട്ടാണ് ഇന്നത്തെ കണക്ക്കൂട്ടൽ ഹൈസ്ക്കൂൾ തലത്തിലെങ്കിലും ലൈംഗീക വിദ്യാഭ്യാസം നല്കുക, രക്തം നല്കുന്നയാൾക്ക് AIDS ഇല്ലെന്നുറപ്പുവരുത്തിയശേഷം സ്വീകരിക്കുക നിരോധ് ഉപയോഗിക്കുക, സൂചിയും മറ്റ് ശസ്ത്രക്രിയ ഉപകരണങ്ങളും അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തുക. സർവ്വോപരി സമൂഹത്തിൽ ലൈംഗീക സദാചാരം ഉറപ്പ് വരുത്താനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക. എങ്കിൽ മാത്രമെ മറ്റുപല രോഗങ്ങളെയും ചെറുക്കാൻ ജനങ്ങൾക്ക് കഴിയുകയുള്ളൂ ഡിസംമ്പർ 1 മുതൽ എല്ലാ വർഷവും AIDS വാരാഘോഷം നടക്കാറുണ്ടെങ്കിലും ഇവയൊക്കെ കൂടുതൽ ഫലപ്രദമാക്കേണ്ടതാവശ്യമാണ്

## IV സാംക്രമിക രോഗനിയന്ത്രണ പരിപാടി.

ശുദ്ധ ജലത്തിന്റെയും ശുചിത്വത്തിന്റെയും കുറവാണ് മറ്റുപല സാംക്രമിക രോഗങ്ങളും സാധാരണ ജനങ്ങ

ളുടെ ജീവിതം ദുരിതപൂർണ്ണമാക്കുകന്നത്. കോളറ, ഡിസെൻട്രി, വയറിളക്കം, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, പോളിയോ തുടങ്ങിയ രോഗങ്ങൾ വെള്ളത്തിലൂടെയും ഭക്ഷണത്തലുണ്ടെയുമാണ് പകരുന്നത്. ശുചിത്വമുള്ള കക്കൂസ്, എല്ലാവർക്കും ഇല്ലാത്തതും ഈച്ചയുടെ ബാഹുല്യവും ഇക്കാര്യത്തിൽ പ്രധാന്യം വഹിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഏകദേശം 8 ശതമാനം വീടുകളിൽ കക്കൂസുകളെ ഇല്ല. 5ശതമാനം വിടുകളിൽ കിണറുകളുമില്ല. വെള്ളം തിളപ്പിച്ചാറ്റിമാത്രം ഉപയോഗിക്കുന്നവർ ചുരുക്കം. എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കാനും എല്ലാ വീട്ടിലും ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കാനും പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

മലമ്പനി (Malaria,) മഞ്ഞപ്പനി,(yellow feaver) ജപ്പാൻ പനി,(Japan snephelits) ഡഞ്ചുപ്പനി, (Filaniasin) (മന്ത്) ഇവ പരത്തുന്നത് കൊതുകുകളാണ്. ഇവയൊക്കെ പരത്തുന്ന കൊതുകുകൾ നമ്മുടെ പ്രദേശത്ത് ധാരാളമുണ്ട് ഇവയ്ക്ക് വളരാനുള്ള സാഹചര്യം ഒഴിവാക്കേണ്ടത് ആവശ്യമാണ്. എലിപ്പനി, പ്ലേഗ്, റാബീസ്, പേവിഷം, തുടങ്ങിയ മാരകമായ പകർച്ച വ്യാധികൾക്കെതിരായ മുൻ കരുതലുകൾ സ്വീകരിക്കണം. ഹോട്ടലുകളും അറവുശാലകളും ശുചിത്വം ഉള്ളവയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

പരിസര മലിനീകരണം തടയാനുള്ള പ്രവർത്തനങ്ങൾക്ക് ശക്തി കൂട്ടുകയും ഇക്കാര്യത്തിൽ ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കനുള്ള പരിപാടികൾ നടപ്പിലാക്കേണ്ടതുമാണ്.

## VII ദേശീയ അന്ധതാ നിവാരണ പരിപാടി

കണ്ണിന്റെ ലെൻസിന് തിമിരം ബാധിച്ചും നേത്രപടലത്തിന് ക്ഷതമേറ്റോ, വിറ്റമിൻ Aയുടെ കുറവുകൊണ്ടോ ഉണ്ടാവുന്ന അന്ധത ചികിത്സിച്ച് മാറ്റാവുന്നതാണ് capfareel (തിമിരം) മൂലം അന്ധത അനുഭവിക്കുന്നവരെ കണ്ടെത്തി ക്യാമ്പുകൾ സംഘടിപ്പിച്ച് തിമിരശസ്ത്രക്രിയ നടത്തി കണ്ണടകൾ നൽകി വരുന്നു. നേത്രപടലത്തിന്റെ (cornea) സുതാര്യത നഷ്ടപ്പെട്ടവർക്ക് caspeel tranplantation ലൂടെ കാഴ്ച തിരിച്ചു കിട്ടുന്നു. ഇതിനായി നേത്രദാനം പ്രോത്സാഹിപ്പിക്കുന്നു vit Aയുടെ കുറവ് കാരണം കാഴച ശക്തി തകരാറിലാവാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലക്ക് കുഞ്ഞുങ്ങൾക്ക് പ്രധിരോധകുത്തിവെപ്പിനോടൊപ്പം Vit Aസെലൂഷൻ നല്കുന്നു.

## VIII സ്ക്കൂൾ ആരോഗ്യപരിപാടി (School Health programme)

സ്ക്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധനയും 10 വയസ്സിലും 15 വയസ്സിലും നല്കേണ്ട TT പ്രധിരോധകുത്തിവെപ്പ് നടത്തുന്നതും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുവെങ്കിലും സ്റ്റാഫിന്റെയും ഉപകരണങ്ങളുടെയും പരിമിതി വാഹനമില്ലാത്ത സ്ഥിതി ഇവ കാരണം കൃത്യമായി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ്.

എന്നാൽ ഈ വർഷം പ്രധാനമന്ത്രിയുടെ special shoot health programmeൽ പഞ്ചായത്തിലെ LP വിഭാഗത്തിലെ 1800 ലധികം വിദ്യാർത്ഥികലെ 96ജൂലായ് 22 മുതൽ 29വരെയുള്ള ദിവസങ്ങളിൽ പരിശോധിച്ച് ചികിത്സ നല്കുകയും വിദഗ്ദ ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്തു ഈ പരിപാടി വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു. 80% വിദ്യാർത്ഥികൾക്കും പല്ല് രോഗം (Dunral caries)മായിരുന്നു സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ ബോധവൽക്കരണം അനിവാര്യമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് അറിവ് നല്കുനുള്ള പരിപാടികൾക്ക് ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കും

## IX ആരോഗ്യ വിദ്യാഭ്യാസ പരിപാടി (Health educational programme)

പൊതു ജനങ്ങളിൽ ആരോഗ്യബോധം വളർത്താനും അങ്ങനെ നല്ലശീലങ്ങൾ സ്വീകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കാനും ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ കൂടുതൽ വ്യപകമാക്കേണ്ടതായിട്ടുണ്ട വ്യക്തിതലത്തിലും പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. മനുഷ്യശരീരത്തന്റെ അടിസ്ഥാനപ്രവർത്തനങ്ങൾ, പോഷകാഹാരം, ശുചിത്വം, പകർച്ച വ്യാധികൾ, രോഗപ്രധിരോധം, പരിസരമലിനീകരണം, മദ്യം, മയക്കുമരുന്നു, മററു ആരോഗ്യത്തിന് ഹാനീകരമായ വസ്തുക്കൾ, അപകടങ്ങൾ പ്രതിരോധിക്കൽ, കുടുംബക്ഷേമപ്രവർത്തനങ്ങൾ, വ്യായാമം വിനോദം, വിശ്രമം ഇവയുടെ പ്രാധാന്യം. മാനസികവും സാമൂഹികവുമായ ആരോഗ്യത്തിന്റെ അനിവാര്യത തുടങ്ങിയ വിഷയങ്ങൾ ആരോഗ്യവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## X. ചികിത്സ (Treatment of miner illness)

പ്രധിരോധ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കി വരുന്ന PHCയിൽ ചെറിയരോഗങ്ങളുടെ ചികിത്സ മാത്രമെ ഉദ്ദേശിക്കുന്നുള്ളു. ഇതിന് വേണ്ട ആവശ്യമരുന്നുകൾ നല്കാൻ തന്നെ ഗവൺമെന്റിന് സാദ്ധ്യമാവാത്തസ്ഥിതിയാണ്. വിലകൂടിയ ആന്റിബയോട്ടിക്ക് പോലുള്ള മരുന്നുകൾ ആവശ്യംമെങ്കിലും PHCയിൽ ലഭ്യമല്ല. പ്രതിദിനം 50ഓളം രോഗികളെത്തുന്ന ആരോഗ്യകേന്ദ്രത്തിന്റെ പരിമിതികൾ സൂചിപ്പിച്ചിതാണല്ലോ. കൂടാതെ പുറമേ നിന്ന് വാങ്ങാൻ എഴുതിക്കൊടുക്കുന്ന മരുന്നുകൾ തൂണേരിയിൽ ഒരു മെഡിക്കൽ shop ഇല്ലാത്തതിനാൽ പലരും വാങ്ങാൻ പോലും ശ്രമിക്കുന്നില്ല. അടിയന്തിരഘട്ടങ്ങളിൽ ആവശ്യമുളള മരുന്നുകൾ ലഭിക്കാനും ബുദ്ധിമുട്ടാവുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇവിടെ ഒരു മെഡിക്കൽ ഷോപ്പ് ഉണ്ടാവേണ്ടതാണ്.

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത് പൊതു ജനാരോഗ്യം സംരക്ഷണ പരിപാടികൾക്ക് മുൻഗണന നല്കി നടപ്പിലാക്കിയ മറ്റെല്ലാ വികസനപ്രവർത്തനങ്ങൾക്കും അതൊരു മുതൽ കൂട്ടായിരിക്കും.

ശുദ്ധജലവിതരണത്തിനും ടൗണിൽ ഓട റിപ്പയർ ചെയ്യണം ആരോഗ്യ സംരക്ഷണത്തിനുമായി 1995-96 വർഷം 14,185 രൂപ ചെലവഴിച്ചിട്ടുണ്ട്. ക്ഷീര വികസന

ത്തിനായി ചെലവഴിച്ച ഭീമമായ ഫണ്ട് ആരോഗ്യ സംരക്ഷണ മേഖലയിൽ ഗുണകരമായിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങളിൽ ശുദ്ധജലവിതരണ ടാപ്പുകൾ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. പഞ്ചായത്തിലെ കോളനികളിലും അതുപോലെ പലവീടുകളിലും കക്കൂസില്ലാത്തതും പൊതുജനാരോഗ്യത്തെ ബാധിക്കുന്നുണ്ട്. പൊതു സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുന്നത്. പല സാംക്രമിക രോഗങ്ങളുമുണ്ടാക്കാൻ കാരണമാകുന്നു.

രോഗി പ്രതിരോധ കുത്തിവെയ്പ്പുകളെക്കുറിച്ചുള്ള അവ്യക്തതയും അജ്ഞതയും പലമാരക രോഗങ്ങളുമുണ്ടാകാൻ കാരണമാകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന പട്ടികൾ ജനങ്ങൾക്ക് വലിയ ഭീഷണിയായിട്ടുണ്ട് പേപ്പട്ടി ശല്യത്തിൽനിനന്ന് പഞ്ചായത്തിനെ വിമുക്തമാക്കേണ്ടതുമുണ്ട്.

## പഞ്ചായത്തിലെ ആരോഗ്യസ്ഥിതി അവലോകനം

ജനസംഖ്യ - 22,000ളം
പുരുഷന്മാർ - 10,000ളം
സ്ത്രീകൾ - 11,000ളം
ആകെ കുടുംബങ്ങൾ - 4900
പട്ടികജാതി ജനസംഖ്യ - 300ളം
1 വയസ്സിന് താഴെ കുട്ടികൾ - 288
1-2 വയസ്സുവരെ കുട്ടികൾ - 316
2-3 വയസ്സുവരെ കുട്ടികൾ - 310
3-6 വയസ്സുവരെ കുട്ടികൾ - 165
മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം - 152
കഴിഞ്ഞ വർഷത്തെ ആകെ ജനനം - 286
കോൺഗ്രീറ്റ് വീടുകൾ - 575
ഓടിട്ട വീടുകൾ - 2510
ഓലമേഞ്ഞ വീടുകൾ - 1350
ആകെ ദമ്പതിമാർ (15-44 വയസ്സുവരെ) 2813
1 കുട്ടിയുള്ള അമ്മമാർ - 338
2 കുട്ടികളുള്ള അമ്മമാർ - 721
3 2ൽ കൂടതൽ കുട്ടികളുള്ള അമ്മമാർ - 1561
കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ 1489
അംഗ വൈകല്യമുള്ളവർ - 25
മന്ദബുദ്ധികൾ - 19
പ്രതിരോധ കുത്തിവെയ്ര് നടത്തിയ കുട്ടികൾ - 443
ആകെ ഗർഭിണികൾ - 165
പകർച്ച വ്യാധികൾ (1995-96) - 146
കക്കൂസ്സുള്ള വീടുകൾ - 3000.

### നിർദ്ദേശങ്ങൾ

1 തൂണേരി ടൗണിനടുത്ത് സ്വന്തമായി സ്ഥലം എടുത്ത സ്ഥലത്ത് എത്രയും പെട്ടെന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം പണിയുക. ഭൗതീകസാഹചര്യം ഉറപ്പുവരുത്തുക. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ സ്റ്റീഫ്, ഫർണിച്ചറുകൾ, ശുദ്ധജലവിതരണം എന്നിവ നികത്തുക. പബ്ലിക് ഹെൽത്ത് നേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ഒഴിവുകൾ നികത്തുക ആശുപത്രിസമയം 5 മണിവരെ നീട്ടുക.

2 പഞ്ചായത്തിലെ സബ് സെന്ററുകളുടെ നിയന്ത്രണം പ്രൈമറി ഹെൽത്ത് സെന്ററിന് കീഴിലാക്കണം. സബ്-സെന്ററുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തവർക്ക് കെട്ടിടം പണിയണം.

3 പഞ്ചായത്തിലെ ഗർഭിണികളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി നിലകൊള്ളുന്ന അംഗൻവാടിക്ക് ഇപ്പോഴില്ലാത്ത വാർഡുകളിൽകൂടി അനുവദിക്കുക; ഇതിനാവശ്യമായി I.C.D.S Block ആക്കി നമ്മുടെ Block മാറ്റുക.

4 പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ശിശു രോഗവിദഗ്ധനെയും ഒരു ഗർഭിണികൾക്കായുള്ള ഡോക്ടരുടെയും സേവനം ഉറപ്പുവരുത്തുക

5 കുടുംബസൂത്രണ രംഗത്ത് വിപുലമായ ബോധവൽക്കരണം നടത്തുക കൂടാതെ രോഗിപ്രതിരോധ കുത്തിവെയ്പിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക

6 പഞ്ചായത്തിൽ കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായ നൽകണം.

7 ഓരോ വീടുകളിലും കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാൻ നിർദ്ദേശിക്കുക. അതുവഴി ജൈവ വളത്തിന്റെ സാധ്യത ഓർമ്മിപ്പിക്കുക.

8 തൂണേരി ടൗണിൽ ഒരു പൊതു കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.

9 വിദ്യാലയങ്ങളിലെ ആരോഗ്യപ്രവർത്തനം മെച്ചപ്പെട്ടതാക്കുക. ഡോക്ടറുടെ സന്ദർശനം ഇടയ്ക്ക് സ്ക്കൂളിൽ ഉറപ്പു വരുത്തുക ഹെൽത്ത് കാർഡ് വിദ്യാർഥികൾക്ക് നൽകുക

10 കുട്ടികളുടെ മാനസീകാരോഗ്യത്തിന് പഞ്ചായത്തിൽ ഒരു കുളിസ്ഥലം നിർമ്മിക്കുക.

11 വാർഡുകളിലെ പല ഭാഗത്തും കെട്ടിനിൽക്കുന്ന മലിനജലം നിർമാർജ്ജനം ചെയ്യുക. കൊതുക് നിവാരണപ്രവർത്തനം നടത്തുക.

12 പഞ്ചായത്തിലെ പേപ്പട്ടി ശല്യം അടിയന്തിര പ്രധാന്യത്തോടെ ഇല്ലാതാക്കുക : ഇതിനായി അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുക. വളർത്തു മൃഗങ്ങൾക്ക് കുത്തിവെയ്പ് എടുക്കാൻ നിർബ്ബന്ധിക്കുക.

13 വാർഡുകളിൽ ആരോഗ്യക്ലാസ് സംഘടിപ്പിക്കുക. കുടുംബയോഗങ്ങൾ വിളിക്കുക.

14 വർഷക്കാലത്ത് പ്രത്യേകിച്ച് ശുദ്ധജല ഉപയോഗത്തെക്കുറിച്ച് ബോധ്യപ്പെടുത്തുക.

15 ആയുർവേദ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് സുഗമമായി പ്രവർത്തനം ഉറപ്പുവരുത്തുക.

16 പഞ്ചായത്തിലെ പോഷണപരിപാടി മെച്ചപ്പെടുത്തുക.

17 പഞ്ചായത്തിലെ ഗർഭിണികൾ പ്രസവ സൗകര്യത്തിനായി നാല് കിലോമീറ്റർ ദൂരെയുളള നാദാപുരം ഗവ:ആശുപത്രിയെ അഭയം പ്രാപിക്കേണ്ടി വരുന്നു. എന്നാൽ ഇതിനുളള സൗകര്യങ്ങൾ അവിടെയില്ല എന്നു മാത്രമല്ല, നമ്മുടെ പഞ്ചായത്തിലുള്ളവർക്ക് വളരെ പ്രയാസം സൃഷ്ടിക്കുകയും ചെയ്യുന്നു.

18 പഞ്ചായത്തിലെ 40ശതമാനംവരുന്ന കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കാനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക

# കുടിവെള്ളം

കുന്നിൻ പ്രദേശങ്ങളാലും സമതലപ്രദേശങ്ങളാലും നീണ്ട് കിടക്കുന്ന തൂണേരി ഗ്രാമപഞ്ചായത്തിലെ ഏതാണ്ട് എല്ലാ വർഡുകളിലും ഏറിയും കുറഞ്ഞും കുടിവെള്ളം ക്ഷാമം അനുഭവപ്പെടുന്നു കഴിഞ്ഞ വർഷത്തെ വരൾച്ചയെ നേരിടുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏകദേശം രണ്ടാഴ്ചയോളം വാഹനങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടിവന്നു. നാളിതുവരെയായിട്ടും പഞ്ചായത്തിൽ മുഴുവാനായി സ്ഥിരമായികുടിവെള്ളം എത്തിക്കുന്നതിനുള്ള ഒഞ്ചിയം- ചൊറോഡ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ വർഡുകളിൽ കൂടിയും പൈപ്പ് ലൈനുകൾ സ്ഥാപിച്ചെങ്കിലും അത്യാവശ്യസ്ഥലങ്ങളിൽ എത്തിയിട്ടില്ല. സുമാർ പത്ത് വർഷം മുമ്പ് മൂന്നാം വാർഡിൽ കക്കംപള്ളിക്കുന്നിൽ ടാങ്ക് പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തികരിച്ചാൽ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. സാങ്കേതികവും സാമ്പത്തികവുമായ കാരണങ്ങളാണ് ഇതിന് തടസ്സമായി പറയുന്നത്

അഞ്ചാം വാർഡിലെ കാച്യത്തറമ്മൽ കുന്നിൽ ശുദ്ധജലമെത്തിക്കുന്നതിന് വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി. ഒരു മിനിവാട്ടർ പൈപ് പണി പൂർത്തീകരിച്ചുവരുന്നു.

ഏഴാം വാർഡിൽ (കോടഞ്ചേരി) കുഴൽകിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ഉണിയമ്പേൽ ലക്ഷംവീട് പ്രദേശത്ത് വെള്ളം എത്തിക്കുന്ന പരിപാടിയും നടന്ന് വരുന്നു. ശുദ്ധജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിലെ ആളുകൾ സുമാർ 500മീറ്റർ ദുരത്തുനിന്ന് പോലും വെള്ളം തലചുമടായി കൊണ്ടുവരുന്ന കാഴ്ച പഞ്ചായത്തിന്റെ ഏത് വാർഡിൽ പോയാലും കാണാൻ സാധിക്കും.

## പ്രശ്നങ്ങൾ

1 ഈ രംഗത്ത് സമയബന്ധിതവും ആസൂത്രിതവുമല്ലാത്ത രൂപത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നു.

2 പൊതു റോഡുകളിൽ കുടിവെള്ളത്തിനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നു. അതിന് നേരെ മുകളിൽകൂടി ടെലഫോൺ ലൈനുകൾ സ്ഥാപിക്കുകയും തൊട്ടുമുകളിൽ സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായും മറ്റും ചെടികൾ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നു.

## ലക്ഷ്യം

1 വരുന്ന അഞ്ച് വർഷക്കാലത്തിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 100 മീറ്റർ ദൂര പരിധികളിൽ ശുദ്ധജലം ലഭ്യാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

## നിർദ്ദേശങ്ങൾ

1 ഒഞ്ചിയം-ചോറോഡ് പദ്ധതി പൂർത്തിയാക്കുക ഈ പദ്ധതിയുടെ ഭാഗമായി ടാപ്പുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

2 പഞ്ചായത്തിന്റെ 1,2,3 വാർഡുകളിലൂടെ ഒഴുകുന്ന മയ്യഴിപ്പുഴയിലെ വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുക

3 ഓരോ വാർഡിലും മിനി ശുദ്ധജല വിതരണ പദ്ധതി തയ്യാറാക്കുക.

4 ആവശ്യമായ സ്ഥലത്ത് പൊതുകിണറുകൾ കുഴൽ കിണറുകൾ സ്ഥാപിക്കുക

5 മഴവെള്ളം ശേഖരിക്കാനുള്ള പരിപാടിയുണ്ടാക്കുക

6 പഞ്ചായത്തിലെ കാനാലുകൾ അറ്റകുറ്റ പണികൾ പൂർത്തിയാക്കി വെള്ളം തുറന്നു വിടുക

7 ചുരുങ്ങിയത് 5 സെന്റ് ഭൂമിയെങ്കിലും ഉള്ള എല്ലാ വീടുകളിലും കിണറുകൾ കുഴിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. ഇതിന് മിതമായ പലിശയ്ക്ക് സഹായങ്ങൾ വിതരണം ചെയ്യുക.

8 മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ അതിന്റെ നിർമ്മാണത്തിന് പ്രാദേശിക വിലകളും കൂലി നിരക്കും നടപ്പിലാക്കാൻ സാധിക്കേണ്ടതായ് ഇതിന് A.S T.S കൊടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നല്കുക.

9 പഞ്ചായത്തിൽ എല്ലാവർക്കും ശുദ്ധജലം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ ശുദ്ധജലവിതരണ സമിതികൾ രൂപികരിക്കുക.

**പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ**

വാർഡ് I

1 പൂവ്വത്താറുമ്മൽ ഭാഗം

2 വലിയ കുന്നുമ്മൽ ഭാഗം

3 പാറത്തുണ്ടിയിൽ ഭാഗം

4 തൈക്കുടത്തിൽ ഭാഗം

5 മുർക്കോത്ത് ഭാഗം

6 ചെറുവലത്ത് ഭാഗം

7 പുനത്തിൽ ഭാഗം

8 എടക്കണ്ടിയിൽ ഭാഗം

9 കൊക്കോന്റ വിട് ഭാഗം

10 കുഞ്ഞിക്കാട്ടിൽ ഭാഗം

11 കുളത്തും പുറത്ത് ഭാഗം

12 പാലോള്ളതിൽ ഭാഗം

വാർഡ് II

1 പിള്ളിന്റവിട ഭാഗം

2 പുതുശ്ശേരി മുക്ക്

3 കരുവന്റ കിഴക്കയിൽ ഭാഗം

വാർഡ് III

1 കക്കം വെള്ളിക്കുന്ന് ഭാഗം

2 തുമ്പോളി ഭാഗം

വാർഡ് IV

1 C.C.U.P സ്ക്കൂൾ പരിസരം

2 കോടച്ചംവീട് ഭാഗം

3 ബാലവാടി പ്രദേശം

4 പൂന്നോളി പ്രദേശം

5 ഇല്ലത്ത് താഴപ്രദേശം

വാർഡ് V

1 കാച്ചിയ തറോൽ ഭാഗം

2പുതിയോട്ടിൽ ഭാഗം

3 കണ്ടാനച്ചാണ്ടി ഭാഗം

4 കുറ്റിക്കാട്ടിൽ ഭാഗം

വാർഡ് VI

1 പൂനോളി നാല് സെന്റ് കോളനി ഭാഗം

2 ആലുള്ളതിൽ പ്രദേശം

3 ചെറുവറ്റമീത്തൽ ഭാഗം

4 പൊട്ടത്തയ്യുള്ളതിൽ ഭാഗം

5 പുറേരിമീത്തൽ ഭാഗം

വാർഡ് VII

1 ശിശുമന്ദിരം ഭാഗം

2 ഈശ്വരം വലിയത്ത് ഭാഗം

3 നീരാട്ട് പാറപ്രദേശം

4 മാണിക്കോത്ത് ഭാഗം

5 മലോൽ ഭാഗം

6 മത്തത്ത് ഭാഗം

7 ഇല്ല്യുള്ളതിൽ ഭാഗം

വാർഡ് VIII

1 കിഴക്കയിൽ ഭാഗം

2 രയരോത്ത് ഭാഗം

3 പുതക്കുടി ഭാഗം

4 തെയ്യംപാടി കോളനി

5 നെല്ല്യോളിമീത്തൽ

6 ആലംപാടി ഭാഗം

7 കോട്ടൂർ ബാലവാടി ഭാഗം

വാർഡ് IX

1 മീത്തലെ തറോൽ

2 പൊന്നാണ്ടി ഭാഗം

3 പാറ ഭാഗം

വാർഡ് X

1 കുന്നുമ്മൽ ഭാഗം

2 വേട്ടക്കോരു മകൻ ക്ഷേത്രം ഭാഗം

3 ആയുർവേദ ആശുപത്രി ഭാഗം

| | |
|---|---|
| പഞ്ചായത്തിലെ ആകെ പൊതു കിണറുകൾ | 25 |
| കുഴൽക്കിണറുകൾ | 5 |
| പൊതു ടാപ്പുകൾ | 13 |

## നടപ്പ് പദ്ധതികൾ

1 കേന്ദ്ര സഹായത്തോടുകൂടിയ ശുദ്ധജലവിതരണ പദ്ധതികൾ :- ഇത് കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നു ഇതിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് അസി : എൻജിനിയർ കൺവീനറായും പഞ്ചായത്ത് പ്രസിഡന്റമാർ ചെയർമാൻമാരായും കമ്മറ്റികൾ നിലവിലുണ്ട് എന്നാൽ പ്രവർത്തനം കാര്യക്ഷമമല്ല.

2 നെതർലാന്റ് ഗവൺമെന്റിന്റേയും സാനിഡയുടെയും സഹായത്തോടുകൂടിയ ശുദ്ധജലവിതരണ പദ്ധതികൾ :- കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ഇതിന്റെ 85% നെതർലാന്റസ് ഗവൺമെന്റ് വഹിക്കും ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. കോഴിക്കോട് ജില്ലയ്ക്ക് കൂടി മുൻഗണന കൊടുക്കണം

3 രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംങ്ങ് വാട്ടർവിഷൻ :- രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംങ്ങ് വാട്ടർവിഷൻ ഇത് നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാർ സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കുന്നു. ഇതിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് വിപുലപ്പെടുത്തണം. സ്ക്കൂളിൽ ശുദ്ധജലവിതരണവും കക്കൂസുകളും നിർമിക്കാൻ സാധിക്കും

4 ലോകബാങ്ക് സഹായത്തോടുകൂടിയ ശുദ്ധജലവിതരണ പദ്ധതി :- കേരളാവാട്ടർ അതോറിറ്റി നടപ്പിലാക്കുക. പഞ്ചായത്തുമായി ബന്ധപ്പെട്ട് പദ്ധതികൾ വിപുലപ്പെടുത്തണം.

5 ഹഡ്കോ സഹായത്തോടുകൂടിയ നഗരശുദ്ധ വിതരണ പദ്ധതികൾ :- കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നു. പഞ്ചായത്തുമായി ബന്ധപ്പെട്ടു പദ്ധതികൾ തയ്യാറാക്കണം

## ഗ്രാമവികസന വകുപ്പ്

1 ഗ്രാമശുദ്ധജലവിതരണം :- ഗ്രാമവികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കുക.

2 കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചീകരണ പദ്ധതി വികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കുന്ന.

ഈ പദ്ധതികൾ ഓരോ ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലേയും ഗുണഭോക്താക്കൾക്ക് കിട്ടുന്ന രൂപത്തിൽ അനുവദിക്കപ്പെടേണ്ടതാണ്.

3 പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി :- കേരളാവാട്ടർ അതോറിറ്റി നടപ്പിലാക്കുന്നു. ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രാദേശിക വില കൂലി നിലവാരം അടിസ്ഥാനത്തിൽ നടപ്പിലാക്കുക.

# വനിത

ഭാരതം സ്ത്രീകളെ എന്നും ബഹുമാനത്തോടെ മാത്രമെ കണ്ടിരുന്നുള്ളു. പ്രകൃതിശക്തികളെ സ്ത്രീ രൂപമായി കണ്ട് ആരാധിച്ചിരുന്നവർപോലും ഇന്ത്യയിലുണ്ടായിരുന്നു. അക്കാലഘട്ടത്തിന്നു ശേഷം പിന്നീട് സമൂഹത്തിലുണ്ടായ മാറ്റങ്ങൾ ആശാവഹമായിരുന്നില്ല. മദ്ധ്യകാലഘട്ടത്തിൽ സ്ത്രീകളെ രണ്ടാം തരം പൗരന്മാരായി മാത്രമെ ഗണിച്ചിരുന്നുള്ളു. എന്നാൽ ആധുനിക കാലത്ത് സ്ത്രീ പുരുഷന്മാരോടൊപ്പം ഉയർന്നുവരേണ്ടതാണെന്ന ചിന്ത ഉണർന്നു വരികയും സാമൂഹ്യപുരോഗതിക്ക് സ്ത്രീകളും അവരുടേതായ പങ്ക് നിർവ്വഹിക്കേണ്ടതാണെന്ന് അംഗീകരിക്കപ്പെടുകയുണ്ടായി. അതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും മറ്റും സ്ത്രീകൾക്കായി പ്രത്യേകം സംവരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു വിദ്യാഭ്യാസ സാംസ്ക്കാരിക സാമൂഹ്യ രംഗങ്ങളിൽ സ്ത്രീകളുടെ പ്രാഗത്ഭ്യം തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായി നമുക്ക് കാണാവുന്നതാണ്. ഈ മാറ്റത്തിന് സ്ത്രീ വിമോചന സംഘടനകളുടെയും സാമൂഹ്യ പരിഷ്ക്കർത്താക്കളുടെയും പങ്ക് അദ്വിതീയമാണ്.

സെൻസസ്സ് അടിസ്ഥാനത്തിൽ പുരുഷന്മാരെക്കാൾ മുന്നിലാണ് കേരളത്തിലെ സ്ത്രീകളുടെ എണ്ണം, എന്നിട്ടും പല മേഖലകളിലും അവർ അവഗണിക്കപ്പെടുന്നു എന്നത് വിരോധാഭാസമാണ്. ഈ ദുരവസ്ഥക്ക് ഒരു മാറ്റം അനിവാര്യമാണ് കേരളത്തിന്റെ വികസനരംഗത്തെ മുരടിപ്പിന് പ്രധാന കാരണം തന്നെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. അതിനാൽ ഒമ്പതാം പഞ്ചവൽസര പദ്ധതിയിൽ സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം എല്ലാ മേഖലകളിലും ഉറപ്പുവരുത്തേണ്ടതാണ്. തൂണേരി ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അതിന്റെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ഗ്രാമസഭകളിൽനിന്ന് ഉയർന്നതും കാര്യമാത്ര പ്രസക്തവുമായ അഭിപ്രായങ്ങൾ ലഭിക്കുകയുണ്ടായി.

തൂണേരി ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 20208 ആകുന്നു. ഇതിൽ സ്ത്രീകൾ 10788 ആണ്. സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിലെന്ന പോലെ തന്നെ ഇവിടെയും സ്ത്രീകൾ തന്നെയാണ് കുടുതലുള്ളത്. പഞ്ചായത്തിൽ ആകെ 4862 കുടുംബങ്ങൾ ഉള്ളപ്പോൾ സ്ത്രീകളാൽ നിയന്ത്രിക്കപ്പെടുന്നവ 800ഓളമാണെന്ന് വിവിധ വാർഡുകളിൽനിന്ന് ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസ വിഷയത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കിടയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പ്രൈമറി വിഭാഗത്തിൽ മാത്രം 2186 ആൺകുട്ടികൾ പഠിക്കുമ്പോൾ 1892 പെൺകളുണ്ട്, ഹൈസ്ക്കൂളുകളിലും കോളെജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ ഇതിനു പറമെയാണ് ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ ആകെ ഉദ്യോഗസ്ഥരിൽ 180 പുരുഷന്മാരും 70 സ്ത്രീകളുമാണുള്ളത്.

തൊഴിൽ മേഖലയിൽ സ്ത്രീകൾ വളരെ പിന്നിലാണ്. സുമാർ 30% സ്ത്രീകൾ മാത്രമെ തൊഴിലെടുക്കുന്നുള്ളു. തൊഴിൽ ചെയ്യുന്നവർ തന്നെ ചുമടെടുക്കൽ, കെട്ടിട നിർമ്മാണം, കൃഷിപ്പണി എന്നിവയിൽ പരിമിതവുമാണ്. നെൽവയലുകളുടെ തിരോധാനം അതുമായി ബന്ധപ്പെട്ട ജോലികളിൽ നിന്നും പരമ്പാഗതമായി ഉണ്ടായിരുന്ന നെയ്ത്തും അനുബന്ധ ജോലികളിൽ നിന്നും സ്ത്രീകൾ വിട്ടു നില്ക്കുന്നതായി കാണുന്നു.

ബഹുജന സംഘടനകളിലെ വനിതകളുടെ പങ്കാളിത്തം വളരെ പരിമിതാപകരവും ശോചനീയവുമാണ്. ഒരു സംഘടനയിലും സ്ത്രീകൾ നേതൃസ്ഥാനങ്ങളില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ് ജീവിതായോധനത്തിനു വേണ്ടിയുള്ള തീവ്രമായ പരിശ്രമവും ഗാർഹികമായുള്ള ജോലി ഭാരവും പുരുഷന്മാരിൽ നിന്നുള്ള പ്രോത്സാഹനക്കുറവും സർവ്വോപരി വിദ്യാഭ്യാസത്തിന്റെ അഭാവവും പൊതു രംഗങ്ങളിൽ നിന്നും വനിതകളെ വിട്ടുനിൽക്കാൻ പ്രേരിപ്പിക്കുന്നു. സ്ത്രീകളിൽ തന്നെ നിലനില്ക്കുന്ന ഒരു തരം അധഃമ ബോധവും ഇതിന്റെ കാരണങ്ങളിലൊന്നായി കാണാവുന്നതാണ്.

ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സഹകരണാടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റും ചാലപ്പുറത്ത് വനിതകളുടെ സഹകരണാടിസ്ഥാനത്തിൽ മറ്റൊരു റെഡിമെയ്ഡ് യൂനിറ്റും സ്വയം തൊഴിൽ സംരഭമായി നടക്കുന്നുണ്ട്.

ചില വാർഡുകളിൽ മഹിളാസമാജങ്ങളും അംഗൻവാടികളും ബാലവാടികളും നാമമാത്രമായി പ്രവർത്തിക്കുന്നു. നാലാം വാർഡിൽ ഒന്നും അഞ്ചാം വാർഡിൽ ഒന്നും എട്ടാം വാർഡിൽ രണ്ടും ബാലവാടികളാണുള്ളത്.

ചികിത്സതേടി ആശുപത്രിയിലെത്തുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. വിശ്രമമില്ലാത്ത ഗാർഹിക വൃത്തിയും പോഷകാഹാരക്കുറവും അശാസ്ത്രീയമായ ചികിത്സാരീതിയും അസ്വസ്ഥമായ ഗാർഹികാന്തരീക്ഷവും സ്ത്രീകളെ രോഗികളാക്കിത്തീർക്കുന്നു.

മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന ധാരാളം കുടുംബങ്ങൾ ഇവിടെയുണ്ട്. പരിപൂർണ്ണമദ്യനിരോധനം ഏർപ്പെടുത്തണമെന്നത് ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും സ്ത്രീകളുടെ ശക്തമായ ഒരഭിപ്രായമായി കാണാം.

ഇവിടെ സ്ത്രീധന സമ്പ്രദായം വളരെ ശക്തമായി

നിലനിൽക്കുന്നുണ്ട്. ദരിദ്ര കുടുംബങ്ങളിൽ വൈവാഹികരംഗത്ത് അത് പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിനാൽ മേൽകാണിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പ്പറയുന്ന കാര്യങ്ങളിലേക്ക് പഞ്ചായത്തിന്റെ സത്വരശ്രദ്ധയുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

1. വനിതകളിൽ സാക്ഷരത വർദ്ധിപ്പിക്കാൻ സാക്ഷരതാപ്രവർത്തനം ശക്തമാക്കുക.

2. വനിതകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പെൺകുട്ടികളെ S.S.L.C. വരെയെങ്കിലും പഠിപ്പിക്കുന്നതിന് രക്ഷിതാക്കളിൽ നിഷ്കർഷയുണ്ടാകാൻ രക്ഷിതാക്കളുടെ ഇടയിൽ ആസൂത്രിതവും ശക്തവുമായ ബോധവൽക്കരണം നടത്തുക. മെരിറ്റടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. ദരിദ്രരായ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക. ഇതിനായി സഹകരണസ്ഥാപനങ്ങളെയും വ്യാപാരസ്ഥാപനങ്ങളെയും സന്നദ്ധസേവാസംഘങ്ങളെയും ഉപയോഗപ്പെടുത്താവുന്നതാണ്.

3. വനിതകളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഓരോ വാർഡിലും മഹിളാസമാജങ്ങൾ ഉണ്ടാക്കുവാൻ നിഷ്കർഷിക്കുകയും അവയുടെ കീഴിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുകയും ചെയ്യുക.

4. സ്വയം തൊഴിൽ ലഭിക്കുന്നതിന് വേണ്ടി എല്ലാ വാർഡുകളിലും തുന്നൽ പരിശീലന കേന്ദ്രങ്ങൾ, മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ, സോപ്പ് നിർമ്മാണ കേന്ദ്രങ്ങൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ കേന്ദ്രങ്ങൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, ഭക്ഷ്യ സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക. മഹിളാ സമാജങ്ങളിൽ നിന്നു ആവശ്യമുള്ളത്ര വനിതകളെ തിരഞ്ഞെടുത്ത് അവർക്ക് സൗജന്യമായി പരിശീലനം നൽകാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

5. അംഗൻവാടികളും ബാലവാടികളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുകയും ഇപ്പോൾ നാമമാത്രമായി പ്രവർത്തിക്കുന്നവ സജീവമാക്കുകയും ചെയ്യുക.

6. തൊഴിൽ, സമ്പാദ്യ മേഖലകളിൽ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വനിതകൾക്കായുള്ള പദ്ധതികളെക്കുറിച്ച് യഥാകാലങ്ങളിൽ വനിതകളെ ബോധവതികളാക്കുക.

7. അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുക. അതിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വനിതകളിൽ ബോധവൽക്കരണം നടത്തുകയും മെച്ചപ്പെട്ട ഇനം വിത്തുകളും വളങ്ങളും അതാത് സീസണുകളിൽ ലഭ്യമാക്കുകയും ചെയ്യുക.

8. ഗ്രാമസേവകന്മാരെ നിയമിച്ച് അവരുടെ സേവനം വ്യാപിപ്പിക്കുകയും ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുക.

9. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഉപകേന്ദ്രങ്ങൾ അനിവാര്യമായ ഭാഗങ്ങളിൽ സ്ഥാപിക്കുക.

10. വനിതകളിൽ മിതവ്യയശീലവും സമ്പാദ്യശീലവും വർദ്ധിപ്പിക്കുവാൻ മഹിളാ പ്രധാൻമാരുടെ സേവനം പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുക.

11. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.

12. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിക്കേണ്ട വിവിധ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുകയും അവലംബിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും അർഹതപ്പെട്ടവരെ കണ്ടെത്താനുള്ള അധികാരം ഗ്രാമസഭകൾക്ക് നൽകുകയും ചെയ്യുക.

13. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വാർഡിലും മദ്യവർജ്ജന സമിതികൾ രൂപീകരിക്കുകയും മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

ഓരോ വാർഡുകളിൽ നിന്നും ലഭിച്ച നിർദേശങ്ങൾ വാർഡടിസ്ഥാനത്തിൽ അവയുടെ മുൻഗണനാക്രമമനുസരിച്ച് താഴെ വിവരിക്കുന്നു.

വാർഡ് - 1

1. ഒരു അംഗൻവാടി സ്ഥാപിക്കുക.

2. മഹിളാ സംഘങ്ങൾ രൂപീകരിച്ച് അത് മുഖേന പച്ചക്കറി വിത്തുകൾ, വാഴക്കന്നുകൾ, അതിനാവശ്യമായ മറ്റു വസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകി കാർഷികരംഗം വികസിപ്പിക്കുന്നതിൽ മഹിളകളെ പ്രോത്സാഹിപ്പിക്കുക.

വാർഡ് -2

1. മഹിളാ സഹകരണ സംഘം രൂപീകരിച്ച് അതിന്റെ കീഴിൽ ഒരു തയ്യൽ പരിശീലന കേന്ദ്രവും പരിശീലനം സിദ്ധിച്ചവരെ ഉപയോഗപ്പെടുത്തി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രവും സ്ഥാപിക്കുക.

2. അടുക്കളത്തോട്ട നിർമ്മണത്തിന് കൃഷിഭവൻ മുഖേന സൗജന്യമായി വിത്തുകളും സബ്സിഡി നിരക്കിൽ വളങ്ങളും നൽകി പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്ത്രീകളെ സജ്ജമാക്കുക. ഉൽപാദനക്ഷമത കൈവരിക്കാൻ പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുക.

3. ഒരു ബാലവാടി സ്ഥാപിക്കുക.

4. സ്ത്രീകളുടെ ആരോഗ്യപ്രശ്നം പരിഗണിച്ച് പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രചരണം നടത്തുക.

വാർഡ് - 3

1. കുടിൽ വ്യവസായമായി ആട്, കോഴി എന്നിവ വളർത്താനും റെഡിമെയ്ഡ് യൂനിറ്റ് ഉണ്ടാക്കുവാനും ആവശ്യമായ സഹായങ്ങൾ നൽകുക.

2. സൗജന്യമായി പച്ചക്കറി വിത്തുകളും അതിനാവശ്യമായ മറ്റു വസ്തുക്കളും നൽകി ഓരോ വീട്ടിലും പച്ച

ക്കറിത്തോട്ടം നിർമ്മിക്കാനുള്ള പ്രോത്സാഹനം നൽകുക.

വാർഡ് - 4

1. വനിതകൾക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ മഹിളാ സമാജത്തിന് ഒരു തുന്നൽ പരിശീലന കേന്ദ്രം നടത്താൻ വേണ്ട സഹായ സഹകരണങ്ങൾ പഞ്ചായത്ത് മുഖേന ലഭ്യമാക്കുക.

2. വനിതകളുടെ വായനാശീലം വളർത്തുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കുക.

3. വനിതകളുടെ ജോലിഭാരം കുറക്കാൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

വാർഡ് - 5

1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണയൂനിറ്റുകൾ സ്ഥാപിച്ച് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

2. സ്ത്രീകൾക്കായുള്ള സർക്കാർ സഹായ പദ്ധതികൾ അവർക്ക് എളുപ്പത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

വാർഡ് -6

1. വനിതാ സഹകരണ സംഘം രൂപീകരിച്ച് സ്വയം തൊഴിൽ പദ്ധതി പ്രകാരം മെഴുകുതിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയ്ക്കാവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുക.

2. മദ്യദുരിതമനുഭവിക്കുന്ന വനിതകളെ സംരക്ഷിക്കാൻ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും വ്യാജവാറ്റിനെതിരായി സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന വിജിലൻസ് സേന രൂപീകരിക്കുക, മദ്യത്തിനെതിരായി ശക്തമായ ബോധവൽക്കരണം നടത്തുക.

3. സാക്ഷരതാ പ്രവർത്തനം ആരംഭിക്കുക.

വാർഡ് - 7

1. മഹിളാ സമാജം മുഖേന റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.

വാർഡ് - 8

1. വനിതാസഹകരണ സംഘങ്ങൾ വഴി തൊഴിൽ രംഗത്ത് വനിതകളെ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

2. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

വാർഡ് - 9

1. ഗർഭിണികളുടെയും മറ്റും രോഗ ശുശ്രൂഷക്കായി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഒരു സബ് യൂനിറ്റ് വാർഡിൽ സ്ഥാപിക്കുക.

2. വീട്ടു ജോലികൾ ലഘൂകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾക്കുള്ള സഹായം ലഭ്യമാക്കുക.

3. വനിതകളിൽ മിതവ്യയശീലം വർദ്ധിപ്പിക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4. സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. സമ്പൂർണ്ണ സാക്ഷരത ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടരുക.

വാർഡ് -10

1. അഭ്യസ്ഥവിദ്യാരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകാൻ ഒരു സ്ഥാപനം വാർഡിൽ ആരംഭിക്കുക.

2. വനിതകൾക്ക് മുൻതൂക്കമുള്ള തൊഴിൽശാലകളോ സഹകരണ സംഘങ്ങളോ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.

3. മഹിളാ സമാജങ്ങൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകുക.

4. സ്ത്രീകൾക്ക് സ്വയംതൊഴിൽ പരിപാടികൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.

# സംസ്കാരം

നമ്മുടെ പഞ്ചായത്തിനുമുണ്ട് കേരളത്തിലെ മറ്റു പ്രദേശങ്ങളെ പോലെ മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യം. കൃഷിയിലും ക്ഷേത്ര ഉത്സവങ്ങളിലും മാത്രം മുഴുകി ജീവിക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ ആരംഭത്തോടെ കുറച്ചുകൂടി വിശാലമായ ചിന്താഗതി ജനങ്ങൾക്കുണ്ടായിത്തീർന്നു.

കഥകളിയും കൂത്തും തുള്ളൽകളിയും പാഠകവും കോൽക്കളിയും അറവനമുട്ട്, ഒപ്പന, മാപ്പിളപ്പാട്ടും നമ്മുടെ സാംസ്കാർക പാരമ്പര്യത്തിന്റെ ഭാഗങ്ങളായിരുന്നു. ജാതിമതഭേദമന്യെ സർവ്വരും പങ്കെടുക്കുന്ന നാടൻകലാരൂപമാണ് കോൽക്കളി. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് ആഹ്ലാദവും ആനന്ദവും പകരുന്നതിന് ഈ കലാരൂപം മഹത്തായ പങ്ക് വഹിച്ചു.

ജാതിവ്യവസ്ഥ പലപ്പോഴും സുഗമമായ ജീവിതത്തിന് വിഘാതമായിരുന്നിട്ടുണ്ട്. ക്ഷേത്രങ്ങൾ ഒരു കാലഘട്ടത്തിൽ മറ്റൊരു വിഭാഗത്തിന്റേത് മാത്രമായിരുന്നു. ഇതിനെതിരെ രക്തച്ചൊരിച്ചിലില്ലാത്ത പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. രണ്ടു മതവിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. മതസൗഹാർദ്ദം എന്നും ഇവിടെ നിലനിന്നിട്ടുണ്ട്. ഇസ്ലാം മതക്കാരുടെ പഴയ ആരാധനാലയങ്ങളാണ് തെർന്നീ പള്ളി, എളവള്ളൂർ പള്ളി, തട്ടാറത്ത് പള്ളി, കാളിയാത്ത് താഴ പള്ളി എന്നിവ. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരുപത് വർഷത്തിനിടയിൽ നിരവധി പള്ളികളും സ്രാമ്പികളും നിർമ്മിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ പെരുന്നാൾ, നബിദിനം, ആണ്ട്നേർച്ച, റംസാൻ മാസ ആചരണം എന്നിവ വിപുലമായി ആഘോഷിച്ചു വരുന്നു. ഈ ആരാധനാലയങ്ങളിൽ പലേടത്തും ഹിന്ദുക്കൾ നേർച്ച നേരാറുണ്ട് എന്നത് മതസൗഹാർദ്ദത്തിന്റെ തെളിവാണ്. ദഫ് മുട്ട്, കോൽക്കളി, മാപ്പിളപ്പാട്ട് എന്നിവ ഈ വിഭാഗങ്ങളുടേതായ കലാരൂപങ്ങളാണ്. മൊയ്ലൂത്ത്, റാത്തീബ്, മതപ്രസംഗപരമ്പരയും ഈ വിഭാഗങ്ങളിൽ നടന്നു വരുന്നു.

ഇരിങ്ങണ്ണൂർ ശിവക്ഷേത്രം, ചെറുവട്ടായി വിഷ്ണുക്ഷേത്രം, കുളശ്ശേരി ശിവക്ഷേത്രം, തൂണേരി പരദേവതാ ക്ഷേത്രം, ആവലം ശിവക്ഷേത്രം, കോട്ടേമ്പ്രം ഭഗവതി ക്ഷേത്രം എന്നിവ ഹിന്ദുക്കളുടെ പുരാതനക്ഷേത്രങ്ങളാണ്.

ചെറുവട്ടായി വിഷ്ണുക്ഷേത്രത്തിൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ക്ഷേത്രോത്സവവും, ഇരിങ്ങണ്ണൂർ, കുളശ്ശേരി, ആവലം എന്നിവിടങ്ങളിൽ ശിവരാത്രി, നവരാത്രി, തിരുവാതിര എന്നിവ ആഘോഷിക്കുന്നു. തൂണേരി പരദേവതാ ക്ഷേത്രത്തിലെ പ്രധാന ഉത്സവാഘോഷം തെയ്യം ആട്ടമാണ്. ചുരുങ്ങിയ സമയത്ത് ആയിരങ്ങൾ ഒത്തുചേരുന്ന പഞ്ചായത്തിലെ ഏകക്ഷേത്രമാണ് തൂണേരി. കോട്ടേമ്പ്രം ഭഗവതിക്ഷേത്രത്തിലെ താലപ്പൊലി മഹോത്സവവും ചുവപ്പൻ കൊത്തും ഗ്രാമപഞ്ചായത്തിനു പുറത്തും പ്രസിദ്ധമാണ്. ഗ്രാമപഞ്ചായത്തിൽ പല പ്രദേശങ്ങളിലും കാവുകളുണ്ട്. തെയ്യം തിറകളാണ് ഇവിടുത്തെ പ്രധാനം. തെയ്യാട്ടം, തോറ്റംപാട്ട് എന്നിവ യാതൊരു തളർച്ചയുമില്ലാതെ തുടർന്നു വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹിന്ദുമതത്തിലെ ഒരു വിഭാഗം ആളുകൾ പറശ്ശിനി മുത്തപ്പൻ ദൈവത്തിന് പയംകുറ്റി വെച്ച്കൊടുക്കുന്ന ചടങ്ങും, ഗുളികൻ, കുട്ടിച്ചാത്തൻ എന്നീ ദൈവങ്ങൾക്കു കലശം വെച്ച് കൊടുക്കുന്ന ചടങ്ങും തുടർന്നു വരുന്നു. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്ര ഉത്സവത്തിന് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ പൊടിക്കളങ്ങളിൽ നിന്ന് ഭക്തന്മാർ നൊയമ്പെടുത്ത് പോയ അവസരങ്ങളും ഉണ്ടായിരുന്നു. ഇന്ന് വളരെ ചുരുങ്ങിയ ആളുകൾ പോയ്ക്കൊണ്ടിരിക്കുന്നു. പൊടിക്കളങ്ങളിൽ മുൻകാലങ്ങളിൽ മൃഗബലി നടന്നിരുന്നു.

കൊട്ടിയൂർ വൈശാഖം ഉത്സവത്തിനു ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ ക്ഷേത്രങ്ങളിൽ നിന്നും നായർ സമുദായത്തിൽപ്പെട്ടവർ വ്രതമെടുത്ത് നെയ്യാമൃത് കൊണ്ടും, കഞ്ഞിപ്പുരകളിൽ നിന്നും തിയ്യസമുദായത്തിൽപ്പെട്ടവർ വ്രതമെടുത്ത് ഇളനീരു കൊണ്ടും കൊട്ടയൂർ ക്ഷേത്രത്തിലേക്ക് പോകുന്നത് തുടർന്നു വരുന്നു. പരേതാത്മാക്കളുടെ പ്രീതിക്കായി ഹിന്ദുമതവിഭാഗം കർക്കിടവാവൊരിക്കൽ, തുലാം പത്ത്, ധനു പത്ത് എന്നിവ ആചരിക്കുന്നു.

ഹിന്ദുമതവിഭാഗം സർവ്വഐശ്വര്യത്തിനുവേണ്ടി മിഥുനം 30നു വേടനെയും, വിളവർദ്ധനവിനുവേണ്ടി കാലനെയും ആടി 14 (കർക്കടകം 14) ആദരിക്കുന്നു. ഇതിന്റെ ഭാഗമായി തുടിക്കൊട്ടിക്കൊണ്ടും സ്തുതിഗീതങ്ങൾ പാടിയും മലയ സമുദായത്തിൽപ്പെട്ടവർ ഗ്രാമപഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഇന്നും വീടുകളിൽ കയറിയിറങ്ങുന്നു.

ഗ്രാമപഞ്ചായത്തതിർത്തിയിൽ നാല് അയ്യപ്പ മഠങ്ങളാണുള്ളത്. വൃശ്ചികമാസം മുതൽ രണ്ടു മാസക്കാലം അവിടങ്ങളിൽ ഉത്സവകാലമാണ്. ശ്രീ നാരായണ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വിപുലമായി നടക്കാറുണ്ട്. സാംസ്കാരിക സമ്മേളനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും ചതയദിന ആഘോഷവും ചില ഭാഗങ്ങളിൽ നടന്നു വരുന്നു. ജാതിമതവിഭാഗങ്ങൾക്കതീതമായ ബഹുജന ഐക്യമാണ് ഇവ വിഭാവനം ചെയ്യുന്നത്.

ഹിന്ദു മതത്തിൽ ഇന്നും ജാതിവ്യവസ്ഥ നില നിൽക്കുന്നു. അവർണ്ണ വിഭാഗങ്ങളാണ് ഭൂരിപക്ഷവും. ക്ഷേത്രങ്ങൾക്കു സമീപങ്ങളിൽ ബ്രാഹ്മണ ഇല്ലങ്ങളും ഉണ്ട്. അയിത്തം സമീപകാലത്തായി വളര കുറഞ്ഞി ട്ടുണ്ട്. സാമ്പത്തികമായ ഉയർച്ച പ്രാപിക്കുന്നതോടെ ജാതിവിഭാഗീയതക്ക് ശക്തി കുറയുന്നതായി കാണുന്നു. സ്ത്രീ ജനങ്ങളാണ് അയിത്തം വെച്ചുപുലർത്തുന്നവ രിൽ കൂടുതലും. എങ്കിലും അവർ മാറ്റത്തിന് വഴിപ്പെ ടാൻ തയ്യാറായി വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ജനവിഭാഗങ്ങളെ സാമ്പത്തികമായി മൂന്നു വിഭാഗങ്ങ ളാക്കി തിരിക്കാം. പാവപ്പെട്ട തൊഴിലാളികൾ, ഇടത്തര ക്കാർ, സമ്പന്നർ.

സമ്പന്നരുടെയും ഇടത്തരക്കാരുടെയും വീടുകൾ അമിത ആർഭാടത്തോടുകൂടി നിർമ്മിക്കുന്ന പ്രവണത കണ്ടുവരുന്നു. ഹിന്ദു മതക്കാരുടെ ഇടയിൽ സമ്പത്ത് ധൂർത്തടിക്കുന്ന ആചാരക്രമമാണുള്ളത്. വിവാഹങ്ങൾ, മരണാനന്തര ചടങ്ങുകൾ (ചാവടിയന്തരം) എന്നിവ. അന്ധവിശ്വാസങ്ങൾക്കും ചില വിഭാഗങ്ങളുടെ ഇടയിൽ സ്വാധീനമുണ്ട്. ഇതിന്റെ ഫലമായി മന്ത്രവാദത്തിനും ഈ വിഭാഗങ്ങളുടെ ഇടയിൽ പ്രചാരമുണ്ട്.

സാമൂഹ്യ-രാഷ്ട്രീയ മാറ്റത്തിന് വേഗത കൂട്ടാൻ 1950 കളിൽ ചില സംഘടിത ശ്രമങ്ങൾ നമ്മുടെ ഗ്രാമ പഞ്ചായത്തിലും നടക്കുകയുണ്ടായി. ക്ഷേത്രപ്രവേശന ത്തിനും ക്ഷേത്ര കുളങ്ങളിൽ അവർണ്ണർ കുളിക്കുന്ന തിനും കുളംതീണ്ടൽ തുടങ്ങിയ സമരമുറകൾ നടന്നു. അവർണ്ണർ ക്ഷേത്രകുളങ്ങളിൽ കുളിച്ചത് പഴയകാലത്തെ വിവാദസംഭവങ്ങളായിരുന്നു.

ഗ്രന്ഥശാലാപ്രസ്ഥാനം വെള്ളൂരിലും തൂണേരിയിലും ആരംഭിക്കുന്നത് 1955കൾക്കു ശേഷമാണ്. 1957ൽ ഗ്രന്ഥശാല വെള്ളൂരിലും 59ൽ തൂണേരിയിലും ആരം ഭിച്ചു. നാല്പത് വർഷത്തിനു ശേഷവും ഗ്രാമപഞ്ചായ ത്തിന്റെ മറ്റു ഭാഗങ്ങളിൽ കാര്യമായ പുരോഗതി ഈ രംഗത്ത് ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ അടുത്തകാലത്ത് ഒരു സാംസ്കാരികകേന്ദ്രവും ഗ്രന്ഥാ ലയവും തൂണേരി 3-ാം വാർഡിൽ പ്രവർത്തനമാരംഭി ച്ചിട്ടുണ്ട്. മറ്റു സ്വകാര്യ വായനശാലകൾ വിവധ ഭാഗങ്ങ ളിൽ വേറെയുമുണ്ട്. ഇസ്ലാമിക ലൈബ്രറികളും ഗ്രാമപ ഞ്ചായത്തതിർത്തിയിൽ ഉണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പല സാംസ്കാരിക പ്രസ്ഥാനങ്ങളും ക്ലബ്ബുകളും പ്രവർത്തി ക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സാംസ്കാരിക സ്ഥാപനങ്ങളാണ് ചുവടെ കൊടുക്കു ന്നത്.

1. വെള്ളൂർ ഗ്രന്ഥാലയം തൂണേരി 12-12-1957 471 4451
2. ഗ്രാമീണ ഗ്രന്ഥാലയം തൂണേരി
3. സാംസ്കാരിക നിലയം ഗ്രന്ഥാലയം (പട്ടാണി)

ക്ലബ്ബുകൾ

1. രചന കലാവേദി, തൂണേരി
2. ഗ്രാമോദയ കലാകേന്ദ്രം, വെള്ളൂർ
3. ശ്രീനാരായണ സാംസ്കാരിക വേദി, വേറ്റുമ്മൽ
4. സർഗ്ഗ ആർട്സ് & സ്പോർട്സ് ക്ലബ്, കോടഞ്ചേരി
5. കലാ സാംസ്കാരിക വേദി, ചാലപ്രം.
6. നിസ്സരി ആർട്സ് & സ്പോർട്സ് ക്ലബ്, മുടവന്തേരി

രജിസ്റ്റർ. ചെയ്യാത്ത വെറെയും കലാസമിതികൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഹാസ്യകലാരംഗത്തും നാടകരംഗത്തും അറിയപ്പെ ടുന്ന കലാകാരന്മാർ തൂണേരി ഗ്രാമപഞ്ചായത്തിന്റെ സംഭാവനയായിട്ടുണ്ട്. കേരളോത്സവത്തിന് ആദ്യ മൂന്നു വർഷം ബ്ലോക്കുതലജേതാക്കൾ നമ്മുടെ ഗ്രാമപഞ്ചായ ത്തായിരുന്നു. ഈ രംഗത്തെ ആധിപത്യം പിന്നീട് പിന്നോക്കം പോയി എന്നത് വിശകലനത്തിന് വിധേയ മാക്കേണ്ടതാണ്. നമ്മുടെ ഗ്രാമപഞ്ചായത്തടിസ്ഥാന ത്തിൽ പ്രവർത്തിക്കുന്ന സംഘടന ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്.

ഈ പഞ്ചായത്തിൽ പ്രചാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രധാന ദിനപത്രങ്ങൾ മാതൃഭൂമി, മലയാള മനോരമ,, കേരള കൗമുദി, ദേശാഭിമാനി, ചന്ദ്രിക, മാധ്യമം, സിറാജ് എന്നിവയാണ്. ദുർലഭം സായാഹ്ന പത്രങ്ങളും പ്രചാരത്തിലുണ്ട്. ആഴ്ചപ്പതിപ്പുകളിൽ പ്രചാ രത്തിലുള്ളതിൽ മംഗളവും മനോരമയുമാണ് മുന്നിൽ. പ്രത്യേകിച്ച് സ്ത്രീകളിലാണ് ഇവ സ്വാധീനം ചെലു ത്തുന്നത്. മാതൃഭൂമി, കലാകൗമുദി, ദേശാഭിമാനി, ചന്ദ്രിക എന്നിവയും ബാലമാസികകളും, രാഷ്ട്രീയ വാരിക യായ കേരളശബ്ദം, ഇന്ത്യാടുഡെ, ചിന്ത എന്നിവയും പ്രചാരത്തിലുണ്ട്. സിനിമ, സ്പോർട്സ് വാരികകളും വളരെ ദുർലഭമായി ചിലവാകുന്നുണ്ട്. വനിതാപ്രസി ദ്ധീകരണങ്ങളായ ഗൃഹലക്ഷ്മി, വനിത, ആരാമം എന്നിവ പ്രചാരത്തിലുണ്ട്. കർഷകത്തൊഴിലാളി, കർഷ കശ്രീ മാസികകളും പ്രചാരത്തിലുണ്ട്.

പത്രമാസികകളുടെ സർക്കുലേഷൻ വർദ്ധിക്കു മ്പോഴും വായനാശീലം കുറഞ്ഞുവരുന്നതായാണ് കാണാൻ കഴിയുന്നത്. വായനക്കാരിൽ സാംസ്കാരിക മുന്നേറ്റത്തിനുതകുന്ന വായനാശീലമല്ല മറിച്ച് പ്രത്യേക താൽപ്പര്യങ്ങളെ കേന്ദ്രീകരിച്ചുള്ള വായനാശീലമാണ് വളർന്നു വരുന്നത്. ഇതിനു പ്രധാനകാരണമായി പറ യാൻ കഴിയുന്നത് ടി.വി., ചലച്ചിത്രം എന്നിവയുടെ സ്വാധീനമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഓണവും വിഷുവും വിവിധ പരിപാടികളോടെ ആഘോഷിച്ചു വരുന്നു. ഓണദിവസം ഗ്രാമപഞ്ചായത്തിൽ മുഴുവൻ മഹാബലിയുടെ പ്രതീകമായി (ഓണപ്പൊട്ടൻ) മലയസ മുദായത്തിലെ ആളുകൾ വേഷംകെട്ടി വീടുകൾ കയറി ഇറങ്ങുന്ന പതിവ് ഇന്നും തുടർന്നു വരുന്നു. ദേശീയാ ഘോഷ ദിനങ്ങളായ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം എന്നിവയും ഗ്രാമപഞ്ചായത്തിൽ ആകമാനം കൊണ്ടാ ടുന്നു. എല്ലാ പഞ്ചായത്തിലും ഒരു ഹൈസ്കൂൾ എന്നത് നമ്മുടെ ഗ്രാമപഞ്ചായത്തിൽ അടുത്തകാലത്താണ് നില വിൽ വന്നത്. രണ്ട് യു.പി. സ്കൂളുകളാണ് ഗ്രാമപഞ്ചാ യത്തിൽ നിലവിൽ ഉള്ളത്. രണ്ടും സ്വകാര്യമേഖലയി ലാണ്. ഇവിടങ്ങളിലൊന്നും തന്നെ കളിസ്ഥലം നിലവി

ലില്ല. ഈ ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾ കൂടുതലായും പഠിക്കുന്നത് പുറമേരി കെ.ആർ. ഹൈസ്കൂളിലും ഇരിങ്ങണ്ണൂർഹൈസ്കൂളിലുമാണ്. പഠിക്കുന്ന സമയത്ത് കായികരംഗങ്ങളിൽ വിദ്യാർത്ഥികൾ ആധിപത്യം പുലർത്തുന്നുണ്ടെങ്കിലും പിന്നീട് പരിശീലനത്തിന്റെ അഭാവം മൂലവും പ്രോത്സാഹനക്കുറവുകൊണ്ടും കഴിവുകൾ നിലനിർത്താൻ കഴിയാറില്ല.

ഗ്രാമപഞ്ചായത്തിലെ പ്രധാന കായിക ഇനം വോളിബോളായിരുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ആ മേഖലയിൽ എടുത്തു പറയാവുന്ന ഒരാൾ മാത്രമാണുള്ളത്. സതേൺ റെയിൽവെ വോളിബോൾ ടീം ക്യാപ്റ്റൻ നമ്മുടെ ഗ്രാമപഞ്ചായത്തിലെ മുടവന്തേരി സ്വദേശിയാണ്. ചില ക്ലബ്ബുകളും സാംസ്കാരിക സ്ഥാപനങ്ങളും വോളിബോൾ, ചെസ്സ്, കാരംസ് എന്നീ മത്സരങ്ങൾ നടത്താറുണ്ട്. ഗ്രാമപഞ്ചായത്ത് കേരളോത്സവത്തിനു സ്പോർട്സ് ഇനങ്ങളിൽ മത്സരം നടത്താറുണ്ടെങ്കിലും പങ്കാളിത്തം വളരെ കുറഞ്ഞുപോകുന്നതായാണ് കണ്ടു വരുന്നത്.

ഗ്രാമപഞ്ചായത്തിൽ പ്രചാരത്തിലിരിക്കുന്ന കളികൾ വോളിബോൾ, കബഡി, ക്രിക്കറ്റ്, ഷട്ടിൽ എന്നിവയാണ്. മുമ്പുണ്ടായിരുന്ന തലപ്പന്തും, കുട്ടീം കോലും, ഗോട്ടി എന്നീ കളികൾ നാമാവശേഷമായി. കായികതാരങ്ങളുടെ കഴിവ് പ്രോത്സാഹിപ്പിക്കാൻ ഗ്രാമപഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം അത്യാവശ്യമാണ്.

**നടപ്പിൽ വരുത്തേണ്ടുന്ന അടിയന്തിര ആവശ്യങ്ങൾ.**

1. നമ്മുടെ ഗ്രാമപഞ്ചായത്തിൽ (തൂണേരി) ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.
2. എല്ലാ വാർഡുകളിലും ഒരു വായനശാല വീതം സ്ഥാപിക്കുക.
3. ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് ഷെൽഫ് വാങ്ങുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേക ഗ്രാന്റ് അനുവദിക്കുക.
4. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് മൊബൈൽ പുസ്തകവിതരണത്തിന് നിലവിലുള്ള ഗ്രന്ഥശാലകൾക്കു ഗ്രാമപഞ്ചായത്ത് ധനസഹായം അനുവദിക്കുക.
5. സ്വന്തമായി കെട്ടിടമുള്ള വെള്ളൂര് നേഷനൽ ലൈബ്രറിക്കും, തൂണേരി ടൗണിലെ ഗ്രന്ഥശാലയ്ക്കും ടെലിവിഷൻ സെറ്റ് അനുവദിക്കുക.
7. കേരളോത്സവം പോലുള്ള പരിപാടികളിൽ പങ്കെടുക്കുന്ന കലാസമിതികൾക്കു സാമ്പത്തിക സഹായം നൽകുക.
8. പഞ്ചായത്ത് അതിർത്തികളിൽ സ്വാഗതബോർഡുകളും സ്കൂൾ പരിസരത്ത് സൈൻ ബോർഡുകളും സ്ഥാപിക്കുക.
9. നിലവിലുള്ള വായനശാലകളിൽ ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വർദ്ധിപ്പിക്കാൻ സഹായം അനുവദിക്കുക.
10. നശിച്ചു കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ നിലനിർത്തുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുത്ത് ഗ്രാമോത്സവങ്ങൾ നടത്തുക.
11. തൂണേരിയിലുള്ള ഗ്രാമീണ ഗ്രന്ഥാലയത്തിനു സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സാമ്പത്തിക സഹായം അനുവദിക്കുക.
12. ടെലിവിഷന്റെ അതി പ്രസരണത്തിനെതിരെ രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽക്കരിക്കാൻ ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുക്കുക.
13. മയക്കു മരുന്നിനും, മദ്യത്തിനും സാംസ്കാരിക ജീർണ്ണതക്കുമെതിരെ ബോധവൽക്കരണ പ്രവർത്തനം സ്ഥിരമായി നടത്തുന്നതിനു ഗ്രാമപഞ്ചായത്ത്തല കമ്മിറ്റിക്ക് രൂപം നൽകുക.

# സാമൂഹ്യക്ഷേമം

നമ്മുടെ രാജ്യത്തെ 60 ശതമാനത്തോളം വരുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് വേണ്ടി കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിലൂടെയും ഒട്ടനവധി സാമൂഹ്യക്ഷേമപദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയിട്ടുണ്ട്. വാർഷിക വരുമാനം 11,000 രൂപയിൽ കുറവായ കുടുംബങ്ങളെയാണ് IRDP ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. അതുപോലെ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണനയും നൽകി വരുന്നുണ്ട്. ഇങ്ങിനെയൊക്കെയാണെങ്കിലും ഈ വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ എടുത്തുപറയത്തക്കതായ ഒരു മാറ്റം ഇനിയും ദൃശ്യമായിട്ടില്ല. IRDP പോലുള്ള സാമൂഹ്യപദ്ധതി പ്രകാരം തൊഴിലും തൊഴിലുപകരണങ്ങളും കിട്ടിയവരും സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടി സാമ്പത്തികാനുകൂല്യം ലഭിച്ചവരുമാകട്ടെ അത് യഥാസമയം കിട്ടാനുള്ള പ്രയാസങ്ങളും കിട്ടിയ ആനുകൂല്യങ്ങൾ വഴിമാറ്റി ചിലവഴിക്കുന്നതും കാരണം പല പദ്ധതികളും ലക്ഷ്യംകാണാത്ത അവസ്ഥയും ഇന്ന് നിലനിൽക്കുകയാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 4862 വീടും 20,240 ഓളം ജനസംഖ്യയും ഉണ്ടെന്ന് കാണാം. IRDP സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം 2431 ആണ്. ഇതിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം 883 ഉം ആണ്. കഴിഞ്ഞകാലങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആനുകൂല്യം നേടിയവരുടെ എണ്ണം താഴെ കൊടുക്കുന്നു. നടപ്പ് പദ്ധതിപ്രകാരം

**പട്ടിക A**

1. IRDP ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ 2431 ആനുകൂല്യം ലഭിച്ചവർ 883.

2. SC വിഭാഗത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ 64 ആനുകൂല്യം ലഭിച്ചവർ 59

3. ട്രൈസം പരിശീലനം നേടിയവർ 67

4. ഗ്രാമീണ വനിതാ ശിശുവികസന പരിപാടി DWRCA. IRDPയുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്. 10 മുതൽ 15 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്കാണ് സഹായം നൽകുന്നത് ഈ വിഭാഗത്തിൽ 4 യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

5. കൈത്തൊഴിലുപകരണത്തിനുള്ള ദേശീയപദ്ധതി:

ഗ്രാമീണകൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഉപകരണങ്ങൾ വാങ്ങാനും ഉള്ള സഹായം നൽകുന്ന പദ്ധതിപ്രകാരം 57 പേർ അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 34 പേർക്ക് ആനുകൂല്യം നൽകി.

6. കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി :

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണിത്. ഇത് പ്രകാരം 42 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് സഹായം നൽകിയിട്ടുണ്ട്.

7. കുടീർ ജ്യോതി ;

ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ 52 പേർക്ക വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

**പട്ടിക B**

ഇത് കൂടാതെ വിവിധതരം പെൻഷനുകളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കുന്നവരുടെ എണ്ണം താഴെകൊടുക്കുന്നു.

1. കർഷകത്തൊഴിലാളി പെൻഷൻ 255 മാസം 70 രൂപ വീതം
2. വാർദ്ധക്യകാല പെൻഷൻ 20
3. വികലാംഗ പെൻഷൻ 25
4. വിധവാ പെൻഷൻ 15
5. തൊഴിലില്ലായ്മാ വേതനം 35
6. ടി.ബി. രോഗികൾക്കുള്ള പെൻഷൻ
7. ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ ഇവയും ചരുക്കം ചിലർക്ക് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. IRDP പോലുള്ള പദ്ധതികളിൽ കുടുംബങ്ങളെ ഉൾപ്പെടുത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുക.
2. അതാത് അവസരങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പരസ്യം ചെയ്യുന്ന നടപടി സ്വീകരിക്കുക.
3. കർഷകതൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വിധവ- വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ എല്ലാ പെൻഷനുകളും ഗ്രാമപഞ്ചായത്തിലൂടെ വിതരണം ചെയ്യുക.
4. കാലതാമസം ഒഴിവാക്കി ഓരോ മൂന്നുമാസവും ഓരോ ഗഡു കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുക.
5. പെൻഷന് അർഹരായവരെ തെരഞ്ഞെടുക്കാനും അനർഹരായവരെ ഒഴിവാക്കുവാനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുക.
6. ട്രൈസം പരിശീലനം നേടുന്ന മുഴുവൻ ആളുകൾക്കും തൊഴിൽ ഉറപ്പ് വരുത്തുക.
7. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ ബാലവാടിയും അംഗൻവാടിയും നിർബന്ധമായി നടപ്പിലാക്കുക.
8. നിലവിലുള്ള ബാലവാടികളുടെ അറ്റകുറ്റപ്പണി പൂർത്തികരിക്കുക. ബാലവാടികൾക്കാവശ്യമായ കളിക്കോപ്പും മറ്റുപകരണങ്ങളും നൽകുക.
9. ഓരോ ബാലവാടിയുടെ കീഴിലും മഹിളാസമാജങ്ങൾ ആരംഭിക്കുകയും സ്ത്രീകൾക്ക് വേണ്ടിയുള്ള സാമൂഹ്യ ബോധവൽക്കരണക്ലാസുകൾ മാസത്തിൽ ഒന്നെങ്കിലും നടത്തുക.
10. IRDP പദ്ധതി ഉൾപ്പെടെയുള്ള എല്ലാ സ്വയംതൊഴിൽ വായ്പകളും മറ്റാനുകൂല്യങ്ങളും കൃത്യമായും സത്യസന്ധമായും വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ മോണിട്ടറിം ഏർപ്പെടുത്തുക.

# സഹകരണം

സഹകരണരംഗത്ത് വളരെയേറെ വളർച്ച പ്രാപിച്ചിട്ടുള്ള സംസ്ഥാനമാണ് നമ്മുടെ കേരളം. എന്നാൽ തൂണേരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്വന്തമായി ഒരു സഹകരണ സ്ഥാപനമില്ലെന്നുള്ളത് വലിയൊരു പോരായ്മയാണ്. വളരെ പഴയ കാലത്ത് ചാലപ്പുറം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഒരു ഐക്യനാണയസംഘം നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അത് പിന്നീട് നാദാപുരം സർവ്വീസ് സഹകരണ ബാങ്കിൽ ലയിക്കുകയാണുണ്ടായത്. അതോടെ സഹകരണമേഖലയുടെ സാന്നിദ്ധ്യം നമുക്ക് നഷ്ടമായി എന്നുള്ളതാണ് വസ്തുത.

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും സർവ്വീസ് സഹകരണ ബാങ്കുകളിൽ അംഗങ്ങളാണ്. പുറമേരി സർവീസ് സഹകരണ ബാങ്കിന്റെയും ഇരിങ്ങണ്ണൂർ സർവീസ് സഹകരണ ബാങ്കിന്റെയും അധികാര പരിധിയിൽപ്പെടുന്ന പ്രദേശമായതുകൊണ്ട് ആ ബാങ്കുകളിലാണ് നമുക്ക് അംഗത്വമുള്ളത്. അകലങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ ബാങ്കുകളുടെ സേവനലഭ്യതക്ക് വളരെയേറെ യാത്രച്ചെലവും ക്ലേശങ്ങളും നമുക്കുണ്ടാകാറുണ്ട്. തൂണേരിയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന പുറമേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖയും വാണിജ്യ ബാങ്കായ കനറാ ബാങ്കിന്റെ ശാഖയും ഗ്രാമീണ ബാങ്കിന്റെ ശാഖയും സേവന മനോഭാവത്തേക്കാളേറെ ലാഭേച്ഛ മാത്രം ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചു വരുന്നത്. ലളിതമായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശനിരക്കിൽ അർഹരായവർക്ക് കടംകൊടുക്കുന്നതിന് പകരം ഉയർന്ന നിരക്കിൽ പണ്ടംപണയത്തിന് കടം കൊടുക്കാനാണ് അവർ താല്പര്യം കാട്ടുന്നത്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് ഉണ്ടാകുമ്പോൾ തൂണേരിക്കാർക്ക് എളുപ്പത്തിൽ സഹകരണ മേഖലയുടെ സേവനം ലഭിക്കുന്നില്ല. (കൊപ്രസംഭരണത്തിന്റെയും മറ്റും ഗുണം) ഈ സ്ഥിതിവിശേഷം സ്വന്തമായ ഒരു സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥാപനം അനിവാര്യമാക്കിത്തീർക്കുന്നു. ഇതിന്നാവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഭവനനിർമ്മാണത്തിന് കുറഞ്ഞനിരക്കിൽ ധനസഹായം നൽകുന്ന സ്ഥാപനങ്ങൾ ഇവിടെ ഇല്ല. അതുകൊണ്ടുതന്നെ സ്വകാര്യ ഏജൻസികളെ സമീപിച്ച് കടക്കെണിയിൽ പെട്ട ധാരാളം സാധാരണക്കാർ ഇവിടെയുണ്ട്. അതുകൊണ്ട് സഹകരണ മേഖലകളിൽ ഒരു ഭവന നിർമ്മാണ സംഘം ഇവിടെ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ധാരാളം തൊഴിലില്ലാത്ത യുവതീ യുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സഹകരണമേഖലയുടെ സഹായത്തോടെ തൊഴിലില്ലായ്മക്ക് തെല്ലൊരു പരിഹാരം കണ്ടെത്താൻ കഴിയും. സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂനിറ്റ്, കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപാദനം, കാർഷികോപകരണങ്ങളുടെ നിർമാണ യൂനിറ്റ് മുതലായവ ലാഭകരമായി നടത്തിക്കൊണ്ടുപോകാനുള്ള സാഹചര്യമാണ് നമുക്കുള്ളത്. അതുകൊണ്ടു ഇത്തരം യൂനിറ്റുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സാധാരണജീവിതത്തെ സാരമായി ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് സഹകരണമേഖലയിൽ കാർഷികോൽപ്പന്നങ്ങളുടെ ശേഖരണയൂനിറ്റുകൾ ആരംഭിക്കുന്നത് കൃഷിക്കാർക്ക് ഒരു അനുഗ്രഹമായിരിക്കും. (തേങ്ങ, കൊപ്ര, കുരുമുളക്, അടക്ക മുതലായവ)

മേൽപറഞ്ഞ രീതിയിൽ സഹകരണ മേഖലയുടെ സേവനം ലഭ്യമാക്കിയാൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 62 കുടുംബങ്ങളിലായി 341 പട്ടികജാതിക്കാർ താമസിക്കുന്നു. എന്നാൽ പട്ടിക വർഗ്ഗക്കാർ ഇവിടെയില്ല. പട്ടികജാതിക്കാരിൽ ഒരു വിഭാഗം കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിലും തയ്യൽ വേലകളിലും പ്രവർത്തിക്കുന്നു. മറ്റൊരു വിഭാഗം കുല ത്തൊഴിലായ ചെണ്ടകൊട്ടൽ, തെയ്യംതിറ മുതലായ പ്രവർത്തികളിലും ഏർപ്പെട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ സാമൂഹ്യമായ അകറ്റിനിർത്തലും അവഗണനയും ഉണ്ടാ യിരുന്നു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനം കൊണ്ട് സ്വാതന്ത്ര്യാനന്തരം ഭരണഘടന പ്രകാരമുള്ള പരിരക്ഷ നിലവിൽ വന്നതുകൊണ്ട് ഈ വിഭാഗങ്ങൾ മുഖ്യധാരയിലേക്ക് ആനയിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ സാമുദായികമായ അവഗണനയോ അയിത്തമോ തീരെ ഇല്ല എന്നുതന്നെ പറയാം. രാഷ്ട്രീയപ്രസ്ഥാന ങ്ങളുടെ മുൻനിരയിൽ പ്രവർത്തിക്കുന്നവർ ഇന്ന് ഈ സമുദായത്തിലുമുണ്ട്. മാത്രമല്ല ഇന്ത്യൻ പർലിമെന്റി ലേക്ക് ഒരംഗത്തെ സംഭാവന ചെയ്യാനും ഈ വിഭാഗ ത്തിന് സാധിച്ചിട്ടുണ്ട്.

നൂറ്റാണ്ടുകളായി ക്ഷേത്രകലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മലയ സമുദായത്തിൽപ്പെട്ട പട്ടികജാ തിക്കാരുടെ ഇരുപതോളം കുടുംബങ്ങൾ ഇവിടെയുണ്ട്. പരിസരത്തുള്ള ക്ഷേത്രങ്ങളിൽ മാത്രമല്ല കണ്ണൂർ ജില്ല യിലെ ചില ക്ഷേത്രങ്ങളിൽപ്പോലും തിറയാട്ടിനുള്ള അവകാശം ഇവർക്കുണ്ട്. ആ രംഗത്ത് വാദ്യോപകരണ ങ്ങൾ കൈകാര്യം ചെയ്യുന്ന പ്രഗത്ഭർ തന്നെ ഉണ്ടായി രുന്നു. മുൻകാലത്ത് നിലവിലിരുന്ന മന്ത്രവാദവും അതി നോടനുബന്ധിച്ച ബലികളെ, മാറ്റൽ, ഗണപതിഹോമം, കലശം, കലശംവെയ്പ്പ്, കുരുതി, ഓണപ്പൊട്ടൻ, വേടൻ, കാലൻ എന്നീ ആചാരങ്ങളിലും മുഖ്യകാർമികർ ഇവ രായിരുന്നു.

വികസനപ്രവർത്തനത്തിന്റെ ഭാഗമായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിലെ പട്ടികജാതി വിഭാ ഗത്തിൽപ്പെട്ട ജനവിഭാഗത്തിന് വളരെയധികം പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. സംസ്ഥാനാടിസ്ഥാന ത്തിൽ തന്നെ മൊത്തം ചിലവിന്റെ 12% ഈ വിഭാഗ ത്തിന് വേണ്ടി ചിലവഴിക്കണമെന്നന് വ്യവസ്ഥയുണ്ട്. വൻകിട പദ്ധതിയുടെയോ വൻകിട വ്യവസായത്തി ന്റെയോ ചിലവുകൾക്ക് വേണ്ടി നീക്കിവെക്കുന്ന തുക യുടെ ഗുണഭോക്താക്കളിൽ ഈ വിഭാഗത്തിൽപ്പെടുന്ന വർ വളരെ കുറവാണ്. ആയതുകൊണ്ടുതന്നെ ന്യായ മായ വിഹിതം ഇവർക്ക് ലഭിക്കണമെങ്കിൽ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ. മുകളിൽ പറഞ്ഞ 12% തുകയുടെ ഗുണഫലം ഇവർക്ക് ലഭിക്കണമെങ്കിൽ പഞ്ചായത്തു കൾക്കനുവദിച്ച 40% തുകയുടെ 25% മെങ്കിലും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ചിലവഴിക്കേ ണ്ടിയിരിക്കുന്നു.

രണ്ടു കേന്ദ്രങ്ങളിലെങ്കിലും പട്ടികജാതിക്കാർ കൂട്ട മായി താമസിക്കുന്നുണ്ടെങ്കിലും ഈ രണ്ടു കേന്ദ്രങ്ങ ളിലും കോളനിയുടെ പരിഗണന ഇവർക്ക് ലഭ്യമാകു ന്നില്ല.

വാർഡ് തിരിച്ചുള്ള പട്ടികജാതിക്കാരുടെ വിന്യാസം താഴെ പറയുന്ന രീതിയിലാണ്.

I-ാം വാർഡ് - 2 കുടുംബങ്ങൾ

II-ാം വാർഡ് - 8 കുടുംബങ്ങൾ

III-ാം വാർഡ് - 3 കുടുംബങ്ങൾ

IV-ാം വാർഡ് - 1 „

V-ാം വാർഡ് - 10 „

VI-ാം വാർഡ് - 12 „

VII-ാം വാർഡ് - 13 „

VIII-ാം വാർഡ് - 4 „

IX-ാം വാർഡ് - 5 „

X-ാം വാർഡ് - 4 „

പഞ്ചായത്തിലെ ജനസംഖ്യയുടെ 1.5 % വരുന്ന പട്ടികജാതി വിഭാഗക്കാരിൽ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ എണ്ണം 61 ആണ്. ഇതിൽ 28 പേർ പെൺകുട്ടികളാണ്. ഇവർക്ക് സർക്കാരിൽ നിന്ന് അർഹമായ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ലാത്ത ഇരുപത് കുടുംബങ്ങൾ ഈ വിഭാഗത്തിൽ ഉണ്ട്.

## ബാലവാടികൾ

പട്ടികജാതിക്കാർ കൂടുതൽ വസിക്കുന്ന പ്രദേശങ്ങളിൽ പട്ടികജാതി വകുപ്പിന്റെ വകയായി ബാലവാടികൾ സ്ഥാപിച്ച് ചെറിയ കുട്ടികൾക്ക് നഴ്സറി വിദ്യാഭ്യാസം നൽകാനുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും പ്രസ്തുതപദ്ധതിയുടെ ഗുണഫലം തൂണേരി പഞ്ചായത്തിൽ ലഭിക്കാത്ത അവസ്ഥയാണ് നിലവിൽ ഉള്ളത്. ബാലവാടി നിലവിൽ ഇല്ല.

മറ്റു വാർഡുകളിലെ ബാലവാടികളിൽത്തന്നെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ നാമമാത്രമാണ്.

## ഭവനനിർമ്മാണ ധനസഹായം

ഭവനനിർമ്മാണ ധനസഹായത്തിന് അനുവദിക്കുന്ന 15,000 രൂപയും ഭൂരഹിത ഭവനരഹിത പുനരധിവാസത്തിന് ലഭിക്കുന്ന തുകയും പ്രസ്തുത ആവശ്യങ്ങൾക്ക് അപര്യാപ്തമായതിനാൽ ഗുണഭോക്താക്കൾക്ക് വിഷമം നേരിടുന്നു.

## ഉദ്യോഗാർത്ഥികൾക്കുള്ള യാത്രപ്പടി.

മത്സരപരീക്ഷകളിലും ഇന്റർവ്യൂവിലും പങ്കെടുക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് യാത്രപ്പടി നൽകാൻ വ്യവസ്ഥയുണ്ടെങ്കിലും തുക ലഭിക്കുന്നതിനും മറ്റും കാലതാമസം നേരിടുന്നതിനാൽ ഭൂരിപക്ഷം പേരും അപേക്ഷ നൽകാറില്ല.

## മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ പദ്ധതി

പട്ടികജാതിയിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് സ്കൂളിൽ താമസവും വിദ്യാഭ്യാസവും നൽകാൻ നിലവിലുള്ള പദ്ധതിയുടെ ഗുണഫലം വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാൽ പാഴായിപ്പോകുന്നു.

പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി കേന്ദ്രവും സംസ്ഥാനസർക്കാരുകളും പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ പലതും പ്രാദേശികാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ പ്രയാസമനുഭവപ്പെടുന്നു. കേന്ദ്രീകൃത പദ്ധതികളുടെയും ക്ഷേമപരിപാടികളുടെയും ദൂഷ്യം ഏറ്റവുമധികം ബാധിക്കുന്നത് ഈ വിഭാഗത്തെയാണ്. അവർക്കുവേണ്ടി നാളിതുവരെ ചില വഴിച്ച തുകയിൽ അധികഭാഗവും പാഴായിപ്പോകുകയാണ് ചെയ്തത്.

## നിർദ്ദേശങ്ങൾ

1. ഭവനരഹിതരായ ഭൂമി കൈവശമുള്ള പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന തുക പ്രസ്തുത ആവശ്യത്തിന് തികയുന്ന രൂപത്തിൽ വർദ്ധിപ്പിക്കുക.
2. ഭൂരഹിത പുനരധിവാസപദ്ധതി പ്രകാരം 4 സെന്റ് ഭൂമി വാങ്ങുന്നതിന് പഞ്ചായത്തിലെ ഭൂമിയുടെ നിലവിലുള്ള വിലയനുസരിച്ച് വർദ്ധനവ് അനിവാര്യമാണ്.
3. ഭവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വൈദ്യുതീകരണം, കുളിമുറി, അഴുക്കുചാലുകൾ തറ ബലപ്പെടുത്തൽ എന്നിവക്ക് അപേക്ഷകരെ കണ്ടെത്തുന്നതിന് ഗ്രാമ പഞ്ചായത്ത് സമിതികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തുക.
4. നിർദ്ധനരായ പട്ടികജാതിക്കാർക്ക് വിവാഹത്തിനും ചികിത്സക്കും ആവശ്യമായ തുക ഗ്രാമപഞ്ചായത്തുകൾ വഴി ലഭിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
5. ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂവിനും മത്സരപരീക്ഷകൾക്കും നൽകുന്ന യാത്രപ്പടി ഗ്രാമപഞ്ചായത്തുകൾ വഴിയോ പരീക്ഷാ സെന്ററുകൾ വഴിയോ വിതരണം ചെയ്യുക.
6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് വളർത്തു മൃഗങ്ങളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.
7. വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
8. ജാതീയവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയുടെ ഫലമായി അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമായിരുന്നു നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗം. പ്രസ്തുത വിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ മുന്നോക്കാവസ്ഥയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള വികസന- ക്ഷേമപദ്ധതികൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ആസൂത്രണം അനിവാര്യമാണ്. തദ്വാരാ അവസരസമത്വം കൈവരിക്കുന്നതിനും അവഗണനയിൽനിന്നും മോചനം നേടുന്നതിനും പ്രസ്തുതവിഭാഗത്തിനു സാധിക്കുമെന്നും പ്രത്യാശിക്കാം.

352

# വിഭവസമാഹരണം

പഞ്ചായത്ത് രാജ് സംവിധാനം ജനങ്ങളുടെ പ്രതീക്ഷക്കനുസരിച്ച് ഉയരാത്തതിന് പ്രധാന കാരണം സാമ്പത്തിക പ്രശ്നങ്ങളാണ്. ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുവാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നില്ല. നമ്മുടെ ആവശ്യങ്ങൾ വളരെയാണ്. എന്നാൽ വിഭവങ്ങളാകട്ടെ പരിമിതവും. പഞ്ചായത്തുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ധനശ്രോതസ്സുകൾ ആവശ്യത്തിന് ഉണ്ടാകേണ്ടതുണ്ട്.

സാധാരണ ജനങ്ങൾ അധികാര കേന്ദ്രമായി കാണുന്നത് നമ്മുടെ ഗ്രാമ പഞ്ചായത്തുകളെയാണ്. എല്ലാറ്റിന്റെയും മുന്നിൽ ഗ്രാമപഞ്ചായത്തുകളും അതിന്റെ പ്രതിനിധികളും നില്ക്കേണ്ടിവരുന്നു. ജനങ്ങളുടെ ദുരിതങ്ങളുടെ എല്ലാ പാപഭാരങ്ങളും വഹിക്കേണ്ടിവരുന്നതു ഗ്രാമപഞ്ചായത്ത് പ്രതിനിധികളും. നിരത്തുകൾ, കുടിവെള്ളം, കൃഷി, വികസനം, വ്യവസായങ്ങൾ, സ്കൂളുകളെ നടത്തിപ്പ്, പകർച്ചവ്യാധി, പേപ്പട്ടിശല്യം, സാമൂഹികസരുക്ഷ, സാമൂഹ്യസേവനം, വെള്ളപ്പൊക്കം, വരൾച്ച, പാർപ്പിടം, കക്കൂസ്, തെരുവ് വിളക്ക്, മുതലായ അനവധി ആവശ്യങ്ങൾക്ക് പരിഹാരംകാണേണ്ടുന്ന ഉത്തരവാദിത്വവും ഗ്രാമ പഞ്ചായത്തുകൾക്കാണ് ഉള്ളതു.

എന്നാൽ പഞ്ചായത്തിന്റെ വരുമാനമാകട്ടെ പരിമിതവും കഴിഞ്ഞ കാലങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾക്ക് പരിമിതമായ ആവശ്യങ്ങൾ മാത്രമെ പരിഹരിക്കുവാനുണ്ടായിരുന്നുള്ളൂ. കെട്ടിടനികുതി, തൊഴിൽ നികുതി എന്നി നികുതികളായിരുന്നു ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം. എന്നാൽ ഇപ്പോൾ പരിഞ്ഞു കിട്ടുന്നതിലും കൂടുതൽ സംഖ്യപിരിക്കുന്നതിന് വേണ്ടി ചിലവഴിക്കേണ്ടിവരുന്നു. പഞ്ചായത്തു ജീവനക്കാർ സർക്കാർ ഉദ്യോഗസ്ഥന്മാരാണ്. അവരുടെ ശമ്പളം, യാത്രാബന്ധം, ക്ഷാമബത്ത, ബോണസ്സ്, പെൻഷൻ ആനുകൂല്യങ്ങൾ മുതലായവയ്ക്ക് വേണ്ടി പഞ്ചായത്ത് വരുമാനത്തേക്കാൾ കൂടുതൽ ചിലവഴിക്കുന്നു.

വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാറിൽ നിന്ന് ചിലപ്പോൾ ലഭിക്കുന്ന ഗ്രാന്റുകളാണ് ഉദ്ദേഗസ്ഥന്മാരായ പഞ്ചായത്ത് ജീവനക്കാർ ശിക്ഷിക്കപ്പെടുമ്പോൾ ശിക്ഷ അനുഭവിക്കേണ്ടിവരുന്നത് പഞ്ചായത്തുകളാണ്. കാരണം ശിക്ഷിക്കപ്പെടുന്ന ഉദ്യോഗസ്ഥനും അതേ ജോലിചെയ്യുന്ന പുതിയ ജീവനക്കാരനും ഒരേ സമയത്ത് പഞ്ചായത്ത് ശമ്പളം കൊടുക്കേണ്ടിവരുന്നു. അതിനൊരു പരിഹാരം സർക്കാർ കാണേണ്ടിയിരിക്കുന്നു.

### ഉൽസവങ്ങളും ചന്തകളും:

പഞ്ചായത്തിലെ ഒരു പ്രധാപ്പെട്ട ഉത്സവമാണ് തൂണേരി വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ തിറയാട്ട്. എട്ട് ദിവസം നീണ്ടുനില്ക്കുകയും വളരെയധികം ആളുകൾ പങ്കെടുക്കുകയും ചെയ്യുന്നു. പഞ്ചായത്ത് മുൻകയ്യെടുത്ത് ഒരു ചന്ത ആരംഭിക്കേണ്ടതുണ്ട്. എന്നാൽ ആളുകൾക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുവാൻ സൗകര്യം ലഭിക്കുന്നു. കൂടാതെ പഞ്ചായത്തിന് ജനങ്ങളുടെ ആരോഗ്യക്ഷേമകാര്യങ്ങളിൽ നിയന്ത്രണമുണ്ടാകുകയും ചെയ്യുന്നു.

### പഞ്ചായത്ത് പ്രവൃത്തികൾ:

മരാമത്ത് പ്രവൃത്തികളിലും വികസന പ്രവർത്തനങ്ങളിലും വേണ്ടത്ര കാര്യക്ഷമത ഉണ്ടായിരിക്കണം. ആവശ്യമായ ജനപങ്കാളിത്തവും ഉറപ്പുവരുത്തണം. പരമാവധി മിതത്വം പാലിച്ചുവേണം നമ്മുടെ വിഭവങ്ങൾ ചിലവഴിക്കേണ്ടത്. നാം ചിലവഴിക്കുന്ന തുകയേക്കാളും പണി നിർവ്വഹിക്കപ്പെടണം.

### കെട്ടിട നികുതി:

നികുതി പിരിവിൽ പരിപൂർണ്ണ ജാഗ്രതയോ, കാര്യക്ഷമതയോ കഴിഞ്ഞകുറെ വർഷങ്ങളിലായി ഉണ്ടാകാ

റില്ല. നികുതികൾ പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നികുതി കുടിശ്ശികകൾ ഉണ്ടായിട്ടുള്ള നികുതിരേഖകൾ തിട്ടപ്പെടുത്തുന്നതിലും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. നൂറ് ശതമാനം നാം നികുതി പിരിവ് എന്നത് നടപ്പിലാക്കണം. അതിന് ആവശ്യമായ എല്ലാ അധികാരങ്ങളും പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കണം. നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ തക്കതായ നടപടികൾ സ്വീകരിക്കണം. ആവശ്യമാണെങ്കിൽ കമ്മീഷൻ വ്യവസ്ഥയിൽ നികുതി പിരിക്കുവാനുള്ള സൗകര്യങ്ങൾ പഞ്ചായത്തുകൾക്ക് ഉണ്ടാകണം. കൂടാതെ എട്ട് വർഷത്തെ കെട്ടിട നികുതി അടക്കുന്ന ഉടമകളെ കെട്ടിട നികുതിയിൽനിന്ന് സ്ഥിരമായി ഒഴിവാക്കുന്ന നടപടികൾ എന്തുകൊണ്ട് സ്വീകരിച്ചുകൂടാ?.

തൊഴിൽ നികുതി ചുമത്തപ്പെടുന്നത് സർക്കാരിൽനിന്ന് ശമ്പളം വാങ്ങുന്നവർക്കായി മാത്രം പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു. പലതരത്തിലുമായി ഭീമമായ വരുമാനമുള്ളവർ ഗ്രാമപഞ്ചായത്തുകളിൽ താമസക്കാരായിട്ടുണ്ട്. ഉദാഹരണത്തിന് രണ്ടായിരവും മൂവ്വായിരവും മാസത്തിൽ ഫോൺ ചാർജ്ജ് കൊടുക്കുന്നവരും വലിയ സംഖ്യകൾ കറന്റ് ചാർജ്ജ് അടക്കുന്നവർക്ക്പോലും തൊഴിൽ നികുതിചുമത്താറില്ല. സാമാന്യനീതിക്കനുസരിച്ച് വരുമാനമുള്ളവർ എന്തെങ്കിലും തരത്തിലുള്ള നികുതികൾ കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണ്.

വിഭവസമാഹരണത്തിന് പ്രയോജനപ്പെടുന്ന പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും മറ്റും ഉയർന്നു വന്നിട്ടുണ്ട്. പരിഗണനാർഹവും സ്വീകാര്യവുമായ നിർദ്ദേശങ്ങളിൽ ചിലത് രേഖപ്പെടുത്തുന്നു.

1. നിശ്ചിത വർഷങ്ങളിലെ കെട്ടിടനികുതികൾ ഒന്നായി അടക്കുന്ന ഉടമകളെ സ്ഥിരമായി കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കുക.

2. ഗ്രാമ പഞ്ചായത്ത്പ്രദേശങ്ങളിൽ പ്രവൃത്തിക്കുന്ന ബേങ്ക് മുതലായ പൊതു മേഖലാസ്ഥാപനങ്ങൾ വരുമാനത്തിന്റെ നിശ്ചിത ശതമാനം സേവന നികുതിയായി പഞ്ചായത്തുകൾക്ക് നല്കണം. അതിന് വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3. സ്വന്തമായി ഫോണുള്ളവർക്ക് ഫോൺലൈസൻസ് ഫീ ചുമത്തുവാൻ പഞ്ചായത്തുകൾക്ക് അധികാരങ്ങൾ നല്കുക.

4. കൂടുതൽ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും അതിന് സെസ്സ് ചുമത്തുവാനുള്ള അധികാരം പഞ്ചായത്തുകൾക്കു നല്കുകയും ചെയ്യുക.

5. എല്ലാ പുറമ്പോക്കുകളും പഞ്ചായത്തുകൾക്ക് കൈമാറുകയും അതിലെ അനുഭവങ്ങൾ എടുക്കുവാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നല്കുകയും ചെയ്യുക.

6. സംഭാവനകളും പലിശരഹിതം ഡിപ്പോസിറ്റുകളും സ്വീകരിക്കുവാനുള്ള അതികാരം പഞ്ചായത്തിന് നല്കുക.

7. ദേശീയ സമ്പാദ്യപരിപാടി വിജയിപ്പിക്കുകയും അതിൽനിന്നുള്ള വിഹിതം വാർഡ് അടിസ്ഥാനത്തിലുള്ള വികസനത്തിന് ഉപയോഗിക്കുകയും ചെയ്യുക.

8. പഞ്ചായത്ത് അതൃത്തിയിലുള്ള വാഹന ഉടമകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം നല്കുക.

9. ജനങ്ങളും ഗ്രാമ പഞ്ചായത്തുകളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ എല്ലാവിധ ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രയത്നിക്കുന്ന ഒരു ജനകീയ സ്ഥാപനമാക്കി ഗ്രാമ പഞ്ചായത്തുകളെ മാറ്റുക.

## തൂണേരി ഗ്രാമ പഞ്ചായത്ത് വരവുകൾ

അനുബന്ധം 1

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | ലൈസൻസ് ഫീ | വിനോദ നികുതി | ഗ്രാന്റ് | JRY | മറ്റുവരവുകൾ | ആകെ |
|---|---|---|---|---|---|---|---|---|
| 94-95 | 163687 | 68020 | 6214 | 40175 | 448370 | 133915 | | 1315977 |
| 95-96 | 161514 | 65085 | 6075 | 36110 | 354912 | | 89054 | 712750 |

## ചിലവുകൾ

അനുബന്ധം 2

| വർഷം | ഭരണപരമായ ചിലവ് | അലവൻസ് | മരാമത്ത് | വിദ്യാഭ്യാസം | ശുചിത്വം | JRY | സർക്കാർ നിർദ്ദേശ പ്രകാരം സംഭാവനകൾ | മറ്റിനങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|---|
| 94-95 | 339979 | 32276 | 170950 | 9998 | 5135 | 112507 | 12805 | 446599 | 1130246 |
| 95-96 | 298609 | 37876 | 601854 | 6775 | 14774 | 39763 | 21727 | 353854 | 1379229 |

# ജനനമരണ രജിസ്ട്രേഷൻ

സ്ക്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം
മരണം യാഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക
ഇത് നിർബന്ധമാണ്.



അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരുപങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗ്ഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും.

*- മഹാത്മാഗാന്ധി*

**അധികാരം ജനങ്ങളിലേക്ക്**
**ഒമ്പതാം പദ്ധതി ജനകീയപദ്ധതി**

✵

**ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക**
**പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്**

✵

**ആസൂത്രണം താഴെത്തട്ടിൽ നിന്ന് മുകളിലേക്ക്**

✵

**ആസൂത്രണത്തിലും നിർവ്വചനത്തിലും**
**വിപുലമായ ജനപങ്കാളിത്തം**

✵

**ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്**

✵

**ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.**

Printech Printers, Vadakara

# വളയം ഗ്രാമപഞ്ചായത്ത്

# വികസനരേഖ


## '96

അധികാരം ജനങ്ങളിലേക്ക്


# ജനകീയാസൂത്രണം കേരളത്തിൽ

## വളയം ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



കേരളം




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി


വളയം ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

(17-11-9 6)

# സമഗ്രവികസന രേഖ





വളയം പഞ്ചായത്ത്
വാർഡുകൾ
N
വാർഡ് IX
വാർഡ് VI
വാർഡ് II
വാർഡ് IV
ആകെ വാർഡുകൾ-9
SCALE

362

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കെ.വി. കണ്ണൻ മാസ്റ്റർ (കൺവീനർ)

### ഗ്രൂപ്പ് 1 - കൃഷിയും ജലസേചനവും

കെ.എൻ. ദാമോദരൻ
എം. ശേഖരൻ മാസ്റ്റർ
രവീന്ദ്രനാഥ്
സിന്ധു കെ.എസ്.

### ഗ്രൂപ്പ് 2- മൃഗസംരക്ഷണം മത്സ്യബന്ധനം

എൻ.പി. പ്രേമൻ
പി.കെ. ബാബു
ഡോ. ടി.കെ. അനിൽകുമാർ

### ഗ്രൂപ്പ് 3 - വിദ്യാഭ്യാസം

ഒ.പി. അശോകൻ മാസ്റ്റർ
കെ.പി. കരുണാകരകുറുപ്പ്
ടി. മശ്ഹൂദ്

### ഗ്രൂപ്പ് 4 - കുടിവെള്ളവും പൊതുജനാരോഗ്യവും

കെ.വി. കണ്ണൻ മാസ്റ്റർ
കക്കുടുക്കിൽ കണ്ണൻ
സി. ശങ്കരൻ
ടി. ഹരീന്ദ്രൻ മാസ്റ്റർ
കെ.ടി. ഇബ്രാഹിം

### ഗ്രൂപ്പ് 5 - വ്യവസായം

സി.എച്ച്. റീജ
വി.കെ. രവീന്ദ്രൻ
സി.എച്ച്. മമ്മുഹാജി
എം.ടി. ബാലൻ

### ഗ്രൂപ്പ് 6 - ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

കെ. കൃഷ്ണൻ മാസ്റ്റർ
സി.കെ. നാണു
ടി. കണാരൻ
എ.കെ. രവീന്ദ്രൻ
എം. ഭാസ്ക്കരൻ
കെ. ഷാജഹാൻ

### ഗ്രൂപ്പ് 7 - ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

കെ.പി. ലീല
എം.സി. കുഞ്ഞിക്കണ്ണൻ
രാജീവൻ
കെ. അബ്ദുറഹിമാൻ
എം.കെ. അശോകൻ മാസ്റ്റർ

### ഗ്രൂപ്പ് 8 - സംസ്ക്കാരം

ടി.പി. കുമാരൻ മാസ്റ്റർ
ടി.കെ. ബാലൻ
എൻ.കെ. ബാലകൃഷ്ണൻ മാസ്റ്റർ
എം. ദിവാകരൻ

### ഗ്രൂപ്പ് 9 - വനിത

സി.കെ. അബൂട്ടി
വി.കെ. റീത്ത
കെ.കെ. കുമാരൻ

### ഗ്രൂപ്പ് 10 - സഹകരണമേഖല

പി.പി. ഗൗരി ടീച്ചർ
കെ.പി. സത്യനാരായണൻ
കെ. സതീശൻ മാസ്റ്റർ
കെ.പി. ചീരു

### ഗ്രൂപ്പ് 11 - പട്ടികജാതി പട്ടികവർഗ്ഗം

വള്ള്യാട്ട് ചെറിയ കുഞ്ഞാൻ
എം.പി. നാരായണൻ
സി.കെ. ഗോപാലൻ
പി.പി. ശാന്ത

### ഗ്രൂപ്പ് 12 വിഭവസമാഹരണം

കെ.പി. അശോകൻ (ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട്)
ഇ.കെ. ചന്ദ്രൻ
കെ.പി. പ്രതീഷ്

### നാട്ടറിവ് (ചരിത്രം)

പി.പി. കുമാരൻ (ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)
വി.പി. ശ്രീധരൻ മാസ്റ്റർ
എം. ബാലൻ മാസ്റ്റർ
കെ.പി. കുഞ്ഞിക്കണ്ണൻ, കെ.എസ്.ആർ.ടി.സി
ശങ്കർ, വളയം
എ.കെ. കണ്ണൻ മാസ്റ്റർ

### ഭൂപട നിർമ്മാണം


കെ. ഗോകുൽ കൃഷ്ണൻ
ടീച്ചർ, പ്ലസ് ടു,
ഗവ: ജി.എച്ച്.എസ്.എസ്., വളയം

# വളയം ഗ്രാമപഞ്ചായത്ത്

**ഭരണസമിതി**



പി.പി. കുമാരൻ (പ്രസിഡണ്ട്)



കെ.പി. അശോകൻ (വൈസ് പ്രസിഡണ്ട്)



വള്ള്യാട്ട് ചെറിയ കുഞ്ഞാൻ (ചെയൻമാൻ സ്റ്റാൻഡിംഗ് കമ്മറ്റി)

| | |
|---|---|
| സി.കെ. അബൂട്ടി | (മെമ്പർ) |
| കെ. കൃഷ്ണൻ മാസ്റ്റർ | " |
| സി.എച്ച്. മമ്മു ഹാജി | " |
| കെ.പി. ലീല | " |
| പി.പി. ശാന്ത | " |
| പി.പി. ഗൗരി ടീച്ചർ | " |

ഓഫീസ് ഫോൺ : 0496648 2191

364

## പഴയകാല ഭരണസമിതി അംഗങ്ങൾ

### 1980 മുതൽ 1986 വരെ

| | | |
|---|---|---|
| 1. | ടി.പി. പത്മനാഭൻ | (പ്രസിഡണ്ട്) |
| 2. | പി.കെ. ശങ്കരൻ | (വൈ: പ്രസിഡണ്ട്) |
| 3. | എൻ.പി. കണ്ണൻ മാസ്റ്റർ | (ഭരണസമിതി അംഗം) |
| 4. | കെ. കെ. ബാലകൃഷ്ണൻ നമ്പ്യാർ | " |
| 5. | വള്ള്യാട്ട് ചെറിയ കുഞ്ഞാൻ | " |
| 6. | എ. മാതു ടീച്ചർ | " |
| 7. | കെ. കുഞ്ഞബ്ദുള്ളകുട്ടി മാസ്റ്റർ | " |
| 8. | എം. നാണു | " |

### 1987 മുതൽ 1995 വരെ

| | | |
|---|---|---|
| 1. | കെ.കെ. ബാലകൃഷ്ണൻ നമ്പ്യാർ | (പ്രസിഡണ്ട്) |
| 2. | കെ.പി. കുഞ്ഞിക്കൃഷ്ണ കുറുപ്പ് | (വൈ: പ്രസിഡണ്ട്) |
| 3. | എൻ.പി. കണ്ണൻ മാസ്റ്റർ | (ഭരണസമിതി അംഗം) |
| 4. | പി.പി. ചാത്തു | " |
| 5. | യു. ജയവല്ലി ടീച്ചർ | " |
| 6. | വള്ള്യാട്ട് ചെറിയ കുഞ്ഞാൻ | " |
| 7. | കെ.പി. അബൂബക്കർ | " |
| 8. | ടി.വി. ജാനു | " |

## നിലവിലുള്ള ഭരണ സമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | പി.പി. കുമാരൻ | (പ്രസിഡണ്ട്) |
| 2. | കെ.പി. അശോകൻ | (വൈ: പ്രസിഡണ്ട്) |
| 3. | വള്ള്യാട്ട് ചെറിയ കുഞ്ഞാൻ | (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ) |
| 4. | സി.കെ. അബൂട്ടി | (ഭരണസമിതി അംഗം) |
| 5. | കെ. കൃഷ്ണൻ മാസ്റ്റർ | " |
| 6. | സി.എച്ച്. മമ്മു ഹാജി | " |
| 7. | കെ.പി. ലീല | " |
| 8. | പി.പി. ശാന്ത | " |
| 9. | പി.പി. ഗൗരി ടീച്ചർ | " |

# വളയം ഗ്രാമ പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | വളയം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | വളയം വില്ലേജ് മുഴുവനും, വാണിമേൽ വില്ലേജിലെ കുയിതേരി, നിരവ്, കുണ്ടുപൊയിൽ, വട്ടച്ചോല, മഞ്ഞച്ചേരി, തുടങ്ങിയ പ്രദേശങ്ങൾ |
| ബ്ലോക്ക് പഞ്ചായത്ത് | തൂണേരി |
| താലൂക്ക് | വടകര |
| അസംബ്ലി മണ്ഡലം | നാദാപുരം |
| വിസ്തീർണ്ണം | 31.8 ചതുരശ്ര കി.മീ. |
| അതിരുകൾ | വടക്കും പടിഞ്ഞാറും } ചെക്യാട് പഞ്ചായത്ത് |
| | കിഴക്കും തെക്കും } വാണിമേൽ പഞ്ചായത്ത് |
| ജനസംഖ്യ | 16705 |
| പുരുഷന്മാർ | 8285 |
| സ്ത്രീകൾ | 8420 |
| ജനസാന്ദ്രത | .538 |
| സാക്ഷരത: | |
| പുരുഷന്മാർ | 92.04 |
| സ്ത്രീകൾ | 77.84 |
| വാർഡുകൾ | 9 |
| പ്രസിഡണ്ട് | പി.പി. കുമാരൻ |
| വൈസ് പ്രസിഡണ്ട് | കെ.പി. അശോകൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | വള്ള്യാട്ട് ചെറിയ കുഞ്ഞാൻ |

366

# താളുകൾ മറിക്കുമ്പോൾ


- 1. ആമുഖം
- 2. പഞ്ചായത്ത് പൊതുവിവരണം
- 3. സാമൂഹിക സാംസ്കാരിക ചരിത്രം
- 4. ഭൂപ്രകൃതി - ജനപ്രകൃതി- ജലവിഭവം
- 5. സാമൂഹിക സാമ്പത്തിക മേഖലകൾ
- 5-1. കൃഷിയും ജലസേചനവും
- 5-2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
- 5-3. വ്യവസായം
- 5-4. വിദ്യാഭ്യാസം
- 5-5. കുടിവെള്ളവും പൊതുജനാരോഗ്യവും
- 5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- 5-7. പാർപ്പിടവും സാമൂഹ്യക്ഷേമവും
- 5-8. സംസ്ക്കാരം
- 5-9 വനിത
- 5-10. സഹകരണം
- 5-11. പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം
- 5-12. വിഭവ സമാഹരണം
- ഉപസംഹാരം
- പ്രവർത്തന രേഖ

# 1

# ആമുഖം

കോഴിക്കോട് ജില്ലയുടെ വടക്കേ അതിർത്തിയോടു ചേർന്ന് പശ്ചിമഘട്ട മലനിരകൾ വരെ നീണ്ടുകിടക്കുന്ന കിഴക്കൻ മലയോരപ്രദേശമാണ് വളയം ഗ്രാമപഞ്ചായത്ത്. 1-1-62ൽ നിലവിൽ വന്ന വാണിമേൽ പഞ്ചായത്ത് 1978ൽ വിഭജിച്ചാണ് വളയം ഗ്രാമപഞ്ചായത്ത് നിലവിൽ വരുന്നത്. വളയം വില്ലേജ് മുഴുവനായും, വാണിമേൽ വില്ലേജിലെ കുയിതേരി, നിരവ്, കുണ്ടുപൊയിൽ, വട്ടച്ചോല, മഞ്ഞച്ചേരി എന്നീ പ്രദേശങ്ങളും ഇതിൽ പെടുന്നു.

വിഭജനത്തിന് മുമ്പ് ശ്രീ. പി.പി. കുഞ്ഞിക്കണാരൻ പ്രസിഡണ്ടും, ശ്രീ. തറുവയി ഹാജി വൈസ് പ്രസിഡണ്ടുമായിരുന്നു. വളയം ഗ്രാമപഞ്ചായത്ത് രൂപം കൊണ്ടതിന്ശേഷം 1980ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രി. ടി.പി. പത്മനാഭൻ പ്രസിഡണ്ടും ശ്രീ. പി.കെ. ശങ്കരൻ വൈസ് പ്രസിഡണ്ടുമായുള്ള ഭരണസമിതിയും, 84ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കെ.കെ. ബാലകൃഷ്ണൻ നമ്പ്യാർ പ്രസിഡണ്ടും ശ്രീ. കെ.പി. കുഞ്ഞിക്കൃഷ്ണകുറുപ്പ് വൈസ് പ്രസിഡണ്ടുമായിരുന്ന ഭരണ സമിതിയായിരുന്നു അധികാരത്തിലിരുന്നത്.

1995ൽ അധികാരത്തിൽ വന്ന നിലവിലുള്ള ഭരണസമിതിയിൽ ഒൻപത് അംഗങ്ങളാണുള്ളത്. മൂന്നു വാർഡുകൾ സ്ത്രീകൾക്കും ഒരു വാർഡ് എസ്.സി./എസ്.ടി. ക്കുമായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ശ്രി. പി.പി. കുമാരൻ പ്രസിഡണ്ടും ശ്രീ. കെ.പി. അശോകൻ വൈസ് പ്രസിഡണ്ടുമാണ്.

പഞ്ചായത്ത് ഓഫീസ് തുടക്കത്തിൽ വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ശ്രീമതി പുത്തൻപുനത്തിൽ ശാന്ത സംഭാവനയായി നൽകിയിട്ടുള്ള കുറ്റിക്കാട്ടിലെ പത്തു സെൻറ് സ്ഥലത്ത്, സ്വന്തമായ കെട്ടിടത്തിന് 29.5.89 ന് അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. വി.ജെ. തങ്കപ്പൻ തറക്കല്ലിടുകയും, 91 ആഗസ്റ്റ് 7ന് ശ്രീ. സത്യൻ മൊകേരി എം.എൽ.എ. ഉൽഘാടനം ചെയ്യുകയും ചെയ്തു. ശ്രീ. എൻ.കെ. കൃഷ്ണനാണ് ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി.

ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തന്നെ കുറിച്ചുകൊണ്ട് ആരംഭിച്ചിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനം കേരളജനതയുടെ മാത്രമല്ല, ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളുടെയും ശ്രദ്ധ ഇതിനകം തന്നെ പിടിച്ചുപറ്റിയിരിക്കുകയാണ്. ഈ പരിപാടിയുടെ തുടക്കത്തിൽ തന്നെ ഉയർന്നുവന്ന ആവേശവും ജനപങ്കാളിത്തവും വലിയപ്രതീക്ഷകളാണ് ഉണർത്തിയത്. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിൻെറ 35-40 ശതമാനത്തോളം വരുന്ന തുക, ജനപങ്കാളിത്തത്തോടുകൂടി വികസനപ്രവർത്തനത്തിന് ചിലവഴിക്കാനുള്ള പദ്ധതിക്ക് രൂപം നൽകണം. പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെ എല്ലാ ഘട്ടങ്ങളിലും ജനപ

ങ്കാളിത്തം ഉറപ്പുവരുത്തി, ഒരു പുതിയ വികസന സംസ്ക്കാരം വളർത്തിയെടുക്കുക എന്നുള്ളതാണ് ഇതിൻെറ ലക്ഷ്യം. മാത്രമല്ല ജനകീയാസൂത്രണം അധികാര വികേന്ദ്രീകരണത്തിലേക്കുള്ള പ്രധാനപ്പെട്ട ഒരു കാൽവെപ്പുകൂടിയാണ്.

വികസനമെന്നാൽ കാര്യക്ഷമമായ ഉൽപ്പാദനവർദ്ധനവിലൂടെയും, നീതിപൂർവ്വകമായ വിതരണത്തിലൂടെയും ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുകയെന്നുള്ള ഒരു സാമൂഹ്യ പ്രക്രിയയാണ്. താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിതഗുണമേന്മ ജനങ്ങൾക്ക് ഉറപ്പുനൽകുന്നതിന് കേരളത്തിൽ കഴിഞ്ഞിട്ടുണ്ട്. സാർവ്വത്രികമായ സാക്ഷരത - താഴ്ന്ന ശിശുമരണനിരക്ക് - നീണ്ട ആയുർദൈർഘ്യം - പ്രജനനിരക്കിലുള്ള ഗണ്യമായ കുറവ് എന്നിവ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകപ്രസ്ഥാനം ഭൂവുടമബന്ധങ്ങളിൽ സമൂലമായ മാറ്റംവരുത്തി. ട്രേഡ് യൂനിയനുകൾ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിൽ വിജയിച്ചു.

സാമ്പത്തികവിതരണത്തിലുണ്ടായ നേട്ടം വികസനരംഗത്ത് ഉറപ്പിക്കുവാൻ കഴിഞ്ഞില്ല. ആളോഹരി വരുമാനം ദേശീയശരാശരിയേക്കാൾ താഴ്ന്നതായി തുടരുന്നു. 1995ൽ ഇന്ത്യക്കാരൻെറ ശരാശരി പ്രതിശീർഷഉൽപാദനം 8237 രൂപയുള്ളപ്പോൾ കേരളീയൻെറത് 6983 രൂപ മാത്രമാമ്. 1975 മുതൽ ഒരു ദശാബ്ദത്തിലേറെയായി കാർഷികോല്പാദനത്തിൽ വർദ്ധനവുണ്ടായില്ല. ഉൽപാദന ചെലവുകളുടെ വർദ്ധനവിനനുസരിച്ച് ഉൽപാദനക്ഷമത ഉയർന്നിട്ടില്ല. 90കളിൽ വളരെ തുച്ഛമായ വ്യവസായ വളർച്ചാനിരക്കാണ് കേരളത്തിലേത്. പരമ്പരാഗത വ്യവസായങ്ങളും തകർച്ചയെ നേരിടുന്നു. വ്യവസായങ്ങളുടെ കാര്യത്തിൽ, കേന്ദ്രപൊതുമേഖലയുടെയും, ദേശീയ കുത്തകകളുടെയും നിക്ഷേപം താരതമ്യേന കുറവാണ്. നിലവിലുള്ള വ്യവസായങ്ങൾക്കുപോലും വൈദ്യുതിപ്രതിസന്ധി ഭീഷണിയായി നിൽക്കുന്നു. സാമ്പത്തിക മേഖലയിൽ ഫലപ്രദമായി ഇടപെടാൻ ധനകാര്യഞെരുക്കം കാരണം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കഴിയുന്നില്ല. സാമൂഹ്യക്ഷേമ ആവർത്തന ചിലവുകളുടെ ഭാരം മറ്റേത് സംസ്ഥാനങ്ങളെക്കാളും കേരളത്തിന് ചുമക്കേണ്ടി വരുന്നതിനാൽ റവന്യുകമ്മി വർഷംതോറും വർദ്ധിക്കുന്നു. വികസന പ്രവർത്തനത്തിന് ചിലവഴിക്കാൻ തുക കുറഞ്ഞുവരുന്നു. ഗവർമ്മെണ്ടിൻെറ ധനകാര്യകുഴപ്പം ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് സേവന-ക്ഷേമ പ്രവർത്തനങ്ങളെയാണ്. സേവനമേഖലയിലെ ഗുണനിലവാരം ഉയർത്താൻ വലിയ തോതിലുള്ള മുതൽമുടക്ക് കൂടിയേ തീരൂ. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പാക്കിക്കൊണ്ട് മാത്രമേ ഇന്നു കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്ന സേവന രംഗങ്ങളിലുള്ള നിലവാരത്തകർച്ച പരിഹരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിൻെറ സാമ്പത്തിക വളർച്ച സ്ഥായിയല്ല. വനം, സമുദ്രസമ്പത്ത് തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിലധിഷ്ഠിതമായാണ്. ഇന്നത്തെ സാമ്പത്തികപുരോഗതി വൻതോതിലുള്ള വനനശീകരണവും, പരമ്പരാഗത ജലസംരക്ഷണരീതികളുടെ തകർച്ചയും കാരണം കേരളത്തിൽ വേനൽക്കാലവരൾച്ച അനുഭവപ്പെടുന്നു.

ഗൾഫ് നാടുകളിൽ നിന്നുള്ള കേരളീയരുടെ വർദ്ധിച്ച വരുമാനത്തിൻെറ ഫലമായി സേവനമേഖല ദ്രുതഗതിയിൽ വളരുകയും ജനങ്ങളുടെ ഉപഭോഗനിലവാരം ഉയരുകയും ചെയ്തു. ഗൾഫ് വരുമാനത്തിൻെറ സിംഹഭാഗവും ഉപയോഗിച്ചത് കെട്ടിടനിർമ്മാണത്തിനും, ഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനുമാണ്. ഈ അഭിനിവേശം തൃപ്തിപ്പെടുത്തുവാൻ വൻതോതിലുള്ള ഇറക്കുമതിയെ ആശ്രയിക്കേണ്ടിയും വന്നു. ഇതിനു പുറമെ വരുമാനത്തിൻെറ നല്ലൊരു പങ്ക് ബേങ്കുകൾ വഴി സംസ്ഥാനത്തിന് പുറത്തേക്ക് പോവുകയും ചെയ്തു.

ഉൽപാദനങ്ങൾക്കുളള വമ്പിച്ച ആഭ്യന്തര ഡിമാൻറ്, വിദ്യാസമ്പന്നരായ തൊഴിൽ സേന - വൻതോതിലുള്ള സാമ്പത്തിക വിഭവങ്ങൾ തുടങ്ങിയ അനുകൂല ഘടകങ്ങളെ പ്രയോജനപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടു. സാമ്പത്തിക പരിഷ്ക്കാരങ്ങൾ കേരളത്തെ ദോഷകരമായി ബാധിക്കുന്നു. ഇറക്കുമതി നിയന്ത്രണത്തിൽ വരുത്തിയ ഇളവ് കാർഷികവിളകളെയും, വ്യവസായങ്ങളെയും അപകടത്തിലാക്കി. വ്യവസായ മൂലധനനിക്ഷേപം കൂടുതൽ മുന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലേക്ക് ഒഴുകുന്നതിനുള്ള സാദ്ധ്യത വർദ്ധിച്ചിരിക്കുന്നു. റേഷൻ വിലകൾ കുത്തനെ ഉയർന്നതും നിയന്ത്രിതവിലകളിൽ അയവുവരുത്തിയതും നാം മാർക്കറ്റുകളിൽ നിന്നു വാങ്ങുന്ന സാധനങ്ങളുടെ വില ഗണ്യമായി ഉയർതിയിരിക്കുന്നു. അതിരൂക്ഷമായ ഈ സാമ്പത്തിക പ്രതിസന്ധി ഒരു സാമൂഹ്യരാഷ്ട്രീയ വെല്ലുവിളിയായി സ്വീകരിക്കണം. ഈ നില തുടർന്നാൽ പലവിധത്തിലുള്ള ജനാധിപത്യവിരുദ്ധ പ്രവണതകളും ഈ സംസ്ഥാനത്ത് വളർന്നുവരും. കക്ഷിരാഷ്ട്രീയ-ജാതി-മത- പരിഗണനകൾക്കതീതമായി, ഇന്നത്തെ വികസന പ്രതിസന്ധിക്ക്, തെല്ലെങ്കിലും പരിഹാരം കാണുകയെന്നുള്ളത്, നമ്മുടെ നാടിൻെറ നന്മയിൽ താല്പര്യമുള്ള മുഴുവനാളുകളുടെയും കടമയാണ്. ഇതിനായി ഒരു പുതിയ പ്രവർത്തനശൈലി വളർത്തിയെടുത്തുകൊണ്ട്, മാമൂൽ വിട്ടുചിന്തിക്കുകയും പ്രശ്നങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുകയും വേണം. കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ സാമ്പത്തിക വളർച്ചക്ക് വേഗതകൂട്ടണം. വൈദ്യുതി തുടങ്ങിയ മേഖലകളിലെ പ്രതിസന്ധി പരിഹരിച്ച് വ്യവസായ വൽക്കരണത്തിന് ആക്കം കൂട്ടാനുള്ള ശക്തമായ നടപടികൾ സംസ്ഥാനതലത്തിൽ നടക്കണം. കൃഷി, ചെറുകിട വ്യവസായം, മൃഗപരിപാലനം തുടങ്ങിയ മേഖലകളിൽ ഉൽപാദനവും, ഉൽപാദനക്ഷമതയും ഉയർത്തുന്നതിനും, വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സേവനത്തുറകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ശക്തമായ ജനകീയ ഇടപെടൽ പ്രാദശികമായി ഉണ്ടാകണം. ഇതിനുവേണ്ടി ഈ മേഖലകളിലുള്ള ആസൂത്രണവും പദ്ധതിയുടെ നടത്തിപ്പും വികേന്ദ്രീകരിക്കണം.

ഗ്രാമപഞ്ചായത്തുമുതൽ സംസ്ഥാനതലം വരെ വിവിധതട്ടുകളിലായി വികസനാസൂത്രണം നടത്തുകയും അവയെ ഏകോപിപ്പിച്ച് നമ്മുടെ വികസനപദ്ധതിക്ക് രൂപം നൽകുകയും ചെയ്യുന്നതിനെയാണ്, വികേന്ദ്രീകരണാസൂത്രണം എന്നു പറയുന്നത്. നമ്മുടെ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങൾക്ക് മുൻഗണന നിശ്ചയിക്കുകയും, ഇതുപ്രകാരം വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന പ്രക്രിയക്കാണ് ആസൂത്രണം എന്നുപറയുന്നത്. കേരളത്തിൻെറ വികസനത്തിന് ആക്കം കൂട്ടണമെങ്കിൽ കൂടുതൽ തുക പദ്ധതിക്കുവേണ്ടി നീക്കിവെക്കുകയും, ആസൂത്രണരംഗത്ത് മുൻകാലത്ത് ഉണ്ടായിരുന്ന പോരായ്മകൾ ഇല്ലാതെ വിനിയോഗിക്കുകയും വേണം.

കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണ-നടത്തിപ്പ് സമ്പ്രദായത്തിലും ചില അടിസ്ഥാനവൈകല്യങ്ങൾ ഉണ്ടായിരുന്നു. വികസന പദ്ധതികൾ സംബന്ധമായ എല്ലാ കാര്യങ്ങളും ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലത്തിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി നടപ്പാക്കുകയാണ് ചെയ്തുവന്നത്. അതിരുകവിഞ്ഞ ഈ കേന്ദ്രീകരണം കാരണം, പ്രദേശത്തിൻെറ ഭൂപ്രകൃതിക്കൊ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായ സ്കീമുകളൊ അല്ല പദ്ധതിയുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പിലാക്കിയത്.

ആസൂത്രണമെന്നാൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു. ആസൂത്രണം ഡിപ്പാർട്ട്മെൻറലിസമായിത്തീർന്നു. പദ്ധതിയുടെ ആസൂത്രണത്തിലൊ-നിർവ്വഹണത്തിലൊ ഈ പ

ങ്കാളിത്തമുണ്ടായിരുന്നില്ല. പദ്ധതികളുടെ പ്രവർത്തനം ഇതുകൊണ്ടുതന്നെ ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു. പ്രാദേശികമായ വിഭവ സമാഹരണ സാദ്ധ്യതകളെ ഇതു ഇല്ലാതാക്കുകയും, പദ്ധതി നടത്തിപ്പിൻെറ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. വികേന്ദ്രീകരണ-ആസൂത്രണ പ്രക്രിയയിൽക്കൂടി പോരായ്മകൾ പലതും പരിഹരിക്കാൻ കഴിയും. പ്രാദേശികമായ-ആസൂത്രണത്തിൽക്കൂടി, ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിയുടെ സാദ്ധ്യകളെയും, ജനങ്ങളുടെ ആവശ്യങ്ങളേയും കണക്കിലെടുത്ത് പരിപാടികൾ ആവിഷ്ക്കരിക്കാൻ കഴിയും. പ്രാദേശികമായി പദ്ധതി രൂപപ്പെടുമ്പോൾ വിവിധ മേഖലകളുടെ പരസ്പരബന്ധങ്ങൾ മനസിലാക്കി വികസനപരിപാടി നടപ്പിലാക്കാൻ കഴിയും. സംഭാവനകളിൽ കൂടിയോ-സന്നദ്ധപ്രവർത്തനങ്ങളിലൂടെയോ, വികസനത്തിനാവശ്യമായ വിഭവങ്ങൾ സമാഹരിക്കാനും കഴിയും.

ജില്ലാ റിസോഴ്സ് പേസന്മാർക്കുള്ള ത്രിദിനജില്ലാപരിശീലനകേമ്പ് സെപ്റ്റംബർ 2,3,4, തീയ്യതികളിൽ തിരുവള്ളൂരിൽ വെച്ച് നടന്നു. ഈ കേമ്പിൽ പഞ്ചായത്തിൽ നിന്ന് 9 പേർ പങ്കെടുത്തു. തുടർന്ന് 13.9.96-ന് നടന്ന പഞ്ചായത്ത്തല പരിശീലകേമ്പിൽ 53 പേർ പങ്കെടുത്തു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. ജനകീയാസൂത്രണപ്രസ്ഥാന പ്രചരണത്തിൻെറ ഭാഗമായി 19.9.96ന് നടത്തിയ വികസന ജാഥയിൽ ജനപ്രതിനിധികളും റിസോസ്പേസൻസും വാർഡ് വികസനകമ്മറ്റി അംഗങ്ങളും പങ്കെടുത്തു. വികേന്ദ്രീകൃതാസൂത്രണത്തിൻെറ പ്രാധാന്യം ജനങ്ങളിലെത്തിക്കാനും, ജനങ്ങളിലാകെ പുതിയൊരാവേശം ഉണർത്താനും ഇത് സഹായിച്ചു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനുവേണ്ടി വാർഡ് വികസനസമിതികൾ ചേർന്ന് പരിപാടികൾ ആവിഷ്ക്കരിക്കുകയുണ്ടായി. ചില വാർഡുകളിൽ വിളംബരജാഥകളും മൈക്ക് പ്രചരണവും നടത്തി, എല്ലാ ഗ്രാമസഭകളും ജില്ലാ പ്ലാനിംഗ് ബോർഡിൻെറ നിർദ്ദേശപ്രകാരം ഒക്ടോബർ 2ഠം തീയ്യതിയോടുകൂടി അവസാനിച്ചു. ഗ്രാമസഭകളിൽ മൊത്തം 1486 പുരുഷന്മാരും 632 സ്ത്രീകളും പങ്കെടുത്തു. പഞ്ചായത്തടിസ്ഥാനത്തിൽ വാർഡിൽ നിന്നും ശരാശരി 235 പേരാണ് പങ്കെടുത്തത്. ഗ്രാമസഭകളിലെ ബഹുജനപങ്കാളിത്തവും ഗ്രൂപ്പ് ചർച്ചയും വലിയ വിജയമായിരുന്നു.

ഒക്ടോബർ അവസാനവാരം എടച്ചേരിയിൽ നടന്ന ത്രിദിന രണ്ടാംഘട്ട പരിശീലനത്തിൽ പഞ്ചായത്തിൽനിന്നും 5 ഉദ്യോഗസ്ഥന്മാരടക്കം 14 പേർ പങ്കെടുത്തു. തുടർന്ന് പഞ്ചായത്തുതല രണ്ടാംഘട്ട ഏകദിനകേമ്പ് 27.10.96ന് നടന്നു.

വിഭവഭൂപടം തയ്യാറാക്കുന്നതിന് പഞ്ചായത്ത് മെമ്പർമാരും പരിശീലകരും വളയം ഹയർസെക്കണ്ടറി സ്ക്കൂൾ വിദ്യാർത്ഥികളും ചേർന്ന് 2 പഠന പര്യടനം നടത്തി. പരിശീലകന്മാർ വിവിധ ഓഫീസുകളുമായി ബന്ധപ്പെട്ട് സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു. റിപ്പോർട്ട് തയ്യാറാക്കാൻ 3 ദിവസം പൂർണ്ണമായി പരിശീലകരുടെ കേമ്പ് സംഘടിപ്പിക്കുകയുണ്ടായി. ഇതിന് പുറമെ ദിവസങ്ങളോളം റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചിലവഴിച്ചു. റിപ്പോർട്ടു തയ്യാറാക്കുന്ന പ്രവർത്തനത്തിൽ ജില്ലാപരിശീലകരും പഞ്ചായത്ത് പരിശീലകരും കാര്യമായ പങ്കുവഹിച്ചു. ഇതിന് കുറേയധികം മനുഷ്യാദ്ധ്വാനം വേണ്ടിവന്നു.

പുനരർപ്പണദിനത്തിൻെറ ഭാഗമായി പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ബഹുജനപങ്കാളിത്തത്തോടുകൂടി വികസനപ്രവർത്തനങ്ങൾ നടന്നു.

## ഇന്നലെയുടെ നേട്ടങ്ങളും ഇന്നിൻെറ വെല്ലുവിളികളും

നമ്മുടെ ഗ്രാമത്തിൽ അഞ്ഞൂറ് വർഷങ്ങൾക്ക്മുമ്പുതന്നെ അടൂർക്കാവിനെ ചുറ്റിപ്പറ്റി ആദിവാസി സംസ്ക്കാരവും പടിഞ്ഞാറ് ഭാഗമായ

ഇപ്പോഴത്തെ പരദേവതാക്ഷേത്ര പരിസരരത്ത് അമ്പലവാസി ഗ്രാമസംസ്കൃതിയും ഉണ്ടായിരുന്നതായി സൂചനകൾ ലഭിച്ചിട്ടുണ്ട്.

അകത്തൂട്ട്, പുറത്തൂട്ട് എന്നറിയപ്പെട്ടിരുന്ന രണ്ട് ചടങ്ങുകളോടെയുള്ള ഉൽസവം അടൂർകാവിലും, വെള്ളാട്ട്, തിറ എന്നീ പേരുകളിൽ പരദേവതാക്ഷേത്രപരിസരത്തും ഉൽസവ ചടങ്ങുകൾ നടന്നുവന്നിരുന്നതായി തെളിവുകൾ സൂചിപ്പിക്കുന്നു.

എന്നാൽ ഈ ഗ്രാമത്തിൽ ആദിവാസികൾ ഒഴിച്ചുള്ള ഇന്നത്തെ സമൂഹത്തിന് അധികം പഴമ അവകാശപ്പെടാനില്ല. ഇരുന്നൂറ് വർഷങ്ങൾക്ക് മുമ്പ് വൻമരങ്ങളും, കാടുകളും ഇടതൂർന്ന് വളർന്നിരുന്ന ഒരു കാട്ടുപ്രദേശമായ ഇവിടെ നരി, പന്നി, മാൻ, മുള്ളൻപന്നി, മുയൽ, അപൂർവ്വമായി ആനകൾ വരെ വിഹരിച്ചുനടന്നിരുന്ന ഒരു പ്രദേശമായിരുന്നു.

ചെറുമോത്ത്, കുയിതേരി, ചെക്കോറ്റ, കുറ്റിക്കാട് എന്നീ പ്രദേശങ്ങളിലാണ് ആദ്യകാലത്ത് ജനവാസം ആരംഭിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ മേൽപറഞ്ഞ എല്ലാ പ്രദേശങ്ങളിലുമായി നൂറോളം വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുരയിടങ്ങളിൽ തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, കുരുമുളക് എന്നിവ കൃഷി ചെയ്തിരുന്നു. വയലുകളിൽ നെൽകൃഷി വ്യാപകമായിത്തന്നെ ഉണ്ടായിരുന്നു. സമീപ പ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റം വർദ്ധിച്ചതോടുകൂടി 'പുനം' കൃഷിയും വ്യാപകമായി. മലയോരങ്ങളിൽ കാടുകൾ വെട്ടിത്തെളിയിച്ച് കൃഷി ആരംഭിക്കുന്നത് പുനം കൃഷിയിലൂടെയാണ്. ആദ്യത്തെ ഒരു വർഷം മാത്രമേ ഒരു സ്ഥലത്ത് പുനം കൃഷി നടത്തുകയുള്ളൂ. തുടർന്ന് തടങ്ങളാക്കി തിരിച്ച്, കപ്പ, വാഴ തുടങ്ങിയ കൃഷികളും തെങ്ങും കൃഷി ചെയ്യുക എന്നതായിരുന്നു പതിവ്. പുനംകൃഷി, ആന, പന്നി, മുള്ളൻപന്നി തുടങ്ങിയ വന്യജീവികൾ നശിപ്പിക്കാതിരിക്കാൻ 'ആനപ്പന്തികൾ' കെട്ടി കാവൽ കിടക്കാറുണ്ടായിരുന്നു. കൃഷിയിടങ്ങളിൽ കളങ്ങൾ കെട്ടി താൽക്കാലികമായി താമസിച്ച് പണിയെടുക്കുകയും. വിളവെടുപ്പു തുടങ്ങിയാൽ കളങ്ങളിൽ ശേഖരിച്ച് സൂക്ഷിക്കുകയും, പൂർത്തിയായാൽ 'കളമൊഴിഞ്ഞു' പോരുകയുമായിരുന്നു.

ഇക്കാലത്ത് ഭക്ഷ്യാവശ്യത്തിനായി പന്നി, മാൻ, മുയൽ, മുള്ളൻപന്നി തുടങ്ങിയ കാട്ടുമൃഗങ്ങളെ വേട്ടയാടുക പതിവായിരുന്നു. ഇതിൽ ഏറെ വൈദഗ്ദ്യം തേടിയവർ വേട്ടനായ്ക്കളെയും വളർത്തിയിരുന്നു.

ജന്മി നാടുവാഴിത്തത്തിൻെറ കൊടുംചൂഷണങ്ങൾക്ക് വിധേയമായ ഒരു കർഷകസമൂഹമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഭൂപ്രദേശങ്ങൾ മുഴുവൻ കുറ്റിപ്പുറം, ആയഞ്ചേരി, പുറമേരി കോവിലകങ്ങളുടെ അധീനതയിലുള്ളതും. നാട്ടുപ്രമാണികരായ കൃഷിക്കാർ കോവിലകത്ത് നിന്നും ഭൂമി സമ്മതിച്ചു വാങ്ങുകയും അവിടെ മറ്റുള്ളവരെക്കൊണ്ട് കൃഷി നടത്തിവരികയുമായിരുന്നു. കുടിയാന്മാരിൽ നിന്നും പാട്ടം ശേഖരിക്കുകയും ഇതിലൊരു വിഹിതം പുറപ്പാടായി കോവിലകത്തെത്തിക്കുകയും ചെയ്തിരുന്നു. കോവിലകത്ത് നിന്നും ജന്മാവകാശം ലഭിച്ചിട്ടില്ലാത്ത കൃഷിക്കാരിൽനിന്നും 'പാട്ടാളികൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്നവരാണ് പാട്ടം, വാരം എന്നിവ പിരിച്ചെടുത്തിരുന്നത്. കുടിയാന്മാർക്ക് ഭൂമിയിൽ കഴികൂറുകൾക്ക് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരുന്നില്ല. ഇവരാകട്ടെ എന്നും കുടിയൊഴിപ്പിക്കൽ ഭീഷണിയിലുമായിരുന്നു. മാത്രമല്ല സ്വന്തം പുരയിടത്തിൽ ശവം മറവുചെയ്യാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു. ജന്മിക്ക് അനിഷ്ടം തോന്നിയാൽ വീട്ടുപകരണങ്ങളടക്കം തല്ലിപ്പൊളിക്കുക, കെട്ടിയിട്ടുതല്ലുക, വീടിനുതന്നെ തീവെക്കുകയും കുടിയിറക്കുകയും ചെയ്യുക തുടങ്ങിയ മുറകൾ പ്രയോഗിച്ചിരുന്നു. ജന്മിമാരുടെ വീടുകൾ കെട്ടിമേഞ്ഞതിന് ശേഷം മാത്രമേ കുടിയാന്മാർക്ക് അവരുടെ വീടുകൾ കെട്ടിമേയാൻ

അവകാശം ഉണ്ടായിരുന്നുള്ളൂ. കുടിയാന്മാർ വിശേഷനാളുകളിൽ നെയ്യും കുലയും ജന്മിക്ക് കാഴ്ചവെക്കണം. കൂടാതെ വിളവുകളുടെ ഒരു വിഹിതവും, മടഞ്ഞ ഓലയുമടക്കം എത്തിക്കാൻ ബാദ്ധ്യതപ്പെട്ടവരുമായിരുന്നു. ജന്മിമാർക്ക് കൃഷിക്കാരുടെ മേൽ ആധിപത്യം പുലർത്താൻ കഴിഞ്ഞിരുന്ന നടപടിയായിരുന്നു ചാർത്ത് - പൊളിച്ച്ചാർത്ത് - മേൽച്ചാർത്ത് എന്നിവ. നിലവിലുള്ള കൃഷിക്കാരന് തന്നെ 12 വർഷത്തിന് ശേഷം വീണ്ടും നൽകുന്ന നടപടിയാണ് പൊളിച്ച് ചാർത്ത്. എന്നാൽ വരഷങ്ങളോളം ഒരു കൃഷിക്കാരൻ ദേഹണ്ഡം ചെയ്ത് ഉണ്ടാക്കിയ സകലതും മറ്റൊരാൾക്ക് കൊടുക്കുന്നതാണ് മേൽ ചാർത്ത്. ചാർത്തിക്കൊടുത്ത ഭൂമി തന്നെ നിസ്സാരകാരണങ്ങളുണ്ടാക്കി തട്ടിപ്പറിക്കാൻ കഴിയുമായിരുന്നതിനാൽ ഈ വിഭാഗം നിർദ്ദാക്ഷണ്യം ചൂഷണം ചെയ്യപ്പെട്ടു. പുറപ്പാട് കൊടുത്തു തീർത്ത കൃഷിക്കാർ പോലും കുടിയൊഴിപ്പിക്കപ്പെട്ട അനുഭവങ്ങൾ ഒട്ടനവധിയായിരുന്നു.

നാല്പതുകളിൽ തെക്കൻ മേഖലയിൽ നിന്നുമുള്ള കുടിയേറ്റം ആരംഭിച്ചതോടുകൂടി കാർഷികരംഗത്ത് പ്രകടമായ മാറ്റം വന്നുതുടങ്ങി. ഈ ഗ്രാമത്തിൽ കുറച്ചുകൂടി ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾക്ക് അടിത്തറ പാകുന്നത് ഈ കാലഘട്ടത്തിലാണെന്നു പറയാം. കിഴക്കൻ മേഖലകളിലേക്ക് കൂടുതലായി തെങ്ങ് കൃഷി വ്യാപിക്കുകയും, കുരുമുളക് കൃഷി. ആദ്യകാലത്തുണ്ടായിരുന്ന വാലംകോട്ട്യാൻ, കരിങ്കോട്ട്യാൻ എന്നീ നാടൻ ഇനങ്ങൾക്കു പുറമെ ചേട്ടൻ, അറക്കളൻ മുണ്ട, കരിമുണ്ട, എന്നീ പുതിയ ഇനങ്ങൾ കൂടി വ്യാപകമായ തോതിൽ പുരയിടങ്ങളിലും, മലയോര പ്രദേശങ്ങളിലും കൃഷിചെയ്യാനും തുടങ്ങി. മലയോര പ്രദേശങ്ങളിൽ ചെറിയ തോതിലാണെങ്കിലും റബ്ബർ കൃഷി ഇക്കാലത്താണ് ആരംഭിക്കുന്നത്. കപ്പകൃഷി വ്യാപകമാവുന്നതും ഈ കാലത്തുതന്നെ. വീട്ടുവളപ്പിലും മറ്റ് കൃഷിയിടങ്ങളിലും ഇടവിളകളായി ചേമ്പ്, ചേന, മുത്താറി, ചേന, കണ്ടിക്കിഴങ്ങ്, പയർ, ഉഴുന്ന്, പടുവാഴ, നേന്ത്രവാഴ, എന്നിവയും സാമാന്യം നല്ലതോതിൽതന്നെ കൃഷിചെയ്തിരുന്നു. ഗ്രാമത്തിലെ ജനങ്ങൾക്കാവശ്യമായ കപ്പയും, പഴങ്ങളും, പച്ചക്കറികളും ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നു. സ്വന്തമായി വയലുകളില്ലാത്തവർ പോലും അന്യരുടെ വയലുകളിൽ വെള്ളരി കൃഷി ചെയ്ത് വിളവെടുക്കുകയെന്നത് അടുത്തകാലം വരെ വ്യാപകമായിരുന്നു. കൃഷിക്കാർക്ക് മൂന്നുകൊല്ലത്തേക്ക് തരിശുഭൂമികൾ കൃഷിചെയ്യാനായി

അനുവദിച്ചുകൊടുക്കാറുണ്ടായിരുന്നു. ഇങ്ങനെ സമ്മതിച്ചുവാങ്ങുന്ന ഭൂമിയിൽ കപ്പയും, വാഴയുമായിരുന്നു കൂടുതലും കൃഷിചെയ്യുക. മൂന്നുകൊല്ലംകൊണ്ട് തരിശായി കിടന്നിരുന്ന ഭൂമി തട്ടുകളായി തിരിച്ച്, ഇടക്കൊള്ളുകൾ നിർമ്മിച്ച് തെങ്ങുകൃഷി ചെയ്യാവുന്ന പരുവത്തിലായി മാറും. അലിഖിതമായ ഈ വ്യവസ്ഥ പരക്കെ പാലിക്കപ്പെടുകയും ചെയ്തിരുന്നു. കൃഷിഭൂമിയിൽ സിംഹഭാഗവും ചുരുക്കം ചില ജന്മികുടുംബങ്ങളുടെ കൈവശത്തിലായിരുന്നതിനാൽ മേൽപ്പറഞ്ഞ വ്യവസ്ഥകളനുസരിച്ച് കൃഷിചെയ്തു വന്നവർ ധാരാളമായിരുന്നു. ചുരുങ്ങിയ കാലംകൊണ്ട് തെങ്ങ് കൃഷി മലയോരങ്ങളിൽ വ്യാപിക്കാനിത് ഇടയാക്കി. നാളികേര ഉൽപാദനത്തിൽ അഖിലകേരളാടിസ്ഥാനത്തിൽ രണ്ടാം സ്ഥാനത്ത് നിന്നിരുന്നത് ഈ ഗ്രാമത്തിലെ ഭൂവുടമയായിരുന്ന പുത്തൻപുനത്തിൽ കുഞ്ഞിക്കണ്ണൻ എന്ന കൃഷിക്കാരനായിരുന്നു.

1950കളിലെ കർഷകപ്രസ്ഥാനത്തിൻെറ മുന്നേറ്റത്തോടുകൂടി വളേലായി മലയിലെ തൊള്ളായിരത്തോളം ഏക്കർ ഭൂമി ഭൂരഹിതരായ കൃഷിക്കാർ കൈവശപ്പെടുത്തി, കൃഷിയാരംഭിച്ചു. ഭൂരഹിതരായ കൃഷിക്കാരിൽ ഈ സംഭവം വമ്പിച്ച ഉണർവും ആവേശവുമുണ്ടാക്കി. ഈ ഭൂമിയിൽ വ്യാപകമായി കൃഷി ആരംഭിച്ചതോടുകൂടി

കപ്പ, നേന്ത്രക്കുല തുടങ്ങിയ കാർഷികവിളകൾ അഭൂതപൂർവ്വമായ തോതിൽ വർദ്ധിക്കാനിടയാക്കി. ഒരു ഘട്ടത്തിൽ ആവശ്യത്തിലുമധികമായ കപ്പ ഉൽപാദനം ഉണ്ടായപ്പോൾ തൻ വർഷം വിളവെടുക്കാതെ 'ബോഡ' കിഴങ്ങെന്ന പേരോടു കൂടി വരും വർഷങ്ങളിൽ പറിച്ചെടുത്ത സ്ഥിതി വരെ സംജാതമായി.

കേരളത്തിലാകമാനമെന്നപോലെ വളയം ഗ്രാമത്തിലെയും പാവപ്പെട്ട കുടികിടപ്പുകാർക്ക് ഏറെ സംരക്ഷണം ലഭിക്കാനിടയായ നടപടിയായിരുന്നു 1957ലെ സർക്കാർ ഉത്തരവ്. ആരും ആരെയും കുടിയിറക്കാൻ പാടില്ലെന്ന ഈ ഉത്തരവ് കുടികിടപ്പുകാരായ ഭൂരഹിതരിൽ വിവരണാധീതമായ ആത്മവിശ്വാസമാണുണ്ടാക്കിയത്. തുടർന്ന് 1967-69 കാലഘട്ടത്തിൽ അന്നന്നത്തെ സർക്കാർ ഭൂപരിഷ്ക്കരണ നിയമവും പാസ്സാക്കി. ഇതിൻെറ ഫലമായി ഈ ഗ്രാമത്തിലെ ഇരുന്നൂറ്റി അമ്പതോളം കുടുംബങ്ങൾക്ക് കുടികിടപ്പ് ലഭിക്കാനിടയായി. മിച്ചഭൂമിക്കുവേണ്ടിയുള്ള സമരം 1972ൽ ഈ ഗ്രാമത്തിലും 72 ദിവസം നീണ്ടുനിനു. പരേതനായ ശ്രീ ആലക്കൽ കുഞ്ഞിക്കണ്ണൻ ഈ സമരത്തിൽ നിർണ്ണായകമായ പങ്ക് തന്നെ വഹിക്കുകയുണ്ടായി. ആയിരത്തോളം കൈവശകൃഷിക്കാർക്ക് ഭൂമിയിൽ സ്ഥിരാവകാശവും 225ഓളം പേർക്ക് മിച്ച ഭൂമിയും ലഭിച്ചു. പത്ത് സെൻറ് മുതൽ അമ്പത് സെൻറ് വരെ മിച്ചഭൂമിയായി ലഭിച്ചവരുണ്ട്.

കാർഷിക പരിഷ്കാര നിയമം നടപ്പിലായതോടുകൂടി ഫ്യൂഡൽ ജന്മിമാരുടെ ചൂഷണത്തിന് വിരാമമിടുകയും, കാർഷിക രംഗത്ത് നവോന്മേഷം പ്രകടമാവുകയും ചെയ്തു. ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന കാർഷിക തൊഴിലാളികൾ ഒരു സംഘടിത ശക്തിയായി വളരാൻ തുടങ്ങി. ഇതു പുതിയൊരു സാമൂഹ്യക്രമത്തിൻെറ നാന്ദികുറിക്കലായി. കാർഷിക തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട കൂലി മാത്രമല്ല മാന്യമായ പെരുമാറ്റവും ലഭിക്കാൻ തുടങ്ങി. സ്ത്രീപുരുഷ അന്തരം കുറഞ്ഞുവരാനുള്ള സാഹചര്യവും ഉണ്ടായി. ഇതൊക്കെയാണെങ്കിലും തീർത്തും അഭികാമ്യമായ ഒരു വ്യതിയാനം സാമൂഹ്യക്രമത്തിൽ വന്നുചേർന്നുവെന്നു പറയാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഗുരുക്കന്മാരുടെ കീഴിൽ നടത്തിവന്നിരുന്ന എഴുത്തുപള്ളികൾ മുഖേനെയാണ് ആദ്യകാല വിദ്യാഭ്യാസം ഈ ഗ്രാമത്തിൽ ലഭ്യമാവാൻ തുടങ്ങിയത്. തെക്കെ മലബാറിൽ നിന്നും വന്ന ഗോപാലൻ ഗുരുക്കൾ, ചമ്പാട് സ്വദേശിയായ പൂവാടൻ അനന്തൻ ഗുരുക്കൾ, ഗോവിന്ദൻ ഗുരുക്കൾ എന്നിവരായിരുന്നു ആദ്യകാലഗുരുക്കന്മാർ. മാവുള്ളതിൽ കുഞ്ഞമ്പു പണിക്കർ, തൊവരവീട്ടിൽ കോരൻ ഗുരുക്കൾ, കളരിക്കൽ രാമൻ ഗുരുക്കൾ തുടങ്ങിയവർ നാട്ടുകാരായ ഗുരുക്കന്മാരായിരുന്നു.

ചെക്കോറ്റ, അരയാക്കണ്ടി തുടങ്ങിയ സ്ഥലങ്ങളിൽ ഗുരുക്കന്മാർ നടത്തിവന്നിരുന്ന എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നു. പുറംനാട്ടുകാരായ ഗുരുക്കന്മാർ താമസിച്ചുവന്ന വീടുകളിൽ വെച്ചും വിദ്യാഭ്യാസം നൽകിവന്നിരുന്നു. അക്ഷരമാലക്കു പുറമെ അമരകോശം, മണിപ്രവാളം, രൂപം കാവ്യം തുടങ്ങിയവയും ഇവർ പഠിപ്പിച്ചിരുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്കു മാത്രമേ ഈ സൗകര്യം തുടക്കത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിരുന്നുള്ളു. നാട്ടുകാരായ ഗുരുക്കന്മാരുടെ അംഗസംഖ്യ വർദ്ധിച്ചതോടെ തല്ലരരായ മറ്റുവിഭാഗം ആളികൾക്കും വിദ്യാഭ്യാസം ലഭിച്ചുതുടങ്ങി. ആദ്യകാലത്തെ ഈ വിദ്യാലയങ്ങളിൽ അയിത്തം നിലനിന്നിരുന്നു. ജാതിവ്യത്യാസം അനുസരിച്ച് കുട്ടികൾക്ക് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങൾ തന്നെ ഉണ്ടായിരുന്നു. സവർണ്ണരായ അദ്ധ്യാപകർ താണജാതിയിൽപ്പെട്ട കുട്ടികളെ വടി കയ്യിൽ പിടിച്ച് അടിക്കുന്നതിനുപകരം എറിഞ്ഞ് അടിക്കലായിരുന്നു പതിവ്. സവർണ്ണരായ വിദ്യാർത്ഥികളുടെ വീടുകളിൽ അയിത്തക്കുറ്റികൾ സ്ഥാപിച്ചിരുന്നു.

പള്ളിക്കൂടം വിട്ടുവന്നാൽ വസ്ത്രങ്ങൾ കുറ്റിയിൽ അഴിച്ചുവെച്ച് കുളികഴിഞ്ഞതിന് ശേഷം മാത്രമേ വീട്ടിൽ പ്രവേശിക്കാൻ അനുമതി ഉണ്ടായിരുനുള്ളൂ.

ഗ്രാമത്തിൽ ആദ്യം നിലവിൽ വന്ന എൽ.പി. സ്ക്കൂൾ ഇന്നത്തെ വളയെ യു.പി. സ്ക്കൂളാണ്. വളരെക്കാലത്തിനു ശേഷമാണ് യു.പി. ആയി ഉയർത്തപ്പെടുന്നത്. ഇതിനുശേഷം കുയിതേരി, ചെറുമോത്ത്, കുറ്റിക്കാട്, മാരാങ്കണ്ടി എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്ക്കൂളും നിലവിൽ വന്നു. ചെറുമോത്ത് ഹയർ എലിമെൻററി സ്ക്കൂളിലായിരുന്നു ഇ.എസ്.എൽ.സി.വരെ പഠിക്കുവാനുള്ള സൗകര്യമുണ്ടായിരുന്നത്. എന്നാൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭ്യമാവണമെങ്കിൽ 12 കി.മീ ഓളം അകലെ കെ.ആർ. ഹൈസ്ക്കൂളിൽ (പുറമേരി) കാൽനടയായിത്തന്നെ പോകണമായിരുന്നു. ഗ്രാമത്തിൽ ആദ്യമായി ഹൈസ്ക്കൂൾ നിലവിൽവന്നത് 1957ൽ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിലുള്ള ഒന്നാം കേരള മന്ത്രിസഭയുടെ കാലത്താണ് ഹൈസ്ക്കൂൾ കെട്ടിടനിർമ്മാണത്തിന് ഒരു കമ്മറ്റി രൂപവൽക്കരിച്ചാണ് പ്രവർത്തിച്ചത്. ശ്രീ. വലിയ പറമ്പത്ത് കൃഷ്ണൻ പ്രസിഡണ്ടും, ശ്രീ.കെ.പി. കുഞ്ഞിക്കേളുക്കുറുപ്പ് സെക്രട്ടറിയും ശ്രീ. ടി.ടി. ദേവസ്യ ഖജാൻജിയും ശ്രീമാൻമാർ ആലക്കൽ കുഞ്ഞിക്കണ്ണൻ, കളരിക്കൽ നാരായണക്കുറുപ്പ്, താനിയുള്ള പറമ്പത്ത് കുമാരൻ, പി.വി. കൃഷ്ണൻ നമ്പ്യാർ, കുഴിക്കണ്ടിയിൽ കൃഷ്ണൻ, പീടികയുള്ള പറമ്പത്ത് കുഞ്ഞിക്കണാരൻ, പണിക്കർവീട്ടിൽ കുഞ്ഞമ്മത് ഹാജി, മടാക്കൽ കുമാരൻ എന്നിവർ കമ്മറ്റി അംഗങ്ങളായിരുന്നു. നാട്ടുകാരിൽ നിന്നുള്ള സംഭാവനക്കും ബ്ലോക്കിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനും പുറമെ ഒരു നാടകവും കളിപ്പിച്ച് കെട്ടിടത്തിന് ഫണ്ട് സ്വരൂപിക്കുകയാണുണ്ടായത്.

ഇതേ കാലയളവിൽ തന്നെയാണ് വളയം എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തിയതും പൂവംവയൽ, ചാല്യാട്ടുപൊയിൽ എന്നിവിടങ്ങളിൽ എൽ.പി. സ്ക്കൂളുകൾ നിലവിൽ വരുന്നതും. ഇതോടുകൂടി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വർദ്ധിച്ചു. 1982ലാണ് ചുഴലിയിൽ സർക്കാർ എൽ.പി. സ്ക്കൂൾ ആരംഭിച്ചത്. 1991ൽ വളയം ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

ശ്രീ. സി.എച്ച്. കണാരൻ, ഈ ഗ്രാമത്തിൻെറ മുഖച്ഛായ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നിസ്സീമമായ സഹായവും നേതൃത്വവുമാണ് നൽകിയിട്ടുള്ളത്. ഗ്രാമത്തിൽ ഇന്നുകാണുന്ന പുരോഗതികളിൽ അദ്ദേഹത്തിൻെറ ദീർഘവീക്ഷണവും നേതൃത്വപാടവവും തെളിഞ്ഞുകാണാം. 1957ൽ അദ്ദേഹം നാദാപുരം നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്നപ്പോൾ, ഈ ഗ്രാമത്തെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന കുളങ്ങരവീട് കടവിന് പാലവും, സാർവ്വത്രികമായി വിദ്യാഭ്യാസം ലഭിക്കാനിടയായ വളയം ഹൈസ്ക്കൂൾ, വളയം യു.പി. സ്ക്കൂൾ, ചാല്യാട്ടുപൊയിൽ നേഷണൽ എൽ.പി. സ്ക്കൂൾ, പൂവം വയൽ എൽ.പി. സ്ക്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും; വളയം, വാണിമേൽ, ചെക്യാട് പഞ്ചായത്തുകളിലെ ആദിവാസികളടക്കമുള്ള ജനങ്ങൾക്ക് വൈദ്യശുശ്രൂഷാരംഗത്ത് ഏക ആശ്രയമായ വളയം പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിച്ചതും, കൈവശ കൃഷിക്കാരെ സംരക്ഷിക്കാനും, കാർഷിക മേഖലയിൽ നവോന്മേഷം സൃഷ്ടിക്കാനും ഇടയാക്കിയ വളേലായി മലയിലെ കൃഷിക്കാരുടെ പ്രസ്ഥാനത്തിന് ശക്തി പകർന്നതും തുടങ്ങി ഈ ഗ്രാമത്തിന് ഒരിക്കലും മറക്കാൻ കഴിയാത്ത സംഭാവനകളാണ് ആ മഹാനുഭാവനിൽ നിന്നും ലഭ്യമായിട്ടുള്ളത്.

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ വളയം ഗ്രാമത്തിൽ പാരമ്പര്യ വൈദ്യന്മാരുടെ സേവനം മാത്രമേ വൈദ്യശുശ്രൂഷാ രംഗത്തുണ്ടായിരുന്നുള്ളൂ. ശരിയായ വൈദ്യശുശ്രൂഷ യ

ഥാസമയം ലഭിക്കാത്തതിൻെറ ഫലമായി മരണപ്പെട്ടുപോയ ശിശുക്കളും ഗർഭിണികളും അനേകമാണ്. മലമ്പനി, നിമോണിയ, ടൈഫോയിഡ്, ക്ഷയം, എന്നീ രോഗങ്ങൾ സർവ്വസാധാരണവുമായിരുന്നു. ഈ രോഗങ്ങൾ പിടിപെട്ട് നിരവധിയാളുകൾ മരിക്കാനിടയായിട്ടുണ്ട്. ചില പ്രത്യേക കാലങ്ങളിൽ വസൂരി, കോളറ തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് കൂട്ടമരണം തന്നെ സംഭവിച്ചിട്ടുണ്ട്. വിഷബാധയേറ്റ് മരണമടയാനിടയായവരും ചുരുക്കമലല. അക്കാലത്ത് അലോപ്പതി ചികിത്സ ലഭിക്കണമെങ്കിൽ തലശ്ശേരി, വടകര തുടങ്ങിയ സ്ഥലങ്ങളിൽ എത്തണമായിരുന്നു. ഇതിനാണെങ്കിൽ വാഹനസൗകര്യങ്ങൾ പേരിനുപോലുമുണ്ടായിരുന്നില്ല. തന്മൂലം രോഗികളെ കൊണ്ടുപോകാൻ മഞ്ചലായിരുന്നു ഉപയോഗിച്ചിരുന്നത്. മഞ്ചലാണെങ്കിൽ അപൂർവ്വവും. പൊതു ഉപയോഗത്തിന് മഞ്ചൽ കിട്ടാൻ പ്രയാസം നേരിട്ടിരുന്നതിനാൽ കുറ്റിക്കാട് ശ്രീനാരായണ ഗുരു സ്മാരക വായനശാലയിൽ ഒരു മഞ്ചൽ ഏർപ്പെടുത്തിയിരുന്നു.

അക്കാലത്തെ പാരമ്പര്യ വൈദ്യന്മാരിൽ പ്രമുഖന്മാർ ശ്രീമാന്മാർ രയരോത്ത് ഒതേനൻ വൈദ്യർ, ആലായിൽ ശങ്കരൻ വൈദ്യർ, ഓഞ്ഞേൻറവിട കൃഷ്ണൻ വൈദ്യർ, ചൂളായിൽ കുമാരൻ വൈദ്യർ എന്നിവരായിരുന്നു. അപൂർവ്വമായി മാത്രം ഉണ്ടായിരുന്ന വൈദ്യശാലകളിലും, വൈദ്യന്മാരുടെ വീടുകളിലുമായിരുന്നു ചികിത്സ. അക്കാലത്തെ ഏറെ മാരകമായതും ജനങ്ങളെ ഭീതിയിലാഴ്ത്തിയതുമായ രോഗമായിരുന്നു വസൂരി. രോഗം പകരുമെന്നതിനാൽ ശുശ്രൂഷിക്കാൻ പോലും ആളെ കിട്ടാൻ പ്രയാസമായിരുന്നു. കുടിനീർപോലും ലഭിക്കാതെ പോയവരും കുടുംബാംഗങ്ങൾ പോലും ഭയംമൂലം തിരിഞ്ഞുനോക്കാതെ കഷ്ടപ്പെട്ടവരും ഏറെയായിരുന്നു. പല പ്രദേശങ്ങളിലും മരണം വാരിവിതറിക്കൊണ്ട് വസൂരി സംഹാരതാണ്ഡവമാടിയ ഇക്കാലത്ത് മനുഷ്യസ്നേഹികളായ ചിലർ രോഗികൾക്ക് സഹായ ഹസ്തവുമായി എത്തിയിരുന്നു എന്നുള്ളത് അവിസ്മരണീയമാണ്. ശ്രീ. മാരാങ്കണ്ടിയിൽ കണ്ണൻ, പാലോത്തുപറമ്പത്ത് മാത, ആലക്കൽ കുഞ്ഞിക്കണ്ണൻ, കെ.എം. രാമർ, ചിറവട്ടത്ത് മമ്മദ്, പുതുക്കുടി സൂപ്പി തുടങ്ങിയവരുടെ സേവനം ഈ രംഗത്ത് രജതരേഖയായി നിൽക്കുന്നു.

1957ൽ ഇവിടെ ഒരു പ്രൈമറി ഹെൽത്ത് സെൻറർ, അന്നത്തെ സർക്കാർ അനുവദിച്ചു. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് ആശുപത്രി കെട്ടിടത്തിന് തറക്കല്ലിട്ടത്. പ്രൈമറി ഹെൽത്ത് സെൻറർ ആദ്യം പ്രവർത്തിച്ചുതുടങ്ങുന്നതിനായി ശ്രീ. വി.പി. കൃഷ്ണൻ എന്നവർ സ്വന്തം കുടംബ ആവശ്യത്തിനായി നിർമ്മിച്ച കിഴക്കയിൽ എന്ന ഭവനം വിട്ടുകൊടുക്കുകയാണുണ്ടായത്. ഇന്നത്തെ വളയം പ്രാഥമിക ആരോഗ്യകേന്ദ്രം നിൽക്കുന്ന ഒരേക്കർ സ്ഥലം ശ്രീ. കുഴിക്കണ്ടിയിൽ കേളപ്പൻ എന്നവർ സൗജന്യമായി നൽകിയിട്ടുള്ളതാണ്. ആശുപത്രി കെട്ടിടനിർമ്മാണത്തിനായി ശ്രീ. പി.പി. വാസുദേവൻ പ്രസിഡണ്ടും ശ്രീമാൻമാർ വി.പി. കൃഷ്ണൻ, കെ.പി. കുഞ്ഞിക്കേളുക്കുറുപ്പ്, ആലക്കൽ കുഞ്ഞിക്കണ്ണൻ, ടി.ടി. ദേവസ്യ, കളരിക്കൽ നാരായണക്കുറുപ്പ്, കുഴിക്കണ്ടിയിൽ കൃഷ്ണൻ, താനിയുള്ള പറമ്പത്ത് കുമാരൻ, പീടികയുള്ള പറമ്പത്ത് കുഞ്ഞിക്കണാരൻ, മടാക്കൽ കുമാരൻ, പി.വി. കൃഷ്ണൻ നമ്പ്യാർ എന്നിവർ അംഗങ്ങളായുള്ള കമ്മറ്റി രൂപീകരിച്ചാണ് പ്രവർത്തിച്ചത്.

കുന്നുകളാലും മലകളാലും വലയം ചെയ്യപ്പെട്ടുകിടക്കുന്ന ഭൂപ്രദേശമായതിനാലാവാം ഈ ഗ്രാമത്തിന് 'വളയം' എന്ന പേരുണ്ടായതെന്ന് പറയപ്പെടുന്നു. കടത്തനാട് രാജവംശത്തിൻെറ അധീനതയിലായിരുന്നു പ്രദേശം മുഴുവനും താരതമ്യേന സമ്പന്നമായിരുന്ന നാടുവാഴിത്ത കലാസാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പ്രസരണമൊന്നും ആദ്യാകാലത്തത്

ഇവിടെ ഉണ്ടായിരുന്നില്ലെങ്കിലും, അക്കാലത്ത് കോവിലകം കവികളിൽ ഒരാളായിരുന്നു ഈ ഗ്രാമത്തിലെ ശ്രീ. താമരശ്ശേരി രാമൻ നമ്പ്യാർ.

എന്നാൽ എഴുപത്-എഴുപത്തഞ്ച് വർഷങ്ങൾക്കുമുമ്പുള്ള കലാസാംസ്ക്കാരിക പ്രവർത്തനം തീരെ ശുഷ്ക്കമായിരുന്നില്ല. പുരാണകഥകളെ അടിസ്ഥാനമാക്കിയുള്ള ഹരിശ്ചന്ദ്രനാടകം, ശാകുന്തളം, നൈഷധം, ദേവയാനിചരിതം തുടങ്ങിയ സംഗീത നാടകങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ചുഴിമ്പൽ, രാജസൂയം, പൂരക്കളി, കോൽക്കളി, വട്ടക്കളി തുടങ്ങിയവയും സാമാന്യം നല്ല നിലയിൽത്തന്നെ പരിശീലിപ്പിച്ച് അവതരിപ്പിക്കുക പതിവായിരുന്നു.

നാടകാവതരണം ആദ്യകാലത്ത് സവർണ്ണ വിഭാഗത്തിന് മാത്രം അവകാശപ്പെട്ടതായിരുന്നു. ഇതിനൊരു മാറ്റം വരുന്നത് ശ്രീ. തുണ്ടിയിൽ കൃഷ്ണമാരാർ, അവർണ്ണവിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി നാടകപരിശീലനം നൽകിയതോടുകൂടിയാണ്. അക്കാരണത്താൽ ശ്രീ. മാരാർക്ക് സവർണ്ണ-ജന്മി വിഭാഗത്തിൻെറ ക്രൂരമായ മർദ്ദനം ഏൽക്കേണ്ടി വന്നിട്ടുണ്ട്.

ഞാറു നടുമ്പോഴും കല്യാണവേളകളിലും മറ്റ് ആഘോഷങ്ങളിലും വടക്കൻപാട്ടുകൾ ഈണത്തിൽ പാടാൻ കഴിവുള്ള സ്ത്രീകൾ ഇവിടെ ഉണ്ടായിരുന്നു. ഇവർ തന്നെ അക്കാലത്തുണ്ടായ ചില സവിശേഷ സംഭവങ്ങളെ വടക്കൻപാട്ട് രീതിയിൽ ആവിഷ്ക്കരിച്ച് പാടുകയും ചെയ്യാറുണ്ടായിരുന്നു.

നാല്പതുകളിൽ കുറ്റിക്കാട്ടിൽ ശ്രീനാരായണ ഗുരു സ്മാരക വായനശാല സ്ഥാപിക്കപ്പെട്ടു. തുടക്കത്തിൽ ശ്രീ. കെ.കെ. ബാലകൃഷ്ണൻ നമ്പ്യാർ സെക്രട്ടറിയും ശ്രീ. കുഴിക്കണ്ടി നാണു പ്രസിഡണ്ടും ആയിരുന്നു. 'ചതയദിനം' വളരെ വിപുലമായിത്തന്നെ വായനശാലയുടെ ആഭിമുഖ്യത്തിൽ ആഘോഷിക്കാറുണ്ടായിരുന്നു. സാംസ്ക്കാരിക പ്രവർത്തനങ്ങൾ, പ്രഭാഷണങ്ങൾ തുടങ്ങിയവ ഇതിൻെറ ഭാഗമായി നടത്തുകയും ചണ്ഡാലഭിക്ഷുകി, നളിനി, ലീല തുടങ്ങിയ ആശാൻകൃതികളും മറ്റും കഥാപ്രസംഗരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

വള്ള്യാട്, ആയോട്, കണ്ടിവാതുക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ ആദിവാസികളായ കുറിച്ച്യ വിഭാഗത്തിൽ പെട്ടവർ താമസിച്ചുവരുന്നു. അഞ്ഞൂറിൽപ്പരം വർഷങ്ങളുടെ സംസ്കൃതിയാണ് ഇവർ അവകാശപ്പെടുന്നത്. ഇവരുടെ പൂർവ്വികരിൽ ചിലർ പഴശ്ശിരാജാവിൻെറ സേനാനികളായിരുന്നുവെന്ന് അവകാശപ്പെടുന്നു.

അടൂർകാവിനോടു ചേർന്ന പ്രദേശമാവാം ഇവരുടെ പൂർവ്വികരുടെ വാസസ്ഥലം. ഈ ക്ഷേത്രത്തിൽ 'അകത്തൂട്ട്' എന്ന പേരിൽ നരബലി നടന്നിരുന്നതായും പറയപ്പെടുന്നു. വർഷം തോറും പുതിയ പുതിയ കൃഷിയിടങ്ങൾ തേടിപ്പോകുന്ന സ്വഭാവക്കാരായ ഇവരുടെപൂർവ്വികർ സ്ഥിരതാമസമാക്കിയ പ്രദേശമായിരിക്കണം വള്ള്യാട്, ആയോട്, കണ്ടിവാതുക്കൽ തുടങ്ങിയ പ്രദേശങ്ങൾ. പുനംകൃഷിയിൽ പ്രാവീണ്യം നേടിയിരുന്ന ഇവർ നെൽകൃഷിക്കു പുറമേ മുത്താറി, ചാമ, കുമ്പളം, കക്കിരി, വെള്ളരി തുടങ്ങിയവയും ധാരാളമായി കൃഷി ചെയ്തിരുന്നു. പുരുഷന്മാർ നായാട്ടിലും, സ്ത്രീകളും കുട്ടികളും മീൻപിടുത്തത്തിലും പ്രത്യേക പ്രാവീണ്യം തന്നെ നേടിയിരുന്നു. ആദ്യകാലങ്ങളിൽ ഭക്ഷണസമ്പാദനത്തിന് മുഖ്യ ഉപാധി തന്നെയായിരുന്നു നായാട്ട്. പ്രധാനപ്പെട്ട ആയുധം അമ്പും വില്ലും. പിൽക്കാലത്ത് തോക്കും ഉപയോഗിച്ചുതുടങ്ങി. സമീപകാലത്തുവരെ അവരുടെ വിശേഷദിവസങ്ങളിൽ നായാട്ട് നിർബ്ബന്ധമായിരുന്നു. ഗോത്രത്തലവൻെറ അനുമതിയും ഇതിനുവേണമായിരുന്നു. മാംസവും മദ്യവും ഉൾപ്പെടെ പിതൃക്കൾക്കായി നൈവേദ്യം വെക്കുന്ന സമ്പ്രദായവും ഇവരുടെ ഇടയിൽ സാധാരണമായിരുന്നു.

ചെറുക്കൻെറ അമ്മാവൻ കാണിച്ചുകൊടുക്കുന്ന പെണ്ണിനെത്തന്നെ കല്യാണം കഴിക്കണമായിരുന്നുവെങ്കിലും സ്വർണ്ണത്തിന് നിർബ്ബന്ധം

ഉണ്ടായിരുന്നില്ല. എന്നാൽ വധുവിന് വെള്ളി അരഞ്ഞാണം നിർബ്ബന്ധവുമായിരുന്നു. വിവാഹാനന്തരം വധൂവരന്മാർ ഒരു വർഷക്കാലം വധുവിന്റെ വീട്ടിൽ താമസിച്ച് ജോലി ചെയ്യണമായിരുന്നു. വിവാഹച്ചടങ്ങിനു പോകുമ്പോൾ വരന്റെ കയ്യിൽ അമ്പും വില്ലും ഉണ്ടാകണം. ഏതു പ്രധാനപ്രവൃത്തിയും, തുടങ്ങും മുൻപേ മുത്തപ്പൻ, കുട്ടപ്പോതി, നെഗൽ എന്നിവയെ സ്മരിച്ചുകൊണ്ട് 'കലശം' വെയ്ക്കുകയെന്ന സമ്പ്രദായവും ഉണ്ടായിരുന്നു. സമ്പാദ്യം അടുത്ത തലമുറക്ക് കൈമാറാതെ ആരും കാണാത്ത രൂപത്തിൽ കുഴിച്ചിടുകയായിരുന്നു. രോഗശാന്തിക്കായി പച്ചമരുന്നുകൾ തന്നെ ഉപയോഗിക്കുകയും ഇതിനായി നിയോഗിക്കപ്പെട്ട ആൾ, വയ്യാതാകുമ്പോൾ വിശ്വാസമുള്ള മറ്റൊരാൾക്ക് ഈ അറിവ് കൈമാറുകയുമായിരുന്നു പതിവ്. അയിത്തം വളരെ കർക്കശമായി തുടർന്നുപോന്ന ഇവർ മറ്റുള്ളവരെ വീട് സ്പർശിക്കുവാൻപോലും അനുവദിച്ചിരുന്നില്ല. കളവുപറയുന്നവരും കള്ളം ചെയ്യുന്നവരും വിരളമായിരുന്നു. മാൻപാട്ട്, നരിപ്പാട്ട്, കൂമൻപാട്ട് തുടങ്ങിയവ ആദിവാസികളുടെ മികച്ച കലാരൂപമായിരുന്നു.

ഗ്രാമത്തിലെ വീടുകൾ മുഴുവൻ ഓലമേഞ്ഞതായിരുന്നു. വെട്ടുകല്ലുകൊണ്ട് നിർമ്മിച്ച വീടുകൾ അപൂർവ്വമായിരുന്നു. ഭൂരിപക്ഷവും ചെറ്റപ്പുരകളും കട്ടപ്പുരകളും പരദേവതാക്ഷേത്ര പരിസരത്തുണ്ടായിരുന്നതും നാൽപ്പതുകളിൽ പൊളിച്ചുമാറ്റുകയും ചെയ്ത കൊട്ടാരമായിരുന്നു ഗ്രാമത്തിലെ ആദ്യത്തെ ഓടുമേഞ്ഞവീട്.

നാല്പതുവരെ ഈ ഗ്രാമം, മഴക്കാലമായാൽ ഒറ്റപ്പെട്ടുനിൽക്കുകയായിരുന്നു. റോഡുകൾ ഒന്നുംതന്നെ ഇല്ലെന്നുപറയാം. കുളങ്ങരവീട് കടവിൽ കടത്തുതോണി ഉപയോഗിച്ചായിരുന്നു അടുത്ത വാണിജ്യകേന്ദ്രവുമായി ബന്ധപ്പെട്ടിരുന്നത്. കൊപ്ര വിൽക്കുന്നതിനായി ചെറിയ മയ്യണ്ണൂർ, പുതിയങ്ങായി, ഓർക്കാട്ടേരി, വടകര തുടങ്ങിയ സ്ഥലങ്ങളിലേക്ക് കാവ് ചുമന്നുപോകുകയായിരുന്നു പതിവ്. അടൂർകാവ് മുതൽ കുറുങ്ങോട്ടുകുന്നുവരെയും കല്ലാച്ചി മുതൽ ചുഴലി വരെയും ചെമ്മണ്ണുറോഡുകൾ ഉണ്ടായിരുന്നു. ക്രമേണ വേനൽക്കാലത്ത് കാളവണ്ടികൾ രംഗത്തുവന്നു. അമ്പതോടുകൂടിയാണ് മോട്ടോർവാഹനം ഗ്രാമത്തിലെത്തുന്നത്. 1968ൽ ബസ്സ് സർവ്വീസും ആരംഭിച്ചു. 1958-ൽ കുളങ്ങരവീട് കടവിൽ പാലം അനുവദിക്കപ്പെട്ടതോടെയാണ് വളയം ഗ്രാമത്തിൽ വാഹനഗതാഗതത്തിന് വഴി തുറക്കപ്പെടുന്നത്.

നമ്മുടെ പഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

താഴ്ന്ന ഉൽപാദനശേഷിയും ഉൽപന്നങ്ങളുടെ വിലക്കുറവും മൂലം കാർഷികമേഖലയിലുണ്ടായ മുരടിപ്പ്; വ്യവസായങ്ങളുടെ അഭാവം; വിദ്യാഭ്യസരംഗത്തെ നിലവാരത്തകർച്ച; ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നേടാൻ വിദൂരദേശങ്ങളിലേക്ക് പോകേണ്ടിവരുന്ന അവസ്ഥ ആതുര ശുശ്രൂഷാരംഗത്ത് ഏകാശ്രയമായ വളയം പ്രൈമറിഹെൽത്ത് സെൻററിന്റെ ശോച്യാവസ്ഥ; ശുദ്ധജലവിതരണപദ്ധതിയുടെ അഭാവം; വൈദ്യുതി ടെലികമ്മ്യൂണിക്കേഷൻ രംഗങ്ങളിൽ സർക്കാറുകളുടെ അവഗണന; സർവോപരി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ അപര്യാപ്തത.

☆ ☆ ☆

## വളയം ഗ്രാമപഞ്ചായത്ത് വിശേഷാൽഗ്രാമസഭ സംബന്ധിച്ച വിവരം (പട്ടിക 1. എ)

| വാർഡ് | ഗ്രാമസഭ. തീയതി | ഗ്രാമസഭയിൽ പങ്കെടുത്തവർ | | | ജില്ലാ റിസോഴ്സ് പേഴ്സൺ | പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ | പഞ്ചായത്ത് മെമ്പർമാർ | ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | ജില്ലാപഞ്ചായത്ത് മെമ്പർമാർ | എം.എൽ.എ | ഗ്രൂപ്പുകളുടെ എണ്ണം | പങ്കെടുത്ത ഉദ്യോഗസ്ഥർ | | | | പഞ്ചായത്ത് | ഗ്രാമസഭ തുടങ്ങിയ സമയം | ഗ്രാമസഭ അവസാനിച്ച സമയം | ഗ്രൂപ്പ് ചർച്ചക്കെടുത്ത സമയം (മണിക്കൂർ) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | | | | | | | | കൃഷി | ആരോഗ്യം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | മൃഗസംരക്ഷണം | | | | |
| 1 | 29-9-96 | 202 | 84 | 286 | 3 | 16 | 3 | – | 1 | – | 7 | 1 | 1 | – | – | 1 | 1.30 | 8 pm | 2 |
| 2 | 29-9-96 | 173 | 54 | 227 | 3 | 8 | 4 | – | – | – | 6 | – | 1 | – | – | 1 | 1.30 | 7 pm | 2 |
| 3 | 27-9-96 | 120 | 18 | 138 | 5 | 18 | 8 | – | 3 | – | 5 | 1 | 1 | – | 1 | 1 | 1.30 | 7 pm | 2 |
| 4 | 2-10-96 | 148 | 65 | 213 | 2 | 14 | 3 | 1 | – | 1 | 7 | 1 | 1 | – | 1 | 1 | 1.30 | 7.30 | 2 |
| 5 | 1-10-96 | 159 | 54 | 213 | 2 | 12 | 2 | – | 1 | – | 7 | 1 | 1 | 1 | 1 | 1 | 1.30 | 7 pm | 2 |
| 6 | 2-10-96 | 270 | 109 | 379 | 3 | 14 | 3 | 1 | 1 | 1 | 10 | – | 1 | – | – | 1 | 1.30 | 8 pm | 2 |
| 7 | 28-9-96 | 166 | 94 | 260 | 3 | 6 | 3 | – | – | – | 5 | 1 | – | – | 1 | 1 | 1.30 | 7.30 | 2 |
| 8 | 28-9-96 | 134 | 94 | 228 | 2 | 13 | 2 | – | 1 | – | 5 | 1 | 1 | – | – | 1 | 1.30 | 7 pm | 2 |
| 9 | 1-10-96 | 114 | 60 | 174 | 2 | 5 | 2 | – | – | – | 6 | 1 | – | – | – | 1 | 1.30 | 8 pm | 2 |

## വളയം ഗ്രാമപഞ്ചായത്ത് ഭരണം സംബന്ധിച്ച വിവരം (പട്ടിക 1. ബി)

| | | |
|---|---|---|
| 1 | പഞ്ചായത്ത് ഉൾപ്പെടുന്ന വില്ലേജുകൾ | വളയം വില്ലേജ്മുഴുവൻ, വാണിമേൽ വില്ലേജിലെ കുയിതേരി, കുണ്ടുപൊയിൽ, നിരവ്, വട്ടച്ചോല, മഞ്ഞച്ചേരി പ്രദേശങ്ങളും ഉൾപ്പെടുന്നു |
| 2 | വിസ്തീർണം ച.കി.മീ.<br>ജനസംഖ്യ | 31.08 കി.മീ<br>16,705 |
| 3 | വാർഡുകൾ<br>സംവരണവാർഡുകൾ<br>1. വനിത<br>2. പട്ടികജാതി/വർഗം | 9<br><br>2, 7, 8<br>9 |
| 4 | പഞ്ചായത്ത് രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ടസമിതികൾ (ജോയിന്റ് കമ്മിറ്റി മുതലായവ) | സ്റ്റാന്റിംഗ് കമ്മിറ്റി |
| 5 | പഞ്ചായത്ത് വികസനപരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ | വാർഡ് വികസനസമിതി, വിദ്യാഭ്യാസസമിതി |
| 6 | സ്വന്തമായി ആഫീസ് കെട്ടിടം | ഉണ്ട് |
| 7 | പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ (Ref: A annuxure XXXIV) | സെക്രട്ടറി, 1, യു.ഡി.സി. 1, എൽ.ഡി.സി. 2, പ്യൂൺ 1, പാർട്ട്ടൈം സ്വീപ്പർ 1 |
| 8 | ഭരണച്ചെലവ് | 2,92,990 രൂപ |

*അവലംബം : സെക്രട്ടറി ഡാറ്റ*

പട്ടിക 1 (സി)

## TRANSECT I

| | ഭൂപ്രകൃതി | താഴ്‌വര | ചെറിയചരിവ്/കുത്തനെ ചരിവ് | ഉയർന്ന പ്രദേശം/പീഠഭൂമി |
|---|---|---|---|---|
| 1 | മൺതരം | വെട്ടുകല്ല് | വെട്ടുകല്ല് | വെട്ടുകല്ല് |
| 2. | സസ്യാവരണം | നെല്ല്, തെങ്ങ്, കുരുമുളക് | തെങ്ങ്, കശുമാവ്, കുരുമുളക് | കശുമാവ്, തെങ്ങ് |
| 3. | പരിസ്ഥിതി പ്രശ്നങ്ങൾ | ജലക്ഷാമം, മണ്ണൊലിപ്പ്, നെല്പാടം നികത്തൽ | മണ്ണൊലിപ്പ് | കടുത്ത മണ്ണൊലിപ്പ് |

## TRANSECT II


| | ഭൂപ്രകൃതി | താഴ്‌വര | ചെറിയചരിവ്/കുത്തനെ ചരിവ് | ഉയർന്ന പ്രദേശം/പീഠഭൂമി |
|---|---|---|---|---|
| 1 | മൺതരം | വെട്ടുകല്ല് | വെട്ടുകല്ല് | വെട്ടുകല്ല് |
| 2. | സസ്യാവരണം | നെല്ല്, തെങ്ങ്, കുരുമുളക് | തെങ്ങ്, കശുമാവ്, കുരുമുളക് | കശുമാവ്, തെങ്ങ് |
| 3. | പരിസ്ഥിതി പ്രശ്നങ്ങൾ | ജലക്ഷാമം, മണ്ണൊലിപ്പ്, നെല്പാടം നികത്തൽ | മണ്ണൊലിപ്പ്, ജലക്ഷാമം | കടുത്ത മണ്ണൊലിപ്പ് |

## TRANSECT III

| | ഭൂപ്രകൃതി | താഴ്‌വര | ചെറിയചരിവ്/കുത്തനെ ചരിവ് | ഉയർന്ന പ്രദേശം/പീഠഭൂമി |
|---|---|---|---|---|
| 1 | മൺതരം | വെട്ടുകല്ല് | വെട്ടുകല്ല്, കളിമണ്ണ് | വെട്ടുകല്ല് |
| 2. | സസ്യാവരണം | നെല്ല്, തെങ്ങ്, കുരുമുളക്, കശുമാവ് | തെങ്ങ്, കശുമാവ്, കുരുമുളക് | തെങ്ങ് |
| 3. | പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ്, | മണ്ണൊലിപ്പ് | കടുത്ത മണ്ണൊലിപ്പ് |


## TRANSECT IV

| | ഭൂപ്രകൃതി | താഴ്‌വര | ചെറിയചരിവ്/കുത്തനെ ചരിവ് | ഉയർന്ന പ്രദേശം/പീഠഭൂമി |
|---|---|---|---|---|
| 1 | മൺതരം | വെട്ടുകല്ല് | വെട്ടുകല്ല് | വെട്ടുകല്ല് |
| 2. | സസ്യാവരണം | നെല്ല്, തെങ്ങ്, | തെങ്ങ്, കശുമാവ് | കശുമാവ്, തെങ്ങ് |
| 3. | പരിസ്ഥിതി പ്രശ്നങ്ങൾ | നെല്പാടം നികത്തൽ | മണ്ണൊലിപ്പ് | കടുത്ത മണ്ണൊലിപ്പ് |



വളയം ഗ്രാമപഞ്ചായത്ത്
N
ഭൂപ്രകൃതി
ചുഴലി
താഴ്വര/സമതല പ്രദേശങ്ങൾ
ചരിവ് (ഇടത്തരം/ചെറിയ ചരിവ്) പ്രദേശങ്ങൾ
ഉയർന്ന പ്രദേശങ്ങൾ (കുന്നിൻ മല)
SCALE
Meters
1CM Rep 130 Meters

# 5.1



# കൃഷിയും ജലസേചനവും

പശ്ചിമഘട്ട മേഖലയിൽ, വടക്ക്, വയനാട് ജില്ലയിലെ വനങ്ങളും കിഴക്ക് കണ്ണൂർ ജില്ലയിലെ കണ്ണവം വനങ്ങളും ചേർന്നു കിടക്കുന്ന വളയം പഞ്ചായത്തിന്റെ ഭൂരിഭാഗവും മലഞ്ചരിവുകളും താഴ്വാരങ്ങളും നിമോന്നത പ്രദേശങ്ങളുമാണ്. താഴ്വാരങ്ങളിൽ ഇരുപതു ശതമാനത്തോളം വയലുകളായിരുന്നു. ജൈവവൈവിധ്യം നിറഞ്ഞ അതിർത്തിക്കാടുകൾ ഈ പഞ്ചായത്തിന്റെ സമ്പത്തു തന്നെയായിരുന്നു. കാടുകൾ നശിച്ചതോടെ ചരിവുള്ള മലമ്പ്രദേശങ്ങളിലെ മണ്ണൊലിപ്പ് വർദ്ധിക്കുകയും മേൽമണ്ണിലെ വളാംശം കുറഞ്ഞ അവസ്ഥയിലുമാണുള്ളത്. പൊതുവെ അമ്ലത്വമുള്ള മണ്ണാണിവിടെയുള്ളത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് വളയം പ്രദേശത്ത് കൃഷി വ്യാപിക്കാൻ തുടങ്ങിയത്. കുറ്റിപ്പുറം, ആയഞ്ചേരി, പുറമേരി, കോവിലകങ്ങൾ വക ജന്മമായി കിടന്ന കാട്ടു പ്രദേശങ്ങൾ ജന്മികളിൽ നിന്ന് അദ്ധ്വാനികളായ കർഷകർ, പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് പുനം കൃഷി ആരംഭിച്ചു. കോയ്യാള, അടുക്കൻ, വയനോക്കി, തുടങ്ങിയ നാടൻ വിത്തുകളായിരുന്നു അക്കാലത്ത് കൃഷി ചെയ്തിരുന്നത്. ക്രമേണ തെങ്ങുകൃഷി ആരംഭിച്ചു. ദീർഘകാല വിളകൾ വളർച്ചയെത്തുകയും, ക്രമാതീതമായി കൃഷി ച്ചെലവ് വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ പുനം കൃഷിയും ഹ്രസ്വകാല വിളകളുടെ വ്യാപകമായ കൃഷിയും നിലച്ച അവസ്ഥയിലാണ്.

തുടർച്ചയായ കൃഷിമൂലം മണ്ണിന്റെ ജൈവാംശം നഷ്ടപ്പെട്ട്, ജല സംഭരണശേഷി കുറഞ്ഞ്, ഫലപുഷ്ടത കുറഞ്ഞ്, നാളികേര ഉല്പാദനം നന്നേ കുറഞ്ഞു. ജൈവവളങ്ങളുടെ ലഭ്യതയും താരതമ്യേന കുറവാണ്. നാളികേര വിലയിടിവിനാൽ കർഷകർക്ക് തെങ്ങ്കൃഷിയിലുള്ള താത്പര്യം കുറഞ്ഞു. ഒരു കാലത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉല്പാദിപ്പിച്ച കർഷകനുൾപ്പെട്ട ഈ പ്രദേശത്തെ ഇന്നത്തെ ശരാശരി നാളികേര ഉല്പാദനം സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞ ദയനീയ സ്ഥിതിയിലാണ്.

ഈ പ്രദേശത്ത് തന്നെ പ്രകൃത്യാ വികസിച്ചുവന്ന കരിങ്കോട്ട്യൻ വാലാം കോട്ട്യാൻ തുടങ്ങിയ കുരുമുളക് ഇനങ്ങൾ നേരത്തെ തന്നെ കൃഷിചെയ്തു വന്നിരുന്നു. 1940 കളിൽ തിരുവിതാം കൂറിൽ നിന്നുള്ള കുടിയേറ്റ കർഷകരുടെ വരവോടെ ഈ പ്രദേശങ്ങളിലെ കാർഷിക മേഖലയിൽ ചില മാറ്റങ്ങളുണ്ടായി. കരിമുണ്ട, ചേട്ടൻ, അറക്കളം മുണ്ട തുടങ്ങിയ കുരുമുളകിനങ്ങൾ കൃഷി ചെയ്യാൻ തുടങ്ങിയത് ഈ കാലത്താണ്. ഈ അടുത്ത കാലത്ത് പന്നിയൂർ ഇനങ്ങളും കൃഷി ചെയ്തുവരുന്നുണ്ട്. മിശ്ര വിളകൃഷിരീതികൾ അപ്രത്യക്ഷമാകുകയും ഏകവിള സമ്പ്രദായം വ്യാപകമാകുകയും ചെയ്തതോടെ കുരുമുളക് കൃഷിയിൽ ദ്രുതവാട്ടവും സാവധാന വാട്ടവും പ്രത്യക്ഷപ്പെട്ടു തുടങ്ങി. നല്ലരീതിയിൽ വിളവു കിട്ടിവന്നിരുന്ന കുരുമുളക് കൃഷി വ്യാപകമായി നശിച്ചു പോയതിനാൽ ഈ കൃഷിയിൽ കർഷകർക്ക് താല്പര്യം കുറയുകയും കൃഷി വളരെ ശോഷിച്ചു പോകുകയും ചെയ്തിരിക്കയാണ്.

വളരെ വികസന സാദ്ധ്യതകളുള്ളതും വരൾച്ചയെ അതിജീവിക്കാൻ ശേഷിയുള്ളതുമായ കശുമാവു കൃഷി 1940കളിൽ നാമമാത്രമായി ആരംഭിച്ചു. എന്നാൽ കശുവണ്ടി പരിപ്പിന് ലോകമാർക്കറ്റുണ്ടായതോടെയും, കുത്തക സംഭരണവും മൂലം വന്ന വില നിലവാര സ്ഥിരതയോടെയും കഴിഞ്ഞ ദശാബ്ധത്തോടെ ഈ കൃഷി വ്യാപകമാവുകയുണ്ടായി. ശാസ്ത്രീയമായ രീതിയിൽ വ്യാപിപ്പിക്കുകയാണെങ്കിൽ സാമ്പത്തിക മേഖലയിൽ പച്ചത്തുരുത്തായി മാറാൻ കഴിയുന്ന ഈ കൃഷി അതീവ ശ്രദ്ധയർഹിക്കുന്നു.

പഞ്ചായത്തിന്റെ അഞ്ചിലൊന്ന് നെൽവയലുകളായിരുന്നു. കാലകാലങ്ങളിൽ കൃത്യമായി ജലം ലഭിച്ചിരുന്ന ഇവിടങ്ങളിൽ എല്ലായിടത്തും രണ്ടു വിളകളും ചില പ്രദേശങ്ങളിൽ പുഞ്ചയും കൃഷി ചെയ്തിരുന്നു. നാടൻ ഇനങ്ങളായ ചിറ്റേനി, മുണ്ടകൻ ആയിരം കണ തുടങ്ങിയവയായിരുന്നു കൃഷിചെയ്തിരുന്നത്. ഉല്പാദനച്ചെലവിലെ വർദ്ധനവും ആവശ്യത്തിന് ജലലഭ്യത ഇല്ലായ്മയും മറ്റും കാരണം വയലുകൾ തൂർത്ത് തെങ്ങ് കൃഷി ചെയ്യുന്നതിന് കർഷകർ പ്രേരിതരായി. ഇതുമൂലം

നൂറുകണക്കിനേക്കർ നെൽവയലുകൾ ചുരുങ്ങി നാമമാത്രമായി 25 ഏക്കറായിട്ടുണ്ട്. ഭക്ഷ്യവിളകളുടെ ദൗർലഭ്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം പ്രവണതകൾ സമ്പത്ത്ഘടനയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. കൂടാതെ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും, നെൽവയലുകൾ നികത്തപ്പെട്ടതോടെ സമൂലമായി ജലശോഷണം സംഭവിക്കുകയും, കുടിനീർക്ഷാമം പോലും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഘട്ടത്തിലൂടെയാണ് കടന്നുപോവുന്നത്. നികത്തപ്പെട്ടു തെങ്ങു കൃഷി ചെയതുവരുന്ന സ്ഥലങ്ങളിൽ പച്ചക്കറികൾ, വാഴ, കൈതച്ചക്ക കൃഷികൾ വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള നാമമാത്ര നെൽവയലുകൾ നിലനിർത്തുന്നതിനും നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

ചേമ്പ്, ചേന, നാടൻ വാഴകൾ, ഇഞ്ചി, മഞ്ഞൾ, കപ്പ എന്നീ കൃഷികൾ നേരത്തെ തന്നെ ഈ പ്രദേശത്ത് വ്യാപകമായുണ്ടായിരുന്നു. കുടിയേറ്റ കർഷകരുടെ വരവോടെ കപ്പ, നേന്ത്രവാഴ എന്നീ കൃഷികൾ വ്യാപാരടിസ്ഥാനത്തിൽ കൃഷി തുടങ്ങി. കർഷക പ്രസ്ഥാനങ്ങളുടെ വരവോടെയും, ഭൂപരിഷ്കരണ നടപടികളുടെ പ്രവർത്തനവൽക്കരണത്തോടെയും, കർഷകർക്ക് കൃഷിഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചതോടെയും ഇത്തരം കൃഷിയിൽ കൂടുതൽ താല്പര്യം ജനിക്കുകയുണ്ടായി. എന്നാൽ ഇടക്കാലത്ത് കാർഷിവൃത്തിയോടുള്ള യുവലമുറയുടെ അലംഭാവവും മറ്റു സാങ്കേതിക പ്രശ്നങ്ങളും ഇന്ന് ഈ കൃഷികളെ ഇവിടെ പരിമിതപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയാവബോധം വളർത്തുകയും നല്ലയിനം നടീൽ വസ്തുക്കൾ വിതരണം നടത്തുകയും ചെയ്ത് ഈ കൃഷികൾ വീണ്ടും ഉയർത്തികൊണ്ടുവരേണ്ടതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ലോറി വിഭവങ്ങളെ മാത്രം ആശ്രയിച്ചു കഴിയുന്നതിനു പകരം കാർഷികവിഭവങ്ങളുടെ സ്വയം പര്യാപ്തത നേടുന്നതിനുള്ള ഉൽപാദനക്ഷമത കൈവരിക്കാനും, ഇന്ന് നല്ലൊരളവിൽ പാഴായിപോകുന്ന പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്താനുമുള്ള കർമ്മപദ്ധതി താമസംവിനാ ആവിഷ്കരിച്ച് പ്രായോഗികമാക്കേണ്ടതാണ്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 31.08 സ്ക്വയർ കി.മീറ്ററാണ്. പശ്ചിമഘട്ടമലനിരകളോട് ചേർന്ന് കിടക്കുന്ന മലയോര പ്രദേശങ്ങൾ 30 ശതമാനത്തോളം വരും ഇവിടങ്ങളിൽ തെങ്ങുകൃഷിക്കാണ് പ്രാമുഖ്യം. കുരുമുളക്, കശുമാവ്, എന്നിവയും, ഹൃസ്വകാല വിളകളായ ഇഞ്ചി, മഞ്ഞൾ, ചേന, വാഴ, കപ്പ തുടങ്ങിയവയും കൃഷിചെയ്തു വരുന്നു. കൂടാതെ ആറ് ഹെക്ടറോളം സ്ഥലത്ത് റബ്ബറും (ക്ലോണൽ) കൃഷി ചെയ്യുന്നു.

600 ഹെക്ടറോളം നെൽപാടങ്ങളുണ്ടായിരുന്ന ഈ ഗ്രാമത്തിൽ 10 ഹെക്ടറോളം മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളു. പല കാരണങ്ങളാൽ നെൽകൃഷി ആദായകരമല്ലാതായതിനാൽ നെൽവയലുകൾ നികത്തി നാണ്യവിളകളായ തെങ്ങുവെച്ചു പിടിപ്പിക്കുകയും വീടും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുകയും ചെയ്തു തുടങ്ങിയതാണിതിന് കാരണം. നാമമാത്രമായി ഇപ്പോൾ നടത്തിവരുന്ന നെൽകൃഷിയിൽ നിന്ന് ഒരു ഹെക്ടറിൽ 3800 കി.ഗ്രാം. മുതൽ 4200 കി.ഗ്രാം വരെ നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട്. പവിഴം, ജയ, ത്രിവേണി, തുടങ്ങിയവയാണ് വിത്തിനങ്ങൾ.

അവശേഷിക്കുന്ന സമതല പ്രദേശങ്ങളിലും മുഖ്യകൃഷി തെങ്ങു തന്നെ. പലതരം രോഗങ്ങൾ പിടിപെട്ട് വ്യാപകമായ തോതിൽ നാശം സംഭവിക്കാനിടയായതിനാൽ, ആശങ്കയോടെയാണെങ്കിലും കുരുമുളകും കൃഷിചെയ്യുന്നു. ഇവിടങ്ങളിൽ ചില പ്രദേശങ്ങളിൽ കവുങ്ങ്, കശുമാവ് കൃഷിയും ഇടവിളകളായി ചേമ്പ്, ചേന, കപ്പ, വാഴ് എന്നിവയും ചെറിയതോതിൽ കൃഷി ചെയ്യുന്നു.

## വളം

ഇടക്കാലത്ത് പ്രചാരത്തിൽ വന്ന രാസവളങ്ങളുടെ വർദ്ധിച്ച രൂപത്തിലുള്ള ഉപയോഗം മറ്റു പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇവിടെ വ്യാപകമായിട്ടില്ല. അതേ സമയം ജൈവവളത്തിന്റെ പ്രയോഗം വളരെ കുറഞ്ഞു പോയിട്ടുമുണ്ട്.

ജൈവവളത്തിന്റെ കൂടിയവിലയും, ലഭ്യതകുറവും ഇതിന് പ്രധാന കാരണങ്ങളാണ്. ജൈവാംശവും പോഷകമൂലകങ്ങളും പ്രധാനം ചെയ്യുന്ന പയർവർഗ്ഗ ചെടികളുടെ കൃഷിപോലും നാമമാത്രമാണ്. ചുരുക്കം ചില കർഷകർ പുറം സംസ്ഥാനങ്ങളിൽ നിന്ന് കോഴി കാഷ്ഠം, ചാണകം, എന്നിവ വാഹനങ്ങളിൽ കൊണ്ടു വരുന്നുണ്ട്.

കർഷകർ രാസവളം വാങ്ങിക്കുന്നത് പ്രധാനമായും വളയം സഹകരണബേങ്കിന്റെ വളം ഡിപ്പോയിൽ നിന്നാണ്. കൂടാതെ മറ്റു പ്രദേശങ്ങളിലെ ഡിപ്പോകളെയും ആശ്രയിക്കുന്നു. സ്വകാര്യമേഖലയിൽ ഈ പഞ്ചായത്തിൽ രാസവള വില്പന കേന്ദ്രമില്ല.

## കീടനാശിനികൾ

പ്രധാനമായും കീടനാശിനികൾ ഉപയോഗപ്പെടുന്നത് കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരായാണ്. ശാസ്ത്രീയമായ കാഴ്ചപാടില്ലായ്മ മൂലം ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. മറ്റു മേഖലകളിൽ കാര്യമായി കീടനാശിനികൾ ഉപയോഗിക്കുന്നില്ല.

## കാർഷികോപകരണങ്ങൾ

കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തെപ്പറ്റി ചിന്തിക്കുക പോലും ചെയ്യാത്ത സ്ഥിതിയാണുള്ളത്.

ഇത്രയും വിശാലമായ ഭൂപ്രദേശത്ത് ഒരു ട്രാക്ടറോ-ട്രില്ലറോ പോലുമില്ല. പാരമ്പര്യമായി ഉപയോഗിച്ചുവരുന്ന കാർഷികോപകരണങ്ങളാണ് ഇന്നും ഉപയോഗിക്കപ്പെടുന്നത്.

## പ്രശ്നങ്ങൾ

1. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെയും ഗൾഫ് പണത്തിന്റെ വരവോട് കൂടിയും കൃഷിക്കാരുടെ പിന്മുറക്കാർ മറ്റുതൊഴിൽ മേഖലകളിലേക്ക് മാറിതുടങ്ങിയതു കൊണ്ട് കാർഷിക മേഖലയിൽ പ്രതിസന്ധി നേരിടുന്നു.

2. വയലുകൾ നികത്തി കുനിയാക്കി മാറ്റുന്നത്കൊണ്ട് പച്ചക്കറി കൃഷി നാമമാത്രമവുകയും പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. മാത്രമല്ല വയലുകൾ കുനിയാക്കി അവിടെ കെട്ടിടങ്ങൾ നിർമ്മിച്ചത് കാരണം നെൽ വയലുകളുടെ വിസ്തീർണ്ണം വലിയ തോതിൽ കുറയാനിടയാക്കി.

3. ചെറു കൃഷികളായിരുന്ന ചേന, ചേമ്പ്, നനകിഴങ്ങ്, മഞ്ഞൾ, ഇഞ്ചി, തുടങ്ങിയ കൃഷികൾ കുറഞ്ഞുവരുന്നു. നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതകുറവ് ഇതിന്റെ പ്രധാന കാരണമാണ്.

4. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ചെയ്യുന്ന സമ്പ്രദായമില്ല.

5. കാലി സമ്പത്ത് കുറഞ്ഞുവന്നത് കൊണ്ടും, നിബിഡമായ വൃക്ഷങ്ങൾ വെട്ടിമാറ്റിയതുകൊണ്ടും ജൈവവളത്തിന് ക്ഷാമം അനുവഭിക്കുന്നു.

6. കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് കൊണ്ടും, കൃഷി ചിലവുകൾ വർദ്ധിപ്പിച്ചതു കൊണ്ടും കാർഷികമേഖലയിൽ പണി എടുപ്പിക്കാത്ത സ്ഥിതി.

7. ആധുനിക കൃഷിയന്ത്രങ്ങളുടെ അഭാവമുണ്ട്.

8. പഞ്ചായത്തിൽ 75% ത്തിലധികം പ്രദേശത്തും വൈദ്യുതി ലഭ്യമല്ല. വൈദ്യുതി ഉപയോഗിച്ചുള്ള ജലസേചനസൗകര്യമില്ല.

9. തേങ്ങയുടെ ഉൽപാദനം കുറഞ്ഞു വരുന്നു.

10. തെങ്ങിന്റെ ഇടയകലം കുറഞ്ഞത് കൊണ്ട് ചില പ്രദേശങ്ങളിൽ ഉൽപ്പാദനം കുറയുന്നു.

11. കുരുമുളക് കൃഷി ദ്രുതവാട്ടവും, സാവധാന വാട്ട രോഗവും കാരണം പാടെ നശിക്കുന്നു.

12. കവുങ്ങിന്റെ മഹാളിരോഗം, അടക്കയുടെ വലിയ തോതിലുള്ള വിലയിടിവ്, എന്നിവ കാരണം ഈ കൃഷിയോട് താല്പര്യം കുറഞ്ഞു വരുന്നു.

13. കശുമാവിന്റെ തടിതുരപ്പൻ രോഗവും, കൊമ്പ് ഉണക്കവും കാരണം കശുമാവുകൾ വ്യാപകമായി നശിക്കുന്നു.

14. കൃഷിഭവന്റെ പ്രവർത്തനം കർഷകരിൽ വേണ്ടത്ര എത്തുന്നില്ല.

15. കാർഷികോൽപ്പന്നങ്ങൾക്ക് വേണ്ടത്ര വിപണന സൗകര്യമില്ല.

16. ഭൂരിഭാഗം ഭൂമിയും നേരിട്ട് കാർഷികജോലി ചെയ്യുന്ന ആളുകളുടെ കൈവശമല്ല. ഉദ്യോഗസ്ഥർ, കച്ചവടക്കാർ, ഗൾഫ്കാർ, ഇടത്തരം ഭൂവുടമകൾ എന്നിവരിലും, ഇവരിൽ നല്ലൊരു വിഭാഗം ഈ പഞ്ചായത്തിന് പുറത്ത് കൈവശഭൂമികളിൽ നിന്ന് വളരെ അകലെയുമാണ്. ഇത്തരക്കാരുടെ ഭൂമികളിൽ നാണ്യവിളമാത്രമാണ് കൃഷിചെയ്യുന്നത്. ഇടവിളകൾ തീരെ കൃഷിചെയ്യുന്നില്ല. താല്പര്യമുള്ള ആളുകൾക്ക് കൃഷിയാവശ്യത്തിന് ഭൂമി ലഭിക്കുന്നില്ല.

17. കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ജീവിതം വഴിമുട്ടി നിൽക്കുന്നു.

18. പുതിയ തലമുറ കാർഷികമേഖലയിലേക്ക് ആകർഷിക്കപ്പെടുന്നില്ല.

19. നിലവിലുള്ള കൃഷിക്കാർ കാർഷികേതര മേഖലയിലേക്ക് അകന്ന് പോകുന്നു.

20. കാർഷിക മേഖലയിലെ ചില ജോലികൾക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടുന്നില്ല.

21. കർഷകതൊഴിലാളികളുടെ കൂലിനിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുകയും, സേവന നിലവാരം കുറയുകയും ചെയ്യുന്നു.

## സാദ്ധ്യതകൾ പരിഹാരമാർഗങ്ങൾ

1. പഞ്ചായത്ത്തലത്തിൽ നല്ലയിനം നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തുവാൻ നഴ്സറി സ്ഥാപിക്കുക.

2. പഞ്ചായത്ത് അടിസ്ഥാനത്തിൽ മണ്ണ് പരിശോധന സംവിധാനം ഏർപ്പെടുത്തുക.

3. കശുവണ്ടി കൃഷി ലാഭകരമാക്കാൻ സാദ്ധ്യത ഏറെയാണ്. ഇതിനാവശ്യമായ പ്രോൽസാഹനവും ബോധവൽക്കരണവും നടത്തുക.

4. തെങ്ങിന്റെ കൂമ്പ് ചീയ്യൽ, ഓല ചീയ്യൽ, കുരുമുളക് വള്ളിയുടെ ദ്രുതവാട്ടം, സാവധാനവാട്ടം എന്നീ രോഗങ്ങളെപ്പറ്റി ഗവേഷണം നടത്തി പ്രതിവിധി കണ്ടുപിടിക്കുക.

5. ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ ശീമകൊന്ന, മരുത്, ആലം, തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

6. പഞ്ചായത്തിലെ ഓരോ വീട്ടിലും കമ്പോസ്റ്റ് വള നിർമ്മാണം ആരംഭിക്കുക.

7. പച്ചക്കറി കൃഷിയും, കപ്പ, നേന്ത്രവാഴ, നാടൻ വാഴ, ഇഞ്ചി, മഞ്ഞൾ ചേന, ചേമ്പ്, മുത്താറി, നനകിഴങ്ങ്, ചാമ തിന, എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കുവാൻ അത്യുല്പാദശേഷിയുള്ള വിത്തുകളും, നടീൽ വസ്തുക്കളും ആവശ്യമായ ജൈവവളവും സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കുക.

മേൽകൃഷികൾക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കുക.

8. കീടങ്ങളെ നശിപ്പിക്കാൻ കൂടുതലായി ജൈവ കീടനാശിനികൾക്ക് പ്രാധാന്യം നൽകുക.

9. കാർഷിക വിളകൾ നശിപ്പിക്കുന്ന കന്നുകാലി

കളെ പിടിച്ചുകെട്ടാൻ രണ്ട് കേന്ദ്രങ്ങളിൽ പൗണ്ട് (കച്ചേരി ആല) നിർമ്മിക്കുക.

10. രോഗങ്ങൾ കാരണം നശിക്കുന്ന എല്ലാ വിള കൾക്കും ഇൻ ൻസ് ആനുകൂല്യം ഏർപ്പെടുത്തുക.

11. വിള ഇൻഷൂറൻസ് ആനുകൂല്യം മുഴുവൻ കൃഷിക്കാർക്കും ബാധകമാക്കുക

12. കൃഷിഭവന്റെ പ്രവർത്തനം സജീവമാക്കുക. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന ആനുകൂല്യ ങ്ങൾ മുഴുവ കർഷകർക്കും ലഭ്യമാക്കുക.

13. കയ്യാലകെട്ടി മണ്ണൊലിപ്പു തടയാനുള്ള പ്രവൃ ത്തികൾക്ക് പലിശ രഹിത വായ്പ നൽകുക.

14. പഞ്ചായത്തിലെ എല്ലാ ചെരിവുള്ള പ്രദേശ ങ്ങളെയും ഉൾപ്പെടുത്തി മൈക്രോവാട്ടർ ഷെഡ് പദ്ധ തിയുണ്ടാക്കി ആ പ്രദേശങ്ങളുടെ സമഗ്ര വികസനം ത്വരിതപ്പെടുത്തുക.

15. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മോഡേൺ കൃഷിക്ക് സാദ്ധ്യതയുണ്ട്. ആവശ്യമായ നെൽവിത്ത് കൃഷിക്കാർക്ക് സൗജന്യമായി നൽകുക.

16. മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യയും, സാമ്പത്തികസഹായവും കൃഷി ക്കാർക്ക് ലഭ്യമാക്കുക.

17. വിള മത്സരം സംഘടിപ്പിക്കുക. ഏറ്റവും നല്ല കൃഷിക്കാരന് പ്രോത്സാഹനസമ്മാനം ഏർപ്പെടുത്തുക.

18. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറ പ്പുവരുത്തുകയും പഞ്ചായത്ത് തലത്തിൽത്തന്നെ വിപ ണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

19. കൃഷിയാവശ്യത്തിനായി ദീർഘകാല വായ്പ കൾ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുക.

20. വാർഡുതലത്തിൽ കാർഷിക സെമിനാറുകൾ സംഘടിപ്പിച്ചു ആധുനിക കൃഷിരീതിയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.

21. കാർഷികവിളകൾ നശിപ്പിക്കുന്ന എലി, കൊമ്പൻ ചെല്ലി, തുടങ്ങിയ ജീവികളെ നശിപ്പിക്കാൻ ശാസ്ത്രീയ വിദ്യകൾ കൃഷിക്കാരിലെത്തിക്കുക.

22. ഇന്ന് നിലവിലുള്ള നെൽവയലുകൾ നില നിർത്തി കൃഷിയിറക്കുവാൻ കർഷകർക്ക് സാമ്പത്തിക, സാങ്കേതിക സഹായം എത്തിക്കുക.

23. നിലവിലുള്ള നെൽവയലുകൾ നികത്തുന്നതു കർശനമായി തടയുക.

24. നൂതന കൃഷി സംരംഭം എന്ന നിലയിൽ കൂൺ, പുഷ്പ കൃഷി, മൾബറി, മത്സ്യകൃഷി, തേനീച്ച വളർത്തൽ എന്നിവയിൽ കൃഷിക്കാർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

25. ഓരോ വീട്ടിലും അടുക്കളതോട്ട മാതൃകയിൽ പച്ചക്കറി കൃഷിയാരംഭിക്കുക.

26. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ പച്ചി ലകൾ ധാരാളമുണ്ട്. അവിടങ്ങളിൽ വ്യാവസായികാടി സ്ഥാനത്തിൽ കമ്പോസ്റ്റ് നിർമ്മിച്ചു വിപണനം നട ത്തുക.

27. വരൾച്ചയെ അതിജീവിക്കുന്നതും, തെങ്ങ് കൃഷിയെക്കാളും ലാഭകരവുമായ കശുമാവ് കൃഷി ജല ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, തെങ്ങിൻ തോട്ടങ്ങ ളിൽ ഇടവിളയായി കൃഷിചെയ്തു വിളവെട്ടുക്കാറായാൽ കശുമാവ് തോട്ടങ്ങളാക്കി മാറ്റുക.

28. ഔഷധ സസ്യകൃഷി തോട്ടമടിസ്ഥാനത്തിൽ ആരംഭിക്കുക.

29. മാമ്പഴം, ചക്ക, തുടങ്ങിയ നാടൻ പഴവർഗ്ഗ ങ്ങളുടെ കൃഷി ശാസ്ത്രീയവും, വിപുലവുമാക്കുക.

30. പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലമായ മഞ്ഞപ്പള്ളി കാട്ട് പറമ്പിൽ പച്ചക്കറി കൃഷിക്കായി ഉപ യോഗപ്പെടുത്തുക.

31. കൈതച്ചക്ക വ്യാപകമായി കൃഷി ചെയ്യുന്ന തിന് പ്രോൽസാഹനം നൽകുക.

# ജലസേചനം

മഴയെ മാത്രം ആശ്രയിച്ചു കൊണ്ടുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഈ പഞ്ചായത്തിൽ നില നിൽക്കുന്നത് വർഷത്തിൽ ശരാശരി 300. സെ.മീ. മഴ ലഭിക്കുന്നു. വർഷപാതത്തിന്റെ കണക്കുകൾ പരിശോ ധിച്ചാൽ ഇവിടെ ലഭിക്കുന്ന മഴയുടെ 75%വും കാല വർഷത്തിൽ നിന്നാണ് ലഭിക്കുന്നതെന്നു കാണാം.

ജൂൺ, ജൂലായ് മാസത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് നവംബർ മാസത്തിലും. മഴയിൽ കൂടി ലഭിക്കുന്ന ജലത്തിന്റെ 10 ശതമാനം മാത്ര മാണ് കൃഷിക്കായി ഉപയോഗിക്കാൻ കഴിയുന്നത് ബാക്കി മുഴുവൻ ഒഴുകി നഷ്ടപ്പെട്ടു പോകുന്നു.

ഒഴുകി നഷ്ടപ്പെടുന്ന ജലത്തെ തടഞ്ഞു നിർത്തി കൃഷിക്ക് ഉപയോഗപ്പെടുത്താൻ ഒരു സംവിധാനവും നിലവിലില്ല.

പശ്ചിമഘട്ട മല നിരകളിൽ നിന്നാരംഭിച്ചു ഈ പഞ്ചായത്തിലെ ആയോട് - വള്ള്യാട് -മുതുകുറ്റി- കൂട ലായ് വഴി ഒഴുകി കണ്ണൂർ ജില്ലയിലെ ചെറ്റക്കണ്ടി പുഴ യിൽ ചേരുന്ന മുതുകുറ്റി പുഴയാണ് ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്ന ഏക പുഴ.

കൂടാതെ 11 ഓളം തോടുകൾ 1 ചിറ സ്വകാര്യ മേഖലകളിലെ 13 കുളങ്ങൾ എന്നിവയാണ് മറ്റു ജല സ്രോതസ്സുകൾ.

ആറാം വാർഡിലുള്ള മഞ്ഞപ്പള്ളി കുളവും, എട്ടാം വാർഡിലെ താനിക്കുഴി ചിറയുമാണ് പഞ്ചായത്ത് അധീനതയിലുള്ളത്. ഇതിൽ മഞ്ഞപ്പള്ളി കുളം ഈ അടുത്ത കാലത്തായി സമഗ്ര നാളികേര വികസന പദ്ധ തിയിൽ ഉൾപ്പെടുത്തി ആഴവും വീതിയും കൂട്ടി ആ പ്രദേ ശത്തെ ചുരുക്കം നാളികേര കൃഷിക്കാർക്കായി ഉപയോ ഗപ്പെടുത്തുന്ന തൊഴിച്ചാൽ ജലസേചനരംഗത്ത് ഒരു പദ്ധതിയും ഈ പഞ്ചായത്തിലില്ല.

അതു കൊണ്ട് തന്നെ വേനൽ കാലവരൾച്ചമൂലം ഈ പഞ്ചായത്തിലാകമാനം കാർഷികവിളകൾ പാടെ നശിച്ചുപോകുന്ന അവസ്ഥയാണ് ഇന്നുള്ളത്.

മേൽ പറഞ്ഞ തോടുകളിലും കുളങ്ങളിലുമെല്ലാം തന്നെ മാർച്ച് മാസം മുതൽ കാലവർഷാരംഭം വരെ വെള്ളത്തിന്റെ തോത് കുറഞ്ഞു വരുന്നു.

ഈ പഞ്ചായത്തിലെ കാർഷിക മേഖല ഇന്നു നേരിട്ടു കൊണ്ടിരുക്കുന്ന പ്രധാന പ്രശ്നം കൃഷിയാവശ്യത്തിനായി ഉപയോഗിക്കാൻ ജലസേചന പദ്ധതികൾ ഇല്ല എന്നതാണ്.

ആവശ്യത്തിന് വെള്ളം ലഭിച്ചു കഴിഞ്ഞാൽ കാർഷിക രംഗത്ത് ഇന്നുള്ള ഉൽപ്പാദനമുരടിപ്പിന് അന്ത്യം കുറിക്കാൻ കഴിയുമെന്നതിൽ രണ്ടഭിപ്രായമില്ല. ആ രൂപത്തിലുള്ള ജലസേചന പദ്ധതികൾ ആരംഭിച്ചാൽ വരണ്ട് കിടക്കുന്ന ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ പച്ചപിടിപ്പിക്കാൻ കഴിയുമെന്ന സ്വപ്നത്തിലാണ് ഇവിടുത്തെ കൃഷിക്കാർ.

ജലസേചനരംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചു കഴിഞ്ഞ ഗ്രാമസഭകളിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ പരിഹാരമാർഗങ്ങൾ പഞ്ചായത്തിൽ കൂടി ഒഴുകുന്ന, ഭൂമിക്കുണ്ട്, ചാമയിൽ താഴെ, ചുഴലി-എടത്തിൽ താഴ, കളരിക്കൽ- ചെറുമോത്ത്, താമരശ്ശേരി-തൃക്കോട്ടുന്നുമ്മൽ, പൂവംവയൽ- ചെക്കിക്കുണ്ട് വണ്ണാർകണ്ടി, തോടുകളിൽ ബണ്ടുകൾ കെട്ടി കൃഷിക്ക് ഉപയോഗിക്കുക.

2. മുതുകുറ്റി പുഴയിൽ ചന്ദനാണ്ടിപ്പൊയിൽ, കൂടലായ് മാവുള്ളചാൽ, ഭാഗങ്ങളിൽ ബണ്ട് കെട്ടുക.

3. താനിക്കുഴി ചിറയിൽ കിണർ കുഴിയ്ക്കുക. മോട്ടോർ പമ്പ് ഉപയോഗിച്ചു ജലസേചന സൗകര്യമേർപ്പെടുത്തുക.

4. ചെമ്പോടത്ത് താഴ ചീപ്പ്, അറ്റകുറ്റപണി നടത്തുക

5. മഞ്ഞപ്പള്ളിക്കുളം വിപുലപ്പെടുത്തി ഇന്നുള്ളതിൽ കൂടുതൽ സ്ഥലത്ത് ജലസേചനം വ്യാപിപ്പിക്കുക.

6. അഴിയിട്ടകണ്ടം, മുതുകുറ്റി, മഞ്ഞച്ചേരി, ചെമ്പോടത്ത് താഴ, നിടും കണ്ടി വയൽ, മണലോടി, ഉള്ളേര്യരിക്കുഴി, എന്നീ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക. ആവശ്യമായി വരുന്ന സ്ഥലവും മനുഷ്യാദ്ധ്വാനവും സൗജന്യമായി ലഭിക്കും.

7. ഈ പഞ്ചായത്തിലുള്ള കുഴൽ കിണറുകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കൃഷിക്കായി വെള്ളം പമ്പു ചെയ്യാൻ ഏർപ്പാടുണ്ടാക്കുക.

8. ട്രിപ്പ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.

9. കുറ്റ്യാടി ജലസേചനപദ്ധതിയിൽ വളയം പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

10. മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി താഴെ പറയുന്ന പുഴയുടെയും തോടുകളുടെയും സൈഡ് കെട്ടി തൂർന്നു പോകുന്ന മണ്ണ് സംരക്ഷിച്ചു നിർത്തുക.

1. മുതുകുറ്റിപുഴ- കൂടലായ് -പയ്യേരിക്കാവ് ഭാഗങ്ങളിൽ

2. പൂവം വയൽ- ചെക്കിക്കുണ്ട്- വണ്ണാർകണ്ടി തോട്

3. ചാമയിൽ താഴതോട്,

4. ചുഴലിതോട്, എടത്തിൽ വരെയുള്ളത്

5. ഓലെത്തോട്

6. പുഞ്ചയിൽ തോട്.

11. സമഗ്ര നാളികേര പദ്ധതിയിൽ ഉൾപ്പെടുത്തി മണങ്ങാട്ടറതാഴക്കുളം വീതിയും, ആഴവും കൂട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തുക.

12. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പൊതു കിണറുകൾ കുഴിച്ചു വെള്ളം കൃഷിക്കായി ഉപയോഗപ്പെടുത്തുക.

ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതാണ്.

### നടപ്പുപദ്ധതികളുടെ അവലോകനം

### സമഗ്രനാളീകേര വികസന പദ്ധതി

30 സെന്റിൽ കുറയാത്ത സ്ഥലത്ത് 25ൽ കുറയാത്ത എണ്ണം തെങ്ങ് കൃഷി ചെയ്യുന്ന കർഷകർക്ക് കിണർ കുഴിക്കുന്നതിന് 7500 രൂപ വായ്പയും 2500 രൂപ സബ്സിഡിയും, പമ്പുസെറ്റ് വാങ്ങുന്നതിന് ചെലവിന്റെ 1/3 ഭാഗം (പരമാവധി 7500 രൂപ) സബ്സിഡിയും നൽകുന്ന പദ്ധതി. കർഷകർ പഞ്ചായത്തിൽ നിലവിലുള്ള കേര വികസന സമിതിയിൽ അംഗങ്ങളായിരിക്കണം.

## സാമൂഹിക ജലസേചന പദ്ധതി

കൃത്യമായി ജലലഭ്യതയുള്ള പ്രദേശങ്ങളിൽ 5 ഹെക്ടറിൽ കൂടുതൽ തെങ്ങു കൃഷിയുള്ള സ്ഥലങ്ങൾ ഏകോപിപ്പിച്ച് ജലസേചനം നടത്തുന്നതിന് ഹെക്ടറിന് 20,000 രൂപ എസ്റ്റിമേറ്റിന്റെ 85% സബ്സിഡിയായും നൽകുന്ന പദ്ധതി. ഇതിൽ കുളം പമ്പുസെറ്റുകൾ, ടാങ്ക് പ്ലംബിംങ്ങ് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

തെങ്ങ് കയറ്റുയന്ത്രം : തെങ്ങ് കയറ്റുയന്ത്രത്തിന് 500 രൂപ സഹായധനം നൽകുന്ന പദ്ധതി.

## വിള ഇൻഷൂറൻസ്

ഒരു നിശ്ചിത തുക പ്രീമിയമായി സ്വീകരിച്ച് നിർദ്ദിഷ്ട സമയത്തേക്ക് വിളകൾ ഇൻഷൂർ ചെയ്യുന്ന പദ്ധതി. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നിശ്ചിത തുക നഷ്ടപരിഹാരമായി നൽകുന്നു.

## SC/ST കിണർ:

പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക്

കിണർ കുഴിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്ന പദ്ധതി.

**ഗ്രീൻഹൗസ്:** നഴ്സറികളുടെ ആവശ്യത്തിനും മറ്റും ഉപയോഗിക്കാവുന്ന ഫിലിം റൂഫ്സ് ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി.

**കവുങ്ങ് കൃഷി വികസനം:** കവുങ്ങിലെ മാഹാളി രോഗത്തിനെതിരെ മരുന്ന് തെളിക്കുന്നതിന് ഒരു ഹെക്ടറിന് 50% 400 രൂപയിൽ ക്ലിപ്തപ്പെടുത്തി സഹായം നൽകുന്ന പദ്ധതി.

## പ്രത്യേക തൊഴിൽദാനപദ്ധതി

20നും 40നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങളെ പ്രീമിയം പിരിച്ചെടുത്ത് അംഗങ്ങളായി ചേർത്ത് 60 വയസ്സു തികയുമ്പോൾ റിട്ടയർമെന്റ് ആനുകൂല്യങ്ങളും, പെൻഷനും മറ്റ് ഇൻഷൂറൻസ് ആനുകൂല്യങ്ങളും നൽകൽ. കൂടാതെ കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ അനുവദിച്ച് സ്വയം പര്യാപ്തരാക്കുന്നതിനുള്ള പദ്ധതി.

സ്ക്കൂൾ കുട്ടികൾക്കായി വീട്ടുവളപ്പിൽ പച്ചക്കറികൃഷിക്കായി വിത്ത് വിതരണം നടത്തുന്ന പദ്ധതി.

## കണിക ജലസേചനം:

കണിക ജലസേചനപദ്ധതി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 15,000 രൂപ സബ്സിഡി നൽകുന്ന പദ്ധതി.

## IPDS:


സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷിപ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധതരം പദ്ധതികൾ.

## ബയോഗ്യാസ്:

ദിനബന്ധു ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി.

കാർഷിക മേഖലയിൽ ഇങ്ങിനെ ഒട്ടേറെ പദ്ധതികൾ നിലവിലുണ്ടെങ്കിലും കൃഷിക്കാർ ഇവയെ വേണ്ട വിധം പ്രയോജനപ്പെടുത്താത്ത അവസ്ഥയുണ്ട്. പദ്ധതികളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്.





വളയം ഗ്രാമപഞ്ചായത്ത്
ജലവിഭവങ്ങൾ
N
ചിറ
വളയം
കുളം
പഞ്ചായത്ത് കിണർ
SCALE

പട്ടിക 5.1. (എ)

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തവ | കായ്ക്കുന്നവ | ആകെ | ലിഫ്കോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | |
| 1 | 339 | 8950 | 50650 | 59500 | 1785 | 35 | 88 | 38 | 1946 |
| 2 | 296 | 4250 | 47620 | 51870 | 1520 | 24 | 48 | 79 | 1671 |
| 3 | 316 | 7636 | 47664 | 55300 | 1559 | 40 | 73 | 96 | 1768 |
| 4 | 288 | 8070 | 42330 | 50400 | 1480 | 12 | 97 | 74 | 1663 |
| 5 | 334 | 8768 | 44250 | 53018 | 1590 | 18 | 85 | 63 | 1756 |
| 6 | 314 | 8850 | 50323 | 59173 | 1562 | 25 | 63 | 71 | 1721 |
| 7 | 348 | 15225 | 45600 | 60825 | 1700 | 19 | 78 | 59 | 1856 |
| 8 | 332 | 14375 | 45325 | 59700 | 1628 | 38 | 96 | 63 | 1825 |
| 9 | 318 | 13900 | 41750 | 55650 | 1641 | 680 | 65 | 29 | 2415 |
| ആകെ | 2885 | 90024 | 415512 | 505536 | 14465 | 891 | 693 | 572 | 16621 |

പട്ടിക 5.1. (ബി)

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണം |
|---|---|
| നിലം | 15 ഹെക്ടർ |
| പുരയിടം | 3008 |
| പുറമ്പോക്ക് | 3 ഹെക്ടർ |
| കൃഷിയോഗ്യതകൾ | — |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 74 ഹെക്ടർ |
| ആകെ | 3100 ഹെക്ടർ |

പട്ടിക 5.1. (സി)

## വളയം പഞ്ചായത്ത്
## കൈവശ ഭൂമി വിസ്തീർണ്ണം

| വാർഡ് | നാമമാത്രകർഷകർ 1 ഹെക്ടറിൽ താഴെ | ചെറുകിടകർഷകർ 1–2 ഹെക്ടർ | വൻകിടകർഷകർ 2 ഹെക്ടറിന് മുകളിൽ |
|---|---|---|---|
| 1 | 268 | 76 | 9 |
| 2 | 273 | 51 | 18 |
| 3 | 358 | 69 | 12 |
| 4 | 204 | 53 | 6 |
| 5 | 334 | 73 | 13 |
| 6 | 296 | 55 | 17 |
| 7 | 304 | 68 | 23 |
| 8 | 307 | 89 | 30 |
| 9 | 243 | 114 | 49 |



പട്ടിക 5.1. (ഡി)

## ഭൂവിനിയോഗം

| വിനിയോഗം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) | വിസ്തീർണ്ണം |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 10800 Kg | 1800 Kg | 6 ഹെക്ടർ (89–90) |
| നെല്ല് (രണ്ടാംവിള) | 6000 | 2000 | 3 ഹെക്ടർ |
| നെല്ല് (മുന്നാംവിള) | — | — | — |
| തെങ്ങ് | 25243750 Nuts | 8750 Nuts | 2885 |
| മിശ്രിതവിളകൾ | | | |
| മിശ്രിതവൃക്ഷങ്ങൾ | | | |
| തരിശ്– കൃഷി ചെയ്യാവുന്നത് | — | — | — |
| തരിശ്– കൃഷി ചെയ്യാൻ പറ്റാത്തത് | | | |
| പച്ചക്കറികൾ | 3 Tone | 1 Tone | 3 ഹെക്ടർ |
| ജലാശയങ്ങൾ | | | |
| ചതുപ്പ് | | | |
| കുരുമുളക് | 108 MT | 3.4 MT | 120 ഹെക്ടർ |
| കവുങ്ങ് | 315 MT | 21 MT | 15 ഹെക്ടർ |
| കശുമാവ് | 341250 Kg | 8750 Kg | 39 ഹെക്ടർ |
| ചെങ്കൽക്വാറി | | | |
| കപ്പ | 120 | 10 MT | 12 ഹെക്ടർ |
| വാഴ | 450 | 2500 Kg | 180 ഹെക്ടർ |
| പയർ | 7200 Kg | 400 Kg | 18 ഹെക്ടർ |

പട്ടിക 5.1. (ഇ)

## വിളവിസ്തീർണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 6 ഹെക്ടർ (89-90) | 10800 Kg | 1800 Kg |
| നെല്ല് (രണ്ടാംവിള) | 3 ഹെക്ടർ | 6000 | 2000 |
| നെല്ല് (മൂന്നാംവിള) | — | — | — |
| പയർ | 18 ഹെക്ടർ | 7200 Kg | 400 Kg |
| എള്ള് | — | — | — |
| പച്ചക്കറികൾ | 3 ഹെക്ടർ | 3 Tone | 1 Tone |
| തെങ്ങ് | 2885 | 25243750 Nuts | 8750 Nuts |
| വാഴ | 180 ഹെക്ടർ | 450 | 2500 Kg |
| മരച്ചീനി | 12 ഹെക്ടർ | 120 | 10 MT |
| കുരുമുളക് | 120 ഹെക്ടർ | 108 MT | 3.4 MT |
| പ്ലാവ് | — | — | — |
| കശുമാവ് | 39 ഹെക്ടർ | 341250 Kg | 8750 Kg |
| മാവ് | — | — | — |
| റബ്ബർ | 15 ഹെക്ടർ | 51000 Kg | 3400 Kg |
| കവുങ്ങ് | 15 ഹെക്ടർ | 315 MT | 21 MT |

പട്ടിക 5.1. (എഫ്)

## രാസവളപ്രയോഗം

| | |
|---|---|
| 1993-94 | 10.5 ടൺ |
| 1994-95 | 12.5 ടൺ |
| 1995-96 | 11.5 ടൺ |

## പട്ടിക 5.1. (ജി)

## കാർഷികോപകരണങ്ങൾ


| വാർഡ് | ഉഴവുപകരണങ്ങൾ | | | | | | മരുന്നുതളി ഉപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | ഗോക്ക് സ്പ്രെയർ | നാവ്സ്റ്റോക്ക് സ്പ്രെയർ | മറ്റുള്ളവ | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
| 1 | | | 15 | | | | | | 2 |
| 2 | | | 9 | | 2 | | | | 1 |
| 3 | | | 5 | | | | | | 1 |
| 4 | | | 7 | | | | | | 1 |
| 5 | | | 10 | | | | | | 2 |
| 6 | | | 11 | | | | | | 1 |
| 7 | | | 13 | | | | | | 2 |
| 8 | | | 6 | | | | | | 3 |
| 9 | | | 3 | | | | | | 3 |

## പട്ടിക – ജി

## ജലസേചനസംവിധാനങ്ങൾ

| വാർഡ് | പൊതുജലസേചനകിണർ | കുഴൽക്കിണർ | കുളം | ക്രോസ്ബാർ | ചിറ്റ് |
|---|---|---|---|---|---|
| 1 | | | 2 | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | 1 | | |
| 6 | | | 1 | | 1 |
| 7 | | | 1 | | |
| 8 | | | | | |
| 9 | | | | | |

# വളയം ഗ്രാമപഞ്ചായത്ത്
# വിളകൾ, പ്രധാനമൺതരങ്ങൾ



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

മലയോര മേഖലയായ വളയം പഞ്ചായത്തിൽ ഏതാണ്ട് അമ്പത്കൊല്ലം മുമ്പുവരെ കൃഷിയും കാലിവളർത്തലും മാത്രമായിരുന്നു ജനങ്ങളുടെ ഉപജീവനമാർഗ്ഗം. കൃഷിഭൂമിയുടെ എൺപതു ശതമാനത്തോളം കയ്യടക്കിവെച്ചിരുന്ന ഇടത്തരം ജന്മി കു ടുംബങ്ങളിൽ അക്കാലത്ത് നൂറുകണക്കിന് കാലികളെ വളർത്തിയിരുന്നു. സാധാരണ കൃഷിക്കാരുടേയും കർഷകതൊഴിലാളികളുടെയും വീടുകളിൽ ഒന്നും രണ്ടും വീതം കന്നുകാലികളെ വളർത്തിയിരുന്നു. ജന്മികുടുംബങ്ങളിലെ കാലികളെ മേയ്ക്കുന്നത് തൊഴിലായി സ്വീകരിച്ചിരുന്നവരും ധാരാളമുണ്ടായിരുന്നു. മലയോരമേഖലകളിൽ കാലികളെ മേയ്ക്കാൻ മാത്രമായി പ്രത്യേകസ്ഥലങ്ങളും തളച്ചിടാൻ ആലകളും ഉണ്ടായിരുന്നു. വളയം ചെക്യാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കാലിക്കൊളുമ്പ് എന്ന പ്രദേശത്തിൻെറ പേരുതന്നെ ഇതുമായി ബന്ധപ്പെട്ടതാണ്. വൈകുന്നേരങ്ങളിൽ നൂറു കണക്കിന് കാലികളെ കൂട്ടംകൂട്ടമായി തെളിച്ചു കൊണ്ടുപോകുന്നത് സ്ഥിരമായ കാഴ്ചയായിരുന്നു. ഇവയിൽ വണ്ടിക്കാള, ഉഴവുകാള, കറവപ്പശു ക്കൾ എന്നിവ ഉൾപ്പെട്ടിരുന്നു. മേഞ്ഞുനടക്കുന്ന കാലികളിൽ നിന്ന് കൃഷി സംരക്ഷിക്കുവാൻ ചുറ്റുവേലികളും അതിൻെറ പ്രവേശനമാർഗ്ഗമായി ആനവാതിലുകളും അന്ന് ഉണ്ടായിരുന്നു.

ആയോട്, കണ്ടിവാതുക്കൽ, കുളുക്കപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ അക്കാലത്ത് ആന, പുലി, നരി, മാൻ, പന്നി, കുരങ്ങ്, മുള്ളൻപന്നി എന്നിവ ധാരാളം ഉണ്ടായിരുന്നു. ഇപ്പോഴും നാമമാത്രമായി ചില വന്യമൃഗങ്ങൾ ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നു. പക്ഷെ ഇവയെല്ലാംഅതിവേഗം നശിച്ചുകൊണ്ടിരിക്കുകയാണ്. വരുംതലമുറക്ക് കാണാൻപോലും ഒന്നും ബാക്കിയുണ്ടാവില്ല എന്നതാണ് സ്ഥിതി. അതുകൊണ്ട് വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിന് നമ്മൾ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.

കാലം ചെല്ലും തോറും കാർഷികമേഖല ആദായകരമല്ലാതായി തീരുകയും കൃഷിയിടങ്ങൾ ചുരുങ്ങിവരികയും ചെയ്തതോടെ കാലിവളർത്തലും നാ മമാത്രമായിത്തീർന്നു. മേയാൻ ഇടമില്ല, തീറ്റപ്പുല്ല് കിട്ടാനില്ല. വയലുകളും ഇല്ലാതായതോടെ ഉഴവുകാളകളും ഇല്ലാതായി. കാളവണ്ടികളുടെ സ്ഥാനത്ത് മോട്ടോർ വാഹനങ്ങൾ വന്നതോടെ വണ്ടിക്കാളകളു ടെ ആവശ്യവും ഇല്ലാതായി. സ്ക്കൂളുകളും, കോളേജുകളും വന്നതോടെ ജനങ്ങൾ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം മനസ്സിലാക്കി, തൊഴിൽ സങ്കൽപ്പങ്ങൾ മാറി, സർക്കാർ ജോലികളും പലവിധ കച്ചവടങ്ങളും, മറ്റ് തൊഴിലുകളും സ്വീകരിച്ച ജനങ്ങൾക്ക് കാലിമേയ്ക്കാനും, കാലിവളർത്താനും, താല്പര്യം കുറഞ്ഞു. കാലിവളർത്തൽ തീരെ ആദായകരമല്ല എന്ന തും ഇതിന് പ്രധാനമായ ഒരു കാരണമായി. അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന തീറ്റപ്പുല്ല് വിലകൊടുത്തുവാങ്ങി കാലികളെ വളർത്തുന്നത് ആദായകരമല്ല. നമ്മുടെ പ്രദേശത്ത് വളർത്തുന്ന പശുക്കളിൽ 90%വും ഉൽപാദനം വളരെ കുറഞ്ഞ നാടൻ ഇനങ്ങളാണ്. അതിനാൽ കാലിവളർത്തൽ ആദായകരമാവണമെങ്കിൽ അത്യുൽപ്പാദനശേഷിയുള്ള സങ്കരവർഗ്ഗങ്ങളെ വളർത്താൻ ശ്രദ്ധിക്കുകയും തീറ്റപ്പുല്ല് ക്ഷാമം പരിഹരിക്കുവാൻ കൂട്ടുകൃഷി അടിസ്ഥാനത്തിൽ തീറ്റപ്പുല്ല് കൃഷി ചെയ്യുകയും വേണം.

ഉല്പാദിപ്പിക്കപ്പെടുന്ന പാലിന് വിപണികണ്ടെത്തുകയാണ് മറ്റൊരു അടിയന്തിര ആവശ്യം. ചിലയി ടങ്ങളിൽ പാലിന് കടുത്ത ക്ഷാമം അനുഭവപ്പെടുകയും അതേസമയം മറ്റ് ചിലയിടങ്ങളിൽ പാലിന് വിപണനസൗകര്യമില്ലാതിരിക്കുകയും ചെയ്യുന്നു എന്നതാണ് ഇപ്പോഴത്തെ അവ

സ്ഥ. ഇതു പരിഹരിക്കുവാൻ സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈറ്റികൾ സ്ഥാപിക്കുകയാണ് മറ്റൊരു പ്രധാന ആവശ്യം. ക്ഷീരോല്പാദകരിൽ നിന്ന് ന്യായമായ വിലക്ക് പാൽ ശേഖരിക്കുവാനും അത് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാനും, ലളിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ക്ഷീരോൽപ്പന്നങ്ങൾ ഉണ്ടാക്കുവാനും ഈ സൊസൈറ്റികൾക്ക് കഴിയണം.

ആടുവളർത്തലിൻെറ സ്ഥിതിയും ഇതുതന്നെയാണ്. വളരെ ചുരുങ്ങിയ തോതിലേ ഇന്ന് ആടു കളെ വളർത്തുന്നുള്ളൂ. ഇതുതന്നെ മലയോരങ്ങളിലാണ് കൂടുതൽ.

ഈ പഞ്ചായത്തിലെ 50 ശതമാനത്തോളം വീടുകളിൽ കോഴികളെ വളർത്തുന്നുണ്ട്. ഇവയിൽ അധികവും നാടൻ ഇനത്തിൽ പെട്ടവയാണ്. കോഴിവളർത്തൽ ഒരു കുടിൽ വ്യവസായമെന്ന നിലയിൽ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മിക്ക വീടുകളിലും രണ്ടോ മൂന്നോ കോഴികളെ വീതമാണ് വളർത്തുന്നത്. കോഴിവസന്ത, കോഴിവസൂരി തുടങ്ങിയ രോഗങ്ങൾ വന്ന് ഉള്ള കോഴികൾ തന്നെ ചത്തൊടുങ്ങുകയാണ്. ശാസ്ത്രീയമായ രീതിയിൽ ഒരു കുടിൽ വ്യവസായമായി കോഴിവളർത്തൽ ആരംഭിക്കേണ്ടതാണ്. താറാവ്, മുയൽ എന്നിവയെ വളർത്തുന്നതിന് സാമ്പത്തിക സഹായവും സാങ്കേതിക പരിശീലവും നൽകി വിപുല പ്പെടുത്തേണ്ടതാണ്.

മൃഗപരിപാലനരംഗത്ത് നമ്മുടെ പഞ്ചായത്ത് അടുത്തകാലംവരെ വളരെ പിന്നിലായിരുന്നു. കാലികൾക്ക് ചികിത്സാസൗകര്യമോ, ബീജസങ്കല സൗകര്യമോ പ്രതിരോധകുത്തിവെപ്പിനുള്ള സൗകര്യമോ ഉണ്ടായിരുന്നില്ല. എന്നാൽ 1995ൽ പഞ്ചായത്തിലെ കുറ്റിക്കാട് പ്രദേശത്ത്, കേരള കർഷകസംഘം വളയം വില്ലേജ് കമ്മറ്റി സംഭാവന ചെയ്ത അഞ്ചുസെൻറ് സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണിയുകയും, മൃഗാശുപത്രി പ്രവർത്തിച്ച് തുടങ്ങുകയും ചെയ്തതോടെ സ്ഥിതി വളരെ മാറിയിട്ടുണ്ട്. എന്നിരുന്നാ ലും യാത്രാസൗകര്യം വളരെ കുറവായതുകൊണ്ട് പഞ്ചായത്തിലെ 8,9 വാർഡുകളിലെ ജനങ്ങൾ മൃഗാശുപത്രിയുമായി ബന്ധപ്പെടുവാൻ വളരെയധികം ബുദ്ധിമുട്ടുന്നു. മൃഗാശുപത്രിയിൽ പതിവായി മൃഗപരിപാലനത്തെപ്പറ്റി കൃഷിക്കാർക്ക് ക്ലാസ്സുകൾ കൊടുക്കാൻ കഴിയണം. മൃഗാശുപത്രിയോടനുബന്ധിച്ച് കാലിത്തൊഴുത്ത് പണിയുകയും വേണം.

## സാധ്യതകൾ

1. ആട്, പശു, കോഴി എന്നിവയെ വാങ്ങുന്നതിന് സാമ്പത്തികസഹായം അനുവദിക്കുക.
2. തീറ്റപ്പുൽ കൃഷിക്ക് വിത്തും, സാമ്പത്തിക സഹായവും നൽകുക.
3. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.
4. വളയം പഞ്ചായത്തിലാകെ പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായസഹകരണസംഘം രൂപീകരിക്കുക.
5. കോഴിവളർത്തൽ സഹകരണസംഘം സ്ഥാപിക്കുക.
6. കോഴിത്തീറ്റ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. ഓരോ വാർഡിലും കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. പുഴ, തോട്, കുളം എന്നിവയുടെ സമീപവാസികൾക്ക് താറാവ് വളർത്താനുള്ള പ്രോത്സാഹനം നൽകുക.
8. നല്ലയിനം കന്നുകാലികളെ വളർത്താനുള്ള ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിക്കുക.
9. മലയോരം കേന്ദ്രീകരിച്ച് വന്യമൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
10. കല്ലുനിരയിലും ചുഴലിയിലും മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
11. ശാസ്ത്രീയ രീതിയിലുള്ള അറവുശാല വളയം ടൗണിൽ സ്ഥാപിക്കുക.
12. വളർത്ത് നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം നടപ്പിലാക്കുക.
13. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായകളെ നശിപ്പിക്കുക.
14. മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഇലക്ട്രിസിറ്റി കണക്ഷനും, മരുന്നു

കൾ കേടുവരാതെ സൂക്ഷിക്കുന്നതിന് ഫ്രിഡ്ജും അനുവദിക്കുക.

15. മിനി ഡയറി യൂനിറ്റുകൾ അനുയോജ്യമായ കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.
16. വനിതാ സംഘങ്ങൾക്ക് പശു വളർത്താനുള്ള പദ്ധതി നടപ്പിലാക്കുക.
17. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

**പട്ടിക**


**വളർത്തുമൃഗങ്ങളും പക്ഷികളും**

| മൃഗങ്ങളുടെ ഇനം | വർഷം 1996 |
|---|---|
| പശുക്കൾ: | |
| സങ്കരയിനം | 269 |
| നാടൻ | 2259 |
| ആട് | 1795 |
| പന്നി | 1 |
| നായ | 182 |
| മുയൽ | 4 |
| കോഴി | 6328 |
| താറാവ് | 12 |

18. പന്നിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

## നിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നതിന് ആളുകളെ തെരഞ്ഞെടുത്തയയ്ക്കുക.
2. ജില്ലാടിസ്ഥാനത്തിൽ മൃഗസംരക്ഷണ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.





# മത്സ്യബന്ധനം


തീരപ്രദേശമല്ലാത്തതിനാൽ ഇവിടെ മത്സ്യ ബന്ധനം ഇല്ല. എന്നാൽ മത്സ്യബന്ധനവുമായി ബ ന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന മത്സ്യവിതരണതൊഴിലാളികൾ പഞ്ചായത്തിലുണ്ട്. അസംഘടിതരായ ഈ വിഭാഗം തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു സഹകരണ സംഘം സ്ഥിപിക്കണം. പഞ്ചായത്തിലെ എല്ലാ കേന്ദ്രങ്ങളിലും മത്സ്യവിതരണം കാര്യക്ഷമമാക്കാനും, മത്സ്യതൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ഈ സൊസൈറ്റിക്ക് കഴിയണം.

## മത്സ്യം വളർത്തൽ

പഞ്ചായത്തുവകയായും, സ്വകാര്യവ്യക്തികളുടെതുമായി പതിനാലു കുളങ്ങളും ഒരു ചിറയും ഗ്രാമത്തിലുണ്ട്. ആവശ്യമായ സാമ്പത്തിക സഹായവും മത്സ്യക്കുഞ്ഞുങ്ങളെയും നൽകുകയാണെങ്കിൽ ആ ദായകരമായ രീതിയിൽ മത്സ്യക്കൃഷി നടത്താവുന്നതാണ്. സാങ്കേതികപരിജ്ഞാനവും പ്രോത്സാഹനവും നൽകി സ്വകാര്യവ്യക്തികളെയും ഈ രംഗത്തേക്ക് ആകർഷിക്കാവുന്നതാണ്.

# 5.3

# വ്യവസായം



വളയം ഗ്രാമപഞ്ചായത്ത് വ്യാവസായിക രംഗത്ത് തികച്ചും പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ്. പരമ്പരാഗതമോ ആധുനികമോ ആയ ഒരു വ്യവസായവും ഈ പഞ്ചായത്തിലില്ല. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നതും 30ഓളം തൊഴിലാളികൾ ജോലി ചെയ്തിരുന്നതുമായ ഒരു ചകിരി സംസ്കരണ യൂണിറ്റ് ഈ പഞ്ചായത്തിലെ ഏക സ്ഥാപനമായിരുന്നു. എന്നാൽ ഈ സ്ഥാപനം 10 വർഷത്തോളമായി പൂട്ടിക്കിടക്കുകയാണ്. ഈ പഞ്ചായത്തിൽ വ്യവസായം ഉയർന്നുവരാത്തതിന്റെ കാരണങ്ങൾ പലതരത്തിലുള്ളതാണ്. ഈ പഞ്ചായത്തിലെ 75% പ്രദേശങ്ങളും വൈദ്യുതീകരിക്കാത്തതാണ്. വ്യവസായങ്ങൾ ഉയരാത്തതിന് ഏറ്റവും പ്രധാന കാരണം, ഗതാഗത വാർത്താവിനമയ രംഗത്തുള്ള അപര്യാപ്തതയും വ്യവസായ രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് മറ്റൊരു കാരണമാണ്. പരമ്പരാഗതമായി കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരായതുകൊണ്ടും അവരുടെ ശ്രദ്ധ കാർഷിക മേഖലയിലൊതുങ്ങിപ്പോയതുകൊണ്ടും വ്യവസായ മേഖലയെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ബോധവാനമാരായിരുന്നില്ല. വൈദ്യുതിയുടെ ആവശ്യമില്ലാതെ പ്രവർത്തിക്കാവുന്ന ചെറുകിട മേഖലകളിലേക്കും മുമ്പ് ജനശ്രദ്ധ ആകർഷിക്കപ്പെട്ടിരുന്നില്ല. ഈ അവസ്ഥ മാറ്റിയെടുക്കുവാൻ ഒരു പുത്തൻ വ്യവസായ ശ്യംഖലതന്നെ ഈ ഗ്രാമപഞ്ചായത്തിൽ വാർത്തെടുക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കു പരിഹാരം കാണുന്നതിനും വ്യവസായവൽക്കരണത്തിന് അടിത്തറയിടുന്നതിനുമാവശ്യമായ ശ്രമങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നിർദ്ദേശം ബ്ലോക്ക് താലൂക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ അനുമതിയോടു കൂടി സംസ്ഥാന വ്യവസായ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം എത്രയും പെട്ടെന്ന് ഉണ്ടാവേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ സംഘടിപ്പിക്കപ്പെട്ട വിശേഷാൽ ഗ്രാമസഭകളിൽ വ്യവസായവൽക്കരണത്തിന്റെ പ്രധാന്യത്തെയും സാധ്യതകളെയും പറ്റി ചർച്ചകൾ ഉയർന്നു വന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ലഭ്യമാകുന്ന നാളീകേരം വ്യാവസായിക ആവശ്യത്തിന് കാര്യക്ഷമമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.
2. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്.
3. വൈദ്യുതിയുടെ അഭാവം.
4. വ്യാവസായിക വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധമില്ലായ്മ.
5. വ്യവസായ മേഖലയെക്കുറിച്ചുള്ള അജ്ഞത.

## സാധ്യതകൾ

1. വ്യവസായിക വികസനത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുക.
2. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനാവശ്യമായ ധനസഹായം നൽകുക.
3. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
4. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
5. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

പഞ്ചായത്തിൽ തുടങ്ങാൻ സാധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ

1. ചകിരി കയർ വ്യവസായ യൂണിറ്റ്
2. നാളികേര സംസ്കരണ യൂണിറ്റ്
3. നാളികേര സംഭരണശാല
4. കൊപ്രഡയർ
5. ചിരട്ട സംസ്കരണ യൂണിറ്റ്

6. നാളികേര സംസ്കരണത്തിൽ നിന്നുണ്ടാകുന്ന ഉപോൽപ്പന്നങ്ങൾ ഉപയോഗിച്ച് ചെറുകിട മേഖലയിൽ മിഠായി നിർമ്മാണം.

7. റെഡിമെയ്ഡ് വ്യവസായം

8. ഇഷ്ടിക, ഹോളോബ്രിക്സ്, വെൽക്കർവ് നിർമ്മാണം.

9. ഭൂമിശാസ്ത്രപരമായി കരിങ്കൽ നിക്ഷേപം കൂടുതലുള്ള ഈ ഗ്രാമപഞ്ചായത്തിൽ, ജില്ലി, ബോളർ നിർമ്മാണ യൂണിറ്റുകൾക്ക് സാധ്യതയേറെയാണ്.

10. ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം.

11. സോപ്പു നിർമ്മാണ യൂണിറ്റ്

12. അവൽ നിർമ്മാണ യൂണിറ്റ്

13. പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് പ്രതിമ നിർമ്മാണം.

14. ഭക്ഷ്യ സംസ്കരണത്തിന്റെ ഭാഗമായി ബേക്കറികൾ, അച്ചാർ നിർമ്മാണം, ജാം നിർമ്മാണം എന്നീ യൂണിറ്റുകൾ

15. ചന്ദനത്തിരി, മെഴുകുതിരി, നോട്ടുബുക്ക്, ചപ്പൽ, ബാഗ്, തീപ്പെട്ടി എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ.

16. കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലുപകരണങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഇരുമ്പുരുക്ക് നിർമ്മാണ യൂണിറ്റ്

17. കറിപൗഡർ നിർമ്മാണ യൂണിറ്റ്

18. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്

19. ഗ്രാമപഞ്ചായത്തിലെ മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന കുറിച്ച്യർ വിഭാഗത്തിൽപ്പെട്ട ആളുകൾ ചൂരൽ ഉപയോഗിച്ച് കസേര, കുട്ട, എന്നിവ നിർമ്മിക്കാറുണ്ടായിരുന്നെങ്കിലും സംഘടിതമായ രീതിയിലല്ലാത്തതുകൊണ്ട് ഇതിന്റെ ഉല്പാദനം നിലച്ചിരിക്കുകയാണ്. ഇതിനു പരിഹാരം കാണാനും ഈ മേഖല വികസിപ്പിക്കാനും ഉതകുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കണം.

20. സൂപ്പർ വൈറ്റ് നിർമ്മാണ യൂണിറ്റ്

21. ഫ്ളോർ മിൽ യൂണിറ്റ്

22. ഫർണ്ണിച്ചർ വ്യവസായം

23. പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണ യൂണിറ്റ്

24. ചെങ്കൽ വ്യവസായ യൂണിറ്റ്.

25. സിമന്റ് ഉപയോഗിച്ച് കട്ടില, ജാലകം തുടങ്ങിയ ഗൃഹനിർമ്മാണോപകരണ നിർമ്മാണ യൂണിറ്റ്.

26. പട്ടുനൂൽ വ്യവസായം

27. സോഡാ നിർമ്മാണ യൂണിറ്റ്

28. കശുവണ്ടി സംസ്കരണ യൂണിറ്റ്


29. പാക്കുനിർമ്മാണ യൂണിറ്റ്

30. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ്

31. ബനാനാ ചിപ്സ് നിർമ്മാണ യൂണിറ്റ്

32. ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ തല്പരരായ ആളുകൾക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും തൊഴിൽ പരിശീലനവും നല്കുന്നതിനു വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നൽകേണ്ടതുണ്ട്.

മുകളിൽ പറഞ്ഞ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ മനുഷ്യാധ്വാനം നൽകാൻ പഞ്ചായത്തിലെ ജനങ്ങൾ തയ്യാറാണ്. വ്യവസായ യൂണിറ്റുകൾ വഴി ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ വിറ്റഴിക്കാനും മറ്റുമായി പഞ്ചായത്തിന്റെ കേന്ദ്രമായി വളയം ടൗണിൽ ഒരു ആഴ്ചച്ചന്ത ആരംഭിക്കണം.



# 5.4 വിദ്യാഭ്യാസം



ഔപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ എ ന്ന നിലയിൽ 10 വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളുള്ള 7 എൽ.പി. സ്ക്കൂളുകളും 5ാം ക്ലാസ്സ് വരെയുള്ള ഒരു സ്ക്കൂളും 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള ഒരു യു.പി. സ്ക്കൂളും 5 മുതൽ 12 വരെ ക്ലാസ്സുകളുള്ള ഒരു ഹയർസെക്കന്ററി സ്ക്കൂളും ഇതിൽ ഉൾപ്പെടുന്നു. സ്ക്കൂളുകൾ വിദ്യാർത്ഥികൾ അദ്ധ്യാപകർ എന്നിവരെക്കുറിച്ചുള്ള പട്ടിക കൊടുക്കുന്നു. (പട്ടിക 4 എ)

ഒരു എൽ.പി. സ്ക്കൂളും ഹയർ സെക്കന്ററി സ്ക്കൂളും ഒഴികെ മറ്റുള്ളവയെല്ലാം സ്വകാര്യമേഖലയിലാണ് പ്രവൃത്തിക്കുന്നത്. ഭൂരിപക്ഷം വിദ്യാലയങ്ങളും ഒന്നു മുതൽ നാല് വരെ കീലോമീറ്റർ ചുറ്റളവിൽ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ മലയോര പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് 15 കി.മീ.ഓളം സഞ്ചരിച്ചാണ്. വിദ്യാലയങ്ങളിൽ എത്തേണ്ടത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പഞ്ചായത്തിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിച്ചിട്ടില്ല. 1991 ലാണ് വളയം ഗവ: ഹൈസ്ക്കൂൾ ഹയർ സെക്കന്ററി ആക്കി ഉയർത്തിയത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതികസ്ഥാനങ്ങളോ ഈ മലയോര പഞ്ചായത്തിലില്ല. ഉപരി പഠനത്തിന് മടപ്പള്ളി, മൊകേരി ഗവ: കോളേജുകളെയാണ് ആശ്രയിക്കുന്നത്.

അൺ എയ്ഡഡ് സ്ക്കൂളുകളോ, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോ ഈ പഞ്ചായത്തിൽ ഇല്ല. അടുത്ത കാലത്തായി മൂന്ന് പാരലൽ കോളേജുകൾ വളയത്ത് പ്രവൃത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ ഒരു നഴ്സറി സ്ക്കൂളും, ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു ബാലവാടിയും, പഞ്ചായത്ത് നിയന്ത്രണത്തിലുള്ള ഒരു ശിശു മന്ദിരവുമാണ് ഈ പഞ്ചായത്തിലെ ശിശു വിദ്യാഭ്യാസ കേന്ദ്രങ്ങൾ.

അടുത്ത കാലത്തായി പട്ടണങ്ങൾ കേന്ദ്രീകരിച്ചുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് കുട്ടികളുടെ ഒഴുക്ക് തുടങ്ങിയിട്ടുണ്ട്. ഇതും, ജനന നിരക്കിലുള്ള കുറവും, പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കുറവിന് കാരണമായി തീർന്നിട്ടുണ്ട്.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം പൊതുവേ താഴ്ന്നതാണ്. - 1996-97 അക്കാദമിക്ക് വർഷത്തെ പാദവാർഷിക പരീക്ഷയിൽ 3 മുതൽ 10 വരെ ക്ലാസുകളിലെ നിലവാരം കാണിക്കുന്ന പട്ടിക ഇതൊടൊപ്പം ചേർക്കുന്നു.(പട്ടിക 4 ബി)

വിദ്യഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിടെയും വാർഡുതല വിദ്യാഭ്യാസ സമിതികളുടെയും, അദ്ധ്യാപക രക്ഷാകർത്ത സമിതികളുടെയും, മാതൃ സമിതികളുടെയും നേതൃത്വത്തിൽ നടന്ന് വരുന്നുണ്ട്. പഞ്ചായത്ത് എല്ലാ സ്ക്കൂളുകളിലും പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ ചില വിദ്യാലയങ്ങളിൽ വ്യക്തികളുടെ പേരിലുള്ള എന്റഡോവ്മെന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഓരോ ക്ലാസ്സുകളിലും പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വളയം ഹയർ സെക്കന്ററി സ്ക്കൂളിൽ ആവശ്യമായ ബിൽഡിംഗ് ഇല്ലാത്തതിനാൽ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുന്നു. S.S.L.C. വിജയശതമാനം തുടർച്ചയായി 15% ൽ കുറവാണ്.

വളയം ഹയർസെക്കന്ററി സ്ക്കൂളിലെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിജയ ശതമാനം കാണിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക 4 ഡി

| വർഷം | വിജയശതമാനം |
|---|---|
| 1991-92 | 9% |
| 1992-93 | 13% |
| 1993-94 | 9% |
| 1994-95 | 11% |
| 1995-96 | 13% |

ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കാൻ കഴിയുന്ന വിധത്തിൽ 20 മുറികളുള്ള ഒരു ബിൽഡിങ്ങിൻെറ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. ഷിഫ്റ്റ് സമ്പ്രദായം

2. രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്

3. അദ്ധ്യാപകരുടെ അർപ്പണബോധത്തിന്റെ അഭാവം

4. താഴ്ന്ന അച്ചടക്ക നിലവാരം

5. ലബോറട്ടറി സൗകര്യത്തിന്റെ കുറവും ഉള്ളത് പ്രയജനപ്പെടുത്താത്ത അവസ്ഥയും.

6. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്താത്ത അവസ്ഥ.

7. പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾ അടുത്തുള്ള പഞ്ചായത്തുകളിലെ ഹൈസ്ക്കൂളുകൾ തേടിപ്പോവുന്നു.

8. വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം.

ഭൗതീക സാഹചര്യങ്ങളുടെ കാര്യത്തിൽ മറ്റ് വിദ്യാലയങ്ങളുടെ സ്ഥിതിയും ശോചനീയമാണ്. ചുഴലി ഗവ: എൽ.പി. സ്കൂൾ ഒഴികെയുള്ളതെല്ലാം മാനേജ്മെന്റ് സ്ക്കൂളായതിനാൽ ജനപങ്കാളിത്തത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ കഴിയുന്നില്ല. മിക്ക മാനേജ്മെന്റുകളും സ്ക്കൂളുകളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്താൻ ശുഷ്കാന്തി കാണിക്കുന്നില്ല. ആവശ്യമായ കളിസ്ഥലം, പഠനോപകരണങ്ങൾ, മൂത്രപ്പുര, ചുറ്റുമതിൽ, കിണർ എന്നിവയുടെ അഭാവം ഈ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നു. ചുഴലി : ഗവ: എൽ.പി. സ്ക്കൂളിന്റെ നിലവിലുള്ള കെട്ടിടവും, സ്ഥലവും ജനപങ്കാളിത്തത്തോടെ കൈവരിച്ചതാണ്. കെട്ടിടത്തിന്റെ മേൽക്കൂര ഇപ്പോഴും ഓല മേഞ്ഞതാണ്. ശുദ്ധജലവിതരണത്തിന് ആവശ്യമായ സംവിധാനവും ഇല്ല.

## സാധ്യതകൾ

ഗവ: ഹയർ സെക്കണ്ടറി സ്ക്കൂളിനനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണം വേഗം പൂർത്തിയാക്കുക.

പ്ലസ്-ടു. വിഭാഗത്തിൽ സയൻസ് കോഴ്സ് അനുവദിക്കുക. വളയം ഹയർസെക്കന്ററി സ്കൂളിൽ ഒരു തൊഴിലധിഷ്ഠിത കോഴ്സ് അനുവദിക്കുക. ചുറ്റമതിലുകളും, ക്ലാസ്സ് പാർട്ടീഷനുകളും ഇല്ലാത്ത സ്ക്കൂളുകളിൽ അത് നിർമ്മിക്കുക.

ശുദ്ധജലം ലഭ്യമല്ലാത്ത സ്കൂളുകളിൽ അത് ലഭ്യമാക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കുക.

എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

മൂത്രപ്പുരകളില്ലാത്ത സ്കൂളുകളിൽ അവ നിർമ്മിക്കുക.

ഓലമേഞ്ഞ കെട്ടിടങ്ങളുടെ മേൽക്കൂര ഓടുമേയുക

മലയോര പ്രദേശമായ പുഞ്ചയിലും മണിയാല ഭാഗത്തും ഓരോ എൽ.പി. സ്കൂളുകൾ സ്ഥാപിക്കുക.

ചുഴലി ഗവ: എൽ.പി. സ്കൂൾ അപ്ഗ്രേഡു ചെയ്യുക.

യു.പി. സ്കൂൾ ആവശ്യമായ മറ്റു സ്ഥലങ്ങളിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള എൽ.പി. സ്കൂളുകൾ അപ്ഗ്രേഡു ചെയ്യുകയോ പുതിയത് അനുവദിക്കുകയോ ചെയ്യുക.

പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്ക്കൂൾ അനുവദിക്കുക.

പഞ്ചായത്തിൽ ഒരു സ്പോർട്സ് വികസന കേന്ദ്രം ആരംഭിക്കുക.

വനിതാ തൊഴിൽ പരിശീലനകേന്ദ്രം, പോളിടെക്നിക് എന്നിവ ആരംഭിക്കുക.

പഞ്ചായത്തിലെ ഗിരിവർഗ്ഗ മേഖലയിൽ ഒരു കോളേജ്, ടെക്നിക്കൽ ഹൈസ്കൂൾ, ഹോസ്റ്റൽ എന്നിവ ആരംഭിക്കുക.

എല്ലാ വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ ബാലവാടികളും അംഗനവാടികളും സ്ഥാപിക്കുക.

വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ വസ്തുക്കൾ വളയം മാവേലി സ്റ്റോർ വഴി വിതരണം ചെയ്യുക.

എല്ലാ സ്ക്കൂളുകളിലും പ്രീ പ്രൈമറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

വിദ്യാർത്ഥികൾക്ക് നോട്ട് ബുക്ക് നിർമ്മാണം, കരകൗശല വസ്തു നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുക.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് വാർഡ് തല വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

വൈദ്യുതീകരിക്കാത്ത വിദ്യാലയങ്ങൾ വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കുക.

എല്ലാ വിദ്യാലയങ്ങളിലും സംഗീത- ചിത്രകലാദ്ധ്യാപകരെ നിയമിക്കുക.

അദ്ധ്യാപകരുടെ പുനഃപരിശീലനത്തിന്റെ ഉത്തരവാദിത്വം പഞ്ചായത്ത്തല സമിതി ഏറ്റെടുത്ത് കാര്യക്ഷമമായി നടത്തുക.

4-ാം തരത്തിലും 7-ാം തരത്തിലും പഞ്ചായത്ത് തലത്തിൽ പൊതുപരീക്ഷ സമ്പ്രദായം ഏർപ്പെടുത്തുക.

വള്ള്യാട് ഒരു ഏക അദ്ധ്യാപക വിദ്യാലയം സ്ഥാപിക്കുക.

ഓരോ ക്ലാസിലും പഠിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. പട്ടിക 5.4. (എ)

| ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 9 | 2 | 3 | 3 | 10 | 5 | 11 | 11 | 13 | 12 |

## പട്ടിക 5.4. (ബി)

# വിദ്യാലയവിവരങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ്/ സർക്കാർ | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | ഗവ: ഹയർസെക്കന്ററിസ്കൂൾ, വളയം | സർക്കാർ | 1013 | 909 | 1922 | 66 |
| 2 | വളയം യു.പി.എസ്. | എയിഡഡ് | 569 | 504 | 1073 | 36 |
| 3 | വളയം നോർത്ത് എൽ.പി.എസ് | എയിഡഡ് | 106 | 96 | 202 | 7 |
| 4 | എം.എൽ.പി.എസ്. കുയ്തേരി | എയിഡഡ് | 110 | 91 | 201 | 8 |
| 5 | വളയം എം.എൽ.പി.എസ് | എയിഡഡ് | 103 | 54 | 177 | 7 |
| 6 | ജി.എൽ.പി.എസ്, ചുഴലി | സർക്കാർ | 52 | 53 | 105 | 4 |
| 7 | ചാലിയാട്ട്പൊയിൽ എൻ.എൽ.പി.എസ് | എയിഡഡ് | 62 | 75 | 137 | 5 |
| 8 | ചെറുമോത്ത് എം.എൽ.പി. | എയിഡഡ് | 216 | 172 | 388 | 13 |
| 9 | ചെറുമോത്ത് എൽ.പി.എസ് | എയിഡഡ് | 99 | 89 | 188 | 8 |
| 10 | പൂർവ്വംവയൽ എൽ.പി.എസ് | എയിഡഡ് | 179 | 158 | 337 | 10 |
| | | | 2509 | 2221 | 4730 | 164 |

# കുട്ടികളുടെ പൊതുനിലവാരം

| ക്ലാസ്സ് | ആകെകുട്ടികൾ | 30%താഴെ മാർക്ക് നേടുന്നവർ | 30-40 ശതമാനം മാർക്ക് നേടുന്നവർ | 40-50 ശതമാനം മാർക്ക് നേടുന്നവർ | 50-60 ശതമാനം മാർക്ക് നേടുന്നവർ | 60%-ത്തിൽ കൂടുതൽ മാർക്ക് നേടുന്നവർ |
|---|---|---|---|---|---|---|
| 1 | - | - | - | - | - | - |
| 2 | - | - | - | - | - | - |
| 3 | 402 | 95 | 88 | 84 | 60 | 75 |
| 4 | 481 | 81 | 87 | 113 | 110 | 90 |
| 5 | 414 | 141 | 101 | 79 | 54 | 39 |
| 6 | 438 | 279 | 61 | 40 | 21 | 37 |
| 7 | 548 | 420 | 45 | 38 | 17 | 26 |
| 8 | 484 | 418 | 31 | 15 | 11 | 9 |
| 9 | 412 | 307 | 48 | 28 | 14 | 15 |
| 10 | 398 | 319 | 40 | 11 | 14 | 14 |

# 5.5

# കുടിവെള്ളവും പൊതുജനാരോഗ്യവും



ആരോഗ്യ സമ്പൂർണ്ണമായ ഒരു ജനസമൂഹത്തിന് ശുദ്ധവായു, ശുദ്ധജലം ശുചിത്വമുള്ള പാർപ്പിടം എന്നിവ അനിവാര്യമായ ഘടകങ്ങളാണ്. വളയം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾപൂർണ്ണമായി തന്നെ ശുദ്ധജലത്തിനായി കിണറുകളെയാണ് ആശ്രയിച്ചുവരുന്നത്. എന്നാൽ മിക്കവാറും കിണറുകളാവട്ടെ വേനൽക്കാലമാവുന്നതോടെ വറ്റിപ്പോവുന്നവയുമാണ്. തന്മൂലം ഈ കാലയളവിൽ ഗ്രാമത്തിന്റെ മിക്കഭാഗങ്ങളിലും അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. വടകര താലൂക്കിൽ ശുദ്ധജല പദ്ധതികളൊന്നുംതന്നെ ഇല്ലാത്ത ഏക പഞ്ചായത്താണ് ഇത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ലോറികളിൽ വെള്ളം എത്തിച്ചുകൊടുക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. യഥാർത്ഥത്തിൽ ഇത് ആവശ്യ നിവൃത്തിക്ക് കാര്യമായ ഒരു പരിഹാരമാവുന്നില്ല.

ഗ്രാമത്തിലെ ശുദ്ധജല വിതരണം കാര്യക്ഷമമാവണമെങ്കിൽ ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക മാത്രമേ അഭികാമ്യമായിട്ടുള്ളൂ. കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുന്നതിനുള്ള സർവെ പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും സാങ്കേതിക പ്രശ്നങ്ങളിൽ കുടുങ്ങി നടപ്പിലാവാതെ കിടക്കുകയാണ്. സാങ്കേതിക നൂലാമാലകൾ ഒഴിവാക്കി കുറ്റ്യാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്. മാത്രമല്ല കേരിക്കുണ്ട്, **പുതുക്കയം എന്നിവിടങ്ങളിൽ** പൈപ്പ് **ലൈൻ വഴി കുടിവെള്ളം** വിതരണം ചെയ്യാൻ **പദ്ധതികൾ** ആവിഷ്കരിക്കേണ്ടതുണ്ട്. **മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളും പ്രാവർത്തികമാക്കിയാൽ** മാത്രമേ ഈ ഗ്രാമത്തിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

നിലവിൽ 50 ശതമാനത്തോളം കുടുംബങ്ങൾ കുടിവെള്ളത്തിനായി അന്യരുടെ കിണറുകളെയും, അപൂർവ്വമായുള്ള കുഴൽകിണറുകളെയും, പൊതു കിണറുകളെയുമാണ് ആശ്രയിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെടുന്ന മവ്വഞ്ചേരി, മഞ്ചാന്തറ, കുണ്ടുപൊയിൽ, രണ്ടാം വാർഡിലെ പള്ളിമുക്ക്, തലപ്പൊയിൽ, മടാക്കൽ നെല്ലിയുള്ള പറമ്പ് ഭാഗം, ചാമവാളിയപറമ്പ് - മൂന്നാം വാർഡിലെ കാഞ്ഞിരക്കണ്ടി, നാറാക്കുന്ന്, കുണ്ട്യാൽ ഭാഗം- 4ാം വാർഡിലെ അരിങ്ങാട് ചാലിൽ, കുണ്ടുചാൽ ഭാഗം, മണിയാലഭാഗം ചേലകേളോത്ത് ഭാഗം 5ാം വാർഡിലെ എലിക്കുന്നുമ്മൽ വെള്ളത്താങ്കണ്ടി, മണലോടി, വണ്ണാർ കണ്ടി, 6ാം വാർഡിലെ ചങ്ങരോത്ത് താഴ, മേപ്പിലാച്ചേരി, തേറുകുന്ന്, ചെമ്പറ്റക്കുന്ന്, ഒലക്കേന്റവിടലക്ഷം വീട് കോളനി പരിസരം, ചമ്പങ്ങോട്ട്, പൂവ്വംവയൽ, കല്ലുനിര, 7ാം വാർഡിലെ വലിയകുന്ന്, കുറ്റിക്കാട് വലിയപറമ്പ് ഭാഗം, കാലികെട്ടിയപറമ്പ്, കുങ്കിയുള്ളതിൽ, അച്ചംവീട് ഭാഗം, ചാല്യാട്ട് പൊയിൽ, നെരവ്, 8ാം വാർഡിലെ ഉള്ള്യേരിക്കുഴി, നാലുസെന്റ് കോളനികൾ, മുതുകുറ്റി, ചുഴലി, 9ാം വാർഡിലെ വട്ടച്ചോല, പയ്യേരിക്കാവ്, വിളക്കളം, പോതിയാറ തുടങ്ങിയ സ്ഥലങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്ന പ്രദേശങ്ങളാണ്.

പഞ്ചായത്തിൽ ആകെ 15 പൊതു കിണറുകളും 6 കുഴൽ കിണറുകളുമാണുള്ളത്. പൊതു കിണറുകളുടെ ആഴം കൂട്ടി ജലലഭ്യത ഉറപ്പുവരുത്തുകയും പുതിയ പൊതു കിണറുകളും, കുഴൽകിണറുകളും നിർമ്മിക്കുകയും ചെയ്യുക. രണ്ടാം വാർഡിലെ കുളമുള്ളപൊയിൽ, തലപ്പൊയിൽ എന്നിവിടങ്ങളിൽ പൊതുകിണറു**കൾ** കുഴിക്കുകയും **ടാങ്ക് നിർമ്മിച്ച്** ജലവിതരണം നടത്തുകയും മൂന്നാം വാർഡിൽ കേരിക്കുണ്ടിൽ കിണർ നിർമ്മിച്ച് ഉയർന്ന പ്രദേശമായ **നാറക്കുന്നിൽ ടാങ്ക് പണിത് കാഞ്ഞിരക്കുണ്ട് കുണ്ട്യാൽ ഭാഗങ്ങളിൽ ജല**വിതരണം നടത്തുക. നാലാം വാർഡിൽ അരിങ്ങോട്ട് ചാൽ, മണിയാല, ചാമവാളിയപറമ്പ്, ചേലേ കേളോത്ത് എന്നിവിടങ്ങളിൽ പൊതു കിണറുകൾ കുഴിക്കുകയും നിലവിലുള്ള കുഴൽ കിണറുകളുടെ ഇരുമ്പുപൈപ്പും ഇരുമ്പു റാഡും മാറ്റി പി.വി.സി. പൈപ്പും സ്റ്റീൽ റാഡും ഫിറ്റ് ചെയ്ത് വെള്ളം പമ്പ് ചെയ്യാനുള്ള നടപടികളെടുക്കുക. അഞ്ചാം വാർഡിൽ അടുക്കിലോട്ട്, എലിക്കുന്നുമ്മൽ മണലോടി ഉഴിഞ്ഞേരിക്കണ്ടി, ചാലിൽ, പട്ടാണ്ടി

എന്നിവിടങ്ങളിൽ പൊതുകിണറുകൾ കുഴിക്കുകയും, പുതിയോട്ടിൽകുളം ഉപയോഗയോഗ്യമാക്കി നമ്പീച്ച് കുന്നുമ്മൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുക. കൂടാതെ പട്ടാണ്ടി ഭാഗത്തുള്ള പുളിഞ്ഞോളി കുളവും നന്നാക്കി ടാങ്ക് കെട്ടി ജലവിതരണം നടത്തുക. ആറാം വാർഡിൽ തേർക്കുന്ന് എടവനക്കണ്ടിഭാഗം, കാവുന്തറ, കുന്നമ്പത്ത്, ചമ്പേങ്ങാട്ട് എന്നിവിടങ്ങളിൽ പൊതു കിണറുകളും മേപ്പിലാച്ചേരിഭാഗം, ചമ്പേങ്ങാട് എന്നി വിടങ്ങളിൽ കുഴൽകിണറുകളും നിർമ്മിച്ച് ജലവിതരണം നടത്തുന്നതിനോടൊപ്പം ചങ്ങരോത്ത് താഴ തോടരിക ത്തായി കിണർ കുഴിച്ച് അടുക്കിലോട്ട് മീത്തൽ ടാങ്ക് നിർമ്മിച്ച് സമീപ പ്രദേശങ്ങളിലേക്കും, ചേണിക്കുന്നു മ്മൽ താഴെ കിണർ കുഴിച്ച് ചേമ്പാറ്റകുന്നുമ്മൽ ടാങ്ക് നിർമ്മിച്ച് ഈ പ്രദേശത്തും ജലവിതരണം നടത്തുക. മുണ്ടത്തടത്ത് താഴെ പുഴയിൽ കിണറുകുഴിച്ച് പള്ളി ക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ചമ്പേങ്ങോട്ട് ഭാഗത്തും, കല്ലു നിര ടൗണിലും വെള്ളം എത്തിക്കുക. നിലവിലുള്ള മഞ്ഞപ്പള്ളിക്കുളത്തിലെ ജലം ശുദ്ധീകരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് സമീപപ്രദേശങ്ങളിൽ ശുദ്ധജലമെ ത്തിക്കുക. ഒലക്കേന്റവിട ലക്ഷം വീട് കോളനി പരിസ രത്തെ കുഴൽ കിണർ, ഇരുമ്പു പൈപ്പും റാഡും മാറ്റി മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ച് വെള്ളം പമ്പു ചെയ്യാ നുള്ള നടപടി സ്വീകരിക്കുക.

7ാം വാർഡിലെ പുന്നയുള്ള പറമ്പത്ത്, കുണ്ടുള്ള പറമ്പത്ത്, എടക്കാട്, വലിയകുന്ന് എന്നിവിടങ്ങളിൽ പൊതു കിണർ കുഴിക്കുക. നിടുങ്ങാട്ട് ചിറ ആഴം കൂട്ടി വെള്ളം സംഭരിച്ച് വിതരണം ചെയ്യുക. അച്ചം വീട്ടിൽ നിലവിലുള്ള പൊതു കിണർ ആഴം കൂട്ടുകയും വെള്ളം വിതരണം ചെയ്യുകയും വേണം.

8ാം വാർഡിൽ പൂവ്വം വയൽ സ്ക്കൂൾ ഗ്രൗണ്ടിലും, ചുഴലി ഗവൺമെന്റ് എൽ.പി. സ്ക്കൂൾ ഗ്രൗണ്ടിലും, കല്ലുനിര ശിശു മന്ദിരത്തിനടുത്തും പൊതു കിണറുകൾ കുഴിയുക്കുക. കുരിക്കിലായി മലയിൽ കുര ങ്ങുണ്ട് എന്ന സ്ഥലത്തുള്ള കിണറുകൾ ആഴം കൂട്ടുക.

9ാം വാർഡിൽ മുതുകുറ്റി. വട്ടച്ചോല, പയ്യേരി ക്കാവ്, വിളക്കളം, പോതിയാറ, ചുണ്ടേമ്മൽ എന്നീ പ്രദേ ശങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക.

ഒന്നാം വാർഡിൽ മവ്വഞ്ചേരി പറമ്പത്ത് മുക്ക്, ക ളത്തിൽ ഭാഗം എന്നിവിടങ്ങളിൽ കുഴൽ കിണറുകളും കുണ്ടുപൊയിലിലും, പരപ്പൊയിൽ ഭാഗത്തും പൊതു കിണറുകളും സ്ഥാപിക്കുക. മാഞ്ചാന്തറയിലും നിരവു മ്മലും ഉള്ള കുഴൽ കിണറുകൾ മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം നടത്തേണ്ടതുണ്ട്.


ഗ്രൗണ്ട് വാട്ടർ അതോറിറ്റി സർവ്വെ നടത്തി സ്ഥലം നിർണ്ണയിച്ചിട്ടുള്ള കളത്തിൽ, കുറ്റിക്കാട്, വളയം ടൗൺ, വണ്ണാർകണ്ടി, ചമ്പേങ്ങാട് എന്നീ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുക.



## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

**വാർഡ് പ്രശ്ന മേഖല നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം**

| | |
|---|---|
| 1. മൗവ്വഞ്ചേരി, മഞ്ചാന്തറ, കുണ്ടുപൊയിൽ, പരപ്പൊയിൽ ഭാഗം | 1. പുതുക്കയം ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി ജലവിതരണം നടത്തുക. പൊതു കിണറുകൾ നിർമ്മിക്കുക. കുഴൽ കിണറുകൾ മോട്ടോർ വെപ്പിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക |
| 2. പള്ളിമുക്ക്, തലപ്പൊയിൽ, മടാക്കൽ, ചാമവാളിയപറമ്പ് | 2. പൊതുകിണർ കുഴിക്കുക. കുഴൽ കിണറുകളിലെ ഇരുമ്പ് പൈപ്പ് മാറ്റി P.V.C. പൈപ്പ് ആക്കുക. |
| 3. കാഞ്ഞിരക്കണ്ടി, നാറക്കുന്ന്, കുണ്ട്യാൽ ഭാഗം എന്നീ പ്രദേശങ്ങൾ | 3. കേരിക്കുണ്ടിൽ കിണർ കുഴിച്ച് ഉയർന്ന പ്രദേശമായ നാറക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. പൊതു കിണറുകൾ കുഴിക്കുക. |
| 4. അരിങ്ങാട്ടിൽ ചാലിൽ, കുണ്ടൻചാൽഭാഗം, മണിയാലഭാഗം ചേലേകേളോത്ത് ഭാഗം. | 4. പൊതുകിണറുകൾ കുഴിക്കുക, കുഴൽകിണറുകളിൽ പി.വി.സി. പൈപ്പ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. |
| 5. എലിക്കുന്നുമ്മൽ, വെള്ളത്താങ്കണ്ടി, മണലോടി, വണ്ണാർകണ്ടി, പട്ടാണ്ടി ഭാഗം, തൊവരവീട്, ചെക്കോറ്റ, ഉഴിഞ്ഞേരിക്കണ്ടി. | 5. പൊതുകിണർ കുഴിക്കുക. ടാങ്ക് കെട്ടി വെള്ളം സപ്ലൈ ചെയ്യുക. കുഴൽ കിണർ കുഴിക്കുക |
| 6. ചങ്ങരോത്ത് താഴെ, മേപ്പിലാച്ചേരി, തേറുക്കുന്ന്, ചേമ്പറ്റക്കുന്ന്, വരയാൽ ലക്ഷം വീട്, പൂവ്വം വയൽ, കല്ലുനിര. | 6. പൊതുകിണറുകൾ കുഴിക്കുക. ഉയർന്ന സ്ഥലത്ത് ടാങ്ക് നിർമ്മിക്കുക<br>കുഴൽ കിണറുകൾക്ക് മോട്ടോർ- പമ്പ്സെറ്റ് സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക. |
| 7. പലഭാഗങ്ങളും | 7. പുതുക്കയം, ജലസ്രോതസ്സ് ഉപയോഗിച്ച് ജലവിതരണം ചെയ്യുക. |
| 8. കല്ലുനിരഭാഗം, ഉള്ള്യേരിക്കുനി ഭാഗം, നാല് സെന്റ് കോളനികൾ, മുതുകുറ്റി, ചുഴലി. | 8. പൊതുകിണറുകൾ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. |
| 9. മുതുക്കുറ്റി, വട്ടച്ചോല, പയ്യേരിക്കാവ്, വെളക്കളം, പോതിയാറ | 9. പൊതുകിണറുകൾ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. പൈപ്പ് ലൈൻ സ്ഥാപിക്കുക. |



## പൊതുജനാരോഗ്യം

1957 വരെ ഗ്രാമത്തിലെ ആരോഗ്യപരിപാലനം ഏതാനും പാരമ്പര്യ വൈദ്യന്മാരെ ആശ്രയിച്ചായിരുന്നു നടന്നു വന്നിരുന്നത്. അക്കാലത്ത് ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും ലഭ്യമായിരുന്നില്ല. അന്ധവിശ്വാസ ഡജഡിലമായ ചികിത്സാരീതികളും ഏറെക്കുറെ വ്യാപകമായിരുന്നു. മന്ത്രം, വഴിപാട് നേരൽ, എണ്ണിത്തിര, പെരുക്കള, മുസ്ലീം ജനവിഭാഗങ്ങളിൽ അസ്മാഹ് ചികിത്സ തുടങ്ങിയവയും നിലവിലുണ്ടായിരുന്നു. ആധുനിക ചികിത്സാ രീതികൾ നിലവിലുള്ള ഇക്കാലത്തും ഇത്തരം പ്രാകൃത ചികിത്സാ രീതികൾ അവലംബിക്കുന്നവരുണ്ട്.

1957-ൽ വളയത്ത് സ്ഥാപിതമായ പ്രൈമറി ഹെൽത്ത് സെന്ററാണ് ഗ്രാമത്തിലെ ആധുനിക ചികിൽസാ രംഗത്തെ പ്രഥമ സ്ഥാനം. തൂന്നേരി ബ്ലോക്കിലെ 6 പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതേ കാലയളവിൽ നിലവിൽ വന്നിട്ടുള്ള ഓർക്കാട്ടേരി, കുറ്റ്യാടി ഹെൽത്ത് സെന്ററുകൾ ഇതിനകം തന്നെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ടിട്ടുണ്ട്. യാത്രാ സൗകര്യങ്ങൾ തീരെ അപര്യാപ്തമായ കുന്നും, മലകളും നിറഞ്ഞ പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളടക്കമുള്ള വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ആധുനിക ചികിൽസാ ലഭ്യമാകണമെങ്കിൽ 25-30 കി.മീറ്റർ അകലെയുള്ള ആശുപത്രികളെ സമീപിക്കേണ്ടുന്ന സ്ഥിതിയാണിന്നും ഉള്ളത്. വളയം പ്രാഥമികമായി ആരോഗ്യകേന്ദ്രത്തിന് പുറമെ നീലാണ്ടുമ്മൽ ഒരു സബ് സെന്ററും, സ്വകാര്യ മേഖലയിൽ വളയത്ത് ഒരു നഴ്സിംങ് ഹോമും പ്രവർത്തിച്ചുവരുന്നു. വളയം ടൗണിലും കുയിതേരിയിലുമായി ആയുർവേദ ചികിത്സയും, വളയത്തും- കല്ലുനിരയിലും ഹോമിയോ ചികിത്സയും സ്വകാര്യമേഖലയിൽ നടന്നുവരുന്നു.

ആധുനിക ചികിൽസാ രീതികൾ ഏറെ മെച്ചപ്പെട്ടിട്ടുള്ള ഇക്കാലത്തും, തീരെ അപര്യാപ്തമായി ചികിത്സാ സൗകര്യങ്ങൾ മാത്രമേ ഗ്രാമത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നുള്ളൂ. 1957-ൽ സ്ഥാപിതമായ വളയം പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം ഇന്ന് ജീർണ്ണാവസ്ഥിലാണ്. അടിയന്തരമായും പഴയ ബ്ലോക്കുകൾ പുതുക്കിപ്പണിയുകയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി മുപ്പത് കിടക്കകളുള്ള ഒരു ബ്ലോക്ക് പണിയുകയും രോഗികൾക്ക് ഭക്ഷണം നൽകുകയും ചെയ്യണം. ഓപ്പറേഷൻ തിയറ്ററിന് വേണ്ടി നിർമ്മിച്ച കെട്ടിടം ഉൽഘാടനത്തിന് മുമ്പ് തന്നെ പൊട്ടിപ്പിളർന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. തിയറ്റർ പുതുക്കിപ്പണിയുകയും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. ആശുപത്രിയോടനുബന്ധിച്ച് ഒരു ക്ലിനിക്കൽ ലബോറട്ടറിയും ഒരു ആമ്പുലൻസും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇവിടെ ഒഴിഞ്ഞുകിടക്കുന്ന ലേഡി മെഡിക്കൽ ഓഫീസറുടെ തസ്തിക നികത്തുകയും സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുകയും വേണം. സ്റ്റാഫ് നഴ്സിനേയും ആവശ്യമായ സ്റ്റാഫിനെയും നിയമിക്കുക. 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വേണ്ട സ്ഥാനത്ത് രണ്ട് തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. രണ്ട് തസ്തികകൾകൂടി അനുവദിച്ച് നിയമനം നടത്താനുള്ള നടപടിയെടുക്കണം. ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ ഒഴിവും അടിയന്തിരമായി നികത്തേണ്ടതാണ്.

ടി.ബി., കാൻസർ, തുടങ്ങിയ രോഗനിർണ്ണയത്തിനുള്ള മെഡിക്കൽ ക്യാമ്പുകളും ആരോഗ്യപരിപാലനത്തെ സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പുകളും വിവിധ ഭാഗങ്ങളിലായി സംഘടിപ്പിക്കുക. രോഗശമനത്തിന് ഏറെ പ്രചാരം സിദ്ധിച്ചിട്ടുള്ള യോഗ പരിശീലനത്തിലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക. പ്രകൃതി ചികിൽസാരീതികളെക്കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുക.

ഊവ്വഞ്ചേരി, ചെറുമോത്ത്, കല്ലുനിര, ആയോട് വണ്ണാർകണ്ടി ഭാഗങ്ങളിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക. പഞ്ചായത്തിൽ ആകെ രണ്ട് എം. എസ്. എസ്. യൂണിറ്റുകൾ മാത്രമെ നിലവിലുള്ളൂ. ഇരുനൂറ് വീടുകൾക്ക് ഒരു യൂണിറ്റ് എന്ന തോതിൽ സ്ഥാപിക്കണം. വാർഡ് അടിസ്ഥാനത്തിൽ അമ്മമാർക്ക് ബോധവൽക്കരണ ക്ലാസും ഗർഭിണികൾക്കും, കുട്ടികൾക്കും മരുന്നും പോഷക ആഹാരവും വിതരണം ചെയ്യുക. പ്രതിരോധ കുത്തിവെപ്പുകൾ യഥാസമയം നൽകുക. നിലവിലുള്ള ഫീൽഡ് വർക്കർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. മലമ്പനിപോലുള്ള നിർമ്മാജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ പഞ്ചായത്തിൽ ഇപ്പോഴും കണ്ടുവരുന്നു. മലേറിയ പ്രതിരോധ വാക്സിനുകൾ വളയം ആശുപത്രിയിൽ സൂക്ഷിക്കാറുണ്ട്. വൈദ്യുതി തകരാറു നിമിത്തം ഇവ കേടുവരാതിരിക്കാൻ ഇവിടെ ഒരു മിനി ജനറേറ്ററും സ്ഥാപിക്കേണ്ടതാണ്. ആരോഗ്യ പരിപാടി ശക്തിപ്പെടുത്തേണ്ടതും, ഒരു തുടർ പരിപാടിയായി നടത്താനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. മദ്യപാനത്തിനും, മയക്കുമരുന്നിനും ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെയും ബോധവൽക്കരണം നടത്തുക. നമ്മുടെ പഞ്ചായത്തിലടക്കം വടകര താലൂക്കിൽ കാൻസർബാധ, പ്രത്യേകിച്ച് സ്തനാർബുദം കൂടുതലായി വരുന്നതിനെ കുറിച്ച് ഒരു റിസേർച്ച് നടത്തേണ്ടതായിട്ടുണ്ട്.

## പരിസര ശുചിത്വം

ഈ പഞ്ചായത്തിൽ പരിസരമലിനീകരണം പൊതുവെ കുറവാണ്. എന്നാൽ പഞ്ചായത്തിലെ വളയം ടൗണിലും പരിസരപ്രദേശങ്ങളിലും അഴുക്കുചാലുകൾ ഇല്ലാത്തതിനാൽ കൊതുക് ശല്യം കൂടിക്കൂടി വരികയാണ്. ടൗണിൽ ഒരു പൊതു കക്കൂസും, മൂത്രപ്പുരയും അത്യാവശ്യമാണ്. മത്സ്യമാർക്കറ്റുകളിലേയും പച്ചക്കറി കടകളിലേയും മാലിന്യങ്ങളും, മറ്റും നിക്ഷേപിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പഞ്ചായത്തിൽ

പ്രവർത്തിച്ചുവരുന്ന ഹോട്ടലുകളിലും ശീതളപാനീയ ശാലകളിലും വില്ക്കപ്പെടുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. സ്ക്കൂൾ പരിസരങ്ങളിലും, പെട്ടിക്കടകളിലും, ആരോഗ്യത്തിന് ഹാനികരമായ മിഠായികൾ തുടങ്ങിയവയുടെ വില്പന നിരോധിക്കേണ്ടതാണ്. കച്ചവടക്കാരെ ബോധവൽക്കരിച്ചുകൊണ്ട് അങ്ങാടി വൃത്തിയായി സൂക്ഷിക്കുകയും അത് പാലിക്കാത്ത കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതുമാണ്. വർഷകാലത്തും വേനൽക്കാലത്തും പഞ്ചായത്തിലെ മിക്ക വാർഡുകളിലും പകർച്ചവ്യാധികൾ പടർന്ന പിടിക്കുക സാധാരണയാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുക് നശീകരണം എന്നിവ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. ഗൃഹപരിസരം ശുചിയായി സൂക്ഷിക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം സന്നദ്ധ സേവകരെയും ഉപയോഗപ്പെടുത്താവുന്നതാണ്.

പട്ടിക 5.5. (എ)

## വളയം പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ വിവരങ്ങൾ

| തസ്തിക | നിലവിലുള്ളത് | ആവശ്യമായത് | ഒഴിവ് |
|---|---|---|---|
| ഡോക്ടർമാർ | 2 | 3 | 1 |
| ഹെൽത്ത് സൂപ്പർവൈസർ | – | 1 | 1 |
| ഹെൽത്ത് ലേഡി സൂപ്പർവൈസർ | – | 1 | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | – |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | – | 1 | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1 | 2 | 1 |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 4 | 4 | – |
| ഓഫീസ് സ്റ്റാഫ് | 3 | 3 | – |
| സ്റ്റാഫ് നഴ്സ് | – | 2 | 2 |
| ഫാർമസിസ്റ്റ് | – | 1 | 1 |
| ലാബ് ടെക്നീഷ്യൻ | 1 | 1 | – |
| ഒപ്നാൽമിക് അസിസ്റ്റന്റ് | 1 | 1 | – |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 | 1 | – |
| ഹോസ്പിറ്റൽ അറ്റൻഡന്റ് | 1 | 1 | – |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 | – |

പട്ടിക 5.5. (ബി)

## ജനനമരണങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993–94 | ഇല്ല | ഇല്ല | ഇല്ല |
| 1994–95 | 3 | 36 | ഇല്ല |
| 1995–96 | 1 (വ്യക്തമല്ല) | 48 | ഇല്ല |

അനുബന്ധം 7–3

പട്ടിക 5.5. (സി)

## പകർച്ചവ്യാധികൾ

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1993–94 | 4213 | 254 | 124 | 3668 |
| 1994–95 | 3426 | 212 | 168 | 3886 |
| 1995–96 | 2867 | 168 | 122 | 4730 |

അനുബന്ധം 7–4


48

പട്ടിക 5.5. (ഡി)

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതിവിവരവും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാനരോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനം | സ്വകാര്യ സ്ഥാപനം | | | |
| 1 | ഇല്ല | ഇല്ല | പ്രത്യേകതരം പനി, ചെങ്കണ്ണ്, വയറിളക്ക രോഗങ്ങൾ | — | 8-ാംവാർഡിലെ സബ്സെന്റർ വിപുലീകരിക്കുക, കുയ്തേരി ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക |
| 2 | ഇല്ല | ഇല്ല | പ്രത്യേകതരം പനി, ചെങ്കണ്ണ്, വയറിളക്ക രോഗങ്ങൾ | — | വളയം കുറ്റിക്കാട്ടിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക |
| 3 | ഇല്ല | ഇല്ല | പ്രത്യേകതരം പനി, ചെങ്കണ്ണ്, വയറിളക്ക രോഗങ്ങൾ | — | ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക |
| 4 | 1 | 1 | ചെങ്കണ്ണ്, വയറിളക്കം പനി | — | വളയം PHCകമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുക |
| 5 | ഇല്ല | — | ചെങ്കണ്ണ്, വയറിളക്കം പനി | — | വണ്ണാർകണ്ടിയിൽ ഒരു IPP സെന്റർ സ്ഥാപിക്കുക |
| 6 | ഇല്ല | 1 (ഹോമിയോ ക്ലിനിക്ക്) | പ്രത്യേകതരം പനി ചുമ, ചെങ്കണ്ണ്, വയറിളക്കം | — | കല്ലുനിരയിൽ IPP സെന്റർ സ്ഥാപിക്കുക |
| 7 | ഇല്ല | — | പനി, ചെങ്കണ്ണ്, ചുമ | — | ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക |
| 8 | 1 | ഇല്ല | പനി, ചെങ്കണ്ണ്, ചുമ ചിക്കൻപോക്സ്, വയറിളക്കം | സബ്സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക | വളയം PHC കമ്മ്യൂണിറ്റി സെന്റർ ആക്കി ഉയർത്തുക |
| 9 | ഇല്ല | ഇല്ല | മഞ്ഞപ്പിത്തം, ഛർദ്ദി ചിക്കൻപോക്സ്, പനി വയറിളക്കം, ചുമ, നടുവേദന ചെങ്കണ്ണ്, ചർമ്മരോഗങ്ങൾ | — | വള്ള്യാട് ഒരു സബ്സെന്റർ ഹോമിയോ ഡിസ്പെൻസറി എന്നിവ സ്ഥാപിക്കുക. വളയം PHC കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുക |

അനുബന്ധം 7-2




## ശുദ്ധജല സ്രോതസ്സുകൾ

### പട്ടിക 5.5. (ഇ)

| കിണറുകൾ | | | കുഴൽക്കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | | |
| 13 | 2 | 2498 | 6 | 2519 |

പദ്ധതികൾ ഒന്നും തന്നെയില്ല.




## മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

### പട്ടിക 5.5. (എഫ്)

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക്ക്രോഗം | രോഗങ്ങളുടെ സംബന്ധിച്ച വിവരങ്ങൾ | | | | |
|---|---|---|---|---|---|---|---|---|
| | | | | വാതരോഗം (എല്ലാവിഭാഗവും) | പകർച്ചവ്യാധികൾ | വിഷചികിത്സ (പാമ്പുകടി) | മറ്റുരോഗങ്ങൾ | ആകെ |
| 1992–93 | 118 | 36836 | 5056 | 236 | 10158 | 16 | 21488 | 36954 |
| 1993–94 | 90 | 29081 | 2860 | 148 | 8289 | 8 | 17886 | 29171 |
| 1994–95 | 223 | 28873 | 5597 | 124 | 16330 | 6 | 12939 | 34996 |
| 1995–96 | 82 | 31754 | 4248 | 191 | 7887 | 7 | 19603 | 31936 |
| ആകെ | 513 | 126544 | 17761 | 699 | 42664 | 37 | 71896 | 133057 |

അനുബന്ധം 7–5



# 5.6



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

നാടിന്റെയും, സമൂഹത്തിന്റെയും സമഗ്രമായ വികസനത്തിന് നിദാനമായ ഘടകങ്ങളിലൊന്ന് കൂട്ടായ്മയാണെന്ന് തൊട്ടറിഞ്ഞ പൂർവ്വിക പാരമ്പര്യമായിരുന്നു. വളയത്തിന്റേത്. റോഡ് നിർമ്മാണം അടക്കമുള്ള സാമൂഹ്യകടമകളും, കർമ്മങ്ങളും ഇവിടെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ നിർവ്വഹിച്ചിരുന്നു. പഞ്ചായത്തിന്റെ ഇന്നുള്ള എല്ലാ പുരോഗതികളുടേയും അടിസ്ഥാനം മുൻതലമുറയുടെ സാമൂഹ്യപ്രതിബദ്ധതയും കൂട്ടായ്മയും തന്നെയാണ്.

എന്നാൽ കഴിഞ്ഞ കുറച്ചുകാലമായി കാലത്തിന്റെ ആവശ്യകതകൾക്കനുസരിച്ചും, സമീപ പ്രദേശങ്ങൾക്കൊപ്പവും മുന്നേറാൻ നമുക്കു കഴിഞ്ഞില്ല. ഇതിന്റെ ഫലമായി ആരോഗ്യ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്ക്കാരിക മേഖലകളിലെല്ലാം തന്നെ മുരടിപ്പ് അനുഭവപ്പെട്ടു. ഇടപഴകാനും, സംസ്കൃതികൾ തമ്മിൽ കൂടികലരാനും, പുത്തൻ ഉണർവു നേടാനും അടിസ്ഥാനപരമായി വേണ്ട റോഡ്, ഗതാഗത വികസനം കാലത്തിനൊത്ത് നടക്കാത്തതാണിതിന്റെ മുഖ്യ കാരണങ്ങളിലൊന്ന്.

ഗതാഗതരംഗത്ത് വളയം ഗ്രാമപഞ്ചായത്ത് നേരിടുന്ന മുഖ്യ പ്രശ്നം നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥയാണ്. റോഡുകൾക്ക് നടപ്പാതയില്ലായ്മ, ആവശ്യമായ ഓവുചാലുകളും, ഓവുപാലങ്ങളും ഇല്ലായ്മ, റോഡുകളിലെ കുണ്ടും കുഴികളും എന്നിവയെ പറ്റിയുള്ള പരാതികൾ ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. നിലവിലുള്ളതും, ഇനി ആവശ്യമുള്ളതുമായ ഓവുചാലുകളുടെയും, ഓവു പാലങ്ങളുടെയും പട്ടിക (1B) ഇതൊന്നിച്ച് കൊടുത്തിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ജില്ലയിലെ പ്രധാന പട്ടണങ്ങളുമായി ബന്ധപ്പെടുന്നത് വളയം-കല്ലാച്ചി റോഡ് വഴിയാണ്. 1958-ൽ കുളങ്ങര വീട് കടവിൽ പാലം വന്നതോടു കൂടിയാണ്. വാഹനഗതാഗതം വ്യാപകമാവുന്നത്. 1968-ൽ ആണ് ആദ്യമായി ബസ്സ് സർവ്വീസ് ആരംഭിക്കുന്നത്. ഇതു വടകര നിരവ് റൂട്ടിലായിരുന്നു. പഞ്ചായത്തിലെ പ്രധാന കാർഷിക മേഖലകളായ മുതുകുറ്റി, വള്ള്യാട്, ആയോട്, കാലിക്കുളമ്പ്, തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗതാഗതസൗകര്യം ഇപ്പോഴും നാമമാത്രമാണ്. ഈ പ്രദേശങ്ങളെ പഞ്ചായത്ത് കേന്ദ്രവുമായി ബന്ധപ്പെടുത്തുന്നതിന് ഉപയുക്തമാവേണ്ട റോഡുകളായ കല്ലുനിര- കണ്ടിവാതുക്കൽ റോഡ്, കല്ലുനിര-കണ്ടുംകര റോഡ്, ചുഴലി-വള്ള്യാട് റോഡ് എന്നിവ ഇപ്പോഴും ഗതാഗതയോഗ്യമായിട്ടില്ല. കല്ലുനിര- കണ്ടിവാതുക്കൽ റോഡ് ബഹുജനപങ്കാളിത്തത്തോടെ, സ്ഥലം സംഭാവന ചെയ്തുകൊണ്ട് എട്ടുമീറ്റർ വീതിയിൽ നിർമ്മിച്ചിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞു. കല്ലുനിര വരെ മെറ്റലിങ്ങും ടാറിങ്ങും പൂർത്തിയായിട്ടുണ്ട്. കല്ലുനിര മുതൽ കൂടലായി വരെ സോളിങ്ങും മെറ്റലിങ്ങും നടന്നുകൊണ്ടിരിക്കുന്നു. ടാറിങ്ങിനായി പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അംബേദ്കർ കോളനി പ്രദേശത്ത് താമസിക്കുന്ന ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് വളയം ആശുപത്രിയിൽ എത്തണമെങ്കിൽ 15 കി.മീറ്ററലധികം ദൂരം കാൽനടയായി പോകേണ്ടതുണ്ട്. മഴക്കാലമായാൽ രോഗികളെ ചുമന്നുകൊണ്ട് എത്തിക്കേണ്ട സ്ഥിതിയും ഉണ്ടാകാറുണ്ട്. വിദ്യാർത്ഥികൾക്ക് വളയം ഹയർ സെക്കണ്ടറി സ്ക്കൂളിലെത്തമെങ്കിൽ കാലത്ത് ആറുമണിക്കു മുമ്പായി വീട്ടിൽ നിന്നും ഇറങ്ങേണ്ടിവരുന്നു. യാത്രാ സൗകര്യം ഇല്ലാത്തതുകൊണ്ട് ദശാബ്ദങ്ങളായി ഇവിടെ കഴിഞ്ഞുകൂടിയിരുന്ന കുടിയേറ്റകൃഷിക്കാർ മറ്റ് പ്രദേശങ്ങളിലേക്ക് ഒഴിഞ്ഞു പോയിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് കല്ലുനിര-കണ്ടിവാതുക്കൽ റോഡിന്റെ പണി അടിയന്തരമായും പൂർത്തിയാക്കേണ്ടിയിരിക്കുന്നു.

താനിമുക്ക്-കല്ലുനിര-കായലോട്ട് താഴ റോഡ് നമ്മുടെ പഞ്ചായത്തിനെ കണ്ണൂർ ജില്ലയിൽപ്പെട്ട തലശ്ശേരി താലൂക്കിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡാണ്. ഇതു ചെക്യാട് പഞ്ചായത്തിലെ പൂങ്കുളം ഭാഗത്തുകൂടി കടന്നു പോകുന്നു. ഈ റോഡും നാട്ടുകാർ സ്ഥലം സംഭാവനയായി നൽകി, ബഹുജനപങ്കാളിത്തത്തോടെ എട്ടുമീറ്റർ വീതിയിൽ നിർമ്മിച്ചിട്ടുള്ളതാണ്. ഈ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെ

ടുത്തതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, അതുപ്രകാരമുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല. ഇതു താർ ചെയ്തു കഴിഞ്ഞാൽ മലയോര പ്രദേശത്തുള്ള കുടിയേറ്റ കൃഷിക്കാർക്കും മറ്റ് പൊതു ജനങ്ങൾക്കും കണ്ണൂർ ജില്ലയുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ കഴിയും.

നമ്മുടെ പഞ്ചായത്തിനെ സമീപ പഞ്ചായത്തായ ചെക്യാടുമായി ബന്ധിപ്പിക്കുന്ന ഒരു റോഡാണ്. കല്ലുനിരകുണ്ടുംകര റോഡ് കണ്ടുംകര നിന്നും തലശ്ശേരി ഭാഗത്തേക്കും വടകര ഭാഗത്തേക്കും ബന്ധപ്പെടാൻ പി.ഡബ്ല്യു.ഡി. റോഡും ബസ്സ് സർവ്വീസും ഉണ്ട്. കല്ലുനിരയിൽ നിന്നും കുണ്ടും കരയിലേക്കുള്ള 2.5 കി.മീ. ദൂരം റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് പണി പൂർത്തിയാക്കിയാൽ കല്ലുനിരയിലും സമീപ പ്രദേശമായ മലയോരങ്ങളിലുമുള്ള ജനങ്ങൾക്ക് വടകര, തലശ്ശേരി ഭാഗങ്ങളുമായി ബന്ധപ്പെടാനും, കാർഷിക ഉൽപ്പന്നങ്ങൾ എളുപ്പത്തിൽ എത്തിക്കാനും കഴിയും.

ചുഴലിയിൽ നിന്നും വള്ള്യാട് ആദിവാസി കോളനിയിലേക്കുള്ളതാണ് ചുഴിലി-വള്ള്യാട് റോഡ്. ഇതും നാട്ടുകാർ സ്ഥലം സംഭാവനയായി നൽകി ബഹുജന പങ്കാളിത്തത്തോടെ എട്ട് മീ. വീതിയിൽ നിർമ്മച്ചിട്ടുള്ളതാണ്. ചുഴലിയിൽ നിന്നും1 കി.മീ. ദൂരം ടാർ ചെയ്തു കഴിഞ്ഞു. അവശേഷിക്കുന്ന 5 കി.മീ. ടാറിങ്ങ് നടത്തിയാൽ മാത്രമേ വള്ള്യാടും പരിസരത്തുമുള്ള ആദിവാസികളടക്കമുള്ള താമസക്കാർക്ക് പുറം ലോകവുമായി ബന്ധപ്പെടാൻ കഴിയുകയുള്ളൂ. രോഗികൾക്കു ആശുപത്രിയിൽ എത്തിപ്പെടാനും, വിദ്യാർത്ഥികൾക്ക് വളയം ഹയർ സെക്കണ്ടറി സ്ക്കൂളിൽ എത്താനും കിലോമീറ്ററുകളോളം നടന്നു പോകേണ്ട സ്ഥിതിയാണ്. മാത്രമല്ല നൂറുക്കണക്കായ ഏക്കർ കൃഷിഭൂമിയിലെത്തിപ്പെടാനും ഉൽപ്പന്നങ്ങൾ കമ്പോളത്തിലെത്തിക്കാനും കൃഷിക്കാരും കാർഷിക തൊഴിലാളികളും ഏറെ പ്രയാസപ്പെടുകയും അമിതമായ ചിലവ് വഹിക്കേണ്ടി വരികയും ചെയ്യുന്നു. അതുകൊണ്ട് ചുഴലി- വള്ള്യാട് റോഡിന്റെ പണി പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതാണ്.

വളയം, വാണിമേൽ, ചെക്യാട് എന്നീ മൂന്നു പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതാണ്, പാറക്കടവ്-വളയം-ഭൂമിവാതുക്കൽ റോഡ്. പാറക്കടവുമുതൽ വളയം കുനിയിൽ പീടികവരെയുള്ള ഭാഗം ടാർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. 1 കി.മീ. താഴെ മാത്രം ദൂരമുള്ള അവശേഷിക്കുന്ന ഭാഗം കൂടി ടാർ ചെയ്തു കഴിഞ്ഞാൽ വാണിമേൽ പഞ്ചായത്തിലെ കുടിയേറ്റ മേഖലയായ വിലങ്ങാടു നിന്നും വളയം വഴി വളരെ എളുപ്പത്തിൽ തലശ്ശേരിയുമായി ബന്ധപ്പെടാൻ കഴിയും. മേൽപ്പറഞ്ഞ റോഡ് പൂർത്തിയായാൽ വിലങ്ങാടുനിന്നും തലശ്ശേരിയിലേക്കുള്ള ദൂരം അഞ്ചു കി.മീ. കുറയുന്നതാണ്. മൂന്ന് പഞ്ചായത്തുകളെ കൂട്ടിയോജിപ്പിക്കുന്ന ഈ റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്നതും താലൂക്ക് കേന്ദ്രമായ വടകരയുമായി ബന്ധപ്പെടുന്ന വളരെ പ്രധാനപ്പെട്ട റോഡാണ് കല്ലാച്ചി- വളയം-ചുഴലി-പുതുക്കയം റോഡ്. ഈ റോഡിൽ നിരവു മുതൽ പുതുക്കയം വരെയുള്ള ഭാഗം വീതികൂട്ടി ടാർ ചെയ്യുന്ന പ്രവൃത്തി നടന്നുവരികയാണ്. ഇത് പൂർത്തിയായാൽ വാണിമേൽ പഞ്ചായത്തിലെ വിലങ്ങാടുമായി ബന്ധപ്പെടാൻ കഴിയും. കല്ലാച്ചി മുതൽ നിരവു വരെയുള്ള ഭാഗത്ത് പലയിടങ്ങളിലും എട്ട് മീറ്റർ വീതിയില്ല. മഴക്കാലത്ത് റോഡിന്റെ പലഭാഗങ്ങളും വെള്ളത്തിനടിയിലാവുക പതിവാണ്. ആവശ്യമായ വീതികൂട്ടി, താഴ്ന്ന പ്രദേശങ്ങൾ ഉയർത്തി ഓവുചാലുകളും ഓവുപാലങ്ങളും നിർമ്മിച്ച് ടാറിങ്ങിന്റെ വീതികൂട്ടി എത്രയും വേഗം പണി ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാന മേഖലകളെ ബന്ധിപ്പിക്കേണ്ട പഞ്ചായത്തു റോഡുകൾ ആവശ്യത്തിന്റെ എഴുപത്തഞ്ച് ശതമാനവും നിർമ്മിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇനിയും ആവശ്യമുള്ള റോഡുകളുടെ വിവരം പട്ടിക (1A)യിൽ കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ കാലകാലങ്ങളിലുള്ള സംരക്ഷണം അതത് പ്രദേശത്തെ ജനങ്ങളുടെ സമിതി ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ വന്നാൽ റോഡ് സംരക്ഷണം ഫലപ്രദമാവുകയും, പഞ്ചായത്ത് ഫണ്ട് വ്യഥാവിലാവാതെ മറ്റ് നിർമ്മാണ മേഖലകളിലേക്ക് തിരിച്ചു വിടാൻ കഴിയുകയും ചെയ്യും.

ജനജീവിതത്തിന്റെ ഒഴിച്ചു കൂടാൻ ആവാത്ത ആവശ്യങ്ങളിൽ ഏറ്റവും പ്രധാനമാണ് ഇക്കാലത്ത് യാത്ര. നമ്മുടെ പഞ്ചായത്തിൽ 1968ൽ നിലവിലുണ്ടായിരുന്ന ബസ്സ് യാത്രാ സൗകര്യം പോലും ഇന്നില്ല. ടാക്സി ജീപ്പുകളെയാണ് വിദ്യാർത്ഥികളും സ്ത്രീകളടക്കമുള്ള യാത്രക്കാർ ആശ്രയിക്കുന്നത്. അഞ്ചു മുതൽ എട്ടുവരെ ആളുകൾക്ക് യാത്ര ചെയ്യാൻ സൗകര്യമുള്ള ജീപ്പുകളിൽ ഇരുപത് ഇരുപത്തഞ്ച് ആളുകളെ കയറ്റിയാണ് ഓടുന്നത്. വിദ്യാർത്ഥികളും, വൃദ്ധമാരുമടക്കം ജീപ്പിൽ പിടിച്ചു തൂങ്ങി യാത്ര ചെയ്യുന്ന അപകടകരമായ സ്ഥിതി ഒരു പക്ഷെ ഈ ഗ്രാമത്തിൽ മാത്രമെ കാണൂ. ഇത് പരിഹരിക്കാൻ കൂടുതൽ ബസ്സ് സർവ്വീസുകൾ നമ്മുടെ പഞ്ചായത്തിലേക്ക് ആരംഭിച്ചേമതിയാകൂ. സ്വകാര്യ മേഖല ഈ ഉത്തരവാദിത്വം പൂർണ്ണമായി നിർവ്വഹിക്കാൻ തയ്യാറാവാത്തതു കൊണ്ട് കെ.എസ്. ആർ.ടി.സി. ഈ മലയോര മേഖലയിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തേണ്ടതാണ്.

ചുഴലി, പൂവംവയൽ സ്ക്കൂൾ പരിസരം, എളമ്പറ്റക്കണ്ടിമുക്ക്, വണ്ണാർ കുണ്ടി എന്നിവിടങ്ങളിൽ ബസ്സ് വെയ്റ്റിംഗ് ഷെഡുകൾ സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള ബസ്സുകൾ ട്രിപ്പുകൾ മുടക്കാതിരിക്കാനും സമയക്ലിപ്തത പാലിക്കാനും പഞ്ചായത്ത് തലത്തിൽ മേൽനോട്ടത്തിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## സാധ്യതകൾ നിർദ്ദേശങ്ങൾ

1. ഇടക്കാലത്ത് ബസ്സ് സർവ്വീസ് നടത്തിയിരുന്ന കാലിക്കൊളമ്പ് ഭാഗത്തേക്ക് ബസ്സ് സർവ്വീസ് പുനരാരംഭിക്കണം. ഇവിടെ നിന്നു വടകര- തലശ്ശേരി ഭാഗങ്ങളിലേക്ക് ബസ്സ് സർവ്വീസ് അത്യാവശ്യമാണ്.

2. കുയ്തേരി ഭാഗത്തേക്കും, നിലച്ചുപോയ ബസ്സ് സർവ്വീസ് പുനരാരംഭിക്കണം. ഇവിടെ നിന്ന് വടകരയിലേക്കും, പാറക്കടവ് വഴി തലശ്ശേരിയിലേക്കും ബസ്സ് സർവ്വീസ് വേണം.

3. കല്ലുനിര- കുണ്ടുംകര ഭാഗത്തേക്ക് മുമ്പ് ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു. അത് പുനരാരംഭിക്കണം. കല്ലുനിരയിൽ നിന്നും കുണ്ടും കര വഴി തലശ്ശേരിയിലേക്കും വടകരയിലേക്കും, വളയം- കല്ലാച്ചി വഴി വടകരയിലേക്കും കോഴിക്കോട്ടേക്കും ഓരോ ബസ്സുകൾ കൂടി സർവ്വീസ് നടത്തണം.

4. ചുഴലിയിൽ നിന്നും വളയം, കല്ലാച്ചി വഴി വടകരയിലേക്കും തലശ്ശേരിയിലേക്കും കൂടുതൽ ബസ്സ് സർവ്വീസ് ആരംഭിക്കണം.

5. വളയം അങ്ങാടിയിൽ ടാക്സി സ്റ്റാന്റ് സ്ഥാപിക്കുക.

## മാർക്കറ്റ്

നാളികേരം, അടക്ക, കുരുമുളക്, വാഴക്കുല, കശുവണ്ടി, എന്നിവയാണ് പ്രധാന കാർഷിക വിളകൾ. ഗ്രാമത്തിൽ ആഴ്ചച്ചന്ത നിലവിലില്ല. ഉല്പന്നങ്ങൾ വിറ്റഴിക്കാനും വാങ്ങാനും കഴിയുന്ന രൂപത്തിൽ വളയം അങ്ങാടിയിൽ ആഴ്ചച്ചന്ത ആരംഭിക്കുന്നത് നന്നായിരിക്കും. ഉല്പാദനം വർദ്ധിപ്പിക്കാനും മാർക്കറ്റിലെത്തിക്കാനും ഇത് കർഷകർക്ക് പ്രചോദനം നൽകും. കൂടാതെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനായി സഹകരണ മേഖലയിൽ മലഞ്ചരക്ക് സംഭരണ കേന്ദ്രം സ്ഥാപിക്കണം.

ആദ്യകാലത്തെ പ്രധാന വിപണന കേന്ദ്രം അഞ്ചാം പീടിക എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലത്തായിരുന്നു. ഇപ്പോൾ വളയം ഗ്രാമത്തിന്റെ പ്രധാന വിപണനകേന്ദ്രമായി വളയം ടൗൺ മാറിയിരിക്കയാണ്. ഇവിടെ ഒരു ഷോപ്പിംഗ് ക്ലോപ്ലക്സ് നിലവിൽ വരേണ്ടതുണ്ട്. കൂടാതെ ഒരു ടാക്സി സ്റ്റാന്റും നിർമ്മിക്കണം. ഇപ്പോൾ വാഹനങ്ങൾ റോഡിൽ തന്നെ പാർക്ക ചെയ്യാനിടയാകുന്നതിനാൽ കച്ചവട സ്ഥാപനങ്ങൾക്കും പൊതു ജനങ്ങൾക്കും ഏറെ പ്രയാസം അനുഭവപ്പെട്ടു വരികയാണ്.

## ഊർജ്ജം

വൻതോതിലുള്ള ഊർജ്ജ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോവുന്നത്. ഈ അവസ്ഥയെ അതിജീവിച്ചു കൊണ്ട് മാത്രമേ സാമൂഹ്യ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ വികാസവും ഉപഭോഗവും പരമാവധി പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്.

വളയം പഞ്ചായത്തിലെ 80% ത്തോളം വീടുകളും വൈദ്യുതീകരിക്കാത്തവയാണ്. ഈ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിയിട്ട് 25 വർഷമായെങ്കിലും ഇനിയും വൈദ്യുതി കടന്നു വന്നിട്ടില്ലാത്ത വാർഡുകളും പ്രദേശങ്ങളും നിരവധിയാണ്. 8, 9 വാർഡുകൾ തീരെ വൈദ്യുതീകരണം നടക്കാത്തവയാണ്. വള്ള്യാട്, മുതുകുറ്റി, ചുഴലി, നീലാണ്ട്, കണ്ടുപൊയിൽ മൗവ്വഞ്ചേരി, കല്ലുനിര, കാലിക്കുളമ്പ്, ആയോട്, പുഞ്ച, ചേലത്തോട്, മഞ്ഞപ്പള്ളി, ഉഴിഞ്ഞേരിക്കണ്ടി വലിയ കണ്ടം, മണലോടി, തേർക്കുന്ന്, പൂവം വയൽ, അരുവിക്കര, കുങ്കിയുള്ളതിൽ, മാവുള്ളചാൽ, എടത്തറോൽ, ചെക്കോറ്റ, തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ വൈദ്യുതിക്ക് വേണ്ടിയുള്ള കാത്തിരിപ്പ് തുടരുകയാണ്. പഞ്ചായത്തിലെ പ്രധാന കാർഷിക മേഖലയിലൊന്നും തന്നെ വൈദ്യുതി എത്തിയിട്ടില്ലെന്നതിനാൽ ജലസേചനം അസാധ്യമാവുകയും ഉൽപാദന മുരടിപ്പ് അനുഭവപ്പെടുകയും ചെയ്യുന്നു.

കല്ലുനിര, മഞ്ഞപ്പള്ളി, അച്ചംവീട് തുടങ്ങിയ പ്രദേശങ്ങളിലെ 73 കൃഷിക്കാർ കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി മിനിമം ഗ്യാരണ്ടിയിൽ പണമടച്ച് കാത്തിരിക്കുകയാണ്. ഇതിന്റെ നടപടിക്രമങ്ങൾ എത്രയും പെട്ടന്ന് പൂർത്തികരിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ 99% വീടുകളും പാചകാവശ്യത്തിന് ആശ്രയിക്കുന്നത് വിറകടുപ്പുകളെയാണ്. സമീപകാലം വരെ വിറക് ആവശ്യത്തിന് ലഭ്യമായിരുന്നെങ്കിലും ഇപ്പോൾ ക്ഷാമം അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ വീടുകളിൽ ഉപയോഗത്തിലിരിക്കുന്ന അടുപ്പുകളെല്ലാം തന്നെ ഇന്ധനക്ഷമത കുറഞ്ഞവയാണ്. അതുകൊണ്ട് ഇന്ധനക്ഷമത കൂടിയതരം അടുപ്പുകൾ, ഗ്യാസ് അടുപ്പുകൾ, പ്രഷർ കുക്കറുകൾ, തുടങ്ങിയവ വ്യാപകമായി പ്രചരിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്. അനർട്ട് പോലെയുള്ള സ്ഥാപനങ്ങളുടെ സേവനം പരമാവധി ലഭ്യമാക്കണം. കന്നുകാലികളെ വളർത്തുന്ന വർക്കിടയിൽ ബോധവൽക്കരണം നടത്തിയാൽ ഗോബർ ഗ്യാസ് ഉല്പാദിപ്പിക്കാനുള്ള സാധ്യത നമ്മുടെ പഞ്ചായത്തിലുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതായ സൗരോർജ്ജം ഉപയോഗിക്കപ്പെടണം. മഴക്കാലത്ത് പോലും ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കുന്ന നമ്മുടെ പ്രദേശത്ത് ഇതിന് നല്ല സാധ്യതയുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ 31 സ്ട്രീറ്റ് ലൈറ്റുകളും 3 സോഡിയം വേപ്പർ ലാമ്പുകളും ഉണ്ട്. പഞ്ചായത്തിലെ 100 കി.മീ.ഓളം വരുന്ന പ്രധാന റോഡുകളിൽ പോലും സ്ട്രീറ്റ് ലൈറ്റുകളില്ലാത്ത അവസ്ഥയുണ്ട്.

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ 84.9% ഗാർഹിക ഉപഭോക്താക്കളും 12.78% വ്യാപാര ഉപഭോക്താക്കളും 2.23% കാർഷിക ഉപഭോക്താക്കളും 0.09% വ്യാവസായിക ഉപഭോക്താക്കളുമാണ്.

ഉപഭോക്താക്കളുടെ പട്ടിക ഇനം തിരിച്ച്

പട്ടിക 1

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 936 |
| വ്യാപാരം | 141 |
| വ്യാവസായികം | 1 |
| കാർഷികം | 25 |
| | ആകെ വീടുകൾ 4164 |

പഞ്ചായത്തിൽ ആറ് ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഇതിൽ വളയത്ത് രണ്ടെണ്ണവും, ചെറുമോത്ത് കുയേതരി, വലിയ പറമ്പ് മുക്ക്, കനവത്താം കണ്ടിമുക്ക് എന്നിവടങ്ങളിൽ ഒരോന്ന് വീതവുമുണ്ട്. വൈദ്യുതി ലഭ്യമായ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമത്തെക്കുറിച്ചും ഇല്ലാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതിനെക്കുറിച്ചും സജീവമായി ചർച്ച ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മലയോര മേഖലയടക്കം ഭൂരിപക്ഷം പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. കണ്ടിവാതുക്കൽ അംബേദ്കർ കോളനിയിലേക്ക് ഹൈടെൻഷൻ ലൈൻ ഉണ്ടെങ്കിലും, അതിനിടയിലുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല.

3. കാർഷികാവശ്യത്തിന് കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി നൂറോളം അപേക്ഷകർ പണമടച്ചു കാത്തിരിക്കുന്നു.

4. പഞ്ചായത്തിലെ വള്ള്യാട് ആദിവാസികോളനിയും നാലുസെന്റ് കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.

5. വൈദ്യുതി എത്തിയിട്ടുള്ള പ്രദേശങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

6. പല സ്ഥലങ്ങളിലും വൈദ്യുതി ലൈനുകളിൽ മരച്ചില്ലകൾ മുട്ടി നിൽക്കുന്നതുമൂലം വൈദ്യുതി പാഴാവുന്നു.

7. ആവശ്യമായ സ്ഥലങ്ങളിലെല്ലാം സ്ട്രീറ്റ് ലൈറ്റുകളില്ല.

8. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളും സോഡിയം വേപ്പർ ലാമ്പുകളും കത്തുന്നില്ല.

9. ബയോഗ്യാസ് പ്ലാന്റുകളില്ല.

10. ഇന്ധനക്ഷമതയേറിയ അടുപ്പുകളുടേയും സൗരോർജ്ജ ഉപകരണങ്ങളുടേയും ഇലക്ട്രിക് ചോക്കുകളുടേയും ഉപയോഗം നാമമാത്രമാണ്.

11. പലരും സ്റ്റെപ്പ് അപ്പുകൾ ഉപയോഗിക്കുന്നത് അതില്ലാത്തവർക്ക് ദോഷം ചെയ്യുന്നു.

12. ഇലക്ട്രിക് സെക്ഷൻ ഓഫീസ് അകലെയാണ്.

13. മീറ്റർറീഡിംഗ് കൃത്യമായി നടക്കുന്നില്ല.

14. കുടിർജ്യോതി പദ്ധതിക്ക് അപേക്ഷ കൊടുത്തവർക്ക് കണക്ഷൻ ലഭിക്കുന്നില്ല.

സാധ്യതകൾ

1. വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

2. പണമടച്ചു കാത്തിരിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം.

3. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾടേജ് ക്ഷാമം പരിഹരിക്കണം.

4. വൈദ്യുതി ലൈനിൽ തട്ടി നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റണം.

5. പഞ്ചായത്തിലെ താർ റോഡുകളായ വളയം-ചുഴലി, വളയം- കല്ലുനിര, വളയം ചെക്യാട്, വളയം-കണ്ടുകര റോഡുകളിലൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക.

6. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണചുമതല ജനകീയകമ്മറ്റി രൂപീകരിച്ച് അവരെ ഏല്പ്പിക്കുക.

7. എക്സ്റ്റന്റ് ലൈനുകളെല്ലാം ത്രീഫേസ് ലൈനുകളാക്കിമാറ്റുക.

8. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം നൽകുകയും സബ്സിഡികൾ അനുവദിക്കുകയും ചെയ്യുക.

9. ഇന്ധനക്ഷമതയേറിയ അടുപ്പുകളും സൗരോർജ്ജ ഉപകരണങ്ങളും പ്രചരിപ്പിക്കുക.

10. അനർട്ടിന്റെ ഒരു കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.

11. വളയത്ത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുക.

12. ആവശ്യമായ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

13. വലിയ പറമ്പുമുക്കിൽ നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റി വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുതകുന്ന ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

14. നിരവുമ്മൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

15. മീറ്റർ റീഡിംഗ് കാര്യക്ഷമമാക്കി ഉപഭോക്താക്കളിൽ നിന്ന് കരണ്ടു ചാർജ്ജ് കൃത്യമായി ഈടാക്കുക.

പട്ടിക 5.6. (എ)

## നിലവിലുള്ള റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓടയുള്ളത് | ഓട വേണ്ടത് | കലുങ്കുള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി |
|---|---|---|---|---|---|---|---|---|---|---|
| 1, 2, 3, 4, 5, 7, 8 | വളയം-ചുഴലി | 6 | 8 | ടാർ | | | ✓ | | ✓ | ✓ |
| 6, 7, 8 | താനിമുക്ക്-കല്ലുനിര | 3 | 8 | ടാർ | | | ✓ | ✓ | | ✓ |
| 4, 5, 6, 7 | വളയം-കുറുവന്തേരി | 3 | 8 | ടാർ | | ✓ | ✓ | ✓ | | ✓ |
| 2, 3, 4 | വളയം-കുയ്തേരി | 2 | 8 | ടാർ | | | ✓ | ✓ | | ✓ |
| 7, 8, 9 | ചുഴലി, വട്ടച്ചോല | 1 | 8 | ടാർ | | | ✓ | | ✓ | ✓ |
| 1 | ചുഴലി-പുതുക്കുടി | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 1 | മാഞ്ചാന്തറ-കുയ്തേരി | 3 | 4 | | ✓ | | ✓ | | ✓ | ✓ |
| 1 | നിരവ്-ഉണ്ണിയോട്താഴ | 4 | 4 | | ✓ | | ✓ | | ✓ | ✓ |
| 1 | നിരവ്-കുണ്ടുപൊയിൽ | 3 | 4 | | ✓ | | ✓ | | ✓ | ✓ |
| 1 | ആലക്കൽതാഴ-കുനിയിൽ പീടിക | 2 | 3 | | ✓ | | ✓ | | ✓ | ✓ |
| 1 | ഈച്ചരോത്ത് താഴ-മഞ്ചാന്തറ | 2 | 3 | | ✓ | | ✓ | | ✓ | ✓ |
| 1 | ചുഴലി-കുണ്ടുപൊയിൽ | 1.5 | 5 | | ✓ | | ✓ | | ✓ | ✓ |
| 2 | കുയ്തേരി-മഞ്ചാന്തറ | 3 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | കുറ്റിക്കാട്-കുയ്തേരി സ്കൂൾ | 1.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | മാരംകണ്ടി-വടക്കേട്ടിൽ | 0.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | വലിയപറമ്പ്മുക്ക്-തീക്കുനി | 2 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | പാലോള്ളതിൽമുക്ക്-തലപ്പൊയിൽ | 0.2 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | ചപ്പാരിച്ചാണ്ടി-പാലോള്ളതിൽമുക്ക് | 0.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | കല്ലിൽതാഴ-കണ്ണച്ചാംകണ്ടി | 0.2 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | നമ്പോടങ്കണ്ടി-പുതിയകുളത്തുംകര | 0.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 2 | കുഴിക്കണ്ടിമുക്ക്-മാരാംകണ്ടി | 0.5 | 3.5 | | ✓ | | ✓ | | ✓ | ✓ |
| 3 | കോമ്പിമുക്ക്-ചെറുമോത്ത് | 1 | 3 | | ✓ | | ✓ | | ✓ | ✓ |
| 3 | ജാതിയേരി-ചെറുമോത്ത് | 1.5 | 3 | | ✓ | | ✓ | | ✓ | ✓ |
| 3 | മാണിക്കോത്ത്-കുഞ്ഞിപീടിക | 2 | 2.5 | | ✓ | | ✓ | | ✓ | ✓ |
| 4 | വളയം-താമരശ്ശേരി | 1.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 4 | ഓഞ്ഞേന്റവിടെ-പുത്തലത്ത്താഴെ | 1.5 | 3 | | ✓ | | ✓ | | ✓ | ✓ |
| 4 | മാമുണ്ടേരി സ്രാമ്പി-വളയം ആശുപത്രി | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 4 | മൊട്ടേമ്മൽ മാമുണ്ടേരിസ്രാമ്പി | 1 | 3 | | ✓ | | ✓ | | ✓ | ✓ |
| 4 | നാരങ്ങോളിമുക്ക് -എള്ളിൽ | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 4 | ഓഞ്ഞേന്റവിടെ-എടത്തറോൽമുക്ക് | 1 | 4 | | ✓ | | ✓ | | ✓ | ✓ |

H16

പട്ടിക 5.6. (എ) തുടർച്ച

## നിലവിലുള്ള റോഡുകൾ


| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓടയുള്ളത് | ഓട വേണ്ടത് | കലുങ്കുള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി |
|---|---|---|---|---|---|---|---|---|---|---|
| 4 | കണ്ടോത്ത്പറമ്പ്-തയ്യുള്ളതിൽ മുക്ക് | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 4 | തറോക്കണ്ടിമുക്ക്-മാമുണ്ടേരി സ്രാമ്പി | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 5 | വളയം-താമരശ്ശേരി എലിക്കുന്ന് | 3 | 4 | | ✓ | | ✓ | | ✓ | ✓ |
| 5 | വളയം-താമരശ്ശേരി-അദ്വൈതാശ്രമം | 1 | 2 | | ✓ | | ✓ | | ✓ | ✓ |
| 5 | എലിക്കുന്ന് കൊള്ളിനുതാഴെ | 1.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 5 | കിഴക്കേപറമ്പ് പരദേവതാക്ഷേത്രം | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 5 | താമരശ്ശേരി കൊള്ളിനുതാഴെ | 1 | 4 | | ✓ | | ✓ | | ✓ | ✓ |
| 5 | തൊവരവീട് ഉഴിഞ്ഞേരിക്കണ്ടി ക്ഷേത്രം | 0.5 | 3 | | ✓ | | ✓ | | ✓ | ✓ |
| 5 | വളയംടാക്കീസ് മുതൽ പള്ളിമുക്ക് | 0.2 | 3 | | ✓ | | ✓ | | ✓ | ✓ |
| 5 | പൊയങ്ങലേരി മുക്ക് വെള്ളത്താംകണ്ടി | 0.25 | 3 | | ✓ | | ✓ | | ✓ | ✓ |
| 6 | താനിമുക്ക് കല്ലുനിര-കായലോട്ടുതാഴ | 6 | 8 | | ✓ | | ✓ | | ✓ | ✓ |
| 6 | കല്ലുനിര-കുണ്ടുങ്കര | 3 | 8 | | ✓ | | ✓ | | ✓ | ✓ |
| 6 | മഞ്ഞപ്പള്ളിമുക്ക്-നെടുവയിൽത്താഴ | 1 | 6 | | ✓ | | ✓ | | ✓ | ✓ |
| 6 | വള്ള്യാടൻവീട്-തേർകുന്ന് | 0.4 | 3 | | ✓ | | ✓ | | ✓ | ✓ |
| 6 | മഞ്ഞപ്പള്ളിതേർകുന്ന് | 1.2 | 4 | | ✓ | | ✓ | | ✓ | ✓ |
| 6 | കല്ലുനിര-പൂങ്കുളം | 0.6 | 8 | | ✓ | | ✓ | | ✓ | ✓ |
| 6 | ചേലത്തോട് ചാലിൽമുക്ക് | 1 | 2 | | ✓ | | ✓ | | ✓ | ✓ |
| 7 | പൂവംവയൽ മാരാംകണ്ടി | 4 | 4 | | ✓ | | ✓ | | ✓ | ✓ |
| 7 | നിരവ്-ചുഴലി | 1 | 8 | | ✓ | | ✓ | | ✓ | ✓ |
| 7 | കുറ്റിക്കാട്-ഒലക്കേന്റവിടെ മുണ്ടോറുകുന്നുമ്മൽ | 0.2 | 4 | | ✓ | | ✓ | | ✓ | ✓ |
| 7 | ചുഴലി-പുതുക്കയം | 2.5 | 8 | ✓ | | ✓ | | ✓ | ✓ | ✓ |
| 7 | കുങ്കിയുള്ളതിൽ - ഒലിപ്പിൽ | 2 | 4 | | ✓ | | ✓ | | ✓ | ✓ |
| 7 | നിരവ്-കുങ്കിയുള്ളതിൽ | 1.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 7 | ചാലിയാട്ടുപൊയിൽ-മാവുള്ള പറമ്പ് | 1.5 | 4 | | ✓ | | ✓ | | ✓ | ✓ |
| 8 | നിരവ്-പുതുക്കയം | 3.5 | 8 | ✓ | | ✓ | | ✓ | | ✓ |
| 8 | ചുഴലി-മുതുകുറ്റി | 1.5 | 8 | | ✓ | | ✓ | | ✓ | ✓ |

## പഞ്ചായത്തിലെ ടാറും മെറ്റലും ചെയ്യേണ്ട റോഡുകൾ പട്ടിക 5.6. (ബി)

| വാർഡ് | റോഡിന്റെ പേര് | ദൂരം (കി.മീ) | വീതി (മീ.) |
|---|---|---|---|
| 1 | ചുഴലി-പുതുക്കുടി | 100 | 4 |
| 1 | മഞ്ചാന്തറ-കുയ്തേരി | 3 | 4 |
| 1 | നിരവ് ഉണ്ണിയോട്ട്താഴ | 4 | 4 |
| 1 | നിരവ് കുണ്ടുപൊയിൽ ചുഴലി | 3 | 4 |
| 1 | ആലക്കൽത്താഴ കുനിയിൽ പീടിക | 2 | 3 |
| 1 | ഈച്ചരോത്ത്തഴ-മഞ്ചാംതറ | 2 | 3 |
| 1 | ചുഴലി-കുണ്ടുപൊയിൽ | 1.5 | 5 |
| 2 | കുയ്തേരി-മഞ്ചാംതറ | 3 | 4 |
| 2 | കുറ്റിക്കാട്-കുയ്തേരി സ്കൂൾ | 1.5 | 4 |
| 2 | മാരാംകണ്ടി വടക്കേട്ടിൽ | 0.5 | 4 |
| 2 | വലിയപറമ്പത്ത് തീക്കുനിക്കുളം വഴി പടിഞ്ഞറേമുക്ക് | 2 | 4 |
| 2 | പാലോള്ളതിൽമുക്ക്-തലപ്പൊയിൽ | 0.2 | 4 |
| 2 | ചപ്പാരിച്ചാണ്ടിമുക്ക് പാലോള്ളതിൽ | 0.5 | 4 |
| 2 | കല്ലിൽതാഴ-കണ്ണച്ചാംകണ്ടി | 0.2 | 4 |
| 2 | നമ്പോടൻകണ്ടി-പുതിയകുളത്തുംകര | 0.5 | 4 |
| 2 | കുഴിക്കണ്ടിമുക്ക്-മാരാംകണ്ടി | 0.5 | 3.5 |
| 3 | കോമ്പിമുക്ക്-ചെറുമോത്ത് | 1 | 3 |
| 3 | ജാതിയേരി-ചെറുമോത്ത് | 1.5 | 3 |
| 3 | മാണിക്കോത്ത്-കുഞ്ഞിപ്പീടിക | 2 | 2.5 |
| 3 | കുയിതേരി-ഓണപ്പറമ്പ്-വാണിമേൽ | 1.5 | 5 |
| 4 | വളയം-താമരശ്ശേരിതാഴ | 1.5 | 4 |
| 4 | ഓഞ്ഞേന്റവിടെ-പുത്തലത്ത് | 1.5 | 3 |
| 4 | മാമുണ്ടേരി സ്രാമ്പി മുതൽ വളയം ആശുപത്രിവരെ | 1 | 4 |
| 4 | മോട്ടേമ്മൽ മാമുണ്ടേരി സ്രാമ്പി | 1 | 3 |
| 4 | നാരങ്ങോളി-എളേറ്റിൽമുക്ക് | 1 | 4 |
| 4 | ഓഞ്ഞേന്റവിട -എടത്തറോൽമുക്ക് | 1 | 4 |
| 4 | കണ്ടോത്തുപറമ്പ്-തയ്യുള്ളതിൽമുക്ക് | 1 | 3 |
| 4 | തറോക്കണ്ടിമുക്ക്-മൗവ്വഞ്ചേരി സ്രാമ്പി | 1 | 4 |
| 5 | വളയം-താമരശ്ശേരി-എലിക്കുന്നുമ്മൽ | 3 | 4 |
| 5 | വളയം-താമരശ്ശേരി-അദ്വൈതാശ്രമം | 1 | 2 |
| 5 | എലിക്കുന്നുമ്മൽ കൊള്ളിനുതാഴെ | 1.5 | 4 |
| 5 | കിഴക്കേപറമ്പ്-പരദേവതാക്ഷേത്രം | 1 | 4 |
| 5 | താമരശ്ശേരി-കൊള്ളിനുതാഴെ | 1 | 4 |
| 5 | തൊവരവീട്ടിൽ ഉഴിഞ്ഞേരിക്കണ്ടി പരദേവത | 0.5 | 3 |
| 5 | വളയം ടാക്കീസ്-പള്ളിമുക്ക് | 0.2 | 3 |
| 5 | പൊയങ്ങലേരിമുക്ക്-ചെറുവെള്ളത്താംകണ്ടി | 0.25 | 3 |

## പഞ്ചായത്തിലെ ടാറും മെറ്റലും ചെയ്യേണ്ട റോഡുകൾ പട്ടിക 5.6. (ബി) തുടർച്ച

| വാർഡ് | റോഡിന്റെ പേര് | ദൂരം (കി.മീ) | വീതി (മീ.) |
|---|---|---|---|
| 6 | താനിമുക്ക്-കായലോട്ട്താഴ | 6 | 8 |
| 6 | കല്ലുനിര-കുണ്ടുംകര | 3 | 8 |
| 6 | മഞ്ഞപ്പള്ളി-നിടുവയൽതാഴ | 1 | 6 |
| 6 | വള്ള്യാടൻവീട്-തേറുകുന്ന്-മഞ്ഞപ്പള്ളി | 1.6 | 4 |
| 6 | ചേലത്തോട്-ചാലിൽമുക്ക് | 1 | 4 |
| 6 | എളമ്പറ്റക്കണ്ടി-വലിയപറമ്പ് മുക്ക് | 1 | 6 |
| 7 | പൂവംവയൽ-മാരാംകണ്ടി | 4 | 4 |
| 7 | നിരവ്-ചുഴലി | 1 | 8 |
| 7 | ചുഴലി-പുതുക്കയം | 2.5 | 8 |
| 7 | കുറ്റിക്കാട്-ഒലക്കേന്റവിട ലക്ഷംവീട് | 0.1 | 4 |
| 7 | കുങ്കിയുള്ളതിൽ-ഒലിപ്പിൽ | 2 | 4 |
| 7 | നിരവ്-കുങ്കിയുള്ളതിൽ | 1.5 | 4 |
| 7 | ചാലിയാട്ട്പൊയിൽ-മാവുള്ളപറമ്പ് | 1.5 | 4 |
| 7 | മഞ്ചാന്തറ-കുങ്കിയുള്ളതിൽ-വെള്ളിയോട്ടുപൊയിൽ | 1.5 | 4 |
| 7 | ഷാപ്പ്മുക്ക്-സ്രാമ്പിമുക്ക് | 0.5 | 4 |
| 8 | നിരവ്-പുതുക്കയം | 3.5 | 8 |
| 8 | ചുഴലി-മുതുകുറ്റി | 1.5 | 8 |
| 9 | മുതുകുറ്റി-വള്ള്യാട്-എളമ്പ | 5 | 8 |
| 9 | അടൂർ-പുഞ്ച-വള്ള്യാട് | 6 | 8 |
| 9 | മുതുകുറ്റി-ചുണ്ടമ്മൽ | 1.5 | 4 |



പട്ടിക 5.6. (സി)

## പുതുതായി നിർമിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം (കി.മീ) |
|---|---|---|
| 1 | കുട്ടക്കെട്ടിൽ -പൊയിലുപറമ്പ് | |
| 2 | താനിമുക്ക്-കുയിത്തേരി സ്കൂൾ-അരയാക്കണ്ടിഭാഗം | |
| 2 | തലപ്പൊയിൽ-ചപ്പാരിച്ചാണ്ടി | |
| 2 | പാലൊള്ളതിൽ-കൊടങ്കോട്ട് താഴ-കുയിതേരി | |
| 2 | കരുവാന്റെവിട-പുതിയേടത്തുകുന്ന്-കുയിതേരി | |
| 2 | കുഴിക്കണ്ടിയിൽ മുക്ക്-നല്ലിയുള്ളിൽ-ചപ്പാരിച്ചാണ്ടി | |
| 3 | കുറുങ്ങോട്ടുതാഴ-ഓണപ്പറമ്പ്മുക്ക് | 1.5 |
| 3 | പള്ളിമുക്ക് മുതൽ ചെറുമോത്ത് വരെ | |
| 4 | കക്കുടുക്ക് മുക്ക്-കാരപ്പറമ്പ് | 1 |
| 4 | വളയം-ചെക്കോറ്റ-ചാമാളിയ പറമ്പ് | 1 |
| 4 | എടത്തറോൽ-കുറുങ്ങോട്ടുകുന്നുമ്മൽ | .4 |
| 5 | കുറുങ്ങോട്ടുകുന്നുമ്മൽ-വലിയകണ്ടം | 1 |
| 5 | കടയങ്കോട്ട്-എലിക്കുന്ന്-വലിയകണ്ടം | 1 |
| 5 | രണ്ടരപ്പള്ളി-കുളപ്പൊയിൽ | .6 |
| 5 | കനവത്താംകണ്ടി-പിള്ളാട്ട് | .75 |
| 5 | പിള്ളാട്ട്-പൊയങ്ങലേരി | 1 |
| 6 | നിടുംകുണ്ടിവയൽ-മഠത്തിൽത്താഴ | .9 |
| 6 | ചെമ്പോടത്ത് അണക്കെട്ട്-മരാംകണ്ടി സ്കൂൾ | .8 |
| 6 | വലിയകണ്ടി-ഉഴിഞ്ഞേരിപ്പൊയിൽ | .5 |
| 6 | നെടുകുണ്ടിവയൽ-ചേലോറമുക്ക് | .7 |
| 6 | പൂവംവയൽ-ഓട്ടാണി-ചേലത്തോട് | 1.5 |
| 6 | കുണ്ടിലവീട്ടിൽ-മഞ്ഞപ്പള്ളിക്കുളം | .5 |
| 6 | വാഴയിൽ-നമ്പൂടികണ്ടിമുക്ക് | .75 |
| 7 | കുങ്കിയുള്ളതിൽ-കണ്ടുള്ളപറമ്പ് | .5 |
| 6 | കാവുന്തറ-കുളമുള്ളതിൽമുക്ക് | .7 |
| 7 | നിരവുമ്മൽ-യുവതാരക്ലബ്ബ്-കൊമ്മോട്ടുപൊയിൽ-പൂവംവയൽ | .5 |
| 8 | വട്ടച്ചോല-കുരിക്കിലായി | 2 |
| 8 | ചിറ-ഞണ്ണ | 2.5 |
| 8 | മഞ്ഞച്ചേരി-കന്നുകുളം | 2 |
| 9 | വിളക്കളം-പെരുന്നംപിലായി-ആയോട് | 7 |
| 9 | വിളക്കളം-കാലിക്കൊളുമ്പ് | 1.5 |
| 9 | മാവുള്ളചാലിൽ-ഒയ്യാല | 2.5 |
| 9 | കാവിന്റെതാഴ-വിളക്കളം | 4 |

## പുതുതായി നിർമിക്കേണ്ട പാലങ്ങൾ പട്ടിക 5.6. (ഡി)

| വാർഡ് | നിർദ്ദേശിക്കുന്ന സ്ഥലം |
|---|---|
| 3 | ആവലത്ത്താഴ തോട് |
| 3 | ചിറവട്ടത്ത്-നാറക്കുന്ന് ഭാഗം |
| 4 | കുറുങ്ങോട്ടുകുന്നുമ്മൽ താഴതോട് |
| 5 | മണലൊടി താഴ തോട് |
| 5 | ചാത്തോത്ത്താഴ തോട് |
| 6 | അരുവിക്കരതാഴ തോട് |
| 6 | ഇല്ലത്തുമഠത്തിൽ താഴ തോട് |
| 8 | മാവുള്ളചാലിൽതാഴ പുഴ |
| 8 | കാവിൽതാഴ തോട് |
| 9 | പുഞ്ചത്തോട് |
| 9 | എളമ്പത്തോട് |
| 9 | കക്കുന്നിത്താഴത്തോട് |

## പുതുതായി നിർമിക്കേണ്ട നടപ്പാലങ്ങൾ പട്ടിക 5.6. (ഇ)

| വാർഡ് | നിർദ്ദേശിക്കുന്ന സ്ഥലം |
|---|---|
| 3 | ചിറവട്ടത്ത്താഴ |
| 3 | ചെക്കിയിൽ പൊയിൽത്തോട് |
| 4 | കണ്ടോത്ത് നാമത്ത് താഴ |
| 6 | ചങ്ങരോത്ത്താഴ തോട് |
| 6 | കുനിയിൽതാഴ തോട് |
| 6 | തേർക്കുന്നതാഴ തോട് |
| 8 | മാവുള്ളചാലിൽ പുഴക്ക് |
| 9 | പുഞ്ചത്തോടിന് കാവിൽതാഴ |
| 9 | പുഞ്ചത്തോടിന് വിളക്കലത്ത് നടപ്പാലം |
| 9 | എളപ്പത്തോടിന് കുണ്ടിലപ്പുരയിൽ |

## പുതുതായി നിർമിക്കേണ്ട നടപ്പാതകൾ പട്ടിക 5.6. (എഫ്)

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം (കി.മീ) |
|---|---|---|
| 1 | കുയ്തേരി സ്കൂൾ നടപ്പാത ആലക്കൽതാഴ റോഡുമായി ബന്ധിപ്പിക്കുക | 0.05 |
| 1 | ചാമയിൽ കല്ലുള്ളപറമ്പ് | |
| 2 | പാലോള്ളതിൽ-കൊടെങ്കോട്ട്-കുയിതേരി | |
| 2 | പുതിയകുളത്തുങ്കര-ആയടത്തിൽതാഴ പുതിയകുന്ന്-കുയിതേരി | |
| 2 | അടുപ്പോതിക്കണ്ടി-തലപ്പൊയിൽ | |
| 2 | കരുവാന്റവിടെ മുക്ക്-പുതിയേടത്ത്കുന്ന്-കുയിതേരി | |
| 4 | വളയം റേഷൻഷാപ്പ്-കൊയിറ്റികണ്ടി | |
| 4 | കല്ലിക്കണ്ടിമുക്ക്-താമരശ്ശേരിറോഡ് | |
| 5 | കുനിങ്ങേന്റവിട-താമരശ്ശേരിറോഡ് | 0.2 |
| 5 | വണ്ണാർക്കണ്ടി-താമരശ്ശേരി പാലം | 1 |
| 5 | താമരശ്ശേരി-മണലോടി | 1 |
| 5 | അടിക്കിലോട്ട്-താമരശ്ശേരി | 0.7 |
| 6 | ചേലത്തോട്-ചേണിക്കുന്നുമ്മൽതാഴ | |
| 6 | അരുവിക്കര-കിഴക്കയിൽതാഴ | 2 |
| 6 | കുനിയിൽതാഴ-മയില്യാംകോട്ട് | 0.2 |
| 9 | ചിറ്റാരിക്കണ്ടിവാതുക്കൽ – ആയോട് | 0.45 |
| 9 | കോരംകുന്ന്-കാവ്-പുഞ്ച | 2 |

## പഞ്ചായത്തിലെ ടാർ റോഡുകൾ പട്ടിക 5.6. (ജി)

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം (കി.മീ) | വീതി (മീ.) |
|---|---|---|---|---|
| 1 | ജാതിയേരികോമ്പി മുക്ക്-നിരവുമ്മൽ | PWD | 5.5 | 8 |
| 2 | വളയം-കുറുവന്തേരി | PWD | 3 | 8 |
| 3 | താന്നിമുക്ക്-കല്ലുനിര | പഞ്ചായത്ത് | 2.5 | 8 |
| 4 | വളയം-കുയിതേരി | പഞ്ചായത്ത് | 2 | 8 |
| 5 | വളയം-ചെക്യ്യാട് | പഞ്ചായത്ത് | 2 | 8 |
| 6 | ചുഴലി-മുതുകുറ്റി | പഞ്ചായത്ത് | 1 | 8 |

## പഞ്ചായത്തിലെ ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ പട്ടിക 5.6. (എച്ച്)

| നമ്പർ | റോഡിന്റെ പേര് | ദൂരം (കി.മീ) | വീതി (മീ.) |
|---|---|---|---|
| 1 | കല്ലുനിര-കൂടലായി | 2.5 | 8 |
| 2 | നിരവ്-പുതുക്കയം | 3 | 8 |
| 3 | വട്ടച്ചോല-മുതുകുറ്റി | .7 | 8 |

# 5.7



# പാർപ്പിടവും സാമൂഹ്യക്ഷേമവും

മണ്ണിനോടും വന്യമൃഗങ്ങളോടും പകർച്ചവ്യാധികളോടും മല്ലടിച്ച് ജീവിച്ചവരായിരുന്നു നമ്മുടെ പൂർവ്വികന്മാർ. യാത്രസൗകര്യങ്ങളോ മറ്റ് ജീവതസൗകര്യങ്ങളോ ചികിത്സാ സൗകര്യങ്ങളോ ഈ പ്രദേശത്തുകാർക്ക് അന്ന് ലഭിച്ചിരുന്നില്ല. കൃഷി മാത്രമായിരുന്നു ഏക ജീവിത മാർഗ്ഗം.

ഭൂമി കുഴിച്ച് താഴ്ത്തി ആ കുഴിയിൽ വീട് ഉണ്ടാക്കുക എന്നതായിരുന്നു ആദ്യം നിലവിൽ വന്ന ഗൃഹനിർമ്മാണ ശൈലി. ഒട്ടും തന്നെ സൗകര്യങ്ങളില്ലാത്ത കുടിലുകളിൽ ആയിരുന്നു ഭൂരിപക്ഷം പേരും താമസിച്ചിരുന്നത്. കൂട്ടു കുടുംബവ്യവസ്ഥ ആയിരുന്നതിനാൽ ഒരോ വീട്ടിലും ധാരാളം അംഗങ്ങൾ ഉണ്ടായിരുന്നു. ആദ്യകാലത്തുണ്ടായിരുന്ന വീടുകളുടെ ഭിത്തികൾ മെടഞ്ഞ ഓലകൾ കൊണ്ട് മറച്ചവയും മേൽപ്പുര ഓല മേഞ്ഞതുമായിരുന്നു. പിന്നീട് ഉരുട്ടുകട്ട ഉപയോഗിച്ചു വീടിന്റെ ചുമർ പണിതിരുന്നു. അതിനുശേഷം ഉൾഭാഗത്ത് മരം കൊണ്ട് ഉണ്ടാക്കിയ അറകളും ചുറ്റും ഒരടി അകലത്തിൽ മൺകട്ടകൾ കൊണ്ട് ഉണ്ടാക്കിയ ചുമരോടും കൂടിയ അപൂർവ്വം വീടുകളും ഉണ്ടായി. ഭിത്തികൾ ചെമ്മണ്ണ് കൊണ്ട് മെഴുകുക പതിവായിരുന്നു. ചില വീടുകളുടെ ചുമരുകൾ കല്ലരിച്ച മണ്ണും കക്കകുമ്മായവും ഉപയോഗിച്ചു തേച്ച് മിനുക്കിയിരുന്നു.

കാലക്രമത്തിൽ ജനസംഖ്യ വർദ്ധിച്ചതോട് കൂടി കൂടുതൽ വീടുകൾ നിർമ്മിക്കേണ്ടി വന്നതിനാൽ താഴ്ന്ന പ്രദേശങ്ങളിലും വീടുകൾ ഉണ്ടാക്കേണ്ടി വന്നു. ഇതോട് കൂടി ഉയരത്തിൽ തറ കെട്ടി വീട് പണിയുന്ന സമ്പ്രദായം നിലവിൽ വന്നു. ഇത്തരം തറകൾ കാഠിന്യമുള്ള ഉരുളൻ കല്ലുകൾ ഉപയോഗിച്ചായിരുന്നു പണിതത്. ചുറ്റു ഭാഗവും മെതിക്കളത്തോട് കൂടിയ ഒറ്റപ്പെട്ട ജന്മിഗൃഹങ്ങളും ഉയർന്നു വന്നു. അതിനുശേഷം ചെങ്കല്ലും മരങ്ങളും ഉപയോഗിച്ചുള്ള സമാന്യം ഭംഗിയും വിസ്തൃതിയുമുള്ള വീടുകളും പണിത് തുടങ്ങി. ഇതിന്റെയൊക്കെ മേൽക്കൂര ഓലമേഞ്ഞതായിരുന്നു. കട്ടയും കല്ലും കൊണ്ട് ഉണ്ടാക്കിയ വീടുകൾ നീറ്റ് കുമ്മായം ഉപയോഗിച്ചു തേച്ച് മോടി പിടിപ്പിക്കുന്നതും സാർവത്രികമായി. 1940 കളിലാണ് വീടുകൾ ഓട് മേയാൻ തുടങ്ങിയത്. ഇത് സമ്പന്നർമാരുടേയും ഭൂപ്രമാണിമാരുടേയും വീടുകളുടെ മാത്രം പ്രത്യേകതയായിരുന്നു. 1970 കളിൽ ഓട് മേഞ്ഞ ഒറ്റനില വീടുകളും ഇരുനില വീടുകളും സാധാരണക്കാരും വ്യാപകമായി ഉണ്ടാക്കാൻ തുടങ്ങി. ഇതേ കാലത്ത് വീടുകളുടെ നിലത്തിന് സിമന്റും കാവിയും ഉപയോഗിക്കുക പതിവായിതീർന്നു. ചുമരുകൾ സിമന്റു തേക്കുകയും നീറ്റ് കക്കയും നീലവും ഉപയോഗിച്ചു വെള്ള പൂശുകയും ചെയ്തിരുന്നു. 1980 കളിൽ ഗൾഫ് പണത്തിന്റെ സ്വാധീനത്തോട് കൂടി കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചു തുടങ്ങി. അടുത്ത കാലത്തായി വൻകിട കോൺക്രീറ്റ് മണിമാളികകൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. കോൺക്രീറ്റ് മന്ദിരങ്ങളോടുള്ള ഭ്രമം വ്യാപകമായിട്ടുണ്ട്. ഓരോ കുടുംബത്തിനും ഓരോ വീട് ആവശ്യമായി ത്തീർന്നു. സ്വന്തമായി ഒരു വീട് എന്ന ആഗ്രഹം പലർക്കും ഇന്നു ഒരു ദിവാസ്വപ്നമാണ്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ചെങ്കല്ല് കരിങ്കല്ല് എന്നിവ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ ലഭ്യമായിട്ടും ഇതാണ് സ്ഥിതി.

ഇന്ന് ഈ പഞ്ചായത്തിൽ 9 വാർഡുകൾ ഉണ്ട്. 1991 ലെ സർവെയിൽ ആകെ ജനസംഖ്യ 16705 ഉം വീടുകൾ 2976 ഉം ആയിരുന്നു.

സ്വന്തമായി വീടുണ്ടാക്കാൻ കഴിവില്ലാത്ത ധാരാളമാളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഭൂമിയുടെ വില കുതിച്ചുകയറുന്നത് മൂലം സാധാരണക്കാർക്ക് വീടുണ്ടാക്കാൻ സ്ഥലം വാങ്ങാൻ കഴിയുന്നില്ല. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വില കൂടിയും വരുന്നു.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ നിയന്ത്രണനിയമം നിലവിലില്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിൽ യാതൊരു നിയന്ത്രണവും പാലിക്കപ്പെടുന്നില്ല. പറമ്പുകളുടെ അതിരിന് മണ്ണ് കൊണ്ടുള്ള മതില് (കൊള്ള്) ആണ് ഇവിടെ നിർമ്മിക്കുന്നത്.

ഇവിടെ ചേരി നിവാസികളില്ല. ഒന്നാം വാർഡിൽ ഒരു നാല് സെന്റ് കോളനിയും ആറാം വാർഡിൽ ഒരു

'ലക്ഷം വീട്' കോളനിയും എട്ടാം വാർഡിൽ രണ്ട് 'നാല് സെന്റ്' കോളനികളും ഒരു ഹരിജൻ കോളനിയുമായി ആകെ അഞ്ച് കോളനികളാണ് ഉള്ളത്.

കോളനിവാസികളുടെ അവസ്ഥ പരമദയനീയ മാണ്. ആറാം വാർഡിലുള്ള ലക്ഷം വീട് കോളനിയിൽ മൂന്നു മേൽക്കൂരകൾക്കു കീഴെ ആറ് കുടുംബങ്ങളാണ് താമസിക്കുന്നത്. ഏകദേശം കാൽ കിലോമീറ്ററിനുള്ളിൽ തന്നെയാണ് മറ്റ് നാല് കോളനികളും സ്ഥിതി ചെയ്യുന്നത്. കോളനിയിലെ വീടുകൾ ഭൂരിപക്ഷവും വെറും മൺകൂരകളും ചെറ്റക്കുടിലുകളുമാണ്. കൂലിപ്പണിയല്ലാതെ മറ്റ് വരുമാനമാർഗ്ഗങ്ങളൊന്നും അവർക്കില്ല. കർഷക തൊഴിലാളികളായ ഇവർക്ക് ചില സീസണുകളിൽ മാത്രമാണ് ജോലികിട്ടുന്നത്. ജോലി ഇല്ലാത്ത സമയങ്ങളിൽ ഇവരുടെ ജീവിതം പരമദയനീയമാണ്. ഓല വാങ്ങാൻ കഴിയാത്തത് കൊണ്ട് പുര കെട്ടിടമേയാൻ ബുദ്ധിമുട്ടുന്നുണ്ട്. മലമൂത്ര വിസർജ്ജനത്തിനു പോലും യാതൊരു സംവിധാനവും ഇല്ല. ഇത് അവരുടേയും പരിസരത്തുള്ള ജനങ്ങളുടേയും ആരോഗ്യസ്ഥിതിയെ സാരമായി ബാധിക്കുന്നു. കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്. വേനൽക്കാലമായാൽ കിലോമീറ്ററുകൾ താണ്ടിയാണ് പലരും കുടിവെള്ളം ശേഖരിക്കുന്നത്. നാല് സെന്റ് കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല.

ഭവന നിർമ്മാണ രംഗത്ത് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ വളരെ കുറച്ച് പേർക്ക് വായ്പ ലഭിച്ചിട്ടുണ്ട്. K.S.C.H.F. 6856518.50 രൂപയും എടച്ചേരി റൂറൽ സഹകരണ ഹൗസിംഗ് സൊസൈറ്റി 38 പേർക്ക് 24,49,000 രൂപയും വളയം സർവ്വീസ് സഹകരണ ബേങ്ക് 28068 രൂപയും വളയം പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്. കൂടാതെ കക്കട്ടിൽ സഹകരണ ബേങ്കും വായ്പ നൽകിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ദ്ധ തൊഴിലാളിക്ക് 125 രൂപയും അവിദഗ്ദ്ധ തൊഴിലാളിക്ക് 110 രൂപയുമാണ് നിലവിലുള്ള കൂലി. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില താങ്ങാനാവാത്ത വിധം വർദ്ധിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സ്വന്തമായി വീടില്ലാത്തവർ ധാരാളമുണ്ട്

2. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ഇല്ല. അതുകൊണ്ട് തന്നെ പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സഹായം ലഭിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നു.

3. ഭൂരിഭാഗവും ഓലപ്പുരകളാണ്. ഓലയുടെ ലഭ്യത വർഷം തോറും കുറഞ്ഞും വിലകൂടിയും വരുന്നു.

4. വീട് നിർമ്മാണത്തിനുള്ള മറ്റ് വസ്തുക്കൾ ലഭിക്കാനും പ്രയാസം അനുഭവപ്പെടുന്നു.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും വിദഗ്ധ തൊഴിലാളികളുടേയും, ഭൂമിയുടേയും ദൗർലഭ്യം അനുഭവപ്പെടുന്നു.

6. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയുണ്ട്.

7. ചെലവ് കുറഞ്ഞ വീടുകൾ പഞ്ചായത്തിൽ പ്രചരിപ്പിക്കപ്പെടുന്നില്ല.

സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

2. ഭവന നിർമ്മാണ രംഗത്ത് വൈദഗ്ധ്യമുള്ള തൊഴിലാളികളെ വളർത്തിയെടുക്കുന്നതിനു വേണ്ടി പരിശീലന കേന്ദ്രം സ്ഥാപിക്കുക.

3. പഞ്ചായത്തിലെ 1,3,9 വാർഡുകൾ കോളനിക്കാവശ്യമായ സ്ഥലം നൽകാൻ സന്നദ്ധമാണ് ഇത് ഉപയോഗപ്പെടുത്തുക.

4. ആറാം വാർഡിലെ പാറക്കാട്ടിൽ പറമ്പ് എന്ന രണ്ട് ഏക്കറോളം വരുന്ന മിച്ചഭൂമിയും ഏഴാം വാർഡിലുള്ള അച്ചം വീട് എന്ന മിച്ചഭൂമിയും ഭൂരഹിതർക്ക് വീട് വെയ്ക്കാൻ വീതിച്ചു കൊടുക്കുക.

5. വീട് നിർമ്മിക്കുന്നതിനായി സാങ്കേതിക കുരുക്കുകളില്ലാത്ത കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘ കാല വായ്പകൾ ലഭ്യമാക്കുക.

6. കുറഞ്ഞ ചെലവിൽ സൗകര്യപ്രദമായ വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

7. വീട് നിർമ്മാണത്തിലെ ആനാവശ്യ ചെലവുകൾക്ക് നിയന്ത്രണം കൊണ്ട് വരിക.

8. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി അനുസരിച്ച് വീട് പണിയാൻ നൽകുന്ന വായ്പാ തുക അൻപതിനായിരം (50,000) രൂപയായി ഉയർത്തുക.

9. ഓല പുരകൾ ഓട് മേയാൻ ഉദാരമായ വായ്പകൾ ലഭ്യമാക്കുക.

10. നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടു കൂടി കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കാനും ഉപയോഗപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കുക.

## സാമൂഹ്യക്ഷേമം

ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള സമഗ്രമായ മുന്നേറ്റത്തിനുതകുന്ന പദ്ധതികളെയാണ് സാമൂഹ്യക്ഷേമപദ്ധതികൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ 60% ആളുകളും ദാരിദ്ര്യരേഖക്ക് താഴെയാണ്. അതുകൊണ്ടു തന്നെ സാമൂഹ്യക്ഷേമ പദ്ധതികളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിരിക്കുന്നു.

ഇപ്പോൾ ഇവിടെ മഹിളാ സ്വസ്ഥിക്ക് സംഘ് ഒന്നും മഹിളാ സമാജം 3 ഉം പ്രവർത്തിച്ചുവരുന്നുണ്ട്. സ്വന്തമായ കെട്ടിടത്തിൽ അഞ്ചാം വാർഡിൽ നല്ലനിലയിൽ പ്രവർത്തിച്ചു വന്ന മഹിളാ സമാജത്തിന്റെ പ്രവർത്തനം നിലച്ചു പോയിട്ടുണ്ട്. നീർത്തട പദ്ധതിയുടെ ഭാഗമായി മൂന്ന് തയ്യൽ പരിശീലന കേന്ദ്രങ്ങളും, ഒരു പഴ സംസ്ക്കരണ യൂനിറ്റും, ട്രൈസം പദ്ധതി

പ്രകാരം തയ്യൽ, മെക്കാനിക്കൽ, പ്രിന്റിംഗ് ടെക്നോളജി എന്നിവയിൽ പരിശീലനം നേടിയിട്ടുള്ളവരും ഉണ്ട്. അഗതി പെൻഷൻ, വികലാംഗപെൻഷൻ, ക്ഷയരോഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വിധവാ പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവ ലഭിക്കുന്നവരുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നുണ്ടു. വികലാംഗർക്കും ബുദ്ധി മാന്ദ്യം സംഭവിച്ചവർക്കും സ്കോളർഷിപ്പും, യാത്രാബത്തയും ലഭിച്ചു വരുന്നുണ്ട്. വികലാംഗ വാഹനം പഞ്ചായത്തിലെ ഒരാൾ ഉപയോഗിക്കുന്നുണ്ടു. കല്ലുനിരയിൽ ശിശുമന്ദിരവും, നിരവിന്മേൽ ബാലവാടിയും, നീലാണ്ടിൽ ശ്മശാനവും ഉണ്ട്.

115 ടെലഫോൺ കണക്ഷനുകൾ ഇന്നു നിലവിൽ ഉണ്ട്. ഇതിന്റെ നാലിരട്ടിയോളം അപേക്ഷകർ വെയിറ്റിംഗ് ലിസ്റ്റിലും ഉണ്ട്. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചു കഴിഞ്ഞാൽ ലിസ്റ്റിലുള്ളവർക്ക് മുഴുവനും കണക്ഷൻ കൊടുക്കാൻ കഴിയും. പബ്ലിക്ക് ടെലഫോൺ കോൾ ബൂത്തുകൾ ഇന്ന് വളയം അങ്ങാടിയെ കേന്ദ്രീകരിച്ചു മാത്രമാണ് ഉള്ളത്.

കുറ്റിക്കാട്, കല്ലുനിര ചുഴലി, നിരവ് എന്നീ ഭാഗങ്ങളിൽ കൂടി ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കേണ്ടതുണ്ട്. കുറ്റിക്കാട് ഭാഗത്ത് ഒരു ബ്രാഞ്ച് പോസ്റ്റാഫിസ് വൺ മാൻട്രഷറി, സബ് റജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥാപിക്കണം.

59 ആദിവാസി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവർക്ക് വേണ്ട സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചു വിശദമായി പട്ടികജാതി,പട്ടികവർഗ്ഗം എന്ന പ്രത്യേകം റിപ്പോർട്ടു തയ്യാറാക്കി ചേർത്തിട്ടുണ്ട്. അതുകൊണ്ടു ആ ഭാഗങ്ങളിലേക്ക് വിശദമായി കടക്കുന്നില്ല. ICDP സ്കീമിന്റെ പരിധിയിൽ ഈ പഞ്ചായത്തിനെ കൊണ്ടുവരണം. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വാർത്താവിനിമയ, വിദ്യഭ്യാസ, തൊഴിൽ വനിതാ മേഖലകളിലെല്ലാം പിന്നോക്കം നിൽക്കുന്ന മലയോര പഞ്ചായത്ത് എന്ന നിലയിൽ ഈ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണ കൊടുക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ വളരെക്കുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ.

2. ഐ.ആർ.ഡി.പി. ലിസ്റ്റിൽ അർഹതയുള്ളവർ മുഴുവനും ഉൾപ്പെട്ടിട്ടില്ല.

3. സർക്കാറിന്റെ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് പലർക്കും അറിവില്ല.

4. നൈപുണ്യക്കുറവും, കെടുംകാര്യസ്ഥതയും കൊണ്ട്നിലച്ചുപോയ DWCRA യൂനിറ്റുകൾ ഉണ്ട്.

5. ലോൺ, പെൻഷനുകൾ, ചികിത്സാസഹായം, വിവാഹസഹായം എന്നിവകൾക്ക് അപേക്ഷിച്ചിട്ട് ലഭിക്കാത്ത അർഹതപ്പെട്ടവരുണ്ട്.

6. ലഭിച്ച സഹായം നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിക്കാത്ത അവസ്ഥയുമുണ്ട്.

7. മന്ദബുദ്ധികൾക്കാവശ്യമായ പരിശീലനസൗകര്യം ഇല്ല.

8. മദ്യത്തിനടിമപ്പെട്ട് സ്വന്തം ജീവിതവും, സാമൂഹ്യജീവിതവും അപകടപ്പെടുത്തുന്നവരുണ്ട്.

9. വളയം അങ്ങാടിയിലൊഴിച്ച് മറ്റെവിടെയും പഞ്ചായത്തിൽ ടെലഫോൺ ബൂത്തുകളില്ല.

## സാദ്ധ്യതകൾ

1. ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതികളെക്കുറിച്ചും, സമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചും ജനങ്ങളുടെയിടയിൽ ബോധവൽക്കരണം നടത്തണം.

2. നിലച്ചുപോയ DWRCA യൂനിറ്റുകൾ പുനരുദ്ധരിക്കണം.

3. ലോൺ, പെൻഷനുകൾ, ചികിത്സാസഹായം, വിവാഹ സഹായം എന്നിവ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

4. ലഭിച്ച സഹായങ്ങൾ നിർദ്ദഷ്ട പദ്ധതികൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

5. മന്ദബുദ്ധികൾക്കാവശ്യമായ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

6. മദ്യപാനത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

7. കുറ്റിക്കാട്, കല്ലുനിര, ചുഴലി, നിരവ്, കുയ്തേരി എന്നിവിടങ്ങളിൽ പബ്ലിക്ക് ടെലഫോൺ ബൂത്തുകൾ അനുവദിക്കുക. വനിതകൾക്കും, വികലാംഗർക്കും മുൻഗണന കൊടുക്കുക.

8. കുറ്റിക്കാട് പ്രദേശത്ത് ഒരു ടെലഫോൺ എക്സ്ചേഞ്ച്, വൺമാൻ ട്രഷറി, സബ് റജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥാപിക്കണം.

9. കുറ്റിക്കാട്ടിൽ ഒരു ബ്രാഞ്ച് പോസ്റ്റാഫീസ് അനുവദിക്കണം.

10. അമിതമായി പണം ചെലവഴിച്ച് വിവാഹങ്ങൾ നടത്തുന്ന പ്രവണത നിരുൽസാഹപ്പെടുത്തേണ്ടതാണ്.

## പട്ടിക 5.7. (എ)

## പഞ്ചായത്തിലെ ആകെ വീടുകൾ വാർഡ്തിരിച്ച്

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | കൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|
| 1 | 441 | 26 | 195 | 220 |
| 2 | 429 | 40 | 204 | 185 |
| 3 | 568 | 102 | 261 | 205 |
| 4 | 326 | 57 | 125 | 144 |
| 5 | 811 | 198 | 357 | 251 |
| 6 | 445 | 43 | 178 | 224 |
| 7 | 548 | 29 | 235 | 284 |
| 8 | 596 | 21 | 186 | 389 |
| ആകെ | 4164 | 516 | 1741 | 1907 |

ഇന്ന് ഈ പഞ്ചായത്തിൽ 9 വാർഡുകൾ ഉണ്ട്. 1991-ലെ സർവേയിൽ ആകെ ജനസംഖ്യ 16705-ഉം വീടുകൾ 2976ഉം ആയിരുന്നു.

## 1991-ലെ സെൻസസ് പ്രകാരം പട്ടികജാതി പട്ടികവർഗം

| വാർഡ് | പട്ടികജാതി | | പട്ടികവർഗം | |
|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ |
| 1 | 4 | 6 | – | 1 |
| 2 | 21 | 29 | – | – |
| 3 | 30 | 28 | – | – |
| 4 | 6 | 12 | – | – |
| 5 | 29 | 27 | 3 | 3 |
| 6 | 12 | 11 | – | – |
| 7 | 9 | 13 | 105 | 102 |
| 8 | – | – | – | – |
| ആകെ | 111 | 126 | 108 | 106 |



# 5.8 സംസ്ക്കാരം

സമാന്തരമായ മൂന്നിലധികം സാംസ്കാരിക കൈവഴികൾ വളയത്തിന് പൈതൃകമായുണ്ടായിരുന്നു. മലയോര മേഖലകളിൽ കഴിഞ്ഞിരുന്ന ആദിവാസി ഗിരി ജനവിഭാഗങ്ങൾക്ക് അവരുടേതായ സാംസ്കാരിക പാരമ്പര്യവും ആചാര അനുഷ്ഠാനകലകളും ഉണ്ടായിരുന്നു. ഇടത്തരം ജന്മി നാടുവാഴി കുടുംബങ്ങളിൽപെട്ട സവർണ വിഭാഗത്തിന് അവരുടേതായ സാംസ്കാരിക തനിമയും പാരമ്പര്യവും ഉണ്ടായിരുന്നു. ബഹുഭൂരി പക്ഷം വരുന്ന സാധാരണ കൃഷിക്കാരും തൊഴിലാളികളും ഉൾപ്പെട്ട വിഭാഗം അവരുടേതായ കലാസാംസ്കാരിക അനുഷ്ഠാനങ്ങളും ആചാരങ്ങളും മുറുകെ പിടിച്ചിരുന്നു. സ്വന്തമായ സാംസ്കാരികത്തനിമയും പൈതൃകവും നഷ്ടപ്പെടുകയും അതിന്റെ മൂർധന്യത്തിൽ ഇന്നത്തെ യാന്ത്രിക സംസ്ക്കാരത്തിൽ എത്തിച്ചേരുകയും ചെയ്തു.

## ആദിവാസി കലകളും സംസ്ക്കാരവും

കാടുകളിലും മലകളിലും മാത്രം കഴിഞ്ഞുകൂടിയിരുന്ന ഈ അപരിഷ്കൃത വിഭാഗം രാവും പകലും പ്രകൃതിയോട് മല്ലിട്ട് കഴിഞ്ഞിരുന്നപ്പോൾ അവന്റെ പ്രയാസങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും ഒരു മോചനം എന്ന നിലയിൽ ആയിരിക്കാം സ്വന്തമായ കലകൾ വികസിപ്പിച്ചെടുത്തത്. മഴയില്ലാതെ കിട്ടുന്ന രാത്രികാലങ്ങളിൽ പാട്ടും കൂത്തുമായി ഇവർ ചിലവഴിച്ചു. സ്ത്രീ പുരുഷവ്യത്യാസവും തലമുറകൾ തമ്മിലുള്ള വ്യത്യാസവും ഇല്ലാതെ സമുദായത്തിലെ മുഴുവൻ അംഗങ്ങളും ഇത്തരം പരിപാടിയിൽ പങ്കെടുത്തിരുന്നു. കുറുംകുഴൽ, തുടി, വലിയ ചെണ്ട എന്നീ വാദ്യങ്ങളും ഉപയോഗിച്ചിരുന്നു. പ്രകൃതി ശക്തികളെ പ്രീതിപ്പെടുത്തുകയും ആരാധിക്കുകയും ചെയ്യുന്ന പാട്ടുകളും കളികളും ആയിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് തന്നെ ഈ കലകൾക്കെല്ലാം അനുഷ്ഠാന സ്വഭാവവും ഉണ്ടായിരുന്നു. മാൻപാട്ട്, കൂമൻപാട്ട്, നരിപ്പാട്ട്, നിടത്തിണ്ടാട്ടം ഇവയായിരുന്നു പ്രധാന കലാരൂപങ്ങൾ. ഗോത്രമൂപ്പൻതന്നെ ആയിരുന്നു ഈ കലാരൂപങ്ങളുടെയെല്ലാം നെടുനായകൻ എന്നതായിരുന്നു മറ്റൊരു പ്രത്യേകത. വന വിഭവങ്ങളും, കൃഷിയും മാത്രമായി കാടിനകത്ത് ഒതുങ്ങികഴിഞ്ഞിരുന്നവർ പുറം ലോകവുമായി കൂടുതൽ ബന്ധപ്പെട്ടതോടു കൂടി സാമുദായിക ചട്ടകൂടിന് അയവുവരികയും സാംസ്ക്കാരികത്തനിമ നഷ്ടപ്പെടുകയും ചെയ്തു. ആചാരങ്ങൾക്കും അനുഷ്ഠാന കലകൾക്കും പ്രാധാന്യം കുറഞ്ഞു. ഇന്ന് ഈ വിഭാഗം ഒരു പരിധിവരെയെങ്കിലും പരിഷ്കൃതരും സാക്ഷരരും ആയിട്ടുണ്ടെങ്കിലും ആ പ്രക്രിയക്കിടയിൽ കൈമോശം വന്നുപോയ അവരുടെ സാംസ്ക്കാരിക തനിമയും കലാ പൈതൃകവും വീണ്ടെടുക്കാൻ കഴിയേണ്ടതാണ്.

## വരേണ്യകലകളും സംസ്ക്കാരവും

വിരലിൽ എണ്ണാവുന്ന സമ്പന്നകുടുംബങ്ങളേ വളയം പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. കലകൾക്കും വിനോദങ്ങൾക്കും ഇവർ വലിയ പ്രാധാന്യം കല്പിച്ചിരുന്നെങ്കിലും നേരമ്പോക്കിനുള്ള വിനോദ ഉപാധി എന്ന നിലയിൽ അല്ലാതെ ജീവിതവുമായോ, ജനങ്ങളുമായോ വലിയബന്ധമൊന്നും ഈ വിഭാഗത്തിന് ഇല്ലായിരുന്നു. സംഗീതം, കഥകളി, നൃത്തരൂപങ്ങൾ മുതലായ കലാരൂപങ്ങൾ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. ആധുനിക കലാരൂപം എന്ന നിലയിൽ നാടകത്തെ നമ്മുടെ നാട്ടിലേക്ക് കൊണ്ടുവന്നതോടു കൂടി ജനകീയ കലാപ്രസ്ഥാനമായി മാറാൻ ഈ വിഭാഗത്തിന് കഴിഞ്ഞു. അതോടുകൂടി സാധാരണകൃഷിക്കാരുടേയും തൊഴിലാളികളുടേയും സജീവപങ്കാളിത്തവും പിന്തുണയും ഈ വിഭാഗത്തിന് കൈവരിക്കാൻ കഴിഞ്ഞു. വരേണ്യകലകളും ജനകീയ കലകളും എന്ന അതിർവരമ്പ് ഇല്ലാതാക്കാൻ നാടക പ്രസ്ഥാനത്തിനു കഴിഞ്ഞു. സമ്പന്നമായ ഒരു നാടക സംസ്ക്കാരത്തിന്റെ ചരിത്രമാണ് പിന്നെ വളയത്തിന് പറയാനുള്ളത്. നിരവധി സംഗീതനാടകങ്ങളും, ആധുനികനാടകങ്ങളും അവതരിപ്പിച്ചുകൊണ്ട് ഇവിടെയും അന്യദേശങ്ങളിൽ പോലും പേരും, പ്രശസ്തിയും നേടിയെടുക്കാൻ വളയത്തെ കലാകാരന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. ആദ്യത്തെ നാടക സംവിധായകൻ തുണ്ടയിൽ കൃഷ്ണമാരാരാണ്. മാരങ്കണ്ടി കണാരൻ, ഒണക്കൻ, കാരത്തറകണ്ണൻ, കത്രിക വീട്ടിൽ കുഞ്ഞിരാമൻ നമ്പ്യാർ, താമരശ്ശേരി കുഞ്ഞികണ്ണക്കുറുപ്പ് എന്നിവരായിരുന്നു ആദ്യകാല നാടക കലാകാരന്മാർ. നിരവധി

കലാ സമിതികളും, നാടകവേദികളും തുടർന്നും വളയത്ത് പ്രവൃത്തിച് പേരെടുത്തിട്ടുണ്ടെങ്കിലും ആദ്യകാലത്തെ സമ്പന്നമായ നാടകപാരമ്പര്യം അതേരീതിയിൽ പുലർത്തിക്കൊണ്ടുവരാൻ പിന്നീട് കഴിഞ്ഞിട്ടില്ല. ഇടക്കാലത്ത് രൂപംകൊണ്ട ജനകീയ കലാവേദിയും അവരുടെ 'കുറൂള്ളി ചെക്കോൻ' എന്ന നാടകവും മാത്രമെ എടുത്തു പറയത്തക്കതായിട്ടുള്ളൂ. നാടകരംഗത്തെ ആരംഭകാലത്തുണ്ടായിരുന്ന പ്രൗഢിയും പ്രതാപവും വീണ്ടെടുക്കാൻ ആവശ്യമായ എല്ലാ സാദ്ധ്യതകളും പ്രതിഭകളും നമ്മുടെ നാട്ടിൽ ഇപ്പോഴുമുണ്ട്. എന്നാൽ ഈ സാദ്ധ്യതകളെ കൂട്ടിയോജിപ്പിച്ച് ഒരു പ്രസ്ഥാനമാക്കി മാറ്റാൻ കഴിവുള്ള ഒരു നേതൃത്വനിര ഉയർന്നുവരേണ്ടിയിരിക്കുന്നു.

## തൊഴിലാളി - കർഷക കലാരൂപങ്ങൾ

നമ്മുടെ നാട്ടിൽ ബഹുഭൂരിപക്ഷം അദ്ധ്വാനിക്കുന്ന തൊഴിലാളികളും, കൃഷിക്കാരുമാണ്. അവരുടെ ജീവിതവും, സംസ്ക്കാരവും, ആചാരങ്ങളും അലിഞ്ഞു ചേർന്ന തനതായ കലാരൂപങ്ങളാണ് അവർക്കുണ്ടായിരുന്നത്. തച്ചോളിക്കളി, കോൽക്കളി, പൂരക്കളി, വടക്കൻ പാട്ട് എന്നീ കലാരൂപങ്ങൾ അവരുടെ നിത്യജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. ഇവരുടെ വേദനകൾക്ക് തെല്ലൊരാശ്വാസം ഈ കലാരൂപങ്ങളായിരുന്നു. കാലക്രമത്തിൽ സമൂഹത്തിന്റെ സ്വഭാവത്തിന് തന്നെ മാറ്റം വന്നു. കൃഷിപ്പണിയോടുള്ള ആഭിമുഖ്യം കുറഞ്ഞു. വനമേഖലയിലുണ്ടായിരുന്ന പ്രാകൃത കൂട്ടുകൃഷി സംമ്പ്രദായം അവസാനിക്കുകയും. കൃഷിഭൂമി കൃഷിക്കാരന് സ്വന്തമാവുകയും, കൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറയുകയും, ഇതെല്ലാം ചേർന്ന് സാമൂഹ്യ ജീവിതശൈലിയിൽ മാറ്റം വരികയും ചെയ്തപ്പോൾ ഈ കലകൾക്കുള്ള പ്രാധാന്യം കുറഞ്ഞു. നാടകം അടക്കമുള്ള ആധുനിക കലാരൂപങ്ങൾ ജനങ്ങൾക്കിടയിൽ സ്ഥാനം പിടിച്ചതും ഇവയുടെ പ്രാധാന്യം കുറയാൻ ഒരു കാരണമായി. ഇന്നിപ്പോൾ ഈ കലകൾ പേരിനു പോലും നമ്മുടെ നാട്ടിൽ അവതരിപ്പിക്കപ്പെടുന്നില്ല എന്നതാണ് ദുഃഖകരമായ അവസ്ഥ. നാടിന്റെ സാംസ്ക്കാരിക പൈതൃകവും ഉദാത്തമായ സംഘബോധവും നിറഞ്ഞു നിൽക്കുന്ന ഈ കലാരൂപങ്ങൾ ചരിത്രത്തിന്റെ ഇരുളിൽ മറഞ്ഞു പോകാതെ തേച്ചു മിനുക്കിയെടുത്ത് കാത്തു സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

## മുസ്ലീംക്രിസ്ത്യൻ കലാരൂപങ്ങൾ

സ്വന്തമായ കലാ പാരമ്പര്യങ്ങളും, കലാരൂപങ്ങളും കൈമുതലായി ഉണ്ടെങ്കിലും ഇത് സാമൂഹ്യജീവിതത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരാൻ ഇവർ ശ്രമിച്ചിരുന്നില്ല. അടുത്തകാലത്തായി സ്ക്കൂൾ മേളകൾക്ക് പ്രാധാന്യം വന്നതോടു കൂടി മാത്രമാണ് ഈ കലാരൂപങ്ങളെ ജനമദ്ധ്യത്തിലേക്ക് കൊണ്ടുവരാൻ ഇവർ തയ്യാറായത്. മുസ്ലീം ജനവിഭാഗങ്ങളുടെ ഇടയിൽ കല്യാണത്തിനും പൊതുപരിപാടികളിലും കോൽക്കളി അവതരിപ്പിക്കുക പതിവായിരുന്നു.

## മറ്റ് കലാരൂപങ്ങൾ

സംഘടിതരൂപത്തിൽ അല്ലെങ്കിലും വളരെയധികം പ്രാധാന്യം കൊടുക്കേണ്ട കലരൂപങ്ങളും ഇവിടെ ഉണ്ടായിരുന്നു. മലയൻ (പാണൻ) വിഭാഗത്തിൽപെട്ടവരുടെ കലകളാണ് ഇതിൽ ഏറ്റവും പ്രധാനം. വേടൻപാട്ട്, കാലൻപാട്ട് എന്നീ ഗാനരൂപങ്ങളും, ഓണപ്പൊട്ടൻ, തെയ്യം, തിറ എന്നീ അനുഷ്ഠാനകലകളും ഇവരുടെ സ്വന്തമായിരുന്നു. ഗ്രാമജീവിതത്തിന്റെ ഏറ്റവും ആകർഷകവും, വർണ്ണശബളവുമായ ഘടകങ്ങൾ ആയിരുന്നു ഈ കലാരൂപങ്ങൾ.

തൊഴിലിലും, ജീവിതസാഹചര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും സാമൂഹ്യാവസ്ഥകളിലും പലവിധ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും പരസ്പരം ആശ്രയിച്ചും ഇടപഴകിയും ജീവിച്ചിരുന്ന വിവധജനവിഭാഗങ്ങളുടെ സമ്മിശ്ര സാംസ്ക്കാരിക പാരമ്പര്യമാണ് വളയത്തിനുണ്ടായിരുന്നത്. ഈ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ അതിനു സമാന്തരമായി വളർത്തിക്കൊണ്ടുവന്ന കൂട്ടായ്മയും സാഹോദര്യവുമാണ് നമ്മൾ എക്കാലത്തും ഉയർത്തിപ്പിടിക്കേണ്ട സാംസ്ക്കാരിക പാരമ്പര്യം. 1940കളിൽ സ്ഥാപിക്കപ്പെട്ട "ശ്രീ നാരായണഗുരു സ്മാരക" വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. ഇന്ന് ഈ സ്ഥാപനം നിലവിലില്ല. വളയം കുറ്റിക്കാട്ടിലുള്ള പഞ്ചായത്ത് സാംസ്ക്കാരിക നിലയമാണ് നിലവിലുള്ള പ്രധാനപ്പെട്ട ഗ്രന്ഥാലയം. കൂടാതെ മഞ്ഞപ്പള്ളി റിക്രിയേഷൻ സെന്ററിലും പുസ്തക വിതരണം നടക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിലായി ഏഴ് വായനശാലകൾ പ്രവൃത്തിക്കുന്നുണ്ട്. 4 വായനശാലകളിൽ ടി.വി. സെറ്റുകൾ ഉണ്ട്. കുറ്റിക്കാട്ടിൽ പ്രവർത്തിച്ചുവരുന്ന സാംസ്ക്കാരിക നിലയത്തിനുള്ള സ്ഥലം, പരേതനായ വാതുക്കൽ പറമ്പത്ത് കടുങ്ങോൻ എന്നവരുടെ സ്മരണക്കായി മകൻ ശ്രീ വി.പി.ബാലകൃഷ്ണൻ മാസ്റ്റർ സംഭാവന നൽകിയിട്ടുള്ളതാണ്.

ജനങ്ങളുടെ സാംസ്ക്കാരിക ബോധത്തെ മലീമസമാക്കുന്ന പ്രസിദ്ധീകരണങ്ങളുടെ, പ്രചാരണവും മറ്റ് മാധ്യമങ്ങളുടെ സ്വാധീനവുംമൂലം അധഃപതിച്ചു കൊണ്ടിരിക്കുന്ന സാംസ്ക്കാരിക രംഗത്തെ നേരായ പാതയിൽ ഉറപ്പിച്ചു നിർത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു. ഇതിനായി നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കേണ്ടതുണ്ട്.

## സാദ്ധ്യതകൾ

1. മഞ്ചാന്തര സാരഥി, കുയ്തേരി കൈരളീ വായ

നശാല

നിരവുമ്മൽ യുവധാര

മഞ്ഞപ്പള്ളി റിക്രിയേഷൻ സെന്റർ എന്നിവയ്ക്ക് ഗ്രന്ഥാലയം സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.

2. മൗവ്വഞ്ചേരി നവയുഗ ക്ലബ്ബ്, യു.കെ. മുക്കിലെ ഗ്രാമകല, കല്ലുനിര കൈരളി, രാജധാനിപുലരി, അരുവിക്കര അംബേദ്ക്കർ എന്നീ ക്ലബുകൾക്ക് കെട്ടിടം പണിയാനുള്ള സഹായം അനുവദിക്കുക.

3.കണ്ടുപൊയിൽ, ചെറുമോത്ത് സ്ക്കൂൾ പരിസരം, നീലാണ്ട്, താമരശ്ശേരി പട്ടാണ്ടിഭാഗം, മുതുകുറ്റി, പുഞ്ച, വള്ള്യാട്, അച്ചംവീട്, ആയോട്, തേർകുന്ന്, കല്ലുനിര, കനവത്താംങ്കണ്ടി, ഒ.പി. മുക്ക്, തലപ്പൊയിൽ എന്നീ സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

4. വേരറ്റു പോയിക്കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങളായ കോൽക്കളി, പൂരക്കളി, നാടൻ പാട്ട് ആദിവാസികലകൾ എന്നിവ പുതിയതലമുറക്ക് പകർന്നുകൊടുക്കുന്നതിനായി ഈ രംഗത്ത് അവശേഷിക്കുന്ന കലാകാരന്മാരെ സംഘടിപ്പിക്കേണ്ടതാണ്.

5. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രമായ വളയം ടൗണിലുള്ള വായനശാലയിൽ ആവശ്യമായ ഫർണ്ണീച്ചറുകളും, പത്രമാസികകളും പുസ്തകങ്ങളും നൽകുകയും ഇവിടെ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ചെയ്യണം.

6. കുറ്റിക്കാട്ടിൽ പ്രവൃത്തിച്ചുവരുന്ന പഞ്ചായത്ത് സാംസ്ക്കാരികനിലയത്തിൽ പുതിയ പുസ്തകങ്ങൾ വാങ്ങുകയും സ്ഥിരം ജീവനക്കാരനെ നിയമിക്കുകയും വേണം.

7. പഞ്ചായത്തുതലത്തിൽ സാംസ്ക്കാരിക പ്രവർത്തകരെയും, കലാകാരന്മാരെയും ഉൾപ്പെടുത്തി ഒരു സംഘടന രൂപീകരിക്കുകയും, സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഇതിന്റെ മേൽനോട്ടത്തിൽ ആക്കുകയും ചെയ്യുക.

8. പഞ്ചായത്തിലെ ജനങ്ങൾക്ക് സൗകര്യപ്രദവും, പ്രധാനപ്പെട്ടതുമായ ഒരു കേന്ദ്രത്തിൽ ഒരു ഓഡിറ്റോറിയം സ്ഥാപിക്കുക

9. ചേലത്തോട്ടിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

10. പഞ്ചായത്തിൽ ഒരു ലളിതകലാ വിദ്യാലയം സ്ഥാപിക്കുക.

ഇഷ്ടം പോലെ കളി സ്ഥലങ്ങളും, ആവശ്യത്തിലേറെ ഒഴിവുസമയവും ലഭിച്ചിരുന്ന സമ്പന്നമായ ഒരു ബാല്യം പഴയതലമുറയിലെ നമ്മുടെ കുട്ടികൾക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പരസ്പരധാരണയും, സ്നേഹവും സംഘബോധവും വളർത്താനുതകുന്ന സംഘക്കളികൾ അവർക്ക് കൈമുതലായി ഉണ്ടായിരുന്നു. ഇത്തരം സാഹചര്യ സൗഭാഗ്യങ്ങളെല്ലാം നഷ്ടപ്പെട്ട നമ്മുടെ ഇന്നത്തെ തലമുറ വെറും സാങ്കേതികമായ മേളകളിലും മത്സരങ്ങളിലും അവരുടെ കായിക കഴിവുകളും താല്പര്യങ്ങളും ഒതുക്കി നിർത്തുന്നു. അതുകൊണ്ടുതന്നെ അർത്ഥപൂർണ്ണമായ ഒരു കായിക രംഗം നമ്മുടെ പഞ്ചായത്തിന് ഉണ്ടെന്നു പറയാൻ കഴിയില്ല. വൈകുന്നേരങ്ങളിൽ മുതിർന്നവരുടെയും കുട്ടികളുടെയും സംഘങ്ങൾ വിവിധ കായിക വിനോദങ്ങളിൽ ഏർപ്പെട്ടിരുന്ന കാഴ്ച ഒരു കാലത്ത് കാണാമായിരുന്നു. പുതിയ സാഹചര്യങ്ങളൊരുക്കി അവസ്ഥ തിരിച്ചു കൊണ്ടുവരേണ്ടിയിരിക്കുന്നു.

കായികരംഗത്ത് പറയത്തക്ക പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലെങ്കിലും, ജൂനിയർ ഇന്ത്യയുടെ വോളിബോൾ ക്യാപ്റ്റനായിരുന്ന ശ്രീ കെ. അബ്ദുൾ നാസർ നമ്മുടെ ഗ്രാമത്തിന്റെ അഭിമാനമാണ്. വോളിബോൾ കളിയിൽ നല്ല നിലവാരം പുലർത്തുന്ന കളിക്കാർ നമ്മുടെ പഞ്ചായത്തിന്റെ വിവധഭാഗങ്ങളിലായിട്ടുണ്ട്. കൂടാതെ ഗൾഫ് നാടുകളിലും, പട്ടാളത്തിലും ജോലി ചെയ്തുവരുന്നവരും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ ക്രിക്കറ്റിന്റെ ആവിർഭാവം, നമ്മുടെ ഗ്രാമത്തിൽ ആകെ വ്യാപകമായിരുന്ന ഈ കായിക വിനോദത്തെ ഉന്മൂലനം ചെയ്തേക്കുമോയെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. സ്ക്കൂൾ തലത്തിൽ നടന്നുവരുന്ന കായിക മത്സരങ്ങൾ മാത്രമാണ് ഇന്ന് ഈ രംഗത്തുള്ള ഏക പ്രത്യാശ. ഒട്ടേറെ സ്പോർട്ടസ് ക്ലബുകൾ പേരിന്റെ പേരിൽ നിലനില്ക്കുന്നുണ്ടെങ്കിലും കായികരംഗത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. വളയം ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ "ഭാവനാ ക്ലബ്" നടത്തിവരുന്ന ഫുട്ബോൾ മത്സരം ഇതിനൊരപവാദമാണ്. വളരെ സൗകര്യപ്രദമായ ഒരു കളിസ്ഥലം വളയത്ത് ഉണ്ടെങ്കിലും അതിന്റെ സാദ്ധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. ആവശ്യമായ പരിരക്ഷയുടെയും പരിശീലനത്തിന്റെയും അഭാവം ഈ രംഗത്ത് പ്രകടമായി കാണാം. കല്ലുനിര, നിരവ് എന്നിവിടങ്ങളിലും ഓരോ മിനി സ്റ്റേഡിയം ഈ ഗ്രാമത്തിലുണ്ട്.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു കായിക സമിതി രൂപീകരിക്കുക.

2. സ്ക്കൂളിൽ നിന്നും കായിക പ്രതിഭകളെ കണ്ടെത്തി തുടർ പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഒരുക്കുക.

3. കായിക മേളകൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്തുക.

4. അവധിക്കാലത്ത് കോച്ചിംഗ് ക്യാമ്പുകൾ നടത്തുക.

5. ഗെയിംസിന് പഞ്ചായത്ത് തല സ്ഥിരം ടീമുകൾ ഉണ്ടാക്കുക.

6. വളയം ഹയർ സെക്കണ്ടറി സ്ക്കൂൾ ഗ്രൗണ്ടിൽ സ്ഥിരം റൗണ്ട് ട്രേക്ക് നിർമ്മിക്കുക.

7. മുതുകുറ്റി, നിടുങ്കുണ്ടിവയൽ, എന്നിവിടങ്ങളിൽ

ഓരോ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുക.

8. നിരവുമ്മൽ, കല്ലുനിര എന്നീ മിനി സ്റ്റേഡിയങ്ങൾക്ക് സ്ഥിരം സ്റ്റേജ് നിർമ്മിക്കുക.

9. എല്ലാ സ്ക്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കുക.

10. വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത്തല കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.



# 5.9

# വനിത



ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 50.44 ശതമാനം സ്ത്രീകളാണ്. എന്നാൽ പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1016 സ്ത്രീകൾവരും. ഇത് സംസ്ഥാന ശരാശരിയേക്കാളും, ജില്ലാ ശരാശരിയേക്കാളും കുറവാണ്. 1996 ജനുവരിയിലെ കണക്കനുസരിച്ച് മൊത്തം 4164 കുടുംബങ്ങളിൽ 10% കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലുള്ളവയാണ്. വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. സ്ത്രീകളുടെ തൊഴിൽ മേഖലയെക്കുറിച്ചുള്ള വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നുണ്ട്.

സാക്ഷരതാ നിലവാരവുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 92.04 ശതമാനവും സ്ത്രീകളുടേത് 77.84 ശതമാനവുമാണ്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മുടെ ഗ്രാമത്തിലുണണ്ടായിരുന്ന നാട്ടെഴുത്തു പള്ളിക്കൂടങ്ങളിൽ അപൂർവ്വമായി സ്ത്രീകളും വിദ്യാഭ്യാസം നേടിയിരുന്നു. എന്നിരുന്നാലും സാമൂഹ്യമായും സാംസ്ക്കാരികമായും വളരെയേറെ പിന്നോക്കാവസ്ഥയിലായിരുന്നു സ്ത്രീകളുടെ സ്ഥിതി. മാറ് മറക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു. കേരളപ്പിറവിക്ക് ശേഷം വിദ്യാഭ്യാസ സൗകര്യങ്ങൾ വ്യാപകമാവുകയും കർഷക പ്രസ്ഥാനങ്ങളും മറ്റും ശക്തിയാർജ്ജിക്കുകയും ചെയ്തതോടുകൂടിയാണ് അല്പമെങ്കിലും മാറ്റം ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്.

സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളുടേയും, അനാചാരങ്ങളുടേയും കെടുതികൾ കൂടുതലും അനുഭവിക്കേണ്ടി വന്നത് സ്ത്രീകളാണ്. നിലവിലുള്ള ചട്ടക്കൂടിനു പുറത്തു കടക്കാൻ ബോധപൂർവ്വമായ ശ്രമങ്ങളൊന്നും തന്നെ കാര്യമായി നടന്നിട്ടില്ല. പുരുഷന്മാരുടെ അധീനതയിൽ കഴിയേണ്ടവരാണ് തങ്ങളെന്ന ബോധമാണ് ഭൂരിപക്ഷത്തിനേയും ഇപ്പോഴും ഭരിക്കുന്നത്.

ആദ്യകാലങ്ങളിൽ പ്രസവശുശ്രൂഷ തക്കസമയത്ത് ലഭിക്കാത്തതുകൊണ്ട് മരണമടഞ്ഞവരും കൊടിയ ചൂഷണത്തിനു വിധേയമായവരും ധാരാളമാണ്. സ്ത്രീധനം നൽകാൻ കഴിയാത്തതിന്റെ പേരിൽ അവിവാഹിതരായി കഴിയുന്നവർ ഇവിടെയുണ്ട്. സ്ത്രീധനം കുറഞ്ഞുപോയതിന്റെ പേരിൽ ഉണ്ടായിട്ടുള്ള സ്ത്രീ പീഢനങ്ങളെക്കുറിച്ചും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഉന്നത വിദ്യഭ്യാസം നേടി സമൂഹത്തിൽ ഉയർന്ന പദവികളിൽ എത്തിച്ചേർന്നവർ വിരളമാണ്. ഈ പഞ്ചായത്തിലെ ആദ്യ ബിരുദധാരിണി കാരത്തറ കമലടീച്ചറാണ്. താഴെ ഇളം ചാത്തോൽ മാധവിയമ്മയാണ് ആദ്യത്തെ ഉദ്യോഗസ്ഥ. ബിരുദവും ബിരുദാനന്തരബിരുദവും നേടിയിട്ടുള്ള അനേകം യുവതികൾ ഇപ്പോൾ ജോലിയില്ലാതെ കഴിയുന്നു. സർക്കാർ-സ്വകാര്യ വിദ്യാലയങ്ങളിൽ അദ്ധ്യാപികമാരായി ജോലി ചെയ്യുന്ന കുറച്ചുപേർ ഇവിടെയുണ്ട്.

കൂടുതൽ സ്ത്രീകൾ ജോലി ചെയ്തിരുന്നത് കാർഷികമേഖലയിലായിരുന്നു. ഞാറ് നടുകയും, പുല്ലു പറിക്കുകയും ചെയ്യുന്ന കാലങ്ങളിൽ അതിരാവിലെ മുതൽ ഇരുട്ടുംവരെ ഇവർക്ക് ജോലി ചെയ്യേണ്ടിയിരുന്നു. ഈ കടുത്ത അദ്ധ്വാനത്തിന്റെ ഭാരം തെല്ലൊന്നു കുറക്കാൻ വേണ്ടി അവർ വടക്കൻ പാട്ടും, നാട്ടിപ്പാട്ടും പാടിയിരുന്നു. അങ്ങനെ തൊഴിലും കലയും കൂട്ടിയോജിപ്പിക്കാൻ നമ്മുടെ സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു. ഇന്നാകട്ടെ ഈ മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്നതുകൊണ്ട് ഇവർ നിർമ്മാണ രംഗത്തേക്ക് തൊഴിൽ തേടിപ്പോവുകയാണ്. ചുമടെടുക്കലാണ് സ്ത്രീകൾ ചെയ്യുന്ന മറ്റൊരു ജോലി. ഈ മേഖലകളിലെല്ലാം തന്നെ പുരുഷന്മാരേക്കാൾ കുറവാണ് സ്ത്രീകളുടെ കൂലി. തുല്യ ജോലിക്ക് തുല്യവേതനമെന്ന നീതി ഇപ്പോഴും നടപ്പിലായിട്ടില്ല. സ്ത്രീകൾ ജോലിചെയ്തു കുടുംബം പുലർത്തുന്ന വീടുകൾ 10 ശതമാനത്തോളം വരും. 70% ത്തോളം സ്ത്രീകൾ ഗൃഹജോലികളിൽ മാത്രം മുഴുകി കഴിയുന്നവരാണ്. ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിനു

റേഷൻ കടയിലും, മാവേലി സ്റ്റോറിലും, മാർക്കറ്റിലും പോകുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്.

വിവാഹം കുടുംബപരമായ കാര്യങ്ങൾ തുടങ്ങിയവയിൽ സ്ത്രീകൾക്ക് തുല്യ പദവി ലഭിച്ചിട്ടില്ല. ഇന്നും നമ്മുടെ വീടുകളിൽ ആൺ കുട്ടികൾക്ക് ലഭിക്കുന്ന പരിഗണന പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. മദ്യപാനത്തിന്റെ ദുരിതം കൂടുതലും അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്താൻ കഴിയുക സ്ത്രീകൾക്കാണെങ്കിലും മറ്റു ജോലിത്തിരക്കുകൾക്കിടയിൽ ഭൂരുപക്ഷം പേർക്കും ഇതിനു സമയം കണ്ടെത്താൻ കഴിയുന്നില്ല. ഇപ്പോൾ വിദ്യാലയങ്ങളിൽ പഠിക്കുന്നത് പെൺകുട്ടികളാണ് കൂടുതലെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു വരുന്നവർ കുറവാണ്. തന്റെ മകൾക്ക് അനുയോജ്യനായ ഒരു വരനെ കണ്ടെത്തുന്നതു വരെ അവൾ പഠിക്കട്ടെ എന്നതാണ് രക്ഷിതാക്കളുടെ പൊതു മനോഭാവം.

1960 കളുടെ അവസാനഘട്ടത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രകടനങ്ങളിലും പ്രക്ഷോഭങ്ങളിലും പങ്കെടുത്തുകൊണ്ടാണ് പൊതുരംഗത്തേക്ക് സ്ത്രീകൾ കടന്നു വന്നത്. ഇന്ന് മഹിളാ സംഘടനകളുടെ പ്രവർത്തനം സജീവമായി നടക്കുന്നുണ്ടെങ്കിലും പൊതു പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനങ്ങളിൽ സ്ത്രീകൾ ഇല്ലെന്നുതന്നെ പറയാം.

സ്ത്രീകളുടേതുമാത്രമായ തൊഴിൽ സംരംഭങ്ങളോ സഹകരണസ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നാല് മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. തൊഴിൽ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് വേണ്ടത്ര അറിവില്ല.

2. സാമ്പത്തിക പരാധീനതകൾ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനു തടസ്സമായി നിൽക്കുന്നു.

3. സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.

4. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള ആത്മവിശ്വാസം സ്ത്രീകളിൽ കുറവാണ്.

5. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയാവബോധം സ്ത്രീകളിൽ കുറവാണ്.

6. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലൊഴികെ മറ്റെല്ലാ തൊഴിൽ മേഖലകളിലും ഇവർ അവഗണന നേരിടുന്നു.

7. സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ ധീരമായി മുന്നോട്ടു വരുന്നില്ല.

8. തുല്യ ജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.

9. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

10. പുരുഷമേധാവിത്വം ഇന്നും സ്ത്രീകളുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

11. സാമൂഹ്യപ്രശ്നങ്ങളിൽ സംഘടിതമായി പ്രതികരിക്കുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല.

12. ആരോഗ്യം നിലനിർത്താനാവശ്യമായ പോഷകാഹാരത്തിന്റെ അഭാവം നിലനിൽക്കുന്നു.

13. മദ്യപാനികളായ ഭർത്താക്കന്മാരിൽ നിന്ന് ഇന്നും പീഡനം ഏല്ക്കേണ്ടി വരുന്നു.

സാധ്യതകൾ

1. തൊഴിൽ നിയമങ്ങളെപ്പറ്റിയുള്ള പഠനക്ലാസ്സുകൾ സ്ത്രീകൾക്ക് വേണ്ടി സംഘടിപ്പിക്കേണ്ടതാണ്.

2. സ്ത്രീകൾക്കു വേണ്ടി എളുപ്പത്തിൽ കിട്ടാവുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

3. സർക്കാർ നടപ്പിലാക്കിയ വിവിധ സാഹായ പദ്ധതികളെക്കുറിച്ച് ബോധവല്ക്കരണം നടത്തേണ്ടതാണ്.

4. സമൂഹത്തിലുള്ള സ്ത്രീയുടെ സ്ഥാനത്തെ സംബന്ധിച്ചും, ശാസ്ത്രീയ പരിജ്ഞാനവും, സാമൂഹ്യ സേവന ബോധവും കൈവരിച്ച് പൊതു രംഗത്തേക്ക് വരേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും, സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

5. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ വിദ്യാഭ്യാസ സമിതികൾ ശ്രദ്ധിക്കണം.

6. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളെക്കുറിച്ചുള്ള പഠനക്ലാസ്സുകൾ സംഘടിപ്പിക്കണം.

7. മദ്യപാനത്തിനെതിരെ സാമൂഹ്യസമ്മർദ്ദം ഉയർത്തിക്കൊണ്ടുവരണം.




## 2.5 പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| വില്ലേജ് | അഗതിപെൻഷൻ | വിധവാപെൻഷൻ | വികലാംഗപെൻഷൻ | വാർദ്ധക്യപെൻഷൻ | അവശകലാകാരസാഹിത്യപെൻഷൻ | അവശകായികതാര പെൻഷൻ | ക്ഷയരോഗപെൻഷൻ | കുഷ്ഠരോഗപെൻഷൻ | ക്യാൻസർ രോഗ പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മാവേതനം |
|---|---|---|---|---|---|---|---|---|---|---|---|
| വളയം | 23 | 13 | 5 | 5 | – | – | 3 | – | – | – | 41 |

പട്ടിക 5.9. (എ)


### സ്ത്രീകളുടെ തൊഴിൽ മേഖല



## വാർഡുകളിലെ റിപ്പോർട്ടിൽ ഉയർന്നുവന്ന ആവശ്യങ്ങൾ പട്ടിക 5.9. (ബി)

| വാർഡ് | എണ്ണം | വനിതാസഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | എണ്ണം | മഹിളാസമാജം സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | എണ്ണം | സ്വയംതൊഴിൽ യൂനിറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|---|---|---|---|
| 1 | 1 | നിരവ് | 2 | മൗവഞ്ചേരി, ചുഴലി | 3 | നിരവ്, മൗവ്വഞ്ചേരി, കുണ്ടു പൊയിൽ |
| 2 | 1 | വടക്കേട്ടിൽ മുക്ക് | 2 | തലപൊയിൽ, വടക്കേട്ടിൽ മുക്ക് | 3 | തലപൊയിൽ, വടക്കേട്ടിൽ മുക്ക്, നെല്ലിയുള്ള പറമ്പ് |
| 3 | 1 | ഓണപ്പറമ്പ് | 2 | ചെറുമോത്ത് കുണ്ട്യാലിൽ | 3 | ഓണപ്പറമ്പ്, ചെറുമോത്ത് കുണ്ട്യാലിൽ |
| 4 | 1 | വളയം | 2 | കുണ്ടൻചാലിൽ, മണിയാല | 3 | കുണ്ടൻചാലിൽ, മണിയാല ചെക്കോറ്റ, വളയം |
| 5 | 1 | വണ്ണാർകണ്ടി | 2 | ഉഴലിഞ്ഞേരിക്കണ്ടി, മണലോടി | 4 | വളയം, വണ്ണാർകണ്ടി, വലിയ കണ്ടം |
| 6 | 1 | നിടുംകുണ്ടിവയൽ | 3 | ചേലത്തോട്, ലക്ഷംവീട് തേറുകുന്ന് | 3 | നിടുംകുണ്ടിവയൽ, പീറ്റയിൽ ഭാഗം, ചേലത്തോട് |
| 7 | 1 | നിരവ്, കുറ്റിക്കാട് | 3 | അച്ചൻവീട്, ചിറഭാഗം, വരയാൽ | 3 | അച്ചൻവീട്, ചിറഭാഗം, വരയാൽ, കുറ്റിക്കാട് |
| 8 | 1 | കല്ലുനിര | 3 | വട്ടച്ചോല, ചുഴലി, കല്ലുനിര | 3 | കല്ലുനിര, വട്ടച്ചോല, ചുഴലി |
| 9 | 1 | വള്ള്യാട് | 3 | ആയോട്, മുതുകുറ്റി, പുഞ്ച | 4 | ആയോട്, വള്ള്യാട്, മുതുകുറ്റി പുഞ്ച |

434



# സഹകരണം

പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വളയം സർവ്വീസ് സഹകരണബേങ്കും ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന തൂണേരി ബ്ലോക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ് ഈ പഞ്ചായത്തിലെ രണ്ട് സഹകരണ സ്ഥാപനങ്ങൾ.

### 1. വളയം സർവ്വീസ് സഹകരണ ബേങ്ക്

വൻകിട ജന്മിമാരുടെയും ഹുണ്ടികക്കാരുടെയും ചൂഷണത്തിൽപ്പെട്ട് നട്ടംതിരിയുകയായിരുന്നു നമ്മുടെ നാട്ടിലെ കൃഷിക്കാർ. കൃഷിപ്പണിക്കും, വിത്തും വളവും വാങ്ങാനും ഗതിയില്ലാതെ കഷ്ടപ്പെട്ടിരുന്ന കൃഷിക്കാർ ഇവരുടെ ചൂഷണത്തിന് വിധേയരായിരുന്നു. കൃഷിയിറക്കാൻ വാങ്ങുന്ന കടംവീട്ടാൻ ഉൽപ്പന്നം മുഴുവനും വിറ്റാൽ പോലും തികയാത്ത സ്ഥിതിയായിരുന്നു അക്കാലത്ത്. മിതമായ പലിശക്ക് പണം കടംകൊടുക്കാനും ന്യായമായ വിലക്ക് കാർഷികോല്പന്നങ്ങൾ വാങ്ങാനും ലക്ഷ്യംവെച്ച് 1956ൽ പരസ്പരസഹായസഹകരണസംഘമായി ആരംഭിച്ചതാണ് ഈ സ്ഥാപനം 1964ൽ ഇത് സർവ്വീസ് സഹകരണബേങ്കായി ഉയർന്നു. 65-66 മുതൽ ജാമ്യക്കടമായി 200 രൂപയും, വസ്തുപണയത്തിൽ 2000 രൂപയും കൊടുക്കാൻ തുടങ്ങി. 1971 സപ്തംബറിൽ ബേങ്കിൽ മോഷണം നടക്കുകയും റിക്കാർഡുകൾ നശിപ്പിക്കപ്പെടുകയും ചെയ്തു. ഇതിൻെറ ഫലമായി 1971 സപ്തംബർ 20 മുതൽ നവംബർ 23 വരെ ബേങ്ക് അടച്ചിടേണ്ടിയും വന്നു. 24ാം തിയതി പുതിയ സെക്രട്ടറി ചാർജ്ജെടുത്ത് പ്രവർത്തനം പുനരാരംഭിച്ചു. 1976ൽ ജില്ലാ സഹകരണബേങ്കിൻെറ സഹായത്തോടെ പുനരുദ്ധാരണ പ്രവർത്തനം തുടങ്ങി. 1980ൽ കശുവണ്ടി കുത്തകസംഭരണവും, നിക്ഷേപസമാഹരണവും ആരംഭിച്ചതോടെ ബേങ്കിൻെറ നില പൂർവ്വാധികം മെച്ചപ്പെട്ടു. 1982ൽ കുറ്റിക്കാട്ടിൽ നിർമ്മിച്ച സ്വന്തം കെട്ടിടത്തിലേക്ക് ബേങ്കിൻെറ പ്രവർത്തനം മാറ്റി. പ്രവർത്തനം മാറ്റി. ഇന്ന് വളയം പഞ്ചായത്തിനാകെ അഭിമാനമാണ് ഈ സ്ഥാപനം. നൂറിൽ താഴെ മെമ്പർമാരോടുകൂടി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് 2877 മെമ്പർമാരുണ്ട്. കഴിഞ്ഞവർഷം 4.67 കോടി രൂപയുടെ ഇടപാട് നടത്തിയിട്ടുണ്ട്. ഒരു കോടി രൂപയുടെ ആസ്തികൾ ഇന്ന് ബേങ്കിന് സ്വന്തമായുണ്ട്. കഴിഞ്ഞവർഷം 37-10 ലക്ഷം രൂപയുടെ ലോൺ കൊടുത്തിട്ടുണ്ട്. ഇതിൽ 8-71 ലക്ഷം രൂപ കാർഷിക വായ്പയായാണ് നൽകിയിട്ടുള്ളത്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വളം ഡിപ്പോയും ഒരു സഹകരണ സ്റ്റോറും ബേങ്കിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്നു.

### തൂണേരി ബ്ലോക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി.

1994ൽ തൂണേരി ബ്ലോക്കിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും സഹകരണ സംഘമായി ആരംഭിച്ച ഈ സ്ഥാപനം വ്യക്തമായ കാഴ്ച്ചപ്പാടോടെയും ആസൂത്രണത്തോടെയും പ്രവർത്തിച്ചാൽ ഈ സ്ഥാപനത്തിന് ഇനിയും ഒരുപാട് വളരാൻ കഴിയും.

### കാർഷികവികസന ബേങ്ക്

വടകര താലൂക്ക് അടിസ്ഥാനത്തിൽ കക്കട്ടിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണിത്. പഞ്ചായ്തിലെ കർഷകർക്കാവശ്യമായ ദീർഘകാലകാർഷികവായ്പ നൽകിവരുന്നത് ഈ സ്ഥാപനമാണ്. കാർഷികമേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിന് ലഭ്യമാണെങ്കിലും, വായ്പ ലഭിക്കുന്നതിനുള്ള നൂലാമാലകൾ കാരണം, കർഷകർക്ക് വായ്പ ലഭിക്കാൻ കാലതാമസം നേരിടുകയാണ്.

### നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ ഒന്നുമുതൽ ഒൻപതുവരെയുള്ള വാർഡുകളിൽ ഗ്രാമസഭ ചേർന്നപ്പോൾ സഹകരണരംഗത്തെ സംബന്ധിച്ച് സമഗ്രമായ ചർച്ച നടന്നിട്ടുണ്ട്. ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. വർദ്ധിച്ചുവരുന്ന തൊഴിലില്ല്മക്ക് തെല്ലൊരാശ്വാസം നൽകാൻ താഴെപ്പറയുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ചാൽ കഴിയുന്നതാണ്.

**1. വനിതാ സഹകരണസംഘം**

ഇതിൻെറ കീഴിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, കറി പൗഡർ, അച്ചാർ, സൂപ്പർ വൈറ്റ്, മെഴുകുതിരി, കുട നിർമ്മാണം തുടങ്ങിയവ സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരായ നിരവധി വനിതകൾക്ക് തൊഴിൽ നേടാൻ സഹായകമാകും.

**2. ലേബർ കോൺട്രാക്ട് സൊസൈറ്റി**

പഞ്ചായത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും, മററ് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും കഴിയുന്ന രൂപത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ചാൽ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

**3. ഹരിജൻ സഹകരണസംഘം**

മലയോരപ്രദേശത്ത് തിങ്ങിത്താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹരിജൻ സഹകരണസംഘം രൂപീകരിക്കുക.

**4. ക്ഷീര വ്യവസായസഹകരണസംഘം**

പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരവ്യവസായ സഹകരണസംഘവും, അതിൻെറ കീഴിൽ എല്ലാ വാർഡുകളിലും പാൽ സംഭരണയൂനിറ്റുകളും സ്ഥാപിക്കുക.

**5. കോഴിവളർത്തൽ സഹകരണസംഘം**

പഞ്ചായത്ത് അടിസ്ഥാനത്തിൽ കോഴിവളർത്തൽ സഹകരണസംഘം, കോഴിക്കുഞ്ഞ് വിതരണകേന്ദ്രം തുടങ്ങിയവ സ്ഥാപിക്കുക.

**6. ഹൗസിങ്ങ് സൊസൈറ്റി**

വീട് നിർമ്മിക്കുവാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിന് ഇന്ന് പഞ്ചായത്തിലെ ജനങ്ങൾ എടച്ചേരി ഹൗസിംഗ് സൊസൈറ്റിയെയാണ് സമീപിക്കുന്നത്. ഇതുകാരണം ജനങ്ങൾക്ക് ധനനഷ്ടവും സമയനഷ്ടവും സംഭവിക്കുന്നു. ഇതു പരിഹരിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കേണ്ടതാണ്.

**7. നെയ്ത്ത് സഹകരണസംഘം**

പഞ്ചായത്തിൽ നെയ്ത്ത് സഹകരണസംഘം സ്ഥാപിച്ചാൽ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ കഴിയും

**8. പ്രിൻറിംഗ് പ്രസ്സ്**

പഞ്ചായത്തിൽ ഏറെ സാദ്ധ്യതകളുള്ളതാണ് പ്രിൻറിംഗ് പ്രസ്സ്. പൊതുമേഖലയിൽ ഇത്തരമൊരു സ്ഥാപനം ആരംഭിച്ചാൽ തൊഴിലവസരവും സൃഷ്ടിക്കാൻ കഴിയും.

**9. മത്സ്യത്തൊഴിലാളി സഹകരണസംഘം**

**10. ചെങ്കൽ-കരിങ്കൽ തൊഴിലാളി സഹകരണ സംഘം**

**11. സഹകരണഹോട്ടൽ & ടീ ഷോപ്പ്**

**12. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി**

**13. ഇരുമ്പുരുക്ക് വ്യവ്സായ സഹകരണ സംഘം**

**14. മാർക്കറ്റിംഗ് സൊസൈറ്റി - എന്നിവ സ്ഥാപിക്കണം.**


436

## വളയം സർവ്വീസ് സഹകരണ ബേങ്ക് (നിർദ്ദേശങ്ങൾ)

1. പഞ്ചായത്തിലെ മുഴുവൻ. ജനങ്ങളെയും ബേങ്കിൽ അംഗങ്ങളാക്കുക
2. വിവാഹം, വിദ്യാഭ്യാസം, ചികിത്സ, തുടങ്ങി അംഗങ്ങൾക്ക് കാലാകാലങ്ങളിൽ നേരിടേണ്ടിവരുന്ന ആവശ്യങ്ങൾക്ക് കടം നൽകാൻ ഈ ബേങ്കിന് കഴിയണം.
3. നിക്ഷേപം പരമാവധി വർദ്ധിപ്പിച്ച് ബേങ്കിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തണം.
4. ഇടക്കാലത്തു നിന്നുപോയ ചിട്ടികൾ ബേങ്കിന്റെ കീഴിൽ പുനരാരംഭിക്കണം.
5. ബേങ്കിൽ നിന്ന് എടുക്കുന്ന വായ്പ്പകൾ കൃത്യമായി തിരിച്ചടക്കാൻ അംഗങ്ങളെ ബോധവൽക്കരിക്കുക.
6. വ്യക്തികൾക്ക് ജാമ്യക്കടമായി ഇന്നനുവദിക്കുന്ന 5000 രൂപയും, വസ്തുപണയത്തിൽ അനുവദിക്കുന്ന 25000 രൂപയും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.

**പട്ടിക**

| | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗത്വം | കടം | നിക്ഷേപം | ജീവനക്കാർ സ്ഥിരം | ജീവനക്കാർ താല്ക്കാലികം |
|---|---|---|---|---|---|---|---|
| 1. | വളയം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് | 1964 | 2877 | 6906973 | 3765580 | 7 | 6 |
| 2. | തൂണേരി ബ്ലോക്ക് എംപ്ലോയീസ് സഹകരണസംഘം | 1994 | 283 | 663585 | 876334 | 1 | 1 |



# 5.11

# പട്ടികജാതി പട്ടികവർഗ്ഗം

വളയം ഗ്രാമപഞ്ചായത്തിൽ ആകെ 115ൽ പരം വീടുകളാണ് ഈ വിഭാഗത്തിനുള്ളത്. ഇതിൽ 59 പട്ടിക വർഗ്ഗവീടുകളും 9ാം വാർഡിലുള്ള മലയോര പ്രദേശ മായ പുഞ്ച, വള്ള്യാട്, കുണ്ടിൽ വളപ്പിൽ കണ്ടിവാതു ക്കൽ എന്നിവിടങ്ങളിലാണ്.

വിദ്യാഭ്യാസ സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവ ധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗം മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമ തസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പി ക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്. ഈ വിഭാഗ ത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടു ത്താൻ ഇവർക്ക് കഴിയുന്നില്ല. എന്നാലും സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ ഇടയാക്കിയി ട്ടുണ്ട്.

## വിദ്യാഭ്യാസം

ജനസംഖ്യയിൽ കൂടുതൽ പേരും നിരക്ഷരരാണ് S.S.L.C. ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടി കൾക്കും സാധിക്കുന്നില്ല. ഉപരിപഠനത്തിനു വേണ്ടി കിലോമീറ്ററുകൾ താണ്ടി കോഴിക്കോട്ട്, വടകര, ഇരട്ടി, പുതുപ്പാടി, തലശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകേണ്ടി വരുന്നു. മാത്രമല്ല കുടുംബ ബാധ്യത ഏറ്റെ ടുക്കേണ്ടിവരുന്നതിനാൽ പല കുട്ടികൾക്കും പഠനം നിർത്തേണ്ടി വരുന്നു.

## തൊഴിൽ

മിക്കവരും കാർഷിക മേഖലയിൽ പണിയെടുത്തു ജീവിക്കുന്നവരാണ്. കാർഷിക മേഖലയിൽ പണിയില്ലാ ത്തതുകൊണ്ട് ഇവർക്ക് ജീവിക്കാൻ പറ്റാത്ത സാഹര്യ മാണ് നിലവിലുള്ളത്. 13 ൽ പരം ആളുകൾ ഉദ്യോഗ സ്ഥരായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിക്കു ന്നുണ്ട്.

## പാർപ്പിടം

20 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. വീടു ള്ളവർക്ക് തന്നെ വെള്ളം, വെളിച്ചം, കക്കൂസ്, തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളില്ല. കൈവശഭൂമിക്ക് പട്ടയം ലഭി ക്കാത്തവരും നിലവിലുണ്ട്.

പ്രശ്നങ്ങൾ

ചെക്യാട് പഞ്ചായത്തിലെ അംബേദ്കർ കോളനി അല്ലാതെ പട്ടികജാതി പട്ടികവർഗ കോളനി ഈ പഞ്ചാ യത്തിൽ ഇല്ല. ഐ.എച്ച്.പി.പി. കോളനി വേണം. വൈദ്യുതി ഇല്ല. കുടിവെള്ളത്തിന് രൂക്ഷത നേരിടുന്നു.

ആരോഗ്യകേന്ദ്രങ്ങളോ ഡിസ്പൻസറികളോ ഇല്ല

പ്രത്യേകമായി തൊഴിൽ മേഖലകളൊന്നും ഇല്ല

വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല

ഉപരിപഠനത്തിനും ടെക്നിക്കൽ വിദ്യാഭ്യാസ ത്തിനും സൗകര്യമില്ല. നിലവിൽ യാതൊരു പദ്ധതിക ളുമില്ല. നടപ്പ് വർഷത്തിൽ 75000 രൂപയുടെ കയ്യാല പദ്ധതി മാത്രമേ നടപ്പാക്കിയിട്ടുള്ളൂ.

പരിഹാരങ്ങൾ

ഓരോവീടിനും ഓരോ കക്കൂസ് നിർബന്ധമായും വേണം

കൈവശഭൂമിക്ക് പട്ടയം ലഭിക്കണം.


എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാൻ

സംവിധാനം ഉണ്ടാക്കണം കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സ്വന്തമായി കിണർകുഴിക്കാൻ സാമ്പത്തിക സഹായം നല്കണം.

പൊതു കിണറുകൾ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കണം.

ആരോഗ്യരംഗത്ത് വള്ള്യാട് ഭാഗത്ത് ഒരു ഡിസ്പെൻസറിയും ഒരു ആയുർവേദ ഡിസ്പൻസറിയും സ്ഥാപിക്കണം. നിരക്ഷരരെ പഠിപ്പിക്കാൻ സാക്ഷരതാ പ്രവർത്തനം തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആയോട് മലയിൽ ഒരു ജനവിദ്യാ കേന്ദ്രം സ്ഥാപിക്കണം. പുഞ്ചയിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കണം. വളയം ചെക്യാട് വാണിമേൽ തൃപ്പങ്ങോട്ടൂർ പഞ്ചായത്തുകളുടെ പട്ടികവർഗ സിരാ കേന്ദ്രമായ കണ്ടിവാതുക്കൽ (ആയോട് മലയിൽ) ഒരു ടെക്നിക്കൽ ഹൈസ്കൂളും ഒരു കോളേജും ഒരു ഹോസറ്റലും സ്ഥാപിക്കണം. സ്ത്രീകൾക്ക് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സാധ്യതകൾ ഉണ്ടാക്കണം. പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്തു വഴി കൃഷി ചെയ്യാൻ കൊടുക്കുക. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. വീടില്ലാത്തവർക്ക് സ്വന്തമായി വീടുണ്ടാക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക. കയ്യാല നിർമ്മാണത്തിന് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുക.







# 5.12 വിഭവസമാഹരണം

വളയം ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് വ്യാവസായിക മേഖലയിലെ പിന്നോക്കാവസ്ഥയാണ്. വൻകിട വ്യവസായങ്ങളോ, ചെറുകിട വ്യവസായങ്ങളോ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതകളുള്ള ഒരു പഞ്ചായത്താണിത്. സ്വകാര്യമേഖലയിൽ മുമ്പ് നിലവിലുള്ള ഒരു ചകിരി സംസ്കരണ യൂണിറ്റ് പത്തു വർഷത്തോളമായി പൂട്ടികിടപ്പാണ്.

1995 ഡിസംബർ 19 ന് വളയം ഗ്രാമപഞ്ചായത്തിൽ ഒരു വ്യാവസായിക സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഈ സെമിനാറിൽ വേണ്ടത്ര ചെറുകിടവ്യവസായ തല്പരരായ ആളുകളുടെ പങ്കാളിത്തമുണ്ടായിരുന്നില്ല. പഞ്ചായത്തിലെ 75% പ്രദേശങ്ങളിലും വൈദ്യുതി എത്താത്തതിനാൽ വ്യവസായങ്ങളൊന്നും തന്നെ ഉയർന്നുവരുന്നില്ല. വ്യാവസായിക രംഗത്തെ ഈ പിന്നോക്കാവസ്ഥകൊണ്ട് ഈ രംഗത്തു നിന്നുള്ള വിഭവസമാഹരണം സാദ്ധ്യമാവുന്നില്ല.

വളയം ഗ്രാമപഞ്ചായത്തിലെ 75% ആളുകളും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ കാർഷിക മേഖലയും മുരടിച്ച് കിടപ്പാണ്. ഇതിനുള്ള പ്രധാന കാരണം ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളും വൈദ്യുതീകരിക്കാത്തതിനാൽ വൈദ്യുതി ഉപയോഗിച്ചു കൊണ്ടുള്ള ജലസേചനം നടത്താൻ കഴിയാത്തതാണ്. കാർഷികമേഖലയിൽ നിന്നു ലഭിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയുടെ അഭാവവുമാണ് കാർഷിക വളർച്ചയുടെ മുരടിപ്പിനുള്ള മറ്റൊരു കാരണം. കൂടാതെ രാസവളപ്രയോഗത്തിനു പകരം ജൈവവളപ്രയോഗത്തിന്റെ നേട്ടങ്ങളെയും, ആവശ്യകതകളേയും കുറിച്ച് കൃഷിക്കാർക്ക് വേണ്ടത്ര വിവരങ്ങൾ നൽകേണ്ടതുണ്ട്.

സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നതിലുള്ള കാലതാമസവും, കൃത്യമായി ലഭിക്കുന്നതിലുള്ള അപാകതകളും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാകുന്നു. ഗ്രാന്റുകൾ, ദരിദ്ര ജനസംഖ്യയുടെ എണ്ണം, സ്ത്രീ ജനസംഖ്യയുടെ എണ്ണം എന്നിവ കണക്കിലെടുത്ത് ആനുപാതികക്രമത്തിൽ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാകേണ്ടതുണ്ട്.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരിൽ പലരും കാർഷികമേഖലയേയോ, വ്യാവസായിക മേഖലയേയോ പ്രോത്സാഹിപ്പിക്കാതെ, വീടു നിർമ്മാണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിൽ നിന്നും ഗൾഫ് മേഖലകളിൽ ജോലി ചെയ്യുന്നവരുടെ വാർഡ് തിരിച്ചുള്ള വിവരം പട്ടികയിൽ കൊടുക്കുന്നു.

## കെട്ടിട നികുതി

നിർമ്മാണത്തിനുപയോഗിക്കുന്ന വിലപിടിപ്പുള്ള വസ്തുക്കളുടേയും, ആഡംബരത്തിനായി ഉപയോഗിക്കുന്ന വസ്തുക്കളുടേയും, ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്താവുന്നതാണ്. വാടക കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

## തൊഴിൽ നികുതി

നമ്മുടെ പഞ്ചായത്തിൽ സർക്കാർ സ്ഥാപനങ്ങൾ, സ്ക്കൂളുകൾ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ.

## ഭൂനികുതി

നിലവിൽ ഭൂനികുതി പിരിച്ചെടുക്കുവാനുള്ള അവകാശം വില്ലേജ് ഓഫീസിനാണ്. എന്നാൽ ചില തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഈ ചുമതല പഞ്ചായത്തിനെ ഏല്പിക്കുന്നതോടെ നികുതി പിരിവ് കാര്യക്ഷമമാവുകയും, പഞ്ചായത്തിന് വരുമാനം കൂടുകയും ചെയ്യുന്നതാണ്.

## വിനോദ നികുതി

വളയം പഞ്ചായത്തിന് വിനോദ നികുതി ലഭിക്കുന്നത് വളയത്തുള്ള സിനിമാടാക്കീസിൽ നിന്ന് മാത്രമാണ്.

നമ്മുടെ പഞ്ചായത്തിലെ കല്ലുനിര, നിരവ് എന്നീ

പ്രദേശങ്ങളിലെ മിനിസ്റ്റേഡിയങ്ങളിൽ സ്റ്റേജും, ഗാലറിയും ഉണ്ടാക്കി, വാടക ഏർപ്പെടുത്തി പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്. ധാരാളം പൊതു പരിപാടികളും, കലാമത്സരങ്ങളും, വിവാഹങ്ങളും നടക്കാറുള്ള നമ്മുടെ പഞ്ചായത്തിൽ കമ്മ്യൂണിറ്റിഹാളോ, ഓഡിറ്റോറിയമോ ഇല്ല. ആയതിനാൽ നമ്മുടെ പഞ്ചായത്തിൽ ഓഡിറ്റോറിയമടക്കം എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ച്, വാടകയ്ക്ക് നല്കി വരുമാനം കണ്ടെത്താൻ പഞ്ചായത്തിന് കഴിയുന്നതാണ്.

## ടൂറിസം

കുന്നുകളും, മലകളും, പച്ചപ്പുൽമേടുകളും, കരിമ്പാറകളും കൂടികലർന്ന് പ്രകൃതിരമണീയമായ ആയോട്, കണ്ടിവാതുക്കൽ എന്നീ പ്രദേശങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി ഉയർത്തുകവഴി പഞ്ചായത്തിലെ മലയോര പ്രദേശങ്ങളുടെ വികസനത്തിന് ആക്കം കൂട്ടാൻ കഴിയുന്നതാണ്.

## നാഷണൽ സേവിംഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 15% മുതൽ 25% വരെ അതേ പഞ്ചായത്തിനുതന്നെ കിട്ടുന്ന വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് സമിതിയും, വാർഡ് വികസനസമിതികളും ഇടപെട്ട് പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന് വരുമാനമാർഗ്ഗമായിരിക്കും.

## ആഴ്ചച്ചന്ത

നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു ആഴ്ചച്ചന്ത വളയം ടൗണിൽ ആരംഭിക്കണമെന്നുള്ള നിർദ്ദേശം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

## മറ്റു ധനാഗമന മാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ ഹൃദയഭാഗമായ വളയം ടൗണിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് വിപുലമായ തോതിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ച്, ലേലത്തിൽ നൽകുകയും ഒരു നിശ്ചിത സംഖ്യ ഡെപ്പോസിറ്റായി വാങ്ങുകയും ചെയ്താൽ ഇത് പഞ്ചായത്തിന് ഒരു ധനാഗമന മാർഗമായി മാറ്റിയെടുക്കാവുന്നതോടൊപ്പം തന്നെ വ്യാപാരമേഖല മെച്ചപ്പെടുത്താനും കഴിയും.

## ബാങ്കിങ്ങ് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും എംപ്ലോയീസ് പെൻഷനേഴ്സ് സഹകരണ സൊസൈറ്റിയും, സൗത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു. കൂടാതെ രണ്ട് സ്വകാര്യ ഫൈനാൻസ് സ്ഥാപനങ്ങളും, പ്രവർത്തിക്കുന്നുണ്ട്, ബാങ്കുകൾ ഇന്നു നൽകിക്കൊണ്ടിരിക്കുന്ന വായ്പാ തോത് വർദ്ധിപ്പിക്കേണ്ടതുണ്ട്. കാർഷികമേഖലയിലാണ് ബാങ്കുൾ വായ്പകൾ കൂടുതലായി നൽകുന്നതെങ്കിലും വായ്പാ സംഖ്യ പൂർണ്ണമായും കാർഷികരംഗം മെച്ചപ്പെടുത്താനായി ഉപയോഗപ്പെടുത്തുന്നില്ല. കുടുംബപരമായ മറ്റ് ആവശ്യങ്ങൾക്ക് വായ്പ ലഭിക്കുന്ന സംവിധാനമില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. വിവാഹം, ഗൃഹനിർമ്മാണം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വായ്പ അനുവദിക്കുന്നതിനുള്ള സ്ഥാപനങ്ങളും മറ്റും സംവിധാനങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ദേശസാൽകൃതബാങ്കിന്റെ ഒരു ശാഖയും, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഒരുശാഖയും സ്ഥാപിക്കപ്പെടുകയാണെങ്കിൽ ഗ്രാമവാസികളുടെ ധനപരമായ ആവശ്യങ്ങൾ കുറെയേറെ പരിഹരിക്കാൻ കഴിയും. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബാങ്കിങ്ങ് സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്തിന് നികുതി പിരിക്കാവുന്നതുമാണ്.

## നികുതി ചുമത്താവുന്ന മറ്റു മേഖലകൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരലൽ കോളേജുകൾ, സ്വകാര്യ നഴ്സിംങ് ഹോം എന്നിവയ്ക്ക് നികുതി ചുമത്താവുന്നതാണ്. പൊതു കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വാണിജ്യ പരസ്യങ്ങൾക്ക് നിശ്ചിത സംഖ്യ നികുതി ഏർപ്പെടുത്താവുന്നതാണ്. വൻതോതിൽ ബിസിനസ് നടത്തുന്ന സ്വർണ്ണകടക്കാർക്കും, മലഞ്ചരക്ക് കേന്ദ്രങ്ങൾക്കും, വാടക സ്റ്റോറുകൾക്കും പ്രത്യേക നികുതി ഏർപ്പെടുത്താവുന്നതാണ്. പ്രകൃതി വിഭവങ്ങളായ ചെങ്കല്ല്, കരിങ്കല്ല് എന്നിവ വാണിജ്യാടിസ്ഥാനത്തിൽ വിപണനം നടത്തപ്പെടുമ്പോൾ അവയ്ക്ക് നികുതി ചുമത്താവുന്നതാണ്.

## ടാക്സി സ്റ്റാന്റ്

വളയം ടൗണിൽ ടാക്സി, ഓട്ടോ സ്റ്റാന്റ് എന്നിവ നിർമ്മച്ചാൽ പഞ്ചായത്തിന് സ്റ്റാന്റ് ഫീ ഈടാക്കാൻ കഴിയുന്നതും, യാത്രക്കാർക്ക് ഏറെ സൗകര്യപ്രദവുമായിരിക്കും.

## മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യാദ്ധ്വാനമാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും വികസനപ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം പ്രദാനം ചെയ്യൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. ജാതി-മത-കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി തന്റെ അദ്ധ്വാനം സംഭാവന ചെയ്ത് സ്വന്തം നാടിന്റെ വികസനത്തിൽ

പങ്കാളികളാവുകയെന്നത് അഭിമാനകരമായ കാര്യമാണ്.

## ചിലവുകൾ

നമ്മുടെ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് 26%, സാംസ്കാരിക ഉന്നമനത്തിന് 0.5%, ഭരണചിലവിന് 40%, വിദ്യാഭ്യാസം സാമൂഹ്യ ക്ഷേമം എന്നിവയക്ക് 5.3%വും ആണ് ചിലവഴിച്ചത്. മറ്റ് രംഗങ്ങളിൽ ചിലവഴിച്ചതിന്റെ കണക്ക് വിസ്തരിച്ചു കൊടുക്കുന്നില്ല.

പഞ്ചായത്ത് റോഡുകളുടെ റിപ്പയറിങ്ങിനും മറ്റും മായിരുന്നു പൊതുമരാമത്ത് ഫണ്ട് ചിലവഴിച്ചത്. റോഡിലിടുന്ന മണ്ണ് മഴക്കാലത്ത് കുത്തിയൊലിച്ചു പോകുന്നതിനാൽ റോഡുകളുടെ സ്ഥിതി ഒരിക്കലും മെച്ചപ്പെടുന്നില്ല. റിപ്പയറിങ്ങ് പോലുള്ള ജോലികൾ താല്ക്കാലിക ഗുണം മാത്രമേ ചെയ്യുന്നുള്ളു. പഞ്ചായത്തിന്റെ ധനം പാഴായിപോകുന്നതിന് ഇതൊരു പ്രധാന കാരണമായി തീരുന്നു. റോഡുകൾ സംരക്ഷിക്കുക വഴി പഞ്ചായത്തിന്റെ വിഭവചോർച്ച തടയാൻ കഴിയും.ഓരോ പ്രദേശത്തേയും മണ്ണ് റോഡുകൾ സംരക്ഷിക്കുന്നതിനുള്ള ചുമതല ഗ്രാമവാസികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. മഴ ആരംഭിക്കുന്നതിന് മുമ്പുതന്നെ സന്നദ്ധ പ്രവർത്തനത്തിലൂടെ ഓവുചാലുകൾ നിർമ്മിച്ച് റോഡുകൾ സംരക്ഷിച്ചു നിർത്തേണ്ടതാണ്.


(പഞ്ചായത്തിന്റെ വരുമാന - വ്യതിയാന പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്)

പട്ടിക 5.12. (എ)

**ഗൾഫ് മേഖലകളിൽ ജോലി ചെയ്യുന്നവരുടെ വാർഡ് തിരിച്ചുള്ള വിവരം**

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ | 100 | 226 | 175 | 90 | 150 | 80 | 40 | 18 | 20 |

*അവലംബം ഗ്രാമസഭാ റിപ്പോർട്ടുകൾ*



H42

## വരുമാനത്തിലെ വ്യതിയാനം പട്ടിക 5.12. (ബി)

| ഇനം | 1991-92 | 1995-96 | വ്യതിയാനം |
|---|---|---|---|
| കെട്ടിടനികുതി | 88567.26 | 112077.01 | +23509.75 |
| വിനോദനികുതി | 31921.08 | 25127.90 | -6793.18 |
| തൊഴിൽനികുതി | 43999.00 | 70401.00 | +26402.00 |
| അഡി. വിനോദനികുതി | 19283.12 | 15054.78 | -4228.34 |
| പ്രദർശനനികുതി | 987.00 | 1406.10 | +419.10 |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ് | 246.75 | 360.50 | +113.75 |
| വസ്തുകൈമാറ്റനികുതി 75% | 80955.00 | 99804.00 | +18849.00 |
| വസ്തുകൈമാറ്റനികുതി 25% | 30000.00 | 95000.00 | +65000.00 |
| അടിസ്ഥാനനികുതി 25% | 38811.00 | 41922.00 | +3111.00 |
| അടിസ്ഥാനനികുതി 75% | - | 23588.00 | +23588.00 |
| അൺടൈഡ് ഫണ്ട് | 214220.00 | 303460.00 | +89240.00 |
| ലൈസൻസ് ഫീസ് | 9076.50 | 7903.25 | -1173.25 |
| ഡെപ്പോസിറ്റ് | 11310.00 | 20601.50 | +9291.50 |
| ജെ.ആർ.വൈ | 105068.00 | 226075.00 | +121007.00 |
| ലേലവരുമാനം | 1741.00 | 13284.00 | +11543.00 |
| വി.ആർ.എം. | 17365.00 | 19756.00 | +2391.00 |
| എം.ഐ. | 125.00 | 125.00 | - |
| വി.ടി.സി. | 8375.00 | 86743.00 | +78368.00 |
| ആകെ | 702050.71 | 3322688.79 | +2620638.08 |

## ഗ്രാന്റ് വിവരങ്ങൾ പട്ടിക 5.12. (സി)

### റഫറൻസ് : ഗ്രാന്റ് രജിസ്റ്ററും സ്പെഷ്യൽഗ്രാന്റ് രജിസ്റ്ററും

| VRM | MI | VTC | അടിസ്ഥാനനികുതി | | Spl. Grand | JRY | അൺ ടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|---|
| രൂപ | രൂപ | രൂപ | 25%രൂപ | 75%രൂപ | രൂപ | രൂപ | രൂപ | രൂപ |
| 19756 | 125 | 86743 | 41922 | 23588 | | 226075 | 303460 | 701669 |

*അവലംബം : സെക്രട്ടറി ഡാറ്റ*

## പട്ടിക 5.12. (ഡി)

### പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ച തുകസംബന്ധിച്ച വിവരങ്ങൾ 1995–96

| വകുപ്പ് | പദ്ധതിവിഹിതം |
|---|---|
| മൃഗസംരക്ഷണം | 5,000.00 |
| ആരോഗ്യം | 8,445.00 |
| കൃഷി | 18,865.00 |


*അവലംബം : സെക്രട്ടറി ഡാറ്റ*

44

പട്ടിക 5.12. (ഇ)

## പഞ്ചായത്തിലെ വരവ് സംബന്ധിച്ച വിവരങ്ങൾ 1995–96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 167131.00 | 112077.01 | 55053.99 |
| സർവീസ് ചാർജ് (ഗ്രന്ഥശാലാവരി) | 4803.00 | 4672.00 | 130.88 |
| തൊഴിൽനികുതി | 74305.00 | 70401.00 | 3904.00 |
| വാഹനനികുതി | – | – | – |
| വിനോദനികുതി | 25127.90 | 25127.90 | – |
| അഡി. വിനോദനികുതി | 15054.78 | 15054.78 | – |
| പ്രദർശന നികുതി | 1406.00 | 1406.00 | – |
| പ്രദർശനനികുതിയിന്മേലുള്ള സർച്ചാർജ് | 360.50 | 360.50 | – |
| ചന്തവരവ് | – | – | – |
| ലാന്റ് സെസ്സ് | – | – | – |
| ലൈസൻസ് ഫീസ് | 9179.00 | 7903.25 | 1275.75 |
| കെട്ടിടനികുതി സർച്ചാർജ് | – | – | – |
| വസ്തുകൈമാറ്റനികുതി 75% | 99804.00 | 99804.00 | – |
| വസ്തുകൈമാറ്റനികുതി 25% | 95000.00 | 95000.00 | – |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 997784.80 | 997784.80 | – |
| സംഭാവന | – | – | – |
| ഡെപ്പോസിറ്റ് | 20601.50 | 20601.50 | – |
| മറ്റുള്ളവ | – | – | – |
| ആകെ | 1510557.48 | 1450192.86 | 60364.62 |


വളയം ഗ്രാമപഞ്ചായത്ത്
സമൂഹ നിർമ്മിത ആസ്തികൾ.
വടക്ക്
INDEX
SCALE

HH6

# ഉപസംഹാരം

*ജനജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും സമഗ്രവും അഭികാമ്യവുമായ മുന്നേറ്റം എന്ന വികസനനയ സമീപനതന്ത്രമാണ് ഇന്നാവശ്യമായിട്ടുള്ളത്. കുറേയേറെ റോഡുകളും പാലങ്ങളും നിർമ്മിക്കൽ മാത്രമാണ് വികസനം എന്ന ധാരണ മാറ്റി, ഉയർന്ന ഉല്പാദനക്ഷമതയും നീതിപൂർവ്വകമായ വിതരണവും കൂടിയാണ് വികസനമെന്ന യാഥാർത്ഥ്യം ഊട്ടിയുറപ്പിക്കേണ്ടിയിരിക്കുന്നു.*

*വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ചുവപ്പുനാടയിൽ കുരുങ്ങി ശ്വാസം മുട്ടുന്നവികസനത്തെ അലകും പിടിയും മാറ്റി അഴിമതിരഹിതമായ സംവിധാനം ഒരുക്കുകയെന്നുള്ളത് ക്ഷിപ്രസാധ്യമല്ല. അതിന് ഊർജ്ജ്വസ്വലവും നിദാന്തവുമായ ജാഗ്രതയും പരിശോധനയും അനിവാര്യമാണ്.*


*വിഭവങ്ങളില്ലാതെ വികസനം അസാദ്ധ്യമാണ്. സർക്കാർ ഫണ്ടുമാത്രം ആശ്രയിച്ചുകൊണ്ടുള്ള വികസനം പലപ്പോഴും അപൂർണ്ണമായിരിക്കും. അതുകൊണ്ട് വിഭവസമാഹരണത്തിന് മനുഷ്യദ്ധ്വാനം അടക്കമുള്ള മേഖലകൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം.*

*ജാതി-മത-രാഷ്ട്രീയ ഭിന്ന അഭിപ്രായങ്ങൾ വികസനപ്രക്രിയയെ തളർത്താനനുവദിക്കാതെ, ഒരു തുടർപ്രക്രിയയായി മുന്നേറാൻ അനുവദിച്ചാൽ മാത്രമേ നാടിനും ജനങ്ങൾക്കും രക്ഷയുള്ളൂ എന്ന് താമസംവിനാ തിരിച്ചറിയുക. ഈ തിരിച്ചറിവ് നമ്മുടെ ഈ കൊച്ചുഗ്രാമത്തെ ഇല്ലായ്മകളുടെ വേദനകളിൽ നിന്നും സമൃദ്ധിയുടെ ഉത്സാഹത്തിമിർപ്പിലേക്കാനയിക്കും.*

*എല്ലാ പ്രതിബന്ധങ്ങളും നിശ്ചയദാർഢ്യത്തോടെ മറികടന്ന് ഈ ഗ്രാമത്തിൻെറ നെഞ്ചിടിപ്പ് മാറ്റിയെടുക്കാൻ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഈ വികസനരേഖ വളയം ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ വിശദമായ പരിശോധനക്കും, ചർച്ചക്കും, പരിഷ്ക്കരണത്തിനുമായി സമർപ്പിക്കുന്നു.*

വളയം
17.11.1996

**പി.പി. കുമാരൻ**
പ്രസിഡണ്ട്
വളയം ഗ്രാമപഞ്ചായത്ത്
കോഴിക്കോട് ജില്ല
ഫോൺ : 049648 2191



# വളയം ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

വളയം ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതി ശ്രീ. പി.പി. കുമാരന്റെ നേതൃത്വത്തിൽ അധികാരമേറ്റെടുത്തു. പഞ്ചായത്ത് ഓഫീസിന്റെ പരിസരത്ത് സത്യപ്രതിജ്ഞാ ചടങ്ങിന് പ്രത്യേക പന്തൽ കെട്ടി സൗകര്യമൊരുക്കുകയും വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ആശംസകൾ അർപ്പിക്കുകയും ഉണ്ടായി. സത്യപ്രതിജ്ഞാ ചടങ്ങിലെ അഭൂതപൂർവ്വമായ ജനപങ്കാളിത്തവും ഉൽസാഹവും ജനങ്ങളുടെ പ്രതീക്ഷകളുടെ പ്രകടനം തന്നെയായിരുന്നു.

ജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസം പൂർണ്ണമായി കാത്തു സംരക്ഷിക്കുമെന്നും യാതൊരു വിഭാഗീയ ചിന്തകൾക്കും ഇടംനൽകാതെ എല്ലാ മേഖലകളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഗ്രാമത്തിന്റെ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കുമെന്നും ഭരണസമിതിക്കുവേണ്ടി, പുതിയ പ്രസിഡണ്ടായി സ്ഥാനമേറ്റെടുത്തുകൊണ്ട് ശ്രീ. പി.പി. കുമാരൻ പ്രഖ്യാപിക്കുകയുണ്ടായി.

പഞ്ചായത്തിലെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കാനും പഠിക്കാനും പരിഹാരം കാണാനുമുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് തുടർന്ന് നടന്നുവരുന്നത്. ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിഘാതമായിരുന്ന ജീവനക്കാരുടെ കുറവ് നികത്തുന്നതിനുള്ള പരിശ്രമം ഒരളുവരെ വിജയിച്ചെങ്കിലും പൂർണ്ണമായിട്ടില്ല. അധികാരമേറ്റെടുത്ത് മാസങ്ങളോളം സ്ഥിരമായി സെക്രട്ടറി ഉണ്ടായിരുന്നില്ല. ഇപ്പോൾ സെക്രട്ടറിയായി ശ്രീ. എൻ.കെ. കൃഷ്ണൻ ചാർജ്ജെടുത്തു കഴിഞ്ഞു. എന്നാൽ നിലവിൽ ഹെഡ്ക്ലാർക്ക് 1, എൽ.ഡി.സി. 1, ജൂനിയർ ബിൽ കലക്ടർ 1, എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. പുതിയ സെക്രട്ടറി ചാർജ്ജെടുത്തതോടെ ഓഫീസ് പ്രവർത്തനം ചിട്ടപെടുത്തിയെടുക്കുന്നതിൽ അശ്രാന്ത പരിശ്രമം നടത്തിവരുന്നു.

അവശ്യ ഘടകങ്ങളായ ശുദ്ധജലവിതരണം, വൈദ്യുതി, ആരോഗ്യപരിപാലനം, യാത്രാസൗകര്യം എന്നീ മേഖലകളിൽ ഏറെ ദുരിതം അനുഭവിക്കുന്ന ഗ്രാമമെന്ന നിലയിൽ മുഖ്യമായും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾക്കാണ് തുടക്കമിട്ടത്. ക്ഷിപ്രസാധ്യമല്ലാത്ത ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നതിന് മന്ത്രി തലം വരെയുള്ള ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും ശ്രദ്ധ ചെലുത്തി വരികയാണ്. ഇതിന്റെ ഫലമായി വിവിധ മേഖലകളിൽ സർവ്വേകളും പരിശോധനകളും ഇതിനകം നടന്നുകഴിഞ്ഞു. വൈദ്യുതിയുടെ കാര്യത്തിൽ മന്ത്രി തലത്തിൽ അനുകൂല തീരുമാനങ്ങൾ വന്നു കഴിഞ്ഞെങ്കിലും തുടർ നടപടികൾ എടുത്തു വരികയാണ്. യാത്രാ പ്രശ്ന പരിഹാരത്തിനായി കല്ലാച്ചി-പുതുക്കയം റോഡിൽ, നിരവ്- പുതുക്കയം റോഡിന്റെ പണി നടന്നുവരുന്നു. കല്ലാച്ചി മുതൽ നിരവ് വരെയുള്ള ഭാഗം വീതികൂട്ടി ഓവു പാലങ്ങളും ഓവുചാലുകളും നിർമ്മിച്ച് നിലവിലുള്ള താറിങ്ങിന്റെ വീതിയും കൂട്ടുന്നതിനായി മന്ത്രി തലത്തിൽ അനുമതിയായിട്ടുണ്ട്.

ശുദ്ധജലത്തിന്റെ കാര്യത്തിൽ നിലവിൽ പദ്ധതികൾ ഒന്നുപോലും ഇല്ലാത്തതിനാൽ ഏറെ വിഷമം അനുഭവിച്ചു വരുന്ന ഗ്രാമമെന്ന നിലയിൽ ഈ ഗ്രാമത്തെ കുറ്റ്യാടി പദ്ധതിയിൽ ഉൾപ്പെടുത്തി കിട്ടാൻ നാം ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ കേരിക്കുണ്ട്. പുതുക്കയം എന്നിവിടങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് പൈപ്പ്ലൈൻ വഴി ജലവിതരണം നടത്തുന്നതിനും ആവശ്യപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ സാധ്യതകൾ വെച്ചുകൊണ്ട് ഒന്നാം വാർഡിലെ വെള്ള്യോട്ട് പൊയിൽ 25,000 രൂപ ചിലവിലും, മാവുള്ളചാലിൽ 30,000രൂപ എസ്റ്റിമേറ്റിലും രണ്ട് പൊതു കിണറുകളുടെ പണി പൂർത്തിയാക്കുകയും, ഓലക്കോന്റവിടെ ലക്ഷം വീട് കോളനി പരിസരിത്ത് 33,000 രൂപ ചെലവുവരുന്ന പൊതു കിണറിന്റെ പണി നടന്നുവരികയുമാണ്. വടക്കയിൽ, മവ്വഞ്ചേരി, നീലാണ്ട് ലക്ഷം വീട് സൈറ്റ്, വട്ടച്ചോല, ചുഴലി എന്നിവടങ്ങളിലെ പൊതു കിണറുകൾ റിപ്പയർ ചെയ്തു കഴിഞ്ഞു. നിലവിലുള്ള കുഴൽ കിണറുകളിൽ

അഞ്ചെണ്ണം റിപ്പയർ ചെയ്യുന്നതിനായി 3,700 രൂപ ചില വഴിച്ചു. കുറ്റിക്കാട്, വളയം ടൗൺ, കളത്തിൽ, വണ്ണാർകണ്ടി, ചമ്പേങ്ങാട് എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കാനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്.

യാത്രാ പ്രശ്നം പരിഹരിക്കുന്നതിനായി കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിവേദനം നൽകിയതിന്റെ ഫലമായി ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് വടകര- ചുഴലി റൂട്ടിൽ പുതുതായി സർവ്വീസ് നടത്തിവരുന്നു. കല്ലുനിര, കുറവന്തേരി എന്നീ സ്ഥലങ്ങളിലേക്കു കൂടി സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ വീടു കെട്ടി മേയുന്നതിനായി 20,000 രൂപയും, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് 11,300 രൂപ കുടവാങ്ങുന്നതിനും, വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡിനായി 3,500 രൂപയും നൽകിയിട്ടുണ്ട്.

മഞ്ഞപ്പള്ളികുളം തെങ്ങുകൃഷിക്കുള്ള ജലസേചനത്തിനുവേണ്ടി പുനരുദ്ധരിക്കുന്നതിനായി 1,92,520 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 51,522 രൂപ ചിലവഴിക്കുകയും ഉണ്ടായി. കശുമാവ് ക്രാഫ്റ്റുകൾക്ക് 8,000 രൂപയും സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷിക്കുള്ള ക്യാഷ് അവാർഡായി 650 രൂപയും നൽകുകയുണ്ടായി. 1996 ജനുവരി 29 ന് കേര വികസന സമിതിയുടെ ആഭിമുഖ്യത്തിൽ കാർഷിക സെമിനാർ നടത്തുകയും ചിങ്ങം ഒന്നിന് കർഷകദിനം ആചരിക്കുകയും ചെയ്തു. ആഗസ്റ്റ് 17 മുതൽ കാർഷിക വികസന സമിതി നിലവിൽ വന്നു. 17-08-96 ന് പഞ്ചായത്തുതല കാർഷിക സെമിനാർ കുറ്റിക്കാട് യു.പി.സ്കൂളിൽ വെച്ച് നടത്തുകയുണ്ടായി. കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള വിദഗ്ദ്ധന്മാരും നിരവധി കൃഷിക്കാരും സെമിനാറിൽ പങ്കെടുത്തു. കൃഷിനാശം സംഭവിച്ചവർക്കുള്ള സാമ്പത്തിക സഹായം സെമിനാറിൽ വെച്ച് നൽകപ്പെട്ടു. ഗ്രാമത്തിലെ ഏറ്റവും നല്ല കൃഷിക്കാരായ അഞ്ചുപേരെ നവംബർ 1 ന് പൊതു ചടങ്ങിൽ വെച്ച് ആദരിക്കുകയുണ്ടായി.

വളയം ഭൂമിവാതുക്കൽ റോഡ് ടാർ ചെയ്യുന്നതിനായി 2,39,817 രൂപയും, കല്ലുനിര-കുടലായി റോഡിന് 1,86,255 രൂപയും, കുനിങ്ങേന്റവിട, കുയിതേരി എന്നിവിടങ്ങളിൽ നടപ്പാത നിർമ്മിക്കുന്നതിനായി 7,500 രൂപ വീതവും, വട്ടച്ചോല-മാവുള്ളചാലിൽ പൈപ്പ് കൽവെർട്ട് നിർമ്മിക്കുന്നതിനായി 25,041 രൂപയും, കാവിൽതാഴ സൈഡ് കെട്ടുന്നതിനായി 43,504 രൂപയും ചിലവഴിച്ചതിനു പുറമെ പഞ്ചായത്തിലെ വിവിധ റോഡുകൾ റിപ്പയർ ചെയ്യുന്നതിനായി 48,604 രൂപയും ചിലവഴിക്കുകയുണ്ടായി.

വിദ്യാഭ്യാസ സമിതി പഞ്ചായത്തുതലത്തിലും, വാർഡുതലത്തിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ച് വരുന്നു. എൽ.പി., യു.പി., ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കി വരുന്നു. വളയം ഹയർസെക്കന്ററി സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് 20 മുറികളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിച്ചു കഴിഞ്ഞു.

പഞ്ചായത്തിലെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക നിലയത്തിൽ 19-12-95 ൽ ഒരു വ്യാവസായിക സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ചെറുകിട വ്യവസായ തൽപരരായ ചുരുക്കം ചിലർ പങ്കെടുത്തു. പഞ്ചായത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി സൗകര്യ പ്രദമായ രണ്ടര ഏക്കർ സ്ഥലം തിരഞ്ഞെടുക്കുകയും അനുമതിക്കും മേൽ നടപടിക്കുമായി സമർപ്പിക്കുകുയും ചെയ്തിരിക്കുകയാണ്.

ശുചീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വളയം ടൗണിൽ 5 കുപ്പത്തൊട്ടികൾ 3,750 രൂപ ചിലവിൽ സ്ഥാപിച്ചു. പഞ്ചായത്തു മെമ്പർമാരും സന്നദ്ധ പ്രവർത്തകരും ചേർന്ന് വളയം ആശുപത്രി പരിസരം ശുചീകരിക്കുകയുണ്ടായി. എയ്ഡ്സ് ബോധവൽക്കരണ ക്ലാസ്, കുഷ്ഠരോഗ നിയന്ത്രണത്തിനായുള്ള സെമിനാർ എന്നിവ നടത്തുകുയും ക്ലോറിനേഷൻ, മലമ്പനി നിർമ്മാർജ്ജനത്തിനുള്ള മരുന്നുതളി എന്നിവ സംഘടിപ്പിക്കുകുയും ചെയ്തതിനു പുറമെ പോളിയോ ഇമ്മ്യൂണൈസേഷൻ പദ്ധതി വമ്പിച്ച വിജയമാക്കുകയും ചെയ്തു.

ആവശ്യങ്ങൾ നിരവധിയുള്ള നമ്മുട ഗ്രാമത്തിൽ ഒട്ടേറെ കാര്യങ്ങൾക്കായുള്ള മെമ്മോറാണ്ടങ്ങളും, നിവേദനങ്ങളും അധികാരികളുടെ അനുകൂല തീരുമാനങ്ങൾക്കായി കാത്തു കഴിയുകയാണ്. ടെലിഫോൺ എക്സ്ചേഞ്ച്, ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ഡിഗ്രി- പോളിടെക്നിക് കോളേജുകൾ, ആയുർവേദ - ഹോമിയോ ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾ അനുവദിച്ചു കിട്ടുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വളയം പ്രാഥമിക ആരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി സെന്ററായി ഉയർത്തിക്കിട്ടുന്നതിനുള്ള നമ്മുടെ ആവശ്യം പരമപ്രാധാന്യം അർപ്പിക്കുന്ന കാര്യമാണ്.

താനിമുക്ക് -കല്ലുനിര കായലോട്ടു താഴ റോഡ്, കല്ലുനിര-കണ്ടിവാതുക്കൽ റോഡ്, ചുഴലി -വള്ള്യാട് റോഡ് തുടങ്ങിയവ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനായി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 18-10-96 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. വളയത്തെ കൂടുതൽ പ്രദേശങ്ങൾ നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 17-10-96ന് കൃഷിവകുപ്പു മന്ത്രി മുഖേന നിവേദനം നൽകിയിട്ടുണ്ട്.


പൂവ്വം വയൽ -ചെക്കിക്കുണ്ട് തോടിന്റെ ഇരുകര

കളും, മുതുകറ്റി പുഴയുടെ ഇരുകരകളും കെട്ടുന്നതിനും ചെമ്പോടത്തു താഴ ചീപ്പിന് അറ്റകുറ്റപ്പണി നടത്തുന്നതിനുമായി 20-06-96ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയോടും ഡിപ്പാർട്ടുമെന്റിലും ആവശ്യപെട്ടിട്ടുണ്ട്.

ജനപങ്കാളിത്തത്തോടെ ഗ്രാമത്തിന്റെ മുഖഛരായ മാറ്റിയെടുക്കുന്നതിനുള്ള നിശ്ചയദാർഢ്യവുമായി വിവിധ മേഖലകളിലെ പ്രശ്നങ്ങളും സാധ്യതകളും അളന്നു തിട്ടപ്പെടുത്തി വരികയാണ്. പഞ്ചായത്തു തല വിഭവഭൂപട നിർമ്മാണം പൂർത്തിയായി വരുന്നു. സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുന്ന മേഖലകൾ തിട്ടപ്പെടുത്തി, ലക്ഷ്യപ്രാപ്തിയിലെത്താനുള്ള പരിശ്രമത്തിലാണ്. ഒരു കാലത്ത് ഉപ്പും മീനും മാത്രം പുറത്തു നിന്ന് വാങ്ങിയ ഗ്രാമവാസികളുടെ സ്ഥാനത്ത്, അകത്ത് ഒന്നും എടുക്കാനില്ലാത്ത ഇന്നത്തെ നിലയിൽ എത്തിയതിൽ ഏവരും ഖിന്നരാണ്. പക്ഷെ കർമ്മ നിരതരായാൽ ഇന്നിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുമെന്ന ആത്മവിശ്വാസം ഈ ഗ്രാമത്തിൽ കനത്തു തന്നെ നിൽക്കുന്നു.


സെക്രട്ടറി
എൻ. രാധാകൃഷ്ണൻ


പി. പി. കുമാരൻ,
പ്രസിഡണ്ട്,
വളയം ഗ്രാമപഞ്ചായത്ത്






അധികാരം ജനങ്ങളിലേക്ക്














അധികാരം ജനങ്ങളിലേക്ക്



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം



ച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്.

## വളയം ഗ്രാമപഞ്ചായത്ത് സാമൂഹ്യ – സാമ്പത്തിക സർവ്വെ 15–10–96 – 15–11–1996

### അവശ്യ വസ്തുക്കളുടെ ഒരു വർഷത്തെ ഉപഭോഗം

| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|---|
| | അരി കി.ഗ്രാം. | 20891 | 13918 | 6880 | 15031 | 15060 | 22222 | 20954 | 27048 | 13257 |
| | മുളക് കി.ഗ്രാം | 424 | 258 | 58 | 178 | 222 | 267 | 137 | 258 | 232 |
| | വെളിച്ചെണ്ണ ലിറ്റർ | 726 | 472 | 161 | 766 | 797 | 682 | 665 | 690 | 463 |
| | മുട്ട എണ്ണം | 2137 | 2920 | 1573 | 2903 | 4216 | 1559 | 2186 | 1669 | 1270 |
| | പഴം കി.ഗ്രാം | 940 | 1345 | 200 | 1679 | 1937 | 620 | 2149 | 812 | 534 |
| | പാൽ ലി. | 1841 | 1780 | 497 | 3010 | 2860 | 2165 | 1931 | 1520 | 1430 |
| | പച്ചക്കറി കി.ഗ്രാം. | 2120 | 1505 | 384 | 2033 | 2981 | 1864 | 1798 | 1526 | 938 |
| | പയർ വർഗങ്ങൾ കി.ഗ്രാം | 1305 | 1358 | 246 | 595 | 933 | 686 | 1742 | 934 | 254 |
| | മത്സ്യം കി.ഗ്രാം | 2949 | 3921 | 1056 | 3717 | 3129 | 3698 | 2828 | 3867 | 2326 |
| | മണ്ണെണ്ണ ലി. | 1418 | 1458 | 461 | 986 | 1363 | 1676 | 1615 | 1785 | 1212 |
| | കുളി സോപ്പ് കി.ഗ്രാം | 90 | 747 | 104 | 68 | 97 | 1077 | 181 | 109 | 75 |
| | തുണിത്തരങ്ങൾ സംഖ്യ | 89330 | 33382 | — | 36700 | 55220 | 63305 | 53340 | 82775 | 69605 |
| | ഇറച്ചി കി.ഗ്രാം | 253 | 156 | 246 | 631 | 342 | 387 | 109 | 275 | 108 |
| | വിദ്യഭ്യാസ ചെലവ് | 83315 | 63921 | 19875 | 59390 | 71755 | 56485 | 47275 | 58000 | 45550 |
| | ചികിത്സ സംഖ്യ | 133235 | 54920 | 42375 | 106339 | 112875 | 92692 | 16781 | 92695 | 71065 |
| | ദിനപത്രം | 52 | 51 | 11 | 31 | 38 | 32 | 43 | 35 | 10 |
| | വാരിക | 41 | 52 | — | 30 | 15 | 36 | 62 | 65 | 67 |
| | പാചക എണ്ണ കി.ഗ്രാം. | 607 | 48 | 102 | 31 | 25 | 11 | 6 | — | 163 |
| വീട്ടുപകരണങ്ങൾ | വാഷിംഗ്മെഷീൻ | — | 11 | 1 | 12 | 3 | 1 | — | — | — |
| | ഫ്രിഡ്ജ് | 11 | 34 | 28 | 37 | 14 | 2 | — | — | — |
| | മിക്സി | 11 | 31 | 25 | 48 | 35 | 7 | — | — | — |
| | പ്രഷർ കുക്കർ | 3 | 17 | — | 14 | 7 | 7 | — | — | — |
| | പമ്പ് സെറ്റ് | 26 | 50 | — | 54 | 28 | 15 | — | 10 | 5 |
| | ഗ്രൈന്റർ | 17 | 34 | 6 | 25 | 19 | 4 | — | — | — |
| | റേഡിയോ | 238 | 216 | 111 | 207 | 176 | 206 | — | 217 | 137 |
| | ടെലിഫോൺ | 6 | 12 | 5 | 30 | 16 | 15 | — | 2 | — |
| | ടേപ്പ് റിക്കോഡർ | 14 | 29 | 24 | 30 | 12 | 30 | — | — | 12 |
| | ടെലിവിഷൻ | 4 | 26 | 5 | 25 | 19 | 5 | — | — | — |

## വളയം ഗ്രാമപഞ്ചായത്ത് സാമൂഹ്യ - സാമ്പത്തിക സർവ്വെ 15-10-96 - 15-11-1996

| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|---|
| വിദ്യാഭ്യാസം | 5 ന് താഴെ | 401 | 406 | 181 | 291 | 341 | 374 | 248 | 505 | 341 |
| | 5 മുതൽ 10 വരെ | 835 | 1020 | 212 | 642 | 842 | 757 | 817 | 903 | 560 |
| | SSLC Pass | 220 | 167 | 39 | 160 | 140 | 136 | 149 | 125 | 122 |
| | PDC Pass | 90 | 62 | 10 | 47 | 83 | 68 | 62 | 58 | 26 |
| | ബിരുദം | 41 | 41 | 8 | 22 | 37 | 31 | 32 | 31 | 14 |
| | ബിരുദാനന്തര ബിരുദം | 7 | 10 | 1 | 2 | 7 | 10 | 6 | 2 | 3 |
| | നിരക്ഷരർ | — | — | 109 | — | 169 | 218 | 195 | 210 | 185 |
| | സാങ്കേതിക വിദഗ്ദ്ധർ | 11 | 23 | 1 | 10 | — | 19 | 14 | 10 | 1 |
| | വീട്ടമ്മ | 217 | 465 | 104 | 293 | 126 | 406 | 123 | 325 | 189 |
| | കെട്ടിട നിർമ്മാണ തൊഴിലാളി | 4 | 25 | 3 | 2 | 15 | 8 | 20 | 7 | 5 |
| | പെയ്ന്റർ | 5 | 8 | — | 4 | 2 | — | 8 | 4 | — |
| | കല്ലുചെത്ത് | 7 | 7 | — | 20 | 11 | 7 | 12 | 2 | 10 |
| | ആശാരിപ്പണി | 1 | 6 | 1 | 5 | 1 | 6 | 19 | 10 | 1 |
| | കല്ലുകൊത്ത് | 24 | 13 | 2 | 13 | 6 | 32 | 33 | 47 | 9 |
| | പോസ്റ്റ്മാൻ | 1 | 1 | — | — | — | — | — | — | — |
| | തേപ്പ് | 6 | 11 | — | 6 | 7 | 4 | 12 | 4 | 4 |
| | ഗവൺമെന്റ് ജോലി | 5 | 13 | — | 3 | 27 | 9 | 18 | — | 2 |
| | മഴുപ്പണി | 12 | 1 | 1 | 4 | 2 | 1 | 8 | 9 | 2 |
| | ഈർച്ചപ്പണി | — | 2 | — | — | — | — | 19 | — | 9 |
| | വയർമാൻ | 1 | — | — | — | — | — | — | — | — |
| | കർഷകത്തൊഴിലാളി | 190 | 224 | 7 | 41 | 147 | 212 | 22 | 261 | 311 |
| | കൃഷി | 73 | 81 | 14 | 103 | 31 | 62 | 107 | 110 | 41 |
| തൊഴിൽ | വാർപ്പ് ജോലി | 1 | 2 | — | — | — | — | — | — | — |
| | ചുമട്ടുതൊഴിലാളി | 1 | 1 | — | — | — | — | — | — | — |
| | കച്ചവടം | 18 | 44 | 7 | 46 | 12 | 28 | 35 | 24 | 11 |
| | പീടിക തൊഴിലാളി | 18 | 14 | 2 | 11 | 5 | 27 | 21 | 7 | 6 |
| | മത്സ്യ തൊഴിലാളി | 3 | 12 | — | 7 | 2 | 1 | 4 | — | 2 |
| | ഡ്രൈവർ | 17 | 46 | 3 | 24 | 16 | 23 | 27 | 19 | 6 |
| | ബസ്സ് ജീവനക്കാർ | 2 | 2 | — | — | — | — | — | — | — |
| | ടെയ്‌ലർ | 23 | 15 | 5 | 15 | 18 | 20 | 18 | 11 | 8 |
| | അദ്ധ്യാപകർ | 18 | 21 | 8 | 5 | 24 | 12 | 9 | 9 | — |
| | ബാങ്ക് ജീവനക്കാർ | 5 | 5 | — | 1 | 11 | 2 | 3 | — | 1 |
| | പോലീസ് | 4 | 3 | — | 3 | 10 | 2 | 1 | 2 | 1 |
| | സൈനികർ | — | — | 1 | — | — | — | 4 | — | — |
| | ബാർബർ | 5 | 2 | — | — | — | 2 | — | — | — |
| | ഡോക്ടർ | — | 4 | — | 1 | — | — | — | — | 1 |
| | എഞ്ചിനീയർ | — | 6 | — | — | — | — | — | 1 | — |
| | ഇരുമ്പു പണി | 5 | — | — | — | — | — | — | — | — |
| | ഗൾഫ് | 47 | 28 | — | — | — | 73 | — | — | — |
| | പാറപ്പണി | — | 7 | — | 1 | — | 4 | 3 | 5 | 1 |
| | മറ്റുള്ളവർ | — | — | — | 9 | 6 | 4 | — | 6 | 2 |
| | തൊഴിലുള്ളവർ | — | — | — | — | — | — | — | 119 | — |

വളയം ഗ്രാമപഞ്ചായത്ത് - സാമൂഹ്യസാമ്പത്തിക സർവ്വെ (15-10- 96 - 15-11-96)

## കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ

| | പഞ്ചായത്തിലെ മൃഗങ്ങൾ | | | | | | | | | | കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ | | | | | | | | | | | | | | | സാമൂഹ്യവിഭാഗം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | നാടൻപശു | സങ്കരയിനം | ലഭിക്കുന്നപാൽ (ലി.) | ആട് | പോത്ത് | കോഴി | ലഭിക്കുന്ന മുട്ട | കാള | തീറ്റച്ചെലവ് | ആൺ | പെൺ | വിവാഹിതർ | അവിവാഹിതർ | മൂന്നു വയസ്സിനു താഴെ | 4–6 വരെ | 15 വയസ്സിനുതാഴെ | 16–25 വരെ | 26–40 വരെ | 41–50 വരെ | 51–60 വരെ | 61–70 വരെ | 71–80 വരെ | 80–നു മുകളിൽ | ഹിന്ദു | മുസ്ലീം | ക്രിസ്ത്യൻ | മുന്നോക്കവിഭാഗം | ഒ.ബി.സി. | എസ്.സി | എസ്.ടി. |
| 1 | 138 | 14 | 14884 | 92 | 1014 | 625 | 16913 | 10 | 83587 | 959 | 976 | 898 | 808 | 57 | 76 | 355 | 464 | 492 | 198 | 131 | 94 | 44 | 16 | 306 | 48 | — | 25 | 270 | 4 | 3 |
| 2 | 95 | 8 | 13769 | 77 | 157 | 309 | 8520 | 4 | 61240 | 1038 | 1037 | 1066 | 997 | 70 | 122 | 384 | 470 | 542 | 241 | 143 | 81 | 43 | 12 | 260 | 89 | — | 8 | 327 | 14 | — |
| 3 | 41 | 2 | 9300 | 16 | 50 | 161 | 7245 | 2 | 219010 | 373 | 318 | 214 | 365 | 50 | 86 | 147 | 138 | 158 | 64 | 36 | 20 | 6 | 1 | 53 | 94 | — | 2 | 147 | — | — |
| 4 | 118 | 9 | 10512 | 50 | 48 | 237 | 7350 | 9 | 132810 | 815 | 777 | 778 | 762 | 83 | 90 | 299 | 352 | 355 | 168 | 112 | 61 | 27 | 8 | 171 | 105 | — | 3 | 261 | 9 | — |
| 5 | 124 | 7 | 24800 | 72 | 900 | 312 | 9290 | 10 | 367660 | 884 | 952 | 805 | 265 | 75 | 115 | 355 | 381 | 452 | 214 | 104 | 97 | 34 | 9 | 209 | 100 | — | 60 | 234 | 15 | — |
| 6 | 221 | 11 | 28149 | 108 | 202 | 709 | 13384 | 10 | 232876 | 971 | 918 | 533 | 279 | 80 | 117 | 353 | 399 | 483 | 173 | 125 | 102 | 39 | 18 | 296 | 52 | 1 | 54 | 290 | 2 | 3 |
| 7 | 125 | 35 | 2047 | 111 | 963 | 609 | 14949 | 10 | 152762 | 903 | 972 | 759 | 648 | 107 | 105 | 285 | 416 | 545 | 191 | 188 | 106 | 31 | 18 | 328 | 22 | 1 | 2 | 335 | — | 5 |
| 8 | 219 | 11 | 10420 | 245 | 91 | 726 | 17250 | 2 | 135165 | 935 | 945 | 915 | 860 | 73 | 92 | 357 | 458 | 462 | 178 | 113 | 65 | 20 | 13 | 360 | 1 | 4 | 9 | 349 | 7 | — |
| 9 | 274 | 12 | 19613 | 252 | 170 | 725 | 13133 | 24 | 52775 | 714 | 661 | 578 | — | 48 | 79 | 265 | 327 | 297 | 152 | 58 | 45 | 15 | 5 | 228 | 2 | 28 | 3 | 195 | — | 33 |



456

# കാർഷിക വിളകളുടെ ഒരു വർഷത്തെ ഉൽപ്പാദനം

## വളയം ഗ്രാമപഞ്ചായത്ത് - സാമൂഹ്യസാമ്പത്തിക സർവ്വെ (15-10- 96 - 15-11-96)

| | കായ്ഫലമുള്ള തെങ്ങിന്റെ എണ്ണം | ഒരു വർഷത്തെ നാളികേരോല്പാദനം | കായ്ഫലമില്ലാത്ത തെങ്ങുകളുടെ എണ്ണം | കവുങ്ങുകളുടെ എണ്ണം | ഒരു വർഷത്തെ ഉല്പാദനം | കശുമാവിന്റെ എണ്ണം | ഒരു വർഷത്തെ ഉല്പാദനം (കി.ഗ്രാം) | കാപ്പിയുടെ എണ്ണം | ഒരു വർഷത്തെ ഉല്പാദനം (കി.ഗ്രാം) | കൊടികൾ | ഒരു വർഷത്തെ ഉല്പാദനം (കി.ഗ്രാം) | ചേമ്പ് ഉല്പാദനം (കി.ഗ്രാം) | ഇഞ്ചി ഉല്പാദനം | പച്ചക്കറി കൃഷി ചെയ്യുന്നവർ | ഒരു വർഷത്തെ ഉല്പാദനം (കി.ഗ്രാം) | കപ്പ കി.ഗ്രാം | കൃഷിയിൽനിന്നുള്ള ആകെ ആദായം | ആകെ കൃഷിച്ചെലവ് | പുരുഷതൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | ജലസേചനസൗകര്യമുള്ളവർ | തരിശുഭൂമിയുടെ വിസ്തീർണം | ചേന ഉല്പാദനം കി.ഗ്രാം | കുരുമുളക് | ഉല്പാദനം (കി.ഗ്രാം) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 4565 | 388700 | 5103 | 2355 | 181190 | 867 | 3835 | 263 | 804 | 355 | 786 | 396 | 978 | 4 | 101 | 1255 | 1373209 | 666030 | 3467 | 1101 | 11 | 2.56 | 451 | 3679 | 3008 |
| 2 | 9952 | 347070 | 3631 | 3225 | 165434 | 270 | 3077 | 114 | 284 | 267 | 647 | 1249 | 25 | – | – | – | – | – | 1831 | 498 | 18 | 2.80 | 391 | 3714 | 2276 |
| 3 | 1610 | 49820 | 850 | 611 | 24404 | 76 | 293 | 13 | 65 | 35 | 143 | 57 | – | – | – | – | 183035 | 69800 | 284 | 106 | – | – | 49 | 470 | 424 |
| 4 | 5735 | 205016 | 2082 | 1131 | 115500 | 97 | 584 | 212 | 595 | 217 | 525 | 690 | 16 | – | – | – | 786545 | 815940 | 1621 | 619 | 7 | – | 184 | 1885 | 1693 |
| 5 | 7072 | 136295 | 2868 | 1572 | 104760 | 285 | 1061 | 207 | 700 | 214 | 222 | 342 | 52 | 6 | 215 | 200 | 622716 | 422300 | 1450 | 527 | 3 | 2.25 | 272 | 2695 | 1481 |
| 6 | 13525 | 373520 | 6645 | 3279 | 260361 | 953 | 3559 | 577 | 156 | 651 | 1904 | 1728 | 218 | 5 | 57 | 1915 | 150365 | 815610 | 5361 | 1288 | 2 | 2.63 +3. | 210 | 4350 | 3889 |
| 7 | 12176 | 453700 | 5799 | 2919 | 212558 | 993 | 2384 | 389 | 1333 | 621 | 743 | 1272 | 299 | 24 | 555 | 2937 | 277089 | 1588229 | 2974 | 927 | 6 | 3.32 | 665 | 6153 | 6373 |
| 8 | 10100 | 254530 | 5398 | 1987 | 72250 | 1397 | 13116 | 816 | 3025 | 902 | 3993 | 1401 | 259 | 4 | 240 | 3839 | 1250270 | 569825 | 5143 | 1284 | 12 | 1.45 | 1571 | 10711 | 6555 |
| 9 | 7011 | 239480 | 3763 | 3247 | 182202 | 1448 | 3547 | 1151 | 3658 | 2727 | 5327 | 1361 | 1183 | 3 | 45 | – | 1201845 | 583695 | 5371 | 1894 | 16 | 22.25 | 1071 | 5379 | 3289 |

## വളയം ഗ്രാമപഞ്ചായത്ത് – സാമൂഹ്യ– സാമ്പത്തിക സർവ്വെ (15-10-96 മുതൽ 15-11-96)

| | കൈവശഭൂമിയുടെ ഉടമസ്ഥാവകാശം | | | | | | | | | വീടിന്റെ തരവും | | | | | | | | ചില സൗകര്യങ്ങളും | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | കൈവശ ഭൂമിയുടെ വിസ്തീർണ്ണം | 5 സെന്റിന് താഴെ | സെന്റിനും 10 സെന്റിനുമിടയ്ക്ക് | 11–നും 20–നും ഇടയ്ക്ക് | 21–നും 50–നും ഇടക്ക് | 51–100 സെന്റുവരെ | 1–2 ഏക്കറിനിടയ്ക്ക് | 2–5 ഏക്കറിനിടയ്ക്ക് | 5 ഏക്കറിനുമുകളിൽ | സ്വന്തമായ വീട് | വാടകവീട് | ഓല മേഞ്ഞത് | ഓടുമേഞ്ഞത് | വാർപ്പ് | ഷീറ്റ് | വിറകടുപ്പ് | മറ്റുള്ളവ | കക്കൂസുള്ളവർ | കുളിമുറിയുള്ളവർ | കക്കൂസില്ലാത്തവർ | കിണറുള്ളവർ | കിണറില്ലാത്തവർ | കുളമുള്ളവർ | കുടിവെള്ള സൗകര്യമുള്ളവർ | വൈദ്യുതി ലഭിച്ചവർ | കാർ, ജീപ്പ്, ലോറി | മോട്ടോർ സൈക്കിൾ സ്കൂട്ടർ |
| 1 | | 21 | 47 | 61 | 90 | 66 | 36 | 25 | 2 | 350 | – | 157 | 147 | 36 | 8 | 351 | 15 | 229 | 21 | 100 | 247 | 103 | 2 | 271 | 56 | 9 | 8 |
| 2 | | 16 | 69 | 34 | 30 | 74 | 41 | 48 | 13 | 349 | – | 135 | 170 | 56 | 2 | 349 | – | 240 | 31 | 78 | 247 | 102 | 2 | 226 | 128 | 17 | 3 |
| 3 | | 5 | 20 | 49 | 57 | 15 | 3 | – | – | 149 | – | 48 | 47 | 48 | – | 135 | – | 124 | 7 | 18 | 123 | 26 | 3 | 88 | 80 | 2 | 5 |
| 4 | | 8 | 62 | 59 | 82 | 32 | 8 | 7 | 1 | 274 | 5 | 69 | 132 | 67 | 10 | 272 | 2 | 220 | 25 | 34 | 213 | 66 | – | 193 | 120 | 15 | 10 |
| 5 | | 18 | 66 | 60 | 88 | 39 | 30 | – | 3 | 308 | 1 | 100 | 154 | 53 | 6 | 307 | 50 | 212 | 15 | 97 | 226 | 83 | 2 | 133 | 101 | 2 | 5 |
| 6 | | 10 | 40 | 56 | 87 | 53 | 54 | 41 | 6 | 349 | – | 129 | 182 | 32 | 6 | 345 | 10 | 186 | 13 | 150 | 286 | 63 | 4 | 183 | 34 | 7 | 3 |
| 7 | | 10 | 53 | 68 | 99 | 51 | 72 | 37 | – | 352 | – | 160 | 149 | 31 | 12 | 316 | 18 | 218 | 15 | 119 | 249 | 103 | – | 264 | 48 | – | – |
| 8 | | 40 | 20 | 60 | 70 | 29 | 111 | 34 | 5 | 365 | 2 | 215 | 93 | 26 | 24 | 367 | – | 133 | 36 | 232 | 225 | 140 | – | 260 | – | 4 | 2 |
| 9 | | 4 | 20 | 26 | 87 | 61 | 39 | 27 | – | 264 | – | 137 | 99 | 6 | 22 | 264 | – | 84 | 8 | 172 | 130 | 134 | – | 144 | 17 | 3 | – |
| ആകെ | | 132 | 397 | 473 | 690 | 420 | 394 | 219 | 30 | 2760 | 8 | 1150 | 1173 | 355 | 90 | 2606 | 115 | 1646 | 171 | 1000 | 1946 | 720 | 13 | 1762 | 584 | 59 | 36 |



458





മാ നിഷാദ





അധികാരം ജനങ്ങളിലേക്ക്

463



# വികസന റിപ്പോർട്ട് '96

## വാണിമേൽ ഗ്രാമപഞ്ചായത്ത്

# വാണിമേൽ ഗ്രാമപഞ്ചായത്ത്



M65

## ഉള്ളടക്കം


I ആമുഖം

ഭൂപ്രകൃതി

ചരിത്രപശ്ചാത്തലം

II വികസനമേഖലകൾ

1. കൃഷി
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. ഊർജ്ജവും ഗതാഗതവും മാർക്കറ്റും
5. കുടിവെള്ളം പൊതുജനാരോഗ്യം
6. വിദ്യാഭ്യാസം
7. പാർപ്പിടം ക്ഷേമപ്രവർത്തനങ്ങൾ
8. പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം
9. വനിതാ ക്ഷേമം
10. സംസ്കാരം
11. സഹകരണമേഖല
12. വിഭവ സമാഹരണം

III ഉപസംഹാരം



Typesetting & Layout
**Fonts DTP Centre,** Vadakara - 1

Printed at: **Mangalam Publications**
Kallai, Calicut - 3 Ph: 303064, 300063


# ഭരണസമിതി

പ്രസിഡണ്ട്



പി. തറുവൈഹാജി.

വൈസ് പ്രസിഡണ്ട്



ടി. മൂസമാസ്റ്റർ

ചെയർമാൻ
സ്റ്റാന്റിംഗ് കമ്മിറ്റി



ടി. അബ്ദുറഹിമാൻ മാസ്റ്റർ

# ഭരണസമിതി അംഗങ്ങൾ

1) എ. കെ. അബ്ദുല്ല ഹാജി
2) കുണ്ടിൽ സൈനബ
3) എൻ. കെ . മൂസ്സമാസ്റ്റർ
4) കെ. സി. ചീരു
5) കെ. മധുകുമാരി
6) പി. സി. കുങ്കൻ
7) റോസ്‌ലി ഫ്രാൻസിസ്

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ



എൻ. കെ. മൂസമാസ്റ്റർ

**ചീഫ് എഡിറ്റർ :** എൻ. കെ. മൂസമാസ്റ്റർ

**എഡിറ്റർമാർ :** കെ. പത്മനാഭൻ
കെ. ചന്തുമാസ്റ്റർ
വി. കെ. കുഞ്ഞാലിമാസ്റ്റർ
ടി. പി. അഹമ്മദ്മാസ്റ്റർ
റോസ്‌ലി ഫ്രാൻസിസ്
എ. കെ. മഞ്ജു.
സി. കെ. മൂസമാസ്റ്റർ

## കോർ ഗ്രൂപ്പ്

എം. കെ. ബാലൻ
എം. എ. വാണിമേൽ
എ. പി. അബ്ദുൾ ലത്തീഫ്
അഷ്റഫ് കൊകാല
കെ. കണ്ണൻ മാസ്റ്റർ
എം. കെ. അഷ്റഫ്
എ. വി. രവീന്ദ്രൻ
ടി. എം. മോഹനൻ (കൃഷി ഓഫീസർ)
കെ. കുഞ്ഞിരാമൻ (വി. ഇ. ഒ)
കെ. പി. രവീന്ദ്രൻ
ഒ. പി. കുഞ്ഞമ്മദ്
കെ. ടി. അമ്മത്മാസ്റ്റർ
എം. കെ. കുഞ്ഞബ്ദുല്ല
സി. വി. അശോകൻ
കെ. കെ. മുഹമ്മദലി.
കെ. സതീശൻ
പി. എം. നാണുമാസ്റ്റർ
ടി. ജെ. വർഗ്ഗീസ്
എൻ. പി. ചന്ദ്രൻമാസ്റ്റർ
വി. മുഹമ്മദലിമാസ്റ്റർ
ടി. വി. കൃഷ്ണൻ (ഹെൽത്ത് ഇൻസ്പക്ടർ)

## ആമുഖം

അധികാരം ഒരു പിടി വ്യക്തികളുടെ കൈകളിൽ കേന്ദ്രീകരിച്ചിരുന്ന സംവിധാനത്തിൽ നിന്നും നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി സ്വപ്നം കണ്ട ഗ്രാമ സ്വരാജിലേക്കുള്ള പ്രയാണത്തിന്റെ ആദ്യപടിയാണ് അധികാര വികേന്ദ്രീകരണം. ജനഹിതത്തിനനുസൃതമായ ഒരു ഭരണസംവിധാനമുണ്ടാകണമെങ്കിൽ അധികാരം വികേന്ദ്രീകരിക്കപ്പെടണം. ഗ്രാമീണരുടെ വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക, സാംസ്ക്കാരിക, കാർഷിക, വ്യാവസായിക മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് വലിയൊരളവോളം സഹായിക്കും എന്നതിൽ പക്ഷാന്തരമില്ല.

ഒൻപതാം പദ്ധതി ജനകീയ പദ്ധതി' യെന്ന മുദ്രാവാക്യം വളരേ ആവേശത്തോടെയാണ് വാണിമേലിലെ ഗ്രാമവാസികൾ സ്വീകരിച്ചത്. ഇന്നേവരേ നടപ്പിലാക്കിയ പദ്ധതികളിലൊന്നും അവർക്ക് വേണ്ടത്ര പങ്കാളിത്തം ലഭിച്ചിരുന്നില്ല. അതു കൊണ്ടു തന്നെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും കഴിഞ്ഞില്ല. കുടിവെള്ള ക്ഷാമം, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, കാർഷിക രംഗത്തെ ഉല്പാദന ശോഷണം, വ്യാവസായികരംഗത്തെ മുരടിപ്പ്, വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരത്തകർച്ച തുടങ്ങി നിരവധിപ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. ജനപങ്കാളിത്തത്തോടെ ഒൻപതാം പദ്ധതിയോടുകൂടി ഈ പ്രശനങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും എന്ന വിശ്വാസമാണ് ഗ്രാമവാസികളെ ഈ പരിപാടിയുമായി സഹകരിക്കാൻ പ്രേരിപ്പിച്ചത്.

ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള മുന്നൊരുക്കങ്ങൾ ഈ പഞ്ചായത്തിൽ 96 ആഗസ്റ്റ് മാസത്തിൽ തന്നെ നടത്തിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പരിശീലകർക്കുള്ള ത്രിദിന ശില്പശാല സപ്റ്റമ്പർ 3,4,5 തിയ്യതികളിൽ തിരുവള്ളുരിൽ വെച്ചുനടന്നു. അവർ ഇതിൽ പങ്കെടുത്തു തിരിച്ചുവന്നതോടെയാണ് പ്രവർത്തനങ്ങൾക്ക് വേഗതകൈവന്നത്. പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസിനുള്ള ഒന്നാം ഘട്ടപരിശീലനം സപ്റ്റമ്പർ 11ന് നടന്നു. തെരഞ്ഞെടുക്കപ്പെട്ട 40 പരിശീലകർക്ക് പുറമെ ഉദ്യോഗസ്ഥൻമാരും, രാഷ്ട്രീയ സാമുഹ്യ രംഗത്തെ പ്രഗത്ഭരുമടക്കം 77 പേർ ഇതിൽ പങ്കെടുത്തു. വിവിധഗ്രാമസഭകൾ ചേരുന്ന തിയ്യതികളും, സ്ഥലവും മറ്റുബന്ധപ്പെട്ട കാര്യങ്ങളും പരിശീലനത്തിൽ വെച്ചു തീരുമാനിച്ചു. ദ്വിതീയസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ ക്രമീകരണങ്ങളുമുണ്ടാക്കി

ഗ്രാമസഭകളിലെ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ശക്തമായ പ്രവർത്തനപരിപാടികൾ സംഘടിപ്പിച്ചു. ചാക്ക്ബോർഡുകൾ, ബാനറുകൾ ഇവ പ്രധാനകേന്ദ്രങ്ങളിൽ സ്ഥാപിച്ചു, പോസ്റ്ററുകൾ ധാരാളമായി ഒട്ടിച്ചു വിളംബരജാഥകൾ പദയാത്രകൾ സംഘടിപ്പിച്ചു. ഓരോവാർഡിലും സ്വാഗതസംഘം ചേർന്ന് സ്ക്വാഡുകൾ രൂപീകരിച്ചു. ഗ്രാമസഭയിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്ത് എല്ലാവീടുകളിലുമെത്തിച്ചു.

ഒക്ടോബർ രണ്ടിനകം ഗ്രാമസഭകൾ സമയബന്ധിതമായി പൂർത്തീകരിച്ചു. സമാനമായ മറ്റുപരിപാടികളിൽ പൊതുവെ അലസമനോഭാവം പ്രകടിപ്പിക്കുന്ന ഗ്രാമീണർ ഗ്രാമസഭകളിൽ ആവേശപൂർവ്വം പങ്കെടുത്തു എന്നത് ശ്രദ്ധേയമാണ്. ശരാശരി 155 പേർ ഓരോ ഗ്രാമസഭകളിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത പലരും ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്. വനിതാ പ്രാതിനിധ്യം താരതമ്യേന കുറവായിരുന്നു എങ്കിലും ഗ്രൂപ്പ് ചർച്ചകൾ വളരേ സജീവമായിരുന്നു. നാലുഗ്രൂപ്പുകളായി തിരിഞ്ഞാണ് ചർച്ച നടന്നത് .ഗ്രാമപഞ്ചായത്തും, ജില്ലാപഞ്ചായത്തും, സംസ്ഥാനഗവൺമെന്റും പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നു. ഇവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളുമുണ്ടായി.

ഗ്രാമസഭകൾ പൂർത്തിയായതോടുകൂടി വികസനറിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു. ഗ്രാമസഭകളിൽ നാലു ഗ്രൂപ്പുകളായി നടന്ന ചർച്ചകളുടെ റിപ്പോർട്ട് പന്ത്രണ്ടു വിഭഗമാക്കി എഴുതി ക്രോഡീകരിച്ചു. വിവിധ ഓഫീസുകളിൽ നിന്നും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു. തുടർന്നു കോർഗ്രൂപ്പ് യോഗം ചേർന്ന് വികസനറിപ്പോർട്ടിന്റെ കരട് എഴുതി തയ്യാറാക്കി. ജില്ലാ റിസോഴ്സ് പേഴ്സൺസിനുള്ള രണ്ടാംഘട്ട പരിശീലനത്തോടുകൂടി കരട് വികസന റിപ്പോർട്ട് നിർദ്ദേശിക്കപ്പെട്ട രൂപത്തിൽ തയ്യാറാക്കാൻ ശ്രമമാരംഭിച്ചു. വിവിധ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു ചേർത്തു. എട്ടാം പദ്ധതിക്കാലത്ത് പൂർത്തീകരിച്ച സ്കീമുകളെക്കുറിച്ചും, പൂർത്തീകരിക്കപ്പെടാത്തവയെക്കുറിച്ചും വിവരങ്ങൾ ശേഖരിച്ചു.

പഞ്ചായത്തിന്റെ ഭൂപ്രകൃതി, ഭൂവിനിയോഗം, ജലലഭ്യത, മൺതരങ്ങൾ, പരിസ്ഥിതി തുടങ്ങിയവിവര

ങ്ങൾ ശേഖരിക്കാൻ തലങ്ങനെ തെക്കെ അറ്റമായ പൈങ്ങോൽ താഴെ നിന്നു വടക്കെ അറ്റമായ വലിയ പാനോം വരേയും, വിലങ്ങനെ പടിഞ്ഞാറ് ചുഴലി മുതൽ കിഴക്ക് പാണ്ടിക്കടവിൽ താഴെ വരേയും പഠന പര്യടനം(transect walk) നടത്തി. ഈ പര്യടനം തികച്ചും പുതുമയാർന്നതും, പഠനാർഹവും ജനങ്ങളിൽ കൗതുകമുളവാക്കിയതുമായിരുന്നു.

ഒക്ടോബർ 31ാം തിയ്യതി പഞ്ചായത്തു തലത്തിൽ രണ്ടാം ഘട്ടപരിശീലനം സംഘടിപ്പിച്ചു വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനെ കുറിച്ചും, വികസന സെമിനാറിനെ സംബന്ധിച്ചും പരിശീലനം നൽകി. പ്രാദേശികചരിത്രപഠനത്തിനായി കാരണവൻമാരെ കാണാൻ ഒരു സംഘത്തെ നിയോഗിച്ചു. വിവിധസംഘടനകൾ പ്രസിദ്ധീകരിച്ച സോവനീറുകൾ, സ്മരണികകൾ മറ്റുപ്രസിദ്ധീകരണങ്ങൾ ഇവ സംഘടിപ്പിച്ചു. 12 ഗ്രൂപ്പുകളായി തിരിഞ്ഞ് ഒരാഴ്ച ക്കാലത്തെ നിരന്തരപരിശ്രമത്തിൽ വികസനറിപ്പോർട്ട് തയ്യാറാക്കി. നവംബർ 6ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയോഗം ചേർന്ന് റിപ്പോർട്ട് അംഗീകരിച്ചു.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : വാണിമേൽ |
| ഉൾപ്പെടുന്ന റവന്യൂവില്ലേജുകൾ | : വാണിമേൽ,വിലങ്ങാട്, വളയം. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : തൂണേരി. |
| താലൂക്ക് | : വടകര |
| അസംബ്ലിമണ്ഡലം | : നാദാപുരം |
| വിസ്തീർണ്ണം | : 36.53 ച.ക.മി |
| ജനസംഖ്യ | : 21356 (1991ലെസെൻസസ് റിപ്പോർട്ട് അനുസരിച്ച്) |
| വാർഡുകളുടെ എണ്ണം | : 10 |
| ഗ്രേഡ് | : ഫസ്റ്റ് ഗ്രേഡ് |
| പ്രസിഡണ്ടിന്റെ പേര് | : പി. തറുവൈ ഹാജി |
| വൈ: പ്രസിഡണ്ടിന്റെ പേര് | : ടി. മൂസമാസ്റ്റർ |

ചരിത്രമുറങ്ങിക്കിടക്കുന്ന പഴയ കുറുമ്പ്രനാട് താലൂക്കിലെ 104 അംശങ്ങളിൽ ഒന്നായിരുന്നു വാണിമേൽ. വിലങ്ങാട് കുഞ്ഞോൻ ചിറയിൽ നിന്നുൽഭവിച്ച് മാഹികടലിൽ ചെന്നു ചേരുന്ന മയ്യഴിപ്പുഴ കുടിനീര് അനുഗ്രഹിച്ച ഈ ഗ്രാമ സുന്ദരി കുറ്റിപ്പുറം കോവിലകത്തിന്റെ കീഴിലായിരുന്നു. 1960 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനനുസൃതമായി 1962 ൽ ഈ പഞ്ചായത്ത് നിലവിൽ വന്നു. വാണിമേൽ, വളയം, വേർകടവ്, മാമ്പിലാക്കുൽ, വെള്ളിയോട് പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്ന ഈ പഞ്ചായത്ത് 1977 ൽ വിഭജിക്കപ്പെട്ടു. വളയം ഭാഗങ്ങൾ ഉൾപ്പെടുത്തി വളയം പഞ്ചായത്ത് രൂപികരിക്കപ്പെട്ടു.

17.12.1963 നാണ് തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ആദ്യയോഗം നടക്കുന്നത്. പുതിയോട്ടിൽ തറുവൈ, പി.പി. കുഞ്ഞിക്കണാരൻ, പുത്തൻ പുനത്തിൽ ശ്രീധരൻ, കണ്ണൻച്ചാങ്കണ്ടിയിൽ ബാലകൃഷ്ണൻ നമ്പ്യാർ, പൊയിൽ കണ്ടിയിൽ താഴെകുനിയിൽ സൂപ്പി, കണ്ടത്തും കരയരപ്പൻ, വടക്കയിൽ കുഞ്ഞിരാമൻ, നെല്ലിയുള്ള പറമ്പത്ത് കോരൻ എന്നിവരായിരുന്നു തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ. നോമിനേറ്റ് വനിതാ മെമ്പറായി വി.പി കുഞ്ഞാമിയുമുണ്ടായിരുന്നു. ഇവരിൽ പി.പി കുഞ്ഞിക്കണാരനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. ഇദ്ദേഹമാണ് വാണിമേൽ പഞ്ചായത്തിന്റെ ആദ്യത്തെപ്രസിഡണ്ട്.

പഞ്ചായത്ത് പ്രസിഡണ്ടുപദം അലങ്കരിച്ച മറ്റുള്ളവരുടെ പേരും ഭരണകാലവും താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ഭരണകാലം |
|---|---|---|
| 1. | പി.പി.കുഞ്ഞിക്കണാരൻ | 1963 – 77 |
| 2 | പി. തറുവൈ ഹാജി | 1977 – 79 |
| 3 | ടി. കെ. കുഞ്ഞമ്മത്ഹാജി | 1979 – 1984 |
| 4 | എം. കെ. ബാലൻ | 1988 – 1993 |
| 5 | പി. ചോയിക്കുട്ടി മാസ്റ്റർ | 1993 – 1995 |
| 6 | പി. തറുവൈഹാജി | 1995 മുതൽ തുടരുന്നു. |

പട്ടിക–1

20-10-84 മുതൽ 3-2-88 വരെയും, 1-2-95 മുതൽ 3-10-95 വരെയും അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു.

**അതിർത്തികൾ :**

വടക്ക് : കണ്ണവം ഫോറസ്റ്റ്, കുഞ്ഞോം ഫോറസ്റ്റ്
കിഴക്ക് : കുഞ്ഞോം ഫോറസ്റ്റ് , നരിപ്പറ്റ പഞ്ചായത്ത്
പടിഞ്ഞാറ്: വളയംപഞ്ചായത്ത്
തെക്ക് : നാദാപുരം പഞ്ചായത്ത്, നരിപ്പറ്റ പഞ്ചായത്ത്

പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഓഫീസുകളും അവ സ്ഥിതിചെയ്യുന്ന സ്ഥലവും ചുവടെ കൊടുക്കുന്നു

| ഓഫീസുകൾ | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|
| 1. വില്ലേജ് ഓഫീസ്-2 | വാണിമേൽ, വിലങ്ങാട് |
| 2. പഞ്ചായത്ത് ഓഫീസ് | കുളപ്പറമ്പ് |
| 3. ഹോമിയോഡിസ്പെൻസറി | കുളപ്പറമ്പ് |
| 4. കൃഷിഭവൻ | കുളപ്പറമ്പ് |
| 5. മൃഗാശുപത്രി | കുങ്കൻനിരവ് |
| 6. പ്രൈമറി ഹെൽത്ത് സെന്റർ | പറപ്പുപാറ |
| 7. വി.എച്ച്.സി സബ്സെന്ററുകൾ-2 | കുങ്കൻ നിരവ്, വിലങ്ങാട് |
| 8. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ-2 | ഭൂമിവാതുക്കൽ, വിലങ്ങാട് |
| 9. പോസ്റ്റ് ഓഫീസുകൾ -5 | വാണിമേൽ, ഭൂമിവാതുക്കൽ, വിലങ്ങാട്, കുയേതരി, നിടുംപറമ്പ്. |
| 10. ടെലഫോൺ എക്സ്ചേഞ്ച് | വിലങ്ങാട് |
| 11. സൗത്ത് മലബാർ ഗ്രാമീണ ബേങ്ക്-2 | ഭൂമിവാതുക്കൽ , വിലങ്ങാട് |
| 12. സർവീസ് സഹകരണ ബേങ്ക് -2 | കുളപ്പറമ്പ്, വിലങ്ങാട് |
| 13. പട്ടികജാതി പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം പട്ടിക -2 | വിലങ്ങാട് |

## സാമൂഹിക സാംസ്കാരിക ചരിത്ര പാശ്ചാത്തലം

ചരിത്രം ഉറങ്ങിക്കിടക്കുന്ന കടത്തനാടിന്റെ വടക്കുഭാഗത്ത് വയനാടൻ മലനിരകളുമായി തൊട്ടുരുമ്മി നിൽക്കുന്ന ഒരു കാർഷിക മേഖലയാണ് വാണിമേൽ 36.53 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിന്റെ വടക്കുഭാഗം അവസാനിക്കുന്നത് കണ്ണവം, കുഞ്ഞ്യം വനാതൃത്തികളിലാണ്. വിലങ്ങാടു മലമേടകളിൽ ഉള്ള കുഞ്ഞ്യോം ചിറയിൽ നിന്നുൽഭവിച്ച് മാഹി കടലിൽ ചെന്ന് ചേരുന്ന മയ്യഴി പുഴ വാണിമേലിന്റെ പുത്രിയാണ്. കിഴക്ക് ഭാഗം നരിപ്പറ്റ പഞ്ചായത്തും പടിഞ്ഞാറ് ഭാഗം വളയം പഞ്ചായത്തും തെക്ക് ഭാഗം നാദാപുരം നരിപ്പറ്റ പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു. പ്രകൃതി രമണീയമായ മലനിരകളും പുഴയും വാണിമേലിന് ഗാംഭീര്യവും പ്രൗഡിയും സൗന്ദര്യവും നൽകുന്നു.

## നാമചരിത്രം

ഓരോ പ്രദേശങ്ങൾക്കും അതിന്റെ സ്ഥലനാമം സാധാരണയായി ചരിത്രവുമായി ബന്ധപ്പെട്ടിരിക്കും. വയനാട്ടിലേക്ക് പോകുന്ന അറബിക്കച്ചവടക്കാരുടെ വാണിജ്യകേന്ദ്രമായിരുന്നു വാണിമേൽ. വാണിജ്യത്തിന് പേരു കേട്ട ഒരു സ്ഥലം എന്ന നിലക്ക് വണിക്കുകൾ (കച്ചവടക്കാർ) തമ്പടിച്ചിരുന്നത് കൊണ്ടും വാണിമേൽ എന്ന പേരുണ്ടായി എന്ന് പറയപ്പെടുന്നു. ജ്ഞാനത്തിന്റെ ദേവതയായ വാണി (സരസ്വതി) വിലയാടുന്ന സ്ഥലം എന്ന അർത്ഥത്തിലാണ് വാണിമേൽ എന്ന് പേരുണ്ടായത് എന്നും പറയപ്പെടുന്നു. ഇവിടുത്തെ മറ്റു പ്രദേശങ്ങളായ ഭൂമിവാതുക്കൽ, കോടിയുറ, വെള്ളിയോട് തുടങ്ങിയ സ്ഥലങ്ങളുടെ നാമങ്ങൾക്ക് പിന്നിലും കഥകളുണ്ട്. ഭൂമി പോലും വാതുവെക്കുന്ന ( പണയം വെക്കുന്ന) ഒരു വിഭാഗം ഉള്ളതു കൊണ്ടും ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ടും ചുറ്റുപാടുമുള്ള വനപ്രദേശങ്ങളിൽ നിന്ന് ഒരു തെളിഞ്ഞ ഭൂമിയിലേക്ക് ഉള്ള ഒരു വാതിൽ എന്ന നിലയിലാണ് ഭൂമിവാതുക്കൽ എന്ന പേരുണ്ടായത് എന്നും പറയപ്പെടുന്നു. ദാവാരികൾ എന്നറിയപ്പെടുന്ന ഒരു കച്ചവടവിഭാഗം താമസിച്ച പ്രദേശമായിരുന്നു വെള്ളിയോട്. ഇവർ ഒരു പക്ഷെ യവനാരോ, അറബികളോ ആകാം. കുരുമുളക് അടക്ക

മുള്ള വനവിഭവങ്ങൾക്ക് പകരമായി വെള്ളി, ഓട്, സ്വർണ്ണം എന്നിവ കൈമാറ്റം ചെയ്ത സ്ഥലത്തെ വെള്ളിയോട് എന്ന് വിളിച്ചതാകാം. യവന കച്ചവടക്കാർ കുരുമുളകും മറ്റും കച്ചവടം ചെയ്യാൻ വരുന്ന കേന്ദ്രത്തിൽ പ്രത്യേക കൊടി വളരെ ഉയരത്തിൽ കെട്ടുക പതിവുണ്ടായിരുന്നു. അത് കണ്ടിട്ടാണ് മലമുകളിൽ താമസിച്ച കുറിച്യർ കുരുമുളകും മറ്റു വനവിഭവങ്ങളുമായി കൊടി കണ്ട സ്ഥലത്തേക്ക് വരാറുണ്ടായിരുന്നെന്നും ആ സ്ഥലത്തിന്നാണ് കോടിയൂറ എന്ന് പേരുണ്ടായത് എന്നും ഐതിഹ്യമുണ്ട്. ഒരു കാലത്ത് കൊ എന്നാൽ രാജാവിന്റെ സ്ഥലം എന്നർത്ഥമുണ്ടായിരുന്നു. ഒരു കാലത്ത് കോലത്ത് രാജാവിന്റെ സ്ഥലാതൃത്തി കോ പറമ്പ് എന്നറിയപ്പെട്ടിരുന്നു. കോ പറമ്പ് എന്നുള്ള പേര് ലോപിച്ചായിരിക്കാം കുളപറമ്പ് എന്ന പേര് വന്നത് എന്ന് അനുമാനിക്കാം. ഇന്നത്തെ വാണിമേലിലെ ഓരോരോകവലകളുടേയും വിശാലമായ പറമ്പുകളുടേയും പേരുകൾ പണ്ടെങ്ങോ കഴിഞ്ഞുപോയ സംഭവങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു.

## ആദിമനിവാസികൾ:

### കുറിച്യർ:

വനനിബിഡമായ പ്രദേശങ്ങളിൽ കുറിച്യർ കുറിഞ്ചി (വനപ്രദേശം) പ്രദേശത്ത് താമസിക്കുന്നവരായത് കൊണ്ടാണ് കുറിച്യർ എന്ന പേര് വന്നത് എന്ന് പറയപ്പെടുന്നു. ഇവർ ഇപ്പോൾ ആദിവാസികൾ എന്ന് പറയപ്പെടുന്നു. വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും കാട് വെട്ടി അവശ്യവസ്തുക്കൾ കൃഷിചെയ്തും ഉപജീവനമാർഗ്ഗം നടത്തിയ ഈ വിഭാഗത്തിലെ ചിലർ ബ്രിട്ടീഷുകാർക്ക് എതിരായ പഴശ്ശിയുടെ പോരാട്ടത്തിലെ പ്രധാന പോരാളികളായിരുന്നു. അതിപ്രധാനി തലക്കൽ ചാത്തു ഇവിടുത്തുകാരനാണ്.

കുറിച്യരെ ചിറ്റിരന്മാർ, അറിയോടൻ, കയലോടൻ, പൊരുന്നൻ, എനിഏനൻ, വേലിയേറി, വള്ള്യാടൻ, തെനിയാടൻ തുടങ്ങിയ ഗോത്രനാമങ്ങളാൽ അറിയപ്പെടുന്നു. മരുമക്കത്തായം, തീണ്ടൽ എന്നിവ പിന്തുടരുന്ന ഒരു വിഭാഗം ഇന്നും ഇവരിലുണ്ട്. തങ്ങളുടെ ആധിപത്യം നിലനിർത്താൻ പിന്നീട് വന്ന എല്ലാ വിഭാഗം ജനങ്ങളും ഇവരെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കാട്ടിലെ അപൂർവ്വമായ ഒറ്റമൂലികളുടെ ചികിൽസാരീതി, പാമ്പ് വിഷചികിൽസകളടക്കം വളരെ ഫലപ്രദമാണ്. മലമ്പ്രദേശത്തെ കുറിച്യരുടെ പൂർവ്വപിതാക്കൾ അറക്കൽ പ്രദേശത്തെ മുക്കുവർ ആണെന്ന് അറിയപ്പെടുന്നു. മലബാറിലെ പ്രധാന പുരങ്ങളിലൊന്നായ അറക്കൽ പുരത്തിന് ചിറ്റാരി മൂപ്പൻ എന്ന ആൾ അടുത്ത കാലം വരെയും പ്രധാന പങ്ക് വഹിച്ചിരുന്നു. കുറിച്യരിൽ ചിലർ പിന്നീട് ഇസ്ലാം മതം സ്വീകരിച്ചവരുണ്ട്. 1991 ലെ സെൻസസ് അനുസരിച്ച് ഇവരുടെ ജനസംഖ്യ 712 ആണ്. ഇന്നത്തെ കല്ലാച്ചി - വിലങ്ങാട് റോഡ് ചേലത്തോട്ടി നടുത്ത ചേലാല കാവിൽ അമ്പലവും പ്രധനപ്പെട്ട ഉത്സവവും കുറിച്യരുടെ നേതൃത്വത്തിൽ 50 വർഷം മുമ്പ് വരെ നടന്നിരുന്നു. അവിടെയുള്ള അമ്പലം ചെമ്പ് തകിടുപയോഗിച്ച് പണിതതും ആയിരുന്നു. നാടുവാഴി തമ്പുരാക്കളിൽ നിന്ന് ഇവർക്ക് പല ആനുകൂല്യങ്ങളും കിട്ടിക്കൊണ്ടിരുന്നു. ഈ അമ്പലം ആയഞ്ചേരി കോവിലകം വക പണിതതാണെന്നാണ് അറിവ്. ഇപ്പോൾ ഇവർ വിദ്യാഭ്യാസപരമായും കാർഷികപരമായും പുരോഗമിച്ചു വരുന്നു. ഏതാനും പേർ സർക്കാരിന്റെ വിവിധ വകുപ്പിൽ ജോലി ചെയ്യുന്നവരുണ്ട്. ഏറ്റവും ദീർഘായുസ്സുള്ള ഇവർക്ക് രോഗബാധ അപൂർവ്വമാണ്. ഉന്നം തെറ്റാതെ വെടിവെക്കുന്നതിലും അമ്പെയ്യുന്നതിലും അതി നിപുണരാണ്. ചൂരൽ,മുള എന്നിവ ഉപയോഗിച്ച് കൂട്ടകളും, കൊട്ടകളും അതിവിദഗ്ദമായി പണിയുന്ന ഇവരുടെ ഉൽപന്നങ്ങൾക്ക് വിപണിയിൽ വലിയ ഡിമാന്റാണ്.

### പണിയർ

കുറിച്യർക്ക് ശേഷം മലയോരങ്ങളിൽ കുടിയേറിവന്ന ഒരു വിഭാഗമാണ് പണിയർ. കുറിച്യർ ഇവർക്ക് അയിത്തം കൽപിക്കുന്നു. മുമ്പുകാലത്ത് വള്ളൂർ കാവിൽ നിന്നും ഉൽസവസമയത്ത് പണിയ കുടുംബങ്ങളെ ഒരു വർഷത്തേക്ക് വാടകക്ക് എടുക്കാറുണ്ടായിരുന്നു. ചില മലഞ്ചരക്ക് കച്ചവടക്കാർ വാടകക്ക് എടുത്ത് കൊണ്ടുവന്ന് ഇവിടെ സ്ഥിരതാമസമാക്കിയവരാണ് ഇവരെന്ന് പറയപ്പെടുന്നു. ഭൂമി കൈവശം വെച്ച് കൃഷി ചെയ്യുകയോ നാളേക്ക് ഒന്നും സമ്പാദ്യമായി വെക്കുകയോ ചെയ്യാത്ത ഒരു പ്രാകൃത ജീവിത രീതി നയിക്കുന്ന ഒരു വിഭാഗമാണിവർ. വംശവർദ്ധനവ് മുരടിച്ച് നിൽക്കുന്ന ഒരു ഗിരിവർഗ്ഗം കൂടിയാണ് പണിയർ. വിദ്യാഭ്യാസ നിലവാരം തീരെയില്ലാത്ത ഇവർ ഒന്നിച്ച് അടിത്തടുത്ത വീടികളിൽ

താമസിക്കുന്നതിന് ഇഷ്ടപ്പെടുന്നു, സെൻസസ്സ് പ്രകാരം 217 പണിയർ രണ്ട് കോളനികളിലായി താമസിക്കുന്നു. ഇവരുടെ ഉന്നമനത്തിന് ജീവിത വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് സർക്കാരും പഞ്ചായത്തും വിവിധസാമൂഹ്യസന്നദ്ധസംഘടന കളും പ്രവർത്തുക്കിന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം ലഭിക്കാൻ ഇവർ പുറംതിരിഞ്ഞു നിൽക്കുന്നു. കാടുമായി ബന്ധപ്പെട്ട വനസംസ്കാരത്തിൽ നിന്ന് ഇവരെ മാറ്റിയെടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് തന്നെ പലവിധത്തിലുള്ള ചൂഷണത്തിന്നും വിധേയരാണ് ഇപ്പോഴും ഇക്കൂട്ടർ. വനവിഭവങ്ങൾ എടുക്കുന്നതിൽ നിന്നും സർക്കാർ വിലക്കിയപ്പോൾ കാർഷികരംഗത്തേക്ക് പതുക്കെ വന്നു കൊണ്ടിരിക്കുന്നുണ്ട്.

## സ്ഥലവാസികൾ

ആദ്യമായി വെള്ളിയോട് പ്രദേശത്താണ് ജനങ്ങൾ താമസംതുടങ്ങി എന്നാണ് ചരിത്രം. മഹാശിലാസംസ്കാത്തിന്റെ അവശിഷ്ടങ്ങൾ കുറെയൊക്കെ കണ്ടുകിട്ടിയ വെള്ളിയോട് പ്രദേശത്ത് പുരാതനമായ ഒരു മുസ്ലീം പള്ളിയും അതിന്നടുത്ത് വളരെ പഴകിയ ഒരു ഗുഹയും അടുത്ത പള്ളിപ്പറമ്പിന് പിന്നിൽ ഉള്ള അങ്ങാടിപ്പറമ്പ് എന്ന് വിളിക്കുന്ന സ്ഥലത്ത് വലിയ ഏഴ് കിണറുകൾ അതിന്നി വലിയ കൽപടവുകൾ നന്നങ്ങാടി ( )എന്ന ഭാഗങ്ങളിലായി കാണപ്പെട്ടിട്ടുണ്ട്. പള്ളിയുടെ 30 ഏക്രകാളം വിസ്തൃതിയുള്ള ശ്മശാനത്ത് പലസ്ഥലത്തും പഴയ ശവകുടീരങ്ങൾ കാണാനുണ്ട്. അത്കൊണ്ട് തന്നെ ഒരു പാട് കാലം മുമ്പെ ജനവാസം ഉള്ളതായി മനസ്സിലാക്കാവുന്നതാണ്. ഏതോകാരണങ്ങളാൽ അവിടെ നിന്ന് ജനവാസം ഒഴിയുകയും വാണിമേൽ പ്രദേശത്ത് ജനങ്ങൾ താമസിക്കാൻ തുടങ്ങുകയും ചെയ്തു. കടത്തനാട് രാജവംശത്തിന്റെ ഒരു ശാഖയായിരുന്ന ആയഞ്ചേരി കോവിലകത്തിന്റെ അതീനതയിലായിരുന്നു വാണിമേലിലെ ഭൂമി മുഴുവനും. പ്രസതുത ഭൂമിയുടെ അധികാരികളായി എടത്തിൽ നമ്പ്യാർ മമ്പ്രോൽ നമ്പ്യാർ,കാപ്പാട്ട് കുറുപ്പ് തുടങ്ങിയ നായർ കുടുംബങ്ങൾ വന്നു. മേൽപറഞ്ഞവരിൽ നിന്നും ഈ നാട്ടിലെ ഭൂരിപക്ഷ സമുദായങ്ങളായ തിയ്യരും മാപ്പിളമാരും ഭൂമിപാട്ടത്തിന്ന് വാങ്ങി കാട് വെട്ടിതെളിയിച്ച് കൃഷി ചെയ്യാൻ തുടങ്ങി. തിയ്യരും മാപ്പിളമാരും എന്ന വിവേചനമില്ലാതെ ഒന്നിച്ച് മണ്ണിൽ അദ്ധ്വാനിച്ച് ഒരു കാർഷിക സംസ്കാരം രൂപമെടുത്ത ആ കാലഘട്ടത്തിൽ മിക്കവാറും കൂട്ടുകൃഷി സമ്പ്രദായമായിരുന്നു. വെളുക്കാൻ നേരത്ത് എല്ലാകുടുമ്പങ്ങളും ഒന്നിച്ച് പണിയായുധങ്ങളുമായി തച്ചോളിപ്പാട്ടുപാടി കൂട്ടമായി കൃഷിസ്ഥലങ്ങളിലേക്ക് പോയി കൃഷിചെയ്തിരുന്നു. ഒന്നിച്ച് ജോലിചെയ്യുകയും ഒന്നിച്ച് ഭക്ഷണം കഴിക്കുകയും മലയിലെ താൽക്കാലിക ഷെഡ്ഡുകളിൽ ഒന്നിച്ച് കിടന്നുറങ്ങുകയും ചെയ്ത കാലത്ത് സമ്പന്നത കളിയാടിയിരുന്നു. ഇക്കാലത്ത് ഈ സൗഹൃദത്തിന് സാരമായ കോട്ടം എന്തോകാരണങ്ങളാൽ സംഭവിച്ചെങ്കിലും ഇപ്പോൾ പഴയനിലതന്നെ പുന:സ്ഥാപിക്കപ്പെട്ടിരിക്കയാണ്. ആയഞ്ചേരികോവിലകത്ത് നിന്ന് 4000 ത്തിലി അധികം ഏക്കറോളം മലവാരം വാണിമേലിലെ ഒരു കൂട്ടം കർഷകർ വാങ്ങി. ഈ സ്ഥലങ്ങളെ കമ്പനിസ്ഥലം എന്നറിയപ്പെട്ടു. തെങ്ങ്, കവുങ്ങ്, കുരുമുളക്., തുടങ്ങിയ ദീർഘകാലവിളകൾ 1940 കളിൽ അമ്പതു ശതമാനത്തോളം കാട്ടാന നശിപ്പിച്ചു. എങ്കിലും കൃഷിക്കാർത നിരാശരായില്ല 1942 ൽ തിരുവിതാം കൂറിന്റെ വിവിധഭാഗങ്ങളിൽ നിന്ന് വന്ന കൃസ്ത്യൻ കുടിയേറ്റക്കാർ കമ്പനിക്കാരിൽ നിന്ന സ്ഥലം വാങ്ങി തെങ്ങു, കവുങ്ങ് കുരുമുളക് റബ്ബർ എന്നിവ വിപുലമായ തോതിൽ വെച്ചുപിടിപ്പിക്കാൻ തുടങ്ങി. കാട്ടാനകളെ പന്തംകത്തിച്ചെറിഞ്ഞും കാട്ടുപന്നികളെ പടക്കമെറിഞ്ഞും വിരട്ടിയോടിച്ചു. ഇത് മലയോരത്ത് പുതിയൊരു കാർഷിക സംസ്കാരം വളർത്തി. വിളനാട് എന്നർഥമുള്ള വിലങ്ങാട് പുരോഗതി പ്രാപിച്ചു. ഇതോടെ വാണി മേഖലയിലെ കൃഷിക്കാരും മലയോരത്ത് കൃഷിചെയ്യാൻ കമ്പനിക്കാരിൽ നിന്ന് സ്ഥലം വാങ്ങികൃഷിചെയ്തതു. തരിശായികിടക്കുന്ന സ്ഥലം ഇവിടെ ഇല്ലന്ന് തന്നെ പറയാം. നെല്ല് ഉല്പാദിപ്പിക്കുന്ന വയലുകൾ നാമമാത്രമാണ്. പഞ്ചായത്തിന്റെ പകുതിഭാഗം കുന്നുകളും മലകുളുമാണ്. അതുകൊണ്ടുതന്നെ യാത്രാസൗകര്യത്തിന്റെ പരിമിതി മൂലം കാർഷികവിളകൾ കമ്പോളത്തിൽ എത്തിക്കുവാൻ വിഷമങ്ങൾ അനുഭവിക്കുകയാണ്.

## കർഷകപ്രസ്ഥാനം, ട്രേഡ് യൂനിയൻ പ്രവർത്തനം

1950 നു ശേഷം കർഷകപ്രസ്ഥാനം നിലവിൽ വന്നെങ്കിലും അതു വിജയിച്ചു എന്നു പറയാൻ കഴിയില്ല. ഇപ്പോഴും കർഷകപ്രസ്ഥാനങ്ങൾക്ക് കാര്യ

മായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. അതേ അവസരത്തിൽ കർഷകതൊഴിലാളി പ്രസ്ഥാനം വമ്പിച്ചി മുന്നേറ്റം തന്നെ സൃഷിടിച്ചിട്ടുണ്ട്. ഇന്ന എല്ലാ വിഭാഗം തൊഴിലാളികളും സംഘടിതരാണ് കേരോലപന്നങ്ങളുടെ വിലയിടിവ് ഉണ്ടായത് കാരണം കൃഷിക്കാർക്ക് കൃഷിചെയ്ത് ജിവിക്കാനുള്ള സാമ്പത്തിക ശേഷി നഷടപ്പെടുകയും ജീവിത സൂചികക്കനുസരിച്ച കൂലി നൽകാൻ കഴിയാതെ വന്നപ്പോൾ തൊഴിലാളികൾ നിർമ്മാണ തൊഴിലിലേക്ക് കൂടുതൽ വേതനം തേടിപ്പോയിക്കൊണ്ടിരിക്കുകയുമാണ്. താരതമ്യേന ഇടത്തരം കൃഷിക്കാർ കൂടുതലുണ്ടായിരുന്ന ഈ നാട്ടിലെ ജനങ്ങൾ ദരിദ്രരേഖയിൽ നിന്നും അലപം മെച്ചപ്പെട്ടവരായിരുന്നു. അതുകൊണ്ടുതന്നെ അടുത്ത പ്രദേശത്തുകാർത വിദേശത്തു മറ്റും ജോലിക്കു പോയപ്പോൾ ഇന്നാട്ടുകാർ ആഭാഗത്തേക്കു തിരിഞ്ഞുനോക്കിയിരുന്നില്ല. കൃഷിയിൽനിന്നുള്ള സാമ്പത്തിക ലാഭം ഉദ്ദേശിച്ച രീതിയിൽ ലഭിക്കാത്തതിനാൽ അടുത്ത കാലത്തായി വിദേശത്തെ ജോലിയെ ആശ്രയിക്കാൻ തുടങ്ങി. ഗൾഫ് പണമാണ് വാണിമേലിന്റെ ഇപ്പോഴത്തെ സാമ്പത്തിക അടിത്തറ.

## വാണിജ്യവും, കച്ചടവും

പൗരാണിക കാലത്ത് സുഗന്ധദ്രവ്യങ്ങൾ ശേഖരിക്കുവാൻ വാണിമേലിന്റെ പലഭാഗങ്ങളിലും വിദേശികളായ ദാവാരികൾ അടക്കമുള്ള കച്ചവട കേന്ദരങ്ങൾ വെള്ളിയോട് പ്രദേശത്ത് നടത്തിയതായി മേൽ സൂചിപ്പിച്ചിരുന്നുവെല്ലോ. പെട്ടന്ന് വന്ന് തമ്പടിച്ച് കച്ചവട സാധരനങ്ങളുമായി പെട്ടന്ന് സ്ഥലം വിടുന്ന ഇക്കൂട്ടരെ ജിന്നിന്റെ കച്ചവടം എന്ന് പറയാറുണ്ടായിരുന്നു. വയനാടൻ കാടുകളിൽ നിന്ന് കണ്ണവം കാടുകളിൽ നിന്നും ശേഖരിക്കുന്ന സുഗന്ധ ദ്രവ്യവിളകളായ കുരുമുളക്, ഏലം, എന്നീ ഉലപന്നങ്ങൾ ഇവിടെനിന്ന് ധാരാളമായി കച്ചവടം നടത്തിയിരുന്നു. വയനാട്ടിലേക്കുള്ള വഴിയിൽ ഏറ്റവും ചെറിയ ചുരം എന്നറിയപ്പെടുന്ന ചേലാല ചുരം ഇന്നറിയപ്പെടുന്നത് പഴശ്ശിരാജ ചുരം എന്നാണ്. അതു കൊണ്ടാണ് കച്ചവടക്കാർ ഈ ഭാഗം തിരഞ്ഞെടുത്തത്. വളരേ പഴക്കമുള്ള ഈ റോഡിൽ ഇരു വശങ്ങളിലും മൃഗങ്ങൾക്ക് വെള്ളം കുടിക്കാൻ വഴിയോരങ്ങളിൽ കിണറുകളും അടുത്ത് തന്നെ കരിങ്കൽ തൊട്ടികളും ഉണ്ടായിരുന്നു. റോഡ് വികസനം നടന്നപ്പോഴാണ് ഇവയെല്ലാം നശിച്ചുപോയത്. പോത്ത്, കഴുത, കുതിര, തുടങ്ങിയ മൃഗങ്ങളെ ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിന് ഉപയോഗിച്ചത് കണ്ട വൃദ്ധൻമാർ ഇപ്പോഴും ഇവിടെ ജീവിച്ചിരിപ്പുണ്ട്. യവന(റോമൻ) കച്ചവടക്കാരുടെ പിന്തുടർച്ചക്കാരായി കേരള ചരിത്രത്തിൽ വന്നത് അറബികളാണ്. അവരിൽ പെട്ട സിദ്ധനാണ് വെള്ളിയോട് പള്ളിയിലെ ദർഗ്ഗയിൽ അന്ത്യവിശ്രമം കൊള്ളുന്ന തങ്ങൾ എന്നറിയപ്പെടുന്നു. ഇന്നും വാണിമേൽ പ്രദേശം ഒരു വാണിജ്യ കേന്ദ്രം തന്നെയാണ്. കുടിയേറ്റക്കാരുടെ വരവിന് ശേഷം കപ്പ, വാഴ, പച്ചക്കറികൾ മുതലായവ മറ്റു പ്രദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യാറുണ്ടായിരുന്നു. ഉല്പാദനച്ചിലവിന്റെ വർദ്ധനവും ഉലപന്നങ്ങളുടെ വിലക്കുറവും കർഷകരെ ഈ രംഗത്ത് നിന്നും അകറ്റി. ഇവിടെ തിയ്യരും മുസ്ലിങ്ങളും കൃഷിയിലും കച്ചവടത്തിലും ഒരേപോലെ തല്പരരായിരുന്നെങ്കിലും സർക്കാരിന്റെ ദൃഷ്ടയിൽ ആധാരം റജിസ്റ്റർ ചെയ്യുമ്പോൾ മാപ്പിളക്ക് കച്ചവടവും തിയ്യർക്ക് കൃഷി എന്നെഴുതുന്നത് ഇപ്പോഴും നിലവിലുണ്ട്.

## സാമ്പത്തികം

കൃഷിയാണ് വാണിമേലിലെ മുഖ്യതൊഴിൽ. മഴയെമാത്രം ആശ്രയിച്ചാണ് ഇവിടുത്തെ കൃഷിചെയ്യുന്നത്. കൃഷിയെ അടിസ്ഥാനമാക്കി അനുബന്ധ തൊഴിലിൽ ഏർപ്പെട്ട വലിയ ഒരു വിഭാഗം ഉപജീവനം കണ്ടെത്തുന്നു. മുമ്പ് സൂചിപ്പിച്ചത് പോലെ കൂട്ടുകൃഷിനടത്തി ജീവിച്ച കർഷകരിൽ ഒരു വിഭാഗം ധനികരും ഭൂവുടമകളുമായി. മറ്റുവിഭാഗം കർഷക തൊഴിലാളികളും നിർമ്മാണതൊഴിലാളികളുമായി മാറി. അതേ സമയം തീരെ ദരിദ്രർ ന്യൂനപക്ഷവുമാണ്. ഭൂരിപക്ഷവും ഇടത്തരം കർഷകരാണ്.

ഇപ്പോൾ ഗൾഫ് മേഖലയിലേക്കു തൊഴിൽ തേടിയുള്ള പോക്ക് ഇവിടുത്തെ സാമ്പത്തിക നിലക്ക് മാറ്റമുണ്ടാക്കിയിട്ടുണ്ട്. അതു മൂലം സുഖസൗകര്യങ്ങളോട് കൂടിയ വീടുകളും കെട്ടിടങ്ങളും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഗൾഫ് മേഖലയിൽനിന്നുള്ള പണം ഉല്പാദനമേഖലയിലേക്കു മാറാതെ തൃദീയ മേഖലയിലേക്ക് മാറിപ്പോയത് സാമ്പത്തിക അടിത്തറ ഫലപ്പെടുത്താൻ പര്യാപതമായില്ല. ഇത് കൊണ്ട് വാണിമേൽ പഞ്ചായത്തിൽ പറയത്തക്കവ്യവസായങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല. വനവിഭവങ്ങളായ ചൂരൽ, ഓട മുതലായവ ഉപയോഗിച്ച് ആദിവാസി

കൾ നിർമ്മിച്ച് വമ്പിച്ച മാർക്കറ്റ് നേടിയിരുന്ന കുട്ട, മുറം മറ്റുനാടൻ ഉല്പന്നങ്ങൾ ഇന്ന് അസംസ്കൃത പദാർത്ഥത്തിന്റെ ദൗർലഭ്യം മൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത തൊഴിൽ നശിച്ചുപോയത് ഒരു വിഭാഗത്തെ തൊഴിൽ രഹിതരാക്കി. മരവ്യവസായം മുമ്പെ ഇവിടെ ഉണ്ടായിരുന്നു മരവ്യവസായവുമായി ബന്ധപ്പെട്ട അഞ്ഞൂറോളം തൊഴിലാളികൾ ജോലിചെയ്യുന്നു. രണ്ട് മരമില്ലും ഒട്ടേറെ ഫർണ്ണിച്ചർ വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നുണ്ട്. കല്ല്യാണം, വീടുനിർമ്മാണം, കച്ചവടം തുടങ്ങൽ മുതലായവ ആരംഭിക്കുന്നതിന് പണംസ്വരൂപിക്കുന്നതിന് പ്രധാന വരുമാന മാർഗ്ഗമാണ് ഇന്നാട്ടിലെ പണപ്പയറ്റ്. ജനങ്ങൾക്കിടയിൽ സൗഹൃദത്തിന്റെ പ്രധാന കണ്ണിയാണ് പണം പയറ്റ്. തമ്പുരാക്കൻമാരുടെ ഭരണകാലത്ത് ജന്മി എന്ന നിലയിൽ പണം പൊരുപ്പിച്ച കളി എന്ന നിലയിൽ അവർ പണം പയറ്റ് കഴിച്ചിരുന്നു. പുറമേരി കോവിലകത്ത് നിന്ന് വാണിമേലിലെ ഒരു ഹാജിയാർക്ക് കൊടുത്തയച്ച ഒരു കത്ത് ഇപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്.

## മതം രാഷ്ട്രീയം, സാമൂഹ്യം

വാണിമേലിലെ ആദിമനിവാസികളായ കുറിച്യർ, പണിയർ എന്നിവർ ഹിന്ദുമതത്തിലെ പല ആചാരങ്ങൾ പിന്തുടരുന്നു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ അനാചാരങ്ങൾ ഇന്നും പിന്തുടരുന്നുണ്ട്. മരുമക്കത്തായത്തിൽ വിശ്വസിക്കുന്നവരാണ് കുറിച്യർ. മറ്റു സമൂഹവുമായി അടുത്തിടപഴകാൻ വൈമുഖ്യമുള്ള ഒരു വിഭാഗമാണെങ്കിലും അടുത്ത കാലത്തായി വിദ്യാഭ്യാസം നേടി സർക്കാർ തൊഴിലുകൾ സ്വീകരിച്ച പലരും ഇവരുടെ കൂട്ടത്തിലുണ്ട്. ഇടത്തരം ഭൂവുടമകളായ കുറിച്യർ ഒരു വിഭാഗം സാമ്പത്തികമായി പുരോഗതി പ്രാപിച്ചവരാണ്. അതേ അവസരം ആദിവാസികളായ പണിയർ ഇന്നും അധഃകൃതരായി ജീവിക്കുന്നു. വിദ്യാഭ്യാസമടക്കമുള്ള ആധുനികജീവിതത്തോട് പുറം തിരിഞ്ഞു നില്ക്കുന്ന ഇവർക്ക് പ്രത്യേകവിശ്വാസങ്ങളും ആചാരങ്ങളുമുണ്ട്. കുടുംബത്തിൽ ആരെങ്കിലും മരണമടഞ്ഞാൽ അതിന് അനുശോചനമായി കരയുന്നതിന് മാത്രം ഒരു പ്രത്യേകദിവസം നിശ്ചയിക്കലാണ്. ഇത് മരണം നടന്ന് ഒരു മാസത്തിനു ശേഷവും ആയേക്കാം. ഇവരുടെ വർഗ്ഗത്തലവൻ മൂപ്പനാണ് തീയ്യതി നിശ്ചയിക്കുന്നത്. മുഖ്യപുരോഹിതനും "മൂപ്പൻ" തന്നെ. ആണ്ടിലൊരിക്കൽ തുടി മുട്ടി ആഘോഷമായി മൂപ്പൻ വെളിച്ചപ്പാടായി മാറുന്നു. അന്നാണ് ചെയ്തുപോയ കുറ്റങ്ങൾക്കുള്ള ശിക്ഷ കൽപ്പിക്കുന്നത്. വസ്ത്രധാരണത്തിൽ വൃത്തിയില്ലെങ്കിലും ഭക്ഷണകാര്യത്തിൽ വളരെയധികം വൃത്തിയുള്ളവരാണ്. ഹിന്ദുമതത്തിൽ പെട്ട നായർ, നമ്പ്യാർ കുറുപ്പ്, അടിയോടി തുടങ്ങിയ സവർണ്ണർ ഇവിടെ ന്യൂനപക്ഷമാണ്. തിയ്യർ, വണ്ണാൻ, പരവൻ മുതലായ അവർണ്ണരാണ് ബഹുഭൂരിപക്ഷവും. പുലയർ, പറയർ തീരെയില്ല. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ ഇല്ലങ്കിലും സവർണ്ണരും അവർണ്ണരും തമ്മിൽ വിവാഹങ്ങൾ നടക്കാറില്ല. സ്ത്രീകൾക്ക് പഴയകാലത്ത് സമൂഹത്തിൽ സ്ഥാനം തീരെ താഴ്ന്നതായിരുന്നു. ഇന്ന് സ്ഥിതി മാറിവരുന്നുണ്ട്. ഇതിൽ മഹിളാപ്രസ്ഥാനങ്ങൾക്ക് ശക്തമായ പങ്കുണ്ട്. ജന്മിത്തം അവസാനിച്ചതിന് ശേഷം വരുമാനം നഷ്ടപ്പെട്ട പല സവർണ്ണരും മാഹി, അഴിയൂർ തുടങ്ങിയ ഭാഗങ്ങളിലേക്ക കുടിയേറിപ്പാർത്തിട്ടുണ്ട്. തിയ്യർ സാമ്പത്തികമായി വളരേഉയർന്നവരല്ല. ക്ഷേത്രങ്ങൾ കുറഞ്ഞപ്രദേശമാണ്. ഹിന്ദുക്കളിലെ അനാചാരങ്ങൾ താരതമ്യേന കുറവാണ്. മിശ്രവിവാഹങ്ങളിൽ തിയ്യർ താല്പര്യം കാണിക്കുന്നുണ്ട്. മുസ്ലിങ്ങളിൽ ഭൂരിഭാഗവും വാണിമേൽ, ഭൂമിവാതുക്കൽ, വെള്ളിയോട് പ്രദേശങ്ങളിൽ താമസിക്കുന്നു. ഒരു കാലത്ത സാമ്പത്തികമായി വളരേ പിന്നിലായിരുന്നു ഇവിടുത്തെ മുസ്ലിങ്ങൾ. മലവാരത്തെ ഭൂമികോവിലകത്തുനിന്ന് പാട്ടത്തിന് വാങ്ങി സ്വന്തം കൃഷിചെയ്തും കച്ചവടത്തിലൂടെയും സാമ്പത്തികമായി ഉന്നതിപ്രാപിച്ച് വന്നവരാണ് ഇവർ. വിദേശത്ത് ജോലിചെയ്യുന്നവരിൽ ഭൂരിഭാഗവും മുസ്ലീങ്ങൾ തന്നെ. ആധുനിക വിദ്യാഭ്യാസത്തിനെതിരായി മുസ്ലിം യാഥാസ്ഥികർ പ്രവർത്തനം നടത്തിയെങ്കിലും അത് കാര്യമായ ഫലം സൃഷ്ടിച്ചില്ല. അതു കൊണ്ട് തന്നെ മുക്കാൽ നൂറ്റാണ്ട് മുമ്പ് തന്നെ ഇവിടുത്തെ മുസ്ലിങ്ങൾ വിദ്യാസമ്പന്നരാവാൻ തുടങ്ങിയിരുന്നു. പൊതുവെ മതമൗലികത കാത്തു സൂക്ഷിക്കുന്നവരാണിവർ. ധാരാളം പള്ളികളും ,മതപഠന മദ്രസകളും ധാരാളമുണ്ട്.

1940 വർഷങ്ങളിലാണ് തിരുവിതാംകൂറിൽ നിന്ന് വന്മന കൃസത്യൻ കുടിയേറ്റക്കാർ കിഴക്കൻ

മലയോരങ്ങളിൽ അധിവാസം ഉറപ്പിക്കുന്നത്. കാട്ടു മൃഗങ്ങളുമായി മല്ലിട്ടു മലയോരങ്ങൾ വിളഭൂമിയാക്കി മാറ്റി. വിദ്യാഭ്യാസം, കൃഷി എന്നീ ഇനങ്ങളിൽ ഇവർ പുതിയ ഒരു മാർഗ്ഗം കാണിച്ചു കൊടുത്തു.ഒരു ഹൈസ്കൂൾ രണ്ട് ചർച്ച് അനവധി കുടുംബങ്ങളുമായി ഇവർ കഴിഞ്ഞു കൂടുന്നു. ക്രസ്തുമസ്, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളിൽ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്നു.

## ദേശീയ പ്രസ്ഥാനം

രണ്ടാം പഴശ്ശിവിപ്ലവത്തിൽ വാണിമേലിലെ കുറിച്യർ സജീവമായി പങ്കടുത്തിരുന്നു. പഴശ്ശിവിഭാഗത്തിൽ പെട്ട ചുഴലി നമ്പ്യാർ , തലക്കൽ ചാത്തുവും ബ്രിട്ടീഷ് പട്ടാളത്തിന് തലവേദനസൃഷ്ടിച്ച പടയാളികളായിരുന്നു. പഴശ്ശിരാജാവും, ബ്രിട്ടീഷ്പട്ടാളവും വാണിമേൽ പ്രദേശങ്ങളിൽ വെച്ച് ഏറ്റുമുട്ടിയതായി പറയപ്പെടുന്നു. പഴശ്ശിപടയാളികൾ തമ്പടിച്ച ഒരു ഗുഹ കുറ്റല്ലൂർ മലയിൽ ഇപ്പോഴുമുണ്ട്. ഇന്ന് വാണിമേലിൽ ജീവിച്ചിരിക്കുന്ന ഒരു സ്വാതന്ത്ര്യസമര സേനാനിയാണ് തുലാംപറമ്പത്ത് ചോയി. ബ്രിട്ടീഷുകാർക്ക് എതിരെ കോഴിക്കോട് മൊയ്തീൻ പള്ളി റോഡിൽ നടന്ന ജാഥയിൽ ചോയിയും പങ്കെടുത്തിരുന്നു.ചോയിയേയും മറ്റു ജാഥാങ്ങളേയും തോക്കും ബയണറ്റുമായി നേരിട്ട പോലീസ് മാരകമായി മുറിവേൽപ്പിച്ചതിന്റെ ഫലമായുണ്ടായ രോഗവുമായി ഇന്നും മരണത്തോടു മല്ലടിച്ചു ജീവിക്കുകയാണ്.പഴയ 8 ാം ക്ലാസ് പാസ്സായി മദ്രാസിലേക്കു ഉപജീവനത്തിന് പോയി ആറ് വർഷം അവിടെ കഴിഞ്ഞ് കൂടി അതിനു ശേഷം കോഴിക്കോടു വന്നു താമസിക്കന്നതിനിടയിലാണ് സ്വതന്ത്ര്യസമരസേനാനികളുമായി ബന്ധപ്പെടുന്നത്. മാത്തലതൊടി കൃഷ്ണൻ, ചുടുകാട്ടിൽ സ്വാമി, നാണു, മാക്കത്തൊടി ബാലകൃഷണൻ മുതലായവരും സ്വാതന്ത്ര സമര സേനാനികളുടെ കൂട്ടത്തിലായിരുന്നു. കെ. കേളപ്പൻ, കോഴിപ്പുറത്ത് മാധവമേനോൻ കുട്ടിമാളു അമ്മ എന്നിവരാണ് അന്നത്തെ സമര നേതാക്കൾ എന്ന് അദ്ദേഹം ഓർമ്മിക്കുന്നു. മാതൃഭൂമി പത്രം വായിച്ചാണ് സ്വത്ന്ത്ര സമരത്തിൽ ചേരാൻ പ്രചോദനം ഉണ്ടായത്.ചെറുമോത്ത് ഏരിയയിൽ സ്വാതന്ത്ര്യസമരസേനാനികൾക്ക് സ്വീകരണം നൽകിയത് അദ്ദേഹം ഇന്ന് അഭിമാനത്തോടെ ഓർക്കുന്നു. സമാധാനപരമായി നട്ത്തിയ ജാഥയെ പട്ടാളക്കാർ ചാടിവീണ് അടിച്ചും ബയണറ്റ് കൊണ്ട് കുത്തിയും പരിക്കേൽപ്പിച്ചപ്പോൾ മുൻനിരയിലുണ്ടായിരുന്ന ചോയിയേട്ടനെ ചോരയിൽ കുളിച്ച നിലയിൽ മൊയ്തീൻ പള്ളിക്കടുത്ത ഓവുചാലിൽ കൊണ്ടിടുകയാണ് ചെയ്തത്. വാണിമേലിലെ ഭൂമി വാതുക്കൽ പ്രദേശത്ത് തടുത്തറമ്മൽ ഭാഗത്ത് ഒരു മുസ്ലിം സ്വാതന്ത്ര്യസമര സേനാനി ജീവിച്ചിരുന്നതായി ചോയിയേട്ടൻ ഓർക്കുന്നു.

## വിദ്യാഭ്യാസം, കല, സംസ്കാരം

മസ്ലിം സമുദായത്തിന് ഓത്തുപുരയും ഹിന്ദു സമുദായത്തിന് എഴുത്തുപുരയും ആണ് ആദ്യം വിദ്യാഭ്യാസത്തിന് ഇവിടെ ഉണ്ടായിരുന്നത്. ഇപ്പോൾ 3 ഹൈസ്കൂളുകളും 7 എൽ .പി സ്കൂൾ ഒരു യു.പി സ്കൂൾ മൂന്ന് നേഴ്സറി സ്കൂൾ എന്നിവ ഇവിടെയുണ്ട്. വാണിമേൽ എം.യു .പി, ഭൂമിവാതുക്കൽ എൽ. പി, ഭൂമിവാതുക്കൽ എം.എൽ.പി, മഠത്തിൽ എൽ.പി, കൊടിയൂറ എൽ.പി, തുടങ്ങിയ സ്ഥാപനങ്ങൾ വളരേ പഴക്കമുള്ളതാണ്. മദ്രസ്സയും സ്കൂളും ഒരു കാലത്ത് ഒരുമിച്ചായിരുന്നു. എടത്തനാട്ട് കാരനായ അഹമ്മദ് മൗലവി എന്ന വ്യക്തിയാണ് വാണിമേലിലെ വിദ്യാഭ്യാസ പുരോഗതിക്ക് തുടക്കം കുറിച്ചത് വിദ്യാഭ്യാസകാര്യത്തിൽ വാണിമേലിന്റെ വളർച്ച ഉദ്യേഗസ്ഥവേഖലയിലും പ്രകടമാണ്.

ആദ്വാസികൾക്കിടയിൽ നിലനിൽക്കുന്ന ഒരു പൗരാണികകലയാണ് മാൻപാട്ട്, പഴശ്ശി സ്മരണ ഉണർത്തുന്ന മാൻപാട്ടുകൾ, ചാത്തുവിനെ അനുസ്മരിക്കുന്ന മാൻപാട്ടുകൾ തുടങ്ങിയവ ഇന്നും ഇവിടെ നിലനില്ക്കുന്നു. ആദിവാസികൾക്കിടയിലെ തുടികൊട്ടു നൃത്തം, തെയ്യം എന്നിവയും മുസ്ലീങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള മാപ്പിളപ്പാട്ട്, കോൽക്കളി, അറവനമുട്ട്,ദർഫ്മുട്ട്, മുതലായവ ഇന്നും വാണിമേലിൽ നിറഞ്ഞുനിൽക്കുന്നു.വില്ലടിച്ചാൻപാട്ട് എന്ന നാടൻ കലയും വാണിമേലിൽ ഉണ്ടായിരുന്നു വാണിമേലിലെ ഐതിഹ്യ പുരുഷനായിരുന്ന കുറുമി ചെകവന്റെ പേരിൽ ഒരു തിറഉത്സവം അദ്ദേഹത്തിന്റെ തറവാടായ ചടയണ്ടിയിൽ വെച്ച് നടത്താറുണ്ടായിരുന്നു. പുഴക്കരവീടിൽ മൊയ്തീൻ എന്ന ഒരു മാപ്പിള കവി ജീവിച്ചിരുന്നു. പൂരക്കളി പഴക്കമുള്ള മറ്റൊരു കലാ രൂപമാണ്. ഏതാനും നാടക ക്ലബ്ബുകളും ഗ്രാമീണ കലാസമിതികളും മുമ്പെതന്നെ ഇവിടെ പ്രവർത്തിച്ചു കൊണ്ടിരുന്നു. യുവജനോത്സവം, കേരളോത്സവം എന്നിവ ആഘോഷമായി നടത്താറുണ്ട്. പുരോഗമന സാഹി

ത്യസംഘം , മാപ്പിളകലാസമിതി, എന്നിവ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാറുണ്ട്. സ്കൂൾ യുവജനോത്സവങ്ങളിൽ സംസ്ഥാന പ്രതിഭകളെ സംഭാവന ചെയ്യാൻ വാണിമേലിന് കഴിഞ്ഞിട്ടുണ്ട്. കൂട്ടുകുടുംബവ്യവസ്ഥ ഏറെക്കുറെ നിലവിൽ വന്നിട്ട് വർഷങ്ങളായി. വിവാഹ സമ്പ്രദായത്തിൽ സ്ത്രീധനം, സ്വർണ്ണത്തിന്റെ അതിപ്രസരം, അനാവശ്യമായ വിവാഹധൂർത്ത് മുതലായവ ഇന്നും നിലനിൽക്കുന്നു. എന്നാൽ സാംസ്കാരിക പ്രവർത്തനങ്ങളുടെ ബോധവൽക്കരണം കൊണ്ട് ചിലരെങ്കിലും ഇതിൽനിന്ന് മാറിനിൽക്കുന്നുവെന്നത് സന്തോഷകരമാണ്. ജാതി വ്യവസ്ഥയുടെ അതിരൂക്ഷത 1950 കളിൽ ഇവിടെ നിലനിന്നിരുന്നു. ഇന്ന് അത് അപ്രത്യക്ഷമായിട്ടുണ്ട്. ആദിവാസികളുടെ ഇടയിൽ ഇന്നും തൊട്ടുകൂടയ്മ ചില സ്ഥലങ്ങളിൽ നിലവിലുണ്ട്. മിശ്രവിവാഹം അപൂർവ്വമായി നടന്നുവരുന്നുണ്ട്. ജന്മിത്തം അടിമത്തം പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ അപ്രത്യക്ഷമായി. മതവർഗ്ഗ സംഘർഷങ്ങൾ ഇടക്കാലത്തുണ്ടായെങ്കിലും ഇപ്പോൾ അത് അപ്രത്യക്ഷമായി. സ്വാതന്ത്ര്യകാലം വരെ രാഷ്ടീയപ്രസ്ഥാനങ്ങളോ തൊഴിലാളി സംഘടനകളോ ഉണ്ടായിരുന്നില്ല. അതുകൊണ്ടായിരിക്കാം സ്വാതന്ത്ര്യസമരകാലത്ത് വലിയ ചലനങ്ങളൊന്നും ഇവിടെ ഉണ്ടാകാതിരുന്നത് 70 കളിൽ കർഷകതൊഴിലാളികളും കർഷകരും തമ്മിൽ തൊഴിൽ സംബന്ധിച്ച ചില്ലറപ്രശ്നങ്ങളുമുണ്ടായി. സ്വാഭാവികമായി ഭൂരിഭാഗവും മുസ്ലിങ്ങൾ കർഷകരും കർഷതൊഴിലാളികൾ ഭൂരിഭാഗവും ഹിന്ദുക്കളും ആയതുകാരണം പ്രശ്നത്തിന് സാമുദായി പരിവേഷമുണ്ടായി അതിനാൽ ഏതാനും കാലം സംഘർഷങ്ങൾ സംഘട്ടനത്തിലേക്കും അതു വഴി കൊലപാതകത്തിലേക്കും വരേ എത്തിച്ചു. നിയമം കൊണ്ട് ഒഴിവാക്കാൻ കഴിയാത്ത ഒരു സാഹചര്യം ഇവിടുത്തെ രാഷ്ടീയ സാമൂഹ്യ പ്രവർത്തകരുടെ നിരന്തര പരിശ്രമഫലമായി പാടേ തുടച്ചു മാറ്റാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനകരമാണ്.

## ഗതാഗതവും പാർപ്പിടവും

വളരേ കാലം മുമ്പുതന്നെ വാണിമേലിൽനിന്ന് വിലങ്ങാട് വരേ കട്ട് റോഡുണ്ടായിരുന്നു. കൂടുതൽ വളവില്ലാതെ നീളത്തിൽ കാണുന്ന റോഡാണിത്. റോഡിന്റെ വശങ്ങളിൽ കന്നുകാലികൾക്ക് കുടിക്കാൻ കരിങ്കൽ തൊട്ടിയും കിണറും നിർമ്മിച്ചിരുന്നു. ബ്ലോക്ക് വികസനസമിതിയുടെ സഹായത്തോടെ റോഡു വികസനം നടന്നു. മുമ്പ് കാളവണ്ടികളായിരുന്നു ഇവിടുത്തെ പ്രധാനവാഹനം.അന്ന് അമ്പതോളം കാളവണ്ടികൾ ഇവിടെ ഉണ്ടായിരുന്നു. മലയോരങ്ങളിൽനിന്ന് ഉല്പന്നങ്ങൾ കയറ്റിക്കൊണ്ട് വരികയും ഇവിടെ നിന്ന് സംസ്കരിച്ച് വടകര മാർക്കറ്റിൽ എത്തിച്ചിരുന്നതും അരിയും മറ്റുപല വ്യജ്ഞനങ്ങളും ഇവിടേക്ക് എത്തിച്ചതും കാളവണ്ടികളിലായിരുന്നു. മഴകാലത്ത് കാളവണ്ടിസഞ്ചാരയോഗ്യമല്ലാത്തതിനാൽ മലവാരങ്ങളിൽ നിന്ന് നാളികേരം തിരുപ്പൻ കെട്ടി പുഴയിൽകൂടിയാണ് കർഷകർ എത്തിച്ചിരുന്നത്. വാണിമേൽ പുഴക്ക് അന്ന് പാലമുണ്ടായിരുന്നില്ല. പിന്നീട് പുഴക്ക പാലവും റോഡുവികസനവും നടന്നപ്പോൾ കാളവണ്ടികൾ വഴിമാറി ലോറിയും,ബസ്സും, ജീപ്പും സാർവത്രികമായി വാണിമേൽ പുഴക്ക് പാലം കെട്ടാൻ 1967 ൽ അമ്പതിനായിരം രൂപയും, അപ്രോച്ച് റോഡിന് സ്ഥലവും സ്ഥലവാസികൾ സംഭാവന നൽകിയതാണ്. ഈ പഞ്ചായത്തിൽ ഇപ്പോൾ 135 കിലോമീറ്റർ ദൂരത്തിൽ റോഡ് ഉണ്ട്.

പ്രധാനമായും മരങ്ങൾ ഉപയോഗിച്ചാണ് ഇവിടെ വീടുകൾ നിർമിക്കുന്നത് പഴയ തറവാട് വീടുകൾക്കൊക്കെ ഇപ്പോഴും മരത്തിന്റെ അറകൾ ഉണ്ട്. ഇപ്പോൾ സമ്പന്നർ കോൺഗ്രീറ്റ് വീടുകൾ നിർമിക്കുന്നുണ്ടങ്കിലും ഭൂരിപക്ഷം വീടുകളും മരം ഉപയോഗപ്പെടുത്തിയാണ്. ഇപ്പോഴും നിർമ്മിക്കുന്നത്. 30% ത്തിനും 40% നും ഇടക്കുള്ള കെട്ടിടങ്ങൾ കുടിലുകളാണ്.

## ഊർജ്ജവും ജലസേചനവും

ഭൂരിഭാഗവും വനപ്രദേശമായതിനാൽ വിറകിന് ക്ഷാമമില്ലാത്തതിനാൽ പണ്ടു മുതലെ വിറക് തന്നെയാണ് ഇന്ധനമായി ഉപയോഗിച്ചിരുന്നത്. ഇന്നും ഭൂരിഭാഗം ജനതയും ഇത് പിന്തുടരുന്നു.ധാരാളം വൈദ്യുതി കണക്ഷനുള്ള ഈ നാട്ടിൽ മിനി പ്രൊജക്ടുകൾ നിർമിക്കാൻ മലമ്പ്രദേശത്തെ കുത്തനെ ഒഴുകുന്ന തോടുകളും , അരുവികളും ഉപയോഗപ്പെടുത്താവുന്നതാണ്. സോളാർ പ്രോജകടർ വിരലിലെണ്ണാവുന്നതേയുള്ളു. മഴയെ ആശ്രയിച്ച് മാത്രം കൃഷിനടത്തുന്നവരാണ് ഇവിടുത്തെ കൃഷിക്കാർ. ജലസേചന സൗകര്യങ്ങൾ സമൃദ്ധമായി ഇവിടെ

ഉണ്ടെങ്കിലും അത് ഇതു വരെ ഉപയോഗപ്പെടുത്തിയിട്ടില്ല.ഒരു കുടുംബാംഗങ്ങളെ പോലെ കഴിയുന്ന സാംസ്കാരിക പൈതൃകമുള്ള ഒരു ജനവിഭാഗമായി കഴിഞ്ഞതെല്ലാം മറന്ന് പുതിയ വികസന പാന്ഥാവുകൾ തേടി ഒറ്റക്കെട്ടായി നമുക്ക് മുന്നേറാം.

## ഭൂപ്രകൃതിയും വിഭവങ്ങളും

തെക്കുനിന്നും വടക്കോട്ട് 17 കിലോമീറ്ററോളം നീണ്ടുകിടക്കുകയാണ് വാണിമേൽ പഞ്ചായത്ത്. ഭൂപ്രകൃതിയനുസരിച്ച് വാണിമേലിനെ അഞ്ചായി തിരിക്കാം

1. കുന്നുപ്രദേശം, മലപ്രദേശം
2. ചരിവ് പ്രദേശം
3. താഴ് വാര പ്രദേശം
4. ചതുപ്പു പ്രദേശംട
5. സമതല പ്രദേശം

**1.കുന്നിൻ പ്രദേശം, മലമ്പ്രദേശം**

ഭൂവിസതൃയുടെ ഏതാണ്ട് പകുതി ഭാഗവും കുന്നുകൾ വ്യാപിച്ചിരിക്കുന്നു. ചെറുതും വലുതുമായ നിരവധികുന്നുകളും മലകളും ഇവിടെയുണ്ട് കാപ്പുകുന്ന്, ലക്കാടികുന്ന്, പുതുക്കുടികുന്ന്, പാലോറക്കുന്ന്,പാലായുള കുന്ന്, കോട്ടക്കുന്ന്, ഇരുന്നലാട്ടുകുന്ന്,മലോകുന്ന്, കാക്യൂട്ട് കുന്ന്, പാലായളകുന്ന്, കുരിക്കിലായിമല, ചിറ്റാരി മല, മലയങ്ങാട് മല, കുപ്പലോട്ടം മല, ബാണക്കുന്ന്, ഏളപ്പാറക്കുന്ന്, ഉരുട്ടിക്കുന്ന്, പാലൂർക്കുന്ന് , മഞ്ഞക്കുന്ന്, പാനാംമല, അടിച്ചിപ്പാറക്കുന്ന്, ഉടുമ്പറഞ്ഞിക്കുന്ന്, ആലിമൂലക്കുന്ന്, കൂത്താടിക്കുന്ന്, മാടാഞ്ചേരി മല, പന്നിയേരിമല, പറക്കാട് മല, കടമാൻ കളരി മല, ആശാരക്കാവ് കുന്നു, വലിയപാനോംമല, കൊച്ചുപാനോം കുന്ന്, കൂളിക്കുന്ന്, മണിയാലക്കുന്ന്, കവടിക്കുന്ന്, ഇവയാണ് പ്രധാനകുന്നുകളും മലകളും സമുദ്രനിരപ്പിൽ നിന്നും 1047മീറ്റർ ഉയരമുള്ള ചിറ്റാരി മല ഇതിൽ ഏറ്റവും ഉയരത്തിലുള്ള മല.

**2. ചരിവു പ്രദേശങ്ങൾ**

വിസ്തൃതമായ കുന്നുകൾക്കിടയിൽ ചരിവു പ്രദേശങ്ങളും കണ്ടുവരുന്നു. മിക്കവാറും എല്ലാ കുന്നുകൾക്കിടയിലും വിശാലമായ ചരിവു പ്രദേശങ്ങൾ ഉണ്ട്. ഈ ചരിവുകൾ കൂടുതലും വടക്കോട്ടും തെക്കോട്ടുമാണ്. ഇതൊരു പ്രത്യേകയാണ്. ചില കുന്നുകളുടെ മുകൾ ഭാഗം പാറകളാൽ നിബിഡമാണ്. എന്നാൽ ചരിവുകൾ കൃഷിക്ക് അനുയോജ്യമായ മൺ പ്രദേശങ്ങളാണ്.

**3. താഴ് വാരപ്രദേശം**

പച്ചപ്പാലം, കൊക്രി, വളാംതോട്, ചിറ്റാരി, കമ്പളിപ്പാറ, കരുവളം, അടുച്ചിൽ, വിലങ്ങാട്,ചൊത്തുളപ്പൊയിൽ, ഉരട്ടി, വാളാംതോട്, പാനോം, മഞ്ഞച്ചീളി, എന്നിവ താഴ്വാര പ്രദേശങ്ങളാണ്.

**4. ചതുപ്പുപ്രദേശം**

ചൊത്തുളപൊയിൽ, കുന്നുകുളം, കൂട്ടായിച്ചാലിൽ, എന്നിവടങ്ങളിൽ ചതുപ്പുനിലങ്ങളുണ്ട്, കൃഷിക്ക് തീരെ അനുയോജ്യമല്ലാത്ത ഈ പ്രദേശങ്ങൾ ഭൂവിസ്തൃതിയുടെ .2% മാത്രമേയുള്ളു വാണിമേൽ പുഴയുടെ തീര പ്രദേശങ്ങളിലും ചിലയിടങ്ങളിൽ ചതുപ്പു നിലങ്ങളുമുണ്ട്.

**5. സമതലപ്രദേശം**

ഭൂവിസ്തൃതിയുടെ ഭൂരിഭാഗവും കുന്നുകളാണെങ്കിലും അങ്ങിങ്ങായി സമതല പ്രദേശങ്ങളും വാണിമേൽ പഞ്ചായത്തിലുണ്ട് വാണിമേൽ, താവേട്ടുമുക്ക്, ചെന്നാട്ട് മുക്ക് , കുയതെരി, മുളിവയൽ, തുടങ്ങിയ പ്രദേങ്ങൾ സമതല പ്രദേശങ്ങളാണ് ഇത് ഭൂവിസ്തൃതിയുടെ 11 ശതമാനത്തോളം വരും.

## മണ്ണിനങ്ങൾ

ചെങ്കൽമണ്ണ്, ചെമ്മണ്ണ്, എക്കൽമണ്ണ്, കറുത്തമണ്ണ്, പശിമരാശി മണ്ണ്, ഇവയാണ് ഇവിടെ കണ്ടുവരുന്ന മണ്ണുകൾ, വാണിമേൽ മുതൽ വാളാം തോടുവരേ അങ്ങിങ്ങായി ചെങ്കൽ മണ്ണ് കണ്ടു വരുന്നു. പരപ്പുപാറ, കുന്നുകുളം, ഇവ ചെങ്കൽ മണ്ണ് ധാരാളമായി കണ്ടുവരുന്ന പ്രദേശങ്ങളാണ്. ഇടകലർന്ന് ചെമ്മണ്ണും കാണപ്പെടുന്നു. ഒതിയോത്തു , പുതുക്കുടി പ്രദേശങ്ങളിൽ ചരലുകലർന്ന മണ്ണാണ് കണ്ടുവരുന്നത്. പുഴയുടെ തീരങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണ് ധാരാളമായി കണ്ടുവരുന്നു. പുതക്കയം, കുര്യേരം, കുണ്ടിൽ വളയിൽ, ചിറ്റാരി, നുറുക്കുകല്ല്, കമ്പിളിപ്പാറ, തുടങ്ങിയ പ്രദേശങ്ങളിൽ ഫലപൂയിഷ്ടമായ എക്കൽമണ്ണ് കാണാൻ കഴിയും. കുറ്റ്യരം മുതൽ കമ്പിളിപ്പാറവരേയും, മീനാറ്റിൻ, കുണ്ടിൻ വളപ്പിൽ, എടപ്പക്കാവ്, ചിറ്റാരി, നുറുക്കുകയ്, കമ്പിളിപ്പാറ, മലയങ്ങാട്, കൂത്താടിക്കുന്ന്, പ്രദേശങ്ങളിലും വെട്ടുകല്ലുകളും ഇടക്ക് പാറകളും

കാണപ്പെടുന്നു. വണ്ണത്താംകപ്പ്, ഏയാറ്റിൻ താഴെ, കാവിലും പാറതാഴെ, ഒതിയോത്തു താഴെ പ്രദേശങ്ങളിൽ പശിമരാശി മണ്ണ് കണ്ടുവരുന്നു.

## സസ്യാവരണം

ഭൂവിസ്തൃതിയുടെ 75 ശതമാനം ഭാഗത്തും തെങ്ങുകൃഷിയാണുള്ളത്, ജനങ്ങളുടെ മുഖ്യ ആശ്രയവും തെങ്ങാണ്. കുന്നുകളിലും , ചെരിവുകളിലും സമതലങ്ങളിലുമെല്ലാം തെങ്ങു കൃഷിചെയ്യുന്നു. ഗുണമേൻമയേറിയ തേങ്ങ ലഭിക്കുന്ന മല പ്രദേശങ്ങൾ ധാരാളമുണ്ട്. വിത്തു തേങ്ങകൾക്കായി മലയോരത്തുനിന്നും ധാരാളം തേങ്ങ കയറ്റുമതി ചെയ്യുന്നുണ്ട്. നെല്ല് വളരേ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ഏയാറ്റിൻ താഴെ, കോളത്തുകണ്ടിത്താഴെ കുന്നുകുളം, പ്രദേശങ്ങളിൽ അല്പാപം നെല്ല് കൃഷിചെയ്യുന്നുണ്ട് ഒരു കാലത്ത് നെൽ പാടങ്ങളായിരുന്ന പ്രദേശങ്ങളെല്ലാം നികത്തിയതിനാലാണ്. നെൽപാട വിസ്തൃതി കുറഞ്ഞത്. ജലസേചന സൗകര്യങ്ങളുടെ അഭാവവും ഇതിനു കാരണമാണ്.

ചിറ്റാരി, മലയങ്ങാട് , കൂത്താടിക്കുന്ന്, മാടാഞ്ചേരി, പന്നിയേരി അടിച്ചിപ്പാറ, പ്രദേശങ്ങളിൽ റബ്ബർ കൃഷിയുമുണ്ട്, കശുമാവ് കൃഷിയും ചെറിയതോതിലുണ്ട്, കുന്നുകുളം, വെള്ളിയോട്, പ്രദേശങ്ങളിൽ കശുമാവ് ധാരാളമായി കൃഷിചെയ്യുന്നു. പഞ്ചായത്തിന്റം മറ്റൊരു പ്രധാന കൃഷിയാണ് കുരുമുളക് തെങ്ങുതോപ്പുകൾക്കിടയിൽ തന്നെയാണ് കുരുമുളക് കൂടുതലായിട്ടുണ്ട്. കുപ്പലോട്ടം, കുണ്ടിൽ വളപ്പിൽ, പന്നിയേരി, അടിച്ചിപ്പാറ, പ്രദേശങ്ങളിലും കുരുമുളക് നന്നായി വളരുന്നു. ഒരു കാലത്ത് കുരുമുളക് ധാരാളമായി ലഭിച്ച ഈ പ്രദേങ്ങളിലെ ഉല്പാദനം കുറഞ്ഞുവരികയാണ്.

തെങ്ങുകൾക്കിടയിൽ കവുങ്ങും കൃഷിചെയ്യുന്നുണ്ട്, മാടാഞ്ചേരി, അടിച്ചിപ്പാറ, ചിറ്റാരി, കുപ്പലോട്ടം, പ്രദേശങ്ങളിൽ കവുങ്ങ് ധാരാളമായി വളരുന്നു. മഹാളിരോഗം ഈ കൃഷിയെ തളർത്തിയരിക്കുകയാണ്. ഗ്രാമ്പു, ഇഞ്ചി, ചേന, ചേമ്പ്, മഞ്ഞൾ, കപ്പങ്ങ, ഏലം, തുടങ്ങിയ കൃഷികളും അങ്ങിങ്ങായുണ്ട്.

## ജലലഭ്യത

കിഴക്ക് ഭഗത്തുകൂടി ഒഴുകുന്ന വാണിമേൽ പുഴയാണ് പ്രധാന ജലസ്രോതസ്സ്. ഇതിനു പുറമെ ചെറിയ തോടുകളുമുണ്ട് കുന്നിൻ മുകളിൽ നിന്നു മൊഴുകി വരുന്ന നീരുറവകൾ പ്രധാന ജലസ്രേതസ്സ്. സമതല ങ്ങളിൽ കിണറുകളാണ് പ്രധാന ജലസ്രോതസ്സ്. പക്ഷെ ചിലയിടങ്ങളിൽ കിണർത കുഴിച്ചാൽ അടിഭാഗത്ത് പാറകളായതിനാൽ വെള്ളം ലഭിക്കാറില്ല. ചരിവുകളിലും കുന്നുകളിലും കിണറുകളുണ്ട് പക്ഷെ വേനൽകാലമായാൽ വെള്ളം വറ്റിപ്പോകുന്നു. മൂന്നു കിണറുകൾ ഇന്ന് പ്രവർത്തനക്ഷമമാണ്. കുഴിക്കിണറുകൾ ധാരാളമുണ്ട്.

കേരളത്തെ പതിമൂന്ന് കാർഷികമേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. ഇതിൽ ഈ പഞ്ചായത്ത് വടക്കൻ ഇടനാട് മേഖലയിൽ (Northern Midland Zone) ഉൾപ്പെടുന്നു.

## കാലാവസ്ഥ

മഴയുടെ അളവ് ജില്ലാ ശരാശരിയോടൊപ്പമാണ്. വർഷത്തിൽ 3662 മീറ്റർ മഴ ലഭിക്കുന്നു. ജൂൺ മുതൽ സപറ്റമ്പർ വരെ മഴക്കാലവും ഫിബ്രവരി മുതൽ മെയ് വരെ വേനൽക്കാലവുമാണ്. ചില വർഷങ്ങളിൽ ഇതിന് ചെറിയ വ്യത്യാസം അനുഭവപ്പെടാറുണ്ട്. ഇടവപ്പാതിയാണ് തുലാവർഷത്തേക്കാൾ കൂടുതൽ ലഭിക്കുന്നത്. ചിലവർഷങ്ങളിൽ വേനൽക്കാലത്തും, തണുപ്പുകാലത്തും ഇടമഴ ലഭിക്കാറുണ്ട്.

## ജലലഭ്യത

പുഴ, തോടുകൾ, കുളങ്ങൾ, കിണറുകൾ, ഇവയിലൂടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ജലം ലഭിക്കുന്നു. ഇതിനു പുറമെ നീരൊഴുക്കുകളിലൂടെയും ജലം ലഭ്യമാകുന്നു. ജല ലഭ്യതകൂടിയ പ്രദേശങ്ങൾ ധാരാളമുണ്ട്. വേനൽക്കാലത്ത് രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ കൂടിയാണവ.

മുളവയൽ, വെള്ളിയോട്. പുതുക്കുടി, പാലോറക്കന്ന്, പൊടിപ്പിൽ, കൊടിയൂറ, കുളപ്പറമ്പ്, കൂളിക്കുന്ന്, കുന്നുകുളം, നിട്ടും പറമ്പ്, അയ്യങ്കി, കാക്ക്യാട്, പറപ്പുപാറ, കുങ്കൻനിരവ്, കാപ്പുമ്മൽ, കളിരിച്ചാലിൽ, മുക്ക്, കാടഞ്ഞോത്ത്, വേർകടവ്, ഇരുന്നലാട്, സ്കൂൾമുക്ക്, താഹേട്ട് മുക്ക്, അടിച്ചിപ്പാറ, ഉടുമ്പിരഞ്ഞി, മാടാഞ്ചേരി, കോട്ടക്കുന്ന്, ആലിമൂല, മലയങ്ങാട്, ഇവയാണ് ജലലഭ്യത കുറഞ്ഞ പ്രദേശങ്ങൾ.

## ഭൂവിനിയോഗം

3255 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. 250 ഹെക്ടർ സ്ഥലത്ത് കുരുമുളകും കൃഷിചെയ്യുന്നു. 140 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിയുമുണ്ട്. 100 ഹെക്ടറിൽ കവുങ്ങും 70 ഹെക്ടറിൽ വാഴയും 15 ഹെക്ടറിൽ മരച്ചീനിയും കൃഷിചെയ്യുന്നു. പച്ചക്കറി വരളമായിട്ട് മാത്രമേയുള്ളൂ ഏകദേശം 9 ഹെക്ടർ സ്ഥലത്ത് ഈ കൃഷിയുണ്ട്. വ്യാപകമായി നെല്ലു കൃഷിചെയതിരുന്ന വാണിമേലിൽ ഇന്ന് നെൽകൃഷി വെറും 3 ഹെക്ടർ സ്ഥലത്ത് മാത്രമേയുള്ളൂ. തരിശുകളും, മൈതാനങ്ങളും വളരേ കുറച്ചേ കാണാൻ കഴിയു. വിവിധ വിളകളുടെ ഉലപാദന ക്ഷമത കാണിക്കുന്ന പട്ടിക താഴെ കൊടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | വിള | ഉത്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|
| 1 | തെങ്ങ്. (ഒന്നിന്) | 60 |
| 2 | നെല്ല് | 1800 k.g |
| 3 | കുരമുളക് | 275 k.g |
| 4 | കശുമാവ് | 830 k.g |
| 5 | റബ്ബർ | 950 k.g |
| 6 | ഇഞ്ചി | 3000 k.g |
| 7 | മരക്കിഴങ്ങ് | 1500 k.g |
| 8 | അടക്ക (കവുങ്ങ് ഒന്നിന്) | 300 |

പട്ടിക-3

## ജൈവസമ്പത്ത്

തെങ്ങ്, കവുങ്ങ്, പ്ലാവ്, റബ്ബർ, മാവ്, കശുമാവ്, ജാതിക്ക, ഏലം, ഗ്രാമ്പു, പേരയ്ക്ക, കപ്പങ്ങ, കടപ്പിലാവ്, തേക്ക്, വീട്ടി, മരുത്, കരിമരം, ഇരുള്, ചടേച്ചിൽ, ഉരിപ്പ്, വയനാവ്, പുലിമ്പിലാവ്, ഉപ്പില, ആയനിപ്പിലാവ്, മുരിക്ക്, മുതലായവയാണ് വാണിമേലിൽ കണ്ടുവരുന്ന പ്രധാന സസ്യങ്ങൾ ഔഷധ വീര്യമുള്ള സസ്യങ്ങളാണ് ഞെട്ടിപ്പനയും, കാട്ടുനരന്തയും, മൂത്രസബന്ധമായ രോഗങ്ങൾക്ക് ഞെട്ടിപ്പന ഉപയോഗിച്ചു വരുന്നു. കാട്ടുനരന്ത കൊക്കക്കുരക്കും മരുന്നായി ഉപയോഗിക്കുന്നുണ്ട് വെള്ളപ്പാച്ചലുകളുടെ പാർശ്വങ്ങളിലാണ് ഇവ വളരുക.

പശു, കാള എരുമ, പോത്ത്. ആട്, പട്ടി, പന്നി, മുയൽ പരുന്ത് മൈന, ചവേല. കുരുവി, തത്ത, കുയിൽ കൊക്ക്, പ്രാവ്, കോഴി, താറാവ്, എന്നിവ പ്രധാനപ്പെട്ട പക്ഷികളാണ് അപൂർവ്വമായ് മാത്രം കാണപ്പെടുന്ന ഒരു പക്ഷിയാണ് കുന്നൻ. പഞ്ചായത്തോട് തൊട്ടുകിടക്കുന്ന കണ്ണവം, കുഞ്ഞോം ഫോറസ്റ്റുകളിൽ വന്യമൃഗങ്ങളായ ആന, നരി, പുലി, മാൻ, കുരങ്ങ് , കാട്ടാട് , മലയണ്ണാൻ, കാട്ടുപോത്ത്, കാട്ടുപന്നി, എന്നിവ ജീവിക്കുന്നു.

## മനുഷ്യവിഭവം

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് മൊത്തം ജനസഖ്യ 21356 ആണ്. ഇതിൽ 10746 സ്ത്രീകളും 10610 പുരുഷൻമാരുമാണ്. 1981 ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് മൊത്തം ജനസംഖ്യ 19775 ആയിരുന്നു. ഇപ്പോൾ ആരോഗ്യവകുപ്പിൽ നിന്നും ലഭിച്ച ഏറ്റവും പുതിയ കണക്ക് പ്രകാരം ഈ പഞ്ചായത്തിൽ മൊത്തം 23793 ജനങ്ങളുണ്ട്. ഇതിൽ 12884 സ്ത്രീകളും 10999 പുരുഷൻമാരുമുണ്ട്. വർഷം തോറും ജനസംഖ്യ ക്രമാനുഗതമായി വർദ്ധിച്ചു വരികയാണ് 1981 മുതൽ 91 വരേയുള്ള 10 വർഷം ജനസംഖ്യാവളർച്ചാനിരക്ക് ആയിരത്തിന് എട്ടായിരുന്നു. 1991 മുതൽ 96 വരേയുള്ള കാലയളവിൽ ഇത് 21 ആയി ഉയർന്നതായി കാണുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ആരോഗ്യരംഗത്തെ വളർച്ചയും, കുടുംബസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള ജനങ്ങളുടെ വൈമുഖ്യവുമാണ് ഇതിനുകാരണങ്ങൾ 1986 നു ശേഷമുണ്ടായ ചെറിയ തോതിലുള്ള കുടിയേറ്റവും ഇതിനു കാരമാണ്.

വിദ്യാഭ്യാസത്തിൽ താൽപര്യം കാണിക്കുന്ന ജനങ്ങളാണ് ഇവിടെയുള്ളത് ലഭ്യമായ കണക്കനുസരിച്ച് 1268 പേർ ഈ പഞ്ചായത്തിൽ എസ്.എസ്. എൽസി പാസ്സായിട്ടുണ്ട്. 386 പേർ പ്രീഡിഗ്രിയും 283 പേർ ബിരുദവും 37 പേർ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിരവധിപേർ ജോലിചെയ്യുന്നുണ്ട്. 8 ഗസറ്റഡ് ഓഫീസർമാരും 189 നോൺ ഗസറ്റഡ് ഓഫീസർമാരുമടക്കം 217 പേർ വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ 673 പേർ ജോലി ചെയ്യുന്നു. ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും ഇടത്തരം കൃഷിക്കാരാണ്. നിർമ്മാണ രംഗത്തു നാളികേരവുമായി ബന്ധപ്പെട്ട മറ്റു ജോലികളിലും നിരവ

ധിപേർ ജോലിചെയ്യുന്നുണ്ട്. അംഗീകൃതവും അംഗീകൃതമല്ലാത്തതുമായ തൊഴിലാളികളുണ്ട്.

അംഗീകൃത തൊഴിലാളികളുടെ എണ്ണം പട്ടിക നാലിൽ കൊടുത്തിട്ടുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനത്താൽ കാർഷികമേഖലയിൽ നിന്നും തൊഴിലാളികൾ ആദായകരമായ നിർമ്മാണ്ണ വ്യവസായരംഗത്തേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത തൊഴിലുകളിൽനിന്നും പലരും വിട്ടു നിൽക്കുകയാണ്. മറ്റു ജില്ലകളിൽനിന്നും നിരവധി ആശാരികളും ഈരായികളും ഇവിടെ വന്ന് താമസമാക്കി ജോലി ചെയ്യുന്നുണ്ട്.

| ക്രമ നമ്പർ | വിഭാഗം | എണ്ണം |
|---|---|---|
| 1 | കർഷകതൊഴിലാളികൾ | 3196 |
| 2 | നിർമ്മാണതൊഴിലാളികൾ | 875 |
| 3 | ചുമട്ട് തൊഴിലാളികൾ | 65 |
| 4 | കരിങ്കൽ തൊഴിലാളികൾ | 48 |
| 5 | റബ്ബർ തൊഴിലാളികൾ | 62 |
| 6 | മോട്ടോർ തൊഴിലാളികൾ | 102 |
| 7 | ആർട്ടിസാൻസ് | 26 |
| 8 | പീടിക തൊഴിലാളികൾ | 63 |
| 9 | മത്സ്യവിതരണ തൊഴിലാളികൾ | 49 |
| 10 | ലോഡ് ഇറക്ക് തൊഴിലാളികൾ | 26 |
| 11 | തേങ്ങ ഉരി തൊഴിലാളികൾ | 24 |
| | ആകെ | 4536 |

പട്ടിക നാല്

## കൃഷി

ഏകദേശം അര നൂറ്റാണ്ടിനു മുമ്പ് വാണിമേൽ പഞ്ചായത്തിൽ വരുന്ന പ്രദേശങ്ങൾ കാർഷികാഭിവൃദ്ധി കൈവരിച്ചിരുന്നു. ഈ പഞ്ചായത്തിലെ ഭൂമി വാതുക്കൽ വാണിമേൽ പ്രദേശങ്ങളിലായിരുന്നു ജനവാസം കേന്ദ്രീകരിച്ചിരുന്നുത്. എന്നാൽ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളായ ചിറ്റാരി , കുണ്ടിൽ വളപ്പിൽ, എന്നിവിടങ്ങളിൽ കുറ്യച്ച്യരും വിലങ്ങാട് ഭാഗത്ത് പണിയരും കൂട്ടായിതാമസിച്ചിരുന്നു കാട് വെട്ടിത്തെളിയിച്ചുള്ള പൂനം കൃഷിയായിരുന്നു ആദ്യകാലത്തെ അറിയപ്പെടുന്ന കൃഷി സംമ്പ്രദായം. ഇതിൽ പ്രധാന കൃഷി നെല്ല് ആയിരുന്നു നെല്ല് ,മുത്താറി, ചോളം എന്നിവയിൽ ഉണ്ടായിരുന്നു. കപ്പയും വാഴയും ഇടവിളയായി കൃഷിചെയ്തിരുന്നു. പൂനം കൃഷി കൂട്ടായി മാത്രമേ ചെയ്തിരുന്നുള്ളൂ. എന്നതായിരുന്നു ഈ കൃഷി സമ്പ്രദായത്തിന്റെ പ്രത്യേകത. ഈ കൂട്ടായ്മ കാർഷിക ലാഭത്തിന് പുറമേ കർഷകർക്ക് മാനസിക ഉല്ലാസവും നൽകിയിരുന്നു. ഇതിന്റെ ഭാഗമായുള്ള ഒരു ആഘോഷമായിരുന്നു തുലാപത്ത്. വാണിമേൽ ഭാഗങ്ങളിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ വരേ കാൽ നടയായി സഞ്ചരിച്ചാണ് കർഷകർ മലയോരങ്ങളിലെ കൃഷിയിടങ്ങളിൽ എത്തിയിരുന്നത്. പൂനം കൃഷിയിൽ കർഷകരെ സഹായിക്കുന്ന തൊഴിലാളികൾക്ക് നെല്ല്.കപ്പ, മുതലായ ഉല്പന്നങ്ങളാണ് കൂലിയായി നൽകിയരുന്നത്. പുരയിടങ്ങളിൽ ചാമ, മുത്താറി, ചേന, ചേമ്പ്, തുടങ്ങിയ ഇടവിള കൃഷികളും വെള്ളരി , കപ്പ, കക്കിരി, കുമ്പളം , തുടങ്ങിയപച്ചക്കറികളും കൃഷിചെയ്തു പോന്നു. ജലസേചനസൗകര്യങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കാത്ത മഴയെ മാത്രം ആശ്രയിച്ചുള്ള ഒരു കൃഷിസമ്പ്രദായമായിരുന്നു അന്ന് ഉണ്ടായിരുന്നത് ഇതിനനുസരിച്ചുള്ള കാർഷികലണ്ടറും അവർ ഉണ്ടാക്കിയിരുന്നു. അദ്ധ്വാനിച്ച് വിയർക്കുന്ന ശരീരവും പുകവലി , മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളുടെ അഭാവവും കൃഷിക്കാർക്ക് കൂടുതൽ ആരോഗ്യം നൽകി പുതുതായി വെട്ടിത്തെളിയിച്ച കൃഷിഭൂമിയായതു കൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ടി കൂടുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും ചെയ്തിരുന്നു. പൂനം കൃഷിയിൽനിന്ന് തെങ്ങ് കൃഷിയിലേക്ക് മാറി ആദ്യമായി മലയിൽ തെങ്ങ് വെച്ചത് "ചൂടൻ പണി"യായാണ് നാട്ടുകാർ കണ്ടിരുന്നത്. ഇന്ന് കേരളത്തിലെ പ്രധാനതെങ്ങു കൃഷി കേന്ദ്രങ്ങളിൽ ഒന്നാണ് വാണിമേൽ. ഈ നൂറ്റാണ്ടിന്റെ പകുതിയോടെയാണ് വിലങ്ങാട് കാർഷിക കുടിയേറ്റം ആരംഭിക്കുന്നത്. 1942 ൽ കോട്ടയം ജില്ലയിലെ ചമ്പക്കുളത്തിൽനിന്ന് വന്നവരാണ് ആദ്യകുടിയേറ്റക്കാർ. ഇവർ 240 ഏക്കർ ഭൂമി "കമ്പനി"ക്കാരോട് ചാർത്തി വാങ്ങി അവർതുടങ്ങിയ തെങ്ങുകൃഷി കാട്ടാനകളും മറ്റും വന്ന് കൂട്ടമായി നശിപ്പിച്ചപ്പോൾ കല്ലെറിഞ്ഞും

വിറകു കൂട്ടി തീവെച്ചുമാണ് അവയെ അകറ്റിയത്. പത്തു കൊല്ലത്തിനകം 20ഓളം കുടിയേറ്റ കുടുംബങ്ങൾക്ക് 1500 ഓളം ഏക്കർ ഭൂമി കൃഷിയിടമാക്കാൻ കഴിഞ്ഞു. ഈ കുടിയേറ്റക്കാരുടെ ആഗമനത്തോടുകൂടിയാണ് ഇവിടെ റബ്ബർ കൃഷിയാരംഭിച്ചത്. ഇവർ കൃഷിയാൽ മാതൃക കാണിക്കുകയും ഇവിടുത്തെ പാരമ്പര്യകൃഷിക്കാർക്ക് ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയതതിന്റെ ഫലമായി ഇവിടെ കുരുമുളക്, റബ്ബർ, കവുങ്ങ്, കശുമാവ്, തുടങ്ങിയ നാണ്യവിളകൾക്ക് ഗണ്യമായ പ്രചാരം ലഭിക്കുകയുണ്ടായി. എന്നാൽ പുതിയ ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ പുതിയതലമുറ കാർഷികരംഗത്ത് വൈമുഖ്യമുള്ളവരായി കാണപ്പെടുന്നു. ആധുനിക കൃഷിരീതിയിലുള്ള അജ്ഞത, അമിതമായ രാസവളപ്രയോഗം, നെൽവയലുകൾ നികത്തിയുള്ള കെട്ടിടനിർമ്മാണം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ ഉല പാദനക്ഷമത ഇപ്പോൾ കുറഞ്ഞുവരികയാണ്. മുൻ കാലങ്ങളിൽ ഈ പഞ്ചായത്തിൽ ധാരാളം കപ്പ ഉല്പാദിപ്പിക്കുകയും അയൽ പ്രദേശങ്ങൾക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു കിഴക്കൻ മലയോര പ്രദേശത്തുകാർ പോലും പുറം നാടുകളിൽനിന്നും ലോറിയിൽ എത്തുന്ന കപ്പയെ ആശ്രയിച്ചുകഴിയുന്നവരാണ്.

## വിളചേരുവ

ഈ പഞ്ചായത്തിലെ മുഖ്യവിളകൾ തെങ്ങ്, റബ്ബർ, കുമുളക്, കവുങ്ങ്, കശുമാവ്, വാഴ, മരച്ചീനി, നെല്ല്, പയർ, പച്ചക്കറികൾ, മുതലായവയാണ്. ഓരോ വിളയുടെയും വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. പട്ടിക-5

| നമ്പ്ര് | ഇനം | വിസ്തീർണം |
|---|---|---|
| 1 | തെങ്ങ് | 3255 ഹെക്ടർ |
| 2 | റബ്ബർ | 250 |
| 3 | കുരുമുളക് | 175 |
| 4 | കവുങ്ങ് | 100 |
| 5 | കശുമാവ് | 140 |
| 6 | വാഴ | 70 |
| 7 | മരച്ചീനി | 15 |
| 8 | നെല്ല് | 3 |
| 9 | പയർ | 3 |
| 10 | പച്ചക്കറികൾ | 6 |

## ഉത്പാദനക്ഷമത

റബ്ബർ, കശുമാവ്, മരച്ചീനി, കുരുമുളക്, കവുങ്ങ് എന്നീ ഉല്പന്നങ്ങളുടെ ഉത്പാദനക്ഷമത സംസ്ഥാനത്തെ ശരാശരി ഉത്പാദനക്ഷമതയോട് അടുത്ത് നിൽക്കുന്നു. എന്നാൽ തെങ്ങ്, വാഴ , നെല്ല് , പയർ പച്ചക്കറികൾ, എന്നിവയുടെ ഉത്പാദനക്ഷമത സംസ്ഥാനശരാശരിയേക്കാൾ വളരേ കുറവാണ്. ഈ കുറവിന് പ്രധാനകാരണങ്ങൾ കൃഷിയിലുള്ള പുതിയ തലമുറയുടെ താൽപര്യക്കുറവും ആധുനിക കൃഷി സംമ്പ്രദായത്തെക്കുറിച്ചുള്ള അജ്ഞതയുമാണ്. ഇതിനുപുറമെ ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത. ജൈവവള പ്രയോഗത്തന്റെ കുറവ്. ലെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്. ആവർത്തിച്ച് കൃഷി ചെയ്യുന്നതുമൂലമുള്ള മണ്ണിന്റെ ഫയഭുയിഷ്ടക്കുറവ്, അപ്രതീക്ഷിതമായുണ്ടാകുന്ന കാലാവസ്ഥാമാറ്റം. കൂമ്പുചീയൽ, ദ്രുതവാട്ടം, മുതലായ സാംക്രമികരോഗങ്ങൾ എന്നിവയാണ്.

ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

## ജലസേചന സൗകര്യങ്ങൾ

ഇവിടുത്തെ കൃഷിയെ വളരെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നമാണ്ജലസേചന പദ്ധതികളുടെ അപര്യാപ്തത. ജലസ്രോതസ്സുകൾ ധാരാളമുണ്ടെങ്കിലും പദ്ധതികസ് തീരെ ഇല്ല എന്നുതന്നെപറയാം. പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന 7 കുളങ്ങളും 10 കിണറുകളും ഒരു ക്രോസ്ബാറും മാത്രമേ ഇപ്പോൾ ഉള്ളൂ. കൃഷിഭവനിൽ നിന്നും ജലസേചനാവശ്യത്തിനായി 500 പമ്പ് സെറ്റുകൾ നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ വാളാംതോട്, ചേലതോട്, മണ്ണോൽതോട്, പച്ചപ്പാലം തോട്, മഞ്ഞച്ചീളിതോട്, കുട്ടൻതോട്, ഉരുട്ടിത്തോട്, വാളാംതോട്, മുതലായ തോടുകളും. വാണിമേൽ പുഴയുമാണ്. ഇതിൽ വണ്ണത്താംകാപ്പ് തോടിന് 30 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയുലും ചീർപ്പ്(തടയണ) കെട്ടിസംരക്ഷിച്ചിട്ടുണ്ട്. പറമ്പ് ജലസേചനം കാര്യമായി നടക്കുന്നില്ല. പമ്പ്സെറ്റുകൾ, വൈദ്യുതി എന്നിവയുടെ അപര്യാപ്തത മൂലമാണ് ഇത് വ്യാപകമായി നികത്താൻ കഴിയാത്തത്.

## ടേബിൾ – 6

| നമ്പ്ര് | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപാദനം (ഹെക്ടറിൽ) | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | തെങ്ങ് | 3255 | 6100 | 6800 |
| 2 | റബ്ബർ | 250 | 950 | 950 |
| 3 | കുരുമുളക് | 175 | 275 | 275 |
| 4 | കവുങ്ങ് | 100 | 300 | 300 |
| 5 | കശുമാവ് | 140 | 830 | 830 |
| 6 | വാഴ | 70 | 2500 | 25000 |
| 7 | മരച്ചീനി | 15 | 15000 | 15000 |
| 8 | നെല്ല് | 3 | 1750 | 1800 |
| 9 | പയർ | 3 | -- | -- |
| 10 | പച്ചക്കറികൾ | 6 | -- | -- |

## ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

നമ്മുടെ പ്രധാനപ്പെട്ട കാർഷികവിളകളായ തേങ്ങ, റബ്ബർ, കുമുളക്, അടയ്ക്ക, കശുവണ്ടി, മുതലായ വിപണനം നടത്തുന്നതിനു വേണ്ടി കർഷകർ പ്രധാനമായും ആശ്രയിക്കുന്നത് മലഞ്ചരക്ക് കടകളെയാണ്. ഇത്തരം കടകൾ മലയോരപ്രദേശമായ വിലങ്ങാട്ട് മുതൽ വാണിമേൽ വരെ വ്യാപിച്ചുകിടക്കുന്നു. ഈ കടകളിൽ നിന്ന്കർഷകന് ന്യായമായ വില ലഭിക്കുന്നുണ്ട്. എന്ന് പറയാൻ പ്രയാസമാണ്. റബ്ബർഷീറ്റുകൾ ,കൊപ്ര ഉണ്ടകൊപ്ര മുതലായവ ഈ പഞ്ചായത്തിന്റെ പുറത്ത് വടകര മാർക്കറ്റിൽ വില്പന നടത്തുന്നുണ്ട്.ഇതിനും ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട് അവർ കർഷകരുടെ കർഷകരുടെ ഉല്പന്നങ്ങൾ കൊണ്ടുപോയി വടകര കൊപ്രബസാറിൽ വിലപന നടത്തുകയും ചെയ്യുന്നു.ഈ ഇടയാളൻമാർക്ക് കമ്മീഷൻ ലഭിക്കുന്നത് കൊണ്ട്. കർഷകന് ലഭിക്കേണ്ട വിലയിൽ കുറവ് വരുന്നു.കർഷകന്റെ യുൽപന്നങ്ങൾ നേരിടടു വാങ്ങുന്നതിനു വേണ്ടി മാർക്കറ്റിങ്ങ് സൊസൈറ്റികൾ നിലവിലില്ലാത്തതു കൊണ്ട് കർഷകൻ പ്രയാസമനുഭവിക്കുന്നുണ്ട്. വിലങ്ങാട് പാൽ വിതരണകേന്ദ്രം പ്രവർത്തിക്കുന്നത് കൊണ്ട് പാൽ ഉൽപാദകന് ഉൽപന്നങ്ങൾ ന്യായമായ വിലക്ക് വിൽക്കാൻ കഴിയുന്നുണ്ട്. മാർക്കറ്റിംഗ് സൊസൈറ്റികുളുടെ അപര്യാപ്തത കൊണ്ട് കൃഷിക്കാരന് ലഭിക്കേണ്ട വിലയിൽ 25% ശതമാനം കുറവ് അനുഭവപ്പെടുന്നുണ്ട്. ഇത് ഇടത്തട്ടുകാർ കൈക്കലാക്കുകയാണ് കൃഷിപാട്ടവും അവധക്കച്ചവടവും കൊണ്ട് കൃഷിക്കാരന് ന്യായമായ വില ലഭ്യമാവാതെ പോകുന്നുണ്ട്.

## കാർഷികബന്ധങ്ങൾ

ഈ പഞ്ചായത്തിൽ ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള നാമാമാത്ര കർഷകർ 3010 ആണ്.ഒന്നുമുതൽ രണ്ടു ഹെക്ടർ വരെ കൃഷിഭൂമിയുള്ളചെറുകിട കർഷകർ 260 ഉം രണ്ട് ഹെക്ടറിന് മുകളിൽ കൃഷിഭൂമിയുള്ള കർഷകർ 125 ഉം ആണ്. അവരവരുടെ ഭൂമിയിൽ സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കയാണ്. കൃഷിക്കാർ മറ്റുജോലികളില ഏർപ്പെടുകയും കൃഷിക്ക് പ്രഥമ സ്ഥാനം നൽകാതെ സ്വന്തം കൃഷിയിടങ്ങളിൽ കർഷതൊഴിലാളികളെ കൊണ്ട് പയണിയെടുപ്പിക്കുകയും ചെയ്യുന്നു.ഇങ്ങനെ കൃഷിയിടങ്ങളിൽ ജോലിനോക്കുമ്പോൾ ഒരിക്കൽ പോലും സന്ദർശിക്കാത്ത ഭൂവുടമകളും ഉണ്ട്. എന്നാൽ ചുരക്കം ചില ഉടമസ്ഥർ ഭൂമിയിൽ പണിയെടുക്കുന്നുണ്ട്.അത് ഏകദേശം 25% വരും.കാർഷിക ജനസംഖ്യയിൽ കർഷകതൊഴിലാളികളുടെ എണ്ണം ഏകദേശം 60% വരും.

## കൂലി വ്യവസ്ഥകൾ

കൂലിസേവനവ്യവസ്ഥകൾ മറ്റു പദേശങ്ങളെ അപക്ഷിച്ച് മെച്ചപ്പെട്ടതാണ്. ഓരോ കർഷകതൊഴിലാളികളുടേയും കൂലികാണിക്കുന്ന പട്ടികതാഴെ കൊടുക്കുന്നു.

| ജോലിയുടെ സ്വഭാവം | കൂലി | |
|---|---|---|
| | ആൺ | പെൺ |
| ഉഴവ് | 120 ക. | -- |
| കിളക്കൽ | 60 ക. | --- |
| ഞാറ്നടൽ | --- | 50 ക. |
| കളപറി | --- | 50 ക. |
| കൊയ്ത് | --- | 50 ക. |
| മെതി | --- | 50 ക. |
| റബ്ബർവെട്ട് | 50 ക. | --- |
| തേങ്ങയിടൽ | 60 ക. | --- |
| കീടനാശിനികൾ | 60 ക. | --- |

പട്ടിക - 7

## വളപ്രയോഗം

കർഷകർ വളപ്രയോഗത്തിൽ കൂടുതൽ താൽപര്യം കാണിക്കുന്നതായി പറയാൻ പ്രയാസമാണ്. ആരംഭകാലത്ത് രാസവളപ്രയോഗം വളരെ കൂടുതലായിരുന്നെങ്കിലും. ക്രമേണകുറഞ്ഞു വരുന്നതായാണ് കാണപ്പെടുന്നത്.കർഷകർ ജൈവവളം കൂടുതലായി ഉപയോഗിക്കാൻ താൽപര്യം കാണിക്കുന്നുണ്ടെങ്കിലും അവ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്നതാണ് സത്യം. ഈ പഞ്ചായത്തിലുള്ള

വിലങ്ങാട്, വാണിമേൽ സബകരണസംഘങ്ങളുടെ കീഴിലുള്എള സ്റ്റോറുകളിൽ കൂടിയാണ് രാസവളങ്ങളുടെയും കീടനാശിനികളുടെയും വിപണനം നടക്കുന്നത്.

കൂടാതെ കുരുമുളക് ദ്രുതവാട്ട നിവാരണ പദ്ധതി പ്രകാരം 100 ഹെക്ടർ സ്ഥലത്ത് തെങ്ങിന് കണികജലസേചനത്തിന് 5 ഹെക്ടർ സ്ഥലത്തും മരുന്നുതളി നടത്തി

മറ്റു പദ്ധിതികൾ താഴെ കൊടുക്കുന്നു

1. വിള ഇൻഷൂറൻസ് പദ്ധതി

**വാണിമേൽ പഞ്ചായത്ത് രാസവള കീടനാശിനി വിപണനം.**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം. | കീടനാശിനി തുക | രാസവളം കി. ഗ്രാം | രാസവളം കി. ഗ്രാം | രാസവളം കി. ഗ്രാം | കീടനാശിനി തുക. |
| 1 | വാണിമേൽ സർവ്വീസ് സഹകരണ ബാങ്ക് | 50 m t | 21700/= | 33 M T | 43800/= | 77 M T | 44900/= |
| 2 | വിലങ്ങാട്ട് സർവ്വീസ് സഹകരണ ബാങ്ക് | 1 M T | --- | 0.07 | --- | 0.06 M T | --- |
| | ആകെ | 51 M T | 21700/= | 33.07 M T | 43800/= | 77.06 M T | 44900/= |

- പട്ടിക 8

**നടപ്പുവർഷത്തെ പദ്ധതികൾ പട്ടിക 96 – 97**

| പദ്ധതി | | തുക |
|---|---|---|
| 1. കുരുമുളക് വികസനം- | | 19140 |
| 2. ഇഞ്ചികൃഷി വികസനം- | | 6200 |
| 3. മഞ്ഞൾ കൃഷി വികസനം- | | 6825 |
| 4.ഗ്രാമ്പു കൃഷി- | | 170 |
| 5. കശുമാവ്കൃഷി- | | 7200 |
| 6.നീളകേര സംസ്കരണം (യൂത്ത് പ്രോഗ്രാം)- | | 25000 |
| 7. പ്രകൃതിക്ഷോഭ ദുരിതാശ്വാസം- (96പേർക്കു) | | 1 1 6 8 3 |
| 8. സമഗ്രനാളീകേര വികസന പദ്ധതിയിൽ- | | |
| 30 കിണർ- | = | 75000 |
| 40 പമ്പ്സെറ്റ്- | = | 100000 |
| തെങ്ങുകയറ്റ യന്ത്രം- | = | 5000 |
| സ്പെയർ- | = | 5000 |

2. ബയോ ഗ്യാസ് പദ്ധതി
3. നടീൽ വസ്തുക്കളുടെ വിതരണം
4. നീർമറി പദ്ധതി
5. പട്ടികജാതിക്കാർക്കുള്ള പച്ചക്കറി കിറ്റ് വിതണം.

പരമ്പരാഗത കൃഷി രീതിതന്നെയാണ് ഭൂരിപക്ഷം കർഷകരും ഇന്നും ഇഷ്ടപ്പെടുന്നത്. ആധുനിക കൃഷി സമ്പ്രദായങ്ങൾ കർഷകർക്ക് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ വിജയിച്ചിട്ടില്ല. കൃഷിഭവനുകളെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന സ്ഥലം എന്നാണ് കർഷർ കണക്കാക്കുന്നത്. പുതിയ ഇനം വിത്തുകൾ, കൃഷിഉപകരണങ്ങൾ, വളപ്രയോഗം, ഇവ കർഷകന് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ അഞ്ചുവർഷത്തെ പ്രധാന പദ്ധതികൾ പട്ടികയായി കൊടുത്തിരിക്കുന്നു.

**1. സമഗ്രനാളീകേര വികസന പദ്ധതി പക്രാരം**

| പദ്ധതി | തുക |
|---|---|
| കമ്മ്യൂണിറ്റി ഇറിഗേഷൻ | : 85000 |
| s. c കിണർ -1 | : 10000 |
| പമ്പുസെറ്റ് - 72 | : 157.500 |
| കിണർ 76 | : 188.300 |
| സ്പ്ലയർ 6 | : 6000 |
| തെങ്ങുകയറ്റയന്ത്രം 3 | : 15000 |

2. പ്രകൃതിക്ഷോഭ ദുരിതാശ്വാസം : 63416

കുമ്പുചീയലിനെതിരെ മരുന്നുതളി

| | |
|---|---|
| സാമ്പത്തിക സഹായം | : 1,50,000 |
| പ്രത്യേക തൊഴിൽ പദ്ധതി | : 72600 |
| ജൈവവള വികസനപദ്ധതി | : 16000 |
| നീർമറി പദ്ധതി | : 1,31,6155 |

3. 440 ഹെക്ടർ സ്ഥലത്ത് മഹാളി, ദ്രുതവാട്ടം എന്നിവക്കെതിരെയുള്ള മരുന്നു തളി നടത്തി.
4. കുരുമുളക്, പയർ, കശുമാവ്, ഇവയ്ക്കുള്ള സൗജന്യ മിനികിറ്റ് വിതരണം.
5. സ്കൂൾ വഴി പച്ചക്കറി വികസനപരിപാടികൾ.

മണ്ണ് സംരക്ഷണം നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ

## വായ്പാസൗകര്യങ്ങൾ

കർഷകർക്ക് കാർഷികവായ്പയും ലഭ്യമാക്കുന്നതിന് രണ്ട് സഹകരണബാങ്കുകൾ പഞ്ചായത്തിൽ ഉണ്ട് . വിലങ്ങാടും ഭൂമിവാതുക്കലുമായി രണ്ടു ഗ്രാമീണബാങ്കുകളും ഉണ്ട്. ധാരാളം കൃഷിക്കാർ താമസിക്കുന്ന വിലങ്ങാട് പ്രദേശത്തെ സഹകരണബാങ്ക് തെങ്ങ്, കുരുമുളക് റബ്ബർ മുതലായ കൃഷികൾക്ക് വായ്പ ലഭ്യമാക്കുകയും കൃത്യമായി തിരിച്ചടച്ച് സബ്സിഡികൾക്കർഹരാക്കുകയും ചെയ്ത് കർഷകർക്ക് ഉപകാരപ്രദമായിത്തന്നെ പ്രവർത്തിച്ചുവരുന്നു. ബാങ്കിന് സ്വന്തമായ കെട്ടിടവും ആസ്തിയും ഉണ്ട്. വാണിമേൽ സർവ്വീസ് സഹകരണഹണണ ബാങ്ക് ആദ്യകാലങ്ങളിൽ ഫലപ്രദമായി പ്രവർത്തിച്ചിരുന്നു. എന്നാൽ അടുത്ത കുറെ കാലമായി വാങ്ങിയ കടങ്ങൾ കൃഷിക്കാർക്ക് തിരിച്ചടക്കാൻ പ്രയാസം നേരിട്ടതുകൊണ്ടും കർശനമായി അവരെ കൊണ്ട് അടപ്പിക്കാൻ ശ്രമിക്കാത്തതുകൊണ്ടും കാര്യമായ വായ്പകൾ കൊടുത്ത് കൃഷിക്കാരന്റെ ബന്ധുവായി പ്രവർത്തിക്കാൻ ബങ്കിന് കഴിയാറില്ല. മൊത്തം ജനവിഭാഗത്തിന്റെ പ്രാതിനിധ്യം ഉൾക്കൊള്ളാത്തതിനാൽ നിക്ഷേപം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടില്ല. ഗ്രാമീണബാങ്കിന്റെ നിയമ നടപടിക്രമങ്ങളും, വസ്തു പണയം വെക്കാനും മറ്റുമുള്ള ബുദ്ധിമുട്ടുകളും കാരണം അവയെ യഥാർത്ഥകൃഷിക്കാർ ആശ്രയിക്കുന്നത് കുറവാണ്. കച്ചവടക്കാരും മറ്റും ഗ്രാമീണ ബാങ്കിൽ നിന്നും വായ്പവാങ്ങുകയും തിരിച്ചടക്കുകയും ചെയ്തുവരുന്നു. കാർഷികലോണുകൾ കൊടുക്കുന്നതിൽ ഇവർ താൽപര്യം കാണിക്കാറില്ല.

കൃഷിയിൽ താല്പര്യമുള്ളവരും സാമാന്യവിദ്യാഭ്യാസം ലഭിക്കാത്തവരുമായ കൃഷിക്കാർ കാർഷിക വായ്പക്കായി സ്വന്തം നിലയിൽ നാടൻ വായ്പകളും, നാടൻ ബ്ലേഡുവായ്പകളേയും ആശ്രയിക്കുന്നു. കാർഷിക ആവശ്യത്തിനായി വായ്പക്ക് സഹകരണസംഘത്തിലേക്ക് അപേക്ഷിച്ചാൽ വിളയിറക്കുന്ന സമയത്തോ കൃഷിക്കാരന് ആവശ്യമായ സമയത്തോ കിട്ടാറില്ല. അതുകൊണ്ടുതന്നെ ലഭിക്കുന്ന വായ്പ കൃഷിയിൽ മുടക്കാൻ കഴിയാറുമില്ല.

## രോഗങ്ങൾ:

നമ്മുടെ പഞ്ചായത്തിൽ തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ലീഫ്റൂട്ട്, ബസ്റൂട്ട്, സെറ്റംബ്ലീഡിംഗ് എന്നിവയാകുന്നു. കുരുമുളക് കൃഷിയെ ബാധിക്കുന്ന പ്രധാന രോഗം ദൃതവാട്ടം ആകുന്നു. പഞ്ചായത്തിൽ 640 തെങ്ങുകൾക്ക് ലീഫ് റോട്ട് രോഗവും, 8000 തെങ്ങുകൾക്ക് ബസ്റൂട്ട് രോഗവും, 60 തെങ്ങുകൾക്ക് സെറ്റം ബ്ലീഡിഗ് രോഗവും ബാധിച്ചിരിക്കുന്നു. കവുങ്ങുകൃഷിയെ ബാധിക്കുന്ന മഹാളി രോഗം ഈ പ്രദേശത്തും വ്യാപകമായി കണ്ടുവരുന്നു. വാഴയെ ബാധിക്കുന്ന രോഗം തിരിളടപ്പൻ രോഗമാകുന്നു. കശുമാവിന്റെ ഇലയും പൂവ് നശിപ്പിക്കുന്നു കീടം ചിലയിടങ്ങളിലുണ്ട്.

## കൃഷിഭവൻ

വാണിമേൽ, വളയം, നരിപ്പറ്റ പഞ്ചായത്തുകളുടെ പൊതുവായിവരുന്ന വാണിമേൽ കൃഷി ഓഫീസ് ഗവ: തീരുമാന പ്രകാരം വാണിമേൽ പഞ്ചായത്തിനു മാത്രമുള്ള കൃഷിഭവനായി മാറി. കുളപ്പറമ്പിൽ വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്. കെട്ടിടെ പഴകിപ്പൊളിഞ്ഞ് അപകടാവസ്ഥയിലാണ്.

ഒരു അഗ്രിക്കൾചറൽ ഓഫീസും 2 അസിസ്റ്റന്ഡും ഒരു പാർട്ട് ടൈം സ്വീപ്പരും ജോലി ചെയ്യുന്നു. ധാരാളം പദ്ധതികളും സഹായവിതരണങ്ങളും ഉണ്ടെങ്കിലും യഥാർത്ഥ കൃഷിക്കാർക്ക് ലഭിക്കുന്നത് തുച്ഛമാണ്. പാവപ്പെട്ട കർഷകന് കൃഷിഭവൻ ഇന്നും ഒരു ബാലി കേറാമലയാണ്.

പ്രകൃതിക്ഷോഭദുരിതാശ്വാസം അനർഹരിൽ പലരും കൈപ്പറ്റാറുള്ള അവസ്ഥയുണ്ടായിരുന്നു.

## മണ്ണ്സംരക്ഷണം നടപ്പിലാക്കിയ പദ്ധതിയുടെ വിവരണങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | അടങ്കൽ തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|
| 1 | മാടാൻചേരി ഗിരിജൻ കോളനി | 21.5461 H | 1.1715 | 24 | 26/2/82 | 30/3/85 | 12.7 | 16 | 68069 |
| 2 | വാണിമേൽ പുഴ വാട്ടർ ഷെഡ് | | | | | | | | |
| | I<br>II<br>III | 304.23 H<br>189.89 H<br>197.86 H | 2235000<br>1584445<br>3756800 | 304<br>152<br>233 | 10/10/90<br>21/1/92<br>2/3/94 | 30/3/96 | 298.45 H | 412 | 2096709 |
| 3 | വാണിമേൽ വാട്ടർ ഷെഡ് | 635 H | 936000 | 1545 | 8/12/92 | --- | 435 H | 948 | 769701 |

പട്ടിക. 9

നീർമറിയുടെ ആനുകൂല്യം കൃത്യമായി വിതരണം ചെയ്യുകയും അർഹതയുള്ളവർ വാങ്ങുകയും ചെയ്തുവരുന്നുണ്ട്. പമ്പ്സെറ്റ് , സ്പെയർ, തെങ്ങു കയറ്റ ഉപകരണം എന്നിവ ആദുകൾ വാങ്ങുകയും ഭാഗികമായി ഉപയോഗിക്കുകയും ചെയ്തുവരുന്നു. എന്നാൽ പൂർണമായും ആവശ്യക്കാർക്ക് ലഭിക്കു കയും ആവശ്യത്തിനുതന്നെ ഉപയോഗിക്കുകയും ചെയ്യാറില്ല. മഹാളിക്കുള്ള മരുന്നുതളി. കൂമ്പുചീയ ലിനുള്ള മരുന്നു തളി ഇവയ്ക്ക് വേണ്ട് കർഷകർ കൃഷിഭവനെ സമീപിക്കാറുണ്ട്.

## പ്രശ്നങ്ങൾ:

നമ്മുടെ പഞ്ചായത്തിലെ കാർഷികമേഖലയെ ബാധിക്കുന്ന സുപ്രധാനമായ ചില പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ മണ്ണിന്റെ ഫലഫുഷ്ടി വളരെ കുറവായി കാണപ്പെടുന്നു.
2. ജല ശ്രോതസ്സുകൾ ധാരാളം ഉണ്ടെങ്കിലും ജലസേ ചനപദ്ധതികൾ അപര്യാപ്തമാണ്.
4. ചില പ്രദേശങ്ങളിൽ ഉള്ള ഗണ്യമായ മണ്ണൊലിപ്പ്.
5. ഉൽപ്പാദന ക്ഷമതം കുറഞ്ഞു വരുന്നു.
6. ജൈവവളങ്ങളുടെ അപര്യാപ്തത.
7. ആവശ്യമായ ആധുനിക യന്ത്രോപകരണങ്ങളുടെ കുറവ്.
8. വൈദ്യുതി ക്ഷാമം.
9. ശാസ്ത്രീയമായ രീതിയിലുള്ള കൃഷിമുറകളെ ക്കുറിച്ചുള്ള അജ്ഞത.
10. ഉൽപ്പന്നങ്ങളുടെ വിലക്കുറവ്.
11. കൃഷിഭവനിൽനിന്നും ആവശ്യമായ സാധനങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല.
12. കൃഷിഭവനിൽനിന്നുമുള്ള സഹായങ്ങളെക്കുറി ച്ചുള്ള വിവരങ്ങൾ കർഷകർരെ കൃത്യസമയത്ത് അറിയിക്കാൻ കഴിയുന്നില്ല.
13. വായ്പാസൗകര്യങ്ങളുടെ അപര്യാപ്തത.
14. ഉൽപ്പന്ന സംസ്കരണത്തിനുള്ള സാവധാനമി ല്ലായ്മ.
15. കൃഷിനശിപ്പിക്കുന്ന അലഞ്ഞുതിരിഞ്ഞു നട ക്കുന്ന പശുക്കൾ, ആടുകൾ, എന്നിവയുടെ ശല്യം.
16. മലയോരങ്ങളിൽ കൃഷി നശിപ്പിക്കുന്ന കുരങ്ങു കളുടെയും മറ്റു വന്യജീവികളുടെയും ശല്യം.
17. രൂക്ഷമായ വരൾച്ച.
18. ഇടവി കൃഷികളുടെ അപര്യാപ്തത മൂലമുണ്ടാ കുന്ന വരുമാനക്കുറവ്.
19. വിവിധ ഇനം കൃഷികളുടെ രോഗബാധ.
20. റെഗുലേറ്റഡ് മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ അപര്യാപ്തത.
21. കാർഷിക ലോണുകൾ കൃഷികൾക്കായി ഉപ യോഗിക്കാത്ത അവസ്ഥ.

## സാദ്ധ്യതകൾ:

നമ്മുടെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മുകളിൽ കൊടുത്തതും മറ്റുമായ നിരവധി പ്രശ്ന ങ്ങൾക്ക് പരിഹാരമായി ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതി വ്യാപകമാക്കുക.
2. ഉപയോഗശൂന്യമായ കിണറുകളും കുളങ്ങളും റിപ്പയർ ചെയ്ത് കൃഷിക്ക് വെള്ളം ലഭ്യമാക്കുക.
3. 30 സെന്റ് സ്ഥലം കൈവശമുള്ളവർക്ക് കിണർ കുഴിക്കാനുള്ള ധനസഹായം വ്യാപകമാക്കുക.
4. വാളാം തോട്, കാവിൽ തോട്ട്, പച്ചപ്പാലം തോട്ട്, മഞ്ഞച്ചീളതോട്ട് മുതലായ തോട്ടുകളിൽ ആഴം കൂട്ടി ചീർപ്പുകളോ ബണ്ടുകളോ സ്ഥാപിച്ച് വേനൽക്കാലത്ത് പരിസരപ്രദേശങ്ങളിൽ ജല സേചന സൗകര്യം ഏർപ്പെടുത്തുക.
5. കാക്കേ്യാട്ട് കുന്ന്, മാദ്രസാൽ, കുറ്റിപ്പുനത്തിൽ എന്നിവിടങ്ങളിൽ ജലസംഭരണികൾ സ്ഥാപി ക്കുക.
6. പമ്പ്സെറ്റ് വിതരണം വ്യാപകമാക്കുക.
7. വാണിമേൽ പുടയിൽ ബണ്ട് കെട്ടി കൃഷിക്കാവ ശ്യമായ വെള്ളം ലഭ്യമാക്കുക.
8. കുറുക്കൻ കണ്ടം വയലിലെ കുളം വലുതാക്കി പ്രസ്തുത പ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക.
10. പാലോറ കുന്നിൽ ടാങ്ക് കെട്ടി മേപ്പാറതാളപുഴ യിൽ നിന്ന് വെള്ളം ശേഖരിച്ച് കൃഷിക്കാർക്ക് വെള്ളം എത്തിക്കുക.
11. പാലോറ മുക്കിൽ കുളം റിപ്പയർ ചെയ്ത് ഉപ

യോഗപ്രദമാക്കുക.

12. ലക്കിടി കുന്നിൽ ടാങ്ക്നിർമ്മിച്ച് പുഴയിൽനിന്ന് വെള്ളം പമ്പ് ചെയ്ത് കൃഷിക്ക് ഉപയുക്തമാക്കുക.

13. കുന്നുകുളത്തിലെ സ്വകാര്യകുളം പഞ്ചായത്ത് ഏറ്റെടുത്ത് ജലസേചനം, ശുദ്ധജലവിതരണം എന്നിവയ്ക്ക് ഉപയോഗിക്കുക.

14. പുതുക്കയാപുഴയിൽ പമ്പ് ഹൗസ് സ്ഥാപിച്ച് അര. കി. മി. അകലെയുള്ള കുരിക്കിലായി കുന്നിൽ ടാങ്കിൽ വെള്ളമെത്തിച്ച് പ്രസ്തുത പ്രദേശത്ത് ജലസേചന സൗകര്യം എത്തിക്കുക.

15. ചന്ദനത്താം കുളം ജലസേചനത്തിന് ഉപയുക്തമാക്കുക.

16. ചേലാണിപൊയിൽ കുളം നിർമ്മിക്കുക.

17. 10ാം വാർഡിലുള്ള ചീളികൾക്ക് ആവശ്യമായ സ്ഥലങ്ങളിൽ മെക്ക് ഡാം നിർമ്മിച്ച് വേനൽക്കാലത്ത് മണ്ണിൽ ഈർപ്പം നിലനിർത്തുക.

18. ഡ്രിപ്പ് ഇറിഗേഷന് സബ്സിഡിയോടുകൂടി ധനസഹായം നൽകുക.

19. കുട്ടൻ തോട്ടിൽ തടയണകെട്ടുക.

20. പുതുക്കയംപുഴയിൽ മണ്ണോൽ ഭാഗത്ത് ബണ്ട് നിർമ്മിച്ച് മണ്ണോൽ തോട്ടിലേക്ക് വെള്ളം കടത്തിവിടുകയും അവിടെനിന്നും ഏകദേശം 1. കി. മി. ദൂരം കനാൽ വെട്ടി ചുഴലി തോടുമായി ബന്ധിപ്പിക്കുക. (ചുഴലി മുതൽ പാച്ചാൽ വരെ ഒഴുകിവരുന്ന തോട്) ഈ തോടിന്നരികിലാണ് പഞ്ചായത്തിലുള്ള മുഴുവൻ നെൽപ്പാടങ്ങളും സ്ഥിതിചെയ്യുന്നത്.

21. മണ്ണൊലിപ്പ് തടയാനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കുക.

22. പുഴയുടെയും തോട്ടുകളുടെയും വശങ്ങൾ കരിങ്കല്ല് ഉപയോഗിച്ച് കെട്ടുക.

23. പുഴയോരങ്ങളിൽ വനവൽക്കരണം നടത്തുക.

24. പഞ്ചായത്ത് മുഴുവനായും നീർമറിപ്രദേശങ്ങളിടെ പട്ടികയിൽ ഉൾപ്പെടുത്തി മണ്ണുസംരക്ഷണ പ്രവർത്തനം വ്യാപകമാക്കുക.

25. എല്ലാവാർഡുകളിലും കയ്യാലകൾ നിർമ്മിക്കാൻ ആവശ്യമായ ധനസഹായം നൽകുക.

26. പറമ്പുകളിൽ കുഴികൾ നിർമ്മിക്കുക.

27. എല്ലാവിളകൾക്കു വിളഇൻഷൂറൻസ് നടപ്പിലാക്കുക.

28. കൃഷിഭവൻമുഖേന മണ്ണ്പരിശോധന വ്യാപകമാക്കുക.

29. അലഞ്ഞുതിരിയുന്ന കാലികളെ കണ്ടുകെട്ടി ലേലം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

30. ആട്, കോഴി, മുടൽ മുതലായവയെ വളർത്താനുള്ള ധനസഹായം നൽകുക.

31. തെങ്ങിൻ തോട്ടങ്ങളിൽ റബ്ബർ കൃഷി ഇടവിളകൃഷിയായി ചെയ്യുന്നതിന്ന് ധനസഹായം നൽകുക.

32. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

33. വാർഡ് തലത്തിൽ കാർഷിക മേളകൾ സംഘടിപ്പിക്കുക.

34. പഞ്ചായത്ത് തലത്തിൽ മാസത്തിൽ കാർഷിക മേളകൾ സംഘടിപ്പിക്കുക.

35. കാർഷികരംഗത്ത് ഉദ്യോഗസ്ഥരുടെ സേവനം കൂടുതലായി ലഭ്യമാക്കുക.

36. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

37. നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി തടയുക.

38. പച്ചക്കറി ഫാം സ്ഥാപിക്കുക.

39. ജൈവള പ്രയോഗം പ്രോത്സാഹിപ്പിക്കുക.

40. കീടനിയന്ത്രണ മാർഗ്ഗങ്ങൾ ഊർജ്ജിതപ്പെടുത്തുക.

41. കാർഷിക ലോൺ ഉദാരവൽക്കരിക്കുക.

42. വിത്തും വളവും സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക.

43. മുളിവയൽ ഭാഗത്ത് കാർഷിക നേഴ്സറി സ്ഥാപിക്കുക.

44. പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലങ്ങളിൽ കൃഷിചെയ്യുവാൻ വേണ്ടി കർഷകർക്ക് പാട്ടത്തിനു നൽകുക.

45. കാർഷികോപകരണങ്ങൾ സൗജന്യമായി നൽകുക.

46. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

47. ആധുനിക കൃഷിസമ്പ്രദായത്തെക്കുറിച്ചും

ജൈവവളങ്ങളുടെ മേന്മയേക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

48. പുൽകൃഷി, ഉദ്യാനകൃഷി ഇവപ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

49. കശുമാവ് കൃഷിക്കാവശ്യമായ തൈകളും വസ്തുവും സൗജന്യമായി നൽകുക.

50. കർഷകർക്ക് ന്യായമായ വിലലഭിക്കുന്നതിനു വേണ്ടി കൂടുതൽ മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക.

51. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക.

52. കാർഷിക വായ്പകൾ കൃഷിആവശ്യങ്ങൾക്കായിത്തന്നെ ഉപയോഗപ്പെടുത്തുന്നുണ്ടൊന്ന് ഉറപ്പ് വരുത്തുക.

53. വിളകളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടുപിടിച്ച് അപ്പപ്പോൾതന്നെ ചികിത്സിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

54. ഒരു വീട്ടിൽ ഒരു കമ്പോസ്റ്റ് കുഴിയെങ്കിലും ഉണ്ടാക്കി ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുക.

55. വിള ഇൻഷുറൻസിന്റെ വിഭാഗത്തിൽ രോഗാണു ബാധയുള്ള ഫലവൃക്ഷങ്ങളെയും കൂടി ഉൾപ്പെടുത്തുക.

56. തേങ്ങ, കുരുമുളക്, റബ്ബർ, കശുവണ്ടി എന്നിവയുടെ സംസ്കരണയൂനിറ്റുകൾ പ്രാദേശികതലത്തിൽ സ്ഥാപിക്കുക.

57. നാളീകേരത്തിൽ നിന്നുള്ള ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും നൽകുക.

58. കർഷക തൊഴിലാളികൾക്ക് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക.

59. കൃഷിഭവൻ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാലബോറട്ടറികൾ വാർഡ് തോറും നടപ്പാക്കുക.

60. വന്യജീവികളിൽ നിന്ന് വിളയെ സംരക്ഷിക്കുവാൻ വനപ്രദേശത്തിനടുത്ത് സൗരോർജ്ജവേലികൾ സ്ഥാപിക്കുക.

61. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി "നെൽകൃഷി സംരക്ഷണം" പഞ്ചായത്ത് ഏറ്റെടുക്കുക. തെങ്ങിന്റെ ഇടവിളയായി നെൽകൃഷി വ്യാപിപ്പിക്കുക.

62. മണ്ണിരകമ്പോസ്റ്റ്, കമ്പോസ്റ്റ് നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക.

63. കാർഷികമേഖലയിൽ യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുക.

64. മലമ്പ്രദേശങ്ങളിൽനിന്ന് വിള മോഷണം പോകുന്നത് തടയുക.

65. മാരകമായ കീടനാശിനികളായ B H C, ഫുരഡാൻ എന്നിവയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങൾ പൊതുജനങ്ങളെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ജൈവകീടനാശിനികൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.-

66. ഭൂരഹിതർക്ക് പാട്ടത്തിന് ഭൂമി ലഭ്യമാക്കുകയും കൃഷിയിറക്കാൻ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക.

## മൃഗസംരക്ഷണവും മത്സ്യബന്ധനവും

മലയോര പ്രദേശമായ വാണിമേലിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും കർഷകരാണ്. പകലന്തിയോളം കൃഷിസ്ഥലങ്ങളിൽ വിശ്രമമില്ലാതെ അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്ന നിരവധി കർഷക കുടുംബങ്ങൾ ഉൾപ്പെടുന്നതാണ് ഈ കൊച്ചു ഗ്രാമം. അതുകൊണ്ട് തന്നെ കൃഷിയുടെ അഭിവാജ്യ ഘടകമായിരുന്ന കന്നുകാലി വളർത്തലിന് വർഷ പ്രാധാന്യമുണ്ടായിരുന്നു. ഉഴവുമാടുകളെന്ന നിലയിലും വണ്ടി വലിക്കുന്നതിനും പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃശിക്കാവശ്യമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സായും കന്നുകാലികളെ ഉപയോഗിച്ചിരുന്നു. കാലി വളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ അന്ന് വാണിമേലിലുണ്ടായിരുന്നു.

വിശാലമായ മലമ്പ്രദേശങ്ങൾ കന്നുകാലികളെ മേയ്ക്കാനുള്ള മേച്ചിലുമായി ഇളക്കി മേയ്ക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത്. ഇന്നത്തേത് പോലെ വേലിക്കെട്ടുകളോ മതിലുകളോ അന്നുണ്ടായിരുന്നില്ല. മാത്രമല്ല തെങ്ങ്, റബ്ബർ പോലുള്ള കൃഷി

കൾ ഇന്നത്തേത് പോലെ വ്യാപിച്ചിരുന്നില്ല. അതിനാൽ ഒരേ സമയത്ത് വിശാലമായ പ്രദേശങ്ങളിൽ നൂറ് കണക്കിന് കാലികളെ ഇളക്കി മേയ്ക്കുന്നതിന് പ്രയാസങ്ങളുണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കന്നുകാലികളെ മേയാൻ മലമ്പ്രദേശങ്ങളിലേക്ക് വിടുന്ന സമ്പ്രദായവുമുണ്ടായിരുന്നു. കന്നുകാലികളെ മേയ്ക്കുന്നതിനും വളർത്തുന്നതിനും ചില പ്രത്യേക ആളുകളെയായിരുന്നു ഏൽപ്പിച്ചിരുന്നത്. അതിന് പ്രതിഫലമായി ഏറ്റെടുക്കുന്ന മൃഗത്തിന്റെ ആദ്യപ്രസവത്തിലെ കുട്ടി വളർത്തുന്നവന്റേതായി തീരും. കൂടാതെ ചില ഭാഗങ്ങളിൽ കൂലി കൊടുത്തും കന്നുകാലികളെ വളർത്താൻ ഏൽപ്പിച്ചിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു.

കന്നുകാലികളുടെ മേച്ചിലിടമായിരുന്ന മലമ്പ്രദേശങ്ങളിൽ ക്രമേണ തെങ്ങ്, റബ്ബർ തുടങ്ങിയ കൃഷിയും കെട്ടിടം പണിയും വ്യാപകമായപ്പോൾ അവയെ ഇളക്കി മേയ്ക്കാൻ പ്രയാസമായിത്തീർന്നു. മാത്രമല്ല കർഷകരിൽ നിന്ന് തന്നെ ഇതിനെതിരായി പ്രതിഷേധമുയർന്ന് വരികയുണ്ടായി. ഇതോടെ കന്നുകാലികളെ ഇളക്കി മേയ്ക്കുന്ന സമ്പ്രദായം ഇവിടെ കുറഞ്ഞ് വന്നു. കന്നുകാലികളെ വളർത്താത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. പ്രധാനമായും പാലുൽപ്പാദിപ്പിക്കുന്നതിനും ജൈവവളങ്ങളുടെ മുഖ്യ ശ്രോതസ്സുമായാണ് കന്നുകാലികളെ വളർത്തുന്നത്. കൂടാതെ നിലം ഉഴുവാൻ വേണ്ടിയും മൃഗങ്ങളെ വളർത്തുന്നു. എന്നാൽ അടുത്ത കാലത്തായി ഇയ്യൊരു ആവശ്യത്തിന് വേണ്ടി കന്നുകാലികളെ വളർത്തുന്നത് കുറഞ്ഞ് വരികയാണ്. മൃഗങ്ങളെ ഉപയോഗിച്ച് വണ്ടിവലിപ്പിക്കുന്ന സമ്പ്രദായം പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്.

പഞ്ചായത്തിൽ മൃഗസമ്പത്ത് കുറഞ്ഞുവരുന്ന അവസ്ഥയാണ് ഇന്നുള്ളത്. ധാരാളം കോഴികളെ വളർത്തിയിരുന്ന ഈ പ്രദേശങ്ങളിൽ ഇപ്പോൾ കോഴി വളർത്തൽ കുറഞ്ഞ് വരുന്നു. പാല്, കോഴിഇറച്ചി എന്നിവയ്ക്ക് അന്യ പ്രദേശങ്ങളെയും ആന്യ സംസ്ഥാനങ്ങളെയും ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്.

## വളർത്തുമൃഗങ്ങളും പക്ഷികളും.

പശു, കാള, ആട്, എരുമ, പോത്ത് പന്നി എന്നിവയാണ് വാണിമേൽ വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. പഞ്ചായത്തിൽ ഒരാൾ മാത്രമേ ആനയെ വളർത്തുന്നുള്ളൂ. കോഴിയും താറാവുമാണ് പ്രധാന വളർത്തുപക്ഷികൾ

| ഇനം | എണ്ണം |
|---|---|
| പശു | 3515 |
| കാള | 104 |
| ആട് | 2956 |
| എരുമ | 15 |
| പന്നി | 200 |
| പോത്ത് | 15 |
| പട്ടി | 107 |
| ആന | 1 |
| കോഴി | 12553 |
| താറാവ് | 50 |

പട്ടിക – 10

പട്ടിക1 : 1996 ൽ നടത്തിയ പതിനഞ്ചാമത് കന്നുകാലി സെൻസസ് പ്രകാരം വാണിമേൽ പഞ്ചായത്തിലെ കന്നുകാലി സമ്പത്ത്.

| | |
|---|---|
| പശു | |
| നാടൻ | 2651 |
| സങ്കരം | 864 |
| കറവ ഉള്ളത് | 2289 |
| കറവ ഇല്ലാത്തത് | 1226 |
| എരുമ | |
| കറവഉള്ളത് | 11 |
| കറവഇല്ലാത്തത് | 4 |
| കാള | |
| നാടൻ | 90 |
| സങ്കരം | 14 |
| കോഴി | |
| പൂവൻ | 3840 |
| പിടക്കോഴി(മുട്ടയിടുന്നത്) | 3011 |
| മുട്ടയിടാത്തത് | 5682 |
| താറാവ് | |
| ആൺ | 20 |
| പെൺ | 30 |

**പട്ടിക – 11**

പട്ടിക: 2 1996 സെൻസസ് പ്രകാരം പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങളെയും പക്ഷികളെയും സംബന്ധിച്ച വിവരം.

1987 ലെ സെൻസസുമായി താരതമ്യപ്പെടുത്തുമ്പോൾ മൊത്തം കന്നുകാലികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും സങ്കരവർഗ്ഗം കന്നുകാലികളുടെ സംഖ്യയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. ഉൽപ്പാദന ശേഷി കൂടുതലുള്ള സങ്കരവർഗ്ഗം പശുക്കളുടെ പരിശീലനത്തിനാവശ്യമായ ചിലവ്, കൃത്രിമ ബീജസങ്കലന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് ഇതിനുള്ള കാരണങ്ങൾ. പുതിയ കണക്കനുസരിച്ച് പഞ്ചായത്തിൽ 343 പശുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തിയിട്ടുണ്ട്. അതിൽ 38 പശുക്കളിൽ ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയതാണ്.

വളർത്തു മൃഗങ്ങളിൽ വന്ന പ്രധാനപ്പെട്ട ഒരു മാറ്റം അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും, തുടർന്ന് ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഉണ്ടായ വർദ്ധനവുമാണ്. ഒപ്പം നാടൻ ഇനങ്ങളിൽ ഗണ്യമായ കുറവും വന്നു. മുൻകാലങ്ങളിൽ ഉൽപ്പാദന ശേഷിയുള്ള നാടൻ പശുക്കളും ഉണ്ടായിരുന്നതിലും ഇന്ന് അവ വളരെ വിരളമാണ്. കൂടാതെ മാറ്റം വന്നു കൊണ്ടിരിക്കുന്ന ഈ രംഗത്ത് പരിപാലന രീതിയിലും ഉൽപ്പാദനക്ഷമതയിലും വിപണനരീതിയിലും പ്രകടമായ വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ട്.

## രോഗങ്ങൾ

വളർത്തു മൃഗങ്ങളിലെ രോഗങ്ങൾ മൃഗസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. വളർത്തു മൃഗങ്ങളും പക്ഷികളും പല രോഗങ്ങൾക്കും അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദഹനസംബന്ധ രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ ത്വക്ക് രോഗങ്ങൾ, വന്ധ്യത, അകിടുവീക്കം മുടന്തൻപനി, പകർച്ചവ്യാധികൾ തുടങ്ങിയവ മൃഗങ്ങളെ ബാധിക്കുന്ന പ്രധാന രോഗങ്ങളാണ്. ചിലപ്പോൾ ഇത്തരം രോഗങ്ങൾ പെട്ടെന്ന് കണ്ടുപിടിക്കാൻ സാധിക്കാത്തതും, പ്രതിരോധ കുത്തിവെപ്പിന്റെ അഭാവവും മൃഗങ്ങളുടെ നാശത്തിന് തന്നെ കാരണമാകുന്നു. രോഗത്തെ സംബന്ധിച്ച് കന്നുകാലി ഉടമകൾക്കുള്ള അജ്ഞത് രോഗം മൂർച്ചിക്കുന്നതിനിടയാകുന്നു.

പട്ടിക 3

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായ | 698 | --- | 616 | --- | 12 | 24 |
| 2 | ശ്വാസകോശ സംബന്ധം | 144 | --- | 108 | --- | --- | 570 |
| 3 | ഉപാവചയ സംബന്ധം | 78 | --- | 44 | --- | --- | 12 |
| 4 | ത്വക് രോഗങ്ങൾ | 128 | --- | 36 | --- | 10 | 60 |
| 5 | ധാതുലവണങ്ങളുടെ ആഭാവം | 72 | --- | 84 | --- | 8 | 48 |
| 6 | വരാദ രോഗങ്ങൾ | 612 | --- | 72 | --- | 12 | 74 |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 108 | --- | 96 | --- | --- | --- |
| 8 | വന്ധ്യത | 48 | --- | 15 | --- | --- | --- |
| 9 | അകിടുവീക്കം | 60 | --- | 72 | --- | --- | --- |
| 10 | മുടന്തൻ പനി | 120 | --- | --- | --- | --- | --- |
| 11 | പകർച്ചവ്യാധികൾ | 136 | --- | --- | --- | --- | 600 |

**പട്ടിക – 12**

പട്ടിക : 1995-96 വർഷത്തിൽ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കു അനുഭവപ്പെട്ട രോഗങ്ങൾ വിവരങ്ങൾ.

## ക്ഷീര ഉൽപ്പന്നങ്ങൾ

അടുത്ത കാലത്തായി ക്ഷീര വിപണന രംഗത്ത് പുതിയ സംരംഭങ്ങൾക്ക് പഞ്ചായത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. വിലങ്ങാട് പ്രദേശത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ക്ഷീര വ്യവസായ സഹകരണ സംഘമുണ്ട്. ഒരു നാടൻ ക്ഷീരോൽപ്പന്ന യൂനിറ്റും ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവ സ്ഥിതി ചെയ്യുന്നത് അയൽ പ്രദേശമായ നരിപ്പറ്റ പഞ്ചായത്തിലാണെങ്കിലും ഗുണഭോക്താക്കളധികവും ഈ പഞ്ചായത്തുകാരാണ്. അടുത്ത കാലത്താണ് ഭൂമി വാതുക്കൽ, നിരത്തുമ്മൽ പീടിക എന്നിവിടങ്ങളിൽ രണ്ട് നാടൻ ക്ഷീര ഉൽപ്പന്ന യൂനിറ്റുകൾ പ്രവർത്തനമാരംഭിച്ചത്.

പഞ്ചായത്തിന്റെ കീഴിൽ സഹകരണ മേഖലയിലോ, പൊതുമേഖലയിലോ മുട്ട വിപണനകേന്ദ്രങ്ങളോ മുട്ട ഉൽപ്പാദന യൂണിറ്റോ ഇല്ല. എന്നാൽ സ്വകാര്യ മേഖലയിൽ ധാരാളം മുട്ടവിപണന കേന്ദ്രങ്ങൾ ഉണ്ട്. വാണിമേലിലെ വിവിധ ഭാഗങ്ങളിലുള്ള കോഴിവളർത്തു കേന്ദ്രത്തിലൂടെയും കച്ചവട സ്ഥാപനങ്ങളിലൂടെയും മുട്ടകൾ വിൽക്കപ്പെടുന്നു.

കാലിത്തീറ്റയും കോഴിത്തീറ്റയും ആദായകരമായ രീതിയിൽ ലഭ്യമാവുന്ന കേന്ദ്രങ്ങൾ ഇല്ല. എന്നത് കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു. സ്വകാര്യ വ്യക്തികളിൽ നിന്നും ഭീമമായ തുക നൽകികൊണ്ടാണ് ഇവ വാങ്ങിവരുന്നത്. സഹകരണമേഖലയിലോ പൊതു മേഖലയിലോ കാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാക്കേണ്ട

താണ്.

പഞ്ചായത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഏകസ്ഥാപനമാണ് കുങ്കനിരവുമ്മലുള്ള മൃഗാസ്പത്രി. സ്വന്തമായി കെട്ടിടമുണ്ടെങ്കിലും സൗകര്യക്കുറവും, വേണ്ടത്ര ജീവനക്കാരുടെ അഭാവവും, മരുന്നിന്റെ ദൗർലഭ്യവും അതിൻരെ സുഗമമായ നടത്തിപ്പിന് വിഘാതമായി നിൽക്കുന്നു.

## നടപ്പു പദ്ധതികൾ

8 ാം പഞ്ചവൽസര പദ്ധതിക്കാലത്ത് വാണിമേൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

**1. ബൃഹദ് കോഴി വളർത്തൽ പദ്ധതി:**

ഈ പദ്ധതി പ്രകാരം വാണിമേൽ പഞ്ചായത്തിലെ 333 കുടുംബങ്ങൾക്ക് 3 മുട്ടക്കോഴികളെ വീതം (30 രൂപ വില വരുന്ന കോഴിയൊന്നിന് പതിനഞ്ച് രൂപ നിരക്കിൽ) നൽകുകയുണ്ടായി.

### II. ഗിരിവർഗ്ഗ ഉപപദ്ധതി

ഐ. എച്ച്, സി. പി. കോളനിയിൽ 13 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 550 രൂപ വീതം വില വരുനന 26 പെണ്ണാട്ടിൻ കുട്ടികളെയും 650 രൂപ വീതം വിലവരുന്ന 3 മുട്ടനാട്ടിൻ കുടുകൾ നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് 200 രൂപ വീതവും നൽകുകയുണ്ടായി. ആടുകളെ ഇൻഷൂർ ചെയ്യുകയും മൊത്തെ 1073 രൂപയുടെ വൈറ്റമിൻ , മിനറൽ ടോണിക്കുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുകയിൽ മൊത്തം 21070 രൂപയാണ് ഉൾപ്പെടുത്തിയത്.

**III. നീരമറി വികസന പദ്ധതി.**

വാണിമേലിൽ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണവകുപ്പിന് അനുവദിച്ച 3,79,500 രൂപയിൽ 379148 രൂപ ചിലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില ഒന്നിന് | മൊത്തം വില |
|---|---|---|---|---|
| 1 | ആട് | 100 | 1000 | 100000 |
| 2 | കോഴി യൂനിറ്റ് | 217 | 1000 | 217000 |
| 3 | വിരമരുന്ന് ധാതുമിശ്രിതം | --- | --- | 62148 |
| ആകെ | | | | 379148.00 |

**പട്ടിക. 4**

പട്ടിക: 4 നിർമറി പദ്ധതിയിലുൾപ്പെടുത്തി മൃഗസംരക്ഷണത്തിന് വേണ്ടി ചിലവഴിച്ച സംഖ്യ.

IV. നടപ്പ് പദ്ധതിയിൽ മൃഗ ചികിൽസക്കും കൃത്രിമ ബീജ സങ്കലനത്തിനും രോഗപ്രതിരോധനടപടികൾക്കും വേണ്ടി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

### V. ഗോരക്ഷാ ക്യാമ്പുകൾ

വർഷത്തിൽ രണ്ട് ഗോരക്ഷാക്യാമ്പുകൾ പഞ്ചായത്തിൽ നടത്തിവരുന്നു. 200 രൂപയാണ് ഒരു ക്യാമ്പിന് അനുവദിച്ചിട്ടുള്ള തുക.

## വികസനപ്രശ്നങ്ങൾ

മൃഗസംരക്ഷണ വികസനത്തിന് വിഘാതമായി നിൽക്കുന്ന പലഘടകങ്ങളും ഈ പഞ്ചായത്തിലുണ്ട്.

നടപ്പിലാക്കുന്ന പദ്ധതികൾ ഗുണഭോക്താക്കൾ എത്രമാത്രം ഉപയോഗപ്പെടുത്തുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നില്ല.

മൃഗസംരക്ഷണത്തിന് വേണ്ടി സ്ഥാപിതമായ വാണിമേലിലെ മൃഗാസ്പത്രി സൗകര്യക്കുറവ് കൊണ്ട് വീർപ്പുമുട്ടുകയാണ്. ആസ്പത്രി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുള്ള ജനങ്ങളുടെ വിമുഖത. മരുന്നുകളുടെ ദൗർലഭ്യം, പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്നുകളും മറ്റും സൂക്ഷിക്കുവാനുള്ള സൗകര്യക്കുറവ് എന്നിവ മൃഗസംരക്ഷണത്തിന്റെ

സുഗമമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്നു.

വേണ്ടത്ര ജനപങ്കാളിത്തമില്ലായ്മ കൊണ്ട് ഗോരക്ഷാ ക്യാമ്പ് പ്രയോജന രഹിതമാകുന്നു. കൂടാതെ ക്യാമ്പിന് അനുവദിക്കപ്പെട്ട സംഖ്യ വളരെ അപര്യാപ്തമാണ്.

കൃത്യമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ കുറവാണ്. ഉൽപ്പാദന ശേഷി കൂടുതലുള്ള സങ്കര വർഗ്ഗം പശുക്കളുടെ പരിപാലനത്തിന് ഭീമമായ ചിലവ് വരുന്നതും ഈ വർഗം പശുക്കളുടെ എണ്ണം കുറയാൻ ഇടയാകുന്നു.

കാലിത്തീറ്റ ചെറിയ വിലക്ക് ലഭിക്കുന്നില്ല. തീറ്റപ്പുൽകൃഷിക്ക് വേണ്ട രീതിയിലുള്ള പ്രചാരം ലഭിച്ചിട്ടില്ല. വൈക്കോൽ മറ്റുപ്രദേശങ്ങളിൽ നിന്നും ലോറിയിലെത്തിച്ച് അമിത വിലക്ക് വാങ്ങേണ്ടിവരുന്ന അവസ്ഥയാണുള്ളത്.

മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗികസൗകര്യങ്ങൾ അപര്യാപ്തമാണ്.

സ്വയംതൊഴിൽ സംരംഭങ്ങളിലും വനിതകൾക്കുള്ള തൊഴിൽ സംരംഭങ്ങളിലും മൃഗസംരക്ഷണ മേഖലക്ക് വളരെ കുറഞ്ഞ പ്രാധാന്യം മാത്രമേ നൽകുന്നുള്ളൂ.

കോഴിത്തീറ്റയും കാലിത്തീറ്റയും ചെറിയവിലക്ക് ലഭ്യമല്ലാത്തതിനാൽ കന്നുകാലികളെയും മുട്ടക്കോഴികളെയും ലാഭകരമായി വളർത്താൻ കഴിയുന്നില്ല.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും അനുഭവപ്പെടുന്ന പേപ്പട്ടിശല്യം മൃഗസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്നു.

## വികസന സാധ്യതകൾ

### മിനിഡയറിയൂനിറ്റ്

മൂന്ന് പശുക്കൾ വീതം അടങ്ങുന്ന മിനിഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. ഇതിൽ കൂടുതൽ പ്രാമുഖ്യം വനിതകൾക്കായിരിക്കണം.

DWCRA ധനസഹായം ഉപയോഗപ്പെടുത്തി 15 വനിതകൾ വീതം ഗുണഭോക്താക്കളായുള്ള പശുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

### കോഴിവളർത്തൽ

a) 45 ദിവസം പ്രായമുള്ള അഞ്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പഞ്ചായത്തിൽ 1000 യൂണിറ്റിൽ വിതരണം ചെയ്യുക.

### b) എഗ്ഗർ നഴ്സറി

യുവാക്കൾക്കായുള്ള ഒരു പ്രധാന തൊഴിൽസംരംഭം . 500 കോഴിക്കുഞ്ഞുങ്ങൾ ഉള്ള യൂണിറ്റുകൾ തുടങ്ങാം. മൃഗസംരക്ഷണവകുപ്പിൽ നിന്നും സാങ്കേതിക പരിശീലനം ലഭ്യമാക്കാവുന്നതാണ്.

### ഇറച്ചിക്കോഴി വളർത്തൽ

ഇറച്ചിക്കോഴികളെ വളർത്തുന്നതിനുള്ള യൂണിറ്റുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

### സ്കൂൾ പാൾട്രി ക്ലബ്

സ്കൂളുകളിലൂടെ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സമ്പ്രദായം. സ്കൂളിൽ തന്നെ വളർത്താനുള്ള സൗകര്യവുമുണ്ടായിരിക്കണം.

### ആടുവളർത്തൽ

വനിതകൾക്കും പാവപ്പെട്ടവർക്കും പ്രാമുഖ്യം നൽകിക്കൊണ്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആടുവളർത്തൽ യൂണിറ്റ് രൂപീകരിക്കുക.

### പന്നിവളർത്തൽ

5 പെൺപന്നികളും ഒരു ആൺപന്നിയും അടങ്ങിയ യൂണിറ്റ് വിലങ്ങാട് മേഖലയിൽ സാധ്യതയുണ്ട്.

സഹകരണ മേഖലയിൽ കാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാകുന്ന കേന്ദ്രങ്ങൾ രൂപീകരിക്കൽ. ഇത് കന്നുകാലിവളർത്തുകാർക്ക് ഏറെ ഉപകാരപ്രദമായിരിക്കും.

### മൃഗാസ്പത്രി.

പഞ്ചായത്തിലെ കുങ്കരനിരവുമലിലുള്ള മൃഗാസ്പത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതും പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്നുകളും മറ്റും ലഭ്യമാക്കുന്നതും മൃഗസംരക്ഷണത്തിന് കൂടുതൽ ഉപകാരപ്രദമായിരിക്കും.

മലയോര പ്രദേശമായ വിലങ്ങാട് ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു മൃഗാസ്പത്രി സ്ഥാപിക്കുക.

പഞ്ചായത്തിലെ പുറമ്പോക്കു സ്ഥലങ്ങളിലും മറ്റ് പ്രദേശങ്ങളിലും പുൽകൃഷി നടത്താനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

പദ്ധതികൾ ഗുണഭോക്താക്കൾക്ക് എത്രമാത്രം പ്രയോജനകരമാകുന്നുവെന്നറിയാൻ ഒരു ഇവാലേഷൻ കമ്മറ്റി രൂപീകരിച്ചാൽ പദ്ധതികൾ ശരിയായ രീതിയിൽ മനസ്സിലാക്കാൻ സാധിക്കും.

ആവശ്യമായ സമയത്ത് മൃഗങ്ങൾക്കും കോഴികൾക്കും പ്രതിരോധകുത്തിവെപ്പ് നൽകുക.

വിവിധഭാഗങ്ങളിൽ കാലിത്തൊഴുത്തുണ്ടാക്കാൻ ധനസഹായം നൽകുക.

10 ാം വാർഡിൽ ഗോവർഗ്യാസ് പദ്ധതി വ്യാപകമാക്കുക.

## മൽസ്യബന്ധനം

മൽസം ബന്ധനത്തിന് തീരെ പ്രാമുഖ്യം ഇല്ലാത്ത പ്രദേശമാണ് വാണിമേൽ. പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന കിലോമീറ്ററുകളോളം നീണ്ടുകിടക്കുന്ന ഒരു പുഴയും, വിവിധഭാഗങ്ങളിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന തോടുകളും ഇവുടെയുണ്ട്. മൽസ്യബന്ധനസാധ്യതകൾ കൂടുതലില്ലാത്തവയാണിവ.

പുഴയിലും തോടിലും പലതരത്തിലുള്ള മൽസ്യങ്ങൾ കാണപ്പെടുന്നു. വർഷകാലത്തിന്റെ തുടക്കത്തിലും പുഴയിൽ വെള്ളം കുറഞ്ഞ് വരുന്ന കുംഭം, മീനം മാസങ്ങളിലും മൽസ്യം പിടിച്ചു വരുന്ന സമ്പ്രദായം വർഷങ്ങൾക്കു മുമ്പ് തന്നെ ഇവിടെയുണ്ടായിരുന്നു. മാലാൻ, കയിച്ചിൽ, ചേറീൻ, കടുങ്ങാലി, ചെമ്പല്ലി, കടു, പൊട്ടൻ, മുഷു, ആരൽ, വലാത്തൻ തുടങ്ങിയവ ഇവിടെത്തെ പരമ്പരാഗത മൽസ്യങ്ങളാണ്. ഇവയിൽ മാലാൻ, കയിച്ചിൽ, കടുങ്ങാലി, ചെമ്പല്ലി, കടോളി തുടങ്ങിയ ഇനങ്ങൾ വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ലഭിച്ചിരുന്ന പലമൽസ്യങ്ങളും ഇന്ന് കാണാനേയില്ല. അശാസ്ത്രീയമായ മൽസ്യപിടുത്തവും, നഞ്ച് പോലെയുള്ള മാരകമായ വിഷപദാർത്ഥങ്ങൾ വെള്ളത്തിൽ കലർത്തുന്നതും മൽസ്യങ്ങളുടെ നാശത്തിന് കാരണമായിത്തീരുന്നു.

പുഴയിൽ നിന്നും തോടുകളിൽനിന്നും മൽസ്യം പിടിക്കുന്നത് ഒരു വിനോദമായി കണ്ട ധാരാളം പേർ മുൻകാലങ്ങളിൽ ഇവിടെയുണ്ടായിരുന്നു. എന്നാൽ മൽസ്യങ്ങളുടെ അപക്ഷയവും, പിടിക്കുന്നതിലുള്ള നൈപുണ്യമില്ലായ്മയും അടുത്തകാലത്തായി ജനങ്ങൾക്ക് ഇതിനോടുള്ള കമ്പം കുറഞ്ഞ് വന്നിരിക്കുകയാണ്. വിവിധ തരത്തിലുള്ള വലകൾ, മൽസ്യക്കൂട്, ചൂണ്ട എന്നിവയാണ് പ്രധാനമായും മൽസ്യം പിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ മിനുട്ടുകളോളം വെള്ളത്തിൽ മുങ്ങി മൽസ്യം പിടിക്കുന്ന വിരുതൻമാരും ഈ പ്രദേശത്തുണ്ടായിരുന്നു.

ദീർഘമേറിയ പുഴയും തോടും വേണ്ടത്ര കുളങ്ങളുമുള്ള ഈ പഞ്ചായത്തിൽ ശുദ്ധജല മൽസ്യകൃഷി സമ്പ്രദായത്തിന് തുടക്കം കുറിക്കാൻ സമയമായിരിക്കുന്നു.

മൽസ്യവിപണനം ജീവിതോപാധിയായി സ്വീകരിച്ച ധാരാളം പേർ വാണിമേലിലുണ്ട്. പഞ്ചായത്തിന്റെ കീഴിൽ എവിടെയും മൽസ്യവിപണനകേന്ദ്രം ഇല്ല എന്നത് ഏറെ ദുഃഖകരമാണ്. വാണിമേലിന്റെ ആസ്ഥാനമായ ഭൂമിവാതുക്കലിലുള്ള പഞ്ചായത്തിലെ മറ്റ്പ്രദേശങ്ങളിൽ റോഡ്സൈഡുകളിലാണ് മൽസ്യവിൽപ്പന നടത്തുന്നത്. ഇത് പലപ്പോഴും റോഡുകളിൽ മാലിന്യം അടിഞ്ഞുകൂടാനും ദുർഗന്ധം വമിക്കാനും ഇടയാക്കുന്നു. കുറച്ച് വർഷങ്ങൾ മുമ്പ് വരെ കൊണ്ടുപോയി വിൽപ്പനനടത്തിയത് തലയിൽ ചുമന്ന് കൊണ്ടായിരുന്നു. ഇന്ന് അതിന്റെ സ്ഥാനത്ത് സൈക്കിളുകളാണ് ഉപയോഗിക്കുന്നത്. കൂടാതെ സ്കൂട്ടർ പോലെയുള്ള ഇരുചക്രവാഹനത്തിൽ കൂടിയും മൽസ്യവിൽപ്പന നടന്നുവരുന്നു.

മൽസ്യബന്ധനത്തിനോ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കോ നടപ്പുപദ്ധതിയിൽ ഒന്നും ചിലവഴിച്ചിട്ടില്ല.

### പ്രശ്നങ്ങൾ

കുളങ്ങളിൽ മൽസ്യക്കൃഷി നടത്താൻ താൽപര്യമുള്ളവർക്ക് മൽസ്യക്കുഞ്ഞുങ്ങളെ ലഭിക്കാൻ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നു.

മൽസ്യവിൽപനകേന്ദ്രത്തിലെ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങളുണ്ടാക്കുന്നു.

പുഴകളിലെയും തൊടികളിലെയും അശാസ്ത്രീയ മായ മൽസ്യപിടുത്തം മൽസ്യങ്ങളുടെ നാശത്തിന് കാരണമാകുന്നു.

പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ മൽസ്യവി പണനശാലകൾ ഇല്ലാത്തത് തൊളിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

## വികസന സാധ്യതകൾ

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള കുളങ്ങൾ ശുദ്ധജല മൽസ്യകൃഷിനടത്താൻ ഉപയുക്തമാക്കുക.

ശുദ്ധജല മൽസ്യകൃഷി നടത്താൻ താൽപര്യമു ള്ളവർക്ക് മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

പ്രധാന കേന്ദ്രങ്ങളിലെങ്കിലും മൽസ്യവിപണന ത്തിന് മഴകൊള്ളാത്ത വിധത്തിലുള്ള സൗകര്യങ്ങ ളുണ്ടാക്കുക.

പുഴയിലേയും തൊടിയിലേയും അശാസ്ത്രീയ രീതി യിലുള്ള മൽസ്യപിടുത്തുവും, നഞ്ഞത് പോലുള്ള വിഷ പദാർത്ഥങ്ങൾ വെള്ളത്തിൽ ചേർക്കുന്നതും തടഞ്ഞാൽ പരമ്പരാഗത മത്സ്യങ്ങളുടെ വംശനാശം ഇല്ലാതാക്കാൻ സാധിക്കും.

## വ്യവസായം

1962 ൽ പഞ്ചായത്ത് രൂപീകൃതമായതു തൊട്ടുള്ള ചരിത്രം പരിശോധിച്ചാൽ വ്യാവസായിക മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായതായി കാണുന്നില്ല. തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവ സായികമായി വാണിമേൽ പഞ്ചായത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്.

പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവ സായങ്ങളും ഈ പഞ്ചായത്തിൽ വളരെ വിരളമാണ്. ആദിവാസിമേഖലയിൽ കുടിൽ വ്യവസായമായി 'ചൂരൽ കൊട്ട' 'മീൻകൂട്' ഈറ്റ കൊണ്ടുള്ള പല തരം കൊട്ടകൾ എന്നിവ ഉണ്ടാക്കിയിരുന്നു. എന്നാൽ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും സമുദാ യരംഗത്തുണ്ടായ ഉണർവിനെ തുടർന്ന് പരമ്പരാ ഗത തൊഴിലിനോട് ആഭിമുഖ്യവും കുറഞ്ഞതു ഈ രംഗത്ത് ഉണ്ടായ തകർച്ചക്ക് കാരണമാണ്.

1981 ൽ 20 ചെറുകിട വ്യവസായ യൂണിറ്റുകളി ലായി 83 തൊഴിലാളികളാണ് ഉണ്ടായിരുന്നത്. 1991 ൽ ചെറുകിട വ്യവസായങ്ങളുടെ എണ്ണം 33 ആയി ഉയർന്നു എന്നാൽ തൊ ഴിലാളികളുടെ എണ്ണം 115 ആയി മാത്രമേ വർദ്ധിച്ചുള്ളൂ.

തൊഴിലാളികളിൽ ഭൂരിഭാഗവും കാർഷിക മേഖ ലയിൽ ഏർപ്പെട്ടിരിക്കുന്നു. തൊഴിൽ മേഖലയു മായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന തൊഴിലാളികളുടെ 2 ശതമാനം മാത്രമാണ് വ്യാവ സായിക മേഖലയിൽ വരുന്നുള്ളൂ. പഞ്ചായത്തിൽ ഗണ്യമായ കണക്കുകളനുസരിച്ച് രജിസ്റ്റർ ചെയ്തി രിക്കുന്ന 49 യൂണിറ്റുകളിലായി 296 തൊഴിലാളി കൾ ജോലി ചെയ്യുന്നുണ്ട്.

തടി വ്യവസായവുമായി ബന്ധപ്പെട്ട 7 യൂണിറ്റു കളിലായി 92 പേരും ഭക്ഷ്യ വസ്തു സംസ്കരണം, ഇഞ്ചിനീറിഗ് മേഖലകളിൽ 27 ഓളം പേരും തൊഴിൽ ചെയ്യുന്നു.

## വ്യവസായ യൂനിറ്റുകളെ സംബന്ധിച്ച വിവര ങ്ങൾ

വ്യവസായ യൂണിറ്റുകളെല്ലാം സ്വകാര്യമേഖല യിലാണ്. വൻകിട വ്യവസായങ്ങളൊന്നും തന്നെ ഇല്ല. പഞ്ചായത്തിലെ വ്യാവസായിക മേഖലയിലെ ജന പങ്കാളിത്തം 0.44% മാത്രമാണ്.

ചെറുകിട വ്യവസായ യൂനിററുകളിൽ പ്രമുഖ സ്ഥാനം തടിയുമായി ബന്ധപ്പെട്ട വ്യവസായത്തി നാണ്. ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിദഗ്ദ തൊഴിലാളികളുടെ അഭാവവും മരത്തിന്റെ ലഭ്യത കുറവുമാണ്. പഞ്ചായത്തിൽ ആകെയുള്ള 10 തടിവ്യവസായ യൂനിറ്റിൽ 2 എണ്ണം അറപ്പുമില്ലു കളും ബാക്കി 8 എണ്ണം ഫർണിച്ചർ നിർമ്മാണ യൂണിറ്റുമാണ്.

പാലുമായ ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുന്നതാണ് ഇവിടെ പ്രവർത്തിക്കുന്ന 28 ഭക്ഷ്യ വസ്തു സംസ്കരണ യൂനിറ്റുകൾ. ആവ ശ്യമായ പാലിന്റെ ലഭ്യത കുറവാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. കൂടാതെ ആവശ്യത്തിന് വൈദ്യുതി യഥാവിധി കിട്ടാത്തതും ഈ രംഗത്തെ ഒരു പ്രശ്ന മാണ്.

കേരള സർക്കാറിന്റെ കൃഷി വകുപ്പിന്റെ ഭാഗ മായി നടപ്പിലാക്കുന്ന നീർമറി വികസന പദ്ധതി

## വ്യവസായ യൂനിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വ്യവസായത്തിന്റെ തരം | തൊഴിലാളികളുടെ എണ്ണം | | ആകെ യൂനിറ്റ് | ആകെ തൊഴിലാളികൾ |
|---|---|---|---|---|---|
| | | 20 ൽ കുറവ് | 20 ൽ കൂടുതൽ | | |
| 1 | തടി | 8 | 2 | 10 | 92 |
| 2 | ഭക്ഷ്യവസ്തു സംസ്കരണം | 2 | ---- | 2 | 24 |
| 3 | ടൈലറിങ്ങ് യൂനിറ്റ് | 11 | ---- | 11 | 85 |
| 4 | ഇഞ്ചിനീയറിഗ് | 3 | ---- | 3 | 24 |
| 5 | ഇലക്ട്രോണിക്സ് | 7 | ---- | 7 | 21 |
| 6 | സ്റ്റോൺ ക്രഷർ & അനുബന്ധം | 1 | 1 | 1 | 22 |
| 7 | ഓയിൽ മിൽ | 3 | ---- | 3 | 6 |
| 8 | പ്രിന്റിഗ് പ്രസ്സ് | 4 | ---- | 4 | 6 |
| 9 | ഫ്ളവർ മിൽ | 4 | ---- | 4 | 6 |
| 10 | മെഴുകുതിരി നിർമ്മാണം | 1 | ---- | 1 | 1 |
| 11 | മറ്റുള്ളവ | 3 | ---- | 3 | 9 |
| 12 | ആകെ | 46 | 3 | 49 | 296 |

പ്രകാരം 6 യൂനിറ്റുകളിലായി 25 വനിതകളും ബാക്കി വരുന്ന 5 യൂനിറ്റുകളിലായി 25 പേരും ടെയിലറിംഗ് മേഖലയിൽ ജോലി ചെയ്യുന്നു. നൂലിന്റെ ക്രമാതീതമായ വിലക്കയറ്റവും വിദഗ്ദ പരിശീലനത്തിനുള്ള കുറവും ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

വൈദ്യുതിയുടെ ആവശ്യാനുസരണമുള്ള ലഭ്യത കുറവും, സാങ്കേതിക വൈദഗ്ദ്യം നേടാനുള്ള അവസരകുറവും ഇലക്ട്രോണിക്സ്, ഇഞ്ചിനിയറിഗ് രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

1996 മുതൽ, ഉരുട്ടിയിൽ, വ്യവസ്ഥാപിതമായ രീതിയിൽ ഒരു സ്റ്റോൺ ക്രഷർ പ്രവർത്തിച്ചുവരുന്നു. ഇതിൽ പ്രത്യക്ഷമായി രണ്ടു തൊഴിലാളികൾ പണിയെടുക്കുന്നു. സ്റ്റോൺ ക്രഷറുമായി ബന്ധപ്പെട്ട്, അനുബന്ധമായി 20 ഓളം തൊഴിലാളികൾ വിവിധ തുറകളിൽ ഏർപ്പെട്ടിരിക്കുന്നു. ദിവസം 10 ലോഡ് മെറ്റൽ ഉൽപ്പാദനമാണ് ഇതിന്റെ സ്ഥാപിത ശേഷി. ഉപോൽപ്പന്നമായി പാറപ്പൊടിയും റോഡ് ടാർ ചെയ്യാനുപയോഗിക്കുന്ന ചിപ്സും ഉൽപ്പാദിപ്പിക്കുന്നു. ഒരസംസ്കൃതവസ്തുവായ കരിങ്കൽ ക്വാറികൾ ഈ ഭാഗത്ത് സുലഭമാണ്. വൈദ്യുതി ക്ഷാമവും വിദഗ്ദ തൊഴിലാളികളുടെ അഭാവവുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

പ്രിന്റിംഗ് പേപ്പറിന്റെ അടിക്കടിയുള്ള വിലക്കയറ്റവും, വൈദ്യുതിക്ഷാമവും , വിദഗ്ദ തൊഴിലാളികളുടെ അഭാവവും ആണ് അച്ചടി രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

വർഷങ്ങളായി കുളപ്പറമ്പിൽ പ്രവർത്തിച്ചുവരുന്ന മെഴുകുതിരി നിർമ്മാണയൂണിറ്റ് ഒരു ചെറുകിട വ്യവസായമാണ്. ആവശ്യാനുസരണമുള്ള മെഴുകിന്റെ ലഭ്യതകുറവും വിപണന രംഗത്തെ തന്ത്രങ്ങളുടെ അപര്യാപ്തതകളും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും വിപണന രംഗത്ത് പുത്തൻ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്താൽ വാണിമേൽ പ്രദേശത്തുള്ളവർക്ക് ആവശ്യമുള്ളത്ര മെഴുകതിരി ഇവിടെ ഉല്പാദിപ്പിക്കാൻ സാധിക്കും.

### പ്രശ്നങ്ങൾ

ആദ്യകാലങ്ങളിൽ 90 % ജനങ്ങളും കാർഷിക മേഖലയിൽ വ്യാപൃതരായി. കൃഷിഭൂമിയുടെ ദൗർലഭ്യവും ജലസേചനപദ്ധതികളുടെ കുറവും മണ്ണിന്റെ ഫലഭൂയിഷ്ടത കുറഞ്ഞതും ജനങ്ങളെ കാർഷിക മേഖലയിൽ നിന്നും അകറ്റി കൊണ്ടിരിക്കുന്നു. ഒരു വിഭാഗമാളുകൾ ഗൾഫിലേക്കും മറ്റും ചേക്കേറി. കാർഷിക മേഖലയിലെ തൊഴിലാളികൾ നിർമ്മാണ രംഗത്തേക്ക് മാറി. ഇതിനെ തുടർന്ന് സ്ത്രീ തൊഴിലാളികൾ അപകടകരമായ തൊഴിൽ ചെയ്യേണ്ടിവരുന്നു. ഉപഭോക്തൃസംസ്ക്കാരത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ശക്തി പ്രാപിക്കുകയും ചെയ്തു. ഉല്പാദിപ്പിക്കുന്നതിനു പകരം വിലകൊടുത്തു വാങ്ങാനുള്ള ത്വര ജനങ്ങളിൽ വർദ്ധിച്ചു.

തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യർ അനുദിനം കൂടി കൂടി വരുന്നു. ഇത്തരം യുവതീ യുവാക്കളുടെ കർമ്മ ശേഷി പ്രയോജനപ്പെടുത്തി സഹകരണമേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാം. ഗൾഫ് മേഖലയിൽ നിന്നും മറ്റുമുള്ള സാമ്പത്തിക സഹകരണം ഈ രംഗത്ത് മുതൽ കൂട്ടാവുന്നതാണ്.

കൃഷിയുമായി ബന്ധപ്പെട്ട വ്യവസായങ്ങളൊന്നും തന്നെ ഈ പ്രദേശത്ത് ആരംഭിച്ചിട്ടില്ല. വർഷത്തിൽ 1,95288800 തേങ്ങ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങളൊന്നും ഇവിടെ ആരംഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കയർ വ്യവസായം, എണ്ണയാട്ടു കേന്ദ്രം, കൊപ്രസംസ്കരണം, ചിരട്ട ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം, തുടങ്ങിയവ ആരംഭിക്കാവുന്നതാണ്. കൂടുതലും കാർഷിക തൊഴിലാളികൾ അധിവസിക്കുന്ന ഈ പ്രദേശത്ത് ഇത്തരം സംരംഭങ്ങൾ തൊഴിലാളികളെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കാനും അതുവഴി കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താനും, കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനും ഇത് പ്രയോജനപ്പെടും.

ഈ പഞ്ചായത്തിലെ കുടിയേറ്റ മേഖലയിലെ പ്രധാന കൃഷി റബ്ബറാണ്. വർഷത്തിൽ 2,37500 k.g റബ്ബർ ഉല്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഉല്പാദനം മൂന്നു വർഷമാവുമ്പോൾ 30 ലക്ഷം കിലോ കവിയും. ഇങ്ങിനെ ഉല്പാദിപ്പിക്കപ്പെടുന്ന റബ്ബർ ഉപയോഗിച്ച് റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തിൽ 140 ഹെകടർ സ്ഥലത്ത് കശു വണ്ടി കൃഷി ചെയ്യുന്നുണ്ട്. ഏകദേശം 1,16200kg കശുവണ്ടി ഉല്പാദിപ്പിക്കുന്നുണ്ട്. ഇതുപയോഗിച്ച് ചെറുകിട വ്യവസായ യൂനിറ്റുകളായ food prourising unit കൾ കശുമാങ്ങ ഉപയോഗിച്ചുള്ള മറ്റു ഭക്ഷ്യ വസ്തു സംസ്കര യൂനിറ്റുകൾ എന്നിവ ആരംഭിക്കാ വുന്നതാണ്.

## സാധ്യതകൾ

കൊപ്ര സംസ്കരണം, കയർ യൂണിറ്റ്, എണ്ണ യാട്ടു കേന്ദ്രം, ചിരട്ട ഉപയോഗിച്ചുള്ള കരകൗശല ഉല്പന്ന നിർമ്മാണം, ഓല മടച്ചിൽ. എന്നിവയ്ക്ക് സാധ്യത ഉണ്ട്.

ഭക്ഷ്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പാൽസംസ്ക്കരണ യൂനിറ്റ്, അച്ചാർ നിർമ്മാണം, അവിൽ നിർമ്മാണ യൂണിറ്റ്, തേങ്ങാ പൊടി, തേങ്ങാ വെള്ളം കൊണ്ടുള്ള വിനാഗിരി നിർമ്മാണം, കശു വണ്ടി പരിപ്പ് സംസ്കരണകേന്ദ്രം, മസാലപ്പൊടി നിർമ്മാണ യൂണിറ്റ്, ഇറച്ചിക്കോഴി വളർത്തു വ്യവ സായം, ചിപ്സ് നിർമ്മാണ യൂണിറ്റ് , പഴം സംസ്ക്ക രണ യൂണിറ്റ്, മുതലായവ തുടങ്ങാനാവശ്യമായ സാഹചര്യമുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകളായെ സോപ്പു നിർമ്മാണം വുഡ് പ്രൊസസിംഗ് യൂനിറ്റ്, പോളി ത്തീൻബാഗ്/പ്ലാസ്റ്റിക്ക് ബോട്ടിൽ നിർമ്മാണം, റെഡി മയ്ഡ് വസ്ത്രനിർമ്മാണം, കൈത്തറി വസ്ത്ര നിർമ്മാണ പരിശീലന കേന്ദ്രം, തുടങ്ങിയവ ആരംഭി ക്കാനുള്ള സൗകര്യവുമുണ്ട്.

റബ്ബറദിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കാം കാർഷികോല്പന്നങ്ങളുപയോഗിച്ചുള്ള മൾട്ടി കോംപ്ലക്സ് സ്ഥാപിക്കാം. സൂപ്പർവൈറ്റ്, പെനോ യിൽ, കാലിത്തീറ്റ നിർമ്മാണം ആരംഭിക്കാം, പഞ്ചാ യത്തിന്റെ അധീനതയിലുള്ള ഉപയോഗിക്കാതെ കിട ക്കുന്ന റവന്യൂ ഭൂമി വ്യവസായ സംരംഭങ്ങൾ ആരം ഭിക്കാൻ ഉപയോഗപ്പെടുത്താം.

പപ്പട നിർമ്മാണ യൂണിറ്റുകൾക്ക് സാധ്യതയുണ്ട് 'ചൂരൽ കുട്ട' നിർമ്മാണ യൂനിറ്റുകൾ ആരംഭിക്കാം. ചെങ്കൽ വ്യവസായം, സിമന്റ് ഉപയോഗിച്ചുള്ള ഹോളോ ബ്രിക്സ് നിർമ്മാണ യൂനിറ്റ് എന്നിവ സാദ്ധ്യ തയുള്ളവയാണ്.

## ഊർജ്ജം ഗതാഗതം മാർക്കറ്റ്

വാണിമേൽ പഞ്ചായത്തിൽ ഉപയോഗിക്കപ്പെ ടുന്ന ഊർജ്ജത്തിന്റെ സിംഹഭാഗവും ഗർഹികമേഖ ലയിലാണ്. വ്യാവസായിക-വാണിജ്യ- കാർഷിക മേഖലകളിലും ഊർജ്ജോപയോഗം ഒഴിച്ചു കൂടാ ത്തതാണ്.

ഗർഹികമേഖലകളിൽ ഊർജ്ജത്തിന്റെ ഉപ ഭോഗം 80% പാചകാവശ്യങ്ങൾക്കാണ് പാചകാവ ശ്യങ്ങൾക്കായി വിറക് , മണ്ണെണ്ണ, കരി, ഗ്യാസ്, ബയോ ഗ്യാസ്, എന്നിവ ഉപയോഗിച്ചു വരുന്നു. ഈ മേഖല യിൽ തന്നെ വൈദ്യുതി ധാരാളമായി ഉപയോഗി ക്കുന്നു. കേരളത്തിലെ പ്രധാന ഉപജീവന മാർഗ്ഗ മായ തെങ്ങ് കൃഷി വാണിമേൽ പ്രദേശത്തെ ജനങ്ങ ളുടെയും പ്രധാന ഉപജീവന മാർഗ്ഗം. ഇവിടെ 325480 തെങ്ങുകളുണ്ട്. കല്പ വൃക്ഷത്തിന്റെ തെങ്ങോല, മടൽ , തൊണ്ട്, കൊതുമ്പ്, എന്നിവ യഈ മേഖല യിൽ വിറകായി ഉപയോഗിക്കുന്നു. 1960 കളിൽ അവരവർക്ക് ആവശ്യമായ വിറകിനേക്കാൾ കൂടു തൽ തെങ്ങുൽപ്പന്നങ്ങൾ ലഭിച്ചിരുന്നു. അവശേഷിച്ചു വരുന്നവ പറമ്പിൽ തന്നെ കത്തിച്ച് ചാരവളമാക്കുക യായിരുന്നു. പതിവ്. എന്നാൽ ജനസാന്ദ്രത കൂടിയ ഇക്കാലത്ത് വിറകിന് ക്ഷാമം നേരിട്ടു കൊണ്ടിരിക്കു കയാണ്. മലമ്പദേശത്ത താമസിക്കുന്നവർക്ക് വിറക് സംഭരിക്കുകയെന്നത് വലിയ പ്രയാസമില്ല.

വ്യാവസായിക വാണിജ്യമേഖലകളിൽ ഊർജ്ജ ത്തിന്റെ ഉപഭോഗത്തിൽ പ്രധാനമായും വൈദ്യുതി യാണ്. എന്നാൽ വിറക്, മണ്ണെണ്ണ, ഗ്യാസ് പെട്രോൾ ഗ്യാസ്, ഡീസൽ എന്നിവയും ഇതിന് ഉപയോഗി ക്കുന്നു.

ഈ പഞ്ചായത്തിലെ ചരിത്രം പരിശോധിച്ചാൽ പ്രധാന ഊർജ്ജ സ്രോതസ്സായ വൈദ്യുതി കേരളപ്പി റവിക്കു ശേഷം ഏകദേശം 8 വർഷത്തോളം ഈ പ്രദേശത്തകാർക്ക് അന്യമായിരുന്നു. ഈ കാലഘട്ട ത്തിൽ ഗാർഹികമേഖലയിൽ വെളിച്ചത്തിന് ജന ങ്ങൾ മണ്ണെണ്ണ വിളക്കിനെയാണ് ആശ്രയിച്ചിരുന്നത്. കടകളിലും കാളവണ്ടികളിലും മത്സ്യബന്ധനത്തിനും മണ്ണെണ്ണ നിറച്ച റാന്തൽ വിളക്കുകൾ ഉപയോഗിച്ചു വന്നു. ആഘോഷ വേളകളിൽ കൂടുതൽ പ്രകാശം ലഭിക്കാൻ കാന്തവിളക്ക് എന്നറിയപ്പെട്ടിരുന്ന പെട്രോൾ മാക്സുകളായിരുന്നു ഉപയോഗിച്ചുപോ

ന്നത്. രാത്രികാല സഞ്ചാരത്തിന് ഇന്നത്തെ സർവ്വ് ലൈറ്റിലന്റെ സ്ഥാനത്ത് ജനങ്ങൾ തെങ്ങോല ചൂട്ട കൾ , പാനൂസ്, എന്നിവ വ്യാപകമായി പ്രചാരത്തി ലുണ്ടായിരുന്നു. ആ കാലഘട്ടങ്ങളിൽ കല്ലാച്ചിയിൽ നിന്ന് വാണിമേലിലേക്ക് രാത്രികാലങ്ങളിൽ കാൽന ടയായി വരുന്നവർക്ക് തെങ്ങോലകൾ ചൂട്ടകൾ വില്പന നടത്തി,ഉപജീവനമാർഗ്ഗം കണ്ടെത്തിയവ രുണ്ടായിരുന്നു.

1961 ശേഷമാണ് വൈദ്യുതി വാണിമേൽ പഞ്ചാ യത്തിൽ പ്രയോഗവൽക്കരിക്കപ്പെട്ടത്. ആദ്യകാല യളവിൽ വിരലിലെണ്ണാവുന്ന വിടുകളിൽ മാത്രമേ വൈദ്യുതി ലഭിച്ചിരുന്നുള്ളൂ. കാലക്രമത്തിൽ വൈദ്യു തിയുടെ പ്രാധാന്യം മനസ്സിലാവുകയും ഇപ്പോൾ 1688 വീടുകളിൽ വൈദ്യുതോർജ്ജം ഉപയോഗിച്ചു വരുന്നു.

വ്യാപാരരംഗത്ത് 300 സ്ഥാപനങ്ങളും വ്യാവ സായിരംഗത്ത് 14 സ്ഥാപനങ്ങളും കാർഷികരംഗത്ത് 59 ഉപഭോക്താക്കളും ഈ മേഖലയിലുണ്ട്.കൂടാതെ 79 തെരുവിളക്കുളും ഈ പ്രദേശത്ത് പ്രകാശി ക്കുന്നു.ഇവയിൽ 13 സോഡിയം വേപ്പർ ലാമ്പുക ളുണ്ട്. എന്നിരുന്നാലും ചില പ്രധാന നിരത്തുകളിൽ തെരുവിളക്കുകൾ ഇപ്പോഴും സ്ഥാപിക്കപ്പെട്ടില്ല. ഇതു വരേയായിട്ടും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഭാഗത്തും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. കിടത്തോത്ത് മുക്ക്. മുളിവയൽഭാഗം, കറക്കിലോട്ടു കുന്ന്, വെള്ളിയോടു ഭാഗം, പുഴമൂല, കരുവളം, തൊമ്മിയോട്, വാളാം തോട്, കൂളിക്കുന്ന്, പച്ചപ്പാലം, മികാരി തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുത വിത രണ സമ്പ്രദായം നിലവിലില്ല. ആദിവാസി പ്രദേശ ങ്ങളിൽ നിരന്തരമായി ആവശ്യപ്പെട്ടിട്ടും വൈദ്യുതി എത്തിയിട്ടില്ല.

സാമ്പത്തികമായി പുരോഗമിച്ചവർ പാചകാവ ശ്യത്തിനായി ഗ്യാസ്, മണ്ണെണ്ണ എന്നിവ ഉപയോഗി ച്ചുവരുന്നുണ്ട്. യഥാർത്ഥത്തിൽ ഗ്യാസ് ഉപയോഗി ക്കുന്നതാണ് സാമ്പത്തിക ലാഭം. കാരണം ഗ്യാസ് ഉപയോഗത്തിൽ 6 രൂപ മുടക്കിയാൽ ലഭിക്കുന്ന ത്രയും കലോറി താപോർജ്ജം ലഭിക്കാൻ 12 രൂപ യുടെ വിറക് ചെലവാകുന്നു. എന്നാൽ സംസ്ഥാന ത്തിന്റെ മേൽപറഞ്ഞ കണക്കുകൾ വാണിമേൽ കാരെ സംബന്ധിച്ചിടത്തോളം പൂർണമായും ശരിയല്ല. കാരണം ഈ മേഖലയിൽ വിറക് മുതൽ മുടക്കി സംഭരിക്കേണ്ട അവസ്ഥ നിലവിലില്ലെങ്കിലും അതി വിദൂരമല്ലാത്ത ഭാവിയിൽ രൂക്ഷമായ ഇന്ധനക്ഷാമം നേരിടാൻ സാധ്യതയുണ്ട്.

## നടപ്പുപദ്ധതികൾ

ഈ പഞ്ചായത്തിൽ വൈദ്യുതേർജ്ജ വിതരണ സംവിധാനത്തിന് 13 ട്രാൻസ്ഫോമറുകൾ നിലവി ലുണ്ട്. വയൽപീടിക, കുയതേരി, കുളപ്പറമ്പ്, ഭൂമി വാതുക്കൽ, വെള്ളിയോട്, പരപ്പുപാറ, പുതുക്കയം, വാളാംതോട്, അടൂപ്പിൽകെട്ടിൽ, വിലങ്ങാട്, മഞ്ഞ ക്കുന്ന്, വായാട് എന്നീ സ്ഥലങ്ങളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. സ്ട്രീറ്റിലൈറ്റിന് പ്രതിമാസം പഞ്ചാ യത്ത് 1122 രൂപ അടയ്ക്കുന്നു.

വിലങ്ങാട് ഫീഡർ ഈയടുത്ത കാലത്തായി ചാർജ്ജ് ചെയ്തു. ഇതിന്റെ മെച്ചം വാണിമേൽ, വളയം, കുന്നുമ്മൽ, നാദാപുരം പഞ്ചായത്തുകൾക്ക് ലഭിക്കുന്നുണ്ട്.

താഴെ കൊടുത്ത ചില പദ്ധതികൾക്ക് ഗവൺമന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ വൈദ്യുതി സാമഗ്രിക ളുടെ ലഭ്യതക്കുറവും ചില നിയമ തടസ്സങ്ങളും ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്നു.

1. വാണിമേൽ ട്രാൻസ്ഫോമർ മുതൽ മിയ്യർ ട്രാൻസ്ഫോമർവരെ പുതിയ ലൈൻ വലിച്ച് എട യിൽ പീടികയിൽ പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കും.

2. 22 പേർക്ക് പുതുതായി കണക്ഷൻ ലഭിക്കാൻ ഉത കുന്ന വിധത്തിൽ ആലിമൂലയിൽ ഒരു ത്രീഫേസ് ലൈൻ 650 മീറ്റർ വലിക്കും.

3. 71 കണക്ഷൻ ലഭിക്കുന്ന വിധത്തിൽ 2.57 കി. മീ. ദൈർഘ്യത്തിൽ 3 ഫേസ് ലൈൻ (100 k. v) കൂളി ക്കുന്ന് പ്രദേശത്ത് ടെണ്ടർ ആയതായിരുന്നു. ഇപ്പോൾ വർക്ക് വേണ്ട എന്ന് ബോർഡ് തീരുമാനിച്ചിരിക്ക യാണ്.

4. വെള്ളിയോട്-ഏയാറ്റിൽ താഴെ 98 കണക്ഷൻ ലഭി ക്കുന്ന വിധത്തിൽ 100 k.v ട്രാൻസ്ഫോമർ 600-11 k.v ലൈൻ 1.89 കി.മീ ദൈർഘ്യത്തിൽ ത്രീഫേസും

510 മീ സിംഗിൾ ഫേസുമായ പദ്ധതിയുണ്ട്.

5. 70 കണക്ഷൻ ലഭിക്കുന്ന വിധത്തിൽ 100 k.v ട്രാൻസ്ഫോമർ 2-5 കി.മീ. 3 ഫേസ് കുന്നുകുളത്തിൽ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ട്.

6. മിറ്റാരി 100 k.v ട്രാൻസ്ഫോർമർ 79 കണക്ഷൻ 11 k.v

6 k. m ദൈർഘ്യത്തിൽ ത്രീ ഫേസ് പദ്ധതി.

7. ചാപ്പ കെട്ടിയ പറമ്പ് 100 k.v, 90 മീ, 11 k.v വലിപ്പ് 950 മീറ്റർ ത്രിഫേസ് കണക്ഷൻ.

8. കരുകുളം 100 k.v. ട്രാൻസ്ഫോമർ 1. k., ദൈർഘ്യത്തിൽ 42 കണക്ഷൻ ലഭിക്കുന്ന പദ്ധതി.

9. അഗ്രികൾച്ചറൽ സ്കീം പ്രകാരം 2 ട്രാൻസ്ഫോമർ ഈ മേഖലയിൽ പാസ്സായിട്ടുണ്ട്. എന്നാൽ കൊമ്മിയോട്ട് പിന്നീട് അപേക്ഷ കൊടുക്കാത്തത് കൊണ്ട് വാങ്ങാൻ കഴിഞ്ഞില്ല. k. c മുക്ക് 100 k.v ട്രാൻസ്ഫോമർ ടെൻ ആരംഭിക്കും. കമ്പികളുടെ ക്ഷാമം മൂലമാണ് നീണ്ടു പോകുന്നതെന്ന് അധികാരികൾ പറയുന്നു.

10. പരപ്പുഹറ പ്രൈമറി ഹെൽത്ത് സെന്ററിന്റെ വയർ ചെയ്ത കടലാസ് കൊടുത്താൽ ഉടൻ കണക്ഷൻ ലഭിക്കും.

11. അടുപ്പിൽ കോളനിയിൽ ഇലക്ട്രിക്കൽ ഇൻസ്പക്ടറുടെ റിപ്പോർട്ട് കിട്ടാത്തത് കൊണ്ട് കണക്ഷൻ ലഭിച്ചില്ല.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഊർജ്ജരംഗത്തെ ചില പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

13 ട്രാൻസ്ഫോമറുകൾ വൈദ്യുതോർജ്ജ സ്രോതസ്സുകളായി പ്രവർത്തിക്കുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ചില പ്രദേശങ്ങളിൽ രാത്രികാലങ്ങളിൽ 10 നും 12 നും ഇടയ്ക്കാണ് വോൾട്ടേജ്.

പഞ്ചായത്തിലെ പ്രധാന ജലവിതരണ കേന്ദ്രമായ ഭൂമിവാതുക്കൽ ശുദ്ധജല വിതരണ പദ്ധതി നിരന്തരമായ വോൾട്ടേജ് ക്ഷാമം മൂലം വേനൽക്കാലങ്ങളിൽ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നു.

വ്യാപകമായ വോൾട്ടേജ് സ്റ്റബ്ലൈസറുകളുടെ ഉപയോഗം സൃഷ്ടിക്കുന്ന വോൾട്ടേജ് ക്ഷാമം.

പാചകഗ്യാസ് ഉപയോഗിക്കുന്നതിലുള്ള പരിജ്ഞാനക്കുറവ് മൂലം ജനങ്ങൾ ഇതിന്റെ ഉപഭോഗത്തിന് വിമുഖത കാണിക്കുന്നു.

ഗ്യാസ് ലഭിക്കുന്നതിനുള്ള കാലതാമസം മൂലം ജനങ്ങൾ പ്രസ്തുത ഉപയോഗത്തിൽ നിന്നും പിറകിലോട്ട് പോകുന്നു.

മലയോരമേഖലയിലെ വൈദ്യുതിയുടെ അപര്യാപ്തത മൂലം ഈ മേഖലയിലെ വികസനം വഴിമുട്ടി നില്കുന്നു.

## സാധ്യതകൾ

വിലങ്ങാട്, കൂളിക്കുന്ന് എന്നിവിടങ്ങളിൽ മാഹി ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നു.

അംഗീകാരം ലഭിച്ച ട്രാൻസ് ഫോമറുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ അവ എത്തിക്കണം

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന സംവിധാനത്തെ കുറിച്ച് പഠിച്ച് അവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

സോളാർ വൈദ്യുതിയെ പ്രോൽസാഹിപ്പിക്കണം.

ആവശ്യമായ KSEB സ്റ്റാഫിനെ പഞ്ചായത്തിന് കൈമാറണം.

പാചക ഗ്യാസ് ഉപയോഗത്തെ സംബന്ധിച്ച് പരിശീലനം നൽകണം.

## മാർക്കറ്റ്

വാണിമേൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പൊതുമാർക്കറ്റില്ല. പഞ്ചായത്തിന് ഈ അവസനത്തിന്ന് പറ്റിയ സ്ഥലം കയ്യിലില്ലാത്തതിനാൽ മാർക്കറ്റ് പണിയുന്നതിന്ന് പഞ്ചായത്തിന് കഴിഞ്ഞില്ല. ഇപ്പോൾ വാണിമേലിൽ സ്വകാര്യമേഖലയിൽ ഒരു മീൻ മാർക്കറ്റ് മാത്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും മതിയായ സൗകര്യം ഇല്ലാത്ത് കച്ചവടക്കാരെയും മറ്റുജനങ്ങളേയും ബുദ്ധിമുട്ടിക്കുന്നുണ്ട്. വളരെയധികം ജനങ്ങളുള്ള ഭൂമിവാതുക്കൽ അങ്ങാടിയിലെങ്കിലും ഒരു പൊതു മാർക്കറ്റ് അത്യാവശ്യമാണെ

ങ്കിലും ആവശ്യമായ സ്ഥലം അകിസേഷൻ നടത്തി മാർക്കറ്റ് സ്ഥാപിക്കുകയല്ലാതെ പഞ്ചായത്തിന്റെ മുന്നിൽ മറ്റു പോംവഴിയില്ല. ഭൂമിവാതുക്കൽ അങ്ങാടിയിൽ മാർക്കറ്റിന് പറ്റിയ സ്ഥലം അകിസേഷൻ നടത്തി പഞ്ചായത്ത് വക പൊതു മാർക്കറ്റ് നിർമ്മിക്കുന്നതായാൽ പഞ്ചായത്തിന്ന് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകും. ഇക്കാര്യം ഭരണസമിതിയുടെ മുന്നിലുള്ള ഒരു പ്രത്യേക പദ്ധതിയാണ്. ഇപ്പോൾ മീൻ മാർക്കറ്റിൽ നിന്നും പ്രതിവർഷം 500/ക. മാത്രമേ ലഭിക്കുന്നുള്ളു എന്നതിനാൽ സ്വകാര്യ മേഖലയിൽ നടത്തുന്ന പ്രസ്തുത മീൻ മാർക്കറ്റിൽ നിന്നും കൂടുതൽ വരുമാനം പ്രതീക്ഷിക്കാനില്ല.

## ഗതാഗതം

ഈ പഞ്ചായത്തിലെ ഗതാഗത മാർഗ്ഗം റോഡാണ്. ഒരു PWD റോഡും നിരവധി പഞ്ചായത്ത് റോഡുകളും ഇന്ന് ഈ പഞ്ചായത്തിൽ ഉണ്ട്. പ്രധാനറോഡ് എന്നുപറയുന്നത് കല്ലാച്ചി-വിലങ്ങാട് റോഡ് ആണ്. ഇത് വാണിമേൽ പാലം മുതൽ വിലങ്ങാട് വരെ ഏകദേശം പതിനൊന്ന് കിലോമീറ്റർ നീണ്ടുകിടക്കുന്നു. വളരെ പുരാതന കാലം മുതൽക്ക് തന്നെ ഈ റോഡ് കച്ചവടാവശ്യത്തിനും മറ്റുമായി ഉപയോഗിക്കപ്പെട്ടിരുന്നു. വാണിമേൽ പഞ്ചായത്തിന്റെ അയൽ ജില്ലയായ വയനാടുമായി സമ്പർക്കം പുലർത്താവുന്ന ഏറ്റവും എളുപ്പവഴി ഈ റോഡ് ആണ്. പണ്ട് തച്ചോളി ഒതേനനും, കൊടിമല കുങ്കിയും ഇതുവഴി വയനാട്ടിലേക്ക് യാത്രചെയ്തിരുന്നുവത്രെ. അടുത്ത കാലംവരെ പരപ്പുപാറയിൽ, അവർ അങ്കം കുറിക്കാനായി പാറയിൽ രേഖപ്പെടുത്തിയിരുന്ന അടയാളം കണ്ടിരുന്നു. കല്ലാച്ചി വിലങ്ങാട് റോഡ് ജനങ്ങൾ ശ്രമദാനത്തിലൂടെ നിർമ്മിച്ചതാണ്. 1958 ലാണ് ഈ റോഡ് PWD ഏറ്റെടുക്കുന്നത്. എന്നാൽ വാണിമേൽ പുഴക്ക് പാലം ഇല്ലാതിരുന്നത് കൊണ്ട് മഴക്കാലത്ത് ഇതുവഴി ഗതാഗതം സാധ്യമായിരുന്നില്ല. 1968 ലാണ് വാണിമേൽ പാലം പണിആരംഭിച്ചത്. പാലം നിർമ്മിക്കാൻ ഗവൺമന്റ് ഫണ്ടിനു പുറമെ വലിയൊരു സഖ്യ ഈ പ്രദേശത്തെ ജനങ്ങൾ സംഭാവന ചെയ്യുകയുണ്ടായി 1972 ൽ പാലം പണി പൂർത്തിയായതോടുകൂടി ഗതാഗത രംഗത്ത് ഈ പഞ്ചായത്തിൽ വമ്പിച്ച മാറ്റമുണ്ടായി.

പഞ്ചായത്തിൽ മുമ്പ് പറയത്തക്ക പഞ്ചായത്ത് റോഡുകൾ ഉണ്ടായിരുന്നില്ല. ഇടുങ്ങിയ നടപ്പാതകൾ ആയിരുന്നു ജനങ്ങളുടെ സഞ്ചാരമാർഗ്ഗം. ഉള്ള പഞ്ചായത്ത് റോഡുകൾ തന്നെ ഗതാഗത യോഗ്യവുമായിരുന്നില്ല. ആദ്യത്തെ പഞ്ചായത്ത് റോഡ് ഭൂമിവാതുക്കൽ കോടിയൂറ റോഡ് ആയിരുന്നു.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 139.36 കിലോമീറ്റർ ആണ്. ഇതിൽ 20.32 കിലോമീറ്റർ മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. എന്ന് കാണുമ്പോൾ. ഈ പഞ്ചായത്തിലെ ഗതാഗതരംഗത്തെ ശോച്യാവസ്ഥ മനസ്സിലാക്കാവുന്നതാണ്. പഞ്ചായത്തിന് കീഴിലുള്ള റോഡ് 129.35 കിലോമീറ്റർ 7 കി. മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളു. കഴിഞ്ഞ 5 വർഷം കൊണ്ട് പഞ്ചായത്ത് റോഡുകളുടെ നീളം 22 കി.മീ. കൂടിയിട്ടുണ്ട്. ഈ കാലയളവിൽ 14.74 ലക്ഷം രൂപ ഈ രംഗത്ത് പഞ്ചായത്ത് ചിലവഴിച്ചിട്ടുണ്ട്.

ഓവുചാലുകളും, മതിയായ കൽവർട്ടുകളും റോഡുകളിൽ സ്ഥാപിക്കാത്തതിനാൽ മഴക്കാലത്ത് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വരുമാനം കുറവായതിനാൽ ഈ രംഗത്ത് വേണ്ടത്ര പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ല. ഗ്രാമത്തിന്റെ ഉൾഭാഗങ്ങളിലും മലയോരപ്രദേശങ്ങളിലും മഴക്കാലത്ത് ഗതാഗതസൗകര്യം മുടങ്ങിപ്പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകാറുണ്ട്. പഞ്ചായത്ത് റോഡുകളുടെ വികസനത്തിനായി JRY പഞ്ചായത്ത് ഫണ്ട് മുതലായവ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഗതാഗത രംഗത്ത് ശോച്യാവസ്ഥ ഇപ്പോഴും തുടരുകയാണ്.

കല്ലാച്ചി-വിലങ്ങാട് റോഡിന്റെ സ്ഥിതിതന്നെ വളരെ മോശമാണ്. ചില സ്ഥലങ്ങളിൽ, ആവശ്യമായ വീതി ഇല്ലാത്തതിനാലും യഥാസമയം അറ്റകുറ്റപ്പണികൾ നടക്കാത്തതിനാലും ഗതാഗതത്തിന് വിഷമം നേരിടുന്നു. ഉൾപ്രദേശങ്ങളിൽ റോഡിന്റെ അഭാവം കാരണം അടിയന്തിര ചികിത്സാ സഹായങ്ങൾ എത്തിക്കാൻ പോലും സാധിക്കാതെ വരുന്നുണ്ട്. മലയോര റോഡുകളുടെ ശോചനീയാവസ്ഥ കർഷകരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

**പ്രധാനപ്പെട്ട പഞ്ചായത്ത് റോഡുകൾ**

1. വാണിമേൽ ചെറുമോത്ത് റോഡ്
2. കുന്നത്ത് കിടഞ്ഞോത്ത് റോഡ്
3. പാലിൽ കണ്ടി കാപ്പ് റോഡ്

4. തിരത്തുമ്മൽ പീടിക - താഴെക്കണ്ടി റോഡ്
5. കളരിച്ചാലില്ഡ- കാപ്പ് റോഡ്
6. മുല്ലേരിക്കണ്ടി - പുതിയടത്ത് മുക്ക് റോഡ്
7. കണിയാന്റവിട - കാപ്പ് റോഡ്
8. താഴെകണ്ടിമുക്ക് - ചെറുമോത്ത് റോഡ്
9. കാഴക്കയാൽ മുക്ക് - കാപ്പ് റോഡ്
10. എടത്തീന്റവിട - കാഞ്ഞിരക്കണ്ടി റോഡ്
11. താഴെകണ്ടി മുക്ക് - ചേലയിൽ റോഡ്
12. പൈങ്ങോൽ - ചെറുമോത്ത് റോഡ്
13. കണിയോത്ത് മുക്ക് - പൈങ്ങോൽ റോഡ്
14. താഴെകണ്ടിമുക്ക് - ഓലിയോട് മുക്ക് റോഡ്
15. തെക്കെത്ത് കണ്ടി - പുഴ റോഡ്
16. താനിപറമ്പ് - പടിഞ്ഞാറെകണ്ടിമുക്ക് റോഡ്
17. ഇടയാൽ പീടികമുക്ക് - എം. യു. പി. സ്കൂൾ റോഡ്
18. എം. യു. പി. എസ് - കണ്ണോത്ത് താഴ പാലം റോഡ്
19. പുതിയോട്ടിൽ മുക്ക് - പുഴ റോഡ്
20. എം. യു. പി. സ്കൂൾ - എടപ്പള്ളിമുക്ക് റോഡ്
21. ഇല്ലത്ത്മുക്ക് - വയൽ പ്പീടിക റോഡ്
22. ചെറിയ മടോമ്പൊയിൽ താഴെ - കാനമ്പറ്റ റോഡ്
23. കുളപ്പറമ്പ് - വല്ലേനാട്ട് താഴ റോഡ്
24. കുയ്യലത്ത് - കുയ്തേരി റോഡ്
25. തട്ടാന്റവിട - വളയം റോഡ്
26. ഭൂമിവാതുക്കൽ - കുയ്ക്കേരി റോഡ്
27. ചെന്നാട്ട് മുക്ക് - കൊയിലോത്താം കണ്ടി റോഡ്
28. ഈച്ചറോത്ത് മുക്ക് - കണ്ടം വലിയത്ത് റോഡ്
29. പടിഞ്ഞാറക്കണ്ടി - പേർകാവ് മുക്ക് റോഡ്
30. മാനന്തേരി മുക്ക് - മങ്ങലശ്ശേരിതാഴ റോഡ്
31. കിടഞ്ഞോത്ത് മുക്ക് - കണ്ടൻചാലിൽ മുക്ക് റോഡ്
32. മുല്ലേരിക്കണ്ടി - കരുവൻതാഴ റോഡ്
33. മുല്ലേരിക്കണ്ടി - നെടുവാലംകണ്ടി റോഡ്
34. നെല്ല്യാംപുറത്ത് മുക്ക് - തുണ്ടിച്ചാൽ മുക്ക് റോഡ്
35. വില്ലേജ് ഓഫീസ് - നെല്ല്യാം പുറത്ത് മുക്ക് റോഡ്
36. ആയടത്തിൽ മുക്ക് - ചീക്കപ്പുറം റോഡ്
37. വാക്യാംകണ്ടി മുക്ക് - ചുഴലിക്കരതാഴ റോഡ്
38. തൈവെച്ച പറമ്പത്ത് - ഊരോകിഴക്കയിൽ റോഡ്
39. ആയടത്തിൽ മുക്ക് - തൊണ്ടിച്ചാലിൽ റോഡ്
40. കുളപ്പറമ്പ് - കല്ലിൽ മുക്ക് റോഡ്
41. കുളപ്പറമ്പ് - ചെട്ട്യാം വീട്ടിൽ മുക്ക് റോഡ്
42. പുതിയോട്ടിൽ മണിയത്താന്റവിടമുക്ക് റോഡ്
43. ഭൂമിവാതുക്കൽ - നാമത്ത് പള്ളി റോഡ്
44. കുറ്റിയിൽ പീടിക - കുറ്റിക്കടവത്ത് റോഡ്
45. ചാലുപറമ്പ് മുക്ക് - ചളയിൽ റോഡ്
46. ഭൂമിവാതുക്കൽ കോടിയുറബാലവാടി -റോഡ്
47. ഭൂമിവാതുക്കൽ - കോടിയുറ റോഡ്
48. കുഞ്ഞിപറമ്പ് - ഇരുന്നലാട് റോഡ്
49. കുങ്കൻനിരവ് - വെള്ളിയോട് എൽ. പി. സ്കൂൾ റോഡ്
50. മൂലക്കാപ്പിൽ - തുലാം പറമ്പ് റോഡ്
51. ചെമ്പകമുക്ക് - ഒതയോത്ത് മുക്ക് റോഡ്
52. ചെമ്പകമുക്ക് - വെളിയോട് പള്ളി റോഡ്
53. മുളിവയൽ മുക്ക് - നരവ് റോഡ്
54. മുളിവയൽ - ഭൂമിവാതുക്കൽ റോഡ്
55. മുളിവയൽ - കുനിയിൽ പീടിക റോഡ്
56. പീറ്റയുള്ള പറമ്പ്- ചേരനാണ്ടി മുക്ക് റോഡ്
57. പറപ്പുപാറ - കക്കാടൻ വീട് മുക്ക് റോഡ്
58. പരപ്പുപാറ - പണ്ടിക്കടവ് റോഡ്
59. തോട്ടത്തിൽ മുക്ക് - ചേരനാണ്ടി പുഴ റോഡ്
60. വിലങ്ങാട് - പുല്ലുവാപ്പുഴ റോഡ്
61. പുല്ലുവാപ്പുഴ - കൊച്ചുപാനോം റോഡ്
62. കാക്കക്കുണ്ട് - പമ്പ് ഹൗസ് റോഡ്
63. കൊമ്പു പാനോം - ആനക്കുഴി റോഡ്
64. മഞ്ഞക്കുന്ന് - വലിയ പാനോം റോഡ്
65. മഞ്ഞച്ചീളി - മാടാഞ്ചേരി റോഡ്
66. മാടാഞ്ചേരി - കടമാൻ കളരി റോഡ്
67. വിലങ്ങാട് - ഉടുമ്പിറങ്ങി റോഡ്

68. കൂത്താടി - ഉടുമ്പിറങ്ങി റോഡ്
69. പാലൂർ - വിലങ്ങാട് റോഡ്
70. പാലൂർ - പന്നിയേരി റോഡ്
71. വിലങ്ങാട് - ആലിമൂല റോഡ്
72. പുതുക്കയം - പച്ചപ്പാലം റോഡ്
73. പച്ചപ്പാലം - കുണ്ടിൽ വളപ്പിൽ റോഡ്
74. കുണ്ടിൽ വളപ്പ് - ചിറ്റാരി റോഡ്
75. ചിറ്റാരി - വാളാം തോട് റോഡ്
76. നിടും പറമ്പ് - മുതുകുറ്റി റോഡ്
77. പച്ചപ്പാലം - ചങ്ങരത്താം പൊയിൽ റോഡ്
78. പച്ചപ്പാലം - കൊക്രി റോഡ്
79. ചിറ്റാരി - ആയോട് റോഡ്
80. കമ്പിളിപ്പാറ - മലയങ്ങാട് റോഡ്
81. ചേലത്തോട് - കൂണ്ട്യേരിച്ചാൽ റോഡ്
82. കരുവളം - നിടുംപറമ്പ് റോഡ്
83. കരുവളം - മണിയാല പീടിക റോഡ്
84. പായിക്കുണ്ട് - കൂരിക്കിലായി റോഡ്
85. പുഴമൂല - പായിക്കുണ്ട് റോഡ്
86. മാവൂർ റോഡ്
87. കരുവളം - മണിയാല റോഡ്
88. ഭൂമിവാതുക്കൽ - ചെറിയപറമ്പ് മുക്ക് റോഡ്
89. കണ്ണോത്താന്റവിട - പാച്ചാൽ റോഡ്
90. പരപ്പുപാറ - വെള്ളിയോട് ഗവ: ഹൈസ്കൂൾ റോഡ്
91. ലക്ഷം വീട് മുക്ക് - ആമിയൻ റോഡ്.
92. പാലോളിതാഴ - കക്കാടൻ വീട്ടിൽ റോഡ്
93. നെല്ലിയുള്ള പറമ്പ് മുക്ക് - കൂളിക്കുന്ന് 4 സെന്റ് കോളനി റോഡ്
94. പരപ്പുപാറ - ചാലുപറമ്പത്ത് റോഡ്
95. കുന്നുകുളം - കൂട്ടായിച്ചാലിൽ റോഡ്
96. ലക്ഷം വീട് - മുക്കത്തന്റവിട റോഡ്
97. ചിറ്റാരി വെൽഫെയർ L P സ്കൂൾ
98. കുന്നുകുളം - പുതുക്കുടി റോഡ്
99. വള്ളിൽ മുക്ക് റോഡ്
100. കുന്നുകുളം - കുളിക്കുന്ന് റോഡ്

ഭൂമിവാതുക്കൽ കൊടിയുറ റോഡ് മെറ്റൽ ചെയ്തിട്ടുണ്ട് . പക്ഷെ പണി പൂർത്തികരിച്ചില്ല. ഭൂമി വാതുക്കൽ- വളയം റോഡിൽ 600 മീറ്ററോളം മെറ്റൽ ചെയ്തെങ്കിലും അവിടെ ടാർ ചെയ്തിട്ടില്ല. ബാക്ക് ഭാഗം മുഴുവൻ ടാർ ചെയ്തിട്ടുണ്ട്.

ഗ്രാമീണ റോഡുകളിൽ 90 ശതമാനവും കുണ്ടും കുഴിയും നിറഞ്ഞു കിടക്കുകയാണ്. വേനൽക്കാലത്ത് പൊടിമണ്ണായതിനാൽ ഈ റോഡുകളിലൂടെയുള്ള വാഹന ഗതാഗതം ദുഷ്കരമാണ്. മഴക്കാലമായാൽ റോഡുകളിലെല്ലാം ചെളി നിറഞ്ഞു കിടക്കും. അതു കൊണ്ടും വാഹന ഗതാഗം തടസ്സപ്പെടാറുണ്ട്. മലമ്പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ യാത്രാ ക്ലേശം തെല്ലൊന്നുമല്ല. കിലോമീറ്ററുകൾ കാൽനടയായി യാത്രചെയ്താണ് കുട്ടികൾ സ്കൂളുകളിലേക്കും മറ്റും പോകുന്നത്. അങ്ങാടികളുമായി ബന്ധപ്പെടാനും അവർ നീണ്ട കാൽനട യാത്ര നടത്തണം. നാട്ടിന്റെ കാർഷികാഭിവൃദ്ധിയെ തടസ്സപ്പെടുത്തതിന് റോഡിന്റെ ശോച്യാവസ്ഥ ഒരു പ്രധാന കാരണമാണ്. പഞ്ചായത്തു റോഡുകളിൽ ഭൂരിഭാഗവും വേണ്ടത്ര വീതിയില്ലാത്തവയാണ്. അതുകൊണ്ടുതന്നെ ഓവുചാലുകളുമില്ല. കൽവർട്ടുകൾ പല റോഡുകൾക്കും നിർമ്മിച്ചിട്ടുണ്ട്. ഓവുചാലുകൾ നിർമ്മിക്കാത്തതിനാൽ കൽവർട്ടുകളുടെ ഗുണം ലഭിക്കുന്നില്ല.

ഇരുചക്രവാഹനങ്ങളും ലോറികളും ധാരാളമായി ഇവിടെ കാണാൻ കഴിയും ഇത്രയധികം ലോറികളുള്ള മറ്റൊരു പഞ്ചായത്ത് ഉണ്ടാകാൻ സാധ്യതയില്ല. മോട്ടോർ ബൈക്കുകളുടെ എണ്ണം ദിനം പ്രതി കൂടി വരികയാണ്. ഒരു ഫാഷനായി വളരുകയാണ് മോട്ടോർ സൈക്കിൾ ഉപയോഗം. നിരവധി ടാക്സികളും ഈ പഞ്ചായത്തില സർവീസ് നടത്തുന്നുണ്ട്. പക്ഷെ ടാക്സിസ്റ്റാന്റ് ഇതേ വരെ സ്ഥാപിക്കപ്പെട്ടിട്ടില്ല. ബസ്സ്റ്റാന്റുമില്ല. വാണിമേലിന്റെ ഹൃദയഭാഗമായ ഭൂമിവാതുക്കൽ ടൗണിൽ ടാക്സി സ്റ്റാന്റ് ഇല്ലാത്തതിനാൽ പലപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുണ്ട്. ഓട്ടോറിക്ഷകൾ ഇവിടെ വളരെ വിരളമാണ്. പഞ്ചായത്തു റോഡുകൾ ഗതാഗത യോഗ്യമല്ലാത്തതുകൊണ്ടാണ് ഓട്ടോറിക്ഷകൾ വ്യാപകമാകാത്തത്. ഈ പഞ്ചായത്തിൽ സ്ഥിരമായി സർവീസ് നടത്തുന്ന ഒരു ഓട്ടോറിക്ഷ പോലുമില്ല.

### പ്രശ്നങ്ങൾ

കല്ലാച്ചി-വിലങ്ങാട് റോഡിന് വേണ്ടത്ര വീതിയില്ല.

പഞ്ചായത്തു റോഡുകളിൽ 90 ശതമാനവും പൂർണ്ണമായും ഗതാഗത യോഗ്യമല്ല.

പഞ്ചായത്ത് റോഡുകൾക്കും വേണ്ടത്ര വീതിയില്ല.

ഓവുചാലുകളില്ലാത്തതിനാൽ മഴക്കാലങ്ങളിൽ പഞ്ചായത്ത് റോഡുകളിൽ വെള്ളം കെട്ടി നിൽക്കുന്നു.

മഴക്കാലത്ത് വെള്ളം ഉറഞ്ഞൊലിക്കുന്ന നിരവധി റോഡുകളുണ്ട്.

കൽവെട്ടുകൾ ഭൂരിഭാഗം റോഡുകൾക്കും നിർമ്മിച്ചിട്ടില്ല.

ടാർ ചെയ്ത റോഡുകൾ തന്നെ പലതും പൊളിഞ്ഞു കിടക്കുന്നു.

മലമ്പ്രദേശങ്ങളിൽ ഭൂരിഭാഗവും കയറ്റം കൂടിയ റോഡുകളാണ്. ഇതുമൂലം യാത്ര ദുഷ്കരമാണ്.

ബസ് സ്റ്റോപ്പുകൾ വേണ്ടത്രയില്ല. ബസ് സ്റ്റാന്റുമില്ല.

ടാക്സി സ്റ്റാന്റ് നിർമ്മിച്ചിട്ടില്ല.

വയനാട്ടിലേക്കുള്ള ഏറ്റവും ദൂരം കുറഞ്ഞ റോഡായ പാനോം കുഞ്ഞോം റോഡ് ഇന്നും യഥാർത്ഥ്യമാകാതെ കിടക്കുന്നു.

വേനൽക്കാലത്ത് അഴുക്കുചാലുകളിൽ മണ്ണ് വീണ് നിറയുന്നതിനാൽ മഴക്കാലമാകുമ്പോൾ വെള്ളം റോഡിലൂടെ ഒഴുകുന്നു.

റോഡിനടിയിലുള്ള ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടുന്നതിനാൽ പല റോഡുകളും പലപ്പോഴും ചെളി നിറഞ്ഞു കിടക്കുന്നു.

റോഡിനു സമീപമുള്ള പൊതു ടാപ്പുകളിൽ നിന്നുള്ള വെള്ളം ഒഴുകുന്നതിനാൽ റോഡ് വൃത്തികേടാകുന്നു.

ബസ്സ് ദൗർലഭ്യം മൂലം യാത്രാക്ലേശം അനുഭവപ്പെടുന്നു.

കെട്ടിട നിർമ്മാണത്തിനുള്ള ചെങ്കല്ല്, മണൽ പോലുള്ള സാധനങ്ങൾ പൊതു റോഡിലിറക്കുന്നതിനാൽ ഗതാഗത തടസ്സം നേരിടുന്നു. ചെങ്കല്ല് റോഡിലിറക്കി ചെത്തുന്നതിനാൽ പഞ്ചായത്ത് റോഡുകളിൽ മൺ കൂനകൾ സൃഷ്ടിക്കപ്പെടുന്നു.

വയൽ പ്രദേശത്തും, പുഴയുടെ തീരങ്ങളിലും ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാതകൾ ഇല്ല.

### സാധ്യതകൾ

കല്ലാച്ചി - വിലങ്ങാട് റോഡ് വീതി കൂട്ടണം

ഗതാഗത യോഗ്യമല്ലാത്ത പഞ്ചായത്ത് റോഡുകളെല്ലാം മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

വീതി കുറഞ്ഞ പഞ്ചായത്തു റോഡുകൾക്ക് വീതി കൂട്ടണം.

നടപ്പാതകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കണം.

മഴക്കാലത്ത് ഉറന്നൊലിക്കുന്ന റോഡുകൾ കല്ലിട്ട് ഉയർത്തണം

മെറ്റൽ ചെയ്ത റോഡുകൾ ടാർ ചെയ്യണം

ടാറിംഗ് പൂർത്തിയാക്കാത്ത റോഡുകൾ പൂർത്തീകരിക്കണം.

റോഡുകളുടെ കയറ്റം കുറക്കണം

ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റോഡ് നിർമ്മിക്കണം.

റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം

വാണിമേൽ - നരിപ്പറ്റ പഞ്ചായത്തിനെ ബന്ധിപ്പിക്കാൻ പാലങ്ങൾ നിർമ്മിക്കണം.

റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ കൽവർട്ട് നിർമ്മിക്കണം.

പുഴതീരങ്ങളിലെ റോഡുകളെ സൈഡ് കെട്ടി സംരക്ഷിക്കണം.

പഞ്ചായത്ത് റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ പാലം നിർമ്മിക്കണം.

യാത്രാക്ലേശം ലഘൂകരിക്കാൻ വടകര- വിലങ്ങാട് റൂട്ടിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിക്കണം.

ആദിവാസി മേഖലയിലെ റോഡുകൾക്ക് മുന്തിയ പരിഗണന കൊടുക്കണം

ബസ് സർവ്വീസ് നടത്താൻ സൗകര്യമുള്ള റോഡുകളിൽ ബസ് സർവ്വീസ് ഏർപ്പെടുത്തണം.

## കുടിവെള്ളവും പൊതുജനാരോഗ്യവും.

ഈ പ്രദേശത്തെ ജനങ്ങൾ പണ്ട് കാലം മുതൽ തന്നെ കുടിവെള്ളത്തിന് കിണറുകളെ തന്നെയാണ് മുഖ്യമായും ആശ്രയിച്ചിരുന്നുത്. പുഴകളാലും തോടുകളാലും വലയം ചെയ്യപ്പെട്ടതാണ് ഈ പ്രദേശമെങ്കിലും കുടിവെള്ളത്തിന് ജനങ്ങൾ പുഴുവെള്ളവും തോടുകളിലെ വെള്ളവും ഉപയോഗിച്ചിരുന്നില്ല. വാണിമേൽ മലയോരപ്രദേശങ്ങളിൽ തെക്കൻ കേരളത്തിൽനിന്നും മറ്റും കുടിയേറ്റക്കാർ താമസിക്കുകയും കൃഷിതുടങ്ങുകയും ചെയ്തതോടെ കുന്നിൻ പ്രദേശങ്ങളിലെ അരുവികളിൽ നിന്ന് നീരുറവകളിൽ നിന്നും ഓസ്സുപയോഗിച്ചു വെള്ളം എടുക്കാൻ തുടങ്ങി. മലയോര മേഖലയിലെ വലിയൊരു ജനവിഭാഗം ഇപ്പോഴും കുടിവെള്ളത്തിന് ഈ സമ്പ്രദായമാണ് സ്വീകരിച്ചുവരുന്നത്. കുളിക്കാനും അലക്കാനും ജനങ്ങൾ മുഖ്യമായും ആശ്രയിച്ചിരുന്നത് നമ്മുടെ പ്രദേശത്തെ പുഴയേയും തോടുകളെയുമാണ്. കാർഷികാവശ്യത്തിന് കാലാവർഷത്തെത്തന്നെയാണ് ജനങ്ങൾ മുഖ്യമായും ആശ്രയിച്ചിരുന്നത്.

## നിലവിലുള്ള അവസ്ഥ

ശുദ്ധ ജലത്തിന്റെ ലഭ്യത ആരോഗ്യപരിപാലനത്തിൽ മുഖ്യപങ്ക് വഹിക്കുന്നു. അതുപോലെ കാർഷികാവശ്യങ്ങൾക്കും ശുദ്ധജലം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. എന്നാൽ മൊത്തം ജനസംഖ്യയുടെ മൂന്നിലൊരുഭാഗത്തിന് ശുദ്ധജലം ലഭിക്കുന്നതിന് വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. കാർഷികാവശ്യത്തിന് പുഴയിൽനിന്നും തോടുകളിൽനിന്നും സ്വകാര്യ വ്യക്തികൾ മോട്ടോർ ഉപയോഗിച്ചു വെള്ളം എടുക്കുന്ന സമ്പ്രദായം ഇന്ന് വ്യാപകമായിത്തീർന്നിട്ടുണ്ട്. കുടിവെള്ളത്തിന് ഈ പഞ്ചായത്തിൽ ഏഴു ശുദ്ധജല വിതരണ പദ്ധതികളും 5 കുഴൽ കിണറുകളും, 12 പൊതുകിണറുകളും 3071 സ്വകാര്യ കിണറുകളും നിലവിൽ ഉണ്ട്. പക്ഷെ ദൗർഭാഗ്യമെന്ന് പറയട്ടെ, നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളും കുഴൽകിണറുകളും മിക്കതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് വസ്തുത.

**നിലവിലുള്ള ശുദ്ധജനവിതരണപദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.**

നിലവിലുള്ള ജലവിതരണ പദ്ധതികളുടെ സ്ഥിതി വിവരക്കണക്ക്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | ചിലവായയ തുക | ആകെയുള്ള വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | ഭൂമിവാതുക്കൽ | 1985 | 1987 | 22.3 lakh | --- | Tank 3 1/2 lr. Capacity Pipe 20100 M. |
| 2 | അടുപ്പിൽ കോളനി | 1989 | 1991 | 7.56 lakh. | --- | 30,000 L |
| 3 | മാടാഞ്ചേരി | 1990 | 1991 | 2.4 lakh. | --- | 4200 M 10,0000 G L |
| 4 | ചിറ്റാരിഗിരിങ്ങൻ കോളനി | ---- | 1993 | 301 lakh. | --- | 10,000 L |
| 5 | കാപ്പ്കുന്ന് | --- | 1991 | 3.86 lakh. | --- | 20000 |
| 6 | മഞ്ഞകുന്ന് | 1990 | 1995 | 9.15 lakh. | --- | 50,000 L |
| 7 | വലിയപാറനം | --- | ---- | --- | --- | ---- |

പട്ടിക 14

**1. വലിയപനോം ശുദ്ധജലവിതരണ പദ്ധതി.**

പനോംകുന്നിലെ നീരുറവകളിൽ നിന്നും ഓസ്സ് ഉപയോഗിച്ചു വെള്ളം ടാങ്കുകളിൽ ശേഖരിച്ചു 40 പബ്ലിക്ക് ടേപ്പുകളിൽ വഴി ജലവിതരണം നടത്തുന്ന പദ്ധതിയാണിത്. പശ്ചിമഘട്ട വികസന പദ്ധതിയിൽ പെടുത്തി നിർമ്മിച്ചതാണിത്. ഇപ്പോൾ പഞ്ചായത്തിന്റെ കീഴിലാണ്.

**2.മഞ്ഞകുന്ന്.**

1995 ൽ 9.15 ലക്ഷം രൂപ ചെലവഴിച്ചു പശ്ചിമഘട്ടവികസന പദ്ധതിയിൽ പ്പെടുത്തി നിർമ്മിച്ചതാണിത്. മഞ്ഞക്കുന്ന് പ്രദേശങ്ങളിലെ ജനങ്ങൾക്ക് ശുദ്ധജലവിതരണം ലക്ഷ്യമാക്കിയാണ് ഇത് ആരംഭിച്ചതെങ്കിലും ഇത് വരെ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. മോശമായ വയറിങ് കാരണവും മറ്റു സാങ്കേതിക പ്രശ്നങ്ങളാലും ഇത് പ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ നീണ്ടു പോകുകയാണ്. എത്രയും പെട്ടെന്ന് പണിതീർത്ത് പ്രവർത്തനക്ഷമമാക്കാൻ ശ്രമിച്ചു വരുന്നുണ്ട്.

**3. മാടാഞ്ചേരി**

മാടാഞ്ചേരി കുന്നുകളിലെ പ്രകൃതിദത്ത നീരുറവകളിൽ നിന്നുള്ള വെള്ളം ടാങ്കിൽ ശേഖരിച്ചു പൊതു ടേപ്പുകളിൽ വഴി ഈ പ്രദേശത്ത് ശുദ്ധജലം എത്തിക്കാൻ സ്ഥാപിച്ച ഒരു പദ്ധതിയാണിത്. 1991 ൽ 2.4 ലക്ഷം രൂപ ചെലവിട്ട് ആരംഭിച്ച പദ്ധതിയാണിത്. എന്നാൽ ജലശ്രോതസ്സുകൾ വറ്റിപ്പോയത് കാരണം ഈ പദ്ധതി വൻ പരാജയത്തിലാണ്.

**4. അടുപ്പിൽ കോളനി.**

ആദിവാസികൾ താമസിക്കുന്ന അടുപ്പിൽ കോളനിയിൽ ജലവിതരണം നടത്തുന്നതിന് ലക്ഷ്യമിട്ട് തുടങ്ങിയതാണിത്. 1991-ൽ 7.56 ലക്ഷം രൂപ ചെലവിട്ടാണ് ഇത് സ്ഥാപിച്ചത്. വാണിമേൽ പുഴയിൽ നിന്നും മോട്ടോർ ഉപയോഗിച്ചു വെള്ളം ശേഖരിച്ചു ജലവിതരണം നടത്തുന്ന ഈ പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

**5. ചിറ്റാരി ഗിരിജൻ കോളനി.**

1993 ൽ ആരംഭിച്ച ഈ പദ്ധതിക്ക് 3.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രകൃതിദത്ത നീരുറവകൾ വഴിയാണ് ജലം ശേഖരിക്കുന്നത്. ചിറ്റാരി ഗിരിജൻ കോളനിയിൽ ജലക്ഷാമപരിഹരിക്കുന്നതിന് ഈ പദ്ധതി വളരെയെധികം സഹായിക്കുന്നു. 10 ടേപ്പുകൾ ഉള്ള ഈ പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

**6. ഭൂമിവാതുക്കൽ ജലവിതരണപദ്ധതി**

1987- ൽ ആരംഭിച്ച ഈ പദ്ധതിയിൻ കീഴിൽ 257 പൊതു ടേപ്പുകളാണ് ഉള്ളത്. വാണിമേൽ പഞ്ചായത്തിലെ ഏറ്റവും അധികം ജനങ്ങൾ ആശ്രയിക്കുന്ന ഈ പദ്ധതിക്ക 22.3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വോൾട്ടേജ് ക്ഷാമമവും കാരണം മറ്റുകാരണങ്ങളാലും ജലവിതരണം പലപ്പോഴും മുടങ്ങുന്നു. 25% പൊതു ടേപ്പുകളിൽ വെള്ളം ലഭിക്കാത്ത അവസ്ഥയുമുണ്ട്. വാണിമേൽ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത ഇരുത്താലുടു കുന്നിൽ സ്ഥാപിച്ച ടാങ്കിൽ നിന്ന് 1 മുതൽ 7 വരെ വാർഡുകളിൽ ജലവിതരണം നടത്തുന്നു. 257 ഹൗസ് കണക്ഷനും ഉണ്ട്.

**7. കാപ്പുകുന്നു പദ്ധതി.**

ഭൂമിവാതുക്കൽ വാട്ടർ സപ്ലയിസിംഗിൽ നിന്ന് ലഭിക്കുന്ന വെള്ളം കാപ്പ് കുന്നിൽ ജലവിതരണം നടത്തുന്ന പദ്ധതിയാണിത്. 3.86 ലക്ഷം രൂപ ചെവവഴിച്ച് 1991 ൽ ആരംഭിച്ച ഈ പദ്ധതി ഭൂമിവാതുക്കൽ പദ്ധതിയിൽ നിന്ന് കിട്ടുന്ന ജലത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്.

**കുഴൽ കിണറുകൾ**

| സ്ഥലം | എണ്ണം | പ്രവർക്കുന്നത് | പ്രവർത്തിക്കാത്തത് |
|---|---|---|---|
| വിലങ്ങാട് | 1 | 1 | --- |
| മലേങ്ങാട് | 1 | --- | 1 |
| പായികുണ്ട് | 1 | 1 | --- |
| കൊമ്മിയോട് | 1 | --- | 1 |
| പരപ്പുപാറ | 1 | 1 | 1 |
| കുങ്കൻനിരവ് | 1 | 1 | --- |

പട്ടിക 15

**പൊതുകിണറുകൾ**

1. ഭൂമിവാതുക്കൽ
2. പാലക്കൂൽ
3. പാലോറകുന്ന്
4. മൂളിവയൽ
5. കുളപ്പറമ്പ് (ബാലവാടി)
6. കുന്നുകുളം
7. കുന്നുകുളം 4 സെന്റ് കോളനി
8. നീടും പറമ്പ് 4
9. പുതുക്കയം 1
10. കുളിക്കുന്നു. 1

## നിർദ്ദേശങ്ങൾ

നിലവിലുള്ള ശുദ്ധജനവിതരണപദ്ധതികൾ കാര്യക്ഷമമായും പൊതുജനസഹകരണത്തോടെയും നടപ്പിലാക്കുകയാണെങ്കിൽ വാണിമേൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വലിയൊരളവോളം സാധിക്കും.

1. മോട്ടോർ ഉപയോഗിച്ചു പ്രവർത്തിക്കുന്ന പദ്ധതികൾക്കാവശ്യമായ തോതിൽ വൈദ്യുതിയെത്തിക്കുന്നതിന് നടപടി ഉണ്ടാകണം.

2. പ്രകൃതിദത്ത നീരുറവകളെ ആശ്രയിച്ചു സ്ഥാപിച്ച പദ്ധതികൾക്ക് പുതിയ നീരുറവകൾ കണ്ടെത്തി ജലം ലഭ്യമാക്കണം.

3. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന് വാഹനം കഴുകുന്നതിനും കൃഷി ആവശ്യത്തിനും വെള്ളം ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിന് ജനസഹകരണം തേടണം. ഇവരിൽ നിന്നും നഷ്ട പരിഹാരം ഈടാക്കണം.

4. 1 മുതൽ 7 വരെയുള്ള വാർഡ്കളിലെ ജനങ്ങൾ കുടിവെള്ളത്തിന് ഭൂമിവാതുക്കൽ ജലവിതരണപദ്ധതിയെയാണ് ആശ്രയിക്കുന്നത്. ഇപ്പോൾ 1,2,3,4 വാർഡുകളിൽ ഒരു ദിവസവും 5,6,7 വാർഡുകളിൽ അടുത്ത ഒരു ദിവസവുമാണ് ജലം വിതരണം നടത്തുന്നത്. എല്ലാ വാർഡുകളിലും ഒന്നിച്ചു ജലവിതരണം നടത്താനുള്ള സംഭരണശേഷി ഈ പദ്ധതിക്ക് ഇല്ലാത്തതാണ് ഇതിന് കാരണം. അതിന് പരിഹാരമായി 7 ാം വാർഡിലെ ലക്കിടി കുന്നിൽ ടങ്ക് സ്ഥാപിച്ചു അതിനടുത്ത പുഴത്തീരത്ത് പമ്പ് ഹൗസ് സ്ഥാപിച്ചു പുതിയ ഒരു ജലവിതരണപദ്ധതി ആരംഭിച്ചാൽ 5,6,7,8 വാർഡിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും. നിലവിലുള്ള പദ്ധതിയിൻ കീഴിൽ 1,2,3,4 വാർഡുകൾ മാത്രം 5 ാം വാർഡിന്റെ കുറച്ചുഭാഗവും ഉൾപ്പെടുത്തുകയും ചെയ്യാം.

5, 100 ലധികം സ്ഥലങ്ങളിൽ പൊതുവായി ടേപ്പുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നത് കൊണ്ട് ഇത് നടപ്പിലാക്കാൻ പുതിയ സ്കീം ആരംഭിക്കേണ്ടതാണ്.

6. ശുദ്ധജല വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് അതിന്റെ ഭരണചുമതല പഞ്ചായത്ത് ഭരണസമിതികൾക്ക് വിട്ട് കൊടുക്കണം.

7. കാപ്പുകുന്ന് ജലവിതരണ പദ്ധതിയ്ക്ക് വെള്ളം ലഭിക്കുന്നതിന് സ്വന്തമായി കിണർ സ്ഥാപിക്കണം.

8. പച്ചപ്പാലം തോടിന് ആഴം കൂട്ടിയാൽ സ്ഥിരമായി അവിടെ വെള്ളം ലഭിക്കും. പാലയുള്ള കുന്ന് കുട്ടി എകരം എന്നീ സ്ഥലങ്ങളിൽ ടാങ്ക് നിർമ്മിച്ചു. നിടുംപറമ്പ് 4 സെന്റ് കോളനി, നിടും പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ ജലവിതരണം സുഖകരമാക്കാൻ കഴിയും.

9. 10 ാം വാർഡിലെ മഞ്ഞക്കുന്ന് പദ്ധതി വിപുലപ്പെടുത്തി 10 ാം വാർഡിലെ ശുദ്ദജലക്ഷാമം പരിഹരിക്കാം.

10. കടമാകളരിയിൽ നിന്ന് വെള്ളം പമ്പ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

11. മഞ്ഞകുന്ന് പദ്ധതി വിപുലീകരിച്ചാൽ അടിച്ചിപ്പാറ, ഉടുമ്പെറങ്ങി, വിലങ്ങാട് എന്നീ ഭാഗങ്ങളിൽ ജലക്ഷാമം പരിഹരിക്കാം.

12. മലേങ്ങാട് ജലശ്രോതസ്സിൽ നിന്നും വെള്ളമെടുത്താൽ കമ്പിളിപ്പാറ വെള്ളമെത്തിക്കാം.

13. കൂത്താടി കുന്നിൽ തീരെ വെള്ളമില്ലാത്ത സ്ഥലമാണ്. എന്നാൽ, കൂത്താടിക്കുന്നിന്റെ താഴെ ചക്കരക്കുണ്ട് എന്ന കുഴിയിൽ ഒരിക്കലും വറ്റാത്ത ആഴമുള്ള നീരുറവയാണ്. കൂത്താടികുന്നിൽ ഒരു ടാങ്ക് കെട്ടിചക്കരക്കുണ്ടിൽ നിന്നും വെള്ളം അടിച്ചാൽ കൂത്താടി കുന്നിൽ ജലക്ഷാമം പരിഹരിക്കാം.

## കിണർ

താഴെപറയുന്ന സ്ഥലങ്ങളിൽ പൊതുകിണർ നിർമ്മിക്കുന്നതിന് ഗ്രാമസഭകളിൽനിന്ന് നിർദ്ദേശങ്ങൾ ഉണ്ടായി. കാക്യോട്ടുമ്മൽ, കുറ്റിയിൽ പീടിക, ഇരുത്താലാടുകുന്ന്, മാമ്പിലാക്കൂൽ, കുളപ്പറമ്പ്, നടുത്തറ, കൊടിയൂറ, ചെട്ട്യാവീടുറുക്ക്, താവോട്ട്മുക്ക്, കൊട്ടക്കുന്ന്, മുളിവയൽ, കോരംമുംചുരത്തിൽ, കൊടിയുറ L P സ്കൂൾ, കുങ്കൻനിരവ്, വിലങ്ങാട് ടൗൺ, പുതുക്കയം കരുകുളം, വാളാംത്തോട്, ഉരുട്ടി, പാനോം, വയൽപീടിക, ചേലമുക്ക്, അമ്പലപറമ്പ് ഭാഗം

## കുഴൽകിണർ

താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണർ ആവശ്യമായണെന്ന് വിവിധ ഗ്രാമസഭകളിൽ നിന്ന് ഉന്നയിക്കപ്പെടുന്നു.

കാക്യോട്ട് കുന്ന്, ഇരുത്താലാട് കുന്ന്, വടയാർ കുന്ന്, കോട്ടക്കുന്ന്, കൂത്താടികുന്ന്, അടിച്ചിപ്പാറ, ആലിമൂല, നിടുംപറമ്പ്, കൊടിയൂറ, കാപ്പകുന്ന്, മാമ്പ്രോൽമുക്ക്, കുളപ്പറമ്പ്.

## ആരോഗ്യം

ആരോഗ്യ കാര്യത്തിലും രോഗചികിൽസാരംഗത്തും നല്ല ബോധമുള്ള ഒരു ജനവിഭാഗമായിരുന്നു പഞ്ചായത്തിലുണ്ടായിരുന്നത്. ആധുനികവൈദ്യശാസ്ത്ര സേവനങ്ങൾ ലഭ്യമാവുന്നതിന് മുമ്പ് തന്നെ പാരമ്പര്യ വൈദ്യന്മാരും, ആയുർവേദവൈദ്യൻമാരും, ആദിവാസിവൈദ്യൻമാരും ഈ രംഗത്ത് നമ്മുടെ നാട്ടിൽ മഹത്തായ സേവനം അർപ്പിച്ചിട്ടുണ്ട്. അവരിൽ അച്ചാണിന്റവിട ചന്തുവൈദ്യർ, മകൻ ആണ്ടിവൈദ്യർ, വിഷ വൈദ്യനായ കിണറുള്ള പറമ്പത്ത് ആലിഹസ്സൻ ഹാജി, ഓട്ടലക്കണ്ടി ഗോപാലൻ വൈദ്യർ, ഹോമിയോ ഡോക്ടർ ടി. മുഹമ്മദ്, ആദിവാസി വൈദ്യന്മാരായ ഉപ്പാടി, പാലക്കുങ്കൻ, ചിറ്റാരികുഞ്ഞാൻ തുടങ്ങിയപേരുകൾ എടുത്തു പറയത്തക്കതാണ്.

ഇപ്പോൾ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 21356 ആണ്. ഇതിൽ സ്ത്രീകൾ 10704 ഉം പുരുഷൻമാർ 10610 ഉം ആണ്. പൊതു മരണനിരക്ക് 6% വും ശിശുമരണനിരക്ക് 5.5 % ഉം ആണ്. മാതൃമരണനിരക്ക് താരതമ്യേന വളരെ കുറവാണ്. ജനനനിരക്ക് കേരളത്തിലെ ശരാശരിയേക്കാൾ കൂടുതലാണ്.

മൊത്തം ജനസംഖ്യയിൽ 60 % വയസ്സിനുമുകളിലുള്ളവർ 1068 പേരും 15 വയസ്സിനു താഴെയുള്ളവർ 1423 ഉം ആണ്. വികലാംഗരിൽ അന്ധർ 12 ഉം ബധിരർ 18 ഉം മൂകബധിരർ 25 ഉം അസ്ഥിവൈകല്യങ്ങൾ ഉള്ളവർ 62 ഉം മന്ദബുദ്ധികൾ 18 ഉം ആണ്.

മൊത്തം ജനസംഖ്യയിൽ 20% ആളുകൾ രക്തസമ്മർദം പ്രമേഹം, കാൻസർ, കുഷ്ഠം, ക്ഷയം, ഹൃദ്രോഗം തുടങ്ങിയ സ്ഥായിയായ രോഗബാധിതരായി ചികിൽസയിൽ കഴിയുന്നവരാണ്.

ആദിവാസിമേഖലയിലെ കുട്ടികളിൽ 30% ഗുരുതരമായ പോഷണക്കുറവുള്ളവരാണ്. എന്നാൽ മറ്റു വിഭാഗങ്ങളിൽ ഗുരുതരമായ പോഷണക്കുറവ് കണ്ടുവരുന്നില്ല. മൊത്തം കുട്ടികളിൽ 15% മിതമായ പോഷണക്കുറവുള്ളവരും 25% ലഘുപോഷണക്കുറവുള്ളവരുമാണ്. പഞ്ചായത്തിൽ 9 ബാലവാടികളുണ്ട്. ഇവിടെ ഫീഡിംഗ് ഉണ്ട്. ഏഴ് പ്രാഥമിക വിദ്യാലയങ്ങളിൽ സ്ഥിരമായി ഉച്ച ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന ആരോഗ്യസ്ഥാപനം പരപ്പുപാറയിൽ പ്രവർത്തിക്കുന്ന PHC ആണ്. അതിന്റെ കീഴിൽ വാണിമേൽ, ഭൂമിവാതുക്കൽ, നിടുംപറമ്പ്, വിലങ്ങാട് എന്നീ സബ് സെന്ററുകളും നിലവിലുണ്ട്. ഇതിൽ ഭൂമിവാതുക്കൽ, വെള്ളിയോട് എന്നി സെന്ററുകൾക്ക് മാത്രമേ സ്ഥിരം കെട്ടിടമുള്ളൂ. പഞ്ചായത്ത് ഏരിയയുടെ മൊത്തം ചുമതലയുള്ള ഹെൽത്ത് അതോറിറ്റിയായി ഒരു ഹെൽത്ത് ഇൻസ്പെക്ടറും വാണിമേൽ, ഭൂമിവാതുക്കൽ, വിലങ്ങാട് എന്നീ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സെക്ഷനുകളിൽ വാണിമേൽ സെക്ഷനിൽ ഒഴിച്ചു ഓരോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 4 സബ് സെന്ററുകൾക്ക് കീഴിലായി 4 ജൂനിയർ P H നെഴ്സുമാരും ഇവരുടെ സൂപ്പർവൈസറായി ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറും ജോലിചെയ്യുന്നു. ഇതിന് പുറമെ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പൻസറിയും നിലവിലുണ്ട്. ഇതിന് സ്വന്തമായി കെട്ടിടമോ മറ്റു സൗകര്യങ്ങളോ ഇല്ല. ഭൂമിവാതുക്കൽ അങ്ങാടിയിൽ പ്രവർത്തിക്കുന്ന രണ്ടു സ്വകാര്യ ആസ്പത്രികൾ രോഗചികിൽസാരംഗത്ത് വളരെ സജീവമാണ്. ഈ

പറഞ്ഞ സ്ഥാപനങ്ങളിലെല്ലാം കൂടി വർഷത്തിൽ ഏകദേശം 15000 ത്തോളം ആളുകൾ വിവിധ ചികിത്സാവശ്യങ്ങൾക്കായി എത്തുന്നുണ്ട്.

കഴിഞ്ഞ പദ്ധതിക്കാലത്ത് ഹോമിയോഡിസ്പൻസറിയിൽ അനുവദിച്ച മരുന്നിന്റെയും ചെലവായ മരുന്നിന്റെയും കണക്ക് പട്ടികയായി ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | ചെലവായ തുക | ചികിത്സിച്ച രോഗികൾ |
|---|---|---|---|
| 1991-92 | 483 | 2811 | 14230 |
| 1992-93 | 7931 | 5028 | 21979 |
| 1993-94 | 4874 | 4718 | 17442 |
| 1994-95 | 6788 | 2513 | 16267 |
| 1995-96 | 5755 | 3150 | 18464 |

പട്ടിക –16

കഴിഞ്ഞവർഷത്തെ PHC യിലെ കണക്ക് പട്ടികയായി ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക | ചിലവായ തുക |
|---|---|---|---|
| 1 | ഓഫീസ് ചാർജ്ജ് | 4000 | 3500 |
| 2 | ഓഫീസ് ചിലവ് | 3000 | 2000 |
| 3 | യാത്രാ ചിലവ് | 5000 | 5000 |
| 4 | പി. സി. എ | 5000 | 5000 |
| | ആകെ | 17000 | 15500 |

പട്ടിക – 17

ഗവ: ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ലാത്തതാണ് ഈ രംഗത്തെ ഏറ്റവും പ്രധാനപ്രശ്നം. കഴിഞ്ഞ കാലങ്ങളിൽ മരുന്നിന്റെ വിലയിൽ ക്രമാതീതമായ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇത് മരുന്നു വിതരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

അതുപോലെ രോഗികൾക്ക് മരുന്നുനൽകാനുള്ള പ്ലാസ്റ്റിക് കുപ്പികളും കവറുകളും ഇല്ലാത്തതും ബുദ്ധിമുട്ടാകുന്നു.

PHC ക്ക് കെട്ടിടമുണ്ടെങ്കിലും ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചറുകളോ വൈദ്യുതി കണക്ഷനോ കിണറോ ചുറ്റുമതിലോ ഇല്ല. അതുപോലെ സ്ഥിരം ഡോക്ടർമാർ ഉണ്ടാവാറില്ല.

**സബ്സെന്റർ**

സബ്സെന്ററുകൾ ഇന്ന് ശോച്യാവസ്ഥയിലാണ്. ഭൂമിവാതുക്കലെയും വിലങ്ങാട്ടെയും കെട്ടിടങ്ങൾ കലാകാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ ജീർണ്ണാവസ്ഥയിലാണ്. വയറിംഗ് പൂർത്തിയായെങ്കിലും കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. വാതിലുകൾ പോലും പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന ഈ കെട്ടിടങ്ങൾക്ക് ചുറ്റുമതിലുകൾ ഇല്ലാത്തത് അവിടെ താമസിച്ചു ജോലിചെയ്യുന്നവർക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വാണിമേലിലും നിടും പറമ്പിലും വാടകകെട്ടിടം പോലുമില്ല.

രോഗികളിൽ 70% വും അലോപ്പതി ചികിത്സയാണ് അവലംബിക്കുന്നത്. ഇതിൽ 10% മാത്രമെ ഗവ: ആസ്പത്രിയെ ആശ്രയിക്കുന്നുള്ളൂ. ബാക്കിയുള്ളവർ രണ്ട് സ്വകാര്യ ആശുപത്രികളെയും മറ്റു ഡോക്ടർമാരെയും ആണ് ആശ്രയിക്കുന്നത്. സർക്കാർ ആശുപത്രിയിലെ ചികിത്സയെക്കുറിച്ചുള്ള മതിപ്പില്ലായ്മയും തെറ്റിദ്ധാരണയും അവിടുത്തെ അസൗകര്യങ്ങളുമാണിതിന് കാരണം. ഹോമിയോ ചികിത്സ ചെയ്യുന്നവരും ആയുർവേദചികിത്സ ചെയ്യുന്നവരും 15 % വീതമാണ്.

പഞ്ചായത്തിലെ 4365 വീടുകളിൽ 71 % വീടുകൾക്ക് സ്വന്തമായി കക്കൂസ് ഉണ്ട്. ഇതിൽ സെപ്റ്റിക്ടാങ്ക് കക്കൂസ് 44% ഉം ESP ടൈപ്പ് 14 % അടിസ്ഥാന സൗകര്യമില്ലാത്ത കക്കൂസുകൾ 13 % ആണ്. 29 % ആളുകൾ മലവിസർജനത്തിന് തുറസായ സ്ഥലമാണ് ഉപയോഗിക്കുന്നത്. കക്കൂസ്സില്ലാത്തതിന്റെ കാരണം പ്രധാനമായും സാമ്പത്തിക പ്രയാസമാണ്. ലക്ഷംവീട് 4 സെന്റ് കോളനികളിൽ പൊതുകക്കൂസുകൾ ഇല്ല.

**മാലിന്യങ്ങൾ**

പഞ്ചായത്തിലെ പ്രധാനടൗണുകളായ ഭൂമിവാതുക്കലും, വിലങ്ങാടും മാലിന്യനിർമ്മാർജ്ജനത്തിന് ഫലപ്രദമായ സംവിധാനം ഇല്ലാത്തത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വയൽ പീടിക, പരപ്പുപാറ ആങ്ങാടികളിലും ഇത് തന്നെയാണ് സ്ഥിതി. കടകളിൽ നിന്നും മൽസ്യമാർക്കറ്റ് ഇറച്ചിക്കട എന്നിവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ ഓടകളിൽ നിക്ഷേപിക്കപ്പെടുന്നത് മഴക്കാലത്ത് ഓടകളിൽ കൂടിയുള്ള ജലപ്രവാഹത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇവ കൊതുക് പെരുകുന്നതിനും രോഗബാധക്കും കാരണമാകുന്നു. ചപ്പ് ചവറുകളും മറ്റു മാലിന്യങ്ങളും ട്രെഞ്ചിഗ് ഗ്രൗണ്ട് ഇല്ലാത്തതിനാൽ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കപ്പെടുന്നു. ഇത് മൂലം ഈച്ച, എലി എന്നിവ പെരുകുന്നു. അലഞ്ഞുതിരിയുന്ന നായ്ക്കൾ വർദ്ധിക്കുവാനും ഇവ ഒരു പ്രധാന കാരണമാണ്.

## സാധ്യതകൾ

1. പരപ്പുപാറ p h c യിൽ ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കണം
2. അവിടെ സ്ഥിരം ഡോക്ടറെ നിയമിക്കണം.
3. ആസ്പത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
4. ഈ പഞ്ചായത്തിലെ സ്ഥലവാസികളായ ഡോക്ടർമാരെയും ഈ മേഖലയിലെ മറ്റു വിദഗ്ദരെയും പങ്കെടുപ്പിച്ചു ബോധവൽക്കരണക്ലാസുകൾ നടത്തണം.
5. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മെഡിക്കൽ സബ്സെന്ററുകൾ സ്ഥാപിക്കുകയും, നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുകയും വേണം.
6. ഹോമിയോ ഡിസ്പൻസറിക്ക് കെട്ടിടം പണിയുകയും രോഗികൾക്ക് മരുന്ന് കൊടുക്കുന്നതിനുള്ള കവറു കളും കുപ്പികളും എത്തിക്കുകയും ചെയ്യണം. മരുന്നിന് കൂടുതൽ സംഖ്യ അനുവദിക്കണം.
7. ആയുർവ്വേദ ആസ്പത്രി സ്ഥാപിക്കണം.
8. ഭൂമിവാതുക്കൽ, പരപ്പുപാറ, വിലങ്ങാട് എന്നിവിടങ്ങളിൽ പൊതു കക്കൂസ് നിർമ്മിക്കണം.
9. പട്ടണങ്ങളിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ട്രെഞ്ചിഗ് ഗ്രൗണ്ട് ഏർപ്പെടുത്തണം.
10. കക്കൂസില്ലാത്ത താഴ്ന്ന വരുമാനക്കാർക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കണം.
11. കൊതുക് നിർമ്മാർജ്ജന പ്രവർത്തനത്തിന് പൊതു ജനപങ്കാളിത്തം ഉറപ്പുവരുത്തണം.
12. ഭൂമിവാതുക്കൽ ശുദ്ധജനവിതരണ ടാങ്ക് മാസത്തിൽ ഒരു ദിവസമെങ്കിലും കഴുകി വൃത്തിയാക്കുക.
13. 4 സെന്റ് കോളനികളിൽ പൊതുകക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം.
14. പുഴയിലെയും തോടുകളിലെയും വെള്ളം നിയമനടപടിയും ബോധവൽക്കരണം സംഘടിപ്പിക്കണം.
15. പഞ്ചായത്തിൽ ഒരു പാർക്ക് നിർമ്മിക്കണം.
16. പഞ്ചായത്തിൽ കുളിക്കടവുകൾ ഉണ്ടാക്കണം.
17. പരപ്പുപാറ P H C യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഉണ്ടാകണം.

# വിദ്യാഭ്യാസം

21356 ജനങ്ങൾ താമസിക്കുന്ന വാണിമേൽ ഗ്രാമം വിദ്യാഭ്യാസപരമായി ഉന്നത നിലവാരം പുലർത്തുന്നു. ഈ പുരോഗതിക്ക് വർഷങ്ങളുടെ നീണ്ട പരിശ്രമത്തിന്റെ കഥയുണ്ട്. ജ: മുക്രി സൂപ്പി മുസ്ല്യാർ ആരംഭിച്ച ഒരു ഓത്തുപുരയാണ് വാണിമേലിൽ വിദ്യാഭ്യാസ രംഗത്തെ ആദ്യത്തെ സ്ഥാപനം. തുടർന്ന് ജ: പുത്തൻപുരയിൽ ആലിക്കുട്ടി മുസ്ല്യാർ മർഹും ബീമുള്ളിൽ അബ്ദുള്ള സാഹിബ് പ്രതിഫലം വാങ്ങാതെ നൽകിയ സ്ഥലത്ത് ഒരു പ്രാഥമിക വിദ്യാലയം ആരംഭിച്ചു. ഇതാണ് ഇന്നത്തെ വാണിമേൽ എം. യു. പി. സ്കൂളായി മാറിയത്. 19099 ലാണ് ഇത് ഒരു അംഗീകൃത സ്കൂളായി മാറിയത്. 1929 ൽ ഇത് യു. പി. സ്കൂളായി ഉയർത്തി. ഇതേ സമയത്തു തന്നെ മാമ്പിലാക്കൂൽ എൽ. പി. സ്കൂളുമുണ്ടായി. ഇന്ന് വാണിമേൽ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു ആ സ്കൂൾ. മുസ്ലീംകളടക്കമുള്ളവരെ വിദ്യാഭ്യാസത്തിൽ തല്പരരാക്കാൻ വേണ്ടി എടത്തനാട്ടുകര സ്വദേശിയും വാണിമേലിൽ

'ഉസ്താദ്' എന്ന പേരിൽ പരക്കെ അറിയപ്പെട്ടിരുന്ന അഹമ്മദ് മൗലവിയെ പ്രസ്തുത സ്കൂളിൽ അദ്ധ്യാപകനായി നിയമിച്ചു. ജ: കിഴക്കയിൽ കുഞ്ഞാലിസാഹിബിന്റെ പരിശ്രമം എടുത്തു പറയേണ്ടതായിരുന്നു. ഇതൊരു ഏകാധ്യാപക വിദ്യാലയമായിരുന്നു. ഇതിനിടയിൽ സ്ഥാപിതമായ പേർക്കടവ് ഗവ: എൽ. പി. സ്കൂളും, മാമ്പിലാക്കൂൽ സ്കൂളും ഇപ്പോഴിവിടെ പ്രവർത്തിക്കുന്നില്ല. എങ്കിലും മാമ്പിലാക്കൂൽ അന്നുണ്ടായിരുന്ന ബോർഡ് സ്കൂളാണ് ഇന്നത്തെ വെള്ളിയോട് ഗവ: ഹൈസ്കൂളായി മാറിയത്.

1914 ൽ ജ: കിഴക്കയിൽ മറയൻ കുട്ടി മാസ്റ്ററുടെ മാമേജ്മന്റിൽ ഒരു എം. എൽ. പി. സ്കൂളും ശ്രീ. കുനിയിൽ ഒണക്കൻ മാസ്റ്ററുടെ മാനേജ്മന്റിൽ ഭൂമിവാതുക്കൽ എൽ. പി. സ്കൂളും ആരംഭിച്ചു. ഈ പഞ്ചായത്തിലെ കോടിയുറയിലും, വെള്ളിയോടും ഏതാണ്ടിതേ കാലയളവിൽ തന്നെ ഓരോ എൽ. പി. സ്കൂളും കൂടി ഉണ്ടായിയതോടു കൂടി വിദ്യാഭ്യാസ മേഖലയിൽ പരിമിതമായ സൗകര്യമുണ്ടായി.

കിഴക്കൻ മലയോരപ്രദേശങ്ങളിലെ കുടിയേറ്റക്കാർ, ബളൊക്കത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ നിന്നും നേടിയ സാമാന്യ വിദ്യാഭ്യാസത്തിന്റെ ഉടമകളായിരുന്നെങ്കിലും അവരുടെ കുട്ടികൾക്ക് പഠനത്തിന് വിലങ്ങാട്. യാതൊ രു സൗകര്യവുമുണ്ടായിരുന്നില്ല. 1957 ൽ അന്നത്തെ M L A ആയിരുന്ന ശ്രീ C. H കണാരന്റെ ശ്രമഫലമായി തലശ്ശേരി രൂപതയുടെ മാനേജ് മെന്റിൽ ഒരു L P സ്കൂൾ സ്ഥാപിക്കപ്പെട്ടു. 1965 ൽ പ്രസ്തുത വിദ്യാലയം യശശ്ശരീരനായ C H മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കേ അന്നതെ M LA ആയിരുന്ന ശ്രീ. ഇ. വി. കുമാരന്റെ ശ്രമഫലമായി ഒരു ഹൈസ്കൂളായി ഉയർത്തപ്പെടുകയുണ്ടായി. അത് വാണിമേലും, നാദാപുരത്തും ഹൈസ്കൂളിനുവേണ്ടിയുള്ള നിരന്തരമായ ശ്രമങ്ങളുണ്ടായിട്ടുപോലും മലയോര മേഖലയിലെ പിഞ്ചു വിദ്യാർത്ഥികൾ വിദൂരസ്ഥലങ്ങളിൽ താമസിച്ചു പഠിക്കുന്നതിന് വിരാമമിടാനുള്ള ഒരു നടപടിയെന്ന നിലയ്ക്കാണ് അന്നത്തെ ഭരണകൂടം പ്രസ്തുത വിദ്യാലയം അനുവദിച്ചത്.

ആദിവാസിമേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വേണ്ട് വാണിമേൽ പഞ്ചായത്തിലെ ചിറ്റാരി, പാലൂർ പ്രദേശങ്ങളിൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഓരോ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. മുസ്ലീം - പിന്നോക്ക സമുദായത്തിനലെ വിദ്യാഭ്യാസപരമായ ഉന്നമനത്തിന് വേണ്ടി 1976 ൽ പഞ്ചായത്തിലെ സിരാകേന്ദ്രമായ ഭൂമിവാതുക്കൽ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട ക്രസന്റ് ഹൈസ്കൂൾ മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഏറെ സഹായകമായി. 1980 ൽ നിടുംപറമ്പിൽ സ്ഥാപിതമായ L. P വസ്തുക്കളും 1989-90 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട വെള്ളിയോട് ഗവർമണ്ട് ഹൈസ്കൂളും കർഷകത്തൊഴിലാളികളും പാവപ്പെട്ടവരുമായ ഒരു വലിയ ജനവിഭാഗത്തെ സാമാന്യ വിദ്യാഭ്യാസമുള്ളവരും പൗരബോധമുള്ളവരുമാക്കിത്തീർക്കാൻ സഹായിച്ചു.

കൂട്ടത്തിൽ മതവിദ്യാഭ്യാസത്തിന് കൂടി ഉതകുന്ന വാണിമേൽ ദാറുൽ ഹദാത്തറബിക്കോളേജും, വിവിധ മദ്രസ്സകളും, വിദ്യാഭ്യാസപരമായും സാസ്കാരികമായും ഈ പ്രദേശത്തെ ഒരു വലിയ ജനവിഭാഗത്തിന്റെ പുരോഗതിക്ക് കാരണമായിട്ടുണ്ട്. പഞ്ചായത്തിലെ വിലങ്ങാട് - ഭൂമിവാതുക്കൽ - പരപ്പുപാറ എന്നിവിടങ്ങളിലുള്ള 4 പാരലൽ കോളേജുകളും ഈ പ്രദേശത്തെ വിദ്യാഭ്യാസപരമായി മുന്നോട്ട് നയിക്കുന്ന പാതയിൽ മുൻപന്തിയിലാണ്.

## ഇന്നുനിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

### ഗവർമണ്ട് മേഖല

1. വെള്ളിയോട് ഗവർമ്മണ്ട് ഹൈസ്കൂൾ
2. G L P S പാലൂർ
3. G W L P S വെള്ളിയോട്.

### സ്വകാര്യമേഖല

ക്രസന്റ് ഹൈസ്കൂൾ - വാണിമേൽ

സെന്റ് ജോർജ്ജ് ഹൈസ്കൂൾ - വിലങ്ങാട്.

വാണിമേൽ മാപ്പിള യു. പി. സ്കൂൾ

ഭൂമിവാതുക്കൽ മാപ്പിള എൽ. പി. സ്കൂൾ

ഭൂമിവാതുക്കൽ എൽ. പി. സ്കൂൾ

വെള്ളയോട് എൽ. പി. സ്കൂൾ

കോടിയൂറ എൽ. പി. സ്കൂൾ

നിടുമ്പറമ്പ് എൽ. പി. സ്കൂൾ

# S. S. L. C വിജയശതമാനം

| | ക്രസന്റ് ഹൈസ്കൂൾ വാണിമേൽ | | | സെന്റ് ജോർജ്ജ് ഹൈസ്കൂൾ വിലങ്ങാട് | | | ഗവ: ഹൈസ്കൂൾ വെള്ളിയോട് | | |
|---|---|---|---|---|---|---|---|---|---|
| വർഷം | പരീക്ഷ എഴുതിയത് | വിജയികൾ | ശതമാനം | പരീക്ഷ എഴുതയവർ | വിജയികൾ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയികൾ | ശതമാനം |
| 1992–93 | 211 | 115 | 54.5 | 103 | 51 | 49.5 | 66 | 23 | 34.8 |
| 1993–94 | 280 | 88 | 31.4 | 91 | 64 | 70.3 | 102 | 21 | 22 |
| 1994–95 | 281 | 86 | 30.6 | 107 | 73 | 68.2 | 142 | 23 | 16 |
| 1995–96 | 287 | 78 | 27 | 104 | 55 | 52.8 | 107 | 5 | 4.9 |

പട്ടിക – 18

## വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

| | വിദ്യാലയത്തിന്റെ പേര് | ഉട-മസ്ഥത | 1992-93 | | | 1993-94 | | | 1994-95 | | | 1995-96 | | | 1996-97 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ |
| 1 | ഗവ. എച്ച്. എസ്. വെള്ളിയോട് | സർക്കാർ | 694 | 726 | 1420 | 730 | 731 | 1461 | 726 | 692 | 1418 | 712 | 625 | 1337 | 650 | 574 | 1224 |
| 2 | സെന്റ്ജോർജ്ജ് എച്ച്. എസ് വാണിമേൽ | എയിഡഡ് | 645 | 707 | 1352 | 636 | 700 | 1336 | 619 | 666 | 1285 | 606 | 673 | 1279 | 597 | 664 | 1261 |
| 3 | ക്രസന്റ് എച്ച്. എസ് വാണിമേൽ | ,, | 582 | 402 | 984 | 578 | 447 | 1025 | 630 | 500 | 1130 | 649 | 512 | 1161 | 611 | 524 | 1135 |
| 4 | വാണിമേൽ മാപ്പിള എൽ. പി. സ്കൂൾ | ,, | 754 | 723 | 1477 | 749 | 713 | 1462 | 776 | 736 | 1512 | 789 | 782 | 1571 | 838 | 793 | 1631 |
| 5 | ഭൂമിവാതുക്കൽ മാപ്പിള എൽ. പി. സ്കൂൾ | ,, | 275 | 286 | 543 | 284 | 274 | 558 | 282 | 281 | 563 | 291 | 283 | 574 | 309 | 287 | 596 |
| 6 | ഭൂമിവാതുക്കൽ എൽ. പി. സ്കൂൾ | ,, | 80 | 87 | 167 | 93 | 94 | 187 | 94 | 95 | 189 | 109 | 121 | 230 | 112 | 126 | 238 |
| 7 | കോടിയൂറ എൽ. പി. സ്കൂൾ | ,, | 58 | 66 | 124 | 59 | 65 | 124 | 59 | 59 | 118 | 62 | 54 | 116 | 63 | 53 | 116 |
| 8 | വെള്ളിയോട് എൽ. പി. സ്കൂൾ | ,, | 72 | 79 | 151 | 68 | 71 | 139 | 57 | 67 | 124 | 71 | 59 | 130 | 71 | 49 | 120 |
| 9 | നിടുംപറമ്പ് എൽ. പി. സ്കൂൾ | ,, | 115 | 103 | 218 | 99 | 98 | 197 | 105 | 95 | 200 | 103 | 99 | 202 | 103 | 89 | 192 |
| 10 | ഗവ: എൽ. പി. സ്കൂൾ പാലൂർ | സർക്കാർ | 25 | 36 | 61 | 26 | 38 | 64 | 24 | 25 | 49 | 24 | 27 | 51 | 18 | 28 | 46 |
| 11 | ഗവ: വെൽഫെയർ എൽ. പി. സ്കൂൾ വെള്ളിയോട് | ,, | 42 | 23 | 65 | 39 | 29 | 68 | 31 | 26 | 57 | 29 | 20 | 49 | 33 | 24 | 57 |

പട്ടിക – 19

# സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളുടെ വിവരം

| | സ്കൂളിന്റെ പേര് | 96–97 വർഷത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം | ഉടമസ്ഥത | ആവശ്യമായ മുറികൾ | മൂത്രപ്പുരകൾ | കക്കൂസ് | പാചകമുറി | ആവശ്യമായ ഫർണിച്ചർ | കുടിവെള്ള സൗകര്യം | വൈദ്യുതി | കളിസ്ഥലം | ലൈബ്രറി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്കൂൾ വെള്ളിയോട് | 1224 | സർക്കാർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2 | സെന്റ് ജോർജ്ജ് ഹൈസ്കൂൾ വിലങ്ങാട് | 1261 | എയിഡഡ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ക്രസന്റ് ഹൈസ്കൂൾ വാണിമേൽ | 1135 | ,, | ഇല്ല | ,, | ,, | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ,, | ,, |
| 4 | വാണിമേൽ യു. പി. സ്കൂൾ | 1631 | ,, | ,, | ,, | ,, | ഉണ്ട് | ,, | ഉണ്ട് | ,, | ഇല്ല | ,, |
| 5 | ഭൂമിവാതുക്കൽ എം. എൽ. പി. സ്കൂൾ | 596 | ,, | ,, | ,, | ,, | ,, | ,, | ,, | ഇല്ല | ,, | ,, |
| 6 | ഭൂമിവാതുക്കൽ എൽ. പി. സ്കൂൾ | 238 | ,, | ,, | ,, | ,, | ,, | ,, | ഇല്ല | ,, | ,, | ,, |
| 7 | കോടിയൂറ എൽ. പി. സ്കൂൾ | 116 | ,, | ,, | ,, | ഇല്ല | ഇല്ല | ,, | ,, | ,, | ,, | ഇല്ല |
| 8 | വെള്ളിയോട് എൽ. പി. സ്കൂൾ | 120 | ,, | ,, | ,, | ,, | ,, | ,, | ഉണ്ട് | ,, | ഉണ്ട് | ഉണ്ട് |
| 9 | നിടുംപറമ്പ് എൽ. പി. സ്കൂൾ | 192 | ,, | ,, | ,, | ,, | ഉണ്ട് | ,, | ഇല്ല | ,, | ,, | ,, |
| 10 | ഗവൺമന്റ് എൽ. പി. സ്കൂൾ പാലൂർ | 46 | സർക്കാർ | ,, | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ,, | ,, | ,, |
| 11 | ഗവ: വെൽഫെയർ എൽ. പി. സ്കൂൾ വെള്ളിയോട് | 57 | സർക്കാർ | ഇല്ല | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, |

പട്ടിക – 20

# അദ്ധ്യാപകരുടെ സ്ഥിതിവിവരക്കണക്ക്

| | വിദ്യാലയത്തിന്റെ പേര് | 96-97 ൽ അനുവദിച്ച തസ്തിക | 1992-93 | | | 1993-94 | | | 1994-95 | | | 1995-96 | | | 1996-97 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ |
| 1 | ഗവ: ഹൈസ്കൂൾ വെള്ളിയോട് | 46 | 29 | 10 | 39 | 33 | 14 | 47 | 34 | 12 | 46 | 36 | 10 | 46 | 34 | 11 | 45 |
| 2 | സെന്റ് ജോർജ്ജ് ഹൈസ്കൂൾ വിലങ്ങാട് | 43 | 23 | 18 | 41 | 22 | 19 | 41 | 21 | 20 | 41 | 22 | 19 | 41 | 18 | 25 | 43 |
| 3 | ക്രസന്റ് ഹൈസ്കൂൾ വാണിമേൽ | 41 | 27 | 8 | 35 | 26 | 8 | 34 | 29 | 8 | 37 | 32 | 9 | 41 | 32 | 9 | 41 |
| 4 | വാണിമേൽ യു. പി. സ്കൂൾ | 46 | 37 | 7 | 44 | 37 | 7 | 44 | 37 | 10 | 47 | 36 | 10 | 46 | 36 | 10 | 46 |
| 5 | ഭൂമിവാതുക്കൽ എം. എൽ. പി. സ്കൂൾ | 18 | 14 | 4 | 18 | 14 | 4 | 18 | 13 | 5 | 18 | 12 | 6 | 18 | 11 | 7 | 18 |
| 6 | ഭൂമിവാതുക്കൽ എൽ. പി. സ്കൂൾ | 8 | 4 | 2 | 6 | 5 | 2 | 7 | 5 | 2 | 7 | 6 | 2 | 8 | 6 | 2 | 8 |
| 7 | കോടിയൂറ എൽ. പി. സ്കൂൾ | 5 | 5 | 0 | 5 | 5 | 0 | 5 | 5 | 0 | 5 | 5 | 0 | 5 | 5 | 0 | 5 |
| 8 | വെള്ളിയോട് എൽ. പി. സ്കൂൾ | 5 | 5 | 0 | 5 | 5 | 0 | 5 | 5 | 0 | 5 | 5 | 0 | 5 | 5 | 0 | 5 |
| 9 | നിടുംപറമ്പ് എൽ. പി. സ്കൂൾ | 7 | 6 | 1 | 7 | 6 | 1 | 7 | 6 | 1 | 7 | 6 | 1 | 7 | 6 | 1 | 7 |
| 10 | ഗവൺമെന്റ് എൽ. പി. സ്കൂൾ പാലൂർ | 4 | 3 | 1 | 4 | 4 | 0 | 4 | 4 | 0 | 4 | 4 | 0 | 4 | 4 | 0 | 4 |
| 11 | ഗവ: വെൽഫെയർ എൽ. പി. സ്കൂൾ വെള്ളിയോട് | 4 | 4 | 0 | 4 | 4 | 0 | 4 | 4 | 0 | 4 | 4 | 0 | 4 | 4 | 0 | 4 |

പട്ടിക - 21

## ഹൈസ്കൂളുകൾ

സംസ്ഥാനത്ത് മൂന്ന് ഹൈസ്കൂളുള്ള ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് വാണിമേൽ. ഇവിടെ രണ്ട് സ്വകാര്യ ഹൈസ്കൂളുകളും ഒരു സർക്കാർ ഹൈസ്കൂളുമാണുള്ളത്. മലയോരം മേഖലയിലെ വിലങ്ങാട് ഹൈസ്കൂളായി ഉയർത്തിയത് 92-93 ൽ 49.5 % ആയിരുന്നു വിജയശതമാനം. അടുത്ത അദ്ധ്യയനവർഷം ഇത് 70% ആയി ഉയർന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ വിജയശതമാനം ക്രമേണ കുറഞ്ഞുവരികയാണുണ്ടായത്. (പട്ടിക E-1 കാണുക) . ഇവിടെ ഇപ്പോൾ 597 ആൺകുട്ടികളും 664 പെൺകുട്ടികളുമടക്കം 1261 വിദ്യാർത്ഥികളാണുള്ളത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18 കുട്ടികളുടെ കുറവുണ്ട്. 92-93 വർഷം മുതലെ വിദ്യാർത്ഥികളുടെ ഈ കുറവ് അനുഭവപ്പെട്ടുവരുന്നു. 18 വനിതകളടക്കം ആകെ 43 അദ്ധ്യാപകരാണ് ഇവിടെയുള്ളത്. 36 ക്ലാസ്സ് മുറികളുള്ള ഇവിടെ ആവശ്യമായ ഫർണീച്ചറും മറ്റുസൗകര്യങ്ങളുമുണ്ട്. ജില്ലാ സ്കൂൾ കായിക മേളകളിൽ പലപ്പോഴും മികച്ച വിജയം നേടാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. പി. ടി. എ . സജീവമാണ്.

1976 ൽ ആൺ പഞ്ചായത്ത് ആസ്ഥാനമായ ഭൂമിവാതുക്കലിൽ വാണിമേൽ ക്രസന്റ് ഹൈസ്കൂളിൽ സ്ഥാപിതമായത്. പ്രദേശത്തെ മുസ്ലീം വിദ്യാർത്ഥിനികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ ഈ സ്ഥാപനം പ്രശംസാർഹമായ പങ്കുനിർവ്വഹിക്കുന്നു. 611 ആൺകുട്ടികളും 524 പെൺകുട്ടികളുമടക്കം. 1135 വിദ്യാർത്ഥികളുമാണിവിടെയുള്ളത്. 9 അദ്ധ്യാപികമാരും 32 അദ്ധ്യാപകൻമാരും ജോലി ചെയ്യുന്നു. ആവശ്യമായത്ര ക്ലാസ്മുറികൾ ഇല്ലാത്തതിനാൽ ഓരോക്ലാസിലും 50 അതിൽകൂടുതലും കുട്ടികൾ ഇരുന്നാണ് പഠിക്കുന്നത്. ലബോറട്ടറി, ലൈബ്രററി, കളിക്കളത്തന്റെ അഭാവം എടുത്തുപറയത്തക്കതാണ്. സ്കൂൾ യുവജനോത്സവങ്ങളിൽ സംസ്ഥാനത്തിലടക്കം പലതലണ നിരവധി സമ്മാനങ്ങൾ നേടാൻ ഈ സ്ഥാപനത്തന് കഴിഞ്ഞിട്ടുണ്ട്. ഈ93-94 അദ്ധ്യയന വർഷം 54.5% ആയിരുന്നു. s.s.s.l.c വിജയശതമാനം കഴിഞ്ഞവർഷം (95-96) നേർപകുതിയായി കുറഞ്ഞിട്ടുണ്ട്. വിജയശതമാനം ഉയർത്താൻ pta യുവ സഹകരണത്തോടെ ആസൂത്രിത പരിപാടികൾ നടത്തിവരുന്നു.

കർഷകതൊഴിലാളികളും നിർദ്ധനകർഷകരും തിങ്ങിപ്പാർക്കുന്ന വെള്ളിയോട്, പരപ്പുപാറ, കുന്നുകുളം പ്രദേശക്കാർക്ക് ഹൈസ്കൂൾ പഠനത്തിനുള്ള മുഖ്യ ഏകാശ്രയമാണ് വെള്ളിയോട് ഗവ: ഹൈസ്കൂൾ. 1989 ലാണ് ഇത് ഹൈസ്കൂൾ ആയി ഉയർത്തിയത്. ആവശ്യമായ കെട്ടിടങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തതിനാൽ മൂന്ന് ഷിഫ്റ്റുകളിലാണ് ഇവിടെ അധ്യയനം നടക്കുന്നത് ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലായി 1224 വിദ്ധ്യാർത്ഥികൾ പഠിക്കുന്ന ഇവിടെ 36 ക്ലാസ്സു മുറികൾ ആവശ്യമുണ്ട്. എന്നാൽ 21 ക്ലാസ്സ് മുറികൾ മാത്രമാണ് ഇപ്പോഴുള്ളത്. ലൈബ്രറി, ലബോറട്ടറി, സൗകര്യങ്ങളോ ഉച്ചഭക്ഷണ സാധനങ്ങളും സ്പോർസ് ഉപകരണങ്ങളും. സുക്ഷിക്കാനുള്ള സംവിധാമോ ഇല്ല. ഇവയെല്ലാം ഓഫീസുമുറിയുടെ വിവിധമൂലകളിലായി സുക്ഷിച്ചിരിക്കുകയാണ്. ഓലമേഞ്ഞ ഷെഡുകൾ മഴക്കാലത്ത് ചോർന്നൊലിക്കന്നത് മൂലം അധ്യയനം ദുഷ്കരമാകുന്നു സ്ഥരം കെട്ടിടങ്ങൾ ഫർണിച്ചർ , വൈദ്യുതി, കുടിവെള്ളം എന്നിവയല്ലാം ഈ സ്ഥാപനം പരിഹാരം തേടുന്ന അടിയന്തിരാവശ്യങ്ങളാണ്. സ്കൂൾ കെട്ടിമേയുന്നതിലും മറ്റും പി.ടി.എ സജീവമായി സഹകരിക്കുന്നുണ്ട്. സ്കൂളിന്റെ ശോചനീയാവസ്ഥ S.S.S.L.C പരീക്ഷാഫലത്തിലും നിഴലിക്കുന്നു. കഴിഞ്ഞ വർഷം 50% ൽ കുറവു s.s.s.l.c വിജയമുള്ള സംസ്ഥാനത്തെ 5 സ്കൂളുകളിൽ ഒന്നായിരുന്നു ഇത്. കോഴിക്കോട് ജില്ലയിൽ ഏറ്റവും കുറഞ്ഞ വിജയശതമാനവും (4.9) ഈ സ്കൂളിന് 25.5 ലക്ഷം രൂപയും കെട്ടിടം പണക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എങ്കിലും ss ലഭിക്കാത്തതിനാൽ നിർമാണ്ണ ജോലികൾ ആരംഭിച്ചിട്ടില്ല. (പട്ടിക.18 കാണുക)

യു. പഞ്ചയത്തിലെ 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന വാണിമേൽ മാപ്പിള യുപി സ്കൂളാണ്. ഗ്രാമ പഞ്ചയത്തിലെ ഏക അപ്പർ പ്രൈമറി വിദ്യാലയം. എന്നാൽ വെള്ളിയോട് ഗവ: ഹൈസ്കൂൾ വിലങ്ങാട് സെൻജോർജ് ഹൈസ്കൂൾ എന്നിവയോടനുബന്ധിച്ചു l.p u.p ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ട്. ഭൂമിവാതുക്കൽ, m.l.p യോടനുബന്ധിച്ചു 5 ാം ക്ലാസ്സ് ഉണ്ട്.

പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയമാണ് വാണിമേൽ യു. പി. ഓത്തുപുരയായി

തുടങ്ങിയ ഈ സ്ഥാപനം പടിപിടിയായി വളർന്ന് 1980 ൽ ആണ് up സ്കൂൾ ആയത് .വർഷംതോറും കുട്ടികളുടെ എണ്ണത്തിൽ ഇവിടെ ക്രമാനുഗത വളർച്ച പ്രകടമാണ്.( പട്ടിക 19 കാണുക) 1631 വിദ്യാർത്ഥികളും 10 വനിതകളുമടക്കം 47 അദ്ധ്യാപകരുമാണ് ഇപ്പോഴുള്ളത്. ആറ് കെട്ടിടങ്ങളിലായി 27 ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്നു. വിദ്ധ്യാർത്ഥികളുടെ അനുപാതമനുസരിച്ച് 6 ക്ലാസ്സുമുറികൾ കൂടി ആവശ്യമാണ്. കുടിവെള്ളത്തിന് പഞ്ചാത്ത് വക ശുദ്ധജലവിതരണത്തെ ആശ്രയിച്ചരിക്കുന്നു. കക്കൂസ്, മൂത്രപ്പുര, തുടങ്ങി അത്യാവശ്യ സൗകര്യങ്ങളുണ്ടങ്കിലും കുട്ടികളുടെ ഭീമമായ അംഗബത്തിന് ആനുപാതികളല്ല. കളിക്കളം തീരെയില്ല. കാലക്രമങ്ങളിൽ ഈസ്ഥാപനം ഇതിനകം ശ്രദ്ധേയമായി പ്രവർത്തിക്കുന്നു.

## എൽ.പി.സ്കൂൾ

സർക്കാർ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ അഞ്ചുമടക്കം ആകെ 7 എൽ.പി. സ്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളത്. പാലൂർ ഗവ: l p സ്കൂൾ, വെള്ളിയോട് ഗവ: വെൽഫെയർ എൽ പി സ്കൂൾ എന്നിവയാണ് സർക്കാർ ഉടമയിലുള്ളത്. ഭൂമിവാതുക്കൽ mlp സ്കൂൾ നിട്ടുംപറമ്പ് എൽ പി സ്കൂൾ എന്നിവ സ്വകാര്യ ഉടമസ്ഥയിൽ പ്രവർത്തിക്കുന്നു.പാലൂർ ഗവ: l p സ്കൂളിലും വെള്ളിയോട് ഗവ: വെൽഫയർ സ്കൂളിലും 100ൽ കുറഞ്ഞ വിദ്യാർത്ഥികൾ മാത്രമേയുള്ളൂ. എന്നാൽ ഭൂമിവാതുക്കൽ mlp സ്കൂളിൽ 298 ആൺകുട്ടികളും 286 പെൺകുട്ടികളുമടക്കം 584 വിദ്യാർത്ഥികൾ പഠിക്കുന്നു. (പട്ടിക 19 കാണുക)

ഗവ: ഉടമയിലുള്ള രണ്ട് സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകരില്ല യാത്രാ ദുരിതവും താമസ സൗകര്യത്തിന്റെ അഭാവവുമാണ് അദ്ധ്യാകക്ഷാമത്തന് പ്രധാനകാരണം. സർക്കാർ മാനദണ്ഡമനുസരിച്ച് 'ലാഭരഹിത' (Un economic) ആയി കണക്കാക്കപ്പെടുന്നു. ഈ രണ്ടു സ്ഥാപനങ്ങളും പട്ടകജാതി - പട്ടികവർഗ്ഗ പരിഗണന വെച്ചാണ് നിലനിന്നു പോരുന്നത്. സ്വകാരയസ്കൂളുകളിൽ മുഴുവനും ആവശ്യമായ അദ്ധ്യാപകരുണ്ട്. നിടുംപാറവ്, എൽ.പി സ്കൂൾ, വെള്ളിയോട് എൽ.പി. സ്കൂൾ എന്നിവ ഒഴികെ മറ്റു എൽപി സ്കൂളുകൾക്കൊന്നും ആവശ്യമായ കളിസ്ഥലങ്ങളുമില്ല.എൽ പി സ്കൂൾ ഒന്നു പോലും വൈദ്യുതീകരിച്ചതല്ല. കലാ കായികരംഗങ്ങളിൽ നിടുംപാറമ്പ് എൽ പി സ്കൂൾ , ഭൂമിവാതുക്കൽ എൽ പി സ്കൂൾ എന്നിവ മുന്നിട്ടുനിൽക്കുന്നു. പഞ്ചായത്തിലെ I,II വാർഡുകളിൽ പ്രൈമറി സ്കൂളുകൾ തീരെയില്ലന്നത് പ്രസ്താവ്യമാണ്. ഇതുമൂലം ഈ വാർഡുകളിലെ പിഞ്ചുവിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസം നേടാൻ ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്നു.(പട്ടിക 20 കാണുക)

### സമാന്തര വിദ്യാലയങ്ങളും അനൗപചാരിക വിദ്യാഭ്യാസവും

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ നിരവധി സമാന്തര വിദ്യാലയങ്ങൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ അനൽപമായ പങ്കുവഹിക്കുന്നു.പ്രദേശത്തെ മുസ്ലിങ്ങളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിക്കുന്നതിൽ വാണിമേൽ ദാറുൽ ഹുദാ അറബിക്ക് കോളേജും പഞ്ചായത്തിലെ പത്തോളം മദ്രസകളും മഹത്തായ പങ്കുവഹിച്ചിട്ടുണ്ട്. ആദ്യകാലത്തു മത - ഭൗതിക വിഷയങ്ങൾ ഒന്നിച്ചഭ്യസിച്ചിരുന്ന ഓത്തുപള്ളികളാണ് നിലവിലുണ്ടായിരുന്നത്. ക്രമേയമ മതപാനം സ്കൂളിൽ നിന്നും വേർപ്പെടുത്തുകയും ഇതിനായി മദ്രസ്സകൾ സ്ഥാപിക്കുകയുമാണുണ്ടായത്. വിലങ്ങാട്, പരപ്പുറം, ഭൂമിവാതുക്കൽ എന്നിവടങ്ങളിൽ ഹൈസ്കൂൾ വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള പാരലൽ കോളേജുകൾ ഉണ്ട്. കുളപ്പറമ്പിലും വിലങ്ങാടും സ്വകാര്യമേഖലയിലും കുരുകുളത്ത് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥയിലും നേഴ്സറി സ്കൂൾ പ്രവർത്തിക്കുന്നു. കുളപ്പറമ്പ്, കൊടിയൂറ, വിലങ്ങാട് എന്നവിടങ്ങളിലായി നാലു ബാലവാടികളും പരപ്പുപാറ, കുളപ്പറമ്പ് എന്നിവടങ്ങളിൽ ജനവിദ്യകേന്ദ്രങ്ങളുമുണ്ട്.12 വായന ശാലകളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവയിൽ പഞ്ചായത്ത് സാംസ്കാരിക നിലയത്തടനുബന്ധിച്ച് വായനശാലാ ഗ്രന്ഥാലയം. c.h മുഹമ്മദ് കോയാ മെമ്മോറിയൽ വായന ശാലാ& ഗ്രന്ഥാലയം , താവോട്ടുമുക്ക് ഗാഗോർ മെമ്മോറിയൽ ഗ്രന്ഥാലയം & വായനശാലാ വിലങ്ങാട്ടും എടുത്തുപറയത്തക്കതാണ്. 1964 വാണിമേൽ വയൽ പീടികയിൽ കോഴിക്കോട് ജില്ലാ ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് കീഴിൽ ഒരു ഗ്രന്ഥാലയവും വായന ശാലയും സ്ഥാപിതമായി പ്രവർത്തിച്ചു പോന്നങ്കിലും അതോറിറ്റിയും കെട്ടിട

ഉടമയും തമ്മിലുള്ള വാടക തർക്കത്തെ തുടർന്ന് ഇതിന്റെ പ്രവർത്തനം നിലച്ചു പോവുകയാണുണ്ടായത്. സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമായി നടന്നുവെങ്കിലും തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ വേണ്ടത്രയില്ല.

മൂന്ന് ഹൈസ്കൂളുകൾ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ചുരുക്കം പഞ്ചായത്തുകളിൽ ഒന്നാണ് വാണിമേൽ. എങ്കിലും s.s.s.lc കഴിഞ്ഞവർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. എന്നത് എടുത്തുപറയത്തക്ക ന്യൂനതയാണ്. നിലവിലുള്ള ഹൈസ്കൂളുകളിൽ തൊഴിലധിഷ്ടത പ്ലസ് ടു കോഴ്സുകളും വൊക്കേഷനൽ ട്രെനിംഗുകളും. ആരംഭിച്ചാൽ ഒരു പരിധിയോളം ഇതു പരിഹരിക്കപ്പെടും. ഭൂമിവാതുക്കൽ, വിലങ്ങാട്, എന്നീകേന്ദ്രങ്ങളിൽ ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർ സെന്ററുകൾ എന്നിവ തുടങ്ങിയിരിക്കുന്നു. അലൂമിനിയം ഫാബ്രിക്കേഷൻ, വയറിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകൾ അഭ്യസിക്കുന്ന സ്ഥാപനങ്ങളുടെ അഭാവവും പരിഹരിക്കപ്പെടേണ്ടതുണ്ട്.

## നടപ്പുപദ്ധതികൾ

സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരും ജില്ലാ പഞ്ചായത്തും ആവിഷ്കരിച്ചു നടപ്പാക്കുന്ന പരിപാടികൾ ഈ പഞ്ചായത്തിലും സജീവമാണ്. വാണിമേൽ ക്രസന്റ് ഹൈസ്കൂൾ കേന്ദ്രമായി പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരേയും ഉൾപ്പെടുത്തി വാണിമേൽ പഞ്ചായത്ത് സ്കൂൾ കോപ്ലക്സ് രൂപീകരിച്ചിട്ടുണ്ട്.ഇതിന്റെ ആഭിമുഖ്യത്തിൽ മാസംതോറും പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരും യോഗം ചേർന്നു അദ്ധ്യായന നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപക- രക്ഷാകർതൃ സമിതികൾ (P T A) ഇതിനകം രൂപീകരിച്ചിട്ടുണ്ട്. മിക്കസ്കൂളുകളിലും മാതൃസംഗമം വിളിച്ചു ചേർക്കുകയും വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പഠനക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാർഡുകൾ തോറും മോണിറ്ററിങ്ങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വേണ്ടത്ര സജീവമല്ല.

## പ്രശ്നങ്ങൾ

✪ മൂന്ന് ഹൈസ്കൂളുകളിലും S.S.L.C വിജയശതമാനം താരതമ്യേന കുറഞ്ഞു വരുന്നു.

✪ പല സ്കൂളുകളിലെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

✪ കുട്ടികൾ കുറയുന്നതിനാൽ ഡിവിഷനുകൾ കുറയാനുള്ള സാധ്യത മിക്ക വിദ്യാലയങ്ങളിലും നിലനിൽക്കുന്നു.

✪ സ്കൂൾ വിദ്യാർത്ഥികളുടെ നിരക്ഷരത കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും ഗണ്യമായ അളവിൽ നിലനിൽക്കുന്നു.

✪ ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

✪ സാക്ഷരതാ പ്രവർത്തനവും തുടർ വിദ്യാഭ്യാസ പരിപാടിയും മിക്കവാറും നിലച്ച മട്ടിലാണ്.

✪ കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

✪ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പോലു ഇല്ല.

✪ നിലവിലുള്ള സ്കുളുകൾക്ക് കളിസ്ഥലങ്ങളില്ല.

✪S.S.S.L.C കഴിഞ്ഞാലുള്ള തുടർപഠനത്തിനുള്ള യാതൊരു സൗകര്യവും നിലവിലില്ല.

✪ പെൺകുട്ടികൾ അധികവും പ്രൈമറിയോടുകൂടി വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു.

✪ ധാരാളം കുട്ടികളുള്ള മൂന്ന് ഹൈസ്കൂളുകൾ ഉണ്ടായിട്ടും ഹയർ സെക്കന്ററിക്കും കോളേജ് പഠനത്തിനും വളരെ അകലെ യാത്ര ചെയ്യേണ്ടി വരുന്നു.

✪ വെള്ളിയോടു ഗവ: ഹൈസ്കൂളിൽ കെട്ടിട സൗകര്യം വളരെ അപര്യാപ്തമാണ്. ഷിഫ്റ്റിലാണ് പ്രവർത്തിക്കുന്നത്.

✪ ആദിവാസി മേഖലകളായ GWLPS, വെള്ളിയോട്ടും GLPS, പാലൂരും യാത്രാസൗകര്യത്തിന്റെ അഭാവം കൊണ്ടും അധ്യാപകർക്ക് താമസിക്കാനുള്ള സൗകര്യക്കുറവ് കൊണ്ടും സ്ഥിരമായി അധ്യാപകരെ ലഭിക്കുന്നില്ല.

## സാധ്യതകൾ

- G.W.L.P.S വെള്ളിയോട്, G.L.P.S പാലൂർ , ഭൂമിവാതുക്കൽ മാപ്പിള. എൽ.പി.എസ്, നിട്ടുംപ നമ്പ L.P.S ഇവ അപ് ഗ്രേഡ് ചെയ്ത് u p സ്കൂളുകളാക്കുക.
- G L P S പാലൂർ, G.W.L.P.S വെള്ളിയോട് എന്നിവടങ്ങളിൽ അധ്യാപകർക്ക് കോർട്ടേഴ്സ് പണിയുക.
- G.L.P.S പാലൂർ G.WL.P.S വെള്ളിയോട് ഇവയിലെ അധ്യാപക നിയമനാധികാരം AEO വിന് നൽകുക.
- 4,7 ക്ലാസുകളിൽ പഞ്ചായത്തിന്റെ നേത്രത്തിൽ പൊതു പരീക്ഷ നടത്തുക.
- I.T.I പോലുള്ള സ്ഥാപനങ്ങൾ തുടങ്ങി അലുമിനിയം ഫാബ്രിക്കേഷൻ, വയറിംഗ് തുടങ്ങിയവയിൽ പരിശീലനം കൊടുക്കുക.
- L.P, U.P സ്കൂളുകൾക്ക് കക്കൂസ്, മൂത്രപ്പുര, ശുദ്ധജല വിതരണം പാചകമുറി, ലബോറട്ടറി ഇവ ഉണ്ടാക്കുക.
- എല്ലാവാർഡിലും പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കുക.
- കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാണിമേൽ, ഭൂമിവാതുക്കൽ, വിലങ്ങാട്, വേർക്കടവ്, മാമ്പിലാക്കുൽ, എന്നീ സ്ഥലങ്ങളിൽ പൊതു കളിസ്ഥലം നിർമ്മിക്കുക.
- എല്ലാവാർഡുകളിലും വിദ്യാഭ്യാസ മോണിറ്ററിങ്ങ് കമ്മിറ്റി കാര്യക്ഷമമാക്കുക.
- സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ വേണ്ടി ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കുക.
- ഭൂമിവാതുക്കൽ, വിലങ്ങാട് എന്നീ സ്ഥലങ്ങളിൽ കമ്പ്യൂട്ടർ സെന്ററുകൾ സ്ഥാപിക്കുക.
- ഭൂമിവാതുക്കൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കുക.
- നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ടു ക്ലാസുകളും വൊക്കേഷനൽ ഹയർസെക്കന്ററിയും ആരംഭിക്കുക.
- സ്കൂൾ സിലബസിൽ കൃഷിക്ക് സ്ഥാനം നൽകുക.
- സ്കൂളിൽ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.
- വെള്ളിയോട് ഗവ: ഹൈസ്കൂളിന് ആവശ്യമായ കെട്ടിടം നിർമ്മിച്ച് ഷിഫ്റ്റ് ഒഴിവാക്കുക.
- ഗവ:സ്കൂളുകളിൽ അധ്യയന വർഷാരംഭത്തിൽ തന്നെ അധ്യാപകരെ നിയമിക്കുക.

## പാർപ്പിടവും സാമൂഹ്യക്ഷേമവും

വിസ്തൃതമായ കുന്നും, മലകളും ഇടകലർന്ന ഒരു പഞ്ചായത്താണിത്. നിലവിൽ 4169 വീടുകളിലായി 21356 പേർ താമസിച്ചുവരുന്നു. മുസ്ലിം ഹിന്ദു വിഭാഗങ്ങൾ ഇടകലർന്നും ക്രസ്ത്യാനികൾ(കുടിയേറ്റക്കാർ), പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെട്ടവർ പഞ്ചായത്തിന്റെ മലയോരപ്രദേശങ്ങളിലുമായി അധിവസിക്കുന്നു. വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിലെ ജനസംഖ്യ വളരേ കുറഞ്ഞതും അതിൽ തന്നെ ഭൂരിഭാഗവും ഭൂമിവാതുക്കൽ, വാണിമേൽ എന്നീസ്ഥലങ്ങളിൽ കേന്ദ്രീകരിച്ചും, മറ്റൊരു വിഭാഗം മലയോര പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചും താമസിച്ചു പോന്നിരുന്നു. ഈ വിഭഗം ജനങ്ങളുടെ അന്നത്തെ പാർപ്പിട സൗകര്യങ്ങൾ തൃപ്തികരമായിരുന്നില്ല. ധാരാളം പണം ചിലവഴിച്ച് വീട് നിർമ്മിക്കാൻ അന്നത്തെ ജനത താൽപര്യം കാണിച്ചില്ല. അന്ന് നിർമ്മച്ച വീടുകൾ അധികവും മരങ്ങൾ കൊണ്ട് നിർമ്മിച്ചവയായിരുന്നു. ഇതിനുള്ള കാരണം അന്ന് മരം യഥേഷ്ടം ലഭിച്ചു എന്നതാണ്. ആധുനിക സൗകര്യങ്ങൾ ഒന്നും തന്നെ തൊഴിൽ രംഗത്ത് ഇല്ലാതിരുന്നിട്ടും. മരപ്പണികളിൽ അന്നത്തെ തൊഴിലാളികൾ പ്രകടിപ്പിച്ച വൈദഗ്ദ്യം ഇന്നത്തെ സമൂഹത്തെ അത്ഭുതപ്പെടുത്തുന്നു. അന്നത്തെ കാലത്ത് നിർമ്മിച്ച ചില വീടുകൾ ഇപ്പോഴും ഇതിന്റെ തെളിവിനായി കാണിക്കാവുന്നതാണ്. ഇതേ സാഹചര്യത്തിൽ തന്നെ സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന ഒരു വിഭാഗം ചെറ്റക്കുടിലുകളിലും മറ്റും അഭയം പ്രാപിച്ചതായി കാണാവുന്നതാണ്.

പിൽക്കാലത്ത് പുറം ലോകവുമായി ബന്ധപ്പെട്ട

ഈ പ്രദേശത്തുകാർ സാമാന്യം സൗകരയങ്ങളുള്ള വീടുകൾ നിർമ്മിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. ഇതിന്റെ ഫലമായി പഞ്ചായത്തിലെ വീടുകളുടെ ക്രമേണ മാറിവരുകയും ചെറ്റക്കുടിലുകൾക്ക് പകരം മൺഭിത്തികൊണ്ട് നിർമ്മിച്ച വീടുകളും നിലവിൽ വരാൻ തുടങ്ങി.മരങ്ങളുടെ ലഭ്യതക്കുറവും വിദേശപ്പണത്തിന്റെ സ്വാധീനവും ഇപ്പോഴത്തെ ജനങ്ങളെ കോൺക്രീറ്റു വീടുകൾ നിർമ്മിക്കാനുള്ള അവസ്ഥയിൽ എത്തിച്ചു.

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ ഏറ്റവും കൂടുതലായി പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ താമസിക്കുന്ന ഒരു പഞ്ചായത്ത് കൂകടിയാണിത്.1991 ലെ കണക്കനുസരിച്ച് 1100 ഓളം പട്ടികജാതി പട്ടകവർഗ്ഗക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്. ഈ വിഭാഗം പഞ്ചായത്തിന്റെ മലയോര പ്രദേശങ്ങളിൽ താമസിക്കുന്നു.ഇവർക്കല്ലാം തന്നെ താമസിക്കാൻ സൗകര്യങ്ങളോടുകൂടിയ വീടുകൾ ഇല്ല. ഈ വിഭാഗത്തിൽ വരുന്ന വലിയ ശതമാനം പേർ കോളനികളിൽ താമസിക്കുന്നുവെങ്കിലും ഇന്നും 20% പേർ സ്വന്തമായി പാർപ്പിട സൗകര്യം ഇല്ലാത്തവരാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ 40 ശതമാന വരുന്ന കൂലിതൊഴിലാളികളുടെ പാർപ്പിട സൗകര്യം ഇന്നും തൃപ്തികരമല്ലാത്ത അവസ്ഥയിൽ തുടരുന്നു.താമസിക്കാൻ വീടുകൾ ഉണ്ടങ്കിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ സൗകര്യങ്ങൾ ഒന്നും ഈ വിഭാഗത്തിന് ലഭ്യമായിട്ടില്ല. നിത്യവൃത്തിക്ക് വേണ്ടി ജോലി ചെയ്യുന്ന ഈ വിഭാഗത്തിന് ആധുനിക സൗകര്യങ്ങളോടു കൂടിയ വീടുകൾ നിർമ്മിക്കാനുള്ള സാമ്പത്തി ശേഷിയുമില്ല. ജനസംഖ്യയിൽ നല്ലഒരു ശതമനം പേർ ഗൾഫു മേഖലയെ ആശ്രയിച്ച് ജീവിതം കഴിയുന്നവരാണ്.ഈ വിഭാഗം മൽസരബുദ്ധിയോടെ പാർപ്പിടം നിർമ്മിക്കുന്നതിൽ സമ്പത്ത് ചിലവഴിക്കുന്നു. മറ്റു സമ്പന്ന വിഭാഗക്കാർ തൃപ്തികരമായ സൗകര്യങ്ങളോട് കൂടിയ വീടുകളിൽ താമസിച്ചു വരുന്നു.ഈ പഞ്ചായത്തിൽ 21356 4169 വീടുകളിലായി താമസിച്ചു പോരുന്നു. ഇതിൽ 1370 കുടിലുകളും 1020 ഓല മേഞ്ഞ വീടുകളും ,1244 ഓടിട്ട വീടുകളും 485 കോൺക്രീറ്റു വീടുകളുമാണ്.

പഞ്ചായത്തിൽ 1370 കുടിലുകളിലായി താമസിച്ചുവരുന്ന ദുർബലവിഭാഗങ്ങൾക്ക് താമസിച്ചുവരുന്ന ദുർബലവിഭാഗങ്ങൾക്ക് താമസ സൗകര്യങ്ങളോട് കൂടിയ വീടുകൾ ഉണ്ടാവേണ്ടതുണ്ട്. സാമ്പത്തിക ശേഷിയില്ലായ്മയും, നാമമാത്രമായ തൊഴിലും കാരണം സ്വന്തമായി വീട് നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.1020 ഓളം ഓലമേഞ്ഞവീടുകൾക്ക് കെട്ടുറപ്പോടുകൂടിയ മേൽക്കൂരകൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ഒന്നു തന്നെ ലഭ്യമായിട്ടില്ല. വിവിധ സംഘങ്ങൾ വഴി ഇതിനുള്ള വായ്പാ പദ്ധതികൾ ഉണ്ടെങ്കിലും, വായ്പകളിന്മേലുള്ള അമിതമായ പലിശയും, സാമ്പത്തികമായ പരാധീനതകളും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. 1244 ഓളം വരുന്ന ഓടിട്ട വീടുകൾക്ക് മേൽക്കൂര ഓട് മേഞ്ഞിട്ടുണ്ടെങ്കിലും പ്രാഥമിക സൗകര്യങ്ങൾ കുറഞ്ഞവയാണ്. ഇതിൽ തന്നെ 40 ശതമാനം വീടുകൾ മൺകട്ടകൊണ്ട് ചുമർ നിർമ്മിച്ച വീടുകളാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും, ദൗർലഭ്യതയും വീട് നിർമ്മാണരംഗത്ത് പ്രതികൂലമായി ബാധിക്കുന്നു.

സർക്കാറിന്റെ jry, iay, mws എന്നാ ബ്ലോക്കുകൾ വഴിയുള്ള സ്കീമുകളിലായും., ഹൗസിഗ് സഹകരണസംഘങ്ങൾ വഴിയും, ട്രൈബൽ ഡിപ്പാർട്ട്മെന്റ് വഴിയും, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും, ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായവും, വായ്പയും, ലഭിച്ചുവരുന്നു. ഈ സഹായങ്ങൾ വളരെ നാമമാത്രമായി മാത്രമേ ലഭിച്ചുള്ളു. പഞ്ചായത്തിൽ വിവിധ പദ്ധതികൾ വഴി 228 ഓളം വീടുകൾ ലഭ്യമായിട്ടുണ്ട്. അതിൽ തന്നെ 35 ഓളം വീടുകൾക്ക് ഓട് മേഞ്ഞ മേൽക്കൂരകൾ ഇല്ല. കൂടാതെ 1995 ൽ രാജീവ് ദശലക്ഷ പദ്ധതി പ്രകാരം ഹൗസിഗ് ബോർഡ് പഞ്ചായത്തിലെ പുതുക്കയം എന്ന പ്രദേശത്ത് 50 വീടുകൾ പണിത് വരികയാണ്. ഈ വീടുകൾ അർഹരായവർക്ക് വിതരണം ചെയ്യുന്നതിന് അപേക്ഷ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഭവന നിർമ്മാമ രംഗത്ത് വിവിധ സർക്കാർ ഏജൻസികൾ വഴി കുറഞ്ഞ സഹായങ്ങൾ മാത്രമേ ലഭിച്ചു വരുന്നുള്ളു. മേൽ പറഞ്ഞ എല്ലാ സ്കീമുകളും തന്നെ പഞ്ചായത്ത് തലത്തിൽ ഏകോപിക്കാവുന്നതാണ്.

സർക്കാരിൽനിന്നും ഇപ്പോൾ ലഭിച്ചുവരുന്ന ഭവനനിർമ്മാണ സഹായങ്ങൾ ഒന്നും തന്നെ താമസയോഗ്യമായ വീടുകളുണ്ടാക്കാൻ പര്യാപ്തവുമല്ല.

വീടുകളുടെ വർദ്ധിച്ച സാദ്ധ്യത കണക്കിലെടുത്ത് കൂടുതൽ വീടുകൾ അനുവദിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ ഹൗസിഗ് സൊസൈറ്റി കൾ നിലവിൽ ഇല്ല. ദുർബലവിഭാഗങ്ങൾക്കും, ഇട ത്തരക്കാർക്കും വീട് നിർമ്മാണത്തിന് സഹായം നൽകിവരുന്ന ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം ഇത്തരക്കാരുടെ വീട് നിർമ്മാണം സ്വപ്ന മായി മാറുന്നു. ഇത്തരം സൊസൈറ്റികൾ വഴി പഞ്ചാ യത്തിലെ വലിയ ശതമാനം ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാവുന്നതാമ്. സഹകരണ സംഘ ങ്ങൾ വഴിയും, ബേങ്കുകൾ വഴിയും, ഭവനനിർമ്മാ ണത്തിന് ഇപ്പോൾ നൽകിവരുന്ന വായ്പകളും, സഹായങ്ങളും പരിമിതമാണ്.

വാണിമേൽ പഞ്ചായത്തിൽ 7 പട്ടികജാതി, പട്ടി കവർഗ്ഗ സെന്റ് കോളനിയും നിലവിലുണ്ട്. പട്ടിക വർഗ്ഗകോളനിയിലെ 90% കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ട്. 10 ശതമാനം വരുന്നവർക്ക് കൈവശം രേഖയില്ലാത്തതിനാൽ വീട് വെക്കാൻ സഹായം ലഭിച്ചിട്ടില്ല. പട്ടിക ജാതിയിൽ പെട്ട അർഹരകായ 95 % കുടുംബങ്ങൾക്കും വീട് ലഭിച്ചിട്ടുണ്ട്. മേൽപ റഞ്ഞ പട്ടികവർഗ്ഗ, പട്ടികജാതി കോളനികളിൽ പ്രാധ മിക ആവശ്യങ്ങൾ ഒന്നും തന്നെ പൂർത്തീകരിച്ചി ട്ടില്ല. കോളനിയിലേക്ക് ആവശ്യമായ റോഡുകൾ, വീടുകൾക്ക് വൈദ്യുതി കണക്ഷൻ, കുടിവെള്ളം എന്നീ കാര്യങ്ങളിൽ ഇത്വരെയും പുരോഗതിഉ ണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ കോളനികളിൽപ്പെട്ട പൂർണ്ണമായും പണിതീരാത്ത വീടുകൾക്ക് മുമ്പ് സഹായം അനുവദിച്ചു എന്ന കാരണത്താൽ വീട് പണി പൂർത്തിയാവാത്ത അവസ്ഥയും ഉണ്ട്. മേൽ പറഞ്ഞ കോളനികൾ എല്ലാംതന്നെ പ്രധാനമായും ഉരുട്ടി, മട്ടാഞ്ചേരി, ചിറ്റാരി തുടങ്ങിയ സ്ഥലങ്ങളി ലായി സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിലെ അക ലക്ഷം വീട് കോളനിയാണ് വെള്ളിയോട് ലക്ഷം വീട് കോളനി. ഈ കോളനിയിലെ 16 ഇരട്ടവീടുക ളിലായി 30 ഓളം കുടുംബങ്ങൾ താമസിച്ചുവരുന്നു. വീടുകൾ മുഴുവൻ തന്നെ ചുമരുകൾ പിളർന്ന് അപ കടനിലയിലാണ്. ഇത്രയധികം കുടുംബങ്ങൾ താമ സിക്കുന്ന ഈ കോളനിയിൽ നിലവിലുള്ള ശുദ്ധജ ലവിതരണം നടക്കുന്നത് കോളനി വകയുള്ള കിണർ വഴിയാമ്. ഈ കിണർ ആണെങ്കിൽ അടിഭാഗം പൊട്ടി പ്പൊളിഞ്ഞ് ഉപയോഗശൂന്യമായിരിക്കയാണ്. അതേ പോലെ ഈ കോളനിയിൽ ആവശ്യമായ സാനിറ്ററി, സൗകര്യം , വൈദ്യുതി സൗകര്യങ്ങൾ ഇത്വരെയും ലഭ്യമായിട്ടില്ല.

പഞ്ചായത്തിലെ നാല് സെന്റ് കോളനികൾക്ക്നി ടുംവരവ് കൂട്ടായിച്ചാൽ, കുളിക്കുന്ന്, പുതുക്കുടി എന്നീ സ്ഥലങ്ങളിലായി നാലി സെന്റ് ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. വളരെ കുറഞ്ഞ കുടുംബങ്ങൾക്ക് മാത്രമേ താമസിക്കാനുള്ള വീടുകൾ ലഭ്യമായിട്ടുള്ളൂ. ബാക്കി വരുന്ന കുടുംബങ്ങൾക്ക് കൂടി വീട് സൗകര്യം നൽകേണ്ടതുണ്ട്. ഈ കോളനികളിലും സാനിറ്ററി സൗകര്യം, കുടിവെള്ളം, വൈദ്യുതി എന്നീ സൗക ര്യങ്ങൾ ഉണ്ടായിട്ടില്ല.

ഈ പഞ്ചായത്തിൽ ചേരിപ്രദേശങ്ങളിലും, പുറ മ്പോക്ക് ഭൂമിയിലും കുടിൽകെട്ടി താമസിക്കുന്നവർ ഇല്ല, എന്നാൽ മലയോരപ്രദേശത്ത് പലരുടേയും പറമ്പുകളിൽ ജോലിക്കായി വർഷങ്ങളായി താമസി ച്ചുവരുന്ന കുടുംബങ്ങൾ ഉണ്ട്. ഈ വിഭാഗത്തിന് വീടിന് അംഗീകാരം ലഭിക്കാത്തതിനാൽ റേഷൻ കാർഡോ, വീട് തറവയ്ക്കുന്നതിനുള്ള വായ്പാ സൗകര്യങ്ങളോ ലഭിക്കുന്നില്ല. ഇവിടെ നിരവധി കട ത്തിണ്ണകളിൽ കഴിയുന്നവർ ഇല്ല എന്ന് തന്നെ പറയാം.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങളും, ഇടത്തരക്കാരും പാർപ്പിട നിർമ്മാണ ത്തിൽ മൽസരബുദ്ധിയോടെ സമ്പത്ത് ചെലവാക്കി വലിയവീടുകൾ പണിതു വരുന്നു. കോൺക്രീറ്റ് വീടു കൾ നിർമ്മിക്കാനുള്ള പ്രവണത വർഷം തോറും കൂടിവരുന്നതായി കാണുന്നു. ഇതിൽ കൂടി ധാരാളം പണവും, കെട്ടിട നിർമ്മാണ സാമഗ്രിയും ദുർവ്യയ മായിക്കൊ ണ്ടിരിക്കുന്നു. വീട് നിർമ്മാമത്തിൽ കെട്ടിട സാമഗ്രികളായ മരം, ചെങ്കല്ല്, പാറക്കല്ലുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് വലിയ രീതിയിലുള്ള വിലവർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി പഞ്ചായത്തിൽ രജിസ്ട്രർ ചെയ്ത കണക്കുകൾ പരിശോധിച്ചാൽ കോൺക്രീറ്റ് വീടുക ളുടെ എണ്ണം ഗണ്യമായി കൂടിയത് കാണാം. ഇതി നുള്ള കാരണം വീട് പണിക്കുള്ള മരത്തിന്റെ അമിത മായ വിലവർദ്ധനവും ദൗർലഭ്യതയുമാണ്. മരപ്പ ണിയും, കെട്ടിടനിർമ്മാണത്തിലും വിദഗ്ദരായ തൊഴി ലാളികളുടെ അഭാവം എടുത്തുകാട്ടുന്നു. കെട്ടിട

നിർമ്മാണത്തിന് ആവശ്യമായ ചെങ്കല്ല്, കരിങ്കല്ല്, എന്നിവ ഈ പഞ്ചായത്തിന്റെ തന്നെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്. കോൺക്രീട്ട് കെട്ടിടനിർമ്മാണത്തിന്ന് ആവശ്യമായ സിമന്റിന്റെ ഗണ്യമായ വിലവർദ്ധനവ് ജനങ്ങൾക്ക് ഏറെ പ്രശ്നം സൃഷ്ടിക്കുന്നു. ചുരുങ്ങിയ ചെലവിൽ കൂടുതൽ സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യയുടെ അഭാവം ഇവിടെ പ്രകടമാണ്. ചുരുങ്ങിയ ചെലവിൽ ഇത്തരം വീടുകൾ നിർമ്മിച്ചു കൊടുക്കുന്ന ഏജൻസികൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിൽ ഇല്ല.

കെട്ടിട നിർമ്മാണ രംഗത്ത് പ്രാദേശികതലത്തിൽ വിദഗ്ദതൊഴിലാളികളുടെ അഭാവം ഉണ്ട്. മരപ്പണിയുമായി ബന്ധപ്പെട്ട തൊഴിലാളികൾ ഈ പഞ്ചായത്തിൽ വളരെ കുറവാണെങ്കിലും മറ്റ് ജില്ലകളിൽ നിന്നുള്ള തൊഴിലാളികൾ ഇവിടെ ജോലിചെയ്ത് വരുന്നു. ഈ വിഭാഗത്തിൽ തൊഴിലാളികൾക്ക് ദിവസേനകൂലിയായി 25 രൂപ ലഭിച്ചുവരുന്നു. തൊഴിലാളികളിൽ നല്ലൊരു ശതമാനം നിർമ്മാണ പ്രവർത്തന രംഗങ്ങളിലുണ്ട്. ഈ രംഗത്ത് കോൺട്രാക്ട് ജോലി സമ്പ്രദായം വ്യാപകമായി കണ്ടുവരുന്നു. ഇതിന്നു കാരണം വീട്ടുടമ സ്ഥലത്തില്ലാത്തതും, വേണ്ട സമയത്ത് വിദഗ്ദ തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമാണ്. നിർമ്മാണ രംഗത്ത് പുരുഷൻമാർക്ക് ഒപ്പം സ്ത്രീ തൊഴിലാളികളും ജോലി ചെയ്ത് വരുന്നുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് ദിവസത്തിൽ 50 രൂപ മുതൽ 75 രൂപ വരെ കൂലി ലഭിച്ചു വരുന്നുണ്ട്. പുരുഷ തൊഴിലാളികൾക്ക് 75 രൂപ മുതൽ 150 രൂപ വരെ കൂലി ലഭിച്ചു വരുന്നുണ്ട്. ഈ രംഗത്ത് കഠിനമായ അധ്വാനവും, അപകടസാധ്യതയും ഉണ്ടെങ്കിലും മോശമല്ലാത്ത വേതന നിരക്കും ജോലിസ്ഥിരതയും സ്ത്രീ തൊഴിലാളികളെ കാർഷിക തൊഴിലുകളിൽ നിന്നും ഈ രംഗത്തേക്ക് ആകർഷിക്കുന്നു.

## പ്രശ്നങ്ങൾ

✪ ഭൂരഹിതരായ ധാരാളം കുടുംബങ്ങൾ നിലവിൽ ഉണ്ട്. അവർക്ക് വീട് വെക്കാനുള്ള സ്ഥലം ഇല്ല.

✪ പമ്പായത്തിൽ കുടിലുകളിലായി ധാരാളം താമസിച്ച് വരുന്നു.

✪ ഭവന നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം, വായ്പാ സൗകര്യം എന്നിവയുടെ അഭാവം.

✪ സർക്കാർ പതിച്ചു നൽകിയ ഭൂമിയിൽ വീട് വെക്കാനുള്ള സാമ്പത്തിക സഹായം വളരെ കുറവാണ്.

✪ ഹൗസിംഗ് സഹകരണസംഘങ്ങൾ വഴി ലഭിക്കുന്ന വായ്പാ പദ്ധതികളുടെ കൂടിയ നിരക്കിലുള്ള പലിശനിരക്ക്.

✪ പമ്പായത്തിൽ ഇതുവരെയും ഹൗസിഗ് സൊസൈറ്റികൾ നിലവിൽ വന്നിട്ടില്ല.

✪ വിവിധ കോളനികളിൽ പമ്പാത്തലസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, റോഡ്, സാനിറ്ററി സൗകര്യങ്ങൾ എന്നിവ ഇല്ലാത്ത അവസ്ഥ.

✪ കോളനികളിൽ ഏജൻസികൾ അനുവദിച്ച വീടുകളുടെ പണി പൂർത്തീകരിക്കാത്ത അവസ്ഥ.

✪ കെട്ടിട നിർമ്മാണ സാമഗ്രികളുടേയും, ഭൂമിയുടേയും, ദൗർലഭ്യവും ഗണ്യമായ വിലക്കയറ്റവും.

✪ കെട്ടിടനിർമ്മാണരംഗത്ത് വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം

✪ ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കാനുള്ള നിയമപരമായ തടസ്സങ്ങൾ

✪ ചുരുങ്ങിയ ചെലവിൽ കൂടുതൽ സൗകര്യങ്ങൾ ഉള്ള വീടുകൾ നിർമ്മിക്കുന്ന വിദഗ്ദതൊഴിലാളികളുടെ അഭാവം.

✪ ഹൗസിഗ് സൊസൈറ്റികളുടെ പ്രശ്നങ്ങൾ

## സാധ്യതകൾ

- വിവിധ പദ്ധതികളിൽ വാർഡിൽ നിർമ്മിച്ചിട്ടുള്ള വീടുകളുടെ പണി പൂർത്തീകരിക്കൽ
- പഞ്ചായത്ത് തലങ്ങളിൽ പാർപ്പിട സൗകര്യം മെച്ചപ്പെടുത്താനുള്ള രണ്ട് ഹൗസിഗ് സൊസൈറ്റികളുടെ പ്രവർത്തനം ലഭിക്കാനുള്ള പരിപാടി.
- കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ രീതിയിൽ ലഭ്യമാക്കാനുള്ള പരിപാടികൾ
- വീടുകളുടെ ചെലവു കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണവും ബോധവൽക്കരണവും.
- വിവിധ തൊഴിൽ രംഗങ്ങളിൽ തൊഴിലാളികളുടെ വൈദഗ്ദ്യം ഉയർത്താനുള്ള പരിശീലന പരി

പാടികൾ.

- വിവിധ കോളനികളിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള കർമ്മ പ്രവർത്തനങ്ങൾ.
- സർക്കാർ പതിച്ചു നൽകിയ ഭൂമികളിൽ വീട് വെക്കാനുള്ള സാമ്പത്തിക സഹായ പദ്ധതികൾ ഉദാരമായി അനുവദിക്കൽ
- എല്ലാ വിഭാഗം ജനങ്ങൾക്കും ഭവനനിർമ്മാണത്തിന് ആവശ്യമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുന്ന പദ്ധതികൾ.
- സഹകരണ സംഘങ്ങൾ വഴിയും, ബേങ്കുകൾ വഴിയും വീട് നിർമ്മാണത്തിന്നും, പുനരുദ്ധാരണത്തിനും വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പദ്ധതികൾ.
- വീടി ഇല്ലാത്ത ദുർബല വിഭാഗങ്ങൾക്ക് ഭൂമി പതിച്ചു നൽകാനും, ആവശ്യമായ രേഖകൾ ലഭ്യമാക്കാനുമുള്ള പരിപാടികൾ.
- ദുർബലവിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കാനുള്ള പദ്ധതികൾ.
- ഭീമമായ തുക മുടക്കി നിർമ്മിക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി ചുമത്തി സാമ്പത്തിക ദുർവ്യയം ഇല്ലാതാക്കാനും, പഞ്ചായത്തിന് വരുമാനം വർദ്ധിക്കാനുള്ള പരിപാടികൾ.
- വിവിധ പദ്ധതി പ്രകാരം ബ്ലോക്കുകൾ വഴി ലഭിക്കുന്ന ഭവന നിർമ്മാണ സഹായം കൂടുതൽ പേർക്ക് ലഭ്യമാക്കാനുള്ള പരിപാടികൾ
- സർക്കാർപതിച്ച് നൽകിയ ഭൂമിയിൽ വീട് വെക്കാൻ ഇപ്പോൾ നൽകിവരുന്ന സഹായം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ.

## സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

മലയോര കാർഷിക മേഖല ഉൾപ്പെടുന്ന വാണിമേൽ പഞ്ചായത്തൽ നല്ല ശതമാനം പേർ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. ഇതിൽ കൂടുതലും കർഷക തൊഴിലാളികളികളുമാണ്. ഈ കാരണത്താൽ 40 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ള വരാണ്. ഇതിൽ തന്നെ 90 ശതമാനം വരുന്ന കുടുംബങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെട്ട തൊഴിലാളി വിഭാഗമാണ്. തൊഴിലിൽ നിന്നും ലഭിക്കുന്ന കുടുംബങ്ങളിലെ ദാരിദ്ര്യം അകറ്റാൻ പര്യാപ്തമല്ല. വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിൽ കുടുബങ്ങൾ വളരെ കുറവായിരുന്നുവെങ്കിലും ദാരിദ്ര്യ വിഭാഗത്തിൽ പെട്ട ജനവിഭാഗങ്ങളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. ആ കാലത്ത് ഇന്നത്തേക്കാളേറെ ദാരിദ്ര്യം അനുഭവപ്പെട്ടിരുന്നു. പിൽക്കാലത്ത് ഉണ്ടായ സാമൂഹിക സാമ്പത്തിക മാറ്റങ്ങൾ നല്ല ഒരു അളവോളം ജനങ്ങളെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റാൻ പര്യാപ്തമായി.

സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ സാമൂഹ്യക്ഷേമപരിപാടികളിലൂടെ ഈ നിലക്ക് മാറ്റം വന്നിട്ടുണ്ട്. ധാരാളം പട്ടികജാതി. പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ ആ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി 1980-81 മുതൽ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലമായി നിരവധി പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സഹായം ലഭ്യമായിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിൽ രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമപരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളും, വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ, ധനസഹായ പദ്ധതികളും ഇതിൽ പെട്ടവയാണ്. 1992 ലെ IRDP സർവ്വെ പ്രകാരം 2097 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയാണ് എന്ന് കാണുന്നു. ശരാശരി പ്രതിവർഷം 40 ഓളം കുടുംബങ്ങൾക്ക് IRDP പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമായി വരുന്നുണ്ട്. അർഹരായ വളരെ കുറഞ്ഞ കുടുംബങ്ങൾക്ക് മാത്രമേ സഹായം ലഭ്യമാവുന്നുള്ളു.

കുടുംബ വാർഷിക വരുമാനം 11000 രൂപയിൽ കുറവായ ഗ്രാമീണരെയാണ് ദാരിദ്ര്യരേഖയ്ക്ക് തഴെയുള്ളവരായി കണക്കാക്കുന്നത്. ഇത്തരത്തിലുള്ള ദരിദ്ര കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ഉയർത്തിക്കൊണ്ട് വരിക എന്ന മുഖ്യലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സംയോജിത ഗ്രാമ വികസന പരിപാടി (IRDP) ഈ പഞ്ചായത്തിലും നടപ്പിലാക്കി വരികയാണ്. ചെറുകിടപരിമിത കർഷകർ, കർഷകതൊഴിലാളികൾ, ഗ്രാമീണ കൈത്തൊഴിലുകാർ എന്നിവർ ഈ പരിപാടിയിൻ കീഴിൽ ഉൾപ്പെട്ടവരാണ്. 1992 ലെ IRDP സർവ്വെ പ്രകാരം

ഈ പഞ്ചായത്തിൽ 281 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. നടപ്പുവർഷം (1996-97) 53 കുടുംബങ്ങൾക്ക് കൂടി സഹായം ലഭ്യമാക്കുന്നതാണ്. പട്ടികജാതി പട്ടിക വർഗ്ഗം, സ്ത്രീകൾ, വികലാംഗർ എന്നീ വിഭാഗങ്ങൾക്ക് മുഖ്യസ്ഥാനം നൽകിവരുന്ന IRDP വഴി പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്.

IRDP യുടെ അനുബന്ധമായി സർക്കാർ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് DWCRA (ഗ്രാമീണ വനിത ശിശുവികസന പരിപാടി). ഈ പദ്ധതിയും പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ 6 യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 10 മുതൽ 15 വരെ അംഗങ്ങളുള്ള വനിതകളുടെ ഗ്രൂപ്പുകളായാണ് നടന്നുവരുന്നത്. ഇത്തരം DWCRAയൂനിറ്റുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ വായ്പാസൗകര്യവും, സർക്കാറിന്റെ ധനസഹായവും ലഭിച്ചുവരുന്നു. കൂട്ടായ ശ്രമങ്ങളിലൂടെ വനിതകളുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. യൂണിറ്റുകളിൽ വനിതാ ഗ്രൂപ്പുകളുടെ 10 മുതൽ 15 വരെയുള്ള അംഗ സംഖ്യ ഒറ്റപ്പെട്ട കേന്ദ്രങ്ങളിൽ ഗ്രൂപ്പ് രൂപീകൃതമാവുന്നതിന് തടസ്സമായി നില്കുന്നു.

IRDP സർവ്വെ ലിസ്റ്റിൽപെട്ട കുടുംബങ്ങളിലെ 18നും 35 വയസ്സനിനും ഇടയിലുള്ള ഗ്രാമീണ യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി ലഭിച്ച ട്രേഡ് നടപ്പാക്കാൻ സാമ്പത്തിക സഹായവും വായപയും നൽകിവരുന്ന പദ്ധതിയാണ് ട്രൈസം. തൊഴിൽ പരിശീലന പരിപാടി. തൊഴില്ലാത്ത യുവതിയുവാക്കളെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്നതാണ്. ഇതിന്റെ മുഖ്യ ലക്ഷ്യം. ഈ പഞ്ചായത്തിൽ 1980-81 മുതൽ റജിസ്ട്രർ ചെയത കണക്കു പ്രകാരം വിവിധ ട്രേഡുകളിലായി 67 യുവതി യുവാക്കൾക്ക് ഇതിനകം പരിശീലനം ലഭിച്ചിട്ടുണ്ട്. വിവിധ ട്രേഡുകളിലായി പിരിശീലനം ലഭിച്ചവരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വാച്ച് റിപ്പേർ | : 3 പേർ |
| ടൈലറിംഗ് | : 22 |
| റേഡിയോറിപ്പേർ | : 2 |
| ഇലക്ട്രോണക്സ് | : 4 |
| പ്രിന്റിംഗ് | :12 |
| ഓട്ടോമൊബൈൽ | ; 2 |
| വയറിംഗ് | : 1 |
| വെൽഡിംഗ് | : 1 |
| പ്ലംമ്പിംഗ് | :3 |
| ആകെ | : 67 |

ഇതിൽ 38 ഓളം പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ബാക്കി വരുന്നവർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടതായി കണക്കാക്കുന്നു. ഈ പരിശീലന പരിപാടി. പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും ലഭ്യമാകേണ്ടതുണ്ട്.

പഞ്ചായത്തിലെ ഗ്രാമവികസന പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളിൽ മഹിളാ സമാജങ്ങൾ പ്രധാന പങ്കുവഹിക്കുന്നു.പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ 8 യൂനിറ്റുകളിലായി മഹിളാ സമാജങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ കീഴിൽ 5 ബാലവാടികളും , 3 പോഷകാഹാര കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.ദുർബല വിഭാഗങ്ങളിലെ ഗർബ്ബണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കും ഇത്തരം കേന്ദ്രങ്ങൾ വഴി പോഷകാഹാരം വിതരണം ചെയ്തു വരുന്നു.കൂടാതെ ഗർഭണികൾക്കും, കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പും നൽകിവരുന്നു.ഇതിന് പരിശീലനം സിദ്ദിച്ച ബാലവാടിട്ടീച്ചർമാർ നേതൃത്വം നൽകുന്നു. ഇത്തരം കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ് മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തിന് തടസ്സം നേരിടുന്നു. ബാലവാടികൾക്ക് സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളോ, ഉള്ളവതന്നെ റിപ്പേർ ചെയ്യാനുള്ള നടപടികളോ ഒന്നും തന്നെ ഇതുവരേ ഉണ്ടായിട്ടില്ല.

ഗ്രാമീണ ദാരിദ്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈ തൊഴിലാളികൾക്ക് നവീന പണിയായുധങ്ങൾ നൽകിവരുന്ന ദേശീയ പദ്ധതിയും പഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമീണ കൈതൊഴിലുകാർക്ക് പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും. തൊഴലാളികളുടെ വരു

മാനം കൂട്ടാനുമായി നവീന തൊഴിൽ ഉപകരണങ്ങൾ നൽകിവരുന്നു. 1992 ലെ IRDP സർവ്വെപ്രകാരം ഈ പഞ്ചായത്തിൽ പെട്ട 19 കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ ഈ വിഭാഗത്തിൽ പെട്ട 3 കുടുംബങ്ങൾക്കും IRDP സഹായം ലഭിച്ച കൂട്ടത്തിലുണ്ട്. 22 കുടുംബങ്ങൾക്ക മരപ്പണി, ഇരുമ്പ് പണി, സ്വർണ്ണപ്പണി മുതലായ ഇനങ്ങളിൽ നവീന പണിയായുധങ്ങൾ ലഭിച്ചിട്ടുണ്ട്. കർഷക തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ കുടുബങ്ങൾക്ക് നവീന പണിയായുധങ്ങൾ നൽകി അവരെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റാവുന്നതാണ്.

ക്ഷേമപ്രവർത്തനങ്ങളിൽ മറ്റൊരു വിഭാഗമാണ് അവശത അനുഭവിക്കുന്ന ദുർബലവിഭാഗങ്ങളിൽ പെട്ടവർക്കുള്ള പെൻഷൻ പദ്ധതികൾ. ദരിദ്രദുർബല വിഭാഗങ്ങളിൽ പെട്ട ധാരാളം കുടുബങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ വിവിധരീതികളിലുള്ള പെൻഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അഗതി പെൻഷൻ, വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ, ക്ഷയരോഗപെൻഷൻ, കുഷ്ഠരോഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വികലാംഗ പെൻഷൻ, എന്നിവ ഇപ്പോൾ നിലവിൽ ഉണ്ട്.

1993-96 കാലയളവിൽ മേൽപറഞ്ഞ വിവിധ പദ്ധതികളിലായി പെൻഷൻ ലഭിച്ചവരുടെ വിവരങ്ങൾ അടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

മേൽപറഞ്ഞ ദുർബല വിഭാഗങ്ങൾക്ക് പെൻഷൻ ആനുകൂല്യം യഥാസമയം കിട്ടാത്ത അവസ്ഥയാണ്. ഇന്നുള്ളത്. ഈ കാരണം കൊണ്ട് തന്നെ ഈ വിഭാഗങ്ങൾ പെൻഷൻ പദ്ധതികൾക്ക് അപേക്ഷിക്കാൻ വൈമനസ്സ്യം കാണിക്കുന്നു. നടപ്പ് വർഷങ്ങളിൽ പെൻഷൻത വിതരണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ വികലാംഗരായ 38 പേർക്ക് പെൻഷൻ ലഭിച്ചുവരുന്നു. ഇതിൽ 20ഓളം പേർ 45നും 60 നും ഇടയിൽ വരുന്നവരാണ്. ഈ വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് യാത്രാബത്ത, കേന്ദ്ര സ്കോളർഷിപ്പ്, തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്ര വിഷ്കൃത സ്കോളർഷിപ്പ്, വികലാംഗർക്കായുള്ള പ്രത്യേക ഉപകരണങ്ങൾ , യാത്രാഉപകരണങ്ങൾ, എന്നിവ ലഭിച്ചിട്ടുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്കോളർഷിപ്പ് പരിപാടിയും പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം വിഭാഗങ്ങൾ അപേക്ഷനൽകി കാത്തിരിക്കേണ്ട അവസ്ഥയാണ്. ഇന്നുള്ളത് അതേപോലെ അവർക്കു ലഭിച്ചു വരുന്ന ധനസഹായത്തിന്റെ നിരക്ക് വളേരേ കുറവായതിനാൽ ഒന്നിനും ഉപകരിക്കാത്ത സ്ഥിതിയുണ്ട്. അനുയോജ്യമായ തൊഴിൽ പരിശീലനം നടത്താത്തതിനാൽ പഞ്ചായത്തിൽ IRDP പരിപാടി നടപ്പിലാക്കുമ്പോൾ വിഷമതകൾ നേരിടുന്നു. പഞ്ചായത്തിൽ വാർഡ്തലങ്ങളിൽ ട്രൈസം പരിശീലന കേന്ദ്രങ്ങൾ നിലവിൽ വന്നിട്ടില്ല. IRDP ലിസ്റ്റ് എന്ന മാനദണ്ഡം ഇല്ലാതെ തന്നെ എല്ലാവിഭാഗം ജനങ്ങൾക്കും

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠരോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മാ വേതനം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1993-94 | 5 | 5 | 9 | -- | 3 | 3 | 479 | 44 | -- |
| 1994-95 | 6 | 7 | 15 | --- | -- | --- | 447 | 23 | -- |
| 1995-96 | 3 | 7 | 38 | 15 | --- | -- | 421 | -- | -- |
| ആകെ | 14 | 19 | 62 | 15 | 3 | 3 | 1347 | 67 | -- |

പട്ടിക-22

സഹായം നൽകേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ 9 ബാലവാടികൾ മാത്രമേയുള്ളു. ഇതിൽ 2 എണ്ണത്തിന് നല്ല രീതിയിലുള്ള കെട്ടിടങ്ങൾ ഉണ്ടായിട്ടുണ്ട്. ബാക്കിവരുന്നവരുടെ കെട്ടിടങ്ങൾ പൂർണ്ണമായും മാറ്റി, അതിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ബാലവാടികളിൽ കുട്ടികൾക്ക് നൽകിവരുന്ന ഉച്ചഭക്ഷണം കൃത്യസമയങ്ങളിൽ ലഭിക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് ലഭിക്കുന്ന പെൻഷനുകളുടെ കാലതാമസം പഞ്ചായത്തിൽ അവശത അനുഭവിക്കുന്നവർക്ക് പ്രയാസമുണ്ടാക്കുന്നു.

## പ്രശ്നങ്ങൾ

ദരിദ്ര നിർമാർജ്ജന പദ്ധതികളിൽ അർഹരായ കുടുംബങ്ങൾ താല്പര്യം കാണിക്കുന്നില്ല. പ്രായേണ കൂലിപ്പണിയിൽ ഏർപ്പെടാനുള്ള താൽപര്യം കാണിക്കുന്നു.

പഞ്ചായത്തിൽ പുതിയ താമസക്കാരായ കുടുംബങ്ങൾ IRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

വിവിധ പദ്ധതികളെ ക്കുറിച്ച് വാർഡ്തലങ്ങളിൽ ബോധവൽക്കരണം നടക്കാത്ത അവസ്ഥ

ട്രൈസം തൊഴിൽ പരിശീലന പരിപാടികൾ വാർഡ്തലങ്ങളിൽ നിലവിൽ വന്നിട്ടില്ല.

വിവിധ പദ്ധതികൾക്ക് ആവശ്യമായ ധനസഹായം ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നില്ല.

പദ്ധതികൾക്ക് അനുവദിച്ച സാമ്പത്തിക സഹായങ്ങൾ യഥാസമയം അർഹരായവർക്ക് ലഭിക്കാൻ കാലതാമസം നേരിടുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ബാലവാടികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.

പഞ്ചായത്തിൽ ഒരു വാർഡിൽ ഒരു ബാലവാടി എന്ന പദ്ധതി നിലവിൽ വന്നിട്ടില്ല.

പോഷകാഹാര കേന്ദ്രങ്ങളിൽ ആവശ്യമായ രീതിയിലുള്ള പോഷകാഹാരങ്ങൾ ലഭിക്കുന്നില്ല.

അവശത അനുഭവിക്കുന്ന ദുർബലവിഭാഗങ്ങളിൽപെട്ടവർക്ക് പെൻഷൻ വിതരണം ചെയ്യാത്ത അവസ്ഥ

പെൻഷൻ തുകയിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.

പെൻഷൻ വിതരണം യഥാസമയം നടക്കുന്നില്ല. കൃത്യമായും അർഹതപ്പെട്ടവർക്ക് ലഭ്യമാവുന്നില്ല.

പഞ്ചായത്തിൽ നിലവിൽ ഉള്ള എല്ലാ കർഷക തൊഴിലാളികൾക്കു പെൻഷൻ ലഭിക്കുന്നില്ല.

തൊഴിലില്ലായ്മ വേതനം യഥാസമയം ഉപഭോക്താക്കൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

വികലാംഗവിഭാഗങ്ങളിൽ പെട്ടവർക്ക് ലഭിക്കുന്ന വിവിധ ഉപകരണങ്ങൾ വിതരണം ചെയ്യുന്നില്ല.

IRDP വഴിയുള്ള ലോണിന് കുടുംബവരുമാനം കണക്കാക്കുന്നതിനാൽ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല.

## സാധ്യതകൾ

- വനിതകൾക്കായി നടപ്പിലാക്കുന്ന DWCRA പദ്ധതിയിൽ, ഒന്നുമുതൽ അഞ്ച് വരെ അംഗങ്ങളുള്ള ഗ്രൂപ്പുകൾ അംഗീകരിക്കാനുള്ള പരിപാടികൾ
- ട്രൈസം തൊഴിൽ പരിശീലനം കഴിഞ്ഞവർക്ക് പുതിയ തൊഴിൽ സാധ്യതകൾ ലഭ്യമാക്കാനുള്ള പദ്ധതികൾ.
- ധനസഹായ പദ്ധതികളിൽ അർഹരായവരെ കണ്ടെത്താനുള്ള ജനകീയ രീതിയിലുള്ള സംവിധാനം.
- വിവിധ സ്കീമുകളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ.
- വിവിധ പദ്ധതിപ്രകാരം നൽകിവരുന്ന ധനസഹായങ്ങളുടെ പരിഷ്കരണം.
- പഞ്ചായത്തിൽ നിലവിലുള്ള ബാലവാടികൾ കൂടുതൽ സൗകര്യപ്രദമാക്കൽ
- വാർഡുകൾ തോറും ബാലവാടികൾ ആരംഭിക്കാനുള്ള പദ്ധതികൾ
- പോഷകാഹാര കേന്ദ്രങ്ങൾ വഴി കുട്ടികൾക്കും, ഗർഭിണികൾക്കും ഗുണനിലവാരമുള്ള പോഷകാഹാരങ്ങൾ വിതരണം ചെയ്ത് വരാനുള്ള സമഗ്രമായ പദ്ധതികൾ.
- വിവിധ പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കൽ
- അവശത അനുഭവിക്കുന്ന വിഭാഗങ്ങളിൽപെട്ട കുട്ടികൾക്ക് ബാലവാടികളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറാനുള്ള സൗകര്യങ്ങളുടെ ആസൂത്രണം.
- എല്ലാവിഭാഗം തൊഴിലാളികൾക്കും പെൻഷൻ

ലഭിക്കാനുള്ള പദ്ധതികൾ.

●അവശത അനുഭവിക്കുന്ന വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തി വരുമാനം ലഭിക്കാനുള്ള വിവിധ പരിപാടികൾ.

●അവശത അനുഭവിക്കുന്ന കർഷക തൊഴിലാളികൾക്ക് യഥാസമയം പെൻഷൻ ലഭ്യമാക്കാനുള്ള പദ്ധതികൾ.

●ഗ്രാമപഞ്ചായത്ത് മുഖേന പെൻഷൻ വിതരണം നടത്താനുള്ള സംവിധാനമുണ്ടാക്കൽ

●തൊഴിലില്ലായ്മ വേതനം പഞ്ചായത്ത് ഓഫീസ് മുഖേന വിതരണം നടത്താനുള്ള പരിപാടികൾ.

●വികലാഗരായ ആളുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതികൾ.

●വികലാഗവിദ്യാർത്ഥികൾ സ്കൂളുകൾ വഴി ലഭിച്ചുവരുന്ന സ്കോളർഷിപ്പ് വിതരണം സുതാര്യമാക്കൽ.

●ദരിദ്രവിഭാഗങ്ങളിൽപെട്ട കുട്ടികൾക്ക് സ്കൂളുകൾ വഴി വിതരണം ചെയ്ത് വരുന്ന ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കൽ.

●വിവിധ പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങൾ വഴി ലഭിക്കുന്ന സാമ്പത്തിക സഹായം ലളിതമാക്കൽ.

●കുടുംബവരുമാനം മാറ്റി വ്യക്തിവരുമാനമാക്കണം.

## സംസ്കാരം

വടകരയിൽനിന്നും ഉദ്ദേശം 22 കി.മി. അകലെ സ്ഥിതിചെയ്യുന്ന സമ്പൽസമൃദ്ധമായ ഒരു കൊച്ചു ഗ്രാമമാണ് വാണിമേൽ. വാണിമേൽ എന്ന വാക്കിന്റെ ഉത്ഭവം 'വാണി' എന്ന പദത്തിൽ നിന്നാണ്.'വാണി' എന്നാൽ വിദ്യാദേവതയായ സരസ്വതി എന്നും വാക്ക് അഥവാ ഭാഷ എന്നും അർത്ഥമുണ്ട്.

നിബിഡമായ വനങ്ങളും , മലമടക്കുകളും ഓളം വെട്ടിയൊഴുകുന്ന പുഴകളും കൊണ്ട് അനുഗ്രഹീതമായ ഈ കാർഷിക ഗ്രാമത്തിന്റെ സാംസ്കാരിക പൈതൃകം അവേശദായകമാണ്.

പുരാതനകാലത്ത് തന്നെ അസൂയാർഹമായ മതമൈത്രിയും സാമുദായിക രഞ്ചിപ്പും ഇവിടെ നിലനിന്നിരുന്നു. എന്നതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. പുരാതനമായ വെള്ളിയോട് മുസ്ലീം പള്ളിക്കും ശ്മശാനത്തിനും വേണ്ട സ്ഥലം ഇടത്തിൽ നമ്പ്യാർ എന്നവരാണ് ദാനമായി നൽകിയത്. അതേപോലെ വാണിമേൽ മുസ്ലീംപള്ളിക്ക് മാമ്പ്രോൽ നമ്പ്യാർ എന്നവരും സ്ഥലം നൽകുകയുണ്ടായി പുരാതനകാലത്ത് നടത്തപ്പെട്ടിരുന്ന ചടയച്ചാംകണ്ടി തിറയും ചേലേലക്കാവ് തിറയും അമ്പലപ്പറമ്പ് തിറയും നാട്ടിന്റെ ഉത്സവങ്ങൾ തന്നെയായിരുന്നു. ഈ ഉത്സവങ്ങളിൽ മത-ജാതി ഭേതമന്യേ ഈ നാട്ടുകാർ സഹകരിച്ചിരുന്നു. കൂടാതെ ഓണം, വിഷു, പെരുനാളുകൾ തുടങ്ങിയ ആഘോഷവേളകളിൽ ഭക്ഷ്യസാധനങ്ങളും, മറ്റ് സമ്മാനങ്ങളും പരസ്പരം കൈമാറിവരുന്ന പുരാതനരീതി ഇന്നും തുടർന്നുവരുന്നു. ഇടക്കാലത്ത് ഈ സമുദായിക സൗഹാർദ്ധത്തിന് നേരിയതോതിൽ ഇടിവ് സംഭവിച്ചുവെങ്കിലും ഈ നാടിന്റെ സംസ്കാരിക പൈതൃകം മാതൃകാപരമാണ് എന്നത് അവിതർക്കിതമാണ്.

ഈ പഞ്ചായത്തിൽ ഏകദേശം തുല്ല്യഅളവിൽ മുസ്ലീങ്ങളും ഹിന്ദുക്കളും. അഞ്ചിലൊന്ന് കൃസ്ത്യാനികളും അധിവസിക്കുന്നു. ഹിന്ദുക്കളിൽ പ്രധാന ജാതികൾ തിയ്യ, പന്നിയ, കുറിച്ച്യ, നമ്പ്യാർ, നായർ, എന്നിവയാണ് ഇതിൽ ഭൂരിപക്ഷവും തീയ്യ വിഭാഗമാണ്. ഇവർ പൊതുവെ സാമ്പത്തികമായി പുരാതനകാലം മുതൽക്കേ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നു. ഇവരുടെ പ്രധാന ജീവിതമാർഗ്ഗം. കൃഷിപ്പണിയായിരുന്നു. ആദ്യകാലത്ത് ജൻമിമാരായ നായർമാരിൽനിന്നും, മുസ്ലീം ഭൂവുടമകളിൽനിന്നും ഇവർ യാതന അനുഭവിക്കുകയുണ്ടായി. പൊതുവെ വലിയ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന കല്ല്യാണം, പുളികുടികഴിക്കൽ തെരുട്ട്, പെരിക്കള, തെയ്യാട്ട് മുതലായവ മൂലം ഇവർ സാമ്പത്തികമായി അടിക്കടി തകർന്നുവന്നു. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന ഇവർക്ക് മാന്യമായ കൂലി പലപ്പോഴും ലഭിച്ചിരുന്നില്ല. ഹിന്ദുസമൂഹത്തിലെ മറ്റ് വിഭാഗങ്ങളായ കുറിച്യർ, പണിയർ, എന്നിവർ ചിറ്റാരി, ഉരുട്ടി, അടുപ്പിൽ, പന്നിയേരി, കുറ്റല്ലൂര മാടാഞ്ചേരി മുതലായ മലമ്പ്രദേശങ്ങളിലാണ് അധിവസിച്ചുവരുന്നത്. കുറിച്ച്യവിഭാഗം ആദ്യകാലംമുതലേ ഇവിടെ ഉള്ളവരും പണിയർ കുറ്റ്യാടി, വയനാട്, മുതലായ സ്ഥലങ്ങളിൽനിന്ന് കുടിയേറിപ്പാർത്തവരുമാണ്. മുഖ്യജീ

വിതോപാധി കൃഷിപ്പണിയായിരുന്നു. തേൻ, മെഴുക് ഇവ ശേഖരിച്ചും, മുള, ചൂരൽ ഉപയോഗിച്ച് കൂട്ട വട്ടി, മുതലായവ മടഞ്ഞും ഉപജീവനം നടത്തിവരുന്നു. നായാട്ടിൽ പ്രാവീണ്യം കാണിച്ചിരുന്ന കുറിച്ചിൽ ഉയർന്ന ജാതിചിന്ത വച്ചുപുലർത്തിയിരുന്നു.. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇന്നും ഏറെക്കുറെ തുടർന്നുവരുന്നു. സാമ്പത്തിക, വിദ്യാഭ്യാസ രംഗത്ത് പിന്നോക്കാവസ്ഥ നേരിടുന്ന ഈ വർഗ്ഗം പല ചൂഷണങ്ങൾക്കും വിധേയരാവാറുണ്ട്. പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമായി ഈ വിഭാഗത്തിൽപെട്ട പലരും വിദ്യാഭ്യാസം തേടി ഔദ്യോഗിക രംഗത്ത് എത്തയിട്ടുണ്ട്.

പന്നിയ വിഭാഗം തീരെ അപരിഷ്കൃതരായിട്ടാണ് ഇന്നും ജിവിച്ചുവരുന്നത്. പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ഇവരുടെ ജിവിത നിലവാരത്തിൽ കാര്യമായ മാറ്റം വരുത്താൻ സാധിച്ചിട്ടില്ല. സാമ്പത്തിക, സാമൂഹിക വിദ്യാഭ്യാസ രംഗത്ത് പിന്നോക്കാവസ്ഥയിലാണ് ഇവർ ഇപ്പോഴും ജിവിച്ചുവരുന്നത്.

ഹിന്ദുക്കളുടെ പ്രധാന ആഘോഷങ്ങൾ ഓണം വിഷു തുലോപ്പത്തി, കർക്കിടവാവ് ഇവയാണ് ചില തീയ്യ ഗൃഹങ്ങളിൽ പെരിക്കള, തിരട്ടുകല്ല്യാണം എന്നിവ അപൂർവ്വമായി കൊണ്ടാടുന്നു.

എന്നാൽ പിൽക്കാലത്ത് നേടിയെടുത്ത സംഘടിത ശക്തി ഇതിന് മാറ്റം വരുത്തുകയുണ്ടായി. സാമ്പത്തികമായി ഒരു ചെറിയ മുന്നേറ്റം നടത്തിയെങ്കിലും വിദ്യാഭ്യാസപരമായി വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് ഇന്നും കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ഈ വിഭാഗത്തെ പ്രോത്സാഹിപ്പിക്കൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര നടന്നില്ല എന്നത് തന്നെയാണ് ഇതിന് പ്രധാന കാരണം.

ഹുന്ദുസമൂഹത്തിലെ മറ്റൊരുവിഭാഗമാണ് നായർ വിഭാഗം. മുൻകാലത്ത് ജൻമിമാരായിരുന്നു. ആയഞ്ചേരി കോവിലകം വകയായുള്ള ഭൂസ്വത്ത് മുഴുവനും ഇവരുടെ അധീനതിയിലായിരുന്നു. പിൽക്കാലത്ത് ഈ സ്വത്ത് കമ്പനിക്കാർ എന്നറിയപ്പെടുന്ന മുസ്ലീംജൻമിമാർക്കും ബാക്കി കുറിച്യാർക്കുമായി നൽകുകയുണ്ടായി. കൂടാതെ അവശേഷിക്കുന്ന ഭൂമി ഭൂപരിഷ്കരണം മൂലം അന്യാധീനപ്പെട്ടതോടുകൂടി നായർ സമുദായം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായിത്തീർന്നു. പൊതുവേ വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം പുലർത്തിവരുന്നു. ഔദ്യോഗികവിഭാഗങ്ങളിൽ ധാരാളം നായർ സമുദായത്തിൽപെട്ടവർ സേവനം അനുഷ്ടിക്കുന്നു.

ചുരുങ്ങിയ ശതമാനം മാത്രം വരുന്ന നമ്പ്യാർ വിഭാഗം പ്രധാനമായും നെൽകൃഷിയായിരുന്നു ജീവിതമാർഗ്ഗമായി സ്വീകരിച്ചിരുന്നത്. നെൽപാടങ്ങൾ ഏറിയകൂറും ഇവരുടെ അധീനതയിലായിരുന്നു. കാലചക്രത്തിനനുസൃതമായി വന്ന മാറ്റത്തിൽ സാമ്പത്തികമായി പിടിച്ചുനിൽക്കാൻ കഴിയാത്തത് കാരണം വയലുകൾ പലതും ഇവർക്ക് കൈമോശം വന്നു. വിദ്യാഭ്യാസപരമായി സാമാന്യം ഭേദപ്പെട്ട നില ഇവർ കൈവരിച്ചിട്ടുണ്ട്.

അയ്യപ്പൻവിളക്ക്, വിജയദശമി, മഹാനവമി, ശ്രീകൃഷ്ണജയന്തി മുതലായവയുമായി ബന്ധപ്പെടുത്തി ഉത്സവങ്ങൾ നടത്തിവരുന്നു. ചേലക്കാവ് ക്ഷേത്രം, അമ്പലപ്പറമ്പ് ശ്രീ ഭഗവതീക്ഷേത്രം, മുതലായ ക്ഷേത്രങ്ങളിൽ വർഷം തോറും ഉത്സവങ്ങൾ കൊണ്ടാടാറുണ്ട്.

**ആരാധനാലയങ്ങൾ**

അമ്പലപ്പറമ്പ് ശ്രീ ഭഗവതീക്ഷേത്രം

ചേലേലക്കാവ് ക്ഷേത്രം

കുളപ്പറമ്പ് അയ്യപ്പഭജനമഠം.

കാര്യാട്ട് അയ്യപ്പഭജനമഠം.

കുന്നുള്ളം അയ്യപ്പഭജനമഠം.

മഞ്ഞക്കുന്ന് അയ്യപ്പഭജനമഠം.

വെള്ളിയോട് എടത്തിൽ ക്ഷേത്രം.

വാണിമേലിലെ ഹൈന്ദവവിഭാഗത്തിലെ പ്രബലമായ തീയ്യസമുദായം മതവിശ്വാസത്തിലും പ്രവർത്തനങ്ങളിലും വേണ്ടത്ര ശ്ദ്ധ ചെലുത്തിയിരുന്നില്ല. അതിന്റെ ഭാഗമായി പല ക്ഷേത്രങ്ങളും ജീർണാവസ്ഥയിലാവുകയോ, നശിച്ചുപോവുകയോ ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം കോവിലകം ക്ഷേത്രമായ ചേലക്കാവ് ക്ഷേത്രം കോവിലകത്തിൻരെ തകർച്ചയോട് കൂടി നാശം സംഭവിക്കുകയും ക്ഷേത്രസ്ഥലം അന്യാധീനപ്പെടുകയും ചെയ്തു. ഇവിടെ ആയുധപ്പുര, സ്ഥിതിചെയ്യുന്നതായി പറയപ്പെടുന്നു. പാത്രങ്ങൾ വിളക്കുകൾ മുതലായ പല പുരാതന വസ്തുക്കളും

ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. 1860 കളിൽ ജീവിച്ചിരുന്ന ഒരു ഇതിഹാസപുരുഷനായിരുന്നു. കുറൂളി ചെഞ്ചോൻ.

ഇന്ന് ഹിന്ദുമതത്തിൽ പല ആചാരങ്ങളും നിലനിന്നുവരുന്നുണ്ട്. ബാധഒഴിപ്പിക്കൽ, മന്ത്രവാദം മുതലായവ ഇന്നും അങ്ങിങ്ങായി കാണപ്പെടുന്നു. ആചാരാനുഷ്ടാനങ്ങളിൽ പല മാറ്റങ്ങളും നമുക്ക് ദർശിക്കാം. ഹിന്ദു സ്ത്രീകൾ മാറുമറക്കുന്ന സമ്പ്രദായം മുമ്പുണ്ടായിരുന്നില്ല. കുറ്യച്ച്യ വിഭാഗത്തിൽ പെട്ട പുരുഷൻമാർ മുടി നീട്ടി വളർത്തുന്ന സമ്പ്രദായവും, കാതുകുത്തുന്ന സമ്പ്രദായവും അപ്രത്യക്ഷമായിട്ടുണ്ട്.അതേപോലെ പുരുഷൻമാർ ഒറ്റമുണ്ട് മാത്രം മുടുന്ന സമ്പ്രദായവും മാറിയിട്ടുണ്ട്.

വാണിമേലിലെ മറ്റൊരു പ്രബല വിഭാഗമാണ് മുസ്ലിങ്ങൾ. ഇവരുടെ ചരിത്രം ചേരമാൻ പെരുമാളിന്റെ തൊട്ടു പിന്നീടുള്ള കാലഘട്ടത്തോട് കൂടി ആരംഭിക്കുന്നു. ജാതിവ്യവസ്ഥയുടെ തീക്ഷ്ണതയിൽനിന്നും രക്ഷ നേടാനായി. ഇസ്ലാം മതത്തിലേക്ക് ഹിന്ദു മതത്തിലെ താഴ്ന്ന വിഭാഗങ്ങളിൽ നിന്നും മത പരിവർത്തനം നടത്തിയതോടെ ഇസ്ലാം ശക്തിപ്രാപിക്കുകയുണ്ടായി. ഇതര പ്രദേശങ്ങളിൽ നിന്നും മുസ്ലിങ്ങൾ ഇവിടെ കുടിയേറിപ്പാർക്കുകയുമുണ്ടായി.മുസ്ലിങ്ങൾ പൊതുവെ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഭൂരിഭാഗവും കാർഷികവൃത്തിയിലേക്കാണ് തിരിഞ്ഞത്.ചെറിയൊരു വിഭഗം കച്ചവട രംഗത്തും തിരിഞ്ഞു. മുസ്ലിങ്ങളിൽ പലരും ഭൂവുടമകളായി തീരുകയും സാമ്പത്തികമായി ഉയരുകയും ചെയതു. ചിര പരാതനമായ വെള്ളിയോട് ജുമാ അത്ത് പള്ളിയുടെ സ്ഥാപനത്തോടുകൂടി മുസ്ലിങ്ങളുടെ സാസ്കാരിക പ്രവർത്തനം ആരംഭിക്കുന്നു. വാണിമേൽ ജുമാഅത്ത് പള്ളിയും വിവിധ സ്ഥലങ്ങളിലുണ്ടായിരുന്ന ഓത്തു പുരകളും ഇവരുടെ സാസ്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നു.ജ: എം അഹമ്മദ് മൗലവി എന്ന ആളാണ് ഇന്ന് ഈ വിഭാഗം കൈവരിച്ച വിദ്യാഭ്യാസ പുരോഗതിക്ക് തുടക്കം കുറിച്ചത്. യാഥാസ്ഥിക വിഭാഗമായിരുന്ന മുസ്ലിങ്ങളെ ദേശീയ ധാരയിലേക്ക് കൊണ്ട് വരാൻ യത്നിച്ച മഹാനായിരുന്നു അദ്ദേഹം.നിരവധി ചെറുതും വലുതുമായ പള്ളികളും മദ്രസ്സകളും മറ്റു സ്ഥാപനങ്ങളും ഇന്ന് ഈ വിഭാഗത്തിനായിട്ടുണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ധാരാളം പേർ വിദ്യാഭ്യാസം ആർജിക്കുകയും ഉദ്യോഗം കൈവരിക്കുകയും ചെയതതോടൊപ്പം മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തലും ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. L>P,U.P ഹൈസ്കൂൾ വിഭാഗങ്ങളിലായി മുസ്ലിം മാനേജ്മെന്റിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കന്നുണ്ട്. എങ്കിലും ചെറിയൊരു വിഭാഗം ഇന്നും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ വിഭാഗത്തെ സഹായിക്കാൻ ചില സന്നദ്ധ സംഘടനകൾ നിലവിലുണ്ട്.വീട് നിർമ്മാണത്തിലും, വിവാഹത്തലും, രോഗചികിത്സക്കും, വിദ്യാഭ്യാസത്തിനും വേണ്ട സഹായങ്ങൾ ഈ സംഘടനകൾ ചെയ്തു വരുന്നു.

ഇവരുടെ പ്രധാന ആഘോഷങ്ങൾ രണ്ട് പെരുന്നാളുകൾ ആണ്. കൂടാതെ മുസ്ലിങ്ങളിലെ സുന്നി, വിഭാഗം നബിദിനം, ജീലാനിദിനം, ഇവയും ആഘോഷിച്ചു വരുന്നു. പുരാതനമായ വെള്ളിയോട് പള്ളിയിൽ വർഷം തോറും നടത്തിവരുന്ന ആണ്ട് "നേർച്ച "ക്ക് 1992 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്.

**ആരാധനാലയങ്ങൾ**

കുരുകുളം നിസ്കാരപ്പള്ളി
പുതുക്കയം ജുമാമസ്ജിദ്
വെള്ളിയോട് ജുമാമസ്ജിദ്
പരപ്പുപാറ നിസ്കാരപ്പള്ളി
കൊടിയൂറ ജുമാമസ്ജിദ്
ഭൂമിവാതുക്കൽ ജുമാമസ്ജിദ്
ഭൂമിവാതുക്കൽ ടൗൺ ജുമാമസ്ജിദ്
ചെറിയ പറമ്പത്ത് നിസ്ക്കാരപ്പള്ളി
മുളിവയൽ നിസ്ക്കാരപ്പള്ളി
മാമ്പിലാക്കൽ ജുമാമസ്ജിദ്
കുളപ്പറമ്പ് മസ്ജിദുൽ ഫുർഖാൻ
കുളപ്പറമ്പ് നിസ്ക്കാരപ്പള്ളി
മടോംപൊയിൽ നിസ്ക്കാരപ്പള്ളി
കുരുവങ്കുനിതാഴെ നിസ്ക്കാരപ്പള്ളി
വാണിമേൽ ജുമാമസ്ജിദ്
ഓലിയോട്ട് ജുമാമസ്ജിദ്
ഇരുന്നലാടുമ്മൽ നിസ്ക്കാരപ്പള്ളി
ഒതിയോത്ത് നിസ്ക്കാരപ്പള്ളി

ആദ്യകാലങ്ങളിൽ തികച്ചും യാഥാസ്ഥികമായിരുന്ന ഈ വിഭാഗം നിരവധി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമായി പല മാറ്റങ്ങൾക്കും വിധേയമായി.വിദ്യാഭ്യാസരംഗത്തെ പുരോഗതി കാരണം ജീവിത നിലവാരം പുരോഗമിച്ചു. മസ്ലിം സ്ത്രീകൾ വളരേ കുറഞ്ഞ തോതിൽ പൊതുപ്രവർത്തനരംഗത്ത് വന്നു. പുരാതന വേഷമായിരുന്ന കൈലി മുണ്ടും അരപ്പട്ടയും ഇന്ന് അപ്രത്യക്ഷമായി.എന്നു തന്നെ പറയാം. മുൻകാലത്ത് പുരുഷൻമാർ മുടി വളർത്തുന്നതിന് ഉണ്ടായിരുന്ന വിലക്ക് പൂർണ്ണമായും ഇല്ലാതായി. ശൈശവ വിവാഹവും ഇല്ലാതായിട്ടുണ്ട്.

സ്ത്രീധന സമ്പ്രദായം ഇന്നും തുടർന്നുവരുന്നുണ്ട്. വിവാഹധൂർത്തും കൂടിവരുന്നതായി കാണാം. സിസ്ധൻമാരെ സമീപിക്കുന്ന സമ്പ്രദായവും ബാധ ഒഴിപ്പിക്കലും മന്ത്രവാതവും ഇന്നും ചിലിരിൽ നില നിൽക്കുന്നുണ്ട്.

1942 മുതലാണ് വാണിമേലിലെ വേറൊരു മത വിഭാഗമായ കൃസ്ത്യൻ വിഭാഗത്തിന്റെ ചരിത്രം തുടങ്ങുന്നത്. കിഴക്കൻ മലയോര പ്രദേശമായ വിലങ്ങാട് മലയിൽ, ഈ കാലയളവിലാണ് ആദ്യത്തെ കുടിയേറ്റക്കാരായിരുന്ന ഡോ: കെ. ടി. കുര്യനും, അപ്പച്ചനും , തോത്തല കുട്ടിയും കുടിയേറി പാർത്തത്. ഇവർ ആദ്യം താമസമാക്കിയത് പുതുക്കയത്തിലായിരുന്നു. എന്നാൽ കൃഷിസ്ഥലത്തേക്കുള്ള യാത്രാദുരിദവും, താമസസ്ഥലത്തിന്റെ അസൗകര്യങ്ങളും, ചികിത്സാ സൗകര്യത്തിന്റ ആഭാവവും കാരണം ആദ്യത്തെ കുടിയേറ്റക്കാരിൽ ചിലർ തിരിച്ചുപോകുകയുണ്ടായി. പിന്നീട് തിരുവിതാംകൂർ ഭാഗത്ത് നിന്ന് ധാരാളം പേർ കുടിയേറ്റക്കാരായി ഇവിടെ എത്തിച്ചേർന്നു കാട്ടുമൃഗങ്ങളോടും, പ്രകൃതിക്ഷോഭത്തോടും പൊരുതിയാണ് ഇവർ ഇവിടെ കൃഷി നടത്തിയത്. കഠിനാദ്ധ്വാനവും ഊർജ്ജസ്വലതയും ഒത്തിണങ്ങിയ ഈ വിഭാഗം വിദ്യാഭ്യസ സാംസ്കാരികരംഗത്തും പുരോഗതി കൈവരിച്ചു. ഇവരുടെ പ്രധാനകൃഷി, റബർ ആയിരുന്നു. കൂടാതെ കുരുമുളക് തെങ്ങ് കാപ്പി മുതലായവയും ഇവർ കൃഷിചെയ്തു.

1950 ഓട് കൂടിയാണ് കുടിയേറ്റം ദ്രുദഗതിയിലായത് 1955 ൽ ഇന്നത്തെ ചർച്ച് നിലകൊള്ളുന്ന സ്ഥലത്ത് കുർബാനയും കൂദാശയും നടത്തി. 1957 ൽ തലശ്ശേരി രൂപതയുടെ കീഴിൽ ഈ കുടിയേറ്റപ്രദേശത്തെ ഇടവകയായി അംഗീകരിച്ചു. 1986 ൽ താമരശേരി ബിഷപ്പിന്റെ കീഴിലായി. ഈ കുടിയേറ്റ വിഭാഗം മുഴുവനും റോമൻ കത്തോലിക്കാ വിഭാഗത്തിൽ പെടുന്നു. ഇവർ താരതമ്യേന യാഥാസ്തിക വിഭാഗത്തിൽ പെടുന്നു.

**ആരാധനാലയങ്ങൾ**

വിലങ്ങാട് സെന്റ്ജോർജ്ജ് ചർച്ച്
അൽഫാൻസാ ചർച്ച് മഞ്ഞക്കുന്ന്
പാലൂർ സെന്റ്തോമസ് കുരിശുപള്ളി
പാനോം സെന്റ ജോസഫ് കുരിശുപള്ളി
വിലങ്ങാട് സിറ്റി കുരിശുപള്ളി.
മഞ്ഞക്കുന്ന് ക്ലാര മഠം
വിലങ്ങാട് ആരാധനാ മഠം

ഇവരുടെ പ്രധാന ആഘോഷങ്ങൾ ഈസ്റ്റർ, കൃസ്തുമസ്, പള്ളിപ്പെരുന്നാൾ ഇവയാണ്. കൂടാതെ ദുഃഖവെള്ളിയാഴ്ച പെസഹാ വ്യാഴാഴ്ച, ഓശാന ഞായർ എന്നിവയോടനുബന്ധിച്ചു വരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ മതപഠനക്ലാസ്സുകൾ നടത്തിവരുന്ന സമ്പ്രദായവും ഉണ്ട്. ഈ വിഭാഗത്തിന്റെ കീഴിൽ LP മുതൽ ഹൈസ്കൂൾ വരെയുള്ള ഒരു വദ്യാഭ്യാസ സ്ഥാപനം പ്രവർത്തിച്ചു വരുന്നു.

കാലോചിതമായ മാറ്റങ്ങൾക്ക് ഈ വിഭാഗവും വിധേയമാവുകയുണ്ടായി, കൃസ്ത്യാനി സ്ത്രീകൾ ചട്ടയും, മുണ്ടും ഉടുക്കുന്ന സമ്പ്രദായവും, കാതിൽ കുടുക്ക് ഇടുന്ന സമ്പ്രദായവും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ വിഭാഗത്തിൽ സ്ത്രീധന സമ്പ്രദായം നിലനിന്നുവരുന്നു.

## സാംസ്കാരിക സ്ഥാപനങ്ങൾ

വാണിമേലിലെ വയലിൽ പീടികയിൽ മുൻകാലത്ത് ഒരു ലൈബ്രറി അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ ലൈബ്രറിക്ക് ഒരു പാർട്ട് ടൈം ജോലിക്കാരനുണ്ടായിരുന്നു. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ ലൈബ്രറിയുടെ പ്രവർത്തനം പിൽക്കാലത്ത് നിലച്ചുപോവുകയാണുണ്ടായത്.

ഇന്ന് പഞ്ചായത്തിൽ നിരവധി സാംസ്കാരിക സ്ഥാപനങ്ങളും ക്ലബുകളും പ്രവർത്തിക്കുന്നുണ്ട്. **പതനൊന്ന് വായനശാലകളും നാല് ലൈബ്രറികളും** ഇന്ന് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

(പട്ടിക നോക്കുക) വാണിമേൽ സാംസ്കാരികനില യത്തിൽ പ്രവർത്തിക്കുന്ന വായനശാല 1993ലാണ് പ്രവർത്തനം ആരംഭിച്ചത്. 2000 ത്തിലധികം പുസ്ത കങ്ങൾ ഈ ഗ്രന്ഥാലയത്തിലുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളും വർത്തമാന പത്രങ്ങളും ഇവിടെ പ്രവർത്തിക്കുന്ന വായനശാലയിൽ ലഭ്യ മാണ്. ഇവിടെ ഇരുനൂറിലധികം മെമ്പർമാരാണ് ഇതിൽ പത്ത് സ്ത്രീമെമ്പർമാരാണ്. മാസത്തിൽ ശരാശരി 250 പുസ്തകങ്ങൾ വിതരണം ചെയ്യപ്പെ ടുന്നു. ഒരു ടി. വി. സെറ്റും ഇവിടെ ഉണ്ട്.

1994 ൽ വാണിമേൽ താവോട്ട് മുക്കിൽ സ്ഥാപി ക്കപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ സ്മാരക ഗ്രന്ഥാ ലയം വായനശാല നല്ലനിലയിൽ പ്രവർത്തിച്ചുവ രുന്നു. സ്വന്തമായി രണ്ട് നില കെട്ടിടമുള്ള ഈ ലൈബ്രറിയിൽ 1500 പുസ്തകങ്ങൾ ഉണ്ട്. ആനു കാലിക പ്രസിദ്ധീകരണങ്ങളും, വർത്തമാന പത്ര ങ്ങളും ലഭ്യമായ വായനശാലയിൽ ഒരു പൊതു ടി.വി. സെറ്റ് സ്ഥാപിച്ചിട്ടുണ്ട്. അൻപത് സ്ത്രീ മെമ്പർമാരടക്കം 150 മെമ്പർമാരാണ് ഈ ഗ്രന്ഥാല യത്തിലുള്ളത്. ശരാശരി 300 പുസ്തകം മാസത്തിൽ വിതരണം ചെയ്തുവരുന്നുണ്ട്. സ്ത്രീകളുടെ വായ നാശീലം പ്രോത്സാഹിപ്പിക്കാൻ വേണ്ടി പുസ്തക ങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന സമ്പ്രദായം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇവിടെ ഒരു പാർട്ട് ടൈം ലൈബ്രേറിയൻ ജോലിചെയ്യു ന്നുണ്ട്. കേരളാ ഗ്രന്ഥശാലാ സംഘത്തിൽ അഫിലി യേഷൻ ചെയ്തിട്ടുണ്ട്.

ഇരുപതു വർഷം മുമ്പ് സ്ഥാപിക്കപ്പെട്ട ഒരു വായനശാലയാണ് ടാഗോർ വായനശാല ആന്റ് ഗ്രന്ഥാ ലയം, പരപ്പുപാറ 1982 മുതൽ രജിസ്ട്രർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ കാലിക പ്രസിദ്ധീകരണങ്ങളും വർത്തമാന പത്രങ്ങളും ലഭ്യ മാണ്. സ്വന്തമായ ഇരുനിലകെട്ടിടം ഈ ലൈബ്രറി ക്കുണ്ട്. വ്യാപകമായ രീതിയിൽ പുസ്തകശേഖരണം നടന്നുവെങ്കിലും പുസ്തക വിതരണം ത്വരിതഗതി യിലായിട്ടില്ല. ഇവിടെ ഒരു പൊതു ടി. വി. സെറ്റ് സ്ഥാപിച്ചിട്ടുണ്ട്. 13 അംഗ കമ്മിറ്റിആണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്.

1960 ൽ സ്ഥാപിക്കപ്പെട്ട ഒരു ഗ്രന്ഥാലയമാണ് നഹ്റുമെമ്മോറിയൽ വായനശാല ആന്റ് ഗ്രന്ഥാ ലയം വിലങ്ങാട്. സിഗ്രേഡുള്ള ഈ ഗ്രന്ഥാലയം ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരു ന്നത്. 2400 ലധികം പുസ്തകങ്ങളുള്ള ഈ ഗ്രന്ഥാ ലയത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും വർത്തമാന പത്രങ്ങളും ലഭ്യമാണ്. ഇത് കേരള ഗ്രന്ഥ ശാലാ സംഘത്തിൽ അഫിലിയേഷനുള്ള ഗ്രന്ഥാല യമാണ്. സ്വന്തമായി കെട്ടിടം പണി പുരോഗമിച്ചുവ രുന്നു. 300 അംഗങ്ങൾ ഉള്ള ഈ ഗ്രന്ഥാലയത്തിൽ 20 ലധികം സ്ത്രീ മെമ്പർമാരാണ്. മാസത്തിൽ ശരാ ശരി 200 പുസ്തകം വിതരണം ചെയ്യപ്പെടുന്നു. ആവ ശ്യമായ ഫർണിച്ചറുകളുടെ അഭാവവും സ്വന്തമായ കെട്ടിടമില്ലായ്മയും ഇതിന്റെ പ്രധാന പോരായ്മക ളാണ്.

എട്ടോളം രജിസ്ററർ ചെയ്യപ്പെട്ട ക്ലബുകളും ധാരാളം രജിസ്ട്രർ ചെയ്യപ്പെടാത്ത ക്ലബുകളും ഇവിടെ ഉണ്ട്. ഇതിൽ പ്രവർത്തന ക്ഷമമായത് വിരലിലെ ണ്ണാവുന്നവ മാത്രമാണ്. കുറഞ്ഞ ആയുഷ്ദൈർഘ്യം മാത്രമുണ്ടായിരുന്ന ക്ലബുകളും അനവധിയത്രെ.

1986 ൽ സ്ഥാപിതമായ ബ്രദേഴ്സ് സ്പോട്സ് ക്ലബ് സ്പോട്സ് രംഗത്ത് ചില പ്രവർത്തനങ്ങൾ നട ത്തിവരുന്നു. നഹ്റുയുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഈ ക്ലബ് 42 അംഗങ്ങളുണ്ട്. വർഷം തോറും വോളീബോൾ, ഷട്ടിൽ ബാഡ്മിന്റൻ, ചെസ്സ്, മുതലായവയിൽ ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കാ റുണ്ട്. വിദ്യാഭ്യാസരംഗത്ത് പ്രോത്സാഹനം നൽകാൻ കാഷ് അവാർഡുകൾ നൽകുന്ന പതിവും തുടർന്നു വരുന്നു.

ദേശീയപ്രാധാന്യദിവസങ്ങളിൽ സമുചിതമായ രീതിയിൽ ആഘോഷിക്കാറുമുണ്ട്. സ്വന്തമായ കെട്ടി ടമില്ല. ഓഫീസ് വാടകമുറിയിലാണ് പ്രവർത്തിക്കു ന്നത്. ഒരു വായനശാലയും ഈ ക്ലബിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

1988 ൽ സ്ഥാപിതമായ വേറൊരു ക്ലബ്ബാണ് തരംഗിണി കലാസമിത്, കുളപ്പറമ്പ് 20 സ്ത്രീകള ടക്കം 65 മെമ്പർമാർമാരുള്ള ഈ സംഘടന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വാടകക്കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചുവരുന്നത്. രൂപീകരണ സമയത്തും പിന്നീടുള്ള കുറച്ചുകാലവും നല്ലരീതിയിൽ പ്രവർത്തനം കാഴ്ചവെച്ച ഈ ക്ലബിന്റെ ഇന്നത്തെ പ്രവർത്തനം അത്ര മെച്ചപ്പെട്ടതല്ല.

1990 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരം

ഭിച്ച ഉദയം കലാസമിതി, വാണിമേൽ കുറച്ചു കാലം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. അടുത്തകാലത്തായി എടുത്തുപറയത്തക്ക പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്തു നടത്തിയിട്ടില്ല.

കുന്നുകുളത്തിൽ പ്രവർത്തിച്ചിരുന്ന രജിസ്റ്റർ ചെയ്ത ക്ലബായിരുന്നു 'ആസ്ക്' ന്റെ പ്രവർത്തനം ഏകദേശം നിലച്ച മട്ടിലാണ്.

1987 മുതൽ വാണിമേൽ പ്രദേശത്ത് വ്യവസ്ഥാപിതമായി പ്രവർത്തിച്ചു വരുന്ന ഒരു സാംസ്കാരിക സംഘടനയാണ് 'സേവ്' സൊസൈറ്റി. നിർദ്ധനരായ ആളുകൾക്ക് പുരമേയാനും, രോഗചികിത്സക്കും സഹായം നൽകും, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുക, ക്രസന്റ് വിദ്യാർത്ഥികൾക്ക് 'കാഷ്' അവാർഡുകൾ വിതരണം ചെയ്യുക. എന്നിവ മേൽ സംഘടനയുടെ പ്രധാന പ്രവർത്തനങ്ങളാണ്. സംഘടനക്ക് വാണിമേൽ വയൽ പീടികയിൽ സ്വന്തമായി ഒരു ഓഫീസുണ്ട്. കൂടാതെ 1988 മുതൽ വയൽ പീടികയിൽ സ്വന്തമായി ഒരു വായനശാല നടത്തി വരുന്നുണ്ട്. 1995 മുതൽ ഇവിടുത്തേക്ക് പഞ്ചായത്തു വക 2 പത്രം അനുവദിക്കപ്പെട്ടു. ബാക്കി പ്രസിദ്ധീകരണങ്ങൾ സ്വന്തമായി വാങ്ങി നടത്തുകയാണ് ചെയ്യുന്നത്.

1981 ൽ സ്ഥാപിതമായ മയൂരി - കുനിയിൽ പീടികയുടെ പ്രവർത്തനവും നിശ്ചലാവസ്ഥയിലാണ്.

1988 ൽ സ്ഥാപിതമായ 'സംരംഭം' വാണിമേൽ രൂപീകരണ കാലത്തും ഒട്ടനവധി പ്രവർത്തനങ്ങൾ കാഴ്ചവെച്ചിരുന്നു. നഹ്റുയുവകേന്ദ്രയിൽ അഫിലിയേഷനുള്ള ഈ ക്ലബിന്റെ പ്രവർത്തനവും ഏകദേശം നിലച്ച മട്ടിലാണ്.

മൂന്ന് വർഷങ്ങൾക്ക് മുമ്പ് രൂപീകൃതമായ 'മാപ്പിള കലാസാഹിത്യ വേദി' യുടെ പ്രവർത്തനം ഏകദേശം തൃപ്തികരമായ രീതിയിൽ മമ്പോട്ടു പോകുന്നു. മാപ്പിള കലകളെ പ്രോത്സാഹിപ്പിക്കുക എന്ന മുഖ്യ ഉദ്ദേശത്തോടുകൂടി രൂപീകൃതമായ ഈ സംഘടന 'ആകാശവാണി' യിൽ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. പ്രസിദ്ധീകരണ രംഗത്തും ഈ സംഘടന കാൽ വെച്ചിട്ടുണ്ട്. സ്വന്തമായി ഒരു ദഫ് മുട്ട് ടീം ഈ സംഘടനയ്ക്ക് കീഴിലുണ്ട്. വാണിമേലിലെ സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരെല്ലാം, ജാതി-മത-ഭേതമന്യെ ഈ സംഘടനയോട് സഹകരിച്ചുവരുന്നു.

കിട്ടിയ സ്ഥിതിവിവര കണക്കനുസരിച്ച് പഞ്ചായത്തിൽ 11 വായനശാലകളാണ് നിലവിലുള്ളത്. പഞ്ചായത്ത് വക ഒന്നും ഇതരക്ലബ്ബുകളുടെ കീഴിൽ 10 ഉം. വർത്തമാനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഒട്ടുമിക്കതും പഞ്ചായത്ത് വകയാണ് ലഭ്യമാകുന്നത്.

പ്രസിദ്ധീകരണരംഗത്ത് പഞ്ചായത്തിൽ നിന്നും ചില മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. ദാറുൽഹുദാ അറബിക് കോളേജ് വാർഷികത്തോടനുബന്ധിച്ച് ഇറക്കപ്പെട്ട സോവനീർ, പി. വി. കുഞ്ഞമ്മദ് ഹാജി സ്മരണിക, മടോംപൊയിൽ ഇബ്രാഹിം സ്മരണിക മുതലായവ ഈരംഗത്തെ കാൽവെപ്പുകളാണ്. മാപ്പിള കലാസാഹിത്യവേദി ഇറക്കിയ 'ചെന്നായ പിടിച്ച കുട്ടി' എന്ന മാപ്പിളപ്പാട്ട് സമാഹാരവും ഈ രംഗത്തെ മുതൽക്കൂട്ടാണ്. ടാഗോർ മെമ്മോറിയൽ ഗ്രന്ഥശാല, വായനശാലയുടെ നേതൃത്വത്തിൽ ഒരു ചരിത്ര പഠനത്തിന് തുടക്കം കുറിച്ചുവെങ്കിലും അത് വെളിച്ചം കാണുകയുണ്ടായില്ല.

ആദിവാസികൾക്കിടയിൽ നിരവധികലാരൂപങ്ങൾ നിലനിന്നിരുന്നു. അവയിൽ ചിലത് അന്യം നിന്നു പോവുകയുണ്ടായി.

വടക്കൻ പാട്ട്, ഞാറ്റുപാട്ട് മുതലായവ ഒരുകാലത്ത് പ്രചരിച്ചിരുന്നു. മാപ്പിളപ്പാട്ട്, ഒപ്പന മുതലായവയിൽ ഇന്നും ഇവിടുത്തുകാർ മുൻപന്തിയിൽതന്നെയുണ്ട്. 'പുഴക്കൽ വീട്ടിൽ മൊയ്തീൻ' എന്ന ഒരു മാപ്പിള കവി വാണിമേലിന്റെ പുത്രനാണ്. എന്നാൽ നാടകട്രൂപ്പുകളോ, ഗനമേളസംഘങ്ങളോ ഈ മണ്ണിൽ വളർന്നു വന്നിട്ടില്ല.

ടി. വി. യുടെ സ്വാധീനം താരതമ്യേന കുറവാണെന്ന് പറയാം ഏകദേശം 5% ഓളം വീടുകളിൽ മാത്രമേ T V സ്ഥാപിച്ചിട്ടുള്ളൂ. കേബിൾ ടി. വി. ശൃംഖല ഇവിടെ പിരചയപ്പെടുത്തപ്പെട്ടിട്ടില്ല. പൊതു ടി. വി. സെറ്റുകൾ നാമമാത്രമേയുള്ളൂ. എന്നാൽ സിനിമാ കമ്പം ചെറുപ്പക്കാരെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ടെന്ന് കാണാം. ഇവിടെ ഒരു സിനിമാശാല മാത്രമേയുള്ളുവെങ്കിലും അയൽ പ്രദേശങ്ങളിലെ സിനിമാശാലകളിൽ ഇവിടുത്തുകാർ ധാരാളമായി ചെന്നെത്തുന്നു.

കായിക രംഗത്ത് അസൂയാർഹമായ പല നേട്ടങ്ങളും ഇന്നാട്ടുകാർ കൊയ്തിട്ടുണ്ട്. യൂനിവേഴ്സിറ്റി തലത്തിലും സംസ്ഥാനതലത്തിലും വിജയം കണ്ടെത്തിയവർ ഈ പഞ്ചായത്തിലെ വിലങ്ങാട് പ്രദേശത്ത് ധാരാളം പേരുണ്ട്. ബൈജു ജേക്കബ്, സക്കറിയാസ് വി. ജെ, ബിജുജോസഫ്, ഷിമ്പിൽ കുര്യാക്കോസ് മുതലായവർ ഈ രംഗത്ത് ശോഭിച്ചവരത്രെ. വോളീബോൾ രംഗത്ത് ഈ നാട്ടുകാർ തങ്ങളുടെതായ മുദ്ര പതിച്ചിട്ടുണ്ട്. സ്കൂൾ തലമേളകളിൽ ഈ പ്രദേശത്തെ സ്കൂളുകൾ മികച്ച വിജയം കൈവരിക്കാറുമുണ്ട്. സബ്ജില്ലാകായികമേളയിൽ വാണിമേൽ എം. യു. പി സ്കൂളും നെടുംപറമ്പ് എൽ. പി. സ്കൂളും മേളയിൽ വിലങ്ങാട് സെന്റ് ജോർജ്ജ് ഹൈസ്കൂളിലെയും വെള്ളിയോട് ഗവ: ഹൈസ്കൂളിലെയും വിദ്യാർത്ഥികൾ മികവ് പുലർത്താറുണ്ട്. എന്നാൽ പല സ്കൂളുകൾക്കും ആവശ്യമായത്ര കളിസ്ഥലമില്ല എന്നത് ഈ രംഗത്ത് ശോച്യാവസ്ഥയ്ക്ക് കാരണമാകുന്നു.

കളരി, കരാട്ടേരംഗത്ത് സംഘടിതമായരീതിയിലുള്ള പരിശീലനം നടന്നിട്ടില്ല. ജിംനേഷ്യ ഇന്നും ഈ നാട്ടുകാർക്ക് അന്യം തന്നെയായി തുടരുന്നു.

ക്രിക്കറ്റിനോടുള്ള അമിതപ്രതിപത്തി സാംസ്കാരിക-കായിക രംഗത്ത് മുരടിപ്പ് സൃഷ്ടിക്കുന്നുണ്ടെന്നത് അവിതർക്കിതമാണ്.

### കലാകായിക സമിതികൾ

മണിക്കൂറുകൾ, ദിവസങ്ങൾ ടി. വിയുടെ മുമ്പിൽ ക്രിക്കറ്റ് ആസ്വാദകരായി ഇരിക്കുന്ന സ്കൂൾ വിദ്യാർത്ഥികളെയും യുവാക്കളെയും കാണുമ്പോൾ സാംസ്കാരിക-കായിക രംഗത്തിന്റെ ഭാവി ഇരുട്ടടഞ്ഞതാണോ എന്ന് തോന്നിപ്പോകുന്നു.

സ്പോർട്സ് മത്സരങ്ങൾ പലസംഘടനകളും പലപ്പോഴും സംഘടിപ്പിക്കാറുമുണ്ട്. കേരളോത്സവത്തോടനുബന്ധിച്ചും ഓണാഘോഷവുമായി ബന്ധപ്പെട്ടും പഞ്ചായത്തടിസ്ഥാനത്തിൽ സ്പോർട്സ് മത്സരങ്ങൾ നടത്തിവരാറുണ്ട്. പക്ഷെ, ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരുന്നുണ്ടോ എന്നകാര്യം പരിശോധനാർഹമാണ്.

ഈ നാടിന്റെ കായിക വിനോദങ്ങളായിരുന്ന തലപ്പന്ത്കളി, കൊക്കംപറക്കൽ, വരുത്ത് മുതലായവ. എന്നാൽ ഇന്ന് ഈ വിനോദങ്ങളൊക്കെയും അപ്രത്യക്ഷമായി ക്രിക്കറ്റ് ഭ്രാന്തിലേക്ക് ജനങ്ങൾ മാറിയതായി കാണാം. കമ്പവലി പോലുള്ള കായിക വിനോദങ്ങൾ പലപ്പോഴും സംഘടിപ്പിക്കാറുണ്ട്.

കേരളഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 'കേരളോത്സവം' കലാ-കായിക-സാംസ്കാരിക രംഗത്ത് പ്രോത്സാഹനം നൽകാൻ ഉതകുന്നതാണ്. രജിസ്ട്രർചെയ്ത ക്ലബുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനും, ഗ്രന്ഥാലയങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങാനും ഉള്ള പദ്ധതികൾ ലഘൂകരിക്കപ്പെടേണ്ടതാണ്. കാല-സാംസ്കാരിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇനിയും പദ്ധതികൾ ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

പൊതുവെ വായനാശീലം കുറഞ്ഞുവരുന്ന പ്രവണതയാണ് ഇന്നിവിടെയുള്ളത്. 3 ലൈബ്രറികളിൽനിന്നുമായി മാസം ശരാശരി എഴുനൂറിനടുത്ത് പുസ്തകം മാത്രമേ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്ന് കാണുമ്പോൾ ഇതിന്റെ വ്യാപ്തി നമുക്ക് മനസ്സിലാക്കാം, ടി. വി., സിനിമ, മുതലായവ വായനാശീലത്തിന് തടസ്സം സൃഷ്ടിക്കുന്നുവെന്ന് പറയാം. വായനാശീലം പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനമൊന്നും ക്ലബുകൾ നടത്തിയതായും കാണുന്നില്ല.

ഈയടുത്ത് നിലവിൽവന്ന 'മിസൈൽ' സമ്പ്രദായം സാംസ്കാരിക ജീർണ്ണതക്ക് മികച്ച ഉദാഹരണമാണ്. കൊള്ളപ്പലിശക്ക് പണം കടം കൊടുക്കുന്ന ഈ രീതി പല സാംസ്കാരികപ്രശ്നങ്ങൾക്കും കാരണമാവാറുണ്ട്. മദ്യപാനം, പണം വെച്ചുള്ള ശീട്ടുകളി മുതലായവയും സാംസ്കാരികരംഗത്തോടുള്ള വെല്ലുവിളികളായി അവശേഷിക്കുന്നു.

കായിക പരിശീലനത്തിന് പഞ്ചായത്തിൽ മിനി സ്റ്റേഡിയങ്ങൾ നിലവിലുണ്ട്. ഇതിൽ പരപ്പുപാറയിലുള്ള മിനി സ്റ്റേഡിയം ഉപയോഗശൂന്യമാണ് എന്ന് പറയാം. മറ്റ് കായിക പരിശീലനങ്ങൾ സ്വകാര്യവ്യക്തികളുടെയും മറ്റും മൈതാനത്ത്നിന്നാണ് നടത്തുന്നത്.

### സാധ്യതകൾ

-വിദ്യാഭ്യാസപരമായി വൻ പുരോഗതി നേടിയ ഈ പ്രദേശത്ത്, സാമുദായിക രഞ്ജിപ്പിന് കൂടുതൽ

## കലാകായിക സമിതികൾ

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | അഫിലി യേഷൻ | സ്വന്തമായി കെട്ടിടമുണ്ടോ | റേഡിയോ ടി. വി. | മുഖ്യ പ്രവർത്തനം |
|---|---|---|---|---|---|---|
| മയൂരി കുനിയിൽ പീടിക | 1981 | -- | -- | ഇല്ല | -- | തൃപ്തികര മല്ല |
| സരിഗ നിടുംപറമ്പ് | 1992 | 135 | -- | ഇല്ല | -- | സാസ്കാ രികം |
| ഉദയം വാണിമേൽ | 1990 | 26 | -- | ഇല്ല | -- | തൃപ്തികര മല്ല |
| ബ്രദേർസ് വാണിമേൽ | 1986 | 42 | നഹ്യ യുവ കേന്ദ്ര | ഇല്ല | -- | സ്പോർട്സ് |
| തരംഗിണി കുളപ്പറമ്പ് | 1988 | 65 | -- | ഇല്ല | -- | കലാരംഗം |
| സംരംഭം വാണിമേൽ സേവാവാണിമേൽ | 1988 | 25 | നഹ്യ യുവ കേന്ദ്ര | ഇല്ല | -- | തൃപ്തിക രമല്ല |
| മാപ്പിളകലാസാഹിത്യവേദി വാണിമേൽ | 1987 | 24 | --- | ഉണ്ട് | -- | മാപ്പിള കലകൾ |
| സരിഗ നിടുംപറമ്പ് | 1989 | 60 | -- | -- | -- | തൃപ്തിക രമല്ല |
| ശ്രുതി വാണിമേൽ | 1995 | 30 | -- | -- | -- | കലാരംഗം |
| ജയന്തി മഹിളാസമാജം വിലങ്ങാട് | 1987 | 100 | -- | ഉണ്ട് | -- | കലാ-കായിക രംഗം |
| സംഘമിത്ര പരപ്പുപാറ | 1990 | 60 | -- | -- | -- | കലാ കായിക രംഗം |
| പ്രണവം വാണിമേൽ | 1994 | 40 | -- | -- | -- | കലാരംഗം |

ടേബിൾ 23

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ആനുകാലികങ്ങൾ | മാസത്തിൽ ശരാശരി വിതരണം | മറ്റ് അനുബന്ധ പ്രവർത്തനം |
|---|---|---|---|---|---|---|
| വാണിമേൽ ഗ്രാമപഞ്ചായത്ത് സാംസ്കാരികനിലയം ഗ്രന്ഥാലയം & വായനശാല | 1993 | -- | 2000 | 4 | 250 | പൊതു ടി.വി സെറ്റുണ്ട് |
| സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ വായനശാല & ഗ്രന്ഥാലയം വാണിമേൽ | 1994 | -- | 1500 | 3 | 300 | പൊതു ടി.വി സെറ്റുണ്ട് |
| നെഹ്റുമെമ്മോറിയൽ വായനശാല & ഗ്രന്ഥാലയം വിലങ്ങാട് | 1960 | സി | 2400 | 3 | 200 | സ്വന്തമായി കെട്ടിടം പണിതുകൊണ്ടിരിക്കുന്നു. |
| ടാഗോർ വായനശാല ഗ്രന്ഥാലയം പരപ്പുപാറ | 1982 | -- | 800 | 3 | 50 | സ്വന്തമായി കെട്ടിടമുണ്ട് ടി.വി. സെറ്റുണ്ട് |

പട്ടിക 24

ആക്കം നൽകാൻ, സാമൂഹ്യ സാംസ്കാരിക പുരോഗതിക്കുള്ള ഒരു ചാലക ശക്തിയായി വർത്തിക്കും വിധത്തിൽ ഒരു സാംസ്കാരിക കൊ-ഓഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകുക.

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ പഞ്ചായത്തിലെ മുഴുവൻ ക്ലബ്ബുകളുടെയും സാംസ്കാരിക പ്രവർത്തകരുടെയും കൂട്ടായ്മയാണ് ഈ രംഗത്ത് വേണ്ടത്.

-മേൽപറഞ്ഞ കോ-ഓഡിനേഷൻ കമ്മറ്റിയുടെ കീഴിൽ കേരളോത്സവം, ഓണാഘോഷം മുതലായവ നടത്തുക.

ഒരുവർഷത്തേക്ക് ഓരോ ക്ലബുകളും ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ വീതിക്കുക.

-കമ്മറ്റിയുടെ കീഴിൽ വീഡിയോക്ലബ്, ചിൽഡ്രൻസ് ഫിലിംഷോ മുതലായവ സംഘടിപ്പിക്കു.

- സംവാദങ്ങൾ, ചർച്ചാക്ലാസുകൾ, മതസൗഹാർദ്ദ പ്രവർത്തനങ്ങൾ മുതലായവ ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്തുക.

-കൊപ്രക്കളം ഗ്രൗണ്ട് അക്വിസേഷൻ നടപടി ത്വരിതപ്പെടുത്തി അവിടെ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുക.

-നിരത്തുമ്മൽ പീടിക, ചേലമുക്ക്, കാപ്പുമ്മൽ, മണത്താൻകാപ്പ്, കാക്യോട്ടുമ്മൽ, കുറ്റിയിൽപീടിക, കോടിയൂറ, ഇരുന്നാലാട് കുന്ന്, ചേരനാണ്ടിമുക്ക്, വെള്ളിയോട് മുതലായ സ്ഥലങ്ങളിൽ വായന ശാലകൾ സ്ഥാപിക്കുക.

-മണത്താൻകാപ്പ്, ചെറിയപറമ്പ് മുതലായ സ്ഥലങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

-രജിസ്റ്റേർഡ് ക്ലബുകൾക്ക് ധനസഹായം നൽകുക.

-അഫിലിയേഷനുള്ള ഗ്രന്ഥാലയങ്ങൾക്ക് പുസ്തകം വാങ്ങാൻ ഫണ്ടനുവദിക്കുക.

- പെരുന്നാൾ, വിഷു, ക്രിസ്തുമസ് മുതലായ മതാഘോഷവേളകളിൽ മതങ്ങളെ അടുത്തറിയാൻ 'സൗഹാർദ്ദ മീറ്റുകൾ' സംഘടിപ്പിക്കുക.

-ആദിവാസി കലാരൂപങ്ങളെയും മറ്റ് നാടൻ കലകളെയും സംരക്ഷിക്കുക. ആദിവാസികലാമേള-നാടൻമേള സംഘടിപ്പിക്കുക.

-പഞ്ചായത്തുതലത്തിൽ കേരളോത്സവം കൊണ്ടാടുന്നതിന്റെ മുന്നോടിയായി വാർഡ് അടിസ്ഥാനത്തിൽ 'ഗ്രാമോത്സവം' സംഘടിപ്പിക്കുക.

-എല്ലാ വാർഡുകളിലും മിനിസാംസ്കാരിക നിലയവും കളിസ്ഥലവും നിർമ്മിക്കുക.

-സാമൂഹ്യ അനാചാരങ്ങളായ, സ്ത്രീധനം, മദ്യപാനം മുതലായവക്കെതിരെ സന്നദ്ധസംഘടനകൾ വഴി ബോധവൽക്കരണം നടത്തുക.

-പഞ്ചായത്ത്തലത്തിലുള്ള കായിക മത്സരവിജയികൾക്ക് സർട്ടിഫിക്കറ്റിനുപുറമെ കാഷ് അവാർഡും നൽകുക.

-വായനാശീലം പ്രോത്സാഹിപ്പിക്കാൻ ലൈബ്രറികൾക്കും വായനാശാലകൾക്കും പുസ്തകങ്ങളും, പത്രമാസികകളും ലഭ്യമാക്കുക.

## വനിതാക്ഷേമം

1950 മുതലുള്ള ചരിത്രം പരിശോധിക്കുകയാണെങ്കിൽ സാമൂഹ്യ-രാഷ്ട്രീയ, സാംസ്ക്കാരിക രംഗങ്ങളിൽ പൊതുവെ സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. വ്യത്യസ്ഥ മതവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ മതപരവും,സാമൂഹികവുമായ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിച്ചിരുന്നു. കുറിച്ച്യവിഭാഗത്തിൽപ്പെട്ട സ്ത്രീകൾ അയിത്താചാരത്തിന്റെ മറവിൽ സമൂഹത്തിൽ നിന്നും മാറിനിന്നിരുന്നു. വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായിരുന്ന പ്രദേശങ്ങളിൽ പോലും സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന് പ്രധാന്യം നൽകാതിരുന്നതുകൊണ്ട് അവർ വിദ്യാഭ്യാസപരമായി പിന്നോക്കമായിരുന്നു. ആരോഗ്യരംഗത്ത് ബോധവൽക്കരണശ്രമങ്ങൾ ഒന്നുംതന്നെ നടന്നിരുന്നില്ല. അതിനാൽ ആരോഗ്യ ശുചിത്വപ്രവർത്തനങ്ങളിൽ ശരിയായ രീതിയിൽ ശ്രദ്ധിക്കുവാൻ സ്ത്രീകൾക്ക് സാധിച്ചിരുന്നില്ല. തൊഴിലിന്റെ കാര്യത്തിൽ പുരുഷന്മാരേക്കാൾ മുൻപിലാണ് ഈ പ്രദേശത്തെ സ്ത്രീകൾ. എങ്കിലും കൂലിയുടെ കാര്യത്തിൽ വിവേചനം നിലനിൽക്കുന്നു. മുൻകാലങ്ങളിൽ സ്ത്രീപീഢനം നിലനിന്നിരുന്നു.

ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമായിരുന്നുവെന്ന് കാണാം. അയിത്താചാരങ്ങളിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും സമൂഹത്തിലേക്കിറങ്ങി വരാനോ, പ്രവർത്തിക്കാനോ ആദിവാസി സ്ത്രീകൾ തയാറാവുന്നില്ല. പഞ്ഞിയ വിഭാഗത്തിൽപ്പെട്ട

സ്ത്രീകൾ ഇന്നും സാമൂഹികമായും, സാംസ്കാരികമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നു. 1964ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട വി.പി. കുഞ്ഞാമിയാണ് ആദ്യത്തെ വനിതാ പഞ്ചായത്ത് മെമ്പർ. പഞ്ചായത്തിരാജ് സംവിധാനം വന്നപ്പോൾ വനിതാസംവരണത്തിലൂടെ സ്ത്രീകൾ കൂടുതലായി ഭരണരംഗത്ത് പ്രവർത്തിക്കാൻ തുടങ്ങി. കുടുംബഭദ്രത കാത്തുസൂക്ഷിക്കുന്നതിൽ വളരെയധികം താൽപര്യം കാണിക്കുന്നവരാണ് ഇവിടെയുള്ളവർ. പണിയ വിഭാഗത്തിൽ പെട്ടവർക്ക് കുടുംബഭദ്രതയ്ക്ക് വെല്ലുവിളി നേരിടുന്നുണ്ട്.

ക്രൈസ്തവ ദേവാലയം കേന്ദ്രീകൃതമായ ആചാരാനുഷ്ഠാനങ്ങളിൽ ക്രൈസ്തവ സ്ത്രീകൾ പങ്കെടുക്കാറുണ്ട്. ഉൽസവങ്ങളിലും മറ്റും ഹൈന്ദവ സ്ത്രീകൾ അമ്പലങ്ങളിൽ പോവുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്യാറുണ്ട്. മുസ്ലിം സ്ത്രീകൾ മതപരമായ ആഘോഷങ്ങൾക്കുപോലും പള്ളിയിൽ പോയിരുന്നില്ല. കുടംബാംഗങ്ങളോടൊപ്പം വീടുകളിൽ ആഘോഷിക്കുകയായിരുന്നു, ഇപ്പോൾ ഒരു വിഭാഗം മുസ്ലിംകൾ പള്ളിയിൽ പോകാറുണ്ട് പതിവ് സ്വർണ്ണാഭരണങ്ങൾ ധരിക്കുന്നതിൽ സ്ത്രീകൾ പൊതുവെ തല്പരരാണ്. നാനാത്വത്തിൽ ഏകത്വമുള്ളവരെങ്കിലും വേഷഭൂഷാധികളിലൂടെ മതപരമായ തനിമ പ്രകടിപ്പിച്ചിരുന്നു. പർദ്ദയും, ചട്ടയും മുണ്ടും, സെറ്റുസാരിയും മാറ്റി ആധുനിക വേഷനിധാനങ്ങളിലേക്ക് പുതിയ തലമുറ ശ്രദ്ധ ചെലുത്തുന്നുണ്ട്.

## സ്ത്രീപുരുഷാനുപാതം:

1971-ലെ കണക്കനുസരിച്ച വാണിമേൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 15820 ആയിരുന്നു. ഇതിൽ വനിതകളുടെ എണ്ണം 8423 ആയിരുന്നു. 1981ലെ കണക്കനുസരിച്ച് മൊത്തം ജനസംഖ്യയായ 19775ൽ 10476ഉം സ്ത്രീകൾ ഉണ്ടായിരുന്നു. ഇപ്പോഴത്തെ മൊത്തം ജനസംഖ്യ 21356 ആണ്. ഇതിൽ 10746 സ്ത്രീകൾ ഉണ്ട്. കണക്കുകൾ അനുസരിച്ച് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത്. ആദിവാസി സ്ത്രീകളുടെ എണ്ണം 501 ആണ്. ഇതും പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്.

## സ്ത്രീ വിദ്യാഭ്യാസം:

വിദ്യാഭ്യാസകാര്യത്തിൽ, മുൻകാലങ്ങളിൽ സ്ത്രീകൾ വളരെ പരിതാപകരമായ അവസ്ഥയിലായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിമിതിമൂലം അധികം ആൾക്കാർക്കും വിദ്യാഭ്യാസ സൗകര്യം ലഭിച്ചിരുന്നില്ല. സാമൂഹ്യ പ്രതിബന്ധങ്ങളും സ്ത്രീ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചു. പെൺകുട്ടികൾക്ക് വിദ്യഭ്യാസം നൽകുന്നതിൽ പണ്ടുകാലത്ത് ജനങ്ങൾ വിമുഖതകാണിച്ചിരുന്നു. പെൺകുട്ടികൾ കുടുംബകാര്യങ്ങളും വീട്ടുപണികളും മാത്രം നോക്കികഴിയേണ്ടവരാണ് എന്ന ധാരണ നിലനിന്നിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം ചെയ്ത് അവരെ ഭർത്താക്കന്മാരുടെ വീടുകളിലേക്ക് അയച്ചിരുന്നു. ആദിവാസികളും വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നോക്കമായിരുന്നു.

വാണിമേൽ പ്രദേശത്ത് മുസ്ലിം സ്ത്രീകൾക്ക് ഭൗതികവിദ്യാഭ്യാസം നൽകുന്നതിൽ മുസ്ലിം സമൂഹത്തിൽ പലരും വിയോജിപ്പി പ്രകടിപ്പിച്ചിരുന്നു. വിദ്യാഭ്യാസത്തിനുവേണ്ടി അന്യപഞ്ചായത്തുകളെ ആശ്രയിക്കേണ്ടിയിരുന്നതിനാൽ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിരുന്നവർക്ക് ഉയർന്ന വിദ്യാഭ്യാസം നടത്തുവാൻ സാധിച്ചിരുന്നില്ല. വിദ്യഭ്യാസത്തിനായി അന്യപഞ്ചായത്തുകളിലേക്ക് പെൺകുട്ടികളെ അയക്കുന്നതിൽ രക്ഷിതാക്കൾ വൈമനസ്യം കാണിച്ചിരുന്നു. ഹൈന്ദവ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ കുറവായിരുന്നതുകൊണ്ട് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ഈ പ്രദേശത്ത് ഒരു എൽ.പി സ്കൂൾ വന്നിട്ടും വിദ്യാഭ്യാസകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുവാൻ ഇവർക്ക് കഴിഞ്ഞില്ല. അവർ നിത്യജീവിതത്തിനുള്ള വക കണ്ടെത്തുന്നതിനുള്ള ശ്രമത്തിലായിരുന്നു. കുടിയേറ്റമേഖലയിലെ ക്രൈസ്തവ വിഭാഗത്തിൽപെട്ടവർ സ്ത്രീ വിദ്യാബ്യാസത്തിന് വളരെ മുൻതൂക്കം നല്കിയിരുന്നു. ഇവിടേക്ക് കുടിയേറിപാർത്തവരിൽ അധികം സ്ത്രീകളും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരായിരുന്നു. പക്ഷേ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ തുടർന്നു പഠിക്കുവാൻ സാധിച്ചില്ല. ആദിവാസി സ്ത്രീകൾ പൊതുവെ വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കമാണ്. കൃഷിപണികൾ, വിദ്യാഭ്യാസത്തെക്കുറിച്ച് ബോധ്യമില്ലായ്മ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം, എന്നിവയായിരുന്നു ആദിവാസികളുടെ പിന്നോക്കാവസ്ഥയ്ക്കു കാരണം. ചിറ്റാരി

യിലും, മാടാംചേരിയിലും ഇവരുടെ കോളനി പ്രദേശത്ത് സ്കൂളുകൾ വന്നതിനുശേഷം കാര്യമായ പുരോഗതിയുണ്ടായി. പക്ഷേ പണിയ വിഭാഗത്തിൽ പെട്ടവർ വിദ്യാഭ്യാസ കാര്യത്തിൽ ഇപ്പോഴും പിന്നോക്കം തന്നെയാണ്.

വാണിമേൽ ഭാഗത്ത് 1976ൽ ക്രസന്റ് ഹൈസ്കൂൾ വന്നതോടുകൂടി മുസ്‌ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എടുത്തുപറയത്തക്ക പുരോഗതിയുണ്ടായി. വിലങ്ങാട് പ്രദേശത്ത് 1968ൽ സെന്റ് ജോർജ്ജ് ഹൈസ്കൂൾ വന്നതോടുകൂടി ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ കാര്യത്തിൽ ഒരു പുത്തൻ ഉണർവു തന്നെയുണ്ടായി. ഒരു ഗവൺമെന്റ് ഹൈസ്ക്കൂളും ഇന്ന് വാണിമേലിൽ നിലവിൽ വന്നതോടുകൂടി വാണിമേൽ പഞ്ചായത്തിലുള്ള സ്ത്രീകളുടെ വിദ്യാഭ്യാസത്തിൽ ഗുണപരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ക്രസന്റ് ഹൈസ്കൂൾ ഉണ്ടെങ്കിലും ഇവിടെ ഒരു കോളേജിന്റെ അഭാവം ഉള്ളതുകൊണ്ട് ഉന്നത വിദ്യാഭ്യാസത്തിനായി പെൺകുട്ടികൾ ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടതായി വരുന്നു. ഇത് പെൺകുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിന് പ്രതികൂലസാഹചര്യം സൃഷ്ടിച്ചിരിക്കുന്നു.

## സാധ്യതകൾ:

ഈ പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുകയാണെങ്കിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസനിലവാരം വളരെയധികം മെച്ചപ്പെടുത്തുവാൻ സാധിക്കും. ആദിവാസികളുടെ ക്ഷേമത്തിനായി അടുപ്പിൽ പണിയ കോളനിയിൽ തന്നെ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കുകയാണെങ്കിൽ ഇവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ കഴിയും. സന്നദ്ധസംഘടനകളുടെ ശ്രമഫലമായി കുറച്ചുകുട്ടികളെ മാത്രമെ (പണിയ വിഭാഗത്തിൽ പെട്ടവർ) സ്കൂളിലെത്തിക്കുവാൻ സാധിച്ചിട്ടുള്ളൂ. നിലവിലുള്ള എൽ. പി. സ്കൂളുകളായ ഭൂമിവാതുക്കൽ, എം.എൽ.പി, GWLP വെള്ളിയോട് നെടുമ്പറമ്പ് എൽ. പീ. ജി.എൽ.പി.എസ് പാലൂർ എന്നിവ യു.പി സ്കൂളുകളായി ഉയർത്തുക. വേർക്കടവ്, പഞ്ഞക്കുത്ത് ചേലവുക്ക് തുടങ്ങിയ സ്ഥലങ്ങളിൽ എൽ.പി, സ്കൂൾ സ്ഥാപിക്കുക.

## തൊഴിൽ വിഭജനം.

പൊതുവേ ഈ പ്രദേശത്തുള്ള സ്ത്രീകൾ നല്ല അദ്ധ്വാന ശീലരാണ്. കൃഷിപ്പണിയിലും, കെട്ടിട നിർമ്മാണത്തിലും ചുമടെടുക്കൽ തുടങ്ങിയ പണികളിലും സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു. കൂലിയിൽ വിവേചനം നിലനിൽക്കുന്നതുകൊണ്ടും, കൃഷിപ്പണികൾ കുറഞ്ഞുവരുന്നതുകൊണ്ടും സുരക്ഷിതമല്ലാത്ത നിർമ്മാണ മേഘലകളിലേക്ക് സ്ത്രീകൾക്ക് ആകർഷിപ്പിക്കപ്പെടുന്നു. നഴ്സിംഗ് അദ്ധ്യാപനം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. വ്യവസായമേഖലകളുടെ അപര്യാപ്തതകൊണ്ട് തൊഴിലില്ലാത്ത സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണ്.

## സാധ്യത.

വനിതകൾക്കായുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാനും, സുരക്ഷിതമേഖല ഉറപ്പുവരുത്തുവാനും സാധിക്കും. നെയ്ത്തുശാല, കയർ വ്യവസായം, കശുവണ്ടി ഫാക്ടറി മുതലായ ആവശ്യമായ സ്ഥാപനങ്ങൾ തുടങ്ങുകവഴി ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കും.

## ആരോഗ്യം.

കഠിനദ്ധ്വാനം ചെയ്തിരുന്ന ഇവിടുത്തെ സ്ത്രീകൾ നല്ല ആരോഗ്യമുള്ളവരായിരുന്നു. ഇന്നത്തെ രീതിയിലുള്ള ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളും, ചികിത്സാ സൗകര്യങ്ങളും ഒന്നും ഇല്ലായിരുന്നു എങ്കിലും പൊതുവെ ആരോഗ്യരംഗത്ത് വളരെ നല്ലരീതിയിലായിരുന്നു. ചികിൽസാ സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ ആദ്യകാലങ്ങളിൽ ശിശുമരണം വളരെ കൂടുതലായിരുന്നു. പ്രസവ സംബന്ധമായി വേണ്ട പരിചരണം ലഭിക്കാതിരുന്നതുമൂലം സ്ത്രീകൾ വളരെയധികം കഷ്ടത അനുഭവിക്കുന്നവരായിരുന്നു. രാസ വളങ്ങളും കീടനാശനികളും ഉപയോഗിക്കാതെ ഉല്പാദിപ്പിച്ചിരുന്ന പോഷകസമൃദ്ധമായ ഭക്ഷണം കഴിച്ചിരുന്നതുകൊണ്ട് രോഗങ്ങൾ പൊതുവേ കുറവായിരുന്നു. രോഗചികിൽസക്കായി പച്ചമരുന്നുകളായിരുന്നു അധികവും ഉപയോഗിച്ചിരുന്നത്.

ആരോഗ്യ പ്രവർത്തനരംഗത്ത് കാതലായ മാറ്റം

വന്നിട്ടുണ്ട്. പ്രൈവറ്റ് ഹോസ്പിറ്റലുകളും ഹെൽത്ത് സെന്ററും, ഹോമിയോ ഡിസ്പൻസറികളും വന്ന തോടുകൂടി ചികിൽസാസൗകര്യം വർദ്ധിച്ചിട്ടുണ്ട്. എന്നാലും ആവശ്യത്തിന് തികഞ്ഞിട്ടില്ല. അദ്ധ്വാന ശീലം കുറവായ പുതിയതലമുറകൾക്കിയിൽ ആരോഗ്യം കുറഞ്ഞുവരുന്നതായി കാണുന്നു. ഇപ്പോൾ അധികം സ്ത്കീകളും പ്രസവത്തിനായി പഞ്ചായത്തിനു പുറത്തുള്ള ഹോസ്പിറ്റളുകളിൽ പോകുന്നു. പ്രസവസംബന്ധമായ ചികിൽസ ലഭ്യ മാകുന്നതുകൊണ്ട് സ്ത്രീകളുടെ കഷ്ടത കുറഞ്ഞു വരുന്നു. ശിശുമരണ നിരക്ക് നാമമാത്രമായി. ഇപ്പോൾ അധികം സ്ത്രീകളും അലോപ്പൊതി ചികിൽസാ രീതിയെയാണ് ആശ്രയിക്കുന്നത്. ആദിവാസികൾ പൊതുവെ നല്ല ആരോഗ്യമുള്ളവരാണ്. ചികിൽസ യ്ക്കായി ഇവർ അധികവും പച്ച മരുന്നുകളെയാണ് ആശ്രയിക്കുന്നത്.

## സാധ്യത

നിലവിലുള്ള ഹെൽത്ത് സെന്റർ 50 ബെഡ്ഡുക ളുള്ള ഗവൺമെന്റ് ഹോസ്പിറ്റലാക്കി മാറ്റുക. വയ ലിൽ പീടിക കോടിയൂറ, പേർക്കടവ്, നിടുംപറമ്പ് എന്നിവിടങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുക യാണെങ്കിൽ വനിതകൾക്ക് കൂടുതൽ ചികിൽസാ സൗകര്യം ലഭിക്കും. വിലങ്ങാട് നിലവിലുള്ള സബ്സെന്റർ വിപുലീകരിക്കുകയാണെങ്കിൽ ആ പ്രദേശത്തിന് വളരെ ഉപകാരമാകും. ഹെൽത്ത് സെന്റ റിൽ ആവശ്യമായ ഡോക്ടർമാരെ സ്ഥിരം നിയമി ക്കുക. കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക. ഇപ്പോൾ വിലങ്ങാട് പ്രദേശത്തുല്ളവർ ചികിത്സാ സൗകര്യങ്ങൾക്കുവേണ്ടി 25 കിലോമീറ്റർ അകലെ യുള്ള ഹോസ്പിറ്റലുകളിലാണ് പോകുന്നത് വനിത കൾക്കായി ഒരു ആയുർവ്വേദ ആസ്പത്രി സ്ഥാപി ക്കേണ്ടതാണ്. നിലവിലുള്ള ഹോമിയോ ഡിസ്പെൻസറി വിപുലീകരിച്ച് 25 ബെഡ്ഡുകളുള്ള ഹോസ്പിറ്റലാക്കി മാറ്റേണ്ടതാണ്.

## മഹിളാസമാജം.

വാണിമേൽ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ മഹിളാസമാജങ്ങൾ ഒന്നും തന്നെ പ്രവർത്തിച്ചിരു ന്നില്ല. സ്ത്രീകൾ ഒത്തൊരുമിച്ചുള്ള സംഘടിത പ്രവർത്തങ്ങളോ, സാമൂഹിക പ്രവർത്തനങ്ങളോ ഒന്നും നടന്നിരുന്നില്ല. വിദ്യാഭ്യാസപരമായും, സാമൂ ഹികപരമായും, സ്ത്രീകൾ പിന്നോക്കമായിരുന്നത് ഇവരുടെ സംഘടിത പ്രവർത്തനങ്ങളെ പ്രതികൂല മായി ബാധിച്ചു. കുടുംബത്തിന്റെ ചുറ്റുപാടുകളിൽ നിന്നും മാറി സമൂഹത്തിൽ പ്രവർത്തിക്കുന്നതിന്ന് അവൾക്ക് പല വിലക്കുകളുമുണ്ടായിരുന്നു. സാമൂ ഹ്യപരമായി പുരോഗതി വന്നതോടുകൂടി മഹിളാ സമാജങ്ങൾ നിലവിൽ വന്നു. സമാജത്തിന്റെ കീഴിൽ അംഗനവാടികളും ബാലവാടികളും പ്രവർത്തിക്കു വാൻ തുടങ്ങി. സമാജങ്ങൾ വഴി പോഷകാഹാര ങ്ങൾ വിതരണം ചെയ്യുകയും തയ്യൽ പരിശീലനകേ ന്ദ്രങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഇതു വഴി കോഴി വിതരണവും ചെയ്തിരുന്നു.

ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാല വാടികൾ താഴെ പറയുന്നവയാണ്.

1) കോടിയൂറ പ്രിയ ബാലവാടി

2) നവകേരള ബാലവാടി കുളപറമ്പ്

3) ജയന്തിബാലവേദി വിലങ്ങാട്

4) ആദർശ് ബാലവാടി മഞ്ഞച്ചീളി

5) മഹാത്മാ ബാലവാടി മലയങ്ങാട്

6) അടുപ്പിൽ കോളനിയിൽ ഒരു ബാലവാടി ഇപ്പോൾ കിന്റർഗാർഡനാക്കിമാറ്റി.

ചേമുക്ക്, കൊമ്മിയോട്, മാടാംചേരി പരപ്പുപാറ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഫീഡിംഗ് സെന്റർ അംഗനവാടികളായിട്ടുണ്ട്. പ്രിയദർശിനി മഹി ളാസംഘം വാണിമേലിന്റെ കീഴിൽ ഒരു പഴ സംസ്ക രണ യുണിറ്റും ഒരു പാൽ സംസ്കരണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. നീർമറി പ്രദേശങ്ങളിൽ ഏതാനും തയ്യൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ വാണിമേൽ പഞ്ചായത്തിൽ നിരവധി സമാ ജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## സാധ്യത

നിലവിലുള്ള ബാലവാടികൾക്കാവശ്യമായ കെട്ടിട സൗകര്യം, ഫർണിച്ചറുകൾ, കളിക്കോപ്പുകൾ, എന്നിവ ലഭ്യമാക്കുക, ചേലമുക്ക് കൊമ്മിയോട്, മാടാംചേരി എന്നിവിടങ്ങളിലെ അംഗനവാടികൾ വിപു ലീകരിച്ച് കെട്ടിട സൗകര്യം ഉണ്ടാക്കുക. ആവശ്യ മായ മറ്റ് സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപി ക്കുക. സ്ത്രീകൾക്കായി തയ്യൽ പരിശീലനകേന്ദ്രം

വാർഡുകൾ തോറും സ്ഥാപിക്കുക. അതുപോലെ തന്നെ മഹിളാസമാജങ്ങൾ വഴി പഴ സംസ്കരണ യൂണിറ്റ്, കോഴിവളർത്തൽ, കാലിവളർത്തൽ, പാൽസംസ്കരണയൂണിറ്റുകൾ, അച്ചാർ യൂണിറ്റുകൾ, തയ്യൽ യൂണിറ്റുകൾ കരകൗശലകേന്ദ്രങ്ങൾ മുതലായവ ആരംഭിക്കുക. തയ്യൽ യൂണിറ്റ് തുടങ്ങുകയാണെങ്കിൽ, റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക്, വളരെയധികം കമ്പമുള്ള ഈ കാലഘട്ടത്തിൽ സ്ത്രീകൾക്ക് ഒരു പരിധിവരെ തൊഴിലവസരം സൃഷ്ടിക്കാനും വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. അച്ചാർ നിർമ്മാണ യൂണിറ്റും പഴ സംസ്കരണ യൂണിറ്റും മസാലപൊടി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയാണെങ്കിൽ വലിയ മുതൽമുടക്കില്ലാതെ പ്രകൃതിദത്തമായ വിഭവങ്ങൾ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. അതുവഴി സ്ത്രീകൾ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് അറുതി വരുത്തുവാൻ കഴിയും. പാലുകൊണ്ട് ഇപ്പോൾ അധികം ഉല്പന്നങ്ങൾ ഒന്നും നാം ഉണ്ടാക്കുന്നില്ല. പാലുകൊണ്ട് നമുക്ക് നിരവധി ഉല്പന്നങ്ങൾ ഉണ്ടാക്കി ഈ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

## സ്ത്രീപീഢനം:

ആദ്യകാലത്തെ ചരിത്രം നോക്കുമ്പോൾ സ്ത്രീപീഢനങ്ങളും, സ്ത്രീധനസമ്പ്രദായങ്ങളും നിലവിലുണ്ടായിരുന്നു. മാറുമറയ്ക്കുവാനുള്ള അവകാശം പോലും ലഭിക്കാതിരുന്ന സ്ത്രീ വിഭാഗങ്ങളും ഇവിടെ കഴിഞ്ഞിരുന്നു. സ്ത്രീധനത്തിന്റെ പേരിലുള്ള പീഢനങ്ങളും, അമ്മായി അമ്മപ്പോരും ഏല്കേണ്ടി വന്നവരും, വിവാഹമോചനം വഴി നിരാലംബരായി തീർന്നവരും ഈ പ്രദേശത്ത് നിരവധിയായിരുന്നു. വിവാഹകാര്യത്തിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ലായിരുന്നു. വീട്ടുകാർ കണ്ടെത്തുന്ന വരനെ സ്ത്രീ അംഗീകരിക്കേണ്ട സ്ഥിതിവിശേഷമാണ് അന്നുണ്ടായിരുന്നത്. മദ്യപിച്ചു വരുന്ന ഭർത്താക്കന്മാർ ഭാര്യമാരെ പീഢിപ്പിക്കുന്ന രീതിയുമുണ്ടായിരുന്നു.

സഹജസ്വഭാവങ്ങൾ സ്ത്രീക്കും പുരുഷനും സമമാണ്. പക്ഷേ സമൂഹം വെച്ചുപുലർത്തുന്ന ധാരണ ഇതിൽനിന്നും വ്യത്യസ്ഥമാണ്. സ്ത്രീയെ ഒരു അടുക്കള ജോലിക്കാരിയായിമാത്രമായാണ് സമൂഹം കണക്കാക്കുന്നത്. വീട്ടൊരുക്കങ്ങളുടെയും പാചകത്തിന്റെയും കാര്യമൊഴിച്ച് നല്ല സ്വഭാവം ഒന്നും തന്നെ സ്ത്രീകൾക്കില്ലായെന്നാണ് വെപ്പ്. പെൺവാക്ക് കേൾക്കുന്നവർ പെരുവഴി എന്നൊരു പഴഞ്ചൊല്ലു തന്നെ മുൻകാലങ്ങളിൽ നിലനിന്നിരുന്നു. ശൈശവ വിവാഹങ്ങളും അക്കാലങ്ങളിൽ നടന്നിരുന്നു,.

വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും പുരോഗതി ഉണ്ടായിട്ടും സ്ത്രീപീഢനങ്ങൾക്ക് വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല. ശൈശവവിവാഹം നിയമം മൂലം നിരോധിച്ചതുകൊണ്ട് ഇപ്പോൾ തീരെയില്ലായെന്നുതന്നെ എന്ന് പറയാം. സ്ത്രീധനസമ്പ്രദായവും അമ്മായിഅമ്മ പോരും ഇപ്പോഴും തുടരുന്നു. സ്ത്രീധനം കൊടുക്കുവാൻ കവിയാതെ വിവാഹപ്രായം കഴിഞ്ഞു നിൽക്കുന്ന എത്രയോ പെൺകുട്ടികൾ ദുരിതമനുഭവിക്കേണ്ടതായി വരുന്നു. ഇതിനെതിരെ ശക്തമായ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും വാർഡുകൾ തോറും നടത്തേണ്ടതാണ്. സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പല ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടേണ്ടതായി വരുന്നു. ഇതിനെതിരായി വനിതകൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ പരിഹാരം കണ്ടെത്തുവാൻ സാധിക്കും.

## പ്രശ്നങ്ങൾ

-- കോളേജിന്റെ അഭാവം

--ഗേൾസ് ഹൈസ്ക്കൂളിന്റെ അഭാവം

-- അടുപ്പിൽ കോളനിയിൽ ഒരു L.P സ്ക്കൂൾ ഇല്ലായ്മ

-- U.P സ്കൂളുകളുടെ അഭാവം

-- L.P സ്കൂളുകളുടെ അഭാവം

-- വ്യവസായ സ്ഥാപനങ്ങളുടെ അഭാവം

-- കൂലിയുടെ വിവേചനം

-- ഗവൺമെന്റ് ഹോസ്പിറ്റലിന്റെ അഭാവം

-- ഹെൽത്തി സെന്ററിന്റെയും സബ്സെന്ററിന്റെയും സൗകര്യക്കുറവ്

-- ആയുർവ്വേദ ചികിത്സാസൗകര്യങ്ങളുടെ അഭാവം

-- ഹോമിയോ ഡിസ്പൻസറിയുടെ സൗകര്യ

ക്കുറവ്

-- നിലവിലുള്ള ബാലവാടികൾക്ക് കെട്ടിടത്തിന്റെയും കളിക്കോപ്പുകളുടെയും ഫർണിച്ചറുകളുടെയും ഇല്ലായ്മ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ കുറവ്

-- സ്ത്രീധന സമ്പ്രദായം

--ബോധവൽക്കരണ ക്ലാസ്സുകളുടെ അഭാവം

## സാധ്യതകൾ

-- ഈ പ്രദേശത്ത് ഹോസ്റ്റൽ സൗകര്യത്തോടുകൂടുയ ഒരു കോളേജ് സ്ഥാപിക്കുക

-- ഗേൾസ് ഹൈസ്ക്കൂൾ സ്ഥാപിക്കുക

-- അടുപ്പിൽ കോളനിയിൽ ഒരു L.P സ്ക്കൂൾ സ്ഥാപിക്കുക

വെള്ളിയോട് G.W.L.P ഭൂമിവാതുക്കൽ M.L.P നെടുമ്പറമ്പ് L.P പാലൂർ G.L.P അപ്ഗ്രേഡ് ചെയ്ത് U.P ആക്കുക.

-- ചേലമുക്ക്, വേർകടവ്, മഞ്ഞക്കുന്ന് എന്നിവിടങ്ങളിൽ L.P സ്ക്കൂളുകൾ സ്ഥാപിക്കുക.

-- ആവശ്യമായ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുക

-- കൂലിയുടെ അന്തരം ഒഴിവാക്കുക

-- ഗവൺമെന്റ് ഹോസ്പിറ്റലുകൾ സ്ഥാപിക്കുക

-- ഹെൽത്ത് സെന്ററുകളിലെയും സബ്സെന്ററിലെയും അപര്യാപ്തത കുറക്കുക. ആവശ്യമായ സ്ഥലങ്ങളിൽ സബ് സെന്ററുകൾ സ്ഥാപിക്കുക.

-- ആയുർവ്വേദ ഹോസ്പിറ്റലുകൾ സ്ഥാപിക്കുക.

-- ഹോമിയോ ആസ്പത്രി സ്ഥാപിക്കുക

-- നിലവിലുള്ള ബാലവാടികളുടെ സൗകര്യം വർദ്ധിപ്പിക്കുക

-- ആവശ്യമായ സ്ഥലത്ത് ബാലവാടികൾ സ്ഥാപിക്കുക

-- ട്രൈസം പരിശാലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതകൾ നൽകുക

-- സ്ത്രീധന സമ്പ്രദായം ഇല്ലായ്മ ചെയ്യുക

-- വാർഡുകൾ തോറും ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

## സഹകരണ മേഖല

ഇന്ത്യയിൽ സഹകരണ പ്രസ്ഥനം ആരംഭിക്കുന്നത് 1904ൽ സഹകരണ നിയമം പാസ്സായതോടുകൂടിയാണ്. ഓരോ സംസ്ഥാനത്തും വ്യത്യസ്ഥ നിയമങ്ങൾ അനുസരിച്ചാണ് സഹകരണ മേഖല പ്രവർത്തിച്ചു വരുന്നത്.

രണ്ടാം ലോക മഹായുദ്ധകാലത്ത് നാട്ടിൽ പട്ടിണിമരണം രൂക്ഷമായപ്പോൾ കർഷകർ സംഘടിച്ച് ഭൂവുടമകൾ പൂഴ്ത്തിവെച്ചിരുന്ന നെല്ലെടുത്ത് മിതമായ വിലക്ക് ജനങ്ങൾക്ക് വിതരണം ചെയ്യാൻ തുടങ്ങി. ഇതിനു വേണ്ടി ഗ്രാമങ്ങൾ തോറും പി.സി.സി സൊസൈറ്റികൾ ആരംഭിച്ചു. 1957ൽ പി.സി.സി സൊസൈറ്റികൾ പരസ്പര സഹായ സംഘം അഥവാ ഐക്യ നാണയ സംഘം ആയി മാറി. 1957ൽ പരസ്പര സഹായ സംഘം വാണിമേൽ പ്രവർത്തനം ആരംഭിച്ചു. ഹുണ്ടികക്കാരിൽ നിന്നും ജൻമിമാരിൽ നിന്നും പണം പലിശയ്ക്ക് കടം വാങ്ങി കൃഷിയും കച്ചവടവും നടത്തിവന്ന കൃഷിക്കാർ, കച്ചവടക്കാർ, മറ്റു പാവപ്പെട്ട ജനവിഭാഗങ്ങൾ എന്നിവരടങ്ങുന്ന സമൂഹത്തെ അമിതപലിശ നൽകുന്നതിൽ നിന്നും രക്ഷപ്പെടുത്താൻ വേണ്ടി രൂപം കൊണ്ടതാണ് പരസ്പര സഹായ സംഘങ്ങൾ. 1969ൽ കേരളത്തിൽ സഹകരണസംഘം നിയമം പാസ്സായി. ഇതോടുകൂടി സഹകണ മേഖലയിൽ പുത്തൻ ഉണർവ്വ് കൈവന്നു. 1969ൽ തന്നെ വാണിമേലിൽ പ്രവർത്തിച്ചിരുന്ന ഐക്യനാണയ സംഘം വാണിമേൽ സർവ്വീസ് സഹകരണബാങ്ക് ആയി മാറി. 1977ൽ ആണ് പഞ്ചായത്തിലെ രണ്ടാമത്തെ സഹകരണസംഘമായ വിലങ്ങാട് സർവ്വീസ് സഹകരണബാങ്ക് ആരംഭിച്ചത്.

സഹകരണ സംഘം നിയമം പാസ്സായതോടുകൂടി സഹകരണ മേഖലയ്ക്ക് അടുക്കും ചിട്ടയും കൈവന്ന കാലഘട്ടത്തിൽ തന്നെ പഴയ ഹുണ്ടികക്കാരുടെ പിൻതുടർച്ചയായി നിലനിന്ന പ്രോനോട്ടിൻ മേൽപലിശക്ക് കടംകൊടുക്കുന്ന സ്വകാര്യ ഇടപാട് സർക്കാർ നിയമം മൂലം നിർത്തലാക്കി. അമിത

പലിശക്ക് കടം കൊടുക്കുന്ന സ്വകാര്യ ഇടപാടുകാർ ഇപ്പോൾ രംഗത്ത് വന്നിട്ടുണ്ട്. കടം കൊടുക്കുന്നതിൽ സഹകരണ സംഘങ്ങൾ കാലതാമസം വരുത്തുന്നതാണ് ഇതിന് കാരണം. കാർഷിക ആവശ്യങ്ങൾക്കും മറ്റു ആവശ്യങ്ങൾക്കും ഉടനെ കടം കിട്ടുന്ന രീതിയിൽ സഹകരണ രംഗത്തെ നടപടിക്രമങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്.

സഹകരണ സംഘങ്ങൾ ക്രഡിറ്റ് നോൺ ക്രഡിറ്റ് വിഭാഗങ്ങളിലായി രണ്ടു തരത്തിലുണ്ട് ഈ രണ്ട് വിഭാഗത്തിലുള്ള സഹകരണ സംഘങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ട് ക്രഡിറ്റ് സഹകരണ സംഘങ്ങളും നാല് സ്കൂൾ സഹകരണ സംഘങ്ങൾ അടക്കം ഒമ്പത് നോൺ ക്രഡിറ്റ് സഹകരണ സം ഘങ്ങളും പ്രവർത്തിച്ചു വരുന്നു. അവയുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

**ക്രഡിറ്റ് സംഘങ്ങൾ**

1.വാണിമേൽ സർവ്വീസ് സഹകരണ് ബാങ്ക്

2.വിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

നോൺ ക്രഡിറ്റ് സംഘങ്ങൾ

1.വിലങ്ങാട് പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

2.വിലങ്ങാട് പാൽ വിതരണ സഹകരണ സംഘം

3.പ്രിയദർശിനി പഴ- നാടൻ ക്ഷീരസംസ്കരണ സഹകരണ യൂനിറ്റ്, ഭൂമിവാതുക്കൽ

4.പ്രിയദർശിനി ക്ഷീരസംസ്കരണ യൂനിറ്റ് ,വാണിമേൽ

5.തൂണേരി ബ്ലോക്ക് മരപ്പണി വ്യവസായ സഹകരണ സംഘം ,കുളപ്പറമ്പ്

6.വാണിമേൽ പ്രസന്റ് ഹൈസ്കൂൾ സഹകരണ സംഘം

7.വെള്ളിയോട് ഗവൺമെന്റ് ഹൈസ്കൂൾ സഹകരണ സംഘം.

8.വിലങ്ങാട് സെന്റ് ജോർജ്ജ് ഹൈസ്കൂൾ സഹകരണ സംഘം

9.വാണിമേൽ എം യു പി സ്കൂൾ സഹകണ സംഘം.

**നോൺ ക്രഡിറ്റ്സഹകരണ സംഘം സബന്ധിച്ച വിവരങ്ങൾ**

വിലങ്ങാട് പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം വനവിഭവ ശേഖരണം നടത്തി ശരിയായ വില നൽകി ഗിരിജനങ്ങളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നു.

വിലങ്ങാട് പാൽ വിതരണ സഹകരണ സംഘം 1995 ഏപ്രിൽ മുതൽ 96 മാർച്ച് വരേ ഉള്ള ഒരു വർഷം 70,000 ലിറ്റർ പാൽ ശേഖരിച്ച് വിതരണം നടത്തിയിട്ടുണ്ട്. 40,000 ലിറ്റർ പാൽ വാണിമേൽ പഞ്ചായത്തിൽ 30,000 ലിറ്റർ പാൽ പുറമെയും വിതരണം നടത്തി.

ഭൂമിവാതുക്കൽ പ്രിയദർശിനി പഴ നാടൻ ക്ഷീര സംസ്കരണ സഹകരണ യൂനിറ്റും വാണിമേൽ പ്രിയ ദർശിനി ക്ഷീരസംസ്കരണ യൂനിറ്റും പ്രാഥമികഘട്ടത്തിലാണുള്ളത്.

കുളപ്പറമ്പിലുള്ള തൂണേരി ബ്ലോക്ക് മരപ്പണി വ്യവസായ സഹകരണസംഘം മെച്ചപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നുണ്ട്.

സ്കൂൾ സഹകരണസഹകരണസംഘങ്ങളുടെ പ്രവർത്തനം ജൂൺ ജൂലൈ മാസങ്ങളിലായി ഒതുങ്ങുന്നു. പാഠപുസ്തക വിതരണം ചെയ്യലാണിവരുടെ പ്രധാന ജോലി. കുട്ടികൾക്കാവശ്യമായ മുഴുവൻ സാധനങ്ങളും ലഭിക്കുന്നവയായി ഇവയെ മാറ്റേണ്ടതുണ്ട്.

എടച്ചേരി ഹൗസിംഗ് സഹായസഹകരണ സംഘം ഭവനവായ്പ ഇനത്തിൽ 2,57000 രൂപ വാണിമേൽ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ക്രെഡിറ്റ് സഹകരണസംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല.

2. ക്ഷീരോൽപ്പാദനരംഗത്തുള്ള സാദ്ധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നില്ല.

3. പഞ്ചായത്തിന്റെ പൊതുവികസനപദ്ധതികളിൽ സഹകരണസംഘങ്ങൾക്ക് നിർണ്ണായക പങ്കു വഹിക്കാൻ കഴിയുന്നില്ല.

## ക്രഡിറ്റ് സഹകരണ സംഘം സബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

Table.25

| വിവരങ്ങൾ | | വാണിമേൽ സർവ്വീസ് സഹകരണബാങ്ക് | വിലങ്ങാട് സർവ്വീസ് സഹകരണ ബങ്ക് |
|---|---|---|---|
| 1 | മെമ്പർമാരുടെ എണ്ണം | 2813 | 2801 |
| 2 | പ്രവർത്തന പരിധി | വാണിമേൽ അംശം ദേശം | വിലങ്ങാട് വില്ലേജ്, തിരൂർ വില്ലേജ് |
| 3 | പ്രവർത്തനം ആരംഭിച്ചവർഷം | 1969 | 1977 |
| 4 | ഒരു ഓഹരിയുടെ വില | 10 രൂപ | 10 രൂപ |
| 5 | അംഗീകൃതഓഹരിമൂലധനം | 1375000 | 120000 |
| 6 | സർക്കാർ ഓഹരി | 140000 | --- |
| പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | | | |
| a | സ്ഥിരം | 1775656 | 3929876 |
| b | ഹ്രസ്വകാലം | 1475673 | 1612666 |
| നൽകിയിട്ടുള്ള വായ്പകൾ | | | |
| a | കാർഷികവായ്പകൾ | | |
| 1 | ഹ്രസ്വകാലവായ്പ | 2809564 | 2596933 |
| 2 | ദീർഘകാലവായ്പ | 120478 | 1075424 |
| b | മറ്റ് വായ്പകൾ | | |
| 1 | കാർഷികേതരവായ്പ | 157223 | 264316 |
| 2 | സ്വർണ്ണപ്പണയവായ്പ | 1803926 | 3505255 |
| 3 | ഐ. ആർ. ഡി. പി. വായ്പ | 348713 | 85361 |
| സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ചവായ്പകൾ | | | |
| a | കെ. ഡി. സി. ബാങ്കിൽ നിന്ന് | | |
| 1 | ഹ്രസ്വകാല കാർഷികവായ്പ | 2003964 | 2528500 |
| 2 | മദ്ധ്യകാലകാർഷികവായ്പ | 127072 | 1080528 |
| 3 | മദ്ധ്യകാല കാർഷികേതരവായ്പ | 860331 | ---- |
| 4 | ഗോൾഡ് ലോൺ | 1675500 | --- |
| 5 | ഐ. ആർ. ഡി. പി. ലോൺ | 258153 | 41280 |
| കാലാവധികഴിഞ്ഞുകിട്ടാനുള്ള വായ്പകൾ | | | |
| 1 | കാർഷികഹ്രസ്വകാലവായ്പ | 1271000 | 491733 |
| 2 | കാർഷികേതരഹ്രസ്വകാലവായ്പ | 37300 | 51290 |
| 3 | സ്വർണ്ണപണയ വായ്പ | 191600 | 667980 |
| 4 | കാർഷികേതര ദീർഘകാലവായ്പ | 187836 | 51290 |
| 6 | ഐ. ആർ. ഡി. പി. വായ്പ | 216850 | 24503 |
| സ്ഥാപനത്തിന്റെ ചെലവുകൾ | | | |
| 1 | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് | 254107 | 286913.6 |
| 2 | കണ്ടിജൻസി | 5700 | 122190.7 |
| സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ | | വളം വിൽപന, ഓണച്ചന്ത | വളംവിൽപന |

4. വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതകളുണ്ട്. അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

5. കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന വായ്പകൾ കൃഷിക്കുപയോഗിക്കുന്നു എന്നുറപ്പുവരുത്താൻ സഹകരണസംഘങ്ങൾക്ക് കഴിയുന്നില്ല.

## സാദ്ധ്യതകൾ

1. സഹകരണമേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം , മെഴുക്തിരി നിർമ്മാണം ബുക്ക്ബൈന്റിംഗ് സിമന്റ് കട്ടനിർമ്മാണം എന്നിവ ആരംഭിക്കാം.

2. ചെറുകിടവ്യവസായ സഹകരണസംഘം സ്ഥാപിക്കാം

3. സഹകരണ പച്ചക്കറി വിതരണ കേന്ദ്രം ആരംഭിക്കാം.

4. കാർഷികസഹകരണസംഘം രൂപീകരിക്കാം.

5. സഹകരണമേഖലയിൽ ഫർണ്ണിച്ചർനിർമ്മിച്ച് വിതരണം ചെയ്യുന്ന ഒരു യൂനിറ്റ് തുടങ്ങാം.

6. കുളിക്കുന്ന്, നിടുംപറമ്പ, പുതുക്കയം, കൊക്കി, കരുകുളം, എന്നിവിടങ്ങളിൽ വനിതാസഹകരണസംഘം എന്നനിലയിൽ ക്ഷീരവികസനയൂനിറ്റ് ആരംഭിക്കാം.

7. ചിറ്റാരി പാൽവിതരണസഹകരണസംഘം പുതുതായി ആരംഭിക്കാം.

8. വിലങ്ങാട് റബ്ബർ ഉൽപ്പാദകസഹകരണ സംഘം പുനരുജ്ജീവിപ്പിക്കണം.

9. പരപ്പുപാറ കല്ലുകൊത്ത് സഹകരണസംഘം ആരംഭിക്കാം. ഈ സംഘം വഴി മഴു ഉണ്ടാക്കാനുള്ള ഇരുമ്പ് വിതരണം ചെയ്യാം. വെൽഡിഗ് നടത്താനുള്ള കേന്ദ്രം തുടങ്ങാനും കഴിയും.

10. സഹകരണമേഖലയിൽ ഒരു കശുവണ്ടി സംസ്കരണ കേന്ദ്രം ആരംഭിക്കാം.

11. സഹകരണമേഖലയിൽ ഒര് തേങ്ങസംസ്കരണകേന്ദ്രം തുടങ്ങാം.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം.

സവിശേഷമായ ഒരുപിടി ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ജീവിതരീതികളുടെയും സാഹചര്യങ്ങളുടെയും തടവറയിൽപ്പെട്ട് സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് അകന്ന് കഴിയാൻ വിധിക്കപ്പെട്ട് വനാന്തരങ്ങളുടെ സുഖശീതളിമയിലും ഏകാന്തതയിലും ഉപജീവനം കഴിച്ചിരുന്ന ഇനിയും ആധുനികതയുടെയും വികസനത്തിന്റെയും ഒഴുക്കിനൊത്ത് നീന്തിയെത്താൻ കഴിഞ്ഞിട്ടില്ലാത്ത ഒരു പറ്റം ജനങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ. കണ്ണവം കാടുകളിൽനിന്ന് വയനാടൻ മലനിരകളിൽനിന്നും കൂട്ടംതെറ്റി വാണിമേൽ പഞ്ചായത്തിന്റെ കിഴക്കൻ മലയോരങ്ങളിൽ വാസമുറപ്പിച്ച കുറിച്ച്യ സമുദായങ്ങളും പണിയസമുദയങ്ങളും അടങ്ങുന്നതാണ് പഞ്ചായത്തിലെ പട്ടികവർഗ്ഗ ജനവിഭാഗം.

ഇവരുടെ അംഗസംഖ്യ പട്ടികനോക്കുക.

| ജനവിഭാഗം | കുടുംബം | ആകെ ജനസംഖ്യ | പുരു. | സ്ത്രീ. |
|---|---|---|---|---|
| കുറിച്ച്യർ | 130 | 712 | 353 | 359 |
| പണിയർ | 50 | 217 | 108 | 109 |
| പട്ടികജാതി | 20 | 100 | -- | -- |
| ആകെ | 200 | 1029 | | |

പട്ടിക – 26

കുറിച്ച്യർ:- തലക്കൽ ചന്തുവിന്റെയും പടകുങ്കന്റെയും നേതൃത്വത്തിൽ പഴശ്ശിരാജയുടെ വീരനായകത്വത്തിൻ കീഴിൽ 1796 മുതൽ 1805 വരെയുള്ള കാലഘട്ടത്തിൽ കത്തിയമ്പിന്റെ മുനകൊണ്ട് ബ്രിട്ടീഷ് പട്ടാളക്കാര് പീരങ്കി ആക്രമണത്തിന്റെ മുന്നിൽ ഐതിഹാസികമായ ചെറുത്ത്നിൽപ്പിന്റെ ചരിത്രം കോറിയിട്ട് കടന്നുപോയ ഒരു പറ്റം ധീരദേശാഭിമാനികളുടെ പിൻമുറക്കാർ നമ്മുടെ പഞ്ചായത്തിൽ അധിവ

സിക്കുന്നു. എന്ന അറിവുതന്നെ നമുക്ക് അഭിമാനകരമാണ്. പഴശ്ശി പടയുടെ വന്യമായ ശാക്തികമേഖലയായിരുന്നു വാണിമേൽ പഞ്ചായത്തിന്റെ കിഴക്കൻ മലനിരകൾ ഒരു കാലത്ത്. കോട്ടയം രാജാവിന് സേവനം ചെയ്യാനെത്തിയ തിരുവിതാംകൂർ നായർ പടയുടെ പിൻമുറക്കാരാണ് ഇവരെന്ന് അതല്ല മീൻപിടിച്ചും നായാടിയും പുതിയമേച്ചിൽപുറങ്ങൾ തേടിപ്പോയ ഒരു ജനസമൂഹം കാടുകളുടെ കാണാമറയത്തെത്തിപ്പെട്ട് ഒരു പ്രത്യേക ജനവിഭാഗമായി മാറിയതാണെന്ന് ഇവരെക്കുറിച്ച് ഐതിഹ്യമുണ്ട്. കെട്ടിലും മട്ടിലും കേരളത്തിലെ ഒരൊറ്റപ്പെട്ട ഗിരിവർഗ്ഗമായ കുറിച്യർ ചരിത്രത്തിന്റെ നാൽക്കവലകളിൽ എവിടെയോവെച്ച് കൂട്ടം തെറ്റിയ പരിഷ്കൃത സമൂഹാംഗങ്ങളായിരുന്നു എന്നത് തർക്കമില്ല.

ജനനംമുതൽ മരണംവരെയുള്ള ഇവരുടെതായ ഒരുപിടി ആചാരാനുഷ്ഠാനങ്ങൾ വളരെ കൗതുകകരമാണ്. പെൺകുഞ്ഞുങ്ങളുടെ ജനനസമയത്തിന്നെ വിവാഹം നിശ്ചയിച്ചുവെക്കുന്ന പതിവുണ്ടായിരുന്ന ഇവരുടെ ഇടയിൽ യാതൊരുതരത്തിലുള്ള സ്ത്രീധനസംമ്പ്രദായങ്ങളും നിലവിലില്ലായിരുന്നു. മാത്രമല്ല പെൺവീട്ടുകാർക്ക് ദക്ഷിണകൊടുക്കുന്ന പതിവുണ്ടായിരുന്നു. വരനും ബന്ധുക്കളും വിവാവതലേന്ന് വധൂഗൃഹത്തിൽ പാർക്കുകയും വിവാഹദിവസം വരൻ വിവാഹച്ചടങ്ങിൽ പങ്കെടുക്കുന്നവർക്കെല്ലാം വെറ്റിലകൊടുക്കുകയും ചെയ്യണമായിരുന്നു. ഒരൊറ്റമുണ്ട് മാത്രമായിരുന്നു വരന്റെ വേഷം. അമ്പും വില്ലും ധരിച്ചാണ് വരൻ വിവാഹത്തിന് പോകുക. വിവാഹത്തിൽ പങ്കെടുക്കുവാൻ വരുന്ന ക്ഷണിതാക്കൽ തന്നെ സദ്യക്കാവശ്യമായ വസ്തുവകകൾ കൊണ്ടുവന്നിരുന്നു. എന്നുള്ളത് ഇവരുടെ സാമൂഹ്യബോധത്തിന്റെയും സഹകരണത്തിന്റെയും അടയാളമായി കണക്കാക്കാം. ഐത്താചാരം വളരെ കർശനമായി പരിപാലിച്ചിരുന്ന ഈ വിഭാഗത്തിൽപെട്ടവർ തങ്ങളുടെ സ്ത്രീകളുടെ മാനം വളരെവിലപ്പെട്ടതായി കരുതിയിരുന്നു. ചാരിത്ര്യഭംഗം വന്ന സ്ത്രീകൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും ആരോഗ്യപരിപാലന രംഗത്തുനിന്നും കർശനമായ അയിത്താചാരം മൂലം ഇവർ അകന്നുനിന്നിരുന്നു. സ്വന്തമായി ചികിത്സാരീതികളും ആരാധനാ രീതികളും ഇവർക്കുണ്ടായിരുന്നു. ഇവർ കടുത്ത ദൈവവിശ്വാസികളും ആയിരുന്നു ഇവരുടെ തനത് കലാരൂപമാണ് മാൻപാട്ട്. നായാട്ട് ഇവരുടെ ജീവിതോപാധിയും വിനോദവും ആയിരുന്നു.

മാടാഞ്ചേരി, ചിറ്റാരി, പന്നിയേരി, കുറ്റല്ലൂർ, ഉരുട്ടിക്കുന്ന്, എന്നിവിടങ്ങളിലാണ് കുറിച്യകോളനികൾ ഉള്ളത്.

പണിയർ:- വയനാടൻ കാടുകളിൽ കൃഷിയും, മീൻപിടുത്തുവുമായിക്കഴിഞ്ഞിരുന്ന ഒരുജനവിഭാഗത്തിന്റെ പിൻഗാമികളാണ് അടുപ്പിൽ, കെട്ടിൻ, വാളാത്തോടും ഭാഗങ്ങളിൽ ജീവിക്കുന്ന പണിയർ. ഒരു കാലത്ത് കൃഷിഭൂമികളിൽ വിയർപ്പൊഴുക്ക കാലക്ഷേപം കഴിച്ചിരുന്ന പണിയ സമുദായംഗങ്ങൾ തങ്ങളുടെ തനതായതൊക്കെ നഷ്ടപ്പെട്ട് അലസതയിലും, അജ്ഞതയിലും, അരാജകത്ത്വത്തിലും കഴിയുന്ന അവസ്ഥയാണുള്ളത്. നെഗ്രിക്കോ വംശജരായ ഈ സമൂഹം നരവംശശാസ്ത്രപരമായി നീഗ്രോകളുമായി ഏറ്റവും സാമ്യമുമള്ള ജനവിഭാഗമാണെങ്കിലും നമ്മുടെ കായിക ഭൂപടത്തിൽ ഇതുവരെ സ്ഥാനം പിടിച്ചിട്ടില്ല എന്നതു നമ്മുടെ കായിക പരിശീലന പദ്ധതിയുടെ ഒരു പോരായ്മയാണ് . കലാപ്രവർത്തനങ്ങളോടും ദൃശ്യകാവ്യ മാദ്ധ്യമങ്ങളോടും അങ്ങേയറ്റത്തെ താല്പര്യം കാണിക്കുന്ന ഇവർ ആഴ്ചയിൽ ഒരു സിനിമയെങ്കിലും കാണാതിരിക്കില്ല. വിവിധ ആരാധനാ മൂർത്തികളെ കുടിയിരുത്തിയിരിക്കുന്ന ആദവം തറയും, തുടിതാളങ്ങളും, കുഴൽവിളികളും, നൃത്തവും ഇവരുടെ പ്രത്യേകതകളാണ്. പ്രകൃതിയോടിണങ്ങി ജീവിച്ചതുവരെ ഇനിയും ഔദ്യോഗിക വിദ്യാഭ്യാസത്തിന്റെ ചുവരുകൾക്കുള്ളിൽ കുടിയിരുത്താൻ കഴിഞ്ഞിട്ടില്ല എന്നത് സത്യമാണ്.

മറ്റുപട്ടികജാതിവിഭാഗങ്ങൾ സമൂഹത്തിന്റെ പൊതു ജീവിതധാരയിൽ പെടുന്നവരും താരതമ്യേന മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളുള്ളവരുമാണ്. ഇവരിൽ ഏറിയ പങ്കാളികളും നിത്യവൃത്തിക്കായി കൂലിപ്പണിയെയാണ് ആശ്രയിക്കുന്നത്.

കോളനികളായി താമസിക്കുന്ന ഗിരിവർഗ്ഗജനവിഭാഗങ്ങളുടെ കോളനിതിരിച്ചുള്ള വിശകലനം.

**1. ചിറ്റാരി:-** വാണിമേൽ പഞ്ചായത്തിലെ 8.9 വാർഡുകളിൽപ്പെടുന്ന എടപക്കാവിൻ, കുണ്ടിൽ വളപ്പിൽ, ചിറ്റാരി എന്നീ പ്രദേശംങ്ങളുൾപ്പെട്ട ചിറ്റാരി

കോളനിയിൽ 45 ഓളം ഭവനങ്ങളിലായി 250 ഓളം ഗിരിവർഗ്ഗജനവിഭാഗങ്ങളുണ്ട്. കുറിച്യസമുദായംഗങ്ങളായ ഇവർ താരതമ്യേന മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും സംസ്കാരവും വെച്ചുപുലർത്തുന്നവരാണ്. വാളാന്തോട്ടിൽനിന്ന് നാലുകിലോമീറ്റർ റോഡ് പച്ചപ്പാലത്തുനിന്ന് മൂന്ന്കിലോമീറ്റർ റോഡുമാണ് പുറംലോകവുമായി ഇവരെ ബന്ധിപ്പിക്കുന്നത് ഈ രണ്ട് റോഡുകളും നിർമ്മാണപ്രവർത്തനം നടത്തേണ്ട അവസ്ഥയിലാണ്. വളരെ മുമ്പ്തന്നെ പ്രവർത്തനം ആരംഭിച്ച ട്രൈബൽ വെൽഫെയർ സ്കൂളിവിടെയുണ്ട്. എന്നാൽ അപ്പർപ്രൈമറി പഠനത്തിന് എട്ടു കിലോമീറ്റർ അകലെയുള്ള വിലങ്ങാട് ഹൈസ്കൂളിനേയും, ഏഴുകിലോമീറ്റർ ദൂരമുള്ള വള്ളിയോട് ഹൈസ്കൂളിനേയും ആശ്രയിക്കുന്നു. വൈദ്യുതി കണക്ഷൻ ആർക്കും ലഭിച്ചിട്ടില്ല. സംഘടിതരായ യുവജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന കടത്തനാട് ആർട്സ് ആന്റ് സ്പോർ ട്സ് ക്ലബ് ഇവരുടെ സംസ്കാരത്തിന്റെ ഉത്തമനിദർശനമാണ്. ഈ ക്ലബിന് സ്വന്തമായി കെട്ടിടം പണിയാനുള്ള സഹായം ലഭ്യമാക്കേണ്ടതാണ്. കക്കൂസ്സ്, ശുദ്ധജലവിതരണം എന്നിവയൊന്നും മതിയായ തോതിലില്ല. വിദ്യാലയത്തിലെ അദ്ധ്യാപകക്ഷാമം പരിഹരിക്കാൻ മതിയായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ കുട്ടികളുടെ പഠനം സുഗമമായി നടക്കുകയുള്ളൂ.

**2. മാടാഞ്ചേരി:-**വിലങ്ങാട് പാലൂർ റോഡിന് വടക്കുഭാഗത്തായി പാർക്കുന്ന ഇരുപത്തിമൂന്ന് കുടുംബങ്ങളാണ് മാടാഞ്ചേരി കോളനിയിലുള്ളത്. ഈ റോഡ് ഗതാഗത യോഗ്യമല്ല. ശുദ്ധജലവിതരണം, വൈദ്യുതി, ആരോഗ്യപരിപാലനം എന്നീരംഗങ്ങളിലൊക്കെ തികഞ്ഞ പിന്നോക്കാവസ്ഥയാണുള്ളത്. രണ്ടുകിലോമീറ്റർ അകലെയുള്ള പാലൂർ ജി. എൽ. പി. സ്കൂളിൽ കുട്ടികൾ പഠിക്കുന്നു. ഇവിടെ പലപ്പോഴും മതിയായ അദ്ധ്യാപകരുണ്ടാവാറില്ല. കെട്ടിടത്തിന്റെ നിലയിൽ പര്യാപ്തമല്ല. ഒരംഗനവാടി കോളനിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനും മതിയായ സൗകര്യങ്ങളില്ല. പുറംലോകവുമായി ബന്ധിപ്പിക്കുന്ന മറ്റ്സൗകര്യങ്ങളൊന്നും ഈ കോളനിയിൽ ഇല്ല.

**3. പന്നിയേരി:-** വിലങ്ങാട്നിന്നും ഏഴ് കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഈ കോളനിയിൽ 17 കുടുംബങ്ങളിലായി 100 ഓളം ആളുകൾ വസിക്കുന്നു. പ്രാഥമികസൗകര്യങ്ങളും വികസനപ്രവർത്തനങ്ങളും എത്തിനോക്കിയിട്ടില്ലാത്ത ഈ കോളനി 1995 ൽ I H D P യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**4. കുറ്റല്ലൂർ:-** വിലങ്ങാടുനിന്ന് എട്ട് കിലോമീറ്റർ ദൂരമാണ് ഈ കോളനിയിലെത്താൻ. 13 കുടുംബങ്ങളിലായി 80 ഓളം വരുന്ന ജനസംഖ്യയാണിവരുടേത്. പ്രാഥമികമായ ജീവിതസൗകര്യംപോലും ഇല്ലാത്ത ഒരു കോളനിയാണിത്.

**5. ഉരുട്ടിക്കുന്ന്:-** കമ്പിളിപ്പാറ അടുപ്പിൽവള്ളിയുള്ളപറമ്പത്ത് എന്നീ പ്രദേശങ്ങളിലായി ചിതറി പാർക്കുന്ന 15 ഓളം കുടുംബങ്ങളാണുള്ളത്. താരതമ്യേന കോളനികളിൽ താമസിക്കുന്നവരേക്കാൾ അവഗണിക്കപ്പെടുന്നവരാണിവർ. വീടുകൾ, കക്കൂസ്സ്, വൈദ്യുതി. തുടങ്ങിയ ഒട്ടനവധി ആവശ്യങ്ങൾ ഇവർക്കുണ്ട്.

**6. അടുപ്പിൽ കോളനി.:-** ഏറ്റവും പിന്നോക്ക വിഭാഗത്തിൽ പെടുന്ന പണിയകോളനിയാണിത്. സർക്കാർപണിഞ്ഞുകൊടുത്തിട്ടുള്ള ചോർന്നൊലിക്കുന്ന നാൽപതോളം വാർപ്പുവീടുകളിൽ താമസിക്കുന്ന 215 ഓളം ആളുകളാണ് ഇവിടെയുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ പിന്നിലായ ഇവരുടെ സാക്ഷരതാനിരക്കും പരിതാപകരമാണ്. വർഷങ്ങളായി വയറിംഗ് നടത്തിയിട്ടും ഇതുവരെ കണക്ഷൻ ലഭിച്ചിട്ടില്ല. താമസിക്കുന്ന വീട് മാത്രം സ്വന്തമായുള്ള ഇവരുടെ പരിതാപകരമായ ജീവിതത്തിന് മാറ്റം വരുത്തേണ്ടത് ആവശ്യമാണ്.

**7. കെട്ടിനുള്ളിൽ:-** വാളാന്തോട്, കല്ലാച്ചി, വിലങ്ങാട് റോഡിനരികിൽ സ്ഥിതി ചെയ്യുന്ന കെട്ടിനുള്ളിൽ കോളനി 5 വീടുകളിലായി 35 ഓളവും വാളാന്തോട്ടിൽ ഇനിയും പണി പൂർത്തിയാകാത്ത 4 ഓളം ഭവനങ്ങളിലായി താമസിക്കുന്ന 17 പേരുമാണുള്ളത്. തികഞ്ഞ പട്ടിണിയിലും അരാജകത്വത്തിലും കഴിയുന്ന ഇവരിൽ വളരെ ചുരുക്കം പേർമാത്രമേ തൊഴിൽ ചെയ്ത് ജീവിക്കുന്നുള്ളൂ. വിദ്യാഭ്യാസ കാര്യങ്ങളിൽ മുഖം തിരിഞ്ഞ് നിൽക്കുന്ന പണിയൻ സമുദായങ്ങളുടെ ഉന്നമനത്തിന് ഒരു പ്രത്യേക പദ്ധതിതന്നെ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

**8. മറ്റുവിഭാഗങ്ങൾ:-** പട്ടികജാതിയിലെ വിവിധ

വിഭാഗങ്ങളിലായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന 20 ഓളം കുടുംബങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ തന്നെ പലപ്പോഴും ലഭിക്കാറില്ല. ഇവരുടെ കൃത്യമായ കണക്കുകളും ജീവിതസാഹചര്യങ്ങളും ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്നതാണ് സത്യം.

പഞ്ചായത്തിലെ പിന്നോക്കവിഭാങ്ങളുടെ ജീവിതസാഹചര്യങ്ങൾ അപഗ്രഥിച്ചാൽ മാത്രമേ വികസനസാധ്യതകളെക്കുറിച്ച് ആരായാൻ സാധിക്കുകയുള്ളൂ.

**1. കൃഷി.**

കുറിച്ച്യ സമുദായംഗങ്ങളിൽ പെട്ടവരിൽ ഭൂരിഭാഗത്തിനും നാമമാത്രമായെങ്കിലും കൃഷിഭൂമിയുണ്ട്. എന്നാൽ നിലവിലുള്ള പല ആനുകൂല്യങ്ങളും ലഭിക്കാറില്ല. മതിയായ സൗകര്യങ്ങളും ശ്രദ്ധയും ഇക്കാര്യത്തിലുണ്ടാവണം. പണിയസമുദായഅംഗങ്ങളെ സംഘടിപ്പിച്ച് തെങ്ങിൻപറമ്പുകളിൽ ഇടവിള കൃഷി ചെയ്ത് വരുമാനവും ജീവിതനിലവാരവും ഉയർത്താൻ ശ്രമിക്കേണ്ടതാണ്.

**2. മൃഗസംരക്ഷണം, മത്സ്യം വളർത്തൽ**

നിലവിൽ നാമമാത്രമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന പിന്നോക്കവിഭാഗക്കാർ മാത്രമേ ഉള്ളൂ. സർക്കാരിന്റെ കണക്കിൽ കാലിവളർത്തലിനായി വലിയൊരു തുകതന്നെ വാണിമേൽ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വേണ്ടതരത്തിൽ ഇത് പ്രയോജനപ്പെടുത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവയുടെ സ്ഥിതിയും വ്യത്യസ്തമല്ല മൃഗസംരക്ഷണത്തിനും മത്സ്യം വളർത്തലിനും മതിയായ പരിശീലനവും അവബോധവും ഉണ്ടാക്കിയതിന് ശേഷം മാത്രമേ ഈ രംഗത്ത് മുതൽമുടക്കുവാൻ പാടുള്ളൂ. മാത്രവുമല്ല കർശനമായ മേൽനോട്ടവും ഇതിനുണ്ടാവണം.

**ആരോഗ്യം കുടിവെള്ളം ശുചിത്വം.**

നിലവിലുള്ള അവസ്ഥ ഈ രംഗത്ത് വളരെ പരിതാപകരമാണ് മാടാഞ്ചേരി, ചിറ്റാരി, പന്നിയേരി, കുറ്റല്ലൂർ എന്നീ കോളനികളിലൊക്കെക്കുടിവെള്ള പ്രശ്നമുണ്ട്. അടുപ്പിൽ കെട്ടിൽ കോളനിയിൽ മാത്രം ജലവിതരണസമ്പ്രദായം വലിയതകരാറില്ലാതെ നടക്കുന്നുണ്ട്. മതിയായ കക്കൂസ്സ് ഒരു കോളനികളിലുമില്ല. ആരോഗ്യപരിപാലനരംഗത്ത് ഭീമമായ ചെലവുവരുന്ന സ്വകാര്യമേഖലയെ ആശ്രയിക്കുവാനെ തരമുള്ളൂ. കോളനികൾ തോറും മെഡിക്കൽക്യാമ്പുകളും വൈദ്യപരിശോധനയും പ്രതിരോധകുത്തിവെപ്പുകളും നടത്താൻ സംവിധാനം ഉണ്ടാവണം. ഇത് മാസത്തിൽ ഒര് പ്രാവശ്യമെങ്കിലും ഏർപ്പെടുത്തണം. ഏറ്റവും അധികം പട്ടികവർഗ്ഗക്കാർ താമസിക്കുന്ന വിലങ്ങാട് പ്രദേശത്ത് മെഡിക്കൽ ഓഫീസറോടുകൂടിയ സ്ഥിരം ചികിത്സാസൗകര്യം ഉണ്ടാവേണ്ടതാണ്. ശുചിത്വത്തിന്റെ കാര്യത്തിൽ അടുപ്പിൽ കെട്ടിൽ കോളനികളിൽ പ്രത്യേക നിഷ്കർഷത പുലർത്തേണ്ടതാണ്.

**വിദ്യാഭ്യാസം.**

പിന്നോക്കവിഭാഗത്തിൽ പെടുന്ന ജനവിഭാഗങ്ങളുടെ കാതലായ പ്രശ്നം വിദ്യാഭ്യാസസംബന്ധമാണ് എന്നതിൽ തർക്കമില്ല. നമ്മുടെ പഞ്ചായത്തിൽ 11 ഓളം വിദ്യാലയങ്ങളിലായി 134 ഓളം ആൺകുട്ടികളും 165 പെൺകുട്ടികളുമടക്കം 299 പേരാണ് ഔപചാരിക വിദ്യാഭ്യാസരംഗത്ത് വിദ്യാലയങ്ങളിൽ പഠിക്കുന്നത്. ഇതിൽതന്നെ കുറിച്ച്യസമുദായത്തിന്റെയും പണിയർ സമുദായത്തിന്റെയും പ്രശ്നങ്ങൾ രണ്ടായി കാണേണ്ടതാണ്. കുറിച്ച്യർസമുദയത്തിൽ പെട്ടവർ കുട്ടികളെ വിദ്യാലയത്തിൽ ചേർത്ത് പഠിപ്പിക്കുന്നതിൽ വീഴ്ചവരുത്താറില്ല. പക്ഷെ 1000 ത്തോളം വരുന്ന ആ സമുദയത്തിൽ s.s.l.c പരീക്ഷ വിജയകരമായി കടന്നവർ പെൺകുട്ടികളിൽ ചുരുക്കമാണ്. സ്ത്രീവിദ്യാഭ്യാസത്തിന്റെ അനുപാതം എൽ. പി.. യു. പി., ഹൈസ്കൂൾ തലത്തിൽ 10:5:1 എന്നതാണ്. പണിയർ സമുദായത്തിൽ പെട്ടവരുടെ സ്ഥിതി വളരെ ശോചനീയമാണ്. 215 ഓളം വരുന്ന സമൂഹത്തിൽ വിദ്യാലയത്തിൽ ചേർന്ന് നാമമാത്രമായെങ്കിലും പഠിച്ചിട്ടുള്ളവർ 65 ഓളം മാത്രമാണ്. 8 ാം ക്ലാസിന് മുകളിൽ കടന്നവർ 3 മാത്രം ഒരാൾ s.s.l.c പാസ്സായി. ചുരുക്കത്തിൽ ഈ രംഗം. നമുക്ക് ഒട്ടും അഭിമാനിക്കാൻ വകനൽകുന്നതല്ല. എല്ലാ കോളനികളിലും ഔപചാരിക വിദ്യാഭ്യാസരംഗവുമായി കുട്ടികളെ ബന്ധപ്പെടുത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാവണം. 1,2,3 ക്ലാസുകളിലെ കുട്ടികൾ എഴുതാനും വായിക്കുവാനും പഠിക്കുകയും നിലവാരത്തിനനുസരിച്ച് അറിവുനേടുകയും വേണം. ജില്ല

യിൽ വിവിധ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന 40 ഓളം പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ട്. കോഴിക്കോട് ജില്ലയിൽ ഏറ്റവും അധികം പിന്നോക്കവർഗ്ഗ പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന പഞ്ചായത്താണ് വാണിമേൽ. അതുകൊണ്ടുതന്നെ വരും കാല പദ്ധതികളിൽ ഈ രംഗത്തിന് മതിയായ പ്രാധാന്യം കൊടുക്കണം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പണിയാൻ വിഭാഗത്തിൽപ്പെട്ടവർക്കായി ഏകാദ്ധ്യാപകവിദ്യാലയം സ്ഥാപിക്കണം.

പാർപ്പിടം.:- കോളനികളിൽ സ്വന്തമായി വീടുകളില്ലാത്ത കുടുംബങ്ങൾ ഇനിയുമുണ്ട്. ഏതാണ്ട് 95% ജനങ്ങളും സർക്കാർസഹായത്തോടുകൂടിയുള്ള വീടുകൾ ലഭ്യമായിട്ടുണ്ട്. കോളനികൾ സന്ദർശിച്ച് ശേഷിക്കുന്നവരുടെ കൃത്യമായ റിപ്പോർട്ട് തയ്യാറാക്കി പാർപ്പിടസൗകര്യം ലഭ്യമാക്കണം. ഏതാണ്ട് 15 ഓളം വീടുകൾ ഇപ്പോൾ ആവശ്യമുണ്ട്.

## വനിതാവിദ്യാഭ്യസവും സ്ത്രീസമത്വവും

പൊതുവിൽ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഏറ്റവും കൂടുതലുള്ള വിഭാഗമാണ് പട്ടികവർഗ്ഗ സ്ത്രീകൾ. സമൂഹത്തിൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ ഈ വിഭാഗത്തിൽ വളരെ കുറവാണ്. കുടുംബജീവിതത്തെക്കുറിച്ചും, സാമൂഹികകെട്ടുറപ്പുകളെക്കുറിച്ചും ഇവരെ കൂടുതൽ ബോധ്യമുള്ളവരാക്കിത്തീർക്കാൻ മാത്രമേ പിന്നോക്കാവസ്ഥക്ക് മാറ്റം വരുകയുള്ളു. സ്ത്രീകളെ ചൂഷണം ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായിട്ടാണ് കോളനികളിലെ അവസ്ഥ. പ്രത്യേകിച്ചും അടുപ്പിൽ കെട്ടിൽ കോളനികളിൽ മദ്ധ്യപാനം പോലെയുള്ള ദുശ്ശീലങ്ങൾക്ക് അവരെ അടിമപ്പെടുത്തി മുതലെടുക്കുന്നവർക്ക് നേരെ കണ്ണടക്കുവാൻ പാടുള്ളതല്ല. സമൂഹത്തിന്റെ പൊതുധാരയിലേക്കിവരെ എത്തിക്കാൻ മഹിളാസംഘങ്ങൾ ചർച്ചാക്ലാസുകൾ കൂട്ടായ സാമൂഹ്യപ്രവർത്തനം എന്നിവ വളരെ അനിവാര്യമാണ്. വ്യാജമദ്യവിൽപ്പനയും, അതിൽനിന്നുളവാകുന്ന അരാചകത്വവും പലകോളനികൾക്കും ഒരു ശാപമായി മാറുന്നുണ്ട്.

**സംസ്കാരം - കായികം:-**പൊതുവിൽ ആരാധനാരീതകളിലും ഈശ്വരവിശ്വാസത്തിലും പിന്നോക്കവിഭാഗത്തിൽപ്പെട്ടവർ നിഷ്കർഷത പാലിക്കാറുണ്ടെങ്കിലും അടിസ്ഥാനപരമായ ആത്മീയജ്ഞാനം ഇവർക്കില്ല. ഹിന്ദു മതവിശ്വാസികളായ ഇവർക്ക് മെച്ചപ്പെട്ട മത ബോധവും അറിവും പകർന്നു കൊടുക്കേണ്ടതുണ്ട്. കലാരംഗത്തും കായികരംഗത്തും ഇവരുടെ കഴിവ് വളർത്തിയെടുക്കുവാൻ കാര്യമായ ശ്രമവും ഇതുവരെ നടന്നിട്ടില്ല. ചിറ്റാരി കോളനിയിൽ മാത്രമേ സംഘടിതമായ ഒരു കലാസാംസ്കാരിക പ്രവർത്തനമുള്ളു. കലാപരമായി വളരെയധികം കഴിവുള്ള പണിയ സമുദായാഗങ്ങൾക്ക് വേണ്ട പ്രോത്സാഹനം കൊടുത്താൽ അത്ഭുതം സൃഷ്ടിക്കാല കഴിയും. കോളനികളിൽ കലാസാംസ്കാരിക കായികസംഘടനകൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ വളരെ അനുകൂലമായ സാഹചര്യമാണുള്ളത്. കായികരംഗത്ത് ഇവരുടെ സജീവസാന്നിദ്ധ്യമുണ്ടാകയാൽ രാജ്യത്തിന് മുതൽക്കൂട്ടാവും എന്നതിൽ സംശയമില്ല.

## സഹകരണം

സഹകരണരംഗത്ത് സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഗിരിജൻ സഹകരണസംഘം വിലങ്ങാടുണ്ട്. ആറുപഞ്ചായത്തുകളിൽ പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനത്തിൽ 700 ഓളം മെമ്പർമാരുണ്ട്. തൊഴിൽരംഗത്ത് ഒരു ലേബൽ കോൺട്രാക്ട് സൊസൈറ്റിയും രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വായാട്, ചിറ്റാരി, കണ്ടിവാതുക്കൽവഴി കുത്തുപറമ്പിലേക്കുള്ള റോഡനുള്ള സാധ്യത ആരായണം. ആശാരിപ്പണി, തയ്യൽ പരിശീലനം എന്നിവ മുമ്പുണ്ടായിരുന്നു. ഇത് പുനരുജ്ജീവിപ്പിക്കണം.

## വ്യവസായം തൊഴിൽ

ഈ വിഭാഗങ്ങളിൽ ആരും തന്നെ വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നില്ല. പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ അഭാവം തന്നെ. നാമമാത്ര സൗകര്യം സ്വപ്നം കാണുന്ന ഈ വിഭാഗത്തിന് മുതൽ മുടക്കും സാങ്കേതിക പരിജ്ഞാനവുമില്ലാത്തതാണ് മറ്റൊരു കാരണം. ഇവരിൽ പട്ടികജാതിയിൽപ്പെട്ട നാമമാത്രമായ ആളുകൾ മാത്രമേ ഡിഗ്രിവരെയെങ്കിലും പഠിച്ചവരായുള്ളു. വരുമാനമില്ലായ്മ ഇവരുടെ ജീവിത ആരാജകത്വത്തിന് പ്രധാന കാരണമാണ്. പ്രത്യേകിച്ചും പണിയസമുദായങ്ങളുടെ ഒരു കോളനികളിലും വൈദ്യുതി സൗകര്യങ്ങളില്ല എന്നതും പ്രശ്നമാണ്.

550



## സാധ്യതകൾ

പണിയ കോളനിയിൽ ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കാ.

GWLPS വെള്ളിയോട്, G.L.P.S പാലൂർ ഇവ അപ്ഗ്രേഡ് ചെയ്യണം. ഇവിടെ അധികാരം AEO വിനെ ഏല്പിക്കാം.

കോളനികളും വീടുകൾ വൈദ്യുതി ലഭ്യമാക്കണം.

ശുദ്ധജലം, കക്കൂസ് ഇവ ലഭ്യമാക്കണം.

കോളനികളിലേക്കുള്ള ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.

ബാലവാടികൾ, അംഗനവാടികൾ സ്ഥാപിക്കുകയും ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം.

വീടില്ലാത്ത മുഴുവൻ പേർക്കും വീട് ലഭ്യമാക്കണം.

സാക്ഷരതാപ്രവർത്തനത്തിന് ഏർപ്പാട് ചെയ്യണം

ഇവരെ കോളനികളിൽ ഒതുക്കി നിർത്താതെ പൊതുജന സമ്പർക്കം ലഭിക്കുന്ന തരത്തിൽ താമസിപ്പിക്കുക.

-അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും തൊഴിൽ പരിശീലനം കൊടുക്കുകയും ചെയ്യുക.

ആദിവാസി വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയാനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ഉണ്ടാക്കണം.

സമൂഹത്തിന്റെ പൊതുധാരണയിൽ എത്തിക്കാൻ മഹിളാ സംഘങ്ങൾ, ചർച്ചാക്ലാസുകൾ കൂട്ടായ സാമൂഹ്യപ്രവർത്തനം ഇവ സംഘടിപ്പിക്കുക.

സ്ത്രീകളും കുട്ടികളുമടക്കമുള്ള മദ്യപാനികളെ അതിൽനിന്നും മോചിപ്പിക്കാനാവശ്യമായ പ്രവർത്തനം നടത്തുക.

കലാരംഗത്തും കായികരംഗത്തും ഇവരെ പങ്കെടുപ്പിച്ച് കഴിവുകൾ വളർത്തിക്കൊണ്ടുവരണം.

കോളനികളിൽ ടെലിവിഷൻ, റേഡിയോ, പത്രങ്ങൾ എന്നിവ ലഭ്യമാക്കണം.

വൈദ്യുതി എത്താത്തിടങ്ങളിൽ സൗരോർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക.

മാവേലിസ്റ്റോറുകൾ ഏർപ്പെടുത്തുക.

## വിഭവസമാഹരണം

വാണിമേൽപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി നാനാതുറകളിലുള്ള വികസനത്തെക്കുറിച്ച് നാം ചർച്ചചെയ്ത് കഴിഞ്ഞു. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങളടക്കമുള്ള നിരവധിപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ പൂർത്തീകരിക്കാൻ വിഭവങ്ങൾ സമാഹരിക്കണം. 1962 ൽ ഈ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിന് ശേഷം നിരവധി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. വിഭവങ്ങളുടെ ദൗർലഭ്യം നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുണ്ട്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ പഞ്ചായത്തുകൾക്ക് നാല് അഞ്ച് കോടി രൂപ ലഭിക്കും. ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഇതിനേക്കാൾ ഭീമമായ സംഖ്യ ആവശ്യമായി വരും. ഒമ്പതാം പദ്ധതിയിലൂടെ ലഭിക്കുന്ന സംഖ്യക്ക് പുറമെ മറ്റു മാർഗ്ഗങ്ങളിലൂടെയും പണം കണ്ടെത്തണം എന്നർത്ഥം. അനുയോജ്യമായ നിയമനിർമ്മാണവും., മാനസികമായ തെയ്യാറെടുപ്പും ഉണ്ടായാൽ പദ്ധതിതുകക്കു പുറമെ ആവശ്യമായി വരുന്ന പണം ഈ പഞ്ചായത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയും.

വാണിമേൽ പഞ്ചായത്തിന്റെ ധനസ്ഥിതി പരിശോധിച്ചപ്പോൾ പലവർഷങ്ങളിലും ഏറിയും കുറഞ്ഞും കാണുന്നു. കഴിഞ്ഞ എട്ടുവർഷത്തെ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചപ്പോൾ 93-94 സാമ്പത്തികവർഷമാണ് ഏറ്റവും ഉയർന്നതായികണ്ടത്. മൊത്തം തനതു നികുതി 93-94 സാമ്പത്തികവർഷം ഒഴികെ ബാക്കി എല്ലാ വർഷവും ക്രമാനുഗതമായി കൂടിക്കൊണ്ടിരിക്കുകയാണ്. സർക്കാരിൽനിന്നും ലഭിക്കുന്ന നികുതി വിഹിതത്തിൽ ഏററക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. 93-94 ആണ് സർക്കാരിൽനിന്നും ഏറ്റവും കൂടുതൽ തുക

ലഭിച്ചത്. 360305 രൂപ. സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റിലും വർഷം തോറും ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ട്. 95-96 വർഷത്തിൽ 1200140 രൂപ ലഭിച്ചിട്ടുണ്ട്. മറ്റുവരുമാനങ്ങളിൽ ഏറ്റവും ഉയർന്ന വർദ്ധനവ് രേഖപ്പെടുത്തിയത് 92-93 വർഷത്തിലാണ്. 621515 രൂപ.

സർക്കാരിൽനിന്നും ലഭിക്കുന്ന അൺടൈഡ് ഫണ്ട് ക്ലിപ്തമല്ല എന്നാണ് സൂചിപ്പിക്കുന്നത്. ജവഹർറോസ്ഗാർയോജനയിലൂടെ ലഭിക്കുന്ന തുകക്കും ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. 95-96 വർഷത്തിൽ JRY യിൽ നിന്നും 432188 രൂപ ലഭിച്ചു. പ്രത്യേകാവശ്യങ്ങൾക്ക് വേണ്ടിയുള്ള ഫണ്ട് 95-96 വർഷത്തിൽ 377232 രൂപയാണ്. പുതിയ പഞ്ചായത്തിരാജ് നിയമപ്രകാരം സർക്കാരിൽനിന്നും ഈ വർഷം 366083 രൂപ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ധനസ്ഥിതി കാണിക്കുന്ന പട്ടികകൾ ചുവടെ ചേർക്കുന്നു.

(പട്ടിക – 27, 28)

പുതിയപഞ്ചായത്തിരാജ് നിയമപ്രകാരം പഞ്ചായത്തിലെ പ്രധാനപ്പെട്ട പല ഓഫീസുകളും പഞ്ചായത്തിന്റെ കീഴിലായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതുവരെ നടത്താത്ത ചില പ്രവർത്തനങ്ങൾ കൂടി95-96 സാമ്പത്തികവർഷം നടത്തേണ്ടി വന്നിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഫണ്ടിൽനിന്ന് ഈ വർഷം 366083 രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായും പദ്ധതിയേതരവിഹിതമായും ലഭിച്ചപ്രസ്തുത തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

മൃഗസംരക്ഷണം. -1600 രൂപ

ആരോഗ്യം - 13268 രൂപ

കൃഷി - 208245 രൂപ

P W D - 96718 രൂപ

ഹരിജനക്ഷേമം - 36837 രൂപ

ഹോമിയോ - 2525 രൂപ

ഡയറിഡവലപ്പ്മെന്റ് - 4100 രൂപ

വിദ്യാഭ്യാസം - 2790 രൂപ

ആകെ - 366083 രൂപ

വരുവും ചെലവും തമ്മിൽ എല്ലാ വർഷങ്ങളിലും അന്തരമുണ്ടായിട്ടുണ്ട് 88- 89 ൽ മൊത്തംവരവ് 528410 രൂപയായിരുന്നു. അതേവർഷം ചെലവ് 584026 രൂപയായിരുന്നു. 89-90 ൽ വരവ് 1080543 രൂപയും ചെലവ് 957355 രൂപയും ആയിരുന്നു. 95-96 ൽ അന്തരം 539606 രൂപയാണ്. താഴെകൊടുത്ത ചിത്രത്തിൽനിന്നും ഇത് മനസ്സിലാക്കൻ കഴിയും.

(ഗ്രാഫ് നോക്കുക)

## പ്രശ്നങ്ങൾ

ജനസംഖ്യയിലുണ്ടാവുന്ന വർദ്ധനവും ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ളജനങ്ങളുടെ ആഗ്രഹങ്ങളും വർഷംതോറും ഗ്രാമപഞ്ചായത്തുകളുടെ വരുമാനത്തിൽ വർദ്ധനവ് ആവശ്യമാക്കിത്തീർക്കുന്നു. പക്ഷെ ഇന്നത്തെ അവസ്ഥയിൽ ഇത് അസാദ്ധ്യവുമാകുന്നു. അതുകൊണ്ടുതന്നെ സർക്കാരിന്റെ സഹായവും പ്രതീക്ഷിച്ചിരിക്കയാണ് ഗ്രാമപഞ്ചായത്തുകൾ ഈ ഗ്രാമത്തിൽ ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ വരെ പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. കുന്നുകളും ചരിവുകളും നിറഞ്ഞുനിൽക്കുന്ന ഈ പഞ്ചായത്തിൽ പുറം ലോകവുമായി ബന്ധം സ്ഥാപിക്കാൻ വളരെ അധികം ത്യാഗം സഹിക്കേണ്ടിവരുന്നു. ജനങ്ങൾ നിരവധിയാണ്.

പഞ്ചയത്തിന്റെ ചെലവ് വർഷം തോറും കൂടിവരികയാണ്. 88-89 വർഷത്തിൽ 584026 രൂപയായിരുന്ന മൊത്തം ചെലവ് 95-96 ആകുമ്പോഴേക്കും 1637117 രൂപയായി ഉയർന്നു. ഭരണചെലവിലും ഇതിനനുസൃതമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഭരണചെലവ് കൂടൻ ഉണ്ടായ കാരണം ശമ്പളം, അലവൻസ്, ഹോണറേറിയം, തപാൽ, ഫോൺ ഇനങ്ങളിലുണ്ടായ വർദ്ധനവാണ്. മൊത്തം ചെലവിൽ പൊതുമരാമത്ത് ചെലവാണ് കൂടുതൽ. പഞ്ചായത്തിന്റെ ചെലവ് സൂചിപ്പിക്കുന്ന പട്ടിക താഴെകൊടുക്കുന്നു.

(പട്ടിക -30)

കേന്ദ്രങ്ങളും അവരുടെ പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങളാണ്. മലമുകളിൽനിന്നും കിലോ

മീറ്റർ കാൽനടയായി സ്കൂളിൽ പോകുന്ന കുട്ടികൾ നിരവധിയുണ്ട്. വൈദ്യുതിയും വാർത്താവിനിമയ സൗകര്യങ്ങളും അവർക്ക് അന്യമാണ്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾക്ക് കൃഷി അഭിവൃദ്ധിപ്പെടുത്താൻ താല്പര്യമുണ്ട്. പക്ഷെ ജലസേചനസൗകര്യങ്ങളുടെ അഭാവവും സാമ്പത്തികബുദ്ധിമുട്ടകളും കാർഷികരോഗങ്ങളും അതിൽനിന്ന് കർഷകരെ തടയുന്നു. ഗ്രാമീണ റോഡുകൾ 95%വും കുണ്ടും കുഴിയും നിറഞ്ഞുനിൽക്കുന്നു. അഭ്യസ്തവിദ്യരായ നിരവധിപേർ തൊഴിലും പ്രതീക്ഷിച്ചു ഇരിക്കുന്നുണ്ടെങ്കിലും പറയത്തക്കവ്യവസായങ്ങളൊന്നും ഇവിടെആരംഭിച്ചിട്ടില്ല. ശുദ്ധജലക്ഷാമം നിരവധിപ്രദേശങ്ങളിൽ അനുഭവപ്പെടുന്നു.

ഗ്രാമീണരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിരവധി ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട് പക്ഷെ വിഭവങ്ങളുടെ ദൗർലഭ്യം ഇതിന് വിഘാതം സൃഷ്ടിച്ചു. പുതിയ നികുതി ബാദ്ധ്യതകൾ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനും കഴിയില്ല. ഇടത്തരം കർഷകരും കർഷക തൊഴിലാളികളും ജീവിക്കുന്ന ഈ പ്രദേശത്ത് കൂടുതൽ നികുതി ചുമത്തുക എന്നത് പ്രായോഗികമല്ല. എന്നാലും അശാസ്ത്രീയമായ നികുതിഘടനയാണ് ഇവിടെ ഉള്ളതെന്ന് പറായതിരിക്കാൻ കഴിയില്ല. കൂടുതൽ നികുതി കൊടുക്കാൻ കഴിവുള്ള പലരും തുച്ഛമായനികുതിയാണിന്ന് കൊടുക്കുന്നത്. ശാസ്ത്രീയമായി നികുതി പരിഷ്കരിക്കേണ്ട ആവശ്യകതയാണ് ഇത് വിളിച്ചോതുന്നത്. പഞ്ചായത്ത് നികുതിയിൽ പ്രധാനപ്പെട്ടത് കെട്ടിടനികുതിയാണ്. ശരാശരി ഒരു കെട്ടിടത്തിന് 35 രൂപയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്.

പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടണം എന്ന ചിന്ത ജനങ്ങളുടെ മനസ്സിൽ ഉണ്ട്. പക്ഷെ ഇതൊക്കെ സർക്കാരും പഞ്ചായത്തും ചെയ്ത് തരേണ്ടതാണ്. ഇതിൽ ഞങ്ങൾക്കൊരു പങ്കുമില്ല എന്ന ബോധം ഒരു പരിധിവരെ വികസനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. നികുതി കൊടുക്കുന്നതിന് താല്പര്യം കാണിക്കാത്ത നിരവധിപേരുണ്ട്.

ഗൾഫിൽ ജോലിചെയ്യുന്ന നിരവധിപേർ ഈ പഞ്ചായത്തിലുണ്ട് ഇവരുടെ സമ്പത്ത് ഗ്രാമീണവികസനത്തിന് ഉപയോഗിക്കാൻ ശ്രമങ്ങൾ ഉണ്ടായില്ല. സന്നദ്ധസംഘടനകളും യുവജന സംഘടനകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരെ വികസനത്തിൽ തല്പരരാക്കാൻ പരിപാടികൾ നടപ്പിലാക്കിയില്ല. കല്ലാച്ചി-വാണിമേൽ റോഡ് പൂർവ്വികൻമാർ ശ്രമദാനമായി നിർമ്മിച്ചതായി നിർമ്മിച്ചാതാണെന്ന് പറയപ്പെടുന്നു. അതേപോലെ വാണിമേൽ പാലത്തിന്റെ നിർമ്മാണത്തിന് ജനങ്ങളുടെ സേവനം ഉപയോഗിച്ചിട്ടുണ്ടായിരുന്നു. ഇടക്കാലത്ത് ഗ്രാമീണരുടെ സേവനതല്പരത കുറഞ്ഞുവരികയായിരുന്നു. ഉദ്യോഗസ്ഥൻമാരുടെയും കോൺട്രാക്ടർമാരുടെയും ജോലിയാണ് വികസനം എന്ന തോന്നൽ പലരിലും ഉണ്ടായി. അതുകൊണ്ടുതന്നെ വികസനം മുരടിച്ചു.

## സാധ്യതകൾ

നികുതി ശാസ്ത്രീയമായും പുനക്രമീകരിക്കണം

വികസനപ്രവർത്തനങ്ങളിൽ ഇരുപതുശതമാനം മനുഷ്യാധ്വാനം സൗജന്യമായിലഭ്യമാക്കണം.

ടാക്സിസ്റ്റാന്റ് ബസ്സ്സ്റ്റാന്റ് ഇവ സ്ഥാപിച്ച് ഫീ ഏർപ്പെടുത്തണം. ആഴ്ചചന്ത ഏർപ്പെടുത്തി ഫീ ചുമത്തണം.

കാർഷികാദായനികുതി ഒടുക്കാൻ കഴിവുള്ളവരെ കണ്ടെത്തണം. ആദായത്തിനനുസരിച്ച് നികുതി ചുമത്തണം.

ഗ്രാമീണറോഡുകൾ നിർമ്മിക്കുമ്പോൾ നിശ്ചിതസംഖ്യ ഗുണഭോക്താക്കളിൽനിന്നും ഈടാക്കണം.

ഷോപ്പിഗ് കോപ്ലക്സ് നിർമ്മിക്കണം

മത്സ്യഇറച്ചി മാർക്കറ്റ് സ്ഥാപിച്ച് ഫീ ഏർപ്പെടുത്തണം.

പൊതു ടാപ്പുകളുടെ ഗുണഭോക്താക്കളിൽനിന്നും സേവനനികുതി പിരിക്കാം.

സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിച്ച് സേവനനികുതി ഏർപ്പെടുത്താം

പഞ്ചായത്തുടമയിൽ ഉള്ള സ്ഥാപനങ്ങളിൽ വച്ചും പഞ്ചായത്ത് സ്ഥലത്തുവച്ചും നടത്തുന്ന പരിപാടികൾക്ക് ഫീ ഏർപ്പെടുത്താം.

ഓപ്പൺ എയർ തീയേറ്റർ സ്ഥാപിച്ച് വരുമാനമുണ്ടാക്കാം.

പുറമ്പോക്ക് ഭൂമിഅളന്ന് തിട്ടപ്പെടുത്തി പാട്ടത്തിന് കൊടുത്ത് വരുമാനമുണ്ടാക്കാം.

കച്ചവടക്കാർക്കും ഉദ്യോഗസ്ഥൻമാരെപ്പോലെ അർദ്ധവാർഷികനികുതി ഏർപ്പെടുത്താം. വരുമാനം കണക്കാക്കുന്നതിന് ഒരു നിഷ്പക്ഷസമിതിവേണം.

പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഷെയർ പിരിച്ച് ചെറിയ ചെറിയ വ്യവസായയൂനിറ്റുകൾ ആരംഭിക്കാം.

നിർമ്മാണപ്രവർത്തനങ്ങൾ ജനകീയസമിതികൾ നടത്തണം.

ഓരോ വാഡിലും വികസനസമിതികൾ രൂപീകരിക്കണം.

കാർഷികലോണുകൾ കാർഷിക ആവശ്യങ്ങൾക്ക്തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ മോണിറ്ററിംഗ് സമിതി വേണം.

പൊതുസ്ഥലം, ജലസ്രോതസ്സുകൾ ഇവ മലിനപ്പെടുത്തുന്നവർക്ക് പിഴ ചുമത്തണം.

കാർഷികമേഖലയിലെമുരടിപ്പ്, ജനങ്ങൾക്ക് കാർഷികവൃത്തിയോടുള്ള വൈമുഖ്യം, വ്യാവസായിക രംഗത്തെ അധോഗതി, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അപര്യാപ്തത, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായ്മ, വിദ്യാഭ്യാസ നിലവാര തകർച്ച, ഊർജ്ജ ഗതാഗത സൗകര്യങ്ങളുടെ അഭാവം, തകർന്നുകിടക്കുന്ന റോഡുകൾ, രൂക്ഷമായ കുടിവെള്ള ക്ഷാമം, പൊതുജനാരോഗ്യകേന്ദ്രങ്ങളിലെ ശോചനീയാവസ്ഥ, ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ ഫലപ്രാപ്തിയല്ലായ്മ, പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ദയനീയാവസ്ഥ സ്ത്രീപീഢനം, സാംസ്കാരിക പ്രവർത്തനങ്ങളുടെയും സാംസ്കാരികസ്ഥാപനങ്ങളുടെയും കുറവ്. സഹകരണസംഘങ്ങളുടെ കാര്യക്ഷമതക്കുറവ്. തുടങ്ങി നിരവധി പ്രശ്നങ്ങൾ ഈ ഗ്രാമവാസികൾ നേരിടുകയാണ്. ഒത്തൊരുമയുടെയും സഹകരണത്തിന്റെയും, സൗഹാർദ്ദത്തിന്റെയും ഒരു പൂർവ്വകാലചരിത്രം നമുക്കുണ്ടായിരുന്നു. മത-ജാതി-രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒരുമിച്ച് പ്രവർത്തിച്ച് പുരോഗതിയുണ്ടാക്കിയ വാണിമേൽ ഗ്രാമവാസികൾ എന്തൊക്കയോ കാരണങ്ങളാൽ ഒരു നീണ്ടകാലം പരംസ്പരം പോരടിച്ചും. നിരവധി രക്തസാക്ഷികളുണ്ടായി. അതുകൊണ്ട് തന്നെ നാടിന്റെ പുരോഗതി തടസ്സപ്പെട്ടു. ഇനിയൊരു രക്തസാക്ഷികൂടി നമുക്ക് വേണ്ട. വർഷങ്ങളുടെ പഴക്കമുള്ള വാണിമേലിന്റെ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പൂർവ്വകാല അവസ്ഥ തിരിച്ചുവന്നിരിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

## ഗ്രാൻഡും സ്പെഷ്യൽ ഗ്രാൻഡും

| | | | അടിസ്ഥാന നികുതി | | | | | | |
|---|---|---|---|---|---|---|---|---|---|
| | VRM | ML | VTC | 25% | 75% | Special Grand | JRY | Untied Fund | ആകെ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 95-96 | 36246 | 125 | 340861 | ഇല്ല | 66370 | 67000 | 432188 | 257350 | 1200140 |
| 94-95 | 36736 | 125 | - | - | 68408 | ഇല്ല | 250442 | 276690 | 632401 |
| 93-94 | 44175 | 125 | ഇല്ല | - | 100115 | - | 433534 | 202200 | 780149 |
| 92-93 | 44906 | 125 | ഇല്ല | - | 50939 | - | 181866 | 188100 | 465936 |
| 91-92 | 45857 | 125 | ഇല്ല | - | 48780 | - | 195417 | 179220 | 469399 |
| 90-91 | 42745 | 125 | 68198 | - | ഇല്ല | 40000 | 215446 | 170000 | 536514 |

### അൺടൈഡ് ഫണ്ട്


| വർഷം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| മൊത്തം വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള ശതമാനം | 38.18% | 40.37% | 25.9% | 43% | 21% |

### ചെലവ്

| ഇനം | '95-'96 | '94-'95 | '93-'94 | '92-'93 | '91-'92 | '90-'91 | '89-'90 | '88-'89 | '87-'88 | '86-'87 |
|---|---|---|---|---|---|---|---|---|---|---|
| ഭരണം | 390779 | 386362 | 334786 | 236538 | 283435 | 282477 | 187717 | 152246 | | |
| പൊതു മരാമത്ത് | 744789 | 447535 | 208189 | 229689 | 245255 | 29809 | 125496 | 75766 | | |
| വിദ്യാഭ്യാസം | 103736 | 41553 | 41510 | 34465 | 29991 | 20859 | 22145 | 11903 | | |
| ജലവിതരണം, ഓടകൾ,പൊതുജനാരോഗ്യം | 12298 | 120815 | 73769 | 50000 | 36600 | - | 10647 | - | | |
| തെരുവുവിളക്കുകൾകത്തിക്കുന്നത് | 16669 | 10656 | 13722 | 8353 | 8028 | 8028 | 8217 | 8415 | | |
| മറ്റുള്ളവ | 368846 | 574450 | 977775 | 837338 | 459665 | 681513 | 603133 | 335696 | | |
| ആകെ | 1637117 | 1581371 | 1649751 | 1456383 | 1062974 | 1022685 | 957355 | 584026 | | |

## വരുമാനം


| ഇനം | '95–'96 | '94–'95 | '93–'94 | '92–'93 | '91–'92 | '90–'91 | '89–'90 | '88–'89 | '87–'88 | '86–'87 |
|---|---|---|---|---|---|---|---|---|---|---|
| കെട്ടിടനികുതി | 193605.25 | 195460 | 327460 | 88578 | 161472 | 184210 | 155862 | 25061 | | |
| സർവ്വീസ്ചാർജ് | ഇല്ല | – | – | – | – | – | – | – | | |
| തൊഴിൽനികുതി | 103205 | 89520 | 90590 | 64033 | 69221 | 32005 | 43772 | 28165 | | |
| വാഹനനികുതി | ഇല്ല | – | – | – | – | – | – | – | | |
| വിനോദനികുതി | 40500 | 35163 | 35123 | 31574 | 41512 | 37192 | 41443 | 37972 | | |
| അധി-വിനോദനികുതി | 24300 | 21087 | 21191 | 19170 | 25347 | 23137 | 25662 | 23609 | | |
| പ്രദർശനനികുതി | 1918 | 1952 | 1585 | 923 | 940 | 956 | 963 | 931 | | |
| പ്രദർശനനികുതി മേലുള്ളചേർജ് | 479 | 488 | 396 | 230 | 234 | 239 | 240 | 232 | | |
| ചന്തവരവ് | 500 | 450 | 450 | – | – | – | – | – | | |
| ലാൻഡ്സെസ് | ഇല്ല | – | – | – | – | – | – | – | | |
| ലൈസൻസ് ഫീസ് | 15325 | 13585 | 12005 | 9673 | 11474 | 4505 | 5109 | 4813 | | |
| കെട്ടിടനികുതി ചാർജ് | ഇല്ല | – | – | – | – | – | – | – | | |
| വസ്തുകൈമാറ്റനികുതി 75% | 150000 | 169885 | 360305 | 167611 | 208454 | 222818 | 182476 | 81240 | | |
| വസ്തുകൈമാറ്റനികുതി 25% | 116256 | 154129 | – | – | – | – | – | – | | |
| സർക്കാർഗ്രാൻഡുകളും മറ്റുംഒഴികെ മറ്റുവരവുകൾ | 437081 | 305218 | 209449 | 621515 | 37268 | 30083 | 233216 | 306092 | | |
| സംഭാവന | ഇല്ല | – | – | – | – | – | – | – | – | |
| ഡെപ്പോസിറ്റ് | 14342.60 | 15754 | 37738 | 7373 | 23123 | 11919 | 8218 | 202995 | | |
| മറ്റുള്ളവ | ഇല്ല | | | | | | | | | |
| ആകെ | 1097511.85 | 1384680 | 1876519 | 1294750 | 1063860 | 1141053 | 1080543 | 528410 | | |




നാട്ടിന്റെ വികസനപ്രവർത്തനങ്ങളിൽ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

☆☆☆☆☆☆☆☆☆☆

558


128 U
KOZHIKODE DIST. KERALA
SCALE
N
KANNUR
To Kannur (NH-17)
WAYANAD
LAKSHADWEEP
MALAPPURAM
Vadakara
Quilandi
KOZHIKODE
To Kalpatta
To Thrissur (NH-17)
LOCATION MAP
REFERENCE
STATE BOUNDARY
DISTRICT BOUNDARY
TALUK BOUNDARY
VILLAGE BOUNDARY
ROAD
RAILWAY
DISTRICT HEADQUARTERS
TOWNS
RIVER/STREAM
SOIL UNIT WITH SYMBOL
TANK/RESERVOIR
SOURSE— NBSS & LUP, BANGALORE,
SOIL SURVEY ORGANISATION, KERALA
Processed by
KERALA STATE LANDUSE BOARD

# ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷുറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

**ജനനവും മരണവും 21 ദിവസത്തിനകം**
**രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.**
**ഇത് നിർബന്ധമാണ്.**